# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

2019 ജൂൺ 19, ബുധൻ

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി-ഇൻ-ചാർജ്

**ശ്രീ. സി. ജോസ്**

ചീഫ് എഡിറ്റർ

**ശ്രീമതി വി. ചെറുപുഷ്പം**


എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

384/2021

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. പി. ജയരാജൻ |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


പേജ്

**I ചോദ്യോത്തരങ്ങൾ**

1.വാങ്മൂലം നൽകിയ ഉത്തരങ്ങൾ ..1

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ..36

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ..36

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ..112

**II അടിയന്തരപ്രമേയം**

പാറയിൽ സാജന്റെ ആത്മഹത്യ ..432

(അവതരണാനുമതി നിഷേധിച്ചു)

**III ശ്രദ്ധക്ഷണിക്കൽ**

(1) മയക്കുമരുന്ന് ഉപയോഗം തടയാൻ നടപടി

-ശ്രീ. എ. എൻ. ഷംസീർ ..450

(2) അഴീക്കൽ തുറമുഖ വികസനം

-ശ്രീ. കെ. എം. ഷാജി ..454

**IV സബ്മിഷൻ**

(1) പോലീസ് സ്റ്റേഷന് കെട്ടിടവും ക്വാർട്ടേഴ്സും

- ശ്രീ. റ്റി. വി. രാജേഷ് ..458

(2) BHEL-BML സ്ഥാപനം ഏറ്റെടുക്കൽ

- ശ്രീ. എം. രാജഗോപാലൻ ..459

(3) പി. ജി. കോഴ്സുകൾ അനുവദിക്കൽ

- ശ്രീ. ജോർജ് എം. തോമസ് ..462

(4) ബസ് സർവ്വീസുകൾ

- ശ്രീ. കെ. ബി. ഗണേഷ് കുമാർ ..463

(5) വാഴക്കാട് ഐ. ടി. ഐ.

- ശ്രീ. ടി. വി. ഇബ്രാഹിം ..467

(6) സാമ്പത്തിക ക്രമക്കേട്

- ശ്രീ. കെ. എൻ. എ. ഖാദർ ..469

(7) ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തൽ

- ശ്രീ. വി. പി. സജീന്ദ്രൻ ..470

*പേജ്*

(8) ഉച്ചഭക്ഷണം ലഭ്യമാക്കൽ
- ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ..472

(9) കാട്ടാന ശല്യം
- ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ ..474

(10) കെ. എസ്. ഇ. ബി. എൽ. സബ് സ്റ്റേഷൻ
- ശ്രീ. ഡി. കെ. മുരളി ..475

**V ക്രമപ്രശ്നം**

സമ്മേളന ദിവസങ്ങളിൽ യോഗം ചേരുന്നത് സംബന്ധിച്ച്
- ശ്രീ. പി. സി. ജോർജ്
- ശ്രീ. കെ. വി. അബ്ദുൾ ഖാദർ ..477

**റൂളിംഗ്**

**VI ധനകാര്യം** ..479

2019-2020 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർത്ഥന നമ്പർ XV - പൊതുമരാമത്ത് --
ധനാഭ്യർത്ഥന നമ്പർ XL - തുറമുഖങ്ങൾ --

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

*2019 ജൂൺ 19, തിങ്കൾ*

വാല്യം 176] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 9

നിയമസഭ 2019 ജൂൺ മാസം 19-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു)

### 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ....ഓർഡർ.....ചോദ്യം നമ്പർ (*271)

**സർവ്വകലാശാലകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി**

1 (*271) ശ്രീ. ആർ. രാമചന്ദ്രൻ:

ശ്രീ. ഇ. കെ. വിജയൻ:

ശ്രീമതി ഗീതാ ഗോപി:

ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകളിലെയും വിദ്യാർത്ഥി പ്രവേശനം, പരീക്ഷാനടത്തിപ്പ്, ഫലപ്രഖ്യാപനം എന്നിവ ഏകീകരിക്കുന്നതിന് നീക്കമുണ്ടോ; വിശദമാക്കാമോ;

(ബി) ബിരുദ, ബിരുദാനന്തര പരീക്ഷകളുടെ ഫലം യഥാക്രമം ഏപ്രിൽ 30-നും മേയ് 30-നും മുമ്പ് പ്രഖ്യാപിക്കണമെന്ന നിർദ്ദേശം നടപ്പിലാക്കി തുടങ്ങിയോ; വ്യക്തമാക്കുമോ;

(സി) സർവ്വകലാശാലകൾ നൽകുന്ന സേവനങ്ങൾ പരമാവധി ഓൺലൈനാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; ആയതിനുള്ള തടസ്സങ്ങൾ എന്തൊക്കെയെന്ന് അറിയിക്കുമോ;

(ഡി) ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ ബിരുദ, ബിരുദാനന്തര ക്ലാസ്സുകൾ ജൂൺ മാസത്തിൽത്തന്നെ ആരംഭിക്കുന്നതിനും അതിന്റെ ഫലമായി ഒരു സെമസ്റ്ററിൽ തൊണ്ണൂറ് പ്രവൃത്തിദിനം ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ഇ) സർവ്വകലാശാലാ ബിരുദങ്ങളുടെ തുല്യതയും അംഗീകാരവും സംബന്ധിച്ചുള്ള അവ്യക്തതയും ആശയക്കുഴപ്പവും നീക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുമോ; വ്യക്തമാക്കുമോ?

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ,

(എ) ഉണ്ട്. സംസ്ഥാനത്തെ സർവ്വകലാശാലകൾക്ക് പൊതു അക്കാദമിക് കലണ്ടറും പരീക്ഷാ കലണ്ടറും തയ്യാറാക്കുന്നതിന് സർവ്വകലാശാലകളിലെ പ്രോ-വൈസ് ചാൻസിലർമാരെ അംഗങ്ങളാക്കി ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റി, അക്കാദമിക് കലണ്ടറും പരീക്ഷാ നടത്തിപ്പും ഫലപ്രഖ്യാപനവും സംബന്ധിച്ചെടുക്കുന്ന തീരുമാനങ്ങൾ സർവ്വകലാശാലകൾ നടപ്പിലാക്കുന്നുണ്ട്. സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കും ഇടപെടലുകൾക്കും അനുസൃതമായി സർവ്വകലാശാലകൾ യഥാസമയം പരീക്ഷാഫല പ്രഖ്യാപനവും പ്രവേശനവും നടത്തുന്ന സ്ഥിതി സംജാതമായിട്ടുണ്ട്.

(ബി) അതെ. കേരള സർവ്വകലാശാലാ ബിരുദ പരീക്ഷകളുടെ ഫലം അവസാനത്തെ പരീക്ഷ കഴിഞ്ഞ് രണ്ടാഴ്ചയ്ക്കകം, അതായത് മേയ്-5 ന് പ്രസിദ്ധീകരിച്ചു. ബിരുദാനന്തര പരീക്ഷകളുടെ ഫലം വേഗത്തിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

എം.ജി. സർവ്വകലാശാല ഈ വർഷം ഏപ്രിലിൽ നടത്തിയ ആറാം സെമസ്റ്റർ CBCSS (Choice Based Credit Semester System) BA, B.Sc, B.Com മുതലായ UG Course പരീക്ഷകളുടെ ഫലം പരീക്ഷ അവസാനിച്ച് 15 ദിവസത്തിനകം 29-4-2019-ന് പ്രസിദ്ധീകരിച്ചു.

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയ്ക്ക് ബി. ടെക് 2019 ഏപ്രിൽ/മേയ് പരീക്ഷകളുടെ ഫലം 5 ദിവസത്തിനകം പ്രസിദ്ധീകരിക്കാൻ സാധിച്ചിട്ടുണ്ട്.

കണ്ണൂർ യൂണിവേഴ്സിറ്റിക്ക് കീഴിലുള്ള അഫിലിയേറ്റഡ് കോളേജുകളിലെ ബിരുദ ബിരുദാനന്തര പരീക്ഷാ ഫലങ്ങൾ 2019 ഏപ്രിൽ 30-ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്,

ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ബിരുദ പരീക്ഷകളുടെ പരീക്ഷാഫലം പ്രസിദ്ധീകരിച്ചുകഴിഞ്ഞു. ബിരുദാനന്തര ബിരുദ പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്.

തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാലയിൽ ബിരുദാനന്തര ബിരുദ പരീക്ഷകളുടെ ഫലം ഏപ്രിൽ 30-നുതന്നെ പ്രഖ്യാപിച്ചിട്ടുണ്ട്.

നുവാൽസ്-ൽ (National University of Advanced Legal Studies) CLAT (Common Law Admission Test) മുഖാന്തരം നടത്തുന്ന നാഷണൽ ലെവൽ ടെസ്റ്റിന്റെ അടിസ്ഥാനത്തിലാണ് പ്രവേശനം നടത്തുന്നത്. ജൂലൈ മാസത്തിൽ ക്ലാസ്സുകൾ ആരംഭിക്കുന്നു. പരീക്ഷാ നടത്തിപ്പും ഫലപ്രഖ്യാപനവും ഇതിന്റെ അടിസ്ഥാനത്തിൽ അക്കാദമിക് കലണ്ടർ പ്രകാരം നടത്തുന്നു.

A.P.J.A.K.T.U.(എ.പി. ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാല)-യിൽ എല്ലാ പരീക്ഷകളുടെയും ഫലം പരീക്ഷയ്ക്കുശേഷം 30 ദിവസത്തിനുള്ളിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിച്ചുവരുന്നു.

കാലിക്കറ്റ് സർവ്വകലാശാല ഈ വർഷം യു.ജി. ഫൈനൽ സെമസ്റ്റർ പരീക്ഷകളുടെ ഫലം ഏപ്രിൽ 30-നകം പ്രസിദ്ധീകരിച്ചു.

(സി) സ്വീകരിച്ചിട്ടുണ്ട്.

കേരള സർവ്വകലാശാല വിവിധ സർട്ടിഫിക്കറ്റുകളുടെ വിതരണം ഓൺലൈനാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

എം.ജി. സർവ്വകലാശാല വിവിധ ആവശ്യങ്ങൾക്കുള്ള ഫീസ് അടയ്ക്കുന്നത് ഓൺലൈൻ ആക്കിക്കഴിഞ്ഞു. മൈഗ്രേഷൻ, എലിജിബിലിറ്റി, ഇക്വിവലൻസി, റീ അഡ്മിഷൻ കോഴ്സ് സർട്ടിഫിക്കറ്റ്, കോളേജ് ട്രാൻസ്ഫർ മുതലായ സേവനങ്ങളും ഓൺലൈൻ വഴിയാക്കിയിട്ടുണ്ട്. ഡിഗ്രി സർട്ടിഫിക്കറ്റും ഓൺലൈനായി നൽകാൻ നടപടി സ്വീകരിച്ചുതുടങ്ങി.

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ സേവനങ്ങൾ സർവ്വകലാശാലയുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതുകൂടാതെ ഡിഗ്രി സർട്ടിഫിക്കറ്റുകൾ നാഷണൽ അക്കാദമിക് ഡെപ്പോസിറ്ററിയിൽ ഓൺലൈനായി നൽകിവരുന്നുണ്ട്.

കണ്ണൂർ സർവ്വകലാശാലാ വിദ്യാർത്ഥികൾക്ക് പരീക്ഷ സംബന്ധമായ അപേക്ഷകൾ ഓൺലൈൻ മുഖേന സമർപ്പിക്കുന്നതിനും ഓൺലൈൻ മുഖേന ഫീസ് അടയ്ക്കുന്നതിനും സൗകര്യം ഒരുക്കിയിട്ടുണ്ട്. പരീക്ഷാ ഫലങ്ങൾ പ്രസിദ്ധീകരിക്കുന്നതിനോടൊപ്പം മാർക്ക് ലിസ്റ്റുകൾ ഓൺലൈനായി അനുവദിച്ചുവരുന്നു. സർട്ടിഫിക്കറ്റുകൾ NAD (National Academic Depository) യിൽ അപ്‌ലോഡ് ചെയ്യുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. മൈഗ്രേഷൻ, ഇക്വിവലൻസി, എലിജിബിലിറ്റി, കോളേജ് മാറ്റം, കോഴ്സ് സർട്ടിഫിക്കറ്റ്, ഹോസ്റ്റൽ നടത്തിപ്പ്, എൻ.എസ്.എസ്., സിൻഡിക്കേറ്റ് നടത്തിപ്പ്, പണം ഒടുക്കൽ എന്നിവ ഓൺലൈനായി നടത്താനുള്ള ക്രമീകരണങ്ങൾ കണ്ണൂർ സർവ്വകലാശാലയിൽ ആരംഭിച്ചിട്ടുണ്ട്.

ശ്രീശങ്കരാചാര്യ സംസ്കൃത യൂണിവേഴ്സിറ്റി നൽകുന്ന സേവനങ്ങൾ പൂർണ്ണമായും ഓൺലൈൻ മുഖേനയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല ഓൺലൈൻ സംവിധാനം നടപ്പിലാക്കിവരുന്നു.

നുവാൽസിൽ ഇ-ഗവേണൻസിന്റെ ഭാഗമായി സമ്പൂർണ്ണ വിദ്യാർത്ഥി മാനേജ്മെന്റ് സോഫ്റ്റ്‌വെയർ കേന്ദ്ര സർക്കാർ സ്ഥാപനമായ C-DAC (Centre for Development of Advanced Computing)-മായി ചേർന്ന് ഈ അദ്ധ്യയനവർഷംതന്നെ നടപ്പിലാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. വിദ്യാർത്ഥികൾക്ക് ഓൺലൈനായി ബിരുദ സർട്ടിഫിക്കറ്റുകൾ നൽകാനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ മാർക്ക് ലിസ്റ്റുകൾ കമ്പ്യൂട്ടറൈസ് ചെയ്തിട്ടുണ്ട്. ഓൺലൈനായി ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാല സേവനങ്ങൾ പരമാവധി ഓൺലൈനാക്കിയിട്ടുണ്ട്. കോഴ്സ്/പരീക്ഷാ രജിസ്ട്രേഷൻ, ഫലപ്രഖ്യാപനം, കോഴ്സ് ക്യാൻസലേഷൻ, മൈഗ്രേഷൻ, ട്രാൻസ്ഫർ തുടങ്ങി എല്ലാ നടപടിക്രമങ്ങളും ഓൺലൈൻ സംവിധാനത്തിലാണ്.

കാലിക്കറ്റ് സർവ്വകലാശാല ഡിഗ്രി സർട്ടിഫിക്കറ്റ് ഒഴിച്ചുള്ള സേവനങ്ങൾ ഓൺലൈനായി നൽകാൻ ത്വരിതഗതിയിലുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(ഡി) സർവ്വകലാശാലകൾ അത്തരമൊരു ലക്ഷ്യത്തിലേക്ക് എത്തിക്കൊണ്ടിരിക്കുന്നു.

(ഇ) സർവ്വകലാശാലാ ബിരുദങ്ങളുടെ തുല്യതയും അംഗീകാരവും സംബന്ധിച്ച് സംസ്ഥാനത്ത് നിലനിന്നിരുന്ന പ്രശ്നങ്ങൾ പഠിച്ച് പരിഹാരം നിർദ്ദേശിക്കുന്നതിന് കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ

ഡോ. രാജൻ ഗുരുക്കളുടെ അദ്ധ്യക്ഷതയിൽ പ്രത്യേക കമ്മിറ്റി രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബിരുദങ്ങളുടെ തുല്യതയും അംഗീകാരവും സംബന്ധിച്ച് 13-11-2018-ൽ ജി.ഒ.(എം.എസ്.) നമ്പർ 272/2018/ഉ.വി.വ. നമ്പരായ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ബിരുദങ്ങളുടെ തുല്യതയും അംഗീകാരവും സംബന്ധിച്ചുള്ള പൊതുമാനദണ്ഡങ്ങൾ സർക്കാർ ഉത്തരവായി പുറപ്പെടുവിച്ചിട്ടുള്ളതിനാലും തർക്കങ്ങൾക്കും പരാതികൾക്കും പരിഹാരം നിർദ്ദേശിക്കാൻ സംസ്ഥാന തലത്തിൽ SLAC പ്രവർത്തിക്കുന്നതിനാലും ഇപ്പോൾ ഈ വിഷയവുമായി ബന്ധപ്പെട്ട് ഉയർന്നുവരുന്ന പരാതികളും പ്രശ്നങ്ങളും ഒരു വലിയ അളവുവരെ കാലവിളംബം കൂടാതെ പരിഹരിക്കാൻ കഴിയുന്നുണ്ട്.

സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകളിലെയും വിദ്യാർത്ഥി പ്രവേശനം, പരീക്ഷാ നടത്തിപ്പ്, ഫലപ്രഖ്യാപനം എന്നിവ ഏകീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ അദ്ധ്യയന വർഷം മുതൽ അത് നടപ്പിൽവരികയാണ്. ബിരുദ-ബിരുദാനന്തര പരീക്ഷകളുടെ ഫലം യഥാക്രമം ഏപ്രിൽ 30-നം മേയ് 30-നം മുമ്പ് പ്രഖ്യാപിക്കണമെന്ന നിർദ്ദേശവും യാഥാർത്ഥ്യവത്ക്കരിക്കാൻ സാധിച്ചു. സർവ്വകലാശാലകൾ നൽകുന്ന സേവനങ്ങൾ പരമാവധി ഓൺലൈനാക്കുന്നതിന് ഇതിനകം കഴിഞ്ഞിട്ടുണ്ട്. എല്ലാ സേവനങ്ങളും ഓൺലൈൻ ആക്കുന്നതിനുള്ള നടപടികൾ സർവ്വകലാശാലകൾ ജൂലൈ അവസാനത്തോടുകൂടി പൂർത്തിയാക്കുകയും ഓഗസ്റ്റ് 1-ാം തീയതി അതിന്റെ ഔപചാരികമായിട്ടുള്ള ഉദ്ഘാടനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവ്വഹിക്കുകയും ചെയ്യും. ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ ബിരുദ-ബിരുദാനന്തര ക്ലാസ്സുകൾ ജൂൺ മാസത്തിൽത്തന്നെ ആരംഭിക്കുന്നതിനും അതിന്റെ ഫലമായി ഒരു സെമസ്റ്ററിൽ 90 പ്രവർത്തിദിനം ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ വർഷം പി.ജി. ക്ലാസ്സുകൾ ഇതിനകംതന്നെ ആരംഭിച്ചുകഴിഞ്ഞു. കഴിഞ്ഞ വർഷം ആരംഭിച്ചതിനേക്കാൾ 75 ദിവസം മുൻപാണ് ഈ വർഷം പി.ജി. ക്ലാസ്സുകൾ ആരംഭിക്കാൻ സാധിച്ചത്. വരുന്ന അദ്ധ്യയനവർഷം മുതൽ ജൂൺ 1-ലേക്ക് എല്ലാ ഡിഗ്രി, ഡിപ്ലോമാ ക്ലാസ്സുകളും നമുക്ക് ഏകീകരിച്ച് കൊണ്ടുവരാൻ സാധിക്കും. സർവ്വകലാശാലാ ബിരുദങ്ങളുടെ തുല്യതയും അംഗീകാരവും സംബന്ധിച്ചുള്ള അവ്യക്തതയും ആശയക്കുഴപ്പവും നീക്കുന്നതിന് നടപടി സ്വീകരിച്ചു. സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകളും മറ്റ് സർവ്വകലാശാലകളുടെ ബിരുദങ്ങൾ പരസ്പരം അംഗീകരിക്കുന്നു. എന്തെങ്കിലും പ്രശ്നങ്ങൾ സർവ്വകലാശാലകൾക്കിടയിൽ ഉണ്ടെങ്കിൽ അതിനുവേണ്ടി ഒരു കമ്മിറ്റി സംസ്ഥാനതലത്തിൽ രൂപീകരിച്ചിട്ടുണ്ട്. വൈസ് ചാൻസിലർമാർ അംഗങ്ങളായും

ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ വൈസ് ചെയർമാൻ കൺവീനറുമായിട്ടുള്ള SLAC എന്ന കമ്മിറ്റിയാണ് രൂപീകരിച്ചിട്ടുള്ളത്. സർവ്വകലാശാലാ തലങ്ങളിൽ പരിഹരിക്കപ്പെടാത്ത പ്രശ്നങ്ങൾക്കുള്ളതാണ് ഈ സംവിധാനം.

ശ്രീ. ആർ. രാമചന്ദ്രൻ: സർ, ഉന്നത വിദ്യാഭ്യാസരംഗമുൾപ്പെടെ കേരളത്തിലെ വിദ്യാഭ്യാസ രംഗത്തുണ്ടായിക്കൊണ്ടിരിക്കുന്ന സമാനതകളില്ലാത്ത മാറ്റങ്ങൾ ഏറെ അഭിനന്ദനീയമാണ്. ഇതിനിടയിലും സർവ്വകലാശാലാ പരീക്ഷകളുടെ ഉത്തരക്കടലാസ് മൂല്യനിർണ്ണയം നടത്തുന്നതിന് കോളേജ് അദ്ധ്യാപകർ ഹാജരാകാത്തതുമൂലം ഫലപ്രഖ്യാപനം വൈകുകയും കേന്ദ്ര സർവ്വകലാശാലകൾ ഉൾപ്പെടെയുള്ള പല സ്ഥാപനങ്ങളിലും കേരളത്തിലെ വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിന് അവസരം ലഭിക്കാതെ പോകുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ ഉത്തരവാദികളായ അദ്ധ്യാപകരുടെമേൽ കർശന നടപടി സ്വീകരിക്കുമോ; ആരുടെയെങ്കിലും പേരിൽ ഇതിനകം നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഡോ. കെ. ടി. ജലീൽ: സർ, പരീക്ഷകൾ നടക്കാറുണ്ടെങ്കിലും അതിന്റെ മൂല്യനിർണ്ണയം വൈകുക എന്നുള്ളത് കാലങ്ങളായി നിലനിൽക്കുന്ന ഒരു പതിവായിരുന്നു. പല അദ്ധ്യാപകരും കോളേജുകളിൽ പോകും, പക്ഷേ, മൂല്യനിർണ്ണയത്തിന് ഹാജരാകാറില്ല. ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടയുടൻതന്നെ അതിനെതിരെ ശക്തമായ നടപടി ഉണ്ടായിട്ടുണ്ട്. ഇനി മേലിൽ മൂല്യനിർണ്ണയത്തിന് ഹാജരാകാത്ത അദ്ധ്യാപകരുടെ ശമ്പളം ബന്ധപ്പെട്ട സ്ഥാപനങ്ങളിൽനിന്ന് എഴുതേണ്ടതില്ല എന്ന നിർദ്ദേശം എല്ലാ കോളേജുകൾക്കും നൽകിക്കഴിഞ്ഞിട്ടുണ്ട്. സർക്കാർ ലക്ഷ്യംവച്ചതുപോലെ അദ്ധ്യയന ദിവസങ്ങൾ ആരംഭിക്കാനും പരീക്ഷ നടത്താനും മൂല്യനിർണ്ണയം നടത്തി ഫലപ്രഖ്യാപനം ഉറപ്പുവരുത്താനും അദ്ധ്യാപകർ പൂർണ്ണമായും സഹകരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. ആർ. രാമചന്ദ്രൻ: സർ, യൂണിവേഴ്സിറ്റി എൻട്രൻസ് പരീക്ഷകൾ ഓൺലൈനായി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; ഇതിനകം ഏതെങ്കിലും പരീക്ഷകൾ ഓൺലൈനായി കേരളത്തിൽ നടന്നിട്ടുണ്ടോ?

ഡോ. കെ. ടി. ജലീൽ: സർ, സംസ്ഥാനത്ത് ആദ്യമായി ഈ വർഷം എൽ.എൽ.ബി-ക്കും എൽ.എൽ.എം-നും ഓൺലൈൻ എൻട്രൻസ് പരീക്ഷയാണ് നടത്തിയത്. അത് വിജയകരമായി നടത്താൻ കഴിഞ്ഞു. അടുത്ത അദ്ധ്യയനവർഷം എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷ ഓൺലൈനായി നടത്താനുള്ള ആലോചനയുണ്ട്. അതിനുള്ള നടപടി ആരംഭിച്ചുകഴിഞ്ഞു. വിവിധ

സർവ്വകലാശാലകളിലെ ഡിപ്പാർട്ട്മെന്റുകളിലേക്കുള്ള എൻട്രൻസ് പരീക്ഷകൾ ഓൺലൈനായി നടത്തുന്നതിനെക്കുറിച്ച് സഗൗരവം ആലോചിക്കണമെന്ന് സർവ്വകലാശാലകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കാലാന്തരത്തിൽ എല്ലാ പരീക്ഷകളും ഓൺലൈൻ ആക്കേണ്ടിവരും. അത്തരമൊരു സംവിധാനത്തിലേക്കാണ് ലോകം നീങ്ങിക്കൊണ്ടിരിക്കുന്നത്. അതിൽനിന്നും നമുക്ക് മാറി നിൽക്കാൻ കഴിയില്ല.

ശ്രീ. ഇ. കെ. വിജയൻ: സർ, കേരളത്തിൽ ഇപ്പോൾ എത്ര ആട്ടോണമസ് കോളേജുകളാണുള്ളത്; ഇനി കോളേജുകൾക്ക് ആട്ടോണമി പദവി നൽകാനുദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര കോളേജുകളാണ് പരിഗണനയിലുള്ളത്?

ഡോ. കെ. ടി. ജലീൽ: സർ, കേരളത്തിൽ ഇപ്പോൾ 19 ആട്ടോണമസ് കോളേജുകളാണുള്ളത്. അതിൽ ഒരു ഗവൺമെന്റ് കോളേജും 18 എയ്ഡഡ് കോളേജുകളുമുണ്ട്. സംസ്ഥാനത്ത് നിലവിൽ യു.ജി.സി. നിബന്ധന അനുസരിച്ച് 7 കോളേജുകൾ സ്വയംഭരണാധികാരത്തിന് അർഹത നേടിയിട്ടുണ്ട്. അതിൽ 6 എയ്ഡഡ് കോളേജുകളും ഒരു ഗവൺമെന്റ് കോളേജുമാണുള്ളത്. ഗവൺമെന്റ് സംസ്കൃത കോളേജ്, തിരുവനന്തപുരം ആണ് 3.58 C.G.P.A. (Cumulative Grade Point Average)-യോടുകൂടി സ്വയംഭരണാധികാരത്തിന് അർഹത നേടിയിട്ടുള്ള ഗവൺമെന്റ് കോളേജ്. ലയോള കോളേജ് ഓഫ് സോഷ്യൽ സയൻസ്, തിരുവനന്തപുരം - 3.72, കത്തോലിക്കേറ്റ് കോളേജ്, പത്തനംതിട്ട - 3.6, സേക്രഡ് ഹാർട്ട് കോളേജ്, തൃശ്ശൂർ - 3.55, സനാതന ധർമ്മ കോളേജ്, ആലപ്പുഴ - 3.53, പ്രൊവിഡൻസ് വിമൻസ് കോളേജ്, കോഴിക്കോട് - 3.52, ലിറ്റിൽ ഫ്ലവർ കോളേജ്, തൃശ്ശൂർ - 3.56 എന്നിവയാണ് സ്വയംഭരണാധികാരത്തിന് അർഹത നേടിയിട്ടുള്ള ആറ് എയ്ഡഡ് കോളേജുകൾ. 3.5 -ന് മുകളിൽ C.G.P.A നേടിയിട്ടുള്ള കോളേജുകൾക്കാണ് ആട്ടോണമി പദവി കൊടുക്കണമെന്നുള്ള നിർദ്ദേശം യു.ജി.സി. നൽകിയിട്ടുള്ളത്. University Laws (Third Amendment) Act, 2014 അനുസരിച്ചാണ് ആട്ടോണമസ് കോളേജുകൾ സംസ്ഥാനത്ത് നിലവിൽ വന്നത്. നിലവിലുള്ള നിയമത്തിൽ ചില ഭേദഗതികൾ വേണമെന്ന് ഇത് സംബന്ധിച്ച് പഠിച്ച കമ്മിറ്റി നിർദ്ദേശിച്ചിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ കൗൺസിലിന് അവർ റിപ്പോർട്ട് നൽകുകയും കൗൺസിൽ ചില ഭേദഗതികൾ മുന്നോട്ടുവയ്ക്കുകയും ചെയ്തിട്ടുണ്ട്. ആ ഭേദഗതികൾ നടപ്പിലാക്കി ഭാവിയിൽ ആട്ടോണമസ് കോളേജ് അനുവദിക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നതാണ്.

<u>ശ്രീമതി ഗീതാ ഗോപി</u>: സർ, കഴിഞ്ഞ അദ്ധ്യയനവർഷം സംസ്ഥാനത്ത് എത്ര പുതിയ കോളേജുകളും കോഴ്സുകളുമാണ് ആരംഭിച്ചിട്ടുള്ളത്?

<u>ഡോ. കെ. ടി. ജലീൽ</u>: സർ, സംസ്ഥാനത്ത് കഴിഞ്ഞ അദ്ധ്യയനവർഷം 6 ഗവൺമെന്റ് കോളേജുകളും 4 എയ്ഡഡ് കോളേജുകളുമുൾപ്പെടെ 10 കോളേജുകൾ ആരംഭിച്ചു. 2018-19 അദ്ധ്യയനവർഷം 56 പുതിയ കോഴ്സുകൾ വിവിധ ഗവൺമെന്റ് കോളേജുകളിലായി അനുവദിച്ചിട്ടുണ്ട്. അതിൽ ഒരു എം.ഫിൽ. കോഴ്സും ഉൾപ്പെടുന്നു.

ശ്രീ. വി. ആർ. സുനിൽ കുമാറിനുവേണ്ടി <u>ശ്രീ. കെ. രാജൻ</u>: സർ, സംസ്ഥാനത്തെ സർവ്വകലാശാലകളിലെ കെട്ടഴിഞ്ഞുകിടന്നിരുന്ന പരീക്ഷാനടത്തിപ്പും മൂല്യനിർണ്ണയവും ഫലപ്രഖ്യാപനവും കുറേക്കാലത്തിനുശേഷം വളരെ ശ്ലാഘനീയമായ രീതിയിൽ നടപ്പിലാക്കിയ അങ്ങയുടെ പ്രവർത്തനങ്ങളെ ഞാൻ അഭിനന്ദിക്കുന്നു. സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് ഈ അദ്ധ്യയനവർഷം നടപ്പിലാക്കാനുദ്ദേശിക്കുന്ന പുതിയ പദ്ധതികൾ എന്തൊക്കെയാണ്; നമ്മുടെ സർവ്വകലാശാലകളെ നിയന്ത്രിക്കുന്നതിനാവശ്യമായ സ്റ്റാറ്റ്യൂട്ട് നിലവിലുണ്ടോ; ഇതുമായി ബന്ധപ്പെട്ട കരട് നിയമം രൂപീകരിച്ച് സഭയിൽ സമർപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

<u>ഡോ. കെ. ടി. ജലീൽ</u>: സർ, കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി നിലവിൽ വന്നതിനുശേഷം സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് മാറ്റങ്ങൾ പ്രകടമായിത്തുടങ്ങിയെങ്കിലും വേണ്ടവിധത്തിൽ കാര്യങ്ങൾ മുന്നോട്ട് കൊണ്ടുപോകാൻ കഴിഞ്ഞിരുന്നില്ല. വലിയ പ്രതീക്ഷയോടുകൂടി പല കാര്യങ്ങളും ആവിഷ്കരിച്ച് നടപ്പിലാക്കിയെങ്കിലും അത് തെറ്റിക്കുംവിധമാണ് കാര്യങ്ങൾ മുന്നോട്ടുപോയത്. അതിന്റെയടിസ്ഥാനത്തിൽ ഇത്തവണ ചില മാറ്റങ്ങൾ എഞ്ചിനീയറിംഗ് വിദ്യാഭ്യാസ രംഗത്ത് വരുത്തണമെന്ന് സർക്കാർ ആഗ്രഹിച്ചു. അതിനനുസൃതമായിട്ടുള്ള നടപടികളെടുത്ത് മുന്നോട്ട് പോകുകയാണ്. പാസ്സ് ഔട്ടിന് 182 ക്രെഡിറ്റ് പോയിന്റ്സ് വേണമെന്നത് 162 ആയി കുറച്ചു. മിനിമം മാർക്ക് 45 ആയിരുന്നത് 40 ആയി കുറച്ചു. കാരണം, A.I.C.T.E. (All India Council for Technical Education) 35 മുതൽ 45 വരെയാണ് പാസ്സ് ഔട്ടിനുള്ള മാർക്കായി പറയുന്നത്. ഇന്റേണൽ മിനിമം മാർക്ക് വേണമെന്നുള്ള വ്യവസ്ഥ വേണ്ടെന്നുവച്ചു. വിദ്യാർത്ഥികൾക്കെതിരെ പല സ്ഥാപനങ്ങളും പ്രതികാര നടപടി സ്വീകരിക്കുന്നതിന്റെ പശ്ചാത്തലത്തിലാണ് തിയറിയുടെയും യൂണിവേഴ്സിറ്റി പരീക്ഷയുടെയും ഇന്റേണലിന്റെയും മാർക്കുകൾ ഒരുമിച്ച് കൂട്ടിയാൽ മതിയെന്ന് തീരുമാനിച്ചത്. കലാ-കായിക മികവിന് ഗ്രേസ് മാർക്ക് ഇതുവരെ കെ.ടി.യു.

നൽകിയിരുന്നില്ല. ഈ അദ്ധ്യയനവർഷം മുതൽ കലാ-കായിക മികവിന് ഗ്രേസ് മാർക്ക് നൽകാനും തീരുമാനിച്ചിട്ടുണ്ട്. ഇതുവരെ കോളേജ് തലത്തിൽ നടത്തിയിരുന്ന പ്രാക്ടിക്കൽ പരീക്ഷകൾ യൂണിവേഴ്സിറ്റി തലത്തിൽ നടത്താൻ തീരുമാനിച്ചു. ഇനിമുതൽ കെ.ടി.യു നൽകുന്നത് B.Tech (Honours), B.Tech (Minor), B.Tech. എന്നീ മൂന്ന് തരം ഡിഗ്രികളായിരിക്കും. B.Tech (Honours) നൽകുന്നത് അതേ വിഷയത്തിൽത്തന്നെ കൂടുതൽ മികവ് പുലർത്തുകയും ഇന്റേൺഷിപ്പുകളിൽ പങ്കെടുക്കുകയും സർട്ടിഫിക്കറ്റ് കോഴ്സുകൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുള്ള മിടുക്കരായ വിദ്യാർത്ഥികൾക്കാണ്. B.Tech (Minor) നൽകുന്നത് other discipline-ൽ മികവ് കാണിക്കുന്ന കുട്ടികൾക്കാണ്. ഉദാഹരണത്തിന് മെക്കാനിക്കൽ വിഭാഗത്തിൽ പഠിക്കുന്ന ഒരു കുട്ടിക്ക് ഇലക്ട്രിക്കലുമായി ബന്ധപ്പെട്ട് ഒരു സർട്ടിഫിക്കറ്റ് കോഴ്സ് എടുക്കണമെന്ന താൽപര്യം തോന്നിയാൽ അതെടുക്കാം. അങ്ങനെയുള്ള കുട്ടികൾക്കാണ് B.Tech (Minor) ഡിഗ്രിയും B.Tech-ഉം നൽകുന്നത്. 2020-21-ഓടെ B.Voc (Bachelor of Vocational Education) എഞ്ചിനീയറിംഗ് കോളേജുകളിൽ ഏർപ്പെടുത്തും. ഒരു വർഷവും രണ്ടുവർഷവുമൊക്കെ കഴിഞ്ഞാൽ പല കുട്ടികളും എഞ്ചിനീയറിംഗ് കോളേജുകളിൽനിന്നും ഒന്നുമാകാതെ തിരിച്ച് പോകുകയാണ്. അവർക്ക് തിയറി പേപ്പറുകൾ കുറച്ച് ഏതെങ്കിലും തൊഴിലിൽ നൈപുണ്യമുണ്ടാക്കി B.Voc. ഡിഗ്രി നൽകണമെന്നാണ് ഉദ്ദേശിക്കുന്നത്. ഈ അദ്ധ്യയനവർഷം മുതൽ പോളിടെക്നിക്കുകളിൽ Lateral Entry നടപ്പിലാക്കിയിരിക്കുകയാണ്. പ്ലസ് ടു സയൻസും മാത്തമാറ്റിക്സും എടുത്ത് പാസ്സായ കുട്ടികൾക്ക് രണ്ടാം വർഷ ഡിപ്ലോമയ്ക്ക് പോളിടെക്നിക്കുകളിൽ ചേരാവുന്നതാണ്. അവർ അഡീഷണൽ മൂന്ന് പേപ്പറുകൾ അതിന്റെ കൂടെ എഴുതിയെടുക്കുകയും വേണം. ഇത്തരം പരിഷ്കാരങ്ങളാണ് ഈ അദ്ധ്യയനവർഷം മുതൽ എഞ്ചിനീയറിംഗ് രംഗത്ത് നടപ്പിലാക്കാനുദ്ദേശിക്കുന്നത്. അതിന് ആക്ട് നിലവിലുണ്ട്, ഉടൻതന്നെ റൂൾസ് കൊണ്ടുവരുന്നതിനെക്കുറിച്ച് ആലോചിക്കും; അത് അവസാന ഘട്ടത്തിലാണ്.

ഡോ. എൻ. ജയരാജ്: സർ, സർവ്വകലാശാലകളുടെ ദൗത്യങ്ങളിൽ വിദ്യാഭ്യാസത്തോടൊപ്പം പ്രധാനപ്പെട്ട ഒന്നാണ് ഗവേഷണം. സത്യത്തിൽ നമ്മുടെ സർവ്വകലാശാലകൾ ഗവേഷണങ്ങൾക്ക് യഥാർത്ഥ പ്രാധാന്യം ഇപ്പോഴും നൽകുന്നില്ലെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഗവേഷണ പ്രവർത്തനങ്ങളെ കുറേക്കൂടി ശാക്തീകരിക്കണം. ഗവേഷണത്തിൽ ഒട്ടനവധി വ്യാജ ഡോക്ടറേറ്റുകൾ പല സർവ്വകലാശാലകളിൽനിന്നും നേടുന്നുവെന്നുള്ള പരാതി പലപ്പോഴുമുണ്ട്. അതുകൊണ്ട് യഥാർത്ഥ ഡോക്ടറേറ്റ് നേടിയ അങ്ങയെപ്പോലുള്ള ആളുകളെയും ഈ വ്യാജന്മാരെയും തിരിച്ചറിയാനുള്ള മാർഗ്ഗം

യഥാർത്ഥത്തിലില്ല. ജ്യോത്സ്യന്മാർവരെ ഡോക്ടറേറ്റ് നേടുന്ന ഒരു കാലമാണ്. അതുകൊണ്ട് ഒറിജിനലും ഡ്യൂപ്ലിക്കേറ്റും തമ്മിൽ തിരിച്ചറിയാനുള്ള സംവിധാനം ഉണ്ടാകണം. മറ്റൊരു കാര്യം, നമ്മുടെ സർവ്വകലാശാലകളുടെ ഗവേഷണത്തിൽ ഇൻഡസ്ട്രിയുമായി ബന്ധപ്പെട്ട മേഖലകളെ കണ്ടെത്താനുള്ള ശ്രമമുണ്ടാകണം. അത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. പ്രത്യേകിച്ച് ഇപ്പോൾ കേന്ദ്രനിയമം വരുമ്പോൾ ഗവേഷണ വിഷയങ്ങൾ തീരുമാനിക്കാനുള്ള അധികാരംപോലും നഷ്ടപ്പെടുന്നുവെന്നുള്ള വാർത്തകൾ പുറത്തുവരുന്നുണ്ട്. വളരെ അപകടകരമായ അവസ്ഥയിലേക്കാണ് കാര്യങ്ങൾ പോകുന്നത്. ഗവേഷണ മേഖലയെ കുറേക്കൂടി ശാക്തീകരിക്കാൻ ഏതുതരത്തിലുള്ള നടപടി നമുക്ക് സ്വീകരിക്കാൻ കഴിയും?

<u>ഡോ. കെ. ടി. ജലീൽ</u>: സർ, കോളേജുകൾ ഗവേഷണകേന്ദ്രങ്ങളായി മാറേണ്ടതിന്റെ ആവശ്യകതയാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചത്. നമ്മുടെ സർവ്വകലാശാലകളും കോളേജുകളും പരമ്പരാഗത രീതിയിൽനിന്ന് ഇനിയും പൂർണ്ണമായും മുക്തമായിട്ടില്ല. എന്നാൽ, നല്ല നിലയിൽ മെച്ചപ്പെട്ടുവരുന്നുണ്ട്. അതിനെ നമുക്ക് സമ്പൂർണ്ണതയിൽ എത്തിക്കണം. ഉദാഹരണത്തിന് കെ.ടി.യു.വിന്റെ കീഴിലുള്ള 34 കോളേജുകളിൽ റിസർച്ച് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. യൂണിവേഴ്സിറ്റി കോളേജിൽ 17 റിസർച്ച് സെന്ററുകളാണുള്ളത്. ഗവൺമെന്റ് കോളേജുകളും എയ്ഡഡ് കോളേജുകളുമൊക്കെ നല്ല റിസർച്ച് കേന്ദ്രങ്ങളായി വരുന്നുണ്ട്. വ്യാജ ഡോക്ടറേറ്റുള്ളവരുടെ എണ്ണം വർദ്ധിക്കുന്നുവെന്ന് അങ്ങ് പറഞ്ഞു, ഇപ്പോൾ പണം കൊടുത്താൽ പല സർവ്വകലാശാലകളിലും സ്ഥാപനങ്ങളിലുംനിന്ന് ഡോക്ടറേറ്റ് കിട്ടുമെന്നാണ് പലരും പറയുന്നത്. കേരള, എം.ജി., കാലിക്കറ്റ് സർവ്വകലാശാലകളിൽ നിന്നൊന്നും അത്തരത്തിലുള്ള ഡോക്ടറേറ്റുകൾ കൊടുക്കില്ല. വിദേശത്തുള്ള സർവ്വകലാശാലകളാണ് അങ്ങനെ കൊടുത്തുകൊണ്ടിരിക്കുന്നത്. അക്കാര്യത്തിൽ ശക്തമായ നിയന്ത്രണം ഉണ്ടാകേണ്ടതായിട്ടുണ്ട്. ഒറിജിനലുകളെയും വ്യാജന്മാരെയും തിരിച്ചറിയേണ്ടതുണ്ട്. അവരെ കണ്ടെത്തണം. ശ്രീ. പാറക്കൽ അബ്ദുല്ല ഇപ്പോൾ ഡോക്ടറേറ്റിന് ശ്രമിക്കുന്നുവെന്നാണ് ഞാൻ അറിഞ്ഞത്.

<u>ശ്രീ. പി. ടി. എ. റഹീം</u>: സർ, ഗൾഫ് രാജ്യങ്ങളിൽ അധിവസിക്കുന്ന പ്രവാസികളുടെ മക്കൾക്ക് എസ്.എസ്.എൽ.സി. പരീക്ഷ എഴുതാൻ അവിടെ സെന്ററുണ്ട്. പക്ഷേ, തുടർന്ന് പഠിക്കാനുള്ള ഒരവസരവുമില്ല. ഓപ്പൺ യൂണിവേഴ്സിറ്റി വരുമ്പോൾ ഇതിനെന്തെങ്കിലും പരിഹാരമുണ്ടാക്കാൻ സാധിക്കുമോ; അവിടെ ഡിഗ്രിക്ക് പരീക്ഷാ സെന്ററുകൾ സ്ഥാപിക്കാൻ സാധിക്കുമോ?

ഡോ. കെ. ടി. ജലീൽ: സർ, തീർച്ചയായും. ഓപ്പൺ സർവ്വകലാശാല വരുമ്പോൾ ഈ പ്രശ്നം നമുക്ക് അഡ്രസ് ചെയ്യേണ്ടതുണ്ട്. പതിനായിരക്കണക്കിന് മലയാളികൾ വിദേശരാജ്യങ്ങളിൽ പഠിക്കുന്നുണ്ട്. വളരെ കേന്ദ്രീകൃതമായി ജോലി ചെയ്യുന്നതും താമസിക്കുന്നതുമായ സ്ഥലങ്ങളുണ്ട്. അത്തരം സ്ഥലങ്ങളിൽ എസ്.എസ്.എൽ.സി.-ക്ക് സെന്ററുള്ളതുപോലെ ഓപ്പൺ യൂണിവേഴ്സിറ്റിക്കും സെന്റർ അനുവദിക്കാൻ കഴിയുമോയെന്നത് സംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കുകയും അക്കാര്യത്തിൽ തീരുമാനമെടുക്കുകയും ചെയ്യും.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, സംസ്ഥാനത്തെ പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത്, പ്രത്യേകിച്ച് എഞ്ചിനീയറിംഗിനും മെഡിസിനുമൊക്കെ വിദ്യാർത്ഥികൾക്ക് അഡ്മിഷൻ ലഭിക്കാതെ വളരെ കഷ്ടപ്പെട്ടിരുന്ന സമയത്താണ് 2001-ൽ സ്വാശ്രയ കോളേജുകൾ എന്ന ചരിത്രപരമായ തീരുമാനമെടുത്തത്. അതിന്റെ ഗുണവും ദോഷവുമൊക്കെ നമ്മളിപ്പോൾ അനുഭവിച്ചുകൊണ്ടിരിക്കുന്നതേയുള്ളൂ. ഇപ്പോൾ ആ കോളേജ് മാനേജ്മെന്റുകൾ മാത്രമല്ല, വിദ്യാർത്ഥികളും രക്ഷിതാക്കളുമൊക്കെ നേരിടുന്ന ഒരുപാട് പ്രശ്നങ്ങളുണ്ട്. ആ പ്രശ്നങ്ങളെ കേന്ദ്ര ഗവൺമെന്റ് അഡ്രസ് ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. അതിന്റെയടിസ്ഥാനത്തിൽ വിദ്യാർത്ഥികളുടെ കുറവുമൂലം എഞ്ചിനീയറിംഗ് കോളേജുകൾക്ക് A.I.C.T.E. പ്രത്യേക ഇൻഫ്രാസ്ട്രക്ച്ചറില്ലാതെ പോളിടെക്നിക്കുകൾ അനുവദിക്കുന്നുണ്ട്. അതുപോലെ ഫിനിഷിംഗ് സ്കൂളുകളും അനുവദിക്കുന്നുണ്ട്. ഇതൊരു വലിയ സാമൂഹ്യപ്രശ്നമായി അടുത്ത 10 വർഷത്തിനുള്ളിൽ ഉയർന്നുവരാനിരിക്കുന്ന ഒരു സംഭവമാണ്. കേരള ഗവൺമെന്റ് ഇക്കാര്യം അഡ്രസ് ചെയ്തിട്ടുണ്ടോ? മെഡിസിനായാലും എഞ്ചിനീയറിംഗിനായാലും അവിടേക്ക് പോകുന്ന വിദ്യാർത്ഥികളെപ്പോലെ സ്ഥാപനങ്ങളും വലിയ പ്രശ്നത്തിലാണ് എന്നുള്ള യാഥാർത്ഥ്യം മനസ്സിലാക്കി കേന്ദ്ര ഗവൺമെന്റിന്റേതുപോലെ എന്തെങ്കിലും നിലപാടെടുക്കാൻ ആലോചിക്കുന്നുണ്ടോ?

ഡോ. കെ. ടി. ജലീൽ: സർ, ഏത് സ്ഥാപനം അനുവദിക്കുമ്പോഴും അത് സംബന്ധിച്ച് ഒരു പഠനം അനിവാര്യമാണ്. ആവശ്യത്തിനും അനാവശ്യത്തിനും സ്ഥാപനങ്ങൾ അനുവദിക്കുന്ന രീതി കുറച്ചുകാലമായി നമ്മൾ പിന്തുടരുന്നുണ്ട്. അതിന്റെ ഫലമായാണ് പല സ്ഥാപനങ്ങളും പൂട്ടേണ്ട അവസ്ഥയിലേക്ക് പോകുന്നത്. സംസ്ഥാനത്ത് 180-ഓളം എഞ്ചിനീയറിംഗ് കോളേജുകളുണ്ടായിരുന്നത് 140 ആയി ഇപ്പോൾ ചുരുങ്ങിയിട്ടുണ്ട്. ഇതിൽ ചിലതാണ് പോളിടെക്നിക്കുകളായി മാറ്റുന്നതിനുള്ള അപേക്ഷ സർക്കാരിന് നൽകിയത്. അങ്ങനെ അഞ്ച്

പോളിടെക്നിക്കുകൾ സംസ്ഥാനത്ത് ഈ അദ്ധ്യയനവർഷം ആരംഭിക്കുകയാണ്. അക്കാര്യത്തിൽ സർക്കാരിന് തുറന്ന മനസ്സും സമീപനവുമാണുള്ളത്. ഇനിമുതൽ ഇത്തരത്തിലുള്ള സ്ഥാപനങ്ങൾ അനുവദിക്കുമ്പോൾ തീർച്ചയായും അത് സംബന്ധിച്ച് ശരിക്കും പഠിച്ച് ആ മേഖലയിൽ അവ ആവശ്യമുണ്ടോയെന്നുള്ളതും അതിന്റെ വയബിലിറ്റിയും പരിശോധിക്കും. ഒരു മുറുക്കാൻകട തുടങ്ങുകയാണെങ്കിലും തുടങ്ങുന്നയാൾ അതിന്റെ വയബിലിറ്റി പരിശോധിക്കുക സ്വാഭാവികമാണ്. അത്തരത്തിലുള്ള സ്വാഭാവികത പല വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്ന ഘട്ടത്തിലും നമ്മൾ പിന്തുടർന്നില്ല. അതിന്റെ ഫലമാണ് ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുന്നത്. ഇതിനെ ഒരുമിച്ചുതന്നെ അഡ്രസ് ചെയ്യേണ്ടതുണ്ട്, ഗവൺമെന്റ് അത് ചെയ്യും.

<u>ശ്രീ. ജോൺ ഫെർണാണ്ടസ്</u>: സർ, കേരളത്തിൽ ആട്ടോണമസ് കോളേജുകളുടെ എണ്ണം 19 എന്നും പുതുതായി 7 എണ്ണം ആ നിലയിൽ വന്നിട്ടുണ്ടെന്നും പറഞ്ഞു. ചില ആട്ടോണമസ് കോളേജുകളെങ്കിലും യൂണിവേഴ്സിറ്റിയുടെ നിർദ്ദേശങ്ങൾ ലംഘിക്കാനും തീരുമാനങ്ങൾ നടപ്പിലാക്കാതിരിക്കാനുമുള്ള വ്യഗ്രത കാണിക്കുന്നുണ്ടെന്ന് ഗവൺമെന്റിന് ബോധ്യപ്പെട്ടിട്ടുണ്ടോ?

<u>ഡോ. കെ. ടി. ജലീൽ</u>: സർ, അത്തരത്തിൽ ചില പരാതികൾ ഉയർന്നുവന്നിട്ടുണ്ട്. അതുസംബന്ധിച്ച ചില പരാമർശങ്ങൾ ഗവൺമെന്റ് നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ടിലുമുണ്ട്. അങ്ങനെയൊരു ശീതസമരം യൂണിവേഴ്സിറ്റിയും കോളേജുകളും തമ്മിൽ ഉണ്ടാകാതിരിക്കുന്നതിന് നിലവിലുള്ള ആക്ടിൽ ചില ഭേദഗതികൾ കൊണ്ടുവരണമെന്നുള്ള നിർദ്ദേശവും മുന്നോട്ട് വയ്ക്കപ്പെട്ടിട്ടുണ്ട്. തീർച്ചയായും, ഗവൺമെന്റ് ആ നിർദ്ദേശംകൂടി പരിഗണിച്ചുകൊണ്ട് യൂണിവേഴ്സിറ്റികളും ആട്ടോണമസ് കോളേജുകളും തമ്മിലൊരു കോർഡിയൽ റിലേഷനുണ്ടാക്കുന്നതിന് മുൻകയ്യെടുക്കും.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ഈ വർഷത്തെ നീറ്റിന്റെ റിസൾട്ട് വന്നതിനെത്തുടർന്ന് KEAM-ന്റെ ലിസ്റ്റ് തയ്യാറാക്കുകയാണ്. ഇതിൽ ബി.പി.എൽ., ഒ.ബി.സി. എന്നീ വിഭാഗത്തിൽപ്പെട്ട നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്യേണ്ടിയിരുന്നത് 12-6-2019-നായിരുന്നു. എന്നാൽ ചില കുട്ടികൾക്ക് ഇത് അപ്‌ലോഡ് ചെയ്യാൻ കഴിഞ്ഞിട്ടില്ല. കഴിഞ്ഞ പ്രാവശ്യം ഇങ്ങനെ സംഭവിച്ചപ്പോൾ അവർക്ക് വീണ്ടുമൊരു അവസരം കൊടുത്തിരുന്നു. മെഡിസിന് അഡ്മിഷൻ കിട്ടേണ്ട നിരവധി കുട്ടികൾ കമ്മീഷണർക്ക് അപേക്ഷ കൊടുത്തിട്ടുണ്ട്. മെഡിസിന് അഡ്മിഷൻ കിട്ടാനുള്ള ബുദ്ധിമുട്ടൊക്കെ അറിയാമല്ലോ, ഈ പോരായ്മ പരിഹരിക്കാൻ തീയതി നീട്ടിക്കൊടുത്ത് ആ കുട്ടികളെ സഹായിക്കാൻ തയ്യാറാകുമോ?

ഡോ. കെ. ടി. ജലീൽ: സർ, ഇത്തരത്തിലുള്ള പരാതികൾ കിട്ടിയതിന്റെ അടിസ്ഥാനത്തിൽ എൻട്രൻസ് കമ്മീഷണറുമായി ബന്ധപ്പെടുകയും അവർ രണ്ട് ദിവസംകൂടി സൈറ്റ് ഓപ്പൺ ചെയ്ത് കൊടുക്കുകയും ചെയ്തിട്ടുണ്ട്. ഇന്നലെയും ഇന്നുമായി കുട്ടികളെയൊക്കെ അതിൽ ചേർത്തുകൊണ്ടിരിക്കുകയാണ്. ഇന്നലെ ഒരു കുട്ടി എന്നെ കാണാൻ വന്നിരുന്നു, ആ കുട്ടിയെ ഞാൻ എൻട്രൻസ് കമ്മീഷണറുടെ ഓഫീസിലേക്ക് വിട്ടു, അദ്ദേഹം പറഞ്ഞുകൊടുത്തതനുസരിച്ച് എന്റർ ചെയ്തുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. എന്തായാലും അങ്ങനെ ഏതെങ്കിലും കുട്ടികൾ ബുദ്ധിമുട്ടുന്നുണ്ടെങ്കിൽ അക്കാര്യം പരിഗണിച്ച് അവർക്കുവേണ്ട സൗകര്യങ്ങൾ ചെയ്തുകൊടുക്കും. ഇന്ന് വൈകുന്നേരംവരെയാണ് അത് ഓപ്പണായി തുടരുക, അത് കഴിഞ്ഞാൽ എന്റർ ചെയ്യാൻ കഴിയില്ല.

ശ്രീ. റ്റി. വി. രാജേഷ്: സർ, 1990-നുശേഷം നിരവധി കോഴ്സുകൾ കേരളത്തിൽ ആരംഭിച്ചിട്ടുണ്ട്. നേരത്തെയുണ്ടായിരുന്ന കോഴ്സുകളുടെ പേരിൽ മാറ്റം വന്നെങ്കിലും അതിന്റെ ഉള്ളടക്കം ഏകദേശം ഒന്നുതന്നെയാണ്. ഇത്തരത്തിലുള്ള പല കോഴ്സുകളും കേരളത്തിലെ ഇതര സർവ്വകലാശാലകളിൽ പി.ജി. പഠനത്തിനുവേണ്ടി അപേക്ഷ സമർപ്പിക്കുമ്പോൾ അംഗീകരിക്കുന്നില്ല. ചില സർവ്വകലാശാലകളിൽ Equivalency Certificate കൊടുക്കാനും തയ്യാറാകുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് അതിൽ ചില മാറ്റങ്ങൾ വരുത്തിയത് സ്വാഗതാർഹമാണ്. ഒരു കോഴ്സ് കഴിഞ്ഞാൽ ഏതാണ്ട് തത്തുല്യ യോഗ്യതയുള്ള തസ്തികകളിലേക്ക് പി.എസ്.സി. വഴി അപേക്ഷിക്കാൻ ഇപ്പോൾ സാധിക്കുന്നില്ല. ഇതിനൊരു സ്പെഷ്യൽ റൂൾ അമെന്റ് ചെയ്യേണ്ടതായിട്ടുണ്ട്. വിദ്യാഭ്യാസ മേഖലയിലെ നിരവധി കോഴ്സുകൾ, പോളിടെക്നിക്കുകളിലെ കോഴ്സുകൾ, വി.എച്ച്.എസ്.സി.-യിലെ കോഴ്സുകൾ തുടങ്ങിയവ പഠിച്ചിറങ്ങിയ വിദ്യാർത്ഥികൾക്ക് സമാനമായ സബ്ജക്ട് പഠിച്ച വിദ്യാർത്ഥികൾ അപേക്ഷിക്കുന്ന അതേ തസ്തികകളിലേക്ക് അപേക്ഷിക്കാൻ കഴിയാത്തൊരു സാഹചര്യമാണുള്ളത്. പ്രസ്തുത വിഷയത്തിൽ വിദ്യാഭ്യാസ വകുപ്പ് എന്ത് നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിദ്യാർത്ഥികളുടെ ഈ പ്രയാസങ്ങൾ ലഘൂകരിക്കാൻ തയ്യാറാകുമോ?

ഡോ. കെ. ടി. ജലീൽ: സർ, പല സർവ്വകലാശാലകളുടെയും ചില കോഴ്സുകൾ പി.എസ്.സി. അംഗീകരിച്ചിട്ടില്ല. ഏതൊക്കെ കോഴ്സുകളാണ് അതെന്നുള്ളത് മനസ്സിലാക്കി ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി പരിഹാരം കാണുന്നതിന് മുൻകയ്യെടുക്കും.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഇന്നലെ സബ്മിഷന്റെ മറുപടിയിൽ അങ്ങ് സീറ്റ് വർദ്ധിപ്പിക്കുന്ന കാര്യത്തെക്കുറിച്ച് പറഞ്ഞിരുന്നു. നിലവിലുള്ള സീറ്റുകൾ 1976-ലെ ഒരു സ്റ്റാറ്റ്യൂട്ടിന്റെ കണക്കനുസരിച്ചുള്ളതാണ്. 40 സീറ്റ് ലാംഗ്വേജിനും 60 സീറ്റ് സോഷ്യൽ സയൻസിനുമാണ്. 40 സീറ്റെന്നത് 60 സീറ്റ് ആക്കി വർദ്ധിപ്പിച്ചു. അതുപോലെ സയൻസിനും ആ ഡിസ്പാരിറ്റിയുണ്ട്. അത് മാറ്റാൻ ഒരു ഓർഡർ കൊണ്ടുവരുമെന്ന് പറഞ്ഞത് പ്രതീക്ഷിക്കുകയാണ്. കാരണം, നിരവധി കുട്ടികൾ അഡ്മിഷൻ പ്രതീക്ഷിച്ചിരിക്കുകയാണ്. മലപ്പുറം ജില്ലയോടുള്ള അവഗണനയെന്ന് പറയുന്നതുപോലെ പുതിയ കോഴ്സുകൾ അനുവദിക്കുന്നതിലും അമാന്തം ഉണ്ടാകുകയാണ്. കഴിഞ്ഞ പ്രാവശ്യം 57 കോഴ്സുകൾ അനുവദിച്ചിട്ടുണ്ടെന്നാണ് അങ്ങ് പറഞ്ഞത്. 57-ൽ 6 കോഴ്സുകൾ മാത്രമാണ് മലപ്പുറം ജില്ലയിൽ അനുവദിച്ചത്. പുതിയ കോഴ്സുകളും കോളേജുകളും തുടങ്ങാനാവശ്യമായ നിലപാട് അങ്ങയുടെ ഭാഗത്തുനിന്ന് ഉണ്ടാകുമോ? മലപ്പുറത്തോടുള്ള അവഗണനയും വിദ്യാഭ്യാസ മേഖലയിലെ അവഗണനയും പരിഹരിക്കുന്നതിനുവേണ്ടി M.S.F. (Muslim Students Federation)-ന്റെ നേതൃത്വത്തിൽ ഒരു long march നടക്കുകയാണ്. പുതിയ കോഴ്സുകളും പുതിയ തലത്തിലുള്ള ടെക്നിക്കൽ കോഴ്സുകളും ആരംഭിക്കാനുള്ള നടപടി ഉണ്ടാകുമോ?

ഡോ. കെ. ടി. ജലീൽ: സർ, സംസ്ഥാനത്തെ സർവ്വകലാശാലകളിലെ പല സബ്ജക്ടുകൾക്കും ഇൻടേക്ക് വ്യത്യസ്ത രീതിയിലാണ്. അത് ഏകീകരിക്കണമെന്നതിന്റെ അടിസ്ഥാനത്തിലാണ് സർവ്വകലാശാലകൾക്ക് ഒരു നിർദ്ദേശം കൊടുക്കണമെന്ന് ഉദ്ദേശിച്ചത്. പി.ജി. സയൻസിന് 16 സീറ്റാണുള്ളത്. നിലവിൽ അതിൽ കൂടുതൽ സീറ്റുകളുള്ള സ്ഥാപനങ്ങൾക്ക് അത് തുടരാം. എന്നാൽ നിലവിലുള്ള പല സ്ഥാപനങ്ങളിലും പി.ജി. സയൻസിന് 12 സീറ്റാണുള്ളത്. അത് 16 ആക്കി വർദ്ധിപ്പിക്കണമെന്നും പി.ജി. ആർട്സ് ആന്റ് കൊമേഴ്സിന് 20 സീറ്റാക്കി വർദ്ധിപ്പിക്കണമെന്നും യു.ജി. സയൻസിന് 40 സീറ്റുകളാക്കണമെന്നും യു.ജി. ആർട്സ് ആന്റ് കൊമേഴ്സിന് 60 സീറ്റുകളാക്കണമെന്നുമാണ് പുതിയതായി യൂണിവേഴ്സിറ്റികളോട് നിർദ്ദേശിച്ചിട്ടുള്ളത്. പല കോളേജുകളിലും ഇതുപോലുമില്ല. 24, 12, 10 സീറ്റുകളാണ് പല സ്ഥാപനങ്ങളിലുമുള്ളത്. നമുക്ക് ആദ്യപടിയെന്നുള്ള നിലയിൽ ഇങ്ങനെയാക്കാം. എന്നാൽ ഇത് വർദ്ധിപ്പിച്ചു കൊടുക്കുന്നതുകൊണ്ടുള്ള ബുദ്ധിമുട്ടല്ല, ബന്ധപ്പെട്ട കോളേജുകളിൽ അതിനുള്ള ലാബ് സൗകര്യങ്ങൾ ഉണ്ടാകുമോ അല്ലെങ്കിൽ കുട്ടികളെ അക്കോമഡേറ്റ് ചെയ്യാനുള്ള സൗകര്യങ്ങളുണ്ടാകുമോ എന്നതാണ് പ്രശ്നം. ഇപ്പോൾ 24 സീറ്റുകളുള്ള യു.ജി. കോഴ്സുകളും 12 സീറ്റുകളുള്ള പി.ജി. കോഴ്സുകളുമുണ്ട്.

പുതിയ കോളേജുകൾക്കെല്ലാം നമ്മൾ എത്രയാണ് ആദ്യം ഇൻടേക്ക് കൊടുക്കുന്നത്, അതെല്ലാം ഇപ്പോൾ ഒരു പാരിറ്റിയിലേക്ക് ഉയർത്തി ഏകീകരിക്കണം. അടുത്ത അദ്ധ്യയനവർഷം പഠനം നടത്തിയതിനുശേഷം സർവ്വകലാശാലകളിലെ എല്ലാ കോളേജുകളിലും ഒരേ രീതിയിൽ പി.ജി., യു.ജി. കോഴ്സുകൾക്ക് ഇൻടേക്ക് നടപ്പിലാക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

മലപ്പുറം ജില്ലയോട് ഒരു അവഗണനയും ഈ ഗവൺമെന്റ് കാണിച്ചിട്ടില്ല. 2006 മുതൽ 2011 വരെ ശ്രീ. എം. എ. ബേബി വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്നപ്പോഴാണ് മലബാറിൽ മാത്രമായി 180 പുതിയ ഹയർ സെക്കണ്ടറി സ്കൂളുകൾ അനുവദിച്ചത്. ശ്രീ. എം. ഉമ്മറിന് അക്കാര്യം ഓർമ്മയുണ്ടാകും. കൊച്ചി - തിരുവിതാംകൂർ മേഖലകളിൽ അനുവദിക്കാതെ മലബാറിന്റെ പ്രത്യേക വിദ്യാഭ്യാസ പിന്നോക്കാവസ്ഥ കണക്കിലെടുത്തു കൊണ്ടാണ് മലബാറിൽ മാത്രം അനുവദിച്ചത്. സ്കൂളുകൾ ആവശ്യത്തിന് അനുവദിക്കാനുള്ള സാഹചര്യവും സന്ദർഭവും യഥേഷ്ടം കിട്ടിയിട്ടുണ്ടായിരുന്നു. കഴുത്തും കത്തിയും ഒരേ സമയം കയ്യിലുണ്ടായിട്ടും അത് ചെയ്യാൻ കഴിഞ്ഞില്ല. അപ്പോൾ long march എങ്ങോട്ടാണ് നടത്തേണ്ടത് എന്നുള്ളതിനെ സംബന്ധിച്ച് ഒരു പുനർവിചിന്തനം നടത്തുന്നതായിരിക്കും നല്ലതെന്നാണ് എനിക്ക് തോന്നുന്നത്.

ശ്രീ. പി. സി. ജോർജ്: സർ, നമ്മുടെ സർവ്വകലാശാലകളിലെ ഡിഗ്രികളെ സംബന്ധിച്ച് എത്രയോ തർക്കമാണ് നടക്കുന്നത്. കഴിഞ്ഞ മാസം യു.പി.യിൽ ഒരു പ്യൂൺ തസ്തികയ്ക്ക് 250 Ph.D-ക്കാരാണ് അപേക്ഷ സമർപ്പിച്ചത്. കേരള യൂണിവേഴ്സിറ്റിയിൽ ഗാർഡനർ തസ്തികയിലേക്ക് 30 B.Tech ഡിഗ്രിക്കാരാണ് അപേക്ഷ സമർപ്പിച്ചത്. നമ്മുടെ ഡിഗ്രിയുടെ ഗതി ഈ നിലയിലായി. ശ്രീലങ്കൻ യൂണിവേഴ്സിറ്റിയിൽ 2.5 ലക്ഷം രൂപ അങ്ങോട്ട് അയച്ചു കൊടുത്താൽ ഡോക്ടറേറ്റ് സർട്ടിഫിക്കറ്റ് ഇങ്ങോട്ട് അയച്ചുതരും. ആ നിലയിലേക്ക് വിദ്യാഭ്യാസം അധഃപതിച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രിയും എന്റെ വലതുവശത്തിരിക്കുന്ന ഡോ. എൻ. ജയരാജും പഠിച്ച് തിസീസ് സമർപ്പിച്ച് ഡോക്ടറേറ്റ് നേടിയവരാണ്. അവരുടെ ഡോക്ടറേറ്റിന് തുല്യമാണ് ശ്രീലങ്കയിലെ ഞാൻ പറഞ്ഞ ഡോക്ടറേറ്റുകളും. ഇതിനൊരു മാറ്റം വരുത്തണം. അതിന് എന്ത് ചെയ്യാൻ കഴിയും; ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ ശക്തമായ ഇടപെടലുണ്ടാകണം. ഉറച്ച ഒരു നിലപാട് ഗവൺമെന്റ് സ്വീകരിക്കണം. ആ നിലപാട് എന്താണെന്നറിയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ഡോ. കെ. ടി. ജലീൽ: സർ, നമ്മുടെ നാട്ടിലെ ഡിഗ്രി ഹോൾഡേഴ്സ്, പി.ജി. ഹോൾഡേഴ്സ്, എഞ്ചിനീയറിംഗ് ഹോൾഡേഴ്സ് ഇവർക്കൊക്കെ നമ്മുടെ രാജ്യത്തും സംസ്ഥാനത്തും അവസരങ്ങൾ അന്വേഷിച്ചാൽ കണ്ടെത്താൻ കഴിയും. ഒരാളുടെ കീഴിൽ ജോലി ചെയ്യുകയെന്നുള്ളത് മാത്രമല്ല ഈ ഡിഗ്രി ഹോൾഡേഴ്സിന്റെ ഉത്തരവാദിത്വം. അവർക്ക് പുതിയ സ്റ്റാർട്ടപ്പുകൾ തുടങ്ങാം. അതിനാവശ്യമായുള്ള നിരവധി സംവിധാനങ്ങൾ സംസ്ഥാനത്തുണ്ട്. അത് പ്രയോജനപ്പെടുത്താൻ മഹാഭൂരിപക്ഷം വിദ്യാർത്ഥികളും ഇതുവരെ തയ്യാറായിട്ടില്ല. അതിന് ശക്തമായ ഒരു ക്യാമ്പയിൻ ഇവിടെ നടക്കേണ്ടതായിട്ടുണ്ട്. അതായത് ഓരോ എഞ്ചിനീയറിംഗ് കോളേജിലും ഒരു സ്റ്റാർട്ടപ്പ്. എത്രയോ തദ്ദേശഭരണ സ്ഥാപന പ്രവൃത്തികൾ പുറമെയുള്ള പ്രൈവറ്റ് കോൺട്രാക്ടർമാരാണ് എടുക്കുന്നത്. എന്തുകൊണ്ട് നമ്മുടെ എഞ്ചിനീയറിംഗ് കോളേജുകളിൽ ഇലക്ട്രിക്, സിവിൽ കൺസ്ട്രക്ഷൻ തുടങ്ങിയ വർക്കുകൾക്ക് അനുസൃതമായിട്ടുള്ള സ്റ്റാർട്ടപ്പുകൾ തുടങ്ങിക്കൂടാ? കൺസൾട്ടിംഗ് ഏജൻസിയായിക്കൂടാത്തതെന്താണ്? ഒരിക്കൽ CET-യെ പി.എം.ജി.എസ്.വൈ.-യുടെ റോഡ് ക്വാളിറ്റി ചെക്ക് ചെയ്യുന്നതിനുവേണ്ടി നിയോഗിച്ചപ്പോൾ അവർക്ക് 16 കോടി രൂപയാണ് സമ്പാദിക്കാൻ കഴിഞ്ഞത്. കോളേജിന് മാത്രമല്ല, അതിൽ ഭാഗഭാക്കായിട്ടുള്ള കുട്ടികൾക്കും അതിൽനിന്ന് പണം നൽകുകയുണ്ടായി. ഇങ്ങനെ 1200 തദ്ദേശസ്ഥാപനങ്ങൾ സംസ്ഥാനത്തുള്ള സ്ഥാപനങ്ങളെ കൺസൾട്ടിംഗ് ഏജൻസികളായി നിയോഗിച്ചാൽ ഒരുപാട് സംരംഭങ്ങൾ തുടങ്ങാൻ നമുക്ക് കഴിയും. അതിനെക്കുറിച്ചെല്ലാം ആലോചിക്കേണ്ടതുണ്ട്. ആ ആലോചന അതിന്റെ പൂർത്തീകരണത്തിലേക്ക് നീങ്ങുകയാണ്. ഉടൻതന്നെ അത് പ്രാവർത്തികമാക്കാൻ സാധിക്കും.

ശ്രീ. റോജി എം. ജോൺ: സർ, എം.ജി. യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള എസ്.എം.ഇ. (School of Medical Education) റീജിയണൽ സെന്റർ വളരെ ശോചനീയമായ അവസ്ഥയിലാണ് പല സ്ഥലങ്ങളിലും പ്രവർത്തിക്കുന്നത്. എന്റെ നിയോജകമണ്ഡലമായ അങ്കമാലിയിൽ ഒരു എസ്.എം.ഇ. റീജിയണൽ സെന്ററുണ്ട്. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സെന്ററിന് സ്വന്തമായി കെട്ടിടവും മറ്റ് അടിസ്ഥാന സൗകര്യങ്ങളുമില്ല. വാടക കൊടുക്കാൻ ആവശ്യമായ തുക കൃത്യസമയത്ത് യൂണിവേഴ്സിറ്റി കൊടുക്കാത്തതുകൊണ്ട് അവരോട് ഒഴിഞ്ഞു പോകാൻ മുനിസിപ്പാലിറ്റി അധികൃതർ ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. അങ്കമാലിയിൽ മാത്രമല്ല, പല പ്രദേശങ്ങളിലും യൂണിവേഴ്സിറ്റികളുടെ ഇതുപോലുള്ള റീജിയണൽ സെന്ററുകൾ സമാന രീതിയിലാണ് പ്രവർത്തിക്കുന്നത്. അങ്ങനെയുള്ള റീജിയണൽ സെന്ററുകളുടെ പ്രത്യേകിച്ച് എസ്.എം.ഇ. റീജിയണൽ സെന്ററുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും അതിന് കൃത്യമായി വാടകയും സ്വന്തമായി കെട്ടിടവുമൊക്കെയുണ്ടാക്കി കൊടുക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഡോ. കെ. ടി. ജലീൽ</u>: സർ, സത്യത്തിൽ ഇത്തരത്തിലുള്ള സെന്ററുകൾ യൂണിവേഴ്സിറ്റികൾ സ്വമേധയാ ആരംഭിക്കുന്നതല്ല. പ്രാദേശിക ആവശ്യത്തെ മുൻനിർത്തി എം.എൽ.എ.മാർ, തദ്ദേശഭരണ സ്ഥാപന പ്രതിനിധികൾ എന്നിവർ ശക്തമായി സർവ്വകലാശാലകളിൽ സ്വാധീനം ചെലുത്തിയാണ് ഇത്തരത്തിലുള്ള സെന്ററുകൾ അനുവദിക്കുന്നത്. അങ്ങനെ അനുവദിക്കുന്ന സമയത്ത്, എല്ലാ സൗകര്യങ്ങളും ഞങ്ങൾ ഏർപ്പെടുത്താം നിങ്ങളവിടെ തുടങ്ങിയാൽ മതി, കെട്ടിടവും സ്ഥലവും ഞങ്ങൾ കണ്ടെത്തിത്തരാമെന്ന് എല്ലാവരും ഒരുമിച്ച് പറയും. ആ മോഹന വാഗ്ദാനത്തിൽ വീണാണ് പല സർവ്വകലാശാലകളും ഇത്തരത്തിലുള്ള സെന്ററുകൾ പല സ്ഥലങ്ങളിലും ആരംഭിക്കുന്നത്. പക്ഷേ സർവ്വകലാശാലകളുടെ ഇപ്പോഴത്തെ ബഡ്ജറ്റ് വിഹിതം അവരുടെ ദൈനംദിന പ്രവർത്തനങ്ങൾക്കുവരെ ഉപയോഗിക്കാൻ സാധിക്കാത്ത വിധത്തിലാണ്. കാരണം, ചെലവ് വർദ്ധിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള സബ്സെന്ററുകളുടെ കാര്യമൊന്നും നോക്കാൻ അവർക്ക് കഴിയുന്നില്ല. അതിനുള്ള പ്രായോഗികവഴി നമ്മളെപോലുള്ള ജനപ്രതിനിധികൾ ഇത്തരത്തിലുള്ള സ്ഥാപനങ്ങൾ നമ്മുടെ പ്രദേശങ്ങളിൽ നിലനിർത്തുന്നതിനുവേണ്ടി ഉദാരമായി സഹായിക്കണമെന്നതാണ്.

## ജൈവ കാർഷികോല്പന്നങ്ങൾക്ക് സർട്ടിഫിക്കേഷനും ബ്രാൻഡിംഗും

2 (*272) <u>ശ്രീ. കെ. ഡി. പ്രസേനൻ:</u>
<u>ശ്രീ. സി. കെ. ശശീന്ദ്രൻ:</u>
<u>ശ്രീ. സജി ചെറിയാൻ:</u>
<u>ശ്രീ. കാരാട്ട് റസാഖ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവ കാർഷിക നയത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് കാർഷികോല്പാദന മേഖലയിൽ ഗുണപരമായ മാറ്റങ്ങൾ സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെ മണ്ണിലും കുടിവെള്ളത്തിലും ദോഷഫലമുളവാക്കുന്ന കളനാശിനികൾക്ക് സമ്പൂർണ്ണ നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടോ; രാസകീടനാശിനികളുടെ ഉപയോഗത്തിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) പൊതുവെ പ്രതിസന്ധി നേരിടുന്ന കാർഷികമേഖലയിൽ ഹ്രസ്വകാല സാമ്പത്തിക ലാഭത്തിനായി കർഷകർ ജൈവേതര കൃഷി പരിപാലനമുറകൾ അവലംബിക്കാൻ നിർബന്ധിതരാകുന്നത് ഒഴിവാക്കാൻ ജൈവകാർഷി കോല്പന്നങ്ങൾക്ക് ന്യായവിലയും കയറ്റുമതി ഉൾപ്പെടെ പര്യാപ്തമായ വിപണന മാർഗ്ഗവും ഏർപ്പെടുത്താൻ സാധിക്കുമോ?

(സി) ഉപഭോക്താക്കൾ വഞ്ചിതരാകാതിരിക്കാനായി ജൈവ കാർഷികോൽപ്പന്നങ്ങൾക്ക് സർട്ടിഫിക്കേഷനും ബ്രാൻഡിംഗും ഏർപ്പെടുത്തിയിട്ടുണ്ടോ; ജൈവ സർട്ടിഫിക്കേഷൻ നൽകുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ,

(എ) ജൈവ കാർഷിക നയത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് കാർഷികോൽപ്പാദന മേഖലയിൽ ഗുണപരമായ മാറ്റങ്ങൾ സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെ മണ്ണിലും കുടിവെള്ളത്തിലും ദോഷഫലമുളവാക്കുന്ന നാല് കളനാശിനികൾ സമ്പൂർണ്ണമായി കേരളത്തിൽ നിരോധിച്ചു. തുടർന്ന് Glyphosate, 2,4-D എന്നീ രണ്ട് കളനാശിനികളുടെ വിൽപ്പനയും ഉപയോഗവും അവശ്യഘട്ടങ്ങളിൽ കൃഷി ഓഫീസറുടെ കുറിപ്പടിയുടെ അടിസ്ഥാനത്തിൽ മാത്രമായി പരിമിതപ്പെടുത്തിയിരുന്നു. കളനാശിനികളിൽ ഗ്ലൈഫോസേറ്റിന്റെ ഉപയോഗം ക്രമാതീതമായി വർദ്ധിച്ച സാഹചര്യത്തിലും തേയിലത്തോട്ടങ്ങളിലും കൃഷിയിടങ്ങളല്ലാത്ത സ്ഥലങ്ങളിലും നിയന്ത്രിതമായി ഉപയോഗിക്കേണ്ട നെൽപ്പാടങ്ങളിലും മറ്റ് ജലാശയങ്ങളിലും ശിപാർശ ചെയ്യാത്ത വിളകൾ കൃഷി ചെയ്യുന്ന സ്ഥലങ്ങളിലും അശാസ്ത്രീയമായും വിവേചനരഹിതവുമായി ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് 2-2-2019-ൽ നിരോധിക്കുകയുണ്ടായി. കളനാശിനികളും കീടനാശിനികളും സ്ഥിരമായി നിരോധിക്കാനുള്ള അധികാരം കേന്ദ്ര സർക്കാരിൽ നിക്ഷിപ്തമാണ്. താൽക്കാലിക നിരോധനം ഏർപ്പെടുത്താൻ മാത്രമേ സംസ്ഥാന സർക്കാരിന് അധികാരമുള്ളൂ എന്നതിനാലാണ് 60 ദിവസത്തേക്ക് നിരോധനം ഏർപ്പെടുത്തിയത്. തുടർന്ന് ഇതുസംബന്ധിച്ച കേരള കാർഷിക സർവ്വകലാശാലാ വിദഗ്ദ്ധരുടെ പഠന റിപ്പോർട്ട് ഡയറക്ടറേറ്റിന് ലഭിക്കുകയുണ്ടായി. ജന്തു-ജീവജാലങ്ങൾക്കും ആവാസവ്യവസ്ഥയ്ക്കും മണ്ണിനും ജലത്തിനും ഗുരുതരമായ ദോഷഫലങ്ങൾ ഉണ്ടാക്കുമെന്നും മനുഷ്യർക്ക് ക്യാൻസർ ഉൾപ്പെടെയുള്ള മാരകരോഗങ്ങൾക്ക് കാരണമാകുമെന്നും ചൂണ്ടിക്കാണിച്ചതിന്റെ വെളിച്ചത്തിൽ കേരളത്തെ സമ്പൂർണ്ണ ജൈവ സംസ്ഥാനമാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിന്റെ ഭാഗമായി ഗ്ലൈഫോസേറ്റും ഗ്ലൈഫോസേറ്റ് അടങ്ങിയ കളനാശിനികളും സംസ്ഥാനത്തിനകത്ത് വിൽപ്പന നടത്തുന്നതിന് നൽകിയിട്ടുള്ള ലൈസൻസുകൾ സംസ്ഥാന ഗവൺമെന്റിന്റെ അധികാരം ഉപയോഗപ്പെടുത്തി 24-5-2019 മുതൽ റദ്ദ് ചെയ്ത് ഉത്തരവായിട്ടുണ്ട്. ഗ്ലൈഫോസേറ്റിനും ഗ്ലൈഫോസേറ്റ് അടങ്ങിയ കളനാശിനികൾക്കും കേരളത്തിൽ സ്ഥിരമായി നിരോധനം ഏർപ്പെടുത്തണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ജൈവ കാർഷികനയം സംസ്ഥാനത്ത് പൂർണ്ണമായും നടപ്പാക്കുന്നതിന്റെ ആദ്യപടിയായി വിഷാംശം കൂടിയ കടും ചുവപ്പും മഞ്ഞയും ലേബലുകളിലുള്ള കീടനാശിനികളുടെ വിതരണവും ഉപയോഗവും കീടനാശിനികളുടെ ഉപയോഗത്താൽ കടുത്ത ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിച്ച കാസർഗോഡ് ജില്ലയിൽ

നിരോധിക്കുകയുണ്ടായി. തുടർന്ന് ജൈവ കൃഷി നയം പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി വിഷവീര്യം കൂടിയതും മനുഷ്യ ജീവനുകൾക്ക് ഹാനികരമായതുമായ 9 കീടനാശിനികളും മൂന്ന് കുമിൾ നാശിനികളും കേരളത്തിൽ സമ്പൂർണ്ണമായി നിരോധിച്ചിട്ടുണ്ട്. അതോടൊപ്പം മഞ്ഞ ലേബലോടുകൂടിയ നാല് കീടനാശിനികളുടെ വിൽപ്പനയും ഉപയോഗവും അത്യാവശ്യ ഘട്ടങ്ങളിൽ കൃഷി ഓഫീസറുടെ കുറിപ്പടിയുടെ അടിസ്ഥാനത്തിൽ മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. പത്തനംതിട്ട ജില്ലയിലെ പെരിങ്ങരയിൽ രണ്ട് കർഷക തൊഴിലാളികളുടെ ജീവൻ നഷ്ടപ്പെട്ട സാഹചര്യം കണക്കിലെടുത്ത് 'വിരാട്' എന്ന കീടനാശിനിയുടെ വിൽപ്പനയും ഉപയോഗവും തടയുന്നതിന് സംസ്ഥാനത്തിനകത്ത് വിൽപ്പന നടത്തുന്നതിന് നൽകിയിട്ടുള്ള ലൈസൻസുകൾ 28-5-2019-ന് റദ്ദാക്കിയിട്ടുണ്ട്.

(ബി) ഹ്രസ്വകാല സാമ്പത്തിക ലാഭത്തിനായി കർഷകർ ജൈവേതര കൃഷി പരിപാലനമുറകൾ അവലംബിക്കുന്നത് ഒഴിവാക്കുവാനും ജൈവ കാർഷികോൽപ്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കുവാനും പര്യാപ്തമായ വിപണന മാർഗ്ഗങ്ങൾക്കുള്ള സൗകര്യങ്ങൾ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് വിവിധ പദ്ധതികൾ വിപണി വികസന പദ്ധതികൾ മുഖേന നടപ്പാക്കിവരുന്നുണ്ട്. വിപണി വികസന പദ്ധതികൾ പ്രകാരം 454 ഇക്കോഷോപ്പുകൾ ജൈവോൽപ്പന്നങ്ങളുടെ വിപണനത്തിനായി പ്രവർത്തിച്ചുവരുന്നുണ്ട്. സർക്കാർ ഏജൻസിയായ വി.എഫ്.പി.സി.കെ. പാർട്ടിസിപ്പേറ്ററി ഗ്യാരന്റി സിസ്റ്റം അനുസരിച്ചുള്ള ജൈവപച്ചക്കറി ഉൽപ്പാദനം നടപ്പാക്കിവരുന്നുണ്ട്. ഇത്തരം ഉൽപ്പന്നങ്ങൾക്ക് ഉയർന്ന മൂല്യം ലഭിക്കുന്ന തരത്തിൽ വിപണന ശൃംഖല വികസിപ്പിച്ചെടുക്കുന്നതിനുള്ള നടപടികൾ വി.എഫ്.പി.സി.കെ. സ്വീകരിച്ചുവരുന്നു.

ജൈവ കാർഷികോൽപ്പന്നങ്ങൾ ഉൾപ്പെടെയുള്ള കാർഷികോൽപ്പന്നങ്ങളുടെ കയറ്റുമതിയുമായി ബന്ധപ്പെട്ട് ദേശീയതലത്തിൽ പ്രവർത്തിക്കുന്ന ഏജൻസിയായ APEDA (അഗ്രിക്കൾച്ചറൽ ആൻഡ് പ്രൊസസ്ഡ് ഫുഡ് പ്രോഡക്ട്സ് എക്സ്പോർട്ട് ഡെവലപ്മെന്റ് അതോറിറ്റി) -യുടെ നിർദ്ദേശങ്ങൾക്കനുസൃതമായി കേരളത്തിന്റേതായ കാർഷിക കയറ്റുമതി നയം 17-5-2019-ൽ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. കാർഷിക കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് വി.എഫ്.പി.സി.കെ.-യെ നോഡൽ ഏജൻസിയായി തെരഞ്ഞെടുത്ത് ഉത്തരവ് നൽകിയിട്ടുണ്ട്. കേരളത്തിന്റെ കാർഷിക കയറ്റുമതി നയം നിർവ്വഹണ ഘട്ടത്തിൽ എത്തുമ്പോൾ ജൈവ കാർഷികോൽപ്പന്നങ്ങൾക്ക് ഏറ്റവും നല്ല വില ലഭിക്കുന്ന സാഹചര്യം ഉണ്ടാകുമെന്ന് കരുതുന്നു.

(സി) ഉണ്ട്. ഉത്തമ കൃഷിമുറകൾ പരിപാലിച്ചുകൊണ്ട് കർഷകർ ഉൽപ്പാദിപ്പിക്കുന്ന ജൈവ കാർഷികോൽപ്പന്നങ്ങൾക്ക് ഗുഡ് അഗ്രികൾച്ചറൽ പ്രാക്ടീസസ് സർട്ടിഫിക്കേഷനും (GAP) "കേരള ഓർഗാനിക്" ബ്രാൻഡിംഗും ഏർപ്പെടുത്തി വിപണനം ചെയ്തുവരുന്നുണ്ട്.

ജൈവകൃഷിയും ഉത്തമ കൃഷിമുറകളും പദ്ധതിപ്രകാരം ജൈവ ക്ലസ്റ്ററിലെ കർഷകർക്ക് ജൈവ സർട്ടിഫിക്കേഷൻ നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*.

<u>ശ്രീ. കെ. ഡി. പ്രസേനൻ</u>: സർ, ജീവിതശൈലീരോഗങ്ങൾ വർദ്ധിച്ചുവരുന്ന വർത്തമാനകാല സാഹചര്യത്തിൽ ജൈവകൃഷിയുടെ പ്രാധാന്യം വളരെ വലുതാണ്. അതോടൊപ്പം ഈ സാഹചര്യം മുതലെടുക്കുന്ന വ്യാജ ജൈവകൃഷിയെ കണ്ടെത്തി നിയന്ത്രിക്കേണ്ടത് അത്യാവശ്യവുമാണ്. ഇത്തരം ഘട്ടത്തിൽ ജൈവ കാർഷികോൽപ്പന്നങ്ങളുടെ ഉൽപ്പാദനത്തിനും പി.ജി.എസ്. (പാർട്ടിസിപ്പേറ്ററി ഗാരന്റി സിസ്റ്റം) സർട്ടിഫിക്കേഷൻ വ്യാപകമാക്കുന്നതിനും നിലവിലുള്ള 'പരമ്പരാഗത കൃഷിവികാസ് യോജന' എത്രത്തോളം പര്യാപ്തമാണെന്ന് വ്യക്തമാക്കാമോ; Paramparagat Krishi Vikas Yojana (PKVY) യിലൂടെ എന്തെല്ലാം ചുമതലകൾ നിർവ്വഹിക്കപ്പെടുന്നുവെന്നത് വിശദീകരിക്കാൻ കഴിയുമോ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, ഇവിടെ വ്യാജ ജൈവ ഉൽപ്പന്നങ്ങൾ വിൽപ്പന നടത്തുന്നതുമായി ബന്ധപ്പെട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ഫുഡ് സെക്യൂരിറ്റി സേഫ്റ്റി കൗൺസിൽ കമ്മീഷണറുടെ നേതൃത്വത്തിൽ പി.ജി.എസ്. സർട്ടിഫിക്കേഷൻ ലഭിക്കുന്ന ഉൽപ്പന്നങ്ങൾക്ക് Food Safety and Standards Authority of India (FSSAI) രജിസ്ട്രേഷൻ നൽകുന്നതിനാവശ്യമായ നടപടി ഇപ്പോൾ സ്വീകരിച്ചുവരികയാണ്. ഇതിന്റെ ആദ്യ ഘട്ടമെന്ന നിലയിൽ ഫുഡ് സേഫ്റ്റി കമ്മീഷണറുടെ നേതൃത്വത്തിൽ പ്രതിമാസം ഒരു സാമ്പിൾ വീതം പരിശോധന നടത്തിയതിന്റെ റിസൾട്ട് സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഇങ്ങനെ വ്യാജ ജൈവ ഉൽപ്പന്നങ്ങൾ വിൽപ്പന നടത്തുന്നത് തടയുന്നതിനാവശ്യമായ കർശന നടപടി ഇതിന്റെ ഭാഗമായി സ്വീകരിക്കുന്നതാണ്. പരമ്പരാഗത് കൃഷി വികാസ് യോജന എന്ന പേരിൽ നടപ്പാക്കുന്ന പദ്ധതിയിലെ 729 ക്ലസ്റ്ററുകളിൽ ആദ്യഘട്ടമെന്ന നിലയിൽ 619 ക്ലസ്റ്ററുകൾ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. 110 ക്ലസ്റ്ററുകൾ ഈ വർഷം പ്രവർത്തനമാരംഭിക്കുന്നതോടുകൂടി 729 ക്ലസ്റ്ററുകളുടെ പ്രവർത്തനം ആരംഭിക്കും. പാർട്ടിസിപ്പേറ്ററി ഗാരന്റി സിസ്റ്റം അനുസരിച്ചുള്ള

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സർട്ടിഫിക്കേഷൻ നടപടികളുടെ ഭാഗമായി 729 ക്ലസ്റ്ററുകളിലായി ഏകദേശം 32000 കർഷകരുണ്ട്. അങ്ങനെ വരുമ്പോൾ പാർട്ടിസിപ്പേറ്ററി ഗാരന്റി സിസ്റ്റമനുസരിച്ചുള്ള 18 തരം മാനദണ്ഡങ്ങൾക്കനുസൃതമായി പരിശോധന നടത്തി കർഷകരുടെ വിത്തുമുതൽ അതിന്റെ അന്തിമഘട്ടത്തിലെ ഉൽപ്പന്നങ്ങൾ വരെയുള്ള കാര്യങ്ങളിൽ ശാസ്ത്രീയ രീതിയിൽ ഇത് ഓർഗാനിക്കാണെന്ന് ഉറപ്പുവരുത്തുന്ന സർട്ടിഫിക്കേഷൻ നടപടികളാണ് ഇപ്പോൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. 350 സാമ്പിളുകൾ ഇതിനകം പരിശോധിച്ചിട്ടുണ്ട്. 180 സാമ്പിളുകളുടെ റിസൾട്ട് വന്നിട്ടുണ്ട്. അതെല്ലാം നെഗറ്റീവാണ്. വളരെ നല്ല നിലയിൽ പരമ്പരാഗത് കൃഷി വികാസ് യോജന എന്ന സ്കീം നടപ്പാക്കുന്നതോടുകൂടി ഭാവിയിൽ നടപ്പാക്കാൻ പോകുന്ന കയറ്റുമതിയുമായി ബന്ധപ്പെട്ടുള്ള ഓർഗാനിക് ഉൽപ്പന്നം ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന സാഹചര്യം കേരളത്തിലുണ്ടാകുന്നതാണ്.

<u>ശ്രീ. കെ. ഡി. പ്രസേനൻ</u>: സർ, എന്റെ മണ്ഡലമായ ആലത്തൂരിൽ 'നിറ' എന്ന പേരിൽ ഒരു കാർഷിക വികസന പദ്ധതി നടപ്പാക്കിവരുന്നുണ്ട്. അതിന്റെ ഭാഗമായി നൂറുകണക്കിന് കർഷകരെ ഉൾപ്പെടുത്തിയുള്ള 'ഹരിതമിത്ര സ്വയം സഹായ സംഘം' പ്രവർത്തിക്കുന്നു. ഇത്തരം കർഷക സ്വയം സഹായ സംഘങ്ങൾ വഴി പി.ജി.എസ്. സർട്ടിഫിക്കേഷൻ ലഭ്യമായ ഉൽപ്പന്നങ്ങളുടെയും മറ്റ് പരമ്പരാഗത വിളകളുടെയും വിപണന കേന്ദ്രങ്ങൾ ആരംഭിക്കാനും ജൈവ സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിനുള്ള സർവ്വീസ് സെന്ററുകൾ ആരംഭിക്കുന്നതിനുമുള്ള പ്രത്യേക പദ്ധതി തയ്യാറാക്കാൻ കഴിയുമോ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, പി.ജി.എസ്. സർട്ടിഫിക്കേഷൻ കൊടുക്കുന്നതിനുള്ള റീജിയണൽ കൗൺസിൽ എന്ന് പറയുന്നത് ജില്ലാ കൃഷി ഓഫീസറാണ്. ജില്ലാ കൃഷി ഓഫീസറുടെ നേതൃത്വത്തിൽ 'നിറ' പദ്ധതിയുമായി ബന്ധപ്പെട്ട് അവിടെ രജിസ്റ്റർ ചെയ്തിരിക്കുന്ന കർഷകരുടെ കൂട്ടായ്മകൾക്ക് പി.ജി.എസ്. സർട്ടിഫിക്കേഷൻ നൽകാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. മാത്രമല്ല, അടുത്ത വർഷം അനുവദിക്കാൻ പോകുന്ന പരമ്പരാഗത് കൃഷി വികാസ് യോജനയുടെ ക്ലസ്റ്ററുകളുമായി ഇതിനെ ക്ലബ് ചെയ്തുകൊണ്ട് അതിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ സഹായങ്ങളും 'നിറ' പദ്ധതിയുമായി ബന്ധപ്പെട്ടുള്ള കർഷകരുടെ കൂട്ടായ്മകൾക്ക് നൽകുന്നതാണ്.

<u>ശ്രീ. സി. കെ. ശശീന്ദ്രൻ</u>: സർ, ജൈവ കാർഷിക സംസ്കാരത്തിലേക്ക് കേരളം നല്ലതുപോലെ കടന്നുവരുന്നുണ്ട് എന്നത് നമുക്ക് കാണാൻ കഴിയും. കൃഷിവകുപ്പിൽ നടക്കുന്ന പ്രവർത്തനങ്ങൾ വളരെ ശ്രദ്ധേയമാണ്. മാരകമായ കീടനാശിനികളും കളനാശിനികളും കർഷകരെ വാങ്ങാൻ പ്രേരിപ്പിക്കുന്ന

ഉൽപ്പാദക കമ്പനികളുടെ പ്രതിനിധികളെ നിയന്ത്രിക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടോ; അതോടൊപ്പം കാർഷിക കയറ്റുമതിക്കുള്ള തടസ്സങ്ങൾ എന്തൊക്കെയാണ്; അത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് ഗവൺമെന്റ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, കീടനാശിനി, കളനാശിനി, കുമിൾനാശിനികൾ എന്നിവ വിൽപ്പന നടത്താൻവേണ്ടി റെപ്രസെന്റേറ്റീവുമാർ പ്രവർത്തിക്കാൻ പാടില്ലെന്ന കർശന നിർദ്ദേശം ഗവൺമെന്റ് നൽകിയിട്ടുണ്ട്. ഒരു കീടനാശിനി കമ്പനിക്കും റെപ്രസെന്റേറ്റീവുമാരെ നിശ്ചയിക്കുവാനോ അവർക്ക് അങ്ങനെ പ്രവർത്തിക്കുവാനുള്ള അനുവാദം കൊടുക്കാനോ കഴിയില്ല. ഏലം കൃഷിയുമായി ബന്ധപ്പെട്ട മേഖലകളിൽ വ്യാപകമായ തോതിൽ ഫീൽഡ് സൂപ്പർവൈസർമാർ എന്ന വ്യാജേന കീടനാശിനി കമ്പനികളുടെ റെപ്രസെന്റേറ്റീവുമാർ കർഷകർക്കിടയിൽ ഔദ്യോഗിക ലേബലിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുണ്ട്. അതിൽ കർശന നിയന്ത്രണം ഇപ്പോൾ ഏർപ്പെടുത്തിക്കഴിഞ്ഞിട്ടുണ്ട്. കീടനാശിനികളുടെയും കളനാശിനികളുടെയും കുമിൾനാശിനികളുടെയും വിൽപ്പനയ്ക്കുവേണ്ടി ഒരു റെപ്രസെന്റേറ്റീവുമാരെയും ഗവൺമെന്റ് നിശ്ചയിക്കാൻ ഉദ്ദേശിച്ചിട്ടില്ല. അതിലെല്ലാം നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. മാത്രമല്ല, വിദേശത്തേക്ക് കയറ്റുമതി ചെയ്യുന്നതിനുള്ള പ്രധാനപ്പെട്ട പ്രശ്നം, ഇതിന് പല രാജ്യങ്ങളിലും അവർ ആവശ്യപ്പെടുന്ന സ്റ്റാൻഡേർഡ് അനുസരിച്ചുള്ള ഉൽപ്പന്നം ഉൽപ്പാദിപ്പിക്കാനാവശ്യമായ നിലയിലുള്ള നടപടികൾ ആവശ്യമാണ് എന്നതാണ്. സ്വകാര്യ കമ്പനികളുമായി ബന്ധപ്പെട്ടാണ് പല അന്താരാഷ്ട്ര നിലവാരത്തിലുള്ള സ്റ്റാൻഡേർഡുകളും അവർ ഫിക്സ് ചെയ്തിരിക്കുന്നത്. അത് അമേരിക്കയിലാണെങ്കിൽ വേറെ സ്റ്റാൻഡേർഡാണ്; യൂറോപ്പിൽ വേറെ സ്റ്റാൻഡേർഡാണ്. അവർതന്നെ ഏർപ്പെടുത്തിയിരിക്കുന്ന റെയിൻഫോറസ്റ്റ് അലയൻസ് അല്ലെങ്കിൽ ബി.ആർ.സി., ഐ.ഫാം. (iFarm) ഇന്റോസെക്റ്റ് പോലുള്ള ഏജൻസികൾ ഇവിടത്തെ കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് അവർ തേർഡ് പാർട്ടി രജിസ്ട്രേഷൻ എന്ന നിലയിൽ സ്റ്റാൻഡേർഡ് നടപ്പാക്കിക്കൊണ്ടിരിക്കുന്നു. അങ്ങനെയുള്ളതെല്ലാംതന്നെ ഇന്റർനാഷണൽ സർട്ടിഫിക്കേഷനോടുകൂടി ഇപ്പോൾ കയറ്റുമതി ചെയ്യുന്നുണ്ട്. അതിനുപുറമേ ഇന്ത്യൻ ജി.എ.പി. (Good Agricultural Practices) അനുസരിച്ചുള്ള ഉൽപ്പന്നങ്ങൾ ഇവിടെ ഉൽപ്പാദിപ്പിക്കുന്നുണ്ട്. അത് പല രാജ്യങ്ങളും കയറ്റുമതി ചെയ്യാനുള്ള നടപടികൾ ഇപ്പോൾ എടുത്തുവരുന്നുണ്ട്. ഏതായാലും 'പരമ്പരാഗത് കൃഷി വികാസ് യോജന' യുടെ 729 ക്ലസ്റ്ററുകളുടെ പ്രവർത്തനം കാര്യക്ഷമമായി മാറുന്നതോടുകൂടി കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ പ്രഖ്യാപിച്ചിരിക്കുന്ന കയറ്റുമതി നയത്തിന്റെ ഭാഗമായി

വി.എഫ്.പി.സി.കെ.-യെ നോഡൽ ഏജൻസിയായി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ ബനാന, ജിഞ്ചർ അടക്കമുള്ള 29-ഓളം ഉൽപ്പന്നങ്ങളെ കേരളത്തിൽനിന്നും കയറ്റുമതി ചെയ്യുന്നതിനുള്ള ഉൽപ്പന്നങ്ങളായി നോട്ടിഫൈ ചെയ്തിട്ടുണ്ട്. അപ്രകാരമുള്ള കാര്യങ്ങൾ കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ടു കൊണ്ട് നടന്നുകൊണ്ടിരിക്കുകയാണ്.

ശ്രീ. സജി ചെറിയാൻ: സർ, രാസവളവും കീടനാശിനിയും മണ്ണിനും കുടിവെള്ളത്തിനും ദോഷഫലങ്ങൾ ഉളവാക്കുന്നു. ഇതിനുള്ള ഏക പരിഹാരം ജൈവസംയോജിത കൃഷി പ്രോത്സാഹിപ്പിക്കുക എന്നുള്ളതാണ്. എല്ലാത്തരം മരങ്ങൾ, പഴവർഗ്ഗങ്ങൾ, ഇടവിളയായി പച്ചക്കറികൾ, കിഴങ്ങു വർഗ്ഗങ്ങൾ കൂടാതെ ആട്, കോഴി, താറാവ്, പശു, കാള, കാട, മീൻ ഇതെല്ലാം ചേരുന്ന കൃഷിയാണ് സംയോജിത കൃഷി. ഒരു കൃഷിയുടെ ഗുണം മറ്റൊന്നിന് പ്രയോജനം ചെയ്യും. ഇത് ഞാൻ വ്യക്തിപരമായി പരീക്ഷിച്ച് വിജയിപ്പിച്ചിട്ടുള്ളൊരു കാര്യമാണ്. ഇത് വളരെ ലാഭകരവും നിരവധി പേർക്ക് തൊഴിൽ ലഭ്യമാക്കാൻ കഴിയുന്നതുമായ പദ്ധതിയാണ്. ജൈവ സംയോജിത കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിന് പ്രത്യേക പദ്ധതി തയ്യാറാക്കുമോ? അതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; പ്രളയത്തിനുശേഷമുള്ള കാർഷിക വികസനത്തിനായി അഗ്രോ ഇക്കോളജിക്കൽ സോണുകളും അഗ്രോ ഇക്കോളജിക്കൽ യൂണിറ്റുകളുമായി വിഭജിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; കേരള ഓർഗാനിക് ബ്രാൻഡ് നാമത്തിൽ നിലവിൽ വിപണിയിലെത്തിക്കുന്ന വിളകൾ ഏതെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, 3 പ്രധാനപ്പെട്ട ചോദ്യങ്ങളാണ് അദ്ദേഹം ചോദിച്ചിരിക്കുന്നത്. അദ്ദേഹം പറഞ്ഞതുപോലെ ഇന്റഗ്രേറ്റഡ് ആയിട്ടുള്ള കൃഷി രീതിയാണ് പരമ്പരാഗത് കൃഷി വികാസ് യോജനയുടെ ഭാഗമായി നടപ്പാക്കുന്നത്. ഏതെങ്കിലുമൊരു പ്രത്യേക വിള മാത്രമല്ല എല്ലാ കൃഷികളും ഒരുമിച്ച് നടത്തുന്ന രീതിയാണ് കേരളത്തിൽ സാധാരണ ചെയ്തുവരുന്നത്. ആ രീതി തന്നെയാണ് പരിപൂർണ്ണമായും വിജയിപ്പിക്കാൻ കഴിയുന്നത്. ഓർഗാനിക് കൃഷിയിലേക്ക് പോകുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ഈ രീതിയിൽ തന്നെയാണെന്നാണ് പരമ്പരാഗത് കൃഷി വികാസ് യോജനയിൽ പറയുന്നത്. കന്നുകാലി സമ്പത്ത് ജൈവകൃഷിക്ക് അനിവാര്യമായ ഘടകമായതുകൊണ്ട് കന്നുകാലി വളർത്തലും മീൻ വളർത്തലും പച്ചക്കറി കൃഷിയും മറ്റെല്ലാ വിളകളും ഒരുമിച്ച് ചേർക്കുന്ന ഇന്റഗ്രേറ്റഡ് ഫാമിംഗ് സിസ്റ്റം തന്നെയാണ് ഗവൺമെന്റ് പ്രോത്സാഹിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്.

പ്രളയത്തിനുശേഷം കേരളത്തിന്റെ കാർഷിക മേഖലയിൽ വലിയ മാറ്റം കൊണ്ടുവരാൻ ഗവൺമെന്റ് ഉദ്ദേശിക്കുകയാണ്. കൃഷി ഡിപ്പാർട്ടുമെന്റിന്റെ ഡയറക്ടറേറ്റ്, ബ്ലോക്ക് ലെവൽ/പഞ്ചായത്ത് ലെവൽ സംഘടനാ സംവിധാനം, ഉദ്യോഗസ്ഥവിന്യാസം തുടങ്ങിയ ഭരണപരമായ ഘടനയിൽ യാതൊരു മാറ്റവും വരുത്താതെ കേരളത്തിന്റെ കാർഷിക മേഖലയെ 5 അഗ്രോ ഇക്കോളജിക്കൽ സോണുകളായി വേർതിരിച്ചുകൊണ്ടുള്ള ഉത്തരവിറക്കി. Coastal Plain, Midland plain, Foothill, High hills, Palakkad main എന്നിങ്ങനെ 5 അഗ്രോ ഇക്കോളജിക്കൽ സോണുകളായി കേരളത്തിന്റെ കാർഷിക മേഖലയെ തരംതിരിക്കുകയും ഈ 5 സോണുകളെ 23-ലധികം അഗ്രോ ഇക്കോളജിക്കൽ യൂണിറ്റുകളായി വിഭജിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഓരോ യൂണിറ്റിലും ഏത് കൃഷിയാണ്, ഏത് വിളയാണ്, അതിന്റെ പാക്കേജ് ഓഫ് പ്രാക്ടീസ് എന്താണ് തുടങ്ങിയ കാര്യങ്ങളിലെല്ലാം സൂക്ഷ്മതലത്തിൽ ഇടപെട്ടുകൊണ്ടുള്ള ഒരു പുനഃസംഘടന കാർഷിക മേഖലയിൽ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. അതിനാവശ്യമായ നടപടി നടന്നുകൊണ്ടിരിക്കുകയാണ്. A.P.C (Agricultural Production Commissioner) ചെയർമാനായിട്ടുള്ള ഒരു ഉന്നതാധികാര സമിതി ഇതിനുവേണ്ടി രൂപീകരിച്ചിട്ടുണ്ട്. അതിന്റെ ചർച്ചകൾ നടക്കുകയാണ്. ഇതുമായി ബന്ധപ്പെട്ടുള്ള എല്ലാ കാര്യങ്ങളും വിദഗ്ദ്ധരുമായി ചർച്ച നടത്തിയശേഷം ഈ രീതി എങ്ങനെ നമ്മുടെ കാർഷിക മേഖലയിൽ നടപ്പിലാക്കാൻ കഴിയുമെന്ന കാര്യം ഗവൺമെന്റ് തീരുമാനിക്കുന്നതാണ്.

ശ്രീ. കാരാട്ട് റസാഖ്: സർ, ജി.എ.പി. (Good Agricultural Practices) സാക്ഷ്യപത്രംകൊണ്ട് കൃഷിവകുപ്പ് ഉദ്ദേശിക്കുന്നതെന്താണെന്ന് വ്യക്തമാക്കാമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, നല്ലമുറ കൃഷിപരിപാലന രീതിയെയാണ് ജി.എ.പി. എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. കൃഷി ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥർ ക്ലസ്റ്ററുകളായി രൂപീകരിക്കപ്പെട്ടിരിക്കുന്ന കർഷകരുടെ ഗ്രൂപ്പുകളിൽ അവർ നടത്തിക്കൊണ്ടിരിക്കുന്ന പരിപാലന മുറകൾ, മണ്ണ് പരിശോധന (മണ്ണിലെ സൂക്ഷ്മ മൂലകങ്ങളുടെ അപര്യാപ്തത അനുസരിച്ചുള്ള കൃത്യമായിട്ടുള്ള പരിപാലനം), രാസ കീടനാശിനിക്കുപകരം ജൈവ കീടനാശിനി ഉപയോഗിക്കുക, ഇക്കോളജിക്കൽ എഞ്ചിനീയറിംഗ് സിസ്റ്റം നടപ്പാക്കുക തുടങ്ങി നമ്മുടെ കാർഷിക മേഖലയിലെ മണ്ണിനെയും വിളകളെയും പൂർണ്ണമായും സംരക്ഷിച്ചുകൊണ്ടുള്ള ഏറ്റവും നല്ല ജൈവ ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുവാൻ കർഷകരെ പര്യാപ്തമാക്കി, കൃത്യമായി രജിസ്റ്റർ സൂക്ഷിച്ച് ഒരു വർഷക്കാലത്തിനുള്ളിൽ നൽകുന്നതാണ് ജി.എ.പി. സർട്ടിഫിക്കേഷൻ. ജി.എ.പി. സർട്ടിഫിക്കേഷനുള്ള ഉൽപ്പന്നങ്ങൾ കേരളത്തിൽ 454-ഓളം വരുന്ന ഇക്കോ ഷോപ്പുകളിലൂടെ കേരള ഓർഗാനിക് എന്ന പേരിൽ ഇപ്പോൾ വിൽപ്പന നടത്തിവരുന്നുണ്ട്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, സംസ്ഥാനത്ത് നിരോധിക്കപ്പെട്ട കീടനാശിനികൾ വ്യാപകമായി ഉപയോഗിക്കുന്നുവെന്ന പരാതിയുണ്ട്. തിരുവല്ലയിൽ രണ്ട് കർഷകത്തൊഴിലാളികൾ ഇത്തരം കീടനാശിനി തളിച്ചുകൊണ്ടിരിക്കുമ്പോൾ മരണപ്പെട്ടു. ഞാനും ബഹുമാനപ്പെട്ട മന്ത്രിയും സംഭവസ്ഥലം സന്ദർശിച്ചിരുന്നു. ഇക്കാര്യത്തിൽ വ്യാപകമായ പരിശോധന ആവശ്യമാണ്. പല സ്ഥലങ്ങളിലും നിരോധിക്കപ്പെട്ട കീടനാശിനികൾ ഉപയോഗിക്കുന്നു. ചിലത് പേര് മാറ്റിയും ഉപയോഗിക്കുന്നുണ്ട്. നിരോധിക്കപ്പെട്ട കീടനാശിനികൾ കടകളിൽനിന്ന് വിലകുറച്ച് കർഷകർക്ക് നൽകുന്നു. പ്രത്യേകിച്ച് കുട്ടനാട്, അപ്പർ കുട്ടനാട് മേഖലയിലെ കർഷകർ വൻതോതിൽ കബളിപ്പിക്കപ്പെടുന്നൊരു കാര്യമാണിത്. ഇക്കാര്യത്തിൽ എന്തു നടപടിയാണ് ഗവൺമെന്റ് സ്വീകരിക്കാനുദ്ദേശിക്കുന്നത്?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞത് വളരെ പ്രധാനപ്പെട്ടൊരു കാര്യമാണ്. ഇക്കാര്യം ഗവൺമെന്റ് പരിശോധിച്ചപ്പോൾ, 2016-നുശേഷം ജൈവ കാർഷിക നയം നടപ്പാക്കിയതിനെത്തുടർന്ന് 2016 മുതൽ 2018 വരെയുള്ള കണക്കുപ്രകാരം രാസ കീടനാശിനികളുടെയും കുമിൾനാശിനികളുടെയും ഉപയോഗം 150 മെട്രിക് ടൺ കുറയുകയാണുണ്ടായത്. എന്നാൽ അതേസമയം കളനാശിനികളുടെ ഉപയോഗം 137 മെട്രിക് ടൺ വർദ്ധിക്കുകയുണ്ടായി. ഇക്കാര്യം വളരെ ഗൗരവമായി പരിശോധിച്ചപ്പോൾ കാർഷികേതര ആവശ്യങ്ങൾക്കുപോലും കളനാശിനികൾ ഉപയോഗിക്കുന്നുവെന്ന് മനസ്സിലാക്കാൻ സാധിച്ചു. ഗ്ലൈഫോസേറ്റ് പോലെയുള്ള കളനാശിനികൾ വീടുകളുടെ മുന്നിലുള്ള കളകൾ നശിപ്പിക്കുവാൻവേണ്ടി കൃഷിക്കാരല്ലാത്തവർപോലും ഉപയോഗിച്ചുകൊണ്ടിരിക്കുകയാണ്. ഇവയുടെ ഉപയോഗം മാരകമായ ക്യാൻസർ പോലുള്ള രോഗങ്ങളുണ്ടാക്കുമെന്നാണ് ഇതിനെപ്പറ്റി കാർഷിക സർവ്വകലാശാല നൽകിയിരിക്കുന്ന പഠന റിപ്പോർട്ടിൽ പറയുന്നത്. നമ്മുടെ ജലാശയങ്ങളെ ഇവ മലിനപ്പെടുത്തുന്നു. വാട്ടർ ബോഡീസിൽ ഒരിക്കലും പ്രയോഗിക്കുവാൻ പാടില്ലാത്ത കളനാശിനികൾ കർഷകരും കർഷകരല്ലാത്തവരും വ്യാപകമായി ഉപയോഗിച്ചുകൊണ്ടിരിക്കുകയാണ്. അവയുടെ ഉപയോഗം വൻതോതിൽ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഇവിടെ പ്രതിപാദിച്ച രണ്ട് കർഷകത്തൊഴിലാളികളുടെ മരണത്തിനിടയാക്കിയ 'വിരാട് ' എന്ന കീടനാശിനി കേരളത്തിൽ വളരുന്ന വിളകൾക്ക് ഉപയോഗിക്കാത്തതാണ്. ഇത് പരുത്തി കർഷകർ ഉപയോഗിക്കുന്ന കീടനാശിനിയാണ്. സംസ്ഥാനത്ത് പരുത്തികൃഷി ഇല്ലായിരുന്നിട്ടുപോലും ഈ കീടനാശിനി ഇവിടെ വിൽപ്പന

നടത്തുകയാണ്. ഇക്കാര്യത്തിൽ ഒരു എൻഫോഴ്സ്മെന്റ് രൂപീകരിക്കാൻ ഗവൺമെന്റ് തീരുമാനമെടുത്തിട്ടുണ്ട്. അതുകൂടാതെ പെസ്റ്റിസൈഡ് ഇൻസ്പെക്ടേഴ്സ് എന്ന നിലയിൽ കൃഷി ഓഫീസർമാർ രണ്ടാഴ്ചയിൽ ഒരിക്കലെങ്കിലും ഓരോ ഷോപ്പുകളും സന്ദർശിച്ച് ഇൻസ്പെക്ഷൻ നടത്തണം. ഷോപ്പുകളുടെ മുന്നിൽ സ്റ്റോക്ക് പ്രദർശിപ്പിക്കണം. ഏത് വിളകൾക്കുള്ള കീടനാശിനി/കളനാശിനിയാണെന്ന് വ്യക്തമാക്കണം. റെസ്ട്രിക്ടട് ആയിട്ടുള്ള കീടനാശിനികളും കളനാശിനികളും കൃഷി ഓഫീസറുടെ കുറിപ്പില്ലാതെ നൽകാൻ പാടില്ല. കുറിപ്പില്ലാതെ ഇവ നൽകുന്ന കീടനാശിനി വിൽപ്പനശാലകൾക്കെതിരെ അടച്ചുപൂട്ടൽ ഉൾപ്പെടെയുള്ള കർശന നടപടി ഉണ്ടാകുമെന്ന നിലയിലേക്ക് കാര്യങ്ങൾ പോകുകയാണ്. എന്നിരുന്നാലും അന്യസംസ്ഥാനങ്ങളിൽനിന്നും പല പേരുകളിൽ ഇത്തരം കീടനാശിനികളും കളനാശിനികളും വന്നുകൊണ്ടിരിക്കുന്നുണ്ട്. അവയെ നിയന്ത്രിക്കാൻ ശക്തമായൊരു എൻഫോഴ്സ്മെന്റ് സംവിധാനം ആവശ്യമാണ്. അത്തരമൊരു എൻഫോഴ്സ്മെന്റ് സംവിധാനം ഏർപ്പെടുത്തുന്നതിനായുള്ള നടപടി വകുപ്പ് സ്വീകരിച്ചുവരികയാണ്.

ശ്രീ. കെ. വി. വിജയദാസ്: സർ, ജൈവ കൃഷിക്ക് ആവശ്യമായ ഗുണമേന്മയുള്ള ഉല്പാദനോപാധികളായ വിത്ത്, തൈകൾ, കീടനാശിനികൾ, വളം എന്നിവ ന്യായവിലയ്ക്ക് യഥാസമയം കർഷകർക്ക് ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? കീടനാശിനികൾ നിരോധിച്ചിട്ടുണ്ടെങ്കിലും വൻതോതിൽ അന്യസംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേക്ക് അവയുടെ ഒഴുക്ക് തുടരുകയാണ്. ഇത് തടയാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ രാസകീടനാശിനികൾക്കുപകരം ജൈവകീടനാശിനികളും രാസവളങ്ങൾക്കുപകരം ജൈവവളങ്ങളും ഉൽപ്പാദിപ്പിക്കുന്നതിനാവശ്യമായ നിരവധി സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ട്. ബയോകൺട്രോൾ ലാബുകൾ, മിത്ര കീടങ്ങൾ ഉൽപ്പാദിപ്പിക്കുന്ന ലബോറട്ടറികൾ തുടങ്ങിയവ വിപുലപ്പെടുത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ ലഭ്യമാക്കുന്നതിനായി വി.എഫ്.പി.സി.കെ.-യുടെ ഹൈടെക് നഴ്സറി ആരംഭിച്ചു. ഒരു വർഷം രണ്ട് കോടി തൈകൾ ഉൽപ്പാദിപ്പിക്കുവാൻ കഴിയുന്ന രീതിയിലാണ് പ്രവർത്തനം ആരംഭിച്ചിരിക്കുന്നത്. അതിനുപുറമേ ജൈവകൃഷിക്ക് വേണ്ടിവരുന്ന നാടൻ ഇനങ്ങളുടെ വിത്തുകൾ ലഭ്യമാകാത്ത സാഹചര്യത്തിൽ വി.എഫ്.പി.സി.കെ.-യുടെ നേതൃത്വത്തിൽ 26 ഇനം നാടൻ വിത്തുകൾ ഔദ്യോഗികമായിത്തന്നെ വിതരണം ചെയ്യാനുള്ള സംവിധാനം ആരംഭിച്ചിട്ടുണ്ട്.

ശ്രീ. സി. മമ്മൂട്ടി: സർ, ജൈവകൃഷി രംഗത്തും അതുപയോഗിക്കുന്ന സ്ഥലങ്ങളിലും കീടനാശിനികൾ നിയന്ത്രിക്കുന്ന കാര്യങ്ങളാണ് ഇവിടെ പറയുന്നത്. എന്നാൽ അന്യസംസ്ഥാനങ്ങളിൽനിന്നും വിദേശത്തുനിന്നും വരുന്ന പഴം, പച്ചക്കറികൾ മുതലായവ അനേകദിവസം കേടുകൂടാതെ സൂക്ഷിക്കുന്നതിന് പല കൃത്രിമപ്രയോഗങ്ങളും നടത്തിയശേഷമാണ് ഇവയുടെ വിൽപ്പന നടത്തുന്നത്. ഇക്കാര്യം പരിശോധിക്കുവാനോ ഇതിനെപ്പറ്റി മനസ്സിലാക്കാനോ യാതൊരു മാർഗ്ഗവുമില്ല. പഴം, പച്ചക്കറി ഷോപ്പുകളിൽ ഒരു മാസംവരെ അവ കേടുകൂടാതിരിക്കുന്നതിനായി കൃത്രിമമായ കോട്ടിംഗുകൾ നടത്തുകയും അത് നമ്മൾ വാങ്ങേണ്ടി വരുന്ന ഗതികേടുമുണ്ട്. അതിനാൽ ഇത്തരം കാര്യങ്ങൾ മനസ്സിലാക്കുന്നതിന് ഗവൺമെന്റ് നേരിട്ട് പ്രത്യേക പരിശോധന നടത്തേണ്ടതുണ്ട്. ഗവൺമെന്റ് ഏജൻസികൾ മുഖേന ഓൺലൈനായി ഇത്തരം സാധനങ്ങളുടെ വിൽപ്പന നടക്കുന്നില്ല. ജനങ്ങൾക്ക് വിശ്വസിച്ച് വാങ്ങാൻ കഴിയുന്ന ഏജൻസികൾ നിലവിലില്ല. അങ്ങ് മന്ത്രിയായ ഉടൻ തിരുവനന്തപുരത്ത് പരിശോധന നടത്തി അത്തരത്തിലൊരു സംഭവം കണ്ടുപിടിച്ചിരുന്നില്ലേ? അതുപോലെ സാധാരണ മാർക്കറ്റുകളിൽ നിന്ന് ലഭിക്കുന്നത് ഗുണമേന്മയുള്ള വിഷരഹിതമായ പഴം-പച്ചക്കറികളാണെന്ന് ഉറപ്പുവരുത്തുന്നതിന് ഓൺലൈൻ വിപണന സംവിധാനം സ്വീകരിക്കുവാനും നേരിട്ട് ഹെൽത്ത് ഇൻസ്പെകർമാരെയോ കൃഷി ഓഫീസർമാരെയോ ഉപയോഗിച്ച് പരിശോധന നടത്തി ഇവയുടെ ഗുണമേന്മ ഉറപ്പുവരുത്താനും നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഇത് പരിശോധിക്കുന്നതിന് ഫുഡ് സേഫ്റ്റി കമ്മീഷണറുടെ നേതൃത്വത്തിൽ നടപടി സ്വീകരിക്കുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച കാര്യങ്ങൾകൂടി പരിഗണിച്ചുകൊണ്ട് കൃഷിവകുപ്പും ഫുഡ്സേഫ്റ്റി വകുപ്പും സംയുക്തമായി പ്രവർത്തനം നടത്തുന്നതിന് പല യോഗങ്ങൾ ചേർന്നുകഴിഞ്ഞിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് ജൈവ ഉൽപ്പന്നങ്ങൾ വ്യാജമായി വിൽപ്പന നടത്തുന്നത് നിരോധിക്കുന്നതിനും നിയന്ത്രിക്കുന്നതിനും ആവശ്യമായ നടപടി ഫുഡ് സേഫ്റ്റി കമ്മീഷണറുമായി ചേർന്ന് നടത്താൻ തീരുമാനിക്കുന്നത്. അതിന്റെ ഭാഗമായി ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെയുള്ള കാര്യങ്ങളും ഗവൺമെന്റ് ചെയ്യുന്നതാണ്.

ശ്രീ. എസ്. ശർമ്മ: സർ, ജന്മനാ ജൈവ കൃഷിയാണ് പൊക്കാളി കൃഷി. എറണാകുളം, തൃശ്ശൂർ, ആലപ്പുഴ ജില്ലകളുടെ തീരപ്രദേശങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട കൃഷി എന്ന നിലയിൽ പൊക്കാളി കൃഷിയുടെ പുരോഗതിക്കുവേണ്ടി

Export Oriented ആയ നടപടി ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. ഈ സാഹചര്യംകൂടി കണക്കിലെടുത്ത് ജൈവ വൈപ്പിൻ എന്നൊരു പദ്ധതിക്ക് ശാസ്ത്രജ്ഞരും സബ്ജക്ട് എക്സ്പെർട്ടുകളും ചേർന്ന് ഒരു വർക്ക്ഷോപ്പ് നടത്തി അതിന്റെ പ്രോജക്ട് തയ്യാറാക്കി നബാർഡ് വഴി സമർപ്പിച്ചിരുന്നു. 87 കോടി രൂപ അതിന് അനുവദിക്കുകയും പദ്ധതി പ്രവർത്തനത്തിന് തുടക്കം കുറിക്കുകയും ചെയ്തു. എക്കൽ വന്നടിയുന്നത് ഡ്രെഡ്ജ് ചെയ്ത് നീക്കം ചെയ്യണം. പൊക്കാളി കൃഷിയുടെ ഗുണമേന്മ ഉറപ്പാക്കുന്നതിനും ജൈവ മത്സ്യം ഉൽപ്പാദിപ്പിക്കുന്നതിനും വേണ്ടിയാണ് ഇത് ചെയ്യുന്നത്. ഈ രണ്ടുകാര്യങ്ങളും കൂടി ചേർന്നിട്ടാണ് ജൈവ വൈപ്പിൻ എന്ന പദ്ധതിക്ക് തുടക്കം കുറിച്ചത്. ഒരു വ്യക്തി ബഹുമാനപ്പെട്ട കോടതിയെ സമീപിച്ച് സ്റ്റേ വാങ്ങിയിരുന്നെങ്കിലും അത് പിന്നീട് വെക്കേറ്റ് ചെയ്തു. സംസ്ഥാനത്ത് പാരിസ്ഥിതികമായ കാര്യങ്ങളൊക്കെ മനസ്സിലാക്കുന്നതിന് പവർപോയിന്റ് പ്രസന്റേഷൻ വേണമെന്ന് ആവശ്യപ്പെട്ടു. എല്ലാ നിലയിലും പ്രസന്റേഷൻ നടത്തി; മൂന്ന് വർഷം കഴിഞ്ഞു. ഇപ്പോൾ പറയുന്നത് കേന്ദ്ര ഗവൺമെന്റിന്റെ അനുവാദം വാങ്ങണമെന്നാണ്. മരണക്കിണറിൽ മോട്ടോർ സൈക്കിൾ ഓടിക്കുന്നതു പോലെയാണ് കേന്ദ്ര ഗവൺമെന്റിന്റെ അനുവാദത്തിന് പോകുന്നത്. അവിടെ പോയി തിരിച്ചുവരുമ്പോഴേക്കും സംഗതി എത്തുമോ ഇല്ലയോയെന്ന് പറയാൻ കഴിയില്ല. അത് ബഹുമാനപ്പെട്ട മന്ത്രിക്കുമറിയാം. നാലു തവണ അദ്ദേഹം മുൻകയ്യെടുത്ത് യോഗം വിളിച്ചിരുന്നു. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ ഗൗരവമായൊരു ചർച്ചയ്ക്ക് വിധേയമാക്കുന്നതിന് മുൻകൈ എടുക്കുമോ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, പൊക്കാളി കൃഷി എന്നു പറയുന്നത് ജൈവകൃഷി എന്നല്ല, അതൊരു Natural farming ആണ്. ആവാസ വ്യവസ്ഥയെ സംരക്ഷിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ അനുവദിക്കപ്പെട്ടിരിക്കുന്ന ജൈവ വൈപ്പിൻ പദ്ധതി നടപ്പാക്കാൻ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. അതിന്റെ ചില തടസ്സങ്ങൾ ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചത് ഞാൻ വീണ്ടും ആവർത്തിക്കുന്നില്ല. കോസ്റ്റൽ സോണുമായി ബന്ധപ്പെട്ടുള്ള അതോറിറ്റി ഇപ്പോൾ അത് കേന്ദ്രത്തിലേക്ക് അയയ്ക്കണമെന്ന നിർദ്ദേശം വച്ചിരിക്കുകയാണ്. ഇത് ചർച്ചചെയ്യുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയും അദ്ദേഹം അത് സമ്മതിക്കുകയും ചെയ്തിട്ടുണ്ട്. അടിയന്തരമായി ഒരു തീയതി നിശ്ചയിച്ച് ചർച്ച നടത്തി ജൈവ വൈപ്പിൻ പദ്ധതി ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ നടപ്പാക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## പ്ലാസ്റ്റിക് മാലിന്യ സംസ്കരണം

3 (*273) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. വി. ഡി. സതീശൻ:
ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്ലാസ്റ്റിക് മാലിന്യംമൂലം പരിസ്ഥിതിക്ക് ഗുരുതരമായ ദോഷമുണ്ടായ സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എല്ലാ ഗ്രാമ പഞ്ചായത്തുകളിലും നഗരസഭകളിലും പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ച് സംസ്കരിക്കുന്നതിന് പദ്ധതി ആവിഷ്കരിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ നിലവിലെ പുരോഗതി അറിയിക്കാമോ;

(സി) ജൈവമാലിന്യം ഉറവിടത്തിൽത്തന്നെ സംസ്കരിക്കുന്ന ഉറവിട മാലിന്യ സംസ്കരണ പദ്ധതി വിജയപ്രദമാണോ;

(ഡി) ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് പ്രവർത്തിക്കുന്ന മാലിന്യത്തിൽനിന്ന് ഊർജ്ജം ഉൽപ്പാദിപ്പിക്കുന്നതിനുള്ള ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി ഏത് ഘട്ടത്തിലാണ്; ഇതിനെതിരെ ചില സംഘടനകൾ മുന്നോട്ടുവന്നത് ഏത് സാഹചര്യത്തിലാണെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ഇ) കോഴിക്കോട് ജില്ലയിൽ ഞെളിയംപറമ്പിൽ ഇത്തരത്തിലുള്ള പ്ലാന്റ് സ്ഥാപിക്കുന്നതിന് കരാർ നൽകിയിട്ടുണ്ടോ; എങ്കിൽ ഏത് ഏജൻസിക്കാണ് കരാർ നൽകിയത്; വിശദാംശം നൽകുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ,

(എ) പ്ലാസ്റ്റിക് മാലിന്യംമൂലം പരിസ്ഥിതിക്ക് സ്വാഭാവികമായി ഉണ്ടാകുന്ന ദോഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 15-7-2017-ലെ സ.ഉ (സാധാ) നമ്പർ.2420/2017/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരമുള്ള ഹരിതകേരളം മിഷൻ - ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷൻ നിർവ്വഹണ മാർഗ്ഗരേഖയിൽ പറയുംപ്രകാരം ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷനുകളിൽ രൂപീകരിച്ചിട്ടുള്ള ഹരിതകർമ്മസേന എല്ലാ വീടുകളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും നിശ്ചിത ഇടവേളകളിൽ പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ ശേഖരിച്ച്

ഓരോ തദ്ദേശഭരണ സ്ഥാപനത്തിലും പ്രവർത്തിക്കുന്ന മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റിയിൽ (എം.സി.എഫ്.) എത്തിക്കുകയും അവിടെ നിന്ന് നഗരസഭ/ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്ന റിസോഴ്സ് റിക്കവറി ഫെസിലിറ്റിയിൽ (ആർ.ആർ.എഫ്.) എത്തിച്ച് പുനരുപയോഗത്തിനും പുനഃചംക്രമണത്തിനും വിധേയമാക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു. സംസ്ഥാനത്ത് 603 തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഹരിതകർമ്മസേന പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 522 എം.സി.എഫ്.കൾ സ്ഥാപിക്കുകയും 174 എം.സി.എഫ്.കളുടെ നിർമ്മാണം നടന്നുവരികയും ചെയ്യുന്നു. ആകെ 505 എം.സി.എഫ്.കൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 93 നഗരസഭകളിലും 152 ബ്ലോക്കുകളിലുമായി 137 ആർ.ആർ.എഫ്.കൾ സ്ഥാപിക്കുകയും 85 എണ്ണം നിർമ്മാണം നടന്നു വരികയും ചെയ്യുന്നു. ഇവയിൽ 107 എണ്ണം പ്രവർത്തനം ആരംഭിച്ചു.

ഇത്തരത്തിലുള്ള ആർ.ആർ.എഫ്.-കളിലെ അജൈവ മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനിയുടെ ചുമതലയിൽ സുരക്ഷിത സംസ്കരണം ഉറപ്പാക്കുന്നതിനായി അംഗീകൃത ഏജൻസികൾക്ക് കൈമാറുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. മാലിന്യ ഉൽപ്പാദനത്തിൽ കുറവു വരുത്തുന്നതിലേക്കായി പ്ലാസ്റ്റിക്പോലുള്ള അജൈവ വസ്തുക്കളുടെ ഉപയോഗം കുറയ്ക്കുക (Reduce), പുനരുപയോഗം വർദ്ധിപ്പിക്കുക (Reuse), പുനഃചംക്രമണം (Recycle) പ്രോത്സാഹിപ്പിക്കുക എന്നിവ ജനജീവിതത്തിന്റെ ഭാഗമായും സംസ്കാരമായും മാറുന്നതിനായുള്ള ബോധവത്കരണ പരിപാടികൾ തദ്ദേശഭരണ സ്ഥാപനതലങ്ങളിൽ നടത്തിവരുന്നുണ്ട്.

(സി) ഉറവിട മാലിന്യ സംസ്കരണ പദ്ധതി തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന വിജയകരമായി നടപ്പാക്കിവരുന്നു. കേരളത്തിൽ പ്രതിദിനം ഉണ്ടാകുന്ന ഖരമാലിന്യത്തിൽ 77 ശതമാനത്തിലധികവും ജൈവ മാലിന്യമാണ്. ഇത് സംസ്കരിക്കുന്നതിന് ഗാർഹിക തലത്തിൽ 3174286-ഉം സ്ഥാപനതലത്തിൽ 29755-ഉം സാമൂഹികതലത്തിൽ 2,019 -ഉം കമ്പോസ്റ്റിംഗ് സംവിധാനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. 2018-19 സാമ്പത്തിക വർഷം മാത്രം ഏകദേശം 223901 മാലിന്യ സംസ്കരണ സംവിധാനങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾവഴി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിലൂടെ പ്രതിദിനം 3039 ടൺ ജൈവ മാലിന്യം സംസ്കരിച്ച് 461 ടൺ കമ്പോസ്റ്റ് ഉൽപ്പാദിപ്പിക്കപ്പെടുന്നുണ്ട്. ഇതുകൂടാതെ ഗാർഹികതലത്തിൽ 84218-ഉം സ്ഥാപനതലത്തിൽ 1320-ഉം സാമൂഹിക തലത്തിൽ 98-ഉം ബയോഗ്യാസ് പ്ലാന്റുകളും പ്രവർത്തിച്ചുവരുന്നു. ഇതിന്റെ ഭാഗമായി ജൈവമാലിന്യങ്ങൾ പൊതുയിടങ്ങളിൽ വലിച്ചെറിയുന്നതിന്റെയും അതുവഴി മാലിന്യം കുന്നുകൂടുന്നതിന്റെയും അളവിൽ ഒരു പരിധിവരെ കുറവ് വന്നിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് അനുദിനം വർദ്ധിച്ചുവരുന്ന മാലിന്യപ്രശ്നം പരിഹരിക്കുന്നതിന് കേന്ദ്രീകൃത രീതിയിൽ ഖരമാലിന്യങ്ങൾ സംസ്കരിച്ച് ഊർജ്ജം ഉൽപ്പാദിപ്പിക്കുന്ന തരത്തിലുള്ള മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് 11-6-2018-ലെ സ.ഉ.(കൈ) 82/2018 തസ്വഭവ. നമ്പർ ഉത്തരവിലൂടെ സർക്കാർ നയപരമായ തീരുമാനമെടുത്തിട്ടുണ്ട്. ആഗോള ടെണ്ടറിലൂടെ കണ്ടെത്തുന്ന സ്വകാര്യ പങ്കാളിയുമായി ചേർന്ന് പൂർണ്ണമായും പൊതു-സ്വകാര്യ പങ്കാളിത്ത വ്യവസ്ഥിതിയിലായിരിക്കും ഈ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുമായി ബന്ധപ്പെട്ട ടെണ്ടർ നടപടികൾ ഏകോപിപ്പിക്കുന്നതിനും പദ്ധതിയുടെ നടത്തിപ്പിനുമുള്ള നോഡൽ ഏജൻസിയായി സർക്കാർ കെ.എസ്.ഐ.ഡി.സി.യെ നിയമിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ ഉത്തരവുപ്രകാരം തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിലാണ് പ്ലാന്റുകൾ സ്ഥാപിക്കുന്നത്. ഓരോ ജില്ലയിലും പദ്ധതിയിൽ പങ്കെടുക്കേണ്ട തദ്ദേശഭരണ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി ക്ലസ്റ്റർ മാതൃകയിൽ നടപ്പിലാക്കുന്ന പദ്ധതിയുടെ രൂപകല്പന, നിർമ്മാണം, ആവശ്യമായ സാമ്പത്തിക ഉറവിടങ്ങൾ കണ്ടെത്തൽ, പദ്ധതി നടത്തിപ്പ് തുടങ്ങിയവ പൂർണ്ണമായും സ്വകാര്യ പങ്കാളിയുടെ ഉത്തരവാദിത്വമാണ്. രണ്ടു വർഷത്തെ നിർമ്മാണ കാലാവധി ഉൾപ്പെടെ 27 വർഷമാണ് പദ്ധതിയുടെ നടത്തിപ്പ് കാലയളവ്. ഒരു ടൺ വേസ്റ്റ് ശേഖരിച്ച് സംസ്കരണശാലയിൽ എത്തിച്ച് സംസ്കരിക്കുന്നതിന് നൽകേണ്ട ടിപ്പിംഗ് ഫീസിനെ അടിസ്ഥാനമാക്കിയാണ് സ്വകാര്യ പങ്കാളികൾ ടെണ്ടറുകൾ സമർപ്പിക്കേണ്ടത്.

പ്രസ്തുത പദ്ധതിയുടെ ആദ്യഘട്ടത്തിൽ കോഴിക്കോട് ജില്ലയ്ക്കുവേണ്ടിയുള്ള ടെണ്ടർ പ്രസിദ്ധപ്പെടുത്തുകയും ആയതിന് ബംഗളൂരു ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന M/s Zonda Infratec Pvt. Ltd. എന്ന സ്ഥാപനത്തെ തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ കണ്ണൂർ, കൊല്ലം, പാലക്കാട് എന്നീ ജില്ലകൾക്കുള്ള ടെണ്ടർ 2019 ജനുവരി മാസത്തിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു. എന്നാൽ മൂന്നു പദ്ധതികൾക്കും ഒരു ബിഡ് പോലും ലഭിക്കാത്ത സാഹചര്യത്തിൽ റീ ടെണ്ടർ ചെയ്തിട്ടുണ്ട്. മറ്റു സ്ഥലങ്ങളിൽ ടെണ്ടർ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു.

കൂടാതെ കൊച്ചിയിലെ ബ്രഹ്മപുരത്തും ഇടുക്കി ജില്ലയിലെ മൂന്നാറിലും മാലിന്യത്തിൽനിന്ന് ഊർജ്ജം ഉൽപാദിപ്പിക്കുന്ന പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൊച്ചിയിലെ ബ്രഹ്മപുരത്ത് അത്യാധുനിക ഖരമാലിന്യ പ്ലാന്റ് നിർമ്മിക്കുന്നതിനായി 17-2-2016-ൽ കൊച്ചി നഗരസഭ ജി.ജെ എക്കോ പവർ

പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളതാണ്. ഖരമാലിന്യ പ്ലാന്റിനായി കണ്ടെത്തിയ ഭൂമി 26-2-2018-ൽ കരാറുകാർക്ക് പ്ലാന്റ് നിർമ്മാണത്തിനായി വിട്ടുനൽകിയിട്ടുണ്ട്. എൻവയോൺമെന്റൽ ക്ലിയറൻസ്, ബിൽഡിംഗ് പെർമിറ്റ് എന്നിവ ഒഴികെ പ്ലാന്റിനുവേണ്ട മറ്റെല്ലാ അനുമതികളും ലഭ്യമായിട്ടുള്ളതാണ്. ആയത് ലഭിക്കുന്ന മുറയ്ക്ക് പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുന്നതാണ്. AG Dauters Waste Processing Pvt. Ltd-ന്റെ മേൽനോട്ടത്തിൽ മാലിന്യ സംസ്കരണ പ്ലാന്റ് മൂന്നാറിൽ സ്ഥാപിക്കുന്നതിനായി 1-2-2019-ൽ സ.ഉ.(എം.എസ്.) നമ്പർ 13/2019/തസ്വഭവ. പ്രകാരം ഉത്തരവായിട്ടുണ്ട്. കൂടാതെ വയനാട് സുൽത്താൻ ബത്തേരിയിൽ നിർമ്മാണം നടന്നുവരുന്ന മാലിന്യ സംസ്കരണ പ്ലാന്റ് കമ്മീഷൻ ചെയ്യാൻ കഴിയുന്ന ഘട്ടത്തിൽ എത്തിയിട്ടുണ്ട്.

പദ്ധതിക്കായി തിരുവനന്തപുരം ജില്ലയിൽ തെരഞ്ഞെടുത്തത് കൃഷി വകുപ്പിനുകീഴിൽ പെരിങ്ങമലയിലുള്ള 15 ഏക്കർ സ്ഥലമാണ്. പെരിങ്ങമലയുടെ പാരിസ്ഥിതിക സവിശേഷതകൾ ചൂണ്ടിക്കാട്ടി തദ്ദേശവാസികളും ആദിവാസികളും അടങ്ങുന്ന ജനസമൂഹം പദ്ധതിക്കെതിരെ പ്രക്ഷോഭം സംഘടിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ തെരഞ്ഞെടുത്ത മറ്റു സ്ഥലങ്ങളിൽ പദ്ധതി നടപ്പിലാക്കുന്നതിനെതിരെ സംഘടനകളൊന്നും മുന്നോട്ട് വന്നിട്ടില്ല.

(ഇ) കോഴിക്കോട് ജില്ലയിലെ ഞെളിയൻപറമ്പിൽ വേസ്റ്റ്-ടു-എനർജി പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള ആഗോള ടെണ്ടർ 2018 ജൂൺ മാസത്തിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു. പ്ലാന്റിൽനിന്നും ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിക്ക് നൽകേണ്ട താരിഫ് റേറ്റിനെ അടിസ്ഥാനമാക്കിയാണ് ടെണ്ടറുകൾ സമർപ്പിക്കേണ്ടിയിരുന്നത്. ടെണ്ടർ നടപടികളുടെ ഭാഗമായി നടന്ന പ്രീ-ബിഡ് മീറ്റിംഗിൽ ഒൻപത് കമ്പനികളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്തിരുന്നു. മീറ്റിംഗിൽ പങ്കെടുത്ത ഭൂരിഭാഗം കമ്പനികളും ആവശ്യപ്പെട്ടതനുസരിച്ച് ടെണ്ടറുകൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി നീട്ടിനൽകിയെങ്കിലും പദ്ധതിക്കായി ഒരു കമ്പനിയിൽനിന്നും ടെണ്ടറുകൾ ലഭ്യമായില്ല.

ഈ സാഹചര്യത്തിൽ വേസ്റ്റ്-ടു-എനർജി പ്ലാന്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സ്വകാര്യ പങ്കാളിയെ തെരഞ്ഞെടുക്കുന്നതിനുള്ള ആർ.എഫ്.പി. ഡോക്യുമെന്റിൽ ഭേദഗതി വരുത്താൻ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സംസ്ഥാനതല ഉപദേശക സമിതി തീരുമാനിച്ചതനുസരിച്ച് ഒരു ടൺ ഖരമാലിന്യം ശേഖരിച്ച് സംസ്കരിക്കുന്നതിന് കമ്പനിക്കു നൽകേണ്ട 'ടിപ്പിംഗ് ഫീസ്' ടെണ്ടറുകൾ സമർപ്പിക്കുന്നതിനുള്ള അടിസ്ഥാനമായി തീരുമാനിച്ചു.

22-11-2018-ലെ സ.ഉ.(കൈ)നമ്പർ 174/2018/തസ്വഭവ സർക്കാർ ഉത്തരവിലൂടെ പുതുക്കിയ ആർ.എഫ്.പി. ഡോക്യുമെന്റിന് സർക്കാർ അംഗീകാരം നൽകുകയും കോഴിക്കോട് ജില്ലയിൽ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ വീണ്ടും പ്രസിദ്ധപ്പെടുത്തുകയും ബംഗളൂരു ആസ്ഥാനമായി പ്രവർത്തിക്കുന്ന M/s Zonda Infratec Pvt. Ltd. എന്ന സ്ഥാപനം പദ്ധതിക്കായി ടെണ്ടർ സമർപ്പിക്കുകയും ചെയ്തു. ഒരു ടൺ മാലിന്യം ശേഖരിച്ച് സംസ്കരിക്കുന്നതിന് 3,863 രൂപയാണ് കമ്പനി ക്വാട്ട് ചെയ്തത്. ആയത് നെഗോസിയേഷനിലൂടെ 3500 രൂപ/ടൺ ആയി തീരുമാനിക്കുകയും 14-5-2019-ലെ സ.ഉ. (കൈ) നമ്പർ 50/2019/തസ്വഭവ പ്രകാരം ആയതിന് സർക്കാർ അംഗീകാരം നൽകുകയും ചെയ്തു. സർക്കാർ അംഗീകാരത്തിനനുസൃതമായി മേൽപ്പറഞ്ഞ കമ്പനിയെ പദ്ധതി നടത്തിപ്പിനായി നിയമിക്കുന്നതിനുള്ള നടപടി പുരോഗമിക്കുകയാണ്. പദ്ധതി തുടങ്ങുന്നതിനാവശ്യമായ അനുമതിയും ക്ലിയറൻസും ലഭ്യമായിക്കഴിഞ്ഞാലുടൻ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ച് 24 മാസത്തിനുള്ളിൽ പ്ലാന്റ് കമ്മീഷൻ ചെയ്യുന്ന തരത്തിലാണ് പദ്ധതി ആസൂത്രണം ചെയ്യുന്നത്.

ശ്രീ. ഷാഫി പറമ്പിൽ: സർ, റോഡ് ടാറിംഗിന് ആവശ്യമായ പ്ലാസ്റ്റിക് മാലിന്യം ക്ലീൻ കേരളാ കമ്പനി പൊതുമരാമത്ത് വകുപ്പിന് നൽകുന്നില്ലെന്നും തമിഴ്നാട് ഉൾപ്പെടെയുള്ള മറ്റ് സംസ്ഥാനങ്ങളെ പ്ലാസ്റ്റിക് മാലിന്യങ്ങൾക്കായി ആശ്രയിക്കേണ്ടി വരികയാണെന്നും ഇന്നലെ ചോദ്യോത്തരവേളയുടെ ഭാഗമായി ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി സഭയെ അറിയിക്കുകയുണ്ടായി. ഇതിന്റെ യാഥാർത്ഥ്യം എന്താണ്; ആവശ്യമായ പ്ലാസ്റ്റിക് മാലിന്യങ്ങളുണ്ടെന്നും അതിന്റെ പ്രോസസിംഗ് നടക്കുന്നുണ്ടെന്നും മറുപടിയിൽത്തന്നെ പറയുന്നുണ്ട്. ക്ലീൻ കേരള കമ്പനിയുടെ ഇഫക്ടീവ്നസിൽ എന്തെങ്കിലും കുറവുകൊണ്ടാണോ പൊതുമരാമത്ത് വകുപ്പിന് വേണ്ടത്ര പ്ലാസ്റ്റിക് കൈമാറാൻ കഴിയാത്തതെന്ന് പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, പുനരുപയോഗിക്കാൻ കഴിയാത്ത പ്ലാസ്റ്റിക്കുകളാണ് വൃത്തിയാക്കി ഷ്രെഡ്ഡിംഗ് (shredding) സെന്ററുകളിൽ പൊടിച്ച് ടാറിംഗിനുവേണ്ടി ഉപയോഗിക്കുന്നത്. കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ 780.64 ടൺ അങ്ങനെ ഉൽപ്പാദിപ്പിച്ചിട്ടുണ്ട്. അതിൽ പി.ഡബ്ല്യു.ഡി.ക്ക് 272 ടൺ നൽകിക്കഴിഞ്ഞിട്ടുണ്ട്. 298 ടൺ എൽ.എസ്.ജി.ഡി. പൊതുമരാമത്ത് ജോലികൾക്കും വിനിയോഗിച്ചിട്ടുണ്ട്. ഇപ്പോൾ സ്റ്റോക്ക് 156 ടൺ ഉണ്ട്. എല്ലാ പ്രദേശങ്ങളിലും ബ്ലോക്കുകളിലും ഷ്രെഡ്ഡിംഗ് മെഷീൻ സ്ഥാപിച്ചുകഴിഞ്ഞാൽ പൂർണ്ണതോതിൽ ഉൽപ്പാദനം നടത്താൻ നമുക്ക് കഴിയും. 107 എണ്ണമാണ് ഇപ്പോൾ

അത്തരത്തിലുള്ളത്. അതിന്റെ ഉൽപ്പാദനമെന്ന നിലയ്ക്കാണ് ഇക്കാര്യം പറഞ്ഞത്. ഇപ്പോൾ വർഷകാലമാണെന്നുള്ളതുകൊണ്ട് റോഡ് നിർമ്മാണമാരംഭിക്കു ബോഴേക്കും പൊതുമരാമത്ത് വകുപ്പിന് നൽകുവാൻ കഴിയും. ഇപ്പോൾ 156 ടൺ സ്റ്റോക്കുണ്ട്.

ശ്രീ. ഷാഫി പറമ്പിൽ: സർ, ചെറുപ്പത്തിൽ കടയിൽ പോകുമ്പോൾ ഒരു തുണിസഞ്ചിയും വെളിച്ചെണ്ണ വാങ്ങുവാനായി ഒരു ക്യാനുംനമ്മൾ കൊണ്ടുപോകുകയും അതിന്റെ മൂടി തുറന്ന് മേശപ്പുറത്ത് വച്ചുകൊടുത്താൽ അതിൽ നിറച്ചുതരുന്ന സാധനം വാങ്ങി തിരിച്ചു വരികയും ചെയ്തിരുന്ന ശീലം ഇപ്പോൾ ക്യാരിബേഗിലേക്ക് മാറുകയാണ്. ക്യാരിബാഗ് തുണി സഞ്ചി ആകുന്നില്ലെന്ന് മാത്രമല്ല, പലയിടങ്ങളിലും അത് വേണമോ എന്ന് ചോദിച്ചാൽ വേണമെന്ന് പറയുമ്പോൾ അതിന് തുക കൊടുക്കേണ്ടിയും വരുന്നുണ്ട്. കൊടുക്കുന്ന തുകയ്ക്കു പുറമേ വാങ്ങുന്ന ക്യാരിബാഗ് അതാത് സ്ഥാപനങ്ങളുടെ പരസ്യം കൂടി നടത്തുകയാണ്. അവരുടെ പരസ്യം നമ്മൾ തുക കൊടുത്തുവാങ്ങേണ്ടി വരുന്ന അവസ്ഥയാണ്. അപ്പോൾ ഈ ക്യാരിബാഗ് പൂർണ്ണമായും തുണി സഞ്ചിയാക്കാനും ഏത് സ്ഥാപനത്തിൽ നിന്നാണോ വാങ്ങുന്നത് വാങ്ങുന്ന സ്ഥാപനത്തിന്റെ പരസ്യം പാടില്ലായെന്ന് കർശനമായി നിർദ്ദേശിക്കാനും ഗവൺമെന്റ് ഇടപെടുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, പ്ലാസ്റ്റിക് ക്യാരിബാഗുകൾക്കുപകരം മറ്റ് മാർഗ്ഗങ്ങളുപയോഗിക്കണമെന്ന് നമ്മൾ തീരുമാനിച്ചിട്ടുണ്ട്. സ്വാഭാവികമായും അതിന്റെ പ്രവർത്തനങ്ങൾ ഹരിതകർമ്മസേനയുടെ പ്രവൃത്തിസമയം കഴിഞ്ഞുള്ള സമയത്ത് ഉല്പാദിപ്പിക്കാനുള്ള ശ്രമം തുടങ്ങിക്കഴിഞ്ഞിട്ടുണ്ട്. തിരുവനന്തപുരം കോർപ്പറേഷനിൽ ഇതിന്റെ പ്രവർത്തനം ആരംഭിച്ച് കഴിഞ്ഞിട്ടുണ്ട്. കുറേയേറെ നഗരസഭകളിലും ഇത് തുടങ്ങിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത് ന്യായമായ ചോദ്യമാണ്. പകരം ഉപയോഗിക്കാനുള്ള സാധനങ്ങൾ ചുരുങ്ങിയ വിലയ്ക്കെങ്കിലും ലഭിക്കാൻ കഴിയുന്ന സംവിധാനം ഇപ്പോഴില്ല. അക്കാര്യത്തിൽ ഗൗരവമായ ഇടപെടൽ നടത്തണമെന്നുതന്നെയാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

ശ്രീ. വി. ഡി. സതീശനുവേണ്ടി ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, ബഹുമാനപ്പെട്ട മന്ത്രി മറുപടിയിൽ പറയുന്നതുപേലെ എന്റെ നിയോജക മണ്ഡലത്തിലെ വിതുര പഞ്ചായത്തിനോട് ചേർന്നുള്ള പെരിങ്ങമ്മലയിലെ പന്നിയോട്ടുകടവിലാണ് ഒരു മാലിന്യ സംസ്കരണ പ്ലാന്റ് തുടങ്ങുന്നത്. നിയമസഭയിൽ ഈ വിഷയം ആറ് മാസം മുമ്പ് ഉന്നയിച്ചിരുന്നു. യുനസ്കോയുടെ ഏറ്റവും കൂടുതൽ പരിസ്ഥിതിലോല പ്രദേശമായിട്ടും അഗസ്ത്യമല ബയോസ്ഫിയറിന്റെ

ഭാഗമായിട്ടാണ് ഈ പ്രദേശത്തെ കാണുന്നത്. ഏകദേശം ഒരു വർഷമാകുവാൻ പോകുകയാണ്, കഴിഞ്ഞ ജൂൺ 30 മുതൽ അവിടെയുള്ള ഒരു പഞ്ചായത്തിലെ പരിസരവാസികൾ മുഴുവൻ സമരത്തിലാണ്. ലോക്സഭാ ഇലക്ഷന്റെ സമയത്ത് രാഷ്ട്രീയമായി അവർക്കെതിരെ വളരെ മോശമായ കാര്യങ്ങളൊക്കെ പറഞ്ഞുവെങ്കിലും യു.ഡി.എഫ്. സ്ഥാനാർത്ഥി അവിടെ വിജയിച്ചു. ഞാൻ ഈ ചോദ്യം നിയമസഭയിൽ ചോദിച്ചപ്പോൾ അങ്ങ് പറഞ്ഞത്, അവിടത്തെ പരിസര വാസികളുമായി കളക്ടറേറ്റിൽ ചർച്ച നടക്കുമെന്നും ബഹുമാനപ്പെട്ട ജില്ലാ കളക്ടറും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശാസ്ത്ര ഉപദേഷ്ടാവും അവിടെ വരുമെന്നൊക്കെയാണെങ്കിലും ഇതുവരെ ആരും വന്നിട്ടില്ല. എന്നാൽ അവരോട് ചർച്ച നടത്താതെ ആ പ്രദേശത്തിപ്പോൾ പ്ലാന്റ് അനുവദിക്കാൻ പോകുകയാണ്. ഇവരുമായി എത്രയും പെട്ടെന്ന് ചർച്ച നടത്താനും അവരുടെ സങ്കടങ്ങൾ കേൾക്കാനുമുള്ള തീരുമാനം എടുക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, കേരളത്തിന്റെ പ്രധാനപ്പെട്ട ഒരു സാമൂഹിക വികസന പ്രശ്നംകൂടിയാണ് മാലിന്യ സംസ്കരണം. വികേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനം വളരെ വ്യാപകമായി കേരളത്തിൽ നടക്കുന്നുണ്ട്. അതുകൊണ്ടുമാത്രം മാലിന്യ പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയുകയില്ല എന്നുള്ളതുകൊണ്ടാണ് 'Waste to Energy' എന്ന രൂപത്തിൽ വൈദ്യുതി ഉല്പാദിപ്പിക്കാനും ഇന്നലെ ബ്രഹ്മപുരത്ത് വൈദ്യുതി വാങ്ങുവാൻ ഇലക്ട്രിസിറ്റി ബോർഡുമായി അതിന്റെ കമ്പനി കരാർ ഒപ്പിട്ടതും. അങ്ങനെ 7 സ്ഥലങ്ങളിലാണ് ഇത് നിർമ്മിക്കുവാൻ സ്ഥലം കണ്ടെത്തിയത്. അതിൽ കോഴിക്കോട് ഇപ്പോൾ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചുകഴിഞ്ഞിട്ടുണ്ട്. ജൂലൈ മാസത്തോടുകൂടി അതിന്റെ എഗ്രിമെന്റ് ഒപ്പുവയ്ക്കാനാകും. സ്വാഭാവികമായും മുനിസിപ്പാലിറ്റി സ്ഥലം ലഭ്യമാക്കിയിട്ടുണ്ട്. രണ്ട് മൂന്ന് സ്ഥലത്ത് ചെറിയ ചില പ്രശ്നങ്ങളുണ്ട്. അത് പരിഹരിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ തീരുമാനമെടുത്തുകഴിഞ്ഞു. തിരുവനന്തപുരത്ത് പെരിങ്ങമ്മലയിലെ പന്നിയോട്ടു കടവിൽ ജനങ്ങളുടെ ശക്തമായ പ്രതിഷേധമുണ്ടായിട്ടുണ്ട്. അക്കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ ആ വിഷയം ചർച്ച ചെയ്തിട്ടുണ്ട്. ഏതെങ്കിലുമൊരു പ്രദേശത്ത് ഇത് തുടങ്ങിക്കഴിഞ്ഞാൽ, അതിന്റെ മാതൃക കണ്ടാൽ, ഏറ്റവും ആധുനിക ടെക്നോളജിയനുസരിച്ചാണ് അത് നിർമ്മിക്കുന്നതെന്ന് മനസ്സിലായാൽ സ്വാഭാവികമായും ആശങ്ക അകറ്റാൻ നമുക്ക് കഴിയും. കോഴിക്കോട്ടും ബ്രഹ്മപുരത്തും പ്ലാന്റ് വന്നുകഴിഞ്ഞാൽ തുടർന്നുള്ള സമയത്ത് ആളുകളെ ബോധ്യപ്പെടുത്തി ചെയ്യാൻ സാധിക്കും. എന്തെങ്കിലും ബദൽ മാർഗ്ഗങ്ങളുണ്ടാക്കാൻ കഴിയുമോ എന്നുള്ള കാര്യംകൂടി ശ്രദ്ധിക്കുന്നതാണ്.

ശ്രീ. വി. എസ്. ശിവകുമാർ: സർ, കേരളത്തിൽ മിനറൽ വാട്ടർ ഉൽപ്പാദിപ്പിക്കുന്ന കമ്പനികളുടെ എണ്ണം 142 ആണ്. ഇവ വില്പന നടത്തുന്നത് കോടിക്കണക്കിന് പ്ലാസ്റ്റിക് കുപ്പികളിലാണ്. ഉല്പാദകർക്കുതന്നെ അവരുടെ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ഉത്തരവാദിത്വമുണ്ടെന്ന സാഹചര്യം വിലയിരുത്തി വർദ്ധിച്ചുവരുന്ന പ്ലാസ്റ്റിക് മാലിന്യം ഉപയോഗത്തിനുശേഷം ഉല്പാദകരുടെ ഉത്തരവാദിത്വത്തിൽ സംസ്കരിക്കുന്നതിനുള്ള ഇ.പി.ആർ. (Extended Producer Responsibility) നടപ്പിലാക്കാമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, തീർച്ചയായും ഇത് നടപ്പിലാക്കേണ്ടതാണെന്ന കാര്യത്തിൽ തർക്കമില്ല. നമുക്ക് പ്രായോഗികമായി എന്ത് ചെയ്യാൻ കഴിയുമെന്ന് പരിശോധിക്കാം. കേരളത്തിലെ സ്ഥിതിവച്ച് പ്രശ്നം പരിഹരിക്കാൻ കഴിയില്ലെന്ന് ബോധ്യം വന്നിട്ടുള്ളതാണ്. വലിയ ജനകീയ ക്യാമ്പയിൻ നടത്തി ആരോഗ്യ ശുചീകരണ പ്രവർത്തനങ്ങൾ ചെയ്തതിനുശേഷവും ചില സ്ഥലത്ത് പ്ലാസ്റ്റിക് വീണ്ടും കൊണ്ടിടുന്നൊരവസ്ഥ വന്നിട്ടുണ്ട്. പ്ലാസ്റ്റിക് ഉപയോഗം പരമാവധി കുറയ്ക്കുന്നതിനുള്ള നടപടിയാണ് സർക്കാർ സ്വീകരിക്കുന്നത്. അതോടൊപ്പം ഉല്പാദിപ്പിക്കുന്നവർ തന്നെ സംസ്കരിക്കണമെന്ന രീതിയിലുള്ള ആശയവും പ്രാവർത്തികമാക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

മി. സ്പീക്കർ : ഓർഡർ........ ഓർഡർ....... ചോദ്യോത്തരവേള അവസാനിച്ചു.

(ചോദ്യോത്തരസമയം കഴിഞ്ഞു)

## (2) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

**ഹരിതകേരളം പദ്ധതിമൂലം കാർഷികരംഗത്തുണ്ടായ മാറ്റങ്ങൾ**

4 (*274) ശ്രീ. എം. വിൻസെന്റ്:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിതകേരളത്തിന്റെ ഭാഗമായി നടപ്പിലാക്കിയ പദ്ധതികൾമൂലം പച്ചക്കറി കൃഷിയിലും നെൽകൃഷിയിലും ഉണ്ടായിട്ടുള്ള മാറ്റങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എന്തൊക്കെ കാര്യങ്ങളാണ് ഇതിനകം നടപ്പിലാക്കിയിട്ടുള്ളത്; തരിശുനിലങ്ങളിൽ നെൽകൃഷി ചെയ്യുന്ന പദ്ധതി വിജയപ്രദമാണോ;വിശദാംശം നൽകുമോ;

(സി) സർക്കാർ ഭൂമിയിലും പുറമ്പോക്കിലും ചെറുവനങ്ങൾ വച്ചുപിടിപ്പിക്കുക, ഹരിതഭവനങ്ങൾ നിർമ്മിക്കുക എന്നിവയിലൂടെ ഈ മേഖലയിൽ ഉണ്ടായ നേട്ടം എന്താണെന്ന് വിശദമാക്കാമോ;

(ഡി) ഹരിതകേരളം പദ്ധതിയിൽ അനാവശ്യമായ ധൂർത്തും പാഴ്ച്ചെലവുകളും നടക്കുന്നതായിട്ടുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് നിയന്ത്രിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) ഹരിത കേരളമിഷന്റെ ഭാഗമായി കൃഷി വകുപ്പ് സുജലം-സുഫലം ഉപമിഷൻ മുഖാന്തരം നടപ്പിലാക്കിയ പദ്ധതികൾമൂലം പച്ചക്കറി കൃഷി, നെൽകൃഷി എന്നീ മേഖലയിൽ വൻകുതിപ്പാണ് ഉണ്ടായിട്ടുള്ളത്. പച്ചക്കറിയിൽ സ്വയംപര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തിലേക്ക് അടുക്കുന്നതിന് ഹരിതകേരളം പദ്ധതി വളരെ സഹായകരമായി. കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി 29336.55 ഹെക്ടർ സ്ഥലത്ത് അധികമായി പച്ചക്കറി കൃഷി നടത്തുവാൻ സാധിച്ചിട്ടുണ്ട്. നെൽകൃഷി മേഖലയെ നിലനിർത്തുവാനും വിസ്തൃതി വർദ്ധിപ്പിക്കുവാനും സാധിച്ചു. 2015-16-ൽ 196870 ഹെക്ടർ വിസ്തൃതിയായിരുന്ന നെൽകൃഷി, 2017-18-ൽ 220449 ഹെക്ടറായി വർദ്ധിച്ചു. പ്രളയത്തിൽ 35000 ഹെക്ടർ നെൽകൃഷി പൂർണ്ണമായും നഷ്ടപ്പെട്ടിട്ടും 2018-19 വർഷം 202985 ഹെക്ടർ നെൽകൃഷി നിലനിർത്തുവാൻ സാധിച്ചു.

പച്ചക്കറി, നെൽകൃഷി മേഖലകളിൽ വിളവിസ്തൃതി വ്യാപനം, ഉല്പാദന വർദ്ധനവിനോടൊപ്പം ഒരു കാർഷിക സംസ്കാരം വളർത്തിയെടുക്കാനും കൂടുതൽ യുവാക്കളെയും വിദ്യാർത്ഥികളെയും വീട്ടമ്മമാരെയും കാർഷിക മേഖലയിലേക്ക് ആകർഷിക്കുവാനും ഹരിത കേരളം പദ്ധതി സഹായകമായി. ഇതോടൊപ്പം കാർഷിക മേഖലയിൽ ഗ്രൂപ്പ് അടിസ്ഥാനത്തിലുള്ള കൃഷിക്ക് കൂടുതൽ പ്രചാരണം നൽകുവാനും സാധിച്ചു.

(ബി) സുജലം-സുഫലം ഉപമിഷൻ വഴി നടപ്പിലാക്കിയ പ്രധാനപ്പെട്ട പദ്ധതികൾ താഴെക്കൊടുക്കുന്നു.

1. ജൈവകൃഷിക്ക് പ്രാമുഖ്യം നല്കിയിട്ടുള്ള കൃഷി വികസന പദ്ധതികൾ.
2. കേരളത്തിൽ പരമാവധി തരിശുനിലങ്ങൾ കൃഷിയിറക്കാൻ ലക്ഷ്യമിട്ടു കൊണ്ടുള്ള പദ്ധതികൾ.

3. പച്ചക്കറിയിലും അടിസ്ഥാന കൃഷി ഉല്പന്നങ്ങളിലും സ്വയംപര്യാപ്തത കൈവരിക്കാൻ ലക്ഷ്യമിടുന്ന പദ്ധതികൾ.

4. വീടുകളിലും സ്ഥാപനങ്ങളിലും ഉണ്ടാകുന്ന ജൈവമാലിന്യങ്ങൾ കമ്പോസ്റ്റാക്കി കൃഷിക്ക് ഉപയോഗിക്കാൻ ഉതകുന്ന പദ്ധതികൾ.

5. ഉത്തമ കൃഷിരീതികളിലൂടെ സുരക്ഷിത ഭക്ഷ്യോല്പാദനം ലക്ഷ്യമിടുന്ന പദ്ധതികൾ.

6. പാരിസ്ഥിത സംരക്ഷണത്തിനും കാലാവസ്ഥാ വ്യതിയാനത്തെ പ്രതിരോധിക്കുന്ന പ്രാദേശിക പ്രവർത്തനങ്ങളുടെ ഭാഗമായിട്ടുള്ള ജൈവവൈവിധ്യത്തിന്റെ പച്ചത്തുരുത്തുകൾ സ്ഥാപിക്കുവാനുമുള്ള സാങ്കേതിക സഹായം.

തരിശുനില നെൽകൃഷി വിജയപ്രദമായി നടപ്പിലാക്കിവരുന്ന പദ്ധതിയാണ്. ഇതുമൂലം വർഷങ്ങളായി തരിശുകിടന്ന നെൽപ്പാടങ്ങളെ വീണ്ടും കൃഷിയിലേക്ക് കൊണ്ടുവരാൻ സാധിച്ചു. ഈ സർക്കാർ അധികാരത്തിൽ എത്തിയശേഷം കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ 11936.0781 ഹെക്ടർ തരിശുനില കൃഷിയിലേക്ക് കൊണ്ടുവന്നു.

(സി) തദ്ദേശഭരണ സ്ഥാപനങ്ങളുടെയോ സന്നദ്ധ സംഘടനകളുടെയോ പൊതുസ്ഥാപനങ്ങളുടെയോ വകുപ്പുകളുടെയോ വ്യക്തികളുടെയോ നേതൃത്വത്തിൽ സ്ഥലങ്ങൾ കണ്ടെത്തുകയും തദ്ദേശീയമായ വൃക്ഷങ്ങളും മറ്റ് സസ്യങ്ങളും ഉൾപ്പെടുത്തി വനത്തിന്റെ സവിശേഷതകൾ രൂപപ്പെടുത്തുകയും അതിന്റെ തുടർസംരക്ഷണവുമാണ് ഹരിതകേരള മിഷൻ നടപ്പിലാക്കുന്ന പച്ചത്തുരുത്ത് പദ്ധതി ലക്ഷ്യമിടുന്നത്. ഇതിന്റെ സംസ്ഥാനതല ഉദ്ഘാടനം 2019 ജൂൺ 5-ാം തീയതി പരിസ്ഥിതി ദിനത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവ്വഹിച്ചിരുന്നു. പ്രാരംഭ ഘട്ടത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിവിധ ജില്ലകളിൽ 250 യൂണിറ്റുകളിലായി 500 ഏക്കർ സ്ഥലത്ത് പച്ചത്തുരുത്ത് പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇതിന്റെ നേട്ടങ്ങൾ താഴെക്കൊടുക്കുന്നു:

1. കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യാഘാതം കുറയ്ക്കുക.

2. വൃക്ഷങ്ങളുടെ തടിയിലും പുറംതോടിലും ഇലയിലും വേരിലും മണ്ണിലുമെല്ലാം കാർബൺ സംഭരിക്കപ്പെടുന്നു. അന്തരീക്ഷത്തിൽ തിരികെ എത്താത്ത രീതിയിൽ ദീർഘകാലം സംഭരിക്കപ്പെടുന്നു.

3. ഭൂമിയുടെ ശ്വാസകോശം എന്നറിയപ്പെടുന്ന വനങ്ങൾക്ക് അധിക പ്രാണവായു അന്തരീക്ഷത്തിലേക്ക് എത്തിക്കാൻ സാധിക്കും. കൂടാതെ വായുവിലെ പൊടിപടലങ്ങളും വിവിധ സ്രോതസ്സുകളിൽ നിന്നുമുള്ള മറ്റ് നിർഗ്ഗമന മാലിന്യവസ്തുക്കളെയും ഒരു പരിധിവരെ അന്തരീക്ഷത്തിൽ വ്യാപിക്കാതെ തടഞ്ഞുനിർത്തുന്നതിന് സസ്യങ്ങൾ സഹായിക്കുന്നു (Adsorption).

4. വാഹനങ്ങൾ, വ്യവസായശാലകൾ എന്നിവിടങ്ങളിൽ നിന്നും പുറംതള്ളുന്ന വിഷവായുവിനെ വിഷമുക്തമാക്കാൻ വനങ്ങൾക്ക് സാധിക്കുന്നു.

5. മണ്ണൊലിപ്പിന്റെ സാധ്യത കുറയ്ക്കുന്നു.

6. ജലത്തിന്റെ ഒഴുക്കിനെ മിതപ്പെടുത്തി പരമാവധി ജലം മണ്ണിലേക്ക് പ്രവേശിക്കാൻ അനുവദിക്കുന്നതുമൂലം ഭൂഗർഭജലം വർദ്ധിക്കുകയും ശുദ്ധീകരിക്കപ്പെടുകയും ചെയ്യുന്നു.

7. ശബ്ദമലിനീകരണ തോത് കുറയ്ക്കുന്നു.

'ഹരിതകേരളം' എന്ന ലക്ഷ്യം സാക്ഷാത്കരിക്കുവാൻ തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന പദ്ധതിയാണ് ഹരിതഭവനം പദ്ധതി. കർഷകരുടെ വീട്ടുവളപ്പിലെ കൃഷിയോഗ്യമായ എല്ലാ സ്ഥലത്തും ജൈവകൃഷി നടത്തുക എന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. വീട്ടുവളപ്പിൽ പെയ്തിറങ്ങുന്ന മഴവെള്ളം കിണർ റീചാർജ്ജിംഗിനായി ഉപയോഗപ്പെടുത്തി ഭൂഗർഭജല നിരപ്പ് കൂട്ടുക, വീട്ടുവളപ്പിലെ എല്ലാ മാലിന്യങ്ങളും പരിസ്ഥിതി സൗഹൃദമായി സംസ്കരിച്ച് ജൈവവള കൃഷിക്ക് ഉപയോഗിക്കുക, വളർത്തുപക്ഷികളെയും മൃഗങ്ങളെയും വീട്ടുവളപ്പിൽ സംരക്ഷിച്ച് പരിപാലിക്കുക എന്നിങ്ങനെയുള്ള വിവിധ ഘടകങ്ങൾ സംയോജിതമായി നടപ്പിലാക്കുന്നു. ഓരോ പ്രദേശത്തേയും കാർഷിക മേഖലയിൽ പ്രവർത്തിച്ചുവരുന്ന അയൽക്കൂട്ടങ്ങൾ, റസിഡൻസ് അസോസിയേഷനുകൾ, മറ്റ് സാമൂഹ്യ സംഘടനകളെയും സ്ഥാപനങ്ങളെയും കൂട്ടിയോജിപ്പിച്ച് പരിശീലനത്തിനും പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും പ്രയോജനപ്പെടുത്തുന്നതാണ്. ഹരിതഭവനം എന്ന ആശയം നടപ്പിലാക്കുന്നതിലൂടെ ജൈവകൃഷി പ്രോത്സാഹനം, ജലസംരക്ഷണം, മാലിന്യനിർമ്മാർജ്ജനം എന്നിവ നടപ്പിലാക്കുന്നതിനോടൊപ്പം ഒരു വീടിന് വേണ്ട വിവിധ വിളകൾ ഉല്പാദിപ്പിക്കുവാനും സാധിക്കുന്നു.

(ഡി) ഇല്ല. ബാധകമല്ല.

## പൊതുജനാരോഗ്യത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഇടപെടൽ

5 (*275) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. സി. ദിവാകരൻ:
ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീമതി ഇ. എസ്. ബിജിമോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനാരോഗ്യ പരിപാലനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഇടപെടൽ എത്രത്തോളം ഫലപ്രദമായി നടക്കുന്നുണ്ട്; വിശദമാക്കുമോ;

(ബി) വിവിധ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ വാർഷികപദ്ധതിയുടെ ഭാഗമായി സന്നദ്ധസംഘടനകളുടെ സഹകരണത്തോടെ ആവിഷ്കരിച്ചിട്ടുള്ള പ്രധാന പദ്ധതികൾ ഏതെല്ലാമാണ്; വിശദീകരിക്കാമോ;

(സി) വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് നടത്തുന്ന ആരോഗ്യപദ്ധതികളുടെ അവലോകനം സർക്കാരിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഫലപ്രദമായി നടത്താറുണ്ടോ; എത്രത്തോളം കാര്യക്ഷമമായാണ് ഇവ നടക്കുന്നത്; വിശദമാക്കുമോ;

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻകയ്യെടുത്ത് വിവിധ ആരോഗ്യപദ്ധതികളുടെ പ്രവർത്തനവും ആരോഗ്യകേന്ദ്രം, ആയുർവേദ , ഹോമിയോ ഡിസ്പെൻസറികൾ എന്നിവയുടെ പ്രവർത്തനവും ഹെൽത്ത് സ്റ്റാറ്റസ് റിപ്പോർട്ടും വിശദമായി പരിശോധിക്കാറുണ്ടോ;

(ഇ) ഇക്കാര്യത്തിൽ സർക്കാർ നിർദ്ദേശങ്ങളും തീരുമാനങ്ങളും നടപ്പാക്കുന്നുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ-സി) മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനകീയ പങ്കാളിത്തം ഉറപ്പാക്കി 2019-ലെ ആരോഗ്യ ജാഗ്രത-പകർച്ച വ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ "ആരോഗ്യ സുരക്ഷയ്ക്ക് മാലിന്യ മുക്ത പരിസരം" എന്ന പേരിൽ ക്യാമ്പയിനായി നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ ഫീൽഡുതല പ്രവർത്തനവും ഏകോപനവും അതാത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചുമതലയാണ്. ടി സർക്കുലറിലെ നിർദ്ദേശപ്രകാരമുള്ള പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടന്നുവരുന്നുണ്ട്.

കേരള പഞ്ചായത്ത് രാജ് ആക്ട്, സ.ഉ.(കൈ)നമ്പർ 11/2018/തസ്വഭവ തീയതി 29-1-2018 എന്നിവ പ്രകാരം പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ പ്രകാരമുള്ള ഇടപെടലുകൾ ബ്ലോക്ക് പഞ്ചായത്ത് മുഖേന നടത്തുന്നുണ്ട്. ഓരോ മാസങ്ങളിലും നടക്കുന്ന ബ്ലോക്ക് പഞ്ചായത്ത് ജനറൽ കമ്മറ്റിയിലും ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റികൾ, എച്ച്.എം.സി. യോഗങ്ങൾ എന്നിവയിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് അവലോകനം നടത്തിവരുന്നു. വാർഡുതലത്തിൽ ശുചിത്വ സമിതികൾ രൂപീകരിക്കുകയും ആയത് കൃത്യമായും കാര്യക്ഷമമായും പ്രവർത്തിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു. ശുചീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ, ആശാ പ്രവർത്തകർ, വാർഡുതല സാനിട്ടേഷൻ സമിതി എന്നിവയുടെ ആഭിമുഖ്യത്തിൽ ഭവന സന്ദർശനം, സോഴ്സ് റിഡക്ഷൻ, കിണർ മറ്റ് ജലാശയങ്ങളുടെ ശുചീകരണം എന്നിവ നടത്തുന്നുണ്ട്. കൂടാതെ തദ്ദേശസ്ഥാപനങ്ങൾ ബോധവത്കരണ ക്ലാസ്സുകളും പകർച്ചവ്യാധി നിയന്ത്രണം സംബന്ധിച്ച ആരോഗ്യ ബോധവത്കരണ പ്രവർത്തനങ്ങളും വാർഡുകൾതോറും അങ്കണവാടികൾ മുഖേനയും നടത്തിവരുന്നു. കൂടാതെ പി.എച്ച്.സി. മുഖാന്തരം സാന്ത്വന പരിചരണം, മരുന്ന് വാങ്ങൽ, ലാബ് പ്രവർത്തനം, ക്യാൻസർ പരിശോധന എന്നിവ നടത്തുന്നു.

പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതിയിൽ ഗ്രാമപഞ്ചായത്ത് എല്ലാ വർഷവും പദ്ധതി നടപ്പിലാക്കുകയും ആയതിന് സന്നദ്ധസംഘടനകൾ സഹകരിക്കുകയും ചെയ്യാറുണ്ട്.

എല്ലാ മാസവും ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്താറുണ്ട്. ആരോഗ്യ വകുപ്പ്, ശുചിത്വമിഷൻ എന്നിവയുടെ സഹായത്തോടെയും സഹകരണത്തോടെയും സർക്കാർ നിർദ്ദേശം അനുസരിച്ചുള്ള എല്ലാ ആരോഗ്യ-ശുചിത്വ പദ്ധതികളും ഗ്രാമപഞ്ചായത്തുകൾ മികച്ച രീതിയിൽ നടപ്പിലാക്കിവരുന്നു. തദ്ദേശസ്ഥാപനങ്ങളിലെ മാലിന്യങ്ങൾ യഥാസമയം നീക്കം ചെയ്യുകയും ശുചീകരണജോലികൾ കൃത്യമായി നടത്തുകയും പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുകയും നിശ്ചിത ഇടവേളകളിൽ സ്പ്രേയിംഗ്, ഫോഗിംഗ് എന്നിവ നടത്തുകയും കൊതുക് വളരുന്നതിനുള്ള സാഹചര്യം ഒഴിവാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നുണ്ട്. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് നടത്തുന്ന ആരോഗ്യ പദ്ധതികളുടെ അവലോകനം ഫലപ്രദമായി നടത്താറുണ്ട്. മെഡിക്കൽ ഓഫീസർമാർ, ആരോഗ്യ വകുപ്പിലെ ഉദ്യോഗസ്ഥർ, ആയുർവേദം, ഹോമിയോ, ആയുഷ് എന്നിവരുടെ അവലോകന യോഗങ്ങൾ നടത്തിവരുന്നുണ്ട്. വാർഡ് സാനിട്ടേഷൻ കമ്മിറ്റികളിലൂടെ രോഗപ്രതിരോധ പ്രവർത്തനങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ ഇടപെടുന്നുണ്ട്.

(ഡി) ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികൾ കൃത്യമായി പ്രവർത്തനങ്ങൾ വിലയിരുത്തിവരുന്നു. ആരോഗ്യകേന്ദ്രം, ആയുർവേദ, ഹോമിയോ ഡിസ്പെൻസറികൾ എന്നിവയുടെ പ്രവർത്തനങ്ങൾ, ഹെൽത്ത് സ്റ്റാറ്റസ് എന്നിവ മോണിറ്ററിംഗ് ചെയ്തുവരുന്നു.

(ഇ) കേരള പഞ്ചായത്ത് രാജ് ആക്ട്, കേരള മുനിസിപ്പാലിറ്റി ആക്ട് എന്നിവ പ്രകാരം രൂപീകൃതമായുള്ള തദ്ദേശഭരണ സ്ഥാപനങ്ങളിലെ കമ്മിറ്റികളിൽ ആരോഗ്യപദ്ധതികളുടെ പ്രവർത്തനങ്ങൾ വിശദമായി പരിശോധിക്കുന്നുണ്ട്. ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ആരോഗ്യ പ്രവർത്തനങ്ങളുടെ വിലയിരുത്തൽ എല്ലാ മാസവും നടത്തുന്നു. ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി കൂടിയും അവലോകനം നടത്താറുണ്ട്.

## എഞ്ചിനീയറിംഗ് വിദ്യാഭ്യാസ മേഖലയുടെ നിലവാരം

6 (*276) <u>ശ്രീ. വി. ജോയി:</u>
<u>ശ്രീ. ആർ. രാജേഷ്:</u>
<u>ശ്രീ. പി. വി. അൻവർ:</u>
<u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ എംപ്ലോയബിലിറ്റി റിപ്പോർട്ടിൽ, രാജ്യത്തെ എഞ്ചിനീയറിംഗ് ബിരുദധാരികൾ വേണ്ടത്ര തൊഴിൽ വൈദഗ്ധ്യമുള്ളവരല്ലെന്നും വലിയൊരു വിഭാഗത്തിന് അർഹമായ ജോലി ലഭിക്കുന്നില്ലെന്നും ചൂണ്ടിക്കാണിച്ചിരിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിന്റെ നിലവാരം മെച്ചപ്പെടുത്തുന്നതിനായി നടത്തുന്ന ഇടപെടലുകൾ അറിയിക്കാമോ;

(ബി) സംസ്ഥാനത്ത് ബി.ടെക്-ന്റെ പഠനഭാരം കുറയ്ക്കുവാനും സ്പെഷ്യലൈസേഷൻ ഏർപ്പെടുത്തുവാനും തീരുമാനമായിട്ടുണ്ടോ;

(സി) കഴിഞ്ഞ വർഷം സംസ്ഥാനത്തെ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ എത്ര ശതമാനം സീറ്റുകളിൽ വിദ്യാർത്ഥികൾ പ്രവേശനം നേടിയിരുന്നു; സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ നിലവാരത്തകർച്ച പരിഹരിക്കുന്നതിന് എന്തെല്ലാം ഇടപെടലുകൾ സാധ്യമാകുമെന്ന് അറിയിക്കാമോ?

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിന്റെ നിലവാരത്തകർച്ചയും എഞ്ചിനീയറിംഗ് ബിരുദധാരികളുടെ തൊഴിലില്ലായ്മ ഉണ്ടാക്കുന്ന പ്രതിസന്ധി തരണം ചെയ്യുന്നതിന്റെയും ഭാഗമായി, എ.ഐ.സി.ടി.ഇ.-യുടെ മാതൃകാ കരിക്കുലത്തെ അടിസ്ഥാനപ്പെടുത്തി 2019 ജൂൺ മുതൽ ബി.ടെക് പാഠ്യപദ്ധതിയിൽ കാതലായ മാറ്റങ്ങൾ വരുത്താൻ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല തീരുമാനിച്ചിട്ടുണ്ട്. വിദ്യാർത്ഥികളുടെ പഠനഭാരം ലഘൂകരിക്കുന്നതിനും കൂടുതൽ പ്രായോഗിക പരിചയം നേടുന്നതിനും അവസരങ്ങൾ ഒരുക്കുന്നതിലും സർവ്വകലാശാല ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥികൾക്ക് നൈപുണ്യ പരിശീലനം നൽകുക എന്ന ലക്ഷ്യത്തോടുകൂടി 'അസാപ്പ്' മായി സഹകരിച്ച് എഞ്ചിനീയറിംഗ് കോളേജുകളിൽ അഡ്വാൻസ്ഡ് സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ (ASDC) ആരംഭിക്കുകയും അതുവഴി അന്താരാഷ്ട്ര തൊഴിൽ കമ്പോളത്തിലെ നൂതന പ്രവണതകൾക്കനുസൃതമായി മികച്ച പ്രൊഫഷണലുകളെ രൂപപ്പെടുത്തുന്നതിനും പരിശീലന പരിപാടി നടത്തിവരുന്നു. അസാപ്പ്, വ്യവസായ സ്ഥാപനങ്ങളുമായി സഹകരിച്ച് വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പ് ലഭ്യമാക്കുവാനുള്ള ഒരു വെബ് പോർട്ടൽ ഈ അക്കാദമിക് വർഷം ആരംഭിച്ചിട്ടുണ്ട്. വിദ്യാർത്ഥികളിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി സ്റ്റാർട്ടപ് മിഷനുമായി സഹകരിച്ച് കോളേജുകളിലെ എന്റർപ്രണർഷിപ്പ് സെല്ലുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇത്തരം സ്റ്റാർട്ടപ്പുകൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങളിലെ പ്രവൃത്തികൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ, സ്വകാര്യ മേഖലയുടെ പങ്കാളിത്തത്തോടെ (PPP) തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിലും (Bosch) ബാർട്ടൻ ഹിൽ എഞ്ചിനീയറിംഗ് കോളേജിലും (Mercedes Benz) ആധുനിക സാങ്കേതിക വിദ്യയിൽ പരിശീലന പരിപാടികൾ വിജയകരമായി നടത്തിവരുന്നു. സ്കോളർഷിപ്പുകളും ഇന്റേൺഷിപ്പുകളും വ്യാവസായിക രംഗത്തെ വിദഗ്ദ്ധൻമാരുടെയും സാങ്കേതിക വിദഗ്ദ്ധൻമാരുടെയും നേതൃത്വത്തിലുള്ള പരിശീലന പരിപാടികളും വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നുണ്ട്.

(ബി) ഉണ്ട്. 2019 ജൂൺ മുതൽ ബി. ടെക് പാസ്സാകാൻ ആവശ്യമായ ക്രെഡിറ്റ് 182-ൽ നിന്ന് 162 ആയി കുറയ്ക്കാൻ തീരുമാനിച്ചു. ഓരോ പേപ്പറിനും ജയിക്കാൻ വേണ്ട മാർക്ക് 45-ൽ നിന്നും 40 ആക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഒരു സെമസ്റ്ററിൽ 6 മൊഡ്യൂൾ എന്നത് 5 ആക്കാനും 7, 8 സെമസ്റ്ററിൽ

ഇന്റേൺഷിപ്പിന് കൂടുതൽ സൗകര്യമൊരുക്കാൻ ക്രെഡിറ്റുകളുടെ എണ്ണം 15 ആക്കുന്നതിനും ഇന്റേണൽ മാർക്കിന്റെ മിനിമം പരിധി ഒഴിവാക്കുന്നതിനും കലാകായിക മികവിന് ഗ്രേസ് മാർക്ക് നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

ഓരോ വിദ്യാർത്ഥിയുടെയും പഠനശാഖയിലുള്ള സ്പെഷ്യലൈസേഷനാണ് ബി.ടെക് ഓണേഴ്സ്. അവസാന രണ്ട് വർഷത്തെ സെമസ്റ്ററുകളിൽ കുറഞ്ഞത് 3 വിഷയങ്ങളിൽ 12 ക്രെഡിറ്റും ഓൺലൈൻ വഴി കുറഞ്ഞത് 2 വിഷയങ്ങൾക്ക് 8 ക്രെഡിറ്റും അധികമായി നേടുന്ന കുട്ടികൾക്ക് ബി.ടെക് ഡിഗ്രിക്കുപകരം ബി. ടെക് ഓണേഴ്സ് ഡിഗ്രി കരസ്ഥമാക്കാം. മൂന്നാം സെമസ്റ്റർ മുതൽ വിദ്യാർത്ഥികൾക്ക് മറ്റ് പഠനശാഖയിലുള്ള സ്പെഷ്യലൈസേഷനായ ബി.ടെക് മൈനർ ഡിഗ്രി കോഴ്സുകളിലേക്ക് ചേരാൻ സാധിക്കും. നിശ്ചിത മിനിമം ക്രെഡിറ്റ് നേടുന്ന വിദ്യാർത്ഥികൾക്ക് മറ്റ് തൊഴിലധിഷ്ഠിത കോഴ്സുകളിലൂടെ തുടർപഠനം പൂർത്തിയാക്കി ബി.വോക് ഡിഗ്രി കരസ്ഥമാക്കാവുന്ന പദ്ധതിയും തയ്യാറായിവരുന്നുണ്ട്.

(സി) 47% സീറ്റുകളിൽ വിദ്യാർത്ഥികൾ പ്രവേശനം നേടിയിരുന്നു. സർവ്വകലാശാല അഫിലിയേഷൻ നൽകുന്നതിന് മുൻപായി കോളേജുകളിൽ വിദഗ്ധരെ ഉൾപ്പെടുത്തി കർശന പരിശോധന നടത്തി അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്താറുണ്ട്. കോളേജുകളിലെ അക്കാദമിക് നിലവാരം ഉറപ്പു വരുത്തുന്നതിനായി വർഷത്തിൽ രണ്ട് തവണ അക്കാദമിക് ഓഡിറ്റ് നടത്തിവരുന്നുണ്ട്. എ.ഐ.സി.ടി.ഇ.-യുടെ നിബന്ധനകൾ കൃത്യമായി പാലിക്കണമെന്ന് എല്ലാ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് മാനേജർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

## അന്താരാഷ്ട്ര നിലവാരത്തിലുള്ള കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ

7 (*277) ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. എം. സ്വരാജ്:
ശ്രീ. കെ. ബാബു:
ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആർട്സ് ആന്റ് സയൻസ് ബിരുദ വിദ്യാർത്ഥികളുടെയും എഞ്ചിനീയറിംഗ്, പോളിടെക്നിക് വിദ്യാർത്ഥികളുടെയും തൊഴിൽ നൈപുണി വികസനത്തിനായുള്ള പദ്ധതികൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ബി) പുതുതായി ആരംഭിച്ച ഇന്റേൺഷിപ്പ് പോർട്ടൽ വിദ്യാർത്ഥികൾക്ക് എപ്രകാരം പ്രയോജനപ്രദമാകുമെന്ന് അറിയിക്കാമോ;

(സി) അധിക വൈദഗ്ദ്ധ്യ ആർജ്ജന പരിപാടിയുടെ ഭാഗമായുള്ള സ്കിൽ ഡെവലപ്മെന്റ് സെന്ററുകളും അഡ്വാൻസ്ഡ് സ്കിൽ ഡെവലപ്മെന്റ് സെന്ററുകളും സജ്ജീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) അന്താരാഷ്ട്ര നിലവാരത്തിലുള്ള കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ രൂപീകരിക്കുന്ന പദ്ധതിയുടെ പുരോഗതി അറിയിക്കാമോ;

(ഇ) ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉൾപ്പെടെ അന്താരാഷ്ട്ര തൊഴിൽ കമ്പോളത്തിലെ നൂതന പ്രവണതകൾക്കനുസൃതമായി മികച്ച പ്രൊഫഷണലുകളെ രൂപപ്പെടുത്തുന്നതിന് നടത്തുന്ന പ്രവർത്തനം അറിയിക്കാമോ?

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) സംസ്ഥാനത്തെ തെരഞ്ഞെടുത്ത ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ വിദ്യാർത്ഥികൾക്ക് ഫൗണ്ടേഷൻ പരിശീലനം എന്ന പേരിൽ ഇംഗ്ലീഷ് കമ്മ്യൂണിക്കേഷനിലും വിവര സാങ്കേതിക വിദ്യയിലും (IT) പ്രത്യേക തൊഴിൽ മേഖലാ കോഴ്സുകളിലും പരിശീലനം നൽകുന്നുണ്ട്.

സംസ്ഥാനത്തെ എഞ്ചിനീയറിംഗ്, പോളിടെക്നിക് വിദ്യാർത്ഥികളുടെ തൊഴിൽ നൈപുണ്യ വികസനത്തിനായി അഡ്വാൻസ്ഡ് സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ ആരംഭിക്കുകയും അതുവഴി വ്യവസായ മേഖലയിലെ നൂതന പ്രവണതകൾക്കനുസൃതമായിട്ടുള്ള പരിശീലന പരിപാടികൾ നടപ്പിലാക്കി വരികയും ചെയ്യുന്നു. അതിന്റെ ഭാഗമായി ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആന്റ് മെഷീൻ ലേർണിംഗ് കോഴ്സ് നടപ്പിലാക്കിവരുന്നു. ഈ വർഷം തന്നെ വിവിധതരം നൂതന കോഴ്സുകൾ നടപ്പിലാക്കാനും എല്ലാ കോളേജുകളിലേക്കും വ്യാപിപ്പിക്കാനും ആലോചിക്കുന്നു.

(ബി) സംസ്ഥാനത്തെ വിവിധ എഞ്ചിനീയറിംഗ് കോളേജുകളിലെയും ആർട്സ് ആന്റ് സയൻസ് കോളേജുകളിലെയും അവസാന വർഷ വിദ്യാർത്ഥികൾക്ക് വ്യവസായ യൂണിറ്റുകളിൽ പ്രായോഗിക പരിശീലനം നൽകി തൊഴിൽ നൈപുണ്യം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടുകൂടി സംസ്ഥാന ഉന്നത വിദ്യാഭ്യാസ വകുപ്പ് അസാപ്പ് മുഖാന്തരം ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് സംസ്ഥാന ഇന്റേൺഷിപ്പ്. ഈ പദ്ധതി നടപ്പാക്കുന്നത് ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെയാണ്.

സംസ്ഥാനത്തിന് അകത്തും പുറത്തുമുള്ള വിവിധ വ്യവസായ ശാലകളിൽ ഇന്റേൺഷിപ്പിന് അവസരമൊരുക്കുക വഴി വിദ്യാർത്ഥികൾക്ക് നൈപുണ്യവും വ്യവസായശാലകൾക്ക് ആവശ്യമായിട്ടുള്ള വിദഗ്ദ്ധ ഉദ്യോഗാർത്ഥികളെയും ലഭ്യമാക്കുവാൻ ഉപകരിക്കുന്ന തരത്തിൽ വിഭാവനം ചെയ്തിട്ടുള്ളതാണ് സംസ്ഥാന ഇന്റേൺഷിപ്പ് പോർട്ടൽ, തദ്ദേശഭരണ സ്ഥാപനങ്ങൾ, സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ, ഇതര വകുപ്പുകൾ തുടങ്ങിയവയ്ക്ക് ആവശ്യമായ അപ്രന്റീസ് ട്രെയിനികളെയും കോൺട്രാക്ട് എംപ്ലോയീസിനെയും ഈ ഓൺലൈൻ സംവിധാനത്തിലൂടെ തെരഞ്ഞെടുക്കുന്നതിനുള്ള അവസരമൊരുക്കപ്പെടുന്നതിനാൽ വിദ്യാർത്ഥികൾക്ക് ഈ സംവിധാനം വളരെയേറെ പ്രയോജനപ്പെടും.

(സി) അധിക വൈദഗ്ദ്ധ്യ ആർജ്ജിത പരിപാടി (അസാപ്), അക്കാദമിക പഠനത്തോടൊപ്പം തൊഴിൽ ലഭ്യതയ്ക്കുതകുന്ന നൈപുണികൾകൂടി വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നതിനായി നടപ്പിലാക്കുന്ന പദ്ധതിയാണ്. ഇതിനായി ഹയർ സെക്കണ്ടറി ക്ലാസ്സുകളിലും ആർട്സ് ആന്റ് സയൻസ് കോളേജുകളിലും പഠിക്കുന്ന തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് ഇംഗ്ലീഷ് ആശയ വിനിമയ പാടവം വികസിപ്പിക്കുന്നതിനും വിവര സാങ്കേതിക വിദ്യയിൽ ശേഷികൾ വർദ്ധിപ്പിക്കാനും ഉതകുന്ന ഒരു അടിസ്ഥാന ഘടകമായി ഫൗണ്ടേഷൻ പരിശീലനം നൽകിവരുന്നു.

അധിക വൈദഗ്ദ്ധ്യ ആർജ്ജിത പരിപാടിയുടെ ഭാഗമായി 121 സ്കിൽ ഡെവലപ്മെന്റ് സെന്ററുകളിൽ സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് വിവിധ തൊഴിൽ മേഖലകളിൽ നൈപുണ്യ പരിശീലനം നൽകിവരുന്നു. എഞ്ചിനീയറിംഗ്, പോളിടെക്നിക് വിദ്യാർത്ഥികൾക്ക് നൂതന സാങ്കേതിക വിദ്യയിലെ തൊഴിലവസരങ്ങൾ പ്രയോജനപ്രദമാകുന്ന രീതിയിൽ സംസ്ഥാനത്തെ 66 എഞ്ചിനീയറിംഗ് കോളേജുകളിലും 45 പോളിടെക്നിക്കുകളിലും അഡ്വാൻസ് സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ സ്ഥാപിച്ചിരിക്കുന്നു. എഞ്ചിനീയറിംഗ് കോളേജുകളിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആന്റ് മെഷീൻ ലേർണിംഗ് കോഴ്സ് വിദ്യാർത്ഥികളെ പരിശീലിപ്പിക്കുന്നുണ്ട്.

(ഡി) ആദ്യ ഘട്ടത്തിലെ ഒൻപത് സ്കിൽ പാർക്കുകളിൽ എട്ടെണ്ണത്തിന്റെ നിർമ്മാണം പൂർത്തിയായി. ഒരു സ്കിൽ പാർക്കിന്റെ (മാനന്തവാടി, വയനാട്) നിർമ്മാണം പുരോഗമിക്കുന്നു. ഈ വർഷം അവസാനത്തോടെ നിർമ്മാണം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. ആറ് ഇടങ്ങളിൽ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ഗവേർണിങ്ങ് കമ്മിറ്റി ചേരുകയും കോഴ്സുകൾ അപ്രൂവ് ചെയ്യുകയും ചെയ്തു. അവയിൽ ഒരു സി.എസ്.പി.-യിൽ കോഴ്സ് ആരംഭിക്കുകയും ചെയ്തു. ഈ പദ്ധതിയുടെ പുരോഗതി സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു:

<u>സി.എസ്.പി. കുളക്കട, കൊല്ലം ജില്ല</u>

ഓപ്പറേറ്റിംഗ് പാർട്ണർ: സിൻക്രോസെർവ് ഗ്ലോബൽ സൊല്യൂഷൻസ്.

- നിർമ്മാണം പൂർത്തിയായി.
- ഗവേണിംഗ് കമ്മിറ്റി കഴിഞ്ഞു.
- ലാബുകൾ സജ്ജീകരിച്ച് വരുന്നു.
- ഒരു മാസത്തിനുള്ളിൽ കോഴ്സുകൾ ആരംഭിക്കും.

<u>സി.എസ്.പി. കുന്നന്താനം, പത്തനംതിട്ട</u>

ഓപ്പറേറ്റിംഗ് പാർട്ണർ: സഹസ്ര ഇലക്ട്രോണിക്സ് പ്രൈവറ്റ് ലിമിറ്റഡ്.

- നിർമ്മാണം പൂർത്തിയായി.
- ഗവേണിംഗ് കമ്മറ്റിയിൽ സമർപ്പിക്കാനുള്ള കോഴ്സുകൾ ഇന്റേണൽ കമ്മിറ്റി പരിശോധിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തി.
- ഈ മാസം നടക്കുന്ന ഗവേണിംഗ് കമ്മിറ്റിയിൽ സമർപ്പിക്കുകയും ഈ വർഷം ജൂലൈ 15-ഓടെ കോഴ്സുകൾ ആരംഭിക്കുകയും ചെയ്യും.

<u>സി.എസ്.പി. കളമശ്ശേരി, എറണാകുളം ജില്ല</u>

ഓപ്പറേറ്റിംഗ് പാർട്ണർ: ഐ.ബി.എം. ഇന്ത്യാ പ്രൈവറ്റ് ലിമിറ്റഡ്.

- നിർമ്മാണം പൂർത്തിയായി.
- ഗവേണിംഗ് കമ്മിറ്റി കഴിഞ്ഞു.
- ഈ വർഷം ആഗസ്റ്റോടെ കോഴ്സുകൾ ആരംഭിക്കുകയും ചെയ്യും.

<u>സി.എസ്.പി. പെരുമ്പാവൂർ, എറണാകുളം ജില്ല</u>

ഓപ്പറേറ്റിംഗ് പാർട്ണർ: മാർ ഗ്രിഗോറിയസ് എഡ്യൂക്കേഷണൽ സൊസൈറ്റി.

- നിർമ്മാണം പൂർത്തിയായി.
- ഗവേണിംഗ് കമ്മിറ്റി കഴിഞ്ഞു.
- ഈ വർഷം ജൂലൈ ആദ്യവാരത്തോടെ കോഴ്സുകൾ ആരംഭിക്കുകയും ചെയ്യും.

സി.എസ്.പി. ചാത്തന്നൂർ, പാലക്കാട് ജില്ല

ഓപ്പറേറ്റിംഗ് പാർട്ണർ: ഇസാഫ്

- നിർമ്മാണം പൂർത്തിയായി.
- ഗവേണിംഗ് കമ്മിറ്റി കഴിഞ്ഞു. കോഴ്സുകളിൽ ഒന്ന് ആരംഭിച്ചു.

സി.എസ്.പി. ലക്കിടി, പാലക്കാട് ജില്ല

ഓപ്പറേറ്റിംഗ് പാർട്ണർ: സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാസ്റ്റിക് എഞ്ചിനീയറിംഗ് ആൻഡ് ടെക്നോളജി

- നിർമ്മാണം പൂർത്തിയായി.
- ഗവേണിംഗ് കമ്മിറ്റി കഴിഞ്ഞു.
- ലാബുകളും വർക്ക് ഷോപ്പുകളും സജ്ജീകരിച്ചുവരുന്നു.

സി.എസ്.പി. പാണ്ടിക്കാട്, മലപ്പുറം ജില്ല

ഓപ്പറേറ്റിംഗ് പാർട്ണർ: അപ്പോളോ മെഡി സ്കിൽസ്

- നിർമ്മാണം പൂർത്തിയായി.
- ഗവേണിംഗ് കമ്മിറ്റി കഴിഞ്ഞു.

സി.എസ്.പി. മാനന്തവാടി, വയനാട് ജില്ല

ഓപ്പറേറ്റിംഗ് പാർട്ണർ: കെയിനെസ് ടെക്നോളജി ഇന്ത്യാ പ്രൈവറ്റ് ലിമിറ്റഡ്

- നിർമ്മാണം പൂർത്തിയായില്ല.
- ട്രാൻസിറ്റ് ക്യാമ്പസിൽ ഈ മാസാവസാനം കോഴ്സ് തുടങ്ങുവാനുള്ള നടപടികൾ ആരംഭിച്ചു.

സി.എസ്.പി. കാസർഗോഡ്, കാസർഗോഡ് ജില്ല

ഓപ്പറേറ്റിംഗ് പാർട്ണർ: സി.എം.സി. ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻസ്.

- നിർമ്മാണം പൂർത്തിയായി.

രണ്ടാംഘട്ട കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾക്ക് ആവശ്യമായ പ്രാരംഭ നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

(ഇ) സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥികൾക്ക് നൈപുണ്യ പരിശീലനം നൽകുക എന്ന ലക്ഷ്യത്തോടുകൂടി അസാപ് എഞ്ചിനീയറിംഗ് കോളേജുകളിൽ അഡ്വാൻസിഡ് സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ ആരംഭിച്ച് അതുവഴി അന്താരാഷ്ട്ര തൊഴിൽ കമ്പോളത്തിലെ നൂതന പ്രവണതകൾക്കനുസൃതമായി മികച്ച പ്രൊഫഷണലുകളെ രൂപപ്പെടുത്തുന്നതിനായി പരിശീലന പരിപാടികൾ നടത്തിവരുന്നു.

അതിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആന്റ് മെഷീൻ ലേർണിംഗിൽ വിദ്യാർത്ഥികൾക്ക് പരിശീലനം നടത്തിവരുന്നു. വരും അദ്ധ്യയന വർഷങ്ങളിൽ നൂതന സാങ്കേതിക നൈപുണ്യ വികസനത്തിനായി ക്ലൗഡ് കംമ്പ്യൂട്ടിംഗ്, റോബോട്ടിക് പ്രോസസ് ഓട്ടോമേഷൻ മുതലായ കോഴ്സുകൾ വിദ്യാർത്ഥികൾക്ക് ആർജ്ജിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കെ.എസ്.ആർ.ടി.സി. വാടകയ്ക്കെടുത്ത സ്ലാനിയ ബസ്സുകൾ

8 (*278) ശ്രീ. സി. മമ്മൂട്ടി:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. കെ. എം. ഷാജി:
ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-ക്ക് വേണ്ടി അന്തർ സംസ്ഥാന സർവ്വീസ് നടത്തുന്ന വാടക സ്കാനിയ ബസ്സുകൾ നികുതി അടയ്ക്കുന്നതിൽ വീഴ്ചവരുത്തിയതിനെ തുടർന്ന് മോട്ടോർ വാഹന വകുപ്പ് പിടിച്ചെടുത്തിട്ടുണ്ടോ;

(ബി) ഇതിന്റെ ഫലമായി യാത്രക്കാർക്കുണ്ടായ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) കെ.എസ്.ആർ.ടി.സി.-ക്കുണ്ടായ നഷ്ടം ഈടാക്കുന്നതിന് എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ):

(എ) ഉണ്ട്.

(ബി) യാത്രക്കാർക്കുണ്ടായ ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി കെ.എസ്.ആർ.ടി.സി. ശ്രമം നടത്തിയെങ്കിലും അന്തർ സംസ്ഥാന പെർമിറ്റുള്ള അതേ തരത്തിലുള്ള ബസ്സുകൾ കെ.എസ്.ആർ.ടി.സി.-യുടെ കൈവശം ഇല്ലാതിരുന്നതിനാൽ ടി സർവ്വീസുകൾ പുനഃക്രമീകരിച്ച് നടത്തുന്നതിന്

സാധിച്ചിരുന്നില്ല. എന്നാൽ ലഭ്യമായ ബസ്സുകൾ ഉപയോഗിച്ച് കെ.എസ്.ആർ.ടി.സി. അതേ റൂട്ടുകളിലൂടെ കേരളത്തിനുള്ളിൽ സർവ്വീസുകൾ പുനഃക്രമീകരിച്ച് നടത്തുന്നതിനും യാത്രക്കാർ നേരിടേണ്ടിവന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും ടി ദിവസങ്ങളിൽ നടപടികൾ സ്വീകരിച്ചിരുന്നു.

(സി) ഉണ്ട്. കെ.എസ്.ആർ.ടി.സി.-യും മഹാവോയേജ് ലിമിറ്റഡുമായി രൂപീകരിക്കുന്ന കരാർ വ്യവസ്ഥകൾ പ്രകാരം സർവ്വീസ് റദ്ദ് ചെയ്തതുവഴി കെ.എസ്.ആർ.സി.-ക്കുണ്ടായ നഷ്ടം കരാർ കമ്പനിയിൽ നിന്നും ഈടാക്കി ലഭിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## ലൈഫ് പദ്ധതിയുടെ പുരോഗതി

9 (*279) ശ്രീ. ഡി. കെ. മുരളി:
ശ്രീ. എസ്. ശർമ്മ:
ശ്രീ. കെ. വി. വിജയദാസ്:
ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)ഭവനരഹിതരില്ലാത്ത സംസ്ഥാനമെന്ന സ്വപ്നം സാക്ഷാൽക്കരിക്കാനായി നടപ്പാക്കിവരുന്ന ലൈഫ് പദ്ധതിയുടെ പുരോഗതി അറിയിക്കാമോ; പാതിവഴിയിൽ നിർമ്മാണം നിലച്ചുപോയ വീടുകൾ പൂർത്തിയാക്കുക എന്ന ലൈഫ് പദ്ധതിയുടെ ഒന്നാംഘട്ട ലക്ഷ്യം നിറവേറിയോ എന്ന് അറിയിക്കാമോ ;

(ബി) ഭൂമിയുള്ള ഭവനരഹിതർക്ക് ഭവനനിർമ്മാണത്തിന് സാമ്പത്തിക സഹായം നൽകുന്ന രണ്ടാംഘട്ട പദ്ധതിയിൽ നിർണ്ണയിക്കപ്പെട്ട ഗുണഭോക്താക്കളുടെയും നിർമ്മാണം ആരംഭിച്ച വീടുകളുടെയും വിശദാംശം ലഭ്യമാക്കാമോ;

(സി) ഭൂരഹിതരായ ഭവനരഹിതർക്ക് ഭവനസമുച്ചയങ്ങൾ നിർമ്മിച്ചുനൽകുന്ന പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കാമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) ലൈഫ് മിഷൻ പദ്ധതി മൂന്ന് ഘട്ടങ്ങളിലായാണ് നടപ്പിലാക്കിവരുന്നത്.

ഒന്നാംഘട്ടം-പൂർത്തീകരിക്കുവാനുണ്ടായിരുന്ന 54497 ഭവനങ്ങളിൽ 50551 ഭവനങ്ങൾ പൂർത്തീകരിച്ചു (93%). ബാക്കിയുള്ള 3946 വീടുകൾ നിർമ്മാണ പുരോഗതിയിലാണ്.

രണ്ടാംഘട്ടം- ഭൂമിയുള്ള ഭവനരഹിതരായി കണ്ടെത്തിയ 184255 ഗുണഭോക്താക്കളിൽ 98212 ഗുണഭോക്താക്കളെ മാനദണ്ഡപ്രകാരം അർഹരായി കണ്ടെത്തുകയും അതിൽ 86192 പേർ എഗ്രിമെന്റ് വെച്ച് ഭവന നിർമ്മാണം ആരംഭിക്കുകയും 17036 വീടുകൾ നാളിതുവരെ പൂർത്തീകരിക്കുകയും ചെയ്തു.

മൂന്നാംഘട്ടം- ഭൂരഹിത ഭവന രഹിതരായി കണ്ടെത്തിയ 337416 ഗുണഭോക്താക്കളുടെ അർഹതാ പരിശോധന നടത്തി അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള നടപടികൾ പ്രാരംഭ ദശയിലാണ്. ഇതോടൊപ്പം അർഹരായി കണ്ടെത്തുന്ന ഗുണഭോക്താക്കൾക്ക് ഭവന സമുച്ചയം വഴി ഫ്ലാറ്റുകൾ നൽകുന്നതിനുള്ള നടപടികളും പുരോഗതിയിലാണ്. ഇതിലേക്കായി 14 ജില്ലകളിലായി 70-ഓളം സ്ഥലങ്ങൾ ജില്ലാ കളക്ടർമാർ മുഖേനയും തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേനയും കണ്ടെത്തിയിട്ടുണ്ട്.

പാതിവഴിയിൽ നിർമ്മാണം നിലച്ചുപോയ വീടുകളിൽ 93% വീടുകളുടെയും നിർമ്മാണം പൂർത്തീകരിച്ചുകഴിഞ്ഞു. ഇതിലേക്കായി 618.02 കോടി രൂപ ഗുണഭോക്താക്കൾക്ക് ധനസഹായമായി നൽകിയിട്ടുണ്ട്. ബാക്കിയുള്ള വീടുകൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ലൈഫ് മിഷൻ രണ്ടാംഘട്ടത്തിൽ ഭൂമിയുള്ള ഭവന രഹിതരായി കണ്ടെത്തിയ 184255 ഗുണഭോക്താക്കളിൽ 98212 ഗുണഭോക്താക്കളെ മാനദണ്ഡപ്രകാരം അർഹരായി കണ്ടെത്തുകയും അതിൽ 86192 പേർ എഗ്രിമെന്റ് വെച്ച് ഭവന നിർമ്മാണം ആരംഭിക്കുകയും നാളിതുവരെ 17036 പേർ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ഇതിലേക്കായി നാളിതുവരെ 1887.57 കോടി രൂപ ഗുണഭോക്താക്കൾക്ക് ധനസഹായമായി നൽകിയിട്ടുണ്ട്. ബാക്കിയുള്ള ഗുണഭോക്താക്കൾ അടിയന്തരമായി രേഖകൾ ഹാജരാക്കി തദ്ദേശഭരണ സ്ഥാപനങ്ങളുമായി എഗ്രിമെന്റ് വെച്ച് ഭവന നിർമ്മാണം ആരംഭിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ലൈഫ് മിഷൻ പദ്ധതിയിൽ ഭൂരഹിത ഭവനരഹിതരായിട്ടുള്ള ഗുണഭോക്താക്കൾക്ക് ഭവന സമുച്ചയം വഴി ഫ്ലാറ്റുകൾ നൽകുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിനുവേണ്ടി 14 ജില്ലകളിലായി കണ്ടെത്തിയിട്ടുള്ള 56-ഓളം സ്ഥലങ്ങളുടെ അനുയോജ്യതാ പരിശോധന നടന്നുവരികയാണ്. കൂടാതെ ജില്ലയിൽ ഒന്നുവീതം ഭവന സമുച്ചയം പൈലറ്റായി നിർമ്മിക്കുന്നതിനുള്ള നടപടിയും പുരോഗതിയിലാണ്. ഇതിലേക്കായി ഹാബിറ്റാറ്റ് ടെക്നോളജി, തൃശ്ശൂർ ഡിസ്ട്രിക്റ്റ് ലേബർ കോൺട്രാക്റ്റ് സൊസൈറ്റി എന്നീ സ്ഥാപനങ്ങളെ പ്രോഗ്രാം മാനേജ്മെന്റ് കൺസൾട്ടൻസികളായി തെരഞ്ഞെടുത്തിട്ടുമുണ്ട്. ഇവർ മുഖേന എട്ട്

ജില്ലകളിലെ ഭവന സമുച്ചയങ്ങളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കിക്കഴിഞ്ഞു. കൂടാതെ പദ്ധതിയുടെ ഭാഗമായി ഇടുക്കി ജില്ലയിലെ അടിമാലി ഗ്രാമപഞ്ചായത്തിൽ ഒരു അപ്പാർട്ട്മെന്റ് കോംപ്ലക്സ് (217-അപ്പാർട്ട്മെന്റ്) ഭവനം ഫൗണ്ടേഷനിൽ നിന്നും 24,82,74,484 രൂപയ്ക്ക് വാങ്ങി അടിമാലി ഗ്രാമപഞ്ചായത്തിലെ ഭൂരഹിത ഭവന രഹിത ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്.

## വൈദ്യുത വാഹന നയം

10 (*280) ശ്രീ. എ. പ്രദീപ്കുമാർ:
ശ്രീ. എം. നൗഷാദ്:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വൈദ്യുത വാഹന നയത്തിന് അംഗീകാരമായിട്ടുണ്ടോ; 2022-ഓടെ പത്തുലക്ഷം ഇലക്ട്രിക് വാഹനങ്ങൾ നിരത്തിലിറക്കുകയെന്ന ലക്ഷ്യത്തിന് അനുപൂരകമായി നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ബി) കെ.എസ്.ആർ.ടി.സി. വൈദ്യുത ബസുകൾ വാങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ; പരീക്ഷണാടിസ്ഥാനത്തിൽ വെറ്റ് ലീസ് വ്യവസ്ഥയിൽ നടത്തിയ സർവ്വീസുകളുടെ ലാഭനഷ്ടം വിലയിരുത്തിയിട്ടുണ്ടോ;

(സി) രാജ്യത്തെ ആദ്യ സമ്പൂർണ്ണ പരിസ്ഥിതി സൗഹൃദ പൊതുഗതാഗത നഗരമായി തലസ്ഥാനത്തെ മാറ്റിത്തീർക്കാൻ ഗതാഗത വകുപ്പും കെ.എസ്.ആർ.ടി.സി.-യും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ഡി) പരിസ്ഥിതി മലിനീകരണം താരതമ്യേന കുറഞ്ഞ സി.എൻ.ജി. ബസുകൾ വാങ്ങാനുള്ള കെ.എസ്.ആർ.ടി.സി. പദ്ധതിയുടെ പുരോഗതി അറിയിക്കാമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ):

(എ) ഉണ്ട്. 10-3-2019-ലെ ജി.ഒ.(എം.എസ്.)24/2019/ട്രാൻ. നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ ഒരു ഇലക്ട്രിക് വാഹന നയം രൂപീകരിച്ച് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. 2020-ഓടെ വൈദ്യുതി ഇന്ധനമാക്കി പ്രവർത്തിക്കുന്ന 2 ലക്ഷം ഇരുചക്ര വാഹനങ്ങളും 50,000 മുച്ചക്ര വാഹനങ്ങളും 1000 ചരക്ക് വാഹനങ്ങളും 100 ബോട്ടുകളും പുറത്തിറക്കുന്നതിനും 2022-ഓടുകൂടി 10 ലക്ഷം വൈദ്യുത വാഹനങ്ങൾ നിരത്തിലിറക്കുന്നതിനുമാണ് സർക്കാർ ആലോചിക്കുന്നത്. ആദ്യഘട്ടത്തിൽ വാഹനങ്ങൾ വാങ്ങുന്നതിനും തുടർന്ന്

വാഹനങ്ങൾ സംസ്ഥാനത്തിനകത്ത് തന്നെ ഉൽപ്പാദിപ്പിക്കുന്നതിനുമാണ് ഉദ്ദേശിക്കുന്നത്. ഇതിനായി ചില കമ്പനികളുമായി പ്രാരംഭ ചർച്ചകൾ നടന്നുവരുന്നു. വൈദ്യുത വാഹനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ വാഹനങ്ങൾക്ക് നികുതിയിളവും ഇൻസെന്റീവുകളും നൽകുന്നതിന് വൈദ്യുത വാഹനനയത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. വൈദ്യുത വാഹനങ്ങൾക്കുള്ള ചാർജിംഗ് സ്റ്റേഷനുകളും കേരളത്തിലുടനീളം സ്ഥാപിക്കാനും പദ്ധതിയുണ്ട്. ഇതിനായി സംസ്ഥാന വിദ്യുച്ഛക്തി ബോർഡിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ഇതിനുവേണ്ട വൈദ്യുതി കുറഞ്ഞ നിരക്കിൽ നൽകാമെന്ന് കെ.എസ്.ഇ.ബി.എൽ. അറിയിച്ചിട്ടുണ്ട്.പാരമ്പര്യ ഇന്ധനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ചെലവുകുറഞ്ഞ യാത്രാമാർഗ്ഗമായി വൈദ്യുത വാഹനങ്ങൾ മാറ്റുന്നതിന് ഇത്തരം ഇളവുകൾ സഹായിക്കും. ഇതിലൂടെ പൊതുജനങ്ങളെ വൈദ്യുത വാഹനങ്ങളിലേക്ക് കൂടുതലായി ആകർഷിക്കാൻ സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു.

വൈദ്യുത വാഹനങ്ങൾ പൊതുജനങ്ങൾക്ക് കൂടുതലായി പരിചയപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെ ഒരു വാഹന എക്സ്പോ " Kerala EV Expo 2019" എന്ന പേരിൽ കൊച്ചിയിൽ വെച്ച് ജൂൺ 29, 30 തീയതികളിൽ നടത്തുവാൻ ഉദ്ദേശിക്കുന്നു. പ്രസ്തുത എക്സ്പോയിൽ ഇന്ത്യക്കകത്തും പുറത്തുമുള്ള വൈദ്യുത വാഹന നിർമ്മാതാക്കളെ ഉൾപ്പെടുത്താനും അവരുടെ ഉൽപ്പന്നങ്ങൾ കേരള വിപണിയിൽ പരിചയപ്പെടുത്താനും ലക്ഷ്യമിടുന്നു.

(ബി) പരിസ്ഥിതി മലിനീകരണം വരുത്താത്ത 10 വൈദ്യുത ബസ്സുകൾ കെ.എസ്.ആർ.ടി.സി. വാടക അടിസ്ഥാനത്തിൽ ലഭ്യമാക്കി പരീക്ഷണാടിസ്ഥാനത്തിൽ സർവ്വീസ് നടത്തി വരികയാണ്. ടി സർവ്വീസുകളുടെ വരുമാനം സംബന്ധിച്ച് വിശകലനം നടത്തിയതിൽ ടി സർവ്വീസുകൾ ലാഭകരമല്ലായെന്ന് വിലയിരുത്തിയിട്ടുണ്ട്. നിലവിലെ സാമ്പത്തിക സ്ഥിതിയിൽ ഇലക്ട്രിക് ബസ്സുകൾ വാങ്ങുന്നതിന് പദ്ധതിയില്ല.

(സി) പരിസ്ഥിതി സൗഹൃദ പൊതുഗതാഗത സംവിധാനം ഒരുക്കുന്നതിനായി കെ.എസ്.ആർ.ടി.സി. 10 വൈദ്യുത ബസ്സുകൾ വാടക അടിസ്ഥാനത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. തിരുവനന്തപുരം നഗരത്തിൽ സർവ്വീസ് നടത്തുന്നതിനായി കേന്ദ്ര സർക്കാരിന്റെ Fame II പദ്ധതിയുടെ അംഗീകാരത്തിന് വിധേയമായി OPEX മോഡലിൽ ഇലക്ട്രിക് ബസ്സുകൾ ലഭ്യമാക്കുന്ന കാര്യം പരിഗണനയിലാണ്.

(ഡി) കെ.എസ്.ആർ.ടി.സി. പരീക്ഷണാടിസ്ഥാനത്തിൽ ഒരു സി.എൻ.ജി. ബസ് വാങ്ങി സർവ്വീസ് നടത്തിവരുന്നു. നിലവിലെ സാമ്പത്തിക സ്ഥിതിയിൽ പുതിയ സി.എൻ.ജി. ബസ്സുകൾ വാങ്ങി ഓടിക്കുന്നതിന് കെ.എസ്.ആർ.ടി.സി.-ക്ക് സാധ്യമാകുമെന്ന് കരുതുന്നില്ല.

## സേഫ് കേരള പദ്ധതി

11 (*281) ശ്രീ.യു. ആർ. പ്രദീപ്:
ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. കെ. ആൻസലൻ:
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-ഓടെ റോഡപകടങ്ങൾ പകുതിയായി കുറയ്ക്കുകയെന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ചിട്ടുള്ള സേഫ് കേരള പദ്ധതി പ്രകാരം നടപ്പാക്കിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) വാഹനപ്പെരുപ്പം ക്രമാതീതമായി തുടർന്നിട്ടും അപകട നിരക്കിലും അപകടമരണ നിരക്കിലും കുറവ് വരുത്താൻ കഴിഞ്ഞിട്ടുണ്ടോ;

(സി) ജില്ലാ തലത്തിൽ റോഡ് സുരക്ഷാ കൗൺസിലുകൾ നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(ഡി) റഡാർ സർവെയിലൻസ്, ജി.പി.എസ്. വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം, പൊതുജന പങ്കാളിത്തത്തോടെയുള്ള തേഡ് ഐ എൻഫോഴ്സ്മെന്റ് തുടങ്ങിയവ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോയെന്നും ഇന്റഗ്രേറ്റഡ് ഡിജിറ്റൽ ട്രാഫിക് എൻഫോഴ്സ്മെന്റ് സിസ്റ്റം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും വ്യക്തമാക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ):

(എ) സംസ്ഥാനത്ത് റോഡപകടങ്ങൾ കുറയ്ക്കുക, റോഡുകൾ അപകടമുക്തമാക്കുക എന്നീ ലക്ഷ്യങ്ങളോടെ ആവിഷ്കരിച്ച സേഫ് കേരള പദ്ധതിക്കായി പുതുതായി രൂപീകരിച്ച 51 സ്ക്വാഡുകൾ ഉൾപ്പെടെ 24 മണിക്കൂറും പ്രവർത്തിക്കുന്ന 85 സ്ക്വാഡുകൾ പ്രവർത്തിക്കുന്നു. 4-6-2018-ലെ സ.ഉ.(കൈ)നമ്പർ 42/2018/ഗതാഗതം 16-6-2018-ലെ സ.ഉ.(കൈ)നമ്പർ 44/2018/ഗതാഗതം എന്നിവ പ്രകാരം സേഫ് കേരള പദ്ധതിയുടെ നടത്തിപ്പിനായി 10 ആർ.റ്റി.ഒ., 65 എം.വി.ഐ., 187 എ.എം.വി.ഐ എന്നിവരുടെ അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇതിനുപുറമേ മോട്ടോർ വാഹന വകുപ്പ് കണ്ടെത്തിയ 14 സ്ഥലങ്ങളിൽ കൺട്രോൾ റൂമുകൾ സ്ഥാപിക്കുന്നതിന് 13-12-2018-ലെ സ.ഉ.(കൈ)70/2018/ഗതാഗതം എന്ന ഉത്തരവ് പ്രകാരം മോട്ടോർ വാഹന വകുപ്പിന് അനുമതി നൽകിയിട്ടുണ്ട്. സേഫ് കേരള പദ്ധതിയുമായി ബന്ധപ്പെട്ട വാഹനങ്ങൾ Wet Lease-ന് എടുക്കുന്നതിനുള്ള Request for Proposal-നും

കൺട്രോൾ റൂമുകൾ സ്ഥാപിക്കുന്നതിനുള്ള Expression of interest-നും 18-1-2019-ലെ സ.ഉ.(സാധാ)22/2019/ഗതാഗതം എന്ന ഉത്തരവുവഴി സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി പുതുതായി സൃഷ്ടിക്കപ്പെട്ട 51 എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ ഉൾപ്പെടെ നിലവിലുള്ള സംവിധാനങ്ങൾ ഉപയോഗിച്ച് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തിവരുന്നു. ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഫലമായി നാളിതുവരെ 86,847 കേസുകൾ രജിസ്റ്റർ ചെയ്യുകയും 9,81,20,220 രൂപ പിഴയിനത്തിൽ ഈടാക്കുകയും ചെയ്തു. സ്കൂൾ ബസുകളുടെയും വിദ്യാർത്ഥികൾ യാത്ര ചെയ്യുന്ന മറ്റ് വാഹനങ്ങളുടെയും സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി 'സേഫ് കേരള' പദ്ധതിയുടെ ഉദ്യോഗസ്ഥർ നിരന്തര ജാഗ്രത പുലർത്തുന്നു. അദ്ധ്യയന വർഷാരംഭത്തിൽ തന്നെ എല്ലാ സ്കൂൾ വിദ്യാർത്ഥികൾക്കുമുള്ള സൗകര്യങ്ങൾ, ബാഗുകൾ സൂക്ഷിക്കുന്നതിനുള്ള സൗകര്യം, വാതിലുകൾ, ഷട്ടറുകൾ എന്നിവ പരിശോധിച്ച് യോഗ്യമായവയ്ക്ക് സ്റ്റിക്കർ പതിച്ച് നൽകി കേരള മോട്ടോർ വാഹന ചട്ടം 153 (ഡി) പാലിക്കപ്പെടുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനായി സ്കൂൾ ബസുകളും കുട്ടികളെ കയറ്റുന്ന മറ്റ് വാഹനങ്ങളും നിരന്തര പരിശോധനകൾക്കും വിധേയമാക്കുന്നുണ്ട്.

24-4-2019 മുതൽ മോട്ടോർ വാഹന വകുപ്പ് 'സേഫ് കേരള' പദ്ധതിയുടെ ഭാഗമായി 'Operation Night Riders' എന്ന പേരിൽ അന്തർ സംസ്ഥാന സർവ്വീസ് നടത്തുന്ന കോൺട്രാക്റ്റ് ക്യാരേജുകളിൽ രാത്രികാല പരിശോധന നടത്തിവരുന്നു. 11-6-2019 വരെ ഇത്തരത്തിൽ നിയമവിരുദ്ധമായി സ്റ്റേജ് ക്യാരേജ് സർവ്വീസ് നടത്തിയ 8,887 കേസുകൾ രജിസ്റ്റർ ചെയ്യുകയും 3,35,95,700 രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) വാഹന രജിസ്ട്രേഷൻ അഭൂതപൂർവ്വമായി കുതിച്ചുയർന്നിട്ടും 2016 വർഷത്തെ അപേക്ഷിച്ച് 2017-ൽ മൊത്തം അപകടങ്ങളിൽ 2.4% കുറവും മരണനിരക്കിൽ 5.3% കുറവും വന്നിട്ടുള്ളതായി കണക്കുകൾ വ്യക്തമാക്കുന്നു. എന്നാൽ 2018-ൽ അപകടനിരക്കിലും അപകട മരണനിരക്കിലും വർദ്ധനവ് ഉണ്ടായിട്ടുണ്ട്. സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോയിൽ നിന്നും ലഭ്യമായ റിപ്പോർട്ട് അനുസരിച്ച് കഴിഞ്ഞ അഞ്ചുവർഷത്തെ അപകട നിരക്കും അപകട മരണനിരക്കും ഇപ്രകാരമാണ്.

| വർഷം | അപകടങ്ങൾ | മരണം |
|---|---|---|
| 2014 | 36282 | 4049 |
| 2015 | 39014 | 4196 |
| 2016 | 39420 | 4287 |
| 2017 | 38470 | 4131 |
| 2018 | 40181 | 4303 |

2019 ജനുവരിയിൽ സംസ്ഥാനത്തെ അപകടങ്ങളുടെ എണ്ണം 3,894-ഉം ഫെബ്രുവരിയിൽ 3,680-ഉം മാർച്ചിൽ 3,471-ഉം ഏപ്രിലിൽ 3,348-ഉം ആയി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്.

(സി) ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ നടത്തിവരുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു:

- റോഡ് സുരക്ഷാ നിലവാരവും നടപടിക്രമങ്ങളും നിർണ്ണയിക്കുകയും നടപ്പിലാക്കുകയും ചെയ്യുക.
- റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട പദ്ധതികളും പരിപാടികളും തയ്യാറാക്കുക.
- റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട കർത്തവ്യനിർവ്വഹണം നടത്തുന്ന ജില്ലയിലെ എല്ലാ ഏജൻസികളുടെയും സർക്കാർ വകുപ്പുകളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.
- റോഡ് സുരക്ഷാ ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കുക.
- ജില്ലാ റോഡ് സുരക്ഷാ കൗൺസിലിനനുവദിക്കപ്പെട്ട ഫണ്ടിന്റെ നടത്തിപ്പ്.
- അനുവദിക്കപ്പെട്ട റോഡ് സുരക്ഷാ ഫണ്ട് ഉപയോഗിച്ച് പദ്ധതികളും പരിപാടികളും നടപ്പിൽ വരുത്തുന്നതിനുള്ള ചെലവ് അനുവദിക്കുക.
- അനുവദിക്കപ്പെട്ട റോഡ് സുരക്ഷാ ഫണ്ട് ഉപയോഗിച്ച് റോഡ് സുരക്ഷാ പ്രോജക്ടുകൾക്കുവേണ്ടിയും റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട സാമഗ്രികളും ഉപകരണങ്ങളും വാങ്ങുന്നതിനും സ്ഥാപിക്കുന്നതിനും വേണ്ടിയുള്ള ചെലവ് അനുവദിക്കുക.
- അനുവദിക്കപ്പെട്ട റോഡ് സുരക്ഷാ ഫണ്ടിൽനിന്നും റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട സംഗതികളിൽ പഠനങ്ങളും പ്രോജക്ടുകളും ഗവേഷണവും നടത്തുന്നതിനുള്ള ചെലവ് അനുവദിക്കുക.
- അനുവദിക്കപ്പെട്ട റോഡ് സുരക്ഷാ ഫണ്ടിൽ നിന്നും ട്രോമാ കെയർ പരിപാടികൾക്കോ പ്രവർത്തനങ്ങൾക്കോ ഉള്ള ചെലവ് അനുവദിക്കുക.
- അനുവദിക്കപ്പെട്ട റോഡ് സുരക്ഷാ ഫണ്ടിൽനിന്നും ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകളുടെ ഭരണപരമായ ചെലവുകൾ അനുവദിക്കുക.
- അനുവദിക്കപ്പെട്ട റോഡ് സുരക്ഷാ ഫണ്ടിൽ നിന്നും റോഡ് സുരക്ഷാ നടപടികളുമായി ബന്ധപ്പെട്ട ചെലവുകൾ അനുവദിക്കുക.

- റോഡ് നിയമങ്ങൾ പാലിക്കാത്ത റോഡ് ഉപഭോക്താക്കളെ പരിശോധന നടത്തി അനുയോജ്യമായ നടപടി സ്വീകരിക്കുക.
- റോഡ് നിർമ്മാണത്തിലേയും മറ്റ് നിർമ്മിതികൾമൂലമുണ്ടാകുന്ന അപകടങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
- അനധികൃതമായ റോഡ് കയ്യേറ്റം നടത്തി അപകടങ്ങൾക്ക് കാരണമാകുന്നവർക്കെതിരെ നടപടി സ്വീകരിക്കുക.
- അപകടസാധ്യത കൂടുതലുള്ള മേഖലകളിൽ (Accident prone area) പരിശോധനകൾ നടത്തി അവ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.
- സിഗ്നൽ ലൈറ്റുകളും സൈൻ ബോർഡുകളും സ്ഥാപിക്കുക.

(ഡി) <u>റഡാർ സർവെയലൻസ്</u>

മോട്ടോർ വാഹന വകുപ്പിന്റെ കീഴിൽ വിവിധ സ്ഥലങ്ങളിലായി 240 ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. വിവിധ പ്രദേശങ്ങളിലെ റോഡ് നിർമ്മാണം ട്രാഫിക് പരിഷ്കരണങ്ങൾ തുടങ്ങിയവമൂലം 50-ഓളം ക്യാമറകൾ പ്രവർത്തനക്ഷമമല്ലാതായിട്ടുണ്ട്. ഈ ക്യാമറകൾ മറ്റ് സ്ഥലങ്ങളിലേക്ക് മാറ്റി സ്ഥാപിക്കുന്നതിനുള്ള അനുമതിയും ആവശ്യമായ തുകയും അനുവദിച്ചിട്ടുണ്ട്. ആയത് നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഈ ക്യാമറകളെ സംസ്ഥാനത്തെ രണ്ട് കൺട്രോൾ റൂമുകളുമായി ബന്ധിപ്പിച്ചിട്ടുണ്ട്. കൺട്രോൾ റൂമുകളിൽ നിന്നും വാഹന ഉടമകൾക്ക് നോട്ടീസ് അയയ്ക്കുന്നുണ്ട്. കഴിഞ്ഞ വർഷം (1-6-2018 മുതൽ 30-6-2019 വരെ) 261808 നോട്ടീസുകൾ അയച്ചിട്ടുണ്ട്. പിഴയിനത്തിൽ 3,98,95,400 രൂപ സർക്കാരിന് ലഭിച്ചിട്ടുണ്ട്.

<u>വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് ഡിവൈസ്</u>

വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് ഡിവൈസ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള സുരക്ഷാമിത്ര പദ്ധതിക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സി-ഡാക്കുമായി ചേർന്ന് മോട്ടോർ വാഹന വകുപ്പ് പൂർത്തിയാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിൽ ഒരു മാസ്റ്റർ കൺട്രോൾ റൂമും 17 റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽ മിനി കൺട്രോൾ റൂമുകളും സ്ഥാപിച്ചിട്ടുണ്ട്.

ഏതെങ്കിലും തരത്തിലുള്ള അത്യാഹിതങ്ങൾ, അമിതവേഗത, അപകടകരമായ ഡ്രൈവിംഗ്, സ്കൂൾ കുട്ടികൾ പ്രത്യേകിച്ച് വിദ്യാർത്ഥിനികൾക്കും സ്ത്രീകൾക്കും നേരെ ഉണ്ടായേക്കാവുന്ന അതിക്രമങ്ങൾ എന്നിവ തടയുന്നതിന് അപായ സന്ദേശങ്ങൾ നൽകുന്നതിനുള്ള സംവിധാനം (Panic Button) ഉൾപ്പെടുത്തിയിട്ടുണ്ട്.

പ്രസ്തുത സന്ദേശങ്ങൾ കൺട്രോൾ റൂമിലേക്കും എസ്.എം.എസ്. മുഖേന വാഹനയുടമ, സ്കൂൾ അധികൃതർ, രക്ഷിതാക്കൾ, എൻഫോഴ്സ്മെന്റ് ഏജൻസികൾ എന്നിവർക്ക് ലഭിക്കുന്നതാണ്.

<u>പൊതുജന പങ്കാളിത്തത്തോടെയുള്ള തേഡ് ഐ എൻഫോഴ്സ്മെന്റ്</u>

കേന്ദ്ര സർക്കാർ ആവിഷ്കരിച്ചിട്ടുള്ള അഖിലേന്ത്യാ തലത്തിൽ നടപ്പാക്കുന്ന വാഹൻ സോഫ്റ്റ്വെയറിൽ പൊതുജന പങ്കാളിത്തത്തോടെയുള്ള എൻഫോഴ്സ്മെന്റ് നടപ്പിലാക്കുന്നതിനുള്ള ഇ-ചെലാൻ സംവിധാനം സംസ്ഥാനത്ത് നടപ്പിലാക്കുന്നതാണ്.

- ഇന്റഗ്രേറ്റഡ് ഡിജിറ്റൽ ട്രാഫിക് എൻഫോഴ്സ്മെന്റ് സിസ്റ്റം ഇൻ കേരള

അപകടസാധ്യതയുള്ള മേഖലകളിൽ എ.എൻ.പി.ആർ. ക്യാമറകൾ, റെഡ് ലൈറ്റ് ക്യാമറകൾ, ഹെൽമറ്റ് ഡിറ്റക്ഷൻ ക്യാമറകൾ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ക്യാമറകൾ, മൊബൈൽ സ്പീഡ് ലിമിറ്റ് വയലേഷൻ സിസ്റ്റം തുടങ്ങിയവ സ്ഥാപിച്ച് അമിതവേഗത, റെഡ് ലൈറ്റ് ജംപിംഗ്, സീറ്റ് ബെൽറ്റ് വയലേഷൻ, ട്രിപ്പിൾ റൈഡിംഗ്, അനധികൃതമായ പാർക്കിംഗ്, ഹെൽമെറ്റ് റൂൾ വയലേഷൻ, മൊബൈൽ ഫോൺ ഉപയോഗിച്ചുകൊണ്ട് വാഹനം ഓടിക്കുക തുടങ്ങിയ നിയമലംഘനങ്ങൾ ഓട്ടോമാറ്റിക്കായി കണ്ടെത്തുകയും ഇവയെ ബന്ധിപ്പിച്ചുള്ള കൺട്രോൾ റൂമിൽ നിന്നും ചെല്ലാനുകൾ വിതരണം ചെയ്യുകയും എല്ലാവിധ പണമിടപാടും ഡിജിറ്റലായിത്തന്നെ നിർവ്വഹിക്കാനും കഴിയുന്ന നൂതന പദ്ധതിയാണിത്. 180 കോടിയോളം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഈ പദ്ധതിയുടെ സേവന ദാതാവിനെ തെരഞ്ഞെടുക്കുന്നതിനായി പോലീസ് ഡിപ്പാർട്ട്മെന്റ് ആഗോള ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.

- ടെക്നോളജി ബേയ്സ്ഡ് ബാങ്കിംഗ് സൊല്യൂഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡിജിറ്റൽ ട്രാഫിക് എൻഫോഴ്സ്മെന്റ് സിസ്റ്റം

കയ്യിൽ കൊണ്ടുനടക്കാവുന്ന ഡിജിറ്റൽ ഉപകരണം മുഖേന ഇ-ചെലാൻ പ്രിന്റ് ചെയ്ത് നിയമ ലംഘനം നടത്തുന്നവർക്ക് നൽകുന്ന നടപടിയാണ് പ്രധാനമായും ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. ട്രാഫിക് ഫൈൻ ശേഖരണത്തിന് കൂടുതൽ കാര്യക്ഷമത കൈവരുത്തുക, ഈ പദ്ധതിയിലൂടെ പോലീസ് ഉദ്യോഗസ്ഥർക്ക് കൂടുതൽ വേഗത്തിലും കാര്യക്ഷമതയോടെയും ജോലി നോക്കാൻ കഴിയുക, നിയമ ലംഘകരുടെ വിശദ വിവരം ഉള്ള ഒരു ഡാറ്റാ ബേസ് ലഭ്യമാക്കുക, പൊതുജനങ്ങൾക്ക് വിവിധ നൂതന സാങ്കേതിക മാർഗ്ഗങ്ങളിലൂടെ പണം അടയ്ക്കാൻ സാധിക്കുക, ഡിജിറ്റൽ മാർഗ്ഗങ്ങളിലൂടെ റീ കൺസിലിയേഷൻ, അക്കൗണ്ടിംഗ് തുടങ്ങിയവ നടത്താൻ സാധിക്കുക എന്നിവയാണ് ടി പദ്ധതിയുടെ സവിശേഷതകൾ.

ഈ പദ്ധതി നടപ്പിലാക്കുവാൻ ആവശ്യമായ നടപടികൾ പോലീസ് ഡിപ്പാർട്ട്മെന്റ് സ്വീകരിച്ചുവരികയാണ്.

- ട്രാഫിക് ട്രെയിനിംഗ് ആന്റ് റിസർച്ച് സെന്റർ

ട്രാഫിക് ട്രെയിനിംഗ്, ട്രാഫിക് അപകടങ്ങളുമായി ബന്ധപ്പെട്ട ഗവേഷണം എന്നിവയ്ക്കായി കേരള പോലീസ് അക്കാദമിയിൽ ട്രാഫിക് ട്രെയിനിംഗ് ആന്റ് റിസർച്ച് സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പോലീസ് വകുപ്പ് സ്വീകരിച്ചിട്ടുണ്ട്.

- ബ്ലൂസ് ബസ്

മദ്യം, ഡ്രഗ്സ് എന്നിവ ഉപയോഗിച്ച് വാഹനം ഓടിക്കുന്നത് കണ്ടെത്തുന്നതിനായി ബ്ലൂസ് ബസ് സംവിധാനം നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ പോലീസ് ഡിപ്പാർട്ട്മെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നു.

- ട്രാഫിക് എൻഫോഴ്സ്മെന്റ് വാഹനങ്ങൾ

ഈ പദ്ധതിയിലൂടെ ട്രാഫിക് എൻഫോഴ്സ്മെന്റ് കൂടുതൽ കാര്യക്ഷമമാക്കുക എന്നതാണ് വിഭാവനം ചെയ്യുന്നത്. ആയതിലേക്കായി റിക്കവറി വാഹനങ്ങൾ, ട്രാഫിക് എൻഫോഴ്സ്മെന്റ് വാഹനങ്ങൾ, ഹൈടെക് ട്രാഫിക് എൻഫോഴ്സ്മെന്റ് വാഹനങ്ങൾ എന്നിവ വാങ്ങുന്നതിന് പോലീസ് വകുപ്പ് നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്.

<u>ശുഭയാത്ര</u>

എൻഫോഴ്സ്മെന്റ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും കേരളത്തിലെ റോഡുകളിൽ വാഹനാപകടങ്ങൾ പരമാവധി കുറച്ച് മെച്ചപ്പെട്ട സുരക്ഷ ഉറപ്പാക്കുന്നതിനും അപകടകരമായ ഡ്രൈവിംഗ് നിയന്ത്രിക്കുന്നതിനുമായാണ് സംസ്ഥാന സർക്കാരും കേരള പോലീസുമായി ചേർന്ന് ശുഭയാത്ര എന്ന നൂതന പദ്ധതിക്ക് രൂപം നൽകിയത്. ഈ പദ്ധതിയിൽ വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങളും എൻഫോഴ്സ്മെന്റ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടിയുള്ള വിവിധ പ്രവർത്തനങ്ങളുമാണ് വിഭാവനം ചെയ്തിട്ടുള്ളത്. ആധുനിക സാങ്കേതിക വിദ്യ പരമാവധി ഉപയോഗിച്ച് ട്രാഫിക് നിയമലംഘനങ്ങൾ പരമാവധി കുറയ്ക്കുകയും പിഴ ഈടാക്കുന്നത് കാര്യക്ഷമമാക്കുക എന്നതും ഇതിന്റെ ഉദ്ദേശ്യങ്ങളിലൊന്നാണ്.

ഈ പദ്ധതിയുടെ ഭാഗമായി ലഭ്യമായ ഫണ്ട് വിനിയോഗിച്ച് താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു.

• കേരളത്തിൽ റോഡപകടങ്ങളിൽപ്പെടുന്നവർക്ക് അതിവേഗം വിദഗ്ധ ചികിത്സ ലഭ്യമാക്കുന്നതിന് സോഫ്റ്റ് (SOFT-Save Our Fellow Travellers) എന്നറിയപ്പെടുന്ന സന്നദ്ധ സേവകരുടെ ഒരു ഗ്രൂപ്പ്/കൂട്ടായ്മ പോലീസ് ഡിപ്പാർട്ട്മെന്റ് രൂപവൽക്കരിക്കുന്നുണ്ട്. റോഡപകടത്തിന് വിധേയമാകുന്ന വ്യക്തികൾക്ക് എത്രയും വേഗം പ്രാഥമിക ശുശ്രൂഷ നൽകുകയും അടുത്തുള്ള ആശുപത്രിയിൽ എത്തിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുകയും ചെയ്യുക എന്നതാണ് സോഫ്റ്റ് എന്ന കൂട്ടായ്മയിലൂടെ വിഭാവനം ചെയ്യുന്നത്. പ്രാഥമിക ഘട്ടം എന്ന നിലയിൽ സോഫ്റ്റ് പദ്ധതിപ്രകാരം തിരുവനന്തപുരം സിറ്റി, റൂറൽ ജില്ലകളിലെ 26 പോലീസ് സർക്കിളിൽ നിന്നും 50 പേരെ വീതം തെരഞ്ഞെടുക്കുകയും 1200 പേർക്ക് ട്രോമാ കെയർ ഉൾപ്പെടെയുള്ള വിദഗ്ധ പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. റോഡപകടവേളയിൽ ത്വരിത നടപടി സ്വീകരിക്കുന്നതിന് പരിശീലനം ലഭിച്ച ഒരു കൂട്ടം സന്നദ്ധ സേവകരുടെ സാന്നിധ്യം ലഭ്യമാക്കാൻ ഈ പദ്ധതിയിലൂടെ കഴിഞ്ഞിട്ടുണ്ട്. ഇതിന്റെ പരിപൂർണ്ണ വിജയം കണക്കിലെടുത്ത് രണ്ടാം ഘട്ടം എന്ന നിലയിൽ 11 പോലീസ് ജില്ലകളിൽ കൂടി സോഫ്റ്റ് പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള ഒരു നിർദ്ദേശം പോലീസ് വകുപ്പ് റോഡ് സേഫ്റ്റി അതോറിറ്റിക്ക് സമർപ്പിക്കുകയും അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്.

• ഈ പദ്ധതിയുടെ ഭാഗമായി ശ്രീ. മോഹൻലാലിനെ ബ്രാൻഡ് അംബാസിഡറായി തെരഞ്ഞെടുക്കുകയും നിരവധി ബോധവൽക്കരണ ബോർഡുകൾ കേരളത്തിലുടനീളം സ്ഥാപിച്ചിട്ടുമുണ്ട്.

• ട്രാഫിക് ബോധവൽക്കരണത്തിനായി ശുഭയാത്ര പദ്ധതിയുടെ ഗുഡ്‌വിൽ അംബാസിഡർ ശ്രീ. മോഹൻലാലിനെ ഉൾപ്പെടുത്തി " Subhayathra Exhibition with Goodwill Ambassador on the Theme of Traffic Safety" എന്ന ഒരു എക്സിബിഷൻ പ്രോഗ്രാമിന് തുടക്കം കുറിച്ചിട്ടുണ്ട്. ഈ ബോധവൽക്കരണ എക്സിബിഷൻ കേരളത്തിലെ വിവിധ ജില്ലകളിൽ നടത്തിക്കൊണ്ടിരിക്കുന്നു.

• ഈ പദ്ധതിയുടെ ഭാഗമായി ശ്രീ. മോഹൻലാലിനെ ഉൾപ്പെടുത്തി ശുഭയാത്ര എന്ന പേരിൽത്തന്നെ ഒരു ഹ്രസ്വചിത്രം റിലീസ് ചെയ്തിട്ടുണ്ട്. ആയത് കേരളത്തിലെ വിവിധ തിയേറ്ററുകളിലും മറ്റ് ട്രാഫിക് ബോധവൽക്കരണ ക്ലാസ്സുകളിലും പ്രദർശിപ്പിച്ചുവരുന്നു.

• ട്രാഫിക് ബോധവൽക്കരണത്തിനായി പട്ടം സെന്റ് മേരീസ് സ്കൂളിൽ ഒരു ട്രാഫിക് സ്മാർട്ട് ക്ലാസ് റൂം നിർമ്മിച്ചിട്ടുണ്ട്. കേരളത്തിലെ 140 നിയോജക മണ്ഡലങ്ങളിലും ഇത്തരത്തിലുള്ള ട്രാഫിക് സ്മാർട്ട് ക്ലാസ് റൂം സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുകൊണ്ടിരിക്കുന്നു.

- കുട്ടികളുടെ ട്രാഫിക് ബോധവൽക്കരണത്തിനായി ശുഭയാത്ര ട്രാഫിക് ബുക്ക് എന്ന ആക്ടിവിറ്റി ബുക്ക് നിർമ്മിച്ചിട്ടുണ്ട്. പ്രാഥമിക ഘട്ടം എന്ന നിലയിൽ 100000 ബുക്കുകൾ കേരളത്തിലെ സ്കൂളുകളിൽ വിതരണത്തിനായി 19 പോലീസ് ഡിസ്ട്രിക്ടുകളിൽ ഏൽപ്പിക്കുകയും വിതരണം ചെയ്യുകയും ചെയ്തു.

- ട്രാഫിക് മേഖലയിൽ മികച്ച സേവനം അനുഷ്ഠിക്കുന്ന പോലീസുകാർക്കായി " DGP's Badge for Excellence in Traffic" എന്ന ഒരു അവാർഡ് നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

- സുരക്ഷിത യാത്രയുടെ ബോധവൽക്കരണത്തിനായി ശുഭയാത്ര എന്ന പേരിൽ ഒരു ട്രാഫിക് ബോധവൽക്കരണ വീഡിയോ ഗെയിം നിർമ്മിച്ചിട്ടുണ്ട്.

- കുട്ടികളുടെ ട്രാഫിക് ബോധവൽക്കരണത്തിനായി ട്രാഫിക് പാർക്കുകൾ സ്ഥാപിച്ചുകൊണ്ടിരിക്കുന്നു.

**ഓണത്തിന് ഒരു മുറം പച്ചക്കറി**

12 (*282) ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. കെ. കുഞ്ഞിരാമൻ:
ശ്രീ. പുരുഷൻ കടലുണ്ടി:
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വളരെ വിജയപ്രദമായി നടപ്പിലാക്കിയ ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി ഈ വർഷവും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഈ പദ്ധതിപ്രകാരം മുൻവർഷങ്ങളിൽ കൈവരിക്കാനായ പച്ചക്കറിയുല്പാദന വർദ്ധന എത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) കേവലം ഉല്പാദനവർദ്ധനവ് എന്നതിനപ്പുറം സ്കൂൾ കുട്ടികളെക്കൂടി ഉൾപ്പെടുത്തിയും ജനപങ്കാളിത്തം വർദ്ധിപ്പിച്ചുകൊണ്ടും വാണിജ്യേതരകൃഷി ഒരു സംസ്കാരമായി രൂപപ്പെടുത്തി സുസ്ഥിരനേട്ടം കൈവരിക്കുകയെന്ന ലക്ഷ്യത്തോടെയാണോ പ്രസ്തുത പദ്ധതി ആവിഷ്കരിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ;

(സി) പച്ചക്കറിയുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാനായി വി.എഫ്.പി.സി.കെ.-യിലൂടെ നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ഡി) കർഷകരുടെ ഉല്പന്നങ്ങൾ ന്യായവിലയ്ക്ക് സംഭരിക്കുന്നതിനും അവയുടെ വിപണനത്തിനും ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്തൊക്കെയാണെന്ന് അറിയിക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) ഉണ്ട്. 2017-18 വർഷം ആരംഭിച്ച് തുടർന്നും വിജയകരമായി നടപ്പിലാക്കിവരുന്ന ബൃഹത് പദ്ധതിയാണ് 'ഓണത്തിന് ഒരു മുറം പച്ചക്കറി'.

2017-18 സാമ്പത്തിക വർഷത്തിൽ 'ഓണത്തിന് ഒരു മുറം പച്ചക്കറി' പദ്ധതി വിജയകരമായി നടപ്പിലാക്കിയതിലൂടെ 18639.672 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്തു. ഇതിലൂടെ 96899.52 ടൺ പച്ചക്കറി അധികമായി ഉല്പാദിപ്പിക്കുവാൻ കഴിഞ്ഞു.

2018-19 സാമ്പത്തിക വർഷത്തിൽ ഓണക്കാലത്ത് പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി 25000 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി കൊണ്ടുവരാൻ ലക്ഷ്യമിട്ടുകൊണ്ടായിരുന്നു പദ്ധതി നടപ്പിലാക്കിയിരുന്നത്. എന്നാൽ അപ്രതീക്ഷിതമായി ഉണ്ടായ പ്രളയംമൂലം സംസ്ഥാനത്തൊട്ടാകെ നടപ്പിലാക്കിവന്ന പദ്ധതിയിൽ പച്ചക്കറി വിള വിസ്തൃതിയുടെ ഏകദേശം 70% മുതൽ 75% വിളനാശം സംഭവിക്കുകയുണ്ടായി.

(ബി) അതെ. ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി സ്കൂൾ വിദ്യാർത്ഥികളെയും സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളെയും പങ്കാളികളാക്കിയാണ് നടപ്പിലാക്കിവരുന്നത്.

സംസ്ഥാനത്ത് സ്കൂൾ കുട്ടികളെക്കൂടി ഉൾപ്പെടുത്തി പച്ചക്കറി കൃഷി വ്യാപകമാക്കുന്നതിനും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുമായി ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. പ്രസ്തുത പദ്ധതി വഴി വിദ്യാലയങ്ങളിൽ പച്ചക്കറിത്തോട്ടം തയ്യാറാക്കുന്നതിനും വിദ്യാർത്ഥി/വിദ്യാർത്ഥിനികളെ കൃഷിയിലേക്ക് ആകർഷിക്കുന്നതിനും നൂതന കൃഷി രീതികളെക്കുറിച്ച് അവബോധം നൽകുന്നതിനുമായി 20-25 വിദ്യാർത്ഥികളും ഒരു അദ്ധ്യാപകനും ചേർന്ന് ഹരിത ക്ലബ്ബ് രൂപീകരിക്കുന്നു. ജലസേചന സൗകര്യം ലഭ്യമാക്കുന്നതിന് പമ്പ്സെറ്റ്, കിണർ എന്നിവ സ്ഥാപിക്കുകയും ചെയ്യുന്നു. കൂടാതെ സ്കൂൾ വിദ്യാർത്ഥികളുടെ വീട്ടുവളപ്പിൽ കൃഷി ചെയ്യുന്നതിന് പച്ചക്കറി വിത്തുകിറ്റുകൾ സൗജന്യമായി വിദ്യാർത്ഥികൾക്ക് നൽകിവരുന്നു. ഇതിലൂടെ സ്കൂൾ വളപ്പിലും വിദ്യാർത്ഥികളുടെ വീട്ടുവളപ്പിലും പച്ചക്കറി കൃഷി ചെയ്യുന്നതിനായി എല്ലാവിധ പ്രോത്സാഹനവും നൽകുന്നതിനുപരി വിഷരഹിത പച്ചക്കറി വീട്ടുവളപ്പിൽ നിന്നുതന്നെ ഉല്പാദിപ്പിക്കുന്നതിനും സാധിക്കുന്നു.

പച്ചക്കറി ഉല്പാദനത്തിൽ സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളെയും പങ്കാളികളാക്കുക എന്ന ഉദ്ദേശ്യത്തോടെ സംസ്ഥാനത്തെ 65 ലക്ഷം കുടുംബങ്ങളെ ഉൾപ്പെടുത്തിയാണ് ഓണത്തിന് ഒരു മുറം പച്ചക്കറി നടപ്പിലാക്കുന്നത്.

പദ്ധതിപ്രകാരം പച്ചക്കറി വിത്ത് പായ്ക്കറ്റുകൾ, തൈകൾ, ഗ്രോബാഗ് യൂണിറ്റുകൾ എന്നിവ നൽകിവരുന്നു. കർഷകർ, വിദ്യാർത്ഥികൾ, സഹകരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, ഉദ്യോഗസ്ഥർ, സന്നദ്ധ സംഘടനകൾ, റെസിഡൻസ് അസോസിയേഷനുകളിലെ അംഗങ്ങൾ, ജനപ്രതിനിധികൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവരെ സംയോജിപ്പിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്.

ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതിയിൽ പച്ചക്കറി കൃഷിക്ക് ജൈവ കൃഷി രീതികൾക്ക് പ്രാധാന്യം നല്കുന്നതിലൂടെ ഓണക്കാലത്ത് വിഷരഹിതമായ പച്ചക്കറി ലഭ്യമാകുകയും അന്യസംസ്ഥാനങ്ങളിൽ നിന്നുമുള്ള വിഷലിപ്തമായ പച്ചക്കറികളുടെ ഇറക്കുമതി തോത് കുറയ്ക്കുന്നതിനും ലക്ഷ്യമിടുന്നു.

(സി) പച്ചക്കറിയുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാനായി വി.എഫ്.പി.സി.കെ.-യിലൂടെ നടത്തിവരുന്ന പ്രവർത്തനങ്ങളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. പച്ചക്കറി വിത്തുൽപ്പാദന പദ്ധതി

ജനിതക ശുദ്ധിയും ഉൽപ്പാദന ക്ഷമതയുമുള്ള പച്ചക്കറി വിത്തുകൾ ഉൽപ്പാദിപ്പിക്കുന്നതിനും അവ സംസ്കരിച്ച് വിതരണം നടത്തുന്നതിനുമായി പാലക്കാട് ജില്ലയിലെ ആലത്തൂരിൽ വി.എഫ്.പി.സി.കെ.-യുടെ കീഴിൽ ഒരു സീഡ് പ്രോസ്സസ്സിംഗ് പ്ലാന്റ് പ്രവർത്തിച്ചുവരുന്നു. കൗൺസിലിന് കീഴിൽ വിത്തുൽപ്പാദനത്തിൽ പരിശീലനം സിദ്ധിച്ച 189 കർഷകർ ഉൾപ്പെടുന്ന വിത്തുൽപ്പാദക സംഘമാണ് വിത്ത് ഉൽപ്പാദിപ്പിക്കുന്നത്. ഈ വിത്ത് സംസ്കരണശാലയിലെ ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ലാബിൽ ശുദ്ധീകരിച്ച് അങ്കുരണശേഷി ഉറപ്പാക്കിയശേഷമാണ് വിതരണം ചെയ്യുന്നത്. നമ്മുടെ കാലാവസ്ഥയ്ക്ക് അനുയോജ്യമായ 17 ഇനം പച്ചക്കറി വിത്തുകൾ ഇവിടെ നിന്നും വിതരണം ചെയ്യുന്നുണ്ട്. 2018-19 വർഷം 98.7 മെട്രിക് ടൺ വിത്തുൽപ്പാദിപ്പിച്ച് വിതരണം ചെയ്യുവാൻ സാധിച്ചിട്ടുണ്ട്.

സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷന്റെ സഹായത്തോടെ വി.എഫ്.പി.സി.കെ.-യുടെ കീഴിൽ പ്രവർത്തിക്കുന്ന വിത്ത് ഉൽപ്പാദക കർഷകർക്ക് പ്രളയംമൂലം ഉണ്ടായ നഷ്ടം പരിഹരിക്കുവാൻ (പ്രധാനമായും അടിസ്ഥാന സൗകര്യങ്ങൾ പുനഃസ്ഥാപിക്കുവാനായി) ഈ വർഷം 259.75 ലക്ഷം രൂപയുടെ പ്രത്യേക പദ്ധതി നടപ്പിലാക്കുന്നു.

കൃഷി വകുപ്പിന്റെ 'ഓണത്തിന് ഒരു മുറം പച്ചക്കറി' പദ്ധതിയിലൂടെ 2018-ൽ ഒരു കോടിയിൽപ്പരം വിത്ത് പായ്ക്കറ്റുകൾ വാണിജ്യ വാണിജ്യേതര കർഷകർ, സ്കൂൾ കുട്ടികൾ, വീട്ടമ്മമാർ തുടങ്ങിയവർക്ക് ലഭ്യമാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ വിവിധ

മാധ്യമ പ്രസിദ്ധീകരണങ്ങൾ വഴിയും കർഷകർക്ക് പച്ചക്കറി വിത്ത് ലഭ്യമാക്കുന്നുണ്ട്. ഈ വർഷവും ടി പദ്ധതിക്കാവശ്യമായ പച്ചക്കറി വിത്തുകിറ്റുകൾ വി.എഫ്.പി.സി.കെ. -യാണ് ലഭ്യമാക്കുന്നത്.

2. പച്ചക്കറി തൈ ഉൽപ്പാദന പദ്ധതി

പച്ചക്കറി കൃഷിക്ക് നടീൽ വസ്തുക്കൾ ആവശ്യാനുസരണം ലഭ്യമാക്കുന്നതിനായി വി.എഫ്.പി.സി.കെ.-യുടെ കീഴിൽ മൂവാറ്റുപുഴ നടുക്കരയിൽ പ്രതിവർഷം 2 കോടി പച്ചക്കറി തൈ ഉൽപ്പാദനശേഷിയുള്ള ഒരു ഹൈടെക് പച്ചക്കറി തൈ ഉൽപ്പാദന കേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. ഇവിടെ നിന്നും 78 ലക്ഷം പച്ചക്കറി തൈകൾ വിതരണം ചെയ്തിട്ടുണ്ട്. കൃഷി വകുപ്പിന്റെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും വിവിധ പദ്ധതികൾക്ക് ഇവിടെനിന്നും തൈകൾ ലഭ്യമാക്കുവാൻ കഴിയുന്നുണ്ട്.

3. നാടൻ/പരമ്പരാഗത പച്ചക്കറികളുടെ വിത്ത് ഉൽപ്പാദനവും വിതരണവും

ജനിതക സമ്പത്ത് നിലനിർത്തുന്നതിനും പരമ്പരാഗത പച്ചക്കറി ഇനങ്ങളുടെ ലഭ്യത വർദ്ധിപ്പിക്കുന്നതിനുമായി തെരഞ്ഞെടുത്ത പരമ്പരാഗത പച്ചക്കറി വിളകളുടെ വിത്ത് വ്യാപകമായി ഉൽപ്പാദിപ്പിക്കുന്നതിനും കർഷകർക്ക് വിത്ത് വിതരണം ചെയ്യുന്നതിനുമുള്ള ഒരു പ്രത്യേക പദ്ധതിക്കും കൗൺസിൽ തുടക്കം കുറിച്ചിട്ടുണ്ട്. 2018 സാമ്പത്തിക വർഷം 28-ഓളം നാടൻ ഇനങ്ങളുടെ പ്രദർശനത്തോട്ടം ഒരുക്കുകയും അവയിൽനിന്നും ആവശ്യകത ഏറെയുള്ള ഇനങ്ങൾ തെരഞ്ഞെടുത്ത് വിത്തുൽപ്പാദനത്തിന് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പരമ്പരാഗത പച്ചക്കറി ഇനങ്ങളുടെ പ്രചാരത്തിനായി 2019-20 വർഷം 35 ഹെക്ടറിൽ ഇവയുടെ കൃഷി വ്യാപിപ്പിക്കുന്നതിന് ഹെക്ടറിന് 15,000 രൂപ നിരക്കിൽ ധനസഹായം ലഭ്യമാക്കുന്നതാണ്.

4. പച്ചക്കറി കൃഷി വികസന പദ്ധതി 2019-20

സംസ്ഥാന സർക്കാരിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 2019-20 വർഷം 7 കോടി രൂപ ചെലവിൽ പച്ചക്കറി കൃഷി വികസന പദ്ധതി നടപ്പിലാക്കുന്നതാണ്. പദ്ധതിയിലെ പ്രധാന പ്രവർത്തനങ്ങൾ ഇവയാണ്.

(i) പച്ചക്കറി കൃഷിയിൽ കയറ്റുമതി മൂല്യമുള്ള പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഉത്തമ കൃഷി മുറകൾ/പാർട്ടിസിപ്പേറ്ററി ഗ്യാരന്റി സമ്പ്രദായം എന്നീ കൃഷി രീതികൾ അടിസ്ഥാനപ്പെടുത്തി 200 ഹെക്ടറിൽ കൃഷി വ്യാപിപ്പിക്കുന്നതിന് 30,000 രൂപ എന്ന നിരക്കിൽ കർഷകർക്ക് ധനസഹായം ലഭ്യമാക്കുന്നതാണ്.

(ii) മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിലുള്ള ശാസ്ത്രീയ വളപ്രയോഗം പ്രോത്സാഹിപ്പിക്കുന്നതിന് 2200 സോയിൽ ഹെൽത്ത് കാർഡുകൾ ഈ വർഷം കർഷകർക്ക് വിതരണം ചെയ്യും.

(iii) ഉൽപ്പാദനക്ഷമതയേറിയ ഹൈബ്രിഡ് പച്ചക്കറി ഇനങ്ങളുടെ കൃഷിക്ക് ഹെക്ടറിന് 20,000 രൂപ എന്ന നിരക്കിൽ 100 ഹെക്ടറിന് ധനസഹായം ലഭ്യമാക്കുന്നതാണ്.

(iv) പച്ചക്കറികളുടെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്ന കൃത്യതാ കൃഷി, തെരഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ 10 ഹെക്ടർ സ്ഥലത്ത് നടപ്പിലാക്കുന്നതിനായി ഹെക്ടറിന് 1.5 ലക്ഷം രൂപ എന്ന നിരക്കിൽ സബ്സിഡി ലഭ്യമാക്കുന്നതാണ്.

(v) കാർഷിക യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി 50% സബ്സിഡി നിരക്കിൽ കർഷകർക്ക് ധനസഹായം ലഭ്യമാക്കുന്നതാണ്.

(vi) ഇടവിളയായി പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 500 ഹെക്ടറിൽ, ഹെക്ടറിന് 7,500 രൂപ എന്ന നിരക്കിൽ ധനസഹായം ലഭ്യമാക്കുന്നതാണ്.

(vii) പോഷകമൂല്യമേറിയ നാടൻ പച്ചക്കറികളുടെ പ്രചാരണത്തിനായി 100 ഹെക്ടറിൽ, അമര, നിത്യവഴുതന, പീച്ചിൽ തുടങ്ങിയവയുടെ കൃഷി പ്രോൽസാഹിപ്പിക്കുന്നതിന് ഹെക്ടറിന് 15,000 രൂപ ധനസഹായം ലഭ്യമാക്കുന്നതാണ്.

(viii) കിഴങ്ങ് വിളകളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 100 ഹെക്ടറിൽ ഹെക്ടറിന് 22,500 രൂപ എന്ന നിരക്കിൽ സബ്സിഡി നൽകുന്നതാണ്.

(ix) വിഷ വിമുക്തമായ പച്ചക്കറി, കിഴങ്ങുവർഗ്ഗ വിളകളുടെ (സേഫ് റ്റു ഈറ്റ്) ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിനായി ഉൽപ്പന്നങ്ങൾക്ക് 2.5 രൂപ/ കിലോ നിരക്കിൽ കർഷകർക്ക് ധനസഹായം നൽകുന്നതാണ്.

(x) 10 ബാങ്കുകളുമായുള്ള നിലവിലെ ധാരണാ പത്രംപ്രകാരം ലളിതവും സുതാര്യവുമായ വ്യവസ്ഥകളിൽ കർഷകർക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുന്നതിനായി വായ്പാ സഹായം ലഭ്യമാക്കും. വായ്പാ പദ്ധതിയുടെ ഭാഗമായി 40 ലക്ഷം രൂപ പലിശ സബ്സിഡി (2%) ഇനത്തിൽ കർഷകർക്ക് നൽകും.

(xi) കാർഷിക മേഖലയിലെ വിജ്ഞാന വ്യാപന പ്രവർത്തനങ്ങളുടെ ഭാഗമായി സെമിനാറുകൾ, കാർഷിക പരിശീലന പരിപാടികൾ, പഠന യാത്രകൾ സംഘടിപ്പിക്കുന്നതാണ്.

(xii) പുതിയ സാങ്കേതിക വിദ്യകൾ, പുത്തൻ കൃഷി രീതികൾ, പുതിയ വിള ഇനങ്ങൾ എന്നിവ കർഷകരുടെ ഇടയിൽ പ്രചരിപ്പിക്കുന്നതിനായി പങ്കാളിത്ത ഗവേഷണ പദ്ധതികൾ, ഡമോൺസ്ട്രേഷനുകൾ, തീവ്രയജ്ഞ പരിപാടികൾ എന്നിവ സംഘടിപ്പിക്കുന്നതാണ്.

5. വിള വികസന പദ്ധതി:

സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷന്റെ 8.5 കോടി രൂപയുടെ ധനസഹായത്തോടെ 4250 ഹെക്ടറിൽ ഹൈബ്രിഡ് പച്ചക്കറി കൃഷി വ്യാപനത്തിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു.

6. ജൈവ പച്ചക്കറി വികസന പദ്ധതി:

കൗൺസിലിന്റെ നേതൃത്വത്തിൽ വിവിധ ജില്ലകളിലായി ജൈവകൃഷിയിൽ തല്പരരായ കർഷകരുടെ 232 പ്രാദേശിക ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. ഏതാണ്ട് 1598 കർഷകർ ഉൾപ്പെടുന്ന ഈ സംഘങ്ങൾ വഴി എല്ലാ ജില്ലകളിലുമായി 887.5 ഹെക്ടർ സ്ഥലത്ത് ജൈവകൃഷി നടപ്പിലാക്കിവരുന്നു. ഇതിനകം 32 കർഷകർക്ക് "പി.ജി.എസ്. ഗ്രീൻ സർട്ടിഫിക്കേഷൻ" ലഭ്യമാക്കിയിട്ടുണ്ട്.

കൂടാതെ ഇടുക്കി, പാലക്കാട്, കാസർഗോഡ് ജില്ലകളിൽ 20 ഹെക്ടർ വീതമുള്ള 14 ക്ലസ്റ്ററുകളിലായി പി.കെ.വി.വൈ. പദ്ധതിപ്രകാരം ജൈവപച്ചക്കറി കൃഷിക്ക് പ്രോത്സാഹനം നൽകിവരുന്നു. ഇതുകൂടാതെ ഇടുക്കി ജില്ലയിൽ 20 ഹെക്ടർ വീതമുള്ള 75 ക്ലസ്റ്ററുകളിലായി ശീതകാല പച്ചക്കറി കൃഷി ക്ലസ്റ്ററുകളും രൂപീകരിച്ചുവരുന്നു. കർഷകർക്ക് ജൈവകൃഷിയിൽ പരിശീലനം, ഉൽപ്പാദനോപാധികൾ ലഭ്യമാക്കുന്നതിനുള്ള ധനസഹായം, കൃഷിയിടത്തിൽ നിന്നും വിപണിയിലേക്ക് ഉൽപ്പന്നങ്ങൾ എത്തിക്കുന്നതിനുള്ള ട്രാൻസ്പോർട്ടേഷൻ സബ്സിഡി തുടങ്ങിയവ ഈ പദ്ധതിപ്രകാരം ലഭ്യമാക്കുന്നതാണ്.

7. ഹരിതനഗരിപദ്ധതി: നഗരപ്രദേശങ്ങളിൽ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കൗൺസിൽ പ്രത്യേക പദ്ധതിപ്രകാരം പച്ചക്കറി തൈ നട്ട ഗ്രോബാഗുകൾ വീട്ടമ്മമാർക്ക് ലഭ്യമാക്കുന്നു.

(ഡി) കർഷകരുടെ ഉല്പന്നങ്ങൾ ന്യായവിലയ്ക്ക് സംഭരിക്കുന്നതിനും അവയുടെ വിപണനത്തിനും കാർഷിക വികസന കർഷകക്ഷേമ വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

വിപണി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 2017-18 സാമ്പത്തിക വർഷം 400 ആഴ്ച്ചചന്തകളും 213 ഇക്കോഷോപ്പുകളും ആരംഭിച്ചിട്ടുണ്ട്. നിലവിൽ 454 ഇക്കോഷോപ്പുകൾ പ്രവർത്തിക്കുന്നുണ്ട്. ഇത് കൂടാതെ 5 ജില്ലകളിൽ സംഭരണ കേന്ദ്രങ്ങളും പ്രവർത്തിച്ചുവരുന്നുണ്ട്. വകുപ്പിന്റെ കീഴിലുള്ള 6 കാർഷിക മൊത്ത വ്യാപാര വിപണികളും കർഷകർക്ക് ന്യായവില ലഭിക്കത്തക്കവിധം കാർഷികോല്പന്നങ്ങൾ വിപണനം നടത്തുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

2017-18-ൽ വിപണിയിൽ ഒരു നൂതന പരിഷ്കരണ സമ്പ്രദായം തൃശ്ശൂർ ജില്ലയിൽ ആരംഭിക്കുകയുണ്ടായി. "കർഷക മിത്ര" എന്ന സംവിധാനത്തിലൂടെ കർഷകനും ഉപഭോക്താക്കൾക്കുമിടയിൽ ഒരു പ്രേരകമായി വർത്തിക്കുകയും വീട്ടുവളപ്പിലെ കൃഷിയിൽ നിന്നുമുണ്ടാകുന്ന അധികോല്പാദനം വീടുകളിൽ നിന്നും ശേഖരിച്ച് പുതുമ നഷ്ടപ്പെടാതെ അന്നന്ന് തന്നെ ഉപഭോക്താക്കൾക്ക് നൽകിവരുന്നുണ്ട്.

കേരളത്തിന്റെ പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് വിപണന സൗകര്യങ്ങളുടെ സാന്നിധ്യം ഒരു പ്രധാന ഘടകമാണ്. വിപണി വികസന പദ്ധതിപ്രകാരം വിവിധ സൗകര്യങ്ങളാണ് ആഴ്ച്ചചന്തകളും ഇക്കോഷോപ്പുകളും അനുവദിച്ചതിലൂടെ കർഷകർക്ക് ലഭ്യമായിട്ടുള്ളത്. ഉല്പാദന സ്ഥലത്തിനടുത്ത് തന്നെയുള്ള വിപണന സൗകര്യങ്ങൾ നിമിത്തം കടത്തുകൂലി, പണിക്കൂലി എന്നിവമൂലമുള്ള ചെലവ് ഗണ്യമായി കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്. നാമമാത്ര ചെറുകിട ഉത്പാദകർക്ക് ഈ സൗകര്യങ്ങൾ വളരെയധികം പ്രയോജനം ചെയ്തുവരുന്നുണ്ട്. വലിയ ഉല്പാദകരെ സംബന്ധിച്ചിടത്തോളം 6 കാർഷിക മൊത്ത വ്യാപാര വിപണികളും (നഗര കാർഷിക മൊത്ത വ്യാപാര വിപണികൾ-ആനയറ, മരട്, വേങ്ങേരി, ഗ്രാമീണ കാർഷിക മൊത്ത വ്യാപാര വിപണികൾ-നെടുമങ്ങാട്, മൂവാറ്റുപുഴ, സുൽത്താൻ ബത്തേരി) കോട്ടയം, തൃശ്ശൂർ, ആലപ്പുഴ, കൊല്ലം, ഇടുക്കി എന്നീ ജില്ലകളിൽ പ്രവർത്തിച്ചുവരുന്ന സംഭരണ കേന്ദ്രങ്ങളും ന്യായവില ലഭിക്കുവാൻ കർഷകർക്ക് സഹായമായി പ്രവർത്തിച്ചുവരുന്നു. മൊത്ത വ്യാപാര വിപണികളിലും ജില്ലാ സംഭരണ കേന്ദ്രങ്ങളിലും ലേല സമ്പ്രദായത്തിലൂടെയാണ് കർഷകർ ഉത്പന്നങ്ങൾ വിറ്റഴിക്കുന്നത്.

2019-20 സാമ്പത്തിക വർഷം കാർഷിക മൊത്ത വ്യാപാര വിപണികൾക്കും ജില്ലാ സംഭരണ കേന്ദ്രങ്ങൾക്കുമായി 477 ലക്ഷം രൂപയും ഗ്രാമപഞ്ചായത്ത് തലത്തിലുള്ള ആഴ്ച വിപണികൾക്കുള്ള അധിക സഹായമായി 50 ലക്ഷം രൂപയും കർഷക മിത്ര പദ്ധതിക്കായി 210 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

കാർഷിക വികസന കർഷകക്ഷേമ വകുപ്പ് കാർഷികോല്പന്നങ്ങളുടെ വിപണനത്തിന് ഏർപ്പെടുത്തിവരുന്ന സൗകര്യങ്ങൾ കർഷക സമൂഹത്തിന് വളരെയധികം പ്രയോജനപ്രദമാണ്. കർഷകർ ഉത്തമ കൃഷി മുറകൾ പാലിച്ച് ജൈവ രീതിയിൽ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ ന്യായവിലയ്ക്ക് സംഭരിക്കുന്നതിനും അവയുടെ വിപണനത്തിനും ഇക്കോഷോപ്പുകൾ പ്രവർത്തിക്കുന്നുണ്ട്.

ജൈവ ക്ലസ്റ്ററുകളിൽ ഉല്പാദിപ്പിക്കുന്ന കാർഷിക ഉല്പന്നങ്ങൾ അധിക വില നല്കി ഇക്കോഷോപ്പുകളിൽ സംഭരിച്ച് ഉപഭോക്താക്കൾക്ക് വിപണനം നടത്തുന്നു. ജൈവ കർഷകർ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ 20% അധിക വില നല്കി കർഷകരിൽനിന്ന് സംഭരിക്കുകയും ഉപഭോക്താക്കളിലെത്തിക്കുകയും ചെയ്യുന്ന സംവിധാനവും നിലവിലുണ്ട്.

കൂടാതെ GAP മാനദണ്ഡങ്ങൾ പിന്തുടരുന്ന GAP ക്ലസ്റ്ററുകളിൽനിന്നുള്ള സുരക്ഷിതമായ ഉല്പന്നങ്ങൾ ഇക്കോഷോപ്പുകളിലൂടെ ശരിയായ പായ്ക്കിംഗ്, ലേബലിംഗ് എന്നിവ നടത്തി ഉത്പാദകർക്കും ഉപഭോക്താക്കൾക്കും ന്യായവില ഉറപ്പാക്കി വില്പന നടത്തുന്നു. വിൽപ്പനയ്ക്ക് മുമ്പായി ഉല്പന്നങ്ങൾ ക്ലീനിംഗ്, ഗ്രേഡിംഗ്, പായ്ക്കിംഗ് എന്നിവ നടത്തി "കേരള ഓർഗാനിക്" ബ്രാൻഡിൽ ലേബൽ ചെയ്ത് നേരിട്ട് വിപണനം നടത്തുന്നു.

ജൈവ കൃഷി പദ്ധതിയിൽ സംസ്ഥാനത്തൊട്ടാകെ 454 ഇക്കോഷോപ്പുകൾ പ്രവർത്തിച്ചുവരുന്നു. കർഷകർ ഉത്തമ കൃഷിമുറകൾ പാലിച്ച് ജൈവ രീതിയിൽ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ ന്യായവിലയ്ക്ക് സംഭരിക്കുന്നതിനും അവയുടെ വിപണനത്തിനും ഇക്കോഷോപ്പുകൾ പ്രവർത്തിക്കുന്നുണ്ട്.

കർഷകരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി സംസ്ഥാനത്തുടനീളം 287 സ്വാശ്രയകർഷക സമിതികളാണ് വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന് കീഴിൽ പ്രവർത്തിച്ചുവരുന്നത്. കർഷകർ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ സമിതികളിലെത്തിച്ച് കച്ചവടക്കാർക്ക് ലേലത്തിലൂടെ വിപണനം ചെയ്യുന്നു. ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും കർഷകരെ രക്ഷിക്കുന്നതിനും ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുന്നതിനും സ്വാശ്രയ കർഷക സമിതികൾ സഹായകരമാണ്. വിപണന ചെലവുകൾ കുറയ്ക്കുവാനും ഇത് സഹായകമാണ്. കർഷകർക്ക് സുസ്ഥിര വരുമാനവും മെച്ചപ്പെട്ട ജീവിതനിലവാരവും ഉറപ്പാക്കുന്നതിന് ഈ സംവിധാനം വഴിയൊരുക്കിയിട്ടുണ്ട്. സ്വാശ്രയ കർഷക സമിതികൾ വഴി വി.എഫ്.പി.സി.കെ. ശരാശരി ഒരു ലക്ഷം മെട്രിക് ടൺ പഴം പച്ചക്കറി ഉല്പന്നങ്ങൾ വിപണനം ചെയ്തുവരുന്നു. സ്വാശ്രയ കർഷക സമിതികളിൽ നിന്ന് ഹോർട്ടികോർപ്പും കർഷകരുടെ ഉൽപ്പന്നങ്ങൾ നേരിട്ട് സംഭരിച്ച് ന്യായ വില ഉറപ്പാക്കുന്നുണ്ട്.

ഇതിനുപുറമേ, ഉല്പന്നങ്ങൾക്ക് വില താഴ്ന്നപോകുന്ന സാഹചര്യത്തിൽ കർഷകർക്ക് ന്യായ വില ലഭ്യമാക്കുന്നതിനായി പ്രത്യേക 'റിസ്ക് ഫണ്ട്' പദ്ധതി കൗൺസിൽ നടപ്പിലാക്കുന്നുണ്ട്. ഏതാണ്ട് 30 ഇനം പഴം പച്ചക്കറികൾ 'റിസ്ക് ഫണ്ട്' പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഓരോ വിളയ്ക്കും ഉൽപ്പാദനച്ചെലവിന്റെ അടിസ്ഥാനത്തിൽ ജില്ലാ തലത്തിൽ തറവില നിശ്ചയിക്കുകയും തറവിലയിൽനിന്നും വില കുറഞ്ഞുപോകുന്ന സാഹചര്യത്തിൽ റിസ്ക് ഫണ്ടിൽ നിന്നുള്ള സഹായം ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. നിലവിൽ 40% കർഷക വിഹിതവും 60% ഗവൺമെന്റ് വിഹിതവുമായാണ് റിസ്ക് ഫണ്ട് പദ്ധതി നടപ്പിലാക്കുന്നത്. ഉൽപ്പന്നങ്ങൾക്ക് വില ഇടിയുന്ന അവസരങ്ങളിൽ വിപണിയിൽ നിന്നും മറ്റ് മാർക്കറ്റുകളിലേക്ക് ഉൽപ്പന്നങ്ങൾ എത്തിക്കുന്നതിന് വിപണി ഇടപെടലുകൾക്കും പദ്ധതി സഹായം ലഭ്യമാക്കുന്നു. കൂടാതെ, വിപണിയിലെത്തിക്കുന്ന ഉൽപ്പന്നങ്ങൾക്ക് കിലോയ്ക്ക് 1 രൂപ നിരക്കിൽ സെയിൽസ് പ്രൊമോഷൻ ഇൻസെന്റീവും ലഭ്യമാക്കുന്നു.

## ഉറവിട മാലിന്യസംസ്കരണം

13 (*283) <u>ശ്രീ. ഐ. ബി. സതീഷ്:</u>
<u>ശ്രീ. എ. പ്രദീപ്കുമാർ:</u>
<u>ശ്രീ. രാജു എബ്രഹാം:</u>
<u>ശ്രീ. എൻ. വിജയൻ പിള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉറവിട മാലിന്യസംസ്കരണം കാര്യക്ഷമമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഉറവിട മാലിന്യസംസ്കരണ പ്രക്രിയ ത്വരിതപ്പെടുത്തുന്നതിനായി സംസ്ഥാനത്തിന് അനുയോജ്യവും തദ്ദേശീയവുമായ സാങ്കേതികവിദ്യകൾ വികസിപ്പിക്കുന്നതിനും അത് അംഗീകരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ദ്രവമാലിന്യങ്ങൾ ഉറവിടത്തിൽത്തന്നെ ജൈവവളമാക്കുന്നതിനും ഖരമാലിന്യങ്ങൾ പുനരുപയോഗത്തിനായി ശേഖരിക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഹരിതകർമ്മസേന എന്ന പേരിൽ തൊഴിൽ സേനകൾ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ അവയുടെ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) ഉറവിട മാലിന്യ സംസ്കരണം സമൂഹത്തിൽ വ്യാപകമാക്കുകയും ഉചിതമായ മാലിന്യ സംസ്കരണ സംവിധാനങ്ങളായ ബയോഗ്യാസ് പ്ലാന്റുകൾ, വെർമി കമ്പോസ്റ്റ്, റിംഗ് കമ്പോസ്റ്റ്, ബയോ ബിൻ, ബക്കറ്റ് കമ്പോസ്റ്റ്, കലം കമ്പോസ്റ്റ്, പൈപ്പ് കമ്പോസ്റ്റ് തുടങ്ങിയ സാങ്കേതിക സംവിധാനങ്ങൾ ഉപയോഗിച്ച് ജൈവമാലിന്യങ്ങൾ വീടുകളിലും സ്ഥാപനങ്ങളിലും കെട്ടിട സമുച്ചയങ്ങളിലും സ്വന്തം ഉത്തരവാദിത്വത്തിലും തീരെ സ്ഥലസൗകര്യമില്ലാത്ത ഇടങ്ങളിൽ തുമ്പൂർമൂഴി മാതൃകയിലുള്ള കമ്മ്യൂണിറ്റിതല കമ്പോസ്റ്റ് സംവിധാനങ്ങളും ബയോഗ്യാസ് പ്ലാന്റുകളും സ്ഥാപിച്ച് മാലിന്യത്തെ ജൈവകൃഷിക്ക് അനുയോജ്യമായ വളമാക്കി മാറ്റി കൃഷി വ്യാപിപ്പിക്കുകയും ചെയ്യുന്ന നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ ഇവ നടന്നുവരുന്നു.

(ബി) സംസ്ഥാനത്തിന്റെ ഭൂമിശാസ്ത്രം, ജനസാന്ദ്രത, കാലാവസ്ഥ തുടങ്ങിയ സവിശേഷതകൾ പരിഗണിച്ചുകൊണ്ട് ജൈവമാലിന്യങ്ങൾ ഉറവിടത്തിൽത്തന്നെ സുരക്ഷിതമായി സംസ്കരിക്കുന്നതിനുള്ള കമ്പോസ്റ്റിംഗ്, ബയോമെതനേഷൻ തുടങ്ങിയ അനുയോജ്യവും തദ്ദേശീയവുമായ സാങ്കേതിക വിദ്യകളുടെ അടിസ്ഥാനത്തിലുള്ള വിവിധ സാങ്കേതിക സംവിധാനങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കിവരുന്നു. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് മാലിന്യ സംസ്കരണ പ്രോജക്ടുകൾ എളുപ്പത്തിൽ നിർവ്വഹണം നടത്തുന്നതിലേക്ക് അക്രെഡിറ്റഡ് ഏജൻസികളെയും സർവ്വീസ് പ്രൊവൈഡർമാരെയും ശുചിത്വ മിഷൻ മുഖേന കണ്ടെത്തി അംഗീകാരം നൽകിവരുന്നുണ്ട്. കൂടാതെ നൂതന സാങ്കേതിക വിദ്യകൾ പ്രയോഗത്തിലെത്തിക്കുന്നതിന് താൽപ്പര്യമുള്ള വ്യക്തികളുടെയും സംഘടനകളുടെയും പദ്ധതികൾ പരിശോധിച്ച് സാങ്കേതിക സമിതികളിൽ ചർച്ചകൾക്ക് വിധേയമാക്കി അംഗീകാരം നൽകിവരുന്നു. ഇത് നൂതന സാങ്കേതിക വിദ്യകളുടെ പ്രചാരത്തിന് സഹായകരമാകുന്നുണ്ട്.

(സി) തദ്ദേശസ്വയംഭരണ സ്ഥാപന പ്രദേശത്തെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ഫീൽഡുതല പ്രവർത്തനങ്ങൾ നടത്തേണ്ട സംഘടനാ സംവിധാനമാണ് ഹരിതകർമ്മസേന. 941 ഗ്രാമപഞ്ചായത്തുകൾ 87 മുനിസിപ്പാലിറ്റികൾ, 6 കോർപ്പറേഷനുകൾ എന്നിവിടങ്ങളിൽ ഹരിതകർമ്മസേന രൂപീകരിച്ചിട്ടുണ്ട് (നിലവിൽ പ്രവർത്തിക്കുന്ന ഏജൻസികൾ ഉൾപ്പെടെ). ഹരിതകർമ്മസേനയുടെ പ്രവർത്തനം 603 തദ്ദേശഭരണ സ്ഥാപനങ്ങളിൽ ആരംഭിച്ചിട്ടുണ്ട്.

ഹരിതകർമ്മസേന പ്രവർത്തകർ ഓരോ വീടും സ്ഥാപനവും സന്ദർശിച്ച് ഓരോയിടത്തും ഉല്പാദിപ്പിക്കപ്പെടുന്ന അജൈവ-ജൈവ മാലിന്യത്തിന്റെ അളവ് ശേഖരിക്കുകയും നിലവിൽ അനുവർത്തിച്ചുവരുന്ന മാലിന്യ സംസ്കരണ രീതികൾ കണ്ടെത്തുകയും വേണം. അതോടൊപ്പം ജൈവമാലിന്യത്തെ ഉറവിടത്തിൽ സംസ്കരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ മനസ്സിലാക്കിക്കൊടുക്കുകയും വിവിധ ഉറവിട മാലിന്യ സംസ്കരണ ഉപകരണങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ ഓരോവീട്ടിലും ലഭ്യമാക്കുകയും വേണം. ഈ പ്രവർത്തനങ്ങൾ ഹരിത കർമ്മസേന പ്രാരംഭ ഘട്ടത്തിൽ നിർവ്വഹിക്കേണ്ടതാണ്.

തുടർന്ന് വീടുകളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും അജൈവ മാലിന്യങ്ങൾ നിശ്ചിത ഇടവേളകളിൽ ശേഖരിച്ച് മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളിൽ (എം.സി.എഫ്.) എത്തിക്കുകയും എം.സി.എഫുകളിൽ നിന്ന് രണ്ടാംഘട്ട തരംതിരിവിനും പുന:ചംക്രമണ സാധ്യതയുള്ള വസ്തുക്കൾ റീസൈക്കിളിംഗ് വ്യവസായങ്ങൾക്ക് കൈമാറുന്നതിനും പുനഃചംക്രമണ സാധ്യത തീരെ കുറവുള്ള പ്ലാസ്റ്റിക്കുകൾ ഷ്രെഡ് ചെയ്യുന്ന റിസോഴ്സ് റിക്കവറി ഫെസിലിറ്റി (ആർ.ആർ.എഫ്) കേന്ദ്രങ്ങളിലും (ക്ലീൻ കേരള കമ്പനി ആവശ്യപ്പെടുന്ന പക്ഷം) ഹരിത കർമ്മസേന എത്തിക്കുന്നതാണ്. ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ സംസ്കരിക്കുന്നതിന് സ്ഥലക്കുറവുള്ളവർക്കും പൊതുമാലിന്യ സംസ്കരണങ്ങളെ ആശ്രയിക്കുന്നവർക്കും വേണ്ടി ജൈവമാലിന്യം ശേഖരിച്ച് പൊതു സംസ്കരണ കേന്ദ്രങ്ങളിൽ എത്തിക്കുന്ന പ്രവർത്തനവും ഹരിതകർമ്മസേന വഴി നിർവ്വഹിക്കപ്പെടുന്നു. കൂടാതെ ഉറവിട മാലിന്യ സംസ്കരണ ഉപാധികൾ എത്തിച്ചുകൊടുക്കൽ, പരിചരണം, ജൈവമാലിന്യത്തിൽനിന്ന് കമ്പോസ്റ്റിംഗ് ഉണ്ടാക്കുന്ന വീടുകൾക്ക് അസംസ്കൃത വസ്തുക്കൾ എത്തിക്കൽ, അജൈവ മാലിന്യങ്ങൾ നിശ്ചിത ഇടവേളകളിൽ ശേഖരിക്കൽ, ഗ്രീൻപ്രോട്ടോക്കോൾ സംബന്ധിച്ച സേവനം, വീടുകളിൽ ജൈവ പച്ചക്കറി പരിപാലനം, സ്വാപ് ഷോപ്പ്, റിപ്പയർ ഷോപ്പ്, പ്രകൃതി സൗഹൃദ ഉൽപ്പന്നങ്ങളുടെ യൂണിറ്റുകളുടെ നടത്തിപ്പ് തുടങ്ങിയവ ഹരിത കർമ്മസേനയുടെ പ്രധാന പ്രവർത്തനങ്ങളാണ്.

## റബ്ബർ മേഖലയിലെ പ്രശ്നങ്ങൾ

14 (*284) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം നേരിട്ട കനത്ത വരൾച്ചമൂലം റബ്ബർ കർഷകർ അതീവ പ്രതിസന്ധിയിൽ ആണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റബ്ബർ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുവാനും പരിഹാരം നിർദ്ദേശിക്കുവാനുമായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി രൂപീകരിച്ച ടാസ്ക് ഫോഴ്സ് ഓൺ റബ്ബർ നൽകിയ ഇടക്കാല റിപ്പോർട്ടിലെ ശിപാർശകൾ എന്തൊക്കെയാണ്; ഇതിലേതെങ്കിലും ശിപാർശ അംഗീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(സി) റബ്ബറിന്റെ താങ്ങുവില കിലോയ്ക്ക് 150 രൂപയിൽ നിന്നും 200 രൂപയായി വർദ്ധിപ്പിക്കുവാൻ ആവശ്യമായ കേന്ദ്ര ഫണ്ട് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് സംസ്ഥാന നിയമസഭ പാസ്സാക്കിയ പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഇതിന്മേലുള്ള കേന്ദ്ര പ്രതികരണം വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) വരൾച്ചമൂലം ദീർഘകാല വിളയായ റബ്ബറിന് വലിയ നാശം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സ്വാഭാവിക റബ്ബറിനെ കേന്ദ്ര സഹായത്തോടെ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പാക്കുക, ഇറക്കുമതി നിയന്ത്രണം തുടരുക, റബ്ബറിനെ ഒരു കാർഷിക ഉൽപ്പന്നമായി പരിഗണിക്കുക, അഡ്വാൻസ് ആതറൈസേഷൻ പദ്ധതി പുന:ക്രമീകരിക്കുക എന്നിവയാണ് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി രൂപീകരിച്ച 'ടാസ്ക് ഫോഴ്സ് ഓൺ റബ്ബർ' കേന്ദ്രസർക്കാരിന് സമർപ്പിച്ച പ്രധാന ശിപാർശകൾ.

റബ്ബറിനെ കാർഷിക വിളയായി പ്രഖ്യാപിക്കണമെന്നതടക്കമുള്ള നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന ദേശീയ റബ്ബർ നയം 2019 മാർച്ചിൽ കേന്ദ്ര സർക്കാർ പുറപ്പെടുവിക്കുകയുണ്ടായി. റബ്ബറിനെ കാർഷിക വിളയായി പ്രഖ്യാപിക്കുന്നത് റബ്ബറിൽ നിന്നുള്ള വരുമാനം കാർഷിക വരുമാനമായി പ്രഖ്യാപിക്കുന്നത് വിള ഇൻഷ്വറൻസ്/താങ്ങുവില പ്രഖ്യാപിക്കുന്നത് പുതുകൃഷിക്കും ആവർത്തന കൃഷിക്കും സാമ്പത്തിക സഹായം നൽകുന്നത് റബ്ബറൈസ്ഡ് റോഡുകൾ പ്രോത്സാഹിപ്പിക്കുന്നത്, റബ്ബർ ലേല കേന്ദ്രങ്ങൾ ആരംഭിക്കുന്നത്, കർഷകർ ഷീറ്റ് റബ്ബറിൽ നിന്നും ക്രമാനുഗതമായി ബ്ലോക്ക് റബ്ബറിലേക്ക് മാറുന്നത്, റബ്ബർ കൃഷിയുടെ "പ്രോസസ്സിംഗ് യൂണിറ്റ്"കളിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് ക്ഷേമം ഉറപ്പുവരുത്തുന്നത്, മൂല്യവർദ്ധിത റബ്ബർ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള കർഷക ഫോറങ്ങളുടെ പദ്ധതികൾക്ക് പ്രോത്സാഹനം നൽകുന്നത് തുടങ്ങിയ നിർദ്ദേശങ്ങളാണ് റബ്ബർ നയത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

(സി&ഡി) റബ്ബറിന്റെ താങ്ങുവില കിലോയ്ക്ക് 150 രൂപയിൽനിന്നും 200 രൂപയായി വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ട് സംസ്ഥാന നിയമസഭ പാസ്സാക്കിയ പ്രമേയം കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടെങ്കിലും ആയതിന്മേൽ കേന്ദ്രത്തിൽനിന്നും മറുപടി ഇതേവരെ ലഭ്യമായിട്ടില്ല.

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

15 (*285) <u>ശ്രീ. സി. കെ. ശശീന്ദ്രൻ:</u>
<u>ശ്രീ. ജെയിംസ് മാത്യു:</u>
<u>ശ്രീ. കെ. ഡി. പ്രസേനൻ:</u>
<u>ശ്രീ. എസ്. രാജേന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാമീണമേഖലയിലെ ജനങ്ങളുടെ ഉപജീവനമാർഗ്ഗങ്ങൾ വിപുലപ്പെടുത്തുന്നതിനും വരുമാന വർദ്ധനവിനും സഹായകമാകുന്ന തരത്തിൽ എന്തെല്ലാം പ്രവൃത്തികളാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ പുതുതായി ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാന സർക്കാരിന്റെ പ്രധാന പദ്ധതിയായ ലൈഫ് മിഷന്റെ ഗുണഭോക്താക്കൾക്ക് തൊഴിലുറപ്പ് പദ്ധതിപ്രകാരം അവിദഗ്ദ്ധ തൊഴിൽ ദിനങ്ങൾ നൽകുന്നതിന് പുറമേ കെട്ടിടനിർമ്മാണ സാമഗ്രികൾ നിർമ്മിച്ച് നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഗ്രാമീണ ജനതയുടെ, പ്രത്യേകിച്ച് സ്ത്രീകൾ, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ, മറ്റു പിന്നോക്ക വിഭാഗങ്ങൾ ഉൾപ്പെടെയുള്ളവരുടെ സാമൂഹികവും സാമ്പത്തികവുമായ ശാക്തീകരണത്തിന് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (<u>ശ്രീ. എ. സി. മൊയ്തീൻ</u>):

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ പുതുതായി പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ ഗ്രാമീണമേഖലയിലെ ജനങ്ങളുടെ ഉപജീവനമാർഗ്ഗങ്ങൾ വിപുലപ്പെടുത്തുന്നതിനും വരുമാന വർദ്ധനവിനും സഹായകരമാകുന്ന നിലവിൽ തൊഴിലുറപ്പ് നിയമം ഷെഡ്യൂൾ I ഖണ്ഡിക 5-ൽ പരാമർശിക്കുന്ന ചുവടെ സൂചിപ്പിക്കുന്ന പ്രവൃത്തികൾക്ക് മുൻതൂക്കം നൽകി നടപ്പിലാക്കിവരുന്നു.

- മണ്ണും ജലവും അടക്കമുള്ള പ്രകൃതിവിഭവ സംരക്ഷണത്തിനായുള്ള പ്രവർത്തനങ്ങൾ, പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനഃരുദ്ധാരണം, കാർഷികകുളങ്ങൾ നിർമ്മിക്കൽ, തടയണകൾ, വൃക്ഷവത്കരണം, മഴവെള്ളക്കൊയ്ത്ത് തുടങ്ങിയവ.

- വ്യക്തിഗത ആസ്തികളായ തൊഴുത്ത്, ആട്ടിൻകൂട്, കോഴിക്കൂട് ഫലവൃക്ഷത്തോട്ടങ്ങൾ.
- സ്വയംസഹായ സംഘങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ.
- ഗ്രാമീണ അടിസ്ഥാന സൗകര്യ വികസനം.

(ബി) ഉണ്ട്. 90 ദിവസത്തെ അവിദഗ്ദ്ധ തൊഴിൽ ദിനങ്ങൾക്കുപരിയായി ലൈഫ് മിഷന്റെ ഗുണഭോക്താക്കൾക്ക് തൊഴിലുറപ്പ് പദ്ധതിപ്രകാരം നിർമ്മാണ സാമഗ്രികൾ സൗജന്യമായി നൽകിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം സംസ്ഥാനത്ത് ലൈഫ് മിഷന്റെ ഗുണഭോക്താക്കൾക്ക് തൊഴിലുറപ്പ് പദ്ധതിപ്രകാരം 33,61,126 എണ്ണം കട്ടകൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്.

(സി) കേരളത്തിൽ തൊഴിലുറപ്പ് പദ്ധതിയിൽ സ്ത്രീകളുടെ പങ്കാളിത്തം വലിയതോതിൽ ഉറപ്പുവരുത്തിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ 80% വനിതാ പ്രാധാന്യമാണുള്ളത്. 90.41% തൊഴിൽ ദിനങ്ങൾ വനിതകളാണ് സൃഷ്ടിച്ചുവരുന്നത്. പദ്ധതിയിലെ ആകെ സജീവ തൊഴിലാളികളുടെ 14.52% പട്ടികജാതിവിഭാഗത്തിൽപ്പെട്ടവരും 4.66% പട്ടികവർഗ്ഗ വിഭാഗത്തിൽ പ്പെട്ടവരുമാണ്. 2018-19 വർഷത്തിൽ ആകെ സൃഷ്ടിക്കപ്പെട്ടിട്ടുള്ള തൊഴിൽ ദിനങ്ങളുടെ 15.88% തൊഴിൽദിനങ്ങൾ പട്ടികജാതി കുടുംബങ്ങളും 5.55% തൊഴിൽദിനങ്ങൾ പട്ടികവർഗ്ഗ വിഭാഗ കുടുംബങ്ങളും സൃഷ്ടിച്ചിരുന്നു. സംസ്ഥാനത്ത് തൊഴിൽ കാർഡ് ലഭിച്ചിട്ടുള്ള എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും കേന്ദ്ര സർക്കാർ വ്യവസ്ഥ ചെയ്തിട്ടുള്ള 100 ദിവസ തൊഴിലിനുപുറമെ ' കേരള ട്രൈബൽ പ്ലസ് ' എന്ന പദ്ധതിപ്രകാരം 100 ദിവസത്തെ തൊഴിൽ ദിനങ്ങൾ നൽകുന്നതിനും ഉത്തരവായിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം 2061 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 200 ദിവസം തൊഴിൽ നൽകാനും കഴിഞ്ഞിട്ടുണ്ട്. കൂടാതെ കേന്ദ്ര സർക്കാരിൽനിന്നും ഫണ്ട് ലഭ്യമാകുന്നതിന് കാലതാമസം വരുന്ന സാഹചര്യത്തിൽ അട്ടപ്പാടി ബ്ലോക്കിലും വയനാട് ജില്ലയിലും പദ്ധതിക്കുകീഴിൽ പ്രവൃത്തിയെടുക്കുന്ന പട്ടികവർഗ്ഗ തൊഴിലാളി കുടുംബങ്ങൾക്ക് സംസ്ഥാന പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് സമയബന്ധിതമായി മുൻകൂർ വേതനം വിതരണം ചെയ്തുവരുന്നുണ്ട്.

## നെൽകൃഷി വ്യാപനം

16 (*286) ശ്രീ. ഒ. ആർ. കേളു:
ശ്രീ. ആർ. രാജേഷ്:
ശ്രീ. പി. ഉണ്ണി:
ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകൃഷിയിൽ ഉത്തമ കൃഷി മുറകൾ പാലിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) നെൽകൃഷിയുടെ വിസ്തൃതി കൂടുതൽ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ തരിശുനില കൃഷിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) നെൽകൃഷി വ്യാപനത്തിനായി 'നമ്മുടെ നെല്ല് നമ്മുടെ അന്നം' എന്ന മുദ്രാവാക്യം മുൻനിർത്തി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) നെൽകൃഷിയിൽ ഉത്തമ കൃഷി മുറകൾ പാലിക്കുന്നതിനായി വിവിധ പദ്ധതികൾപ്രകാരം ധനസഹായവും ബോധവൽക്കരണവും തുടർച്ചയായ ഇടപെടലുകളും നടത്തിവരുന്നു. സംസ്ഥാന സർക്കാരിന്റെ നെൽകൃഷി വികസന പദ്ധതി, കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ ഭാഗമായ "പ്രൊഡക്റ്റിവിറ്റി ഇംപ്രൂവ്മെന്റ് ഓഫ് റൈസ് ഇൻ കേരള" പ്രകാരമുള്ള ആനുകൂല്യങ്ങൾ എന്നിവ സംസ്ഥാനത്തെ മുഴുവൻ നെൽകർഷകർക്കും നൽകുന്നു. ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി പാലക്കാട് ജില്ലയ്ക്കായി നടപ്പാക്കുന്നുണ്ട്. ഏഴ് പ്രത്യേക കാർഷിക മേഖലകളിലായി അടിസ്ഥാനസൗകര്യ വികസനത്തിന് മുൻതൂക്കം നൽകിക്കൊണ്ടുള്ള പ്രത്യേക കാർഷികമേഖലാ പദ്ധതിയും നടപ്പിലാക്കിവരുന്നു.

(ബി) ഈ സർക്കാർ നിലവിൽ വന്നതുമുതൽ തരിശുനില കൃഷിക്ക് പ്രത്യേക പ്രാധാന്യം നൽകി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സമഗ്ര നെൽകൃഷി വികസന പദ്ധതിയുടെ ഒരു പ്രധാന ഘടകമാണ് തരിശുനില കൃഷി. തരിശ് ഭൂമിയിൽ നെൽകൃഷി ചെയ്യുന്നതിന് തുടർച്ചയായി മൂന്ന് വർഷം ആനുകൂല്യം നൽകിവരുന്നു. ഒന്നാം വർഷം ഹെക്ടറിന് 30,000 രൂപയും രണ്ടാം വർഷം 7,000 രൂപയും മൂന്നാം വർഷം 4,500 രൂപയും ധനസഹായമായി നൽകുന്നു. ഈ പദ്ധതിയിൽ കർഷകനും ഭൂവുടമയ്ക്കും ധനസഹായം വീതിച്ച് നൽകാൻ

വ്യവസ്ഥയുണ്ട്. ഒന്നാം വർഷം കർഷകന് 25,000 രൂപയും ഭൂവുടമയ്ക്ക് 5,000 രൂപയും നൽകും. രണ്ടാം വർഷം ഇത് യഥാക്രമം 5,800 രൂപയും 1,200 രൂപയും മൂന്നാം വർഷം 3,750 രൂപയും 750 രൂപയും ആണ്. നെൽകൃഷി മേഖലയിൽ പദ്ധതിയധിഷ്ഠിതമായും തരിശുനിലം കൃഷിയോഗ്യമാക്കുന്നതിന് വ്യവസ്ഥയുണ്ട്. മൂന്ന് വർഷങ്ങളിലായി 11936.078 ഹെക്ടർ തരിശ് ഭൂമിയിൽ നെൽകൃഷി ചെയ്യിക്കുവാൻ ഈ പദ്ധതിപ്രകാരം സാധിച്ചിട്ടുണ്ട്.

തരിശുഭൂമിയിൽ പച്ചക്കറി/കിഴങ്ങുവർഗ്ഗങ്ങൾ കൃഷി ചെയ്യുന്നതിന് ഹെക്ടറൊന്നിന് 30,000 രൂപയുടെ ആനുകൂല്യം നൽകുന്നു. നെൽകൃഷിക്ക് നൽകുന്നതുപോലെ ഭൂവുടമയ്ക്ക് 5,000 രൂപയും കർഷകന് 25,000 രൂപയുമാണ് ധനസഹായം. ഇപ്രകാരം ധനസഹായം ലഭിക്കുന്ന പച്ചക്കറി കർഷകർ തുടർച്ചയായി മൂന്ന് സീസണിലെങ്കിലും പച്ചക്കറി കൃഷി നിലനിർത്തുവാൻ ബാധ്യസ്ഥരാണ്.

തരിശുഭൂമി നെൽകൃഷിക്ക് അനുയോജ്യമാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യ വികസനത്തിന് പദ്ധതിയധിഷ്ഠിതമായി സംസ്ഥാന സർക്കാരിന്റെ നെൽകൃഷി വികസന പദ്ധതി, ആർ.കെ.വി.വൈ., സ്മാം, തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിവിധ പദ്ധതികൾ എന്നിവയിലൂടെ ധനസഹായം ലഭ്യമാക്കുന്നുണ്ട്.

(സി) നമ്മുടെ നെല്ല് നമ്മുടെ അന്നം എന്ന മുദ്രാവാക്യത്തോടെ 2016 ആഗസ്റ്റ് (ചിങ്ങം 1) മുതൽ 2017 ആഗസ്റ്റ് (ചിങ്ങം 1) വരെയുള്ള ഒരു വർഷക്കാലം നെൽ വർഷമായി ആചരിച്ചു. അതിന്റെ ഭാഗമായി നെൽകൃഷിയിലെ നൂതന സങ്കേതങ്ങൾ നടപ്പാക്കുന്നതിന് പദ്ധതിയധിഷ്ഠിത ധനസഹായം നൽകിയിരുന്നു. പ്രസ്തുത പദ്ധതിഘടകം 2017-18-ലും 2018-19-ലും നടപ്പിലാക്കിയിരുന്നു. പ്രസ്തുത പദ്ധതിയുടെ ഭാഗമായി സമഗ്ര നെൽകൃഷി വികസന പദ്ധതിയുടെ ഘടകങ്ങളായ സുസ്ഥിരകൃഷി വികസനം, വികസന ഏജൻസികൾക്കുള്ള ഫണ്ട്, പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോത്സാഹനം, പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി, കരനെൽകൃഷി വികസനം, തരിശുനില കൃഷി, ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷിയാക്കുന്നതിനുള്ള പദ്ധതികൾ, നഗര പ്രദേശങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മറ്റും നെൽകൃഷി ചെയ്യുന്നതിന് പദ്ധതിയധിഷ്ഠിത ധനസഹായം, പരിസ്ഥിതി സൗഹൃദ സുസ്ഥിര ആശയങ്ങൾ നെൽകൃഷിയിൽ നടപ്പാക്കുന്നതിന് പദ്ധതിയധിഷ്ഠിതമായി ധനസഹായം, ബ്ലോക്ക് തലത്തിൽ പദ്ധതി സംയോജനം, പാടശേഖര സമിതികൾ, സഹകരണ സ്ഥാപനങ്ങൾ, അംഗീകൃത ഗ്രൂപ്പുകൾ, വ്യക്തികൾ എന്നിവയ്ക്ക് റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിനായി ധനസഹായം എന്നിവയ്ക്ക് പദ്ധതിയധിഷ്ഠിതമായി

100 ഇന പരിപാടികളും ഉദ്ദേശിച്ചിരുന്നു. അതിൽ നെല്ലുൽപ്പാദനം, നെൽകൃഷിയും വിദ്യാഭ്യാസവും നെൽകൃഷിയും തൊഴിൽ ലഭ്യതയും നെൽകൃഷിയും യുവാക്കളും നെൽകൃഷിയിലെ നൂതന സങ്കേതങ്ങൾ, നെൽകൃഷിയും പരിസ്ഥിതിയും സംസ്കരണവും വിപണനവും നെൽകൃഷിയും ടൂറിസവും നെൽകൃഷിയും കായികവിനോദമേഖലയും നെൽകൃഷിയും ആയുർവേദവും നെൽകൃഷി മേഖലയുമായി ബന്ധപ്പെട്ട കലയും സംസ്കാരവും എന്നീ മേഖലകൾക്ക് മുൻതൂക്കം കൊടുത്തുകൊണ്ട് പദ്ധതികൾ തയ്യാറാക്കി നടപ്പാക്കുകയാണ് പ്രധാന ലക്ഷ്യം.

2017-18 സാമ്പത്തിക വർഷം 159.67 ലക്ഷം രൂപയുടെ പദ്ധതികൾ നടപ്പിലാക്കി. 2018-19 സാമ്പത്തിക വർഷം 101.59944 ലക്ഷം രൂപയുടെ ആനുകൂല്യം നൽകുകയുണ്ടായി.

**കർഷകരെ ചൂഷണത്തിൽനിന്ന് രക്ഷപ്പെടുത്തുന്നതിനുള്ള നടപടികൾ**

17 (*287) ശ്രീ. എൽദോ എബ്രഹാം:
ശ്രീ. സി. ദിവാകരൻ:
ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കർഷകരെ ഇടത്തട്ടുകാരുടെ ചൂഷണത്തിൽനിന്ന് രക്ഷപ്പെടുത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെയും ഇതരസംസ്ഥാനങ്ങളിലെയും കർഷകരിൽനിന്ന് പച്ചക്കറി നേരിട്ട് സംഭരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ;

(സി) ഇങ്ങനെ സംഭരിക്കുന്ന പച്ചക്കറികൾ കേടാകാതിരിക്കാൻ ശീതസംഭരണികളിൽ ശേഖരിക്കുന്നതിനും ഫ്രഷ് ആയി ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കുമോ;

(ഡി) എല്ലാ ജില്ലകളിലും ജില്ലാസംഭരണകേന്ദ്രങ്ങൾ ആരംഭിക്കുമോ; വ്യക്തമാക്കുമോ;

(ഇ) വിപണനരംഗത്ത് സ്വാശ്രയകർഷകസമിതികളുടെ പ്രവർത്തനം വ്യാപിപ്പിക്കുമോ; വിശദമാക്കുമോ;

(എഫ്) ഓൺലൈൻ പോർട്ടൽ സജ്ജമാക്കി വിപണന മേഖല വിപുലീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) സംസ്ഥാനത്തെ കർഷകരെ ഇടത്തട്ടുകാരുടെ ചൂഷണത്തിൽനിന്നും രക്ഷപ്പെടുത്തുന്നതിന് വിവിധ തരത്തിലുള്ള വിപണി ഇടപെടലുകൾ കൃഷി വകുപ്പും വി.എഫ്.പി.സി.കെ., ഹോർട്ടികോർപ്പ് തുടങ്ങിയ ഏജൻസികൾ മുഖേനയും നടത്തിവരുന്നുണ്ട്.

കേരളത്തിന്റെ പ്രധാന കാർഷിക വിളയായ നെല്ല്, തെങ്ങ്, പഴം, പച്ചക്കറികൾ എന്നിവയുടെ വിപണനത്തിന് വിവിധ മാർഗ്ഗങ്ങൾ അവലംബിച്ചുവരുന്നു. നെല്ലിന്റെ സംഭരണം ഭക്ഷ്യ പൊതുവിതരണ വകുപ്പിന്റെ കീഴിലെ സപ്ലൈകോ വഴിയാണ് നിർവ്വഹിച്ച് വരുന്നത്. കേന്ദ്ര സർക്കാർ ഒരു കിലോ ശരാശരി ഗുണമേന്മയുള്ള നെല്ലിന് 17.50 രൂപ ഏറ്റവും കുറഞ്ഞ താങ്ങുവിലയായി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന് പുറമേ കിലോ ഒന്നിന് 7.80 രൂപ സംസ്ഥാന സർക്കാർ ഇൻസെന്റീവായി നൽകിവരുന്നുണ്ട്. സംസ്ഥാനം നൽകിവരുന്ന ഇൻസെന്റീവ് ഒരു രൂപ കൂടി വർദ്ധിപ്പിച്ചിട്ടുണ്ട്. അടുത്ത സീസൺ മുതൽ കർഷകർക്ക് ഒരു കിലോ നെല്ലിന് 26.30 രൂപ സംഭരണ വില ലഭിക്കുന്നതാണ്.

നാളികേരത്തിന്റെ /കൊപ്രയുടെ വിപണനത്തിനായി പച്ചത്തേങ്ങ സംഭരണം പുനരാരംഭിക്കുവാൻ തത്വത്തിൽ തീരുമാനിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. പഴം പച്ചക്കറികളുടെ വിപണനത്തിന് വിവിധ പദ്ധതികളിലെ 240 പച്ചക്കറി ക്ലസ്റ്റർ മാർക്കറ്റുകൾ, 34 ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ഓർഗനൈസേഷൻ വിപണികൾ, 400 ആഴ്ച്ചച്ചന്തകൾ, 454 ഇക്കോഷോപ്പുകൾ എന്നിവ പ്രവർത്തിച്ച് വരുന്നുണ്ട്. കൂടാതെ ഓണം, വിഷു തുടങ്ങിയ ഉത്സവകാലങ്ങളിൽ ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ. എന്നീ ഏജൻസികളുടെ സഹായത്തോടുകൂടി പ്രത്യേകമായി ഉത്സവകാല വിപണികൾ നടത്തിവരുന്നുണ്ട്. സർക്കാർ നിയന്ത്രണത്തിലുള്ള 6 കാർഷിക മൊത്ത വ്യാപാരവിപണികളും 5 ജില്ലകളിൽ കാർഷിക സംഭരണ കേന്ദ്രങ്ങളും പ്രവർത്തിച്ചുവരുന്നുണ്ട്. കാസർഗോഡ് ഒഴികെയുള്ള എല്ലാ ജില്ലകളിലും ഹോർട്ടികോർപ്പിന് സംഭരണ കേന്ദ്രങ്ങളും ചടയമംഗലം, ഹരിപ്പാട് എന്നിവിടങ്ങളിൽ ഉപസംഭരണ കേന്ദ്രങ്ങളും ഉണ്ട്. കർഷകരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി സംസ്ഥാനത്തുടനീളം 287 സ്വാശ്രയ കർഷക സമിതികളാണ് വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന് കീഴിൽ പ്രവർത്തിച്ചുവരുന്നത്. കൃഷി വകുപ്പിന്റെ മൊത്ത വ്യാപാര വിപണികൾ, സംഭരണ കേന്ദ്രങ്ങൾ, വി.എഫ്.പി.സി.കെ.-യുടെ സ്വാശ്രയ കർഷക സമിതികൾ എന്നിവയിലൂടെ ഉൽപ്പന്നങ്ങളുടെ ലേലം വഴിയാണ് വിപണനം നടത്തിവരുന്നത്.

(ബി) കൃഷി വകുപ്പിന്റെ കീഴിലുള്ള കാർഷിക മൊത്തവ്യാപാര വിപണികൾ, ക്ലസ്റ്റർ/ബി.എൽ.എഫ്.ഒ. വിപണികൾ, ആഴ്ചച്ചന്തകൾ, ഇക്കോഷോപ്പുകൾ, സംഭരണ കേന്ദ്രങ്ങൾ (5 ജില്ലകൾ), വി.എഫ്.പി.സി.കെ.-യുടെ കീഴിലുള്ള 287 സ്വാശ്രയ കർഷക സമിതികൾ എന്നിവയെല്ലാം തന്നെ കർഷകരിൽ നിന്നും നേരിട്ട് പച്ചക്കറി സംഭരിക്കുന്ന സംവിധാനമാണ് അനുവർത്തിച്ചുവരുന്നത്. ഹോർട്ടികോർപ്പ് കേരളത്തിലെ കർഷകർ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾ നേരിട്ടും കാർഷിക മൊത്ത വ്യാപാര വിപണികൾ, വി.എഫ്.പി.സി.കെ., സ്വാശ്രയ കർഷക സമിതികൾ, മറ്റ് പച്ചക്കറി ക്ലസ്റ്ററുകൾ, ഫാർമർ പ്രൊഡ്യൂസർ കമ്പനികൾ തുടങ്ങിയവയിലൂടെ സംഭരിച്ച് വരുന്നുണ്ട്. നിലവിലുള്ള വിപണി വിലയെക്കാൾ 10% വരെ അധിക വില നൽകിയാണ് ഹോർട്ടികോർപ്പ് പച്ചക്കറികൾ സംഭരിക്കുന്നത്. കേരളത്തിൽ ലഭ്യമല്ലാത്ത പച്ചക്കറികൾ അയൽ സംസ്ഥാനങ്ങളിലെ കർഷക കൂട്ടായ്മകൾ, ഫാർമർ പ്രൊഡ്യൂസർ കമ്പനികൾ എന്നിവയിൽനിന്നും നേരിട്ട് സംഭരിക്കുന്നുണ്ട്. ഇതിന് പുറമെ സവാള നാസിക്കിൽനിന്നും നാഫെഡ് ഫാർമർ പ്രൊഡ്യൂസർ കമ്പനിയായ മഹാ എഫ്.പി.സി. എന്നിവയിൽനിന്നും സംഭരിച്ച് വരുന്നുണ്ട്.

(സി) മൂന്നാറിൽനിന്നും ശേഖരിക്കുന്ന പച്ചക്കറികൾ ശീതീകരിച്ച വാഹനങ്ങളിൽ മറ്റ് ജില്ലകളിൽ എത്തിക്കുന്നതിനുള്ള നടപടികൾ ഹോർട്ടികോർപ്പ് സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) കൃഷി വകുപ്പിന്റെ മേൽനോട്ടത്തിൽ കൊല്ലം, ആലപ്പുഴ, കോട്ടയം, ഇടുക്കി, തൃശ്ശൂർ എന്നീ 5 ജില്ലകളിൽ സംഭരണ കേന്ദ്രങ്ങൾ പ്രവർത്തിച്ച് വരുന്നുണ്ട്.

സംസ്ഥാനത്തിന്റെ പ്രധാന സംഭരണ വിതരണ ഏജൻസിയായ ഹോർട്ടികോർപ്പിന് കാസർഗോഡ് ഒഴിച്ചുള്ള 13 ജില്ലകളിലും സംഭരണ കേന്ദ്രങ്ങൾ ഉണ്ട്. ഇതുകൂടാതെ ചടയമംഗലം, ഹരിപ്പാട് എന്നിവിടങ്ങളിൽ ഉപസംഭരണ കേന്ദ്രങ്ങളും ഉണ്ട്.

(ഇ) വി.എഫ്.പി.സി.കെ.-യുടെ കീഴിൽ നിലവിലുള്ള 287 സ്വാശ്രയ കർഷക സമിതികൾക്ക് പുറമേ, സാധ്യതയുള്ള സ്ഥലങ്ങളിൽ ആവശ്യാനുസരണം പുതിയ വിപണികൾ ആരംഭിക്കുന്ന വിഷയം വി.എഫ്.പി.സി.കെ. പരിഗണിച്ചുവരുന്നു.

(എഫ്) സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം മുഖേന നടപ്പിലാക്കിവരുന്ന കാർഷിക വിവര സങ്കേതം-വെബ് പോർട്ടൽ സംവിധാനത്തിൽ 'ഇ-വിപണി' എന്ന വിഭാഗത്തിലേക്ക് കർഷകർക്ക് മൊബൈൽ ആപ്ലിക്കേഷൻ മുഖേന അവരുടെ ഉല്പന്നങ്ങൾ സംബന്ധിച്ച വിവരങ്ങൾ പോസ്റ്റ്

ചെയ്യാനും ഉത്പന്നങ്ങൾ വാങ്ങുവാൻ താത്പര്യമുള്ളവർക്ക് ആയത് സംബന്ധിച്ച വിവരങ്ങൾ പോസ്റ്റ് ചെയ്യാനും ഉള്ള ഓൺലൈൻ പോർട്ടൽ സംവിധാനം ലഭ്യമാണ്.

ഇലക്ട്രോണിക് നാഷണൽ അഗ്രിക്കൾച്ചർ മാർക്കറ്റ് (ENAM) എന്ന സംവിധാനത്തിലേക്ക് കൃഷി വകുപ്പിന്റെ 6 വിപണികളെയും ഉൾക്കൊള്ളിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. വി.എഫ്.സി.സി.കെ.-യുടെ കീഴിലുള്ള തെരഞ്ഞെടുത്ത സ്വാശ്രയ കർഷക സമിതികളെയും ദേശീയ ഓൺലൈൻ മാർക്കറ്റിംഗ് സംവിധാനത്തിലേക്ക് ബന്ധിപ്പിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചുവരുന്നുണ്ട്.

**കാർഷിക മേഖലയിലെ പ്രതിസന്ധിയും സുസ്ഥിര കൃഷി രീതിയും**

18 (*288) <u>ശ്രീ. എം. രാജഗോപാലൻ:</u>
<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ:</u>
<u>ശ്രീ. എൻ. വിജയൻ പിള്ള:</u>
<u>ശ്രീ. ബി. ഡി. ദേവസ്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ നയങ്ങളുടെ ഫലമായി രാജ്യത്താകെ കാർഷികമേഖല നേരിടുന്ന നാണ്യവിളകളുടെ വിലത്തകർച്ച പോലുള്ള പ്രതിസന്ധി സംസ്ഥാനം തരണം ചെയ്യുന്നതിന് ഭൂഘടനയ്ക്കും പരിസ്ഥിതിക്കും ഇണങ്ങുന്ന കൃഷിയിലൂടെ ചെലവുകുറച്ച് ഉല്പാദനം വർദ്ധിപ്പിക്കാൻ ഉതകുന്ന സുസ്ഥിരകൃഷിരീതി അവലംബിക്കുവാൻ, മണ്ണിന്റെ ഘടനയും ഭൂപ്രകൃതിയുടെയും കാലാവസ്ഥയുടെയും പ്രത്യേകതകളും കണക്കിലെടുത്ത് കാർഷിക പരിസ്ഥിതിമേഖലകൾ വേർതിരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) വിളകളെ അടിസ്ഥാനപ്പെടുത്തി പ്രത്യേക കാർഷിക സാമ്പത്തിക മേഖലകൾ നിർണയിച്ചിട്ടുണ്ടോ; എങ്കിൽ ഇതുവഴി ലക്ഷ്യമിടുന്ന നേട്ടങ്ങൾ എന്തെല്ലാമാണ്; മലബാർ കാപ്പിയുടെ ബ്രാൻഡിംഗ് സൃഷ്ടിക്കാനിടയുള്ള നേട്ടം അറിയിക്കാമോ;

(സി) കാർഷികരംഗത്തെ ഗവേഷണത്തിനും പുതിയ അറിവുകൾ കർഷകരിലേക്കെത്തിക്കുന്നതിനും ഉള്ള മാർഗം അറിയിക്കാമോ; ഇത് കൂടുതൽ കാര്യക്ഷമമാക്കാൻ പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>):

(എ) കേരള പുനർനിർമ്മാണ പദ്ധതി (Rebuild Kerala Initiative-RKI)യുടെ ഭാഗമായി 25-5-2019-ലെ സ.ഉ.(കൈ) നമ്പർ 66/2019 കൃഷി പ്രകാരം കാർഷിക പാരിസ്ഥിതിക മേഖല (അഗ്രോ ഇക്കോളജിക്കൽ സോൺ)

ആധാരമാക്കി കേരളത്തിലെ കാർഷിക മേഖലയെ പുനർവിഭജിക്കുന്ന പ്രവർത്തനങ്ങൾക്ക് സർക്കാർ തത്വത്തിൽ അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. പ്രത്യേക കാർഷിക മേഖലകളിൽ അതാതു വിളയുടെ സമഗ്രവികസനം സാധ്യമാക്കി പരമാവധി ആഭ്യന്തര ഉത്പാദനം കൈവരിക്കുവാനും വിളവെടുപ്പിനുശേഷമുള്ള പരിചരണം, സംസ്കരണം, മൂല്യവർദ്ധനവ്, വിപണനം എന്നിവ ചിട്ടപ്പെടുത്തി കർഷകർക്ക് പരമാവധി വരുമാനം ഉറപ്പുവരുത്തുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

വയനാട്ടിലെ കാപ്പിപ്പൊടി "മലബാർ കാപ്പി" എന്ന പേരിൽ ബ്രാൻഡ് ചെയ്ത് വിൽക്കുന്നതോടെ വയനാട്ടിലെ കാപ്പി കർഷകരുടെ വരുമാനം ഇരട്ടിയാക്കുന്നതിന് സാധ്യമാകും. ഇന്ന് കാപ്പിപ്പൊടിയുടെ ചില്ലറ വിലയുടെ 10% മാത്രമാണ് വയനാട്ടിലെ കാപ്പിക്കുരു കർഷകർക്ക് ലഭിക്കുന്നത്. ബ്രാൻഡിംഗ് സാധ്യമാകുന്നതോടെ ഇത് 20% ആയെങ്കിലും ഉയർത്താനാകുമെന്ന് പ്രതീക്ഷിക്കുന്നു. ബ്രാൻഡിംഗ് നടപ്പിലാകുന്നതോടെ അന്താരാഷ്ട്ര മാർക്കറ്റിൽ വയനാട് കാപ്പിപ്പൊടി ഉയർന്ന വിലയ്ക്ക് വിൽക്കാനാകും.

(സി) കൃഷി അനുബന്ധ മേഖലകളിലെ നൂതന സാങ്കേതികവിദ്യ കർഷകരിലെത്തിക്കുന്നതിന് നടപ്പിലാക്കിവരുന്ന ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ആത്മ. ശാസ്ത്രീയ പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾ, കാർഷിക വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ എന്നിവ ഏകോപിപ്പിച്ചുകൊണ്ടുള്ള 'ആത്മ' പദ്ധതി വിവിധ ഘടകങ്ങളായ വയൽ വിദ്യാലയങ്ങൾ, പ്രതിമാസ സാങ്കേതിക ശില്പശാല, കർഷകർക്കുള്ള പരിശീലന പരിപാടികൾ എന്നിവ വഴി കർഷകരിൽ എത്തിക്കുന്നു. ഇതുകൂടാതെ ഗവേഷണ ഫലങ്ങൾ കർഷകരിലെത്തിക്കുന്നതിന് ഗവേഷണ കേന്ദ്രങ്ങളിലേക്കുള്ള സന്ദർശന പരിശീലന പരിപാടികൾ, മാതൃകാ കൃഷിയിടങ്ങളിലേക്കുള്ള പഠന യാത്രകൾ, കർഷക-ശാസ്ത്രജ്ഞ മുഖാമുഖ സംവാദങ്ങൾ എന്നിവയും സഹായകമാകുന്നു. കാർഷിക വിജ്ഞാന വ്യാപനത്തിന്റെ ഭാഗമായി മാതൃകാ കൃഷിയിടങ്ങൾ (ഡെമോൺസ്ട്രേഷൻ) കർഷകരുടെ സഹകരണത്തോടെ നടപ്പിലാക്കിവരുന്നു.

മാനവ വിഭവശേഷി വികസന പദ്ധതിപ്രകാരം കൃഷി വകുപ്പിന്റെ 5 മേഖലാ പരിശീലന കേന്ദ്രങ്ങൾ 2 കാർഷിക പരിശീലന കേന്ദ്രങ്ങൾ വെള്ളായണിയിലെ ആർ.റ്റി.റ്റി.സി. എന്നിവ വഴി കർഷകർക്ക് നൂതന സാങ്കേതിക വിദ്യകളിൽ പരിശീലനം നൽകിവരുന്നു.

വിജ്ഞാനവ്യാപനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കേരള അഗ്രിക്കൾച്ചർ ഇന്നൊവേഷൻ എക്സ്റ്റൻഷൻ പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

## സുരക്ഷിത ഇടനാഴി പദ്ധതി

19 (*289) ശ്രീ. പി. കെ. അബ്ദു റബ്ബ്:
ശ്രീ. കെ. എൻ. എ. ഖാദർ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. ടി. എ. അഹമ്മദ് കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡപകടങ്ങൾ കുറയ്ക്കുന്നതിന്റെ ഭാഗമായി ലോകബാങ്ക് സഹായത്തോടുകൂടി നടപ്പിലാക്കുന്ന സുരക്ഷിത ഇടനാഴി പദ്ധതി പൂർത്തിയായിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) സംസ്ഥാനത്ത് എവിടെയൊക്കെ പ്രസ്തുത പദ്ധതി നടപ്പിലാക്കിയെന്നും ഇതിന്റെ നിർവ്വഹണ ചുമതല ആർക്കാണെന്നും അറിയിക്കുമോ;

(സി) പദ്ധതി നടപ്പിലാക്കിയതുവഴി റോഡപകടങ്ങൾ കുറഞ്ഞതായി കണ്ടെത്തിയിട്ടുണ്ടോ; ഇത് സംബന്ധിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ):

(എ) സുരക്ഷിത യാത്ര ലക്ഷ്യംവെച്ചുകൊണ്ട് കേരളാ സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് (കെ.എസ്.റ്റി.പി.) നടപ്പാക്കുന്ന പദ്ധതിയാണ് സേഫ് കോറിഡോർ പദ്ധതി. അന്താരാഷ്ട്ര നിലവാരമുള്ള വേഗത നിയന്ത്രണ ഉപാധികൾ, സുരക്ഷാ സമ്പ്രദായങ്ങൾ, കാൽനടയാത്രക്കാർക്കുള്ള സുരക്ഷാ സമ്പ്രദായങ്ങൾ, സ്കൂൾ സോൺ സുരക്ഷാ സംവിധാനങ്ങൾ, ക്രാഷ് ബാരിയർ, സിഗ്നൽ സംവിധാനങ്ങൾ, പാർക്കിംഗ് Slot-കൾ, ആധുനിക ബസ് കാത്തിരിപ്പ് കേന്ദ്രങ്ങൾ എന്നിവ തെരഞ്ഞെടുക്കപ്പെട്ട റോഡ് ഇടനാഴിയിൽ ഒരുക്കുക എന്നതാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്യുന്നത്. സംസ്ഥാനത്ത് മോഡൽ കോറിഡോർ റോഡായി ആദ്യം തെരഞ്ഞെടുത്തത് 82 കി.മീ. ദൈർഘ്യമുള്ള കഴക്കൂട്ടം-അടൂർ ദേശീയപാതയാണ്.

ലോകബാങ്ക് സഹായത്തോടുകൂടി നടപ്പിലാക്കുന്ന കെ.എസ്.റ്റി.പി. രണ്ടാംഘട്ട പദ്ധതിയിലുൾപ്പെടുന്ന മാതൃകാ സുരക്ഷിത ഇടനാഴി പദ്ധതി 65% പണി പൂർത്തീകരിച്ചു.

കഴക്കൂട്ടം വെട്ടുറോഡ് മുതൽ തൈക്കോട് വരെയുള്ള ലിങ്ക് റോഡും തൈക്കോട് മുതൽ അടൂർ വരെയുള്ള എം.സി. റോഡും ആണ് (ആകെ 78.65 കി. മീ) റോഡ് സുരക്ഷയ്ക്ക് അതീവ പരിഗണന നൽകി പ്രാവർത്തികമാക്കുന്ന ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിന്റെ

ആകെ അടങ്കൽ തുക 146.67 കോടി രൂപയാണ്. കെ.എസ്.റ്റി.പി. കൊട്ടാരക്കര സൂപ്രണ്ടിംഗ് എൻജിനീയർക്കാണ് ഈ പ്രവൃത്തിയുടെ നിർമ്മാണച്ചുമതല. പ്രസ്തുത പ്രവൃത്തിയുടെ കരാർ ഏറ്റെടുത്ത് നടത്തുന്നത് M/s GHV-EKK (JV), Perumbavoor എന്ന കമ്പനിയാണ്.

(ബി) ദേശീയപാതയിൽ കഴക്കൂട്ടം മുതൽ അടൂർ വരെയുള്ള 82 കി.മീ. റോഡിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. കേരളാ സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് (കെ.എസ്.റ്റി.പി.)-യാണ് ഈ പദ്ധതിയുടെ നിർവ്വഹണ ചുമതല വഹിക്കുന്നത്.

(സി) പദ്ധതി പ്രവൃത്തികൾ നടന്നുവരികയാണ്. പദ്ധതി പൂർത്തിയായി ക്കഴിഞ്ഞാൽ മാത്രമേ അപകടനിരക്ക് സംബന്ധിച്ച താരതമ്യ പഠനം സാധ്യമാവുകയുള്ളൂ.

**ഗ്രാമപഞ്ചായത്തുകളുടെ നേതൃത്വത്തിലുള്ള വിവിധ കമ്മിറ്റികൾ**

20 (*290) ശ്രീ. റോഷി അഗസ്റ്റിൻ:
ഡോ. എൻ. ജയരാജ്:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. സി. എഫ്. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളുടെ നേതൃത്വത്തിൽ ട്രാഫിക് കമ്മിറ്റികൾ പോലെയുള്ള വിവിധ കമ്മിറ്റികൾ വിളിച്ചു ചേർക്കുന്നത് സംബന്ധിച്ച് നിലവിലുള്ള വ്യവസ്ഥകൾ എന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ; അങ്ങനെ വിളിച്ചുചേർക്കേണ്ട കമ്മിറ്റികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കമ്മറ്റികളിൽ ആരൊക്കെ അംഗങ്ങൾ ആയിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ജനകീയവിഷയങ്ങൾക്ക് പരിഹാരം കാണാൻ പ്രാപ്തമായ ഇത്തരം കമ്മിറ്റികൾ നിർബന്ധമായും നിശ്ചിത ഇടവേളകളിൽ വിളിച്ചുചേർക്കുന്നതിന് ബന്ധപ്പെട്ടവർക്ക് കർശന നിർദ്ദേശം നൽകുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) അദ്ധ്യക്ഷനും നിശ്ചിത അംഗങ്ങളും ഉൾപ്പെടുന്നതാണ് ഗ്രാമ പഞ്ചായത്തുകളിൽ ട്രാഫിക് കമ്മിറ്റികൾ പോലുള്ള വിവിധ കമ്മിറ്റികളുടെ ഘടന. കമ്മിറ്റികൾ അദ്ധ്യക്ഷൻ നിശ്ചയിക്കുംപ്രകാരമോ മാസത്തിൽ കുറഞ്ഞത് ഒരു പ്രാവശ്യമോ വിളിച്ചുചേർക്കാറുണ്ട്. ഗ്രാമ പഞ്ചായത്തുകളിൽ രൂപീകരിച്ചിട്ടുള്ള പ്രസ്തുത ഗണത്തിൽപ്പെട്ട പ്രധാന കമ്മിറ്റികൾ ചുവടെ ചേർക്കുന്നു:

ട്രാഫിക് റഗുലേറ്ററി കമ്മിറ്റി, റസ്ക്യൂ വോളന്ററി കമ്മിറ്റി, ട്രീകമ്മിറ്റി, പരിസ്ഥിതി കമ്മിറ്റി, ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റി, ലഹരിവിരുദ്ധ കമ്മിറ്റി, ജാഗ്രതാ സമിതി, ആസ്തി പരിപാലന കമ്മിറ്റി, ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി, ചൈൽഡ് വെൽഫയർ കമ്മിറ്റി, എ.ബി.സി. മോണിറ്ററിംഗ് സമിതി, ബഡ്സ് മാനേജ്മെന്റ് കമ്മിറ്റി, പഞ്ചായത്ത് എഡ്യൂക്കേഷൻ കമ്മിറ്റി, വയോജനങ്ങളുടെ ക്ഷേമം സംബന്ധിച്ച കമ്മിറ്റി, വാർഡ് വികസന സമിതി, വാർഡ് സാനിറ്റേഷൻ കമ്മിറ്റി, ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി, നീർത്തട കമ്മിറ്റി, സോഷ്യൽ ഓഡിറ്റ് കമ്മിറ്റി, പ്രൊക്യൂർമെന്റ് കമ്മിറ്റി, പഞ്ചായത്ത് പ്ലാനിംഗ് കമ്മിറ്റി, തണ്ണീർത്തട നെൽവയൽ കമ്മിറ്റി, കുടുംബശ്രീ വിലയിരുത്തൽ സമിതി.

(ബി) വ്യവസ്ഥ ചെയ്തിട്ടില്ല. ഗ്രാമപഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്ന നോൺ സ്റ്റാറ്റ്യൂട്ടറി ഗണത്തിൽപ്പെട്ട കമ്മിറ്റികളിലെ അംഗസംഖ്യയും അംഗങ്ങളെയും നിശ്ചയിക്കുന്നത് കാലാകാലങ്ങളിൽ വിഷയവുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളിലെയോ/സർക്കുലറുകളിലേയോ നിബന്ധനകൾ പ്രകാരമാണ്.

(സി) ഇത്തരം കമ്മിറ്റികളിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായ കമ്മിറ്റികൾ ഉൾപ്പെടുന്നു. പരാതികളുടെയോ, പ്രശ്നങ്ങളുടെയോ അടിസ്ഥാനത്തിൽ യഥാസമയം അവ വിളിച്ചുചേർക്കുന്നു.

## നഗരങ്ങളിലെ ശുചിത്വ സംവിധാനം

21 (*291) ശ്രീ. ബി. സത്യൻ:
ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീ. സി. കൃഷ്ണൻ:
ശ്രീ. പി. കെ. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരങ്ങളിലെ ശുചിത്വ സംവിധാനം മെച്ചപ്പെടുത്തുന്നതിനായി കേന്ദ്രീകൃതവും വികേന്ദ്രീകൃതവുമായ മാലിന്യ സംസ്കരണം ശക്തിപ്പെടുത്താൻ പദ്ധതിയുണ്ടോ;

(ബി) സ്ഥല ലഭ്യതയുടെ അപര്യാപ്തതയും പൊതുവെ സ്വീകാര്യമായ മാലിന്യ സംസ്കരണ രീതികൾ പ്രാവർത്തികമാകാത്തതും കണക്കിലെടുത്ത് പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ മാലിന്യത്തിൽ നിന്ന് വൈദ്യുതി ഉല്പാദിപ്പിക്കുന്ന സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കാനുള്ള പദ്ധതിയുടെ പുരോഗതി അറിയിക്കാമോ;

(സി) വിപുലമായ ശുചിത്വ ബോധവൽക്കരണ പ്രവർത്തനത്തിലൂടെയും അനുയോജ്യമായ മാതൃകകൾ അവതരിപ്പിച്ചുകൊണ്ടും ഉറവിട മാലിന്യ സംസ്കരണം സംസ്കാരമാക്കിത്തീർക്കുന്നതിന് വേണ്ട പ്രവർത്തനം ഊർജ്ജിതമാക്കുമോ; അജൈവ മാലിന്യ സംസ്കരണത്തിനായി ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണം അറിയിക്കാമോ;

(ഡി) തെരഞ്ഞെടുക്കപ്പെട്ട നഗരസഭകളിൽ നടപ്പാക്കുന്ന സീറോ വേസ്റ്റ് ഓൺ ഗ്രൗണ്ട് വ്യാപകമാക്കാൻ സാധിക്കുമോ എന്ന് വ്യക്തമാക്കാമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) സംസ്ഥാനത്തെ നഗരങ്ങളിലെ ശുചിത്വ സംവിധാനം മെച്ചപ്പെടുത്തുന്നതിനായി കേന്ദ്രീകൃതവും വികേന്ദ്രീകൃതവുമായ മാലിന്യ സംസ്കരണം ശക്തിപ്പെടുത്താൻ പദ്ധതിയുണ്ട്.

(ബി) സംസ്ഥാനത്ത് അനുദിനം വർദ്ധിച്ചുവരുന്ന മാലിന്യപ്രശ്നം പരിഹരിക്കുന്നതിലേക്കായി കേന്ദ്രീകൃതമായ രീതിയിൽ ഖരമാലിന്യങ്ങൾ സംസ്കരിച്ച് ഊർജ്ജം ഉൽപ്പാദിപ്പിക്കുന്ന തരത്തിലുള്ള മാലിന്യ സംസ്കരണപ്ലാന്റുകൾ സ്ഥാപിക്കുന്നതിന് 11-6-2018-ലെ സ.ഉ. (എം.എസ്.)നമ്പർ 82/2018/തസ്വഭവ. നമ്പർ ഉത്തരവിലൂടെ സർക്കാർ നയപരമായ തീരുമാനമെടുത്തിട്ടുണ്ട്. ആഗോള ടെണ്ടറിലൂടെ കണ്ടെത്തുന്ന സ്വകാര്യ പങ്കാളിയുമായി ചേർന്ന് പൂർണ്ണമായും പൊതു സ്വകാര്യ പങ്കാളിത്ത വ്യവസ്ഥയിലായിരിക്കും ഈ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുമായി ബന്ധപ്പെട്ട ടെണ്ടർ നടപടികൾ ഏകോപിപ്പിക്കുന്നതിനും പദ്ധതിയുടെ നടത്തിപ്പിനുമുള്ള നോഡൽ ഏജൻസിയായി സർക്കാർ കെ.എസ്.ഐ.ഡി.സി.-യെ നിയമിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ ഉത്തരവുപ്രകാരം തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിലാണ് പ്ലാന്റുകൾ സ്ഥാപിക്കുന്നത്. ഓരോ ജില്ലയിലും പദ്ധതിയിൽ പങ്കെടുക്കേണ്ട തദ്ദേശഭരണ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി ക്ലസ്റ്റർ മാതൃകയിൽ നടപ്പിലാക്കുന്ന പദ്ധതിയുടെ രൂപകല്പന, നിർമ്മാണം, ആവശ്യമായ സാമ്പത്തിക ഉറവിടങ്ങൾ കണ്ടെത്തൽ, പദ്ധതി നടത്തിപ്പ് തുടങ്ങിയവ പൂർണ്ണമായും സ്വകാര്യ പങ്കാളിയുടെ ഉത്തരവാദിത്വമാണ്. രണ്ട് വർഷത്തെ നിർമ്മാണ കാലാവധി ഉൾപ്പെടെ 27 വർഷമാണ് പദ്ധതിയുടെ നടത്തിപ്പ് കാലയളവ്. ഒരു ടൺ വേസ്റ്റ് ശേഖരിച്ച് സംസ്കരണശാലയിൽ എത്തിച്ച് സംസ്കരിക്കുന്നതിന് നൽകേണ്ട ടിപ്പിംഗ് ഫീസിനെ അടിസ്ഥാനമാക്കിയാണ് സ്വകാര്യ പങ്കാളികൾ ടെണ്ടറുകൾ സമർപ്പിക്കേണ്ടത്. പ്രസ്തുത പദ്ധതിയുടെ

ആദ്യഘട്ടത്തിൽ കോഴിക്കോട് ജില്ലയ്ക്കുവേണ്ടിയുള്ള ടെണ്ടർ പ്രസിദ്ധപ്പെടുത്തുകയും ആയതിന് ബാംഗ്ലൂർ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന സോണ്ട ഇൻഫ്രാടെക് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തെ തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി ആരംഭിക്കുന്നതിന് നിയമപരമായി ആവശ്യമുള്ള അനുമതികളും ക്ലിയറൻസുകളും ലഭ്യമായി കഴിഞ്ഞാലുടൻതന്നെ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതായിരിക്കും. രണ്ടാം ഘട്ടത്തിൽ കണ്ണൂർ, കൊല്ലം, പാലക്കാട് എന്നീ ജില്ലകളിലേക്കായുള്ള ടെണ്ടർ 2019 ജനുവരി മാസത്തിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു. എന്നാൽ മൂന്ന് പദ്ധതികൾക്കും ഒരു ബിഡ്പോലും ലഭിക്കാത്ത സാഹചര്യത്തിൽ റീടെണ്ടർ ചെയ്തിട്ടുണ്ട്. മറ്റ് സ്ഥലങ്ങളിൽ ടെണ്ടർ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

കൂടാതെ കൊച്ചിയിലെ ബ്രഹ്മപുരത്ത് വേസ്റ്റ്-റ്റു-എനർജി പ്ലാന്റ് സ്ഥാപിക്കുന്നതിന് ജി ജെ എക്കോ പവർ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയുമായി കൊച്ചി കോർപ്പറേഷൻ കരാറിൽ ഏർപ്പെട്ടിട്ടുള്ളതും പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട വിവിധ അനുമതികൾ ലഭ്യമാക്കി പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലുമാണ്. മൂന്നാറിൽ AG Dauters Waste Processing Pvt Ltd-ന്റെ മേൽനോട്ടത്തിൽ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനായി 1-2-2019-ൽ സ.ഉ.(എം.എസ്.) നമ്പർ 13/2019/തസ്വഭവ. പ്രകാരം ഉത്തരവായിട്ടുണ്ട്. കൂടാതെ വയനാട് സുൽത്താൻ ബത്തേരിയിൽ നിർമ്മാണം നടന്നുവരുന്ന മാലിന്യസംസ്കരണ പ്ലാന്റ് താമസംവിനാ കമ്മീഷൻ ചെയ്യുന്നതാണ്.

(സി) ഉറവിട മാലിന്യ സംസ്കരണം ഒരു ശീലമാക്കി തീർക്കുന്നതിനായി പല വിധത്തിലുള്ള ബോധവൽക്കരണ/ശീലവത്ക്കരണ പ്രവർത്തനങ്ങൾ പല തലങ്ങളിലായി (സംസ്ഥാന, ജില്ലാ, തദ്ദേശഭരണ സ്ഥാപനതലം എന്നിങ്ങനെ) നടപ്പിലാക്കിവരുന്നു. ഉറവിട മാലിന്യസംസ്കരണ ഉപാധികൾ അവതരിപ്പിച്ച് കാണിക്കുന്നതിന് വിവിധ തലങ്ങളിലായി എക്സിബിഷനുകൾ സംഘടിപ്പിച്ചുവരുന്നു. അജൈവ മാലിന്യ ശേഖരണത്തിനായി 941 ഗ്രാമപഞ്ചായത്തുകളിലും 93 നഗരസഭകളിലും ഹരിതകർമ്മസേന രൂപീകരിച്ചിട്ടുണ്ട് (നിലവിൽ പ്രവർത്തിക്കുന്ന ഏജൻസികൾ ഉൾപ്പെടെ). ഇതിൽ 533 ഗ്രാമപഞ്ചായത്തുകളും 70 നഗരസഭകളും ഉൾപ്പെടെ 603 തദ്ദശഭരണ സ്ഥാപനങ്ങളിൽ ഹരിത കർമ്മസേനയുടെ പ്രവർത്തനം നടന്നുവരുന്നു.

(ഡി) നിലവിൽ "സീറോ വേസ്റ്റ് ഓൺ ഗ്രൗണ്ട്" പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ച 14 നഗരസഭകളിൽ 7 നഗരസഭകൾ (മട്ടന്നൂർ, മാവേലിക്കര, ചിറ്റൂർ-തത്തമംഗലം, നോർത്ത് പറവൂർ, പുനലൂർ, വൈക്കം, കൊയിലാണ്ടി)

എന്നിവിടങ്ങളിൽ 10 വാർഡുകളെ വീതം "സീറോ വേസ്റ്റ് ഓൺ ഗ്രൗണ്ട്" ആയി പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത നഗരസഭകളിലെ ബാക്കി വാർഡുകൾ കൂടി "സീറോ വേസ്റ്റ് ഓൺ ഗ്രൗണ്ട്" ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൂടാതെ ആറ്റിങ്ങൽ, തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നീ നഗരസഭ/കോർപ്പറേഷനുകളെ "സീറോ വേസ്റ്റ് ഓൺ ഗ്രൗണ്ട്" ആയി മാറ്റാനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ഘട്ടംഘട്ടമായി മറ്റ് നഗരസഭകളിൽകൂടി പ്രവർത്തനങ്ങൾ വ്യാപിപ്പിക്കാനാണ് പദ്ധതി.

## കെ.എസ്.ആർ.ടി.സി. സർവ്വീസ് പരിഷ്കരണം

22 (*292) ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാധാരണക്കാർ കൂടുതലായി ആശ്രയിക്കുന്ന കെ.എസ്.ആർ.ടി.സി. ഓർഡിനറി സർവ്വീസുകൾ നിർത്തലാക്കുന്നതിനുള്ള നീക്കമുണ്ടോ; എങ്കിൽ ആയതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ;

(ബി) കെ.എസ്.ആർ.ടി.സി. നടത്തുന്ന ദീർഘദൂര സർവ്വീസുകൾ ചില ദിവസങ്ങളിൽ മുടങ്ങിപ്പോകുന്നത് ഒഴിവാക്കുന്നതിനും സ്ഥിരം യാത്രക്കാർക്ക് അതുകാരണം ദുരിതമുണ്ടാകാതെ നോക്കുന്നതിനും സത്വര നടപടി സ്വീകരിക്കുമോ;

(സി) തിരുവനന്തപുരത്തുനിന്നും മണിപ്പാലിലേക്കും സുള്ള്യയിലേക്കും നടത്തിയിരുന്ന കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ നിർത്തലാക്കിയിരിക്കുന്ന സാഹചര്യത്തിൽ സ്വകാര്യ ബസ്സുകൾ അനധികൃതമായി പ്രസ്തുത റൂട്ടുകളിലേക്ക് സർവ്വീസ് ആരംഭിച്ചത് കെ.എസ്.ആർ.ടി.സി.-യുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കെ.എസ്.ആർ.ടി.സി. നിലവിൽ നടത്തിവരുന്ന ദീർഘദൂര സർവ്വീസുകൾ കാര്യക്ഷമവും ഭാവിയിൽ കൂടുതൽ ലാഭകരവുമാക്കുന്നതിനുള്ള നടപടികളെടുക്കാൻ കഴിയാതിരിക്കുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ഇ) സർവ്വീസുകൾ ലാഭകരമാക്കുന്ന ജീവനക്കാർക്ക് പ്രോത്സാഹനം നൽകുന്നതിന് മുൻകയ്യെടുക്കുമോ; വ്യക്തമാക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ):

(എ) ഓർഡിനറി സർവ്വീസുകൾ നിർത്തലാക്കുന്നതിനുള്ള നടപടികൾ കെ.എസ്.ആർ.ടി.സി. സ്വീകരിച്ചിട്ടില്ല. എന്നാൽ പൊതുവിൽ വരുമാനനഷ്ടം ഉണ്ടാക്കുകയും പ്രവർത്തനച്ചെലവ് പോലും ലഭിക്കാത്തതുമായ ഓർഡിനറി

സർവ്വീസുകളോ/ചില ട്രിപ്പുകളോ കാലോചിതമായി പരിഷ്കരിച്ച് യാത്രക്കാർക്കും കോർപ്പറേഷനും ഗുണകരമാകുന്ന രീതിയിൽ പുന:ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഫാസ്റ്റ് പാസ്സഞ്ചർ മുതൽ മുകളിലോട്ടുള്ള സൂപ്പർ ക്ലാസ് സർവ്വീസുകൾ നടത്തുന്നതിന് കെ.എസ്.ആർ.ടി.സി.-യെ മാത്രം അധികാരപ്പെടുത്തി യിട്ടുള്ളതാണ്. അതിൻപ്രകാരം ദീർഘദൂര സർവ്വീസുകൾ യാത്രക്കാർക്കും കെ.എസ്.ആർ.ടി.സി.-ക്കും ഗുണകരമാകുന്ന രീതിയിൽ ക്രമീകരിച്ച് നടത്തിവരികയുമാണ്. എന്നാൽ ചുരുക്കം ചില ദിവസങ്ങളിൽ സാങ്കേതിക തകരാർമൂലമോ ഒഴിവാക്കാൻ കഴിയാത്ത സാഹര്യങ്ങൾമൂലമോ ചില സർവ്വീസ്സുകൾ റദ്ദ് ചെയ്യപ്പെടുകയാണെങ്കിൽ പകരം ബസ്സുകൾ ഏർപ്പെടുത്തി യാത്രക്കാരുടെ ബുദ്ധിമുട്ടുകൾ പരമാവധി പരിഹരിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. സാമ്പത്തിക പരാധീനതമൂലം സ്പെയർ പാർട്സ് വാങ്ങുന്നതിനും മെയിന്റനൻസ് നടത്തുന്ന കമ്പനികൾക്കും യഥാസമയം തുക നൽകാൻ കഴിയാത്ത സാഹചര്യങ്ങളിൽ ബസ്സിന്റെ കുറവ് സർവ്വീസിനെ ബാധിക്കാറുണ്ട്. എന്നിരുന്നാലും വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ യഥാസമയം തീർക്കുന്നതിനും ദീർഘദൂര ബസ്സുകൾക്ക് പ്രത്യേക പരിഗണന നൽകി മെയിന്റനൻസ് ചെയ്യുന്നതിനും ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) സ്വകാര്യ ബസ്സുകൾ അനധികൃതമായി റൂട്ടുകളിൽ ദീർഘദൂര അന്തർസംസ്ഥാന സർവ്വീസുകൾ നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അനധികൃത സ്വകാര്യ സർവ്വീസുകൾ നിർത്തലാക്കുന്നതിന് നടപടി സ്വീകരിക്കാൻ മോട്ടോർ വാഹന വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) കൃത്യമായ സമയക്രമവും ഇടവേളയും നിശ്ചയിച്ച് യാത്രക്കാർക്ക് കൂടുതൽ മെച്ചപ്പെട്ട യാത്രാസൗകര്യം ഒരുക്കുന്നതിനാണ് തിരുവനന്തപുരം മുതൽ തൃശ്ശൂർ വരെയുള്ള ദേശസാൽകൃത റൂട്ടിൽ കെ.എസ്.ആർ.ടി.സി. സൂപ്പർഫാസ്റ്റ് ചെയിൻ സർവ്വീസ് 6-5-2019 മുതൽ ആരംഭിച്ചിട്ടുള്ളത്. ഇതിനായി കെ.എസ്.ആർ.ടി.സി.-യുടെ 257 സൂപ്പർ ഫാസ്റ്റ് സർവ്വീസുകളുടെ ട്രിപ്പുകളുടെ സമയക്രമം പുനഃക്രമീകരിച്ചിട്ടുണ്ട്. ദീർഘദൂര യാത്രക്കാർക്ക് കൂടുതൽ പ്രയോജനകരമാകുന്ന രീതിയിലാണ് ടി സർവ്വീസുകൾ പുനഃക്രമീകരിച്ചിട്ടുള്ളത്. പ്രീമിയം ക്ലാസ് ബസ്സുകളുടെ ഉയർന്ന വില സാധാരണ ബസ്സുകളുമായി താരതമ്യം ചെയ്യുമ്പോൾ ഉയർന്ന സ്പെയർ പാർട്സ്, മെയിന്റനൻസ്, ഇന്ധനച്ചെലവുകൾ എന്നിവയാണ് പ്രധാനമായും ദീർഘദൂര സർവ്വീസുകൾക്ക് പ്രീമിയം ക്ലാസ്സ് ബസ്സുകൾ ലഭ്യമാക്കി സർവ്വീസ് നടത്തി ലാഭകരമാക്കാൻ കഴിയാത്ത സാഹചര്യം സൃഷ്ടിക്കുന്നത്.

(ഇ) വരുമാനവർദ്ധനവ് ലഭ്യമാക്കുന്ന സർവ്വീസുകളിലെ ജീവനക്കാർക്ക് പ്രോത്സാഹനം നൽകുന്നതിന്റെ ഭാഗമായി ഓരോ മാസവും യൂണിറ്റ് തലത്തിൽ മികച്ച ഡ്രൈവർ, കണ്ടക്ടർ വിഭാഗം ജീവനക്കാരെ തെരഞ്ഞെടുത്ത് പ്രോത്സാഹനം നൽകുന്നതിനും അഭിനന്ദിക്കുന്നതിനുമായി കെ.എസ്.ആർ.ടി.സി. നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുന്നതിനാൽ ജീവനക്കാർക്ക് പ്രോത്സാഹനമായി അധിക സാമ്പത്തിക സഹായം ലഭ്യമാക്കാൻ സാധിക്കില്ല.

**എയ്ഡഡ് കോളേജുകൾക്ക് സ്വയംഭരണപദവി**

23 (*293) ശ്രീ. കെ. എൻ. എ. ഖാദർ:
ശ്രീ. എം. ഉമ്മർ:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. അബ്ദുൽ ഹമീദ്. പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് കോളേജുകൾക്ക് സ്വയംഭരണപദവി ലഭിക്കുന്നതിനായി സർക്കാർ എൻ.ഒ.സി. നൽകാറുണ്ടോയെന്നറിയിക്കുമോ;

(ബി) എൻ.ഒ.സി. നൽകുന്നതിനായി പ്രത്യേക സമിതി നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത സമിതിയുടെ ഘടന വ്യക്തമാക്കുമോ;

(സി) സർക്കാർ അനുമതി ഇല്ലാതെ കോളേജുകൾ സ്വയംഭരണപദവിക്കായി യു.ജി.സി.യെ സമീപിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) ആട്ടോണമി അപ്രൂവൽ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിലാണ് നിലവിൽ കോളേജുകൾക്ക് സ്വയംഭരണപദവി നൽകുന്നത്.

(ബി) സംസ്ഥാനത്തെ കോളേജുകൾക്ക് സ്വയംഭരണപദവി നൽകുന്ന കാര്യത്തിലും സ്വയംഭരണ കോളേജുകളുമായി ബന്ധപ്പെട്ട വിഷയങ്ങളിലും തീരുമാനം കൈക്കൊള്ളാനും ശിപാർശകൾ നൽകാനും University Law (Third Amendment) Act 2014 പ്രകാരം ചുമതലപ്പെടുത്തിയിട്ടുള്ളത് ആട്ടോണമി അപ്രൂവൽ കമ്മിറ്റിയെയാണ്. സ്വയംഭരണ പദവി നൽകുന്നതിനായി കോളേജുകളിൽ നിന്ന് അപേക്ഷ സ്വീകരിക്കുന്നതും ആയത് പരിശോധിച്ച്

ശിപാർശ ചെയ്യുന്ന കോളേജുകളുടെ അപേക്ഷ ബന്ധപ്പെട്ട സർവ്വകലാശാല വഴി അംഗീകാരത്തിനായി യു.ജി.സി.-ക്ക് അയച്ചുകൊടുക്കുന്നതിന് നിർദ്ദേശിക്കുന്നതും ഓട്ടോണമി അപ്രൂവൽ കമ്മിറ്റിയാണ്.

സ്റ്റാറ്റ്യൂട്ടറി സമിതിയായ ഓട്ടോണമി അപ്രൂവൽ കമ്മിറ്റിയുടെ അദ്ധ്യക്ഷൻ വിദ്യാഭ്യാസ വകുപ്പുമന്ത്രിയും ഉപാദ്ധ്യക്ഷൻ ഉന്നത വിദ്യാഭ്യാസ കൗൺസിൽ വൈസ് ചെയർമാനുമാണ്. ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ പ്രിൻസിപ്പൽ സെക്രട്ടറിയാണ് കമ്മിറ്റിയുടെ മെമ്പർ സെക്രട്ടറി, കേരള, മഹാത്മാഗാന്ധി, കാലക്കറ്റ്, കണ്ണൂർ സർവ്വകലാശാലകളുടെ വൈസ് ചാൻസലർമാരും നിയമ സെക്രട്ടറിയും ധനകാര്യ സെക്രട്ടറിയും ഈ സമിതിയിൽ അംഗങ്ങളാണ്. നിലവിൽ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ പ്രതിനിധിയായി മേൽ സമിതിയിലേക്ക് സർക്കാർ നോമിനേറ്റ് ചെയ്തിരിക്കുന്നത് ഉന്നത വിദ്യാഭ്യാസ കൗൺസിൽ മെമ്പർ സെക്രട്ടറിയെയാണ്.

(സി) ഉണ്ട്.

### ശുചിത്വ പദ്ധതികൾ നടപ്പാക്കുന്ന ഏജൻസികൾ

24 (*294) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ഡോ. എം. കെ. മുനീർ:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. ടി. എ. അഹമ്മദ് കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാലിന്യസംസ്കരണച്ചുമതല നിർവ്വഹിക്കുന്നതിനും ശുചിത്വപദ്ധതികൾ നടപ്പാക്കുന്നതിനുമായി ഏതൊക്കെ ഏജൻസികൾ പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഈ ഏജൻസികൾ ഓരോന്നും എന്തൊക്കെ ചുമതലകളാണ് നിർവ്വഹിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഓരോ ഏജൻസിയിലും ദിവസവേതനക്കാർ ഉൾപ്പെടെ ഏതൊക്കെ തസ്തികകളിൽ എത്ര വീതം ഉദ്യോഗസ്ഥരും ജോലിക്കാരും പ്രവർത്തിക്കുന്നുണ്ടെന്ന വിവരം ലഭ്യമാണോ; എങ്കിൽ വെളിപ്പെടുത്തുമോ;

(ഡി) ഓരോ ഏജൻസിയുടെയും പ്രതിവർഷ ചെലവ് എത്രയാണെന്ന് വിശദമാക്കുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) സംസ്ഥാനത്ത് മാലിന്യ സംസ്കരണ ചുമതല നിർവ്വഹിക്കുന്നതിനും ശുചിത്വ പദ്ധതികൾ നടപ്പാക്കുന്നതിനുമായി തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിൽ ശുചിത്വ മിഷൻ, ക്ലീൻ കേരള കമ്പനി എന്നീ ഏജൻസികൾ പ്രവർത്തിച്ചുവരുന്നു. ഹരിതകേരളം മിഷന്റെ ശുചിത്വ-മാലിന്യ സംസ്കരണ ഉപമിഷൻ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത് ശുചിത്വ മിഷൻ മുഖേനയാണ്.

(ബി) ശുചിത്വ മിഷൻ സംസ്ഥാനത്തെ മാലിന്യ സംസ്കരണ പദ്ധതികൾക്ക് സാങ്കേതിക അനുമതി നൽകുകയും സർക്കാരിൽനിന്ന് വിവിധ പദ്ധതികളിലൂടെ ലഭിക്കുന്ന സാമ്പത്തിക സഹായം ഓരോ തദ്ദേശഭരണ സ്ഥാപനം തയ്യാറാക്കുന്ന പദ്ധതികൾക്ക് അനുസൃതമായി ലഭ്യമാക്കുകയും ചെയ്തുവരുന്നു. ശുചിത്വ മിഷന്റെ ചുമതലകൾ താഴെപ്പറയുന്നവയാണ്:

- ശുചിത്വ-മാലിന്യ സംസ്കരണ മേഖലകളിൽ ആശയ രൂപീകരണം
- കർമ്മപരിപാടികൾ ആസൂത്രണം ചെയ്യൽ.
- സൃഷ്ടിപരമായ ശില്പശാലകൾ, പരിശീലനങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കൽ.
- മേഖലാ സംബന്ധിയായ പഠനഗവേഷണങ്ങൾ, സന്ദർഭോചിതമായ പ്രസിദ്ധീകരണങ്ങൾ തുടങ്ങി മാലിന്യ-സംസ്കരണമേഖലയിലെ മറ്റ് പ്രവർത്തനങ്ങൾ.
- സ്വച്ഛ് ഭാരത് മിഷൻ (നഗരം), സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ), കമ്മ്യൂണിക്കേഷൻ & കപ്പാസിറ്റി ഡെവലപ്മെന്റ് യൂണിറ്റ് (സി.സി.ഡി.യു) എന്നിവ നടപ്പിലാക്കാനുള്ള സംസ്ഥാന നോഡൽ ഏജൻസി.
- ഹരിതകേരളം മിഷന്റെ ഭാഗമായി ശുചിത്വ-മാലിന്യ സംസ്കരണ മേഖലകളിൽ നിർദ്ദേശിച്ചിട്ടുള്ള കർമ്മപരിപാടികളുടെ നിർവ്വഹണ ഏജൻസി.
- മാലിന്യ സംസ്കരണ നയം തയ്യാറാക്കുക.
- ദേശീയ ഹരിത ട്രിബ്യൂണലിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും സാങ്കേതിക സഹായങ്ങളും നൽകുക.

- കേന്ദ്ര പരിസ്ഥിതിയും കാലാവസ്ഥാ വ്യതിയാനവും മന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ള ഖരമാലിന്യ പരിപാലന ചട്ടം 2016 അനുസരിച്ച് സംസ്ഥാനത്തെ മാലിന്യ സംസ്കരണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളെ സഹായിക്കുക.
- തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന മാലിന്യ സംസ്കരണ പദ്ധതികൾക്ക് സാങ്കേതിക സഹായം നൽകുകയും പുരോഗതി വിലയിരുത്തുകയും ചെയ്യുക.

അജൈവമാലിന്യ സംസ്കരണം പ്രധാനമായും പ്ലാസ്റ്റിക് മാലിന്യങ്ങൾ, ഇ-മാലിന്യങ്ങൾ എന്നിവയുടെ പുനഃചംക്രമണവും ശാസ്ത്രീയമായ സംസ്കരണവുമാണ് ക്ലീൻ കേരള കമ്പനിയുടെ പ്രധാന പ്രവർത്തന ലക്ഷ്യം. ക്ലീൻ കേരള കമ്പനിയുടെ ചുമതലകൾ ചുവടെ ചേർക്കുന്നു.

- ഇലക്ട്രോണിക് മാലിന്യങ്ങളുടെ ശേഖരണം
- ഇലക്ട്രോണിക് മാലിന്യങ്ങളുടെ പുനഃചംക്രമണം
- റോഡ് നിർമ്മാണ പ്രവൃത്തികൾക്ക് ഷ്രെഡ്ഡഡ് പ്ലാസ്റ്റിക്കിന്റെ ഉൽപ്പാദനവും വിപണനവും
- റിസോഴ്സ് റിക്കവറി ഫെസിലിറ്റികളുടെ യന്ത്രവൽക്കരണം
- റിസോഴ്സ് റിക്കവറി ഫെസിലിറ്റികളുടെ പരിപാലനം
- ചില്ല് (ഗ്ലാസ്സ്) മാലിന്യങ്ങളുടെ പുനഃചംക്രമണം
- വിപൽക്കരമായ ഇലക്ട്രോണിക് മാലിന്യങ്ങളുടെ സംസ്കരണം
- മറ്റ് അജൈവമാലിന്യങ്ങളുടെ സംസ്കരണവും പുനരുപയോഗവും
- കേരളത്തിലെ മുഴുവൻ സർക്കാർ ഓഫീസുകളിൽനിന്നും അജൈവ മാലിന്യങ്ങൾ തരംതിരിച്ച് ശേഖരിച്ച് സംസ്കരിക്കുന്നതിനുള്ള ചുമതലയും CKCL-നെ ഏല്പിച്ചിട്ടുണ്ട്.

(സി) ലഭ്യമാണ്. ശുചിത്വ മിഷനിലെ ഉദ്യോഗസ്ഥരുടെ വിവരം അനുബന്ധം ആയി ഉൾപ്പെടുത്തിയിരിക്കുന്നു.*

ക്ലീൻ കേരള കമ്പനിയിൽ എം.ഡി. ഉൾപ്പെടെ 15 പേർ കോൺട്രാക്ട് അടിസ്ഥാനത്തിലും 4 പേർ ദിവസവേതന അടിസ്ഥാനത്തിലുമാണ് ജോലി ചെയ്യുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കരാർ ജീവനക്കാർ

മാനേജിങ്ങ് ഡയറക്ടർ-1

അസിസ്റ്റന്റ് മാനേജർ-9

സിവിൽ എൻജിനീയർ-1

അക്കൗണ്ടന്റ്-1

അക്കൗണ്ട്സ് അസിസ്റ്റന്റ്-1

പ്രോജക്ട് എക്സിക്യൂട്ടീവ്-2

ദിവസ വേതനക്കാർ

ക്ലറിക്കൽ അസിസ്റ്റന്റ്-2

ഓഫീസ് അസിസ്റ്റന്റ്-2

(ഡി) ശുചിത്വ മിഷന്റെ (സംസ്ഥാന മിഷന്റെയും ജില്ലാ മിഷനുകളുടെയും) ആകെ വാർഷിക ചെലവ് (2018-19) സാമ്പത്തിക വർഷത്തിൽ 626.62 ലക്ഷം രൂപയാണ്. സംരംഭക മാതൃകയിൽ പ്രവർത്തിക്കുന്ന ക്ലീൻ കേരള കമ്പനിയുടെ ദൈനംദിന പ്രവർത്തനത്തിനായി സർക്കാർ ഫണ്ട് നൽകുന്നില്ല. ക്ലീൻ കേരള കമ്പനിയുടെ ആകെ വാർഷികച്ചെലവ് (2018-19) സാമ്പത്തിക വർഷത്തിൽ 97,36,388 രൂപയാണ്.

## കേന്ദ്രീകൃത മാലിന്യസംസ്കരണ പ്ലാന്റുകൾ

25 (*295) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. പി. കെ. അബ്ദു റബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും കേന്ദ്രീകൃത മാലിന്യസംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എവിടെയൊക്കെയെന്ന് അറിയിക്കാമോ;

(ബി) ഇല്ലെങ്കിൽ വർദ്ധിച്ചുവരുന്ന ഇ-വേസ്റ്റ് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ ഏതുവിധത്തിൽ സംസ്കരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) നിലവിൽ സംസ്ഥാനത്ത് കാര്യക്ഷമമായി പ്രവർത്തിക്കുന്ന മാലിന്യസംസ്കരണ, പുനരുപയോഗ പ്ലാന്റുകൾ എവിടെയെല്ലാം ഉണ്ടെന്നതിന്റെ വിശദവിവരം വെളിപ്പെടുത്തുമോ ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ&ബി) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന മാലിന്യപ്രശ്നം പരിഹരിക്കുന്നതിനായി 11-6-2018-ലെ സ.ഉ.(കൈ)നമ്പർ 82/2018/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവിലൂടെ ചുവടെ ചേർക്കുന്ന ഏഴ് സ്ഥലങ്ങളിൽ അത്യാധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് 5 മെഗാവാട്ട് വരെ വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന ഖരമാലിന്യ സംസ്കരണപ്ലാന്റുകൾ നിർമ്മിക്കുന്നതിന് സർക്കാർ നയപരമായ തീരുമാനമെടുത്തിട്ടുണ്ട്.

| ക്രമ നമ്പർ | സ്ഥലം | ജില്ല | സ്ഥലത്തിന്റെ വിസ്തൃതി |
|---|---|---|---|
| 1 | പെരിങ്ങമ്മല | തിരുവനന്തപുരം | 6.07 ഹെക്ടർ (15 ഏക്കർ) |
| 2 | ലാലൂർ | തൃശ്ശൂർ | 6.07 ഹെക്ടർ (15 ഏക്കർ) |
| 3 | കഞ്ചിക്കോട് | പാലക്കാട് | 6.07 ഹെക്ടർ (15 ഏക്കർ) |
| 4 | ഞെളിയംപറമ്പ് | കോഴിക്കോട് | 5.12 ഹെക്ടർ (12.67 ഏക്കർ) |
| 5 | ചെലോറ | കണ്ണൂർ | 3.93 ഹെക്ടർ (9.7 ഏക്കർ) |
| 6 | കുരീപ്പുഴ | കൊല്ലം | 2.85 ഹെക്ടർ (7.05 ഏക്കർ) |
| 7 | പാണക്കാട് | മലപ്പുറം | 4.04 ഹെക്ടർ (10 ഏക്കർ) |

ഓരോ ജില്ലയിലും പദ്ധതിയിൽ പങ്കെടുക്കേണ്ട തദ്ദേശഭരണ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി ക്ലസ്റ്റർ മാതൃകയിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

കൂടാതെ കൊച്ചിയിലെ ബ്രഹ്മപുരത്ത് വേസ്റ്റ്-ടു-എനർജി പ്ലാന്റ് സ്ഥാപിക്കുന്നതിന് ജി.ജെ. എക്കോ പവർ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയുമായി കൊച്ചി കോർപ്പറേഷൻ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. മൂന്നാറിൽ AG Dauters Waste Processing Pvt Ltd-ന്റെ മേൽനോട്ടത്തിൽ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനായി 1-2-2019-ൽ സ.ഉ.(എം.എസ്) നമ്പർ 13/2019/തസ്വഭവ. പ്രകാരം ഉത്തരവായിട്ടുണ്ട്. കൂടാതെ വയനാട് സുൽത്താൻ ബത്തേരിയിൽ നിർമ്മാണം നടന്നുവരുന്ന മാലിന്യ സംസ്കരണ പ്ലാന്റ് കമ്മീഷൻ ചെയ്യുന്ന ഘട്ടത്തിലുമാണ്.

ഇ-വേസ്റ്റ് ഉൾപ്പെടെയുള്ള അജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള ചുമതല ക്ലീൻ കേരള കമ്പനിക്കാണ്. സംസ്ഥാനത്തെ എല്ലാ സർക്കാർ സ്ഥാപനങ്ങളിൽനിന്നും പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നും വ്യവസായ സ്ഥാപനങ്ങളിൽനിന്നും ഇ-മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനി മുഖേന ശേഖരിച്ച് സംസ്കരണത്തിനായി അംഗീകൃത റീസൈക്ലിംഗ് കമ്പനിക്ക് നൽകിവരുന്നു. നാളിതുവരെയായി 1315 ടൺ കിലോഗ്രാം ഇ-മാലിന്യങ്ങൾ ശേഖരിച്ച് ശാസ്ത്രീയമായി പുനഃചംക്രമണം നടത്തിയിട്ടുണ്ട്. മൂല്യവർദ്ധിത ഇലക്ട്രോണിക് മാലിന്യം എന്ന വിഭാഗത്തിൽപ്പെടുന്ന ട്യൂബ് ലൈറ്റുകൾ, സി.എഫ്.എൽ., പ്രിന്റർ കാട്രിഡ്ജുകൾ, സിഡി, പൊട്ടിയ മോണിറ്ററുകൾ, ബൾബുകൾ എന്നിവ ശേഖരിച്ച് ശാസ്ത്രീയമായി സംസ്കരിക്കുകയും ചെയ്തുവരുന്നു. ആധുനിക രീതിയിൽ പ്രവർത്തിക്കുന്ന ഇലക്ട്രോണിക് മാലിന്യ പുനഃചംക്രമണ കേന്ദ്രം സംസ്ഥാനത്ത് സ്ഥാപിക്കുന്നതിന് ക്ലീൻ കേരള കമ്പനിയുടെ ഡയറക്ടർ ബോർഡ് തീരുമാനിച്ചിട്ടുണ്ട്.

മറ്റ് അജൈവമാലിന്യങ്ങൾ തരംതിരിച്ച് ഹരിതകർമ്മസേന വഴി ശേഖരിച്ച് രണ്ടാംഘട്ട തരംതിരിവ് നടത്തി പുനഃചംക്രമണത്തിന് സാധ്യതയുള്ളത് അതിനായും പുന:ചംക്രമണ സാധ്യത കുറഞ്ഞ പ്ലാസ്റ്റിക്കുകൾ ഷ്രെഡ്ഡ് ചെയ്ത് റോഡ് ടാറിംഗ് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്കായും കൈമാറുന്നു. അജൈവ മാലിന്യ ശേഖരണത്തിനായി 941 ഗ്രാമപഞ്ചായത്തുകളിലും 93 നഗരസഭകളിലും ഹരിതകർമ്മസേന രൂപീകരിച്ചിട്ടുണ്ട് (നിലവിൽ പ്രവർത്തിക്കുന്ന ഏജൻസികൾ ഉൾപ്പെടെ). ഇതിൽ 533 ഗ്രാമപഞ്ചായത്തുകളും 70 നഗരസഭകളും ഉൾപ്പെടെ 603 തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനം നടന്നുവരുന്നു. അജൈവ മാലിന്യങ്ങൾ സംഭരിക്കുന്നതിലേക്കായി സംസ്ഥാനത്ത് 522 മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികൾ (എം.സി.എഫ്.) നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഇവയിൽ 505 മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികൾ (എം.സി.എഫ്.) പ്രവർത്തനം ആരംഭിച്ചിട്ടുമുണ്ട്. പുനഃചംക്രമണ സാധ്യത കുറവുള്ള പ്ലാസ്റ്റിക്ക് ഷ്രെഡ്ഡ് ചെയ്യുന്നതിനും പുനഃചംക്രമണ സാധ്യതയുള്ള പ്ലാസ്റ്റിക്ക് റീ-സൈക്ലിംഗ് വ്യവസായങ്ങൾക്ക് കൈമാറുന്നതിലേക്കായി 137 റിസോഴ്സ് റിക്കവറി ഫെസിലിറ്റികൾ (ആർ.ആർ.എഫ്.) സംസ്ഥാനത്ത് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഇവയിൽ 107 എണ്ണം പ്രവർത്തനം ആരംഭിച്ചിട്ടുമുണ്ട്.

(സി) സംസ്ഥാനത്ത് അടൂർ, ഗുരുവായൂർ, കൊടുങ്ങല്ലൂർ, കുന്നംകുളം, ചിറ്റൂർ-തത്തമംഗലം, തളിപ്പറമ്പ്, പാലക്കാട് എന്നീ നഗരസഭകളിലും കൊച്ചി, കോഴിക്കോട് എന്നീ കോർപ്പറേഷനുകളിൽ വിൻഡ്രോ കമ്പോസ്റ്റിംഗ് പ്ലാന്റും ആറ്റിങ്ങൽ, നോർത്ത് പറവൂർ എന്നീ നഗരസഭകളിൽ വിൻഡ്രോ കമ്പോസ്റ്റ് പ്ലാന്റും

വെർമി കമ്പോസ്റ്റ് പ്ലാന്റും ചാലക്കുടി, മട്ടന്നൂർ എന്നീ നഗരസഭകളിൽ ബയോഗ്യാസ് പ്ലാന്റും വിൻഡ്രോ കമ്പോസ്റ്റ് പ്ലാന്റും വടക്കാഞ്ചേരി നഗരസഭയിൽ ബയോഗ്യാസ് പ്ലാന്റും കൂത്ത്പറമ്പ് നഗരസഭയിൽ വെർമി കമ്പോസ്റ്റ് പ്ലാന്റും തൃശ്ശൂർ കോർപ്പറേഷൻ, ഒറ്റപ്പാലം നഗരസഭ എന്നിവിടങ്ങളിൽ ഓർഗാനിക് വേസ്റ്റ് കൺവെർട്ടർ മെഷീനും കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. കൂടാതെ ആലപ്പുഴ നഗരസഭയിൽ പൂർണ്ണമായി വികേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനവും പ്രവർത്തനക്ഷമമാണ്. തിരുവനന്തപുരം നഗരസഭയിൽ ചെറിയ ഭാഗത്ത് വികേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനം ആരംഭിച്ചിട്ടുണ്ട്.

**കവുങ്ങ് കൃഷി സംരക്ഷണത്തിനായുള്ള പദ്ധതി**

26 (*296) ശ്രീ. കെ. ബാബു:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. കാരാട്ട് റസാഖ്:
ശ്രീ. സി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രത്യേകിച്ച് വടക്കൻ ജില്ലകളിലെ പ്രധാന തോട്ടവിളയായിരുന്ന കവുങ്ങ് കൃഷിയുടെ വിസ്തൃതിയും അതിൽ നിന്നുള്ള ഉല്പാദനവും കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കവുങ്ങ് കൃഷിയെ പ്രതികൂലമായി ബാധിക്കുന്ന ഘടകങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(സി) കവുങ്ങ് കൃഷിയുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനും കൃഷി സംരക്ഷണത്തിനും പരിപാലനത്തിനുമായി ഈ സർക്കാർ പ്രത്യേകപദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) കവുങ്ങ് കൃഷിയുടെ ചെലവ് കുറയ്ക്കുന്നതിനും നല്ലയിനം നടീൽ വസ്തുക്കൾ ലഭ്യമാക്കുന്നതിനും മെച്ചപ്പെട്ട സാങ്കേതിക കൃഷിരീതികൾ അവലംബിക്കുന്നതിനും എന്തെല്ലാം നടപടികളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) ഉണ്ട്.

(ബി) ഉണ്ട്. ഉല്പാദനത്തെ പ്രതികൂലമായി ബാധിക്കുന്ന ഫ്രൂട്ട്റോട്ട് (മഹാളി) എന്ന കുമിൾ രോഗം, രോഗ നിയന്ത്രണത്തിനായി സസ്യസംരക്ഷണ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനായി വേണ്ടിവരുന്ന ചെലവ്, നല്ലയിനം നടീൽ വസ്തുക്കളുടെ

ലഭ്യതക്കുറവ്, കൃഷിച്ചെലവുകൾക്ക് ആവശ്യമായ സാമ്പത്തിക സഹായം ലഭിക്കാത്തത്, മൂല്യാധിഷ്ഠിത ഉല്പന്നങ്ങളുടെ കുറവ്, തൊഴിലാളികളുടെ ലഭ്യതക്കുറവ്, വിലയിലുണ്ടാകുന്ന വ്യത്യാസം തുടങ്ങിയവ കവുങ്ങ് കൃഷിയെ പ്രതികൂലമായി ബാധിക്കുന്ന ഘടകങ്ങൾ ആണ്.

(സി&ഡി) 2019-20 സാമ്പത്തിക വർഷത്തിലെ വാർഷിക പദ്ധതിയിൽ 'കവുങ്ങ് കൃഷിക്കുള്ള പ്രത്യേക പദ്ധതി' എന്ന പേരിൽ ഒരു പുതിയ പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്. 200 ലക്ഷം രൂപയാണ് ബഡ്ജറ്റ് വിഹിതമായി നീക്കിവച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതിക്ക് വിശദമായ പ്രോജക്ട് പ്രൊപ്പോസൽ തയ്യാറാക്കിവരുന്നു.

കൃഷി വ്യാപനം, വിളപരിപാലനം, സസ്യസംരക്ഷണം എന്നീ ഘടകങ്ങൾക്ക് സാങ്കേതിക സാമ്പത്തിക സഹായം നൽകുന്ന പ്രോജക്ടാണ് തയ്യാറാക്കുന്നത്. ഇതിൽ പുതുകൃഷി വ്യാപനത്തിനായി കർഷകർ മുഖേന നല്ലയിനം നടീൽ വസ്തുക്കളുടെ ഉല്പാദനവും വിതരണവും പ്രായാധിക്യമുള്ളതും രോഗബാധിതവുമായ കവുങ്ങുകൾ മുറിച്ചുമാറ്റി പകരം തൈകളുടെ നടീൽ, മഹാളി രോഗബാധയ്ക്കെതിരെ സസ്യസംരക്ഷണ നടപടികൾ, പി.എം.കെ.എസ്.വൈ. പദ്ധതിയുമായി ബന്ധപ്പെടുത്തി ജലസേചന സൗകര്യങ്ങൾ സ്ഥാപിക്കുന്നതിന് ധനസഹായം തുടങ്ങിയ ഘടകങ്ങളാണ് നടപ്പിലാക്കുവാനുദ്ദേശിക്കുന്നത്.

## കാർഷികമേഖല നേരിടുന്ന പ്രശ്നങ്ങൾ

27 (*297) <u>ശ്രീ. അനിൽ അക്കര:</u>
<u>ശ്രീ. കെ. സി. ജോസഫ്:</u>
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u>
<u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാർഷികമേഖല നേരിടുന്ന അതീവഗുരുതരമായ സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കർഷകർക്ക് ആശ്വാസം നൽകുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രളയത്തിന്റെ കെടുതികൾ അനുഭവിക്കുന്ന കർഷകർക്കെതിരെ സർഫാസി നിയമത്തിന്റെ പേരിൽ സഹകരണ ബാങ്കുകൾ ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങൾ ജപ്തി നടപടികളുമായി മുന്നോട്ട് പോകുന്നത് അവരെ ആത്മഹത്യയിലേക്ക് തള്ളിവിടുന്നതായി കണ്ടെത്തിയിട്ടുണ്ടോ; കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ സംസ്ഥാനത്ത് എത്ര കർഷകരാണ് ആത്മഹത്യ ചെയ്തതെന്ന് അറിയിക്കുമോ;

(സി) പ്രളയത്തിൽ കാർഷികവിളകൾ പൂർണ്ണമായും നശിക്കുകയും കൃഷിഭൂമി കൃഷിക്ക് ഉപയുക്തമല്ലാതാകുകയും ചെയ്ത വയനാട്ടിലെയും ഇടുക്കിയിലെയും കർഷകർക്ക് പ്രത്യേക പാക്കേജ് കൊണ്ടുവരുന്നകാര്യം പരിഗണിക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) സംസ്ഥാനത്തെ കാർഷികമേഖല അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന കാർഷിക വിളകളുടെ ഉല്പാദനക്കുറവ്, കർഷക തൊഴിലാളി ക്ഷാമം, കർഷകർക്ക് അവരുടെ ഉത്പന്നങ്ങൾക്ക് ന്യായവില ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട് തുടങ്ങിയ പ്രതിസന്ധി പരിഹരിക്കുന്നതിനും കർഷകർക്ക് ആശ്വാസമേകുന്നതിനുമായി കൃഷി വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കുന്നു.

കാർഷിക മേഖലയുടെ വളർച്ചയ്ക്ക് പ്രധാന വിളകളുടെ ഉത്പാദനം, ഉത്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കൽ, കൃഷിവ്യാപനം, ജൈവകൃഷി, കർഷകത്തൊഴിലാളി ക്ഷാമത്തിന് പരിഹാരം, യന്ത്രവത്ക്കരണം, ഉല്പന്നങ്ങളുടെ സംഭരണം, വിപണനം, മൂല്യവർദ്ധനവ്, കർഷകക്ഷേമം എന്നിവ ലക്ഷ്യം വച്ച് വിവിധ സംസ്ഥാന/കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കിവരുന്നു.

നെൽകൃഷി വികസന പദ്ധതി, പച്ചക്കറി വികസന പദ്ധതി, നാളികേര വികസന പദ്ധതി, സുഗന്ധവ്യഞ്ജന വികസന പദ്ധതി, ഹൈടെക് അഗ്രിക്കൾച്ചർ, മണ്ണിന്റെയും വേരിന്റെയും ആരോഗ്യപരിപാലനവും ഉൽപ്പാദനക്ഷമത ഉയർത്തലും വിള ആരോഗ്യ പരിപാലനം, ജൈവകൃഷിയും ഉത്തമ കൃഷിമുറകളും ഗുണമേന്മയുള്ള നടീൽവസ്തുക്കളുടെ ഉൽപ്പാദനവും വിതരണവും കാർഷിക വിപണനവും വിപണി വികസനവും മൂല്യവർദ്ധനവും വിളവെടുപ്പിനുശേഷമുള്ള പരിപാലനവും വയനാട് പാക്കേജ് പദ്ധതി, പ്രാദേശിക പ്രാധാന്യമുള്ള പദ്ധതികൾ, കിഴങ്ങ്-പയർവർഗ്ഗങ്ങളുടെ വികസനം, പഴവർഗ്ഗങ്ങൾ, പൂക്കൾ, ഔഷധ സസ്യങ്ങൾ എന്നിവയുടെ വികസനം, നാടൻ വിത്തിനങ്ങളുടെ ജൈവവൈവിധ്യ സംരക്ഷണവും പ്രോത്സാഹനവും എന്നിവയാണ് പ്രധാന പദ്ധതികൾ. ഈ പദ്ധതികൾ നടപ്പിലാക്കുന്നതിലൂടെ കാർഷിക വിളകളുടെ ഉൽപ്പാദനവും കർഷകരുടെ വരുമാനവും വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നു.

കേന്ദ്ര സർക്കാർ നടപ്പാക്കിയ ആസിയാൻ കരാർ, മറ്റ് ആഗോള വ്യാപാര കരാറുകൾ എന്നിവമൂലമുള്ള കേരളത്തിലെ പ്രധാന നാണ്യവിളകളായ റബ്ബർ, ഏലം, കുരുമുളക്, നാളികേരം (കൊപ്ര) മുതലായവയുടെ വിലയിടിവ് ആഭ്യന്തര ഉല്പാദനത്തെ ബാധിക്കുന്നതിനാൽ കാർഷികമേഖലയുടെ പ്രതിസന്ധി പരിഹരിക്കുന്നതിന് ആവശ്യമായ ഇടപെടലുകൾ സംസ്ഥാന സർക്കാർ നടത്തിവരുന്നു.

2018-ൽ ഉണ്ടായ പ്രളയംമൂലം തകർന്നടിഞ്ഞ കാർഷിക മേഖലയുടെ പുനരുജ്ജീവനത്തിനായി വിവിധ പ്രവർത്തനങ്ങളാണ് കൃഷി വകുപ്പ് നടത്തിവരുന്നത്. ജില്ലകളിൽ 'പുനർജനി' എന്ന പേരിൽ കാർഷികമേഖലയുടെ പുനഃസൃഷ്ടിക്കായി അടിയന്തര പ്രാധാന്യമുള്ള പ്രവൃത്തികൾ നടപ്പിലാക്കി.

വെള്ളപ്പൊക്കക്കെടുതിമൂലം വിളകൾക്കും കൃഷി ഭൂമിക്കും ഉണ്ടായ നാശനഷ്ടത്തിന്റെ വെളിച്ചത്തിൽ 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പദ്ധതികളിൽ മാറ്റംവരുത്തിക്കൊണ്ട് വെള്ളപ്പൊക്ക ദുരിതാശ്വാസം ലക്ഷ്യമിട്ടുകൊണ്ട് 22.19 കോടി രൂപയുടെ പദ്ധതി പാക്കേജിന് അംഗീകാരം ലഭിച്ചു. അതോടൊപ്പം പുതുകൃഷി ആരംഭിക്കുന്നതിനും വിത്ത്/കുമ്മായം പോലുള്ള ഉല്പാദനോപാധികളുടെ വിതരണം, നടീൽ വസ്തുക്കളുടെ വിതരണം മണ്ണിന്റെ ഫലഭൂയിഷ്ഠത വർദ്ധിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾക്കുമായി 2018-19-ലെ കൃഷി വകുപ്പ് ബഡ്ജറ്റ് വിഹിതത്തിൽ നിന്നും 43.62 കോടി രൂപയുടെ പ്രത്യേക പുനർജനി പാക്കേജിനും അംഗീകാരം ലഭിക്കുകയും പദ്ധതി നടപ്പിലാക്കുകയും ചെയ്തു. പ്രളയാനന്തരം കേരളത്തിലെ കാർഷികമേഖല പുനരുജ്ജീവനത്തിന്റെ പാതയിൽ വേഗത്തിൽ മുന്നേറിക്കൊണ്ടിരിക്കുകയാണ്.

2018-ലെ മഹാപ്രളയം കണക്കിലെടുത്ത് സംസ്ഥാന ദുരന്ത നിവാരണ ഫണ്ടിൽ നിന്നുള്ള ധനസഹായത്തിനുപരിയായി കൃഷി വകുപ്പിന്റെ ശീർഷകത്തിൽ നിന്നുള്ള പ്രത്യേക സഹായം കമുക്, കൊക്കോ, കാപ്പി, കുരുമുളക്, ജാതി, ഗ്രാമ്പൂ എന്നീ വിളകൾക്ക് ഇരട്ടിയാക്കി വർദ്ധിപ്പിച്ചു. ഏലത്തിന് നൽകുന്ന നഷ്ടപരിഹാരം ഹെക്ടർ ഒന്നിന് 18,000 രൂപയിൽനിന്ന് 25,000 രൂപയായി വർദ്ധിപ്പിച്ചു.

വിള ഇൻഷ്വറൻസ് പദ്ധതിപ്രകാരം നൽകുന്ന ആനുകൂല്യ തുകയിൽ 20 വർഷത്തിനുശേഷം 2 മുതൽ 13 ഇരട്ടി വരെ വർദ്ധന നടപ്പിലാക്കി. പട്ടയം ലഭിക്കാത്ത അസംരക്ഷിത വനമേഖലയിലെ കൃഷിക്കുകൂടി വിള ഇൻഷ്വറൻസ് പദ്ധതി ബാധകമാക്കി. മുമ്പ് ഉണ്ടായിരുന്ന വിളകൾക്ക് പുറമേ ചെറുധാന്യങ്ങൾ, മാവ് എന്നിവയെക്കൂടി പദ്ധതിയിൽ ഉൾപ്പെടുത്തി.

(ബി) കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ സംസ്ഥാനത്ത് 15 കർഷകർ ആത്മഹത്യ ചെയ്തതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇവരിൽ പല കർഷകർക്കും കാർഷികേതര വായ്പകൾ തിരിച്ചടയ്ക്കാൻ കഴിയാതെ വന്നതുമൂലം ജപ്തി നോട്ടീസ് ലഭിച്ചിരുന്നുവെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) നിലവിൽ കൃഷി വകുപ്പ് മുഖേന നടപ്പിലാക്കുന്ന വയനാട് പാക്കേജ് പദ്ധതിക്ക് 2019-20 സാമ്പത്തിക വർഷം 1,700 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിട്ടുണ്ട്.

2019-20 സാമ്പത്തിക വർഷം സുഗന്ധവ്യഞ്ജന വിള വികസന പദ്ധതിയിൽ ഇടുക്കി ജില്ലയ്ക്കായി പ്രത്യേകം 500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**റോഡപകടങ്ങൾ കുറയ്ക്കുന്നതിനുള്ള നൂതന പദ്ധതികൾ**

28 (*298) ശ്രീ. എം. നൗഷാദ്:
ശ്രീ. കെ. ദാസൻ:
ശ്രീ. വി. അബ്ദുറഹിമാൻ:
ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡപകടങ്ങൾ കുറയ്ക്കുന്നതിന് ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള നൂതന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) റോഡപകടങ്ങളിൽപ്പെടുന്നവർക്ക് സർക്കാർ ആശുപത്രികൾ പ്രയോജനപ്പെടുത്തിയും സ്വകാര്യ ആശുപത്രികളുമായി സഹകരിച്ചും ട്രോമാകെയർ സംവിധാനം ഏർപ്പെടുത്തുന്നതിന് ആരോഗ്യവകുപ്പിന്റെ സഹകരണത്തോടെ സുരക്ഷാവീഥി എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ദേശീയ-സംസ്ഥാന പാതകളിലെ അപകടസാധ്യതാ മേഖലകളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ഡി) പൊതുഗതാഗത സംവിധാനം നിരീക്ഷണവിധേയമാക്കി അപകടങ്ങൾ കുറയ്ക്കുന്നതിന് ജി.പി.എസ്.അധിഷ്ഠിത വാഹന നിരീക്ഷണ സംവിധാനം ഏർപ്പെടുത്താൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ):

(എ) സംസ്ഥാനത്ത് റോഡപകടങ്ങൾ കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ 'സേഫ് കേരള' എന്ന പേരിൽ കേരള സർക്കാർ പുതിയ പദ്ധതി ആരംഭിച്ചിട്ടുണ്ട്. 24 മണിക്കൂറും പ്രവർത്തിക്കുന്ന പുതിയതായി ആരംഭിച്ച 51 സ്ക്വാഡുകൾ ഉൾപ്പെടെ 85 സ്ക്വാഡുകൾ, റോഡുകൾ അപകടമുക്തമാക്കുന്നതിനായി പ്രവർത്തിച്ചുവരുന്നു. 'സേഫ് കേരള' പദ്ധതിക്കുവേണ്ടി മാത്രമായി 14 റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും 99 മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാരും 255 അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാരും പ്രവർത്തിച്ചുവരുന്നു.

വാഹന അപകടം കുറയ്ക്കുന്നതിന് റോഡ് സുരക്ഷാ അതോറിറ്റി സ്വീകരിച്ച് വരുന്ന നടപടികൾ ചുവടെ ചേർക്കുന്നു:

(1) ബ്ലാക്ക് സ്പോട്ട് പരിഹാര നടപടികൾ

കേന്ദ്ര ഗതാഗത മന്ത്രാലയത്തിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായി നാറ്റ്പാക്ക് കണ്ടെത്തിയ ബ്ലാക്ക് സ്പോട്ടുകളിൽ കേരള റോഡ് സുരക്ഷാ അതോറിറ്റി, പോലീസ്-പൊതുമരാമത്ത്-മോട്ടോർ വാഹന വകുപ്പുകളുടെ സഹായത്തോടെ പരിശോധന നടത്തി പരിഹാരങ്ങൾ നിർദ്ദേശിക്കുകയും തുടർനടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു.

(2) മാതൃകാസുരക്ഷാ വീഥി

സുരക്ഷിത യാത്ര ഉറപ്പുവരുത്തുന്നതിനായി അന്താരഷ്ട്ര നിലവാരമുള്ള റോഡ് സുരക്ഷാ ക്രമീകരണങ്ങൾ സ്ഥാപിച്ച് സുരക്ഷാ ഇടനാഴികൾ സൃഷ്ടിക്കുന്ന പദ്ധതിയാണിത്. ഇതിലാദ്യത്തേതാണ് ലോക ബാങ്കിന്റെ സഹായത്തോടെ നിർമ്മിച്ച അടൂർ-കഴക്കൂട്ടം മാതൃകാ സുരക്ഷാ വീഥി. ചലഞ്ച് ഫണ്ട് ഉപയോഗിച്ച് താഴെച്ചേർത്തിരിക്കുന്ന പദ്ധതികളും നടപ്പാക്കാനായി കേരള റോഡ് സുരക്ഷാ അതോറിറ്റി അംഗീകാരം നൽകി കെ.എസ്.റ്റി.പി.-ക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

1. തൃശ്ശൂർ-കുന്നംകുളം റോഡ് (24 കി.മീ.)
2. എറണാകുളത്തെ ഇ-യാത്ര പദ്ധതി (വൈപ്പിൻ-മുനമ്പം)
3. കൊട്ടിയം-കുണ്ടറ (17 കി.മീ.)
4. മെഡിക്കൽ കോളേജ്-പേട്ട, തിരുവനന്തപുരം
5. വെള്ളയമ്പലം-തമ്പാനൂർ, തിരുവനന്തപുരം
6. പാവങ്ങാട്-കോരപ്പുഴ, കോഴിക്കോട് (5.5 കി.മീ.)

(3) ബോധവൽക്കരണ പരിപാടികൾ

റോഡ് സുരക്ഷാ വാരാചരണം, എഫ്.എം. റേഡിയോകളിലൂടെയുള്ള റോഡ് സുരക്ഷാ സന്ദേശങ്ങളുടെ പ്രചാരണം, റോഡ് സുരക്ഷാ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന കലാപരിപാടികളുടെ പ്രദർശനം, ഡ്രൈവർമാർക്കും ഡ്രൈവിംഗ് സ്കൂളുകൾക്കും നൽകുന്ന പരിശീലന/ബോധവൽക്കരണ ക്ലാസ്സുകൾ, സ്കൂൾ/കോളേജ് വിദ്യാർത്ഥികൾക്ക് നൽകുന്ന അവബോധന ക്ലാസ്സുകൾ, അച്ചടി-ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെയുള്ള പ്രചാരണ പരിപാടികൾ തുടങ്ങിയ റോഡ് സുരക്ഷാ അവബോധം സൃഷ്ടിക്കുന്ന പരിപാടികൾ നടത്തിവരുന്നു.

(4) <u>റോഡ് സുരക്ഷാ വാരാചരണം</u>

റോഡപകടങ്ങൾ കുറയ്ക്കുന്നതിനും ട്രാഫിക് നിയമലംഘനങ്ങൾ തടയുന്നതിനും ഉതകുന്ന കർശന വാഹന പരിശോധന, ബോധവൽക്കരണ പരിപാടികൾ, ഡ്രൈവർമാർക്കുള്ള അവബോധ/പരിശീലന പരിപാടികൾ, കാഴ്ച കുറയ്ക്കുന്ന തരത്തിലുള്ള റോഡിനരികിലെ വൃക്ഷശിഖരങ്ങൾ, സുഗമമായ യാത്രയ്ക്ക് വിഘാതം നിൽക്കുന്ന സംഗതികൾ എന്നിവ നീക്കം ചെയ്യൽ തുടങ്ങിയ പരിപാടികൾ വർഷംതോറും നടത്തിവരുന്നു. ഈ വർഷത്തെ വാരാചരണം ഫെബ്രുവരി 4 മുതൽ 10 വരെയായിരുന്നു.

(5) <u>സ്കൂളുകളിൽ റോഡ് സുരക്ഷാ അവബോധ പരിപാടി</u>

കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും സ്കൂളുകളിൽ റോഡ് സുരക്ഷാ അവബോധം വളർത്തിയെടുക്കുന്നതിനും റോഡ് സുരക്ഷാവാരം കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ സഹകരണത്തോടെ സംഘടിപ്പിക്കുവാൻ പൊതു വിദ്യാഭ്യാസ ഡയറക്ടർ തീരുമാനിച്ചിട്ടുണ്ട്. 2019 ജൂൺ 10 മുതൽ 14 വരെ നടത്തുന്ന വാരാചരണത്തിൽ സ്കൂൾ വാഹനങ്ങളുടെ സുരക്ഷ, സ്കൂൾ വാഹനങ്ങളുടെ സുരക്ഷിത യാത്ര ഉറപ്പാക്കൽ എന്നിവയ്ക്കാണ് മുൻഗണന നൽകിയിട്ടുള്ളത്. അദ്ധ്യാപകർ, പി.റ്റി.എ., സ്കൂൾ ജീവനക്കാർ, ഡ്രൈവർമാർ, വിദ്യാർത്ഥികൾ എന്നിവർക്ക് റോഡ് സുരക്ഷാ ക്ലാസ്സ് നൽകുന്നതിനും സ്കൂൾ അസംബ്ലിയിൽ റോഡ് സുരക്ഷാ സന്ദേശങ്ങൾ വായിക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്.

(6) <u>ശബരിമല സേഫ് സോൺ</u>

ഉത്സവകാലത്ത് ശബരിമല അപകട വിമുക്തമാക്കുന്നതിനായി മോട്ടോർ വാഹന വകുപ്പുമായി സഹകരിച്ച് നടപ്പിലാക്കുന്നതാണ് ശബരിമല സേഫ് സോൺ പദ്ധതി.

സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ അപകട നിരക്ക് കുറയ്ക്കുന്നതിനായി പ്രധാനമായും ഡ്രൈവർമാർക്ക് സ്റ്റാഫ് ട്രെയിനിംഗ് സെന്റർ മുഖാന്തരം ജോലിയിൽ പ്രവേശിക്കുന്നതിന് മുമ്പായി അപകടരഹിത ഡ്രൈവിംഗ് സംബന്ധിച്ച് പരിശീലനം നൽകിയാണ് സർവ്വീസിന് നിയോഗിക്കുന്നത്. കൂടാതെ നിശ്ചിത ഇടവേളകളിൽ തുടർ പരിശീലനവും നൽകിവരുന്നു. സർവ്വീസ് നടത്തുമ്പോൾ ഡ്രൈവർമാരുടെ പ്രവർത്തനം വിലയിരുത്തുകയും അപാകതകൾ കണ്ടെത്തുന്നവർക്ക് തിരുത്തൽ പരിശീലനവും നൽകുന്നുണ്ട്.

വാഹന വ്യൂഹത്തിന്റെ പരിപാലനവുമായി ബന്ധപ്പെട്ട് മെക്കാനിക്കുകൾക്കും ജോലിയിൽ പ്രവേശിക്കുന്നതിന് മുമ്പായി പരിശീലനം നൽകുന്നുണ്ട്. കൂടാതെ, വിവിധ വാഹന നിർമ്മാതാക്കളുടെ കീഴിലുള്ള പരിശീലന കേന്ദ്രങ്ങളിൽ പ്രത്യേക പരിശീലനവും നൽകിവരുന്നു. നിശ്ചിത ഇടവേളകളിൽ മൂന്ന് ദിവസത്തെ

പരിശീലന പരിപാടി സ്റ്റാഫ് ട്രെയിനിംഗ് സെന്റർ മുഖാന്തരം വർക്ക് ഷോപ്പുകൾ കേന്ദ്രീകരിച്ച് നടത്തിവരുന്നു.

സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന റോഡ് അപകടങ്ങൾ തടയുന്നതിന് പോലീസ് വകുപ്പ് ചുവടെ ചേർത്തിരിക്കുന്ന നിയന്ത്രണങ്ങൾ നടപ്പിലാക്കിവരുന്നു:

- വാഹനങ്ങളുടെ അമിതവേഗം നിയന്ത്രിക്കുന്നതിന് വാഹന പരിശോധന കൂടാതെ സ്പീഡ് ഡിറ്റക്ഷൻ ക്യാമറ, ഇന്റർസെപ്റ്റർ വാഹനം, റഡാർ പരിശോധന എന്നിവയിലൂടെ വാഹന പരിശോധന നടപ്പിലാക്കിവരുന്നു.
- അമിതവേഗതമൂലമുള്ള അപകടങ്ങൾ ഒഴിവാക്കുന്നതിനായി ആവശ്യമായ സ്ഥലങ്ങളിൽ സ്പീഡ് ബ്രേക്കറുകൾ വച്ച് നിയന്ത്രിച്ചുവരുന്നു. റോഡ് അപകടങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെടുന്ന സ്ഥലങ്ങളെ ബ്ലാക്ക് സ്പോട്ടുകളാക്കി അവിടെ മുഴുവൻസമയ നിരീക്ഷണം നടത്തിവരുന്നു.
- മദ്യപിച്ച് വാഹനം ഓടിക്കുന്നവർക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് അവരെ ബോധവൽക്കരണ ക്ലാസ്സുകളിൽ നിർബന്ധമായും പങ്കെടുപ്പിച്ച് വരുന്നു.
- ജനമൈത്രി പോലീസിന്റെയും സ്റ്റുഡന്റ്സ് പോലീസ് കേഡറ്റുകളുടെയും സേവനം ഉപയോഗപ്പെടുത്തിവരുന്നു.
- പരിക്കുകളുടെ കാഠിന്യം കുറയ്ക്കുന്നതിലേക്കായി സുരക്ഷാമാർഗ്ഗങ്ങളായ ഹെൽമറ്റ്, സീറ്റ് ബെൽറ്റ് എന്നിവ ധരിക്കുന്നതിന് ജനങ്ങളെ ബോധവൽക്കരിക്കുകയും ആയത് ലംഘിക്കുന്നവരിൽ നിന്ന് പിഴ ഈടാക്കിയും വരുന്നു.
- ട്രാഫിക് നിയമങ്ങൾ തുടർച്ചയായി ലംഘിക്കുന്നവരുടെ ഡ്രൈവിംഗ് ലൈസൻസ് ക്യാൻസൽ ചെയ്യുന്നതിന് ബന്ധപ്പെട്ട ആർ.റ്റി.ഒ.-ക്ക് റിപ്പോർട്ട് നൽകിവരുന്നു.
- പോലീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് റോഡ് സേഫ്റ്റി ക്ലാസ്സുകൾ സംഘടിപ്പിക്കുകയും സ്കൂളുകളിലെ ഡ്രൈവർമാർക്കും മറ്റ് ഓട്ടോ, ടാക്സി ഡ്രൈവർമാർക്കും ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചും ട്രാഫിക് സംബന്ധമായ ലഘുലേഖകൾ വിതരണം ചെയ്തും വരുന്നു.
- ട്രാഫിക് സിഗ്നലുകൾ, അപകട മുന്നറിയിപ്പ് സിഗ്നലുകൾ എന്നിവ സ്ഥാപിച്ചും നടപടികൾ സ്വീകരിച്ചുവരുന്നു.

- പ്രധാന റോഡുകളിലും അപകട സാധ്യത കൂടിയ ഇടങ്ങളിലും ആധുനിക സാങ്കേതികവിദ്യയുടെ സഹായത്താൽ പ്രവർത്തിക്കുന്ന ക്യാമറകൾ സ്ഥാപിക്കുവാനും അതുവഴി ഗതാഗത നിയമ ലംഘനങ്ങൾ അപ്പപ്പോൾ തന്നെ കണ്ടെത്തുവാനും സാധിക്കുന്ന Integrated Digital Traffic Enforcement system (IDTES) നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ പദ്ധതിയുടെ ഒരു കേന്ദ്രീകൃത മോണിറ്ററിംഗ് സെന്ററിൽ നിന്ന് തന്നെ നിയമ ലംഘനങ്ങൾ കണ്ടെത്തുവാനും അവയ്ക്കെതിരെ നടപടി സ്വീകരിക്കുവാനും സാധിക്കും. PPP Model-ൽ ഈ പദ്ധതി നടപ്പിൽ വരുത്തുന്നതിനായി 5-10-2018-ലെ സ.ഉ.(കൈ) നമ്പർ 155/2018/ആഭ്യ. പ്രകാരം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് അനുബന്ധമായി ചേർക്കുന്നു.*

ഇതിനുപുറമേ 14-7-2018-ലെ സ.ഉ.(കൈ)നമ്പർ 116/2018/ആഭ്യ. പ്രകാരം ട്രാഫിക് പോലീസ് സ്റ്റേഷനുകളെയും ട്രാഫിക് യൂണിറ്റുകളെയും ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റുകളാക്കി മാറ്റി ട്രാഫിക് കേസ്സുകളുടെ അന്വേഷണം ബന്ധപ്പെട്ട ലോക്കൽ പോലീസ് സ്റ്റേഷനുകളെ ഏൽപ്പിച്ചത് ട്രാഫിക് പോലീസിന്റെ സേവനം കാര്യക്ഷമമാക്കാൻ സഹായകരമായിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് റോഡപകടങ്ങളിൽപ്പെടുന്നവർക്ക് തൊട്ടടുത്ത ആശുപത്രിയിൽ നിന്നും അടിയന്തര വൈദ്യസഹായം ഉറപ്പാക്കുന്നതിന് ഇൻഷ്വറൻസ് കമ്പനികളുമായി ചേർന്ന് ഡൽഹി മാതൃകയിൽ 'സുരക്ഷാ വീഥി' എന്ന പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ തലത്തിൽ തീരുമാനം എടുത്തിട്ടുണ്ട്. സംയോജിത ആംബുലൻസ് സർവ്വീസ് ഒരുക്കുന്നത് സംബന്ധിച്ചും 'സുരക്ഷാ വീഥി' പദ്ധതിയെ സംബന്ധിച്ചുമുള്ള പഠന റിപ്പോർട്ട് സമർപ്പിക്കാനും കേരള റോഡ് സുരക്ഷാ അതോറിറ്റി ആരോഗ്യ വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വാഹനാപകടങ്ങളിൽ ഗുരുതരമായി പരിക്കേൽക്കുന്ന രോഗികളുടെ ജീവൻ രക്ഷിക്കുന്നതിനായി പ്രധാനപ്പെട്ട ജനറൽ ആശുപത്രി/ജില്ലാ ആശുപത്രി/താലൂക്ക് ആശുപത്രി എന്നിവിടങ്ങളിൽ ഘട്ടംഘട്ടമായി ട്രോമാകെയർ സംവിധാനം ഏർപ്പെടുത്താൻ ആരോഗ്യ വകുപ്പ് നടപടി എടുത്തുവരുന്നുണ്ട്. സ്ട്രംഗ്ത്തനിംഗ് ഓഫ് എമർജൻസി മെഡിക്കൽ കെയർ എന്ന പദ്ധതിയുടെ ഭാഗമായി ട്രോമാകെയറിന്റെ ശാക്തീകരണത്തിനായി 2018-19 വർഷത്തിൽ മാത്രം 25-11-2018-ലെ സ.ഉ.(സാധാ)നമ്പർ 3487/2018/ആ.കു.വ. പ്രകാരം 4,85,70,000 രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. റോഡ് സേഫ്റ്റി ഫണ്ട് നൽകിയ തുക ഉപയോഗിച്ച് ഹരിപ്പാട്, പയ്യന്നൂർ, വടകര, കോട്ടപ്പുറം,

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പത്തനംതിട്ട, ചാലക്കുടി, ആലത്തൂർ, കരുനാഗപ്പള്ളി, അടിമാലി, ആലുവ എന്നീ താലൂക്ക് ആസ്ഥാന ആശുപത്രികളിലും ആറ്റിങ്ങൽ, അടൂർ, മഞ്ചേരി തുടങ്ങി ജനറൽ ആശുപത്രികളിലും കാസർഗോഡ് ജില്ലാ ആശുപത്രിയിലും ഉപകരണങ്ങളും ആംബുലൻസ് സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. ട്രോമാകെയർ സംവിധാനത്തിന്റെ ഭാഗമായ ആംബുലൻസ് സംവിധാനം പ്രാവർത്തികമാക്കുവാനായി 315 ആംബുലൻസുകൾ ഉൾപ്പെടുത്തിയിട്ടുള്ള സമഗ്ര ആംബുലൻസ് സംവിധാനത്തിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തിയാക്കി. 2019 ആഗസ്റ്റ് മുതൽ ഈ ആംബുലൻസുകളുടെ പ്രവർത്തനം ആരംഭിക്കും. വിവിധ സർക്കാർ ആശുപത്രികളിലെ 300-ൽ പരം കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർമാർക്കും അസിസ്റ്റന്റ് സർജന്മാർക്കും സ്റ്റാഫ് നഴ്സുമാർക്കും ഓൾ ഇന്ത്യ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ പരിശീലനം നൽകിയിട്ടുണ്ട്.

കെ.എസ്.ടി.പി.-യുമായി ബന്ധപ്പെട്ട് നാഷണൽ ഹൈവേ സേഫ് കോറിഡോർ പ്രോജക്ടിന്റെ ഭാഗമായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ട്രോമാകെയർ സംവിധാനത്തിനുള്ള ഉപകരണങ്ങൾ വാങ്ങുന്നതിന് 18.77 കോടി രൂപയും അടിസ്ഥാന സൗകര്യ വികസനത്തിന് 2 കോടി രൂപയും അംഗീകരിച്ച് നൽകിയിട്ടുണ്ട്. ഇതേ പദ്ധതിയുടെ ഭാഗമായി കൊട്ടാരക്കര, അടൂർ ആശുപത്രികളിലെ ട്രോമാ കെയർ ശാക്തീകരിക്കുന്നതിനായി 6.33 കോടി രൂപയുടെ ലോക ബാങ്ക് സഹായവും ഈ മേഖലകളിൽ അഡ്വാൻസ്ഡ് ലൈഫ് സപ്പോർട്ട് ആംബുലൻസുകൾ സജ്ജീകരിക്കുന്നതിന് 63.9 ലക്ഷം രൂപയുടെ സഹായവും അനുവദിച്ചിട്ടുണ്ട്.

(സി) Speed detection Camera-കളും മറ്റ് നിരീക്ഷണ ക്യാമറകളും സ്ഥാപിക്കുന്നതിന് കേരള റോഡ് സുരക്ഷാ അതോറിറ്റി, പോലീസ്, മോട്ടോർ വാഹന വകുപ്പുകൾക്ക് ഫണ്ട് അനുവദിക്കാറുണ്ട്. ഉദാഹരണമായി ചേർത്തല-മഞ്ചേശ്വരം പാതയിലെ നിരീക്ഷണ ക്യാമറകൾ, പാപ്പിനിശ്ശേരി-പിലാത്തറ റോഡിലെ ആധുനിക ക്യാമറകളുടെ സ്ഥാപനം തുടങ്ങിയ പദ്ധതികൾക്ക് യഥാക്രമം 2017-ലും 2019-ലും അനുമതി നൽകിയിട്ടുണ്ട്.

മോട്ടോർ വാഹന വകുപ്പിന്റെ കീഴിൽ വിവിധ സ്ഥലങ്ങളിലായി 240 സ്പീഡ് ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്.

(ഡി) മോട്ടോർ വാഹന വകുപ്പ് സി-ഡാക്കിന്റെ സഹകരണത്തോടെ വാഹനങ്ങളിൽ ജി.പി.എസ്. അധിഷ്ഠിത വാഹന നിരീക്ഷണ സംവിധാനം സ്ഥാപിക്കുന്നതിനുള്ള സുരക്ഷാമിത്ര പദ്ധതിയുടെ ഭാഗമായുള്ള നടപടിക്രമം പൂർത്തിയായിവരുന്നു.

## കേന്ദ്ര റബ്ബർനയത്തിന്റെ കരട്

29 (*299) ശ്രീ. ആന്റണി ജോൺ:
ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ പ്രസിദ്ധീകരിച്ച റബർ നയത്തിന്റെ കരട് പരിശോധനാവിധേയമാക്കിയിരുന്നോ; നയത്തിൽ സ്ഥായിയായ കൃഷിയ്ക്ക് അനിവാര്യമായ ഉല്പാദനക്ഷമത വർദ്ധനവിനും വിലസ്ഥിരതക്കും പ്രാധാന്യം നൽകിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിരുന്നോ;

(ബി) ഊഹക്കച്ചവടത്തിലൂടെ (ഫ്യൂച്ചേഴ്സ് ട്രേഡിംഗ്) മാർക്കറ്റിടപെടൽ നടത്തുമെന്ന നിർദ്ദേശം എത്ര വിപരീതഫലം ഉളവാക്കാൻ സാധ്യതയുണ്ടെന്ന് പരിശോധിക്കുമോ;

(സി) ഇറക്കുമതി നിയന്ത്രണത്തെക്കുറിച്ച് പരാമർശിക്കാത്തതും ഷീറ്റ് റബറിൽ നിന്ന് ബ്ലോക്ക് റബർ ഉൽപ്പാദനത്തിലേക്ക് മാറണമെന്ന നിർദ്ദേശവും പരിശോധിച്ചിട്ടുണ്ടോ;

(ഡി) പ്രതികൂല കാലാവസ്ഥ കൊണ്ട് റബർ കൃഷി സാധ്യമാകാത്ത സംസ്ഥാനങ്ങളിൽ ഗ്വായൂലി, ഡാൺഡെലായോൺ, സീയാരാ തുടങ്ങിയ റബറിന് പകരമായിട്ടുള്ള ചെടികളും മരങ്ങളും വച്ചുപിടിപ്പിക്കണമെന്നും റബർകൃഷിക്ക് അനുയോജ്യമായ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലേക്കു കൂടി കൃഷി വ്യാപിപ്പിക്കണമെന്നും ഉള്ള നിർദ്ദേശങ്ങൾ കരട് നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ഇ) പ്രസ്തുത നിർദ്ദേശങ്ങൾ സംസ്ഥാനത്തെ റബർ കർഷകർക്ക് ആശ്വാസം പകരുന്നതിന് പകരം കൂടുതൽ ആശങ്ക ഉയർത്തുന്നതായതിനാൽ കരടുനയത്തിൽ സമഗ്ര മാറ്റം വരുത്താൻ വേണ്ട ഇടപെടൽ ഉണ്ടാകുമോ എന്നറിയിക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) പരിശോധിച്ചിരുന്നു. റബ്ബർ കൃഷിയെയും റബ്ബർ കർഷകരെയും രക്ഷിക്കുവാൻ വ്യക്തമായ നിർദ്ദേശങ്ങൾ കരട് നയത്തിലും പിന്നീട് വന്ന അന്തിമ റിപ്പോർട്ടിലും പ്രതിപാദിച്ചതായി കാണുന്നില്ല. റബ്ബർ മേഖലയുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട നടപടികൾ വിശാല അർത്ഥത്തിൽ പ്രതിപാദിച്ചതായാണ് കാണുന്നത്. സംസ്ഥാനത്തിന്റെ പ്രധാന ആവശ്യങ്ങൾ കരടിൽ

ഉൾപ്പെടുത്താത്തതിനാൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ കൂടി അന്തിമ റിപ്പോർട്ടിൽ ഉൾപ്പെടുത്തണം എന്ന് ആവശ്യപ്പെട്ടിരുന്നു:

1. കേരളത്തിൽ നടപ്പാക്കിവരുന്ന RPIS പദ്ധതി കേന്ദ്ര-സംസ്ഥാന സർക്കാർ സഹകരണത്തോടെ നടപ്പാക്കണം.
2. റബ്ബർ മേഖലയുടെ വികസനത്തിന് പ്രത്യേക പദ്ധതികൾ നടപ്പിലാക്കുവാൻ സംസ്ഥാനങ്ങൾക്ക് കൂടുതൽ ആനുകൂല്യങ്ങൾ നൽകണം.
3. പുതു കൃഷിയിലും ആവർത്തന കൃഷിയിലും റബ്ബർ തൈ നട്ട് പരിപാലിക്കുന്നതിനുള്ള ചെലവിന്റെ 25% സബ്സിഡിയായി നൽകണം.
4. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ താങ്ങുവില നിശ്ചയിക്കണം.
5. സ്വാഭാവിക റബ്ബർ ഇറക്കുമതി ചെയ്യുന്നതിന് ആനുപാതികമായി റബ്ബർ ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ (സ്റ്റാന്റേർഡ് ഇൻപുട്ട് ഔട്ട്പുട്ട് നോംസ്-SION) നിശ്ചിത ഇടവേളകളിൽ പരിഷ്കരിക്കണം.
6. ഇറക്കുമതി ചെയ്യുന്ന സ്വാഭാവിക റബ്ബറിന്റെ കുറഞ്ഞ വിലയും സീസണനുസരിച്ചുള്ള ഇറക്കുമതി നിയന്ത്രണവും ഉൾപ്പെടുത്തണം.
7. ചണ്ടി റബ്ബർ ഇറക്കുമതി നിരോധിക്കണമെന്നുള്ള വ്യവസ്ഥ റബ്ബർ നയത്തിൽ ഉൾപ്പെടുത്തണം.
8. റബ്ബർ ബിറ്റുമിൻ, റബ്ബർ തടി എന്നിവ ദേശീയ തലത്തിൽ ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കണം.
9. റബ്ബർ കൃഷിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന തൊഴിലാളികൾക്കും ഇൻഷ്വറൻസ്/പെൻഷൻ പദ്ധതി നടപ്പാക്കണം.
10. റബ്ബർ സംഭരിക്കുന്നതിനും ഗ്രേഡിംഗ് നടത്തി വില്പനയ്ക്കുമുള്ള കേന്ദ്രങ്ങൾ സ്ഥാപിക്കണം.
11. സ്വാഭാവിക റബ്ബറിന്റെ അളവ് കൂടുതലുള്ള ഗ്രീൻ ടയറുകളും ഉൽപ്പന്നങ്ങളും പ്രോത്സാഹിപ്പിക്കണം.
12. സിന്തറ്റിക് റബ്ബറിന്റെ ഉൽപ്പാദനം കൂട്ടണമെന്നുള്ള കരട് നയത്തിലെ ശിപാർശ പരിസ്ഥിതിക്ക് ഉണ്ടാക്കുന്ന ആഘാതങ്ങളും സ്വാഭാവിക റബ്ബർ ഉൽപ്പാദനത്തിനുള്ള ഭീഷണിയും കണക്കിലെടുത്ത് ഒഴിവാക്കണം.

13. സ്വാഭാവിക റബ്ബർ ഇറക്കുമതി ചെയ്യുന്നതിന് തുറമുഖങ്ങൾക്കുള്ള നിയന്ത്രണങ്ങൾ തുടരണം.

14. സ്വാഭാവിക റബ്ബറിനെ കാർഷിക ഉൽപ്പന്നമായി പ്രഖ്യാപിക്കുന്നതിനായി കൃഷി, റവന്യൂ വകുപ്പുകളിലും ചർച്ച നടത്തണം.

(ബി) എല്ലാ കാർഷിക ഉൽപ്പന്നങ്ങളിലും ഫ്യൂച്ചേഴ്സ് ട്രെയിഡിംഗ് നടത്തുന്നതിന് സംസ്ഥാന സർക്കാർ എതിരാണ്.

(സി&ഡി) റബ്ബർ പോളിസിയിൽ 4.2 ഖണ്ഡികയിൽ റബ്ബർ കൃഷി "നോൺ ട്രഡീഷണൽ ഏരിയ" കളിൽ കൂടി വ്യാപിപ്പിക്കണം എന്നാണ്. അതുപോലെ ഖണ്ഡിക 4.11-ൽ ഗ്വായുൾ, ഡാൺഡെലായോൺ, സീയാരാ റബ്ബർ എന്നിവ ഇപ്പോഴുള്ള റബ്ബർ കൃഷിക്ക് അനുയോജ്യമല്ലാത്ത സ്ഥലങ്ങളിൽ പകരക്കാരാക്കാമെങ്കിലും സമീപ ഭാവിയിൽ അവ വാണിജ്യപരമായി കൃഷി ചെയ്യുന്നത് ലാഭകരമാക്കുവാനുള്ള സാധ്യത ഇല്ല എന്നും പ്രതിപാദിക്കുന്നുണ്ട്.

(ഇ) സംസ്ഥാനത്തെ റബ്ബർ കർഷകർക്ക് ആശ്വാസം പകരുന്നതിനായി അന്തിമ റിപ്പോർട്ടിൽ മാറ്റം വരുത്തണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**ചെറുകിട നാമമാത്ര നെൽകർഷകർക്ക് പ്രോത്സാഹനം**

30 (*300) ശ്രീ. കെ. കുഞ്ഞിരാമൻ:
ശ്രീ. എസ്. ശർമ്മ:
ശ്രീ. കെ. വി. വിജയദാസ്:
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചെറുകിട നാമമാത്ര നെൽകർഷകരുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ചെറുകിട നാമമാത്ര കർഷകരുടെ ഉല്പന്നങ്ങൾ കാര്യക്ഷമമായി വിപണനം നടത്തുന്നതിനായി സംസ്ഥാനത്ത് റൈസ് മില്ലുകളും പ്രോസസിംഗ് യൂണിറ്റുകളും സ്ഥാപിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) പരമ്പരാഗത നെല്ലിനങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(ഡി) ഇതിനായി ക്ലസ്റ്ററുകൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) സംസ്ഥാന സർക്കാരിന്റെ നെൽകൃഷി വികസന പദ്ധതി, കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ ഭാഗമായ "പ്രൊഡക്റ്റിവിറ്റി ഇമ്പ്രൂവ്മെന്റ് ഓഫ് റൈസ് ഇൻ കേരള' പ്രകാരമുള്ള ആനുകൂല്യങ്ങൾ എന്നിവ സംസ്ഥാനത്തെ മുഴുവൻ നെൽകർഷകർക്കും നൽകിവരുന്നു. ഏഴ് പ്രത്യേക കാർഷിക മേഖലകളിലായി അടിസ്ഥാന സൗകര്യ വികസനത്തിന് മുൻതൂക്കം നൽകിക്കൊണ്ടുള്ള പ്രത്യേക കാർഷിക മേഖലാ പദ്ധതിയും നടപ്പിലാക്കിവരുന്നു. കർഷകർക്ക് കാർഷികാവശ്യത്തിനുള്ള വൈദ്യുതി സൗജന്യവും നടപ്പിലാക്കിവരുന്നു.

ഇതുകൂടാതെ നെൽകൃഷിക്ക് അനുകൂല സാഹചര്യമുള്ളതും ഉല്പാദന വർദ്ധനവിന് സാധ്യതയുള്ളതുമായ പ്രദേശങ്ങളായ കുട്ടനാട്, കോൾ, ഓണാട്ടുകര, പൊക്കാളി, പാലക്കാട്, വയനാട്, കായ്പാട് എന്നീ പ്രദേശങ്ങൾ പ്രത്യേക കാർഷിക മേഖല (Special Agricultural Zone)ആയി പ്രഖ്യാപിച്ച് അതിൽപ്പെടുത്തി നെൽകർഷകർക്ക് ഉപയുക്തമാംവിധം പദ്ധതിയധിഷ്ഠിതമായ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

നെൽ കർഷകർക്ക് ഉൽപ്പാദന ബോണസായി ഹെ്കടറിന് 1,000 രൂപ നൽകി പദ്ധതി നടപ്പിലാക്കിവരുന്നു.

നെൽകൃഷിക്ക് ഭൂപരിധിയില്ലാതെയും മറ്റ് വിളകൾക്ക് 2 ഹെക്ടർ വരെയും ജലസേചനത്തിനായി സൗജന്യ വൈദ്യുതി അനുവദിക്കുന്നു.

നെൽകൃഷിയുടെ വികസനത്തിനായി കേന്ദ്ര സർക്കാർ സഹായത്തോടെ ദേശീയ ഭക്ഷ്യ സുരക്ഷാപദ്ധതി, RAD-NMSA, പ്രധാനമന്ത്രി കൃഷി സിഞ്ചായ് യോജന, ആർ.കെ.വി.വൈ. എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി പാലക്കാട് ജില്ലയിൽ നടപ്പിലാക്കുന്നു. പ്രദർശനത്തോട്ടങ്ങൾ സംഘടിപ്പിക്കുക, ഗുണമേന്മയുള്ള വിത്ത് വിതരണം, മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ, സൂക്ഷ്മ മൂലകങ്ങളുടെ പ്രയോഗം, സസ്യ സംരക്ഷണം, കാർഷികയന്ത്രവൽക്കരണം, ഗ്രൂപ്പടിസ്ഥാനത്തിലുള്ള പ്രാദേശിക മുൻകൈ സംരംഭ പ്രവർത്തനങ്ങൾ എന്നിവയ്ക്കാണ് പദ്ധതിപ്രകാരമുള്ള ആനുകൂല്യം നൽകുന്നത്. ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതിപ്രകാരം 100 ഹെക്ടർ വിസ്തൃതിയുള്ള ക്ലസ്റ്ററുകളിൽ വിവിധ പ്രദർശനത്തോട്ടങ്ങൾ ചെയ്യുന്നതിന് ഹെക്ടറൊന്നിന് 9,000 രൂപ ധനസഹായം നൽകുന്നു. ക്രോപ്പിംഗ് സിസ്റ്റം പ്രദർശനത്തോട്ടത്തിന്

ഹെക്ടറൊന്നിന് 15,000 രൂപയും ഹൈബ്രിഡ് വിത്തുപയോഗിക്കുന്നതിന് ഒരു ക്വിന്റലിന് 10,000 രൂപയും റിലീസ് ചെയ്തിട്ട് 10 വർഷത്തിൽ താഴെയുള്ള അത്യുല്പാദനശേഷിയുള്ള വിത്തിന്റെ ഉപയോഗത്തിന് ക്വിന്റലിന് 2,000 രൂപയും റിലീസ് ചെയ്തിട്ട് 10 വർഷത്തിൽ കൂടുതലുള്ള അത്യുല്പാദനശേഷിയുള്ള വിത്തിന്റെ ഉപയോഗത്തിന് ക്വിന്റലിന് 1,000 രൂപയും നൽകും. സൂക്ഷ്മമൂലകവളങ്ങൾ വാങ്ങുന്നതിന് ഹെക്ടറിന് 500 രൂപയും കുമ്മായവസ്തുക്കൾ വാങ്ങുന്നതിന് ഹെക്ടറിന് 1,000 രൂപയും കീടനാശിനി/ജൈവ കീടനാശിനി വാങ്ങുന്നതിന് ഹെക്ടറിന് 500 രൂപയും കളനാശിനി വാങ്ങുന്നതിന് ഹെക്ടറിന് 500 രൂപയും ആനുകൂല്യം നൽകും. മരുന്ന് തളിക്കുന്നതിനുള്ള സ്പ്രേയറിന് 600 രൂപയും പവർ സ്പ്രേയറിന് 3,000 രൂപയും വിന്നോവറിന് 10,000 രൂപയുമാണ് സബ്സിഡി നൽകുക. പമ്പുസെറ്റ് സ്ഥാപിക്കുന്നതിന് 10,000 രൂപ സബ്സിഡി നൽകിവരുന്നു.

RAD-NMSA പ്രകാരം തൃശ്ശൂർ, കണ്ണൂർ, വയനാട് ജില്ലകളിൽ നെല്ല് അടിസ്ഥാനമാക്കിയുള്ള കൃഷി സമ്പ്രദായത്തിന് ഹെക്ടറൊന്നിന് 50% സബ്സിഡി (പരമാവധി 10,000 രൂപ) നൽകുന്നു. ജലസേചന ഉപകരണങ്ങൾ വാങ്ങിക്കുന്നതിനും മണ്ണിലെ അമ്ലത പരിഹരിക്കുന്നതിനുമുള്ള പരിപോഷണ വസ്തുക്കളുടെ പ്രയോഗത്തിനും മണ്ണ് ജല സംരക്ഷണത്തിനും 50% സബ്സിഡി നിരക്കിൽ ധനസഹായം നൽകുന്നു.

പ്രധാനമന്ത്രി കൃഷി സിഞ്ചായ് യോജന പ്രകാരം നെൽകൃഷിക്ക് ജല ലഭ്യത ഉറപ്പ് വരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പാക്കുന്നു. ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനും ആവശ്യാധിഷ്ഠിതമായ ഉപയോഗത്തിനും ഈ പദ്ധതിപ്രകാരം ഊന്നൽ നൽകുന്നു.

രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയിലെ 'Productivity Improvement of Paddy in Kerala' എന്ന ഘടകം ദേശീയ ഭക്ഷ്യ സുരക്ഷാപദ്ധതി നടപ്പാക്കുന്ന പാലക്കാട് ജില്ല ഒഴികെയുള്ള ജില്ലകളിൽ നടപ്പാക്കുന്നു. അതിൻപ്രകാരം നെൽ വിത്ത് വാങ്ങുന്നതിന് ഹെക്ടറിന് 1,000 രൂപയും കുമ്മായവസ്തുക്കൾ വാങ്ങുന്നതിന് ഹെക്ടറിന് 1,000 രൂപയും സൂക്ഷ്മമൂലകവളങ്ങൾ വാങ്ങുന്നതിന് ഹെക്ടറിന് 500 രൂപയും സംയോജിത കീടനിയന്ത്രണത്തിന് 500 രൂപയും കസ്റ്റം ഹയറിംഗ് സെന്റർ മുഖേനയുള്ള യന്ത്രവൽക്കരണത്തിന് ഹെക്ടറിന് 1,500 രൂപയും ഉൾപ്പെടുത്തി ഹെക്ടറൊന്നിന് പരമാവധി 4,500 രൂപയുടെ ധനസഹായം നൽകിവരുന്നു.

2018-19 സാമ്പത്തിക വർഷം പ്രളയാനന്തരം ഉണ്ടായ കൃത്യമായ ഇടപെടലുകൾമൂലവും പ്രളയംമൂലം കുട്ടനാടൻ മേഖലയിലെ മണ്ണിന്റെ ലവണാംശവും അമ്ലതയും നെൽകൃഷിക്ക് ഏറ്റവും അനുയോജ്യമായതിനാലും മണ്ണിലെ ജൈവീക കാർബണിന്റെയും ജൈവാംശത്തിന്റെയും അളവ് കൂടിയതിനാലും ഉൽപ്പാദന ക്ഷമതയിൽ വർദ്ധനവുണ്ടാവുകയും 864143.98 മെട്രിക് ടൺ നെല്ല് ഉൽപ്പാദിപ്പിക്കുകയും ചെയ്തു. അതിനാൽ, വിസ്തൃതി കുറഞ്ഞിട്ടുപോലും ഉല്പാദനം കൂടുകയാണ് ചെയ്തത്.

(ബി) 2017-18 സാമ്പത്തിക വർഷത്തെ സമഗ്ര നെൽകൃഷി വികസന പദ്ധതിപ്രകാരം പാടശേഖര സമിതികൾ, സഹകരണ സ്ഥാപനങ്ങൾ, അംഗീകൃത ഗ്രൂപ്പുകൾ, വ്യക്തികൾ എന്നിവയ്ക്ക് റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിനായി പദ്ധതിയധിഷ്ഠിതമായി ധനസഹായം നൽകിയിരുന്നു. അതിൻപ്രകാരം സംസ്ഥാനത്ത് 415 മിനി റൈസ് മില്ലുകളും 16 പ്രോസ്സസിങ്ങ് യൂണിറ്റുകളും ആരംഭിക്കുന്നതിന് അനുമതിയും സാമ്പത്തിക സഹായവും നല്കി.

2019-20 സാമ്പത്തിക വർഷത്തെ നെൽകൃഷി വികസന പദ്ധതിയിൽ റൈസ് മില്ല് സ്ഥാപിക്കുന്നതിനുള്ള പദ്ധതി ഘടകത്തിനായി 70 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ വർഷവും മിനി റൈസ് മില്ലുകളും പ്രോസസിംഗ് യൂണിറ്റുകളും ആരംഭിക്കുന്നതാണ്. ഇതിനുപുറമേ വൻകിട റൈസ് പാർക്കുകൾ വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ ആരംഭിക്കാനുള്ള നടപടി ആരംഭിച്ചു.

(സി&ഡി) 2017-18 സാമ്പത്തിക വർഷം മുതൽ 'Scheme for conservation and multiplication of Traditional and Indigenous varieties of Paddy and Millets' എന്ന പ്ലാൻ പദ്ധതി പരമ്പരാഗത വിത്തിനങ്ങളുടെ സംരക്ഷണത്തിനും കൃഷിയിടങ്ങളിലെ വ്യാപനത്തിനും ലക്ഷ്യം വെച്ചുകൊണ്ട് നടപ്പിലാക്കിവരുന്നു. ഇതുപ്രകാരം ഹെക്ടറിന് 10,000 രൂപയുടെ സാമ്പത്തിക സഹായം കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്. കർഷകർ ഉല്പാദിപ്പിക്കുന്ന പരമ്പരാഗത നെല്ലിനങ്ങളുടെ വിത്തുകൾ സംസ്ഥാന വിത്ത് വികസന അതോറിറ്റി മുഖേന സംഭരിച്ച് കർഷകർക്ക് പുനർകൃഷിക്കായി ലഭ്യമാക്കിവരുന്നു. ആധുനിക സൗകര്യങ്ങളോടെയുള്ള വിത്ത് ബാങ്ക് പദ്ധതി നടപ്പിലാക്കുന്നതിനായി 200 ലക്ഷം രൂപ ടി പദ്ധതിപ്രകാരം കൃഷി വകുപ്പ് കേരള കാർഷിക സർവ്വകലാശാലയ്ക്ക് അനുവദിച്ചിട്ടുണ്ട്. പാടശേഖര സമിതികൾ മുഖേനയും കർഷക കൂട്ടായ്മ വഴിയുമാണ് പദ്ധതി നടപ്പിലാക്കുന്നത്. ഇതിനായി പ്രത്യേക ക്ലസ്റ്ററുകൾ രൂപീകരിച്ചിട്ടില്ല.

# (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

## കൃഷി ചെയ്യുന്നതും കൃഷി പഠിപ്പിക്കുന്നതും

1 (3177) ശ്രീ. പാറക്കൽ അബ്ദുല്ല:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി ചെയ്യുന്നതും കൃഷി പഠിപ്പിക്കുന്നതും സ്കൂൾ/കോളേജ് വിദ്യാഭ്യാസത്തിന്റെ ഭാഗമാക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) കാർഷിക സർവ്വകലാശാലയും കാർഷിക പഠനകേന്ദ്രങ്ങളും ഉണ്ടെങ്കിലും കാർഷിക സർവ്വകലാശാലയിൽ പ്രവേശനം കിട്ടാനായി ഒരു പ്രവേശന പരിശീലനകേന്ദ്രം സംസ്ഥാനത്ത് ഇല്ലെന്ന കാര്യം പരിശോധിക്കുക ഉണ്ടായോ;

(സി) നാം എന്ത് ഭക്ഷിക്കണമെന്ന് തീരുമാനിക്കുന്നവരെ വാർത്തെടുക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കും; വിശദമാക്കുമോ?

ഉത്തരം

(എ) സ്കൂൾ/കോളേജ് തലത്തിൽ കൃഷി സംബന്ധിച്ച കാര്യങ്ങൾ പഠനവിഷയമാക്കിയിട്ടുണ്ട്. സ്കൂൾ പച്ചക്കറി കൃഷിയിലൂടെ പച്ചക്കറി കൃഷി, സുരക്ഷിത ഭക്ഷ്യോത്പാദനം തുടങ്ങിയവയെ സംബന്ധിച്ച് വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുവാൻ സാധിച്ചിട്ടുണ്ട്. കൃഷി, കാർഷിക സംസ്കാരം എന്നീ മേഖലകളെ സമഗ്രമായി പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി പാഠ്യപദ്ധതി പരിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി സ്വീകരിച്ചു വരുന്നു.

(ബി) കാർഷിക സർവ്വകലാശാലയിലെ പ്രധാന ഡിഗ്രി കോഴ്സുകൾക്ക് NEET, KEAM, ICAR മുഖേനയാണ് പ്രവേശനം നടത്തുന്നത്. ടി എൻട്രൻസ് പരീക്ഷകൾക്കെല്ലാം സംസ്ഥാനത്ത് പരിശീലന കേന്ദ്രങ്ങളുണ്ട്.

(സി) കാർഷിക സർവ്വകലാശാലയിൽ യു.ജി. കോഴ്സായി (ഫുഡ് എഞ്ചിനീയറിംഗ് & ടെക്നോളജി), പി.ജി. കോഴ്സായി (ഫുഡ് സയൻസ് & ന്യൂട്രീഷ്യൻ), പി.എച്ച്.ഡി. കോഴ്സായി (ഫുഡ് സയൻസ് & ന്യൂട്രീഷ്യൻ) തുടങ്ങിയ കോഴ്സുകളിൽ പോഷക ഗുണങ്ങളുള്ള ഭക്ഷണങ്ങളെ സംബന്ധിച്ചുള്ള പാഠ്യക്രമമാണ് പിന്തുടർന്ന് വരുന്നത്. കൂടാതെ കേരളത്തിലെ കാലാവസ്ഥയ്ക്കും

മണ്ണിനും അനുയോജ്യമായ ഭക്ഷ്യവിളകൾ സ്വന്തം ആവശ്യത്തിനും വാണിജ്യാടിസ്ഥാനത്തിലും സംസ്ഥാനത്ത് നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായി കർഷകർക്ക് ഉൽപ്പാദിപ്പിക്കാവുന്നതാണ്. ഇതിൽ തന്നെ പ്രധാന ഭക്ഷ്യവിളകളായ നെല്ല്, പച്ചക്കറി, പഴവർഗ്ഗങ്ങൾ, നാളികേരം തുടങ്ങിയവ കൃഷി ചെയ്യുന്നതിന് സാങ്കേതിക സാമ്പത്തിക സഹായം കൃഷി വകുപ്പ് മുഖേന നടപ്പിലാക്കുന്ന കേന്ദ്ര സംസ്ഥാനവിഷ്കൃത പദ്ധതികളിലൂടെ നൽകിവരുന്നു. പരിശീലനം, ഉൽപാദനോപാധികൾ, ജലസേചനം, യന്ത്രവൽക്കരണം, വിപണനം എന്നീ ഘടകങ്ങൾക്ക് പദ്ധതി നിബന്ധനകൾക്ക് വിധേയമായി സഹായം നല്കുന്നുണ്ട്. കൃഷിയിൽ താൽപ്പര്യമുള്ള ഒരു പുതിയ തലമുറയെ വാർത്തെടുക്കുന്നതിന് വിദ്യാലയങ്ങളിലും വീട്ടുവളപ്പിലും പച്ചക്കറി കൃഷി, ഹൈ-ടെക് അഗ്രികൾച്ചർ, ജൈവകൃഷി വ്യാപനം തുടങ്ങിയ പദ്ധതികൾ സഹായകരമായിട്ടുണ്ട്. പച്ചക്കറി കൃഷി, സുരക്ഷിത ഭക്ഷ്യോൽപാദനം തുടങ്ങിയവയെ സംബന്ധിച്ച് വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുവാൻ സ്കൂൾ പച്ചക്കറി കൃഷിയിലൂടെ സാധിച്ചിട്ടുണ്ട്. വിദ്യാസമ്പന്നരായ നിരവധി യുവാക്കൾ ഹൈ-ടെക് കൃഷിരീതികൾ സ്വായത്തമാക്കി സ്വന്തം ഭക്ഷണാവശ്യത്തിനും വിപണി ലക്ഷ്യമിട്ടും ഗുണമേന്മയുള്ള ഭക്ഷ്യവസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്നുണ്ട്. ഭക്ഷണക്രമം നിശ്ചയിക്കുന്നത് വ്യക്തി സ്വാതന്ത്ര്യത്തിന്റെ ഭാഗമാണ്. ആരോഗ്യകരമായ ഒരു ഭക്ഷണക്രമം രൂപപ്പെടുത്തുന്നതിന് വേണ്ട നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

**കർഷക ആത്മഹത്യ**

2 (3178) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടന്ന കർഷക ആത്മഹത്യയുടെ ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കാമോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് എത്ര പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇടുക്കി ജില്ലയിൽ 10-ഉം വയനാട് ജില്ലയിൽ 5-ഉം കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ട്.

(ബി) ഇടുക്കി ജില്ലയിൽ 9 കർഷകരുടെ ആശ്രിതർക്കായി ആകെ 29 ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും വിതരണം ചെയ്തിട്ടുണ്ട്. വയനാട് ജില്ലയിൽ ആത്മഹത്യ ചെയ്ത കർഷകരുടെ ആശ്രിതർക്ക് സഹായം നൽകുന്ന വിഷയത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

## ആലത്തൂരിൽ കൃഷി വകുപ്പ് മുഖാന്തരം നടത്തിയിട്ടുള്ള പദ്ധതികൾ

3 (3179) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാരിന്റെ കാലയളവിൽ ആലത്തൂർ മണ്ഡലത്തിലെ ഏഴ് ഗ്രാമപഞ്ചായത്തുകളുടെ പരിധിക്കുള്ളിൽ കൃഷിവകുപ്പ് മുഖാന്തരം നടത്തിയിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

ആലത്തൂർ നിയോജകമണ്ഡലത്തിൽ കൃഷി വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

## പച്ചക്കറി ഉത്പാദനത്തിൽ സ്വയംപര്യാപ്തത

4 (3180) ശ്രീ. സജി ചെറിയാൻ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. ജോർജ് എം. തോമസ്:
ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പച്ചക്കറി ഉത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന്റെ ഭാഗമായി വീട്ടുവളപ്പിലുള്ള പച്ചക്കറി കൃഷി, മട്ടുപ്പാവിലെ കൃഷി, ഗ്രോബാഗുകളിലും റെയിൻ ഷെൽട്ടറുകളിലുമുള്ള പച്ചക്കറി കൃഷി എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) വിഷരഹിത പച്ചക്കറി ഉത്പാദനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് പൊതുജനങ്ങൾക്ക് ബോധവത്ക്കരണം നടത്തുന്നതിനും ശാസ്ത്രീയ കൃഷിരീതികൾ സംബന്ധിച്ച് പരിശീലനവും പ്രചാരണവും നടത്തുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

ഉത്തരം

(എ) പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും പച്ചക്കറിയുല്പാദനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് കൃഷി വകുപ്പ് നടപ്പിലാക്കുന്ന ബൃഹത് പദ്ധതിയാണ് സമഗ്ര പച്ചക്കറി വികസന പദ്ധതി, സമഗ്ര പച്ചക്കറി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വികസന പദ്ധതിയിൽ മുഖ്യ ഘടകമായി ഉൾപ്പെടുത്തി വീട്ടുവളപ്പിലുള്ള പച്ചക്കറി കൃഷി, മട്ടുപ്പാവിലെ കൃഷി, ഗ്രോബാഗുകളിലും റെയിൻഷെൽട്ടറുകളിലുമുള്ള പച്ചക്കറി കൃഷി എന്നിവ നടപ്പിലാക്കിവരുന്നു.

വീട്ടുവളപ്പിലുള്ള പച്ചക്കറി കൃഷി: വീട്ടുവളപ്പിൽ കൃഷി ചെയ്യാനായി കർഷകർക്ക് 10 രൂപ വിലവരുന്ന വിവിധ ഇനങ്ങൾ അടങ്ങിയ 65 ലക്ഷം പച്ചക്കറി വിത്തു പായ്ക്കറ്റുകളും, 160 ലക്ഷം പച്ചക്കറി തൈകളും സ്കൂൾ കുട്ടികൾ, കർഷകർ, വനിതകൾ, സർക്കാരിതര സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവർ വഴി സൗജന്യമായി വിതരണം ചെയ്യുന്നു. കർഷകർ, വിദ്യാർത്ഥികൾ, സഹകരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, ഉദ്യോഗസ്ഥർ, സന്നദ്ധ സംഘടനകൾ ജനപ്രതിനിധികൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ, റെസിഡന്റ്സ് അസോസിയേഷനുകൾ തുടങ്ങി പൊതു സമൂഹത്തിലെ എല്ലാ വിഭാഗത്തെയും പങ്കെടുപ്പിച്ചുകൊണ്ടാണ് പദ്ധതി നടപ്പിലാക്കുന്നത്.

മട്ടുപ്പാവ് കൃഷി/ഗ്രോബാഗുകളിലെ പച്ചക്കറി കൃഷി: മട്ടുപ്പാവ് കൃഷി പ്രോത്സാഹനവും മാലിന്യ സംസ്കരണവും എന്ന ഘടകത്തിൽ ഉൾപ്പെടുത്തി പച്ചക്കറി തൈകൾ നട്ടുപിടിപ്പിച്ച ഗ്രോബാഗുകൾ, സസ്യസംരക്ഷണ ഉപാധികൾ എന്നിവ കർഷകർക്കു നൽകുന്നു. 25 ഗ്രോബാഗുകൾ അടങ്ങിയ 2000 രൂപ വിലവരുന്ന ഒരു യൂണിറ്റിന് 75 ശതമാനം സബ്സിഡിയിൽ 500 രൂപയ്ക്ക് കർഷകർക്ക് വിതരണം ചെയ്യുന്നു. കൂടാതെ മുൻ വർഷങ്ങളിൽ വിതരണം ചെയ്ത ഗ്രോബാഗ് യൂണിറ്റുകളുടെ തുടർകൃഷിക്കായുള്ള സാമ്പത്തിക സഹായവും നൽകിവരുന്നു. മാലിന്യ സംസ്കരണത്തിനായി ചെറുകിടമണ്ണിര കമ്പോസ്റ്റ് യൂണിറ്റുകളുടെ നിർമ്മാണം, ചെറുകിടതുള്ളിനന/തിരിനനയൂണിറ്റുകൾ സ്ഥാപിക്കൽ, കൂടാതെ റെസിഡൻഷ്യൽ അസോസിയേഷനുകൾ കേന്ദ്രീകരിച്ച് ഹരിതഗ്രൂപ്പുകൾ രൂപീകരിച്ച് പച്ചക്കറി വികസന പദ്ധതി പ്രകാരം പ്രവർത്തിച്ചുവരുന്നു.

റെയിൻ ഷെൽട്ടറുകളിലുള്ള പച്ചക്കറി കൃഷി: വേനൽക്കാലത്തും മഴക്കാലത്തും വിളകളെ സംരക്ഷിച്ച് പച്ചക്കറി കൃഷി ചെയ്യുന്നതിനായി നൂതന രീതിയായ റെയിൻ ഷെൽട്ടറുകളിലുള്ള പച്ചക്കറി കൃഷി (മഴമറയിലെ കൃഷി) കർഷകർക്ക് ഏറെ സഹായകരമാണ്. മഴമറ കൃഷിരീതിയിലൂടെ വർഷത്തിലുടനീളം പച്ചക്കറി കൃഷി സാധ്യമാക്കുന്നതിനും ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നു. മഴമറകൾ സ്ഥാപിക്കുന്നതിനായി 100 സ്ക്വയർ മീറ്റർ ഉള്ള ഒരു മഴമറയ്ക്ക് പരമാവധി 50,000 രൂപ നിരക്കിൽ കർഷകർക്ക് ധനസഹായം നൽകിവരുന്നു.

വീട്ടുവളപ്പിലെ പച്ചക്കറി കൃഷി മട്ടുപ്പാവിലെ കൃഷി എന്നിവ പ്രോത്സാഹിപ്പിക്കുന്നതിന് വി.എഫ്.പി.സി.കെ. വഴി 'ഹരിതനഗരി ' പദ്ധതി നടപ്പിലാക്കിവരുന്നു. വീട്ടാവശ്യത്തിനുള്ള പച്ചക്കറി ഉല്പാദനത്തിന്

അനുയോജ്യമായ 20 ചതുരശ്ര മീറ്റർ സ്ഥലത്ത് സ്ഥാപിക്കാവുന്ന മാതൃകാ മിനി പോളിഹൗസ് (കേരള കാർഷിക സർവ്വകലാശാലയുടെ സാങ്കേതിക ഉപദേശക പ്രകാരം) കൗൺസിലിന്റെ എറണാകുളം, തിരുവനന്തപുരം, കാസർഗോഡ് എന്നീ കൃഷി ബിസിനസ്സ് കേന്ദ്രങ്ങളിൽ വിജ്ഞാന വ്യാപനാർത്ഥം സ്ഥാപിച്ചിട്ടുണ്ട്. കൃഷി വകുപ്പിന്റെ വിവിധ പദ്ധതികളുടെ ഭാഗമായി കൗൺസിൽ വീട്ടമ്മമാർക്ക് പച്ചക്കറി വിത്തും നല്കിവരുന്നു. ഇതൊടൊപ്പം തെരഞ്ഞെടുക്കപ്പെട്ട വരിക്കാർക്ക് എല്ലാ ജില്ലകളിലും പരിശീലനങ്ങളും ജൈവ ഉൽപാദനോപാധികളുടെ വിതരണവും ചെയ്തുവരുന്നു.

(ബി) വിഷരഹിത പച്ചക്കറി ഉല്പാദനത്തിന്റെ ആവശ്യകതയെക്കുറിച്ച് ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെ ജനങ്ങളെ ബോധവത്കരിക്കുന്നതിനായി വിവിധ പ്രോഗ്രാമുകൾ സംപ്രേക്ഷണം നടത്തുന്നുണ്ട്. സംസ്ഥാനത്ത് പച്ചക്കറി കൃഷി വ്യാപകമാക്കുന്നതിനും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുമായി കൃഷി വകുപ്പ് സമഗ്ര പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കിവരുന്നു. സംസ്ഥാനത്ത് എല്ലാ വീട്ടുവളപ്പുകളിലും പച്ചക്കറി ഉല്പാദനം ലക്ഷ്യമിടുന്നു. കർഷകർക്ക് ആവശ്യമായ പരിശീലനങ്ങൾ കൃഷി ഭവനുകൾ മുഖാന്തരം സംഘടിപ്പിക്കുന്നു. ഒരു പരിശീലനത്തിന് 1,000 രൂപ വീതം ചെലവിനത്തിൽ നൽകുന്നു.

സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുന്ന സ്ഥാപനങ്ങൾ വഴിയുള്ള പച്ചക്കറി കൃഷി എന്ന മുഖ്യ ഘടകത്തിൽ സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ പച്ചക്കറി കൃഷി നടപ്പാക്കുന്നതിനും പ്രാധാന്യം നൽകുന്നുണ്ട്. വിദ്യാലയങ്ങളിൽ പച്ചക്കറിത്തോട്ടം തയ്യാറാക്കുന്നതിന് വിദ്യാർത്ഥികളെ കൃഷിയിലേക്ക് ആകർഷിക്കുന്നതിനും നൂതന കൃഷി രീതികളെക്കുറിച്ച് അവബോധം നൽകുന്നതിനുമായി ഹരിത ക്ലബ്ബുകൾ രൂപീകരിക്കുന്നതിനും മറ്റ് കാർഷിക പ്രവർത്തനങ്ങൾക്കുമായി 1,000 രൂപ പ്രവർത്തന ചെലവായും നല്കിവരുന്നു. 20-25 വിദ്യാർത്ഥികളും ഒരു അദ്ധ്യാപകനും ചേർന്നാണ് ക്ലബ്ബ് രൂപീകരിക്കുന്നത്. ജലസേചന സൗകര്യം ലഭ്യമാക്കുന്നതിനായി പമ്പ്സെറ്റ്, കിണർ എന്നിവ സ്ഥാപിക്കുന്നതിന് 10,000 രൂപ നിരക്കിൽ ധനസഹായം നല്കുന്നു. വീട്ടുവളപ്പിൽ കൃഷി ചെയ്യുന്നതിന് 10 രൂപ വിലവരുന്ന പച്ചക്കറി വിത്തുകിറ്റുകൾ സൗജന്യമായി വിദ്യാർത്ഥികൾക്ക് നൽകിയിട്ടുണ്ട്. പദ്ധതിയിലൂടെ വിദ്യാർത്ഥികളെ കൃഷിയിലേക്ക് ആകർഷിക്കുന്നതിനും നൂതന കൃഷിരീതികളെക്കുറിച്ച് അവബോധം നല്കുന്നതിനും സാധിച്ചിട്ടുണ്ട്.

വിഷരഹിത കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ജൈവ കാർഷിക മുറകൾ/ഉത്തമ കൃഷി മുറകൾ കർഷകരിലേക്ക് എത്തിക്കുന്നതിന് പരിശീലന പരിപാടികൾ, പ്രദർശന തോട്ടങ്ങൾ എന്നിവ കൗൺസിൽ സംഘടിപ്പിക്കുന്നുണ്ട്.

വിഷരഹിത പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 14 ജില്ലകളിലും കർഷകർക്ക് പി.ജി.എസ്. ജൈവസർട്ടിഫിക്കേഷൻ പദ്ധതിയുടെ കീഴിൽ ജൈവ കൃഷി അനുവർത്തിക്കുവാൻ വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നല്കിവരുന്നു. നാളിതുവരെ 232 ലോക്കൽ ഗ്രൂപ്പുകളിലായി 1600 കർഷകർ 785 ഹെക്ടർ സ്ഥലത്ത് ഇപ്രകാരം കൃഷി ചെയ്തുവരുന്നു.

ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കർഷകർക്ക് ഗുണനിലവാരമുള്ള ഉൽപാദനോപാധികൾ കൗൺസിൽ ലഭ്യമാക്കുന്നു. ജൈവ ഉൽപ്പാദനോപാധികളുടെ ഉൽപാദനത്തിനായി ഒരു ജൈവ വള ഉൽപ്പാദന കേന്ദ്രം കാക്കനാട് പ്രവർത്തിച്ചുവരുന്നു. കൂടാതെ ജൈവ ഉൽപാദനോപാധികളുടെ വിതരണത്തിനായി എറണാകുളം, തിരുവനന്തപുരം, കാസർഗോഡ് ജില്ലകളിൽ കൃഷി ബിസിനസ് കേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്. ഇതിനു പുറമേ വി.എഫ്.പി.സി.കെ.യുടെ സ്വാശ്രയ കർഷക സമിതികൾ മുഖേനയും ഇവ കർഷകരിലേക്കെത്തിക്കുന്നുണ്ട്.

## ഡിജിറ്റൽ ഫാം കമ്മ്യൂണിറ്റി

5 (3181) ശ്രീ. എം. ഉമ്മർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാർഷിക മേഖലയുടെ വികസനത്തിനായി നവമാധ്യമങ്ങളുടെ സേവനം വിനിയോഗിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് രൂപീകരിച്ച ഡിജിറ്റൽ ഫാം കമ്മ്യൂണിറ്റിയിലേക്ക് കൂടുതൽ പേരെ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിലൂടെ കാർഷികമേഖലയെ കൂടുതൽ മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട് എന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) എങ്കിൽ പ്രസ്തുത ഡിജിറ്റൽ ഫാം കമ്മ്യൂണിറ്റി രൂപീകരിച്ച ശേഷം കാർഷികമേഖലയിലുണ്ടായ മാറ്റങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്. കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ SFAC (സ്മാൾ ഫാർമേഴ്സ് അഗ്രിബിസിനസ് കൺസോർഷ്യം)യുടെ കീഴിൽ നവമാധ്യമങ്ങൾ, സോഷ്യൽ മീഡിയ എന്നിവ ഉപയോഗിച്ച് കൂടുതൽ പേരെ കൃഷിയിലേക്ക് ആകർഷിക്കുന്നതിന് കാർഷിക വിവര സങ്കേതം പദ്ധതി

പ്രവർത്തിക്കുന്നു. ഈ പദ്ധതിയുടെ കീഴിൽ, പോർട്ടൽ/മൊബൈൽ ആപ്ലിക്കേഷൻ/ഫേസ്ബുക്ക് ഗ്രൂപ്പ്/ഫേസ്ബുക്ക് ലൈവ്/വാട്ട്സ് ആപ്പ് ഗ്രൂപ്പ്/എസ്.എം.എസ്.ഗ്രൂപ്പ്/യൂട്യൂബ് ചാനൽ തുടങ്ങിയ മാധ്യമങ്ങൾ വഴി കൃഷിയിലേക്കും അനുബന്ധ തൊഴിൽ മേഖലകളിലേക്കും കൂടുതൽ കർഷകരെ ആകർഷിച്ചു വരുന്നു.

വിവര വിനിമയ സാങ്കേതികവിദ്യ അടിസ്ഥാനമാക്കി ഒരുക്കുന്ന ഏകജാലക സംവിധാനമാണ് " കാർഷിക വിവര സങ്കേതം-ഒരു വിരൽത്തുമ്പിൽ" എന്ന പോർട്ടൽ. ഇതിലൂടെ ലോകത്തിലെമ്പാടും നടപ്പിലാക്കിവരുന്ന നൂതന ശാസ്ത്രീയ കൃഷിരീതികളെക്കുറിച്ചും ഉത്തമ കൃഷി മുറകളെക്കുറിച്ചും (GAP) കർഷകർക്കും പൊതുജനങ്ങൾക്കും വിവരം നല്കുന്നു. കൃഷിഭവനുകളിലെ കൃഷി ഉദ്യോഗസ്ഥരുടെ ഉപയോഗത്തിനായി വികസിപ്പിച്ച 'കാർഷിക കേരളം' കാർഷികോൽപന്നങ്ങൾക്ക് വിപണി കണ്ടെത്താനും മികച്ച വില ഉറപ്പാക്കാനും കർഷകരെ സഹായിക്കുന്ന 'ഇ-വിപണി' എന്നീ മൊബൈൽ ആപ്ലിക്കേഷനുകളും വികസിപ്പിച്ചിട്ടുണ്ട്.

കൂടാതെ കൃഷി വകുപ്പുമന്ത്രി കർഷകരുമായി നേരിട്ടു സംവദിക്കുന്ന 'കൃഷി മന്ത്രി വിളിപ്പുറത്ത് 'എന്ന പരിപാടി 'കാർഷിക വിവര സങ്കേതം' എന്ന ഫേസ്ബുക്ക് ഗ്രൂപ്പ്, ഓൺലൈൻ ഫാർമേഴ്സ് ഫീൽഡ് സ്കൂൾ-കർഷകർക്കുള്ള തത്സമയ പരിശീലന പരിപാടി 'ഫേസ്ബുക്ക് ലൈവ്', 'കാർഷിക വിവര സങ്കേതം ' എന്ന വാട്ട്സ്ആപ്പ് ഗ്രൂപ്പ് എന്നിവയും നടപ്പിലാക്കിയിട്ടുണ്ട്.

കേന്ദ്ര ഗവൺമെന്റ് തയ്യാറാക്കിയിട്ടുള്ള mkisan.gov.in എന്ന എസ്.എം.എസ്. പ്ലാറ്റ്ഫോമിലൂടെ സംസ്ഥാന, ജില്ലാ, ബ്ലോക്കുതലത്തിലും ഉള്ള കൃഷി ഉദ്യോഗസ്ഥർ കർഷകർക്ക് എസ്.എം.എസ്. മുഖേന നവീന കൃഷി രീതികളെക്കുറിച്ചും കൃഷി വകുപ്പിന്റെ വിവിധ സ്കീമുകളെക്കുറിച്ചും വിവരങ്ങൾ നൽകുന്നു.

കാർഷിക വികസന കർഷക ക്ഷേമ വകുപ്പും കേരള കാർഷിക സർവ്വകലാശാലയും ചേർന്ന് തയ്യാറാക്കിയിട്ടുള്ള മൊബൈൽ ആപ്ലിക്കേഷനായ FEM@Mobile, വെബ്സൈറ്റായ www.farmextensionmanager.com എന്നിവ കാർഷിക വിജ്ഞാന വ്യാപന ഉദ്യോഗസ്ഥർ, കാർഷിക വിദ്യാർത്ഥികൾ, പുരോഗമനോന്മുഖമായ കർഷകർ എന്നിവർക്ക് വളരെ പ്രയോജനപ്രദമാണ്.

(ബി) ഉണ്ട്. കാർഷിക വിവര സാങ്കേതത്തിന്റെ കീഴിൽ ഫെയ്സ്ബുക്ക്, വാട്ട്സ്ആപ്പ്, മൊബൈൽ ആപ്പ് എന്നിവയിൽ പങ്കാളികളാകുന്ന കർഷകർ ഡിജിറ്റൽ ഫാം കമ്മ്യൂണിറ്റിയുടെ ഭാഗമാണ്. ഈ കമ്മ്യൂണിറ്റിയുടെ

സേവനങ്ങൾക്കായി ഡിജിറ്റൽ സേന രൂപീകരിച്ചിട്ടുണ്ട്. 25 പേരടങ്ങുന്ന ഉദ്യോഗസ്ഥരെ വിവര വിനിമയ സാങ്കേതിക വിദ്യ, സമൂഹമാധ്യമങ്ങൾ വഴി വിജ്ഞാന വ്യാപനം എന്നിവയിൽ അടിസ്ഥാന പരിശീലനം നൽകി രൂപീകരിച്ചതാണ് 'ഡിജിറ്റൽ സേന' പുതിയ കർഷകരേയും യുവജനങ്ങളേയും കൃഷിയിലേക്കാകർഷിക്കുവാൻ ഇതിലൂടെ സാധിക്കുന്നുണ്ട്.

(സി) കാർഷിക വിവര സങ്കേതം ഒരു വിരൽത്തുമ്പിൽ. 'കാർഷിക കാൾസെന്റർ 1800-425-1661 സേവനങ്ങൾ'മൂലം കൂടുതൽ കർഷകർക്ക് ആധുനിക കാർഷിക വിവരങ്ങൾ ലഭിക്കുന്നു. അവരുടെ സംശയങ്ങൾക്ക് കോൾ സെന്റർ, വെബ്സൈറ്റ്, മൊബൈൽ ആപ്ലിക്കേഷനുകൾ, എസ്.എം.എസ്. എന്നിവമൂലം മറുപടി ലഭിക്കുന്നു. കൃഷി മന്ത്രിയുമായി നേരിട്ട് സംവദിക്കുവാനും കർഷകരുടെ അഭിപ്രായങ്ങൾ, ഫീഡ് ബാക്കുകൾ എന്നിവ നൽകുവാനും കൃഷി വകുപ്പിന്റേയും, അനുബന്ധ സ്ഥാപനങ്ങളുടേയും സേവനങ്ങൾ കർഷകരിലേക്ക് പരമാവധി എത്തിക്കുന്നതിനും കർഷകരുടെ പ്രശ്നങ്ങളും, സംശയങ്ങളും സമയബന്ധിതമായി പരിഹരിക്കുന്നതിനും സർക്കാരും ജനങ്ങളും തമ്മിലുള്ള ബന്ധം ഊട്ടിയുറപ്പിക്കുന്നതിനും " കൃഷിമന്ത്രിവിളിപ്പുറത്ത്" എന്ന പരിപാടി പ്രയോജനപ്പെടുന്നു. ഓൺലൈൻ ഫാർമേഴ്സ് ഫീൽഡ് സ്കൂളിൽ ശീതകാല പച്ചക്കറികളെക്കുറിച്ച് നടത്തിയ ഫീൽഡ് സ്കൂൾ 48.337 ഗുണഭോക്താക്കളിലെത്തിച്ചു. ഇതിൽ പലരും സ്വന്തം നിലയിൽ ശീതകാല പച്ചക്കറികൾ കൃഷി ചെയ്തുവരുന്നു. കാർഷിക പദ്ധതികൾ, ആധുനിക കൃഷിരീതികൾ എന്നിവ ചെറിയ വീഡിയോകളായി കാർഷിക വിവര സങ്കേതം, വാട്ട്സ്ആപ്പ് ഗ്രൂപ്പ്, ഫേസ്ബുക്ക് പേജ് എന്നിവകളിലൂടെ കർഷകർക്ക് നൽകുന്നു. ഇതു കൂടാതെ കിസ്സാൻ കൃഷിദീപം, നൂറുമേനി എന്നീ പ്രോഗ്രാമുകൾ യൂട്യൂബ് ചാനലുകളിലൂടെ ഇരുപത്തിനാല് മണിക്കൂറും കർഷകർക്ക് ലഭ്യമാക്കുന്ന രീതിയിൽ നൽകിയിട്ടുണ്ട്.

## അക്വാപോണിക്സ് കൃഷിരീതി

6 (3182) <u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യകൃഷിയും പച്ചക്കറി കൃഷിയും സംയോജിപ്പിച്ച് നടപ്പാക്കുന്ന കൃഷി രീതിയായ അക്വാപോണിക്സ് രീതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇത്തരം കൃഷി രീതികൾ സാധാരണക്കാരായ കർഷകർക്ക് പരിചയപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു?

<u>ഉത്തരം</u>

(എ&ബി) അക്വാപോണിക്സ് കൃഷി രീതി പച്ചക്കറി വികസന പദ്ധതിയിൽ ഇന്നവേഷൻ പ്രോജക്ട് എന്ന ഘടകത്തിൽ ഉൾപ്പെടുത്തി സബ്സിഡി നൽകി നടപ്പിലാക്കിവരുന്നു. അക്വാപോണിക്സ് കൃഷിയിൽ താല്പര്യമുള്ള കർഷകർക്ക് പച്ചക്കറി വികസന പദ്ധതിയിൽ കൃഷി ഭവൻ തലത്തിൽ പരിശീലനം നല്കിവരുന്നു. കൂടാതെ അക്വാപോണിക്സ് കൃഷി രീതികൾ കർഷകരിലേക്ക് എത്തിക്കുന്നതിനായി 'ആത്മ' പദ്ധതിയുടെ ഭാഗമായി കർഷകർക്ക് പ്രദർശനത്തോട്ടം എന്ന ഘടകത്തിൽ 4000 രൂപ വീതം സാമ്പത്തിക സഹായം നല്കി നടപ്പിലാക്കിവരുന്നു.

## താഴേക്കോട് പഞ്ചായത്തിനെ കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ നടപടി

7 (3183) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പ് നടപ്പിലാക്കിവരുന്ന കേരഗ്രാമം പദ്ധതിയിൽ പെരിന്തൽമണ്ണ മണ്ഡലത്തിലെ താഴേക്കോട് ഗ്രാമപഞ്ചായത്തിനെ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് ലഭിച്ച ശിപാർശയിന്മേൽ വകുപ്പ് സ്വീകരിച്ച നടപടിയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഗ്രാമപഞ്ചായത്തിനെ പദ്ധതിയിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) പെരിന്തൽമണ്ണ മണ്ഡലത്തിലെ താഴേക്കോട് ഗ്രാമപഞ്ചായത്തിൽ കേരഗ്രാമം പദ്ധതി 2018-19 വർഷം നടപ്പിലാക്കുകയുണ്ടായി. തുടർ കൃഷിക്ക് രണ്ടാം വർഷ പദ്ധതി 2019-20 വർഷം നടപ്പിലാക്കിവരുന്നു.

## കോതമംഗലം മണ്ഡലത്തിലെ ഹരിതകേരളം പദ്ധതി

8 (3184) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിതകേരളം പദ്ധതിയുടെ ഭാഗമായി കോതമംഗലം മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ;

(ബി) ഈ പദ്ധതിയുടെ ഭാഗമായി കോതമംഗലം മണ്ഡലത്തിൽ ഇനി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഹരിതകേരളം പദ്ധതിയുടെ ഭാഗമായി കൃഷി വകുപ്പ് സുജലം-സുഫലം ഉപമിഷൻ മുഖേന കോതമംഗലം മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ താഴെ കൊടുക്കുന്നു:

1. നെൽകൃഷി വ്യാപനം-331.16 ഹെക്ടർ
2. പാടശേഖരസമിതിക്കുള്ള ഓപ്പറേഷണൽ സപ്പോർട്ട്- 15 എണ്ണം
3. കരനെൽകൃഷി വ്യാപനം-9.7 ഹെക്ടർ
4. തരിശുഭൂമി പച്ചക്കറി കൃഷി വ്യാപനം-4.78 ഹെക്ടർ
5.തരിശുഭൂമി നെൽകൃഷി വ്യാപനം-4.78 ഹെക്ടർ
6. മൈക്രോ ഇറിഗേഷൻ യൂണിറ്റുകൾ -5 എണ്ണം.
7. ഫാമിലി ഡ്രിപ്പ് യൂണിറ്റുകൾ-7 എണ്ണം
8. വാട്ടർ ഇറിഗേഷൻ ഹാർവെസ്റ്റിംഗ് സിസ്റ്റം-5 എണ്ണം
9. കിണർ/കുളം നവീകരണം -1 എണ്ണം

(ബി) താഴെപ്പറയുന്ന പദ്ധതികൾ കോതമംഗലം മണ്ഡലത്തിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു:

1. തരിശുനിലം കൃഷി യോഗ്യമാക്കൽ
2. പച്ചക്കറികൃഷി വ്യാപനം
3. വാട്ടർ ഹാർവെസ്റ്റിംഗ് സ്ഥാപിക്കൽ
4. പച്ചക്കറി തൈ വിതരണം
5. പാഠശേഖര സമിതികൾക്ക് സഹായ പദ്ധതികൾ
6. സ്കൂൾ പച്ചക്കറിത്തോട്ടം
7. നെൽകൃഷി വികസനം.

**വെജിറ്റബിൾ പാർക്കുകൾ സ്ഥാപിക്കാൻ നടപടി**

9 (3185) <u>ശ്രീ. മോൻസ് ജോസഫ്:</u>
<u>ശ്രീ. പി. ജെ. ജോസഫ്:</u>
<u>ശ്രീ. റോഷി അഗസ്റ്റിൻ:</u>
<u>ശ്രീ. സി. എഫ്. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ തേങ്ങ, വാഴപ്പഴം, തേൻ, മാമ്പഴം ഉൾപ്പെടെയുള്ള വെജിറ്റബിൾ പാർക്കുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതി എവിടെയൊക്കെ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പാർക്കുകളുടെ മേൽനോട്ടം ഏത് ഏജൻസിക്കാണ് നൽകിയിരിക്കുന്നത്; ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ ഉൽപ്പാദനം,വിപണനം, കൃഷിരീതികൾ എന്നിവ സാധ്യമാക്കാൻ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) കാർഷിക ഉപകരണങ്ങൾ സംസ്ഥാനത്തിന്റെ പല ഭാഗത്തും തകരാറിലായിക്കിടക്കുന്ന അവസ്ഥയ്ക്ക് പരിഹാരം കാണുവാൻ കൃഷിവകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ തേങ്ങ, വാഴപ്പഴം, തേൻ, മാമ്പഴം, പച്ചക്കറികൾ ഉൾപ്പെടെ അഗ്രോ പാർക്കുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. തൃശ്ശൂർ ജില്ലയിൽ കണ്ണാറ ഫാമിൽ തേനും വാഴപ്പഴവും അടിസ്ഥാനമാക്കിയുള്ള അഗ്രോ പാർക്കും കോഴിക്കോട് ജില്ലയിലെ വെങ്ങേരിയിലും കൂത്താളിയിലും ഓരോ കോക്കനട്ട് പാർക്ക് വീതവും പാലക്കാട് ജില്ലയിലെ മുതലമട സ്റ്റേറ്റ് സീഡ് ഫാമിൽ ഒരു മാമ്പഴ അഗ്രോ പാർക്കും ഇടുക്കി ജില്ലയിലെ വട്ടവട ഗ്രാമപഞ്ചായത്തിൽ " പഴത്തോട്ട" ത്തിൽ പച്ചക്കറി അടിസ്ഥാനമായ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ അഗ്രോ പാർക്കുമാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്.

(ബി) ബനാന & ഹണി പാർക്കിന്റെയും നാളികേര പാർക്കിന്റേയും മേൽനോട്ടം Kerala Agro Industries Corporation LTD.(KAICO) - നും മാമ്പഴ പാർക്കിന്റെ മേൽനോട്ടം പബ്ലിക്ക്-പ്രൈവറ്റ് പാർട്ട്ണർഷിപ്പിൽ പ്രവർത്തിക്കുന്ന സ്ഥാപനമായ INKEL-നുമാണ് നൽകിയിരിക്കുന്നത്. കൂടാതെ വെജിറ്റബിൾ പാർക്ക് സ്ഥാപിക്കുന്നതിനായി VFPCK-യേയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

തൃശ്ശൂർ ജില്ലയിലെ കണ്ണാറ ഫാമിൽ ബനാന & ഹണി പാർക്ക് സ്ഥാപിക്കുന്നതിന് 25.13 കോടി രൂപയുടെ ഭരണാനുമതി നല്കിയതിന്റെ അടിസ്ഥാനത്തിൽ DPR തയ്യാറാക്കി Kerala Infrastructure Investment Fund Board (KIIFB) -ന് സമർപ്പിക്കുകയും തുടർന്ന് 14.2 കോടി രൂപയുടെ ഭരണാനുമതി കിഫ്ബിയിൽ നിന്നും കിട്ടിയിട്ടുള്ളതും ആകുന്നു. തുടർന്നുള്ള സാങ്കേതികാനുമതിയുടെ അടിസ്ഥാനത്തിൽ ഇൻഫ്രാസ്ട്രക്ച്ചർ പ്രവൃത്തികൾ ചെയ്യുന്നതിനുള്ള ടെണ്ടർ നടപടികൾ നടന്നുവരുന്നു.

കൂടാതെ കോഴിക്കോട് ജില്ലയിലെ വെങ്ങേരി കാർഷിക വ്യാപാര കേന്ദ്രത്തിലും കൂത്താളിയിലെ ജില്ലാ കൃഷിത്തോട്ടത്തിലുമായി നാളികേര അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിനുവേണ്ടി 20 കോടി രൂപ വീതം ഭരണാനുമതി നൽകിയിട്ടുള്ളതും അതിൻപ്രകാരം കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ രണ്ട് കോക്കനട്ട് പാർക്കുകളുടെ DPR തയ്യാറാക്കി KIIFB-യുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(സി) മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം ത്വരിതപ്പെടുത്തുവാൻ സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം മുഖേന കൃഷി വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്നുണ്ട്. ചെറുകിട/ഇടത്തരം സംരംഭങ്ങൾക്ക് പുറമേ സൂക്ഷ്മ സംരംഭങ്ങൾക്കും SFAC പ്രോജക്ട് അടിസ്ഥാനത്തിൽ ആനുകൂല്യം നൽകിവരുന്നുണ്ട്. മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ വിപണന സാധ്യതകൾ ഉൾപ്പെടെയുള്ള ബാങ്കബിൾ പ്രോജക്ടുകൾ ആണ് SFAC സ്വീകരിച്ചുവരുന്നത്.

പ്രവർത്തന വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി കാർഷികോൽപ്പന്നങ്ങളിൽനിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനായി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ കീഴിൽ പുനലൂരിൽ കേരള അഗ്രോ ഫ്രൂട്ട് പ്രോഡക്ട്സ് പ്രവർത്തിക്കുന്നു. മാംഗോ ജ്യൂസ് (റെഡി ടു സെർവ്-RTS), പൈനാപ്പിൾ സിറപ്പ്, ജാം, അച്ചാറുകൾ, തേനിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ എന്നിവ ഇവിടെ ഉൽപ്പാദിപ്പിക്കുന്നു. ജ്യോതി എന്ന ബ്രാൻഡിൽ ഈ ഉൽപ്പന്നങ്ങൾ വിപണിയിൽ ഇറക്കുന്നു. ചക്കയിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ തയ്യാറാക്കുന്നതിനുവേണ്ടി മാളയിൽ ഒരു ചക്ക സംസ്കരണ യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ട്.

മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ വിപണനം സാദ്ധ്യമാക്കുന്നതിനായി ഒരു കുടക്കീഴിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കേരളത്തിലുടനീളം 11 അഗ്രോ ബസാറുകളും തൃശ്ശൂരിൽ ഒരു അഗ്രോ ഹൈപ്പർ ബസാറും സ്ഥാപിച്ചിട്ടുണ്ട്.

(ഡി) കേരള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്തുടനീളമുള്ള കാർഷിക സേവന കേന്ദ്രങ്ങളിലെയും കാർഷിക കർമ്മസേനകളിലെയും ലഭ്യമായിട്ടുള്ള കാർഷിക യന്ത്രങ്ങളുടെ കണക്കെടുപ്പ് പൂർത്തീകരിച്ചു. ഇവയിൽ കേടായിക്കിടക്കുന്ന യന്ത്രങ്ങളുടെ സ്ഥിതിവിവര കണക്കുകളും ശേഖരിച്ചു. കേടായിക്കിടക്കുന്ന കാർഷിക യന്ത്രങ്ങൾ അടിയന്തരമായി കേടുപാടുകൾ തീർത്ത് പ്രവർത്തന സജ്ജമാക്കുന്നതിന്

കാർഷിക 'യന്ത്രപരിരക്ഷണ യജ്ഞം' എന്ന കർമ്മപരിപാടി ആവിഷ്ക്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. ഇതിനനുസരിച്ച് ജില്ലതോറും കാർഷിക യന്ത്ര കിരണസേന എന്ന നാമത്തിൽ ഒരു പ്രത്യേക സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. ഇതിൽ ഒരു കാർഷിക എൻജിനീയറിംഗ് ട്രെയിനി, രണ്ട് ഭക്ഷ്യസുരക്ഷാസേനാവിഭാഗം മുഖ്യപരിശീലകർ, യന്ത്രവൽക്കരണ മിഷന്റെ നാല് പ്രോജക്ട് അഗ്രിക്കൾച്ചർ മെക്കാനിക് ട്രെയിനി എന്നിവരടങ്ങുന്ന ഏഴംഗ വിദഗ്ദ്ധ സംഘം രൂപീകരിച്ച് ജില്ലാതലത്തിൽ കേന്ദ്രീകരിച്ച് കാർഷിക യന്ത്രങ്ങളുടെ അറ്റകുറ്റപ്പണികൾ നിർവ്വഹിക്കുകയാണ്. ഇപ്രകാരം ഓരോ ജില്ലയിലും പന്ത്രണ്ടു ദിവസം നീണ്ടുനിന്ന കാർഷിക യന്ത്ര കിരൺ സ്ക്വാഡ് ക്യാമ്പ് നടത്തി ഏകദേശം 350 ലക്ഷം രൂപ വിലമതിക്കുന്ന കാർഷിക യന്ത്രങ്ങൾ കഴിഞ്ഞ രണ്ടുമാസത്തിനുള്ളിൽ പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്. കൂടാതെ ഓരോ ജില്ലയിലെയും കാർഷിക സേവന കേന്ദ്രങ്ങൾ, കാർഷിക കർമ്മ സേനകൾ എന്നിവയിൽ നിന്നും തെരഞ്ഞെടുത്ത ഇരുപത് സേവനദായകർക്ക് പന്ത്രണ്ട് ദിവസം ഈ ക്യാമ്പിൽ കാർഷിക യന്ത്രങ്ങളുടെ അറ്റകുറ്റപ്പണിയിൽ നൈപുണ്യപരിശീലനം നൽകി ഈ പണികൾ ഏറ്റെടുത്ത് നടത്തുന്നതിന് പ്രാപ്തരാക്കി. ഈ വർഷം കാർഷിക സേവന കേന്ദ്രങ്ങളുടെ കീഴിൽ ഓരോ ജില്ലയിലും കാർഷിക യന്ത്രങ്ങളുടെ അറ്റകുറ്റപ്പണി വർക്ക് ഷോപ്പ് അഞ്ചെണ്ണം വീതം ആരംഭിക്കുന്നതുമാണ്.

കാർഷിക സേവന കേന്ദ്രം, കർമ്മസേന എന്നിവ കൂടാതെ മറ്റിതര സ്കീമുകൾ മുഖേന കൃഷി വകുപ്പും ത്രിതല പഞ്ചായത്ത് സംവിധാനങ്ങളും നൽകിയിട്ടുള്ള കാർഷിക യന്ത്രങ്ങളുടെ കണക്കെടുപ്പ് കേരള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷന്റെ നേതൃത്വത്തിൽ നടത്തിവരികയാണ്. കണക്കെടുപ്പ് പൂർത്തിയാക്കുന്ന മുറയ്ക്ക് അറ്റകുറ്റപ്പണികൾ വേണ്ടിവരുന്ന കാർഷിക യന്ത്രങ്ങളുടെ കണക്ക് ക്രോഡീകരിച്ച് കേടായ മുഴുവൻ കാർഷിക യന്ത്രങ്ങളും " കാർഷിക യന്ത്രപരിരക്ഷണ യജ്ഞത്തിന്റെ" പ്രവർത്തന പരിധിയിൽ ഉൾപ്പെടുത്തി കാർഷിക യന്ത്ര കിരൺ സ്ക്വാഡ് മുഖേന അറ്റകുറ്റപ്പണികൾ തീർത്ത് പ്രവർത്തനസജ്ജമാക്കുന്നതിന് കാർഷിക യന്ത്രവൽക്കരണമിഷന്റെ കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

### സഹസ്ര സരോവരം പദ്ധതി

10 (3186) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സഹസ്ര സരോവരം പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിൽ നടപ്പിലാക്കിയിട്ടുള്ള പ്രവർത്തനങ്ങളുടെ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

സഹസ്ര സരോവരം പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിൽ 4 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി* ചേർത്തിരിക്കുന്നു.

## ടെറസ് പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

11 (3187) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടെറസ് പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) നഗരപ്രദേശങ്ങളിൽ ടെറസ് പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിനും നഗരവാസികൾക്ക് ഇക്കാര്യത്തിൽ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും നടപടി സ്വീകരിക്കുമോ;

(സി) ടെറസ് പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിന് കൃഷി ഭവനുകൾ കേന്ദ്രീകരിച്ച് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-സി) സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഒരു മുഖ്യഘടകമായി ഉൾപ്പെടുത്തി ടെറസ് പച്ചക്കറി/മട്ടുപ്പാവിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിച്ചുവരുന്നു.

ടെറസ് പച്ചക്കറി (മട്ടുപ്പാവ് കൃഷി) മാലിന്യ സംസ്കരണം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി പച്ചക്കറി തൈകൾ നട്ടുപിടിപ്പിച്ച ഗ്രോബാഗുകൾ, സസ്യസംരക്ഷണ ഉപാധികൾ എന്നിവ കർഷകർക്ക് നൽകുന്നു. 25 ഗ്രോബാഗുകൾ അടങ്ങിയ 2,000 രൂപ വിലവരുന്ന ഒരു യൂണിറ്റിന് 75 ശതമാനം സബ്സിഡിയിൽ 500 രൂപയ്ക്ക് കർഷകർക്ക് വിതരണം ചെയ്യുന്നു. കൂടാതെ മുൻ വർഷങ്ങളിൽ വിതരണം ചെയ്ത ഗ്രോബാഗ് യൂണിറ്റുകളുടെ തുടർ കൃഷിക്കായുള്ള സാമ്പത്തിക സഹായവും നൽകിവരുന്നു. മാലിന്യ സംസ്കരണത്തിനായി ചെറുകിട മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകളുടെ നിർമ്മാണം, ചെറുകിട തുള്ളിനന/തിരിനന യൂണിറ്റുകൾ സ്ഥാപിക്കൽ, കൂടാതെ റെസിഡൻഷ്യൽ അസോസിയേഷനുകൾ കേന്ദ്രീകരിച്ച് ഹരിത ഗ്രൂപ്പുകൾ രൂപീകരിച്ച് പച്ചക്കറി വികസന പദ്ധതി പ്രകാരം പ്രവർത്തിച്ചു വരുന്നു. പച്ചക്കറി കൃഷിക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും പരിശീലനവും കൃഷി ഭവൻ വഴി നൽകിവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ടെറസ് പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് വി.എഫ്.പി.സി.കെ. വഴി 'ഹരിതനഗരി' പദ്ധതി നടപ്പിലാക്കിവരുന്നു. ടി പദ്ധതിയിൽ നഗരപ്രദേശങ്ങളിൽ കൃഷി ചെയ്യുന്നതിന് സ്ഥല പരിമിതിയുള്ളവർക്കായി പ്രദേശങ്ങളിൽ 2,500 രൂപ നിരക്കിൽ ആവശ്യമുള്ള പച്ചക്കറിതൈകൾ നട്ട ഗ്രോബാഗ് യൂണിറ്റ് (25 ഗ്രോബാഗ് വീതം) ലഭ്യമാക്കുന്നുണ്ട്. ഇതോടൊപ്പം, കണിക ജലസേചന യൂണിറ്റ്, ടെറസ് കൃഷിക്ക് വേണ്ടി നടീൽ വസ്തുക്കൾ, ജൈവ ഉൽപ്പാദനോപാധികൾ തുടങ്ങിയവ കൗൺസിലിന് കീഴിലുള്ള കൃഷി ബിസിനസ്സ് കേന്ദ്രങ്ങൾ വഴി ലഭ്യമാക്കുന്നുണ്ട്. ഇതു കൂടാതെ നഗരവാസികൾക്ക് ടെറസ് പച്ചക്കറി കൃഷിയെക്കുറിച്ചുള്ള പരിശീലനങ്ങളും കാക്കനാടുള്ള കൗൺസിൽ ആസ്ഥാനത്ത് സംഘടിപ്പിക്കാറുണ്ട്. നഗരവാസികൾക്ക് ഇക്കാര്യത്തിൽ ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നതിന് കൃഷി ബിസിനസ്സ് കേന്ദ്രയുടെ നേതൃത്വത്തിൽ അഗ്രോ ക്ലിനിക്കുകളും സംഘടിപ്പിക്കുന്നുണ്ട്.

വീട്ടാവശ്യത്തിനുള്ള പച്ചക്കറി ഉല്പാദനത്തിന് അനുയോജ്യമായ 20 ചതുരശ്ര മീറ്റർ സ്ഥലത്ത് സ്ഥാപിക്കാവുന്ന മാതൃകാ മിനി പോളിഹൗസ് (കേരള കാർഷിക സർവ്വകലാശാലയുടെ സാങ്കേതിക ഉപദേശ പ്രകാരം) കൗൺസിലിന്റെ എറണാകുളം, തിരുവനന്തപുരം, കാസർഗോഡ് എന്നീ കൃഷി ബിസിനസ്സ് കേന്ദ്രങ്ങളിൽ വിജ്ഞാന വ്യാപനാർത്ഥം സ്ഥാപിച്ചിട്ടുണ്ട്. കൃഷി വകുപ്പിന്റെ വിവിധ പദ്ധതികളുടെ ഭാഗമായി കൗൺസിൽ വീട്ടമ്മമാർക്ക് പച്ചക്കറി വിത്തും നൽകിവരുന്നു.

## പ്ലാന്റ് ക്ലിനിക്കുകളും ഇക്കോ-ഷോപ്പുകളും ആരംഭിക്കുന്ന പദ്ധതി

12 (3188) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയോജകമണ്ഡലങ്ങളിൽ പ്ലാന്റ് ക്ലിനിക്കുകളും ഇക്കോ ഷോപ്പുകളും ആരംഭിക്കുന്ന പദ്ധതി പ്രകാരം എല്ലാ നിയോജകമണ്ഡലങ്ങളിലും അതിനുള്ള ഉത്തരവ് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ പദ്ധതിയുടെ നിലവിലത്തെ അവസ്ഥ എന്താണെന്ന് അറിയിക്കുമോ;

(ബി) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ താഴേക്കോട് കൃഷി ഓഫീസുമായി ബന്ധപ്പെട്ട് ഒരു പ്ലാന്റ് ക്ലിനിക്കും പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയിലും വെട്ടത്തൂർ, ആലിപറമ്പ് ഗ്രാമപഞ്ചായത്തുകളിലും ഓരോ ഇക്കോ- ഷോപ്പും ആരംഭിയ്ക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിയ്ക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നടപ്പിലാക്കുന്ന വിളപരിപാലന പദ്ധതിയിൻകീഴിൽ എല്ലാ നിയോജക മണ്ഡലങ്ങളിലും പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. ജൈവകൃഷിയും ഉത്തമ കൃഷിമുറകളും പദ്ധതി പ്രകാരം എല്ലാ നിയോജകമണ്ഡലങ്ങളിലും ഇക്കോഷോപ്പ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എന്നാൽ ജൈവ ക്ലസ്റ്ററുകളിൽ ഉൽപാദിപ്പിക്കുന്ന ഉല്പന്നങ്ങൾ, മറ്റ് ഉല്പാദനോപാധികൾ എന്നിവയുടെ വിപണനത്തിനായി സംസ്ഥാനത്ത് 241 ഇക്കോഷോപ്പുകൾ ജൈവകൃഷിയും ഉത്തമ കൃഷി മുറകളും പദ്ധതിക്ക് കീഴിൽ ആരംഭിച്ചിട്ടുണ്ട്. കൂടാതെ മാർക്കറ്റിംഗ് പദ്ധതിയിൽ ആരംഭിച്ച 213 ഇക്കോഷോപ്പുകൾ ഉൾപ്പെടെ ആകെ 454 എണ്ണം സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്.

കൂടാതെ നടപ്പ് സാമ്പത്തിക വർഷം പുതിയ 15 ഇക്കോഷോപ്പുകൾ ആരംഭിക്കുന്നതിനും മുൻ വർഷം സ്ഥാപിച്ച ഇക്കോഷോപ്പുകൾക്ക് റിവോൾവിംഗ് ഫണ്ട് നല്കുന്നതിനുമുള്ള പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

(ബി) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ താഴേക്കോട് കൃഷിഭവനിൽ 2017-18 വർഷത്തിൽ പ്ലാന്റ് ഹെൽത്ത് ക്ലിനിക് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ജൈവകൃഷിയും ഉത്തമ കൃഷിമുറകളും പദ്ധതി പ്രകാരം താഴേക്കോട് കൃഷിഭവനുമായി ബന്ധപ്പെട്ട് ഒരു ഇക്കോഷോപ്പും പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയിൽ ഒരു ഇക്കോഷോപ്പും പ്രവർത്തിക്കുന്നുണ്ട്.

നടപ്പ് സാമ്പത്തിക വർഷം വെട്ടത്തൂർ, ആലിപറമ്പ് എന്നിവിടങ്ങളിൽ ഇക്കോഷോപ്പ് ആരംഭിക്കുന്നതിനുള്ള സാധ്യത പരിശോധിച്ചുവരുന്നു.

**യുവാക്കളെ കാർഷിക രംഗത്തേക്ക് ആകർഷിക്കുന്നതിനായി നടപടി**

13 (3189) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവാക്കളെ കാർഷികരംഗത്തേക്ക് ആകർഷിക്കുന്നതിനായി കൃഷി വകുപ്പിന്റെ കീഴിൽ പരിശീലനകേന്ദ്രങ്ങൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പരിശീലനകേന്ദ്രങ്ങളിലായി എത്ര യുവാക്കൾക്ക് പരിശീലനം നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) കൃഷി വകുപ്പിന്റെ കീഴിൽ കർഷകർക്ക് പരിശീലനം നല്കുന്നതിനായി തിരുവനന്തപുരം, കോട്ടയം, എറണാകുളം, പാലക്കാട്, കണ്ണൂർ എന്നീ ജില്ലകളിൽ മേഖലാ പരിശീലന കേന്ദ്രങ്ങളും, പന്തളം (പത്തനംതിട്ട), വേങ്ങേരി (കോഴിക്കോട്) എന്നിവിടങ്ങളിൽ കർഷക പരിശീലന കേന്ദ്രങ്ങളും പ്രവർത്തിച്ചുവരുന്നു. ഇതു കൂടാതെ വെള്ളായണിയിൽ പ്രവർത്തിക്കുന്ന ആർ.റ്റി.റ്റി.സി.-യിലും കർഷക പരിശീലനം നടത്തിവരുന്നു. എല്ലാ പരിശീലനങ്ങളും യുവാക്കൾ ഉൾപ്പെടെയുള്ള കർഷകർക്കായാണ് നടപ്പിലാക്കുന്നത്.

(ബി) 2017-18 സാമ്പത്തിക വർഷത്തിൽ 3661 യുവാക്കൾക്കും 2018-19-ൽ 3607 യുവാക്കൾക്കും പരിശീലനം നൽകിയിട്ടുണ്ട്. കാർഷിക രംഗത്തെ നൂതന സാങ്കേതിക വിദ്യകൾ, കീട രോഗബാധ, ഭക്ഷ്യസംസ്കരണം തുടങ്ങിയ വിഷയങ്ങളിൽ കാർഷിക കോളേജിലെ ശാസ്ത്രജ്ഞർ, അദ്ധ്യാപകർ, കൃഷി വകുപ്പിലെ വിദഗ്ദ്ധർ തുടങ്ങിയവരാണ് പരിശീലനങ്ങളിൽ ക്ലാസ്സ് എടുക്കുന്നത്.

## ഓണാട്ടുകര വികസന ഏജൻസി മുഖേന അനുവദിച്ചതും നടപ്പിലാക്കിയതുമായ പദ്ധതികൾ

14 (3190) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം മാവേലിക്കര മണ്ഡലത്തിൽ, ഓണാട്ടുകര വികസന ഏജൻസി മുഖേന അനുവദിച്ച പദ്ധതികളും നടപ്പിലാക്കിയ പദ്ധതികളും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) ഓരോ പദ്ധതിക്കും അനുവദിച്ചതും ചെലവഴിച്ചതുമായ തുകയുടെ വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര മണ്ഡലത്തിൽ ഓണാട്ടുകര വികസന ഏജൻസി മുഖേന നെൽകൃഷി, എള്ള് കൃഷി, കിഴങ്ങ് കൃഷി, പച്ചക്കറി കൃഷി മുതലായവ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) മാവേലിക്കരയിൽ 2016-17 സാമ്പത്തിക വർഷം 8 ഹെക്ടറിൽ നെൽകൃഷി ചെയ്തു. ഇതിനായി 2.4 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 2017-18-ൽ നെൽകൃഷി 40.1 ഹെക്ടറാക്കി വർദ്ധിപ്പിക്കുകയും 12.03 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ പ്രളയത്തിൽ ഒന്നാം വിള നശിച്ചെങ്കിലും 5.6288 ലക്ഷം രൂപ ധനസഹായം നൽകിക്കൊണ്ട് 21.342 ഹെക്ടർ സ്ഥലത്ത് നെൽ കൃഷി ചെയ്തിട്ടുണ്ട്.

2017-18 സാമ്പത്തികവർഷം 1.164 ലക്ഷം രൂപ സബ്സിഡി നൽകി 9.7 ഹെക്ടർ സ്ഥലത്തും, 2018-19 സാമ്പത്തിക വർഷം 0.6 ലക്ഷം രൂപ ധനസഹായം നലകി 5 ഹെക്ടർ സ്ഥലത്തും എള്ള് കൃഷി ചെയ്തിട്ടുണ്ട്.

2017-18 സാമ്പത്തിക വർഷം 1.00 ലക്ഷം രൂപയുടെ ആനുകൂല്യം നൽകി 5 ഹെക്ടർ സ്ഥലത്തും, 2018-19 സാമ്പത്തിക വർഷം 6.00 ലക്ഷം രൂപയുടെ ആനുകൂല്യം നല്കി 30 ഹെക്ടർ സ്ഥലത്തും കിഴങ്ങുവർഗ്ഗ കൃഷി ചെയ്തിട്ടുണ്ട്.

2017-18 സാമ്പത്തിക വർഷം 1.20 ലക്ഷം രൂപ സബ്സിഡി നൽകി 5 ഹെക്ടർ സ്ഥലത്തും 2018-19 സാമ്പത്തിക വർഷം 1.29 ലക്ഷം രൂപ ധനസഹായം നൽകി 4.3 ഹെക്ടർ സ്ഥലത്തും പച്ചക്കറി കൃഷി ചെയ്തിട്ടുണ്ട്.

## അട്ടപ്പാടി മില്ലറ്റ് വില്ലേജ് പദ്ധതി

15 (3191) ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീമതി ഗീതാ ഗോപി:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി മില്ലറ്റ് വില്ലേജ് പദ്ധതി സംബന്ധിച്ച വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ;

(ബി) കേരളത്തിന്റെ തനത് കാർഷികവിളകളായ ചെറുധാന്യങ്ങളുടെ കൃഷി പഴയ പ്രതാപത്തിൽ എത്തിക്കുന്നതിന് ഈ പദ്ധതി സഹായകരമാകുമോ;

(സി) അട്ടപ്പാടിയിൽനിന്നുള്ള ഏതെങ്കിലും പ്രാദേശികവിഭവങ്ങൾക്ക് അന്താരാഷ്ട്ര ഭൗമസൂചികാപദവി ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് നേടുന്നതിന് പരിശ്രമങ്ങൾ നടത്തുന്നുണ്ടോ;

(ഡി) മില്ലറ്റ് വില്ലേജ് പദ്ധതിയിൽ മറ്റ് വകുപ്പുകളുടെ പങ്കാളിത്തം ഉണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ഇ) കേരളത്തിലെ മറ്റ് സ്ഥലങ്ങളിലേയ്ക്ക് കൂടി ഇത്തരത്തിൽ ചെറുധാന്യങ്ങളുടെ കൃഷി വ്യാപിപ്പിക്കുന്നതിന് നീക്കമുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ആദിവാസി കർഷക ജനതയുടെ പാരമ്പര്യ കൃഷി പുനഃസ്ഥാപിക്കുക, ഈ മേഖലയിലെ പോഷകാഹാരക്കുറവുമൂലമുള്ള പ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാരം ഉണ്ടാക്കുക, ജൈവ കൃഷി പ്രോത്സാഹനം വഴി കാർഷിക ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാക്കുക, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനവും വിപണനവും നടത്തുക എന്നീ ലക്ഷ്യങ്ങളോടുകൂടി കൃഷി വകുപ്പും ട്രൈബൽ ഡിപ്പാർട്ടുമെന്റും സംയുക്തമായി കഴിഞ്ഞ 3 വർഷങ്ങളായി നടപ്പിലാക്കുന്ന പദ്ധതിയാണ് അട്ടപ്പാടി മില്ലറ്റ് വില്ലേജ് പദ്ധതി.

പ്രാദേശിക വിളകളുടെ വികസനത്തിനും ആദിവാസി മേഖലയിലെ പരമ്പരാഗത കൃഷി പ്രോത്സാഹനത്തിനുമായി അട്ടപ്പാടി മില്ലറ്റ് വില്ലേജ് പദ്ധതി ലക്ഷ്യമിടുന്നു. ഈ പദ്ധതിയിൽ 2018-19 സാമ്പത്തിക വർഷത്തിൽ 350 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ഇതിൽ 84.285 ലക്ഷം രൂപ പാലക്കാട്ടുള്ള അട്ടപ്പാടിയിലെ ട്രൈബൽ ഡെവലപ്മെന്റിനു വകയിരുത്തിയിരുന്നു.

ഈ പദ്ധതിക്കായി 84.285 ലക്ഷം രൂപ അനുവദിച്ചതിൽ 82.5217 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്. റാഗി, തിന, വരക്, പനിവരക്, കുതിരവാലി, ഉഴുന്ന്, മുതിര, പയർ, മറ്റു പച്ചക്കറി വിളകൾ 2018-19 വർഷം ഒന്നാം വിളക്കാലത്ത് 485 ഹെക്ടറിൽ കൃഷി ചെയ്തതിൽ നിന്നും 516 MT ഉല്പാദനവും 2018-19 രണ്ടാം വിളക്കാലത്ത് 520 ഹെക്ടർ സ്ഥലത്ത് നിന്ന് 583 ടൺ ഉല്പാദനവും ഉണ്ടായി. 2019-20 വർഷം ഒന്നാം വിളക്കാലത്ത് 70 ഊരുകളിലായി 1500 കർഷകർ ചേർന്ന് 760 ഹെക്ടർ സ്ഥലത്ത് കൃഷിയിറക്കിയിട്ടുണ്ട്. ഇതിൽ നിന്ന് 600 MT ഉല്പാദനം പ്രതീക്ഷിക്കുന്നു. മില്ലറ്റ് വില്ലേജ് പദ്ധതി പ്രകാരം ഉല്പാദിപ്പിച്ച ധാന്യങ്ങൾ സംസ്കരിച്ച് റാഗി ധാന്യം, റാഗി മാവ്, റാഗി മാൾട്ട്, റാഗി പുട്ടുപൊടി, ചാമ, എനർജി ഡ്രിങ്ക് ഉല്പന്നങ്ങളായി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ വില്പനശാലകൾ, ഇക്കോഷോപ്പുകൾ എന്നിവ വഴി വിൽപ്പന നടത്തി വരുന്നു. ഇടുക്കി ജില്ലയിലെ തായന്നംകുടി ഊരിൽ 30 ഹെക്ടർ സ്ഥലത്ത് 3 ലക്ഷം രൂപയുടെ ചെറുധാന്യ കൃഷിയും നടപ്പിലാക്കി.

(ബി) കേരളത്തിലെ തനത് കാർഷിക വിളകളായ ചെറുധാന്യങ്ങളുടെ കൃഷി പഴയ പ്രതാപത്തിൽ എത്തിക്കുന്നതിന് ഈ പദ്ധതി സഹായകരമാകും എന്നുള്ളതാണ് കൃഷി വകുപ്പിന്റെ വിലയിരുത്തൽ.

(സി) അട്ടപ്പാടിയിൽ നിന്നുള്ള പ്രാദേശിക വിഭവങ്ങൾക്ക് നിലവിൽ ഭൗമസൂചിക പദവി ഒന്നും തന്നെ ലഭിച്ചിട്ടില്ല. അട്ടപ്പാടി തുവര, ആട്ടുകൊമ്പ്, അമര എന്നിവ മില്ലറ്റ് വില്ലേജ് പ്രോഗ്രാമിൽ ഉൾപ്പെടുത്തി ഭൗമസൂചികാപദവി ലഭ്യമാക്കുന്നതിലേക്കായി കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയിൽ IPR സെല്ലിന്റെ കീഴിൽ ഗവേഷണം നടന്നുകൊണ്ടിരിക്കുന്നു.

(ഡി) ഉണ്ട്. അട്ടപ്പാടി മില്ലറ്റ് വില്ലേജ് പദ്ധതി കൃഷി വകുപ്പും ട്രൈബൽ ഡിപ്പാർട്ടുമെന്റും സംയുക്തമായി കഴിഞ്ഞ 3 വർഷങ്ങളായി നടപ്പിലാക്കിവരുന്ന പദ്ധതിയാണ്.

(ഇ) കേരളത്തിലെ മറ്റ് സ്ഥലങ്ങളിൽ കൂടി ഇത്തരത്തിൽ ചെറുധാന്യങ്ങളുടെ കൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി 2019-20 സാമ്പത്തിക വർഷം ഇടുക്കി, വയനാട് ജില്ലകളിൽ ഈ പദ്ധതി നടപ്പിലാക്കുന്നതാണ്.

**ഓണത്തിനൊരുമുറം പച്ചക്കറി പദ്ധതി**

16 (3192) ശ്രീ. ബി. സത്യൻ:
ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീ. ജോൺ ഫെർണാണ്ടസ്:
ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉത്സവ സീസണുകളിൽ പച്ചക്കറിയ്ക്കായി അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വരുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി ഓണത്തിനൊരുമുറം പച്ചക്കറി പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പദ്ധതിയിൽ മികച്ച പൊതുജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഇതിൽ എത്ര കുടുംബങ്ങളെയാണ് ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്നും പദ്ധതിയ്ക്കായി ഗുണമേന്മയുള്ള വിത്തുകളും പച്ചക്കറിതൈകളും സൗജന്യമായി ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിയിൽ വിദ്യാർത്ഥികളേയും താത്പര്യമുള്ള സന്നദ്ധ സംഘടനകളേയും ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതിയിൽ പൊതുജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

1. ത്രിതല പഞ്ചായത്തുകൾ, ജനപ്രതിനിധികൾ, കാർഷിക കർമസേന, അഗ്രോ-സർവ്വീസ് സെന്റർ, വി.എഫ്.പി.സി.കെ., കുടുംബശ്രീ തുടങ്ങിയ ഏജൻസികൾ എന്നിവരുടെ സംയുക്തസഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്.

2. സ്കൂൾ വിദ്യാർത്ഥികൾക്ക് അദ്ധ്യയന വർഷാരംഭത്തോടുകൂടി തന്നെ പച്ചക്കറിവിത്തുകളും, പച്ചക്കറിതൈകളും വിതരണം ചെയ്യുന്നതാണ്. സ്കൂൾ മേധാവിയുമായി ആലോചിച്ച് സ്കൂൾ അസംബ്ലിയിൽ പച്ചക്കറി കൃഷിയെ സംബന്ധിച്ച വിവരങ്ങൾ കുട്ടികൾക്ക് നൽകുന്നു.

3. ഓരോ പഞ്ചായത്തിലും വാർഡുതല ജനപ്രതിനിധികളുടെ നേതൃത്വത്തിൽ വിപുലമായ യോഗങ്ങൾ വിളിച്ചുചേർത്ത് പദ്ധതിയുടെ പ്രചരണം വിത്തു വിതരണ പരിപാടികൾ, വിത്തു നടീൽ പരിപാടികൾ തുടങ്ങിയവ സംഘടിപ്പിച്ചുവരുന്നു.

4. വാർഡുതലത്തിൽ പരിശീലനം ഉൾപ്പെടയുള്ള കാമ്പയിനുകൾ നടത്തി പരിപാടിക്ക് പ്രചരണം നൽകി വിത്തുവിതരണം നടത്തുന്നതാണ്.

5. ജില്ലാതലത്തിലും പഞ്ചായത്തുതലത്തിലും വിത്തു വിതരണത്തിന്റെ ഔപചാരികമായ ഉദ്ഘാടനം നടത്തിവരുന്നു.

6. കർഷകർക്ക് വിതരണത്തിനുള്ള ലഘുലേഖകൾ ഫാം ഇൻഫർമേഷൻ ബ്യൂറോ തയ്യാറാക്കി നൽകിവരുന്നുണ്ട്.

7. വിത്ത്, നടീൽ, പരിചരണം എന്നിവ ഉറപ്പാക്കാൻ വാർഡുമെമ്പർ ചെയർമാനായും, കൃഷി അസിസ്റ്റന്റ് കൺവീനറായും ബന്ധപ്പെട്ട വികസന സമിതി അംഗങ്ങൾ, കുടുംബശ്രീ (എഡിഎസ്), വാർഡിലെ പച്ചക്കറി ക്ലസ്റ്റർ കൺവീനർ, പരിചയസമ്പത്തുള്ള പച്ചക്കറി കർഷകർ എന്നിവരടങ്ങിയ വാർഡുതല നിരീക്ഷണ കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്.

(സി) സംസ്ഥാനത്തെ 65 ലക്ഷം കുടുംബങ്ങളെയാണ് ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിനായി സംസ്ഥാനത്തെ ഡിപ്പാർട്ടുമെന്റ് ഫാമുകൾ, അഗ്രോ സർവ്വീസ് സെന്റർ, വി.എഫ്.പി.സി.കെ., മറ്റ് അംഗീകൃത ഏജൻസികൾ എന്നിവ വഴിയാണ് കർഷകർക്ക് ഗുണമേന്മയുള്ള വിത്തുകളും പച്ചക്കറിതൈകളും സൗജന്യമായി ലഭ്യമാക്കുന്നത്.

(ഡി) ഓണത്തിന് ഒരുമുറം പച്ചക്കറി പദ്ധതി സ്കൂൾ വിദ്യാർത്ഥികളെയും സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളെയും പങ്കാളികളാക്കിയാണ് നടപ്പിലാക്കിവരുന്നത്.

സംസ്ഥാനത്ത് സ്കൂൾ കുട്ടികളെക്കൂടി ഉൾപ്പെടുത്തി പച്ചക്കറി കൃഷി വ്യാപകമാക്കുന്നതിനും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുമായി ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. പ്രസ്തുത പദ്ധതി വഴി വിദ്യാലയങ്ങളിൽ പച്ചക്കറിത്തോട്ടം തയ്യാറാക്കുന്നതിനും വിദ്യാർത്ഥി/വിദ്യാർത്ഥിനികളെ കൃഷിയിലേക്ക് ആകർഷിക്കുന്നതിനും നൂതന കൃഷി രീതികളെക്കുറിച്ച്

അവബോധം നൽകുന്നതിനുമായി 20-25 വിദ്യാർത്ഥികളും ഒരു അദ്ധ്യാപകനും ചേർന്ന് ഹരിത ക്ലബ്ബ് രൂപീകരിക്കുന്നു. ജലസേചന സൗകര്യം ലഭ്യമാക്കുന്നതിന് പമ്പ്സെറ്റ്, കിണർ എന്നിവ സ്ഥാപിക്കുകയും ചെയ്യുന്നു. കൂടാതെ വീട്ടുവളപ്പിൽ കൃഷി ചെയ്യുന്നതിന് പച്ചക്കറി വിത്തുകിറ്റുകൾ സൗജന്യമായി വിദ്യാർത്ഥികൾക്ക് നൽകിവരുന്നു. ഇതിലൂടെ സ്കൂൾ വളപ്പിലും വിദ്യാർത്ഥികളുടെ വീട്ടുവളപ്പിലും പച്ചക്കറി കൃഷി ചെയ്യുന്നതിനായി എല്ലാവിധ പ്രോത്സാഹനവും നൽകുന്നതിനുപരി വിഷരഹിത പച്ചക്കറി വീട്ടുവളപ്പിൽ നിന്നും തന്നെ ഉല്പാദിപ്പിക്കുന്നതിനും സാധിക്കുന്നു.

പച്ചക്കറി ഉല്പാദനത്തിൽ സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളെയും പങ്കാളികളാക്കുക എന്ന ഉദ്ദേശ്യത്തോടെ സംസ്ഥാനത്തെ 65 ലക്ഷം കുടുംബങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടാണ് ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി പ്രകാരം പച്ചക്കറി വിത്ത് പാക്കറ്റുകൾ, തൈകൾ, ഗ്രോബാഗ് യൂണിറ്റുകൾ എന്നിവ നല്കിവരുന്നു. കർഷകർ, വിദ്യാർത്ഥികൾ, സഹകരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, ഉദ്യോഗസ്ഥർ, സന്നദ്ധ സംഘടനകൾ, റെസിഡൻസ് അസോസിയേഷനുകളിലെ അംഗങ്ങൾ, ജനപ്രതിനിധികൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവരെ സംയോജിപ്പിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്.

ഓണത്തിന് ഒരുമുറം പച്ചക്കറി പദ്ധതിയിൽ പച്ചക്കറി കൃഷിക്ക് ജൈവ കൃഷി രീതികൾക്ക് പ്രാധാന്യം നല്കുന്നതിലൂടെ ഓണക്കാലത്ത് വിഷരഹിതമായ പച്ചക്കറി ലഭ്യമാക്കുകയും, അന്യസംസ്ഥാനങ്ങളിൽനിന്നുമുള്ള പച്ചക്കറികളുടെ ഇറക്കുമതി തോത് കുറയ്ക്കുന്നതിനും ലക്ഷ്യമിടുന്നു.

**പെരിന്തൽമണ്ണ മണ്ഡലത്തിലെ പ്രധാന പദ്ധതികൾ**

17 (3193) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പെരിന്തൽമണ്ണ മണ്ഡലത്തിൽ കൃഷിവകുപ്പ് മുഖേന നടപ്പിലാക്കിയ പ്രധാനപദ്ധതികൾ ഏതൊക്കെയാണ്;

(ബി) 2019-20 വർഷത്തിൽ ഈ മണ്ഡലത്തിൽ നടപ്പിലാക്കുന്ന പ്രധാനപദ്ധതികൾ ഏതൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പെരിന്തൽമണ്ണ മണ്ഡലത്തിൽ കൃഷി വകുപ്പ് മുഖേന നടപ്പിലാക്കിയ പ്രധാന പദ്ധതികൾ (വർഷം തിരിച്ച്) ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | 2016-17 (തുക ലക്ഷത്തിൽ) | 2017-18 (തുക ലക്ഷത്തിൽ) | 2018-19 (തുക ലക്ഷത്തിൽ) |
|---|---|---|---|---|
| 1 | പച്ചക്കറി വികസന പദ്ധതി | 28.36615 | 45.72071 | 38.59658 |
| 2 | നെൽകൃഷി വികസന പദ്ധതി | 29.718 | 39.83740 | 28.47753 |
| 3 | നാളികേര വികസന പദ്ധതി | - | 78.01516 | 97.00378 |
| 4 | സുഗന്ധവിള വികസന പദ്ധതി | 2.3 | 3.45 | 0.2 |
| 5 | വിള ആരോഗ്യ പരിപാലനം | 6.7002 | 13.34304 | 7.36734 |
| 6 | ജൈവകൃഷി | 7.04 | 3.75 | 1.75 |
| 7 | വിപണികളുടെ വികസനം | 0.3 | 9.42 | 0.35 |
| 8 | മണ്ണിന്റെ ആരോഗ്യ പരിപാലനം | 1.2 | 31.169 | 28.307 |
| 9 | ആത്മ | - | - | 5.65518 |
| 10 | കിഴങ്ങുവിള വികസന പദ്ധതി | - | 1 | 0.5 |
| 11 | കേരസമൃദ്ധി | 8.5271 | 0.648 | 0.20790 |
| 12 | അഗ്രോ സർവ്വീസ് സെന്റർ & സർവ്വീസ് ഡെലിവറി | 2.45923 | 4.5293 | 5.50081 |
| 13 | പ്രാദേശിക പ്രാധാന്യമുള്ള വിളകളുടെ വികസനം | - | 0.25 | - |
| 14 | മോഡണൈസേഷൻ ഓഫ് ഡിപ്പാർട്ട്മെന്റ് ലാബ് | 0.05 | 0.525 | 0.11730 |
| 15 | കൃഷി വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ | 8.97298 | 18.68441 | 8.05385 |
| 16 | വിപണി ഇടപെടൽ പദ്ധതി | 5.4 | 4.8 | 1.63237 |

(ബി) 2019-20 വർഷത്തിൽ ഈ മണ്ഡലത്തിൽ നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. നെൽകൃഷി വികസനം.

2. നാളികേര വികസനം.

3. കൃഷിഫാമുകൾ മുഖേന വസ്തുക്കളുടെ ഉല്പാദനം വർദ്ധിപ്പിക്കൽ.

4. കൃഷി വകുപ്പിന്റെ ലബോറട്ടറികൾ ആധുനികവൽക്കരിക്കൽ.

5. ജൈവകൃഷി.

6. വിള ആരോഗ്യ പരിപാലനം.

7. സുഗന്ധ വ്യഞ്ജനങ്ങളുടെ വികസനം.

8. കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ.

9. കാർഷിക സേവന കേന്ദ്രങ്ങളും സേവനം എത്തിക്കലും.

10. കൃഷി വകുപ്പ് മുഖേന പച്ചക്കറി വികസനം.

11. മണ്ണിന്റെ ആരോഗ്യ പാരിപാലനവും ഉല്പാദന ക്ഷമത വർദ്ധിപ്പിക്കലും.

12. വിലസ്ഥിരതയ്ക്കുവേണ്ടി വിപണിയിൽ ഇടപെടൽ.

13. കിഴങ്ങ്/പയർ വർഗ്ഗങ്ങളുടെ വികസനം.

14. ആത്മ പദ്ധതികൾ.

15. പ്രാദേശിക അടിസ്ഥാനത്തിലുള്ള വിളകളുടെ പരിപാലനം.

## കൊരട്ടിച്ചാലിന്റെ സംരക്ഷണ നവീകരണപ്രവൃത്തികൾ

18 (3194) ശ്രീ. ബി. ഡി. ദേവസ്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.കെ.വി.വൈ. പദ്ധതിയിലുൾപ്പെടുത്തി അനുമതി ലഭിച്ച കൊരട്ടി-കാടുകുറ്റി പഞ്ചായത്തുകളിലായി കിടക്കുന്ന കൊരട്ടിച്ചാലിന്റെ സംരക്ഷണ നവീകരണപ്രവൃത്തികൾ ഏതു ഘട്ടത്തിലാണ് എന്നറിയിക്കാമോ;

(ബി) ഏതെല്ലാം പ്രവൃത്തികളാണ് ഇതിന്റെ ഭാഗമായി പൂർത്തിയാക്കിയത് എന്നും, ഇനി ഏതെല്ലാം പ്രവൃത്തികൾ ഇതിന്റെ ഭാഗമായി പൂർത്തിയാക്കാനുണ്ട് എന്നും അറിയിക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ;

(ഡി) അനുവദിച്ച പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും കൊരട്ടിച്ചാലിന്റെ രണ്ടാംഘട്ട നവീകരണപ്രവൃത്തികൾക്ക് അനുമതി ലഭ്യമാക്കി നടപ്പാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) രാഷ്ട്രീയ കൃഷിവികാസ് യോജന പദ്ധതിയിൽ ഉൾപ്പെടുത്തി കൊരട്ടിച്ചാൽ സംരക്ഷണ നവീകരണ പ്രവർത്തനങ്ങളുടെ ഒന്നാംഘട്ടം പൂർത്തീകരിച്ചിട്ടുണ്ട്. നിലവിലുള്ള കൊരട്ടിച്ചാൽ മെയിൻ തോടിന്റെ 1.5 കിലോമീറ്റർ ദൂരം അടക്കം ആകെ 2.22 കിലോമീറ്റർ തോട് ബ്രാഞ്ച് കനാലുകൾ ഉൾപ്പെടെ ആഴവും വീതിയും വർദ്ധിപ്പിച്ച് നീരൊഴുക്ക് സാധ്യമാക്കിയിട്ടുണ്ട്. 10 മീറ്റർ വീതിയുള്ള ട്രാക്ടർ പാസ്സേജുകളോടുകൂടിയ ഒരു സ്ലൂയിസ്സ്, 5 പൈപ്പ് സ്ലൂയിസ്സ് എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

(സി) ഒന്നാംഘട്ട പ്രവൃത്തികളിൽ ഉൾപ്പെട്ടിട്ടുള്ള രണ്ട് വീതം ട്രാക്ടർ പാസ്സേജ്, റാമ്പ് എന്നിവ സ്ഥലം ലഭ്യമല്ലാത്തതിനാൽ പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല.

(ഡി) രണ്ടാംഘട്ട പ്രവൃത്തികളുടെ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**സംസ്ഥാനത്തെ കുളങ്ങളുടെ നവീകരണം**

19 (3195) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കുളങ്ങളുടെ നവീകരണത്തിനായി 2016-17, 2017-2018, 2018-19 വർഷങ്ങളിൽ കൃഷിവകുപ്പ് മുഖേന ഫണ്ട് അനുവദിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കാമോ;

(ബി) നബാർഡിന്റെ സഹകരണത്തോടെ സംസ്ഥാനത്തെ കുളങ്ങൾ നവീകരിക്കുന്നതിന് കൃഷി വകുപ്പ് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. കൃഷി ഡയറക്ടറേറ്റ് മുഖേന അനുവദിച്ച ഫണ്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| വർഷം | സ്കീം | അനുവദിച്ച പദ്ധതികളുടെ എണ്ണം | ഭരണാനുമതി തുക (ലക്ഷം) |
|---|---|---|---|
| 2016-17 | ആർ.ഐ.ഡി.എഫ്. | 1 | 10.93 |
| 2017-18 | പി.എം.കെ.എസ്.വൈ, ആർ.ഐ.ഡി.എഫ്, എസ്.എച്ച്.എം, പ്ലാൻ ഫണ്ട് | 11 | 118.81447 |
| 2018-19 | പി.എം.കെ.എസ്.വൈ., ആർ.ഐ.ഡി.എഫ്. | 8 | 63.48127 |

സംസ്ഥാനത്തെ കുളങ്ങളുടെ നവീകരണത്തിനായി 2016-17, 2017-18, 2018-19 വർഷങ്ങളിലായി കെ.എൽ.ഡി.സി. മുഖേന RIDF-RKVY തുടങ്ങിയ സ്കീമുകളിലുൾപ്പെടുത്തി നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| വർഷം | സ്കീം | അനുവദിച്ച പദ്ധതികൾ | ഭരണാനുമതി തുക (കോടി) |
|---|---|---|---|
| 2016-17 | RIDF XXII | 10 | 7.96 |
| 2017-18 | RKVY | 2 | 3.36 |
| 2018-19 | RIDF XXIV | 7 | 9.27 |
| | RKVY | 3 | 2.48 |

സംസ്ഥാനത്തെ കുളങ്ങളുടെ നവീകരണത്തിനായി 2016-17 സാമ്പത്തിക വർഷത്തിൽ കൃഷി വകുപ്പിൽനിന്നും 13-ാം ധനകാര്യ കമ്മീഷൻ അംഗീകാരത്തോടുകൂടിയുള്ള കുട്ടനാട് പാക്കേജിലെ പ്രവർത്തനങ്ങൾക്കായി മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിന് 263 ലക്ഷം രൂപ അനുവദിക്കുകയും ഈ തുകയ്ക്കുള്ള പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) കൃഷി ഡയറക്ടറേറ്റ് മുഖേനയുള്ള പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| സ്കീം | അനുവദിച്ച പദ്ധതികൾ (എണ്ണം) | ഭരണാനുമതി തുക (ലക്ഷം) |
|---|---|---|
| ആർ.ഐ.ഡി.എഫ്. | 3 | 678.60 |

സംസ്ഥാനത്തെ കുളങ്ങൾ നവീകരിക്കുന്നതിനായി കൃഷി വകുപ്പിന്റെ കീഴിൽ നബാർഡിന്റെ സഹകരണത്തോടെ കെ.എൽ.ഡി.സി. മുഖേന നടപ്പിലാക്കി വരുന്ന സഹസ്ര സരോവർ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| സ്കീം | കുളങ്ങളുടെ എണ്ണം | ഭരണാനുമതി തുക (കോടി) |
|---|---|---|
| RIDF XIX | 41 | 31.99 |
| RIDF XX | 33 | 20.65 |
| RIDF XXI | 19 | 19.76 |
| RIDF XXII | 10 | 7.96 |
| RIDF XXIV | 7 | 9.27 |

കൂടാതെ നബാർഡ് RIDF XXV സ്കീമിൽ ഉൾപ്പെടുത്തുന്നതിനായി നബാർഡിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിരിക്കുന്ന കുളങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | കുളങ്ങളുടെ പേര് | ജില്ല | എസ്റ്റിമേറ്റ് തുക (ലക്ഷം) |
|---|---|---|---|
| 1 | ആറാട്ട് കുളം, അറക്കുളം, പെരിക്കാട്ടുകുളം, ഉത്രുത്തിക്കാവ് കുളം. | പാലക്കാട് | 438.04 |
| 2 | തെറ്റിക്കാട്ട് ചിറ | കൊല്ലം | 48.41 |
| 3 | കൊതറക്കുളം, പോരടിക്കുളം, പുത്തൻകുളം | ആലപ്പുഴ | 154.12 |
| | | ആകെ | 640.57 |

മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന പാലക്കാട് ജില്ലയിലെ 58 കുളങ്ങളുടെ പുനരുദ്ധാരണത്തിനായി 34.77 കോടി രൂപയുടെ പദ്ധതി തയ്യാറാക്കി ആർ.ഐ.ഡി.എഫ്. 23, 24 ഘട്ടങ്ങളിൽ അനുമതി ലഭിക്കുന്നതിനായി സമർപ്പിച്ചിരുന്നുവെങ്കിലും ഫണ്ടിന്റെ അപര്യാപ്തതമൂലം അനുമതി നൽകാൻ സാധിച്ചിട്ടില്ല.

## ജൈവകൃഷി വ്യാപിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ

20 (3196) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവകൃഷി വ്യാപിപ്പിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് ജൈവകൃഷി വ്യാപിപ്പിക്കുന്നതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട് എന്ന് വിശദീകരിക്കാമോ; അതിനായി എത്ര തുക നീക്കിവച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനുമായി ജൈവകൃഷിയും ഉത്തമ കൃഷി മുറകളും പദ്ധതി നടപ്പിലാക്കിവരുന്നു. ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പു സാമ്പത്തിക വർഷം 5.38 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

1. ക്ലസ്റ്ററടിസ്ഥാനത്തിലുള്ള ജൈവ കാർഷിക പ്രവർത്തനങ്ങൾ

ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ക്ലസ്റ്ററടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. 25 ഹെക്ടർ ഉൾക്കൊള്ളുന്ന ഓരോ ക്ലസ്റ്ററിനും 75,000 രൂപയാണ് ധനസഹായമായി നല്കുന്നത്.

2. ഇക്കോഷോപ്പുകൾ

ജൈവ ക്ലസ്റ്ററുകളിൽ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ, മറ്റ് ഉല്പാദനോപാധികൾ എന്നിവയുടെ വിപണനത്തിനായി ഇക്കോഷോപ്പുകൾ പ്രവർത്തിച്ചുവരുന്നു. ഇതുവരെ 241 ഇക്കോഷോപ്പുകൾ സംസ്ഥാനത്ത് ജൈവകൃഷിയും ഉത്തമ കൃഷി മുറകളും പദ്ധതിക്കുകീഴിൽ ആരംഭിച്ചിട്ടുണ്ട്.

3. ജൈവ ഉല്പന്നങ്ങളുടെ നേരിട്ടുള്ള വിപണനം

ക്ലസ്റ്ററുകൾ ഉല്പാദിപ്പിക്കുന്ന ജൈവ ഉല്പന്നങ്ങൾ കോർപ്പറേഷൻ, മുനിസിപ്പാലിറ്റികൾ, ജില്ലാ ആസ്ഥാനങ്ങൾ എന്നിവിടങ്ങളിൽ വിപണനം നടത്തുന്നതിന് ഇതിനോടകം 32 നേരിട്ടുള്ള വിപണികൾ നടപ്പിലാക്കിയിട്ടുണ്ട്.

4. കാസർഗോഡ് ജില്ലയിൽ പി.ജി.എസ്. സർട്ടിഫിക്കേഷൻ

കാസർഗോഡ് ജില്ലയെ സമ്പൂർണ്ണ ജൈവകൃഷി ജില്ലയാക്കുന്നതിന്റെ ഭാഗമായി വി.എഫ്.പി.സി.കെ. മുഖാന്തരം പി.ജി.എസ്. സർട്ടിഫിക്കേഷൻ നടത്തുന്നു.

5. സമ്പൂർണ്ണ ജൈവ കാർഷിക മണ്ഡലം അവാർഡ്

ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനുമായി നിയോജകമണ്ഡലം, കോർപ്പറേഷൻ, മുൻസിപ്പാലിറ്റി, ഗ്രാമപഞ്ചായത്ത് എന്നീ തലങ്ങളിൽ മികവിന്റെ അടിസ്ഥാനത്തിൽ അവാർഡുകൾ നൽകുന്നു.

6. അവശിഷ്ട വിഷാംശ പരിശോധന

സംസ്ഥാന കൃഷി വകുപ്പ് പഴം-പച്ചക്കറികളിൽ സേഫ് റ്റു ഈറ്റ് എന്ന പദ്ധതി ഘടകം പ്രകാരം വെള്ളായണി കാർഷിക കോളേജിലെ " കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന " ലാബിൽ കർഷകരുടെ കൃഷിയിടങ്ങൾ, ഇക്കോഷോപ്പുകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽ നിന്നും പഴം, പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന നടത്തുകയും പരിശോധനാ ഫലം കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടൽ www.kerala.gov.in -ലും കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ് സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നു.

7. ഫാം സ്കൂൾ & കർഷകർക്കുള്ള പരിശീലനങ്ങൾ

ജൈവകൃഷി രീതി കൂടുതൽ ഫലപ്രദമായ രീതിയിൽ നടപ്പാക്കുന്നതിനും വ്യാപിപ്പിക്കുന്നതിനും വേണ്ടി ഫാം സ്കൂളുകൾ, കർഷകർക്കുള്ള പരിശീലന പരിപാടികൾ എന്നിവ നടപ്പിലാക്കുന്നതിന് 73 ഫാം സ്കൂളുകൾ സംസ്ഥാനത്തുടനീളം പ്രവർത്തിച്ചുവരുന്നു.

8. സീറോ ബഡ്ജറ്റ് നാച്ചുറൽ ഫാമിംഗ്

" സീറോ ബഡ്ജറ്റ് നാച്ചുറൽ ഫാമിംഗ്" എന്ന പുതിയ കൃഷി രീതി കർഷകരിലേക്ക് എത്തിക്കുന്നതിനും അതിലൂടെ സുസ്ഥിര കൃഷി ചെലവു കുറഞ്ഞ രീതിയിൽ നടപ്പാക്കുന്നതിനും കർഷകരെ സജ്ജമാക്കുന്നതിന് സീറോ ബഡ്ജറ്റ് നാച്ചുറൽ ഫാമിംഗിന്റെ പ്രയോക്താവായ പത്മശ്രീ സുഭാഷ് പലേക്കറിനെ ഉൾപ്പെടുത്തി ശില്പശാല സംഘടിപ്പിച്ചു.

9. പരമ്പരാഗത് കൃഷി വികാസ് യോജന (പി.കെ.വി.വൈ.)

60:40 അനുപാതത്തിൽ കേന്ദ്ര-സംസ്ഥാന ഫണ്ടുകൾ ഉപയോഗിച്ച് ജൈവകൃഷി വ്യാപനം നടത്തുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്.

**ഗാർഹിക പച്ചക്കറി കൃഷി പ്രോത്സാഹനം**

21 (3197) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗാർഹിക പച്ചക്കറി കൃഷിക്ക് പ്രോത്സാഹനം നൽകാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഗാർഹിക/മട്ടുപ്പാവ് പച്ചക്കറി കൃഷിയിൽ സർക്കാർ ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണവും നേരിടുന്ന പ്രശ്നങ്ങളും എന്തൊക്കെയെന്ന് അറിയിക്കുമോ;

(സി) ഗാർഹിക പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിന് മറ്റേതെങ്കിലും സംസ്ഥാനത്തെയോ വിദേശ രാജ്യങ്ങളിലെയോ മാതൃകകൾ അവലംബിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) വിഷരഹിത ഗാർഹിക പച്ചക്കറി ഉല്പാദിപ്പിക്കുന്നതിന്റെ ഭാഗമായി ഗാർഹിക പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് കൂടുതൽ സമഗ്രമായ പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഗാർഹിക പച്ചക്കറി കൃഷി ചെയ്യാനായി സ്കൂൾ വിദ്യാർത്ഥികൾ മുഖേനയും കർഷകർ മുഖേനയും വിവിധ ഇനങ്ങൾ അടങ്ങിയ പച്ചക്കറി വിത്തുകളും തൈകളും സൗജന്യമായി വിതരണം നടത്തിവരുന്നു.

ഓണത്തിന് വിഷരഹിതമായ പച്ചക്കറി വീട്ടുവളപ്പിൽ നിന്നുതന്നെ ലഭ്യമാക്കണം എന്ന ഉദ്ദേശ്യത്തോടുകൂടി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ' ഓണത്തിന് ഒരു മുറം പച്ചക്കറി' എന്ന ബൃഹത് പദ്ധതി 2017-18 മുതൽ നടപ്പിലാക്കിവരുന്നു. വീട്ടുവളപ്പിൽ കൃഷി ചെയ്യുവാനായി കർഷകർക്ക് 10 രൂപ വില വരുന്ന വിവിധ ഇനങ്ങൾ അടങ്ങിയ ഗുണമേന്മയുള്ള പച്ചക്കറി വിത്തു പായ്ക്കറ്റുകളും, തൈ ഒന്നിന് 2 രൂപ 50 പൈസ വിലവരുന്ന വിവിധയിനം പച്ചക്കറി തൈകളും നൽകുന്നു. ഇത്തരത്തിൽ 2017-18 -ൽ 40 ലക്ഷം വിത്തു പായ്ക്കറ്റുകളും 45.5 ലക്ഷം പച്ചക്കറി തൈകളും 2018-19 -ൽ 40 ലക്ഷം വിത്തു പായ്ക്കറ്റുകളും 160 ലക്ഷം പച്ചക്കറി തൈകളും വിതരണം ചെയ്തു. 2019-20-ൽ 60 ലക്ഷം വിത്തു പായ്ക്കറ്റുകളും 160 ലക്ഷം പച്ചക്കറി തൈകളും വിതരണം ചെയ്ത് പദ്ധതി നടപ്പിലാക്കിവരുന്നു. കൂടാതെ കർഷകർ, വിദ്യാർത്ഥികൾ, സഹകരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, ഉദ്യോഗസ്ഥർ, സന്നദ്ധ സംഘടനകൾ, ജനപ്രതിനിധികൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ, റെസിഡൻസ് അസോസിയേഷനുകൾ തുടങ്ങി പൊതു സമൂഹത്തിലെ എല്ലാ വിഭാഗത്തെയും പങ്കെടുപ്പിച്ചുകൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

സ്ഥലപരിമിതിയുള്ള നഗര പ്രദേശങ്ങളിൽ ഗാർഹിക പച്ചക്കറി കൃഷിക്ക് പ്രോത്സാഹനം നൽകുന്നതിനായി 'മട്ടുപ്പാവ് കൃഷി പ്രോത്സാഹനവും, മാലിന്യ സംസ്കരണവും' എന്ന ഘടകത്തിൽ ഉൾപ്പെടുത്തി 25 എണ്ണം പച്ചക്കറി തൈകൾ നട്ടുപിടിപ്പിച്ച ഗ്രോബാഗുകൾ അടങ്ങിയ ഒരു യൂണിറ്റിന് 1500 രൂപ സബ്സിഡി നിരക്കിലും സസ്യസംരക്ഷണ ഉപാധികളും കർഷകർക്കു നൽകിവരുന്നു. ഇത്തരത്തിൽ 2017-18-ൽ 37000 ഗ്രോബാഗ് യൂണിറ്റുകളും 2018-19-ൽ 43918 ഗ്രോബാഗ് യൂണിറ്റുകളും വിതരണം ചെയ്തു. 2019-20-ൽ 39000 ഗ്രോബാഗ് യൂണിറ്റുകൾ വിതരണം ചെയ്യുവാൻ ലക്ഷ്യമിടുന്നു. കൂടാതെ മുൻ വർഷങ്ങളിൽ വിതരണം ചെയ്ത ഗ്രോബാഗു യൂണിറ്റുകളുടെ തുടർ കൃഷിക്കായുള്ള സാമ്പത്തിക സഹായവും നൽകിവരുന്നു. മാലിന്യ സംസ്കരണത്തിനായി ചെറുകിട മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകളുടെ നിർമ്മാണത്തിനുള്ള ധനസഹായം ഈ പദ്ധതി ഘടകത്തിൽ ഉൾപ്പെടുത്തി നൽകിവരുന്നു. ചെറുകിട തുള്ളിനന/തിരിനന യൂണിറ്റുകൾ സ്ഥാപിക്കൽ, റെസിഡൻസ് അസോസിയേഷനുകൾ കേന്ദ്രീകരിച്ച് ഹരിത ഗ്രൂപ്പുകൾ വഴിയും ഗാർഹിക പച്ചക്കറി കൃഷിക്ക് പ്രോത്സാഹനം നൽകിവരുന്നു.

കൂടാതെ ഗാർഹിക പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് വി.എഫ്.പി.സി.കെ വഴി 'ഹരിത നഗരി ' പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) ഉണ്ട്.

(സി) ഗാർഹിക പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിന് വെള്ളാനിക്കരയിലുള്ള കേരള കാർഷിക സർവ്വകലാശാലയിലെ ഹൈടെക് റിസർച്ച് & ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് മുഖാന്തരം രൂപകല്പന ചെയ്ത മൾട്ടിടയർ ഗ്രോബാഗ്, മൾട്ടി ഡിസൈൻ പോളീഹൗസ് (മിനി പോളീഹൗസ്) എന്നിവ മുഖാന്തരമുള്ള പച്ചക്കറി കൃഷി അവലംബിച്ച് വരുന്നു.

(ഡി) വിഷരഹിത ഗാർഹിക പച്ചക്കറി കൃഷി ഉല്പാദിപ്പിക്കുന്നതിന്റെ ഭാഗമായി ഗാർഹിക പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നിലവിൽ സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ ഘടകങ്ങളായ വീട്ടുവളപ്പിൽ പച്ചക്കറി കൃഷി പ്രോത്സാഹനം, പച്ചക്കറി തൈകളുടെ വിതരണം, മട്ടുപ്പാവ് കൃഷി പ്രോത്സാഹനം, സ്ഥാപനങ്ങൾ വഴിയുള്ള പച്ചക്കറി കൃഷി, പച്ചക്കറി കൃഷിക്കായി പരിശീലനം, ബോധവത്ക്കരണം, പ്രചരണം തുടങ്ങിയവ ജില്ലാ ക്ലസ്റ്ററുടെ വികസനം 'എ ഗ്രേഡ് ' ക്ലസ്റ്റർ പ്രോത്സാഹനം, ഗ്രേഡ് ചെയ്ത ക്ലസ്റ്ററുകളുടെ വികസനം, ബ്ലോക്കുതല ഫെഡറേറ്റഡ് സമിതികളുടെ രൂപീകരണം, ബ്ലോക്കുതല നഴ്സറികളുടെ വികസനം, മഴ മറകൾ സ്ഥാപിക്കൽ, സൂക്ഷ്മ ജലസേചനവും-ജലസേചനം വഴിയുള്ള വളപ്രയോഗവും, തരിശു നില കൃഷി, മാധ്യമങ്ങൾ വഴിയുള്ള വിജ്ഞാനവിതരണം എന്നിവ നടപ്പിലാക്കിവരുന്നുണ്ട്.

**ജൈവ പച്ചക്കറി കൃഷി**

22 (3198) ശ്രീ. കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജൈവപച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് എത്തുന്ന പഴം, പച്ചക്കറി എന്നിവയിലെ കീടനാശിനി പ്രയോഗം മൂലമുള്ള വിഷാംശം കണ്ടെത്താൻ എന്തെല്ലാം സംവിധാനങ്ങളാണ് ഉള്ളത് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനുമായി ജൈവകൃഷിയും ഉത്തമ കൃഷി മുറകളും പദ്ധതി നടപ്പിലാക്കിവരുന്നു. ജൈവകൃഷി

പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പു സാമ്പത്തിക വർഷം 5.38 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൃഷി വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർത്തിട്ടുണ്ട്:

1. ക്ലസ്റ്ററടിസ്ഥാനത്തിലുള്ള ജൈവ കാർഷിക പ്രവർത്തനങ്ങൾ

ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ക്ലസ്റ്ററടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. 25 ഹെക്ടർ ഉൾക്കൊള്ളുന്ന ഓരോ ക്ലസ്റ്ററിനും 75000 രൂപയാണ് ധനസഹായമായി നൽകുന്നത്.

2. ഇക്കോഷോപ്പുകൾ

ജൈവ ക്ലസ്റ്ററുകളിൽ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ, മറ്റ് ഉല്പാദനോപാധികൾ എന്നിവയുടെ വിപണനത്തിനായി ഇക്കോഷോപ്പുകൾ പ്രവർത്തിച്ചുവരുന്നു. ഇതുവരെ 241 ഇക്കോഷോപ്പുകൾ സംസ്ഥാനത്ത് ജൈവകൃഷിയും ഉത്തമ കൃഷി മുറകളും പദ്ധതിക്ക് കീഴിൽ ആരംഭിച്ചിട്ടുണ്ട്.

3. ജൈവ ഉല്പന്നങ്ങളുടെ നേരിട്ടുള്ള വിപണനം

ക്ലസ്റ്ററുകൾ ഉല്പാദിപ്പിക്കുന്ന ജൈവ ഉല്പന്നങ്ങൾ കോർപ്പറേഷൻ, മുനിസിപ്പാലിറ്റികൾ, ജില്ലാ ആസ്ഥാനങ്ങൾ എന്നിവിടങ്ങളിൽ വിപണനം നടത്തുന്നതിന് ഇതിനോടകം 32 നേരിട്ടുള്ള വിപണികൾ നടപ്പിലാക്കിയിട്ടുണ്ട്.

4. കാസർഗോഡ് ജില്ലയിൽ പി.ജി.എസ്. സർട്ടിഫിക്കേഷൻ

കാസർഗോഡ് ജില്ലയെ സമ്പൂർണ്ണ ജൈവ കൃഷി ജില്ലയാക്കുന്നതിന്റെ ഭാഗമായി വി.എഫ്.പി.സി.കെ മുഖാന്തരം പി.ജി.എസ് സർട്ടിഫിക്കേഷൻ നടത്തുന്നു.

5. സമ്പൂർണ്ണ ജൈവ കാർഷിക മണ്ഡലം അവാർഡ്

ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനുമായി നിയോജക മണ്ഡലം, കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, ഗ്രാമപഞ്ചായത്ത് എന്നീ തലങ്ങളിൽ മികവിന്റെ അടിസ്ഥാനത്തിൽ അവാർഡുകൾ നൽകുന്നു.

6. അവശിഷ്ട വിഷാംശ പരിശോധന

സംസ്ഥാന കൃഷിവകുപ്പ് പഴം-പച്ചക്കറികളിൽ സേഫ് റ്റു ഈറ്റ് എന്ന പദ്ധതി ഘടകം പ്രകാരം വെള്ളായണി കാർഷിക കോളേജിലെ "കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന" ലാബിൽ കർഷകരുടെ കൃഷിയിടങ്ങൾ, ഇക്കോഷോപ്പുകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽ നിന്നും പഴം, പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന നടത്തുകയും പരിശോധനാ ഫലം കേരള സർക്കാരിന്റെ ഔദ്യോഗിക വെബ്

പോർട്ടൽ www.kerala.gov.in -ലും കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ് സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നു.

7. ഫാം സ്കൂൾ & കർഷകർക്കുള്ള പരിശീലനങ്ങൾ

ജൈവകൃഷി രീതി കൂടുതൽ ഫലപ്രദമായ രീതിയിൽ നടപ്പാക്കുന്നതിനും വ്യാപിപ്പിക്കുന്നതിനും വേണ്ടി ഫാം സ്കൂളുകൾ, കർഷകർക്കുള്ള പരിശീലന പരിപാടികൾ എന്നിവ നടപ്പിലാക്കുന്നതിന് 73 ഫാം സ്കൂളുകൾ സംസ്ഥാനത്തുടനീളം പ്രവർത്തിച്ചുവരുന്നു.

8. സീറോ ബഡ്ജറ്റ് നാച്ചുറൽ ഫാമിംഗ്

“ സീറോ ബഡ്ജറ്റ് നാച്ചുറൽ ഫാമിംഗ്” എന്ന പുതിയ കൃഷി രീതി കർഷകരിലേക്ക് എത്തിക്കുന്നതിനും അതിലൂടെ സുസ്ഥിര കൃഷി ചെലവു കുറഞ്ഞ രീതിയിൽ നടപ്പാക്കുന്നതിനും കർഷകരെ സജ്ജമാക്കുന്നതിന് സീറോ ബഡ്ജറ്റ് നാച്ചുറൽ ഫാമിംഗിന്റെ പ്രയോക്താവായ പത്മശ്രീ സുഭാഷ് പലേക്കറിനെ ഉൾപ്പെടുത്തി ശില്പശാല സംഘടിപ്പിച്ചു.

9. പരമ്പരാഗത കൃഷി വികാസ് യോജന (പി.കെ.വി.വൈ)

60:40 അനുപാതത്തിൽ കേന്ദ്ര, സംസ്ഥാന ഫണ്ടുകൾ ഉപയോഗിച്ച് ജൈവകൃഷി വ്യാപനം നടത്തുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്.

(ബി) സംസ്ഥാനത്ത് എത്തുന്ന പഴം, പച്ചക്കറി എന്നിവയിലെ കീടനാശിനി പ്രയോഗംമൂലമുള്ള വിഷാംശം കണ്ടെത്താൻ ജൈവകൃഷിയും ഉത്തമ കൃഷി മുറകളും എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി മുഖേന സംസ്ഥാനത്ത് കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ വെള്ളായണി കാർഷിക കോളേജ്, വെള്ളാനിക്കര ഹോർട്ടിക്കൾച്ചർ കോളേജ്, പടന്നക്കാട് കാർഷിക കോളേജ് എന്നിവിടങ്ങളിൽ ആധുനിക സൗകര്യങ്ങളുള്ള അവശിഷ്ട വിഷാംശ പരിശോധനാ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. പ്രധാനമായും കൃഷിയിടങ്ങൾ, പഴം-പച്ചക്കറി സ്റ്റാളുകൾ, ഇക്കോഷോപ്പുകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽ നിന്നും പഴം-പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് മേൽ പ്രസ്താവിച്ചിട്ടുള്ള കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ലാബുകളിൽ പരിശോധിച്ച് പരിശോധനാ ഫലം കേരള സർക്കാർ ഔദ്യോഗിക വെബ് പോർട്ടൽ www.kerala.gov.in -ലും കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ് സൈറ്റുകളിലും പ്രസിദ്ധപ്പെടുത്തുന്നു.

കൂടാതെ പരമ്പരാഗത കൃഷി വികാസ് യോജന (PKVY) എന്ന കേന്ദ്രാവിഷ്കൃത പദ്ധതി മുഖേന PKVY ക്ലസ്റ്ററുകളിലെ ഉല്പന്നങ്ങൾ പരിശോധിക്കുന്നതിന് സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

## പച്ചക്കറികളുടെ ഗുണമേന്മ പരിശോധിക്കുവാൻ സംവിധാനം

23(3199) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവപച്ചക്കറി എന്ന പേരിൽ സംസ്ഥാനത്തുടനീളം വിൽപ്പന നടത്തുന്ന പച്ചക്കറികളുടെ ഗുണമേന്മ പരിശോധിക്കുവാൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) സർക്കാർ ആഭിമുഖ്യത്തിൽ കൂടുതൽ ജൈവപച്ചക്കറി വിൽപ്പനശാലകൾ സംസ്ഥാനത്തുടനീളം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്. പഴം, പച്ചക്കറികളിലെ വിഷാംശം കണ്ടെത്താൻ ജൈവകൃഷിയും ഉത്തമ കൃഷി മുറകളും എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി മുഖേന സംസ്ഥാനത്ത് കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ വെള്ളായണി കാർഷിക കോളേജ്, വെള്ളാണിക്കര ഹോർട്ടിക്കൾച്ചർ കോളേജ്, പടന്നക്കാട് കാർഷിക കോളേജ് എന്നിവിടങ്ങളിൽ ആധുനിക സൗകര്യങ്ങളുള്ള അവശിഷ്ട വിഷാംശ പരിശോധനാ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. പ്രധാനമായും കൃഷിയിടങ്ങൾ, പഴം-പച്ചക്കറി സ്റ്റാളുകൾ, ഇക്കോഷോപ്പുകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽ നിന്നും പഴം-പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് മേൽ പ്രസ്താവിച്ചിട്ടുള്ള കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ ലാബുകളിൽ പരിശോധിച്ച് പരിശോധനാ ഫലം കേരള സർക്കാർ ഔദ്യോഗിക വെബ് പോർട്ടൽ www.kerala.gov.in-ലും കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ് സൈറ്റുകളിലും പ്രസിദ്ധപ്പെടുത്തുന്നു.

കൂടാതെ പരമ്പരാഗത് കൃഷി വികാസ് യോജന (PKVY) എന്ന കേന്ദ്രാവിഷ്കൃത പദ്ധതി മുഖേന PKVY ക്ലസ്റ്ററുകളിലെ ഉല്പന്നങ്ങൾ പരിശോധിക്കുന്നതിന് സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ഉണ്ട്. ജൈവകൃഷിയും ഉത്തമ കൃഷി മുറകളും നടപ്പാക്കുന്നതിനായി ഇതുവരെ 241 ഇക്കോഷോപ്പുകളും മാർക്കറ്റിംഗ് പദ്ധതിയിൽ 213 ഇക്കോഷോപ്പുകളുമായി ആകെ 454 ഇക്കോഷോപ്പുകൾ ആരംഭിച്ചിട്ടുണ്ട്. ഈ വർഷം പുതിയതായി 15 ഇക്കോഷോപ്പുകൾ കൂടി ആരംഭിക്കും.

കർഷകർ ഉത്തമ കൃഷി മുറകൾ പാലിച്ച് ജൈവരീതിയിൽ ഉൽപ്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ ന്യായവിലയ്ക്ക് സംഭരിക്കുന്നതിനും അവയുടെ വിപണനത്തിനുമായിട്ടാണ് ഈ ഇക്കോഷോപ്പുകൾ പ്രവർത്തിക്കുന്നത്.

## ഹോർട്ടികോർപ്പിന്റെ മാവേലിക്കര മണ്ഡലത്തിലെ തേൻപാർക്ക്

24 (3200) ശ്രീ. ആർ. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ ഹോർട്ടികോർപ്പിന്റെ ഉടമസ്ഥതയിലുള്ള തേൻ പാർക്കിന്റെ പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ വികസനത്തിനും പ്രവർത്തനം വിപുലപ്പെടുത്തുന്നതിനും സ്വീകരിച്ച നടപടികളും അനുവദിച്ച തുകയും വിശദമാക്കുമോ?

ഉത്തരം

(എ) ഹോർട്ടികോർപ്പിന്റെ ഉടമസ്ഥതയിലുള്ള തേനീച്ച പാർക്ക് മാവേലിക്കരയിലെ തഴക്കര പഞ്ചായത്തിൽ മൂന്ന് ഏക്കറിലായാണ് സ്ഥാപിച്ചിട്ടുള്ളത്. ഈ പാർക്കിൽ തേനീച്ച വളർത്തലിന് ആവശ്യമായ തേനും പൂമ്പൊടിയും ലഭിക്കുന്ന വൃക്ഷങ്ങൾ, ചെടികൾ, കുറ്റിച്ചെടികൾ, പുൽവർഗ്ഗങ്ങൾ എന്നിവ നട്ടുവളർത്തി പരിചരിച്ചുവരുന്നു. പൊതു സമൂഹത്തിനും കർഷകർക്കും തേനീച്ച വളർത്തലിന്റെയും തേനിന്റെയും പ്രാധാന്യത്തെക്കുറിച്ച് പഠിക്കുന്നതിനും നേരിട്ടു കണ്ടു മനസ്സിലാക്കുന്നതിനും ഉതകുന്നതാണ് തേൻ പാർക്ക്. കൂടാതെ തേൻ സംസ്കരണം, തേൻ അധിഷ്ഠിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം എന്നിവ സാധാരണ ജനത്തിന് നേരിട്ട് കണ്ട് പഠിക്കുന്നതിനും മനസ്സിലാക്കുന്നതിനുമുള്ള സൗകര്യങ്ങൾ തേനീച്ച പാർക്കിന്റെ ഭാഗമായി ഒരുക്കിയിട്ടുണ്ട്. തേൻ സംഭരിക്കുന്നതിനും തേൻ അധിഷ്ഠിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുതിനുമുള്ള അത്യാധുനിക തേൻ സംസ്കരണ യൂണിറ്റും വിജയകരമായി പ്രവർത്തിച്ചുവരുന്നു. കൂടാതെ സംസ്ഥാനത്ത് തേനീച്ച കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷന്റെ ധനസഹായത്തോടുകൂടി കേന്ദ്ര സർക്കാരിന്റെ എം.ഐ.ഡി.എച്ച്. (Mission for Integrated Development Horticulture) പദ്ധതിയിൽ ഉൾപ്പെടുത്തി താഴെ പറയുന്ന പ്രവർത്തനങ്ങൾ ഹോർട്ടികോർപ്പ് മാവേലിക്കര തേൻ പാർക്കിൽ നടപ്പിലാക്കിവരുന്നു.

1. തേനീച്ച വളർത്തലിനെക്കുറിച്ചുള്ള ത്രിദിന സൗജന്യ കർഷക പരിശീലന പരിപാടികൾ.
2. തേനീച്ച കൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്ക് ദ്വിദിന സൗജന്യ തുടർ പരിശീലന പരിപാടികൾ.
3. തേനീച്ച കൃഷിയുടെയും തേനിന്റെയും പ്രചരണത്തിനായി ഏകദിന ബോധവൽക്കരണ പരിപാടികൾ.

4. തേനീച്ച വളർത്തൽ പരിശീലനം ലഭിച്ച കർഷകർക്ക് 40% സബ്സിഡി ഇനത്തിൽ തേനീച്ച കൂട്ടുകൾ, കോളനികൾ, അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ വിതരണം.

5. തേനീച്ച കർഷകരിൽ നിന്നും പച്ച തേൻ സംഭരിച്ച് മാവേലിക്കര തേൻ പാർക്കിലുള്ള ആധുനിക തേൻ സംസ്കരണ യൂണിറ്റിൽ സംസ്കരിച്ച് വിപണനം നടത്തുന്നു.

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ വികസനത്തിനും നവീകരണത്തിനുമായി സംസ്ഥാന സർക്കാരിന്റെ തേൻ ഉല്പാദനത്തിനൊരു സഹായ പദ്ധതിയിൽ ഉൾപ്പെടുത്തി എ.എച്ച്.പി. (Assistance to Honey Production) 50 ലക്ഷം രൂപ അനുവദിച്ചിരുന്നു. ഈ തുകയും ഹോർട്ടികോർപ്പിന്റെ തനതു ഫണ്ടിൽ നിന്നും 40 ലക്ഷം രൂപയും കൂടി ചെലവിട്ടാണ് നവീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയത്. തേൻ പാർക്കിന്റെ വികസനത്തിന്റെ ഭാഗമായി താഴെ പറയുന്ന പദ്ധതികൾ ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു:

1. സംസ്ഥാനത്തെ ആദ്യത്തെ തേൻ മ്യൂസിയം (തേനീച്ച വളർത്തലിന്റെ വിവിധ വശങ്ങൾ, തേനീച്ച വളർത്തലിന്റെ ചരിത്രം, തേനീച്ചയുടെ ജീവ ശാസ്ത്രം എന്നിവ പ്രതിപാദിക്കുന്ന മ്യൂസിയം.)

2. കേരളത്തിൽ സുലഭമായി ലഭിക്കുന്ന പഴവർഗ്ഗങ്ങളായ ചക്ക, പൈനാപ്പിൾ, ഞാവൽ, നാട്ടുമാങ്ങ എന്നിവയുടെ സത്ത് രാസപദാർത്ഥങ്ങൾ പൂർണ്ണമായി ഒഴിവാക്കി തേനിൽ സംസ്കരിച്ചെടുത്ത ചക്ക തേൻ, പൈനാപ്പിൾ തേൻ, ഞാവൽ തേൻ തുടങ്ങിയവയുടെ നിർമ്മാണവും വിപണനവും കാര്യക്ഷമമാക്കുന്നതിന് സ്പെഷ്യൽ ഹണി പ്രോസസ്സിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനായി നാഷണൽ ബീ കീപ്പിംഗ് & ഹണി മിഷന് (National Bee Keeping & Honey Mission) പദ്ധതി സമർപ്പിച്ചിട്ടുണ്ട്.

3. നാഷണൽ സ്കിൽ ഡവലപ്മെന്റ് കോർപ്പറേഷനുമായി (NSDC) ബന്ധപ്പെട്ട തേനീച്ച വളർത്തലിനായി നൈപുണ്യ വികസന കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

4. കേന്ദ്രാവിഷ്കൃത പദ്ധതിയായ എം.ഐ.ഡി.എച്ച്.-ൽ ഉൾപ്പെടുത്തി വരും വർഷങ്ങളിലും പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു.

## നെൽ കൃഷിഭൂമിയുടെ വിസ്തൃതി

25 (3201) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽനിന്ന് കരകയറിയ കേരളത്തിൽ നെൽകൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തീർണ്ണം വർദ്ധിച്ചുവോ; വ്യക്തമാക്കുമോ;

(ബി) 2016-17, 2017-18 എന്നീ വർഷങ്ങളിൽ എത്ര ഹെക്ടർ കൃഷി ഭൂമിയിൽ നെൽകൃഷി ചെയ്തു;

(സി) പ്രളയ ശേഷം 2018-19- ൽ ഇതിൽ എത്ര കണ്ട് വർദ്ധനവ് വന്നു എന്ന് വ്യക്തമാക്കുമോ;

(ഡി) 2021-ഓടെ സംസ്ഥാനത്ത് എത്ര ഹെക്ടർ കൃഷിഭൂമിയിൽ നെൽകൃഷി വർദ്ധിപ്പിക്കാനാണ് കൃഷി വകുപ്പ് ലക്ഷ്യമിടുന്നത്; വിശദാംശം വ്യക്തമാക്കുമോ;

(ഇ) നിലവിൽ നെൽകൃഷി കർഷകർക്ക് ഹെക്ടറിന് എത്ര രൂപവരെ സർക്കാർ സഹായം നൽകുന്നു;

(എഫ്) നെല്ലിന്റെ വിലകിട്ടാതെ കർഷകർ പ്രതിസന്ധിയിലാണ് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) എങ്കിൽ കുടിശ്ശികയിനത്തിൽ നെൽകർഷകർക്ക് നൽകാനുള്ള തുക എത്ര; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) 2018 ജൂലൈ മാസത്തിലുണ്ടായ മഹാപ്രളയത്തെത്തുടർന്ന് 35,000 ഹെക്ടർ നെൽകൃഷി നശിച്ച് പോയെങ്കിലും കൃഷി വകുപ്പിന്റെ സമയോചിതമായ ഇടപെടലുകളെത്തുടർന്ന് 2018-19-ൽ 2,02,985 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ഇറക്കുവാൻ കഴിഞ്ഞു. 2017-18 സാമ്പത്തികവർഷം 814547 മെട്രിക് ടൺ നെല്ല് ഉല്പാദിപ്പിച്ചപ്പോൾ പ്രളയത്തിനുശേഷം 2018-19-ൽ മുൻ വർഷത്തെക്കാൾ വിസ്തൃതി കുറഞ്ഞെങ്കിലും ഉൽപ്പാദനം 864144 മെട്രിക് ടൺ ആയി ഉയർന്നു.

(ബി) 2016-17 സാമ്പത്തിക വർഷം 171398 ഹെക്ടർ സ്ഥലത്തും 2017-18- ൽ 220449 ഹെക്ടർ സ്ഥലത്തും നെൽകൃഷി ചെയ്തു.

(സി) 2018-19-ൽ 202985 ഹെക്ടർ സ്ഥലത്താണ് നെൽകൃഷി വിളവെടുക്കാൻ സാധിച്ചത്. 35000 ഹെക്ടർ സ്ഥലത്തെ ഒന്നാം വിള പ്രളയത്തിൽ പൂർണ്ണമായും നഷ്ടപ്പെട്ടതിനു പുറമെയാണിത്.

(ഡി) 2021-ഓടെ സംസ്ഥാനത്ത് മൂന്ന് ലക്ഷം ഹെക്ടർ നെൽകൃഷി ചെയ്യാനാണ് കൃഷി വകുപ്പ് ലക്ഷ്യമിടുന്നത്. ആയതിനുവേണ്ടി നിലവിലുള്ള നെല്പാടങ്ങൾ നിലനിർത്തുന്നതിനും, പരമാവധി തരിശു നിലങ്ങൾ കൃഷിയിലേക്ക് കൊണ്ടുവരുന്നതിനും, കരനെല്ല് കൃഷി ചെയ്യിപ്പിക്കുന്നതിനും, ഒരുപ്പു നിലങ്ങളിൽ സാധ്യമായ സ്ഥലങ്ങളിലെല്ലാം ഇരുപ്പു കൃഷി ചെയ്യിക്കുന്നതിനും വേണ്ട നടപടി സ്വീകരിച്ചുവരുന്നു.

(ഇ) സുസ്ഥിര നെൽകൃഷി വികസന പദ്ധതിപ്രകാരം ഹെക്ടറൊന്നിനു 5,500 രൂപ ധനസഹായം നൽകുന്നുണ്ട്. കുമ്മായ വസ്തുക്കൾ വാങ്ങുന്നതിന് 5400 രൂപയും ഉല്പാദന ബോണസ്സായി 1000 രൂപയും നൽകുന്നുണ്ട്. നെൽ വിത്ത് തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി 100% സൗജന്യമായി നൽകുന്നുണ്ട്. ഉഴവുകൂലിയായി 17,500 രൂപ തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകുന്നു. ഇപ്രകാരം 32,600 രൂപയുടെ ധനസഹായം എല്ലാ നെൽകർഷകർക്കും ലഭിക്കും.

ഇതിനുപുറമേ തദ്ദേശഭരണ സ്ഥാപനങ്ങൾ വഴിയോ കൃഷി വകുപ്പു മുഖേനയോ പ്രത്യേക പദ്ധതികൾ ഉണ്ടെങ്കിൽ ആയതിന്റെ ആനുകൂല്യവും ലഭിക്കും.

(എഫ്) സപ്ലൈകോ മുഖേനയാണ് കേരളത്തിൽ പ്രധാനമായും നെല്ല് സംഭരിച്ചുകൊണ്ടിരിക്കുന്നത്. 2018 സീസണിൽ നാളിതുവരെ 68.93 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിക്കുകയും സംഭരിച്ച നെല്ലിന്റെ വില കിലോ ഒന്നിനു 25.30 എന്ന നിരക്കിൽ കൊടുത്തുവരുന്നുമുണ്ട്.

170385 കർഷകർ ഈ സീസണിൽ നെല്ല് നൽകിയിരിക്കുന്നതിൽ 155785 കർഷകർക്ക് തുക നൽകിയിട്ടുണ്ട്.

(ജി) 2018 സീസണിൽ സംഭരിച്ച 68.93 ലക്ഷം മെട്രിക് ടൺ നെല്ലിന്റെ വിലയായ 1743.9 കോടി രൂപയിൽ 1625.03 കോടി രൂപ സപ്ലൈകോ ഇതിനകം വിതരണം ചെയ്തുകഴിഞ്ഞു. ബാക്കി 118.87 കോടി രൂപ നൽകാനുണ്ട്. ആയത് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പ്രളയംമൂലം ചെളിയടിഞ്ഞ പാടശേഖരങ്ങൾ

26 (3202) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ൽ കേരളത്തിലുണ്ടായ പ്രളയംമൂലം ചെളിയടിഞ്ഞ പാടശേഖരങ്ങളിലെ ചെളിനീക്കംചെയ്യുന്നതിന് കർഷകർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) ഇപ്രകാരം ഹെക്ടറിന് എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഈ ആവശ്യത്തിലേക്കായി സംസ്ഥാനത്ത് ആകെ എത്ര രൂപ അനുവദിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) പ്രളയത്തിന്റെ ഫലമായി മണ്ണിന്റെ രാസഘടനയിലുണ്ടായ മാറ്റം പരിശോധിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. ഹെക്ടറിന് 12,200 രൂപ നിരക്കിൽ ധനസഹായം അനുവദിച്ചിട്ടുണ്ട്. ആയതിലേക്കായി സംസ്ഥാനത്ത് വിതരണം ചെയ്ത തുക സംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ലയുടെ പേര് | അനുവദിച്ച തുക |
|---|---|---|
| 1 | തിരുവനന്തപുരം | 0 |
| 2 | കൊല്ലം | 0 |
| 3 | പത്തനംതിട്ട | 1,30,14,446 |
| 4 | ആലപ്പുഴ | 36,51,92,163 |
| 5 | കോട്ടയം | 14,64,89,709 |
| 6 | ഇടുക്കി | 0 |
| 7 | എറണാകുളം | 2,42,597 |
| 8 | തൃശ്ശൂർ | 32,15,328 |
| 9 | മലപ്പുറം | 18,42,783 |
| 10 | പാലക്കാട് | 23,85,032 |
| 11 | കോഴിക്കോട് | 0 |
| 12 | കണ്ണൂർ | 0 |
| 13 | വയനാട് | 4,98,284 |
| 14 | കാസർഗോഡ് | 0 |

(സി) സംസ്ഥാനത്ത് വെള്ളപ്പൊക്കത്തെ തുടർന്നുണ്ടായ കൃഷിനാശം നേരിടുന്നതിനും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും വിള പരിപാലനത്തിനും സംരക്ഷണത്തിനും വിശദമായ രൂപരേഖ തയ്യാറാക്കുന്നതിനുമായി കേരള കാർഷിക സർവ്വകലാശാല, ഗവേഷണ കേന്ദ്രങ്ങൾ, കൃഷി വകുപ്പ്, മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് എന്നിവിടങ്ങളിലെ ശാസ്ത്രജ്ഞരും ഉദ്യോഗസ്ഥരും അടങ്ങുന്ന ടീമുകളെ (14-9-2018-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 930/2018/കൃഷി പ്രകാരം) നിയമിച്ചിരുന്നു. കേരള കാർഷിക സർവ്വകലാശാലയിലെ ശാസ്ത്രജ്ഞർ ടീം ലീഡർ ആയിട്ടുള്ള 6 ടീമുകൾ രൂപീകരിച്ച് തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, എറണാകുളം, ആലപ്പുഴ, കോട്ടയം, ഇടുക്കി എന്നീ ജില്ലകൾ സന്ദർശിച്ച് പ്രളയാനന്തരം സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ മണ്ണിനും പരിസ്ഥിതിക്കും സംഭവിച്ച മാറ്റത്തെക്കുറിച്ച് ശാസ്ത്രീയമായ പഠനം നടത്തി വിള പരിപാലനത്തിനും വിള സംരക്ഷണത്തിനും മണ്ണിന്റെ ഫലഭൂയിഷ്ടത വീണ്ടെടുക്കുന്നതും ഉൾപ്പെടെയുള്ളവ സംബന്ധിച്ച് ശിപാർശകൾ നൽകാൻ നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം ഓരോ ജില്ലയിലും രൂപീകരിച്ച സംഘങ്ങൾ പ്രളയ ബാധിത പ്രദേശങ്ങൾ സന്ദർശിക്കുകയും മണ്ണ് സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തി വിശകലനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ കേരള കാർഷിക സർവ്വകലാശാലാ ഗവേഷണ വിഭാഗം മേധാവി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

പുഞ്ച കൃഷി ചെയ്യുന്നതിനായി വെള്ളം വാർത്തുകളഞ്ഞു നിലമൊരുക്കുമ്പോൾ മണ്ണിൽ ഇപ്പോൾ കാണുന്ന അളവിൽ നിന്നും മൂലകങ്ങളുടെ ലഭ്യതയിൽ കാര്യമായ വ്യത്യാസം സംഭവിക്കാൻ സാധ്യതയുള്ളതിനാൽ വിതയ്ക്കുന്നതിനു മുമ്പായി ഓരോ പാടശേഖരത്തിൽ നിന്നും മണ്ണ് സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തേണ്ടത് അത്യാവശ്യമാണ്.

പ്രളയാനന്തരം കൃഷി ഭൂമിയിലെ ഉല്പാദന ക്ഷമത മെച്ചപ്പെടുത്തുന്നതിന് നടപ്പിലാക്കേണ്ട നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു:

(i) മണ്ണിന്റെ ജൈവഘടന വീണ്ടെടുക്കുന്നതിന് മണ്ണ് നന്നായി ഇളക്കി വായു സഞ്ചാരം ഉറപ്പാക്കേണ്ടതാണ്. കരിയില പോലെയുള്ള വസ്തുക്കൾ ഉപയോഗിച്ച് പുതയിടുന്നതും നന്നായിരിക്കും.

(ii) മണ്ണിന്റെ അമ്ലരസം കുറയ്ക്കുന്നതിനും ക്ഷാരഗുണം വർദ്ധിപ്പിക്കുന്നതിനുമായി കുമ്മായം /ഡോളോമൈറ്റ് ചേർക്കേണ്ടതാണ്.

(iii) മണ്ണിലെ ജൈവാംശം വർദ്ധിപ്പിക്കുന്നതിന് കമ്പോസ്റ്റ് രൂപത്തിലുള്ള ജൈവവളങ്ങൾ, കാലിവളം, പച്ചിലവളങ്ങൾ എന്നിവ അത്യുത്തമമാണ്. പയറുവർഗ്ഗ വിളകൾ കൃഷിചെയ്യുകയോ വളപ്പയർ വിതച്ചു ഉഴുതു ചേർക്കുകയോ ചെയ്യേണ്ടതാണ്.

(iv) എക്കൽ ഒരടിയോളം ഘനത്തിൽ മാത്രമേ അടിഞ്ഞുകൂടിയിട്ടുള്ളുവെങ്കിൽ നന്നായി ഇളക്കി മണ്ണിനോട് ചേർത്തുകൊടുക്കുന്നതു മണ്ണിന്റെ ഉത്പാദനക്ഷമത കൂട്ടും. എന്നാൽ കൂടുതൽ ഘനത്തിൽ എക്കൽ അടിഞ്ഞുകൂടിയിട്ടുണ്ടെങ്കിൽ അവ നീക്കം ചെയ്യേണ്ടതാണ്.

(v) പ്രധാന മൂലകങ്ങളായ നൈട്രജൻ, പൊട്ടാസ്യം, കാൽസ്യം, മഗ്നീഷ്യം എന്നിവയുടെ നഷ്ടം ഉടനെ പരിഹരിക്കുന്നതിന് ഈ മൂലകങ്ങൾ വളമായി തന്നെ ചേർത്തുകൊടുക്കേണ്ടതാണ്.

ഇവ പാലിക്കുന്നതിന് കൃഷി ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വിതയ്ക്കുന്നതിനു മുമ്പായി ഓരോ പാടശേഖരത്തിൽ നിന്നും മണ്ണ് സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തി, അമ്ലത കൂടിയ പാടങ്ങളിൽ ക്ഷാരഗുണം വർദ്ധിപ്പിക്കുന്നതിനായി കുമ്മായ വസ്തുക്കൾ ഹെക്ടറിന് 5,400 രൂപ സബ്സിഡി നിരക്കിൽ വിതരണം ചെയ്തുവരുന്നു. കൂടാതെ പരിശോധനാ ഫലത്തിന്റെ അടിസ്ഥാനത്തിൽ സൂക്ഷ്മ മൂലകങ്ങളും ദ്വിതീയ മൂലകങ്ങളും ഹെക്ടറിന് 500 രൂപ സബ്സിഡി നിരക്കിൽ വിതരണം ചെയ്തുവരുന്നു. കൂടാതെ മണ്ണ് സംരക്ഷണ പര്യവേക്ഷണ വകുപ്പുവഴി പ്രളയ ബാധിത പ്രദേശങ്ങളിലെ മണ്ണ് സാമ്പിളുകൾ പരിശോധിച്ച് കർഷകർക്ക് മണ്ണ് പരിശോധനാ ഫലങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. പ്രളയാനന്തരം മണ്ണിന്റെ ഭൗതിക-രാസ സ്വഭാവങ്ങളിൽ വന്നിട്ടുള്ള മാറ്റങ്ങളെക്കുറിച്ച് കാസർഗോഡ് ഒഴികെയുള്ള 13 പ്രളയ ബാധിത ജില്ലകളിൽ നിന്നും മണ്ണ് സാമ്പിളുകൾ ശേഖരിച്ച് പഠനം നടത്തി ഓരോ ജില്ലയിലെയും മണ്ണ് പരിശോധനാ ഫലങ്ങളും പ്രളയാനന്തരം കൃഷിഭൂമിയിൽ വന്നിട്ടുള്ള മാറ്റങ്ങളും ഉൾപ്പെടുത്തി " Soil Health Status of Kerala in the Post Flood Scenario" എന്ന റിപ്പോർട്ട് കർഷകർക്കും ഉദ്യോഗസ്ഥർക്കും ഗവേഷകർക്കും പൊതുജനങ്ങൾക്കും പ്രയോജനകരമായവിധം വകുപ്പ് തയ്യാറാക്കി പ്രസിദ്ധീകരിച്ചു.

മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിന്റെ മൊബൈൽ സോയിൽ ടെസ്റ്റിംഗ് ലബോറട്ടറി കോഴിക്കോട് ജില്ലയിലെ പ്രളയ ബാധിത പ്രദേശങ്ങളിൽ നിന്നും മണ്ണ് സാമ്പിളുകൾ ശേഖരിച്ച് പരിശോധനാഫലം സോയിൽ ഹെൽത്ത് കാർഡ് രൂപത്തിൽ കർഷകർക്ക് ഉടനടി ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ മറ്റ് ജില്ലകളിലും പ്രളയ ബാധിത പ്രദേശങ്ങളിൽ നിന്നും മണ്ണ് സാമ്പിളുകൾ ശേഖരിക്കുകയും മണ്ണിന്റെ രാസഘടനയിലുണ്ടായ മാറ്റം വകുപ്പിന്റെ ഏഴ് ലാബുകളിൽ പരിശോധിച്ച് പരിശോധനാ ഫലം കർഷകർക്ക് ലഭ്യമാക്കുകയും ചെയ്തുവരുന്നു.

## നെൽകൃഷി പ്രോത്സാഹിപ്പിക്കാൻ നടപടി

27 (3203) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; വിശദാംശം അറിയിക്കുമോ;

(ബി) കരനെൽ കൃഷിയിൽ വർദ്ധനവുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കാമോ;

(സി) വിവിധ പദ്ധതികളിലൂടെ സംസ്ഥാനത്ത് നെൽകൃഷിയിലുണ്ടായ വർദ്ധനവ് അഥവാ മാറ്റം എത്രയെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഡി) തരിശുനിലങ്ങളിൽ കൃഷി വ്യാപിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദവിവരം അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാന സർക്കാരിന്റെ നെൽകൃഷി വികസന പദ്ധതി, കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ ഭാഗമായ " പ്രൊഡക്റ്റിവിറ്റി ഇംപ്രൂവ്മെന്റ് ഓഫ് റൈസ് ഇൻ കേരള" പ്രകാരമുള്ള ആനുകൂല്യങ്ങൾ എന്നിവ സംസ്ഥാനത്തെ മുഴുവൻ നെൽകർഷകർക്കും നൽകുന്നുണ്ട്. ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി പാലക്കാട് ജില്ലയ്ക്കായി നടപ്പാക്കുന്നുണ്ട്. ഏഴ് പ്രത്യേക കാർഷിക മേഖലകളിലായി അടിസ്ഥാന സൗകര്യവികസനത്തിനു മുൻതൂക്കം നൽകിക്കൊണ്ടുള്ള പ്രത്യേക കാർഷിക മേഖലാ പദ്ധതിയും നടപ്പിലാക്കിവരുന്നു.

നെൽകൃഷി വികസന പദ്ധതി പ്രകാരം സുസ്ഥിര നെൽകൃഷി വികസനത്തിനു ഹെക്ടറൊന്നിനു 5,500 രൂപയും സവിശേഷ നെല്ലിനങ്ങളുടെ വികസനത്തിനു 10,000 രൂപയും ഒരുപ്പൂ കൃഷി ഇരുപ്പൂവാക്കുന്നതിനു 10,000 രൂപയും കരനെൽകൃഷിക്ക് 13,600 രൂപയും ധനസഹായമായി നൽകും. തരിശ് നിലത്തിലെ കൃഷിക്ക് ഹെക്ടറൊന്നിനു ഒന്നാം വർഷം 30,000 രൂപയും രണ്ടാം വർഷം 7,000 രൂപയും മൂന്നാം വർഷം 4,500 രൂപയുമാണു ധനസഹായം നൽകുന്നത്. ഇതിനു പുറമെ നഗരപ്രദേശത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങളുൾപ്പെടെയുള്ള നെൽകൃഷി വികസനത്തിനുള്ള പദ്ധതിയധിഷ്ഠിത ധനസഹായവും റൈസ് ഇന്നൊവേഷൻ ഫണ്ട് പ്രകാരമുള്ള പദ്ധതിയധിഷ്ഠിത ധനസഹായവും നൽകുന്നുണ്ട്.

രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ ഭാഗമായ " പ്രൊഡക്റ്റിവിറ്റി ഇംപ്രൂവ്മെന്റ് ഓഫ് റൈസ് ഇൻ കേരള" പ്രകാരം നെൽ വിത്ത് വാങ്ങുന്നതിനു

ഹെക്ടറിനു 1,000 രൂപയും, കുമ്മായവസ്തുക്കൾ വാങ്ങുന്നതിന് ഹെക്ടറിന് 1,000 രൂപയും, സൂക്ഷ്മമൂലകവളങ്ങൾ വാങ്ങുന്നതിന് ഹെക്ടറിന് 500 രൂപയും, സംയോജിത കീടനിയന്ത്രണത്തിന് 500 രൂപയും കസ്റ്റം ഹയറിംഗ് സെന്റർ മുഖേനയുള്ള യന്ത്രവൽക്കരണത്തിന് ഹെക്ടറിന് 1,500 രൂപയും ഉൾപ്പെടുത്തി ഹെക്ടറൊന്നിന് പരമാവധി 4,500 രൂപയുടെ ധനസഹായം നൽകുന്നുണ്ട്.

ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി പ്രകാരം 100 ഹെക്ടർ വിസ്തൃതിയുള്ള ക്ലസ്റ്ററുകളിൽ വിവിധ പ്രദർശനത്തോട്ടങ്ങൾ ചെയ്യുന്നതിന് ഹെക്ടർ ഒന്നിന് 9,000 രൂപ ധനസഹായം നൽകുന്നുണ്ട്. ക്രോപ്പിംഗ് സിസ്റ്റം പ്രദർശനത്തോട്ടത്തിന് ഹെക്ടറൊന്നിന് 15,000 രൂപയും ഹൈബ്രിഡ് വിത്തുപയോഗിക്കുന്നതിന് ഒരു ക്വിന്റലിനു 10,000 രൂപയും, റിലീസ് ചെയ്തിട്ട് 10 വർഷത്തിൽ താഴെയുള്ള അത്യുല്പാദന ശേഷിയുള്ള വിത്തിന്റെ ഉപയോഗത്തിന് ക്വിന്റലിന് 2,000 രൂപയും റിലീസ് ചെയ്തിട്ട് 10 വർഷത്തിൽ കൂടുതലുള്ള അത്യുല്പാദനശേഷിയുള്ള വിത്തിന്റെ ഉപയോഗത്തിന് ക്വിന്റലിന് 1,000 രൂപയും നല്കുന്നുണ്ട്. സൂക്ഷ്മമൂലകവളങ്ങൾ വാങ്ങുന്നതിന് ഹെക്ടറിന് 500 രൂപയും കുമ്മായവസ്തുക്കൾ വാങ്ങുന്നതിന് ഹെക്ടറിന് 1,000 രൂപയും കീടനാശിനി/ജൈവ കീടനാശിനി വാങ്ങുന്നതിന് ഹെക്ടറിന് 500 രൂപയും കളനാശിനി വാങ്ങുന്നതിന് ഹെക്ടറിന് 500 രൂപയും ആനുകൂല്യം നൽകുന്നുണ്ട്. മരുന്നു തളിക്കുന്നതിനുള്ള സ്പ്രേയറിന് 600 രൂപയും പവർ സ്പ്രേയറിന് 3,000 രൂപയും വിന്നോവറിന് 10,000 രൂപയുമാണ് സബ്സിഡി നൽകുക. പമ്പുസെറ്റ് സ്ഥാപിക്കുന്നതിന് 10,000 രൂപ സബ്സിഡി നൽകുന്നുണ്ട്.

സംസ്ഥാനത്ത് നെൽകൃഷിക്ക് അനുയോജ്യ കാർഷിക കാലാവസ്ഥയുള്ള പ്രദേശങ്ങളെ നെൽകൃഷിയുടെ പ്രത്യേക കാർഷിക മേഖലകളായി കണക്കാക്കി അവിടെയുള്ള സ്രോതസ്സുകളും സാധ്യതകളും പരിമിതികളും പരിഗണിച്ച് വിത്ത് മുതൽ വിപണി വരെയുള്ള എല്ലാ ഭൗതിക സാമ്പത്തിക സാഹചര്യങ്ങളും സജ്ജമാക്കി പരമാവധി ഉല്പാദനം കൈവരിക്കുവാനും ഉല്പന്നത്തിന്റെ മെച്ചപ്പെട്ട കൈകാര്യത്തിലൂടെയും മൂല്യവർദ്ധനവിലൂടെയും മെച്ചപ്പെട്ട വിപണന സംവിധാനത്തിലൂടെയും കർഷകർക്ക് പരമാവധി വരുമാനം ലഭ്യമാക്കാനുമായി ഏഴു പ്രത്യേക കാർഷിക മേഖലയ്ക്കുള്ള അടിസ്ഥാന സൗകര്യവികസന പദ്ധതികളും നടപ്പിലാക്കുന്നു.

(ബി) ഉണ്ട്. 2016-17 സാമ്പത്തിക വർഷം 2752.092 ഹെക്ടറും 2017-18-ൽ 2624.64106 ഹെക്ടറും പ്രതികൂല സാഹചര്യങ്ങൾ നിലനിന്ന 2018-19-ൽ 2338.471 ഹെക്ടറും കരനെൽ കൃഷി ചെയ്തു.

(സി) കൃഷി വകുപ്പിന്റെ കാര്യക്ഷമമായ ഇടപെടലുകളെ തുടർന്ന് കർഷകരെ കൃഷിയിലേക്ക് മടക്കിക്കൊണ്ടുവരുന്നതിന് കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ 3 വർഷംകൊണ്ട് നെൽകൃഷിയുടെ വിസ്തൃതിയും ഉൽപ്പാദനവും വർദ്ധിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. മഹാപ്രളയത്തിൽ 35,000 ഹെക്ടർ നെല്ല് കൃഷി നശിച്ച് പോയിട്ടും 202985 ഹെക്ടർ സ്ഥലത്ത് കൃഷി ഇറക്കാൻ കഴിഞ്ഞു. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി *ചേർത്തിട്ടുണ്ട്.

(ഡി) തരിശുനില കൃഷിക്കുള്ള പദ്ധതി ഘടകം നടപ്പിലാക്കിയതിലൂടെ കൃഷി വ്യാപിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം 2782.3857 ഹെക്ടറും, 2017-18-ൽ 5485.686 ഹെക്ടറും, പ്രതികൂല സാഹചര്യങ്ങൾ നിലനിന്ന 2018-19-ൽ 3668.0064 ഹെക്ടറും തരിശു നിലത്തിൽ പുതുതായി നെൽ കൃഷി ചെയ്തു. 2016-17-ൽ ഉണ്ടായിരുന്ന തരിശു നിലത്തിന്റെ 20.02 ശതമാനം സ്ഥലം ഇതിനകം കൃഷി ചെയ്തിട്ടുണ്ട്. തിരശുനില കൃഷി വഴി 52220.3417 ടൺ അരി ഉല്പാദിപ്പിച്ചിട്ടുണ്ട്.

## നെല്ലുല്പാദനം വർദ്ധിപ്പിക്കാൻ നടപടി

28 (3204) ശ്രീ. കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെല്ലുൽപ്പാദനം വർദ്ധിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) നെല്ലുൽപ്പാദനത്തിൽ ഉണ്ടായ വർദ്ധനവ് സംബന്ധിച്ച വിശദാംശം നൽകുമോ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

### ഉത്തരം

(എ) സംസ്ഥാന സർക്കാരിന്റെ നെൽകൃഷി വികസന പദ്ധതി, കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ ഭാഗമായ " പ്രൊഡക്റ്റിവിറ്റി ഇംപ്രൂവ്മെന്റ് ഓഫ് റൈസ് ഇൻ കേരള" പ്രകാരമുള്ള ആനുകൂല്യങ്ങൾ എന്നിവ സംസ്ഥാനത്തെ മുഴുവൻ നെൽകർഷകർക്കും നൽകുന്നു. ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി പാലക്കാട് ജില്ലയ്ക്കായി നടപ്പാക്കുന്നുണ്ട്. ഏഴ് പ്രത്യേക കാർഷിക മേഖലകളിലായി അടിസ്ഥാന സൗകര്യവികസനത്തിനു മുൻതൂക്കം നൽകിക്കൊണ്ടുള്ള പ്രത്യേക കാർഷിക മേഖലാ പദ്ധതിയും നടപ്പിലാക്കിവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നെൽകൃഷി വികസന പദ്ധതി പ്രകാരം സുസ്ഥിര നെൽകൃഷി വികസനത്തിനു ഹെക്ടറൊന്നിനു 5,500 രൂപയും സവിശേഷ നെല്ലിനങ്ങളുടെ വികസനത്തിനു 10,000 രൂപയും ഒരുപ്പൂ കൃഷി ഇരുപ്പൂവാക്കുന്നതിനു 10,000 രൂപയും കരനെൽകൃഷിക്ക് 13,600 രൂപയും ധനസഹായമായി നൽകുന്നു. തരിശ് നിലത്തിലെ കൃഷിക്ക് ഹെക്ടൊറൊന്നിന് ഒന്നാം വർഷം 30,000 രൂപയും രണ്ടാം വർഷം 7,000 രൂപയും മൂന്നാം വർഷം 4500 രൂപയുമാണു ധനസഹായം നൽകുന്നത്. ഇതിനുപുറമേ നഗരപ്രദേശത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങളുൾപ്പെടെയുള്ള നെൽകൃഷി വികസനത്തിനുള്ള പദ്ധതിയധിഷ്ഠിത ധനസഹായവും റൈസ് ഇന്നൊവേഷൻ ഫണ്ട് പ്രകാരമുള്ള പദ്ധതിയധിഷ്ഠിത ധനസഹായവും നൽകുന്നുണ്ട്. വിത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്തുന്നത് ഉല്പാദനം വർദ്ധിപ്പിക്കുന്നതിനു അത്യന്താപേക്ഷിതമായതിനാൽ വിത്തിന്റെ ഗുണനിലവാര പരിശോധനയ്ക്ക് പ്രത്യേക ഊന്നൽ നൽകിവരുന്നു. ഗുണമേന്മയുള്ള വിത്ത് യഥാസമയം വിതരണം ചെയ്യുന്നതിനായി സംസ്ഥാന വിത്ത് വികസന അതോറിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ ഭാഗമായ " പ്രൊഡക്റ്റിവിറ്റി ഇംപ്രൂവ്മെന്റ് ഓഫ് റൈസ് ഇൻ കേരള" പ്രകാരം നെൽ വിത്ത് വാങ്ങുന്നതിന് ഹെക്ടറിനു 1,000 രൂപയും, കുമ്മായവസ്തുക്കൾ വാങ്ങുന്നതിന് ഹെക്ടറിന് 1,000 രൂപയും, സൂക്ഷ്മമൂലകവളങ്ങൾ വാങ്ങുന്നതിന് ഹെക്ടറിന് 500 രൂപയും, സംയോജിത കീടനിയന്ത്രണത്തിന് 500 രൂപയും കസ്റ്റം ഹയറിംഗ് സെന്റർ മുഖേനയുള്ള യന്ത്രവൽക്കരണത്തിന് ഹെക്ടറിന് 1,500 രൂപയും ഉൾപ്പെടുത്തി ഹെക്ടറൊന്നിന് പരമാവധി 4,500 രൂപയുടെ ധനസഹായം നൽകുന്നു.

ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി പ്രകാരം 100 ഹെക്ടർ വിസ്തൃതിയുള്ള ക്ലസ്റ്ററുകളിൽ വിവിധ പ്രദർശനത്തോട്ടങ്ങൾ ചെയ്യുന്നതിന് ഹെക്ടറൊന്നിന് 9,000 രൂപ ധനസഹായം നൽകുന്നു. ക്രോപ്പിംഗ് സിസ്റ്റം പ്രദർശനത്തോട്ടത്തിന് ഹെക്ടറൊന്നിന് 15,000 രൂപയും ഹൈബ്രിഡ് വിത്തുപയോഗിക്കുന്നതിന് ഒരു ക്വിന്റലിനു 10,000 രൂപയും, റിലീസ് ചെയ്തിട്ട് 10 വർഷത്തിൽ താഴെയുള്ള അത്യുല്പാദനശേഷിയുള്ള വിത്തിന്റെ ഉപയോഗത്തിന് ക്വിന്റലിന് 2000 രൂപയും റിലീസ് ചെയ്തിട്ട് 10 വർഷത്തിൽ കൂടുതൽ അത്യുല്പാദന ശേഷിയുള്ള വിത്തിന്റെ ഉപയോഗത്തിന് ക്വിന്റലിന് 1000 രൂപയും നല്കുന്നുണ്ട്. സൂക്ഷ്മമൂലകവളങ്ങൾ വാങ്ങുന്നതിന് ഹെക്ടറിന് 500 രൂപയും കുമ്മായവസ്തുക്കൾ വാങ്ങുന്നതിന് ഹെക്ടറിന് 1,000 രൂപയും കീടനാശിനി/ജൈവ കീടനാശിനി വാങ്ങുന്നതിന് ഹെക്ടറിന് 500 രൂപയും കളനാശിനി വാങ്ങുന്നതിന് ഹെക്ടറിന് 500 രൂപയും ആനുകൂല്യം നൽകുന്നുണ്ട്. മരുന്നു തളിക്കുന്നതിനുള്ള സ്പ്രേയറിന് 600 രൂപയും പവർ സ്പ്രേയറിന് 3,000 രൂപയും വിന്നോവറിന് 10,000 രൂപയുമാണ് സബ്സിഡി നൽകുക. പമ്പുസെറ്റ് സ്ഥാപിക്കുന്നതിന് 10,000 രൂപ സബ്സിഡി നൽകുന്നുണ്ട്.

സംസ്ഥാനത്ത് നെൽകൃഷിക്ക് അനുയോജ്യ കാർഷിക കാലാവസ്ഥയുള്ള പ്രദേശങ്ങളെ നെൽകൃഷിയുടെ പ്രത്യേക കാർഷിക മേഖലകളായി കണക്കാക്കി അവിടെയുള്ള സ്രോതസ്സുകളും സാധ്യതകളും പരിമിതികളും പരിഗണിച്ച് വിത്ത് മുതൽ വിപണി വരെയുള്ള എല്ലാ ഭൗതിക സാമ്പത്തിക സാഹചര്യങ്ങളും സജ്ജമാക്കി പരമാവധി ഉല്പാദനം കൈവരിക്കുവാനും ഉല്പന്നത്തിന്റെ മെച്ചപ്പെട്ട കൈകാര്യത്തിലൂടെയും മൂല്യ വർദ്ധനവിലൂടെയും മെച്ചപ്പെട്ട വിപണന സംവിധാനത്തിലൂടെയും കർഷകർക്ക് പരമാവധി വരുമാനം ലഭ്യമാക്കാനുമായി ഏഴ് പ്രത്യേക കാർഷിക മേഖലയ്ക്കുള്ള അടിസ്ഥാന സൗകര്യവികസന പദ്ധതികളും നടപ്പിലാക്കിവരുന്നു.

(ബി) 2016-17, 2017-18, 2018-19 വർഷങ്ങളിൽ നെല്ലുല്പാദനത്തിൽ ഉണ്ടായ വർദ്ധനവ് സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി* ചേർക്കുന്നു. 2016-17-നെ അപേക്ഷിച്ച് നെല്ലുല്പാദനത്തിൽ 182139.29 ടണ്ണിന്റെ വർദ്ധനവുണ്ടായിട്ടുണ്ട്.

**കൊപ്ര സംഭരണം**

29 (3205) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രം പ്രഖ്യാപിച്ച താങ്ങുവില പ്രകാരമുള്ള കൊപ്ര സംഭരണത്തിന് സംസ്ഥാനം തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ സംഭരണത്തിന് തയ്യാറാണെന്ന് കാണിച്ചും അതിന്റെ മറ്റ് വിശദാംശങ്ങൾ അറിയിച്ചുകൊണ്ടും കേന്ദ്രകൃഷി മന്ത്രാലയത്തിന് കത്തയച്ചത് എന്നാണ്;

(സി) നടപടികൾ നീണ്ടുപോകുന്നത് കൊപ്ര സംഭരണത്തിനും അതുവഴി കർഷകർക്കും സൃഷ്ടിച്ചേക്കാവുന്ന പ്രതിസന്ധികൾ വിലയിരുത്തിയിട്ടുണ്ടോ;

(ഡി) 130 രൂപ വരെ കിലോയ്ക്ക് വിലയുണ്ടായിരുന്ന കൊപ്രക്ക് ഇപ്പോൾ 91 രൂപയാണ് വിപണി വിലയെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ജൂൺ മാസത്തിൽ തമിഴ്നാട്ടിൽ നാളികേര വിളവെടുപ്പ് തുടങ്ങിയാൽ വീണ്ടും വിലകുറയുന്ന സാഹചര്യമുണ്ടാകുമോ;

(എഫ്) സംഭരണ രംഗത്ത് രണ്ട് വർഷം മുമ്പുണ്ടായിരുന്ന സ്ഥിതി തിരിച്ചുകൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) ഉണ്ട്. കേന്ദ്രം പ്രഖ്യാപിച്ച താങ്ങുവില പ്രകാരമുള്ള കൊപ്ര സംഭരണത്തിന് സംസ്ഥാനം തീരുമാനമെടുത്തിട്ടുണ്ട്. 2019 വിളവെടുപ്പു കാലത്തിൽ മില്ലിംഗ് കൊപ്ര ക്വിന്റലിന് 9,521 രൂപയും, ഉണ്ട കൊപ്ര ക്വിന്റലിന് 9,920 രൂപയുമാണ് കേന്ദ്ര സർക്കാർ കൊപ്രയ്ക്ക് താങ്ങുവില ഏർപ്പെടുത്തിയിരിക്കുന്നത്.

(ബി) കേന്ദ്ര സർക്കാർ നടപ്പിലാക്കിവരുന്ന വില പിൻതുണ സംവിധാനം (പ്രൈസ് സപ്പോർട്ട് സിസ്റ്റം) പ്രകാരം സംഭരണ കാലയളവ് (കൊപ്രയ്ക്ക് ആറുമാസമാണ് കാലയളവ്), സംഭരിക്കാൻ ഉദ്ദേശിക്കുന്ന അളവ്, വില കലണ്ടർ തുടങ്ങിയ വിവരങ്ങൾ അടങ്ങിയ നിർദ്ദിഷ്ട മാതൃകയിലാണ് കൊപ്ര സംഭരണം ഏറ്റെടുക്കാൻ തയ്യാറാണെന്ന് സർക്കാർ കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുള്ളത്. 10-6-2019-ന് ഈ വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് കേന്ദ്രകൃഷി മന്ത്രാലയത്തിന് കത്തയച്ചിട്ടുണ്ട്.

(സി) കൊപ്ര സംഭരണം എത്രയും വേഗം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഉണ്ട്. 2018 ജൂൺ മാസത്തെ അപേക്ഷിച്ച് 2019 ജൂണിൽ കൊപ്ര ക്വിന്റലിന് വിലക്കുറവ് ഉള്ളതായി സാമ്പത്തിക സ്ഥിതി വിവരക്കണക്ക് നൽകിവരുന്ന റിപ്പോർട്ട് പരിശോധിച്ചതിൽ നിന്ന് വ്യക്തമായിട്ടുണ്ട്.

(ഇ) ജൂൺ മാസത്തിൽ തമിഴ്നാട്ടിൽ നാളികേര വിളവെടുപ്പ് തുടങ്ങിയാൽ വീണ്ടും വിലകുറയുവാനുള്ള സാധ്യത ഉണ്ട്.

(എഫ്) നടപടി സ്വീകരിച്ചുവരുന്നു.

**പാലക്കാട് ജില്ലയിലെ കേരഗ്രാമം പദ്ധതി**

30 (3206) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലയിലെ എത്ര പഞ്ചായത്തുകളെ കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

പാലക്കാട് ജില്ലയിലെ 19 പഞ്ചായത്തുകളിൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വർഷം തിരിച്ചു എണ്ണം ചുവടെ ചേർക്കുന്നു:

2014-15 -2 (മങ്കര, കോങ്ങാട്)

2015-16 -2 (പൂളുർ, ഷോളയൂർ)

2016-17 -2 (കൊഴിഞ്ഞാമ്പാറ, പെരുമാട്ടി)

2017-18 -3 (കരിമ്പ, കരിമ്പുഴ, കടമ്പഴിപ്പുറം)

2018-19 -10 (കാരാക്കുറിശ്ശി, ആലത്തൂർ, എരിമയൂർ, കൊപ്പം, അലനെല്ലൂർ, പൊറ്റശ്ശേരി, പുതുപരിയാരം, പുതുശ്ശേരി, അനങ്ങനടി, മുതലമട)

**നാളികേരത്തിന്റെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുവാൻ നടപടി**

31 (3207) ശ്രീ. അനിൽ അക്കര:
ശ്രീ. വി. ഡി. സതീശൻ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേര ഉല്പാദനത്തിൽ ഇന്ത്യൻ സംസ്ഥാനങ്ങളിൽ കേരളം ഒന്നാം സ്ഥാനത്താണെങ്കിലും ദക്ഷിണേന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ സംസ്ഥാനത്തെ നാളികേര ഉത്പ്പാദനക്ഷമത തുലോം കുറവാണെന്നത് വസ്തുതയല്ലേ;

(ബി) നാളികേരത്തിന്റെ ഉത്പ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ:

(സി) സമഗ്ര നാളികേരകൃഷി വികസനത്തിനായി നടപ്പിലാക്കിയ കേരഗ്രാമം പദ്ധതി വിജയപ്രദമാണോ; വിശദമാക്കുമോ;

(ഡി) സംസ്ഥാനത്ത് നാളികേര ഉല്പാദനം കുറയുന്നതിന് പ്രധാനകാരണം തെങ്ങുകളെ ബാധിക്കുന്ന കീടങ്ങൾ ആണെന്ന വസ്തുത പരിഗണിച്ച് അത് പ്രതിരോധിക്കുന്നതിന് സ്വീകരിച്ച നടപടി എന്തൊക്കെയാണ്?

ഉത്തരം

(എ) കേന്ദ്ര കൃഷി മന്ത്രാലയത്തിന്റെ ഹോൾട്ടികൾച്ചർ ഡിവിഷൻ പ്രസിദ്ധീകരിച്ച 2015-16-ലെയും 2016-17-ലെയും കണക്കുകൾ പ്രകാരം നാളികേര ഉത്പാദനത്തിൽ ഇന്ത്യൻ സംസ്ഥാനങ്ങളിൽ കേരളം ഒന്നാം സ്ഥാനത്താണ് നിൽക്കുന്നത്. ഉല്പാദനക്ഷമതയിൽ കേരളം 6-ാം സ്ഥാനത്താണ് (ഹെക്ടർ ഒന്നിന് 9664 തേങ്ങ പ്രതിവർഷം)

(ബി) തെങ്ങിൻതോട്ടങ്ങളിൽ മെച്ചപ്പെട്ട കൃഷി പരിപാലനം, ഇടവിള കൃഷി, സമ്മിശ്ര കൃഷി എന്നിവ നടത്തി ആദായം പരമാവധി വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നാളികേര വികസന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. നാളികേരത്തിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി ഉയർന്ന ഉല്പാദനക്ഷമതയുള്ള ഇനങ്ങൾ നട്ടുപിടിപ്പിക്കുന്നതിനും മെച്ചപ്പെട്ട പരിപാലന രീതികൾ നടപ്പിലാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. കൃത്യമായ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി സംസ്ഥാനത്ത് നാളികേര വികസന കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്.

തേങ്ങയുടെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി രോഗം ബാധിച്ചതും പ്രായം ചെന്നതുമായ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തൈകൾ നടുക, സംയോജിത കീടരോഗ നിയന്ത്രണം, സംയോജിത വളപ്രയോഗം, ഇടവിളകൃഷി പ്രോത്സാഹിപ്പിക്കൽ, ജലസേചന സൗകര്യങ്ങൾ, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനം, ഗുണമേന്മയുള്ള തൈകൾ ലഭ്യമാക്കുക എന്നിവ ലക്ഷ്യമിട്ടുകൊണ്ട് 250 ഹെക്ടറിൽ തുടർച്ചയായി തെങ്ങ് കൃഷിയുള്ള പ്രദേശത്ത് കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്നു.

ഉല്പാദന ക്ഷമതയില്ലാത്തതും പ്രായം ചെന്നതും രോഗം ബാധിച്ചതുമായ തെങ്ങുകൾ വെട്ടിമാറ്റി കരിക്കിനും കൊപ്രയ്ക്കും അനുയോജ്യമായ കുറിയ ഇനവും പൊക്കം കുറഞ്ഞ ഇനം തൈകളും ശാസ്ത്രീയമായി കൃഷി ചെയ്യുന്നതിനും ഉയർന്ന ഉല്പാദനക്ഷമതയുള്ള/കുറിയ ഇനങ്ങളുടെ മാതൃകാ ഫാമുകൾ 0.20 ഹെക്ടർ എങ്കിലും വിസ്തൃതിയുള്ളത് സ്ഥാപിക്കുന്നതിനും പദ്ധതിയിൽ ലക്ഷ്യമിടുന്നുണ്ട്.

നാളികേര വികസനത്തിന് പദ്ധതിയധിഷ്ഠിത സഹായത്തിനായി 100 ലക്ഷം രൂപ നടപ്പുവർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രത്തിന് പ്രോജക്ട് അധിഷ്ഠിത സഹായമായി 50 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

നാളികേര വികസനത്തിനായി സംയോജിത കീടരോഗ നിയന്ത്രണ പരിപാടികൾ പ്രോജക്ട് രീതിയിൽ ഏറ്റെടുത്ത് പ്രധാനപ്പെട്ട കീടങ്ങളെയും രോഗങ്ങളെയും നിയന്ത്രിക്കുന്നതിന് ക്യാമ്പയിൻ അടിസ്ഥാനത്തിൽ പരിപാടികൾ നടപ്പിലാക്കുന്നു. ഇതിനായി 250 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിട്ടുണ്ട്.

നാളികേര മിഷന്റെ ഭാഗമായി സംസ്ഥാനത്തെ നാളികേര കൃഷി പുനരുജ്ജീവിപ്പിക്കുന്നതിനായി 1900 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 2019-20 വർഷം കേരഗ്രാമമായി തെരഞ്ഞെടുത്ത 300 പഞ്ചായത്തുകളിലും കേരഗ്രാമങ്ങൾ

ഇല്ലാത്ത നിയോജക മണ്ഡലങ്ങളിലെ തെരഞ്ഞെടുത്ത 200 പഞ്ചായത്തുകളിലും ഉൾപ്പെടെ 500 പഞ്ചായത്തുകളിൽ ഒരു വാർഡിൽ 75 തെങ്ങിൻതൈകൾ 50% സബ്സിഡി നിരക്കിൽ നൽകുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. പ്രായം ചെന്നതും ഉല്പാദനക്ഷമതയില്ലാത്തതും അസുഖം ബാധിച്ചതുമായ തെങ്ങുകൾ മുറിച്ചുമാറ്റി ഉല്പാദനക്ഷമതയുള്ളതും പൊക്കം കുറഞ്ഞ/കുറിയ ഇനം തൈകൾ വെച്ചുപിടിപ്പിക്കുക, സംയോജിത പരിപാലന രീതികളിലൂടെ നിലവിലുള്ള തെങ്ങിൻതോപ്പുകൾ പുനരുജ്ജീവിപ്പിക്കുക, നിലവിലുള്ള തോട്ടങ്ങളിൽ മുന്തിയ ഇനം തൈകൾ വെച്ചുപിടിപ്പിക്കുക, വിത്തുതൈകൾ ലഭിക്കുന്നതിനായി തെങ്ങിൻതോപ്പുകൾ വികസിപ്പിക്കുക എന്നിവയാണ് പുനരുജ്ജീവന പദ്ധതിയുടെ പ്രധാന ഘടകങ്ങൾ.

(സി) അതെ. നിലവിൽ 181 കേരഗ്രാമങ്ങൾ 258 പഞ്ചായത്തുകളിലായി നടപ്പിലാക്കിയിട്ടുണ്ട്. 2019-20 വർഷം 55 കേരഗ്രാമങ്ങൾ കൂടി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) തെങ്ങുകളെ ബാധിക്കുന്ന കീടരോഗങ്ങൾക്കെതിരെ പ്രതിരോധ മാർഗ്ഗങ്ങൾ ക്യാമ്പയിൻ അടിസ്ഥാനത്തിൽ കൃഷി വകുപ്പ് 2017-18 വർഷം മുതൽ നടപ്പിലാക്കിവരുന്നു. കീടരോഗാക്രമണം കൂടുതലുള്ള പ്രദേശങ്ങൾ കേന്ദ്രീകരിച്ച് ക്യാമ്പയിൻ അടിസ്ഥാനത്തിൽ നിയന്ത്രണമാർഗ്ഗങ്ങൾ സ്വീകരിക്കുകയും കീടരോഗ സാന്നിധ്യത്തിന്റെ സ്ഥിതിവിവര കണക്കുകൾ അനുസരിച്ച് കീടരോഗാക്രമണം കൂടുതലുള്ള പ്രദേശങ്ങൾ കണ്ടുപിടിക്കാനും തെരഞ്ഞെടുക്കാനും പ്രതിരോധ മാർഗ്ഗങ്ങളെക്കുറിച്ച് കർഷകരെ ബോധവല്ക്കരിക്കുകയും ചെയ്യുന്നതിനായി വർക്ക്ഷോപ്പുകൾ സംഘടിപ്പിച്ചു വരികയും ചെയ്യുന്നു. മരുന്നുതളി ഉൾപ്പെടെയുള്ള നിയന്ത്രണ മാർഗ്ഗങ്ങൾ നടപ്പിലാക്കുവാൻ തെരഞ്ഞെടുത്ത പ്ലാന്റ് പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾക്ക് കീടരോഗനാശിനികൾ വാങ്ങുന്നതിനും തളിക്കുലി ഇനത്തിലുമായി തെങ്ങിന് 100 രൂപ നിരക്കിൽ ധനസഹായവും നൽകിവരുന്നു.

**കടക്കെണിമൂലം ആത്മഹത്യ ചെയ്ത കർഷകർ**

32 (3208) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കടക്കെണിമൂലം ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങൾക്ക് സർക്കാർ എന്തൊക്കെ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) സർക്കാർ കാർഷിക വായ്പകൾക്ക് മൊറട്ടോറിയം ഏർപ്പെടുത്തിയിട്ടും സംസ്ഥാനത്തെ ചില ബാങ്കുകൾ ജപ്തി നടപടികളുമായി മുന്നോട്ട് പോകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിനെതിരെ സർക്കാർ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഇടുക്കി ജില്ലയിൽ ആത്മഹത്യ ചെയ്ത ഒൻപത് കർഷകരുടെ ആശ്രിതർക്കായി ആകെ 29 ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വിതരണം ചെയ്തിട്ടുണ്ട്. വയനാട് ജില്ലയിൽ ആശ്രിതർക്ക് സഹായം നൽകുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്. കർഷകർ പൊതുമേഖല വാണിജ്യ സഹകരണ ബാങ്കുകൾ ഉൾപ്പെടെ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ള ക്ഷീര വികസനം, മൃഗ സംരക്ഷണം ഉൾപ്പെടെയുള്ള വായ്പകൾ, വിദ്യാഭ്യാസ വായ്പകൾ എന്നിവ ഉൾപ്പെടെയുള്ള എല്ലാവിധ വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് 31-12-2019 വരെ മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. ടി വിഷയം സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയിൽ ഒരു പ്രത്യേക അജണ്ടയായി ചർച്ച ചെയ്ത് ജപ്തി നടപടികൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## പ്രളയാനന്തരം നെൽകൃഷി ചെയ്ത കർഷകർക്ക് ലഭ്യമാക്കേണ്ട ധനസഹായം

33 (3209) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജകമണ്ഡലത്തിലെ ആമ്പല്ലൂർ പഞ്ചായത്തിൽ തോട്ടറ കുന്നംകുളം പുഞ്ചപ്പാടശേഖര നെല്ലുത്പാദക സമിതിയുടെ ആഭിമുഖ്യത്തിൽ പ്രളയാനന്തരം നെൽകൃഷി ചെയ്ത കർഷകർക്ക് ലഭ്യമാക്കേണ്ട ധനസഹായവും ആനുകൂല്യങ്ങളും നല്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) ഈ വിഷയത്തിൽ കാലതാമസമുണ്ടായതായുള്ള പാടശേഖര സമിതിയുടെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ കാലതാമസം വരാനിടയായ സാഹചര്യം എന്താണെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) പിറവം നിയോജകമണ്ഡലത്തിലെ ആമ്പല്ലൂർ പഞ്ചായത്തിൽ തോട്ടറ കുന്നംകുളം പുഞ്ചപ്പാടശേഖരത്തിലെ നെൽകർഷകർക്ക് കൂലിച്ചെലവ് സബ്സിഡിയായി 8,92,500 രൂപ പ്ലാൻ ഫണ്ടിൽ വകയിരുത്തിയിരുന്നു. ആയത് 2018-19 സാമ്പത്തിക വർഷത്തിൽ മാറിക്കൊടുക്കുന്നതിനുള്ള എല്ലാ നടപടികളും ആമ്പല്ലൂർ കൃഷി ഭവന്റെ ഭാഗത്തുനിന്നും കൈക്കൊണ്ടിരുന്നു. എന്നാൽ കനത്ത മഴയും വെള്ളക്കെട്ടുംമൂലം തോട്ടറ പുഞ്ചയിൽ വെള്ളം വറ്റിക്കാൻ താമസം നേരിട്ടു. ഫെബ്രുവരി പകുതിയോടെയാണ് നടീൽ പൂർത്തീകരിക്കാൻ കഴിഞ്ഞത്. കൃഷി

ഇറക്കുന്നത് വൈകിയതുമൂലം അപേക്ഷയും അനുബന്ധ രേഖകളും കൃഷി ഭവനിൽ എത്തിക്കുന്നതിനും അപേക്ഷകൾ സാംഖ്യ സോഫ്റ്റ്‌വെയറിൽ അപ്‌ലോഡ് ചെയ്ത് ക്ലെയിം ആക്കി ഓതറൈേഷൻ ലഭിക്കുന്നതിന് പഞ്ചായത്തിലേക്ക് അയയ്ക്കുന്നതിന് കാലതാമസം ഉണ്ടാവുകയും ആ സമയത്ത് പഞ്ചായത്തിൽ പ്ലാൻ ഫണ്ടിന്റെ അഭാവംമൂലം 2,72,052 രൂപയ്ക്ക് മാത്രമേ ഓതറൈസേഷൻ നല്കിയിരുന്നുള്ളൂ. ബാക്കി തുകയായ 6,20,448 രൂപയ്ക്ക് സ്പിൽ ഓവർ പ്രോജക്ട് വെയ്ക്കാൻ പഞ്ചായത്ത് ആവശ്യപ്പെടുകയും അതിന് അംഗീകാരം ലഭിക്കുകയും ചെയ്തു. 12-6-2019-ൽ 6,20,448 രൂപയുടെ ബില്ല് ട്രഷറിയിൽ മാറി കർഷകരുടെ അക്കൗണ്ടിൽ നൽകിയിട്ടുണ്ട്.

**വെളിയന്നൂർ ചല്ലിയിൽ കർഷകർക്കുണ്ടായ നഷ്ടം**

34 (3210) ശ്രീ. കെ. ദാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിലെ വെളിയന്നൂർ ചല്ലിയിൽ കൃഷിയിറക്കിയതുമായി ബന്ധപ്പെട്ട് കർഷകർക്കുണ്ടായ നഷ്ടം വകുപ്പ് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപയുടെ നഷ്ടമാണ് കണക്കാക്കിയിട്ടുള്ളത്; വിശദമാക്കാമോ ;

(ബി) സാങ്കേതികതടസ്സങ്ങൾ തീർപ്പാക്കി പ്രസ്തുത തുക കർഷകർക്ക് അനുവദിച്ച് നൽകുന്നതിനുള്ള എന്തെല്ലാം നടപടികളാണ് വകുപ്പ് കൈക്കൊണ്ടിട്ടുള്ളത്; വ്യക്തമാക്കാമോ;

(സി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ബഹു.മന്ത്രി നൽകിയ ഉറപ്പനുസരിച്ച് ധനസഹായം നൽകുന്നതിനുള്ള നടപടി തടസ്സപ്പെടുവാൻ എന്തെങ്കിലും കാരണങ്ങൾ ഉണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. 14,87,500 (പതിനാലു ലക്ഷത്തി എൺപത്തിയേഴായിരത്തി അഞ്ഞൂറുരൂപ മാത്രം) രൂപയുടെ നഷ്ടമാണ് കണക്കാക്കിയിട്ടുള്ളത്.

(ബി&സി) കൃഷി വകുപ്പ് ഉദ്യോഗസ്ഥർ കൃഷിസ്ഥലം പരിശോധിച്ച് നാശനഷ്ടം തിട്ടപ്പെടുത്തി ആനുകൂല്യം ലഭിക്കുന്നതിന് ക്ലെയിം സമർപ്പിച്ചു. വെളിയന്നൂർ ചല്ലിയിൽ കൃഷി ഇറക്കിയതും വിള ഇൻഷ്വർ ചെയ്തതും പാടശേഖര സമിതിയുടെ പേരിലായതിനാൽ ഇതിൽ ഉൾപ്പെട്ട ഓരോ കർഷകന്റെയും കൃഷിഭൂമിയുടെ വിസ്തീർണ്ണവും സർവ്വേ നമ്പറും ബാങ്ക് അക്കൗണ്ട് വിവരങ്ങളും നല്കിയാൽ മാത്രമേ ഓരോ കർഷകന്റേയും അക്കൗണ്ടിലേക്ക് നഷ്ടപരിഹാരത്തുക നൽകുവാൻ സാധിക്കുകയുള്ളൂ. എന്നാൽ, വെളിയന്നൂർ ചല്ലിയിൽ 4 പാടശേഖര

സമിതികളുടെ നേതൃത്വത്തിൽ കൂട്ടായി കൃഷി ചെയ്യുകയായിരുന്നു. ഓരോ കർഷകന്റേയും കൈവശഭൂമിയും സർവ്വേ നമ്പറും ലഭ്യമാക്കുവാൻ സാധിക്കാത്തതിനാൽ കൃഷി ചെയ്ത സ്ഥലത്തിന്റെ മൊത്തം സർവ്വേനമ്പറുകൾ വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തുകയാണുണ്ടായത്. ഓരോ കർഷകന്റേയും കൃഷി ചെയ്ത ഭൂമിയുടെ കൃത്യമായ വിസ്തീർണ്ണം ലഭ്യമാകുന്ന മുറയ്ക്ക് ആനുകൂല്യം കർഷകന്റെ അക്കൗണ്ടിലേക്ക് നൽകുന്നതാണ്.

**കെ.എൽ.യു. അനുമതിക്കായുള്ള അപേക്ഷകൾ**

35 (3211) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എൽ.യു. അനുമതി ലഭിക്കുന്നതിനായി ആലത്തൂർ മണ്ഡലത്തിൽ നിന്നും 2017 മാർച്ച് മുതൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) അപേക്ഷകളുടെ വിശദവിവരങ്ങളും സ്വീകരിച്ചിട്ടുള്ള നടപടികളും പഞ്ചായത്തടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

ഉത്തരം

(എ) 611 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) വിശദാംശവും സ്വീകരിച്ച നടപടികളും അനുബന്ധമായി* ചേർത്തിട്ടുണ്ട്.

**നാളികേര വികസന കൗൺസിൽ**

36 (3212) ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേര കർഷകർക്ക് മികച്ച വരുമാനവും വരുമാനസ്ഥിരതയും ഉറപ്പുവരുത്തുവാൻ കൃഷിവകുപ്പിന് സാധിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) 2018-ൽ പ്രഖ്യാപിച്ച നാളികേര വികസന കൗൺസിലിന്റെ ലക്ഷ്യം എന്താണ്; ഇതിലൂടെ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) നാളികേര അഗ്രോ പാർക്കുകൾ സ്ഥാപിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാം; ഇതിനായി കിഫ്ബിയിൽ നിന്നും എന്ത് സഹായമാണ് ലഭിച്ചത്;

(ഡി) നാളികേര വികസന ബോർഡിന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള നാളികേര ഉല്പാദകസമിതിയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന നീര ഉല്പാദനം വൻപ്രതിസന്ധി നേരിടുന്നു എന്നത് വസ്തുതയാണോ; എങ്കിൽ ഇതിനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സാധിച്ചിട്ടുണ്ട്. സംസ്ഥാനത്തെ തെങ്ങുകൃഷി പുനരുജ്ജീവിപ്പിക്കുന്നതിനും നാളികേരത്തിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുമായി നാളികേര വികസന പദ്ധതി 'കേരഗ്രാമം ' 2014-15 വർഷം മുതൽ കൃഷി വകുപ്പ് നടപ്പിലാക്കിവരുന്നു. തെങ്ങിൻ തോട്ടങ്ങളിൽ മെച്ചപ്പെട്ട കൃഷി പരിപാലനം, ഇടവിളകൃഷി, സമ്മിശ്ര കൃഷി എന്നിവ നടത്തി ആദായം പരമാവധി വർദ്ധിപ്പിക്കുന്നതിനും ഉയർന്ന ഉല്പാദനക്ഷമതയുള്ള ഇനങ്ങൾ നട്ടുപിടിപ്പിക്കുന്നതിനും മെച്ചപ്പെട്ട പരിപാലന മുറകൾ നടപ്പിലാക്കുന്നതിനും നാളികേര വികസന പദ്ധതിയിലൂടെ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. നാളികേരത്തിന്റെ വിലയിടിവുമൂലം കർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി ആവശ്യമുള്ള സന്ദർഭങ്ങളിലെല്ലാം താങ്ങുവില നിശ്ചയിച്ച് കേരഫെഡ്, കൃഷിഭവൻ എന്നിവ മുഖേന പച്ചത്തേങ്ങ സംഭരണത്തിനുള്ള നടപടികളും കൃഷിവകുപ്പ് സ്വീകരിച്ചുവരുന്നു. നടപ്പു സീസണിൽ പച്ചത്തേങ്ങ സംഭരണം കേരഫെഡ് മുഖേന ആരംഭിക്കാനുള്ള നടപടികളും കൃഷിവകുപ്പ് കൈകൊണ്ടിട്ടുണ്ട്. ഇതിലൂടെ കർഷകർക്ക് ഉയർന്ന വരുമാനവും, വരുമാന സ്ഥിരതയും ഉറപ്പുവരുത്തുന്നുണ്ട്.

(ബി) സംസ്ഥാനത്തെ കേരകൃഷിയുടെ വിസ്തൃതി നാളികേരത്തിന്റെ ഉൽപ്പാദനം, ഉൽപാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുക, സംയോജിത വിളപരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷിയുടെ സംരക്ഷണവും അഭിവൃദ്ധിയും ഉറപ്പുവരുത്തുക എന്നിവ ലക്ഷ്യമിട്ട് 2018 മുതൽ 2028 വരെ നീളുന്ന 10 വർഷത്തെ വികസന കാഴ്ചപ്പാടോടുകൂടി സംസ്ഥാന സർക്കാർ നാളികേര വികസന കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്. നാളികേര വികസന കൗൺസിലിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും ആവിഷ്കരണ പദ്ധതികളും ചുവടെ ചേർക്കുന്നു:

1. സംസ്ഥാനത്തെ നാളികേര കൃഷിയുടെ വിസ്തൃതി നിലവിലെ 7.81 ലക്ഷം ഹെക്ടറിൽ നിന്നും 9.25 ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കുക ഇതിനായി 1.44 ലക്ഷം ഹെക്ടർ സ്ഥലത്ത് അധികമായി തെങ്ങ് കൃഷി വ്യാപിപ്പിക്കുക.

2. നിലവിലുള്ള തെങ്ങിൻതോട്ടങ്ങളിൽ പ്രായാധിക്യം വന്നതും രോഗം ബാധിച്ചതും ഉല്പാദനക്ഷമത നശിച്ചതുമായ തെങ്ങുകളെ മുറിച്ചുമാറ്റി അത്യുല്പാദശേഷിയുള്ള തെങ്ങിൻതൈകൾ വച്ചുപിടിപ്പിക്കുക. 3 ലക്ഷം ഹെക്ടർ സ്ഥലത്ത് ഇത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

3. തെങ്ങിന്റെ ഉല്പാദനക്ഷമത ഹെക്ടറിന് 6889 നാളികേരത്തിൽ നിന്നും 8500 നാളികേരമായി ഉയർത്തുക.

4. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, കേരള കാർഷിക സർവ്വകലാശാല, കേന്ദ്ര തോട്ടവിള ഗവേഷണകേന്ദ്രം, നാളികേര വികസന ബോർഡ്, നാളികേര ഉത്പാദക സൊസൈറ്റി/കമ്പനികളുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന തെങ്ങിൻതൈ ഉല്പാദന കേന്ദ്രങ്ങളിലെ ഉത്പാദനം വർദ്ധിപ്പിച്ചും ശാസ്ത്രീയ വിത്തുത്തേങ്ങാ സംഭരണം വിപുലപ്പെടുത്തിയും വികേന്ദ്രീകൃത നഴ്സറികൾ സ്ഥാപിച്ചും ഗുണമേന്മയുള്ള തെങ്ങിൻ തൈകളുടെ ലഭ്യത ആവശ്യാനുസരണം എല്ലാ കർഷകർക്കും ഉറപ്പുവരുത്തുക.

5. നെടിയ ഇനങ്ങളുടേയും കുറിയ ഇനങ്ങളുടേയും സങ്കര ഇനങ്ങളുടേയും കൃഷിക്ക് കേരളത്തിന് അനുയോജ്യമായതും സ്ഥായിയായതും വിപണന സാധ്യത ഉള്ളതുമായ ഇനങ്ങളുടെ ഒരു പ്രചരണ രീതി/സമ്പ്രദായം നടപ്പിലാക്കുക.

6. തെങ്ങിൻതോട്ടങ്ങളിൽ അനുയോജ്യമായ ഇടവിളകൾ കൃഷി ചെയ്ത് പ്രകൃതി വിഭവങ്ങളുടെ കാര്യക്ഷമമായ വിനിയോഗം സാധ്യമാക്കുന്ന ബഹുവിള കൃഷി സമ്പ്രദായം നടപ്പിലാക്കിയും സൂക്ഷ്മമൂലകങ്ങളുടെ പ്രയോഗം ഉൾപ്പെടെയുള്ള മണ്ണുപരിപാലനവും സസ്യസംരക്ഷണ പ്രവർത്തനങ്ങളും ഉത്തമ ജലസേചന മാർഗ്ഗങ്ങളും ശാസ്ത്രീയമായി അവലംബിച്ച് പരമാവധി ഉല്പാദനവും ഉൽപ്പാദനക്ഷമതയും കൈവരിച്ച് കേര കർഷകർക്ക് മെച്ചപ്പെട്ട വരുമാനവും ജീവിത സുരക്ഷയും ഉറപ്പാക്കുക.

7. നാളികേര കൃഷിക്ക് പ്രാമുഖ്യമുള്ള എല്ലാ പഞ്ചായത്തുകളിലും തെങ്ങിന്റെ സംയോജിത വികസനത്തിനായി " കേര ഗ്രാമങ്ങൾ " ആരംഭിക്കുക. സാധ്യമായ എല്ലാ കേര ഗ്രാമങ്ങളിലും നാളികേരത്തിന്റെ മൂല്യവർദ്ധന യൂണിറ്റുകൾ സ്ഥാപിച്ച് തൊഴിലവസരങ്ങളും കർഷകരുടെ വരുമാനവും വർദ്ധിപ്പിക്കുക.

8. കേര കൃഷിക്ക് പ്രാമുഖ്യമുള്ള എല്ലാ പ്രദേശങ്ങളിലും വിസ്തൃതിക്ക് അനുസൃതമായി വാർഡുതല ക്ലസ്റ്ററുകൾ/പഞ്ചായത്തുതല കേര സമിതികൾ/ ബ്ലോക്കുതല കേരഫെഡറേഷൻ എന്നിവ രൂപീകരിക്കുക/ശക്തിപ്പെടുത്തുക. കൂടാതെ നിലവിലുള്ള നാളികേര ഉല്പാദക സൊസൈറ്റികളുടെയും കമ്പനികളുടെയും പ്രവർത്തനങ്ങളിലും നാളികേര വികസന കൗൺസിലുമായി ബന്ധപ്പെട്ട് രൂപീകരിക്കുന്ന വിവിധ സമിതികളും തമ്മിൽ പരസ്പര ഏകോപനം സാധ്യമാക്കുക.

9. വിളവെടുപ്പിനും കീടരോഗ പ്രതിരോധ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനുമായി നാളികേര കൃഷിക്ക് പ്രാമുഖ്യമുള്ള പഞ്ചായത്തുകളിൽ യുവതീയുവാക്കൾക്ക് പരിശീലനം നൽകി "കേര കർമ്മ സേനകൾ" രൂപീകരിക്കുക കൂടാതെ നാളികേര കൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് നിലവിലുള്ള കാർഷിക കർമ്മസേന, അഗ്രോ സർവ്വീസ് സെന്റർ എന്നിവയെ ശക്തിപ്പെടുത്തുക.

10. നാളികേരത്തിന്റെ മൂല്യവർദ്ധിത സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഉത്തേജനം നല്കുക.

11. നാളികേര മേഖലയിൽ സ്റ്റാർട്ടപ്പുകൾ പ്രോത്സാഹിപ്പിക്കുക.

12. നാളികേരത്തിന്റെ മൂല്യവർദ്ധനവും വിപണനവും ശക്തിപ്പെടുത്തുന്നതിനായി കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ നാളികേര അഗ്രോ പാർക്കുകളുടെ പ്രവർത്തനം ആരംഭിക്കുക.

13. ദേശീയ അന്തർദ്ദേശീയ വിപണികളിൽ കേരളത്തിന്റെ നാളികേര ഉല്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും ആഗോളതലത്തിൽ അവയുടെ ആവശ്യകത സൃഷ്ടിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുക.

14. കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ കർഷകരിൽനിന്നും നാളികേര സംഭരണം ന്യായവിലയ്ക്ക് ഉറപ്പാക്കുക, ഉപോൽപ്പന്നമായ തൊണ്ട് ആവശ്യമായ മേഖലയിൽ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

15. നാളികേര വികസനവുമായി ബന്ധപ്പെട്ട് സംസ്ഥാന/കേന്ദ്ര ഗവേഷണ സ്ഥാപനങ്ങളിൽ ലഭ്യമായ സാങ്കേതിക വിദ്യകൾ കർഷകരിലേക്കും സംരംഭകരിലേക്കും എത്തിക്കുവാനുള്ള നടപടികൾ സ്വീകരിക്കുക.

16. നീര ഉൾപ്പെടെയുള്ള ഗുണമേന്മയുള്ള കേരോല്പന്നങ്ങൾ ദേശീയ/ അന്തർദ്ദേശീയ വിപണികളിൽ എത്തിക്കുവാനുള്ള നടപടികൾ സ്വീകരിക്കുക.

17. നാളികേര കർഷകർക്ക് മികച്ച വരുമാനവും വരുമാനസ്ഥിരതയും ഉറപ്പുവരുത്തുക.

മേൽ വിവരിച്ച ഉദ്ദേശ്യലക്ഷ്യങ്ങൾ സഫലമാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്. നാളികേര വികസന കൗൺസിലിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ സഫലമാക്കി സംസ്ഥാനത്ത് കേരകൃഷി വിസ്തൃതിയും നാളികേരത്തിന്റെ ഉല്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുമായി ഗുണമേന്മയുള്ള തെങ്ങിൻ തൈകളുടെ ലഭ്യത ആവശ്യാനുസരണം ഉറപ്പുവരുത്തുവാൻ ഉദ്ദേശിക്കുന്നു. പ്രതിവർഷം സംസ്ഥാനത്തുടനീളം ഓരോ വാർഡിലും 75 തെങ്ങിൻ തൈകൾ വീതം നട്ടുപിടിപ്പിക്കുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്. ഇതിനാവശ്യമായ തെങ്ങിൻ തൈകൾ കൃഷി വകുപ്പ് ഫാമുകൾ, കേരള കാർഷിക

സർവ്വകലാശാലാ ഫാമുകൾ, കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം, നാളികേര വികസന ബോർഡ്, അംഗീകൃത വികേന്ദ്രീകൃത നഴ്സറികൾ എന്നിവ മുഖാന്തരം ഉൽപ്പാദിപ്പിച്ച് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു. 2019-20 വർഷം 300 കേര ഗ്രാമങ്ങൾ ഉൾപ്പെടുന്ന പഞ്ചായത്തുകളിലേയും കേരഗ്രാമം ഇല്ലാത്ത തെരഞ്ഞെടുക്കപ്പെടുന്ന 200 പഞ്ചായത്തുകളിലേയും എല്ലാ വാർഡുകളിലും 75 തെങ്ങിൻതൈകൾ വീതം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) നാളികേര അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനായി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി നിശ്ചയിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽ വേങ്ങേരി കാർഷിക മൊത്ത വ്യാപാര വിപണിയിലും കൂത്താളിയിലെ ജില്ലാ കൃഷിത്തോട്ടത്തിലുമായി നാളികേര അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിന് 20 കോടി രൂപ വീതം ഭരണാനുമതി നൽകുകയും അതിൻപ്രകാരം കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ DPR തയ്യാറാക്കി KIIFB-യിൽ അംഗീകാരത്തിനുവേണ്ടി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. സെന്റേജ് ചാർജിനത്തിൽ 34,56,000 രൂപ ഇതുവരെ KIIFB-ൽ നിന്നും കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് ലഭിച്ചിട്ടുണ്ട്.

(ഡി) നാളികേര വികസന ബോർഡിനുകീഴിലുള്ള നാളികേര ഉല്പാദക കമ്പനികൾ നീര ഉല്പാദനത്തിന് നടപടികൾ കൈക്കൊണ്ടു എങ്കിലും നീരയുടെ ഉല്പാദനം, സംസ്കരണം, വിപണനം എന്നിവ പ്രതീക്ഷിച്ച നിലയിലേക്ക് എത്തിയില്ല. അതിനുള്ള പ്രധാന കാരണങ്ങൾ ഇവയാണ്.

1. നീര ടാപ്പിംഗിനായി വിദഗ്ദ്ധ തൊഴിലാളികളുടെ കുറവ്
2. പരിശീലനം സിദ്ധിച്ച നീര ടെക്നീഷ്യൻമാരുടെ വിട്ടുപോക്ക്
3. നീര സംസ്കരണ കേന്ദ്രങ്ങളുടെ സമീപത്ത് ആവശ്യമുള്ളത്ര ആരോഗ്യമുള്ള തെങ്ങുകളുടെ കുറവ്.
4. തെങ്ങിൽനിന്നും കുറഞ്ഞ തോതിലുള്ള നീരയുടെ പ്രതിദിന ഉല്പാദനം. (പ്രതിദിനം 2 ലിറ്ററിൽ താഴെ)
5. അസംസ്കൃത വസ്തുവിന്റെ കുറവുമൂലം നീരപ്ലാന്റുകൾ പൂർണ്ണമായി പ്രവർത്തനസജ്ജമാക്കുവാൻ കഴിയുന്നില്ല.

## കോട്ടയം ജില്ലയിലെ വെങ്ങായിവാക പുതിയകരി പാടശേഖരത്തിന്റെ അടിസ്ഥാന സൗകര്യ വികസനം

37 (3213) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ മാഞ്ഞൂർ കൃഷിഭവന്റെ കീഴിലുള്ള വെങ്ങായിവാക പുതിയകരി പാടശേഖരത്തിന്റെ അടിസ്ഥാന സൗകര്യ വികസനം സംബന്ധിച്ച് 8-12-2018-ൽ കൃഷി വകുപ്പുമന്ത്രിക്ക് നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ കേരള ഭൂവികസന കോർപ്പറേഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) ഈ പ്രോജക്ട് സംബന്ധിച്ച തുടർനടപടികൾക്ക് കാർഷികോത്പാദന കമ്മീഷണർ എന്ത് നടപടി സ്വീകരിച്ച എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കോട്ടയം ജില്ലയിൽ മാഞ്ഞൂർ കൃഷിഭവന്റെ കീഴിലുള്ള വെങ്ങായിവാക പുതിയകരി പാടശേഖരത്തിന്റെ അടിസ്ഥാന സൗകര്യ വികസനം സംബന്ധിച്ച് ശ്രീ. മോൻസ് ജോസഫ്, എം.എൽ.എ കൃഷി വകുപ്പുമന്ത്രിക്ക് നൽകിയ നിവേദനത്തിന്മേൽ തുടർനടപടി സ്വീകരിക്കുവാൻ കേരള ഭൂവികസന കോർപ്പറേഷനോട് (KLDC) ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥല പരിശോധന നടത്തി രാഷ്ട്രീയ കൃഷിവികാസ് യോജന (RKVY) നിയമാവലിക്കനുസരിച്ച് പദ്ധതിക്കുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് (DPR) തയ്യാറാക്കുന്നതിനുള്ള നടപടികൾ KLDC സ്വീകരിച്ചുവരുന്നു.

## നേര്യമംഗലത്ത് ഫാം ടൂറിസം

38 (3214) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാറിന്റെ കവാടമായ നേര്യമംഗലത്ത് ഏക്കറുകളോളം വ്യാപിച്ച് കിടക്കുന്ന ജില്ലാ കൃഷിത്തോട്ടത്തിൽ ഫാം ടൂറിസം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രസ്തുത കൃഷിത്തോട്ടത്തിൽ ഫാം ടൂറിസം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഇവിടെ ഫാം ടൂറിസം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ടൂറിസ്റ്റുകൾ ധാരാളം എത്തിച്ചേരുന്ന പ്രസ്തുത കൃഷി ഫാമിൽ ഏറെ സാധ്യതയുള്ള ഫാം ടൂറിസം വേഗത്തിൽ നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഫാം ടൂറിസവുമായി ബന്ധപ്പെട്ട പദ്ധതികൾ ഉൾപ്പെടെയുള്ള പ്രവൃത്തികളുടെ രൂപരേഖ തയ്യാറാക്കുന്നതിന് സ്റ്റേറ്റ് അഗ്രികൾച്ചർ എഞ്ചിനീയറുടെ നേതൃത്വത്തിലുള്ള എഞ്ചിനീയറിംഗ് വിംഗിനെ പ്രാഥമിക പദ്ധതി നിർദ്ദേശങ്ങൾ സർപ്പിക്കുന്നതിന് നിയോഗിച്ചിരുന്നു. പ്രസ്തുത ടീം ഫാം സന്ദർശിച്ച് കരട് നിർദ്ദേശങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. ഏകദേശം 50 കോടി രൂപയുടെ നിർദ്ദേശങ്ങളാണ് തയ്യാറാക്കിയിട്ടുള്ളത്.

(സി) ഫാം ടൂറിസവുമായി ബന്ധപ്പെട്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. സംയോജിത കൃഷി പ്രാവർത്തികമാക്കുക.
2. വിവിധ വിളകളുടെ പ്രദർശന തോട്ടങ്ങൾ.
3. മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനവും വിപണനവും
4. ഫാമിന്റെ നവീകരണം, സൗന്ദര്യവൽക്കരണം, തീം പാർക്കുകൾ, റസ്റ്റോറന്റുകൾ, ക്വാർട്ടേഴ്സുകൾ, കർഷക പഠന കേന്ദ്ര ഗസ്റ്റ് ഹൗസുകൾ, ടീ ഹട്ടുകൾ, ചെക്കുഡാമുകൾ, അലങ്കാര മത്സ്യങ്ങളുടെ പ്രദർശനവും വിപണനവും മുതലായവ.
5. പെരിയാറിന്റെ സംരക്ഷണ ഭിത്തി കെട്ടി നടപ്പാതയും ടൂറിസ്റ്റുകളെ ഉദ്ദേശിച്ചുള്ള ആധുനിക കടവുകളുടെ നിർമ്മാണവും.
6. ഹൈടെക് നഴ്സറികൾ, പോളി ഹൗസുകളുടെ നിർമ്മാണം, തൈകളുടെ ഉല്പാദനം, വിപണനം തുടങ്ങിയവ.
7. ഹൈടെക് കാലിത്തൊഴുത്ത്, ആട്ടിൻകൂട്, മറ്റു പക്ഷിമൃഗാദികളുടെ ഷെൽട്ടറുകൾ എന്നിവയുടെ നിർമ്മാണവും പ്രദർശനവും.

(ഡി) ഫാം ടൂറിസം പദ്ധതി വേഗത്തിൽ നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

## തരിശുരഹിത പഞ്ചായത്ത്

39 (3215) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തരിശുരഹിത പഞ്ചായത്ത് എന്ന ലക്ഷ്യം സംസ്ഥാനത്തെ ബ്ലോക്കുകളിൽ കാര്യക്ഷമമായി നടന്നുവരുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) തരിശുരഹിത പഞ്ചായത്ത് പദ്ധതി നടപ്പിലാക്കുകവഴി എത്ര ശതമാനം തരിശുനിലങ്ങൾ കൃഷിക്ക് അനുയോജ്യമാക്കിയിട്ടുണ്ടെന്ന വിവരം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) തരിശുരഹിത പഞ്ചായത്ത് എന്ന ലക്ഷ്യം സംസ്ഥാനത്തെ ബ്ലോക്കുകളിൽ കാര്യക്ഷമമായി നടന്നുവരുന്നുണ്ട്. ആയതിലേക്ക് സംസ്ഥാന സർക്കാരിന്റെ പദ്ധതികളും തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതികളും നടപ്പിലാക്കുന്നുണ്ട്.

തരിശുഭൂമിയിൽ നെൽ കൃഷി ചെയ്യുന്നതിന് തുടർച്ചയായി മൂന്നു വർഷം ആനുകൂല്യം നൽകും. ഒന്നാം വർഷം ഹെക്ടറിനു 30,000 രൂപയും, രണ്ടാം വർഷം 7,000 രൂപയും, മൂന്നാം വർഷം 4,500 രൂപയും ധനസഹായമായി നൽകുന്നതാണ്. ഈ പദ്ധതിയിൽ കർഷകനും ഭൂവുടമയ്ക്കും ധനസഹായം വീതിച്ചു നൽകാൻ വ്യവസ്ഥയുണ്ട്. ഒന്നാം വർഷം കർഷകന് 25,000 രൂപയും ഭൂവുടമയ്ക്ക് 5,000 രൂപയും നൽകും. രണ്ടാം വർഷം ഇതു യഥാക്രമം 5,800 രൂപയും 1,200 രൂപയും, മൂന്നാം വർഷം 3,750 രൂപയും 750 രൂപയും ആണ്. നെൽകൃഷി മേഖലയിൽ പദ്ധതിയധിഷ്ഠിതമായും തരിശുനിലം കൃഷിയോഗ്യമാക്കുന്നതിനു വ്യവസ്ഥയുണ്ട്.

തരിശുഭൂമിയിൽ പച്ചക്കറി/കിഴങ്ങുവർഗ്ഗങ്ങൾ കൃഷി ചെയ്യുന്നതിനു ഹെക്ടറൊന്നിനു 30,000 രൂപയുടെ ആനുകൂല്യം നൽകുന്നു. നെൽ കൃഷിക്കു നൽകുന്നതുപോലെ ഭൂവുടമയ്ക്ക് 5,000 രൂപയും കർഷകനു 25,000 രൂപയുമാണു ധനസഹായം. ഇപ്രകാരം ധനസഹായം ലഭിക്കുന്ന പച്ചക്കറി കർഷകർ തുടർച്ചയായി മൂന്നുസീസണിലെങ്കിലും പച്ചക്കറി കൃഷി നിലനിർത്തുവാൻ ബാദ്ധ്യസ്ഥരാണ്.

(ബി) 2016-17-ലെ 'Current fallow'എന്ന വിഭാഗത്തിൽപ്പെട്ട തരിശ് 72008 ഹെക്ടർ ആയിരുന്നു.

മൂന്നു വർഷംകൊണ്ട് 2016-17-ൽ ഉണ്ടായിരുന്ന തരിശിന്റെ 20.02% സ്ഥലത്ത് നെല്ലും പച്ചക്കറിയും കൃഷി ചെയ്യാൻ സാധിച്ചു.

## തരിശുഭൂമിയിൽ കൃഷി

40 (3216) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തരിശുഭൂമിയിൽ കൃഷിയിറക്കിയതിനെത്തുടർന്ന് ഉല്പാദിപ്പിക്കപ്പെട്ടിട്ടുള്ള കാർഷികോല്പന്നങ്ങളുടെ കണക്ക് വിശദമാക്കാമോ;

(ബി) തരിശുഭൂമിയിൽ കൃഷിയിറക്കുന്നതിന് കർഷകർക്ക് എന്തെല്ലാം സഹായങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) നെല്ല്, പച്ചക്കറി എന്നീ വിളകളാണ് തരിശുനില കൃഷിയിൽ മുൻഗണന നൽകിയത്. ഇതുവഴി 33421.0187 ടൺ അരി അധികമായി ഉല്പാദിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. കൂടാതെ പച്ചക്കറികളുടെ ഉല്പാദനം 7.25 ലക്ഷം ടണ്ണിൽ നിന്ന് 12.12 ലക്ഷം ടണ്ണായി വർദ്ധിച്ചു.

(ബി) തരിശുഭൂമിയിൽ നെൽ കൃഷി ചെയ്യുന്നതിന് തുടർച്ചയായി മൂന്നുവർഷം ആനുകൂല്യം നല്കും. ഒന്നാംവർഷം ഹെക്ടറിനു 30,000 രൂപയും, രണ്ടാം വർഷം 7,000 രൂപയും, മൂന്നാം വർഷം 4,500 രൂപയുമാണ് ധനസഹായമായി നൽകുന്നത്. ഈ പദ്ധതിയിൽ കർഷകനും ഭൂവുടമയ്ക്കും ധനസഹായം വീതിച്ചുനൽകാൻ വ്യവസ്ഥയുണ്ട്. ഒന്നാംവർഷം കർഷകന് 25,000 രൂപയും ഭൂവുടമയ്ക്ക് 5,000 രൂപയും നൽകും. രണ്ടാംവർഷം ഇത് യഥാക്രമം 5,800 രൂപയും 1,200 രൂപയും, മൂന്നാംവർഷം 3,750 രൂപയും 750 രൂപയും ആണ്. നെൽകൃഷി മേഖലയിൽ പദ്ധതിയധിഷ്ഠിതമായും തരിശുനിലം കൃഷിയോഗ്യമാക്കുന്നതിനു വ്യവസ്ഥയുണ്ട്. മൂന്നു വർഷങ്ങളിലായി 11936.078 ഹെക്ടർ തരിശുഭൂമിയിൽ നെൽകൃഷി ചെയ്യിക്കുവാൻ ഈ പദ്ധതി പ്രകാരം സാധിച്ചിട്ടുണ്ട്.

തരിശുഭൂമിയിൽ പച്ചക്കറി/കിഴങ്ങുവർഗ്ഗങ്ങൾ കൃഷി ചെയ്യുന്നതിന് ഹെക്ടറൊന്നിനു 30,000 രൂപയുടെ ആനുകൂല്യം നൽകുന്നു. നെൽ കൃഷിക്ക് നൽകുന്നതുപോലെ ഭൂവുടമയ്ക്ക് 5,000 രൂപയും കർഷകനു 25,000 രൂപയുമാണ് ധനസഹായം. ഇപ്രകാരം ധനസഹായം ലഭിക്കുന്ന പച്ചക്കറി കർഷകർ തുടർച്ചയായി മൂന്ന് സീസണിലെങ്കിലും പച്ചക്കറി കൃഷി നിലനിർത്തുവാൻ ബാധ്യസ്ഥരാണ്.

തരിശുഭൂമി നെൽകൃഷിക്ക് അനുയോജ്യമാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യ വികസനത്തിനു പദ്ധതിയധിഷ്ഠിതമായി സംസ്ഥാന സർക്കാരിന്റെ നെൽകൃഷി വികസന പദ്ധതി, ആർ.കെ.വി.വൈ, സ്മാം, തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വിവിധ പദ്ധതികൾ എന്നിവയിലൂടെ ധനസഹായം ലഭ്യമാക്കുന്നുണ്ട്.

## കുട്ടനാട്ടിലെ ആവാസവ്യവസ്ഥ

41 (3217) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ ആവാസവ്യവസ്ഥയെ പ്രളയം എപ്രകാരമാണ് ബാധിച്ചതെന്ന് പഠിക്കുന്നതിനായി ഏതെങ്കിലും അന്തർദ്ദേശീയ ഗവേഷണ പഠനകേന്ദ്രത്തിന് അനുമതി നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) കുട്ടനാട്ടിലെ കാർഷികമേഖലയ്ക്ക് പ്രളയം ഗുണപ്രദമായി എന്ന് കൃഷി വകുപ്പ് വിലയിരുത്തിയിട്ടുണ്ടോ; പ്രസ്തുത സ്ഥലത്ത് നെല്ലുത്പാദനം ഇക്കഴിഞ്ഞ സീസണിൽ ഉയർന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) കുട്ടനാട്ടിലെ ആവാസ വ്യവസ്ഥയിൽ പ്രളയത്തിന്റെ ആഘാതം പഠിക്കുന്നതിനായി ആലപ്പുഴ ആസ്ഥാനമാക്കിയിട്ടുള്ള അന്തർദ്ദേശീയ കായൽ കൃഷി ഗവേഷണ കേന്ദ്രത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കുട്ടനാടിന്റെ സമഗ്ര വികസനത്തിന് പ്രത്യേക പാക്കേജ് തയ്യാറാക്കുന്നതിനായി താഴെപ്പറയുന്ന 9 അംഗങ്ങൾ അടങ്ങുന്ന ഒരു കോർ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്:

1. കാർഷികോല്പാദന കമ്മീഷണർ - കൺവീനർ
2. കാർഷിക സർവ്വകലാശാല വൈസ് ചാൻസലർ - മെമ്പർ
3. കൃഷി ഡയറക്ടർ - മെമ്പർ
4. സോയിൽ കൺസർവേഷൻ & സോയിൽ സർവ്വേ ഡയറക്ടർ - മെമ്പർ
5. ഡോ. ജയകുമാരൻ - സ്പെഷ്യൽ ഓഫീസർ (KKS&ASC) മെമ്പർ
6. ഡോ. പി. രാജശേഖരൻ - സംസ്ഥാന വില നിർണ്ണയ ബോർഡ് ചെയർമാൻ - മെമ്പർ
7. ശ്രീ. നാഗേഷ്-ചീഫ് (അഗ്രി)പ്ലാനിംഗ് ബോർഡ്- മെമ്പർ
8. ഡോ. കെ. ജി. പത്മകുമാർ, ഡയറക്ടർ, അന്താരാഷ്ട്ര കായൽ കൃഷി ഗവേഷണ പരിശീലനകേന്ദ്രം കുട്ടനാട് - മെമ്പർ
9. ശ്രീ. പി. എസ്. രാജീവ്, കേരളാ ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ - മെമ്പർ.

പ്രസ്തുത കോർ കമ്മിറ്റിയുടെ ആദ്യയോഗം 12-10-2018-ന് ബഹു. കാർഷികോല്പാദന കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. കുട്ടനാടിന്റെ

ഭൂമിശാസ്ത്രപരമായ പ്രത്യേകതകളെക്കുറിച്ചും കൃഷി നടത്തുന്നതിനും വെള്ളം സുഗമമായി ഒഴുകേണ്ടതിന് നടത്തേണ്ട പ്രവർത്തനങ്ങളെക്കുറിച്ചും വിശദമായി ചർച്ച ചെയ്തു. അടുത്തിടെയുണ്ടായ പ്രളയത്തിന്റെ പശ്ചാത്തലത്തിലാകണം പുതിയ പദ്ധതി തയ്യാറാക്കപ്പെടേണ്ടതെന്ന അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ കുട്ടനാടിന്റെ സമഗ്ര വികസനത്തിനായി പ്രത്യേക പാക്കേജിന്റെ കരട് ToR (Terms of reference) തയ്യാറാക്കുന്നതിനായി ആലപ്പുഴ ആസ്ഥാനമായ അന്താരാഷ്ട്ര കായൽ കൃഷി ഗവേഷണകേന്ദ്ര ഡയറക്ടറെ യോഗം ചുമതലപ്പെടുത്തിയിട്ടുണ്ട്. ToR തയ്യാറാക്കുന്ന നടപടി പുരോഗമിച്ച് വരുന്നു.

(ബി) പ്രളയശേഷം കുട്ടനാടൻ മേഖലയിൽ മണ്ണിന്റെ അമ്ലതയും ലവണാംശവും നെൽകൃഷിക്ക് ഏറ്റവും അനുയോജ്യമായ തരത്തിൽ ആകുകയും പ്രളയജലത്തോടൊപ്പം വന്നടിഞ്ഞ എക്കലിന്റെ സാന്നിധ്യം കൊണ്ട് ജൈവിക കാർബണിന്റെ അളവും ജൈവാംശവും വർദ്ധിക്കുകയും ചെയ്തതിനാൽ നെൽകൃഷിക്ക് ഗുണകരമായ ഫലമുണ്ടായി. നെല്ലിന്റെ ഉല്പാദനക്ഷമത വർദ്ധിക്കുകയും ചെയ്തു. ശരാശരി ഉല്പാദനക്ഷമത പത്തനംതിട്ട ജില്ലയിൽ 5.2 ടണ്ണും, ആലപ്പുഴ ജില്ലയിൽ 7.5 ടണ്ണും, കോട്ടയം ജില്ലയിൽ 6.7 ടണ്ണും ആയി വർദ്ധിച്ചു. കുട്ടനാടൻ പ്രദേശത്ത് ആകെ കൃഷി ചെയ്ത 50503.073 ഹെക്ടർ സ്ഥലത്ത് നിന്നും 3,58,644.47 ടൺ നെല്ല് ഉല്പാദിപ്പിച്ചു.

പ്രളയത്തിനു മുൻപ് (2017-18 സാമ്പത്തിക വർഷം) ശരാശരി ഉല്പാദന ക്ഷമത പത്തനംതിട്ട ജില്ലയിൽ 4.75 ടണ്ണും ആലപ്പുഴ ജില്ലയിൽ 4.36 ടണ്ണും കോട്ടയം ജില്ലയിൽ 4.72 ടണ്ണും നെല്ല് ആയിരുന്നു. കുട്ടനാടൻ പ്രദേശത്ത് ആകെ ഉല്പാദനം 2,73,379 ടൺ നെല്ല് മാത്രമായിരുന്നു. പ്രളയത്തിനു ശേഷം 85265.47 ടൺ നെല്ലിന്റെ ഉല്പാദന വർദ്ധനവ് ഉണ്ടാക്കാൻ കഴിഞ്ഞു.

**വിള ഇൻഷ്വറൻസ് പദ്ധതി**

42 (3218) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിള ഇൻഷ്വറൻസ് നഷ്ടപരിഹാര തുക വർദ്ധിപ്പിച്ചിട്ടുണ്ടോ; ഓരോ വിളയ്ക്കും എത്ര രൂപ വീതമാണ് നഷ്ടപരിഹാര തുക വർദ്ധിപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം നഷ്ടപരിഹാരം ആവശ്യപ്പെട്ട് കോതമംഗലം മണ്ഡലത്തിൽ വിവിധ കൃഷിഭവനുകളിൽ നിന്ന് എത്ര അപേക്ഷകൾ

ലഭിച്ചിട്ടുണ്ടെന്നും ഇതിൽ എത്രപേർക്ക് നഷ്ടപരിഹാര തുക വിതരണം ചെയ്തിട്ടുണ്ടെന്നും കൃഷിഭവൻ തിരിച്ച് വ്യക്തമാക്കാമോ;

(സി) വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം നഷ്ടപരിഹാരത്തിനുവേണ്ടി അപേക്ഷിച്ചിട്ടുള്ള കോതമംഗലം മണ്ഡലത്തിലെ അർഹരായ മുഴുവൻ പേർക്കും വേഗത്തിൽ ഇൻഷ്വറൻസ് ആനുകൂല്യം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന വിള ഇൻഷ്വറൻസ് പ്രകാരം കർഷകർക്ക് നൽകുന്ന നഷ്ടപരിഹാരത്തുക 20 വർഷങ്ങൾക്കുശേഷം കാലോചിതമായി പരിഷ്കരിച്ചു. മുൻപ് നിലവിലുണ്ടായിരുന്നതും വർദ്ധിപ്പിച്ച തുകയും അനുബന്ധമായി* ഉള്ളടക്കം ചെയ്തിരിക്കുന്നു.

(ബി) വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | കൃഷിഭവന്റെ പേര് | അപേക്ഷകരുടെ എണ്ണം | നഷ്ടപരിഹാര തുക വിതരണം ചെയ്തു. കർഷകരുടെ എണ്ണം. |
|---|---|---|---|
| 1 | കവളങ്ങാട് | 48 | 26 |
| 2 | കീരമ്പാറ | 20 | 12 |
| 3 | കോതമംഗലം | 65 | 27 |
| 4 | കുട്ടമ്പുഴ | 16 | 14 |
| 5 | പല്ലാരിമംഗലം | 23 | 7 |
| 6 | വാരപ്പെട്ടി | 16 | 3 |
| 7 | കോട്ടപ്പടി | 11 | 7 |
| 8 | നെല്ലിക്കുഴി | 69 | 21 |
| 9 | പിണ്ടിമന | 28 | 4 |
| | ആകെ | 296 | 121 |

(സി) ഫണ്ട് ലഭ്യമാക്കി നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## വിള ഇൻഷ്വറൻസ്

43 (3219) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിള ഇൻഷ്വറൻസ് പദ്ധതി എത്ര ജില്ലകളിൽ നടപ്പിലാക്കിയെന്നറിയിക്കുമോ; ചെറുകിട നാമമാത്ര കർഷകരെയും ഈ പാക്കേജിൽ ഉൾപ്പെടുത്തുവാൻ കൃഷി ഭവനിലൂടെ എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ കൃഷി ഭവനുകളിൽ ഇൻഷ്വറൻസ് അപേക്ഷകൾ കെട്ടിക്കിടക്കുന്നതായും അപേക്ഷകളിൽ തീരുമാനമാകാതെ കിടക്കുന്നതായുമുള്ള പരാതിക്ക് സർക്കാർ എന്തു പരിഹാരമാണ് നിർദ്ദേശിച്ചിരിക്കുന്നത് എന്നറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ മുഴുവൻ ജില്ലകളിലും നടപ്പിലാക്കിവരുന്നു. നിലവിലെ മാനദണ്ഡപ്രകാരം ചെറുകിട നാമമാത്ര കർഷകർക്ക് ഈ ആനുകൂല്യം അനുവദിച്ചു വരുന്നു. കൃഷിഭവൻ വഴി കർഷകർക്ക് ഈ പദ്ധതിയിൽ അംഗമാകാവുന്നതാണ്. വിശദവിവരം അനുബന്ധമായി* ചേർക്കുന്നു.

(ബി) 2018-19 സാമ്പത്തിക വർഷം മുതൽ നാളിതുവരെ ബഡ്ജറ്റ് വിഹിതത്തിൽ നിന്ന് 44.63 കോടി രൂപയും കൃഷി അഡീഷണൽ ഡയറക്ടർ (സി.പി.)യുടെ സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിൽ നിന്നും 6.37 കോടി രൂപയും ഉൾപ്പെടെ ആകെ 51 കോടി രൂപ കൃഷിനാശം സംഭവിച്ച കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. ഫണ്ട് ലഭ്യമാക്കി നഷ്ടപരിഹാരം നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കാർഷിക വിള ഇൻഷ്വറൻസ് പദ്ധതി

44 (3220) ശ്രീ. മുല്ലക്കര രത്നാകരൻ.:
ശ്രീ. ജി. എസ്. ജയലാൽ.:
ശ്രീ. മുഹമ്മദ് മുഹസിൻ പി.:
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള കാർഷിക വിള ഇൻഷ്വറൻസ് പദ്ധതിയുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) എന്തൊക്കെ കാരണങ്ങളാൽ സംഭവിക്കുന്ന നാശനഷ്ടങ്ങൾക്കാണ് വിള ഇൻഷ്വറൻസ് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകുന്നതെന്ന് വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) വിള ഇൻഷ്വറൻസിൽ അംഗമാകുന്നതിന് ഒരു കർഷകൻ സ്വീകരിക്കേണ്ട നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) വിളകൾക്ക് ഉണ്ടാകുന്ന ഭാഗീകമായ നാശനഷ്ടങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാകുമോ;

(ഇ) ഗ്രൂപ്പ് ഫാമിംഗ് നിലവിലുള്ള പാടങ്ങൾ വിള ഇൻഷ്വറൻസിൽ ചേരുന്നതിനുള്ള നിബന്ധനകൾ അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാന സർക്കാരിന്റെ പുതുക്കിയ വിള ഇൻഷ്വറൻസ് പദ്ധതി സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയും കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന പ്രധാനമന്ത്രി ഫസൽ ഭീമ യോജനയും കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയും നടപ്പിലാക്കിവരുന്നു.

സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം തെങ്ങ്, വാഴ, റബ്ബർ, കുരുമുളക്, കമുക്, ഏലം, കശുമാവ്, കൈതച്ചക്ക, കാപ്പി, ഇഞ്ചി, തേയില, മരിച്ചീനി, മഞ്ഞൾ, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പു, വെറ്റില, പയർ വർഗ്ഗങ്ങൾ, കിഴങ്ങു വർഗ്ഗങ്ങൾ, കരിമ്പ്, പുകയില, നെല്ല്, മാവ്, ചെറുധാന്യങ്ങൾ എന്നീ വിളകൾക്ക് പ്രകൃതിക്ഷോഭംമൂലം സംഭവിക്കുന്ന കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകിവരുന്നു.

വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ഭൂകമ്പം, കടലാക്രമണം, ചുഴലിക്കാറ്റ്, ഇടിമിന്നൽ, കാട്ടുതീ എന്നീ പ്രകൃതിക്ഷേഭങ്ങൾകൊണ്ടും വന്യമൃഗങ്ങളുടെ ആക്രമണം കൊണ്ടും ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ഈ പദ്ധതിയുടെ സംരക്ഷണം ലഭിക്കും. കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിലും നിബന്ധനകൾക്കും വിധേയമായി നഷ്ടപരിഹാരത്തുക നല്കുന്നതാണ്. സ്വന്താമയോ പാട്ടത്തിനോ കൃഷിയിറക്കുന്ന കർഷകർക്ക് ഈ പദ്ധതിയിൽ അംഗമാകുന്നതിന് അർഹതയുണ്ട്.

കൃഷി ഭവനുകൾ വഴിയാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയിൽ അംഗമാകാൻ ഉദ്ദേശിക്കുന്നവർ ഇതിനായി നിശ്ചയിച്ചിട്ടുള്ള അപേക്ഷാ ഫോറത്തിൽ അതാത് കൃഷി ഭവനിൽ അപേക്ഷ നൽകേണ്ടതാണ്. കൃഷി ഭവനിൽ നിന്നും തിട്ടപ്പെടുത്തി നിശ്ചയിച്ച പ്രീമിയം തുക സ്ഥലത്തെ ജില്ലാ സഹകരണ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ബാങ്ക് ശാഖകളിൽ അടയ്ക്കണം. ഇതിന്റെ അടിസ്ഥാനത്തിൽ പോളിസി കർഷകന് നൽകും. 15 ദിവസത്തിനുള്ളിൽ നിർദ്ദിഷ്ട ഫോറത്തിൽ കൃഷി ഭവനിൽ അപേക്ഷ നൽകണം. കൃഷിഭവനിൽ അപേക്ഷ ലഭിച്ച് 5 ദിവസത്തിനുള്ളിൽ ഉദ്യോഗസ്ഥർ സ്ഥലം പരിശോധിച്ച് നാശനഷ്ടം തിട്ടപ്പെടുത്തണം.

പ്രധാനമന്ത്രി ഫസൽ ഭീമ യോജന എന്ന ഇൻഷ്വറൻസ് പദ്ധതി പ്രകാരം വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, കൊടുങ്കാറ്റ്, പേമാരി, ചുഴലിക്കാറ്റ്, അത്യുഷ്ണം, ഇടിമിന്നൽ, സ്വാഭാവികമായി ഉണ്ടാകുന്ന തീ പിടിത്തം മുതലായ പ്രകൃതി ക്ഷോഭങ്ങൾമൂലമോ, രോഗ കീടങ്ങളുടെ ആക്രമണംമൂലമോ പ്രഖ്യാപിത വിളകൾക്കുണ്ടാകുന്ന ഉല്പാദന നഷ്ടത്തിൽ നിന്നും കർഷകർക്ക് ഇൻഷ്വറൻസ് സംരക്ഷണവും സാമ്പത്തിക സഹായവും ഈ പദ്ധതി മുഖേന നല്കുന്നു.

നെല്ല്, വാഴ, മരിച്ചീനി എന്നീ വിളകളെയാണ് ഈ ഇൻഷ്വറൻസിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ പദ്ധതിയുടെ ആനുകൂല്യം നെൽകൃഷിക്ക് ആലപ്പുഴ, പത്തനംതിട്ട, കോട്ടയം എന്നീ മൂന്നു ജില്ലകൾക്കാണ് പ്രയോജനപ്പെടുക. വാഴ, മരച്ചീനി എന്നീ വിളകൾ എല്ലാ ജില്ലകളിലും ഉള്ള കർഷകർക്ക് ഇൻഷ്വർ ചെയ്യാവുന്നതാണ്.

വാഴ, മരിച്ചീനി എന്നീ വിളകൾക്ക് ഇൻഷ്വർ ചെയ്യുന്ന തുകയുടെ 5 ശതമാനത്തിലധികം വരുന്ന പ്രീമിയത്തിന്മേൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ തുല്യമായി സബ്സിഡി നൽകുന്നു. ഇൻഷ്വറൻസ് ആനുകൂല്യങ്ങൾ ഇൻഷ്വറൻസ് കമ്പനി കർഷകർക്ക് നൽകുന്നതാണ്.

കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയിൽ വിളയെ ബാധിക്കുന്ന വിജ്ഞാപനം ചെയ്ത പ്രതികൂല സാഹചര്യങ്ങൾക്കെതിരെയാണ് പരിരക്ഷ നൽകുന്നത്. പദ്ധതി നടപ്പിലാക്കുന്ന ജില്ലകളിൽ കാലാവസ്ഥ നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. അഗ്രികൾച്ചറൽ ഇൻഷ്വറൻസ് കമ്പനി മുഖേന നടപ്പിലാക്കി വരുന്ന ഈ പദ്ധതിയിൽ ആലപ്പുഴ, പത്തനംതിട്ട ഒഴികെയുള്ള മറ്റ് ജില്ലകൾക്കാണ് ആനുകൂല്യം കിട്ടുന്നത്.

(ബി) വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ഭൂകമ്പം, ചുഴലിക്കാറ്റ്, കൊടുങ്കാറ്റ്, ഇടിമിന്നൽ, കാട്ടുതീ, വന്യജീവി ആക്രമണം എന്നീ പ്രകൃതി ക്ഷോഭങ്ങൾക്കാണ് പദ്ധതി സംരക്ഷണം നല്കുന്നത്. കോൾ നിലങ്ങൾ, കുട്ടനാട്, പാലക്കാട് എന്നീ പ്രദേശങ്ങൾ കൂടാതെ നെൽകൃഷിക്ക് സംസ്ഥാനത്ത് എവിടെയും കീടരോഗബാധമൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തി.

(സി)

1. സ്വന്തമായോ പാട്ടത്തിനോ കൃഷി ചെയ്യുന്ന കർഷകനായിരിക്കണം.
2. നെൽകൃഷിക്ക് ഗ്രൂപ്പ് ഫാമിംഗ് അടിസ്ഥാനത്തിൽ കൃഷി ചെയ്യുന്ന പാടശേഖരം.
3. ഗ്രൂപ്പ് ഫാമിംഗ് നിലവിലില്ലാത്ത പാടശേഖരങ്ങളിൽ വ്യക്തിഗത അടിസ്ഥാനത്തിൽ ഇൻഷ്വർ ചെയ്യണം.
4. സർക്കാർ കാലാകാലങ്ങളിൽ ഓരോ വിളയ്ക്കും നിശ്ചയിക്കുന്ന പ്രീമിയം തുക അടച്ചിരിക്കണം.
5. ഓരോ വിളയും ഭാഗികമായി ഇൻഷ്വർ ചെയ്യാൻ സാധ്യമല്ല.
6. ഉല്പാദനക്ഷമത കുറഞ്ഞതും, പ്രായാധിക്യം ഉള്ളതുമായ വൃക്ഷ വിളകൾ ഇൻഷ്വർ ചെയ്യാൻ പാടില്ല.

(ഡി) നെൽകൃഷി ഒഴികെ മറ്റു വിളകൾക്ക് ഭാഗികമായ കൃഷി നാശത്തിന് ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാകില്ല.

(ഇ) ഗ്രൂപ്പ് ഫാമിംഗ് നിലവിലുള്ള പാടശേഖരങ്ങളിൽ സജീവമായി പ്രവർത്തിക്കുന്ന സമിതികൾക്ക് സെക്രട്ടറിയുടെയോ, പ്രസിഡന്റിന്റെയോ പേരിൽ ഗ്രൂപ്പ് അടിസ്ഥാനത്തിൽ വിള ഇൻഷ്വറൻസിൽ ചേരാവുന്നതാണ്.

## അനധികൃതമായി കീടനാശിനി വിപണനം

45 (3221) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ കീടനാശിനി വിമുക്തമേഖലയാക്കി മാറ്റുക എന്ന ലക്ഷ്യപ്രാപ്തിക്കായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നറിയിക്കുമോ;

(ബി) 2018, 2019 എന്നീ വർഷങ്ങളിൽ അനധികൃതമായി കീടനാശിനി വിപണനം നടത്തിയ എത്ര പേർക്കെതിരെ നടപടി സ്വീകരിച്ചു; വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരളത്തെ കീടനാശിനി വിമുക്ത മേഖലയാക്കി മാറ്റുക എന്ന ലക്ഷ്യപ്രാപ്തിക്കായി കീടരോഗ നിവാരണത്തിന് ജൈവികനിയന്ത്രണ മാർഗ്ഗങ്ങൾ പ്രോത്സാഹിപ്പിക്കുകയും ജൈവനിയന്ത്രണോപാധികൾ ഉല്പാദിപ്പിച്ച് കർഷകർക്ക് നൽകുകയും ചെയ്യുന്നു. ഇതിലേക്കായി സംസ്ഥാന ബയോ കൺട്രോൾ ലാബിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് ഓരോ സാമ്പത്തികവർഷവും ഒരു നിശ്ചിത

തുക അനുവദിക്കുകയും ലാബിന്റെ പ്രവർത്തനം വിപുലീകരിക്കുകയും ചെയ്തിട്ടുണ്ട്. ജൈവ നിയന്ത്രണോപാധികളായ സ്യൂഡോമോണസ്, ടൈക്കോ കാർഡുകൾ, ബ്യൂവേറിയ, വെർട്ടിസീലിയം തുടങ്ങിയവ ആവശ്യാനുസരണം ഉത്പാദിപ്പിച്ച് കർഷകർക്ക് നൽകിവരികയും ജൈവിക കീടനിയന്ത്രണം സാധ്യമാക്കുകയും ചെയ്യുന്നു.

പാരസൈറ്റുകൾ (പരാദപ്രാണികൾ) മുഖേന ജൈവികനിയന്ത്രണം സാധ്യമാക്കുന്നതിനായി സംസ്ഥാനത്ത് നിലവിലുള്ള ഒൻപത് പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷനുകൾവഴി പാരസൈറ്റുകളെ ഉത്പാദിപ്പിച്ച് കർഷകർക്ക് നൽകിവരുന്നു. കൂടാതെ മേൽപ്പറഞ്ഞ ജൈവഉൽപ്പന്നങ്ങൾ, സസ്യജന്യ കീടനാശിനികൾ, വളർച്ചാ ത്വരകങ്ങൾ, ഫെറോമോൺ കെണികൾ എന്നിവ കൃഷിയിടങ്ങളിൽ ഉണ്ടാക്കുന്നതിന് കർഷകർക്ക് ബ്ലോക്കുതലത്തിലും ജില്ലാ തലത്തിലും ബോധവൽക്കരണം, പരിശീലനം എന്നിവയും നൽകിവരുന്നു. കേരള സെന്റർ ഫോർ പെസ്റ്റ് മാനേജ്മെന്റ് എന്ന സ്ഥാപനം മുഖേനയും ജൈവ കീടരോഗ നിയന്ത്രണോപാധികളും ജൈവപോഷകങ്ങളും തയ്യാറാക്കി കർഷകർക്ക് നല്കുന്നു. ജൈവിക കീടനിയന്ത്രണം സാധ്യമാക്കുന്നതിനുള്ള ലഘുലേഖകളും മറ്റും പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ മുഖേന കർഷകർക്ക് നൽകുന്നു.

ഇതിനെല്ലാം പുറമെ കാർഷിക വിളകളുടെ ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിനായി കീടരോഗ നിരീക്ഷണം നടത്തി കർഷകർക്ക് കീടരോഗ ബാധയെപ്പറ്റി മുൻകൂട്ടി അറിവ് നല്കുവാനും നിയന്ത്രണമാർഗ്ഗങ്ങൾ സ്വീകരിക്കുവാനുള്ള ശാസ്ത്രീയ നിർദ്ദേശങ്ങൾ നൽകുവാനും സംസ്ഥാനത്ത് കൃഷിഭവനോട് ചേർന്ന് സ്ഥാപിച്ചിട്ടുള്ള 252 പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ വഴി കഴിഞ്ഞിട്ടുണ്ട്. പ്ലാന്റ് ഹെൽത്ത് ക്ലിനിക്കിന്റെ ഭാഗമായ പെസ്റ്റ് സ്കൗട്ടുകൾ കൃഷിയിടം സന്ദർശിച്ച് കീടരോഗ ബാധ സംബന്ധിച്ച മുന്നറിയിപ്പുകളും നിയന്ത്രണ മാർഗ്ഗങ്ങളും കർഷകർക്ക് നൽകുന്നു. ഇന്റർനെറ്റ് ആസ്പദമാക്കിയുള്ള Crop Pest Surveillance System എന്ന സേവനം ഇതുവഴി കർഷകർക്ക് ലഭിക്കുന്നു. മണ്ണിന്റെ അമ്ലത്വ പരിശോധനയും സന്തുലിത വള പ്രയോഗം സംബന്ധിച്ച നിർദ്ദേശങ്ങളും ക്ലിനിക്കുകൾ വഴി ലഭ്യമാക്കുന്നു. കീടരോഗ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ പെസ്റ്റ് ബുള്ളറ്റിനും ഇതുവഴി ലഭ്യമാക്കുന്നു. തൻമൂലം ശത്രു/മിത്ര കീടങ്ങളെ തിരിച്ചറിയാനും കീടബാധ അനുസരിച്ച് രാസകീട നാശിനികൾ പരമാവധി കുറച്ച് ജൈവിക നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കാനും കർഷകർക്ക് കഴിയുന്നു.

(ബി) 2018 -ൽ അനധികൃതമായി കീടനാശിനി വിപണനം നടത്തിയ മൂന്നു സ്ഥാപനങ്ങളുക്കെതിരെ നടപടി സ്വീകരിക്കുകയുണ്ടായി. വിശദാംശം അനുബന്ധമായി* കൊടുത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വയനാട്ടിലെ കർഷക ആത്മഹത്യ

46 (3222) ശ്രീ. വി. ടി. ബൽറാം:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട്ടിലെ പനമരം പഞ്ചായത്തിൽ വി.ഡി. ദിനേശ്കുമാർ എന്ന കർഷകൻ ആത്മഹത്യ ചെയ്തതിന് കാരണം കാർഷിക ലോൺ തിരിച്ചടയ്ക്കുവാൻ സാധിക്കാത്തതുമൂലമുള്ള മാനസികബുദ്ധിമുട്ടാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് അന്വേഷണം ആവശ്യപ്പെട്ടുകൊണ്ട് വയനാട് എം.പി. കത്ത് നൽകിയിട്ടുണ്ടോ;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; പ്രസ്തുത കർഷകന്റെ കുടുംബത്തിന് ധനസഹായം നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ടിയാൻ പനമരം സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും 3,67,410 രൂപയും, കാനറാ ബാങ്ക് പനമരം ശാഖയിൽ നിന്നും 28,000 രൂപയും, പനമരം കാർഷിക വികസന ബാങ്കിൽ നിന്നും ഹൗസിംഗ് ലോണായി 5,00,000 രൂപയും നോർത്ത് മലബാർ ഗ്രാമീൺ ബാങ്ക് പനമരം ശാഖയിൽ നിന്നും 78,533 രൂപയും വായ്പ എടുത്തിട്ടുള്ളതായും ലോണുകൾ അടച്ച് തീർക്കാൻ കഴിയാത്തതിനാൽ ടിയാൻ മാനസിക സമ്മർദ്ദം അനുഭവിച്ചിരുന്നതായി ടിയാന്റെ കുടുംബാംഗങ്ങളിൽ നിന്നുള്ള പ്രാഥമിക റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. വിശദമായ റിപ്പോർട്ട് ജില്ലാ കളക്ടറിൽ നിന്നും ലഭ്യമാക്കുന്നതാണ്.

(ബി&സി) ഉണ്ട്. അപേക്ഷയിന്മേൽ വയനാട് ജില്ലാ കളക്ടർ ലഭ്യമാക്കിയ പ്രാഥമിക റിപ്പോർട്ട് കണക്കിലെടുത്ത് കുടുംബത്തിന് ധനസഹായം നൽകുന്ന വിഷയം റവന്യൂ വകുപ്പ് പരിശോധിച്ചുവരികയാണ്.

## കാർഷിക കടാശ്വാസ കമ്മീഷൻ

47 (3223) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ കാർഷിക കടാശ്വാസ കമ്മീഷന്റെ എത്ര സിറ്റിംഗാണ് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഇത്തരത്തിൽ നടത്തിയ സിറ്റിംഗുകളിലൂടെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) 4 സിറ്റിംഗുകളിലായി 3715 അപേക്ഷകളിൽ ന്യായ നിർണ്ണയം നടത്തി 405 കർഷകർക്ക് കടാശ്വാസമായി 1,99,97,846 രൂപയുള്ള അന്തിമ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

**കാർഷിക വായ്പകൾക്ക് മോറട്ടോറിയം**

48 (3224) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. വി. ടി. ബൽറാം:
ശ്രീ. റോജി എം. ജോൺ:
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക വായ്പകൾക്ക് 2019 ഡിസംബർ 31 വരെ സർക്കാർ മോറട്ടോറിയം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇത് പരിഗണിക്കാതെ പല ബാങ്കുകളും കർഷകർക്ക് ജപ്തി നോട്ടീസ് അയയ്ക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) തിരുവനന്തപുരം ജില്ലയിൽ മാറനല്ലൂർ പഞ്ചായത്തിലെ കുവളശ്ശേരി സ്വദേശി എം. ബി. പത്മകുമാറിന് 20,000 രൂപ കാർഷിക വായ്പയുടെ പേരിൽ ഊരൂട്ടമ്പലം എസ്.ബി.ഐ. ശാഖയിൽ നിന്നും ജപ്തി നോട്ടീസ് ലഭിച്ചുവെന്ന പരാതി ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

2018 ഓഗസ്റ്റ് 20-ന് കൂടിയ സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുടെ പ്രത്യേക യോഗം ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾ ഉടൻ നടപ്പിലാക്കേണ്ട പ്രളയ ദുരിതാശ്വാസ നടപടികൾ റിസർവ് ബാങ്ക് നിബന്ധനകൾക്ക് വിധേയമായി ചർച്ച ചെയ്ത് അംഗീകരിക്കുകയും ഈ നടപടികളുടെ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ ബാങ്കുകൾക്കും ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഈ നടപടികളുടെ

വിശദാംശങ്ങൾ www.slbc.kerala.com. എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ഇതിൻപ്രകാരം അർഹരായ കർഷകരുടെ വായ്പകൾക്കാണ് മോറട്ടോറിയം അനുവദിച്ചിട്ടുള്ളത്. വിള ഉൽപ്പാദന വായ്പകൾക്ക് പ്രളയകാലം മുതൽ ഒരു വർഷത്തേക്കും ദീർഘകാല വായ്പകൾക്ക് ഒരു വർഷം മുതൽ ഒന്നര വർഷം വരെയുമാണ് മോറട്ടോറിയം നിലവിലുള്ളത്.

കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ഹൗസിംഗ് ബോർഡ്, കോ-ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ, പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ, വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ പോലുള്ള വിവിധ സംസ്ഥാന സർക്കാർ ഏജൻസികൾ, സഹകരണ ബാങ്കുകൾ, കൂടാതെ റവന്യൂ റിക്കവറി ആക്ട്, 1968, 71-ാം വകുപ്പിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങൾ എന്നിവയിൽനിന്നും എടുത്തിട്ടുള്ള ക്ഷീരവികസനവും മൃഗ സംരക്ഷണവും ഉൾപ്പെടെയുള്ള കാർഷിക വായ്പകൾ, വിദ്യാഭ്യാസ വായ്പകൾ എന്നിവ ഉൾപ്പെടെ എല്ലാവിധ വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് 12-10-2018-ലെ സ.ഉ. (എം.എസ്) 367/2018/റവ പ്രകാരം ഉത്തരവ് തീയതി മുതൽ ഒരു വർഷത്തേക്ക് മോറട്ടോറിയം അനുവദിച്ചിരുന്നു. ആയത് 27-5-2019-ലെ സ.ഉ.(കൈ) നമ്പർ 146/2019/റവ പ്രകാരം 31-12-2019 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. ചില സഹകരണ ബാങ്കുകൾ മോറട്ടോറിയത്തിനു അർഹമായ വായ്പകളിന്മേൽ ജപ്തി നോട്ടീസുകൾ അയയ്ക്കുന്നതായി ശ്രദ്ധയിൽപ്പെട്ട ഉടൻ തന്നെ ആയത് നിർത്തിവയ്ക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) കൃഷി വകുപ്പിൽ ഇതുവരെ ലഭ്യമായിട്ടില്ല.

(ഡി) ബാധകമല്ല, പരാതി ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

## കൃഷി സമ്മാൻ പദ്ധതി

49 (3225) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച കൃഷിസമ്മാൻ പദ്ധതിയുടെ ആനുകൂല്യം സംസ്ഥാനത്തെ കർഷകർക്ക് പൂർണ്ണതോതിൽ ലഭ്യമായിട്ടുണ്ടോ;

(ബി) ഈ പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതിന് നിശ്ചയിച്ചിരുന്ന ഭൂപരിധി നിയന്ത്രണം കേന്ദ്രസർക്കാർ എടുത്ത് കളഞ്ഞത് സംസ്ഥാനത്തെ എത്ര കർഷകരെ കൂടി ഈ ആനുകൂല്യത്തിന് അർഹരാക്കി;

(സി) ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹത ഏതൊക്കെ വിഭാഗത്തിനാണ്;

(ഡി) കേന്ദ്ര സർക്കാർ മുന്നോട്ട് വച്ചിട്ടുള്ള നിബന്ധനകൾ സംസ്ഥാനത്തെ ചെറുകിട നാമമാത്ര കർഷകരെ ഈ പദ്ധതിയുടെ പുറത്ത് നിർത്തുന്ന സാഹചര്യമുണ്ടായിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) പ്രധാനമന്ത്രി കിസാൻ സമ്മാൻ നിധി സംസ്ഥാനത്തെ കർഷകർക്ക് പൂർണ്ണതോതിൽ പ്രയോജനപ്പെടുത്തുവാൻ സാധിച്ചിട്ടുണ്ട്. പദ്ധതിയിൽ സംസ്ഥാനത്ത് 28.46108 ലക്ഷം കർഷകർ ഇതുവരെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ലോക്സഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട മാതൃകാ പെരുമാറ്റ ചട്ടം നിലവിൽ വന്നതിന്റെ അടിസ്ഥാനത്തിൽ 10-3-2019 വരെ ലഭിച്ച അപേക്ഷകളിൽ വിവിധ ഘട്ടങ്ങളിലെ പരിശോധന പൂർത്തിയാക്കിയ 9.31816 ലക്ഷം കർഷകർക്ക് പദ്ധതിപ്രകാരം ഇതിനകം ആനുകൂല്യം നൽകി.

(ബി) സംസ്ഥാന സാമ്പത്തിക സ്ഥിതിവിവര വകുപ്പിന്റെ കണക്കുകൾ (2015-16) പ്രകാരം 2 ഹെക്ടറിനും അതിന് മുകളിലും കൃഷിഭൂമി കൈവശമുള്ള 68,876 കർഷകർ സംസ്ഥാനത്ത് ഉള്ളതായി കാണുന്നു. കേന്ദ്ര സർക്കാർ ഈ പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതിന് നിശ്ചയിച്ചിരുന്ന ഭൂപരിധി നിയന്ത്രണം ഒഴിവാക്കിയതിനാൽ, മേൽ വിവരിച്ച കർഷകർക്ക് മറ്റ് വ്യവസ്ഥകൾക്ക് വിധേയമായി ആനുകൂല്യം ലഭിക്കാവുന്നതാണ് എന്നു കണക്കാക്കുന്നു.

(സി) ചെറുകിട നാമമാത്ര കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി പ്രധാനമന്ത്രി കിസാൻ സമ്മാൻ നിധി (പി.എം കിസാൻ) എന്ന 100 % കേന്ദ്രാവിഷ്കൃത പദ്ധതി നടപ്പിലാക്കുന്നു. സംസ്ഥാന സർക്കാരിന്റെ ലാൻഡ് റിക്കാർഡ് പ്രകാരം 1-2-2019-ൽ കൃഷിഭൂമി കൈവശമുള്ള കർഷക കുടുംബങ്ങൾക്ക് അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് പ്രതിവർഷം 6,000 രൂപ നാലുമാസത്തിലൊരിക്കൽ മൂന്നു തുല്യ ഗഡുക്കളായി നല്കുന്നു. വനാവകാശ നിയമ പ്രകാരം കൈവശാവകാശ രേഖയുള്ള പട്ടികവർഗ്ഗ കുടുംബത്തിനും പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതാണ്.

കർഷകൻ, അദ്ദേഹത്തിന്റെ ഭാര്യ, അവരുടെ പ്രായപൂർത്തിയാകാത്ത കുട്ടികൾ എന്നിവർ ഉൾപ്പെടുന്നതാണ് കുടുംബം.

ഇപ്രകാരം ആനുകൂല്യത്തിന് അർഹതയുള്ള കർഷക കുടുംബത്തിന്, നിശ്ചിത അപേക്ഷാ ഫോമിന്റെ കൂടെ ആധാർ കാർഡിന്റെയും കൃഷി ഭൂമിയുടെ കരമടച്ച രസീതിന്റെയും ബാങ്ക് പാസ് ബുക്കിന്റെയും പകർപ്പ് സഹിതം ബന്ധപ്പെട്ട കൃഷി ഭവനിൽ അപേക്ഷ നൽകാവുന്നതാണ്.

ആനുകൂല്യത്തിൽനിന്നും ഒഴിവാക്കപ്പെടുന്ന കുടുംബങ്ങൾ

താഴെപ്പറയുന്ന ഉയർന്ന സാമ്പത്തിക നിലവാരമുള്ള വ്യക്തികൾ പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹരല്ല:

(a) സ്ഥാപനങ്ങളോടനുബന്ധിച്ച വസ്തു ഉടമകൾ (All Institutional Land holders).

(b) കർഷക കുടുംബത്തിൽ ഒന്നോ അതിലധികമോ അംഗങ്ങൾ താഴെപ്പറയുന്ന വിഭാഗത്തിൽ ഉൾപ്പെട്ടാൽ ആനുകൂല്യത്തിന് അർഹരല്ല.

- ഭരണഘടനാ സ്ഥാപനങ്ങളിലെ നിലവിലുള്ളതും മുൻപുള്ളതുമായിട്ടുള്ള ഉദ്യോഗസ്ഥർ.
- നിലവിലുള്ളതും മുൻപുള്ളതുമായിട്ടുള്ള മന്ത്രിമാർ, ലോക്സഭാംഗങ്ങൾ, രാജ്യസഭാംഗങ്ങൾ, നിയമസഭാംഗങ്ങൾ, സ്റ്റേറ്റ് ലെജിസ്ലേറ്റീവ് കൗൺസിൽ അംഗങ്ങൾ, മേയർമാർ, ജില്ലാപഞ്ചായത്ത് അദ്ധ്യക്ഷൻമാർ.
- കേന്ദ്ര സംസ്ഥാന സർക്കാർ ഓഫീസുകളിലും ആട്ടോണമസ് സ്ഥാപനങ്ങളിലും പൊതുമേഖലാ സ്ഥാപനങ്ങൾ, ഇവയുടെ ഫീൽഡ് യൂണിറ്റുകൾ, മറ്റ് ബന്ധപ്പെട്ട സ്ഥാപനങ്ങൾ എന്നിവയിലെ നിലവിൽ സർവ്വീസിലുള്ളവരും വിരമിച്ചവരുമായ ഉദ്യോഗസ്ഥരും തദ്ദേശ സ്ഥാപനങ്ങളിലെ സ്ഥിരം ജീവനക്കാരും (ക്ലാസ്സ് 4/ഗ്രൂപ്പ് D ഒഴികെയുള്ള).
- കേന്ദ്ര സംസ്ഥാന സർക്കാർ ഓഫീസുകളിലും ആട്ടോണമസ് സ്ഥാപനങ്ങളിൽനിന്നും വിരമിച്ച്, പ്രതിമാസം 10,000 രൂപയോ അതിൽ കൂടുതലോ പെൻഷൻ ആനുകൂല്യം ലഭിക്കുന്നവർ (ക്ലാസ്സ് 4/ ഗ്രൂപ്പ് D ഒഴികെയുള്ള).
- അവസാന അസ്സെസ്സ്മെന്റ് വർഷം ഇൻകം ടാക്സ് അടച്ചവർ.
- പ്രൊഫഷണൽ ജോലിയിൽ ഏർപ്പെട്ടിട്ടുള്ളവർ (ഡോക്ടർ, എഞ്ചിനീയർ, വക്കീൽ, ആർക്കിടെക്ട്, ചാർട്ടേർഡ് അക്കൗണ്ടന്റ് തുടങ്ങി നിയമാനുസൃതമായി പ്രൊഫഷണൽ ബോഡികളിൽ രജിസ്റ്റർ ചെയ്ത് പ്രാക്ടീസ് ചെയ്യുന്ന പ്രൊഫഷണൽസ്).

(ഡി) ഇല്ല. സംസ്ഥാന സർക്കാരിന്റെ ലാൻഡ് റിക്കാർഡിൽ 1-2-2019-ൽ കൃഷിഭൂമി കൈവശമുള്ള കർഷക കുടുംബങ്ങൾക്ക് മുകളിൽ സൂചിപ്പിച്ച അർഹതാ മാനദണ്ഡങ്ങൾക്ക് വിധേയമായി പദ്ധതി പ്രകാരം ആനുകൂല്യത്തിന് അപേക്ഷിക്കാവുന്നതാണ്.

**ഇക്കോ ഷോപ്പുകൾ**

50 (3226) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ ജില്ലയിൽ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ എത്ര ഇക്കോ ഷോപ്പുകൾ ആരംഭിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

തൃശ്ശൂർ ജില്ലയിൽ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ 39 ഇക്കോ ഷോപ്പുകൾ ആരംഭിച്ചിട്ടുണ്ട്. ജൈവകൃഷിയും ഉത്തമ കൃഷി മുറകളും പദ്ധതിയിൽ 22 ഇക്കോ ഷോപ്പുകളും മാർക്കറ്റിംഗ് പദ്ധതിയിൽ 17 ഇക്കോ ഷോപ്പുകളും പ്രവർത്തിച്ചുവരുന്നു. ഇവ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ബ്ലോക്ക് | കൃഷിഭവൻ |
|---|---|---|
| (1) | (2) | (3) |
| 1 | അന്തിക്കാട് | അന്തിക്കാട് |
| 2 | | മണലൂർ |
| 3 | | അരിമ്പൂർ |
| 4 | | ചാഴൂർ |
| 5 | ചാലക്കുടി | ചാലക്കുടി |
| 6 | | മേലൂർ |
| 7 | | കാടുകുറ്റി |
| 8 | ചാവക്കാട് | പുന്നയൂർ |
| 9 | | പൂക്കോട് |
| 10 | | പുന്നയൂർക്കുളം |
| 11 | ചൊവ്വന്നൂർ | ചൂണ്ടൽ |
| 12 | | വേലൂർ |
| 13 | | കടവല്ലൂർ |

| (1) | (2) | (3) |
|---|---|---|
| 14 | ഇരിങ്ങാലക്കുട | പറപ്പൂക്കര |
| 15 | | ഇരിങ്ങാലക്കുട |
| 16 | കൊടകര | അളഗപ്പനഗർ |
| 17 | | തൃക്കൂർ |
| 18 | | കൊടകര |
| 19 | | മറ്റത്തൂർ |
| 20 | മാള | അന്നമനട |
| 21 | | ആളൂർ |
| 22 | മതിലകം | എസ്.എൻ.പുരം |
| 23 | | കൈപ്പമംഗലം |
| 24 | | പെരിഞ്ഞനം |
| 25 | മുല്ലശ്ശേരി | എളവള്ളി |
| 26 | ഒല്ലൂക്കര | വിൽവട്ടം |
| 27 | | ഒല്ലൂക്കര |
| 28 | | തൃശ്ശൂർ |
| 29 | | മാടക്കത്തറ |
| 30 | പഴയന്നൂർ | പഴയന്നൂർ |
| 31 | തളിക്കുളം | ഏങ്ങണ്ടിയൂർ |
| 32 | | വാടാനപ്പള്ളി |
| 33 | | വലപ്പാട് |

| (1) | (2) | (3) |
|---|---|---|
| 34 | വെള്ളാങ്കല്ലൂർ | വേളൂക്കര |
| 35 | വടക്കാഞ്ചേരി | മുള്ളൂർക്കര |
| 36 | | വടക്കാഞ്ചേരി |
| 37 | | തെക്കുംകര |
| 38 | ചേർപ്പ് | വല്ലച്ചിറ |
| 39 | പുഴയ്ക്കൽ | അയ്യന്തോൾ |

**അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ഏറ്റെടുത്ത നിർമ്മാണപ്രവൃത്തി**

51 (3227) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ എത്ര നിർമ്മാണപ്രവൃത്തികളിലാണ് സംസ്ഥാനത്തുടനീളം കരാറിൽ ഏർപ്പെട്ടതെന്നും ഇതിൽ എത്ര എണ്ണം നാളിതുവരെയായി പൂർണ്ണമായും പണി തീർത്ത് ബിൽ സെറ്റിൽ ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനം അങ്കമാലി മണ്ഡലത്തിലെ ടൂറിസം വകുപ്പിന്റെ ഏതെങ്കിലും പദ്ധതി ഏറ്റെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണം പൂർത്തീകരിക്കേണ്ട കാലാവധി എന്നാണെന്നും നാളിതുവരെയായി എത്ര ശതമാനം പണി പൂർത്തീകരിച്ചുവെന്നും ഇനി പൂർത്തീകരിക്കേണ്ടത് എന്തെല്ലാമാണെന്നും വിശദമാക്കാമോ;

(സി) നിർദ്ദിഷ്ട പ്രവൃത്തിക്കായി ടൂറിസം വകുപ്പ് എത്ര രൂപയുടെ അലോട്ട്മെന്റ് അനുവദിച്ചെന്നും അതിൽ എത്ര രൂപ കോർപ്പറേഷൻ ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ;

(ഡി) ഈ പ്രവൃത്തിയുടെ മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥന്റെ പേരുവിവരം ലഭ്യമാക്കാമോ; പ്രവൃത്തി എന്നേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ സംസ്ഥാനത്തുടനീളം 99 നിർമ്മാണ പ്രവൃത്തികളുടെ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഇതിൽ 86 എണ്ണം നാളിതുവരെയായി പൂർണ്ണമായും പണി തീർത്ത് ബിൽ സെറ്റിൽ ചെയ്തിട്ടുണ്ട്. 13 പ്രവൃത്തികൾ പുരോഗതിയിലാണ്.

(ബി) ടൂറിസം വകുപ്പിലെ കുരിശുമുടി മലയാറ്റൂർ പദ്ധതിയുടെ നിർവ്വഹണം ഏറ്റെടുത്തിട്ടുള്ളതും 70% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതും ആകുന്നു. റസ്റ്റിംഗ് ഹട്ട്, ഇളനീർ പന്തൽ, ഒരു മെഡിറ്റേഷൻ ഹാൾ, 30 സ്റ്റോൺ ബെഞ്ചുകൾ എന്നിവ പൂർത്തീകരിക്കേണ്ടതാണ്. 18 മാസത്തെ കാലാവധിയായിരുന്നു പദ്ധതിയുടെ പൂർത്തീകരണ സമയം. അതിൻപ്രകാരം പദ്ധതി 21-12-2018-ൽ പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ പദ്ധതി ഏറ്റെടുത്ത് നടത്തുന്നതിനുള്ള സ്ഥലം വനസംരക്ഷണ മേഖലയിൽ ഉൾപ്പെട്ടതിനാൽ സ്ഥലനിർണ്ണയം ചെയ്തുകിട്ടുന്നതിനുള്ള കാലതാമസം ഉണ്ടായിട്ടുള്ളതാണ്.

(സി) 1,15,00,000 രൂപയുടെ അലോട്ട്മെന്റ് അനുവദിച്ചു. 1,15,00,000 രൂപയുടെ Utilization Certificate സമർപ്പിച്ചിട്ടുള്ളതും ആകുന്നു.

(ഡി) ഈ പ്രവൃത്തിയുടെ മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥന്റെ പേര് ശ്രീ. സിനിജോസ് മാത്യു, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (ഓപ്പറേഷൻസ്) എന്നാണ്. 2019 ഡിസംബർ മാസത്തിനകം പദ്ധതി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കരുനാഗപ്പള്ളി മണ്ഡലത്തിൽ അഗ്രോ സർവ്വീസ് സെന്റർ**

52 (3228) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി മണ്ഡലത്തിൽ അഗ്രോ സർവ്വീസ് സെന്റർ ആരംഭിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) ഇവിടെ നിന്നും ഏതെല്ലാം സേവനങ്ങളാണ് കർഷകർക്ക് ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ട്രാക്ടർ, ടില്ലർ, മെതിയന്ത്രം തുടങ്ങിയവ കർഷകർക്ക് വാടകയ്ക്ക് ലഭിക്കുന്നതിന് സൗകര്യമുണ്ടോയെന്നും ആയതിന്റെ നിരക്കുകൾ നിശ്ചയിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ ;

(ഡി) വിത്തുകൾ, വളങ്ങൾ മുതലായവ ലഭിക്കുന്നതിനും പ്രസ്തുത സെന്ററിൽ സൗകര്യമുണ്ടാകുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കരുനാഗപ്പള്ളി മണ്ഡലത്തിൽ 2018-19-ലെ കാർഷിക സേവന കേന്ദ്ര സ്കീമിൽ ഉൾപ്പെടുത്തി കാർഷിക സേവന കേന്ദ്രം അനുവദിച്ചിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം പുരോഗമിച്ചുവരുന്നു.

(ബി) അഗ്രോ സർവ്വീസ് സെന്ററുകൾ വഴി വിവിധ കൃഷിപ്പണികളിൽ യന്ത്രങ്ങളുടെയും ടെക്നീഷ്യന്റെയും സേവനം കർഷകർക്ക് ലഭിക്കും. കാർഷിക യന്ത്രങ്ങൾ സേവന കേന്ദ്രത്തിൽ ലഭ്യമാണ്. അവ ഉപയോഗിച്ച് കർഷകർക്ക് സേവനം നൽകുന്നതിനും തൊഴിലാളിക്ഷാമം പരിഹരിക്കുന്നതിനും അഗ്രോ സർവ്വീസ് സെന്ററുകൾ സഹായകരമാണ്. ഓരോ അഗ്രോ സർവ്വീസ് സെന്ററുകളിലും വിദഗ്ധ പരിശീലനം ലഭിച്ച ടെക്നീഷ്യൻമാർ ഇതിനായി പ്രവർത്തിക്കുന്നു. കാർഷിക യന്ത്രങ്ങൾ മിതമായ നിരക്കിൽ കർഷകർക്ക് വാടകയ്ക്ക് നൽകുക തുടങ്ങിയ സേവനങ്ങളും അഗ്രോ സർവ്വീസ് സെന്ററുകൾ മുഖേന കർഷകർക്ക് നൽകിവരുന്നു.

കർഷകർക്ക് വേണ്ടുന്ന എല്ലാവിധ സേവനങ്ങളും കരുനാഗപ്പള്ളി അഗ്രോ സർവ്വീസ് സെന്റർ വഴി ലഭ്യമാക്കണമെന്ന് നിർദ്ദേശം നല്കിയിട്ടുണ്ട്. പുതിയതായി ആരംഭിച്ച ടി സെന്ററിന്റെ പ്രവർത്തനം വിപുലീകരിച്ച് വരുന്നതേയുള്ളൂ. ബഹു. എം.എൽ.എ. അദ്ധ്യക്ഷനായുള്ള ബ്ലോക്കുതല കമ്മിറ്റിയുടെ നേതൃത്വത്തിലാണ് സെന്ററിന്റെ പ്രവർത്തനം നിരീക്ഷിക്കപ്പെടുന്നത്.

(സി) 27 HP KUBOTA ട്രാക്ടർ-1, KAMCO പവർ ടില്ലർ-2, തടമെടുക്കുന്ന യന്ത്രം-2, നെല്ല് മെതി പാറ്റൽ യന്ത്രം-1, KAMCO കൊയ്ത്തുയന്ത്രം-2, പമ്പ് സെറ്റ്-1, മരം മുറിക്കുന്ന യന്ത്രം-2, കാടുവെട്ടിയന്ത്രം-5, തെങ്ങു കയറ്റ യന്ത്രം-5, പവർ സ്പ്രേയർ-2, ശിഖരം കോതുന്ന യന്ത്രം-1 എന്നിങ്ങനെയുള്ള 22 ലക്ഷം രൂപ വിലമതിക്കുന്ന കാർഷിക യന്ത്രങ്ങൾ ഇവിടെ ലഭ്യമാക്കിയിട്ടുണ്ട്. പവർ ടില്ലറിന് മണിക്കൂറിന് 650 രൂപ നിരക്കിലും ഒരു തെങ്ങ് കയറുന്നതിന് 40 രൂപ നിരക്കിലും വാടക നിശ്ചയിച്ചിട്ടുണ്ട്. മറ്റ് യന്ത്രങ്ങളുടെ വാടക ബ്ലോക്ക് തല കമ്മിറ്റി നിജപ്പെടുത്തി നൽകുന്നതാണ്.

(ഡി) എല്ലാ തരത്തിലുള്ള വിത്തുകളും നടീൽ വസ്തുക്കളും ജൈവ കീടനാശിനികളും ഈ സേവന കേന്ദ്രം വഴി ലഭ്യമാക്കുന്നതിന് വേണ്ടുന്ന ക്രമീകരണങ്ങൾ ഏർപ്പെടുത്താൻ നിർദ്ദേശിച്ചിട്ടുണ്ട്.

## ഹരിത കേരള മിഷന്റെ എസ്റ്റാബ്ലിഷ്മെന്റ് ചെലവ്

53 (3229) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിത കേരള മിഷനിൽ നിലവിൽ എത്ര ജീവനക്കാരുണ്ട്; തരം തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മിഷനിൽ കരാർ/താല്ക്കാലിക ജീവനക്കാരായി എത്ര പേർ ജോലി നോക്കുന്നുണ്ട്; അവരുടെ വിശദാംശം നൽകുമോ;

(സി) ഹരിത കേരള മിഷന്റെ ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെ നാളിതുവരെയുള്ള എസ്റ്റാബ്ലിഷ്മെന്റ് ചെലവ് എത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഹരിതകേരളം മിഷനിൽ 5 കരാർ ജീവനക്കാരും 15 ദിവസവേതന ജീവനക്കാരും ഉൾപ്പെടെ നിലവിൽ 49 ജീവനക്കാർ ജോലി ചെയ്യുന്നു. തരംതിരിച്ചുള്ള പട്ടിക ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | തസ്തിക | എണ്ണം | റിമാർക്സ് |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ | 1 | സർക്കാർ നിയമനം |
| 2 | ടെക്നിക്കൽ അഡ്വൈസർ | 1 | ഒഴിവ് |
| 3 | എക്സിക്യൂട്ടീവ് അസിസ്റ്റന്റ് | 1 | ഒഴിവ് |
| 4 | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | 1 | ഡെപ്യൂട്ടേഷൻ |
| 5 | അക്കൗണ്ടന്റ് | 1 | ഡെപ്യൂട്ടേഷൻ |
| 6 | കൺസൾട്ടന്റ് | 4 | കോൺട്രാക്ട്-1<br>ഡെപ്യൂട്ടേഷൻ-2<br>വർക്കിംഗ് അറേഞ്ച്മെന്റ്-1 |
| 7 | ടെക്നിക്കൽ ഓഫീസർ | 4 | ഡെപ്യൂട്ടേഷൻ-3<br>പുനർനിയമനം-1 |

| (1) | (2) | (3) | (4) |
|---|---|---|---|
| 8 | പബ്ലിക് റിലേഷൻ ഓഫീസർ | 1 | വർക്കിംഗ് അറേഞ്ച്മെന്റ് |
| 9 | ഇ.വി.സി.-യുടെ പേഴ്സണൽ അസിസ്റ്റന്റ് | 1 | ഡെപ്യൂട്ടേഷൻ |
| 10 | അസിസ്റ്റന്റ് | 3 | ഡെപ്യൂട്ടേഷൻ-3 |
| 11 | ജില്ലാ കോ-ഓർഡിനേറ്റർമാർ | 14 | ഡെപ്യൂട്ടേഷൻ-12<br>പുനർനിയമനം-2 |
| 12 | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 16 | കരാർ-2<br>ദിവസവേതനം-14 |
| 13 | ഓഫീസ് അസിസ്റ്റന്റ് | 1 | കരാർ |
| 14 | നൈറ്റ് വാച്ച്മാൻ | 1 | കരാർ |
| 15 | ഫുൾടൈം സ്വീപ്പർ | 1 | ദിവസവേതനം |

(സി) നാളിതുവരെ ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള എസ്റ്റാബ്ലിഷ്മെന്റ് ചെലവ് 5 കോടി 22 ലക്ഷം രൂപയാണ്.

**ആത്മയിലെ ജീവനക്കാരുടെ ശമ്പളക്കുടിശ്ശിക**

54 (3230) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന്റെ കീഴിലുള്ള ആത്മയിലെ ജീവനക്കാർക്ക് നിലവിൽ ശമ്പളക്കുടിശ്ശികയുണ്ടോ; ഉണ്ടെങ്കിൽ എത്രമാസത്തെ കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ശമ്പളം മുടങ്ങുവാനുള്ള കാരണം വ്യക്തമാക്കുമോ; ശമ്പളക്കുടിശ്ശിക അടിയന്തരമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കൃഷി വകുപ്പിന്റെ കീഴിലുള്ള ആത്മയിലെ ജീവനക്കാർക്ക് ശമ്പളക്കുടിശ്ശിക ഉണ്ടായിരുന്നെങ്കിലും മേയ് ആദ്യ വാരത്തോടെ 454.5 ലക്ഷം രൂപ ജില്ലകൾക്കും പരിശീലന കേന്ദ്രമായ SAMETI-ക്കും നൽകുകയും അത് പരിഹരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തു. നിലവിൽ ആത്മ ജീവനക്കാർക്ക് മേയ് 2019-ലെ ശമ്പളം കുടിശ്ശികയായിട്ടുണ്ട്. 2019-20-ലെ ആത്മയുടെ ആദ്യ ഗഡു ഫണ്ട് കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭ്യമാകുന്നതോടെ ഇത് പരിഹരിക്കപ്പെടുന്നതാണ്.

(ബി) 2018-19-ലെ ആത്മ പദ്ധതിയുടെ രണ്ടാം ഗഡുവായ കേന്ദ്ര സർക്കാർ വിഹിതം 90.9 ലക്ഷം രൂപ 25-2-2019-നും മൂന്നാം ഗഡു കേന്ദ്ര സർക്കാർ വിഹിതം 181.80 ലക്ഷം രൂപ 7-3-2019-നുമാണ് കേന്ദ്ര സർക്കാർ അനുവദിച്ചത്. മേൽ പറഞ്ഞ തുകകളുടെ ആനുപാതികമായ സംസ്ഥാന സർക്കാർ വിഹിതം 60.6 ലക്ഷം, 121.2 ലക്ഷം എന്നിവ 28-3-2019-ൽ സംസ്ഥാന സർക്കാർ അനുവദിക്കുകയും ചെയ്തു. സാമ്പത്തിക വർഷം അവസാനമായതിനാൽ ട്രഷറികളിൽ തുക മാറി നൽകുന്നതിന് നിയന്ത്രണം ഉണ്ടായിരുന്നതിനാൽ മേയ് ആദ്യ വാരത്തോടെ തുക മാറി ജില്ലകളിൽ നൽകുകയും ശമ്പളക്കുടിശ്ശിക പ്രശ്നം പരിഹരിക്കുകയുമുണ്ടായി.

## കൃഷി ഓഫീസർ തസ്തികയിൽ ഒഴിവ്

55 (3231) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ കൃഷി ഓഫീസർ തസ്തികയിൽ എത്ര ഒഴിവുകളുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര കൃഷി ഓഫീസർമാരെ പി.എസ്.സി. മുഖാന്തരം നിയമിച്ചു എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് നിലവിൽ 25 കൃഷി ഓഫീസർമാരുടെ ഒഴിവ് നിലവിലുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| | |
|---|---|
| തിരുവനന്തപുരം | 1 |
| ഇടുക്കി | 2 |
| തൃശ്ശൂർ | 4 |
| മലപ്പുറം | 2 |
| പാലക്കാട് | 4 |
| കോഴിക്കോട് | 4 |
| കണ്ണൂർ | 8 |

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 268 കൃഷി ഓഫീസർമാരുടെ ഒഴിവുണ്ടായിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 524 കൃഷി ഓഫീസർമാരെ പി.എസ്.സി. മുഖാന്തരം നിയമിച്ചിട്ടുണ്ട്. നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## എളവള്ളി കൃഷിഭവനിലെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി

56 (3232) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മണലൂർ മണ്ഡലത്തിലെ എളവള്ളി കൃഷിഭവനിൽ കൃഷി ഓഫീസർ, കൃഷി അസിസ്റ്റന്റ് എന്നീ തസ്തികകളിൽ ഒഴിവുകൾ നിലവിലുണ്ടോ എന്നും, ഉണ്ടെങ്കിൽ പ്രസ്തുത ഒഴിവുകൾ നികത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നും അറിയിക്കാമോ?

ഉത്തരം

മണലൂർ മണ്ഡലത്തിലെ എളവള്ളി കൃഷിഭവനിലെ കൃഷി ഓഫീസർ 1-3-2019 മുതൽ 28-2-2024 വരെ ശൂന്യവേതനാവധിയിലാണ്. ടി ഒഴിവ് പി.എസ്.സി.-യെ അറിയിച്ചിട്ടുണ്ട്. കൃഷി അസിസ്റ്റന്റ് തസ്തികകളിൽ രണ്ട് ഒഴിവുകൾ നിലവിലുണ്ട്. ഇവ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## ആത്മയിലെ ജീവനക്കാരുടെ ശമ്പളം

57 (3233) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിലെ വിജ്ഞാനവ്യാപന വിഭാഗമായ ആത്മയിൽ ജീവനക്കാർക്ക് മാസങ്ങളായി ശമ്പളം ലഭിക്കുന്നില്ല എന്ന അക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേന്ദ്രസർക്കാർ, ഈ വിഭാഗം ജീവനക്കാർക്ക് വർദ്ധിപ്പിച്ച ശമ്പളം സംസ്ഥാനത്ത് അനുവദിച്ചിട്ടുണ്ടോ;

(സി) ജീവനക്കാർക്ക് ലഭിക്കാനുള്ള ശമ്പളം എന്നത്തേക്ക് നൽകുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ആത്മ ജീവനക്കാർക്ക് ശമ്പളക്കുടിശ്ശിക ഉണ്ടായിരുന്നെങ്കിലും അത് പരിഹരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ശമ്പളം മാറുന്നതിനും ആത്മയുടെ മറ്റ് ഘടകങ്ങൾ നടപ്പിലാക്കുന്നതിനുമായി മേയ് 2019 ആദ്യ വാരം 454.5 ലക്ഷം രൂപ ജില്ലകൾക്കും പരിശീലന കേന്ദ്രമായ SAMETI – ക്കും നൽകുകയുണ്ടായി.

(ബി) ആത്മയിലെ താൽക്കാലിക ജീവനക്കാരായ അസിസ്റ്റന്റ് ടെക്നോളജി മാനേജർ (ATM), ബ്ലോക്ക് ടെക്നോളജി മാനേജർ(BTM) എന്നീ വിഭാഗം ജീവനക്കാർക്കാണ് കേന്ദ്ര സർക്കാർ ശമ്പളം വർദ്ധിപ്പിച്ചത്. വർദ്ധിപ്പിച്ച ശമ്പളം സംസ്ഥാനത്ത് അനുവദിക്കുന്നതിനായി ആത്മയുടെ Inter Departmental working Group (IDWG) യോഗത്തിൽ ചർച്ച ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ ശമ്പള വർദ്ധനവിനുള്ള പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിക്കാൻ കൃഷി വകുപ്പ് ഡയറക്ടറോട് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. ആയത് ലഭ്യമാക്കി പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(സി) ശമ്പളം മറ്റു ഘടകങ്ങൾ എന്നിവയ്ക്കായി 454.5 ലക്ഷം രൂപ നൽകിക്കഴിഞ്ഞു.

## കൃഷി വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ

58 (3234) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാസ്ഥാപനങ്ങൾ ഏതെല്ലാം; ഓരോ സ്ഥാപനത്തിന്റെയും കഴിഞ്ഞ അഞ്ച് വർഷത്തെ ലാഭം/നഷ്ടം എത്രയെന്ന് വർഷംതിരിച്ച് വിശദമാക്കുമോ;

(ബി) ഇവയിൽ ഓരോ സ്ഥാപനത്തിന്റെയും നിലവിലെ എം.ഡി. ആരാണെന്നും അവർ എന്നുമുതലാണ് പ്രസ്തുത സ്ഥാപനത്തിൽ എം.ഡി. ആയി നിയമിക്കപ്പെട്ടതെന്നും ഓരോരുത്തരുടെയും മാതൃവകുപ്പും തസ്തികയും ഏതൊക്കെയാണെന്നും വിശദമാക്കുമോ;

(സി) ഇവരിൽ ആരുടെയെല്ലാം പേരിലാണ് വിജിലൻസ് കേസ് ഉള്ളതെന്നും ഓരോരുത്തരുടെയും പേരിലുള്ള കേസുകളുടെ വിശദാംശവും വ്യക്തമാക്കുമോ;

(ഡി) വിജിലൻസ് കേസ് നേരിടുന്ന ഇവരിൽ ആർക്കെങ്കിലും കാലാവധി നീട്ടി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) കൃഷി വകുപ്പിനു കീഴിൽ കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ ലിമിറ്റഡ് (KAMCO), കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (KLDC), ഓയിൽ പാം ഇൻഡ്യ ലിമിറ്റഡ് (OPIL), ഹോർട്ടികോർപ്പ്, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ് (KAICO), സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് (SFCK), കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ (KSWC), പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്

(PCKL), വാഴക്കുളം അഗ്രോ & ഫ്രൂട്ട് പ്രോസസിംഗ് കമ്പനി ലിമിറ്റഡ് (VAFPCL), കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ (KSCDC) എന്നീ പത്ത് പൊതുമേഖലാ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. കൂടാതെ സഹകരണ നിയമ പ്രകാരം 4370-ാം നമ്പർ ആയി രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു അപ്പെക്സ് ഫെഡറേഷൻ ആയ കേരഫെഡ്, യൂറോപ്യൻ യൂണിയന്റെ സാമ്പത്തിക സഹായത്തോടുകൂടി ആരംഭിച്ച വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരള (VFPCK) എന്നിവയും കൃഷി വകുപ്പിനു കീഴിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങളാണ്.

ഓരോ സ്ഥാപനത്തിന്റെയും കഴിഞ്ഞ അഞ്ച് വർഷത്തെ ലാഭം/നഷ്ടം എത്രയെന്ന് വർഷംതിരിച്ച് അനുബന്ധം* ആയി ചേർത്തിരിക്കുന്നു.

(ബി) ഓരോ സ്ഥാപനത്തിന്റെയും നിലവിലെ എം.ഡി. ആരാണെന്നും അവർ എന്നുമുതലാണ് പ്രസ്തുത സ്ഥാപനത്തിൽ എം.ഡി. ആയി നിയമിക്കപ്പെട്ടതെന്നും ഓരോരുത്തരുടെയും മാതൃവകുപ്പും തസ്തികയും ഏതൊക്കെയാണെന്നും സംബന്ധിച്ച വിശദാംശങ്ങൾ സ്ഥാപനം തിരിച്ച് അനുബന്ധം* ആയി ചേർത്തിരിക്കുന്നു.

(സി) കൃഷി വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ മാനേജിംഗ് ഡയറക്ടർമാരിൽ ആരുടെയും പേരിൽ വിജിലൻസ് കേസ് നിലവിലില്ല. ഇവരുടെ പേരിൽ വിജിലൻസ് കേസില്ല എന്നുള്ള റിപ്പോർട്ട് വിജിലൻസിൽ നിന്നും വാങ്ങിയ ശേഷം മാത്രമേ MD-മാരെ നിയമിക്കാറുള്ളൂ.

(ഡി) കൃഷി വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ വിജിലൻസ് കേസ് നേരിടുന്നവർക്ക് കാലാവധി നീട്ടി നൽകിയിട്ടില്ല. മാനേജിംഗ് ഡയറക്ടർമാരുടെ കാലാവധി നീട്ടിനൽകുന്നത് വിജിലൻസ് വകുപ്പിന്റെ നിരാക്ഷേപ പത്രത്തിന്റെ അടിസ്ഥാനത്തിലാണ്.

## അഗ്രികൾച്ചറൽ അസിസ്റ്റന്റ് തസ്തികയിൽ ഒഴിവുകൾ

59 (3235) ശ്രീ. പി. കെ. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ അഗ്രികൾച്ചറൽ അസിസ്റ്റന്റ് തസ്തികയിൽ എത്ര ഒഴിവുകളുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര പേരെ അഗ്രികൾച്ചറൽ അസിസ്റ്റന്റ് തസ്തികയിൽ പി.എസ്.സി. മുഖാന്തരം നിയമിച്ചിട്ടുണ്ട് എന്ന് അറിയിക്കാമോ;

(സി) ഈ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ നിയമനത്തിനായി പി.എസ്.സി. യിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് നിലവിൽ 119 അഗ്രിക്കൾച്ചറൽ അസിസ്റ്റന്റുമാരുടെ ഒഴിവ് നിലവിലുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| | |
|---|---|
| തിരുവനന്തപുരം | ഇല്ല |
| ഇടുക്കി | 5 |
| തൃശ്ശൂർ | 19 |
| മലപ്പുറം | 11 |
| പാലക്കാട് | ഇല്ല |
| കോഴിക്കോട് | 50 |
| കണ്ണൂർ | 25 |
| കൊല്ലം | ഇല്ല |
| കോട്ടയം | 2 |
| ആലപ്പുഴ | 1 |
| പത്തനംതിട്ട | 2 |
| എറണാകുളം | 2 |
| വയനാട് | ഇല്ല |
| കാസർഗോഡ് | 2 |

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 125 പേരെ അഗ്രിക്കൾച്ചറൽ അസിസ്റ്റന്റ് തസ്തികയിൽ പി.എസ്.സി. മുഖാന്തരം നിയമിച്ചു.

(സി) അഗ്രിക്കൾച്ചറൽ അസിസ്റ്റന്റ് തസ്തികയിൽ നിലവിൽ 101 ഒഴിവുകൾ നിയമനത്തിനായി പി.എസ്.സി.-യിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**എടവക ഗ്രാമപഞ്ചായത്തിലെ പഴം-പച്ചക്കറി സംസ്കരണ കേന്ദ്രം**

60 (3236) <u>ശ്രീ. ഒ. ആർ. കേളു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി മണ്ഡലത്തിലെ എടവക ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന പഴം പച്ചക്കറി സംസ്കരണകേന്ദ്രത്തിന്റെ പ്രവർത്തനം സംബന്ധിച്ച നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) ഈ കേന്ദ്രത്തിന്റെ പ്രവർത്തനത്തിന് നിലവിൽ എന്തെങ്കിലും തടസങ്ങൾ ഉണ്ടോ;

(സി) ഈ സ്ഥാപനത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്യുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മാനന്തവാടി മണ്ഡലത്തിലെ എടവക ഗ്രാമപഞ്ചായത്തിലെ പഴം-പച്ചക്കറി പാക്ക്ഹൗസ് അപേഡയുടെ സഹായത്തോടെ 6-9-2017-ൽ നിർമ്മാണം പൂർത്തിയാക്കി 25-10-2017-ൽ ട്രയൽ റൺ നടത്തുകയുണ്ടായി. അതിനുശേഷം 56.9 മെട്രിക് ടൺ പഴം-പച്ചക്കറി ഉൽപ്പന്നങ്ങൾ പാക്ക് ഹൗസിൽ നിന്നും കയറ്റുമതിക്കായി സംസ്കരണം നടത്തിയിട്ടുണ്ട്. നിലവിൽ 3 മാസത്തേക്ക് പരീക്ഷണാടിസ്ഥാനത്തിൽ ചക്ക സംസ്കരണത്തിനായും പാക്ക് ഹൗസ് സൗകര്യം ഉപയോഗപ്പെടുത്തുന്നുണ്ട്.

(ബി&സി) കയറ്റുമതി ഉൽപ്പന്നങ്ങൾ കൊണ്ടുപോകുന്നതിനുള്ള കണ്ടെയിനറുകൾ ഘടിപ്പിച്ച് വാഹനങ്ങൾ ചുരം കയറി എത്തുവാൻ ബുദ്ധിമുട്ടാണ്. അതിനാൽ കയറ്റുമതി ഏജൻസികൾ പാക്ക് ഹൗസിന്റെ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുന്നതിൽ വിമുഖത കാണിക്കുന്നുണ്ട്.

സംസ്ഥാനത്ത് ഒരു കാർഷികോൽപ്പന്ന കയറ്റുമതി നയം രൂപം കൊടുത്ത് നടപ്പിലാക്കുന്നതിനുള്ള തീരുമാനം സർക്കാർ കൈക്കൊണ്ടിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഇതുമായി ബന്ധപ്പെട്ട നയങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന്റെ ഭാഗമായി പഴം-പച്ചക്കറി മേഖലയിൽ കയറ്റുമതി അധിഷ്ഠിത കർഷക ക്ലസ്റ്ററുകൾ സംഘടിപ്പിക്കാനുള്ള ഫീൽഡുതല പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇത്തരം ക്ലസ്റ്ററുകളുടെ പ്രവർത്തനത്തോടെ കയറ്റുമതിക്കാവശ്യമായ ഉൽപ്പന്നങ്ങൾ ജില്ലയിൽനിന്നും ലഭ്യമാകുന്നതുവഴി കയറ്റുമതി ഏജൻസികളെ ആകർഷിക്കാനും പാക്ക് ഹൗസിന്റെ പ്രവർത്തനം മെച്ചപ്പെടുത്താനും സാധിക്കും. കേരള കാർഷിക സർവ്വകലാശാലയുമായി സഹകരിച്ച് നേന്ത്രക്കായുടേയും മറ്റ് പച്ചക്കറികളുടേയും കടൽ വഴിയുള്ള കയറ്റുമതിക്ക് ആവശ്യമായ പ്രോട്ടോകോളുകളും തയ്യാറാക്കിവരുന്നു. കയറ്റുമതി കൃഷിക്ക് താൽപ്പര്യമുള്ള കൃഷിക്കാരുടേയും കയറ്റുമതിക്കാരുടേയും യോഗങ്ങൾ കൂടുവാനും പരിശീലന പരിപാടികൾ സംഘടിപ്പിക്കാനും നടപടികൾ സ്വീകരിച്ചുവരുന്നു. യൂറോപ്യൻ രാജ്യങ്ങളിലേക്ക് കയറ്റുമതി നടത്തുന്നതിനായി പാക്ക് ഹൗസ് അപേഡയിൽ രജിസ്റ്റർ ചെയ്യേണ്ടത് ആവശ്യമാണ്. അപേഡയുടെ അംഗീകാരം വാങ്ങി പൂർണ്ണശേഷിയിൽ പാക്ക് ഹൗസ് പ്രവർത്തിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## കെ.എൽ.യു. അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

61 (3237) ശ്രീ. കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആവശ്യങ്ങൾക്കും പൊതു ആവശ്യങ്ങൾക്കും കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലത്തിന്റെ കെ.എൽ.യു. അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) നിലവിൽ മറ്റ് ആവശ്യങ്ങൾക്കും കെ.എൽ.യു. അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ആക്ട് പ്രകാരം ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട ഭൂമിയിൽ പൊതു ആവശ്യത്തിലേക്കായി നെൽവയൽ രൂപാന്തരപ്പെടുത്തുന്നതിന് പ്രാദേശികതല നിരീക്ഷണ സമിതിക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷ ലഭിച്ച് ഒരു മാസത്തിനകം അപ്രകാരമുള്ള രൂപാന്തരപ്പെടുത്തൽ ചേർന്നു കിടക്കുന്ന നെൽവയലുകളിലെ കൃഷിയെ എപ്രകാരം ബാധിക്കുമെന്നും അതിലേയ്ക്കുള്ള സുഗമമായ നീരൊഴുക്ക് ഉറപ്പു വരുത്തുവാൻ സ്വീകരിക്കേണ്ട നടപടികളും ആവശ്യമായി വരുന്നിടത്തെല്ലാം സ്വീകരിക്കേണ്ട അനുയോജ്യമായ ജലസംരക്ഷണ നടപടികളും അപേക്ഷകൻ അപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ട പ്രദേശവും ഉൾപ്പെടുത്തിയ റിപ്പോർട്ടും രൂപാന്തരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്ന ഭൂമിയുടെ സ്കെച്ചും ഉൾപ്പെടെ സംസ്ഥാനതല സമിതിക്ക് സമർപ്പിക്കേണ്ടതാണ്.

കാർഷികോൽപ്പാദന കമ്മീഷണർ കൺവീനർ ആയിട്ടുള്ള സംസ്ഥാനതല സമിതി റിപ്പോർട്ട് വിശദമായി പരിശോധിച്ച് 3 മാസത്തിനകം ശിപാർശ സഹിതം സർക്കാരിലേക്ക് നൽകേണ്ടതും അതിന്റെ അടിസ്ഥാനത്തിൽ നെൽവയൽ രൂപാന്തരപ്പെടുത്തുന്നതിന് അനുവാദം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കാവുന്നതുമാണ്.

ഏതെങ്കിലും പൊതു ആവശ്യത്തിലേക്കായി "വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി" യുടെ പരിവർത്തനപ്പെടുത്തൽ ആവശ്യമാകുന്നിടത്ത് റവന്യൂ ഡിവിഷണൽ ഓഫീസർക്ക് ലഭിക്കുന്ന അപേക്ഷയിന്മേൽ, റവന്യൂ ഡിവിഷണൽ ഓഫീസർ സമീപത്ത് നെൽവയലുകൾ ഏതെങ്കിലും ഉണ്ടെങ്കിൽ അതിലേക്കുള്ള സുഗമമായ നീരൊഴുക്കിനെ തടസ്സപ്പെടുത്തുന്നില്ലായെന്ന് ഉറപ്പുവരുത്തുന്നതിന് സ്വീകരിക്കേണ്ട

നടപടികൾ വിശദീകരിച്ചുകൊണ്ട് സർക്കാരിന് റിപ്പോർട്ട് നൽകേണ്ടതും ഇത് ഉറപ്പ് വരുത്തുന്നതിന് ആവശ്യമായ ജലസംരക്ഷണ നടപടികൾ നിർദ്ദേശിക്കേണ്ടതുമാണ്. പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിച്ച്, പൊതു ആവശ്യത്തിലേക്കായി "വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി" രൂപാന്തരപ്പെടുത്തുന്നതിനുള്ള അനുമതി നൽകാവുന്നതാണ്. എന്നാൽ അപ്രകാരമുള്ള അനുമതി നൽകുന്നിടത്ത് സർക്കാരിന് റവന്യൂ ഡിവിഷണൽ ഓഫീസറുടെ ശിപാർശകളിന്മേൽ ആവശ്യമായ ഭേദഗതികൾ വരുത്താവുന്നതാണ്.

പരിവർത്തനാനുമതി അനുവദിക്കപ്പെട്ട ഭൂമിയുടെ വിസ്തീർണ്ണം 20.2 ആറിൽ അധികമെങ്കിൽ അപ്രകാരമുള്ള ഭൂമിയുടെ 10 % ജല സംരക്ഷണ നടപടികൾക്കായി നീക്കിവയ്ക്കേണ്ടതാണ്.

(ബി) 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ഭേദഗതി നിയമത്തിലെ 27 (A) പ്രകാരം വാണിജ്യാവശ്യങ്ങൾക്കോ/ മറ്റ് ആവശ്യങ്ങൾക്കോ "വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ" സ്വഭാവ വ്യതിയാനത്തിന് അനുമതിക്കായി റവന്യൂ ഡിവിഷണൽ ഓഫീസർക്ക് അപേക്ഷ നൽകാൻ വ്യവസ്ഥയുണ്ട്. അപേക്ഷ അനുവദിക്കുന്ന പക്ഷം നിർണ്ണയിക്കപ്പെട്ട നിശ്ചിത ഫീസ് നൽകാൻ അപേക്ഷകൻ ബാധ്യസ്ഥനാണ്. ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട ഭൂമിയിൽ പൊതു ആവശ്യത്തിനും വീട് നിർമ്മിക്കുന്നതിനുവേണ്ടിയും മാത്രമേ പരിവർത്തനാനുമതി നൽകാൻ വ്യവസ്ഥയുള്ളൂ.

## ഹരിത കേരള മിഷന്റെ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സന്റെ സേവന വേതന വ്യവസ്ഥകൾ

62 (3238) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിത കേരള മിഷന്റെ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ നിലവിൽ ആരാണ്; അവരുടെ സേവന വേതന വ്യവസ്ഥകൾ എന്തൊക്കെയാണ്;

(ബി) നാളിതുവരെയായി ശമ്പളം, ബത്ത, യാത്രാ ചെലവ്, ചികിത്സാ ചെലവ് തുടങ്ങിയ ഇനങ്ങളിൽ എന്ത് തുക എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ കൈപ്പറ്റിയിട്ടുണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഡോ. ടി. എൻ. സീമ (മുൻ എം.പി.).

85000 രൂപ അടിസ്ഥാന ശമ്പളവും അതിന് ആനുപാതികമായി സർക്കാർ ഉദ്യോഗസ്ഥർക്ക് അനുവദിച്ചിട്ടുള്ള ബത്തകളുമാണ് എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സണ് അനുവദിച്ചിരിക്കുന്നത്.

(ബി) 2016 നവംബർ മുതൽ നാളിതുവരെയായി ശമ്പളം, ബത്ത ഇനത്തിൽ 31,63,410 രൂപയും യാത്രാച്ചെലവ് ഇനത്തിൽ 40,882 രൂപയും ആയി ആകെ 32,04,292 രൂപ കൈപ്പറ്റിയിട്ടുണ്ട്. ചികിത്സാച്ചെലവിനത്തിൽ യാതൊരു തുകയും കൈപ്പറ്റിയിട്ടില്ല.

## ചക്കയ്ക്ക് ഓർഗാനിക് സർട്ടിഫിക്കേഷൻ

63 (3239) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനഫലമായ ചക്കയ്ക്ക് ഓർഗാനിക് സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണ് ;

(ബി) ചക്ക വിളയിക്കുന്നതിനായി പ്ലാന്റേഷൻ മാതൃകയിൽ പ്ലാവ് വളർത്തുന്നതിന് ആലോചനയുണ്ടോ;

(സി) 2018-ൽ ചക്കയെ സംസ്ഥാന ഫലമായി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ ചക്ക കർഷകർക്ക് എന്തെങ്കിലും ആനുകൂല്യം നൽകുന്നുണ്ടോ ;

(ഡി) ചക്കയിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്ന പദ്ധതി സർക്കാർ തലത്തിൽ ആലോചിക്കുന്നുണ്ടോ; വിശദമാക്കുമോ ?

ഉത്തരം

(എ) ജൈവ സർട്ടിഫിക്കേഷനുവേണ്ടിയുള്ള പാർട്ടിസിപ്പേറ്ററി ഗ്യാരന്റി സിസ്റ്റം അനുസരിച്ച് പഴം-പച്ചക്കറി ഉൽപ്പാദകരായ കർഷകർക്ക് ജൈവ സർട്ടിഫിക്കേഷൻ നൽകുന്നതിനുള്ള പദ്ധതി വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി, 33 കർഷകർക്ക് 'പി.ജി.എസ്. ഗ്രീൻ' സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുണ്ട്. ഇതിൽ കോട്ടയം, ഇടുക്കി ജില്ലകളുടെ മൂന്ന് ചക്ക ഉൽപ്പാദക കർഷകരും ഉൾപ്പെടുന്നു.

ഇതിനുപുറമേ, ഉത്തമകൃഷി മുറ (Good Agricultural Practices) അനുവർത്തിച്ചിട്ടുള്ള INDGAP എന്ന സർട്ടിഫിക്കേഷൻ പദ്ധതിയിൽ ചക്കയെ

ഉൾപ്പെടുത്തുന്നതിനുള്ള നടപടികളും കൈക്കൊണ്ടുവരുന്നു. കേന്ദ്രസർക്കാരിനു കീഴിലുള്ള Quality Council of India എന്ന സ്ഥാപനവുമായി ചേർന്ന് ഈ പദ്ധതി നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(ബി & സി) പ്ലാന്റേഷൻ മാതൃകയിൽ പ്ലാവ് കൃഷി ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മുഖേന ചക്കയുടെ വിളവിസ്തൃതി വ്യാപനത്തിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു. മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്പ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ (MIDH) എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ചക്കയുടെ വിള വിസ്തൃതി വ്യാപനം നടപ്പാക്കിവരുന്നുണ്ട്.

(ഡി) 2018-ൽ ചക്കയെ കേരളത്തിന്റെ ഔദ്യോഗിക ഫലമായി പ്രഖ്യാപിക്കുകയുണ്ടായി. പത്തനംതിട്ട കൃഷി വിജ്ഞാനകേന്ദ്രം, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റർ ഡിസിപ്ലിനറി സയൻസ് & ടെക്നോളജി തിരുവനന്തപുരം, റീജിയണൽ അഗ്രികൾച്ചറൽ റിസർച്ച് സ്റ്റേഷൻ അമ്പലവയൽ എന്നീ സ്ഥാപനങ്ങൾ ചക്കയുടെ മൂല്യവർദ്ധനവിന്റെ സാധ്യതകൾ പരിശോധിക്കുന്നതിനായി വിവിധ പഠനങ്ങളിൽ/ഗവേഷണങ്ങളിൽ ഏർപ്പെട്ടു വരുന്നുണ്ട്. ചക്കയിൽ നിന്നും മറ്റ് കാർഷിക വിളകളിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള സാമ്പത്തിക സഹായം നൽകുന്ന പദ്ധതി സ്മാൾ ഫാർമേഴ്സ് അഗ്രിബിസിനസ് കൺസോർഷ്യം (SFAC) മുഖേന നടപ്പിലാക്കി വരുന്നുണ്ട്. 2018-19-ൽ ചക്കയിൽ നിന്നുമാത്രം മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് 6 സ്ഥാപനങ്ങൾ (അഗ്രോ പ്രൊസസിംഗ് യൂണിറ്റുകൾ) മുന്നോട്ടുവന്നിട്ടുണ്ട്.

2016-17 മുതൽ 2018-19 വരെ എസ്.എഫ്.എ.സി. മുഖേന ചക്ക യൂണിറ്റുകൾക്ക് അനുവദിച്ച സബ്സിഡി വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | യൂണിറ്റിന്റെ പേര് | അനുവദിച്ച തുക |
|---|---|---|
| (1) | (2) | (3) |
| 1 | നീലൂർ പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ്, നീലൂർ പി.ഒ, കോട്ടയം | 18,50,565.00 |
| 2 | വാസുകി ഫാർമേഴ്സ് സൊസൈറ്റി കാക്കവയൽ പി.ഒ, വയനാട് | 50,00,000.00 |
| 3 | പി.സി.ഫുഡ് പ്രൊഡക്റ്റ്സ്, ശ്രീ.അഭിലാഷ് കെ.കെ, പുറമേരി പി.ഒ,വടകര, കോഴിക്കോട് | 9,38,352.00 |

| (1) | (2) | (3) |
|---|---|---|
| 4 | ജാക്ക് ഫുഡ് കാർട്ട്, ശ്രീ.സജീവൻ ഇ.ജെ, കേളകം പി.ഒ, കണ്ണൂർ | 9,50,000.00 |
| 5 | റെയിൻ ട്രീ ഹെറിറ്റേജ് ഫുഡ്സ്, ശ്രീ. മാനസ് മധു, തിരുവല്ലം, തിരുവനന്തപുരം | 9,60,054.00 |
| 6 | ഫ്രൂട്ട് ആൻഡ് റൂട്ട്, രാജശ്രീ. ആർ, പനയിൽ പി.ഒ, നൂറനാട്, കൊല്ലം | 1,98,011.00 |

കൂടാതെ കാർഷിക സർവ്വകലാശാലയുടെ സാങ്കേതിക സഹായത്തോടെ ചക്കയിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടി വി.എഫ്.പി.സി.കെ.-യും സ്വീകരിച്ചുവരുന്നു.

## മന്ത്രിമാർ പങ്കെടുക്കുന്ന ചടങ്ങുകളുടെ ചെലവിന് നഗരസഭയ്ക്ക് പ്രത്യേക ഫണ്ട്

64 (3240) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭകളുടെ കീഴിലുള്ള വിവിധ സർക്കാർ സ്ഥാപനങ്ങളിൽ മന്ത്രിമാർ പങ്കെടുക്കുന്ന ചടങ്ങുകൾ നടക്കുമ്പോൾ പ്രസ്തുത ചെലവിലേക്കായി ഒരു പ്രോഗ്രാമിന് എത്രരൂപ ചെലവഴിക്കാവുന്നതാണ് എന്ന് വ്യക്തമാക്കുമോ ;

(ബി) ഇത്തരം പരിപാടികളുടെ ചെലവ് വഹിക്കാൻ നഗരസഭയ്ക്ക് പ്രത്യേക ഫണ്ട് അനുവദിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ആയത് ചെലവഴിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്തെല്ലാമാണ്;

(ഡി) അനുവദിക്കുന്ന തുക അപര്യാപ്തമായതിനാൽ കൂടുതൽ തുക ചെലവഴിക്കാൻ അനുമതി നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) 25,000 രൂപ

(ബി&സി) സർക്കാരിന്റെ 28-12-2015-ലെ സ.ഉ.(സാധാ) നമ്പർ 3866/15/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങളിൽ മന്ത്രിമാർ പങ്കെടുക്കുന്ന ഉദ്ഘാടന ചടങ്ങിന് പരമാവധി 25,000 രൂപ ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകിയിട്ടുള്ളതാണ് (പകർപ്പ് അനുബന്ധമായി* ഉള്ളടക്കം ചെയ്യുന്നു.)

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വാഹന പാർക്കിംഗ് സൗകര്യം

65 (3241) ശ്രീ. എം. ഉമ്മർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തിരക്കേറിയ പ്രദേശങ്ങളിൽ വാഹന പാർക്കിംഗ് സൗകര്യങ്ങളുടെ അപര്യാപ്തത വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇത്തരം അപര്യാപ്തതകൾ ഒഴിവാക്കുന്നതിനായി ഒരു സമഗ്ര പാർക്കിംഗ് നയം ആവിഷ്കരിച്ച് നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുമോ;

(സി) യന്ത്രവത്കൃത പാർക്കിംഗ് സംവിധാനത്തിന്റെ സാധ്യതകൾ സംബന്ധിച്ച് വിശദാംശങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വരുമാനം വർദ്ധിപ്പിക്കത്തക്ക രീതിയിൽ മേഖലയിലെ മറ്റ് ഏതെങ്കിലും സർക്കാർ സ്ഥാപനങ്ങളുമായോ ഏജൻസികളുമായോ ചേർന്ന് എല്ലാ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലും പാർക്കിംഗിന് സംവിധാനം നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ തിരക്കേറിയ പ്രദേശങ്ങളിൽ വാഹന പാർക്കിംഗ് സൗകര്യങ്ങളുടെ അപര്യാപ്തത നിലവിലുണ്ട്. പാർക്കിംഗ് സംബന്ധമായ പഠനങ്ങൾ NATPAC മുഖേന നഗരപ്രദേശങ്ങളിൽ നടത്തിയിട്ടുണ്ട്.

(ബി-ഡി) ഓട്ടോമേറ്റഡ് മൾട്ടി ലെവൽ പാർക്കിംഗ് സംവിധാനം ഉൾപ്പെടെയുള്ള ആധുനിക പാർക്കിംഗ് സംവിധാനങ്ങൾ സംസ്ഥാനത്ത് വിവിധയിടങ്ങളിലും സ്മാർട്ട് സിറ്റി, കൊച്ചി മെട്രോ, കോഴിക്കോട് എയർപോർട്ട്, വിവിധ കളക്ടറേറ്റുകൾ തുടങ്ങിയ ധാരാളം തിരക്ക് അനുഭവപ്പെടുന്ന ഇടങ്ങളിൽ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പിന്റെ നേതൃത്വത്തിൽ National Highways and Infrastructure Development Corporation Ltd. (NHIDCL)ഉം കേരള റോഡ് ഫണ്ട് ബോർഡുമായി ചേർന്ന് ഒരു ധാരണാപത്രം 2019 ജൂൺ 20-നകം തയ്യാറാക്കുവാൻ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 10-6-2019-ൽ നടന്ന യോഗത്തിൽ തീരുമാനമായിട്ടുണ്ട്. ഏറ്റവും കുറച്ച് സ്ഥലം ഉപയോഗിച്ച് ആധുനിക പാർക്കിംഗ് സംവിധാനം ഏർപ്പെടുത്തി തദ്ദേശഭരണ സ്ഥാപനങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുതകുന്ന രീതിയിൽ പദ്ധതി വിഭാവനം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്.

തിരുവനന്തപുരം നഗരസഭയ്ക്കുവേണ്ടിയുള്ള ഒരു പാർക്കിംഗ് നയം നാറ്റ്പാക് 2018-19-ൽ തയ്യാറാക്കി നൽകിയിട്ടുണ്ട്.

## മലയോര വികസന ഏജൻസി

66 (3242) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര വികസന ഏജൻസി (ഹാഡ) രൂപീകരിച്ചതിനുശേഷം റാന്നി നിയോജകമണ്ഡലത്തിൽ ഇതുവരെ അനുവദിച്ചിട്ടുള്ള പ്രവൃത്തികളും അവയുടെ തുകയും ഇനംതിരിച്ച് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ഏജൻസി മുഖേന 2017-18 ൽ എത്ര പദ്ധതികൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) 2019-20 വർഷത്തെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതെന്നുമുതലാണെന്ന് അറിയിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ) മലയോര വികസന ഏജൻസി (ഹാഡ) രൂപീകരിച്ചതിനുശേഷം റാന്നി നിയോജക മണ്ഡലത്തിൽ ഇതുവരെ അനുവദിച്ചിട്ടുള്ള പ്രവൃത്തികളും അവയുടെ തുകയും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) പ്രസ്തുത ഏജൻസി മുഖേന 2017-18-ൽ പുതിയ പദ്ധതികൾക്ക് അനുമതി നൽകിയിട്ടില്ല.

(സി) 25-8-2017-ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 35/2017/ആസൂത്രണം പ്രകാരം മലയോര വികസന ഏജൻസിയുടെ (ഹാഡ) പ്രവർത്തനം അവസാനിപ്പിച്ചു.

## വിവിധ വകുപ്പുകളുടെ ഏകോപനം

67 (3243) <u>ശ്രീ. റ്റി. വി. രാജേഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള പഞ്ചായത്ത്, നഗരകാര്യം, ഗ്രാമവികസനം, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിംഗ്, നഗര-ഗ്രാമാസൂത്രണം എന്നീ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ഒറ്റ വകുപ്പ് രൂപീകരിക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലുള്ള പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, നഗര-ഗ്രാമാസൂത്രണം, തദ്ദേശഭരണ എഞ്ചിനീയറിംഗ് വിഭാഗം എന്നീ സർവ്വീസുകളെ ഏകോപിപ്പിച്ച് പൊതുസർവ്വീസ് രൂപീകരിക്കുന്നതിലേക്കായി കരട് സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിന്, 27-12-2016-ലെ സ.ഉ. (കൈ) നമ്പർ 198/2016/ത.സ്വ.ഭ.വ.പ്രകാരം ലോക്കൽ ഗവൺമെന്റ് കമ്മീഷനെ ചുമതലപ്പെടുത്തിയിരുന്നു.

ഏകീകൃത സർവ്വീസ് രൂപീകരണത്തിന്റെ മുന്നൊരുക്കങ്ങൾ നടത്തുന്നതിനും, കരട് ചട്ടങ്ങൾ അന്തിമ നടപടികൾക്കായി സമർപ്പിക്കുന്നതിനും കരട് വിശേഷാൽ ചട്ടത്തിൽ ഉൾപ്പെടുത്തേണ്ട സീനിയോറിറ്റി ലിസ്റ്റ് കുറ്റമറ്റതാക്കുക, നിലവിലുള്ള ജീവനക്കാരുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ റേഷ്യോ നിശ്ചയിക്കുക, കരട് വിശേഷാൽ ചട്ടത്തിൽ അപാകതകൾ ഉണ്ടെങ്കിൽ അത് പരിഹരിക്കുക, ജീവനക്കാരുടെ സംശയങ്ങൾ ദൂരീകരിക്കുക തുടങ്ങി പുതിയ സർവ്വീസ് നിലവിൽ വരുത്തുന്നതിന്റെ പൂർണ്ണ ഉത്തരവാദിത്വം നിറവേറ്റുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് എന്ന പേരിൽ ഒരു പൊതു സർവ്വീസ് രൂപീകരിച്ചുകൊണ്ടും മേൽപ്പറഞ്ഞ ചുമതലകൾ നിർവ്വഹിക്കുന്നതിന് പ്രസ്തുത വകുപ്പിന്റെ മേധാവിയായി പ്രിൻസിപ്പൽ ഡയറക്ടറെ നിയമിച്ചുകൊണ്ടും 27-1-2018-ലെ സ.ഉ. (കൈ) നമ്പർ 10/2018/ത.സ്വ.ഭ.വ തീയതി പ്രകാരം ഉത്തരവായിട്ടുണ്ട്.

പ്രിൻസിപ്പൽ ഡയറക്ടറെ സഹായിക്കുന്നതിനായി പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യ വകുപ്പുകളിലെ ജീവനക്കാരെ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ പ്രിൻസിപ്പൽ ഡയറക്ടറുടെ ഓഫീസിൽ നിയമിച്ചിട്ടുണ്ട്.

ലോക്കൽ ഗവൺമെന്റ് കമ്മീഷൻ തയ്യാറാക്കിയ സ്റ്റേറ്റ് സർവ്വീസിന്റെയും സബോർഡിനേറ്റ് സർവ്വീസിന്റെയും കരട് ചട്ടങ്ങൾ പ്രിൻസിപ്പൽ ഡയറക്ടർ തലത്തിൽ വിശദമായ പരിശോധന നടത്തിയശേഷം സർക്കാരിന് സമർപ്പിക്കുകയും ടി സ്പെഷ്യൽ റൂൾസ് സർക്കാർ ബന്ധപ്പെട്ട എല്ലാ വിഭാഗം സർവ്വീസ് സംഘടനകളുമായി 2018 നവംബർ 8, 9 തീയതികളിൽ ചർച്ച നടത്തുകയുമുണ്ടായി. സർവ്വീസ് സംഘടനകൾ ഉന്നയിച്ച ആക്ഷേപങ്ങളുടെയും നിർദ്ദേശങ്ങളുടെയും അഭിപ്രായങ്ങളുടെയും പരിശോധന നടത്തി ആവശ്യമായവ ഉൾക്കൊള്ളിച്ച് പുതുക്കിയ സ്റ്റേറ്റ് സർവ്വീസിന്റെ കരട് ചട്ടങ്ങൾ സർക്കാർ തലത്തിൽ വിശദമായി പരിശോധിച്ചുവരുന്നു. അതിനുപുറമേ നഗരകാര്യ വകുപ്പും മുൻസിപ്പൽ കോമൺ സർവ്വീസും ഏകോപിപ്പിക്കുന്നതിനു മുന്നോടിയായി മുൻസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാരെ സർക്കാർ ജീവനക്കാരാക്കി

മാറ്റുന്നതിനുള്ള നിയമ നടപടികളുടെ ഭാഗമായി 2019-ലെ 23-ാം നമ്പർ ഓർഡിനൻസായി പ്രഖ്യാപിക്കുകയും ആയത് തുടർന്ന് 2019 മാർച്ച് 6-ന് 4904/ലെഗ്.സി1/2019/നിയമം നമ്പരായി ഒരു അസാധാരണ ഗസറ്റായി വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഈ വിഭാഗം ജീവനക്കാരെക്കൂടി കരട് ചട്ടങ്ങളിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## കക്കാടംപൊയിലിലെ വാട്ടർ തീം പാർക്ക്

68 (3244) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കക്കാടം പൊയിലിലെ വാട്ടർ തീം പാർക്കിനായി നിർമ്മിച്ച തടയണ പൂർണ്ണമായും പൊളിക്കണമെന്ന് ഹൈക്കോടതി ഉത്തരവ് നൽകിയിട്ടുണ്ടോ ; എങ്കിൽ എന്നാണ് ഉത്തരവ് നൽകിയത് ;

(ബി) പ്രസ്തുത ഉത്തരവ് പ്രകാരം തടയണ പൂർണ്ണമായി പൊളിച്ച് നീക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

## ചെറുകിട വ്യവസായ സംരംഭകർക്ക് ലൈസൻസ്

69 (3245) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട വ്യവസായ സംരംഭകർക്ക് ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ കൂടുതൽ ലഘൂകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) എല്ലാ ചെറുകിട സംരംഭങ്ങൾക്കും ഫയർ സർട്ടിഫിക്കറ്റ് നിർബന്ധമാക്കുന്നതുമൂലം ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ലഘൂകരിക്കുന്നതിനും, ഫയർസേഫ്റ്റി സർട്ടിഫിക്കറ്റ് ആവശ്യമായ യൂണിറ്റുകൾക്കു മാത്രമായി നിജപ്പെടുത്തുന്നതിനും ആലോചിക്കുമോ;

(സി) ബിൽഡിംഗ് പെർമിറ്റിനും ലൈസൻസിനും ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിന് ആയത് പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ടിന്റെ അടിസ്ഥാനത്തിൽ ചെറുകിട വ്യവസായ സംരംഭകർക്ക് ലൈസൻസ് ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ചിട്ടുള്ളതാണ്.

(ബി) 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ടിന്റെ അടിസ്ഥാനത്തിൽ 2011-ലെ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. ആയതുപ്രകാരം 1000 ച.മീ. കൂടുതൽ അടിത്തറ വിസ്തീർണ്ണമുള്ളതോ 15 മീറ്ററിൽ അധികം ഉയരമുള്ളതോ ആയ കെട്ടിടങ്ങൾക്ക് മാത്രമാണ് ഫയർ NOC നിർബന്ധമാക്കിയിട്ടുള്ളത്.

1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം പതിനഞ്ച് മീറ്ററിൽ കൂടുതൽ ഉയരമുള്ളതും 1000 ച.മീ. കൂടുതൽ അടിത്തറ വിസ്തീർണ്ണമുള്ളതുമായ വ്യാവസായിക കൈവശഗണത്തിന്റെ കാര്യത്തിൽ അഗ്നിശമന സേനാ ഡയറക്ടറിൽ നിന്നോ അല്ലെങ്കിൽ അദ്ദേഹം ഇതിനായി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനിൽ നിന്നോ നേടിയ ഒരു അംഗീകാര സാക്ഷ്യപത്രം കെട്ടിടനിർമ്മാണ പെർമിറ്റ് ലഭിക്കുന്നതിനായി ഹാജരാക്കേണ്ടതാണ്. കൂടാതെ 15 മീറ്ററിൽ കവിയാത്ത ഉയരമുള്ളതും 300 ച.മീ. കൂടുതലും 1000 ച.മീ. താഴെയുള്ളതുമായ കെട്ടിടങ്ങളുടെ കാര്യത്തിൽ ഈ ചട്ടങ്ങൾക്ക് അനുബന്ധമായി കൊടുത്തിട്ടുള്ള ഫാറം 'P' യിൽ അപേക്ഷകൻ സ്വയം സാക്ഷ്യപ്പെടുത്തേണ്ടതും കൂടാതെ കെട്ടിടനിർമ്മാണം ഉപചട്ടം (6)-ൽ എടുത്ത് പറഞ്ഞിട്ടുള്ള വ്യവസ്ഥകൾക്ക് അനുസൃതമായി അഗ്നിസുരക്ഷാ മാനദണ്ഡങ്ങൾ അനുവർത്തിക്കുന്നുണ്ട് എന്ന ഒരു സാക്ഷ്യപത്രം പ്ലാൻ തയ്യാറാക്കിയ ആർക്കിടെക്റ്റ് അല്ലെങ്കിൽ എഞ്ചിനീയറിൽ നിന്നും വാങ്ങി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതുമാണ്.

(സി) നിലവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിന്റെ ഭാഗമായി NIC വികസിപ്പിച്ചിട്ടുള്ള K-SWIFT സോഫ്റ്റ്‌വെയർ മുഖേന കെട്ടിടനിർമ്മാണ അനുമതിയും വിവിധ ലൈസൻസുകളും ഓൺലൈൻ സംവിധാനത്തിലൂടെ നൽകിവരുന്നുണ്ട്. കൂടാതെ ബിൽഡിംഗ് പെർമിറ്റ് ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി IBPMS മുഖേനയും നടപടി സ്വീകരിക്കുന്നുണ്ട്. 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ടിന്റെ അടിസ്ഥാനത്തിൽ കെട്ടിടനിർമ്മാണാനുമതി ലഭിക്കുന്നതിനുള്ള കാലയളവ് 15 ദിവസമായും പ്രവർത്തന ലൈസൻസ് ലഭിക്കുന്നതിനുള്ള കാലയളവ് 30 ദിവസമായും നിജപ്പെടുത്തിയിട്ടുണ്ട്.

## ഫയലുകളും രേഖകളും നഷ്ടപ്പെടുത്തുന്നവർക്കെതിരെ ശിക്ഷാ നടപടി

70 (3246) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട വിവിധ പദ്ധതികളിൽ നിർവ്വഹണ ഉദ്യോഗസ്ഥർ ക്രമക്കേടുകൾ നടത്തിയതായി ഓഡിറ്റ്

റിപ്പോർട്ടുകൾ വരുമ്പോൾ ഫയലുകളും ബന്ധപ്പെട്ട രേഖകളും കണ്ടെടുക്കാനാവാത്തതിനാൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കാൻ പറ്റാത്ത സാഹചര്യം നിലവിലുണ്ടോ;

(ബി)ഫയലുകളും രേഖകളും നഷ്ടപ്പെടുത്തുന്നവർക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിക്കാറുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) ചെക്ക് ഇഷ്യൂ രജിസ്റ്റർ, പാസ്സ് ബുക്ക്, ട്രഷറി ബിൽ ബുക്ക് തുടങ്ങിയ രേഖകൾ എത്ര കാലം സൂക്ഷിക്കണമെന്നാണ് നിർദ്ദേശം നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പദ്ധതി നിർവ്വഹണം കഴിഞ്ഞാൽ തൊട്ടടുത്ത വർഷം തന്നെ ഓഡിറ്റ് പൂർത്തിയാക്കുന്നതിനാലും പദ്ധതി നടത്തിപ്പും അക്കൗണ്ടിംഗുമായി ബന്ധപ്പെട്ട രേഖകൾ കമ്പ്യൂട്ടറൈസ് ചെയ്യപ്പെട്ടതിനാലും രേഖകൾ കണ്ടെടുക്കാൻ കഴിയാത്ത സാഹചര്യം ഇപ്പോൾ നിലവിലില്ല. എന്നാൽ പഴയകാല പദ്ധതികളുമായി ബന്ധപ്പെട്ട രേഖകൾ കണ്ടെടുക്കാനാവാത്തതിനാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്നുണ്ട്.

(ബി) ഉണ്ട്. 1997-ലെ കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 12 (2) അനുസരിച്ച് ചെലവുകളുമായി ബന്ധപ്പെട്ട രേഖകളോ കണക്കുകളോ നൽകാൻ വീഴ്ചവരുത്തിയാൽ അത്തരം രേഖകളും കണക്കുകളും നിലവിലില്ല എന്ന് കരുതപ്പെടുന്നതും തദനുസരണം തുടർ നടപടി സ്വീകരിക്കുന്നതുമാണ്. കൂടാതെ അത്തരം ഉദ്യോഗസ്ഥർക്കെതിരെ 1960-ലെ കേരള സിവിൽ സർവ്വീസ് (തരംതിരിവും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ പ്രകാരം വകുപ്പുതല അച്ചടക്ക നടപടിയും സ്വീകരിക്കുന്നുണ്ട്.

(സി) കേരളാ ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 338 പ്രകാരം അക്കൗണ്ട്സുമായി ബന്ധപ്പെട്ട രേഖകൾ നശിപ്പിക്കാൻ പാടില്ല.

## അനധികൃതമായ ഫ്ലക്സ് ബോർഡുകൾ

71 (3247) <u>ശ്രീ. ആർ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പാതയോരങ്ങളിൽ അനധികൃതമായി ഫ്ലക്സ് ബോർഡുകൾ സ്ഥാപിക്കുന്നത് ഗതാഗതത്തിനും ആൾ സഞ്ചാരത്തിനും ബുദ്ധിമുട്ടുണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വിശദീകരിക്കുമോ;

(സി) പ്രകൃതിക്ക് അത്യന്തം നാശമുണ്ടാക്കുന്ന വിനൈൽ ഫ്ലക്സുകളുടെ ഉത്പാദനം നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഗ്രാമ പഞ്ചായത്ത്, നഗരസഭാ മേഖലകളിൽ പരസ്യങ്ങൾ സ്ഥാപിക്കുന്നതിന് നിശ്ചിത ഫീസ് ഈടാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) WP(C) 22750, 25784 & 42574/2018-മേൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച ഇടക്കാല ഉത്തരവുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് അനധികൃതവും അപകടകരവും ഗതാഗതത്തിന് ബുദ്ധിമുട്ടുണ്ടാക്കുന്ന തരത്തിലും സ്ഥാപിച്ചിട്ടുള്ള പരസ്യബോർഡുകൾ/ഹോർഡിംഗുകൾ/ബാനറുകൾ തുടങ്ങിയവ അടിയന്തരമായി നീക്കം ചെയ്യുന്നതിന് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന സർക്കുലറുകൾ സർക്കാർ തലത്തിലും വകുപ്പുതലത്തിലും പുറപ്പെടുവിക്കുകയും ആയതുപ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. പ്രവർത്തനങ്ങൾ അവലോകനം ചെയ്യാനും ഏകോപിപ്പിക്കുവാനും സംസ്ഥാന-ജില്ലാതലങ്ങളിൽ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അനധികൃതമായി പരസ്യബോർഡുകൾ/ഹോർഡിംഗുകൾ/ ബാനറുകൾ സ്ഥാപിക്കുന്നവരിൽ നിന്നും തദ്ദേശഭരണ സ്ഥാപനങ്ങൾ പിഴ ഈടാക്കിവരുന്നു.

(സി) നടപടി സ്വീകരിക്കുന്നതാണ്.

(ഡി) ഗ്രാമ പഞ്ചായത്ത്, നഗരസഭാ മേഖലകളിൽ പരസ്യങ്ങൾ സ്ഥാപിക്കുന്നതിനുള്ള ഫീസ് ഘടന ഏകോപിപ്പിക്കുന്നത് ഉൾപ്പെടെയുള്ള നിബന്ധനകൾ ഉൾപ്പെടുത്തി ചട്ടം ഭേദഗതി ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## തദ്ദേശഭരണ പൊതു സർവ്വീസ്

72 (3248) ശ്രീ. ജെയിംസ് മാത്യു:
ശ്രീ. കെ. ദാസൻ:
ശ്രീമതി യു. പ്രതിഭ:
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അധികാരവികേന്ദ്രീകരണം കാര്യക്ഷമമാക്കിയതിന്റെ ഫലമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തിവരുന്ന പ്രവർത്തനങ്ങൾ

വിപുലീകൃതമായതിനാൽ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് സമ്പൂർണ്ണമായും ഇ-ഭരണം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) നികുതി സമാഹരണം, സാമൂഹ്യക്ഷേമ പെൻഷനുകളുടെ വിതരണം, വ്യാപാരസ്ഥാപനങ്ങൾക്കുള്ള ലൈസൻസ്, കെട്ടിടനിർമ്മാണ അനുമതി നൽകൽ തുടങ്ങിയ പ്രവർത്തനങ്ങൾ ആധുനീകരണത്തിന്റെ ഫലമായി കാര്യക്ഷമമായിട്ടുണ്ടോ; ഏതൊക്കെ ജില്ലകളെ സദ്ഭരണ ജില്ലകളായി പ്രഖ്യാപിച്ചു; മറ്റു ജില്ലകളിൽ ഇതിനായുള്ള പ്രവർത്തനം പുരോഗമിക്കുന്നുണ്ടോ;

(സി) തദ്ദേശസ്വയംഭരണ പൊതു സർവീസ് പ്രാബല്യത്തിലായിട്ടുണ്ടോ; ഇതുവഴി ലക്ഷ്യമാക്കുന്ന നേട്ടങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) സമ്പൂർണ്ണമായും ഇ-ഭരണം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കാര്യക്ഷമമായിട്ടുണ്ട്. കൊല്ലം, കോട്ടയം, വയനാട്, കണ്ണൂർ എന്നീ ജില്ലകളെ സദ്ഭരണ ജില്ലകളായി പ്രഖ്യാപിച്ചിട്ടുണ്ട് (ടി ജില്ലകളിലെ മുഴുവൻ ഗ്രാമപഞ്ചായത്തുകളെയും എറണാകുളം ജില്ലയിലെ 36 ഗ്രാമപഞ്ചായത്തുകളെയും സദ്ഭരണ പഞ്ചായത്തുകളായി പ്രഖ്യാപിച്ചിട്ടുണ്ട്). മറ്റ് ജില്ലകളിൽ ഇതിനായുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നുണ്ട്.

(സി) തദ്ദേശഭരണ പൊതു സർവ്വീസ് പ്രാബല്യത്തിൽ വരുത്തുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുന്നു. വകുപ്പുതല ഏകോപനവും, പദ്ധതി സംയോജനവും നിർവ്വഹണവും മികച്ച രീതിയിൽ നടപ്പിലാക്കുവാൻ പൊതുസർവ്വീസ് രൂപീകരണത്തിലൂടെ സാധിക്കുന്നതാണ്. പൊതുജനങ്ങളുടെയും, ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും സന്തുലിത പങ്കാളിത്തത്തിലൂടെ വികേന്ദ്രീകരണ പ്രസ്ഥാനത്തെ മുന്നോട്ട് നയിക്കാനുള്ള ഒരു ഭരണനിർവ്വഹണ സഹായക സംവിധാനമായിരിക്കും ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ്. അതോടൊപ്പം കൂട്ടിയോജിപ്പിക്കപ്പെടുന്ന വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും പ്രൊമോഷൻ ഉൾപ്പെടെയുള്ള സേവന വ്യവസ്ഥകൾ കാലോചിതമായി പരിഷ്കരിക്കുന്നതിനും അവരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ഈ നടപടി സഹായകരമാകും എന്ന് പ്രതീക്ഷിക്കുന്നു.

## തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിൽ ആരംഭിച്ച സ്ഥാപനങ്ങൾ

73 (3249) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ ഏതെല്ലാം സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ;

(ബി) ഏതെല്ലാം സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ ആണ് പരിഗണനയിൽ ഉള്ളതെന്ന് വ്യക്തമാക്കാമോ;

(സി) വകുപ്പിന്റെ ക്രിയാത്മകമായ ഇടപെടൽ ഇല്ലാത്തതിനാൽ സാമ്പത്തിക ബാധ്യതയുടെ പേരിൽ ഏതെല്ലാം സ്ഥാപനങ്ങളുടെ രൂപീകരണമാണ് തടസ്സപ്പെട്ടിട്ടുള്ളത്; വ്യക്തമാക്കാമോ;

(ഡി) ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും സ്വയംതൊഴിൽ സംരംഭകർക്കും പരിശീലനങ്ങൾ നൽകുന്നതിന് വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ ഏതൊക്കെയാണ്; വ്യക്തമാക്കാമോ;

(ഇ) പുതിയ വികസന പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(എഫ്) ദാരിദ്ര്യ ലഘൂകരണത്തിന് ഗ്രാമീണ ജനങ്ങൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഉതകുന്ന ഒരു വികസന പരിശീലന കേന്ദ്രം പെരുമ്പാവൂരിൽ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രളയം അധികമായി ബാധിച്ച ജില്ലകളിലെ റോഡുകൾ പുനരുദ്ധാരണം നടത്തുന്നതിനായി റീ-ബിൽഡ് കേരളാ ഇനീഷ്യേറ്റീവിലൂടെയുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിന്, തദ്ദേശ സ്വയംഭരണ വകുപ്പിൽ 26-4-2019-ലെ ജി.ഒ. (ആർ.റ്റി.) നമ്പർ 894/2019/എൽ.എസ്.ജി.ഡി. പ്രകാരം പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് (പി.എം.യു.) രൂപീകരിച്ചിട്ടുണ്ട്.

തദ്ദേശഭരണ സ്ഥാപന സെക്ടറിലെ KIIFB ധനസഹായത്തോടെ നടപ്പിലാക്കുന്ന വൻകിട അടിസ്ഥാന വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഒരു Special Purpose Vehicle ആയി IMPACT Kerala Limited എന്ന കമ്പനി രൂപീകരിച്ചിട്ടുണ്ട്. തിരുവനന്തപുരത്തെ സ്മാർട്ട് സിറ്റി മിഷൻ പദ്ധതിക്കുവേണ്ടി ഒരു Special Purpose Vehicle ആയി Smart City Thiruvananthapuram Ltd. എന്ന കമ്പനി രൂപീകരിച്ചിട്ടുണ്ട്.

(ബി) തൽക്കാലം പരിഗണനയിലില്ല.

(സി) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) കിലയുടെ മെയിൻസെന്ററിനുപുറമേ, കില സെന്റർ ഫോർ ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് - കൊട്ടാരക്കര, കില സെന്റർ ഫോർ സോഷ്യോ ഇക്കണോമിക് ഡെവലപ്മെന്റ് - കൊട്ടാരക്കര, കില സെന്റർ ഫോർ ട്രൈബൽ ഡെവലപ്പ്മെന്റ് & നാച്ചുറൽ റിസോഴ്സ് മാനേജ്മെന്റ് - അട്ടപ്പാടി, കില സെന്റർ ഫോർ ഗുഡ് ഗവേണൻസ് - മണ്ണുത്തി, കില സെന്റർ ഫോർ ഓർഗാനിക് ഫാമിംഗ് & വേസ്റ്റ് മാനേജ്മെന്റ് - തളിപ്പറമ്പ് എന്നീ സെന്ററുകളിലും ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും പരിശീലനങ്ങൾ നൽകിവരുന്നു.

(ഇ) ഉണ്ട്. എറണാകുളം ജില്ലയിലെ കോതമംഗലത്ത് പുതിയ വികസന പരിശീലന കേന്ദ്രം ആരംഭിക്കുന്നത് സംബന്ധിച്ച് ഗ്രാമവികസന കമ്മീഷണർ, കില ഡയറക്ടർ എന്നിവർ ലഭ്യമാക്കിയ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(എഫ്) കൂവപ്പടി ബ്ലോക്ക് പഞ്ചായത്തിൽ ഒരു വികസന പരിശീലന കേന്ദ്രം അനുവദിക്കുന്നതിന് പെരുമ്പാവൂർ എം.എൽ.എ. സമർപ്പിച്ച അപേക്ഷ റിപ്പോർട്ടിനായി കില ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. റിപ്പോർട്ട് സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

## ഗ്രാമപഞ്ചായത്തുകൾ നൽകുന്ന സംഭാവന

74 (3250) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകൾക്ക് തനത് ഫണ്ടിൽനിന്നോ പ്ലാൻ ഫണ്ടിൽ നിന്നോ ഏതെല്ലാം ആവശ്യങ്ങൾക്കും പരിപാടികൾക്കും ഏതൊക്കെ സംഘടനകൾക്ക് സംഭാവന നൽകാൻ സാധിക്കും;

(ബി) ഇങ്ങനെ നൽകുന്ന സംഭാവനകൾക്ക് പരിധിയുണ്ടോയെന്നും പരമാവധി നൽകാവുന്ന തുക എത്രയാണെന്നും വ്യക്തമാക്കാമോ;

(സി) ഇത് സംബന്ധിച്ച ചട്ടങ്ങളും നടപടിക്രമങ്ങളും എന്താണെന്ന് വിശദമാക്കാമോ;

(ഡി) സർക്കാർ അനുമതി ഇല്ലാതെ ഗ്രാമപഞ്ചായത്ത് ഫണ്ട് (തനതോ, പ്ലാനോ) ഗ്രാമപഞ്ചായത്തുകളുടെ ആവശ്യത്തിനല്ലാതെ മറ്റു സംഘടനകളുടെ ആഭിമുഖ്യത്തിൽ നടത്തുന്ന പരിപാടികൾക്ക് സംഭാവന നൽകാൻ നിയമം അനുശാസിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിലെ ഏതെല്ലാം പഞ്ചായത്തുകൾ പൊതുപരിപാടികൾക്ക് സംഭാവനകൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; എങ്കിൽ സർക്കാരിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണോ ഇത് ചെയ്തത് എന്ന് വ്യക്തമാക്കാമോ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) 2011-ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങളിൽ ചട്ടം 3 (1) പ്രകാരം പഞ്ചായത്തുകൾ, അതത് പഞ്ചായത്ത് ഫണ്ടിൽ നിന്നും താഴെപ്പറയുന്ന കാര്യങ്ങൾക്കുവേണ്ടി ചെയ്തേക്കാവുന്ന ചെലവുകൾ, ഈ ചട്ടങ്ങളുടെ ആവശ്യത്തിലേക്കായി 'അസാധാരണ ചെലവുകൾ' എന്ന് അറിയപ്പെടുന്നതാകുന്നു. അതായത്,

(i) ഏതെങ്കിലും പഞ്ചായത്ത് സമ്മേളനത്തിന്റെയോ പഞ്ചായത്തുകളുടെ സംഘടനകളുടെയോ ചെലവിലേക്കായി സംഭാവന നൽകുന്നതിന്;

(ii) പ്രമുഖ വ്യക്തികളുടെ സ്വീകരണമോ, ഏതെങ്കിലും പൊതുപ്രദർശനമോ, ആഘോഷമോ വിനോദമോ സംഘടിപ്പിക്കുന്നതിന്;

(iii) കലാ-സാംസ്കാരിക മത്സരങ്ങളും കായിക വിനോദവും സംഘടിപ്പിക്കുന്നത്

(iv) വിജയികൾക്കുള്ള സമ്മാനദാനത്തിന്;

(v) പഞ്ചായത്തിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ചടങ്ങുകൾ നടത്തുന്നതിന്;

(vi) പഞ്ചായത്തിന് പങ്കാളിത്തമുള്ള ചികിത്സാക്യാമ്പ്, സൗജന്യ ചികിത്സാപദ്ധതി എന്നിവ നടപ്പാക്കുന്നതിന്;

(vii) നിയമ സഹായനിധി സംഘടിപ്പിക്കുന്ന നിയമസഹായ സാക്ഷരതാ ക്യാമ്പുകൾ നടത്തുന്നതിന്;

(viii) കലാ-സാംസ്കാരിക പ്രദർശനങ്ങൾ നടത്തുന്നതിന്;

(ix) പഞ്ചായത്ത് ആസ്തികളുടെ ഉദ്ഘാടനം നിർവ്വഹിക്കുന്നതിന്;

(x) നെഹ്റു യുവകേന്ദ്ര, നാഷണൽ സർവ്വീസ് സ്കീം എന്നിവ സംഘടിപ്പിക്കുന്ന പരിപാടികൾക്ക്;

(xi) പഞ്ചായത്തിന്റെ പങ്കാളിത്തത്തോടെ പരിസ്ഥിതി ക്ലബ്ബുകളും ആസൂത്രണ സംഘടനകളും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംഘടിപ്പിക്കുന്ന പരിപാടികൾ നടത്തുന്നതിന്;

(xii) സർക്കാരും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ചേർന്നു നടത്തുന്ന മറ്റ് ചടങ്ങുകൾക്ക്;

(xiii) പ്രകൃതിക്ഷോഭത്തെ തുടർന്ന് അനിവാര്യമാകുന്ന അടിയന്തര ദുരിതാശ്വാസ നടപടികൾക്ക്;

(xiv) ആക്ടിലോ അതിൻകീഴിലുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലോ പ്രത്യേകം പറഞ്ഞിട്ടില്ലാത്ത ഏതെങ്കിലും കാര്യങ്ങൾക്ക്.

(ബി) 2011-ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങളിൽ ചട്ടം 4 (1) 3-ാം ചട്ടം (1) ഉപചട്ടത്തിൽ പറയുന്ന എല്ലാ അസാധാരണ ചെലവുകൾക്കുംവേണ്ടി ഒരു ഗ്രാമപഞ്ചായത്തിന് ഒരു വർഷം ചെലവാക്കാവുന്ന മൊത്തം തുക, (2)-ാം ഉപചട്ടപ്രകാരം കണക്കാക്കുന്ന മുൻവർഷത്തെ അതിന്റെ മിച്ച ഫണ്ടിന്റെ 20 ശതമാനം വരെയും എന്നാൽ ഒരു ലക്ഷം രൂപയിൽ കവിയാതെയും ചെലവ് ചെയ്യാവുന്നതാണ്.

(സി) 2011-ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങൾ, പ്രത്യേക സർക്കാർ ഉത്തരവുകൾ.

(ഡി) 2011-ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങളിലെ ചട്ടങ്ങൾ 3(2), 3(3) എന്നിവയിൽ അനുശാസിക്കുന്ന പ്രകാരം ഗ്രാമപഞ്ചായത്തിന് തനത് ഫണ്ട് വിനിയോഗിക്കാവുന്നതാണ്.

ചട്ടം 3(2) പഞ്ചായത്ത് ഫണ്ടിൽ നിന്നുള്ള യാതൊരു അസാധാരണ ചെലവും പഞ്ചായത്തിന്റെ മൊത്തം അംഗസംഖ്യയുടെ പകുതിയിൽ കുറയാത്ത അംഗങ്ങൾ പിൻതാങ്ങിയിട്ടുള്ള ഒരു പ്രമേയത്തിന്റെ അടിസ്ഥാനത്തിലായിരിക്കേണ്ടതാണ്.

ചട്ടം 3(3) പഞ്ചായത്തുകൾ, വ്യക്തികൾക്കും സംഘടനകൾക്കും ആക്ടിലോ ചട്ടങ്ങളിലോ സർക്കാർ ഉത്തരവുകളിലോ നിർദ്ദേശിക്കപ്പെട്ട പ്രകാരമല്ലാതെ പണമായി സഹായം നൽകുവാനോ നിയമാനുസൃതമല്ലാത്ത പരസ്യച്ചെലവുകൾ വഹിക്കുവാനോ മത-രാഷ്ട്രീയ-തൊഴിലാളി സംഘടനകൾ സംഘടിപ്പിക്കുന്ന പരിപാടികൾക്ക് ചെലവു ചെയ്യുവാനോ അപ്രകാരം ഉള്ള ചെലവുകൾ ഏതെങ്കിലും തരത്തിൽ അസാധാരണ ചെലവുകളിൽ ഉൾപ്പെടുത്തുവാനോ പാടില്ലാത്തതാകുന്നു.

(ഇ) കാസർഗോഡ് ജില്ലയിൽ ചെറുവത്തൂർ, ഈസ്റ്റ് എളേരി, കയ്യൂർ ചീമേനി, മടിക്കൈ, പടന്ന, പള്ളിക്കര, പീലിക്കോട്, വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്തുകൾ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംഭാവന നൽകിയിട്ടുണ്ട്. ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി* ചേർക്കുന്നു.

**പദ്ധതി നിർവ്വഹണ പുരോഗതി**

75 (3251) ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. അനിൽ അക്കര:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2019-20 സാമ്പത്തിക വർഷത്തെ പദ്ധതി നിർവ്വഹണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; കഴിഞ്ഞ വർഷത്തെ പദ്ധതി നിർവ്വഹണം തൃപ്തികരമായിരുന്നോ; വിശദാംശം നൽകുമോ;

(ബി) കഴിഞ്ഞവർഷം എസ്.സി.പി., റ്റി.എസ്.പി. പദ്ധതികളിൽ എന്തെങ്കിലും വെട്ടിക്കുറവ് വരുത്തിയിരുന്നോ; ഇത് പ്രസ്തുത വിഭാഗങ്ങളുടെ ശാക്തീകരണത്തെ പ്രതികൂലമായി ബാധിച്ചുവെന്നത് പരിശോധിച്ചിട്ടുണ്ടോ;

(സി) പദ്ധതി നിർവ്വഹണം 2019-20-ൽ കാര്യക്ഷമമാക്കുന്നതിനും സമയബന്ധിതമായി തീർക്കുന്നതിനും ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ഡി) പ്രളയത്തിൽ ജീവനോപാധികൾ നഷ്ടപ്പെട്ടവർക്ക് ഉപജീവനം ഉറപ്പാക്കൽ പദ്ധതി 2019-20 വാർഷിക പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) 2019-20 സാമ്പത്തിക വർഷത്തെ പദ്ധതി നിർവ്വഹണ പുരോഗതി വിലയിരുത്തിയിട്ടുണ്ട്. 2018-19 വർഷം പെൻഡിംഗ് ബില്ലുകൾകൂടി കണക്കിലെടുത്ത് ഗ്രാമപഞ്ചായത്തുകൾ 95.03 ശതമാനവും ജില്ലാ പഞ്ചായത്തുകൾ 91.32 ശതമാനവും പദ്ധതി പുരോഗതി നേടിയിട്ടുണ്ട്. കോർപ്പറേഷനുകൾ 70.32 ശതമാനവും മുനിസിപ്പാലിറ്റികൾ 81.68 ശതമാനവും പദ്ധതി വിഹിതം ചെലവഴിച്ചിട്ടുള്ളതാണ്. മുക്കം നഗരസഭ 100 ശതമാനം പദ്ധതി വിഹിതം ചെലവഴിച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തുകൾ 89.35 ശതമാനം പദ്ധതിച്ചെലവ് കൈവരിച്ചിരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കഴിഞ്ഞവർഷം എസ്.സി.പി., റ്റി.എസ്.പി. പദ്ധതികളിൽ വെട്ടിക്കുറവ് വരുത്തിയിട്ടില്ല.

(സി) സർക്കാരിന്റെ 19-9-2018-ലെ സ.ഉ.(സാധാ) നമ്പർ 2462/2018/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2019-20 വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുന്നത് സംബന്ധിച്ച് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. സർക്കാരിന്റെ 15-5-2019-ലെ സ.ഉ.(സാധാ) നമ്പർ 988/2019/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2019-20 വാർഷിക പദ്ധതി സ്പിൽ ഓവർ പ്രോജക്ടുകൾ ഉൾപ്പെടുത്തി പരിഷ്കരിച്ചുകൊണ്ടുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുള്ളതാണ്. എല്ലാ നഗരസഭകളിലെയും പദ്ധതി വിനിയോഗം സംബന്ധിച്ചുള്ള നഗരസഭാ സെക്രട്ടറിമാരുടെ മാസാന്ത്യ അവലോകന യോഗം വകുപ്പ് തലത്തിൽ നടത്താറുണ്ട്. സംസ്ഥാനത്തെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും 2019-20 വർഷത്തേക്കുള്ള വികസന പദ്ധതികൾ തയ്യാറാക്കിയതിന്റെ ഭാഗമായി, തയ്യാറാക്കിയ വാർഷിക പദ്ധതിയിൽ സ്പിൽ ഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തി പരിഷ്കരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. അതോടൊപ്പം പദ്ധതി നിർവ്വഹണം പ്രാദേശിക സർക്കാരുകളുടെ മറ്റ് പ്രവർത്തനങ്ങളും കൂടുതൽ കാര്യക്ഷമതയോടെ ചിട്ടപ്പെടുത്തി മുന്നോട്ട് കൊണ്ടുപോകുന്നത് സംബന്ധിച്ച് ഒരു പൊതുധാരണ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നതിനായി മേഖലാ തലത്തിൽ യോഗങ്ങൾ നടത്തി വരുന്നു. 16-5-2019-ന് എറണാകുളം, തൃശ്ശൂർ, മലപ്പുറം, പാലക്കാട് ജില്ലകളിലേത് കിലയിൽ വച്ചും 18-5-2019-ന് തിരുവനന്തപുരം, കൊല്ലം ജില്ലകളിലേത് തിരുവനന്തപുരത്ത് കേരള പഞ്ചായത്ത് അസോസിയേഷൻ ഹാളിൽ വച്ചും 7-6-2019-ന് കോട്ടയം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി ജില്ലകളിലേത് അയ്മനം ഗ്രാമപഞ്ചായത്ത് ഹാളിൽ വച്ചുമാണ് സംഘടിപ്പിച്ചത്.

15-6-2019-ന് കണ്ണൂർ, കാസർഗോഡ്, വയനാട്, കോഴിക്കോട് എന്നീ ജില്ലകളിലേയും തദ്ദേശഭരണ അദ്ധ്യക്ഷൻമാരുടെ മേഖലാ യോഗങ്ങൾ നടത്തിയിട്ടുണ്ട്.

(ഡി) ഉണ്ട്. 23-10-2018-ലെ സ.ഉ.(കൈ) നമ്പർ 2710/2018/തസ്വഭവ. പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

പ്രളയത്തിൽ ജീവനോപാധികൾ നഷ്ടപ്പെട്ടവരുടെ തൊഴിൽ ഉറപ്പാക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള പ്രോജക്ടുകൾ 2019-20 വാർഷിക പദ്ധതിയിൽ ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്.

**പദ്ധതി വിഹിതം തനത് വർഷംതന്നെ ചെലവഴിക്കാൻ നടപടി**

76 (3252) ശ്രീ. എം. ഉമ്മർ:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം ഓരോ വർഷവും പൂർണ്ണമായും ചെലവഴിക്കാൻ കഴിയാത്തതിന്റെ കാര്യകാരണങ്ങളെ സംബന്ധിച്ച് വകുപ്പ് തലത്തിൽ ഒരു സമഗ്ര പരിശോധന നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) മുൻ സാമ്പത്തിക വർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തുക പൂർണമായും മാറി നൽകാത്ത സാഹചര്യത്തിൽ അംഗീകാരം നൽകിയ പദ്ധതികൾ ഏത് തരത്തിൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(സി) വരും വർഷങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം തനത് വർഷം തന്നെ ചെലവഴിക്കാൻ സഹായകരമായ രീതിയിൽ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ ?

ഉത്തരം

(എ) നടത്തിയിട്ടുണ്ട്. വകുപ്പ് തലത്തിൽ മാസാന്ത്യ അവലോകന യോഗങ്ങൾ നടത്തി പ്രസ്തുത യോഗത്തിൽ പദ്ധതി വിഹിതം ഓരോ വർഷവും പൂർണ്ണമായും ചെലവഴിക്കാൻ കഴിയാത്തതിന്റെ കാര്യകാരണങ്ങളെ സംബന്ധിച്ച് പരിശോധന നടത്തിയതിൽ പ്രധാന കാരണമായി വന്നിട്ടുള്ളത് ക്യൂവിലുള്ള ബില്ലുകൾ മാറാൻ സാധിച്ചിട്ടില്ലാത്തതും നിർമ്മാണ സാധന സാമഗ്രികളുടെ ലഭ്യതക്കുറവും ട്രഷറികളിലെ പെൻഡിംഗ് ബിൽ, എഞ്ചിനീയറിംഗ് വർക്കിലുള്ള കാലതാമസം, പ്രായോഗികവും നിർവ്വഹണ സാധ്യതയുള്ളതുമായ പദ്ധതികൾ ആസൂത്രണം ചെയ്യാത്തത്, വനമേഖലകൾ ഉൾപ്പെട്ടുവരുന്ന പഞ്ചായത്തുകളിൽ മരാമത്ത് പ്രവൃത്തികൾ നടത്തുന്നതിന് വനം വകുപ്പിൽ നിന്നുണ്ടാകുന്ന തടസ്സങ്ങൾ എന്നിവയുമാണ്.

(ബി) 2019 മാർച്ച് അവസാനം ട്രഷറിയിൽ സമർപ്പിച്ചുവെങ്കിലും തുക നൽകാൻ കഴിയാതെ ക്യൂ ലിസ്റ്റിൽ ആയിട്ടുള്ള ട്രഷറി ക്യൂബില്ലുകളുടെയും സ്പിൽ ഓവർ പ്രോജക്റ്റുകളുടെയും തുക തൻവർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽനിന്നും കണ്ടെത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. അപ്രകാരം ചെയ്യുമ്പോൾ തദ്ദേശഭരണ സ്ഥാപനങ്ങൾ അംഗീകാരം നേടിയ പദ്ധതിയിലെ പുതിയ

പ്രോജക്ടുകൾ പലതും ഉപേക്ഷിക്കേണ്ടിവരുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി ബഡ്ജറ്റ് വിഹിതത്തിലെ ഓരോ വിഭാഗത്തിലും (പൊതുവിഭാഗം, എസ്.സി.പി., ടി.എസ്.പി., കേന്ദ്രധനകാര്യ കമ്മീഷൻ ഗ്രാന്റ്) പരമാവധി ഇരുപത് ശതമാനം വരെയുള്ള സ്പിൽ ഓവർ ബാധ്യത ബഡ്ജറ്റ് വിഹിതത്തിന് ഉപരിയായി ഏറ്റെടുക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. അംഗീകാരം നേടിയ പദ്ധതിയിലെ പുതിയ പ്രോജക്ടുകൾ പരമാവധി ഉപേക്ഷിക്കാതെ നിലനിർത്തുന്നതിന് ഇതിലൂടെ സാധിക്കും.

(സി) പദ്ധതി നിർവ്വഹണത്തിന് പൂർണ്ണമായും ഒരു വർഷം ലഭിക്കത്തക്ക രീതിയിൽ മാർച്ച് 31-ന് മുമ്പ് വാർഷിക പദ്ധതിക്ക് അംഗീകാരം വാങ്ങി ഏപ്രിൽ 1-ന് പദ്ധതി നിർവ്വഹണ നടപടികൾ ആരംഭിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സാധിച്ചിട്ടുണ്ട്. പദ്ധതി വിഹിതം തനത് വർഷം ചെലവഴിക്കാൻ ഇത് സഹായകരമാകും. വർഷാവസാനം ഒരുമിച്ച് പദ്ധതി ബില്ലുകൾ ട്രഷറിയിൽ നൽകുന്നത് ഒഴിവാക്കുന്നതിനും പദ്ധതി വിഹിതം തനത് വർഷം ചെലവഴിക്കുന്നതിനുമായി തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ത്രൈമാസ ടാർജറ്റ് നിശ്ചയിച്ച് നൽകിയിട്ടുണ്ട്.

വരുംവർഷങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം തനത് വർഷം 4 ക്വാർട്ടറുകളിലായി (35%, 35%, 20%, 10%) ചെലവഴിക്കുവാനാണ് ഉദ്ദേശിക്കുന്നത്. പദ്ധതി വിഹിതം തനത് വർഷം ചെലവഴിക്കുന്നതിനായി സെക്രട്ടറിമാരുടെ മാസാന്ത്യ അവലോകന യോഗത്തിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും 2019-20 വർഷത്തേക്കുള്ള വികസന പദ്ധതികൾ തയ്യാറാക്കിയതിന്റെ ഭാഗമായി, തയ്യാറാക്കിയ വാർഷിക പദ്ധതിയിൽ സ്പിൽ ഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തി പരിഷ്കരിക്കുന്നതിനായി, അതോടൊപ്പം പദ്ധതി നിർവ്വഹണവും പ്രാദേശിക സർക്കാരുകളുടെ മറ്റ് പ്രവർത്തനങ്ങളും കൂടുതൽ കാര്യക്ഷമതയോടെ ചിട്ടപ്പെടുത്തി മുന്നോട്ട് കൊണ്ടുപോകുന്നത് സംബന്ധിച്ച് ഒരു പൊതുധാരണ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നതിനായി മേഖലാ തലത്തിൽ യോഗങ്ങൾ നടത്തിവരുന്നു. 16-5-2019-ന് എറണാകുളം, തൃശ്ശൂർ, മലപ്പുറം, പാലക്കാട് ജില്ലകളിലേത് കിലയിൽ വച്ചും 18-5-2019-ന് തിരുവനന്തപുരം, കൊല്ലം ജില്ലകളിലേത് തിരുവനന്തപുരം കേരള പഞ്ചായത്ത് അസോസിയേഷൻ ഹാളിൽ വച്ചും 7-6-2019-ന് കോട്ടയം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി ജില്ലകളിലേത് അയ്മനം ഗ്രാമപഞ്ചായത്ത് ഹാളിൽ വച്ചും സംഘടിപ്പിച്ചിരുന്നു.

15-6-2019-ന് കണ്ണൂർ, കാസർഗോഡ്, വയനാട്, കോഴിക്കോട് എന്നീ ജില്ലകളിലെ നഗരസഭാ അദ്ധ്യക്ഷൻമാരുടെ മേഖലാ യോഗം നടത്തിയിട്ടുണ്ട്.

## ബേക്കൽ ഫോർട്ട് റെയിൽവേ സ്റ്റേഷൻ

77 (3253) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദുമ എം.എൽ.എ. എ.ഡി.എസ്.-ൽ ഉൾപ്പെടുത്തി 2017-18 സാമ്പത്തിക വർഷത്തിൽ ബേക്കൽ ഫോർട്ട് റെയിൽവേ സ്റ്റേഷൻ വികസനത്തിന് 1,30,99,306 രൂപയുടെ പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ;

(ബി) സതേൺ റെയിൽവേ ഡിവിഷണൽ മാനേജർ(വർക്സ്) പാലക്കാടിന് ഡെപ്പോസിറ്റ് പ്രവൃത്തിയായി കണക്കിലെടുത്ത് ഈ തുക കൈമാറി നൽകിയിട്ടുണ്ടോ;

(സി) ഈ തുക കൈമാറി നൽകുന്നതിനായി എൽ.എസ്.ജി.ഡി. കാസർഗോഡ് എക്സിക്യൂട്ടീവ് എൻജിനീയർ സമർപ്പിച്ച പ്രൊപ്പോസലിൽ ചീഫ് എഞ്ചിനീയർ (എൽ.എസ്.ജി.ഡി.) എന്ത് നടപടിയാണ് കൈക്കൊണ്ടിട്ടുള്ളത്;

(ഡി) ഇത് സംബന്ധിച്ച് (എൽ.എസ്.ജി.ഡി.) ചീഫ് എഞ്ചിനീയറുടെ ഓഫീസിലുള്ള ഡി ബി 5/13005/18 ഫയലിൽ എടുത്ത തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. 26-6-2018-ലെ കാസർഗോഡ് ജില്ലാ കളക്ടറുടെ ആർ.ഡി.4/1451/17 നമ്പർ ഉത്തരവ് പ്രകാരം 1,30,99,306 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) 10-3-2019-ൽ നിലവിൽവന്ന തെരഞ്ഞെടുപ്പ് കമ്മീഷന്റെ പെരുമാറ്റച്ചട്ടത്തിൽ നിർമ്മാണ പ്രവൃത്തികൾക്ക് അനുവദിക്കേണ്ട ഡെപ്പോസിറ്റ്/ പാർട്ട് ബിൽ എന്നിവയ്ക്ക് അലോട്ട്മെന്റ് അനുവദിക്കുവാൻ പാടില്ല എന്ന നിർദ്ദേശം ഉണ്ടായിരുന്നതിനാൽ അലോട്ട്മെന്റ് കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിച്ച് നൽകാൻ കഴിഞ്ഞിരുന്നില്ല. 26-5-2019-ൽ പെരുമാറ്റച്ചട്ടം മാറ്റിയശേഷം ടി അലോട്ട്മെന്റ് അനുവദിച്ച് നൽകിയിട്ടുണ്ട്.

(ഡി) 12-3-2019-ലെ ഇ 7/4000/18/സിഇ/എൽ.എസ്.ജി.ഡി.(930) ഉത്തരവ് പ്രകാരം ടി പ്രവൃത്തിക്ക് ആസ്തി വികസന ഫണ്ടിൽ നിന്നും 1,30,99,306 രൂപയുടെ അലോട്ട്മെന്റ് നൽകിയിട്ടുണ്ട്. ടി അലോട്ട്മെന്റ് ഓൺലൈൻ മുഖേനയും അലോട്ട്മെന്റ് ലെറ്റർ തപാൽ മുഖേനയും ബന്ധപ്പെട്ട (ഡ്രോയിംഗ് &

ഡിസ്ബേഴ്സിംഗ് ഓഫീസർ) കാസർഗോഡ് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർക്കും ജില്ലാ ട്രഷറിക്കും അയച്ചുകൊടുത്തിരുന്നു. ഇത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ഡി.ബി.5/13005/18 ഫയലിലെ തുക അനുവദിച്ചുകൊണ്ടുള്ള ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു. ടി തുക പാലക്കാട് സതേൺ റെയിൽവേ ഡിവിഷണൽ മാനേജർ (വർക്സ്) - ക്ക് ഡെപ്പോസിറ്റ് ചെയ്യുന്നതിനുള്ള നടപടി കാസർഗോഡ് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ സ്വീകരിച്ചുവരുന്നു.

## പുതുതായി നടപ്പിലാക്കിയ പദ്ധതികൾ

78 (3254) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോട്ടയം, പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ തദ്ദേശസ്വയംഭരണ വകുപ്പ് പുതുതായി നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(ബി) പ്രസ്തുത ജില്ലകളിൽ നാളിതുവരെ പുതുതായി പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ലെങ്കിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ പരിഗണനയിലുള്ള/ നടപ്പിലാക്കുവാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോട്ടയം, പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ ഗ്രാമ-ജില്ലാ പഞ്ചായത്തുകൾ തങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കോട്ടയം ജില്ലയിൽ നടപ്പിലാക്കിയ 'വിശപ്പു രഹിത അയ്മനം' പദ്ധതി, ഈ മൂന്ന് ജില്ലകളിലും ഹരിത കേരളം മിഷനുമായി ചേർന്ന് നടപ്പിലാക്കുന്ന ജലസ്രോതസ്സുകളുടെ പുനരുജ്ജീവനം, ലൈഫ് ഭവന പദ്ധതി, വിദ്യാലയങ്ങളിലെ സ്മാർട്ട് ക്ലാസ്സ് റൂമുകൾ, ആർദ്രം മിഷൻ പദ്ധതി പ്രവർത്തനങ്ങൾ, പഞ്ചായത്ത് ഓഫീസുകളുടെ ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ, തരിശ് ഭൂമിയിലെ കൃഷി എന്നിവ ചില ഉദാഹരണങ്ങളാണ്. വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളായ പി.എം.എ.വൈ., പി.എം.ജി.എസ്.വൈ, പി.എം.കെ.എസ്.വൈ., ആർ.ഐ.ഡി.എഫ്. തുടങ്ങിയ പദ്ധതികളെക്കൂടാതെ ആധുനിക ഗ്യാസ് ക്രിമിറ്റോറിയം, വയോജന ക്ലബ്ബുകൾ, കുടിവെള്ള പദ്ധതികൾ, സാന്ത്വന പരിചരണം, ക്ഷീരഗ്രാമം, കൃഷിത്തോട്ടം, നിർമ്മലം നിർഭയം (സ്ത്രീ സൗഹൃദ ശുചിത്വ ബ്ലോക്ക്), ഫിസിയോതെറാപ്പി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

യൂണിറ്റ്, ഭിന്നശേഷിയുള്ളവർക്കായി തൊഴിൽ സംരംഭവും പരിശീലനവും തുടങ്ങിയ പദ്ധതികൾ പത്തനംതിട്ട ജില്ലയിലെ ബ്ലോക്ക് പഞ്ചായത്തുകൾ വഴി നടപ്പിലാക്കിയിട്ടുണ്ട്. വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളെക്കൂടാതെ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്, നെൽകൃഷി വികസനം, സി.എച്ച്.സി. ലബോറട്ടറി നവീകരണം, ചെക്ക് ഡാം നിർമ്മാണം, അങ്കണവാടി കെട്ടിട നിർമ്മാണം, വയോജന ക്ഷേമം ഉറപ്പുവരുത്തുന്നതിന് മന്ദഹാസം പരിപാടി, അങ്കണവാടി കുട്ടികൾക്ക് കലോത്സവം, സൗരോർജ്ജം ഉപയോഗിച്ച് ബ്ലോക്ക് പഞ്ചായത്ത് വൈദ്യുതീകരിക്കൽ, സി.എച്ച്.സി.-ക്ക് ആംബുലൻസ് വാങ്ങി നൽകൽ എന്നിങ്ങനെ ഒട്ടേറെ പ്രവൃത്തികൾ ഇടുക്കി ജില്ലയിലെ ബ്ലോക്ക് പഞ്ചായത്തുകൾ വഴി നടപ്പിലാക്കിയിട്ടുണ്ട്. കോട്ടയത്തും വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളെ കൂടാതെ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ്, പെൺകുട്ടികൾക്ക് തായ്ക്കൊണ്ടൊ പരിശീലനം, സ്കൂളുകളിൽ നാപ്കിൻ ഡിസ്ട്രോയർ സ്ഥാപിക്കൽ, വയോജനങ്ങൾക്ക് കൃത്രിമ ദന്തനിര നൽകൽ (മന്ദഹാസം), വാട്ടർ എ.റ്റി.എം., തുടങ്ങി ഉല്പാദന, സേവന, പശ്ചാത്തല, പാർപ്പിട മേഖലകളിൽ വിവിധ പ്രവൃത്തികൾ ബ്ലോക്ക് പഞ്ചായത്തുകൾ വാർഷിക പദ്ധതിയിലുൾപ്പെടുത്തി നിർവ്വഹണം നടത്തിയിട്ടുണ്ട്. കൂടാതെ വയോമിത്രം പദ്ധതി (വയോജന ക്ഷേമം), ക്ഷീര വികസന വകുപ്പുമായി യോജിച്ച് കാർഷിക മേഖലയുടെ അഭിവൃദ്ധിക്കായി "ഗവ്യജാലകം പദ്ധതി" വനിതാഗ്രൂപ്പുകൾക്ക് കാലിത്തീറ്റ മിക്സിംഗ് യൂണിറ്റ്, സ്വീവേജ് വേസ്റ്റ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണം എന്നിവയും ഉല്പാദന, സേവന, പശ്ചാത്തല, പാർപ്പിട മേഖലയിലെ മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള നിരവധി പ്രോജക്ടുകളും കോട്ടയം ജില്ലയിലെ ബ്ലോക്ക് പഞ്ചായത്തുകൾ 2019-20 വർഷം നടപ്പാക്കുന്നുണ്ട്. കോട്ടയം, പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ നഗരസഭകൾ വഴി നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

**കച്ചിത്തോട് ഡാം നവീകരണം**

79 (3255) ശ്രീ. കെ. രാജൻ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തദ്ദേശ സ്വയംഭരണ വകുപ്പ് വഴി നടപ്പാക്കുന്നതിനായി 2018-19 വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ച ഒല്ലൂർ നിയോജകമണ്ഡലത്തിലെ മാടക്കത്തറ ഗ്രാമ പഞ്ചായത്തിലെ കച്ചിത്തോട് ഡാം നവീകരണ പ്രവൃത്തിയുടെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

വിവരം ശേഖരിച്ച് നൽകുന്നതാണ്.

**പുഴക്കാട്ടിരി സി.എച്ച്.സി.യുടെ നിർമ്മാണം**

80 (3256) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുഴക്കാട്ടിരി സി.എച്ച്.സി.-യുടെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി ഭരണാനുമതി ലഭിച്ചിട്ടും നടപടികളൊന്നും സ്വീകരിക്കാത്തതിന്റെ കാരണം വിശദമാക്കുമോ ;

(സി) ഭരണാനുമതി ഉത്തരവിന്റെ കാലാവധി പൂർത്തിയായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഭരണാനുമതി പുതുക്കി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഡി) അടിയന്തരമായി കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ആരോഗ്യ വകുപ്പിന്റെ അനുവാദം വാങ്ങി പുഴക്കാട്ടിരി സി.എച്ച്.സി.യിലെ പഴയ കെട്ടിടം പൊളിക്കാനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുള്ളത് പുഴക്കാട്ടിരി മെഡിക്കൽ ഓഫീസർ ആണ്. നിലവിലെ പഴയ കെട്ടിടം പൂർണ്ണമായും പൊളിച്ചു മാറ്റാത്തതാണ് പുതിയ കെട്ടിട നിർമ്മാണം വൈകാൻ കാരണം. ആരോഗ്യ വകുപ്പ് ഡയറക്ടറിൽനിന്നും പൊളിക്കാനുള്ള അനുമതി ലഭിച്ചത് 18-6-2018-ലാണ്. എച്ച്.എം.സി.-യുടെ അനുമതി ലഭിച്ചത് 1-9-2018-ലാണ്. പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി കരാറുകാരൻ എഗ്രിമെന്റ് വച്ചിട്ടുണ്ട്.

(സി) പൂർത്തിയായിട്ടുണ്ട്. ഭരണാനുമതി പുതുക്കി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) അടിയന്തരമായി പ്രവൃത്തി തുടങ്ങാൻ കരാറുകാരനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ പദ്ധതികളുടെ തുക

81 (3257) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 മാർച്ച് 31-നുമുമ്പ് പണി പൂർത്തീകരിച്ച് ബില്ലുകൾ ട്രഷറിയിൽ സമർപ്പിച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ പദ്ധതികളുടെ തുക സ്വയം കണ്ടെത്തണമെന്നും 2019-20 വർഷത്തെ ഫണ്ടിൽ ഉൾപ്പെടുത്തണമെന്നും കാണിച്ച് സർക്കാർ ഉത്തരവിറക്കിയതുമൂലം തദ്ദേശഭരണ സ്ഥാപനങ്ങൾ അംഗീകാരം നേടിയ പദ്ധതികൾ ഉപേക്ഷിക്കേണ്ടിവന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗ്രാമസഭകളിൽ അംഗീകാരം നേടിയ പദ്ധതികൾ ഉപേക്ഷിക്കുക വഴി തദ്ദേശഭരണ സ്ഥാപനങ്ങൾക്കുണ്ടായിട്ടുള്ള പ്രയാസങ്ങൾ ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) ട്രഷറി ക്യൂ ബില്ലുകളുടെയും സ്പിൽ ഓവർ പ്രോജക്ടുകളുടെയും തുക തൻവർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും കണ്ടെത്തുമ്പോൾ തദ്ദേശഭരണ സ്ഥാപനങ്ങൾ അംഗീകാരം നേടിയ പദ്ധതിയിലെ പുതിയ പ്രോജക്ടുകൾ പലതും ഉപേക്ഷിക്കേണ്ടിവരുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി ബഡ്ജറ്റ് വിഹിതത്തിലെ ഓരോ വിഭാഗത്തിലും (പൊതു വിഭാഗം, എസ്.സി.പി., ടി.എസ്.പി., കേന്ദ്രധനകാര്യ കമ്മീഷൻ ഗ്രാന്റ്) പരമാവധി ഇരുപത് ശതമാനം വരെയുള്ള സ്പിൽ ഓവർ ബാധ്യത ബഡ്ജറ്റ് വിഹിതത്തിന് ഉപരിയായി ഏറ്റെടുക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. അംഗീകാരം നേടിയ പദ്ധതിയിലെ പുതിയ പ്രോജക്ടുകൾ പരമാവധി ഉപേക്ഷിക്കാതെ നിലനിർത്തുന്നതിന് ഈ ക്രമീകരണത്തിലൂടെ സാധിക്കും.

## ലൈഫ് ഭവന പദ്ധതി ഗുണഭോക്തൃ ലിസ്റ്റ്

82 (3258) ശ്രീ. സി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ തയ്യാറാക്കിയ ഗുണഭോക്തൃ ലിസ്റ്റിൽപ്പെട്ട മുഴുവൻ പേർക്കും ലൈഫ് ഭവന പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കുമോ;

(ബി) ഈ ലിസ്റ്റിൽനിന്നും ഓരോ വർഷത്തേക്കുള്ള ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്താണ്; വ്യക്തമാക്കാമോ;

(സി) അപേക്ഷകന്റെ കൈവശമുള്ള സ്ഥലത്തിന്റെ വിസ്തൃതിക്ക് പരിധി നിലവിലുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) തദ്ദേശഭരണ സ്ഥാപനാടിസ്ഥാനത്തിൽ തയ്യാറാക്കിയ ഗുണഭോക്തൃ ലിസ്റ്റിൽപ്പെട്ട അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും ആനുകൂല്യം ലഭ്യമാക്കുന്നതാണ്.

(ബി) ഓരോ വർഷത്തേക്കുള്ള ഗുണഭോക്താക്കളെ അല്ല തിരഞ്ഞെടുക്കുന്നത്. ലൈഫ് മിഷൻ കുടുംബശ്രീ മുഖേന നടത്തിയ സർവ്വേയിലൂടെ കണ്ടെത്തിയ ഗുണഭോക്താക്കളിൽനിന്നും ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ പട്ടികയിലെ അർഹരായ ഗുണഭോക്താക്കൾ തദ്ദേശഭരണ സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെടുന്നതിനനുസരിച്ചാണ് ധനസഹായം ലഭ്യമാകുന്നത്. ലൈഫ് പദ്ധതിയിൽ വീട് ലഭ്യമാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ:

1. ഒരു റേഷൻ കാർഡിൽ ഉൾപ്പെട്ടവരെ ഒറ്റ കുടുംബമായി പരിഗണിച്ച് ഒരു ഭവനത്തിന് മാത്രമായി പരിഗണിക്കേണ്ടതാണ്.
2. സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ സ്ഥിര ജോലിക്കാരോ ഇത്തരം സ്ഥാപനങ്ങളിൽ നിന്നും പെൻഷൻ കൈപ്പറ്റുന്നവരോ ആയ അംഗങ്ങളുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്.
3. വാർഷിക വരുമാനം മൂന്ന് ലക്ഷം രൂപയിൽ കൂടുതലുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്.
4. ഗ്രാമപഞ്ചായത്തുകളിൽ 25 സെന്റിലേറെയോ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ പ്രദേശത്ത് അഞ്ച് സെന്റിലേറെയോ ഭൂമി സ്വന്തമായുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ് (പട്ടിക വർഗ്ഗത്തിന് ബാധകമല്ല).
5. ഉപജീവനത്തൊഴിൽ ഉപാധിയെന്ന നിലയ്ക്കല്ലാതെ നാലു ചക്രവാഹനം സ്വന്തമായുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്.

അവകാശികൾക്ക് വസ്തു ഭാഗം ചെയ്ത സാഹചര്യത്തിൽ സ്വന്തം പേരിൽ സാങ്കേതികമായി ഭൂമിയില്ല എന്ന കാരണത്താൽ ഭൂരഹിതരായവരെ ഒഴിവാക്കേണ്ടതാണ്.

(സി) ഗ്രാമപഞ്ചായത്തുകളിൽ 25 സെന്റിലേറെയോ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ പ്രദേശത്ത് അഞ്ച് സെന്റിലേറെയോ ഭൂമി സ്വന്തമായുള്ള കുടുംബങ്ങളെ പരിഗണിക്കുകയില്ല (പട്ടിക വർഗ്ഗത്തിന് ബാധകമല്ല).

## ലൈഫ് മിഷൻ ഭവന പദ്ധതി

83 (3259) ശ്രീ. ആർ. രാമചന്ദ്രൻ:

ശ്രീ. ഇ. കെ. വിജയൻ:

ശ്രീ. മുഹമ്മദ് മുഹസിൻ പി.:

ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ സ്ഥാപനമായ ഹൗസിംഗ് ആന്റ് അർബൻ ഡെവലപ്പ്മെന്റ് കോർപ്പറേഷനിൽ(ഹഡ്കോ)നിന്നും ലൈഫ് പദ്ധതിക്ക് വായ്പ ലഭ്യമായിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) ഹഡ്കോയുടെ കർശനവ്യവസ്ഥകൾ പാലിച്ചുകൊണ്ട് സംസ്ഥാനസർക്കാരിന് ഈ വായ്പാ പദ്ധതി എത്രത്തോളം ഫലപ്രദമായി വിനിയോഗിക്കാൻ കഴിയും; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ഹഡ്കോയുടെ ആദ്യഗഡു വായ്പ ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കൾക്ക് രണ്ടാംഗഡു പൂർണ്ണമായും നൽകാൻ ഇതിനകം കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ലൈഫ് ഭവനപദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള അർഹരായ മുഴുവൻ അപേക്ഷകർക്കും ധനസഹായം ലഭ്യമാക്കാൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ;

(ഇ) 2016-ൽ ആരംഭിച്ച ലൈഫ് ഭവനപദ്ധതിയിൽ ആദ്യ വർഷം ലക്ഷ്യമിട്ട വിവിധ പദ്ധതികളിൽ മുടങ്ങിയ വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചോ; വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ലൈഫ് മിഷന്റെ രണ്ടാംഘട്ട പദ്ധതിയായ ഭൂമിയുള്ള ഭവന രഹിതരുടെ ഭവന നിർമ്മാണത്തിനായി ഹഡ്കോയിൽനിന്നും 3000 കോടി രൂപ ഗ്രാമീണ മേഖലയിലേക്കും 1,000 കോടി രൂപ നഗര മേഖലയിലേക്കും ഉള്ള വായ്പാ സംവിധാനമാണുള്ളത്.

(ബി) ലൈഫ് മിഷന്റെ രണ്ടാംഘട്ട പദ്ധതിയിൽപ്പെടുന്ന ഗ്രാമീണ മേഖലയിലെ 1,36,000 ഗുണഭോക്താക്കൾക്കും നഗര മേഖലയിലെ 50,000 ഗുണഭോക്താക്കൾക്കും ഹഡ്കോ വായ്പയുടെ പ്രയോജനം ലഭ്യമാകുന്നതാണ്.

(സി) ഉണ്ട്. ഹഡ്കോ മൂന്ന് ഗഡുക്കളായി ആകെ 1,125 കോടി രൂപ ഗ്രാമീണ മേഖലയിലെ ഗുണഭോക്താക്കൾക്കും നഗരമേഖലയിൽ രണ്ട് ഗഡുക്കളായി 400 കോടി രൂപയും ഇതിനകം ലഭ്യമാക്കിയിട്ടുണ്ട്. ആദ്യ ഗഡുവിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് രണ്ടാം ഗഡു വിതരണം ചെയ്തിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാത്ത തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ആയത് ലഭ്യമാക്കുന്ന മുറയ്ക്ക് രണ്ടാം ഗഡു വിതരണം ചെയ്യുന്നതാണ്.

(ഡി) ഹഡ്കോയിൽനിന്നുള്ള വായ്പാ വിഹിതവും സംസ്ഥാന വിഹിതവും തദ്ദേശഭരണ സ്ഥാപന വിഹിതവും ചേർത്ത് അർഹരായ മുഴുവൻ ഗുണഭോക്താക്കൾക്കും ഭവന പൂർത്തീകരണത്തിനായി 4 ലക്ഷം രൂപ ധനസഹായം ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഇ) ഒന്നാംഘട്ടം പൂർത്തീരിക്കുവാനുണ്ടായിരുന്ന 54497 ഭവനങ്ങളിൽ 50551 എണ്ണം പൂർത്തീകരിച്ചു (93%); ബാക്കിയുള്ള 3946 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗതിയിലാണ്.

## ലൈഫ് മിഷൻ ഗുണഭോക്താക്കൾ

84 (3260) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ വഴി ഭവനനിർമ്മാണത്തിനായി നാളിതുവരെയായി എത്ര ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുണ്ടെന്നും സംസ്ഥാനത്തെ ഭവനരഹിതരിൽ എത്രപേർക്ക് ഇനിയും വീട് ലഭ്യമാക്കാനുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതി വഴി എത്ര വീടുകൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും എത്ര വീടുകളുടെ പണി ആരംഭിച്ചിട്ടുണ്ടെന്നും അവയുടെ പുരോഗതിയെക്കുറിച്ചുള്ള വിവരവും ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ലൈഫ് മിഷൻ പദ്ധതിയിലൂടെ സംസ്ഥാനത്ത് ഗ്രാമസഭ അംഗീകരിച്ച 184255 ഗുണഭോക്താക്കളിൽ രേഖകൾ ഹാജരാക്കി തദ്ദേശഭരണ സ്ഥാപനവുമായി എഗ്രിമെന്റ് വയ്ക്കുന്ന മുഴുവൻ ഗുണഭോക്താക്കൾക്കും വീട് അനുവദിക്കുന്നതാണ്. നാളിതുവരെ 87573 പേരെ അർഹരായി കണ്ടെത്തുകയും 86192 ഗുണഭോക്താക്കൾ എഗ്രിമെന്റ് വെച്ച് ഭവന നിർമ്മാണം ആരംഭിക്കുകയും നാളിതുവരെ 17036 പേർ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) 86192 ഗുണഭോക്താക്കൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിലേർപ്പെടുകയും 17036 വീടുകൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 69156 വീടുകൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്. പുരോഗതി വിവരം അനുബന്ധമായി* ചേർക്കുന്നു.

## കല്ല്യാശ്ശേരി മണ്ഡലത്തിലെ ലൈഫ് പദ്ധതി

85 (3261) <u>ശ്രീ. റ്റി. വി. രാജേഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിൽ എത്ര വീടുകൾ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും എത്ര വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട് എന്നും വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിലെ 10 ഗ്രാമപഞ്ചായത്തുകളിലായി 319 അംഗീകൃത ഗുണഭോക്താക്കളിൽ നാളിതുവരെ 152 പേർ അർഹരാകുകയും ഇതിൽ 140 പേർ തദ്ദേശഭരണ സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെട്ട് വീട് പണി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ 90 പേർ വീടുപണി പൂർത്തീകരിച്ചിട്ടുണ്ട്.

## മൾട്ടിലെവൽ പാർക്കിംഗ് സംവിധാനം

86 (3262) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിൽ വാഹനങ്ങൾ പാർക്ക് ചെയ്യുവാൻ അനുഭവപ്പെടുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേന്ദ്ര സർക്കാരിന്റെ അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി മൾട്ടിലെവൽ പാർക്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണ്;

(സി) ഈ പദ്ധതിക്കായി കേന്ദ്ര സർക്കാർ എത്ര ഫണ്ട് അനുവദിച്ചു; ഈ പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) അമൃത് പദ്ധതിയിൽ തിരുവനന്തപുരം കോർപ്പറേഷൻ അർബൻ ട്രാൻസ്പോർട്ട് സെക്ടറിൽ ഉൾപ്പെടുത്തി മൾട്ടി ലെവൽ പാർക്കിംഗ് സംവിധാനം താഴെപ്പറയുന്ന മൂന്ന് സ്ഥലങ്ങളിലായി നടപ്പിലാക്കുന്നു:

1. തിരുവനന്തപുരം കോർപ്പറേഷൻ കോമ്പൗണ്ടിൽ 102 വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനുള്ള 6.41 കോടി രൂപയുടെ പദ്ധതിക്കുള്ള വർക്ക് അവാർഡ് ചെയ്ത് എഗ്രിമെന്റ് വച്ച് വർക്ക് ആരംഭിച്ചിട്ടുണ്ട്. ഫൗണ്ടേഷൻ ബേസ്മെന്റിന്റെ നിർമ്മാണം പൂർത്തീകരിച്ച് തുടർന്നുള്ള വർക്കുകൾ നടന്നുവരുന്നു.

2. തിരുവനന്തപുരം പുത്തരിക്കണ്ടം മൈതാനത്ത് 210 വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനായി 11.23 കോടി രൂപയുടെ പദ്ധതിയുടെ വർക്ക് അവാർഡിംഗ് പൂർത്തീകരിച്ചു. എഗ്രിമെന്റ് വച്ച് പ്രാരംഭ പ്രവൃത്തിയായ സോയിൽ ടെസ്റ്റിംഗ് വർക്കുകൾ ആരംഭിച്ചു.

3. തിരുവനന്തപുരം മെഡിക്കൽ കോളേജ് ഗ്രൗണ്ടിൽ 202 വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനായിട്ടുള്ള 14 കോടി രൂപയുടെ പദ്ധതി ടെണ്ടർ ചെയ്തു. വർക്ക് അവാർഡ് ചെയ്തു. കരാറുകാരനുമായി എഗ്രിമെന്റ് വയ്ക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു.

(സി) പദ്ധതിക്കായി കേന്ദ്രസർക്കാരിൽനിന്നും 15.82 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

1. തിരുവനന്തപുരം കോർപ്പറേഷൻ കോമ്പൗണ്ടിൽ നടന്നുവരുന്ന പദ്ധതി 31-1-2020-ൽ പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു.

2. പുത്തരിക്കണ്ടം, മെഡിക്കൽ കോളേജ് ഗ്രൗണ്ട് എന്നിവിടങ്ങളിലെ പദ്ധതികൾ 31-3-2020-ൽ പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു.

**സേവാഗ്രാം പദ്ധതി**

87 (3263) <u>ശ്രീ. മഞ്ഞളാംകുഴി അലി:</u>
<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളുടെ സേവനം വ്യാപിപ്പിക്കുവാൻ ഉദ്ദേശിച്ച് ആരംഭിച്ച സേവാഗ്രാം പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) എല്ലാ ഗ്രാമപഞ്ചായത്തുകളിലും പ്രസ്തുത പദ്ധതി ആരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ ;

(സി) പ്രസ്തുത പദ്ധതി ഫലപ്രദമായി നടപ്പിലാക്കിയാൽ എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(ഡി) പ്രസ്തുത പദ്ധതിയുടെ സ്തംഭനാവസ്ഥ പരിഹരിയ്ക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സേവാഗ്രാം പദ്ധതിക്കായി ഭൂരിഭാഗം ഗ്രാമപഞ്ചായത്തുകളിലും അടിസ്ഥാനസൗകര്യങ്ങൾ തയ്യാറാക്കിയിട്ടുള്ളതാണ്. നിലവിൽ മിക്ക കേന്ദ്രങ്ങളും കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല.

(ബി) ഇല്ല. പൂർണ്ണമായും എല്ലാ ഗ്രാമപഞ്ചായത്തുകളിലും നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല.

(സി) അധികാരവികേന്ദ്രീകരണത്തിന്റെ അന്തഃസത്ത ഉൾക്കൊണ്ട് ജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾ വാർഡ് തലത്തിൽ ലഭ്യമാക്കാനാകും. അപ്രകാരം സുപ്രധാന തീരുമാനങ്ങളും അറിയിപ്പുകളും വാർഡ് കേന്ദ്രമെന്ന നിലയിൽ പെട്ടെന്ന് ജനങ്ങൾക്ക് ലഭ്യമാകുന്ന അവസ്ഥയും സംജാതമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഡി) എല്ലാ ഗ്രാമപഞ്ചായത്തുകളിലും സേവാഗ്രാം പദ്ധതിയുടെ പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകുന്നതാണ്.

**കുടുംബശ്രീ ചിക്കൻ ഫാമുകളിലെ കോഴികൾ**

88 (3264) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ ബ്രോയിലർ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനികൾക്ക് കീഴിലുള്ള ചിക്കൻ ഫാമുകളിലെ കോഴികളെ വാങ്ങുന്നതിന് മീറ്റ് പ്രൊഡക്റ്റ്സ് ഓഫ് ഇന്ത്യ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച കരാറിൽ ഒപ്പുവച്ചിട്ടുണ്ടോ; ഒരു കിലോ കോഴിക്ക് എന്ത് വില വച്ചാണ് അവർ വാങ്ങുന്നത്;

(സി) ചിക്കൻ ഫാം കർഷകർക്ക് ലഭിക്കേണ്ട തുക വേഗത്തിൽ ലഭിക്കുന്നതിന് എന്തെങ്കിലും സംവിധാനം ഒരുക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ & ബി) കുടുംബശ്രീ പ്രൊഡ്യൂസർ കമ്പനികൾക്ക് കീഴിലുള്ള ചിക്കൻ ഫാമുകളിലെ കോഴികളെ വാങ്ങുന്നതുസംബന്ധിച്ച് കുടുംബശ്രീ സംസ്ഥാന മിഷനും മീറ്റ് പ്രോഡക്റ്റ്സ് ഓഫ് ഇന്ത്യയുമായി കരാറിൽ ഒപ്പുവച്ചിട്ടുണ്ട്. ഒരുകിലോ കോഴിക്ക് 85 രൂപ നിരക്കിലാണ് മീറ്റ് പ്രൊഡക്റ്റ്സ് ഓഫ് ഇന്ത്യ വാങ്ങുന്നത്.

(സി) സംവിധാനം ഒരുക്കിയിട്ടുണ്ട്. ബ്രോയിലർ ഫാമിൽ നിന്നും ചിക്കൻ എടുത്തശേഷം മീറ്റ് പ്രോഡക്റ്റ്സ് ഓഫ് ഇന്ത്യയിൽനിന്നുള്ള തൂക്കത്തിന്റെ റിപ്പോർട്ട് പ്രകാരം കുടുംബശ്രീ ബ്രോയിലർ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി തൊട്ടടുത്ത ദിവസം തന്നെ കർഷകർക്ക് പേമെന്റ് നൽകുന്നു.

**കേരള ചിക്കൻ പ്രൊഡ്യൂസർ കമ്പനി**

89 (3265) ശ്രീ. കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ മിഷന്റെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുള്ള കേരളചിക്കൻ പ്രൊഡ്യൂസർ കമ്പനിയുടെ പ്രവർത്തനങ്ങൾ ഏത് ഘട്ടംവരെയായി എന്ന് വിശദമാക്കുമോ;

(ബി) ഏതെല്ലാം ജില്ലകളിലാണ് ഇത് നടപ്പിലാക്കിയിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(സി) നിലവിൽ ഈ സ്ഥാപനത്തിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നത് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ - സി) കുടുംബശ്രീ ബ്രോയിലർ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ നേതൃത്വത്തിൽ കേരള ചിക്കൻ പദ്ധതിയുമായി ബന്ധപ്പെട്ട് വിവിധ പ്രവൃത്തികൾ ചെയ്യുന്നതിനായി വെണ്ടർമാരെ തെരഞ്ഞെടുത്തു. ജർമ്മനി, ഹോളണ്ട് തുടങ്ങിയ വിദേശ രാജ്യങ്ങളിൽ നിന്നും അതിനൂതന മെഷിനറികൾ ഇറക്കുമതി ചെയ്യുന്നതിനുള്ള ഐ.ഇ.സി. (ഇംപോർട്ട് എക്സ്പോർട്ട് കോഡ്) ലഭ്യമാക്കി, കമ്പനികൾക്ക് വർക്ക് ഓർഡർ നൽകിക്കഴിഞ്ഞു. പദ്ധതിയുടെ ഭാഗമായി സംസ്ഥാന വ്യാപകമായി 549 ബ്രോയിലർ ഫാമുകൾ കുടുംബശ്രീയുടെ നേതൃത്വത്തിൽ ആരംഭിക്കുകയും ചെയ്തു. പദ്ധതിക്കാവശ്യമായിട്ടുള്ള പാരന്റ്,

ബ്രീഡർ ഫാം, അബറ്റോയർ, റെൻഡറിംഗ് പ്ലാന്റ് തുടങ്ങിയവ ഉൾപ്പെടുന്ന റീജിയണൽ യൂണിറ്റുകൾ ആരംഭിക്കുന്നത് തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട് ജില്ലകളിലാണ്. ഇതിനായി തിരുവനന്തപുരം ജില്ലയിൽ സ്ഥലം ഏറ്റെടുക്കുകയും പാലക്കാട്, കോഴിക്കോട് ജില്ലകളിൽ സ്ഥലം കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റീജിയണൽ യൂണിറ്റുകളിൽ നിന്ന് സംസ്ഥാനത്തെ മുഴുവൻ ഫാമുകൾക്കും ആവശ്യമായ കോഴിക്കുഞ്ഞുങ്ങളെ ലഭ്യമാക്കുകയും വിപണന സംവിധാനങ്ങൾ ഒരുക്കുകയും ചെയ്തുവരുന്നു.

**കുടുംബശ്രീയുടെ സാമൂഹിക വികസന പരിപാടികൾ**

90 (3266) ശ്രീമതി വീണാ ജോർജ്ജ്:
ശ്രീ. വി. അബ്ദുറഹിമാൻ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. പി. ഉണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ നടപ്പാക്കുന്ന പ്രധാന സാമൂഹിക വികസന പരിപാടികൾ എന്തെല്ലാമാണ്; വയോജന പരിപാലനത്തിനായി രൂപീകരിച്ചിട്ടുള്ള ഹർഷം പദ്ധതി വ്യാപിപ്പിക്കാൻ പരിപാടിയുണ്ടോ; എത്ര ബഡ്സ് സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ട്; പുതുതായി ഇത്തരത്തിലുള്ള എത്ര സ്ഥാപനങ്ങൾ തുടങ്ങുവാൻ പദ്ധതിയുണ്ട്; വിശദമാക്കാമോ;

(ബി) അശരണരുടെയും നിരാലംബരുടെയും അതിജീവനം സാധ്യമാക്കുന്ന അഗതിരഹിത കേരളം പദ്ധതിയുടെ പുരോഗതി അറിയിക്കാമോ;

(സി) പട്ടിക ഗോത്രവർഗ സ്ത്രീകളെയും അതുവഴി ആ കുടുംബാംഗങ്ങളെയും വികസന പൊതുധാരയിലെത്തിക്കാൻ കുടുംബശ്രീ നടത്തിവരുന്ന പ്രവർത്തനം വിശദമാക്കാമോ?

ഉത്തരം

(എ) കുടുംബശ്രീ നടപ്പാക്കുന്ന പ്രധാന സാമൂഹിക വികസന പരിപാടികളാണ് ബഡ്സ് സ്ഥാപനങ്ങൾ, അഗതിരഹിത കേരളം പദ്ധതി, ബാലസഭ, പ്രത്യാശ പദ്ധതി, തീരദേശ സൂക്ഷ്മ സംരംഭ പദ്ധതി, ഹർഷം പദ്ധതി, പട്ടികവർഗ്ഗക്കാർക്ക് വേണ്ടി പ്രത്യേക അയൽക്കൂട്ടങ്ങൾ, ബ്രിഡ്ജ് സ്കൂൾ, പരമ്പരാഗത കൃഷിവികസന പരിപാടികൾ എന്നിവ.

വയോജന പരിപാലനത്തിനായി രൂപീകരിച്ചിട്ടുള്ള ഹർഷം പദ്ധതി 14 ജില്ലകളിലും വ്യാപിപ്പിക്കുന്നതിനുള്ള നടപടി കുടുംബശ്രീ സ്വീകരിച്ചിട്ടുണ്ട്.

കേരളത്തിൽ 103 ബഡ്സ് സ്കൂളുകളും 144 ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകളും (ബി.ആർ.സി.) ആയി ആകെ 247 ബഡ്സ് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. 2018-19 വർഷത്തിൽ സർക്കാർ പ്രഖ്യാപിച്ച 200 പുതിയ ബഡ്സ് സ്ഥാപനങ്ങളിൽ 39 ബഡ്സ് സ്കൂളുകളും 38 ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകളുമായി 77 ബഡ്സ് സ്ഥാപനങ്ങൾ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. 22 സ്ഥാപനങ്ങൾ ഉദ്ഘാടനം കഴിഞ്ഞ് ഉടൻ പ്രവർത്തനം ആരംഭിക്കുവാൻ തയ്യാറായിട്ടുണ്ട്. ഈ അദ്ധ്യയനവർഷത്തിൽ അവശേഷിക്കുന്ന 101 സ്ഥാപനങ്ങൾ കൂടി പ്രവർത്തനക്ഷമമാക്കുന്നതാണ്. കൂടാതെ സർക്കാർ ഈ വർഷം ബഡ്ജറ്റിൽ പ്രഖ്യാപിച്ച 100 ബഡ്സ് സ്ഥാപനങ്ങൾ കൂടി ആരംഭിക്കുവാൻ പദ്ധതിയുണ്ട്.

(ബി) അഗതി കുടുംബങ്ങളുടെ പുനരധിവാസം ലക്ഷ്യമിട്ട് കുടുംബശ്രീ നടപ്പിലാക്കിവന്നിരുന്ന ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ട തുടർസേവനം ആവശ്യമുള്ളവരെയും പുതുതായി പദ്ധതി ഗുണഭോക്താക്കളാകേണ്ടവരെയും ഉൾപ്പെടുത്തി സമഗ്ര പദ്ധതി എന്ന നിലയിൽ അഗതിരഹിത കേരളം പദ്ധതിക്ക് 2017 ഒക്ടോബറിൽ തുടക്കം കുറിച്ചു. 2017-18 കാലയളവിൽ നടത്തിയ സർവ്വേയിൽ അഗതിരഹിത കേരളം പദ്ധതിയുടെ ഗുണഭോക്താക്കളായി 1,68,610 കുടുംബങ്ങളെയാണ് കണ്ടെത്തിയിട്ടുള്ളത്. ഇതിനോടകം 953 തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതിക്ക് അംഗീകാരം നൽകി പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. 55 തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതിക്കുകൂടി ജൂൺ മാസത്തിൽ അംഗീകാരം നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ബാക്കിയുള്ള 24 തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതിയുടെ രൂപീകരണം തദ്ദേശഭരണ സ്ഥാപന തലത്തിൽ അന്തിമ ഘട്ടത്തിലാണ്.

(സി) പട്ടിക ഗോത്രവർഗ്ഗ സ്ത്രീകളെയും അതുവഴി ആ കുടുംബാംഗങ്ങളെയും വികസന പൊതുധാരയിലെത്തിക്കാൻ കുടുംബശ്രീ നടത്തിവരുന്ന പ്രവർത്തനങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**കുടുംബശ്രീയുടെ നൂതന സംരംഭങ്ങൾ**

91 (3267) ശ്രീ. കെ. എസ്. ശബരീനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീയെ നൂതന സംരംഭത്തിൻ കീഴിൽ കൊണ്ടുവരുന്നതിന്റെ ഭാഗമായി ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണ്;

(ബി) പാലും മുട്ടയും പാലുല്പന്നങ്ങളും ഒരു കുടക്കീഴിലാക്കി കുടുംബശ്രീയുടെ ഷോപ്പുകൾ എല്ലാ ജില്ലകളിലും തുടങ്ങുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഇത്തരം സംരംഭങ്ങൾ ആരംഭിക്കുന്നതിന് എന്ത് ധനസഹായമാണ് അനുവദിക്കുക; അതിന്റെ പലിശ നിരക്ക് എത്രയാണ്?

ഉത്തരം

(എ) കുടുംബശ്രീയെ നൂതന സംരംഭത്തിന് കീഴിൽ കൊണ്ടുവരുന്നതിന് ആവിഷ്കരിച്ച പദ്ധതികളാണ് 'മിൽക്കി ലാറ്റെ'യും 'ജെനോവ'യും.

കുടുംബശ്രീ അംഗങ്ങൾ ഉത്പാദിപ്പിക്കുന്ന പാൽ അടിസ്ഥാനമാക്കിയുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങൾ വിപണനം ചെയ്യുന്ന ബ്രാൻഡ് ആണ് 'മിൽക്കി ലാറ്റെ'. കുടുംബശ്രീ അംഗങ്ങൾ ഉത്പാദിപ്പിക്കുന്ന നാടൻ മുട്ട സംസ്ഥാന വ്യാപകമായി സംഭരിച്ച് പായ്ക്ക് ചെയ്ത് വിപണനം ചെയ്യുന്നതിനും മൂല്യവർദ്ധിത ഉത്പ്പന്നങ്ങൾ നിർമ്മിക്കുന്നതിനുമുള്ള പദ്ധതിയാണ് 'ജെനോവ'.

(ബി) കുടുംബശ്രീ ഷോപ്പുകൾ എല്ലാ നഗരസഭയിലും ഒന്നുവീതം തുടങ്ങുവാൻ തീരുമാനമായിട്ടുണ്ട്. മൃഗസംരക്ഷണ മേഖലയിലെ ഉത്പന്നങ്ങൾ ബ്രാൻഡ് ചെയ്ത് വിൽക്കുന്നതിനായി ഓരോ ജില്ലയിലും ഉപഭോക്താക്കൾക്ക് മികച്ച ഷോപ്പിംഗ് അനുഭവം നൽകുന്ന തരത്തിൽ ശീതീകരിച്ച ബ്രാൻഡഡ് ഷോപ്പുകളാണ് 'കുടുംബശ്രീ ഷോപ്പീ സേഫ് ടു ഈറ്റ് ' എന്ന പേരിൽ ആരംഭിക്കുന്നത്. ഇറച്ചി, മുട്ട, പാൽ, മത്സ്യം എന്നിവയും അവയുടെ ഉൽപ്പന്നങ്ങളുമാണ് ഇതിലൂടെ വിപണനം ചെയ്യുന്നത്.

(സി) സി.ഇ.എഫ്. ലോൺ ആയി സി.ഡി.എസ്.ന് 10 ലക്ഷം രൂപ. പലിശ 4%; തിരിച്ചടവ് 2 വർഷം.

## വർദ്ധിച്ചുവരുന്ന തെരുവുനായ്ക്കളുടെ ശല്യം

92 (3268) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തെരുവുനായ്ക്കളുടെ ഉപദ്രവം ഏൽക്കുന്നവരുടെ എണ്ണം വർദ്ധിക്കുന്ന കാര്യം പരിശോധിക്കുമോ; വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈ വിഷയത്തിൽ വേണ്ടത്ര ജാഗ്രത പാലിക്കുന്നില്ലെന്ന കാര്യം പരിശോധിക്കുമോ;

(സി) ഈ വിഷയത്തിൽ സംസ്ഥാന സർക്കാർ ഫണ്ട് ഉപയോഗിക്കുവാൻ അനുവാദം നൽകിയത് ഉപയോഗിച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏതെല്ലാം; ഉപയോഗിച്ച തുക എത്ര; വ്യക്തമാക്കുമോ; ഓരോ നഗരസഭയും ചെലവാക്കിയ തുക എത്ര; വ്യക്തമാക്കുമോ;

(ഡി) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരെയും നഗരകാര്യ വകുപ്പ് റീജിയണൽ ഡയറക്ടർമാർക്കും ഇതിന്റെ ഏകോപന ചുമതല നൽകുമോ; അവരുടെ റിപ്പോർട്ട് പരിശോധിക്കുമോ; തദ്ദേശസ്വയംഭരണ സെക്രട്ടേറിയേറ്റിലെ ഏതെങ്കിലും സെക്ഷനെ ഇതിന്റെ ചുമതല ഏൽപ്പിക്കുമോ;

(ഇ) 2019 ജനുവരി മുതൽ നാളിതുവരെ റിപ്പോർട്ട് ചെയ്ത തെരുവ് നായ ആക്രമണത്തെക്കുറിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; പഞ്ചായത്ത്, നഗരസഭ തിരിച്ചും ജില്ല തിരിച്ചും കണക്ക് ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) ആലപ്പുഴ, ഇടുക്കി, കോഴിക്കോട് ജില്ലകളിലെ ഗ്രാമപഞ്ചായത്തുകളിൽ തെരുവുനായ്ക്കളുടെ ഉപദ്രവം ഏൽക്കുന്നവരുടെ എണ്ണം വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ നഗരസഭാ പ്രദേശങ്ങളിൽ തെരുവ് നായ്ക്കളുടെ ഉപദ്രവം ഏൽക്കുന്നവരുടെ എണ്ണം മുൻവർഷങ്ങളെ അപേക്ഷിച്ച് കുറയുന്നതായാണ് കാണപ്പെടുന്നത്. തെരുവുനായ്ക്കളുടെ ശല്യം നിയന്ത്രിക്കുന്നതിന് സംസ്ഥാനത്ത് ജില്ലാ പഞ്ചായത്തും മൃഗസംരക്ഷണ വകുപ്പും, കുടുംബശ്രീയും ചേർന്ന് അനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം നടപ്പിലാക്കി വരുന്നു. പ്രോഗ്രാമിന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് മോണിറ്ററിംഗ് സമിതികൾ രൂപീകരിച്ച് തെരുവ് നായ്ക്കളുടെ ശല്യം നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. പൊതുസ്ഥലങ്ങളിൽ ഭക്ഷണ അവശിഷ്ടങ്ങൾ ഉൾപ്പെടെയുള്ള മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തടയുന്നതിന് ബോധവൽക്കരണം നടത്തുകയും

വാർഡുതല ശുചീകരണ പ്രവർത്തനങ്ങളും നടത്തിവരുന്നു. എ.ബി.സി. പ്രോഗ്രാം ഫലപ്രദമായി നടപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ അനിമൽ വെൽഫയർ ബോർഡിന്റെ അംഗീകാരമുള്ള സംഘടനകളെ എ.ബി.സി. പ്രോഗ്രാമിന്റെ നടത്തിപ്പിനായി സർക്കാർ ഉത്തരവ് പ്രകാരം ചുമതലപ്പെടുത്തിയിട്ടുണ്ട്. മാത്രമല്ല, കുടുംബശ്രീയുടെ നേതൃത്വത്തിൽ സുരക്ഷ 2018 എന്ന പേരിൽ തദ്ദേശഭരണ സ്ഥാപനങ്ങളിലെ അംഗങ്ങളെ ഉൾപ്പെടുത്തി സംസ്ഥാനതലത്തിൽ എ.ബി.സി. ബോധവൽക്കരണ പരിപാടി നടപ്പിലാക്കിയതുവഴി ആയതിന്റെ പ്രാധാന്യത്തെ കുറിച്ച് അംഗങ്ങളെ ബോധ്യപ്പെടുത്താൻ സാധിച്ചിട്ടുണ്ട്.

(സി) ഈ വിഷയത്തിൽ പഞ്ചായത്തുകൾ, നഗരസഭകൾ എന്നിവ ചെലവാക്കിയ തുക അനുബന്ധമായി* കാണാവുന്നതാണ്.

(ഡി) ഈ വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

(ഇ) 2019 ജനുവരി മുതൽ നാളിതുവരെ റിപ്പോർട്ട് ചെയ്ത തെരുവ് നായ ആക്രമണത്തെക്കുറിച്ചുള്ള കണക്ക് അനുബന്ധമായി* കാണാവുന്നതാണ്.

**അജൈവ മാലിന്യനിർമ്മാർജ്ജനം**

93 (3269) ശ്രീ. അബ്ദുൽ ഹമീദ് പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ വീടുകൾ, ഓഫീസുകൾ എന്നിവിടങ്ങളിൽനിന്നും സംഭരിക്കുന്നതിനും അവ റീസൈക്ലിംഗ് ഉൾപ്പെടെയുള്ള മാർഗ്ഗങ്ങളിലൂടെ പുനരുപയോഗിക്കുകയോ പരിസ്ഥിതിക്ക് ദോഷകരമാവാത്ത വിധം നിർമാർജ്ജനം നടത്തുകയോ ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിന് ഒരു ഏകീകൃത സംവിധാനം നിലവിലുണ്ടോ; ഇല്ലെങ്കിൽ അത്തരത്തിൽ ഒരു സംവിധാനം രൂപപ്പെടുത്തുന്നതിന് ആവശ്യമായ പഠന ഗവേഷണങ്ങൾ നടത്താനും നടപ്പാക്കാനും നടപടി സ്വീകരിക്കുമോ;

(ബി) മാലിന്യ നിർമാർജ്ജനത്തിൽ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റി കൾക്കും പരിശീലനം നൽകുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) 15-7-2017-ലെ സ.ഉ.(സാധാ)നമ്പർ 2420/2017/തസ്വഭവ. നമ്പർ പ്രകാരമുള്ള ഹരിതകേരളം മിഷൻ - ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷൻ നിർവ്വഹണ മാർഗ്ഗരേഖയിൽ പറയുംപ്രകാരം ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷനുകളിൽ രൂപീകരിക്കുന്ന ഹരിതകർമ്മസേന എല്ലാ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും നിശ്ചിത ഇടവേളകളിൽ അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിനും ഓരോ തദ്ദേശഭരണ സ്ഥാപനത്തിലും സ്ഥാപിക്കുന്ന മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റിയിൽ (എം.സി.എഫ്.) അത് തത്കാലം സംഭരിക്കുന്നതിനും അവിടെ നിന്ന് നഗരസഭ-ബ്ലോക്ക്-പഞ്ചായത്ത് തലത്തിൽ സ്ഥാപിക്കുന്ന റിസോഴ്സ് റിക്കവറി ഫെസിലിറ്റിയിൽ (ആർ.ആർ.എഫ്.) എത്തിച്ച് പുനരുപയോഗത്തിനും പുനഃചംക്രമണത്തിനും വിധേയമാക്കുന്നതിനുമുള്ള ഏകീകൃത സംവിധാനം പൂർണ്ണസജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സംസ്ഥാനത്ത് 603 തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഹരിതകർമ്മസേന പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 522 എം.സി.എഫുകൾ സ്ഥാപിക്കുകയും 174 എം.സി.എഫ്.-കളുടെ നിർമ്മാണം നടന്നുവരികയും ചെയ്യുന്നു. ആകെ 505 എം.സി.എഫ്.-കൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 93 നഗരസഭകളിലും 152 ബ്ലോക്കുകളിലുമായി 137 ആർ.ആർ.എഫ്.-കൾ സ്ഥാപിക്കുകയും 85 എണ്ണം നിർമ്മാണം നടന്നുവരികയും ചെയ്യുന്നു. ഇവയിൽ 107 എണ്ണം പ്രവർത്തനം ആരംഭിച്ചു.

(ബി) മാലിന്യ ഉല്പാദനത്തിൽ കുറവു വരുത്തുന്നതിലേക്കായി പ്ലാസ്റ്റിക് പോലുള്ള അജൈവ വസ്തുക്കളുടെ ഉപയോഗം കുറയ്ക്കുക (Reduce), പുനരുപയോഗം വർദ്ധിപ്പിക്കുക (Reuse), പുനഃചംക്രമണം (Recycle) പ്രോത്സാഹിപ്പിക്കുക എന്നിവ ജനജീവിതത്തിന്റെ ഭാഗമായും സംസ്കാരമായും മാറ്റുന്നതിനുള്ള ബോധവത്കരണ പരിപാടികൾ തദ്ദേശഭരണ സ്ഥാപനതലങ്ങളിൽ നടത്തിവരുന്നുണ്ട്. കൂടാതെ കിലയുടെ നേതൃത്വത്തിൽ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും പരിശീലനം നൽകുന്ന സംവിധാനം നിവിലുണ്ട്.

### എല്ലാ മണ്ഡലങ്ങളിലും മാലിന്യ സംസ്കരണ പ്ലാന്റുകൾ

94 (3270) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് എല്ലാ നിയോജകമണ്ഡലങ്ങളിലും മാലിന്യ സംസ്കരണ പ്ലാന്റുകൾ ആരംഭിക്കാനാകുമോ; ആയതിന് നടപടി സ്വീകരിക്കാമോ ; വിശദാംശം വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

നിയോജകമണ്ഡല അടിസ്ഥാനത്തിൽ മാലിന്യ സംസ്കരണ പ്ലാന്റുകൾ ആരംഭിക്കുന്ന വിഷയം പരിഗണനയിൽ ഇല്ല. ജൈവമാലിന്യം ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള വികേന്ദ്രീകൃത മാലിന്യ സംസ്കരണ പദ്ധതികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കിവരുന്നുണ്ട്. ഇതിനായി ഗാർഹിക, സ്ഥാപന, കമ്മ്യൂണിറ്റി തലങ്ങളിൽ ഉറവിട മാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിച്ച് മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. അജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ തരംതിരിച്ച് ഓരോ തദ്ദേശഭരണ സ്ഥാപനത്തിലും പ്രവർത്തിക്കുന്ന മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റിയിൽ എത്തിക്കുകയും അവിടെനിന്ന് നഗരസഭ/ബ്ലോക്ക്/പഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്ന റിസോഴ്സ് റിക്കവറി ഫെസിലിറ്റിയിൽ എത്തിച്ച് പുനരുപയോഗത്തിനും പുനഃചംക്രമണത്തിനും വിധേയമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ തദ്ദേശഭരണ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി ക്ലസ്റ്റർ അടിസ്ഥാനത്തിൽ കേന്ദ്രീകൃതമായ രീതിയിൽ ഖരമാലിന്യങ്ങൾ സംസ്കരിച്ച് ഊർജ്ജം ഉൽപ്പാദിപ്പിക്കുന്ന തരത്തിലുള്ള വേസ്റ്റ്-ടു-എനർജി പ്ലാന്റുകൾ തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതിന് സർക്കാർ നയപരമായ തീരുമാനമെടുത്ത് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

## മാലിന്യ നിർമ്മാർജ്ജനത്തിന് ശുചിത്വ മിഷൻ നടത്തുന്ന പ്രവർത്തനങ്ങൾ

95 (3271) <u>ശ്രീ. പുരുഷൻ കടലുണ്ടി :</u>
<u>ശ്രീ. ജോൺ ഫെർണാണ്ടസ് :</u>
<u>ശ്രീ. വി. ജോയി :</u>
<u>ശ്രീ. എം. മുകേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശുചിത്വ-മാലിന്യ സംസ്കരണമേഖലകളിൽ സർക്കാർ നടത്തിയിട്ടുള്ള ഇടപെടലുകൾ എന്തെല്ലാമാണെന്നറിയിക്കുമോ;

(ബി) ഈ രംഗത്ത് ശുചിത്വ മിഷൻ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) എല്ലാ ജില്ലകളിലെയും പ്രധാന ആശുപത്രികളിൽ സ്വീവേജ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഗാർഹിക ശൗചാലയങ്ങളും പൊതു ശൗചാലയങ്ങളും നിർമ്മിക്കുന്നതിനുള്ള പദ്ധതി ശുചിത്വ മിഷൻ ആവിഷ്കരിച്ചിട്ടുണ്ടോ;

(ഇ) മികച്ച പരിസ്ഥിതി സംരക്ഷണത്തിനും ശുചിത്വ പ്രവർത്തനത്തിനും ശുചിത്വ മിഷന് അംഗീകാരം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ശുചിത്വ മാലിന്യ സംസ്കരണ മേഖലകളിൽ സർക്കാർ നടത്തിയിട്ടുള്ള ഇടപെടലുകൾ ചുവടെ ചേർക്കുന്നു:

- സംസ്ഥാനത്തെ മാലിന്യ മുക്തമാക്കുന്നതിന്റെ ഭാഗമായി ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ ശുചിത്വ മാലിന്യ സംസ്കരണ മേഖലയിൽ വികസന ഫണ്ടിന്റെ 10 % നീക്കി വയ്ക്കുന്നതിനും നഗരസഭകൾ 15 % നീക്കി വയ്ക്കുന്നതിനും ഉത്തരവ് നൽകിയിട്ടുണ്ട്.
- ശുചിത്വ-മാലിന്യ സംസ്കരണ മേഖലയിൽ ശുചിത്വകേരളം (അർബൻ), ശുചിത്വകേരളം (റൂറൽ) എന്നീ പ്ലാൻ സ്കീമുകളിൽ ഉൾപ്പെടുത്തി ബഡ്ജറ്റിൽ തുക വകയിരുത്തി വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.
- മാലിന്യമുക്ത കേരളം സാക്ഷാത്ക്കരിക്കുന്നതിനായി 'ഹരിതകേരളം' ലക്ഷ്യംവച്ചുള്ള വിവിധ കാമ്പയിനുകൾ ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് നടന്നുവരുന്നു.
- ജൈവ മാലിന്യ സംസ്കരണത്തിനായി വിവിധ രീതിയിലുള്ള വികേന്ദ്രീകൃത ഉറവിട മാലിന്യ സംസ്കരണ പദ്ധതികൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ.
- അജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തരംതിരിച്ച് ശേഖരിച്ച് തദ്ദേശഭരണ സ്ഥാപനതലത്തിൽ സ്ഥാപിച്ചിട്ടുള്ള മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളിൽ എത്തിക്കുകയും അവിടെ നിന്ന് രണ്ടാം തരംതിരിവിനും പുനഃചംക്രമണത്തിന് സാധ്യതയുള്ള വസ്തുക്കൾ റീസൈക്ലിംഗ് വ്യവസായങ്ങൾക്ക് കൈമാറുന്നതിനുമുള്ള നടപടികൾ.
- പുനഃചംക്രമണ സാധ്യത തീരെ കുറവുള്ള പ്ലാസ്റ്റിക്കുകൾ ബ്ലോക്ക്/നഗരസഭ തലത്തിൽ സ്ഥാപിച്ചിട്ടുള്ള റിസോഴ്സ് റിക്കവറി ഫെസിലിറ്റികളിൽ എത്തിച്ച് ഷ്രഡ്ഡ് ചെയ്ത് റോഡ് ടാറിംഗിന് കൈമാറുന്നതിനുള്ള നടപടികൾ.
- കേന്ദ്രീകൃത വേസ്റ്റ്-ടു-എനർജി പ്ലാന്റുകൾ തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ.

- ക്ലീൻ കേരള കമ്പനിയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തൽ.
- വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും ഏകോപനത്തിനായി ഹരിത കേരളം മിഷന്റെ രൂപീകരണം.
- ഹരിത സഹായ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ.

(ബി) തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സാങ്കേതിക പിന്തുണാ സ്ഥാപനമാണ് ശുചിത്വ മിഷൻ. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ശുചിത്വ-മാലിന്യ സംസ്കരണ മേഖലകളിൽ പദ്ധതി നിർവ്വഹണം സംബന്ധിച്ച സാങ്കേതിക പിന്തുണ ശുചിത്വമിഷൻ നൽകി വരുന്നു. കൂടാതെ ശുചിത്വ-മാലിന്യ സംസ്കരണ മേഖലകളിൽ ആശയ രൂപീകരണം, കർമ്മപരിപാടികൾ ആസൂത്രണം ചെയ്യൽ, സൃഷ്ടിപരമായ ശില്പശാലകൾ, പരിശീലനങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കൽ, മേഖലാ സംബന്ധിയായ പഠനഗവേഷണങ്ങൾ, സന്ദർഭോചിതമായ പ്രസിദ്ധീകരണങ്ങൾ തുടങ്ങി മാലിന്യ സംസ്കരണമേഖലയിലെ മറ്റു പ്രവർത്തനങ്ങളും ശുചിത്വ മിഷന്റെ ഉത്തരവാദിത്വങ്ങളിൽപ്പെടുന്നു. ഇതിനെല്ലാം പുറമെ സ്വച്ഛ് ഭാരത് മിഷൻ (നഗരം), സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ), കമ്മ്യൂണിക്കേഷൻ & കപ്പാസിറ്റി ഡെവലപ്പ്മെന്റ് യൂണിറ്റ് (സി.സി.ഡി.യു.) എന്നിവ നടപ്പിലാക്കാനുള്ള സംസ്ഥാന നോഡൽ ഏജൻസിയായും മിഷൻ പ്രവർത്തിച്ചു വരുന്നു. ഹരിതകേരളം മിഷന്റെ ഭാഗമായി ശുചിത്വ-മാലിന്യ സംസ്കരണ മേഖലകളിൽ നിർദ്ദേശിച്ചിട്ടുള്ള കർമ്മപരിപാടികളുടെ നിർവ്വഹണ ഏജൻസിയും ശുചിത്വ മിഷനാണ്.

(സി) ജില്ലകളിൽ ഒന്നുവീതം ആശുപത്രികളിൽ സ്വീവേജ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) ഒ.ഡി.എഫ്. പ്രഖ്യാപിച്ചതിനുശേഷം ഗ്രാമീണ മേഖലയിൽ ഗാർഹിക ശൗചാലയങ്ങൾക്ക് ശുചിത്വ മിഷന്റെ സഹായങ്ങൾ നൽകുന്നില്ല. എന്നാൽ ഗ്രാമീണ/നഗര മേഖലകളിൽ പൊതു ശൗചാലയങ്ങൾ നിർമ്മിക്കുന്നതിന് ശുചിത്വമിഷൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. നഗരപ്രദേശങ്ങളിൽ ഗാർഹിക ശൗചാലയം നിർമ്മിക്കുന്നതിന് ശുചിത്വമിഷൻ സഹായം നൽകി വരുന്നുണ്ട്.

(ഇ) 2010-ൽ ഗ്രീൻ കേരള എക്സിബിഷൻ എന്ന റിയാലിറ്റി ഷോ നടത്തിയതിന് കേന്ദ്ര നഗരകാര്യ മന്ത്രാലയത്തിന്റെ അവാർഡ് ലഭിച്ചു.

## സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്

96 (3272) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നഗരസഭയുടെ പള്ളുരുത്തി മേഖല 16-ാം ഡിവിഷനിൽ നഗരസഭ വക സ്ഥലത്ത് അമൃത് പദ്ധതിയുടെ കീഴിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതു സംബന്ധിച്ച് പ്രൊപ്പോസലിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) എത്ര സെന്റ് സ്ഥലമാണ് ഇതിനായി വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ പദ്ധതി എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) അമൃത് പദ്ധതിയിൽ സ്വിവറേജ് & സെപ്റ്റേജ് മാനേജ്മെന്റ് സെക്ടറിൽ കൊച്ചി കോർപ്പറേഷനിലെ 15, 16, 17 ഡിവിഷനുകളിൽ ഡീസെൻട്രലൈസ്ഡ് സ്വിവറേജ് പദ്ധതിക്കായി കൊച്ചി കോർപ്പറേഷൻ തയ്യാറാക്കി നൽകിയിട്ടുള്ള 44.56 കോടി രൂപയുടെ പദ്ധതി അമൃത് പദ്ധതിയുടെ ഉന്നതാധികാര സമിതി പരിശോധിച്ച് 44.56 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുള്ളതും തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ കൺവീനറും ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ചെയർമാനുമായ സാങ്കേതിക സമിതി പരിശോധിച്ച് 42.95 കോടി രൂപയുടെ സാങ്കേതികാനുമതി നൽകിയിട്ടുള്ളതുമാണ്. കൊച്ചി കോർപ്പറേഷൻ പ്രസ്തുത പദ്ധതി 28-2-2019-ൽ ആദ്യമായി ടെണ്ടർ ചെയ്തു. ടെണ്ടറുകൾ ലഭിക്കാത്തതിനാൽ റീ ടെണ്ടർ ചെയ്തിരിക്കുകയാണ്.

(സി) ഡിവിഷൻ 15-ൽ 15 സെന്റ്, ഡിവിഷൻ 16-ൽ 20 സെന്റ്, ഡിവിഷൻ 17-ൽ 20 സെന്റ് - ആകെ 55 സെന്റ്.

(ഡി) 2019 സെപ്റ്റംബർ മാസത്തിൽ പദ്ധതി ആരംഭിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

## കിള്ളിയാർ മാലിന്യമുക്തമാക്കാൻ നടപടി

97 (3273) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിള്ളിയാർ മാലിന്യമുക്തമാക്കുന്നതിന് തിരുവനന്തപുരം നഗരസഭ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണ്;

(ബി) കിള്ളിയാറിലേക്ക് മാലിന്യമെത്തുന്ന ഓടകൾ ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) കിള്ളിയാറിലെ കയ്യേറ്റങ്ങൾ തടയുന്നതിന് റവന്യൂ വകുപ്പുമായി സഹകരിച്ച് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) കിള്ളിയാർ ശുചീകരണ പദ്ധതി ഒരു തുടർ പദ്ധതിയായി നടപ്പിലാക്കുന്നതും വർഷത്തിൽ രണ്ട് തവണയെങ്കിലും ശുചീകരണ പദ്ധതികൾ നടപ്പിലാക്കി കിള്ളിയാറിനെ മാലിന്യ മുക്തമാക്കുന്നതും പരിഗണിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) കിള്ളിയാർ ശുദ്ധീകരിക്കുന്നതിനുവേണ്ടി നഗരസഭാ തലത്തിൽ കിള്ളിയാർ ക്ലീനിംഗ് പ്രോജക്ട് തയ്യാറാക്കുകയും നദിയുടെ സ്ഥിതി വിശകലനം ചെയ്ത് പ്രധാന പ്രശ്നങ്ങൾ കണ്ടെത്തുകയും Short term strategies, Long term strategies എന്നിങ്ങനെ തരം തിരിച്ച് പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് രൂപം നൽകുകയും ചെയ്തിട്ടുണ്ട്. നിലവിൽ കുടിക്കിടക്കുന്ന മാലിന്യങ്ങൾ പൊതുജനങ്ങളുടെ സഹകരണത്തോടെ നീക്കം ചെയ്യുന്നതിലേക്കായി കിള്ളിയാർ ജനകീയ കൺവെൻഷൻ, കിള്ളിയാർ കലാജാഥ, പുഴ അറിവ് തുടങ്ങിയ പ്രവർത്തനങ്ങൾ വാർഡ് തല, കോർപ്പറേഷൻ തല സംഘാടക സമിതി രൂപീകരിച്ച് വിജയകരമായി നടപ്പിലാക്കിവരുന്നു. 15000-ത്തോളം വോളന്റിയർമാരെ ഉൾപ്പെടുത്തി കിള്ളിയാർ മെഗാ ക്ലീനിംഗ് സംഘടിപ്പിക്കുകയുണ്ടായി. കിള്ളിയാറിലേക്ക് മാലിന്യമെത്തുന്ന ഓടകൾ കണ്ടെത്തി വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നുമുള്ള മലിനജലം വഹിക്കുന്ന പൈപ്പുകൾ അടയ്ക്കുന്ന ജോലികൾ 70 ശതമാനത്തോളം പൂർത്തിയായിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കിള്ളിയാറിലേക്ക് മാലിന്യം നിക്ഷേപിക്കുന്ന പൈപ്പുകൾ അടയ്ക്കുകയും മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ നോട്ടീസ് നൽകി നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു.

(സി) കിള്ളിയാറിലെ കയ്യേറ്റങ്ങൾ കണ്ടെത്തി ആയതിനെതിരെ നടപടികൾ സ്വീകരിക്കുന്നതിന് റവന്യൂ വകുപ്പിന് തിരുവനന്തപുരം കോർപ്പറേഷൻ കത്ത് നൽകിയിട്ടുണ്ട്.

(ഡി) കിള്ളിയാർ പ്രോജക്ട് തുടരുന്നതിന് തിരുവനന്തപുരം നഗരസഭ പദ്ധതി തയ്യാറാക്കി വരികയാണ്. മെക്കാനിക്കൽ ആയി നദിയുടെ ആഴം കൂട്ടുന്നതിനും ഏറേഷനുവേണ്ടി ഫണ്ട് രൂപീകരിക്കുന്നതിനും നഗരസഭ നടപടി സ്വീകരിച്ചുവരുന്നു. തീര സംരക്ഷണത്തിന് മാസ്റ്റർ പ്ലാൻ നഗരസഭ തയ്യാറാക്കിവരുന്നു.

**അഡൽട്ട് ഡയപ്പർ സംസ്കരിക്കുന്നതിനുള്ള സംവിധാനം**

98 (3274) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിടപ്പ് രോഗികൾ ഉപയോഗിക്കുന്ന അഡൽട്ട് ഡയപ്പർ ഉപയോഗത്തിന് ശേഷം സംസ്കരിക്കുന്നതിനുള്ള സംവിധാനം ഇല്ലായെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഡയപ്പർ പൊതുസ്ഥലങ്ങളിൽ വലിച്ചെറിയുന്നതുമൂലം ഉണ്ടാകുന്ന മലിനീകരണ പ്രശ്നങ്ങൾ ഒഴിവാക്കുവാൻ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലും അഡൽട്ട് ഡയപ്പർ നശിപ്പിക്കുന്നതിന് ആവശ്യമായ ഇൻസിനറേറ്റർ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) അഡൽട്ട് ഡയപ്പർ നശിപ്പിക്കുന്നതിന് മാത്രമായി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഇൻസിനറേറ്റർ സ്ഥാപിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

**വിദ്യാഭ്യാസ സ്ഥാപനങ്ങൾ മാലിന്യമുക്തമാക്കുന്നതിന് പദ്ധതി**

99 (3275) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജുകളും വിദ്യാലയങ്ങളും മാലിന്യവിമുക്തമാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ മാലിന്യ നിർമ്മാർജ്ജനത്തിൽ കുറ്റകരമായ അനാസ്ഥ കാട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രശ്നപരിഹാരത്തിന് എന്തെല്ലാം ശ്രമങ്ങളാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ നടപ്പിലാക്കുന്നതെന്ന് അറിയിക്കുമോ;

(സി) പൊതുവിദ്യാലയങ്ങൾ മാലിന്യമുക്തവും ഹരിതവിദ്യാലയവുമാക്കാൻ ലക്ഷ്യംവച്ച് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; ഭാവിയിൽ നടത്താൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്; വിശദാംശം അറിയിക്കാമോ?

ഉത്തരം

(എ) തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ള വിദ്യാലയങ്ങളിലെ ഖര-ദ്രവ്യ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ശുചിത്വമാലിന്യ സംസ്കരണ മേഖലയിലെ വികസന ഫണ്ടുപയോഗിച്ച് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. കൂടാതെ തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി ശുചിത്വ മിഷന്റെ ഫണ്ട് ഉപയോഗിച്ചും വിവിധ മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ബി) കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ മാലിന്യ നിർമ്മാർജ്ജനത്തിൽ കുറ്റകരമായ അനാസ്ഥ കാട്ടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ള വിദ്യാലയങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളെയും ഏജൻസികളെയും ഏകോപിപ്പിച്ച് പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(സി) പൊതുവിദ്യാലയങ്ങൾ മാലിന്യമുക്തവും ഹരിതാഭവും ആക്കുന്നതിലേക്ക് ശുചിത്വ മിഷൻ, 1828 എൻ.എസ്.എസ്. യൂണിറ്റുകളുമായി ചേർന്ന് കേളേജുകളും സ്കൂളുകളും മാലിന്യ മുക്തമാക്കുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു.

## പ്ലാസ്റ്റിക് മാലിന്യ സംസ്കരണത്തിൽ വന്ന വീഴ്ച

100 (3276) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിർദ്ദേശങ്ങൾ വേണ്ട രീതിയിൽ നടപ്പാക്കാൻ കേരളം വിമുഖത കാണിക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്ലാസ്റ്റിക് മാലിന്യങ്ങൾ സംസ്കരിക്കുന്നത് സംബന്ധിച്ച റിപ്പോർട്ട് കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന് കേരളം സമർപ്പിക്കാത്തതിനെതിരെ ബോർഡ് ഹരിത ട്രൈബ്യൂണലിനെ സമീപിക്കുകയുണ്ടായോ;

(സി) എന്നായിരുന്നു റിപ്പോർട്ട് സമർപ്പിക്കേണ്ടിയിരുന്നത്; പ്ലാസ്റ്റിക് മാലിന്യ സംസ്കരണത്തിൽ വന്ന വീഴ്ച കാരണമായി ഹരിത ട്രൈബ്യൂണൽ കേരളത്തിന് ഒരു കോടി രൂപ പിഴയിടുകയുണ്ടായോ ; ഇല്ലെങ്കിൽ വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിർദ്ദേശങ്ങൾ നടപ്പാക്കാൻ കേരളം വിമുഖത കാണിച്ചിട്ടില്ല.

(ബി&സി) ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രിബ്യൂണലിന്റെ ഒ.എ. നമ്പർ 247/2017-ൽ 12-3-2019-ലെ ഉത്തരവു പ്രകാരം 30-4-2019-ന് മുമ്പായി സംസ്ഥാന സർക്കാർ കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിൽ പ്ലാസ്റ്റിക് മാലിന്യ സംസ്കരണത്തെ സംബന്ധിച്ച കർമ്മ പദ്ധതി (2016-ലെ പ്ലാസ്റ്റിക് മാനേജ്മെന്റ് റൂൾസ് പ്രകാരമുള്ള കർമ്മ പദ്ധതി) സമർപ്പിക്കാൻ നിർദ്ദേശിച്ചിരുന്നു. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് സമയബന്ധിതമായി കർമ്മ പദ്ധതി കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിൽ സമർപ്പിച്ചിട്ടുണ്ട്. പ്ലാസ്റ്റിക് മാലിന്യ സംസ്കരണത്തിൽ വന്ന വീഴ്ച കാരണമായി ഹരിത ട്രിബ്യൂണൽ കേരളത്തിൽ ഒരു കോടി രൂപ പിഴയിട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## പൊതുമാലിന്യ സംസ്കരണ സംവിധാനം

101 (3277) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളം ഖരമാലിന്യ സംസ്കരണനയം രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) സ്വന്തമായി മാലിന്യസംസ്കരണ സംവിധാനം സ്ഥാപിക്കുവാൻ സ്ഥലമോ സാമ്പത്തികമോ ഇല്ലാത്ത സ്ഥാപനങ്ങൾക്കും വ്യക്തികൾക്കുമായി പൊതുമാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തുന്ന കാര്യത്തിൽ എത്രമാത്രം മുന്നോട്ട് പോകുവാൻ സാധിച്ചു; വിശദാംശം നൽകുമോ;

(സി) ഖരമാലിന്യ സംസ്കരണനയം രൂപീകരിച്ചത് സംബന്ധിച്ച് സുപ്രീംകോടതിയിൽ സത്യവാങ്മൂലം സമർപ്പിക്കുന്നതിന് വന്ന കാലതാമസത്തിന് കോടതി നിർദ്ദേശിച്ച ഫൈൻ അടച്ചിട്ടുണ്ടോ; എങ്കിൽ എന്ത് തുകയാണ് ഫൈനായി അടച്ചതെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 13-9-2018-ലെ ജി.ഒ. (പി) നമ്പർ 65/2018/തസ്വഭവ പ്രകാരം സംസ്ഥാന സർക്കാർ മാലിന്യ സംസ്കരണ നയം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

(ബി) കേന്ദ്ര വനം, പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാന മന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ള ഖരമാലിന്യ പരിപാലന ചട്ടം 2016-ൽ, മാലിന്യം ഉത്പാദിപ്പിക്കുന്ന ഏതൊരാളും അത് ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിന് പ്രോത്സാഹനം നൽകണമെന്ന് നിഷ്കർഷിക്കുന്നു. എന്നാൽ ഇത്തരത്തിൽ സ്വന്തമായി മാലിന്യം സംസ്കരിക്കാൻ സ്ഥലമോ സാമ്പത്തികമോ ഇല്ലാത്തവർക്കായി എല്ലാ തദ്ദേശഭരണ സ്ഥാപനതലത്തിലും പൊതു സ്ഥലങ്ങളിലും എയ്റോബിക് ബിൻ, ബയോഗ്യാസ് പ്ലാന്റ് മുതലായ മാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിച്ചുവരുന്നു. ഇത്തരത്തിൽ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ആകെ പദ്ധതി വിഹിതത്തിന്റെ 75 ശതമാനം വരെ സർക്കാർ സാമ്പത്തിക സഹായം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ശുചിത്വമിഷൻ മുഖേന നൽകിവരുന്നു.

കൂടാതെ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി ക്ലസ്റ്റർ അടിസ്ഥാനത്തിൽ കേന്ദ്രീകൃതമായ രീതിയിൽ ഖരമാലിന്യങ്ങൾ സംസ്കരിച്ച് ഊർജ്ജം ഉത്പാദിപ്പിക്കുന്ന തരത്തിലുള്ള വേസ്റ്റ്-ടു-എനർജി പ്ലാന്റുകൾ തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതിന് സർക്കാർ നയപരമായ തീരുമാനമെടുത്ത് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഉണ്ട്. ഒരു ലക്ഷം രൂപ.

### ദേശീയ ബയോഗ്യാസ് വികസന പദ്ധതി

102 (3278) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദേശീയ ബയോഗ്യാസ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര കുടുംബങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ;

(ബി) ആയതിൻപ്രകാരം ഓരോ വിഭാഗത്തിനും അനുവദിക്കുന്ന പരമാവധി തുക എത്രയാണ്;

(സി) പ്രസ്തുത പദ്ധതിക്കായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഓരോവർഷവും വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും വ്യക്തമാക്കുമോ;

(ഡി) ഇതിനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൃഷി വകുപ്പ് വഴി ബയോഗ്യാസ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം നൽകിയ കുടുംബങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

(ബി) ഓരോ വിഭാഗത്തിനും അനുവദിക്കുന്ന തുക.

| വർഷം | പ്ലാന്റിന്റെ ശേഷി | തുക രൂപയിൽ | |
|---|---|---|---|
| | | ജനറൽ | എസ്.സി. |
| 2016-17 | 1m3 | 5,500 | 7,000 |
| | 2m3 to 6 m3 | 9,000 | 11,000 |
| | Toilet linked | 1200 | - |
| 2017-18 & 2018-19 | 1 m3 | 7,500 | 10,000 |
| | 2m3 to 8m3 | 12,000 | 13,000 |

(സി) പദ്ധതിക്കായി ഗ്രാമവികസന വകുപ്പുമായി ബന്ധപ്പെട്ട് ഇതുവരെ തുകയൊന്നും വകയിരുത്തിയിട്ടില്ല. ബയോഗ്യാസ് വികസന പദ്ധതി 100 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. സംസ്ഥാന സർക്കാർ വകയിരുത്തുന്ന തുക കേന്ദ്ര വിഹിതം ലഭിക്കുമ്പോൾ തിരിച്ചടയ്ക്കുകയാണ് ചെയ്യുന്നത്.

| വർഷം | വകയിരുത്തിയ തുക (ലക്ഷം) | ചെലവഴിച്ച തുക (ലക്ഷം) | സറണ്ടർ ചെയ്ത തുക (ലക്ഷം) |
|---|---|---|---|
| 2016-17 | 199.34 | 168.96 | ---- |
| 2017-18 | 92.17 | 91.27 | 0.9 |
| 2018-19 | 357.87 | 158.99 | 199.79 |

(ഡി) ബയോഗ്യാസ് പ്ലാന്റിനായി മുമ്പ് ആനുകൂല്യം ലഭിക്കാത്തവരും ബയോഗ്യാസ് പ്ലാന്റിനായുള്ള ഇന്ധനം ആവശ്യത്തിന് ലഭ്യമായിട്ടുള്ളതുമായ ഗുണഭോക്താക്കളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. അപേക്ഷകന് സ്വന്തമായി സ്ഥലമുണ്ടായിരിക്കണം. മുമ്പ് ബയോഗ്യാസ് പ്ലാന്റിനുള്ള സബ്സിഡി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ലഭിച്ചിട്ടില്ലാത്തയാൾ ആയിരിക്കണം. 3 പശുക്കൾ എങ്കിലുമുള്ളവർ, റബ്ബർ വേസ്റ്റ് പ്ലാന്റിലേക്ക് ഇടുന്നതിനുള്ള സൗകര്യം ഉള്ളവർ എന്നിവർക്കും അപേക്ഷ സമർപ്പിക്കാവുന്നതാണ്. കൃഷി ഭവനിൽ അപേക്ഷ സമർപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിൽ സ്ഥലപരിശോധന നടത്തിയാണ് അനുവദിക്കുന്നത്.

**ആമയിഴഞ്ചാൻതോടിൽനിന്നും മാലിന്യം നീക്കുന്നതിന് നടപടി**

103 (3279) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിലെ മാലിന്യവാഹിനിയായി മാറിയ ആമയിഴഞ്ചാൻതോടിൽനിന്നും മാലിന്യം നീക്കുന്നതിന് നഗരസഭയുടെ നേതൃത്വത്തിൽ നടത്തിയ പ്രവർത്തനം എന്തൊക്കെയായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) എത്ര ദിവസമാണ് തോട് ശുചീകരിച്ചതെന്നും ഏത് ഭാഗത്താണ് ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയതെന്നും അതിനായി എന്ത് തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ആമയിഴഞ്ചാൻതേട് ശുചീകരണവുമായി ബന്ധപ്പെട്ട് മേയ് 11, 12 തീയതികളിലായി തിരുവനന്തപുരം നഗരസഭ ഷെഡ്യൂൾ തയ്യാറാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കണ്ണമ്മൂല ജംഗ്ഷൻ മുതൽ പുലിക്കോട് പാലം വരെയുള്ള തോട്ടിന്റെ ഭാഗത്ത് നിന്നും ജെ.സി.ബി., വള്ളം എന്നിവ ഉപയോഗിച്ച് മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. ആമയിഴഞ്ചാൻതോട്ടിൽ മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിനായി ബോധവത്ക്കരണം നടത്തിവരുന്നു. തോടിന്റെ ശുചീകരണ പ്രവർത്തനങ്ങൾ മേയ് 11 മുതൽ 10 ദിവസത്തേക്ക് നീണ്ടുനിന്നു. തിരുവനന്തപുരം നഗരസഭാ ഹെൽത്ത് ഇൻസ്പെക്ടർമാർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ എന്നിവരുടെ മേൽനോട്ടത്തിൽ 10 ദിവസങ്ങളിലായി ആകെ 1525 ജീവനക്കാരെ പങ്കെടുപ്പിച്ചാണ് ശുചീകരണം നടത്തിയത്. 46 ലോഡ് മാലിന്യങ്ങൾ ഈ കാലയളവിൽ നീക്കം ചെയ്യുകയുണ്ടായി. അതിൽ നിന്നും അജൈവ മാലിന്യങ്ങളായ പ്ലാസ്റ്റിക്, കുപ്പി എന്നിവ കഴുകി വൃത്തിയാക്കി നഗരസഭയുടെ MRF-കളിലേക്ക് റീസൈക്ലിംഗിനായി മാറ്റുകയും ചെയ്തു. ഏകദേശം 1000 m3 മാലിന്യങ്ങൾ ഇതിനോടകം തന്നെ നഗരസഭ നീക്കം ചെയ്തിട്ടുണ്ട്. മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിനായി തോടിന്റെ ഇരുവശങ്ങളിലും വേലി സ്ഥാപിക്കുന്നതിനും തോടിന്റെ വശങ്ങളിൽ സംരക്ഷണ ഭിത്തി

നിർമ്മിക്കുന്നതിനും വേണ്ടി 2018-19 പ്ലാൻ ഫണ്ടിൽ നിന്നും 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. മാലിന്യം നീക്കം ചെയ്യുന്ന ജോലി ഏകദേശം പൂർണ്ണമായിട്ടുണ്ട്. സംരക്ഷണഭിത്തി, വേലി നിർമ്മാണം എന്നിവ പുരോഗമിക്കുന്നു.

## മഴക്കാലപൂർവ്വ ശുചീകരണവും പകർച്ചവ്യാധി പ്രതിരോധവും

104 (3280) ശ്രീ. എം. വിൻസെന്റ്:

ശ്രീ. പി. ടി. തോമസ്:

ശ്രീ. വി. പി. സജീന്ദ്രൻ:

ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴക്കാല പൂർവ്വ ശുചീകരണം സംസ്ഥാനത്ത് കാര്യക്ഷമമായി നടപ്പിലാക്കുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഇതിന്റെ ഭാഗമായി സംസ്ഥാന വ്യാപകമായി ജനപങ്കാളിത്തത്തോടു കൂടി ശുചീകരണ പ്രവർത്തനങ്ങൾ നടത്തുവാൻ കഴിഞ്ഞിട്ടുണ്ടോയെന്നറിയിക്കുമോ;

(സി) മഴയ്ക്ക് മുമ്പ് കുളങ്ങളും നദികളും തോടുകളും വൃത്തിയാക്കി ഒഴുക്ക് സുഗമമാക്കുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ഡി) ഇത്തരം പദ്ധതികൾ ഒരു പ്രത്യേക സമയത്ത് മാത്രം നടപ്പിലാക്കാതെ നിരന്തരമായി നടത്തുന്നതിനും അതുവഴി പകർച്ചവ്യാധി പ്രതിരോധിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ഉണ്ട്. 2-5-2019-ലെ 100/ഡിസി/2019/ത.സ്വ.ഭ.വ. നമ്പർ സർക്കാർ സർക്കുലർ പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ 2019-ലെ ആരോഗ്യജാഗ്രതാ പകർച്ചാവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ "ആരോഗ്യ സുരക്ഷയ്ക്ക് മാലിന്യ മുക്ത പരിസരം" എന്ന പേരിൽ ക്യാമ്പയിനായി നടപ്പിലാക്കുകയും സംസ്ഥാനത്തൊട്ടാകെ തദ്ദേശഭരണ വകുപ്പും ആരോഗ്യ വകുപ്പും ബന്ധപ്പെട്ട ഇതര വകുപ്പുകളുടെയും ഏജൻസികളുടെയും മിഷനുകളുടെയും നേതൃത്വത്തിൽ ബഹുജന പ്രസ്ഥാനങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് മാലിന്യ സംസ്കരണ ശുചീകരണ പ്രവർത്തനങ്ങളും കൊതുക് നിവാരണ പ്രവർത്തനങ്ങളും സംഘടിപ്പിച്ചു വരികയും ചെയ്യുന്നു. കൂടാതെ ഹരിത കേരളം മിഷൻ, ശുചിത്വ മിഷൻ, കില, കുടുംബശ്രീ, ആരോഗ്യ വകുപ്പ് എന്നിവരുടെ സംയുക്ത നേതൃത്വത്തിൽ ശുചീകരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും കുട്ടികൾ മുഖേന സമൂഹത്തിൽ ശുചിത്വ സംസ്കാരം രൂപപ്പെടുത്തുന്നതിനുമായി 'പെൻസിൽ'

എന്ന പേരിൽ സ്റ്റുഡന്റ്സ് ക്യാമ്പയിന് (കുട്ടികളുടെ അവധിക്കാല ശുചിത്വ ക്യാമ്പ്) നടത്തുകയും ചെയ്തിട്ടുണ്ട്.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനപങ്കാളിത്തത്തോടു കൂടി ശുചീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഇക്കാര്യത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ തൊഴിലുറപ്പു പദ്ധതിയിലും മറ്റു വകുപ്പുകളുടെ പദ്ധതികളിലും ഉൾപ്പെടുത്തി കുളങ്ങളും നദികളും തോടുകളും വൃത്തിയാക്കുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ഡി) തദ്ദേശസ്വയംസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ശുചീകരണ പ്രവർത്തനങ്ങൾ നിലവിൽ നടന്നുവരുന്നുണ്ട്.

## പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ ഉപയോഗം

105 (3281) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പ്ലാസ്റ്റിക് ക്യാരിബാഗുകൾ പൂർണ്ണമായും നിരോധിക്കാൻ സാധിക്കില്ല എന്ന സത്യവാങ്മൂലം സർക്കാർ കോടതിയിൽ സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്ലാസ്റ്റിക്കിന് പകരം ഉപയോഗിക്കാവുന്ന വസ്തുക്കളുടെ യഥേഷ്ട ലഭ്യത ഉറപ്പാക്കാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; വിശദമാക്കാമോ;

(സി) പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ ഉപയോഗം കുറയ്ക്കുന്നതിനായി വകുപ്പുതലത്തിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

ഉത്തരം

(എ) തീർത്തും പരിസ്ഥിതി സൗഹാർദ്ദപരമായി പ്ലാസ്റ്റിക്കിന് ബദലായി ഉപയോഗിക്കാവുന്ന വസ്തുക്കൾ നിലവിൽ മതിയായ അളവിൽ ലഭ്യമല്ലാത്തതിനാൽ പൂർണ്ണമായ പ്ലാസ്റ്റിക് നിരോധനം പൊടുന്നനെ നടപ്പിലാക്കുന്നത് നിലവിലെ സാഹചര്യത്തിൽ സംസ്ഥാനത്ത് അപ്രായോഗികമാണെന്ന് WP(C) No. 5636/2016 കേസിൽ പരിസ്ഥിതി വകുപ്പ് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ സത്യവാങ്മൂലം ഫയൽ ചെയ്തിട്ടുണ്ട്.

(ബി) പ്ലാസ്റ്റിക് ക്യാരി ബാഗുകൾക്ക് പകരം ഉപയോഗിക്കാൻ കഴിയുന്ന തുണി സഞ്ചികൾ വിതരണം ചെയ്യുന്ന പദ്ധതി ഗ്രാമപഞ്ചായത്തുകളും നഗരസഭകളും നടപ്പിലാക്കി വരുന്നുണ്ട്. കുടുംബശ്രീ സംരംഭങ്ങൾ, സ്വകാര്യ സംരംഭങ്ങൾ തുടങ്ങിയവ വഴി തുണി സഞ്ചികളും പേപ്പർ ബാഗുകളും മറ്റും തയ്യാറാക്കി വിപണിയിൽ എത്തിക്കുന്നുണ്ട്.

(സി) പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016 പ്രകാരം 50 മൈക്രോണിന് താഴെയുള്ള പ്ലാസ്റ്റിക് ക്യാരിബാഗുകൾക്ക് മാത്രമാണ് നിരോധനമുള്ളത്. പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016-നെ അടിസ്ഥാനമാക്കി തദ്ദേശ സ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള 24-9-2016-ലെ 576/ഡി.സി.1/2016/ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പ്രകാരം 50 മൈക്രോണിൽ കുറയാത്ത പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ മാത്രമേ വിൽപ്പന നടത്താൻ പാടുള്ളൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ ഉപയോഗം കുറയ്ക്കുന്നതിനായി പ്രകൃതി സൗഹൃദ വസ്തുക്കൾ കൊണ്ട് നിർമ്മിച്ച ക്യാരിബാഗുകൾ ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി ഗ്രീൻ പ്രോട്ടോക്കോൾ പോലുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇതിനായി ബോധവത്കരണ പ്രവർത്തനങ്ങളും ശുചിത്വമിഷൻ മുഖേന നടപ്പിലാക്കിവരുന്നു.

## ഗ്രാമപഞ്ചായത്തുകൾക്ക് സ്റ്റാഫ് ക്വാർട്ടേഴ്സ്

106 (3282) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകൾ കേന്ദ്രീകരിച്ച് സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് അനുമതി നൽകുമോ;

(ബി) സ്വദേശം വിട്ട് മറ്റ് ജില്ലകളിൽ ജോലിനോക്കുന്ന ജീവനക്കാർക്ക് സൗകര്യപ്രദമാകുംവിധം ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുമോ;

(സി) ഇത്തരത്തിൽ ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്തുകളുടെ തനത് ഫണ്ട് ഉപയോഗിക്കുന്നതിന് അനുമതി നൽകിയാൽ സർക്കാരിന് സാമ്പത്തിക ബാധ്യത ഇല്ലായെന്നുള്ളത് സർക്കാർ പരിഗണിക്കുമോ;

(ഡി) വനിതാ ജീവനക്കാർക്ക് അടക്കം ഉപകാരപ്രദമാകുന്ന ടി പദ്ധതി നടപ്പിലാക്കുമോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ-ഡി) സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

## പാലക്കാട് ജില്ലയിൽ പ്രളയത്തിൽ തകർന്ന റോഡുകളുടെ പുനർ നിർമ്മാണം

107 (3283) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പ്രളയത്തിൽ പാലക്കാട് ജില്ലയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലെ എത്ര കിലോമീറ്റർ റോഡാണ് തകർന്നിട്ടുള്ളത്;

(ബി) പ്രസ്തുത റോഡുകൾ പുനർനിർമ്മിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) കഴിഞ്ഞ പ്രളയത്തിൽ പാലക്കാട് ജില്ലയിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കീഴിലെ 139 കി.മീ. റോഡ് പൂർണ്ണമായും 1627 കി.മീറ്റർ ദൂരം റോഡ് ഭാഗികമായും തകർന്നിട്ടുണ്ട്.

(ബി) തകർന്ന 70.10 കി.മീ റോഡിന്റെ പുനർനിർമ്മാണം 2018-19 വർഷത്തെ പദ്ധതി വിഹിതം ഉപയോഗിച്ച് നടപ്പിലാക്കിയിട്ടുണ്ട്. 42.18 കി.മീ റോഡിന്റെ പുനർനിർമ്മാണത്തിന് 2019-20 വർഷത്തെ വാർഷിക പദ്ധതിയിൽ തുക വകയിരുത്തിയിട്ടുണ്ട്. റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തി ചില റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## തൊഴിലുറപ്പ് പദ്ധതി

108 (3284) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് എത്ര മാസത്തെ വേതനകുടിശ്ശികയാണ് നൽകാനുള്ളത്; ഇത് ആകെ എത്ര രൂപ വരും; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) എന്തുകൊണ്ടാണ് കുടിശ്ശിക നൽകാൻ കഴിയാതെ വന്നത്; കുടിശ്ശിക അടിയന്തരമായി ഇവർക്ക് നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികൾക്ക് 1-6-2019 മുതലാണ് കുടിശ്ശികയുള്ളത്. ഈ ഇനത്തിൽ 50.68 കോടി രൂപയുടെ കുടിശ്ശികയുണ്ട്.

(ബി) ഒന്നാം ഗഡു തുക പൂർണ്ണമായും വിനിയോഗിക്കപ്പെട്ട കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും കേന്ദ്ര സർക്കാരിൽനിന്നും അടുത്ത ഗഡു അനുവദിക്കുന്ന മുറയ്ക്ക് വേതന കുടിശ്ശിക നൽകുന്നതുമാണ്.

**തൊഴിലുറപ്പ് പദ്ധതി**

109 (T 3285) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തൊഴിലുറപ്പ് പദ്ധതിയിൻകീഴിൽ തൊഴിലാളികളുടെ നിലവിലുള്ള കൂലി എത്ര രൂപയാണ്; അറിയിക്കുമോ;

(ബി) പ്രസ്തുത തൊഴിലാളികളുടെ കൂലി ഏപ്രിൽ ഒന്ന് മുതൽ പല സംസ്ഥാനങ്ങളിലും പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ കേരളത്തിൽ ആയത് പുതുക്കി നിശ്ചയിക്കാത്തത് എന്തുകൊണ്ടാണ്; വ്യക്തമാക്കുമോ;

(സി) കൂലി പുതുക്കി നിശ്ചയിച്ച് ഏപ്രിൽ ഒന്നുമുതൽ മുൻകാല പ്രാബല്യത്തോടുകൂടി കുടിശ്ശിക ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളുമോ എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം കേരളത്തിൽ ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന കൂലി നിരക്ക് പ്രതിദിനം 271 രൂപയാണ്.

(ബി&സി) ഏപ്രിൽ 1 മുതൽ കേന്ദ്ര സർക്കാർ സംസ്ഥാനങ്ങളിലെ തൊഴിലാളികളുടെ കൂലി പുതുക്കി നിശ്ചയിച്ചിരുന്നുവെങ്കിലും കേരളത്തിലെ തൊഴിലാളികളുടെ കൂലിയിൽ വർദ്ധനവുണ്ടായിട്ടില്ല. നിശ്ചിത മാനദണ്ഡങ്ങൾക്കനുസൃതമായി കേന്ദ്ര സർക്കാരാണ് കാലാകാലങ്ങളിൽ കൂലി പുതുക്കി നിശ്ചയിക്കുന്നത്. കേരളത്തിലെ തൊഴിലാളികളുടെ കൂലി ഈ വർഷം വർദ്ധിപ്പിക്കാത്തതിന്റെ കാരണം കേന്ദ്ര സർക്കാർ വ്യക്തമാക്കിയിട്ടില്ല. കൂലി വർദ്ധിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ ആവശ്യപ്പെടുന്നതാണ്.

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## പി.എം.ജി.എസ്.വൈ. പദ്ധതി

110 (3286) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 17-18, 18-19 വർഷങ്ങളിൽ പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഷൊർണ്ണൂർ മണ്ഡലത്തിൽ എന്തെല്ലാം പ്രവൃത്തികൾ നടത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ ഒരോ പ്രവൃത്തിയുടെയും എസ്റ്റിമേറ്റ് തുകയും പ്രവൃത്തിയുടെ പുരോഗതി സംബന്ധിച്ച വിവരവും വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) 2016-17, 2017-18, 2018-19 വർഷങ്ങളിൽ പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഷൊർണ്ണൂർ മണ്ഡലത്തിൽ പ്രവൃത്തികൾ ഒന്നുംതന്നെ ഏറ്റെടുത്തിട്ടില്ല.

## സ്വയം വസ്തുനികുതി നിർണ്ണയം

111 (3287) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് നടപ്പാക്കിയിട്ടുള്ള സ്വയം വസ്തുനികുതി നിർണ്ണയിക്കുന്ന രീതി സംബന്ധിച്ചുള്ള മാനദണ്ഡം എന്തെല്ലാമാണ്; വിശദാംശം നല്കുമോ;

(ബി) സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഈ രീതിയിലുള്ള വസ്തുനികുതി നിർണ്ണയം നടപ്പാക്കിയിട്ടുണ്ടോ; വിശദവിവരം നൽകുമോ?

ഉത്തരം

(എ) 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ/2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എന്നിവ പ്രകാരമാണ് യഥാക്രമം ഗ്രാമ പഞ്ചായത്ത്/നഗരസഭാ പ്രദേശത്ത് പുതുതായി നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് സ്വയം വസ്തു നികുതി നിർണ്ണയരീതി നടപ്പിലാക്കിയിട്ടുള്ളത്. ടി ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ള ഫോറത്തിൽ കെട്ടിടം സംബന്ധിക്കുന്ന വിവരങ്ങൾ രേഖപ്പെടുത്തി കെട്ടിട ഉടമ ഗ്രാമ പഞ്ചായത്തിൽ/നഗരസഭയിൽ

സമർപ്പിക്കുന്ന രീതിയാണിത്. കെട്ടിട ഉടമ സ്വയം വസ്തുത നികുതി നിർണ്ണയ ഫാറം സമർപ്പിച്ചുകഴിഞ്ഞാൽ ആയതിന്മേൽ ഗ്രാമ പഞ്ചായത്ത്/നഗരസഭ പരിശോധിച്ച് കഴിഞ്ഞതിനുശേഷമാണ് ഒക്യുപ്പൻസി/കെട്ടിട നമ്പർ അനുവദിക്കുന്നത്. സ്വയം വസ്തു നികുതി നിർണ്ണയ രീതിക്ക് ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡം താഴെപ്പറയുന്നവയാണ്:

1. കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല.
2. കെട്ടിടത്തിലേക്കുള്ള വഴി സൗകര്യം.
3. കെട്ടിടത്തിന്റെ മേൽക്കൂരയുടെ തരം.
4. കാലപ്പഴക്കം (പഴയ കെട്ടിടങ്ങൾക്ക് നികുതി പുനർ നിർണ്ണയം സംബന്ധിച്ച് മാത്രം).
5. തറ നിർമ്മിതിയുടെ തരം.
6. എയർ കണ്ടീഷനിംഗ് സൗകര്യം.

(ബി) സംസ്ഥാനത്തെ 941 ഗ്രാമ പഞ്ചായത്തുകളിലും ഈ രീതിയിലുള്ള വസ്തുനികുതി നിർണ്ണയം നടപ്പിലാക്കിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തെ ഗ്രാമ പഞ്ചായത്തുകളുടെ വസ്തു നികുതി കളക്ഷൻ 88 ശതമാനമാണ്.

സംസ്ഥാനത്തെ 27 നഗരസഭകളിൽ വസ്തു നികുതി നിർണ്ണയിച്ച് പരിഷ്കരണം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി 66 നഗരസഭകളിൽ വസ്തു നികുതി പരിഷ്കരണ നടപടികൾ പൂർത്തീകരിച്ചുവരുന്നു.

## ഐ.ബി.പി.എം.എസ്. സിസ്റ്റത്തിന്റെ പ്രവർത്തനം

112 (3288) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിട നിർമ്മാണ പെർമിറ്റ് നൽകുന്നതിനായി നടപ്പിലാക്കിയ ഐ.ബി.പി.എം.എസ്. സിസ്റ്റത്തിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ; ഈ സിസ്റ്റം നടപ്പിലാക്കിയശേഷം ഓൺലൈനായി സമർപ്പിച്ച എത്ര കെട്ടിട നിർമ്മാണ പെർമിറ്റിനായിട്ടുള്ള അപേക്ഷകൾക്ക് തിരുവനന്തപുരം കോർപ്പറേഷൻ അനുമതി നൽകി;

(സി) എത്ര അപേക്ഷകളിൽ ഇനി തീരുമാനം എടുക്കുവാനുണ്ടെന്ന് അറിയിക്കുമോ?

ഉത്തരം

(എ) വിലയിരുത്തിയിട്ടുണ്ട്.

(ബി) പരാതികൾ ലഭിച്ചിട്ടുണ്ട്. 1-10-2018 മുതൽ 12-6-2019 വരെ ലഭിച്ച 5232 അപേക്ഷകളിൽ 1863 അപേക്ഷകൾക്ക് തിരുവനന്തപുരം നഗരസഭ അനുമതി നൽകിയിട്ടുണ്ട്.

(സി) ടി കാലയളവിൽ 2219 അപേക്ഷകൾ നിരസിക്കുകയോ പോരായ്മകൾ പരിഹരിച്ച് പുനർസമർപ്പിക്കുന്നതിന് തിരികെ അയയ്ക്കുകയോ ചെയ്തിട്ടുണ്ട്. 1150 അപേക്ഷകൾ പരിശോധനയുടെ വിവിധ ഘട്ടങ്ങളിലാണ്.

**താത്ക്കാലിക നിർമ്മാണങ്ങളുടെ പെർമിറ്റ്**

113 (3289) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചുറ്റുമതിൽ മറ്റ് താത്കാലിക നിർമ്മാണങ്ങൾ എന്നിവയ്ക്ക് പെർമിറ്റ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പെർമിറ്റ് ഏതൊക്കെ നിർമ്മാണങ്ങൾക്കാണ് അവശ്യമുള്ളതെന്നും ആയതിന് സമർപ്പിക്കേണ്ട രേഖകളും നടപടിക്രമങ്ങളും വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 1999-ൽ ചട്ടം 96-ലും കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011-ൽ ചട്ടം 87-ലും ഇക്കാര്യങ്ങൾ വിശദീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പെർമിറ്റ് മതിൽ/ഭിത്തി, വേലി എന്നിവ നിർമ്മിക്കുന്നതിനാണ് ആവശ്യമുള്ളത്. അതിനുള്ള നടപടിക്രമങ്ങൾ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 1999-ൽ ചട്ടം 97, കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011-ൽ ചട്ടം 88 എന്നിവ പ്രകാരമുള്ളതാണ്.

**വാട്ടർ വേൾഡ് ടൂറിസം റിസോർട്ടിൽ അനധികൃത നിർമ്മാണം**

114 (3290) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴയിലെ വാട്ടർ വേൾഡ് ടൂറിസം കമ്പനി പ്രൈവറ്റ് ലിമിറ്റഡ് റിസോർട്ടിൽ അനധികൃത നിർമ്മാണം നടന്നതായി കണ്ടെത്തിയിട്ടുണ്ടോ ;

(ബി) പ്രസ്തുത അനധികൃത നിർമ്മാണത്തിന് പിഴ ഈടാക്കുവാൻ ആലപ്പുഴ നഗരസഭ തീരുമാനം എടുത്തിട്ടുണ്ടോ ; എങ്കിൽ എന്ത് തുകയാണ് പിഴയായി ഈടാക്കുവാൻ തീരുമാനിച്ചിട്ടുള്ളത് ?

ഉത്തരം

(എ) കണ്ടെത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത അനധികൃത നിർമ്മാണത്തിന് 1994-ലെ കേരള മുനിസിപ്പാലിറ്റീസ് ആക്ട് വകുപ്പ് 242 പ്രകാരം അടിസ്ഥാന വസ്തു നികുതിയും അതിന്റെ രണ്ടിരട്ടി പിഴയും ഉപനികുതികളും സെസ്സും ഉൾപ്പെടെ പ്രതിവർഷം 13,71,828 (പതിമൂന്ന് ലക്ഷത്തി എഴുപത്തിയൊന്നായിരത്തി എണ്ണൂറ്റി ഇരുപത്തിയെട്ട്) രൂപ വീതം മുൻകാല പ്രാബല്യത്തോടെ ഒടുക്കു വരുത്തുന്നതിന് നഗരസഭ ഡിമാന്റ് നോട്ടീസ് നൽകിയിരുന്നു. എന്നാൽ കമ്പനി അധികൃതർ സർക്കാരിന് നൽകിയ അപ്പീൽ അപേക്ഷയിന്മേൽ നഗരകാര്യ ദക്ഷിണമേഖല ജോയിന്റ് ഡയറക്ടർ പരിശോധന നടത്തി ടി ഡിമാന്റ് നോട്ടീസിന് കേരള മുനിസിപ്പാലിറ്റീസ് ആക്റ്റ് വകുപ്പ് 538 എ, 539 എന്നിവയുടെ ലംഘനമുള്ളതായി റിപ്പോർട്ട് ചെയ്തിരുന്നു. തുടർന്ന് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ള വാർഷിക വസ്തു നികുതി നിലവിലുള്ള ചട്ടങ്ങൾക്ക് വിധേയമായി ഈടാക്കുന്നതിന് ആലപ്പുഴ നഗരസഭയ്ക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

**ഓപ്പൺ എയർ ഓഡിറ്റോറിയം നിർമ്മാണം**

115 (3291) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയമസഭാ മണ്ഡലത്തിൽ തഴക്കര ഗ്രാമപഞ്ചായത്തിൽ ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഓപ്പൺ എയർ ഓഡിറ്റോറിയം നിർമ്മിക്കുന്നതിന് തുക അനുവദിച്ചിട്ടും നിർമ്മാണം ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത നിർമ്മാണപ്രവൃത്തി ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത നിർമ്മാണപ്രവൃത്തി എ.ഡി.സി.-യുടെ മേൽനോട്ടത്തിൽ നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ&ബി) കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം മാവേലിക്കരയെയാണ് തഴക്കര പഞ്ചായത്ത് ആഡിറ്റോറിയം നിർമ്മാണ ചുമതല ഏൽപ്പിച്ചിരിക്കുന്നത്.

തഴക്കര പഞ്ചായത്ത് സെക്രട്ടറിയുമായി പി.എം.സി. ആയിട്ടാണ് പ്രവൃത്തിക്കുള്ള എഗ്രിമെന്റ് ഒപ്പ് വച്ചിട്ടുള്ളത്. ടി പ്രവൃത്തിക്കുള്ള സാങ്കേതികാനുമതി ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ നൽകിയിട്ടുണ്ട്. വർക്ക് ഇ-ടെണ്ടർ ചെയ്യാനുള്ള പ്രാരംഭ നടപടികൾ തുടങ്ങിയിട്ടുണ്ട്.

(സി) ആസ്തി വികസന പദ്ധതിയുമായി ബന്ധപ്പെട്ട ഉത്തരവുകൾ പ്രകാരം ജില്ലാ കളക്ടർക്കുവേണ്ടി ഭരണാനുമതി നൽകുന്നത് എ.ഡി.സി. (ജനറൽ) ആണ്. ടി പ്രവൃത്തിയുടെ മേൽനോട്ടം വഹിക്കുന്നതിനും ഗുണനിലവാരം പരിശോധിക്കുന്നതിനുമുള്ള സാങ്കേതിക സംവിധാനങ്ങൾ എ.ഡി.സി. (ജനറൽ) ഓഫീസിൽ നിലവിൽ ലഭ്യമല്ല. മേൽ സാഹചര്യത്തിൽ പ്രസ്തുത നിർമ്മാണ പ്രവൃത്തി എ.ഡി.സി.-യുടെ മേൽനോട്ടത്തിൽ നടത്താൻ സാധ്യമല്ല.

## പഞ്ചായത്തുകളിലെ സ്റ്റാഫ് പാറ്റേൺ പുതുക്കാൻ നടപടി

116 (3292) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിലെ ജോലിഭാരം കണക്കിലെടുത്ത് സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) എഞ്ചിനീയറിംഗ് വിഭാഗം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) എഞ്ചിനീയറിംഗ്/ഡിപ്ലോമ പാസ്സായിട്ടുള്ള ഉദ്യോഗാർത്ഥികളെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അപ്രന്റീസ് ട്രെയിനികളായി താൽക്കാലികമായി നിയമിക്കുന്നതിന് സർക്കാർ അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) 31-1-2019-ലെ സ.ഉ.(കൈ)നമ്പർ 12/2019/ത.സ്വ.ഭ.വ. പ്രകാരം തദ്ദേശഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിൽ 195 അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. 195 ഓവർസിയർ തസ്തികകൾ കൂടി സൃഷ്ടിക്കുന്ന കാര്യവും ഇതുകൂടാതെ മിനിസ്റ്റീരിൽ വിഭാഗം തസ്തികകൾ സൃഷ്ടിക്കുന്ന വിഷയവും പരിശോധിച്ചുവരുന്നു.

(സി) 1-8-2018-ലെ സ.ഉ (ആർ.ടി.) നമ്പർ 2113/2018/ത.സ്വ.ഭ.വ. പ്രകാരം ഇന്റേൺ അപ്രന്റീസ് ട്രെയിനികളെ കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ അപ്രന്റീസ് ട്രെയിനികളെ ഒരു വർഷത്തേക്ക് നിയമിച്ചിട്ടുണ്ട്.

## ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിയമനം

117 (3293) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ പി.എസ്.സി. മുഖേന തസ്തികമാറ്റം വഴി നിയമനം നടത്തുന്ന തസ്തികകളുടെ എണ്ണം എത്രയാണ് ;

(ബി) ഇത്തരത്തിൽ തസ്തികമാറ്റം വഴി നിയമനം നേടിയവർ എത്രയാണ്; ഇതിൽ ഗ്രാമവികസന വകുപ്പിൽനിന്നും തസ്തികമാറ്റം വഴി നിയമനം നേടിയവർ എത്രയാണ് ; അന്യത്രസേവനത്തിലുള്ളവർ എത്ര എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത തസ്തികയിൽ ജൂൺ ഒന്ന് പ്രകാരം തസ്തികമാറ്റം വഴി നികത്താനുള്ള എത്ര ഒഴിവുകളുണ്ട്; ഈ ഒഴിവുകൾ നികത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ പി.എസ്.സി. മുഖേന തസ്തിക മാറ്റം വഴി 39 തസ്തികകളിൽ നിയമനം നടത്തുന്നു.

(ബി) പി.എസ്.സി. മുഖേനയുള്ള തസ്തികമാറ്റ വ്യവസ്ഥയിൽ നിലവിൽ 32 പേർ ജോലി നോക്കുന്നു. ഇതിൽ ഗ്രാമ വികസന വകുപ്പിൽനിന്നും തസ്തിക മാറ്റം ലഭിച്ചവർ ആരുമില്ല. ഒരാൾ അന്യത്ര സേവന വ്യവസ്ഥയിൽ ജോലി നോക്കുന്നു.

(സി) ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ ജൂൺ ഒന്ന് പ്രകാരം തസ്തിക മാറ്റത്തിലൂടെ നിയമനം നടത്തേണ്ട 7 ഒഴിവുകൾ ഉണ്ടായിരുന്നു. പ്രസ്തുത ഒഴിവുകളിൽ ഉടൻ നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

## വാടാനപ്പള്ളി ഗ്രാമപഞ്ചായത്ത് ഓഫീസിലെ ഒഴിവുകൾ

118 (3294) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസീയർ എന്നീ തസ്തികകളിൽ ഒഴിവുകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ അവ നികത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ?

ഉത്തരം

മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസീയർ എന്നീ തസ്തികകളിൽ നിലവിൽ ഒഴിവുകളില്ല.

## എഞ്ചിനീയറിംഗ് സ്റ്റാഫിന്റെ അപര്യാപ്തത

119 (3295) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിൽ നിലവിലെ എഞ്ചിനീയറിംഗ് സ്റ്റാഫിനെ ഉപയോഗിച്ച് പദ്ധതികൾ നടത്തുവാൻ കഴിയുന്നില്ലെന്ന കാര്യം പരിശോധിക്കുമോ; വ്യക്തമാക്കുമോ;

(ബി) പല തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലും ഓവർസീയർ മുതൽ മുകളിലോട്ടുള്ള ജീവനക്കാരുടെ അപര്യാപ്തതമൂലം പ്രവൃത്തികൾ കാര്യക്ഷമമാകുന്നില്ലെന്ന കാര്യം പരിശോധിക്കുമോ;

(സി) തിരുവനന്തപുരം, കൊച്ചി പോലുള്ള മുനിസിപ്പൽ കോർപ്പറേഷനുകളിലെ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ തസ്തികകൾ അപ്ഗ്രേഡ് ചെയ്ത് ചീഫ് എഞ്ചിനീയർ തസ്തികയാക്കുന്ന കാര്യം പരിഗണിക്കുമോ;

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിലുള്ള തസ്തികകൾകൊണ്ട് സുഗമമായി പ്രവർത്തിക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ പുതിയ തസ്തിക സൃഷ്ടിക്കുവാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിലവിലുള്ള ജീവനക്കാരെ പൂർണ്ണമായി ഉപയോഗപ്പെടുത്തി പദ്ധതി പ്രവർത്തനം കാര്യക്ഷമമായി നടത്തുന്നുണ്ട്. സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയും കൂടി പരിശോധിച്ചു മാത്രമേ എഞ്ചിനീയറിംഗ് വിഭാഗത്തിലെ സ്റ്റാഫിന്റെ എണ്ണം വർദ്ധിപ്പിക്കാൻ കഴിയുകയുള്ളൂ. എഞ്ചിനീയറിംഗ് വിഭാഗത്തിലെ പ്രവർത്തനം ശക്തിപ്പെടുത്താനായി 195 അസിസ്റ്റന്റ് എഞ്ചിനീയർ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് ലഭ്യമായ പ്രൊപ്പോസലുകൾ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിൽ 195 ഓവർസീയർ തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(സി) കൊച്ചി കോർപ്പറേഷനിലെ സൂപ്രണ്ടിംഗ് എഞ്ചിനീയർ തസ്തിക ചീഫ് എഞ്ചിനീയർ തസ്തികയായി ഉയർത്തണമെന്നത് സംബന്ധിച്ച് കൊച്ചി കോർപ്പറേഷൻ മേയർ സമർപ്പിച്ച ഒരു നിർദ്ദേശം സർക്കാരിന് ലഭിച്ചിട്ടുണ്ട്. തിരുവനന്തപുരം നഗരസഭയിലെ സൂപ്രണ്ടിംഗ് എഞ്ചിനീയർ തസ്തിക ഉയർത്തുന്നത് സംബന്ധിച്ച നിർദ്ദേശങ്ങളൊന്നും തന്നെ പരിഗണനയിലില്ല.

(ഡി) തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വകുപ്പിൽ ഓവർസിയർമാരുടെ 195 അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസലും മിനിസ്റ്റീരിയൽ വിംഗിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്ന കാര്യവും സർക്കാരിന്റെ പരിശോധനയിലാണ്.

**തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലുള്ള എഞ്ചിനീയറിംഗ് വിഭാഗം**

120 (3296) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള എഞ്ചിനീയറിംഗ് വിഭാഗം ശക്തിപ്പെടുത്തുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ബി) പദ്ധതികളുടെ നടത്തിപ്പിന് തടസ്സമാകുന്ന കാര്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; പ്രസ്തുത അപാകതകൾ പരിഹരിക്കുന്നതിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിഭാഗത്തിലെ വിവിധ തസ്തികയിലുള്ളവരുടെ ഒഴിവുകൾ നികത്തുന്നതിന് അടിയന്തരമായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എഞ്ചിനീയറിംഗ് വിഭാഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 372 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഏഴ് വർഷമായി മുടങ്ങിക്കിടന്നിരുന്ന സൂപ്രണ്ടിംഗ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികകളിലെ സ്ഥാനക്കയറ്റങ്ങൾ ബഹു മാനപ്പെട്ട സുപ്രീംകോടതിയുടെ ഇടക്കാല ഉത്തരവിലൂടെ പുനസ്ഥാപിച്ചു. ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി (ഹയർ) കൂടി 246-ഓളം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ പ്രൊവിഷണൽ പ്രൊമോഷനുകൾ റഗുലറൈസ് ചെയ്തു. കൂടാതെ 3 പേരെ ചീഫ് എഞ്ചിനീയർമാരായും 14 പേരെ സൂപ്രണ്ടിംഗ് എഞ്ചിനീയർമാരായും 40 പേരെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരായും 110 പേരെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരായും സ്ഥാനക്കയറ്റം നൽകി നിയമിച്ചിട്ടുണ്ട്.

(ബി) വികസന പദ്ധതികൾ ആസൂത്രണം ചെയ്യുന്നത് അതാത് തദ്ദേശഭരണ സ്ഥാപനങ്ങളാണ്. പദ്ധതി നടത്തിപ്പ് സംബന്ധിച്ച് തുടക്കം മുതൽ അവസാനം വരെയുള്ള കാര്യങ്ങൾ പദ്ധതി വിശകലനത്തിൽ ഉണ്ടാകേണ്ടതാണ്. അപ്രകാരം

നടക്കാതെ വരുമ്പോഴാണ് തടസ്സങ്ങൾ ഉണ്ടാകുന്നത്. മറ്റ് വകുപ്പുകളുടെ സ്ഥലം വിട്ടുകിട്ടാനുള്ള ബുദ്ധിമുട്ട്, വിവിധ എൻ.ഒ.സി.-കൾ ലഭ്യമാക്കുന്നതിനുള്ള തടസ്സം, കോൺട്രാക്ടർമാരുടെ നിസ്സഹരണം, മെറ്റീരിയൽസ് ലഭ്യമാകുന്നതിനുള്ള ബുദ്ധിമുട്ട്, കാലാവസ്ഥ വ്യതിയാനങ്ങൾ, ചില പിന്നോക്ക പ്രദേശങ്ങളിൽ ഉദ്യോഗസ്ഥരുടെ കുറവ് തുടങ്ങിയവയാണ് പ്രധാന തടസ്സങ്ങൾ. ഇപ്രകാരമുള്ള കാര്യങ്ങൾ മുൻകൂട്ടി കണ്ട് നടപ്പിലാക്കുവാൻ കഴിയാത്ത പ്രോജക്ടുകൾക്ക് തുക വകയിരുത്തുവാൻ പാടുള്ളതല്ല എന്ന സന്ദേശം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. പ്രോജക്ടുകൾക്ക് എല്ലാ എൻ.ഒ.സി.-യും ലഭ്യമായ ശേഷം മാത്രമേ തുക വകയിരുത്തുവാൻ പാടുള്ളൂവെന്നും തദ്ദേശഭരണ സ്ഥാപനങ്ങളെ വീണ്ടും ഓർമ്മപ്പെടുത്തിയിട്ടുണ്ട്.

(സി) പി.എസ്.സി. മുഖേന നിയമനം നടത്തേണ്ട ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയും സ്ഥാനക്കയറ്റം മുഖേന നടത്തേണ്ടവ അപ്രകാരവും നികത്തുന്നതിനുള്ള നടപടി യഥാസമയം സ്വീകരിച്ചുവരുന്നുണ്ട്.

## ആശ്രിത നിയമനത്തിന് തസ്തികകൾ നീക്കിവയ്ക്കൽ

121 (3297) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് വകുപ്പിൽ ആശ്രിത നിയമനത്തിന് തസ്തികകൾ നീക്കിവയ്ക്കുവാൻ ഉത്തരവായിട്ടുണ്ടോ;

(ബി) എത്ര തസ്തികകളാണ് ഇപ്രകാരം ആശ്രിത നിയമനത്തിനായി നീക്കിവച്ചത്; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഇപ്രകാരം തസ്തികകൾ കൂട്ടത്തോടെ നീക്കിവയ്ക്കുന്നത് പി. എസ്. സി. റാങ്ക് ലിസ്റ്റിലുള്ള ഉദ്യോഗാർത്ഥികളെ ദോഷകരമായി ബാധിക്കില്ലേ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ&ബി) പഞ്ചായത്ത് വകുപ്പിൽ 2010 മുതൽ 2019 വരെയുള്ള കാലയളവിൽ ക്ലാർക്ക് തസ്തികയിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ 5 ശതമാനം കണക്കാക്കി 256 തസ്തികകൾ ഒഴിവുണ്ടാകുന്ന മുറയ്ക്ക് ആശ്രിത നിയമനത്തിനായി മാറ്റിവയ്ക്കുന്നതിനും പ്രസ്തുത ഒഴിവുകളിൽ നിയമന നടപടികൾ പൂർത്തിയാകുന്നതുവരെ പഞ്ചായത്ത് വകുപ്പിലെ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ ഉണ്ടാകുന്ന ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ

പാടില്ലെന്നും സർക്കാരിന്റെ 4-4-2019-ലെ 2210880/സി.ഇ.സി.2/2018/ പൊ.ഭ.വ. നമ്പർ കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത സർക്കാർ കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) നിലവിലെ മാനദണ്ഡപ്രകാരമാണ് ആകെ ഒഴിവുകളുടെ 5 ശതമാനം ഒഴിവുകൾ ആശ്രിത നിയമനത്തിനായി മാറ്റിവയ്ക്കുന്നത് എന്നതിനാൽ പി.എസ്.സി. റാങ്ക് ലിസ്റ്റിലുള്ള ഉദ്യോഗാർത്ഥികളെ ദോഷകരമായി ബാധിക്കുമെന്നും കരുതുന്നില്ല.

## കാസർഗോഡ് ജില്ലയിലെ ഷീ ലോഡ്ജിംഗ്

122 (3298) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീകൾക്ക് സഞ്ചാര സ്വാതന്ത്ര്യം ഉറപ്പാക്കികൊണ്ടുള്ള ഷീ ലോഡ്ജിംഗ് ശൃംഖല കാസർഗോഡ് ജില്ലയിൽ ആരംഭിച്ചിട്ടുണ്ടോ;

(ബി) കർണ്ണാടക അതിർത്തി പ്രദേശമായ കാസർഗോഡ് എത്തുന്ന സ്ത്രീകളുടെ സുരക്ഷിതത്വം ഉറപ്പ് വരുത്തുവാൻ ഈ ജില്ലയിൽ ഷീ ലോഡ്ജിംഗ് ആരംഭിക്കുമോ എന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി) ഇല്ല. എന്നാൽ കാസർഗോഡ് എത്തുന്ന സ്ത്രീകളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി കാസർഗോഡ് ജില്ലാ പഞ്ചായത്ത് മുഖാന്തരം വനിതാ ഹോസ്റ്റൽ-കം-കരിയർ ഗൈഡൻസ് എന്ന സ്ഥാപനം നടത്തിവരുന്നുണ്ട്. കാസർഗോഡ്, കാഞ്ഞങ്ങാട് നഗരസഭകളിൽ സ്ത്രീകൾക്കായി ഷീ-ലോഡ്ജിംഗ് സ്ഥാപിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## റാന്നിയിലെ പഴവങ്ങാടി പഞ്ചായത്തിലെ ശ്മശാന നിർമ്മാണം

123 (3299) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നിയിലെ പഴവങ്ങാടി പഞ്ചായത്തിൽ ആരംഭിച്ച ശ്മശാന നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതിയും ഇതിനായി അനുവദിച്ച തുകയും ഏതെല്ലാം പഞ്ചായത്തുകൾ ചേർന്നാണ് പ്രസ്തുത നിർമ്മാണത്തിനുള്ള ഫണ്ട് നൽകുവാൻ കരാറിൽ ഏർപ്പെട്ടിരുന്നതെന്നും വ്യക്തമാക്കുമോ;

(ബി) നിലവിൽ ഈ നിർമ്മാണം മുടങ്ങുവാനുണ്ടായ കാരണം വ്യക്തമാക്കാമോ; പ്രസ്തുത നിർമ്മാണം തടസ്സങ്ങൾ നീക്കി എന്ന് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) റാന്നി, റാന്നി-അങ്ങാടി, റാന്നി - പഴവങ്ങാടി, ചെറുകോൽ എന്നീ നാല് ഗ്രാമപഞ്ചായത്തുകൾ ഗ്യാസ് ഇന്ധനമായി ഉപയോഗിക്കുന്ന ഒരു പൊതുശ്മശാനം റാന്നി-പഴവങ്ങാടി ഗ്രാമപഞ്ചായത്തിൽ സ്ഥാപിക്കുന്നതിന് കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. സെല്ലാറുകളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു. റാന്നി ഗ്രാമപഞ്ചായത്ത് 20,00,000 രൂപയും റാന്നി അങ്ങാടി പഞ്ചായത്ത് 16,40,000 രൂപയും റാന്നി-പഴവങ്ങാടി 20,00,000 രൂപയും ചെറുകോൽ ഗ്രാമപഞ്ചായത്ത് 20,00,000 രൂപയും ശ്മശാന നിർമ്മാണത്തിനായി നൽകിയിട്ടുണ്ട്. റാന്നി, റാന്നി-അങ്ങാടി, റാന്നി-പഴവങ്ങാടി, ചെറുകോൽ എന്നീ നാല് ഗ്രാമപഞ്ചായത്തുകളാണ് ഇതിലേക്ക് കരാറിൽ ഏർപ്പെട്ടിട്ടുള്ളത്.

(ബി) 2018 ആഗസ്റ്റ് മാസത്തിലുണ്ടായ മഹാപ്രളയത്തിൽ സെല്ലാർ നിർമ്മാണത്തിനായി കൊണ്ടുവന്ന സാമഗ്രികൾക്ക് നാശനഷ്ടം സംഭവിച്ചതിനാലാണ് ശ്മശാന നിർമ്മാണം മുടങ്ങുവാൻ കാരണമായത്. 2019-20 സാമ്പത്തിക വർഷം നിർമ്മാണം പൂർത്തീകരിച്ച് ശ്മശാനം പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കാസർഗോഡ് ജില്ലാ പഞ്ചായത്ത് ഓഫീസിന് മുമ്പിലെ ശിലാരൂപ നിർമ്മാണം

124 (3300) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലാപഞ്ചായത്ത് ഓഫീസിന് മുൻപിൽ സ്ഥാപിച്ചിട്ടുള്ള ശിലാരൂപത്തിന്റെ പണി തുടങ്ങിയത് എപ്പോഴാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഇത് എത്ര തുകയുടെ പദ്ധതിയാണെന്നും ഇതുവരെ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ ;

(സി) ഇനി എത്ര രൂപ ചെലവഴിക്കേണ്ടിവരുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത നിർമ്മാണപ്രവൃത്തി നിർത്തിവച്ചിട്ട് എത്രകാലമായെന്നും പ്രവൃത്തി പുനരാരംഭിക്കാത്തതിന്റെ കാരണവും വ്യക്തമാക്കാമോ ; പ്രസ്തുത ശിലാരൂപത്തിന്റെ രൂപകല്പന ആരുടേതാണെന്നും അദ്ദേഹവുമായി ഒപ്പുവെച്ച കരാറിന്റെ വിശദാംശങ്ങളും വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) 2006 നവംബറിലാണ് കാസർഗോഡ് ജില്ലാ പഞ്ചായത്ത് ഓഫീസിന് മുമ്പിൽ സ്ഥാപിച്ചിട്ടുള്ള ശിലാശില്പത്തിന്റെ പണി തുടങ്ങിയത്.

(ബി) 2006-ലെ എസ്റ്റിമേറ്റ് പ്രകാരം 20 ലക്ഷം രൂപയാണ് ഈ പ്രോജക്ടിനായി വകയിരുത്തിയിരുന്നത്. എന്നാൽ പ്രവൃത്തി പുരോഗമിച്ചുവന്ന ഘട്ടത്തിൽ ടി തുക അപര്യാപ്തമാണെന്ന് കണ്ടതിനാൽ 2017-18 വർഷം 20 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തിയിരുന്നു. ഈ പ്രവൃത്തിയുടെ അടങ്കൽ തുക ഇപ്പോൾ 40 ലക്ഷം രൂപയാണ്. ഇതുവരെ 17,74,451 രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) ഇനി 20 ലക്ഷം രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു.

(ഡി) 8 വർഷത്തോളമായി പ്രസ്തുത നിർമ്മാണ പ്രവൃത്തി നിർത്തി വച്ചിരിക്കുകയാണ്. ശ്രീ. കാനായി കുഞ്ഞിരാമനാണ് ശിൽപ്പനിർമ്മാണം നടത്തുന്നത്. സർക്കാരുമായി ബന്ധപ്പെട്ട ചില നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ശില്പിയായ ശ്രീ. കാനായി കുഞ്ഞിരാമൻ തിരക്കിലാണെന്നാണ് അറിയിച്ചിരുന്നത്. ശില്പിയുമായി കാസർഗോഡ് ജില്ലാ പഞ്ചായത്ത് അധികൃതർ നേരിട്ട് ചർച്ച നടത്തുകയും ശില്പി മുന്നോട്ട് വയ്ക്കുന്ന സാധ്യമായ എല്ലാ വ്യവസ്ഥകളും കാസർഗോഡ് ജില്ലാ പഞ്ചായത്ത് പാലിക്കാമെന്ന് ഉറപ്പും നൽകിയിരുന്നു. 2019 ഫെബ്രുവരി മാസം ശിലാശില്പ നിർമ്മാണം പൂർത്തിയാക്കാമെന്നാണ് അവസാനമായി അറിയിച്ചിരുന്നത് എങ്കിലും ഇതുവരെയും പ്രവൃത്തി പുനരാരംഭിച്ചിട്ടില്ല. 27-2-2009-ലെ കരാർ നമ്പർ ബി1/33 (6A)/08-09 പ്രകാരം ശില്പി കാനായി കുഞ്ഞിരാമൻ ഒന്നാം കക്ഷി ആയും ജില്ലാ പഞ്ചായത്ത് സെക്രട്ടറി രണ്ടാം കക്ഷിയായും ഏർപ്പെട്ട കരാർ വ്യവസ്ഥകൾ പ്രകാരം ഒന്നാം കക്ഷി 20 ലക്ഷം രൂപയ്ക്ക് കരാർ തീയതി തൊട്ട് ഒരു വർഷക്കാലാവധിക്ക് ശിലാശില്പനിർമ്മാണം പൂർത്തിയാക്കുമെന്ന് ഉറപ്പ് നൽകിയിരുന്നു. കരാറിൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ പ്രകാരം സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിച്ചില്ലെങ്കിൽ ജില്ലാ പഞ്ചായത്തിന് സംഭവിക്കുന്ന എല്ലാ അസൗകര്യങ്ങൾക്കും കഷ്ടനഷ്ടങ്ങൾക്കും ഒന്നാം കക്ഷിയായ ശില്പി കാനായി കുഞ്ഞിരാമൻ ഉത്തരവാദിയായിരിക്കുമെന്നും നൽകിയ തുക 12 ശതമാനം പലിശ നിരക്കിൽ തിരിച്ചടയ്ക്കേണ്ടതായിരിക്കുമെന്നും കരാർ വ്യവസ്ഥയുണ്ട്.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്യാത്ത ജനനങ്ങൾ**

125 (3301) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1970-ന് മുമ്പുള്ളതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്യാത്തതുമായ ജനനങ്ങൾ നിലവിൽ രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച സർക്കാർ ഉത്തരവ് നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ വിശദമാക്കുമോ ;

(സി) അതുമായി ബന്ധപ്പെട്ട് നിലവിലുള്ള സർക്കാർ ഉത്തരവിന്റെയും സർക്കുലറുകളുടെയും പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) 1-4-1970-ന് മുമ്പ് നടന്ന ജനനങ്ങൾ രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ ആയത് 1969-ലെ ജനന മരണ രജിസ്ട്രേഷൻ ആക്റ്റ് സെക്ഷൻ 13(3) അനുസരിച്ച് രജിസ്റ്റർ ചെയ്യാവുന്നതാണെന്ന് ചീഫ് രജിസ്ട്രാറുടെ 19-6-1998-ലെ ബി3-11904/1998 നമ്പർ സർക്കുലറിൽ പ്രതിപാദിച്ചിട്ടുണ്ട്.

(ബി) 1-4-1970-ന് മുമ്പ് നടന്ന ജനനം രജിസ്റ്റർ ചെയ്യുന്നതിന് അപേക്ഷ ലഭിക്കുമ്പോൾ രജിസ്ട്രാർ വ്യക്തമായി അന്വേഷണം നടത്തി രജിസ്ട്രേഷൻ യൂണിറ്റിന്റെ പരിധിക്കുള്ളിലാണ് ജനനം നടന്നതെന്നും സംഭവം നടന്നതിനു മുമ്പും പിമ്പുമുള്ള മൂന്ന് വർഷങ്ങളിലേയും ജനന രജിസ്റ്ററുകൾ പരിശോധിച്ച് ആയത് രജിസ്റ്റർ ചെയ്തിട്ടില്ലെന്നും ഉറപ്പ് വരുത്തുകയും സംഭവം രജിസ്റ്റർ ചെയ്തിട്ടില്ലെന്ന് നോൺ അവയലബിലിറ്റി സർട്ടിഫിക്കറ്റ് നൽകുകയും ചെയ്യുന്നു. അതിനുശേഷം പ്രസ്തുത ജനനം രജിസ്റ്റർ ചെയ്യുന്നതിന് അനുമതിക്കായി റവന്യൂ ഡിവിഷണൽ ഓഫീസർക്ക് നൽകുന്നു. ജനനം രജിസ്റ്റർ ചെയ്യുന്നതിനായി ലഭിക്കുന്ന അപേക്ഷകളിന്മേൽ റവന്യൂ ഡിവിഷണൽ ഓഫീസർമാർ വിശദമായി അന്വേഷണം നടത്തി വസ്തുതകൾ ബോദ്ധ്യപ്പെട്ടതിനുശേഷം അവ രജിസ്റ്റർ ചെയ്യുന്നതിനുള്ള അനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നു. ടി ഉത്തരവ് ലഭിച്ചതിനുശേഷം അതാത് രജിസ്ട്രേഷൻ യൂണിറ്റിൽ ജനനം രജിസ്റ്റർ ചെയ്യുന്നു.

(സി) ഇതുമായി ബന്ധപ്പെട്ട് നിലവിലുള്ള ചീഫ് രജിസ്ട്രാറുടെ 19-6-1998-ലെ ബി3-11904/1998 നമ്പർ സർക്കുലർ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ

126 (3302) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പൊതുജനാരോഗ്യ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിന് നിലവിലുള്ള സംവിധാനം ഏതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സംവിധാനത്തിലെ പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വിശദീകരിക്കാമോ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കൂടുതൽ ആരോഗ്യപ്രവർത്തകരെ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) തദ്ദേശഭരണ സ്ഥാപനങ്ങൾ പൊതുജനാരോഗ്യ പരിപാലനത്തിനായി വാർഡുതല സാനിറ്റേഷൻ സമിതികൾ രൂപീകരിക്കുകയും ആയത് കൃത്യമായും കാര്യക്ഷമമായും പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു. മഴക്കാലത്തിന് മുന്നോടിയായുള്ള ശുചീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ, ആശാപ്രവർത്തകർ, വാർഡുതല സാനിറ്റേഷൻ സമിതി എന്നിവരുടെ നേതൃത്വത്തിൽ ഭവനസന്ദർശനം നടത്തുകയും കിണർ, മറ്റ് ജലാശയങ്ങൾ എന്നിവയുടെ ശുചീകരണം നടത്തുകയും ചെയ്യുന്നു. കൂടാതെ പകർച്ചവ്യാധി നിയന്ത്രണം സംബന്ധിച്ച ആരോഗ്യ ബോധവത്കരണ പ്രവർത്തനങ്ങൾ വാർഡുകൾതോറും അങ്കണവാടികൾ മുഖേനയും നടത്തിവരുന്നു. കൂടാതെ പി.എച്ച്.സി. മുഖാന്തരം സാന്ത്വന പരിചരണം, മരുന്ന് വാങ്ങൽ, ലാബ് പ്രവർത്തനം, ക്യാൻസർ പരിശോധന എന്നിവയും നടത്തിവരുന്നു. കൂടാതെ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ എന്നിവരുടെ നേതൃത്വത്തിൽ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികൾ എല്ലാ മാസവും ചേർന്ന് ആരോഗ്യപ്രവർത്തനങ്ങൾ കൃത്യമായി വിലയിരുത്തിവരുന്നു. കൂടാതെ കൃത്യമായ ഇടവേളകളിൽ പൊതുജനാരോഗ്യ പ്രവർത്തനങ്ങളുടെ അവലോകനം പി.എച്ച്.സി. മെഡിക്കൽ ഓഫീസർ ഗ്രാമപഞ്ചായത്ത് സമിതിക്ക് മുമ്പാകെ നടത്തുന്നുണ്ട്.

നഗരസഭയിൽ ആരോഗ്യവിഭാഗം ജീവനക്കാരുടെ നേതൃത്വത്തിലാണ് പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ നടത്തിവരുന്നത്. ആയതിന് അതാത് നഗരസഭകളിൽ ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികളാണ് മേൽനോട്ടം വഹിക്കുന്നത്.

ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റികൾ, ബ്ലോക്കുതല ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി, ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി (എച്ച്.എം.സി.) എന്നിവ ബ്ലോക്ക് പഞ്ചായത്തുകളിലെ ആരോഗ്യ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) 29-1-2018-ലെ സ.ഉ.(കൈ)നമ്പർ 11/2018/ത.സ്വ.ഭ.വ. പ്രകാരം തദ്ദേശ സ്ഥാപനങ്ങൾക്ക് വിട്ടുകിട്ടിയ ആരോഗ്യ സ്ഥാപനങ്ങളിൽ ആവശ്യമുള്ള പക്ഷം ഡോക്ടർമാർ, പാരാമെഡിക്കൽ സ്റ്റാഫ്, ലാബ് ടെക്നീഷ്യൻ എന്നിവരെ നിയോഗിക്കാവുന്നതും നിബന്ധനകൾക്ക് വിധേയമായി അനുവദനീയമായ വേതനം പദ്ധതി നിർവ്വഹണത്തിൽ ഉൾപ്പെടുത്തി നൽകാവുന്നതുമാണെന്ന് ഉത്തരവായിട്ടുണ്ട്.

**ജൻറം പദ്ധതി**

127 (T3303) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൻറം പദ്ധതി കേന്ദ്രാവിഷ്കൃത പദ്ധതിയാണോ; പ്രസ്തുത പദ്ധതി കേരളത്തിൽ ആരംഭിച്ച തീയതി, ഇതിനായി ചെലവാക്കിയതുക (കേന്ദ്രവും കേരളവും തിരിച്ച്), ഇതിന്റെ കീഴിൽ നടപ്പിലാക്കിയ പ്രവൃത്തികൾ, ഇതിനായി നിശ്ചയിച്ചിരുന്ന കാലാവധി, പദ്ധതി എത്ര തവണ നീട്ടിനൽകി തുടങ്ങിയ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ജൻറം പദ്ധതി പൂർണ്ണമായും അവസാനിപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ വിശദാംശങ്ങൾ; പദ്ധതി കരാർ നീട്ടിനൽകിയ തീയതി; കരാർ എന്ന് തീരും തുടങ്ങിയ വിവരങ്ങൾ നൽകാമോ;

(സി) മേൽപദ്ധതി നടപ്പിലാക്കാൻ എത്ര ജീവനക്കാരെ (തരംതിരിച്ച്) കരാർ അടിസ്ഥാനത്തിൽ നിയമിച്ചുവെന്നും എത്രകാലത്തേക്കാണ് പ്രസ്തുത ജീവനക്കാരെ നിയമിച്ചതെന്നും അത് നീട്ടിനൽകിയെങ്കിൽ എത്രനാൾ വരെയെന്നും അവർക്ക് നൽകിയ പ്രതിമാസ ശമ്പളം എത്രയാണെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) പദ്ധതിയുടെ കാലാവധി നീട്ടിനൽകിയ ശേഷം കേന്ദ്രഫണ്ട് ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) കേന്ദ്രപദ്ധതിയായ അമൃത്-ന്റെ നിലവിലെ സ്ഥിതി, ആരംഭിച്ച പ്രവൃത്തികൾ എന്നിവ വ്യക്തമാക്കാമോ;

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(എഫ്) അമൃത് പദ്ധതിക്ക് കരാറടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; ഇതിനായി നിലവിലെ റാങ്ക് ലിസ്റ്റിൽ നിന്നും ഉദ്യോഗാർത്ഥികളെ എടുക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; വിവരങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ജൻറം ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. തിരുവനന്തപുരം, കൊച്ചി എന്നീ രണ്ട് നഗരങ്ങളെയാണ് കേരളത്തിൽ നിന്നും പദ്ധതി നടത്തിപ്പിനായി തെരഞ്ഞെടുത്തിരുന്നത്. പദ്ധതി ആരംഭിച്ചത് 3-12-2005-ലാണ്.

ചെലവായ തുക

| | | |
|---|---|---|
| കേന്ദ്രം | - | 387.89 കോടി രൂപ |
| സംസ്ഥാനം | - | 145.14 കോടി രൂപ |
| നഗരസഭാവിഹിതം | - | 70.94 കോടി രൂപ |
| ആകെ | - | 603 കോടി രൂപ |

നടപ്പിലാക്കിയ പദ്ധതികൾ

1. ജലവിതരണ പദ്ധതികൾ
2. ഖരമാലിന്യ സംസ്കരണ പദ്ധതി
3. സ്വിവറേജ് സംവിധാനം
4. സ്റ്റോം വാട്ടർ ഡ്രെയിനേജ്
5. നഗര ഗതാഗതം (പ്രൊക്യൂർമെന്റ് ഓഫ് ബസ്)
6. ട്രാഫിക്ക് & ട്രാൻസ്പോർട്ടേഷൻ
7. ഇ-ഗവേണൻസ്.

പദ്ധതി കാലാവധി 31-3-2012-ൽ അവസാനിച്ചു. രണ്ടുതവണ കൂടി ദീർഘിപ്പിച്ചു നൽകി. ആദ്യ തവണ 31-3-2014 വരെയും രണ്ടാമത് 31-3-2015 വരെയുമാണ് ദീർഘിപ്പിച്ചത്. കൂടാതെ ട്രാൻസിഷൻ ഫെയ്സിൽ ഉൾപ്പെടുത്തി 400 ബസ്സുകൾ വാങ്ങി നൽകുന്ന പദ്ധതിയും നടപ്പിലാക്കിയിരുന്നു. പ്രസ്തുത പദ്ധതി 31-3-2017-ൽ അവസാനിച്ചു.

| | | |
|---|---|---|
| ടി പദ്ധതിക്ക് ചെലവായ തുക | - | 217.91 കോടി രൂപ |
| കേന്ദ്ര വിഹിതം | - | 100.53 കോടി രൂപ |
| സംസ്ഥാന വിഹിതം | - | 117.38 കോടി രൂപ |

(ബി) കൊച്ചി കോർപ്പറേഷനിലെ ജൻറം പദ്ധതി അവസാനിച്ചു. തിരുവനന്തപുരം കോർപ്പറേഷനിലെ

1. ജലവിതരണ പദ്ധതിയുടെ പാക്കേജ് WP 4 & WP 6 കരാർ തീരുന്ന തീയതി 31-8-2019, പാക്കേജ് WP1 - കരാർ തീരുന്ന തീയതി 31-12-2019.

2. സ്വിവറേജ് പ്രോജക്ട് - കരാർ തീരുന്ന തീയതി - 31-12-2019

(സി) ജൻറം പദ്ധതി നോഡൽ ഏജൻസിയായ കെ.എസ്.യു.ഡി.പി. മുഖേന നടപ്പിലാക്കിയതിനാൽ പ്രത്യേകം ജീവനക്കാരെ നിയമിച്ചിട്ടില്ല.

(ഡി) ഇല്ല.

(ഇ) സംസ്ഥാനത്ത് 6 കോർപ്പറേഷനുകളിലും ആലപ്പുഴ, പാലക്കാട്, ഗുരുവായൂർ മുനിസിപ്പാലിറ്റികളിലും ശുദ്ധജല വിതരണം, സ്വിവറേജ് ആന്റ് സെപ്റ്റേജ് മാനേജ്മെന്റ്, സ്റ്റോം വാട്ടർ ഡ്രെയിനേജ്, അർബൻ ട്രാൻസ്പോർട്ട്, പാർക്ക് എന്നീ അഞ്ച് മേഖലകളിലായി 2357.66 കോടി രൂപയുടെ 1024 പദ്ധതികൾക്കാണ് (മുഖ്യപദ്ധതികൾ 388) 2015-16, 2016-17, 2017-18 എന്നീ മൂന്ന് വാർഷിക പദ്ധതികളിലായി അംഗീകാരം ലഭിച്ചിട്ടുള്ളത്. ഇതിൽ 2248.82 കോടി രൂപയുടെ 1023 പദ്ധതികൾക്ക് ഭരണാനുമതിയും 2120.37 കോടി രൂപയുടെ 1015 പദ്ധതികൾക്ക് സാങ്കേതികാനുമതിയും 2019.35 കോടി രൂപയുടെ 1014 പദ്ധതികളുടെ ടെണ്ടർ നടപടികളും 1575.96 കോടി രൂപയുടെ 933 പദ്ധതികളുടെ വർക്ക് അവാർഡും നടന്നിട്ടുണ്ട്. വർക്ക് അവാർഡ് ചെയ്തിട്ടുള്ള പദ്ധതികളിൽ 237 പദ്ധതികൾ പൂർത്തീകരിച്ചിട്ടുള്ളതും 554 പദ്ധതികളുടെ പ്രവൃത്തികൾ നടന്നുവരുന്നതും 142 പദ്ധതികളുടെ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. നാളിതുവരെ 458.25 കോടി രൂപ പദ്ധതിക്കായി ചെലവ് ചെയ്തിട്ടുള്ളതാണ്.

(എഫ്) ഉണ്ട്. അമൃത് നഗരങ്ങളിലെ നഗരസഭ നേരിട്ട് നടപ്പിലാക്കുന്ന പദ്ധതികളുടെ നടത്തിപ്പിനായി നഗരസഭകളിൽ കരാർ അടിസ്ഥാനത്തിൽ 13 സിവിൽ എഞ്ചിനീയർമാരെയും 29 ഓവർസിയർമാരെയും നിയമിക്കുന്നതിന് അമൃത് പദ്ധതിയുടെ ഉന്നതാധികാര സമിതി അംഗീകാരം നൽകിയതുപ്രകാരം നഗരസഭകൾ മുഖാന്തരം അപേക്ഷകൾ സ്വീകരിച്ച് ഇന്റർവ്യൂ നടത്തി റാങ്ക് ലിസ്റ്റ് തയ്യാറാക്കി നഗരസഭകൾ നേരിട്ടാണ് നിയമനം നടത്തിയിട്ടുള്ളത്. നിലവിൽ നഗരസഭകളിൽ ഒഴിവുകളില്ല.

## വി.ഇ.ഒ.-മാരുടെ പ്രീ-സർവ്വീസ് പരിശീലനം

128 (3304) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിലെ വി.ഇ.ഒ.-മാരുടെ പ്രീ-സർവീസ് പരിശീലനം ഇൻസർവീസ് ആക്കി മാറ്റുന്നതിന് സ്പെഷ്യൽ റൂൾഭേദഗതി വരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രീ-സർവീസ് പരിശീലനം പൂർത്തിയാക്കിയ ജീവനക്കാർക്ക് പ്രസ്തുത കാലയളവ് പെൻഷൻ, പേ-ഫിക്സേഷൻ എന്നിവയ്ക്ക് പരിഗണിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഗ്രാമവികസന വകുപ്പിലെ വി.ഇ.ഒ.-മാരുടെ പ്രീ-സർവ്വീസ് പരിശീലനം ഇൻസർവ്വീസ് ആക്കിക്കൊണ്ട് 28-6-2016-ലെ ജി. ഒ. (എം.എസ്.) നമ്പർ 137/2016/ത.സ്വ.ഭ.വ. പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനായി സ്പെഷ്യൽ റൂൾ ഭേദഗതി വരുത്തിയിട്ടില്ല.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

## ഒല്ലൂർ മണ്ഡലത്തിലെ റോഡ് നിർമ്മാണ പ്രവൃത്തികൾ

129 (3305) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ടിട്ടുള്ളതും ഭരണാനുമതി ലഭിച്ചിട്ടും പൂർത്തീകരിച്ചിട്ടില്ലാത്തതുമായ പി.എം.ജി.എസ്.വൈ. പ്രകാരമുള്ള റോഡ് നിർമ്മാണ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വഴക്കുപാറ-മേലേച്ചിറ റോഡ്.

(ബി) പ്രസ്തുത റോഡിന്റെ ടാറിംഗ് പൂർത്തീകരിച്ചിട്ടുണ്ട്. കാനനിർമ്മാണം പുരോഗമിക്കുകയാണ്.

## ബാലുശ്ശേരിയിലെ ഭക്ഷ്യസംസ്കരണ കേന്ദ്രത്തിന്റെ ആധുനികവത്ക്കരണം

130 (3306) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരിയിൽ ഗ്രാമവികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന ഭക്ഷ്യ സംസ്കരണ കേന്ദ്രത്തിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ഭക്ഷ്യസംസ്കരണ കേന്ദ്രം ആധുനികവൽക്കരിക്കുന്നതിന് ആലോചിക്കുന്നുണ്ടോ എന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി)) ഉണ്ട്.

## അനധികൃത കെട്ടിട സമുച്ചയങ്ങൾക്കെതിരെ നടപടി

131 (3307) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരടിലെ കെട്ടിട സമുച്ചയങ്ങൾ പൊളിച്ചുമാറ്റണമെന്ന സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഇത്തരം കെട്ടിട സമുച്ചയങ്ങളുടെ നിർമ്മാണം ഉണ്ടാകുന്നില്ല എന്ന് ഉറപ്പുവരുത്തുവാൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം;

(ബി) സംസ്ഥാനത്ത് ഇത്തരത്തിൽ അനധികൃതമായും ചട്ടങ്ങളും നിയമങ്ങളും പാലിക്കാതെയും നിർമ്മിച്ചിട്ടുള്ള കെട്ടിടസമുച്ചയങ്ങളുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ;

(സി) ഇല്ലെങ്കിൽ ഇത്തരം കെട്ടിടസമുച്ചയങ്ങൾ കണ്ടെത്തി അവയ്ക്കെതിരെ കർശന നടപടി സ്വീകരിക്കുമോ എന്നുള്ള വിശദവിവരം നൽകുമോ?

ഉത്തരം

(എ) മരടിലെ അനധികൃത നിർമ്മാണം സംബന്ധിച്ച സുപ്രീംകോടതി വിധിയുടെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ പ്രധാന നഗരങ്ങളിൽ നിയമം ലംഘിച്ചിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ കണ്ടെത്തി നടപടികൾ സ്വീകരിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ സംസ്ഥാനത്തെ 6 കോർപ്പറേഷനുകളിൽ നിലവിൽ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ള ഉയർന്ന പാർപ്പിട സമുച്ചയങ്ങളും ഗാർഹികേതര വിഭാഗത്തിൽപ്പെടുന്ന വൻകിട കെട്ടിടങ്ങളും പരിശോധിച്ച് കെട്ടിട നിർമ്മാണ ചട്ടങ്ങളും മറ്റ് ബന്ധപ്പെട്ട

നിയമങ്ങളും പാലിക്കപ്പെടുന്നുണ്ടോയെന്നത് സംബന്ധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്)-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതുപ്രകാരം നിയമവിരുദ്ധമായ കെട്ടിടങ്ങൾ കണ്ടെത്തുന്നതിന് ഒരു കർമ്മ പരിപാടിക്ക് ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) രൂപം നൽകിയിട്ടുണ്ട്.

(ബി&സി) കണക്കാക്കിവരുന്നു.

**അസിസ്റ്റന്റ് ടൗൺ പ്ലാനർ തസ്തിക നിയമനം**

132 (3308) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൗൺ പ്ലാനിംഗ് ഡിപ്പാർട്ടുമെന്റിൽ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് അനുസരിച്ച് അസിസ്റ്റന്റ് ടൗൺ പ്ലാനർമാരെ ഡെപ്യൂട്ടി ടൗൺ പ്ലാനർമാരായി പ്രൊമോഷൻ നൽകിയിരുന്നോ;

(ബി) പ്രസ്തുത പ്രമോഷന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് ടൗൺ പ്ലാനർ തസ്തികയിൽ ഉണ്ടായിട്ടുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അടിയന്തരമായി പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത് നിലവിലുള്ള ലിസ്റ്റിൽ നിന്നും നിയമനം ത്വരിതപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഡെപ്യൂട്ടി ടൗൺ പ്ലാനർ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തിനായുള്ള 2018-ലെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നതിൽ അവശേഷിച്ചിരുന്ന ഒരാൾക്ക് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവിനെത്തുടർന്ന് സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്.

(ബി&സി) പ്രസ്തുത പ്രൊമോഷന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് ടൗൺ പ്ലാനർ തസ്തികയിൽ നിലവിൽ വന്ന ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത് നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**'കില'യിലെ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തൽ**

133 (3309) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനിൽ നിലവിലുള്ള താൽക്കാലിക ജീവനക്കാരുടെ എണ്ണം വ്യക്തമാക്കുമോ;ഇവരെ സ്ഥിരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദവിവരം നൽകുമോ ?

ഉത്തരം

'കില'യിൽ നിലവിലുള്ള വിവിധ തസ്തികകളിൽ 23 പേർ താൽക്കാലിക/ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നുണ്ട്. കൂടാതെ വിവിധ പ്രോജക്ടുകളിലായി 58 പേർ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നു.

താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താനുള്ള തീരുമാനമൊന്നും എടുത്തിട്ടില്ല.

## 'ശാസ്ത്രയാൻ' - അറിവിന്റെ ഉത്സവം

134 (3310) ശ്രീ. എം. സ്വരാജ്:
ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. ആന്റണി ജോൺ:
ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാഭ്യാസ പുരോഗതിയുടെ നിലവിലുള്ള പ്രവണതകൾ വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും മനസ്സിലാക്കുന്നതിനായി 'ശാസ്ത്രയാൻ ' - അറിവിന്റെ ഉത്സവം എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) വിദ്യാഭ്യാസ സ്ഥാപനങ്ങളെ അക്കാദമിക മികവിന്റെയും പൊതു സമ്പർക്കത്തിന്റെയും കേന്ദ്രങ്ങളാക്കുക എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിനായി എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;

(സി) പൊതുജനങ്ങൾക്ക് അവരുടെ പ്രദേശത്തുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളേയും അവയുടെ വികസന പ്രവർത്തനങ്ങളേയും ശാസ്ത്രീയ കണ്ടുപിടുത്തങ്ങളേയും ഗവേഷണങ്ങളേയും കുറിച്ച് അറിയുന്നതിനും ആവശ്യമായ ഇടപെടലുകൾ നടത്തുന്നതിനും എന്തെല്ലാം സൗകര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ;

(ഡി) നിലവിൽ ഏതെല്ലാം സർവ്വകലാശാലകളിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കിവരുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) 8-1-2018-ലെ സ.ഉ. (സാധാ) നമ്പർ 59/2018/ഉ.വി.വ. പ്രകാരം റൂസ സംസ്ഥാന പദ്ധതി കാര്യാലയം 8-1-2018 മുതൽ 31-3-2018 വരെ 'ശാസ്ത്രയാൻ' എന്ന പേരിൽ സംസ്ഥാനത്തെ 7 യൂണിവേഴ്സിറ്റികളിലും 35 ആർട്സ് & സയൻസ് കോളേജുകളിലുമായി ഓപ്പൺ ഹൗസ് രീതിയിൽ ഈ പദ്ധതി നടപ്പിലാക്കി. അക്കാദമിക ഗവേഷണ ഫലങ്ങൾ ഉൾപ്പെടെയുള്ള അറിവിന്റെ കൈമാറ്റം, നൂതന ആശയങ്ങളുടെ രൂപീകരണവും സമാഹരണവും സ്ഥാപനങ്ങളുടെ ശക്തി ദൗർബല്യങ്ങളുടെ (SWOT Analysis) കണ്ടെത്തൽ എന്നിവയുള്ള സൗകര്യങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. പ്രദേശവാസികളായ ജനങ്ങൾക്കും സ്ഥാപനങ്ങൾക്കും ഉന്നതവിദ്യാ കേന്ദ്രങ്ങളിലെ പഠനപാഠ്യേതര പ്രവർത്തനങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ, പ്ലേസ്മെന്റ് ഉൾപ്പെടെയുള്ള അവസരങ്ങൾ എന്നിവ നേരിൽ കണ്ട് മനസ്സിലാക്കുന്നതിനും ഗവേഷണ അക്കാദമിക ഫലങ്ങൾ പ്രായോഗികതയിലേക്ക് കൊണ്ടുവരുന്നതിനും ഈ പദ്ധതിയുടെ നടത്തിപ്പിലൂടെ സാധ്യമായി.

(ഡി) 2018-ൽ ചുവടെ ചേർത്തിരിക്കുന്ന 7 സർവ്വകലാശാലകളിലാണ് പദ്ധതി നടപ്പിലാക്കിയത്:

1. കേരള സർവ്വകലാശാല, തിരുവനന്തപുരം
2. മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം
3. കാലിക്കറ്റ് സർവ്വകലാശാല, മലപ്പുറം
4. ശ്രീ ശങ്കര സംസ്കൃത സർവ്വകലാശാല, കാലടി
5. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല, എറണാകുളം
6. കണ്ണൂർ സർവ്വകലാശാല, കണ്ണൂർ
7. തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാല, മലപ്പുറം.

## ഉന്നതവിദ്യാഭ്യാസ രംഗത്തെ പരീക്ഷകൾ

135 (3311) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ രംഗത്ത് പരീക്ഷകൾ നടത്തുമ്പോൾ വിവിധ ഏജൻസികൾ നടത്തുന്ന നെറ്റ്, കെ-ടെറ്റ് പോലുള്ള പരീക്ഷകളും അതേ തീയതിയിൽ വരുന്നതിനാൽ ഉദ്യോഗാർത്ഥികൾക്ക് ബുദ്ധിമുട്ട് ഉണ്ടാവുന്നതായും മറ്റ് പരീക്ഷകൾ എഴുതാനുള്ള അവസരം നഷ്ടപ്പെടുന്നതായും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യം പരിഹരിക്കുന്നതിനായി നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് വിവിധ ഏജൻസികൾ നടത്തുന്ന നെറ്റ്, കെ-ടെറ്റ് പോലുള്ള പരീക്ഷകളുടെ തീയതികൾ കഴിയുന്നത്ര ഒഴിവാക്കിയാണ് സർവ്വകലാശാലകൾ പരീക്ഷ തീയതികൾ നിശ്ചയിക്കാറുള്ളത്. എന്നിരുന്നാലും സർവ്വകലാശാലകൾ നടത്തുന്ന പരീക്ഷകളുടെ തീയതികൾ പരീക്ഷാ കലണ്ടർ പ്രകാരം മുൻകൂട്ടി തീരുമാനിക്കുന്നതാകയാൽ സംസ്ഥാനതലത്തിൽ നടത്തുന്ന ചില പരീക്ഷകളും സർവ്വകലാശാലാ പരീക്ഷകളും ചില അവസരങ്ങളിൽ ഒരേ ദിവസം ആയിപ്പോകാറുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ സർവ്വകലാശാല നടത്തുന്ന പരീക്ഷകളുടെ തീയതികളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി പരീക്ഷ നടത്തുകയാണ് ചെയ്യാറുള്ളത്.

**എയ്ഡഡ് മേഖലയിൽ പുതുതലമുറ കോഴ്സുകൾ**

136 (3312) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. വി. ടി. ബൽറാം:
ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്നത്തെ മത്സരാധിഷ്ഠിതമായ ലോകത്ത് ജീവിതത്തിൽ വിജയിക്കുവാൻ മികച്ചതും ആധുനികവുമായ വിദ്യാഭ്യാസവും തൊഴിൽ നൈപുണ്യവും കൂടിയേ തീരുവെന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ;

(ബി) മത്സരാധിഷ്ഠിതമായ ലോകത്ത് പുതിയ കാലത്തെ നേരിടുവാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്ന പുതുതലമുറ കോഴ്സുകൾ മലബാറിലെ വിദ്യാർത്ഥികൾക്ക് അന്യമായിരിക്കുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ബയോ മെഡിക്കൽ എഞ്ചിനീയറിംഗ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് തുടങ്ങിയ ആധുനിക കോഴ്സുകളൊന്നും മലബാർ ഭാഗത്തെ കോളേജുകളിൽ ഇതുവരെ അനുവദിക്കാത്തത് എന്തുകൊണ്ടാണെന്ന് അറിയിക്കുമോ;

(ഡി) എയ്ഡഡ് മേഖലയിൽ പുതുതലമുറ കോഴ്സുകൾ തുടങ്ങിയാൽ മാത്രമേ മലബാറിന്റെ വിദ്യാഭ്യാസപരമായ പിന്നാക്കാവസ്ഥയ്ക്ക് പരിഹാരമാകുകയുള്ളൂ എന്നതിനാൽ ഇക്കാര്യത്തിൽ അടിയന്തര നടപടി കൈക്കൊള്ളുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി-ഡി) എഞ്ചിനീയറിംഗ് മേഖലയിലെ കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊണ്ട് നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി കോഴ്സുകൾ പരിഷ്കരിച്ച് നവീന ബ്രാഞ്ചുകൾ തുടങ്ങുന്ന കാര്യം സാങ്കേതിക ശാസ്ത്ര സർവ്വകലാശാലയുടെ അക്കാദമിക് കൗൺസിലിന്റെ പരിഗണനയിലാണ്. മലബാർ മേഖലയിലെ ചുവടെ ചേർത്തിരിക്കുന്ന പോളിടെക്നിക്ക് കോളേജുകളിൽ ത്രിവത്സര ബയോമെഡിക്കൽ എഞ്ചിനീയറിംഗ് ഡിപ്ലോമ കോഴ്സ് നടത്തിവരുന്നുണ്ട്:

1. EKNM സർക്കാർ പോളിടെക്നിക് കോളേജ്, തൃക്കരിപ്പൂർ
2. AWH പോളിടെക്നിക് കോളേജ്, മുക്കം, കോഴിക്കോട് (സ്വാശ്രയം)
3. KMCT പോളിടെക്നിക് കോളേജ്, കോഴിക്കോട് (സ്വാശ്രയം)

കൂടാതെ KMCT വനിതാ എഞ്ചിനീയറിംഗ് കോളേജിലും (സ്വാശ്രയം) ബയോമെഡിക്കൽ എഞ്ചിനീയറിംഗ് ബിരുദ കോഴ്സ് നടത്തിവരുന്നുണ്ട്. കേരളത്തിലെ സർക്കാർ/എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിലെ ബയോമെഡിക്കൽ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് മേഖലകളിൽ ബിരുദതല കോഴ്സ് ആരംഭിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുന്നതാണ്.

## എയ്ഡഡ്/അൺഎയ്ഡഡ് കോളേജുകൾ

137 (3313) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ എത്ര കോളേജുകൾക്ക് എയ്ഡഡ് പദവി നൽകിയിട്ടുണ്ട്; വ്യക്തമാക്കാമോ; കോളേജുകൾക്ക് എയ്ഡഡ് പദവി നൽകുന്നതിനുള്ള മാനദണ്ഡം വിശദമാക്കുമോ; നിലവിൽ എയ്ഡഡ് പദവി നൽകാൻ തീരുമാനിച്ച കോളേജുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്തെ അൺഎയ്ഡഡ് ഡിഗ്രി കോളേജുകളിൽ ക്ലാസ്സെടുക്കുന്നതിനുള്ള അദ്ധ്യാപകരുടെ യോഗ്യത വ്യക്തമാക്കുമോ; ഈ യോഗ്യതയിൽ നിലവിൽ ഏതെങ്കിലും കോളേജുകൾക്ക് ഇളവുനൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ ;

(സി) നിലവിൽ അൺഎയ്ഡഡ് ഡിഗ്രി കോളേജുകളിൽ നിശ്ചിത യോഗ്യതയില്ലാത്ത അദ്ധ്യാപകർ ക്ലാസ്സെടുക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൻമേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ഡി) ഇത് സംബന്ധിച്ച് ലഭിച്ച പരാതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; യോഗ്യതയില്ലാത്തവരെ കണ്ടെത്താൻ സർവ്വകലാശാല വൈസ് ചാൻസലർമാരോട് പരിശോധന നടത്താൻ ആവശ്യപ്പെടുമോ?

ഉത്തരം

(എ)

1. ശ്രീശബരീശ ആർട്സ് & സയൻസ് കോളേജ്, മുരുക്കുംവയൽ, കോട്ടയം.
2. ശ്രീസത്യസായി ആർട്സ് & സയൻസ് കോളേജ്, തോന്നയ്ക്കൽ, തിരുവനന്തപുരം.
3. ശ്രീശങ്കര കോളേജ്, നഗരൂർ, തിരുവനന്തപുരം.
4. ബിഷപ്പ് യേശുദാസൻ സി.എസ്.ഐ. ആർട്സ് & സയൻസ് കോളേജ്, മുളയറ, തിരുവനന്തപുരം.
5. ബജാ മോഡൽ ആർട്സ് & സയൻസ് കോളേജ്, കാസർഗോഡ്.
6. സാന്തോം മലങ്കര ആർട്സ് & സയൻസ് കോളേജ്, ഇടഞ്ഞി, പാറശ്ശാല.

ആവശ്യകത മുൻനിർത്തി സർക്കാർ നയപരമായ തീരുമാനമെടുത്താണ് എയ്ഡഡ് പദവി അനുവദിക്കുന്നത്.

നിലവിൽ പുതിയ കോളേജുകൾക്ക് എയ്ഡഡ് പദവി നൽകാൻ തീരുമാനിച്ചിട്ടില്ല.

(ബി) കേരള സർവ്വകലാശാല ചട്ടങ്ങൾ പ്രകാരം അൺ എയ്ഡഡ് കോളേജുകളിലെ അദ്ധ്യാപകർക്ക് എയ്ഡഡ് കോളേജ് അദ്ധ്യാപകർക്ക് നിഷ്കർഷിക്കുന്ന യു.ജി.സി./നെറ്റ് യോഗ്യത ഒഴികെ മറ്റു യോഗ്യതകളെല്ലാം ബാധകമാണ്. മറ്റ് സർവ്വകലാശാലകൾ യു.ജി.സി. പ്രകാരമുള്ള യോഗ്യത വേണ്ടതാണെന്ന് നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത യോഗ്യതയുള്ളവരുടെ അഭാവത്തിൽ 55 ശതമാനം മാർക്കോടെ ബിരുദാനന്തര ബിരുദമുള്ളവരെയും പരിഗണിക്കാവുന്നതാണെന്നും വർഷങ്ങളായി ജോലി ചെയ്തുവരുന്നവർക്ക് നിശ്ചിത യോഗ്യത നേടുന്നതിന് അവസരവും സർവ്വകലാശാലകൾ നൽകിയിട്ടുണ്ട്.

(സി&ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ലഭിച്ച രണ്ട് പരാതികൾ അന്വേഷിക്കുന്നതിന് സിൻഡിക്കേറ്റ് അംഗം ഉൾപ്പെട്ട കമ്മീഷനെ അന്വേഷണ സമിതി ആയി നിയമിച്ചിട്ടുണ്ട്. കാലിക്കറ്റ് സർവ്വകലാശാലയിൽ ലഭിച്ച പരാതി സിൻഡിക്കേറ്റ് ഉപസമിതി അന്വേഷിച്ച് വരുന്നു. കണ്ണൂർ സർവ്വകലാശാലയിൽ ലഭിച്ച പരാതിയിന്മേൽ സർവ്വകലാശാല തലത്തിൽ നടപടി സ്വീകരിച്ചുവരുന്നു. യോഗ്യതയില്ലാത്തവരെ കണ്ടെത്താൻ സർവ്വകലാശാല വൈസ് ചാൻസലർമാരോട് പരിശോധന നടത്താൻ ആവശ്യപ്പെടുന്ന വിഷയം പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

## കേന്ദ്ര സർക്കാരിന്റെ കരട് വിദ്യാഭ്യാസനയം

138 (3314) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ വിദ്യാഭ്യാസ നയം 2019 ന്റെ കരട് കേന്ദ്ര സർക്കാരിന് സമർപ്പിച്ച സാഹചര്യത്തിൽ ഇത് സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ അഭിപ്രായം തേടിയിട്ടുണ്ടോ;

(ബി) സർവ്വകലാശാലകളിൽ നിലവിലുള്ള അഫിലിയേറ്റിംഗ്, ഡീംഡ് പോലുള്ള സങ്കീർണ്ണ ഘടനകളെ ഒഴിവാക്കി ഗവേഷണത്തിനും സമഗ്ര അദ്ധ്യാപനത്തിനുമുള്ള കേന്ദ്രങ്ങളായി സർവ്വകലാശാല മാറണമെന്ന പുതിയ ദേശീയ വിദ്യാഭ്യാസ നയത്തിലെ ശിപാർശ സ്വാഗതാർഹമാണോ; ഇത് സംബന്ധിച്ച സർക്കാർ നിലപാട് വ്യക്തമാക്കുമോ;

(സി) മുഴുവൻ കോളേജുകളെയും ബിരുദം നൽകുന്ന സ്വയംഭരണ പദവിയിലേക്ക് ഉയർത്തണമെന്ന നിർദ്ദേശം അംഗീകരിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിനുള്ള എതിർപ്പ് കേന്ദ്ര സർക്കാരിനെ അറിയിക്കുമോ?

### ഉത്തരം

(എ-സി) മാധ്യമങ്ങൾ വഴിയും അല്ലാതെയും കരട് ദേശീയ വിദ്യാഭ്യാസ നയം സംബന്ധമായ അഭിപ്രായങ്ങൾ എല്ലാ സംസ്ഥാനങ്ങളിൽനിന്നും കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ സംസ്ഥാന സർക്കാരിന് ഇതുമായി ബന്ധപ്പെട്ട് അറിയിപ്പൊന്നും ലഭിച്ചിട്ടില്ല. അഭിപ്രായങ്ങൾ സമർപ്പിക്കാനുള്ള അവസാന തീയതി ജൂൺ 30 ആണ്. ജൂൺ 29-ന് ഒരു വിദഗ്ദ്ധ സമിതിയുടെ നേതൃത്വത്തിൽ ഉന്നത വിദ്യാഭ്യാസ കൗൺസിൽ സംസ്ഥാനത്തെ സർവ്വകലാശാലകളെയും മറ്റ്

ഗവേഷണ സ്ഥാപനങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് കേന്ദ്ര സർക്കാരിന്റെ കരട് വിദ്യാഭ്യാസ നയം വിശകലനം ചെയ്യുന്നതിന് ഒരു സെമിനാർ നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത സെമിനാറിൽ രൂപപ്പെടുന്ന നിർദ്ദേശങ്ങളും വിമർശനങ്ങളും കേന്ദ്ര സർക്കാരിനെ അറിയിക്കാനുള്ള രേഖയാക്കി മാറ്റും.

## നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് റാങ്കിംഗ് ഫ്രെയിംവർക്ക് മാതൃക

139 (3315) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കേന്ദ്ര മാനവശേഷി മന്ത്രാലയം നടപ്പിലാക്കിയ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് റാങ്കിംഗ് ഫ്രെയിം വർക്ക് മാതൃകയിൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിം വർക്ക് സംവിധാനം (സാക്) നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ എപ്രകാരമാണ് നടപ്പിലാക്കുക എന്നതിന്റെ വിശദാംശം നൽകുമോ;

(ബി) ഏതൊക്കെ കാര്യങ്ങൾ പരിഗണിച്ചാണ് സാക് ഇപ്രകാരം ഒരു ഗ്രേഡിംഗ് നൽകുന്നത്;

(സി) ക്യാമ്പസ്സിൽ അനുവദിച്ചിട്ടുള്ള വിദ്യാർത്ഥി സംഘടനാസ്വാതന്ത്ര്യവും വിദ്യാർത്ഥി യൂണിയൻ പ്രവർത്തനവും സംസ്ഥാനതല ഗ്രേഡിംഗിന് പരിഗണിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

### ഉത്തരം

(എ) കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിലയിരുത്തലിനും ഗ്രേഡിംഗിനും സ്റ്റേറ്റ് അസസ്സ്മെന്റ് ആന്റ് അക്രെഡിറ്റേഷൻ സെന്റർ (സാക്) ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ മുഴുവൻ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെയും സംബന്ധിക്കുന്ന സമഗ്ര വിവരങ്ങൾ ശേഖരിച്ച് ക്രോഡീകരിക്കുവാൻ ഉന്നതവിദ്യാഭ്യാസ കൗൺസിൽ മുഖേന ആൾ കേരള ഹയർ എഡ്യൂക്കേഷൻ സർവ്വേയും നടത്തുന്നുണ്ട്. SAAC വിലയിരുത്തലിലൂടെയും ആൾ കേരള ഹയർ എഡ്യൂക്കേഷൻ സർവ്വേയിലൂടെയും ശേഖരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിലായിരിക്കും സ്ഥാപനങ്ങളെ കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്കിൽ റാങ്ക് ചെയ്യുക.

(ബി) ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ വിലയിരുത്തുന്ന ദേശീയതല ഏജൻസിയായ NAAC-ന്റെ മാനദണ്ഡങ്ങൾക്ക പുറമെ സംസ്ഥാന സംബന്ധിയായ മാനദണ്ഡങ്ങൾക്ക് കൂടി വിധേയമായാണ് SAAC സ്ഥാപനങ്ങളെ വിലയിരുത്തുകയും ഗ്രേഡ് ചെയ്യുകയും ചെയ്യുക.

(സി) പരിശോധിക്കുന്നതാണ്.

**രാഷ്ട്രീയ ഉച്ഛതർ ശിക്ഷാ അഭിയാൻ പദ്ധതി**

140 (3316) ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മോൻസ് ജോസഫ്:
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള കേന്ദ്ര സർക്കാരിൻെറ സാമ്പത്തികസഹായ പദ്ധതിയായ രാഷ്ട്രീയ ഉച്ഛതർ ശിക്ഷാ അഭിയാനിൽ (റൂസ) എയ്ഡഡ് കോളേജുകളെ ഉൾപ്പെടുത്തിയിട്ടുണ്ടോ; ആയതിൻെറ മാനദണ്ഡം വ്യക്തമാക്കാമോ;

(ബി) റൂസ ഫണ്ട് ലഭിക്കുന്നതിന് സ്വയംഭരണ കോളേജുകളുടെ കാര്യത്തിൽ ഉണ്ടായിരിക്കുന്ന സാമ്പത്തിക അനുപാതം വ്യക്തമാക്കുമോ;

(സി) 'നാക്'-ൻെറ അക്രെഡിറ്റേഷന് നിഷ്കർഷിച്ചിരിക്കുന്ന മാനദണ്ഡം വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്ത് പുതിയ കോളേജുകളും കോഴ്സുകളും അനുവദിക്കുന്നതിനായി ഉന്നത വിദ്യാഭ്യാസവകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായ പദ്ധതിയായ രാഷ്ട്രീയ ഉച്ഛതർ ശിക്ഷാ അഭിയാനിൽ (റൂസ) എയ്ഡഡ് കോളേജുകളെ ഉൾപ്പെടുത്തിയിട്ടുണ്ട്. RUSA- MHRD നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായിട്ടാണ് സ്ഥാപനങ്ങളെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. എയ്ഡഡ് സ്ഥാപനങ്ങൾക്കായി രണ്ട് പ്രധാന ഘടകങ്ങളാണ് നിലവിലുള്ളത്. ഘടകം 8-ഉം 9-ഉം. ഘടകം 8-ൽ ഉൾപ്പെടണമെങ്കിൽ സ്ഥാപനം സ്വയംഭരണ പദവിയുള്ളതും കാലാവധി തീരാത്ത നാക് ഗ്രേഡ് 3.51 അല്ലെങ്കിൽ അതിനു മുകളിലുമായിരിക്കണം. ഘടകം 9-ൽ

ഉൾപ്പെടണമെങ്കിൽ കാലാവധി തീരാത്ത 2.5-നും 3.5-നും ഇടയിൽ നാക് ഗ്രേഡ് ഉണ്ടായിരിക്കണം. അതോടൊപ്പം റൂസ 1-ാം ഘട്ടത്തിൽ അംഗത്വം ലഭിച്ച സ്ഥാപനങ്ങളെ 2-ാം ഘട്ടത്തിലേക്ക് പരിഗണിക്കുകയുമില്ല.

(ബി) സംസ്ഥാനത്തെ 5 എയ്ഡഡ് സ്വയംഭരണ കേളേജുകൾക്കാണ് ഘടകം 8-ൽ ഉൾപ്പെടുത്തി റൂസ ഫണ്ട് ലഭിക്കുന്നത്. ആകെ 5 കോടി രൂപയാണ് കോളേജിന് ലഭിക്കുന്നത്. അതിൽ 60 ശതമാനം തുക RUSA-MHRD-യും 40 ശതമാനം തുക സംസ്ഥാന സർക്കാരുമാണ് നൽകുന്നത്. അതായത് 3 കോടി രൂപ കേന്ദ്ര വിഹിതവും 2 കോടി രൂപ സംസ്ഥാന വിഹിതവും.

(സി) ഗ്രേഡിംഗിന് അടിസ്ഥാനമാക്കുന്ന മാനദണ്ഡങ്ങൾ താഴെപ്പറയുന്നവയാണ്:

1. ക്രൈറ്റീരിയൻ തിരിച്ചുള്ള വിശകലനം.
2. കരിക്കുലവുമായി ബന്ധപ്പെട്ട കാര്യങ്ങൾ.
3. റ്റീച്ചിംഗ്-ലേണിംഗ് വിലയിരുത്തൽ
4. അടിസ്ഥാനസൗകര്യങ്ങളും ലേണിംഗ് റിസോഴ്സുകളും
5. സ്റ്റുഡന്റ്സ് സപ്പോർട്ടും പുരോഗതിയും
6. ഗവേണൻസ്, ലീഡർഷിപ്പ് മാനേജ്മെന്റ് എന്നിവ
7. ഗവേഷണം, കൺസൾട്ടൻസി & എക്സ്റ്റൻഷൻ
8. ഇന്നവേഷനുകളും നല്ല പ്രവണതകളും
9. മൊത്തമായ വിലയിരുത്തൽ.

(ഡി) കോളേജുകളും കോഴ്സുകളും അനുവദിക്കുന്നതിനായി കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസലുകൾ സർക്കാർ പരിശോധിച്ചു വരുന്നു.

**സർക്കാർ കോളേജുകൾ ഇല്ലാത്ത നിയമസഭാമണ്ഡലങ്ങൾ**

141 (3317) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ കോളേജുകൾ ഇല്ലാത്ത എത്ര നിയമസഭാ മണ്ഡലങ്ങളാണ് നിലവിലുള്ളതെന്നും അവ ഏതൊക്കെയാണെന്നും വിശദമാക്കാമോ;

(ബി) സർക്കാർ കോളേജുകൾ നിലവിലില്ലാത്ത നിയമസഭ മണ്ഡലങ്ങളിൽ അവ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) സർക്കാർ കോളേജുകൾ ഇല്ലാത്ത നിയമസഭാ മണ്ഡലങ്ങളുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) അത്തരം നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

## കോളേജുകളിലെ വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് നടപടി

142 (3318) ശ്രീ. റ്റി. വി. രാജേഷ്:
ശ്രീമതി യു. പ്രതിഭ:
ശ്രീ. പി. ടി. എ. റഹീം:
പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ കോളേജുകളിലെ വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) സർക്കാർ കോളേജുകളിൽ കമ്മ്യൂണിറ്റി കോഴ്സുകളും ഓണേഴ്സ് ബിരുദവും ഉൾപ്പെടെയുള്ള നൂതന കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) സർക്കാർ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന്റെ ഭാഗമായി അദ്ധ്യാപനം, പഠനം, ഗവേഷണം തുടങ്ങിയ മേഖലകളിൽ എന്തെല്ലാം പരിഷ്കാരങ്ങളാണ് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഇതിന്റെ ഭാഗമായി കോളേജുകളിൽ നിലവിലുള്ള കോഴ്സുകൾ അപ്ഗ്രേഡ് ചെയ്യുന്നതിനും പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള നൂതന പദ്ധതികളിൽ ഉന്നതവിദ്യാഭ്യാസ കൗൺസിൽ മുഖേന സ്റ്റേറ്റ് അസസ്സ്മെന്റ് ആന്റ് അക്രെഡിറ്റേഷൻ സെന്റർ, ഫാക്കൽറ്റി ട്രെയിനിംഗ് സെന്റർ, ഔട്ട്കം ബേസ്ഡ്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

എഡ്യൂക്കേഷനും ഗ്രാജ്വേറ്റ് ആട്രിബ്യൂട്ടുകളും കൈരളി ഗവേഷണ പുരസ്കാരങ്ങൾ, ബ്രെയിൻ ഗെയിൻ സമീപനം, ക്ലസ്റ്റർ കോളേജ് പദ്ധതി എന്നീ പദ്ധതികൾ നടന്നുവരുന്നു. കൂടാതെ കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ തിരുവനന്തപുരം സംസ്കൃത കോളേജ് ക്യാമ്പസിൽ പ്രവർത്തിക്കുന്ന മേഘനാഥ സാഹാ സെന്റർ ഫോർ കണ്ടന്റ് ഡെവലപ്മെന്റ് സ്റ്റുഡിയോ (ORICE-Online Resource Intitiatives of Collegiate Education) മുഖേന Beyond Syllabi, മലയാള സാഹിത്യയാത്ര, Winglish എന്നീ മൂന്ന് പഠന പരമ്പരകളായി ഓൺലൈൻ ക്ലാസ്സുകൾ നടന്നുവരുന്നുണ്ട്.

ബിരുദതലത്തിൽ പഠനത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് സമയബന്ധിതമായി ക്ലാസ്സുകൾ നൽകുക, സർവ്വകലാശാല പരീക്ഷയ്ക്ക് തയ്യാറാക്കുക എന്നീ പ്രവർത്തനങ്ങൾക്കായി Scholar Support Programme നടന്നുവരുന്നുണ്ട്. പഠനത്തിൽ പ്രഗത്ഭരായ വിദ്യാർത്ഥികൾക്ക് വിവിധ രീതിയിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക, അവർക്ക് വഴികാട്ടിയായി പ്രവർത്തിക്കുന്ന ഉപദേഷ്ടാക്കളെ നിയമിക്കുക എന്നീ പരിപാടികൾക്കായി പഠിതാവിനൊപ്പം (walk with scholar) എന്ന പദ്ധതി നടന്നുവരുന്നു. കേരളത്തിലെ കോളേജുകളിലെ യുവാക്കളായ അദ്ധ്യാപകരുടെ ഒരു സംഘത്തെ കണ്ടെത്തി അവരിലെ പ്രത്യേക വാസനകൾ വികസിപ്പിച്ചെടുക്കുക വഴി അദ്ധ്യയന രംഗത്തെ കണ്ടെത്തലുകളുടെയും ഗവേഷണങ്ങളുടെയും സമന്വയം ത്വരിതപ്പെടുത്തുന്നതിനുവേണ്ടി FLAIR (Fostering Linkages For Academic Innovation And Research) പദ്ധതി നടത്തിവരുന്നു.

രാജ്യത്തെ മികച്ച ഫാക്കൽറ്റിയുടെയും സ്ഥാപനത്തിന്റെയും സേവനങ്ങൾ പ്രയോജനപ്പെടുത്തുന്നതിനായി അക്കാദമിക് തലത്തിൽ ഉന്നത നിലവാരം പുലർത്തുന്ന ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്ക് ഹ്രസ്വകാലപഠനങ്ങൾ നടത്തുന്നതിനും പ്രോജക്ടുകൾ ചെയ്യുന്നതിനും അവരുടെ കോഴ്സിന്റെ ഭാഗമായി ഇന്റേൺഷിപ്പ് രാജ്യത്തെ പ്രമുഖരായ ശാസ്ത്രജ്ഞരെയും സാമൂഹ്യ ശാസ്ത്രജ്ഞരെയും സഹകരിപ്പിച്ച് ചെയ്യാനും ആസ്പയർ സ്കോളർഷിപ്പ് എന്ന പദ്ധതി മുഖേന സ്കോളർഷിപ്പുകൾ നൽകിവരുന്നുണ്ട്.

(സി) കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ നിലവിൽ തിരുവനന്തപുരം സർക്കാർ വനിതാ കോളേജ്, എറണാകുളം മഹാരാജാസ് കോളേജ്, തലശ്ശേരി ബ്രണ്ണൻ കോളേജ്, പാലക്കാട് വിക്ടോറിയ കോളേജ് എന്നിവിടങ്ങളിൽ ഓണേഴ്സ് ബിരുദം നിലവിലുണ്ട്. സംസ്ഥാനത്തെ 4 സർക്കാർ കോളേജുകളിൽ യു.ജി.സി.

നിർദ്ദേശാനുസരണം കമ്മ്യൂണിറ്റി കോളേജുകൾ ആരംഭിച്ച് ക്ലാസ്സുകൾ നടത്തി വരുന്നു. ഗവൺമെന്റ് കോളേജ് ആറ്റിങ്ങൽ, ശ്രീഅച്യുതമേനോൻ കോളേജ് തൃശ്ശൂർ, ഗവൺമെന്റ് കോളേജ് നാട്ടകം, കോട്ടയം, പി.റ്റി.എം. ഗവൺമെന്റ് കോളേജ്, പെരിന്തൽമണ്ണ എന്നീ കോളേജുകളിലാണ് കമ്മ്യൂണിറ്റി കോഴ്സുകൾ നടന്നുവരുന്നത്.

(ഡി) വിവിധ സർക്കാർ കോളേജുകളിൽ പുതിയ കോഴ്സ് ആരംഭിക്കുന്നതിനായി കോളേജ് വിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭ്യമായ പ്രൊപ്പോസലുകൾ സർക്കാർ പരിശോധിച്ചുവരുന്നു.

## സർവ്വകലാശാലകളിലെ പരീക്ഷാ മൂല്യനിർണ്ണയം യഥാസമയം നടത്താത്തത്

143 (3319) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെങ്കിലും സർവ്വകലാശാലകളിൽ അദ്ധ്യാപകർ യഥാസമയം പരീക്ഷാ പേപ്പറുകൾ മൂല്യനിർണ്ണയം നടത്തി തിരിച്ചേല്പിക്കാത്തതിനാൽ റിസൾട്ട് പ്രഖ്യാപിക്കുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നത് അറിയിക്കാമോ;

(ബി) സർവ്വകലാശാലകൾ നടത്തുന്ന പരീക്ഷകളുടെ ഫലം യഥാസമയം പുറപ്പെടുവിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ സർവ്വകലാശാലകൾക്ക് പൊതു അക്കാദമിക് കലണ്ടറും പരീക്ഷാ കലണ്ടറും തയ്യാറാക്കുന്നതിന് സർവ്വകലാശാലകളിലെ പ്രോ-വൈസ് ചാൻസലർമാരെ അംഗങ്ങളാക്കി ഉന്നതവിദ്യാഭ്യാസ കൗൺസിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പി.വി.സി.-മാരുടെ കമ്മിറ്റി മീറ്റിംഗുകൾ അക്കാദമിക് കലണ്ടറും പരീക്ഷാ നടത്തിപ്പും ഫലപ്രഖ്യാപനവും സംബന്ധിച്ചെടുക്കുന്ന തീരുമാനങ്ങൾ സർവ്വകലാശാലകൾ നടപ്പിലാക്കുന്നുണ്ട്. സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങളുടെയും ഇടപെടലുകളുടെയും ഫലമായി സർവ്വകലാശാലകൾ യഥാസമയം പരീക്ഷാഫല പ്രഖ്യാപനവും പ്രവേശനവും നടത്തുന്ന സ്ഥിതി സംജാതമായിട്ടുണ്ട്.

## പ്രളയക്കെടുതിയിൽനിന്നും ഉന്നതവിദ്യാഭ്യാസമേഖലയെ കരകയറ്റുന്നതിന് സ്വീകരിച്ച നടപടികൾ

144 (3320) ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. എൽദോ എബ്രഹാം:
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം നേരിട്ട മഹാപ്രളയം ഉന്നതവിദ്യാഭ്യാസമേഖലയെ ഏതൊക്കെ തരത്തിൽ ബാധിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഉന്നതവിദ്യാഭ്യാസമേഖലയിൽ അടിസ്ഥാനസൗകര്യങ്ങളുടെ കാര്യത്തിൽ ഉണ്ടായ നാശനഷ്ടങ്ങളുടെ കണക്കെടുപ്പ് പൂർത്തിയായിട്ടുണ്ടോ;

(സി) പ്രളയക്കെടുതിയിൽനിന്നും ഉന്നതവിദ്യാഭ്യാസമേഖലയെ കരകയറ്റുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനം നേരിട്ട മഹാപ്രളയം ഉന്നതവിദ്യാഭ്യാസവകുപ്പിന് കീഴിലുള്ള കോളേജുകളുടെ പ്രവർത്തനത്തെ സാരമായ രീതിയിൽ ബാധിക്കുകയുണ്ടായി. മൂന്നാർ, ഗവൺമെന്റ് കോളേജ് ക്ലാസ്സുകളോ മറ്റ് പ്രവർത്തനങ്ങളോ നടത്താൻ കഴിയാത്ത വിധം പൂർണ്ണമായും പ്രളയത്തിൽ തകരുകയുണ്ടായി. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുകീഴിൽ വരുന്ന കാവലം, ഹരിപ്പാട്, പാലാ, കടപ്ളാമറ്റം, അടിമാലി, സുൽത്താൻ ബത്തേരി തുടങ്ങിയ ടെക്നിക്കൽ ഹൈസ്കൂളുകളിലും കൊരട്ടി, കുന്നംകുളം, പെരിന്തൽമണ്ണ, മേപ്പാടി മുതലായ പോളിടെക്നിക്ക് കോളേജുകളിലും ഇടുക്കി, വയനാട്, കോട്ടയം, കണ്ണൂർ എന്നീ ജില്ലകളിലുള്ള ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളിലും പ്രളയത്തെ തുടർന്ന് മണ്ണിടിച്ചിലിലും വെള്ളപ്പൊക്കത്തിലും വസ്തുവകകൾക്ക് സാരമായ രീതിയിൽ നാശനഷ്ടങ്ങൾ സംഭവിക്കുകയുണ്ടായി. പല സ്ഥാപനങ്ങളിലെയും റോഡുകൾ ഒലിച്ചുപോവുകയും ചുറ്റുമതിൽ നിലം പതിക്കുകയും വിലപിടിപ്പുള്ള വൈദ്യുതി ഉപകരണങ്ങൾ നശിച്ചുപോവുകയും ചെയ്തിട്ടുണ്ട്. കൂടാതെ, കിഴക്കൻ മേഖലയിലെ വിവിധ കോളേജുകളുടെ കെട്ടിടങ്ങൾക്കും, റോഡുകൾക്കും നാശനഷ്ടം ഉണ്ടായി. ഐ.എച്ച്.ആർ.ഡി-യുടെ കീഴിലുള്ള വിവിധ സ്ഥാപനങ്ങൾക്ക് ധാരാളം നാശനഷ്ടങ്ങൾ ഉണ്ടായി. പ്രധാനമായും പുത്തൻവേലിക്കര കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, കപ്രാശ്ശേരി ടെക്നിക്കൽ ഹയർ സെക്കണ്ടറി

സ്കൂൾ എന്നിവിടങ്ങളിൽ കൂടുതൽ കഷ്ടനഷ്ടങ്ങൾ ഉണ്ടായി. എൻ.സി.സി. വകുപ്പിന് കീഴിലുള്ള 2 ബറ്റാലിയൻ ഓഫീസുകൾ, ചരിത്ര ഗവേഷണ കൗൺസിലിനുകീഴിലുള്ള പട്ടണം ക്യാമ്പ് മുതലായവയെ പ്രളയം സാരമായി ബാധിച്ചു.

പ്രളയത്തിൽ സി-ആപ്റ്റിന്റെ എറണാകുളം ഉപകേന്ദ്രം പൂർണ്ണമായും മുങ്ങിപ്പോവുകയുണ്ടായി. വിവിധ സ്കൂളുകളിൽ വിതരണത്തിനായി തയ്യാറാക്കി വച്ചിരുന്ന പ്ലസ് വൺ, പ്ലസ് ടു പാഠപുസ്തകങ്ങൾ, എസ്.എസ്.എ. ചോദ്യ പേപ്പറുകൾ മറ്റ് ചില പ്രിന്റഡ് മെറ്റീരിയൽസ് തുടങ്ങിയവ പൂർണ്ണമായും നശിച്ചുപോയി. കൂടാതെ, സെന്ററിലെ എല്ലാ അച്ചടി അനുബന്ധ മെഷിനറികൾ, ഫർണിച്ചറുകൾ, കമ്പ്യൂട്ടറുകൾ, അച്ചടിക്കുള്ള പേപ്പറുകൾ മറ്റ് അനുബന്ധ സാമഗ്രികൾ തുടങ്ങിയവ പൂർണ്ണമായും വെള്ളം കയറി ഉപയോഗശൂന്യമായി.

പ്രളയത്തെ തുടർന്ന് നിശ്ചിത സമയത്ത് നടത്തേണ്ടിയിരുന്ന പ്രവേശന പരീക്ഷകളും, അലോട്ട്മെന്റുകളും മാറ്റിവയ്ക്കേണ്ടിവന്നു. പല ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലും ധാരാളം ദിവസം അദ്ധ്യയനം നഷ്ടപ്പെടുകയുണ്ടായി.

(ബി) ഉണ്ട്. ഉന്നതവിദ്യാഭ്യാസമേഖലയിൽ ഏകദേശം 46,89,02,650 രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടായതായി വിലയിരുത്തിയിട്ടുണ്ട്.

(സി) പ്രളയപുനരധിവാസ പ്രവർത്തനങ്ങളിൽ ഉന്നതവിദ്യാഭ്യാസ മേഖലയിലെ സ്ഥാപനങ്ങൾ സജീവമായി പങ്കെടുക്കുകയുണ്ടായി. പ്രളയബാധിത മേഖലയിലെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ ദുരിതാശ്വാസ ക്യാമ്പുകളായി പ്രവർത്തിച്ചിരുന്നു. പ്രളയാനന്തര ദിവസങ്ങളിൽ ഉന്നതവിദ്യാഭ്യാസ വകുപ്പിലെ സ്ഥാപനങ്ങൾ ഓണാവധി പോലും റദ്ദാക്കി ശുചീകരണ പ്രവർത്തനങ്ങളിൽ പങ്കാളികളായി. ഭൂരിഭാഗം ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകുകയുണ്ടായി. എൻ.എസ്.എസ്. വോളണ്ടിയർമാരുടെ നേതൃത്വത്തിൽ മെഡിക്കൽ ക്യാമ്പുകൾ വിവിധ ബോധവൽക്കരണ പരിപാടികൾ പ്രതിരോധമരുന്ന വിതരണം എന്നിവ സംഘടിപ്പിക്കുകയുണ്ടായി. കൂടാതെ എൻ.എസ്.എസ്. വോളണ്ടിയർമാർ രൂപം കൊടുത്ത 'സ്നേഹാക്ഷരം' പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 30,000 വിദ്യാർത്ഥികൾക്ക് പഠന കിറ്റ് തയ്യാറാക്കി വിതരണം ചെയ്യുകയുണ്ടായി.

ഇടുക്കി സർക്കാർ എഞ്ചിനീയറിംഗ് കോളേജിലും പ്രളയത്തിന്റെ ഭാഗമായി ധാരാളം നാശനഷ്ടങ്ങൾ ഉണ്ടായി. ഇടുക്കി എഞ്ചിനീയറിംഗ് കോളേജിന്റെ പ്രൊഫസർ ക്വാർട്ടേഴ്സിന്റെ സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിനായി 700 ലക്ഷം രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. പെരിന്തൽമണ്ണ സർക്കാർ പോളി ടെക്നിക്കിന്റെ

പ്രളയത്തിൽ തകർന്ന ചുറ്റുമതിൽ നിർമ്മാണത്തിനായി 2,40,000 രൂപ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് അനുവദിച്ചിട്ടുണ്ട്. കൂടാതെ വയനാട് സർക്കാർ എഞ്ചിനീയറിംഗ് കോളേജിന്റെ സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ നടന്നുവരുന്നു.

പ്രളയത്തിൽ തകർന്ന മൂന്നാർ സർക്കാർ കോളേജിലെ വിദ്യാർത്ഥികളുടെ പഠനം മുടങ്ങാതിരിക്കാനായി മൂന്നാർ എഞ്ചിനീയറിംഗ് കോളേജിലെ വർക്ക്ഷോപ്പ് കെട്ടിടത്തിൽ താൽക്കാലികമായി ക്ലാസ്സുകൾ നടത്തുന്നതിനുള്ള സംവിധാനം ഒരുക്കിയിരുന്നു. പ്രസ്തുത കെട്ടിടത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി 20 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ, മൂന്നാർ എഞ്ചിനീയറിംഗ് കോളേജ് കോമ്പൗണ്ടിൽ മൂന്നാർ സർക്കാർ കോളേജിലെ വിദ്യാർത്ഥികൾക്ക് പഠനത്തിന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി 5.5 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങളും ഫർണിച്ചർ ഉൾപ്പെടെയുള്ള മറ്റ് ആവശ്യങ്ങൾക്കായി 3.57 കോടി രൂപയും അനുവദിച്ച് ഭരണാനുമതി നൽകിയിട്ടുണ്ട്. കേരള ബറ്റാലിയൻ എൻ.സി.സി. ചെങ്ങന്നൂർ ഓഫീസിലെ കമ്പ്യൂട്ടറിനും പ്രിന്ററിനും ഫർണിച്ചറുകൾക്കും ഉണ്ടായ നാശനഷ്ടങ്ങൾ നികത്തുന്നതിനായി 1,44,520 രൂപ അനുവദിച്ചിട്ടുണ്ട്.

സംസ്ഥാനത്തുണ്ടായ മഹാപ്രളയം വളരെ ദോഷകരമായി ബാധിച്ച സർവ്വകലാശാലയാണ് ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല. സർവ്വകലാശാല അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, അക്കാദമിക് ബ്ലോക്ക് വിദ്യാർത്ഥികളുടെ ഹോസ്റ്റലുകൾ എന്നിവ ഉൾപ്പെടെ 20-ഓളം കെട്ടിടങ്ങളുടെ താഴത്തെ നില വെള്ളത്തിൽ മുങ്ങുകയും സർവ്വകലാശാലയുടെ രേഖകളും ഇലക്ട്രിക് & ഇലക്ട്രോണിക് ഉപകരണങ്ങളും ഫയലുകളും, വിദ്യാർത്ഥികളുടെ പഠനോപകരണങ്ങളും വസ്ത്രങ്ങളും മറ്റും വ്യാപകമായ തോതിൽ നശിക്കുകയും കെട്ടിടങ്ങൾക്കും റോഡുകൾക്കും ചുറ്റുമതിലുകൾക്കും കേടുപാടുകൾ സംഭവിക്കുകയും, ശുദ്ധജല സ്രോതസ്സുകൾക്കും അവയുടെ വിതരണ ശൃംഖലകൾക്കും നാശനഷ്ടം സംഭവിക്കുകയും ചെയ്തു. പ്രളയജലം ഇറങ്ങി മാലിന്യങ്ങളും ചെളിയും നീക്കംചെയ്ത് ക്ലാസ്സുകൾ പുനരാരംഭിക്കുന്നതുവരെ ഏകദേശം രണ്ടാഴ്ചയോളം സാദ്ധ്യായ ദിവസങ്ങൾ നഷ്ടപ്പെടുകയും ചെയ്തു. സർവ്വകലാശാലയ്ക്ക് ഏകദേശം 7,33,63,274 രൂപയുടെ നാശനഷ്ടമുണ്ടായതായി കണക്കാക്കിയിട്ടുണ്ട്. പ്രളയംമൂലമുണ്ടായ കഷ്ടനഷ്ടങ്ങൾ പരിഹരിക്കുന്നതിനായി സർക്കാർ പ്ലാൻ ഫണ്ടിൽ നിന്നും അനുവദിച്ച 483 ലക്ഷം രൂപ വിനിയോഗിച്ച് പ്രളയംമൂലം സർവ്വകലാശാലയ്ക്കുണ്ടായ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## വിദ്യാർത്ഥികൾക്ക് മതവിശ്വാസം വെളിപ്പെടുത്താതിരിക്കുവാൻ അനുമതി

145 (3321) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മതവിശ്വാസം വ്യക്തമാക്കുവാൻ ആഗ്രഹിക്കാത്ത വിദ്യാർത്ഥികൾക്ക് ബിരുദ പ്രവേശന ഫോറത്തിൽ മതവിശ്വാസം വെളിപ്പെടുത്താതിരിക്കുവാൻ പശ്ചിമ ബംഗാളിലെ പല കോളേജുകളിലും അവസരം നൽകിയെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്തും ഈ മാതൃക നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കേരള സർവ്വകലാശാലയുടെ കീഴിലുള്ള ആർട്സ് ആന്റ് സയൻസ് കോളേജുകളിലേക്ക് ബിരുദ-ബിരുദാനന്തര പ്രവേശനത്തിന് അപേക്ഷിക്കുന്ന വിദ്യാർത്ഥികൾക്ക് തങ്ങളുടെ മതവിശ്വാസം വ്യക്തമാക്കുവാൻ താൽപ്പര്യമില്ലെങ്കിൽ 'ജനറൽ' എന്ന വിഭാഗത്തിലും ജാതി വിഭാഗത്തിൽ 'not applicable' എന്നും രേഖപ്പെടുത്തുവാനുള്ള അവസരം ഒരുക്കിയിട്ടുണ്ട്.

## ഉന്നതവിദ്യാഭ്യാസരംഗത്ത് മലയാളഭാഷയ്ക്ക് പരിഗണന

146 (3322) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ-എയ്ഡഡ് മേഖലയിലുള്ള കോളേജുകളിൽ ബിരുദ-ബിരുദാനന്തര പഠനത്തിനും ഗവേഷണത്തിനും മലയാളം കോഴ്സുകൾ പരിമിതമാണെന്നുള്ളത് സർക്കാർ ശ്രദ്ധിച്ചിട്ടുണ്ടോ;

(ബി) ബിരുദ-ബിരുദാനന്തര പഠനത്തിന് പുതിയ കോഴ്സുകൾ അനുവദിക്കുമ്പോൾ മലയാളഭാഷാപഠനത്തിന് അർഹമായ പരിഗണന നൽകുമോ; കൂടാതെ പ്രസ്തുത മേഖലകളിലുള്ള കോളേജുകളിൽ മലയാളം കോഴ്സുകൾ അനുവദിക്കുന്നതിനും ആയതിനാവശ്യമായ അദ്ധ്യാപകനിയമനം നടത്തുന്നതിനും സർക്കാർ സ്വീകരിച്ചുവരുന്ന നടപടികളെ സംബന്ധിച്ച് വിശദമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലയാള ഭാഷാപഠനത്തിന് എത്ര കോഴ്സുകൾ പുതുതായി ആരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്നും മലയാളം കോഴ്സുകളിൽ എത്ര അദ്ധ്യാപകനിയമനം നടത്തുവാൻ കഴിഞ്ഞിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) സർക്കാർ മേഖലയിലുള്ള 23 കോളേജുകളിൽ ബി.എ മലയാളവും, 11 കോളേജുകളിൽ എം.എ. മലയാളം കോഴ്സും നിലവിലുണ്ട്; എയ്ഡഡ് മേഖലയിൽ 26 കോളേജുകളിൽ മലയാളം കോഴ്സുകൾ നിലവിലുണ്ട്.

(ബി) മലയാളം കോഴ്സുകൾ അനുവദിക്കുന്നതിനും അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നതിനും കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസലുകൾ സർക്കാർ പരിശോധിച്ചുവരുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചാലക്കുടി ഗവൺമെന്റ് കോളേജ്, നെടുമങ്ങാട് ഗവൺമെന്റ് കോളേജ്, ഗവൺമെന്റ് വിക്ടോറിയ കോളേജ് പാലക്കാട് എന്നീ സർക്കാർ കോളേജുകളിൽ എം.എ. മലയാളവും നിലമ്പൂർ ഗവൺമെന്റ് കോളേജിൽ ബി.എ. മലയാളവും അനുവദിച്ചിട്ടുണ്ട്. 20 അദ്ധ്യാപക നിയമനങ്ങൾ നടത്തിയിട്ടുണ്ട്.

**ഉന്നതവിദ്യാഭ്യാസരംഗത്തെ പാഠ്യപദ്ധതി സജ്ജമാക്കാൻ നടപടി**

147 (3323) പ്രൊഫ. കെ. യു. അരുണൻ:

ശ്രീ. എ. എൻ. ഷംസീർ:

ശ്രീ. എം. രാജഗോപാലൻ:

ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രതിലോമശക്തികളുടെ നുഴഞ്ഞുകയറ്റം ചെറുത്ത് മതേതരസമത്വ സമൂഹം സൃഷ്ടിക്കുന്നതിനുതകുന്ന വിജ്ഞാനോല്പാദനം സാധ്യമാകുന്ന തരത്തിൽ ഉന്നത വിദ്യാഭ്യാസരംഗത്തെ പാഠ്യപദ്ധതി സജ്ജമാക്കാൻ പരിപാടിയുണ്ടോ;

(ബി) വിദ്യാർത്ഥികളിൽ വിജ്ഞാനോത്സുകതയും ഗവേഷണതാല്പര്യവും വളർത്തുന്നതിനുള്ള പരിപാടിയുടെ വിശദാംശം അറിയിക്കാമോ;

(സി) ലോകപ്രശസ്ത ശാസ്ത്രജ്ഞരുമായി സമ്പർക്കം സൃഷ്ടിക്കാനുദ്ദേശിച്ചുകൊണ്ടുള്ള എറുഡൈറ്റ് പദ്ധതി, മെന്ററിംഗ് പ്രോഗ്രാമായ വാക് വിത് ദ സ്കോളർ തുടങ്ങിയവ ഫലപ്രദമായി പ്രാവർത്തികമാക്കാൻ നടത്തുന്ന പ്രവർത്തനം എന്താണെന്ന് അറിയിക്കാമോ?

## ഉത്തരം

(എ) മതേതരത്വം, സാംസ്കാരികത, പുരോഗമനോന്മുഖമായി വിജ്ഞാനോല്പാദനം എന്നിവ സാധ്യമാകുംവിധമാണ് സർവ്വകലാശാലകളിൽ പാഠ്യപദ്ധതികൾ സജ്ജമാക്കിയിട്ടുള്ളത്.

(ബി) വിദ്യാർത്ഥികളിൽ വിജ്ഞാനോത്സുകത വളർത്തുന്നതിനായി സർവ്വകലാശാലകളുടെ ആഭിമുഖ്യത്തിൽ സെമിനാറുകൾ, ശില്പശാലകൾ, വിവിധ കോഴ്സുകൾ തുടങ്ങിയവ നടത്താറുണ്ട്. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ സ്കൂൾതല വിദ്യാർത്ഥികളിൽ വിജ്ഞാനോത്സുകതയും ഗവേഷണ താല്പര്യവും വളർത്തുന്നതിന്റെ ഭഗമായി Centre for Science in Society (C-SIS) എന്ന സ്ഥാപനം നിലവിലുണ്ട്. C-SIS-ൽ എല്ലാ മദ്ധ്യവേനലവധിക്കാലത്തും ശാസ്ത്രപരിചയം നൽകുന്നതിനുവേണ്ടിയുള്ള Short term programmes വിജയകരമായി നടത്തുന്നുണ്ട്. പി.ജി. തലത്തിൽ CBCS (Choice Based Credit System) ഗവേഷണ താൽപ്പര്യം വളർത്താൻ ഉതകുന്ന തരത്തിൽ പ്രത്യേകം വിഭാവനം ചെയ്തിട്ടുണ്ട്. കണ്ണൂർ സർവ്വകലാശാലയിൽ ഗവേഷണത്തിന് കൂടുതൽ വിദ്യാർത്ഥികളെ ഉൾപ്പെടുത്തുന്നതിനായി എല്ലാവർഷവും പി.എച്ച്.ഡി. എൻട്രൻസ് ടെസ്റ്റ് നടത്തുന്നുണ്ട്. നെറ്റ് പരീക്ഷ പാസ്സായവരെയും യു.ജി.സി., കെ.എസ്.സി.എസ്.ടി.ഇ. പോലുള്ള ഏജൻസികളിൽ നിന്നുള്ള സ്കോളർഷിപ്പ് ഉള്ളവരെ ടെസ്റ്റിൽനിന്നും ഒഴിവാക്കുകയും എൻട്രൻസ് ടെസ്റ്റ് ബാധകമായവരിൽ ടെസ്റ്റ് വിജയിച്ച് ഗവേഷണത്തിനായി അർഹരായ വിദ്യാർത്ഥികളിൽ മറ്റൊരു വിധത്തിലുള്ള സാമ്പത്തിക സഹായം ലഭിക്കാത്തവർക്ക് പ്രതിമാസം 10,000 രൂപ (പതിനായിരം രൂപ) യൂണിവേഴ്സിറ്റി ഫെലോഷിപ്പായും നൽകിവരുന്നുണ്ട്.

(സി) ഇന്ത്യയിലും വിദേശത്തുമുള്ള അക്കാദമിക് തലത്തിൽ പ്രാവീണ്യം പുലർത്തുന്ന വ്യക്തികളുമായി സംവദിക്കാൻ, സർവ്വകലശാലകളിലും കോളേജുകളിലും വിദ്യാർത്ഥികൾക്ക് അവസരമൊരുക്കുന്ന കേരള സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ കൗൺസിലിന്റെ പദ്ധതിയാണ് 'എറുഡൈറ്റ് പദ്ധതി'. എറുഡൈറ്റ് പദ്ധതിയുടെ ഭാഗമായി, സർവ്വകലാശാല സന്ദർശിക്കുന്ന എറുഡൈറ്റ് സ്കോളർ വിദ്യാർത്ഥികളുമായി സംവദിക്കുകയും അതാത് വിഷയങ്ങളിൽ പ്രഭാഷണം നടത്തുകയും ചെയ്യുന്നു. ഇതിനോടനുബന്ധിച്ച് വർക്ക്ഷോപ്പുകളും സംഘടിപ്പിക്കാറുണ്ട്. അതോടൊപ്പം വിദേശ സർവ്വകലാശാലകളുമായി സഹകരിച്ചുകൊണ്ടുള്ള ഗവേഷണ പ്രവർത്തനങ്ങളും സർവ്വകലാശാലകളിൽ ആവിഷ്കരിക്കുന്നുണ്ട്. 2009-10-ൽ ആരംഭിച്ച ഈ പദ്ധതിയിൻകീഴിൽ ഇതുവരെ 300-ഓളം പണ്ഡിതരെ സംസ്ഥാനത്തെ കോളേജുകളിലും സർവ്വകലാശാലകളിലുമായി എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. വിദേശ

സർവ്വകലാശാലകളിലും ഗവേഷണ സ്ഥാപനങ്ങളിലും പ്രവർത്തിക്കുന്ന ഇന്ത്യൻ വംശജരായ പ്രമുഖ പണ്ഡിതരെ സംസ്ഥാനത്തെ കോളേജുകളിലും സർവ്വകലാശാലകളിലും എത്തിക്കുക എന്ന ആശയം - (ബ്രെയിൻ ഗെയിൻ), എറുഡൈറ്റ് പദ്ധതിയുമായി സംയോജിപ്പിച്ച് നടപ്പിലാക്കിവരുന്നു. കഴിഞ്ഞ മൂന്ന് വർഷങ്ങൾക്കുള്ളിൽ രണ്ട് നോബൽ സമ്മാന ജേതാക്കൾ അടക്കമുള്ള പണ്ഡിതരെ എറുഡൈറ്റ് പദ്ധതിയിൻകീഴിൽ സംസ്ഥാനത്ത് എത്തിച്ചിട്ടുണ്ട്. മെന്ററിംഗ് പ്രോഗ്രാമായ 'വാക് വിത്ത് എ സ്കോളർ' പദ്ധതിയുടെ ഫലപ്രദമായ നടത്തിപ്പിനും ഏകോപനത്തിനുമായി കോളേജ്, ജില്ല, സംസ്ഥാനം എന്നീ തലങ്ങളിൽ കോ-ഓർഡിനേറ്റർമാരെ നിയമിച്ചിട്ടുണ്ട്. കോ-ഓർഡിനേറ്റർമാർക്കായി ORIENTATION PROGRAMME നടത്തുന്നുണ്ട്. ടി പദ്ധതിമൂലം ഉണ്ടാകുന്ന നേട്ടങ്ങൾ വിലയിരുത്തുന്നത് തിരുവനന്തപുരം സർക്കാർ വനിതാ കോളേജ് സൈക്കോളജി വിഭാഗമാണ്. ടി പദ്ധതിയുടെ ഭാഗമായി കുട്ടികൾക്കായി Internal Mentoring, External Mentoring, Motivation Tour, Signature Pedagogy എന്നിവ നടത്താറുണ്ട്.

**അടിസ്ഥാനസൗകര്യങ്ങളില്ലാത്ത കോളേജുകൾ**

148 (3324) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ ഭരണം തീരുന്ന കാലത്ത് ആരംഭിച്ച പല കോളേജുകളും യാതൊരു അടിസ്ഥാന സൗകര്യങ്ങളുമില്ലാതെ വാടകക്കെട്ടിടങ്ങളിലും മറ്റും പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പുതുതായി ആരംഭിച്ച കോളേജുകൾക്ക് സ്ഥലം കണ്ടെത്തി അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(സി) മേൽ സൂചിപ്പിച്ച പ്രകാരം ആരംഭിച്ചിട്ടുള്ള കോളേജുകൾക്ക് സ്ഥലം ഉൾപ്പെടെയുള്ളവ കണ്ടെത്തി എത്രയും വേഗം കെട്ടിടവും മറ്റ് അടിസ്ഥാനസൗകര്യവും ഒരുക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) പുതുതായി ആരംഭിച്ചിട്ടുള്ള കോളേജുകളിൽ സ്ഥലം ലഭ്യമായ എല്ലാ കോളേജുകളിലും അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്ന നടപടി പുരോഗമിച്ചുവരുന്നു. സർക്കാർ ഭൂമി ലഭ്യമല്ലാത്ത കോളേജുകൾക്ക് സ്വകാര്യ വ്യക്തികളുടെ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## കോട്ടയം സയൻസ് സിറ്റിയിലെ പ്ലാനറ്റോറിയം

149(3325) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന്റെ കീഴിലുള്ള കോട്ടയം സയൻസ് സിറ്റിയിലെ പ്ലാനറ്റോറിയം കെട്ടിടത്തിന്റെ മൈക്രോ കോൺക്രീറ്റിംഗിന്റെ കരാർ നൽകി വർഷങ്ങൾ കഴിഞ്ഞിട്ടും പ്രവൃത്തി ആരംഭിച്ചിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) മൈക്രോ കോൺക്രീറ്റിംഗിന് പകരം സംവിധാനത്തെപ്പറ്റി പഠിക്കുന്നതിന് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ കമ്മിറ്റി അംഗങ്ങൾ ആരെല്ലാം എന്ന് വ്യക്തമാക്കുമോ; കമ്മിറ്റി നടത്തുന്ന പഠനവുമായി ബന്ധപ്പെട്ട് എന്തെല്ലാം ചെലവുകളാണുണ്ടായത് എന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) ഉണ്ട്. കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന്റെ കീഴിലുള്ള കോട്ടയം സയൻസ് സിറ്റിയിലെ സ്പെയ്സ് തിയേറ്റർ നിർമ്മാണത്തിന്റെ ഭാഗമായാണ് മൈക്രോ കോൺക്രീറ്റിംഗ് പണി വിഭാവനം ചെയ്തിട്ടുള്ളത്. ഇതിലേക്കായി ഈ സ്ഥാപനത്തിൽ നിന്നും നൽകിയ Drawings-ഉം Specification-ഉം പ്രകാരം പണി നടത്തുവാൻ ഉള്ള സിവിൽ കോൺട്രാക്ടറുടെ സാങ്കേതിക പരിമിതികൊണ്ടാണ് പണി സമയബന്ധിതമായി തുടങ്ങാൻ സാധിക്കാത്തത്. ഈ പ്രോജക്ടുകൾ നിയന്ത്രിക്കുന്നതും തുടർനടപടികൾ സ്വീകരിക്കേണ്ടതും പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയായ (പി.എം.സി.) Central Government Company HLL Infra Tech Service Limited ആണ്. ഇതിനെ സംബന്ധിച്ച് എച്ച്.എൽ.എൽ. മറ്റൊരു നിർദ്ദേശം നൽകിയിട്ടുണ്ട്. അത് പരിശോധനയിലാണ്. മൈക്രോ കോൺക്രീറ്റിംഗിന് പകരം സംവിധാനത്തെ പറ്റി പഠിക്കുന്നതിന് കമ്മിറ്റി രൂപീകരിച്ചിട്ടില്ല.

## മലയാളം കോളേജ് ലക്ചറർ തസ്തിക

150 (3326) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള മലയാളം ലക്ചറർ റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ട് എന്ന് അറിയിക്കുമോ;

(ബി) സംസ്ഥാനത്തെ കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് മലയാളം കോഴ്സുകൾ അനുവദിക്കണ മെന്നാവശ്യപ്പെട്ട് എത്ര പ്രൊപ്പോസലുകൾ കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ എത്തിയിട്ടുണ്ട് എന്ന് അറിയിക്കുമോ;

(സി) ശ്രേഷ്ഠഭാഷയായ മലയാളം പരിപോഷിപ്പിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

<u>ഉത്തരം</u>

(എ) നിലവിലുള്ള മലയാളം ലക്ചറർ റാങ്ക് ലിസ്റ്റിൽനിന്നും 20 നിയമനങ്ങൾ നടത്തിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് മലയാളം കോഴ്സുകൾ ആരംഭിക്കുന്നതിനായി 11 പി.ജി. കോഴ്സുകൾക്കും 13 യു.ജി. കോഴ്സുകൾക്കും 4 എം.എഫിൽ കോഴ്സുകൾക്കുമായുള്ള പ്രൊപ്പോസലുകൾ കോളേജ് വിദ്യാഭ്യാസ വകുപ്പിൽ ലഭ്യമായിട്ടുണ്ട്.

(സി) ശ്രേഷ്ഠഭാഷയായ മലയാളം പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി മലയാള ഭാഷാപഠനത്തിന് 2019-ൽ സംസ്ഥാനത്തെ ആർട്സ് & സയൻസ് കോളേജുകളിൽ മലയാളം വിഭാഗത്തിന് 8 പുതിയ അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ ആർട്സ് & സയൻസ് കോളേജുകളിൽ മലയാള വിഭാഗത്തിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ സർക്കാർ പരിഗണനയിലാണ്.

മലയാളം ശ്രേഷ്ഠഭാഷയായി അംഗീകരിക്കപ്പെട്ട സാഹചര്യത്തിൽ മലയാളം പരിപോഷിപ്പിക്കുന്നതിന് തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാലയുടെ നേതൃത്വത്തിൽ നിരവധി പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. ഭാഷാശാസ്ത്രം, സാഹിത്യപഠനം, സാഹിത്യരചന, സാംസ്കാരിക പൈതൃകം, മാധ്യമ പഠനം, ചലച്ചിത്ര പഠനം, തദ്ദേശവികസന പഠനം, സാമൂഹ്യശാസ്ത്രം, ചരിത്രം, പരിസ്ഥിതിശാസ്ത്രം എന്നിവയിൽ എം.ഫിൽ, പി.എച്ച്.ഡി. കോഴ്സുകൾ ആരംഭിച്ചു. എം.എച്ച്.ആർ.ഡി.-യുടെ ആഭിമുഖ്യത്തിൽ ഒരു മികവ് കേന്ദ്രം സ്ഥാപിക്കുന്നതിന് മലയാള സർവ്വകലാശാലയെ നിർദ്ദേശിച്ചു. ജർമ്മനിയിലെ ട്യൂബിംഗർ സർവ്വകലാശാലയിൽ ഗുണ്ടർട്ട് ചെയർ സ്ഥാപിച്ചു. തഞ്ചാവൂരിലെ തമിഴ്

സർവ്വകലാശാലയിൽ മലയാളം ചെയർ സ്ഥാപിക്കാൻ പ്രാരംഭ നടപടികളായി. ഇംഗ്ലീഷിലും മറ്റ് ഭാരതീയ ഭാഷകളിലുമുള്ള വൈജ്ഞാനിക കൃതികൾ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്താനുള്ള പ്രാരംഭ നടപടികളായി. മലയാളത്തിലെ ക്ലാസിക്കൽ കൃതികൾ പുനരവതരിപ്പിക്കാനും ചിലത് ഇഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്താനും സാധ്യമായി. മോയിൻകുട്ടി വൈദ്യർ സ്മാരകവുമായി ബന്ധപ്പെട്ട് അറബി-മലയാളം വിജ്ഞാനകോശം നിർമ്മിക്കാൻ തീരുമാനിച്ചു. സമഗ്രഭാഷാ ഓൺലൈൻ നിഘണ്ടു തയ്യാറായിവരുന്നു. ലക്ഷദ്വീപ് മലയാളം, ആദിവാസി ഭാഷകൾ, അവികസിത ദ്രാവിഡ ഭാഷകൾ എന്നിവയെക്കുറിച്ച് പഠിക്കാൻ കർമ്മ പദ്ധതി പരിഗണനയിലാണ്.

## മലപ്പുറം വനിതാ കോളേജിൽ തസ്തിക സൃഷ്ടിക്കാൻ നടപടി

151 (3327) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ഗവ. വനിതാ കോളേജിൽ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്ന നടപടികൾ ഇപ്പോൾ ഏതുഘട്ടത്തിലാണ് എന്നറിയിക്കാമോ;

(ബി) കോളേജിൽ സൂപ്രണ്ട് ഉൾപ്പെടെ ഓഫീസ് ജീവനക്കാരുടെ ഒരു തസ്തിക പോലുമില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ആവശ്യമായ ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) 2015-16 വർഷം പ്രവർത്തനം ആരംഭിച്ച മലപ്പുറം സർക്കാർ വനിതാ കോളേജിൽ വിവിധ സർക്കാർ ഉത്തരവുകൾ പ്രകാരം പ്രിൻസിപ്പാൾ, ഇംഗ്ലീഷ് - 4, കെമിസ്ട്രി-3, ബോട്ടണി-3, ഇസ്ലാമിക് ഹിസ്റ്ററി - 2 എന്നീ തസ്തികകൾ സൃഷ്ടിച്ചിരുന്നു. ടി കോളേജിൽ ഒരു സീനിയർ സൂപ്രണ്ടിന്റെയും ഒരു എൽ.ഡി. ക്ലാർക്കിന്റെയും തസ്തിക സൃഷ്ടിക്കുന്നതിന് സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ സ്വീപ്പർ, സാനിട്ടേഷൻ വർക്കർ, നൈറ്റ് വാച്ച്മാൻ എന്നീ തസ്തികകളിലേക്ക് കുടുംബശ്രീ മുഖാന്തരം താൽക്കാലിക ജീവനക്കാരെ നിയമിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്.

## ആർ.എൽ.വി. കോളേജ് ഓഫ് മ്യൂസിക് ആന്റ് ഫൈൻ ആർട്സിലെ അനദ്ധ്യാപക തസ്തികകൾ

152 (3328) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ ആർ.എൽ.വി. കോളേജ് ഓഫ് മ്യൂസിക് ആന്റ് ഫൈൻ ആർട്സിലെ അനദ്ധ്യാപക തസ്തികകളിലെ ജീവനക്കാരുടെ ദൗർലഭ്യം കാരണം സംജാതമാകുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവിടെ നിലവിൽ എത്ര വിദ്യാർത്ഥികളാണുള്ളതെന്ന് അറിയിക്കുമോ;

(സി) ഇവർക്ക് ആവശ്യമായ സേവനങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിന് സഹായകരമാവും വിധം കൂടുതൽ അനദ്ധ്യാപക ജീവനക്കാരെ ആവശ്യാനുസരണം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ ആർ.എൽ.വി. കോളേജ് ഓഫ് മ്യൂസിക് ആന്റ് ഫൈൻ ആർട്സിൽ 555 വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്.

(സി) തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജ് ഓഫ് മ്യൂസിക് & ഫൈൻ ആർട്സിലെ ദൈനംദിന പ്രവർത്തനങ്ങൾ തടസ്സം കൂടാതെ നടത്തുന്നതിനായി കോളേജ് വിദ്യാഭ്യാസ വകുപ്പ് ആസ്ഥാന കാര്യാലയത്തിൽ നിന്ന് സീനിയർ ക്ലാർക്ക് ശ്രീ. ജിബി. എം. ജോർജിനെ സേവനക്രമീകരണ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. ടി കോളേജിൽ നിലവിലുള്ള അനദ്ധ്യാപക തസ്തികകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| | |
|---|---|
| സീനിയർ സൂപ്രണ്ട് | 1 |
| ക്ലാർക്ക് | 2 |
| അറ്റൻഡർ | 3 |
| ഓഫീസ് അറ്റൻഡന്റ് | 4 |
| പാർട്ട് - ടൈം സ്വീപ്പർ | 2 |
| പാർട്ട് - ടൈം സാനിട്ടേഷൻ വർക്കർ | 2 |
| പാർട്ട് - ടൈം നൈറ്റ് വാച്ച്മാൻ | 2 |
| ടൈപ്പിസ്റ്റ് | 1 |

ഇതിനുപുറമേ കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള കോളേജുകളിൽ സ്വീപ്പർ, സാനിട്ടേഷൻ വർക്കർ, കുക്ക്, ഹൗസ് കീപ്പിംഗ്, സെക്യൂരിറ്റി ജീവനക്കാരെ കുടുംബശ്രീ മുഖാന്തരം നിയമിക്കുന്നതിനും സർക്കാർ ഉത്തരവായിട്ടുണ്ട്. മറ്റ് അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

## ഉന്നത വിദ്യാഭ്യാസ വകുപ്പിലെ ഒഴിവുകൾ

153 (3329) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ വകുപ്പിൽ കോളേജ് അദ്ധ്യാപകരുടെ നിലവിലുള്ള ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുള്ളതിന്റെ വിശദാംശങ്ങൾ വിഷയം തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വകുപ്പിൽ മലയാളം വിഷയത്തിൽ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ എത്ര പേരെ ഈ ലിസ്റ്റിൽ നിന്നും ജോലിയിൽ പ്രവേശിപ്പിച്ചിട്ടുണ്ട്;

(സി) മലയാള അദ്ധ്യാപക തസ്തികകളിലേക്ക് പുതുതായി പ്രൊപ്പോസൽ വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത വിഷയത്തിന്മേൽ സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) കോളേജ് വിദ്യാഭ്യാസ വകുപ്പിൽനിന്നും വിവിധ വിഷയങ്ങളിലായി 213 അദ്ധ്യാപക ഒഴിവുകൾ കേരള പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വിശദമായ പട്ടിക അനുബന്ധമായി* ഉൾപ്പെടുത്തുന്നു.

(ബി) ഉണ്ട്. പ്രസ്തുത ലിസ്റ്റിൽനിന്നും 20 പേരെ ജോലിയിൽ പ്രവേശിപ്പിച്ചിട്ടുണ്ട്.

(സി) ഇല്ല; കോളേജ് വിദ്യാഭ്യാസ വകുപ്പിൽനിന്നും പ്രൊപ്പോസലുകൾ ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മ്യൂസിക് ആന്റ് ഫൈൻ ആർട്സ് കോളേജുകളിലെ അദ്ധ്യാപക തസ്തികകൾ

154 (3330) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മ്യൂസിക് ആന്റ് ഫൈൻ ആർട്സ് കോളേജുകളിൽ അദ്ധ്യാപക തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ടോ; ഇവയുടെ വിശദാംശം അറിയിക്കുമോ;

(ബി) ഇവ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും നിലനിൽക്കുന്ന റാങ്ക് ലിസ്റ്റുകളിൽനിന്ന് നിയമനം നടത്തുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ മ്യൂസിക് ആന്റ് ഫൈൻ ആർട്സ് കോളേജുകളിൽ അദ്ധ്യാപക തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. ലക്ചറർ ഇൻ വീണ

ഒഴിവ് റിപ്പോർട്ട് ചെയ്തത് - 8

നിയമനം നടന്നത് - 6

അഡ്വൈസ് ലഭിക്കേണ്ടത് - 2 (മുസ്ലീം -1, ലാറ്റിൻ -1)

2. ലക്ചറർ ഇൻ വയലിൻ

ഒഴിവ് റിപ്പോർട്ട് ചെയ്തത് - 6

നിയമനം നടന്നത് - 4

അഡ്വൈസ് ലഭിക്കേണ്ടത് - 2 (1 DA Blind, 1 മുസ്ലീം)

3. ലക്ചറർ ഇൻ മൃദംഗം

ഒഴിവ് റിപ്പോർട്ട് ചെയ്തത് - 4

നിയമനം നടന്നത് - 2

അഡ്വൈസ് ലഭിക്കേണ്ടത് - 2 (1 DA Low vision, 1 മുസ്ലീം)

മേൽപ്പറഞ്ഞ സംവരണ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ റാങ്ക് പട്ടികയിൽ ഇല്ലാത്തതിനാൽ പി.എസ്.സി. പ്രത്യേക പരീക്ഷ നടത്തുന്നതിനായി മാറ്റി വച്ചിട്ടുണ്ട്.

(ബി) എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സംവരണ വിഭാഗത്തിലെ ഉദ്യോഗാർത്ഥികളെ അഡ്വൈസ് ചെയ്യുന്ന മുറയ്ക്ക് ഒഴിവുള്ള കോളേജുകളിൽ നിയമനം നടത്തുന്നതാണ്.

## ട്രെയിനിംഗ് കോളേജുകളിലെ ലക്ചറർ നിയമനത്തിനുള്ള സ്പെഷ്യൽ റൂൾസ്

155(3331) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോളേജിയേറ്റ് എഡ്യൂക്കേഷൻ വകുപ്പിന് കീഴിലുള്ള ട്രെയിനിംഗ് കോളേജുകളിലെ ലക്ചറർ നിയമനത്തിനുള്ള സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്ത് ഉത്തരവിറങ്ങുന്നതിന് ഇനി എന്തെല്ലാം നടപടിക്രമങ്ങളാണുള്ളതെന്നും ആയത് എന്നത്തേയ്ക്ക് പൂർത്തിയാകുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ട്രെയിനിംഗ് കോളേജുകൾ ഉൾപ്പെടെയുള്ള കോളേജുകളിലെ സ്പെഷ്യൽ റൂൾ രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയിരുന്നു. 30-5-2019-ൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ചർച്ചയിൽ പ്രസ്തുത സ്പെഷ്യൽ റൂളിൽ ചില ഭേദഗതികൾ വരുത്തി പുനർസമർപ്പിക്കുന്നതിന് തീരുമാനമായതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഭേദഗതികൾ കൂടി ഉൾപ്പെടുത്തി പുനർസമർപ്പിക്കാൻ കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. ടി പ്രൊപ്പോസൽ ലഭ്യമായാലുടൻ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ 19-7-2010-ലെ 11884/07/P&ARD തീയതി നമ്പർ സർക്കുലറിൽ (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു*) പരാമർശിക്കുന്ന നടപടിക്രമങ്ങൾ പ്രകാരം സ്പെഷ്യൽ റൂൾ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ലൈബ്രേറിയൻ ഗ്രേഡ് -3

156(3332) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 മാർച്ച് 18-ന് നിലവിൽ വന്ന ലൈബ്രേറിയൻ ഗ്രേഡ് 3 റാങ്ക് ലിസ്റ്റിൽ നിന്ന് സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിൽ എത്ര പേർക്ക് നിയമനം നൽകിയെന്ന് വ്യക്തമാക്കുമോ;

(ബി സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിൽ ലൈബ്രേറിയൻ ഗ്രേഡ് 3 തസ്തികയുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ; പ്രസ്തുത ഒഴിവിൽ നിയമനം നടത്തുന്നതിന് കാലതാമസം നേരിടുന്നതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) ഗ്രേഡ് 4 -ൽ നിന്ന് ഗ്രേഡ് 3-യിലേക്ക് ഉള്ള റേഷ്യോ പ്രൊമോഷൻ എത്രയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രസ്തുത ലിസ്റ്റിൽനിന്നും നാളിതുവരെ സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിൽ ആരെയും നിയമിച്ചിട്ടില്ല.

(ബി) ഭിന്നശേഷിക്കാർക്ക് നീക്കിവെച്ചിരിക്കുന്ന ഒരു ഒഴിവ് നിലവിലുണ്ട്. ടി റാങ്ക് ലിസ്റ്റിൽ ഈ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ ലഭ്യമല്ലാത്തതു കൊണ്ടാണ് നിയമനം വൈകുന്നത്.

(സി) ഗ്രേഡ്-IV -ൽ നിന്നും ഗ്രേഡ്- III-ലേയ്ക്ക് 1: 1 എന്ന റേഷ്യോയിലാണ് പ്രൊമോഷൻ അനുവദിക്കുന്നത്.

## യൂണിവേഴ്സിറ്റി അസിസ്റ്റന്റ്, കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് II തസ്തിക നിയമനം

157 (3333) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യൂണിവേഴ്സിറ്റി അസിസ്റ്റന്റ്, കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് II എന്നീ തസ്തികകളിലേക്ക് കേരളത്തിലെ വിവിധ സർവ്വകലാശാലകൾ പി. എസ്. സി. മുഖേന എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്; പ്രസ്തുത റാങ്ക് ലിസ്റ്റുകളുടെ കാലാവധി എപ്പോൾ അവസാനിക്കും;

(ബി) ഏതൊക്കെ യൂണിവേഴ്സിറ്റികളിലാണ് മേൽപ്പറഞ്ഞ തസ്തികകളിൽ കൂടുതൽ തസ്തിക അനുവദിക്കണമെന്നാവശ്യപ്പെട്ട് അപേക്ഷ നൽകിയിട്ടുള്ളത് ;

(സി) പ്രസ്തുത അപേക്ഷകളിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കേരളത്തിലെ വിവിധ സർവ്വകലാശാലകളിലേക്ക് അസിസ്റ്റന്റ് തസ്തികയിലേക്ക് ഇതുവരെ 1315-ഉം കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിലേക്ക് 356 ഉദ്യോഗാർത്ഥികൾക്കും നിയമനം നൽകിയിട്ടുണ്ട്. കൂടുതൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുമുണ്ട്. അസിസ്റ്റന്റ് തസ്തികയുടെ റാങ്ക് പട്ടികയുടെ കാലാവധി 9-8-2019 വരെയും കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയുടെ റാങ്ക് പട്ടികയുടെ കാലാവധി 2-10-2019 വരെയുമാണ്.

(ബി & സി) കേരള സർവ്വകലാശാലയും ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയും കൂടുതൽ തസ്തിക അനുവദിക്കണമെന്നാവശ്യപ്പെട്ട് സർക്കാരിൽ അപേക്ഷകൾ നൽകിയിട്ടുണ്ട്. പ്രസ്തുത അപേക്ഷകൾ സർക്കാർ പരിശോധിച്ചു വരുന്നു.

## ഇ.കെ. നായനാർ മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽ പുതിയ കോഴ്സുകൾ അനുവദിക്കാൻ നടപടി

158 (3334) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ മണ്ഡലത്തിലെ എളേരിൽ പ്രവർത്തിക്കുന്ന ഇ.കെ. നായനാർ മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽ ഈ വർഷം പുതിയ കോഴ്സുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ബി) ഗ്രാജ്വേറ്റ്, പോസ്റ്റ് ഗ്രാജ്വേറ്റ് കോഴ്സുകൾക്കായി യൂണിവേഴ്സിറ്റിയുടെയും കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെയും ശിപാർശകൾ ഉണ്ടായിട്ടും കോഴ്സ് അനുവദിക്കുവാൻ ഇനിയും എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) ഇ. കെ. നായനാർ മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

## ഡോ. ബി. ആർ. അംബേദ്കർ മെമ്മോറിയൽ ആർട്സ് & സയൻസ് കോളേജിൽ പുതിയ കോഴ്സുകൾ

159 (3335) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതൊക്കെ കോളേജുകളിലാണ് ഈ വർഷം പുതിയ കോഴ്സുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ;

(ബി) കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുമ്പോൾ ഏതൊക്കെ മാനദണ്ഡങ്ങളാണ് പരിഗണിക്കുന്നത് എന്നറിയിക്കാമോ;

(സി) ബാലുശ്ശേരിയിലെ ഡോ. ബി. ആർ. അംബേദ്കർ മെമ്മോറിയൽ ആർട്സ് &സയൻസ് കോളേജിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ അപേക്ഷയിൽ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ) പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

(ബി) ഓരോ കോളേജിന്റെയും ആവശ്യകതയും അടിസ്ഥാന സൗകര്യങ്ങളുടെയും അടിസ്ഥാനത്തിൽ വർക്ക് ലോഡ് സ്റ്റേറ്റ്മെന്റ്, ടൈം ടേബിൾ, ആവശ്യമായ തസ്തികകളുടെ എണ്ണം, സാമ്പത്തിക ബാധ്യത എന്നിവ ഉൾപ്പെടുത്തി കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയ്ത് ലഭ്യമാക്കുന്ന പ്രൊപ്പോസലുകളാണ് പരിശോധിക്കുന്നത്.

(സി) കോഴ്സുകൾ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്. പരിശോധിച്ചുവരുന്നു.

## ബിരുദ ബിരുദാനന്തര കോഴ്സുകൾ അനുവദിക്കാൻ നടപടി

160 (3336) ശ്രീ. എം. സ്വരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ ഒരു സർക്കാർ കോളേജിലും സയൻസ് വിഭാഗത്തിൽ ബിരുദ ബിരുദാനന്തര കോഴ്സുകൾ നിലവിലില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അടിസ്ഥാന സൗകര്യങ്ങൾ നിലവിലുള്ള തൃപ്പൂണിത്തുറ സർക്കാർ ആർട്സ് കോളേജിൽ സയൻസ് ബിരുദകോഴ്സുകൾ ആരംഭിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ;

(സി) ഇതുസംബന്ധിച്ച് ഏതെങ്കിലും നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി & സി) ബഹുമാനപ്പെട്ട എം.എൽ.എ ശ്രീ. എം. സ്വരാജിന്റെ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ തൃപ്പൂണിത്തുറ സർക്കാർ ആർട്സ് കോളേജിൽ സയൻസ് ബിരുദ-ബിരുദാനന്തര കോഴ്സുകൾ ആരംഭിക്കുന്നതിനായി കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

**വർക്കല മണ്ഡലത്തിൽ സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജ്**

161 (3337) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ നിലവിൽ ഒരു സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജും പ്രവർത്തിക്കുന്നില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വർക്കല മണ്ഡലത്തിൽ സർക്കാർ കോളേജ് ആരംഭിക്കുന്നത് സംബന്ധിച്ച് കോളേജ് വിദ്യാഭ്യാസ ഡയറക്ടറിൽ നിന്നും ഏതെങ്കിലും തരത്തിലുള്ള റിപ്പോർട്ടുകൾ സർക്കാരിൽ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കോളേജ് വിദ്യാഭ്യാസ ഡയറക്ടറിൽനിന്നും ലഭിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിക്കുകയുണ്ടായി. എന്നാൽ അനുമതി നൽകിയിരുന്നില്ല.

## പെരിങ്ങോം ഗവൺമെന്റ് കോളേജ് കെട്ടിട നിർമ്മാണം

162 (3338) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

7.36 കോടി രൂപയുടെ കിഫ്ബിയുടെ ഭരണാനുമതി ലഭിച്ചിരുന്ന പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം ഗവ. കോളേജ് കെട്ടിട നിർമ്മാണത്തിന്റെ തുടർനടപടികൾ ഏത് ഘട്ടത്തിലെന്ന് വിശദമാക്കാമോ?

ഉത്തരം

പെരിങ്ങോം ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിലെ, കിഫ്ബി ഫണ്ട് ഉപയോഗിച്ച നടത്തുന്ന വികസന പ്രവർത്തനങ്ങൾക്ക് 27-3-2018-ലെ ജി.ഒ. (ആർ.ടി.) നമ്പർ 603/2018/ഉ.വി.വ. പ്രകാരം സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിക്ക് കിഫ്ബിയുടെ അംഗീകാരവും ലഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കുവാനുള്ള SPV ആയി KITE-നെയാണ് ചുമതലപ്പെടുത്തിയിരുന്നത്.

എന്നാൽ KIIFB പദ്ധതിയുമായി ബന്ധപ്പെട്ട പൊതുവിദ്യാഭ്യാസ വകുപ്പിലെ ഒട്ടനവധി പ്രവൃത്തികൾക്ക് KITE SPV-യായതുകാരണം കോളേജുകളിലെ നിർമ്മാണ പ്രവർത്തന പുരോഗതി മന്ദഗതിയിലാണെന്ന് ബോധ്യപ്പെട്ടു. അതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഉന്നത വിദ്യാഭ്യാസ വകുപ്പിലെ KIIFB സംബന്ധമായ നിർമ്മാണ നിർവ്വഹണം, KITCO, KSITIL എന്നീ ഏജൻസികളെക്കൂടി SPV ആയി നിശ്ചയിച്ച് പദ്ധതികൾ വേഗത്തിൽ സമയബന്ധിതമായി പൂർത്തീകരിക്കാൻ, 13-3-2019-ൽ കൂടിയ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത യോഗത്തിലെ ചർച്ചകളുടെ അടിസ്ഥാനത്തിൽ പെരിങ്ങോം ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജ് ഉൾപ്പെടെ ഉന്നതവിദ്യാഭ്യാസ വകുപ്പിലെ KIIFB പദ്ധതിയിലുൾപ്പെട്ട നിർമ്മാണ പ്രവൃത്തികളിൽ KSITIL, KITCO എന്നീ സ്ഥാപനങ്ങളെക്കൂടി SPV ആയി നിശ്ചയിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

## റാന്നിയിലെ അപ്ലൈഡ് സയൻസ് കോളേജ്

163 (3339) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി മണ്ഡലത്തിലെ അയിരൂരിൽ ആരംഭിച്ച അപ്ലൈഡ് സയൻസ്

കോളേജിന് എന്നാണ് അനുമതി നൽകിയതെന്നും എന്തെല്ലാം കോഴ്സുകളാണ് ഇവിടെ അനുവദിച്ചിരിക്കുന്നതെന്നും വ്യക്തമാക്കുമോ;

(ബി) എം.എൽ.എ. ഫണ്ടിൽ നിന്നും ഒരു കോടി രൂപ മുടക്കി കോളേജിനായി പുതിയ കെട്ടിടം നിർമ്മിച്ചിട്ടും കോഴ്സുകൾ ആരംഭിക്കുവാൻ കഴിയാത്തതിനുള്ള കാരണം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 17-7-2013-ലെ G.O.(MS) No.505/2013/HEdn പ്രകാരം ഐ.എച്ച്.ആർ.ഡി-യുടെ കീഴിലുള്ള പത്തനംതിട്ട ജില്ലയിലെ അയിരൂരിൽ പ്രവർത്തിച്ചിരുന്ന ടെക്നിക്കൽ ഹയർ സെക്കണ്ടറി സ്കൂൾ, അയിരൂരിനെ കോളേജ് ഓഫ് അപ്ലൈഡ് സയൻസായി അപ്ഗ്രേഡ് ചെയ്തിരുന്നു.

ബി.എസ്.സി. കമ്പ്യൂട്ടർ സയൻസ് - 30 സീറ്റ്, ബി.എ. ഇംഗ്ലീഷ് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ മോഡൽ - 2 (വൊക്കേഷണൽ - ജേണലിസം) - 40 സീറ്റ്, ബി.സി.എ. - 30 സീറ്റ് എന്നീ കോഴ്സുകൾ പ്രസ്തുത കോളേജിന് അനുവദിച്ചിട്ടുണ്ട്.

(ബി) 2016-17-ൽ എം.ജി. യൂണിവേഴ്സിറ്റി ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ പരിശോധനാസമയത്ത് കെട്ടിടത്തിന്റെയും മറ്റ് അനുബന്ധ സൗകര്യങ്ങളുടെയും അഭാവത്തിൽ പ്രസ്തുത കോളേജിന്റെ താൽക്കാലിക അഫിലിയേഷൻ റദ്ദാക്കിയിരുന്നു. പോരായ്മകൾ പരിഹരിച്ച് സ്ഥാപനത്തിന്റെ അഫിലിയേഷൻ പുനഃസ്ഥാപിച്ച് കിട്ടുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ, G.O.(MS)No.505/2013/HEdn പ്രകാരം നിലവിൽ അപേക്ഷിച്ചിരുന്ന ബി.എ. ഇംഗ്ലീഷ് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ മോഡൽ - 2 (വൊക്കേഷണൽ - ജേണലിസം), ബി.സി.എ. എന്നീ കോഴ്സുകൾക്ക് പകരം ബി.കോം മോഡൽ - 3 കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, ബി.എസ്.സി ഫിസിക്സ് മോഡൽ - 2 കമ്പ്യൂട്ടർ ആപ്ലിക്കേഷൻ എന്നീ കോഴ്സുകൾ യൂണിവേഴ്സിറ്റിയുടേയും ഗവൺമെന്റിന്റേയും അനുമതിക്കുവിധേയമായി ആരംഭിക്കുവാൻ മഹാത്മാഗാന്ധി സർവ്വകലാശാല രജിസ്ട്രാർക്ക് ഐ.എച്ച്.ആർ.ഡി. ഡയറക്ടർ പുതുക്കിയ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

## തൃപ്പൂണിത്തുറ സംസ്കൃത കോളേജ്

164(3340) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ സംസ്കൃത കോളേജിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടത്തുന്ന വികസന പ്രവർത്തനങ്ങളുടെ വിശദാംശം അറിയിക്കുമോ;

(ബി) ഈ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി എന്തെന്ന് അറിയിക്കുമോ;

(സി) എന്നത്തേക്ക് ഈ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ-സി) തൃപ്പൂണിത്തുറ സംസ്കൃത കോളേജിലെ, കിഫ്ബി ഫണ്ട് ഉപയോഗിച്ചു നടത്തുന്ന വികസന പ്രവർത്തനങ്ങൾക്ക് 19-8-2018-ലെ ജി.ഒ.(ആർ.ടി) നമ്പർ 1573/2018/ഉ.വി.വ. പ്രകാരം സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിക്ക് കിഫ്ബിയുടെ അംഗീകാരവും ലഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കുവാനുള്ള SPV ആയി KITE-നെയാണ് ചുമതലപ്പെടുത്തിയിരുന്നത്.

എന്നാൽ KIIFB പദ്ധതിയുമായി ബന്ധപ്പെട്ട പൊതുവിദ്യാഭ്യാസ വകുപ്പിലെ ഒട്ടനവധി പ്രവൃത്തികൾക്ക് KITE SPV-യായതുകാരണം കോളേജുകളിലെ നിർമ്മാണ പ്രവർത്തന പുരോഗതി മന്ദഗതിയിലാണെന്ന് ബോധ്യപ്പെട്ടു. അതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഉന്നത വിദ്യാഭ്യാസ വകുപ്പിലെ KIIFB സംബന്ധമായ നിർമ്മാണ നിർവ്വഹണം, KITCO, KSITIL എന്നീ ഏജൻസികളെക്കൂടി SPV ആയി നിശ്ചയിച്ച് പദ്ധതികൾ വേഗത്തിൽ സമയബന്ധിതമായി പൂർത്തീകരിക്കാൻ, 13-3-2019-ൽ കൂടിയ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത യോഗത്തിലെ ചർച്ചകളുടെ അടിസ്ഥാനത്തിൽ തൃപ്പൂണിത്തുറ സംസ്കൃത കോളേജ് ഉൾപ്പെടെ ഉന്നതവിദ്യാഭ്യാസ വകുപ്പിലെ KIIFB പദ്ധതിയിലുൾപ്പെട്ട നിർമ്മാണ പ്രവൃത്തികളിൽ KSITIL, KITCO എന്നീ സ്ഥാപനങ്ങളെക്കൂടി SPV ആയി നിശ്ചയിച്ച് പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

**തൃപ്പൂണിത്തുറ സർക്കാർ ആർട്സ് കോളേജ്**

165(3341) <u>ശ്രീ. എം. സ്വരാജ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ നിയോജക മണ്ഡലത്തിലെ സർക്കാർ ആർട്സ് കോളേജിൽ കിഫ്ബി ഫണ്ടുപയോഗിച്ച് നടത്തുന്ന വികസന പ്രവർത്തനങ്ങളുടെ വിശദാംശം അറിയിക്കുമോ;

(ബി) ഈ പ്രവർത്തനങ്ങളുടെ നിലവിലെ പുരോഗതി അറിയിക്കുമോ;

(സി) എന്നത്തേക്ക് ഈ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ-സി) തൃപ്പൂണിത്തുറ ആർട്സ് ആന്റ് സയൻസ് കോളേജിലെ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടത്തുന്ന വികസന പ്രവർത്തനങ്ങൾക്ക് 27-3-2018-ലെ ജി.ഒ.(ആർ.ടി.)നമ്പർ 603/2018/ഉ.വി.വ പ്രകാരം സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക് കിഫ്ബിയുടെ അംഗീകാരവും ലഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുവാനുള്ള SPV ആയി KITE-നെയാണ് ചുമതലപ്പെടുത്തിയിരുന്നത്.

എന്നാൽ KIIFB പദ്ധതിയുമായി ബന്ധപ്പെട്ട പൊതുവിദ്യാഭ്യാസ വകുപ്പിലെ ഒട്ടനവധി പ്രവൃത്തികൾക്ക് KITE SPV-യായതുകാരണം കോളേജുകളിലെ നിർമ്മാണ പ്രവർത്തന പുരോഗതി മന്ദഗതിയിലാണെന്ന് ബോധ്യപ്പെട്ടു. അതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഉന്നത വിദ്യാഭ്യാസ വകുപ്പിലെ KIIFB സംബന്ധമായ നിർമ്മാണ നിർവ്വഹണം, KITCO, KSITIL എന്നീ ഏജൻസികളെക്കൂടി SPV ആയി നിശ്ചയിച്ച് പദ്ധതികൾ വേഗത്തിൽ സമയബന്ധിതമായി പൂർത്തീകരിക്കാൻ, 13-3-2019-ൽ കൂടിയ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത യോഗത്തിലെ ചർച്ചകളുടെ അടിസ്ഥാനത്തിൽ തൃപ്പൂണിത്തുറ ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജ് ഉൾപ്പെടെ ഉന്നതവിദ്യാഭ്യാസ വകുപ്പിലെ KIIFB പദ്ധതിയിലുൾപ്പെട്ട നിർമ്മാണ പ്രവർത്തികളിൽ KSITIL, KITCO എന്നീ സ്ഥാപനങ്ങളെക്കൂടി SPV ആയി നിശ്ചയിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

**സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾക്ക് സ്വയംഭരണ പദവി**

166 (3342) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ബോർഡ് ഓഫ് അക്രെഡിറ്റേഷന്റെ (എൻ.ബി.എ.) പരിശോധനയിൽ അൻപത് ശതമാനത്തിൽ കൂടുതൽ പോയിന്റ് നേടിയ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ സംസ്ഥാനത്തുണ്ടോ; വിശദമാക്കുമോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത കോളേജുകൾക്ക് സ്വയംഭരണ പദവി നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് എൻ.ബി.എ. അക്രെഡിറ്റേഷൻ ലഭിച്ച 4 സർക്കാർ നിയന്ത്രിത സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളും, 13 സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളും നിലവിലുണ്ട്.

(ബി) പ്രസ്തുത കോളേജുകൾക്ക് സ്വയംഭരണ പദവി നൽകുന്ന കാര്യം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 24-5-2019-ലെ സ.ഉ.(സാധാ)നമ്പർ 809/2019/ഉ.വി.വ. പ്രകാരം ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ട്. സമിതിയുടെ റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

**അദ്ധ്യാപിക കവിത മോഷ്ടിച്ചത് സംബന്ധിച്ച അന്വേഷണം**

167 (3343) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വർമ്മ കോളേജിലെ അദ്ധ്യാപിക കവിത മോഷ്ടിച്ച് പ്രസിദ്ധീകരിച്ചുവെന്ന ആക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) ഒരു അദ്ധ്യാപികയ്ക്ക് യോജിക്കാത്ത തരത്തിൽ പ്രവർത്തിച്ച പ്രസ്തുത അദ്ധ്യാപികയുടെ നടപടി സംബന്ധിച്ച് യു.ജി.സി. എന്തെങ്കിലും റിപ്പോർട്ട് കോളേജ് പ്രിൻസിപ്പലിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ആയതിനുള്ള മറുപടി പ്രിൻസിപ്പൽ നൽകിയോ; അദ്ധ്യാപികയ്ക്ക് എതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) സർക്കാർ അന്വേഷണം നടത്തിയിട്ടില്ല.

(ബി) യു.ജി.സി. പ്രിൻസിപ്പാളിനോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) പ്രിൻസിപ്പാൾ യു.ജി.സി.-ക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ട്; ടി ആരോപണത്തിൽ അദ്ധ്യാപികയോട് വിശദീകരണം ആവശ്യപ്പെടുകയും പ്രിൻസിപ്പലിന് അദ്ധ്യാപിക വിശദീകരണം നൽകുകയും ചെയ്തിട്ടുണ്ട്.

## ബിരുദാനന്തര ബിരുദ കോഴ്സുകൾക്കുള്ള സംവരണം

168 (3344) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം. ടെക് അടക്കമുള്ള ബിരുദാനന്തര ബിരുദ കോഴ്സുകൾക്ക് സംവരണം നൽകുമ്പോൾ നിലവിലുള്ള കേന്ദ്ര, സംസ്ഥാന സർക്കാർ ഉത്തരവുകൾ യഥാവിധി പാലിക്കാതെ വരുന്നതുമൂലം യോഗ്യരായ പിന്നോക്ക വിഭാഗക്കാർക്ക് അർഹമായ സംവരണം ലഭിക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മേൽവിഷയത്തെ സംബന്ധിച്ച് കൃത്യമായ അന്വേഷണം നടത്തി അപാകത പരിഹരിക്കുവാൻ തയ്യാറാകുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2018-19 അദ്ധ്യയന വർഷം വരെ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ നടത്തുന്ന എം.ടെക് അടക്കമുള്ള ബിരുദാനന്തര ബിരുദ കോഴ്സുകളിൽ പിന്നോക്ക വിഭാഗക്കാർക്ക് (SEBC) 5% സംവരണമാണ് നൽകിയിരുന്നത്. ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് 2019-20 അദ്ധ്യയന വർഷം മുതൽ വകുപ്പിന് കീഴിലെ സ്ഥാപനങ്ങളിൽ നടത്തുന്ന എം.ടെക് അടക്കമുള്ള ബിരുദാനന്തര ബിരുദ കോഴ്സുകളിൽ പിന്നോക്ക വിഭാഗക്കാർക്ക് നിലവിലെ കേന്ദ്ര/സംസ്ഥാന ഉത്തരവുകളെ അടിസ്ഥാനമാക്കി സംവരണം ചുവടെ ചേർക്കും പ്രകാരം ഏർപ്പെടുത്തിയിട്ടുണ്ട്:

1. സാമൂഹികവും വിദ്യാഭ്യാസപരവുമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾ (SEBC) -30%

| | |
|---|---|
| ഈഴവ | 9% |
| മുസ്ലീം | 8% |
| മറ്റ് പിന്നോക്ക ഹിന്ദു | 3% |
| ലത്തീൻ കത്തോലിക്കരും ആംഗ്ലോ ഇന്ത്യൻസും | 3% |
| ധീവരയും അവാന്തര വിഭാഗങ്ങളും | 2% |
| വിശ്വകർമ്മയും അവാന്തര വിഭാഗങ്ങളും | 2% |
| കുശവനും അനുബന്ധ സമുദായങ്ങളും | 1% |
| മറ്റ് പിന്നോക്ക ക്രിസ്ത്യൻ | 1% |
| കുഡുംബി | 1% |

2. പട്ടികജാതികളും പട്ടികവർഗ്ഗങ്ങളും - 10%

| | |
|---|---|
| പട്ടികജാതി (SC) | 8% |
| പട്ടികവർഗ്ഗം (ST) | 2% |

## കെ.ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് & ആർട്സ്

169 (3345) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് & ആർട്സ് (KRNNIVSA) യിലെ അനിമേഷൻ & വി.എഫ്.എക്സ്. ഡിപ്പാർട്ട്മെന്റിന്റെ ന്യൂനതകൾ പരിഹരിക്കണമന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇവിടത്തെ ന്യൂനതകൾ പരിഹരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) ഇല്ലെങ്കിൽ ഇത് പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. കെ. ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് & ആർട്സ് (KRNNIVSA)-ലെ അനിമേഷൻ & വി.എഫ്.എക്സ് ഡിപ്പാർട്ടുമെന്റിന്റെ ന്യൂനതകൾ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട് സർക്കാരിൽ ലഭിച്ച പരാതി ഡയറക്ടർക്ക് ആവശ്യമായ നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് നൽകുന്നതിനായി അയച്ചുകൊടുത്തിട്ടുണ്ട്.

(ബി&സി) അനിമേഷൻ & വി.എഫ്.എക്സ് ഡിപ്പാർട്ടുമെന്റിൽ ആവശ്യത്തിന് ക്ലാസ്സുകളില്ല എന്ന പരാതിയുടെ അടിസ്ഥാനത്തിൽ പ്രശസ്ത അനിമേഷൻ & വി.എഫ്.എക്സ് വിദഗ്ധനായ ശ്രീ. ഹരിവർമ്മയെ ക്രിയേറ്റീവ് കൺസൾട്ടന്റ് ആയി നിയമിച്ചിട്ടുണ്ട്. കൂടാതെ ശ്രീമതി മാളു മോഹനെ അസോസിയേറ്റ് പ്രൊഫസറായി നിയമിക്കുകയും ചെയ്തിട്ടുണ്ട്. ഒപ്പം കാലാനുസൃതമായി സിലബസ് പരിഷ്കരണം പ്രശസ്ത 2D അനിമേഷൻ വിദഗ്ധനായ ശ്രീ. സുരേഷ് ഇ. സി.യുടെ നേതൃത്വത്തിൽ

അഡ്വാൻസ്ഡ് സ്റ്റോറി ബോർഡിംഗ് & പ്രവീസ്, ശ്രീ. അംബീഷിന്റെ നേതൃത്വത്തിൽ ക്ലേ മോഡലിംഗ് വർക്ക്ഷോപ്പ്, ശ്രീ. പ്രോസെൻജിത് ഗാംഗുലിയുടെ നേതൃത്വത്തിൽ പ്രൊഡക്ഷൻ ഡിസൈൻ വർക്ക്ഷോപ്പ് എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. ഇൻസ്റ്റിറ്റ്യൂട്ടിലെ കമ്പ്യൂട്ടറുകൾക്ക് ആവശ്യമായ കോൺഫിഗറേഷൻ ഇല്ലായെന്ന പരാതിയിന്മേൽ പുതിയ കമ്പ്യൂട്ടറുകൾ വാങ്ങുന്നതിനോ ലീസിൽ എടുക്കുന്നതിനോ നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സോഫ്റ്റ്‌വെയറുകൾ സംബന്ധിച്ച പരാതിയും വകുപ്പുകൾ തമ്മിൽ സഹകരണം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച പരാതിയും പരിഹരിക്കുന്നതിനുള്ള നടപടികൾ ഡീൻ സ്വീകരിച്ചിട്ടുണ്ട്. 2014 ബാച്ചിന്റെ ഫൈനൽ ഡിപ്ലോമ ഫിലിം പ്രോജക്ട് പൂർത്തിയായി വരികയാണ്. അദ്ധ്യാപകരുടെയും വിദഗ്ദ്ധരുടെയും സഹായത്തോടെ 2015 ബാച്ചിന്റെ ഡിപ്ലോമ ഫിലിം തയ്യാറായിവരുന്നു.

## എഞ്ചിനീയറിംഗ് പഠനത്തിൽ സമഗ്ര പരിഷ്കാരം

170 (3346) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എഞ്ചിനീയറിംഗ് പഠനത്തിൽ സമഗ്ര പരിഷ്കാരം കൊണ്ടുവരുവാൻ സാങ്കേതിക സർവ്വകലാശാല തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ പരിഷ്കാരങ്ങളാണ് നടപ്പിലാക്കുന്നത് എന്നറിയിക്കാമോ;

(ബി) എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്ക് ഒരു എയ്ഡഡ് കോളേജിൽ നിന്നും മറ്റൊരു എയ്ഡഡ് കോളേജിലേക്കും, ഒരു സ്വാശ്രയ കോളേജിൽ നിന്നും മറ്റൊരു സ്വാശ്രയ കോളേജിലേക്കും മാറുന്നതിനുള്ള അവസരം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഇന്ത്യൻ ഭരണഘടന എഞ്ചിനീയറിംഗിന്റെ പാഠ്യവിഷയമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എഞ്ചിനീയറിംഗ് മേഖലയ്ക്ക് ആവശ്യമില്ലാത്ത വിഷയങ്ങൾ സിലബസ്സിൽ നിന്നും ഒഴിവാക്കി ആധുനിക കാലത്തിന് ചേർന്ന വിഷയങ്ങൾ ഉൾക്കൊള്ളിച്ച് സിലബസ്സ് പരിഷ്കരിക്കുവാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. എ.ഐ.സി.ടി.ഇ.-യുടെ മാതൃകാ കരിക്കുലത്തെ അടിസ്ഥാനപ്പെടുത്തി 2019 ജൂൺ മുതൽ ബി.ടെക് പാഠ്യപദ്ധതിയിൽ കാതലായ മാറ്റങ്ങൾ വരുത്താൻ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല തീരുമാനിച്ചിട്ടുണ്ട്. വിദ്യാർത്ഥികളുടെ പഠനഭാരം ലഘൂകരിക്കുന്നതിനും കൂടുതൽ പ്രായോഗിക പരിചയം നേടുന്നതിനും അവസരങ്ങൾ ഒരുക്കുന്നതിലും സർവ്വകലാശാല ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥികൾക്ക് നൈപുണ്യ പരിശീലനം നൽകുക എന്ന ലക്ഷ്യത്തോടുകൂടി 'അസാപ്പ്' മായി സഹകരിച്ച് എഞ്ചിനീയറിംഗ് കോളേജുകളിൽ അഡ്വാൻസ്ഡ് സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ (ASDC) ആരംഭിക്കുകയും അതുവഴി അന്താരാഷ്ട്ര തൊഴിൽ കമ്പോളത്തിലെ നൂതന പ്രവണതകൾക്കനുസൃതമായി മികച്ച പ്രൊഫഷണലുകളെ രൂപപ്പെടുത്തുന്നതിനും പരിശീലന പരിപാടി നടത്തിവരുന്നു. 'അസാപ്' വ്യവസായ സ്ഥാപനങ്ങളുമായി സഹകരിച്ച് വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പ് ലഭ്യമാക്കുവാനുള്ള ഒരു വെബ് പോർട്ടൽ ഈ അക്കാദമിക് വർഷം ആരംഭിച്ചിട്ടുണ്ട്. വിദ്യാർത്ഥികളിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി സ്റ്റാർട്ടപ് മിഷനുമായി സഹകരിച്ച് കോളേജുകളിലെ എന്റർപ്രണർഷിപ്പ് സെല്ലുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. 2019 ജൂൺ മുതൽ ബി.ടെക് പാസ്സാകാൻ ആവശ്യമായ ക്രെഡിറ്റ് 182-ൽ നിന്ന് 162 ആയി കുറയ്ക്കാൻ തീരുമാനിച്ചു. ഓരോ പേപ്പറിനും ജയിക്കാൻ വേണ്ട മാർക്ക് 45-ൽ നിന്നും 40 ആക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഒരു സെമസ്റ്ററിൽ 6 മൊഡ്യൂൾ എന്നത് 5 ആക്കാനും 7, 8 സെമസ്റ്ററിൽ ഇന്റേൺഷിപ്പിന് കൂടുതൽ സൗകര്യമൊരുക്കാൻ ക്രെഡിറ്റുകളുടെ എണ്ണം 15 ആക്കുന്നതിനും ഇന്റേണൽ മാർക്കിന്റെ മിനിമം പരിധി ഒഴിവാക്കുന്നതിനും കലാകായിക മികവിന് ഗ്രേസ് മാർക്ക് നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

ഓരോ വിദ്യാർത്ഥിയുടെയും പഠനശാഖയിലുള്ള സ്പെഷ്യലൈസേഷനാണ് ബി.ടെക് ഓണേഴ്സ്. അവസാന രണ്ട് വർഷത്തെ സെമസ്റ്ററുകളിൽ കുറഞ്ഞത് 3 വിഷയങ്ങളിൽ 12 ക്രെഡിറ്റും ഓൺലൈൻ വഴി കുറഞ്ഞത് 2 വിഷയങ്ങൾക്ക് 8 ക്രെഡിറ്റും അധികമായി നേടുന്ന കുട്ടികൾക്ക് ബി.ടെക് ഡിഗ്രിക്കു പകരം ബി.ടെക് ഓണേഴ്സ് ഡിഗ്രി കരസ്ഥമാക്കാം. മൂന്നാം സെമസ്റ്റർ മുതൽ വിദ്യാർത്ഥികൾക്ക് മറ്റു പഠനശാഖയിലുള്ള സ്പെഷ്യലൈസേഷനായ ബി. ടെക് മൈനർ ഡിഗ്രി കോഴ്സുകളിലേക്ക് ചേരാൻ സാധിക്കും. നിശ്ചിത മിനിമം ക്രെഡിറ്റ് നേടുന്ന വിദ്യാർത്ഥികൾക്ക് മറ്റ് തൊഴിലധിഷ്ഠിത കോഴ്സുകളിലൂടെ തുടർപഠനം പൂർത്തിയാക്കി ബി. വോക് ഡിഗ്രി കരസ്ഥമാക്കാവുന്ന പദ്ധതിയും തയ്യാറായി വരുന്നുണ്ട്.

(ബി) എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്ക് പഠനത്തിന്റെ മൂന്നാം സെമസ്റ്ററിലും അഞ്ചാം സെമസ്റ്ററിലും കോളേജ് മാറുന്നതിനുള്ള അവസരം സാങ്കേതിക സർവ്വകലാശാല നൽകുന്നുണ്ട്.

(സി) ഉണ്ട്. സാങ്കേതിക സർവ്വകലാശായുടെ 2019-ലെ റെഗുലേഷൻ പ്രകാരം എഞ്ചിനീയറിംഗ് പഠനക്രമത്തിന്റെ നാലാം സെമസ്റ്ററിൽ ഇന്ത്യൻ ഭരണഘടന നിർബന്ധമായും പഠിച്ചിരിക്കണം.

(ഡി) AICTE-യുടെ മാതൃകാ കരിക്കുലത്തെ അടിസ്ഥാനപ്പെടുത്തി ബി.ടെക് സിലബസ് സർവ്വകലശാല പരിഷ്കരിച്ചുവരുന്നു. എഞ്ചിനീയറിംഗ് മേഖലയിലെ കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊണ്ട് സിലബസ് പരിഷ്കരിക്കുന്ന നടപടികൾ അക്കാദമിക് കൗൺസിലിന്റെ പരിഗണനയിലാണ്.

## സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാരം

171 (3347) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളാണ് പ്രവർത്തിക്കുന്നത്;

(ബി) ഇവയിലെല്ലാം കൂടി ആകെ എത്ര സീറ്റുകളാണുള്ളത്; ഇതിൽ സർക്കാർ സീറ്റുകളുടെ എണ്ണം എത്ര;

(സി) പ്രസ്തുത മേഖലയിൽ 2018-19 അധ്യയന വർഷത്തിൽ കുട്ടികളെ കിട്ടാതെ എത്ര സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്നു;

(ഡി) പ്രസ്തുത മേഖലയിൽ 2018-19 അധ്യയന വർഷത്തിൽ എത്ര സർക്കാർ സീറ്റുകളാണ് ഒഴിഞ്ഞു കിടക്കുന്നത് എന്നും എത്ര സർക്കാർ സീറ്റുകളിൽ കുട്ടികൾ പ്രവേശനം നേടി എന്നും വ്യക്തമാക്കുമോ;

(ഇ) ഇത്തരത്തിൽ 2018-19 അധ്യയനവർഷം സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ പ്രവേശനം പൂർത്തിയായപ്പോൾ സർക്കാർ സീറ്റിൽ പോലും മതിയായ കുട്ടികളെ കിട്ടിയില്ല എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുവോ;

(എഫ്) എങ്കിൽ ഇത്തരത്തിലുള്ള കോളേജുകളുടെ പഠനനിലവാരത്തിലുള്ള പോരായ്മയാണോ ഇപ്രകാരം കുട്ടികളെ കിട്ടാത്തതിന്റെ കാരണം; എങ്കിൽ ഇത് പരിഹരിക്കുവാൻ സർക്കാർ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

## ഉത്തരം

(എ) സാങ്കേതിക ശാസ്ത്ര സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്ത് നിലവിൽ 113 സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ പ്രവർത്തിച്ചുവരുന്നുണ്ട്.

(ബി) 2019-20 അദ്ധ്യയന വർഷത്തിൽ സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിലെ ബി. ടെക് സീറ്റുകളുടെ എണ്ണം ചുവടെ ചേർക്കുന്നു:

| നം. | മേഖല | സീറ്റുകൾ |
|---|---|---|
| 1. | സർക്കാർ കോളേജുകൾ<br>(3330 Full time + 235 part time) | 3565 |
| 2. | സർക്കാർ എയ്ഡഡ് കോളേജുകൾ | 1770 |
| 3. | സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജുകൾ | 6360 |
| 4. | സ്വകാര്യ സ്വാശ്രയ കോളേജുകൾ | 35808 |
| | ആകെ | 47503 |

സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ 50% സീറ്റുകൾ മെരിറ്റ് അടിസ്ഥാനത്തിലുള്ളതും 50% മാനേജ്മെന്റ് സീറ്റുകളുമാണ്.

(സി &ഡി) 2018-19 അദ്ധ്യയന വർഷത്തിൽ ബി.ടെക് സീറ്റുകളിലെ ഒഴിവുകളുടെ എണ്ണം ചുവടെ ചേർക്കുന്നു:

| നമ്പർ | മേഖല | സീറ്റുകൾ |
|---|---|---|
| 1. | സർക്കാർ കോളേജുകൾ | 96 |
| 2. | സർക്കാർ എയ്ഡഡ് കോളേജുകൾ | 0 |
| 3. | സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജുകൾ | 3104 |
| 4. | സ്വകാര്യ സ്വാശ്രയ കോളേജുകൾ | 21250 |
| | ആകെ | 24450 |

2018-19 അദ്ധ്യയന വർഷത്തിൽ അനുവദിക്കപ്പെട്ട 3465 (3230 Full time + 235 part time) സീറ്റുകളിൽ 3216 Full time സീറ്റിലും 153 part time സീറ്റിലും വിദ്യാർത്ഥികൾ പ്രവേശനം നേടിയിട്ടുണ്ട്. ആകെ 96 സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നു.

(ഇ&എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എ.ഐ.സി.ടി.ഇ.-യുടെ നിബന്ധനകൾ കൃത്യമായി പാലിക്കണമെന്ന് എല്ലാ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് മാനേജർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. സർവ്വകലാശാല അഫിലിയേഷൻ നൽകുന്നതിന് മുൻപായി കോളേജുകളിൽ വിദഗ്ദ്ധരെ ഉൾപ്പെടുത്തി കർശന പരിശോധന നടത്തി അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്താറുണ്ട്. കോളേജുകളിലെ അക്കാദമിക് നിലവാരം ഉറപ്പുവരുത്തുന്നതിനായി വർഷത്തിൽ രണ്ടു തവണ അക്കാദമിക് ഓഡിറ്റ് നടത്തിവരുന്നുണ്ട്. കൂടാതെ എ.ഐ.സി.ടി.ഇ.-യുടെ മാതൃകാ കരിക്കുലത്തെ അടിസ്ഥാനപ്പെടുത്തി 2019 ജൂൺ മുതൽ ബി.ടെക് പാഠ്യപദ്ധതിയിൽ കാതലായ മാറ്റങ്ങൾ വരുത്താൻ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല തീരുമാനിച്ചിട്ടുണ്ട്. വിദ്യാർത്ഥികളുടെ പഠനഭാരം ലഘൂകരിക്കുന്നതിനും കൂടുതൽ പ്രായോഗിക പരിചയം നേടുന്നതിനും അവസരങ്ങൾ ഒരുക്കുന്നതിലും സർവ്വകലാശാല ശ്രദ്ധ പതിപ്പിക്കുന്നുണ്ട്.

## സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ

172 (3348) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുണ്ട്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സാങ്കേതിക സർവ്വകലാശാലയുടെ കീഴിലുള്ള എത്ര സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ അടച്ചുപൂട്ടിയെന്നും അവ ഏതൊക്കെയാണെന്നും അറിയിക്കുമോ;

(സി വരുന്ന അദ്ധ്യയനവർഷം ഏതെങ്കിലും സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രവേശനത്തിന് അനുമതി നിഷേധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ കോളേജുകളിലാണെന്നും അതിനുള്ള കാരണമെന്താണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) സാങ്കേതിക ശാസ്ത്ര സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്ത് സംസ്ഥാനത്ത് നിലവിൽ 113 സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളും 23 സർക്കാർ നിയന്ത്രിത സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളും പ്രവർത്തിച്ചുവരുന്നു.

(ബി) താഴെപ്പറയുന്ന അഞ്ച് കോളേജുകൾ അടച്ചുപൂട്ടി

1. ആര്യനെറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, പാലക്കാട്
2. കെ.എം.പി. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, എറണാകുളം
3. പങ്കജകസ്തൂരി കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആൻഡ് ടെക്നോളജി, തിരുവനന്തപുരം
4. പിനക്കിൾ സ്കൂൾ ഓഫ് എഞ്ചിനീയറിംഗ് ആൻഡ് ടെക്നോളജി, കൊല്ലം.
5. യൂനുസ് കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കൊല്ലം

(സി) മൂന്ന് സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾക്ക് നിഷേധിച്ചിട്ടുണ്ട്.

1. ഫോക്കസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജി, പൂമല, തൃശ്ശൂർ:-

സർവ്വകലാശാലയുടെ എക്സ്പെർട്ട് വിസിറ്റിംഗ് കമ്മിറ്റിയുടെ പരിശോധനയിൽ കോളേജ് മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല എന്ന് കണ്ടെത്തി.

2. മാതാ കോളേജ് ഓഫ് ടെക്നോളജി, നോർത്ത് പറവൂർ, എറണാകുളം:

സർവ്വകലാശാലയുടെ എക്സ്പെർട്ട് വിസിറ്റിംഗ് കമ്മിറ്റിയുടെ പരിശോധനയിൽ കോളേജ് മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല എന്ന് കണ്ടെത്തി.

3. ഹിന്ദുസ്ഥാൻ കോളേജ് ഓഫ് ടെക്നോളജി, അരിപ്പ, കൊല്ലം:

2019-20 അക്കാദമിക് വർഷത്തിലേക്ക് എ.ഐ.സി.ടി.ഇ. അംഗീകാരം ലഭിച്ചിട്ടില്ല.

## എഞ്ചിനീയറിംഗ് സീറ്റ് ഒഴിഞ്ഞുകിടക്കുന്ന സാഹചര്യം

173 (3349) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷ എഴുതി യോഗ്യത നേടിയ കുട്ടികളുടെ എണ്ണത്തിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ടോ; ഏങ്കിൽ ഇത് സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ;

(ബി) എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തോട് കുട്ടികൾക്കുള്ള ആഭിമുഖ്യം കുറഞ്ഞുവരുന്നതിന്റെ സൂചനയായി ഇതിനെ കണക്കാക്കുന്നുണ്ടോയെന്നറിക്കാമോ;

(സി) നിലവിൽ സർക്കാർ/എയ്ഡഡ്/സ്വാശ്രയമേഖലയിൽ എഞ്ചിനീയറിംഗിന് എത്ര സീറ്റുകളാണ് ഉള്ളത്;

(ഡി) പ്രവേശന പരീക്ഷയിൽ യോഗ്യത നേടിയവരിലുണ്ടായ കുറവ് സംസ്ഥാനത്ത് ഈ വർഷവും കോളേജുകളിൽ എഞ്ചിനീയറിംഗ് സീറ്റ് ഒഴിഞ്ഞ് കിടക്കുന്ന സാഹചര്യം ഉണ്ടാകുമോ; അത് പ്രസ്തുത മേഖലയിലെ നിലവിലുള്ള പ്രശ്നം രൂക്ഷമാക്കുമെന്ന് കരുതുന്നുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ & ബി) ഉണ്ട്. ആയത് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | എഞ്ചിനീയറിംഗിന് അപേക്ഷിച്ചവരുടെ എണ്ണം | എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷ എഴുതിയവരുടെ എണ്ണം | യോഗ്യത നേടിയവരുടെ എണ്ണം |
|---|---|---|---|
| 2018 | 104119 | 90233 | 58268 |
| 2019 | 91975 | 73437 | 51667 |

സംസ്ഥാനത്തെ എഞ്ചിനീയറിംഗ് അഡ്മിഷൻ രീതി പഠനവിധേയമാക്കി റിപ്പോർട്ട് സമർപ്പിക്കുവാൻ ഡോ. ആർ. വി. ജി. മേനോന്റെ അദ്ധ്യക്ഷതയിൽ ഒരു മൂന്നംഗ കമ്മിറ്റിയെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ നിയോഗിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്.

(സി) 2019-20 അദ്ധ്യയന വർഷത്തിൽ സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിലെ ബി.ടെക് സീറ്റുകളുടെ എണ്ണം താഴെ പറയും പ്രകാരമാണ്.

| മേഖല | സീറ്റുകൾ |
|---|---|
| സർക്കാർ കോളേജുകൾ | 333 |
| സർക്കാർ എയ്ഡഡ് കോളേജുകൾ | 1770 |
| സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജുകൾ | 6360 |
| സ്വകാര്യ സ്വാശ്രയ കോളേജുകൾ | 35808 |
| ആകെ | 47268 |

(ഡി) 2019-20 അദ്ധ്യയന വർഷത്തെ എഞ്ചിനീയറിംഗ് പ്രവേശനം പൂർത്തീകരിച്ചിട്ടില്ല.

## എഞ്ചിനീയറിംഗ് കോളേജുകളെ അറിവിന്റെ കേന്ദ്രങ്ങളാക്കുവാനുള്ള പദ്ധതി

174 (3350) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളെ അറിവിന്റെ കേന്ദ്രങ്ങളാക്കുവാനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി ഉണ്ടെങ്കിൽ ഇതിനായി നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ&ബി) 13-ാം പഞ്ചവത്സര പദ്ധതി കാലയളവിൽ സംസ്ഥാനത്തെ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളെ മികവിന്റെ കേന്ദ്രങ്ങൾ ആക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിൽ ഉൾപ്പെടുത്തി സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ ഇന്റർ ഡിസിപ്ലിനറി റിസർച്ച് സെന്ററുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി തൃശ്ശൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ റോബോട്ടിക്സ് & ആർട്ടിഫിഷ്യൽ ഇന്റലിജൻസ് നോഡൽ സെന്ററും കണ്ണൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ സെന്റർ ഫോർ എക്സലൻസ് ഇൻ സിസ്റ്റംസ്, എനർജി & എൻവയോൺമെന്റ് എന്നിവ പ്രവർത്തിച്ചുവരുന്നുണ്ട്. CET-SAT വിക്ഷേപണത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങളും പുരോഗമിച്ചുവരുന്നു.

ഈ വർഷത്തെ ബഡ്ജറ്റിൽ തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്ന മേഖലയിലെ ഗവേഷണങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ട് ഒരു ഹൈ പെർഫോർമൻസ് കമ്പ്യൂട്ടിംഗ് കേന്ദ്രം ആരംഭിക്കുവാനുള്ള തുക വകയിരുത്തിയിട്ടുണ്ട്. ഇതിനോടനുബന്ധിച്ച് പ്രോഡക്ട് ഡിസൈൻ ഡെവലപ്മെന്റ് സെന്ററും സ്ഥാപിച്ച് പ്രവർത്തിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു.

മറ്റ് കോളേജുകളിലും അറിവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കാനുള്ള പ്രവർത്തനങ്ങൾ പ്രാരംഭാവസ്ഥയിലാണ്.

ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിൽ 'അസാപ്' തദ്ദേശഭരണ വ്യവസായ സ്ഥാപനങ്ങളുമായി സഹകരിച്ച് വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പ് ലഭ്യമാക്കുവാനുള്ള ഒരു വെബ് പോർട്ടൽ ഈ അക്കാദമിക് വർഷം ആരംഭിച്ചിട്ടുണ്ട്. ടി സ്ഥാപനങ്ങളിൽ എഞ്ചിനീയറിംഗ് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഗവേഷണം തദ്ദേശ സ്വയംഭരണ വകുപ്പുമായി സഹകരിച്ച് പദ്ധതി തയ്യാറാക്കൽ, കൺസൾട്ടൻസി, വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പ്, പ്രോജക്ടുകൾ തുടങ്ങിയവയ്ക്ക് എഞ്ചിനീയറിംഗ് കോളേജുകളെ നോഡൽ ഏജൻസികളാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. വിദ്യാർത്ഥികളിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി സ്റ്റാർട്ട്-അപ് മിഷനുമായി സഹകരിച്ച് കോളേജുകളിലെ എന്റർപ്രണർഷിപ്പ് സെല്ലുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്.

## പയ്യോളി ടെക്നിക്കൽ ഹൈസ്കൂളിനെ പോളിടെക്നിക്കായി ഉയർത്തുന്നതിന് നടപടി

175 (3351) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ പയ്യോളി ടെക്നിക്കൽ ഹൈസ്കൂളിനെ പോളിടെക്നിക്കായി ഉയർത്തുന്നതുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ ഏതെങ്കിലും റിപ്പോർട്ട് വകുപ്പിൽ ഉണ്ടോ;

(ബി ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ട് ആരുടെ പക്കലാണെന്നും റിപ്പോർട്ടിൻമേൽ എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചുവെന്നും വിശദമാക്കാമോ;

(സി) ഈ വിഷയുമായി ബന്ധപ്പെട്ട് ഏതെങ്കിലും ഫയൽ വകുപ്പിൽ ഉണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഫയൽ നമ്പർ ഏതെന്നും ആരുടെ കൈവശമാണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) പയ്യോളി ടെക്നിക്കൽ ഹൈസ്കൂളിനെ പോളിടെക്നിക്കായി ഉയർത്തുന്നതുമായി ബന്ധപ്പെട്ട് നിലവിൽ പുതിയ പ്രൊപ്പോസലുകളൊന്നും തന്നെ പരിഗണനയിലില്ല. എന്നാൽ 2010-ൽ പയ്യോളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 7-12-2010-ലെ എ 3/1279/10 നമ്പർ അപേക്ഷ ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ 7096/എൽ2/2011/ഉ.വി.വ. നമ്പർ ഫയലിൽ പരിശോധിച്ച് 25-2-2011-ലെ കത്തുപ്രകാരം റിപ്പോർട്ട് സമർപ്പിക്കുന്നതിന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു. അതിൻപ്രകാരം ലഭിച്ച റിപ്പോർട്ട് സർക്കാർ പരിശോധിക്കുകയും 20-10-2012-ലെ ഡി.ഒ നമ്പർ7096/എൽ2/11/ഉ.വി.വ പ്രകാരം പ്രസ്തുത പ്രൊപ്പോസൽ നിരസിക്കുകയും ചെയ്തു.

**വിളപ്പിൽശാലയിൽ പോളിടെക്നിക്**

176 (3352) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിലെ വിളപ്പിൽശാലയിൽ പോളിടെക്നിക് ആരംഭിക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ എന്തായെന്ന് വിശദമാക്കാമോ;

(ബി) ആയതിന്റെ തുടർനടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) കാട്ടാക്കട മണ്ഡലത്തിലെ വിളപ്പിൽശാലയിൽ അനുവദിക്കപ്പെട്ട സർക്കാർ പോളിടെക്നിക് കോളേജ് ആരംഭിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടത്തുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി സ്പെഷ്യൽ ഓഫീസറെയും ഒരു സീനിയർ ക്ലാർക്കിനെയും ഇതിനോടകം നിയമിച്ചിട്ടുണ്ട്. ഇതിലേക്കാവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി സെൻട്രൽ പോളിടെക്നിക് കോളേജ് പ്രിൻസിപ്പാളിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾക്കുവേണ്ടി ഒരു ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്. പോളിടെക്നിക്കിനുവേണ്ട സ്ഥലം ഇതിനോടകം കണ്ടെത്തുകയും പ്രസ്തുത സ്ഥലത്തിന്റെ ലൊക്കേഷൻ സ്കെച്ചും റിപ്പോർട്ടും നെടുമങ്ങാട് റവന്യൂ ഡിവിഷണൽ ഓഫീസർക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

സ്ഥലം കൈമാറ്റം പൂർത്തിയായി എ.ഐ.സി.ടി.ഇ. മാനദണ്ഡ പ്രകാരമുള്ള കെട്ടിടവും മറ്റ് ഭൗതിക സാഹചര്യങ്ങളുടെ വികസനവും ഉണ്ടായാൽ മാത്രമേ ക്ലാസ്സുകൾ ആരംഭിക്കാൻ കഴിയൂ. 2020-21 അക്കാദമിക വർഷം ക്ലാസ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**രാജാ രവിവർമ്മ സെന്റർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സ്**

177 (3353) ശ്രീ. ആർ. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയമസഭാ മണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന രാജാ രവി വർമ്മ സെന്റർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സിന് സ്ഥലപരിമിതി ഉള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥാപനത്തിന് തഴക്കര പഞ്ചായത്തിൽ റവന്യൂ വകുപ്പിന്റെ ശവക്കോട്ട എന്ന പേരിൽ അറിയപ്പെടുന്ന പുറമ്പോക്ക് സ്ഥലം അനുവദിക്കണം എന്നാവശ്യപ്പെട്ട് എം.എൽ.എ. നൽകിയ കത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തഴക്കര പഞ്ചായത്തിൽ റവന്യൂ വകുപ്പിന്റെ ശവക്കോട്ട എന്ന പേരിൽ അറിയപ്പെടുന്ന പുറമ്പോക്ക് സ്ഥലം അനുവദിക്കണം എന്നാവശ്യപ്പെട്ട് എം.എൽ.എ. നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ ഫയൽ റവന്യൂ വകുപ്പിന് കൈമാറുകയും ഭൂമി കൈമാറ്റത്തിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് റവന്യൂ വകുപ്പ് ആലപ്പുഴ ജില്ലാകളക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

**ട്രേഡ് ഇൻസ്ട്രക്ടേഴ്സ് റേഷ്യോ പ്രൊമോഷൻ**

178 (3354) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതികവിദ്യാഭ്യാസ വകുപ്പിനുകീഴിൽ കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജ്, പോളിടെക്നിക് കോളേജ്, ടെക്നിക്കൽ ഹൈസ്കൂൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്ന ട്രേഡ് ഇൻസ്ട്രക്ടേഴ്സ് വിഭാഗത്തിന് റേഷ്യോ

പ്രമോഷൻ വകുപ്പ് ശിപാർശ ചെയ്ത് സർക്കാരിന്റെ മുന്നിൽ എത്തിയിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്ത് തീരുമാനമാണ് എടുത്തിട്ടുള്ളത്;

(ബി) ഇത് സംബന്ധിച്ച് സർക്കാരിന് ലഭിച്ച നിവേദനങ്ങളിൽ എന്ത് നടപടി സ്വീകരിച്ചു;

(സി) ട്രേഡ് ഇൻസ്ട്രക്ടേഴ്സ് ഉന്നയിക്കുന്ന റേഷ്യോ പ്രൊമോഷൻ സംബന്ധിച്ച വിഷയം പരിഹരിച്ച് നൽകുന്നതിനായി നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ & ബി) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ ട്രേഡ് ഇൻസ്ട്രക്ടർ തസ്തികയിൽ റേഷ്യോ പ്രൊമോഷൻ നിലവിലുണ്ട്. നിലവിലെ സ്പെഷ്യൽ റൂൾസ് പ്രകാരം ട്രേഡ് ഇൻസ്ട്രക്ടർ സീനിയർ ഗ്രേഡ്, ട്രേഡ് ഇൻസ്ട്രക്ടർ ഫസ്റ്റ് ഗ്രേഡ്, ട്രേഡ് ഇൻസ്ട്രക്ടർ സെക്കന്റ് ഗ്രേഡ് എന്നീ തസ്തികകളിൽ 1:1:3 എന്ന അനുപാതത്തിലാണ് റേഷ്യോ പ്രൊമോഷൻ നൽകിവരുന്നത്. ആകെ 1023 ട്രേഡ് ഇൻസ്ട്രക്ടർ തസ്തികകളാണ് വകുപ്പിലുള്ളത്. ഈ അനുപാതം 1:1:1 എന്ന രീതിയിൽ വർദ്ധിപ്പിക്കണമെന്ന് കാണിച്ച് ചില നിവേദനങ്ങൾ ലഭിച്ചിരുന്നു. ഉയർന്ന അനുപാതത്തിലുള്ള റേഷ്യോ പ്രൊമോഷൻ അനുവദിക്കുന്നതിനുള്ള പരാതികൾ അടുത്ത ശമ്പള പരിഷ്കരണ കമ്മീഷനെ നിയമിക്കുമ്പോൾ ടി കമ്മീഷന്റെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ടതാണെന്ന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറെ അറിയിച്ചിട്ടുണ്ട്.

(സി) 1:1:3 എന്ന അനുപാതം 1:1:1 ആയി പരിഷ്കരിക്കുന്നത് സർക്കാരിന് വലിയ സാമ്പത്തിക ബാധ്യതയുണ്ടാക്കുന്ന വിഷയമായതിനാൽ ടി വിഷയം ഇപ്പോൾ പരിഗണനയിലില്ല.

## ശാസ്ത്ര സാങ്കേതിക മ്യൂസിയം ലൈബ്രറി കെട്ടിടത്തിന്റെ നിർമ്മാണം

179 (3355) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന്റെ ലൈബ്രറി കെട്ടിടത്തിന്റെ നിർമ്മാണം ഏത് ഏജൻസി മുഖാന്തരമാണ് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പ്രവൃത്തിയുടെ അടങ്കൽ തുക, എഗ്രിമെന്റ് കാലാവധി, പണി പൂർത്തിയാക്കി സ്ഥാപനത്തിന് കൈമാറിയ തീയതി എന്നിവ വ്യക്തമാക്കുമോ;

(ബി) എത്ര ഘട്ടങ്ങളായാണ് നിർമ്മാണ ഏജൻസിക്ക് പണം അനുവദിച്ചത്; ഓരോ പ്രാവശ്യവും പണം അനുവദിക്കുന്നതിന് മുമ്പ് എത്ര ശതമാനം പണി പൂർത്തിയാക്കി എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത ലൈബ്രറി കെട്ടിടത്തിന്റെ നിർമ്മാണത്തിന് തിരുവനന്തപുരം നഗരസഭയിൽനിന്ന് അനുമതി വാങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന്റെ ലൈബ്രറി കെട്ടിടത്തിന്റെ നിർമ്മാണ ചുമതല രണ്ടു ഘട്ടമായി Government Accredited Agency ആയ ഹാബിറ്റാറ്റിനാണ് നൽകിയിട്ടുള്ളത്. കെട്ടിടത്തിന്റെ ഒന്നും രണ്ടും നിലകളുടെ നിർമ്മാണം ഒന്നാം ഘട്ടമായും മൂന്നാം നിലയുടെ നിർമ്മാണം രണ്ടാം ഘട്ടമായും ആണ് പണി പൂർത്തീകരിച്ചത്. ഒന്നാം ഘട്ടത്തിന്റെ അടങ്കൽ തുക 46,42,787 രൂപയും രണ്ടാം ഘട്ടത്തിന്റെ അടങ്കൽ തുക 51,22,482 രൂപയും ആയിരുന്നു. ഒന്നും രണ്ടും നിലകളുടെ എഗ്രിമെന്റ് കാലാവധി എട്ട് മാസവും, മൂന്നാം നിലയുടെ എഗ്രിമെന്റ് കാലാവധി ആറു മാസവുമായിരുന്നു. 2009 മുതൽ ഈ കെട്ടിടത്തിന്റെ ഒന്നും രണ്ടും നിലകളും 2017 മുതൽ മൂന്നാം നിലയും മ്യൂസിയം ഉപയോഗിച്ചുവരുന്നു. ഈ കെട്ടിടം പണി പൂർത്തിയാക്കി ശാസ്ത്രസാങ്കേതിക മ്യൂസിയത്തിന് ഔദ്യോഗികമായി കൈമാറിയ തീയതി സംബന്ധിച്ച രേഖകൾ ലഭ്യമല്ല.

(ബി) ഒന്നും രണ്ടും നിലകളുടെ നിർമ്മാണത്തിന് 50,09,183 രൂപയും മൂന്നാം നിലയുടെ നിർമ്മാണത്തിന് 47,19,652 രൂപയും നാളിതുവരെ നൽകിയിട്ടുണ്ട്. ഒന്നാം ഘട്ടത്തിന്റെ ബിൽ സെറ്റിൽമെന്റ് ചെയ്ത് കഴിഞ്ഞിട്ടുള്ളതാകുന്നു. രണ്ടാം ഘട്ടത്തിന്റെ അന്തിമ ബിൽ ഏജൻസി ഇതുവരെ സമർപ്പിച്ചിട്ടില്ലാത്തതിനാൽ Final Accounts Settlement ആയിട്ടില്ല. ഓരോ ഘട്ടത്തിലും Certify ചെയ്ത Stage Certificate -ന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട സർക്കാർ ഉത്തരവ് പ്രകാരമാണ് പണം നൽകിയിട്ടുള്ളത്.

(സി) മുൻകൂർ അനുമതി വാങ്ങിയിട്ടില്ല. എന്നാൽ പണി പൂർത്തിയായ കെട്ടിടത്തിന് നഗരസഭ കെട്ടിട നമ്പർ അനുവദിച്ചിട്ടുണ്ട്.

## കോഴ്സുകൾ ആധുനികവൽക്കരിക്കുന്നതിനും സിലബസ് പുതുക്കുന്നതിനും നടപടി

180 (3356) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വകലാശാലകളിൽ കോഴ്സുകൾ ആധുനികവൽക്കരിക്കുന്നതിനും സിലബസ് പുതുക്കുന്നതിനും ഈ സർക്കാർ വന്ന ശേഷം സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) ഈ അധ്യയന വർഷം മുതൽ പുതുക്കിയ സിലബസ് നിലവിൽ വരുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തെ സർവ്വകലാശാലകളിൽ ഡിസൈൻ സംബന്ധിച്ച കോഴ്സുകൾ ഒന്നും തന്നെ നടത്തുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) സംസ്ഥാനത്തെ സർവ്വകലാശാലകൾ പ്രത്യേകിച്ചും കേരള സർവ്വകലാശാല ഇപ്പോഴും പഞ്ചവൽസര എൽ.എൽ.ബി. കോഴ്സിന്റെ ഒന്നാം സെമസ്റ്റർ പരീക്ഷ നടത്തിയിട്ടില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പരീക്ഷകൾ യഥാസമയം നടത്തുന്നതിനുള്ള നടപടി ഏതു ഘട്ടം വരെയായെന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ സർവ്വകലാശാലകളിൽ ഔട്ട്കം ബെയ്സ്ഡ് എഡ്യൂക്കേഷനും ഗ്രാജ്യുവേറ്റ് ആട്രിബ്യൂട്ടുകൾക്കും ഊന്നൽ നൽകിക്കൊണ്ടുള്ള കരിക്കുലം പരിഷ്കരണത്തിനാണ് സർക്കാർ ശ്രമിച്ചുവരുന്നത്. ഓരോ പ്രോഗ്രാമിനും ചേരുന്ന വിദ്യാർത്ഥികൾക്ക് ആത്യന്തികമായി ആർജ്ജിക്കാൻ കഴിയുന്ന അറിവുകളും നൈപുണ്യങ്ങളും എന്തൊക്കെയായിരിക്കുമെന്ന് മുൻകൂട്ടി നിശ്ചയിച്ച് പ്രസ്താവിക്കുന്നതാണ് ഈ രീതി. ഔട്ട്കം ബെയ്സ്ഡ് എഡ്യൂക്കേഷനുമായി ബന്ധപ്പെട്ട് സിലബസിലും കരിക്കുലത്തിലും പരീക്ഷയിലും മൂല്യനിർണ്ണയത്തിലും മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. ഇതിനായുള്ള പരിശീലനം സംസ്ഥാനത്തെ സർവ്വകലാശാലകളിലെ ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങൾക്ക് നൽകിക്കഴിഞ്ഞു. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലെ പ്രൊഫസറായ ഡോ. എൻ. ജെ. റാവുവിന്റെ നേതൃത്വത്തിലാണ് ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങൾക്ക് പരിശീലനം നൽകിയത്. സംസ്ഥാനത്തെ സ്വയംഭരണ കോളേജുകളിലെ ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങൾക്കുള്ള പരിശീലന പരിപാടികൾ നടന്നുവരുന്നു.

ബിരുദാനന്തര പഠനത്തിന്റെ സമഗ്ര പരിഷ്കരണത്തിന് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ്, ബാംഗ്ലൂർ പ്രൊഫസറായ ഇ. ഡി. ജെമ്മീസിന്റെ അദ്ധ്യക്ഷതയിൽ ഒരു പ്രത്യേക കമ്മിറ്റിക്ക് രൂപം നൽകിയിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് ഈ വിഷയം പരിശോധിക്കുന്നതാണ്.

(സി) കേരള സർവ്വകലാശാലയ്ക്ക് കീഴിൽ ബാച്‌ലർ ഓഫ് ഡിസൈൻ കോഴ്സ്, കൊല്ലം -കുണ്ടറ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി കേരളയിൽ 2013 മുതൽ നടത്തിവരുന്നുണ്ട്. ഈ കോഴ്സിന്റെ ആദ്യ ബാച്ച് 2019-ൽ പ്രസ്തുത കോഴ്സ പൂർത്തിയാക്കും.

BA Visual Arts (Interior Design), BSc. Apparel and Fashion Design, BA Animation & Graphic Design & MA Graphic Design എന്നീ പ്രോഗ്രാമുകൾ മഹാത്മാഗാന്ധി സർവ്വകലാശാല നടത്തുന്നുണ്ട്.

(ഡി) ഉണ്ട്; സംസ്ഥാനത്തെ സർവ്വകലാശാലകൾക്കായി ഏകീകൃത അക്കാദമിക് - പരീക്ഷാ കലണ്ടർ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് പ്രോ-വൈസ് ചാൻസലർമാരെ അംഗങ്ങളാക്കി ഒരു പ്രത്യേക കമ്മിറ്റി ഉന്നതവിദ്യാഭ്യാസ കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി സർവ്വകലാശാല - കോളേജ് തലത്തിലെ അക്കാദമിക് - പരീക്ഷാ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുകയും സമയബന്ധിതമായി പരീക്ഷകളുടെ നടത്തിപ്പും ഫലപ്രഖ്യാപനവും നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

## സർവ്വകലാശാലകളിൽ ഏകീകൃത അഡ്മിഷൻ-പരീക്ഷാ നടത്തിപ്പ്-ഫലപ്രഖ്യാപന സമ്പ്രദായം

181 (3357) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സർവ്വകലാശാലകളുടെ കീഴിലുള്ള കോളേജുകളിലെ പരീക്ഷാനടത്തിപ്പും മൂല്യനിർണ്ണയവും പരിഷ്ക്കരിക്കുന്നതിന് പദ്ധതിയുണ്ടോ; എങ്കിൽ ഇത് എപ്രകാരം നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്താമോ;

(ബി) വിവിധ സർവ്വകലാശാലകൾ ഒരേ കോഴ്സിന് പല സമയങ്ങളിൽ അഡ്മിഷനും പരീക്ഷാനടത്തിപ്പും ഫലപ്രഖ്യാപനവും നടത്തുന്നത് വിദ്യാർത്ഥികളുടെ

തുടർപഠനങ്ങൾക്ക് തടസ്സം സൃഷ്ടിക്കുന്നത് ഒഴിവാക്കാനായി ഒരു ഏകീകൃത അഡ്മിഷൻ-പരീക്ഷാനടത്തിപ്പ് -ഫലപ്രഖ്യാപന രീതി അവലംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) പരീക്ഷാനടത്തിപ്പും മൂല്യനിർണ്ണയവും ഫലപ്രഖ്യാപനവും കുറ്റമറ്റതാക്കുവാനും മൂല്യനിർണ്ണയത്തിൽ വീഴ്ചവരുത്തുന്നവർക്കെതിരെ കർശന ശിക്ഷാനടപടികൾ കൈക്കൊള്ളുവാനുമായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ സർവ്വകലാശാലകളിലും കോളേജുകളിലും ഔട്ട്കം ബെയ്സ്ഡ് എഡ്യൂക്കേഷൻ നടപ്പിലാക്കുന്നതിന് കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങൾക്ക് പരിശീലനം നൽകിവരികയാണ്. ഈ സമ്പ്രദായം നടപ്പിൽ വരുമ്പോൾ പരീക്ഷാനടത്തിപ്പിലും മൂല്യനിർണ്ണയത്തിലും പ്രകടമായ മാറ്റങ്ങൾ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ ബിരുദാനന്തര ബിരുദ പഠനത്തിന്റെ സമഗ്ര പരിഷ്കരണത്തിന് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ്, ബാംഗ്ലൂരിലെ പ്രൊഫസറായ ഡോ. ഇ. ഡി. ജെമ്മീസിന്റെ അദ്ധ്യക്ഷതയിൽ ഒരു പ്രത്യേക കമ്മിറ്റിക്ക് രൂപം നൽകിയിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ ശിപാർശകൾ നടപ്പിലാക്കുമ്പോൾ പരീക്ഷാ നടത്തിപ്പിലും മൂല്യനിർണ്ണയത്തിലും മാറ്റങ്ങൾ വരുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ബി) സംസ്ഥാനത്തെ സർവ്വകലാശാലകൾക്ക് പൊതു അക്കാദമിക് കലണ്ടറും പരീക്ഷാകലണ്ടറും തയ്യാറാക്കുന്നതിന് സർവ്വകലാശാലകളിലെ പ്രോ-വൈസ് ചാൻസലർമാരെ അംഗങ്ങളാക്കി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി അക്കാദമിക് കലണ്ടറും പരീക്ഷാ നടത്തിപ്പും ഫലപ്രഖ്യാപനവും സംബന്ധിച്ചെടുക്കുന്ന തീരുമാനങ്ങൾ സർവ്വകലാശാലകൾ നടപ്പിലാക്കുന്നുണ്ട്. സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കും ഇടപെടലുകൾക്കും അനുസൃതമായി സർവ്വകലാശാലകൾ യഥാസമയം പരീക്ഷാഫലപ്രഖ്യാപനവും പ്രവേശനവും നടത്തുന്ന സ്ഥിതി സംജാതമായിട്ടുണ്ട്.

(സി) മൂല്യനിർണ്ണയത്തിൽ വീഴ്ചവരുത്തുന്ന അദ്ധ്യാപകരുടെ ശമ്പളം തടഞ്ഞുവയ്ക്കുന്നത് ഉൾപ്പെടെയുള്ള അച്ചടക്ക നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.

## സർവ്വകലാശാലകളുടെ അക്രെഡിറ്റേഷൻ

182 (3358) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 അക്കാദമിക വർഷത്തിൽ നാക് അക്രെഡിറ്റേഷൻ ഇല്ലാതെ ഏതെങ്കിലും സർവ്വകലാശാലകൾ സംസ്ഥാനത്ത് പ്രവർത്തിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളിൽ, നാക് അക്രെഡിറ്റേഷനെ ബാധിക്കുന്ന തരത്തിൽ താല്ക്കാലിക അധ്യാപകർക്ക് നിയമനം നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ന്യൂവാൽസ്, തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാല, എ. പി. ജെ. അബ്ദുൾ കലാം ശാസ്ത്ര സാങ്കേതിക സർവ്വകലശാല എന്നീ സർവ്വകലാശാലകൾക്ക് നിലവിൽ നാക് അക്രഡിറ്റേഷൻ ലഭിച്ചിട്ടില്ല. പ്രസ്തുത സർവ്വകലാശാലകൾ നാക് അക്രെഡിറ്റേഷനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## കേരള യൂണിവേഴ്സിറ്റി ആന്വൽ സ്കീം പരീക്ഷാഫലം

183 (3359) ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള യൂണിവേഴ്സിറ്റി ആന്വൽ സ്കീം (PRIVATE REGISTRATION) പരീക്ഷയെഴുതിയ മൂവായിരത്തോളം വിദ്യാർത്ഥികളുടെ പരീക്ഷാഫലം നാളിതുവരെ പ്രസിദ്ധീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പരീക്ഷാഫലം യഥാസമയം പ്രസിദ്ധീകരിക്കാത്തതിനാൽ പി. ജി., ബി. എഡ്., തുടങ്ങി മറ്റു പ്രൊഫഷണൽ കോഴ്സുകളിലേക്ക് ഈ വിദ്യാർത്ഥികൾക്ക് അപേക്ഷിക്കുവാൻ കഴിയാതെവരികയും തൽഫലമായി ഒരു വർഷം നഷ്ടപ്പെടുന്നതും തടയാൻ എന്തെല്ലാം ക്രമീകരണങ്ങളാണ് നടത്തുവാൻ ഉദ്ദേശിക്കുന്നത്;

(സി) 2019 മേയ് മാസത്തിൽ കോഴ്സ്പൂർത്തിയാക്കിയ ഈ വിദ്യാർത്ഥികൾക്ക് 2019-20 അധ്യയനവർഷത്തിൽ തുടർപഠനത്തിനായി അവസരം ലഭിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ഡി) 2018-19 അദ്ധ്യയന വർഷത്തിൽ കോഴ്സ് പൂർത്തിയാക്കിയ ഈ വിദ്യാർത്ഥികൾക്ക് 2019-20 അദ്ധ്യയന വർഷത്തിൽ പി. ജി., ബി.എഡ്. തുടങ്ങിയ കോഴ്സുകളിൽ അപേക്ഷിക്കുവാൻ പ്രസ്തുത കോഴ്സുകളുടെ അഡ്മിഷൻ തീയതി നീട്ടി ഇവർക്ക് അപേക്ഷ നൽകാനുള്ള അവസരം ലഭ്യമാക്കുവാൻ ശ്രമിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പരീക്ഷാഫലം പ്രസിദ്ധീകരിക്കാത്ത വിഷയങ്ങളുടെ മാർക്ക് ലഭിക്കുന്ന മുറയ്ക്ക് അപേക്ഷിക്കുന്ന വിദ്യാർത്ഥികൾക്ക് കോൺഫിഡൻഷ്യൽ മാർക്ക് ലിസ്റ്റ് സ്ഥാപനത്തിലേക്ക് അയച്ചുകൊടുക്കാനുള്ള സംവിധാനം ഉണ്ട്.

(സി & ഡി) ബി.എഡ് കോഴ്സിന് അപേക്ഷിക്കുന്നതിനുള്ള അവസാന തീയതി 20-6-2019 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. കൂടാതെ പി. ജി. അഡ്മിഷന് സപ്ലിമെന്ററി അലോട്ട്മെന്റിന് മുമ്പായി പ്രസ്തുത വിദ്യാർത്ഥികൾക്ക് അവസരം നൽകുന്നതാണ്.

**പരീക്ഷകളുടെ മൂല്യനിർണ്ണയ ക്യാമ്പിൽ എത്താതിരുന്ന അദ്ധ്യാപകർ**

184 (3360) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാലയുടെ ബിരുദ സെമസ്റ്റർ പരീക്ഷകളുടെ മൂല്യനിർണ്ണയ ക്യാമ്പിൽ അദ്ധ്യാപകർ എത്താതിരുന്നത് പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ടോ; ഇതുമൂലം പരീക്ഷാ ഫലപ്രഖ്യാപനം നീണ്ടുപോകാൻ ഇടയായിട്ടുണ്ടോ;

(ബി) മൂല്യനിർണ്ണയം നടത്തുന്നതിൽ വീഴ്ച വരുത്തുന്ന കോളേജ് അദ്ധ്യാപകരുടെ ശമ്പളം തടഞ്ഞ് വയ്ക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എത്ര പേരുടെ ശമ്പളമാണ് ഇപ്രകാരം തടഞ്ഞുവച്ചത്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) മൂല്യനിർണ്ണയം നടത്തുന്നതിൽ വീഴ്ച വരുത്തുന്ന കോളേജ് അദ്ധ്യാപകരുടെ ശമ്പളം തടഞ്ഞ് വയ്ക്കുന്നത് ഉൾപ്പെടെയുള്ള അച്ചടക്ക നടപടികൾ സ്വീകരിക്കുവാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ മൂല്യനിർണ്ണയം നടത്തുന്നതിൽ വീഴ്ച വരുത്തി എന്ന കാരണത്താൽ ഇതുവരെ ഒരു അദ്ധ്യാപകന്റെയും ശമ്പളം തടഞ്ഞുവച്ചിട്ടില്ല.

## അഫ്സൽ ഉൽ ഉലമ പ്രിലിമിനറി പരീക്ഷാമാർക്ക് ലിസ്റ്റുകൾ

185 (3361) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ അഫ്സഉൽ ഉലമ പ്രിലിമിനറി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ച് ആഴ്ചകൾ കഴിഞ്ഞിട്ടും മാർക്ക് ലിസ്റ്റുകൾ പരീക്ഷാകേന്ദ്രങ്ങളിൽ എത്തിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പരീക്ഷ എഴുതിയ വിദ്യാർത്ഥികൾക്ക് വിവിധ യൂണിവേഴ്സിറ്റികളിൽ വിവിധ ഡിഗ്രി കോഴ്സുകൾക്ക് അഡ്മിഷൻ സമയം ആയതിനാൽ സമയബന്ധിതമായി മാർക്ക് ലിസ്റ്റുകൾ പരീക്ഷാകേന്ദ്രങ്ങളിൽ എത്തിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്വീകരിച്ചിട്ടുണ്ട്. അഫ്സൽ ഉൽ ഉലമയുടെ ഫലപ്രഖ്യാപനത്തോടൊപ്പം തന്നെ മാർക്ക് ലിസ്റ്റ് (white print) വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത മാർക്ക് ലിസ്റ്റുകൾ ഉപരിപഠന ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്. അപേക്ഷ നൽകിയ വിദ്യാർത്ഥികൾക്ക് ഈ മാർക്ക് ലിസ്റ്റുകൾ സാക്ഷ്യപ്പെടുത്തി നൽകുന്നുമുണ്ട്.

## കാലിക്കറ്റ് സർവ്വകലാശാലയിലെ ബിരുദ വിദ്യാർത്ഥികൾക്ക് നിർബന്ധിത സാമൂഹ്യ സേവനം

186 (3362) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവ്വകലാശാല ബിരുദ വിദ്യാർത്ഥികൾക്ക് സാമൂഹ്യ സേവനം നിർബന്ധമാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര ദിവസമാണ് പ്രസ്തുത സേവനം അനുഷ്ഠിക്കേണ്ടത്; ഏതൊക്കെ സ്ഥലങ്ങളിൽ എന്ന് അറിയിക്കുമോ;

(സി) സംസ്ഥാനത്തെ മുഴുവൻ കോളേജുകളിലും ബിരുദ വിദ്യാർത്ഥികൾക്ക് സാമൂഹ്യ സേവനം നിർബന്ധമാക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ഡി) ഇത് സംബന്ധിച്ച് ഉന്നത വിദ്യാഭ്യാസ കൗൺസിൽ എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) 2019-ൽ നിലവിൽ വന്ന CBCSS - UG - 2019 റെഗുലേഷൻസ് പ്രകാരം 2019 മുതൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് കാലിക്കറ്റ് യൂണിവേഴ്സിറ്റി സോഷ്യൽ സർവ്വീസ് പ്രോഗ്രാം (CUCCP) നിർബന്ധമാക്കിയിട്ടുണ്ട്.

(ബി) കാലിക്കറ്റ് സർവ്വകലാശാലയിൽ 2019 മുതൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾ 12 ദിവസത്തെ സാമൂഹ്യസേവനം പൂർത്തീകരിക്കേണ്ടതുണ്ട്. ആദ്യത്തെ 4 സെമസ്റ്ററിനുള്ളിൽ (ഓരോ സെമസ്റ്റർ -ൽ 3 ദിവസം വീതം) ഇത് പൂർത്തീകരിക്കണം. കോളേജ് യൂണിയന്റെ പ്രവർത്തനം സോണൽ തലത്തിൽ കലാകായിക പ്രവർത്തനം എന്നിവയിൽ ഏർപ്പെടുന്ന വിദ്യാർത്ഥികൾ 6 ദിവസത്തെ സാമൂഹ്യസേവനം പൂർത്തീകരിച്ചാൽ മതി.

കോളേജ് വിദ്യാർത്ഥികൾ, പഞ്ചായത്ത്/തദ്ദേശഭരണ സ്ഥാപനങ്ങൾ/ ആശുപത്രി/അനാഥമന്ദിരം/വൃദ്ധസദനം/പെയിൻ & പാലിയേറ്റീവ് സെന്റർ/ കോളേജുകൾ നിർദ്ദേശിക്കുന്ന സ്ഥലങ്ങൾ എന്നിവിടങ്ങളിൽ സാമൂഹ്യ സേവനം പൂർത്തിയാക്കാവുന്നതാണ്.

SDE/പ്രൈവറ്റ് വിദ്യാർത്ഥികൾ 6 ദിവസം തദ്ദേശഭരണ സ്ഥാപനങ്ങളിലും 6 ദിവസം ആശുപത്രി/അനാഥമന്ദിരം/വൃദ്ധസദനം/പെയിൻ & പാലിയേറ്റീവ് സെന്റർ എന്നിവിടങ്ങളിലും സാമൂഹ്യസേവനം പൂർത്തീകരിക്കണം.

(സി) പരിശോധിക്കാവുന്നതാണ്.

(ഡി) സോഷ്യൽ സർവ്വീസ് പ്രോഗ്രാം സംസ്ഥാനത്തെ മറ്റ് യൂണിവേഴ്സിറ്റികളിലേക്കും വ്യാപിപ്പിക്കണമെന്ന കൗൺസിലിന്റെ ശിപാർശ ബന്ധപ്പെട്ട സർവ്വകലാശാലകളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

## എം.ജി. സർവ്വകലാശാലയിലെ പുതിയ ബിരുദ-ബിരുദാനന്തര കോഴ്സുകൾ

187 (3363) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം. ജി. സർവ്വകലാശാലയുടെ കീഴിലുള്ള കോളേജുകളിൽ പുതിയ ബിരുദ-ബിരുദാനന്തര കോഴ്സുകൾ ആരംഭിക്കുവാൻ സർവ്വകലാശാല സിൻഡിക്കേറ്റ് തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) ഏതൊക്കെ കോളേജുകളിലാണ് പുതിയ കോഴ്സുകൾ ആരംഭിക്കുന്നത് വിശദാംശം നൽകുമോ;

(സി) ബിരുദ കോഴ്സുകൾക്ക് എം.ജി. സർവ്വകലാശാല ചോദ്യ ബാങ്ക് സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ടോ; അത് വിജയപ്രദമാണോ;

(ഡി) എങ്കിൽ ഇത് ബിരുദാനന്തരബിരുദ കോഴ്സുകൾക്ക് കൂടി നടപ്പിലാക്കുവാൻ തീരുമാനിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പുതിയ കോഴ്സുകൾ/ബാച്ചുകൾ/സീറ്റ് വർദ്ധനവ് എന്നിവ അനുവദിക്കുന്നതിനായി മഹാത്മാഗാന്ധി സർവ്വകലാശാല സിൻഡിക്കേറ്റ് തീരുമാനം എടുത്തിട്ടുള്ള കോളേജുകളുടെ ലിസ്റ്റ് അനുബന്ധമായി* ചേർത്തിരിക്കുന്നു.

(സി) ഉണ്ട്; വിജയപ്രദമാണ്.

(ഡി) ബിരുദാനന്തരബിരുദ കോഴ്സുകൾക്ക് കൂടി ഇത് നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

## മഹാത്മാഗാന്ധി സർവ്വകലാശാല കോഴ്സുകൾ

188 (3364) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിൽ ഉള്ള പാഠ്യപദ്ധതികൾ/ കോഴ്സുകൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിൽ എത്ര കോളേജുകൾ ഉണ്ട്; കണക്കുകൾ ലഭ്യമാക്കുമോ;

(സി) മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിൽ എത്ര ഓഫ് കാമ്പസ് സെന്ററുകൾ ഉണ്ട്; എവിടെയൊക്കെയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.

(സി) മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിൽ നിലവിൽ ഓഫ് കാമ്പസ് സെന്ററുകൾ ഇല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കേരള സർവ്വകലാശാലയിൽ ബൈൻഡർ തസ്തിക

189 (3365) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാലയിൽ ബൈന്റർ ഗ്രേഡ് II തസ്തിക നിലവിലുണ്ടോ; ഉണ്ടെങ്കിൽ പ്രസ്സിൽ എത്ര പേർ; സർവ്വകലാശാലയുടെ കീഴിൽ എത്ര പേർ; വിശദമാക്കുമോ;

(ബി) കേരള സർവ്വകലാശാലയിൽ സർക്കാർ അംഗീകരിച്ച എത്ര ബൈന്റർ തസ്തികകൾ നിലവിൽ ഉണ്ട്;

(സി) പ്രസ്തുത തസ്തികയിൽ പി.എസ്.സി. വഴി നിയമനം ലഭിച്ച എത്രപേർ ജോലി ചെയ്യുന്നു; അവസാനമായി പി.എസ്.സി. വഴി നിയമനം നൽകിയത് എന്ന്; നിലവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയും ദിവസവേതന അടിസ്ഥാനത്തിലും എത്ര പേർ ജോലി നോക്കി വരുന്നുവെന്ന് അറിയിക്കാമോ;

(ഡി) മറ്റ് തസ്തികയിൽനിന്നും പ്രൊമോഷൻ വഴിയോ തസ്തിക മാറ്റം വഴിയോ ബൈന്റർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ടോ; എങ്കിൽ എണ്ണം വ്യക്തമാക്കാമോ; 2017-18 വർഷം ബൈന്റർ തസ്തികയുടെ നിയമനത്തെ സംബന്ധിച്ച് കേരള ഗവൺമെന്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ് കണ്ടെത്തിയ പരാമർശത്തിന്റെ ഖണ്ഡികയുടെ പകർപ്പ് നൽകാമോ?

ഉത്തരം

(എ) കേരള സർവ്വകലാശാലയുടെ കീഴിലുള്ള സർവ്വകലാശാലാ പ്രസ്സിൽ 14 (പതിനാല്) ബൈൻഡർ ഗ്രേഡ് II തസ്തികകൾ നിലവിലുണ്ട്. ടി തസ്തികയിൽ സ്ഥിരം ജീവനക്കാർ ഇല്ല.

(ബി) 29 തസ്തികകൾ.

(സി) പി.എസ്.സി. നിയമനം തുടങ്ങിയിട്ടില്ല. ദിവസവേതന അടിസ്ഥാനത്തിൽ 18 പേർ ജോലി ചെയ്യുന്നു.

(ഡി) ഇല്ല. ആഡിറ്റ് പരാമർശത്തിന്റെ പകർപ്പ് ഇതോടൊപ്പം അനുബന്ധമായി* ചേർത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സർവ്വകലാശാലകളിൽ അദ്ധ്യാപക തസ്തികകൾ

190 (3366) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളിലെ അധ്യാപക തസ്തികകൾ എത്രയാണെന്ന് അറിയിക്കുമോ; പ്രസ്തുത തസ്തികകളിൽ സ്ഥിരം അധ്യാപകർ എത്രയാണെന്നും താല്ക്കാലിക അധ്യാപകർ എത്രയാണെന്നും വ്യക്തമാക്കുമോ;

(ബി) സർവ്വകലാശാലകളിലെ അധ്യാപക തസ്തികകളിലെ നിയമനങ്ങൾ പി.എസ്.സി.വഴിയാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കുമോ?

### ഉത്തരം

(എ) വിവിധ സർവ്വകലാശാലകളിലെ അദ്ധ്യാപക തസ്തികകൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. കേരള സർവ്വകലാശാല

| | |
|---|---|
| അദ്ധ്യാപക തസ്തികകൾ ആകെ | - 298 |
| സ്ഥിരം അദ്ധ്യാപകർ | - 177 |
| താൽക്കാലിക അദ്ധ്യാപകർ | - 57 |

2. കാലിക്കറ്റ് സർവ്വകലാശാല

| | |
|---|---|
| അദ്ധ്യാപക തസ്തികകൾ ആകെ | - 242 |
| സ്ഥിരം അദ്ധ്യാപകർ | - 124 |
| താൽക്കാലിക അദ്ധ്യാപകർ (കോൺട്രാക്റ്റ് ബേസിസ്) | - 72 |

3. എം.ജി. സർവ്വകലാശാല

| | |
|---|---|
| അദ്ധ്യാപക തസ്തികകൾ ആകെ | - 127 |
| സ്ഥിരം അദ്ധ്യാപകർ | - 87 |
| താൽക്കാലിക അദ്ധ്യാപകർ | - 53 |

4. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല

| | |
|---|---|
| അദ്ധ്യാപക തസ്തികകൾ ആകെ | - 302 |
| സ്ഥിരം അദ്ധ്യാപകർ | - 157 |
| താൽക്കാലിക അദ്ധ്യാപകർ | - 36 |

5. ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല

| | |
|---|---|
| അദ്ധ്യാപക തസ്തികകൾ ആകെ | - 220 |
| സ്ഥിരം അദ്ധ്യാപകർ | - 162 |
| താൽക്കാലിക അദ്ധ്യാപകർ | - 252 |

6. കണ്ണൂർ സർവ്വകലാശാല

| | |
|---|---|
| സ്ഥിര അദ്ധ്യാപക തസ്തികകൾ ആകെ | - 96 |
| സ്ഥിരം അദ്ധ്യാപകർ | - 53 |
| 43 സ്ഥിര തസ്തികയിലും 119 താൽക്കാലിക തസ്തികയിലുമായി താൽക്കാലിക അദ്ധ്യാപകർ | - 162 |

7. ന്യൂവാൽസ് സർവ്വകലാശാല

| | |
|---|---|
| അദ്ധ്യാപക തസ്തികകൾ ആകെ | - 16 |
| സ്ഥിരം അദ്ധ്യാപകർ | - 12 |
| താൽക്കാലിക അദ്ധ്യാപകർ | - 1 |

8. മലയാളം സർവ്വകലാശാല

| | |
|---|---|
| അദ്ധ്യാപക തസ്തികകൾ ആകെ | - 40 |
| സ്ഥിരം അദ്ധ്യാപകർ | - 28 |
| താൽക്കാലിക അദ്ധ്യാപകർ | - 12 |

9. എ. പി. ജെ. അബ്ദുൾ കലാം സർവ്വകലാശാല

അസിസ്റ്റന്റ് പ്രൊഫസർ, അസ്സോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ തസ്തികകളിൽ 40 തസ്തികകൾ സർക്കാർ സൃഷ്ടിച്ചിട്ടുണ്ട്. 2015-ൽ ആരംഭിച്ച ഈ സർവ്വകലാശാലയിൽ ഡിപ്പാർട്ടുമെന്റുകൾ ആരംഭിക്കാത്തതിനാൽ അദ്ധ്യാപക തസ്തികയിൽ നിയമനം നടത്തിയിട്ടില്ല.

(ബി) സർവ്വകലാശാലയിലെ അദ്ധ്യാപക നിയമനം പി.എസ്.സി. വഴിയാക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

**ഹാജിമാർക്കും മദ്രസ്സകൾക്കും നൽകിവരുന്ന സേവനങ്ങൾ**

191 (3367) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിന്നും ഹജ്ജ് തീർത്ഥാടനത്തിന് പോകുന്നവർക്കായി സർക്കാർ നൽകിവരുന്ന സേവനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ മദ്രസ്സകളുടെ പ്രവർത്തനങ്ങൾക്കായി സർക്കാർ നൽകിവരുന്ന സേവനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ)

- അപേക്ഷ സ്വീകരിക്കുന്നതു മുതൽ ഹജ്ജ് കഴിഞ്ഞ് മടങ്ങി വരുന്നതുവരെ കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി തീർത്ഥാടകരെ സഹായിക്കുന്നു.
- ഹജ്ജ് ട്രെയിനർമാരെ നിയമിച്ച് 3 ഘട്ടങ്ങളിലായി തീർത്ഥാടകർക്കായി ഹജ്ജ് ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു.
- ഹജ്ജ് യാത്രയ്ക്ക് മുമ്പായി തീർത്ഥാടകർക്ക് ആരോഗ്യ വകുപ്പ് മുഖാന്തരം ഫ്രീ വാക്സിനേഷൻ ചെയ്തുകൊടുക്കുന്നു.
- തീർത്ഥാടകരുടെ ഹജ്ജ് യാത്രയ്ക്കുള്ള വിസ, എമിഗ്രേഷൻ, വിമാന ടിക്കറ്റ്, വിദേശയാത്രാ ചട്ടങ്ങൾ പ്രകാരമുള്ള മറ്റു രേഖകൾ എന്നിവ തരപ്പെടുത്തുന്നതിനായി മുംബൈ ഹജ്ജ് കമ്മിറ്റി ഓഫ് ഇന്ത്യയുമായി ബന്ധപ്പെട്ട് നടപടി കൈക്കൊള്ളുന്നു.
- തീർത്ഥാടകർക്കായി ഹജ്ജ് ക്യാമ്പ് സംഘടിപ്പിക്കുന്നു. ഹജ്ജ് യാത്രയ്ക്ക് 24 മണിക്കൂർ മുമ്പായി തീർത്ഥാടകരെ ഹജ്ജ് ക്യാമ്പിൽ താമസിപ്പിച്ച് ആവശ്യമായ ഒരുക്കങ്ങൾ, സജ്ജീകരണങ്ങൾ, ലഗേജ് ക്രമീകരണം എന്നിവ ചെയ്തുകൊടുക്കുന്നു.
- തീർത്ഥാടകരുടെ യാത്രാ സംബന്ധമായ രേഖകൾ പരിശോധിക്കുന്നതിനും ക്രമപ്പെടുത്തുന്നതിനുമായി ഉന്നത ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ അറുപതോളം സംസ്ഥാന സർക്കാർ ജീവനക്കാരുടെ ഹജ്ജ് സെൽ രൂപീകരിച്ച് ഹജ്ജ് ക്യാമ്പിൽ പ്രവർത്തിക്കുന്നു.
- സൗദി അറേബ്യയിലെ സേവനത്തിനായി 200 ഹാജിമാർക്ക് ഒരാൾ എന്ന നിലയിൽ ഹജ്ജ് വോളണ്ടിയർമാരായി സംസ്ഥാന സർക്കാർ ജീവനക്കാരെ തെരഞ്ഞെടുത്ത് തീർത്ഥാടകരുടെ കൂടെ അയയ്ക്കുന്നു. ട്രെയിനർമാർക്ക് ആവശ്യമായ പരിശീലനം കേന്ദ്ര ഹജ്ജ് കമ്മിറ്റി ബോംബെയിൽ വെച്ചും സംസ്ഥാന ഹജ്ജ് കമ്മിറ്റി ഹജ്ജ് ഹൗസിൽ വെച്ചും നൽകിവരുന്നു.
- സൗദി അറേബ്യയിലെ ഹാജിമാരുടെ സൗകര്യങ്ങൾ നിരീക്ഷിക്കുന്നതിനും ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുമായി ഹജ്ജ് സമയത്ത് 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെസ്ക് ഹജ്ജ് കമ്മിറ്റി ഓഫീസിൽ പ്രവർത്തിക്കുന്നു.

(ബി) മദ്രസ്സകളുടെ പ്രവർത്തനത്തിനായി സംസ്ഥാന സർക്കാർ സാമ്പത്തിക സഹായമൊന്നും നൽകുന്നില്ല. എന്നാൽ മദ്രസ്സാദ്ധ്യാപകരുടെ ക്ഷേമത്തിനായി സാമൂഹ്യക്ഷേമ വകുപ്പിനുകീഴിൽ മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബോർഡ് പ്രവർത്തിച്ചുവരുന്നുണ്ട്. എസ്.പി.ക്യൂ.ഇ.എം. (മദ്രസ്സ വിദ്യാഭ്യാസം ആധുനികവൽക്കരിക്കുക) എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് 2013-14 വർഷംവരെ പൊതുവിദ്യാഭ്യാസ വകുപ്പിന് കേന്ദ്രസർക്കാരിൽ നിന്ന് ഫണ്ട് ലഭ്യമായിരുന്നു. പ്രസ്തുത വർഷത്തിനുശേഷം ഫണ്ടുകൾ ഒന്നും തന്നെ മദ്രസ്സ വിദ്യാഭ്യാസ വികസനവുമായി ബന്ധപ്പെട്ട് പൊതുവിദ്യാഭ്യാസ വകുപ്പിന് ലഭ്യമായിട്ടില്ല.

## ഹാജിമാർക്ക് ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ

192 (3368) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരിപ്പൂർ ഹജ്ജ് ഹൗസിൽ ഹാജിമാർക്ക് ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ വിശദീകരിക്കാമോ;

(ബി) നാല് വർഷത്തെ ഇടവേളയ്ക്കുശേഷം ഹജ്ജ് ക്യാമ്പ് വീണ്ടും സജ്ജീകരിക്കുമ്പോൾ ഹാജിമാർക്കുണ്ടാകുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) കേരളത്തിലെ ഹാജിമാരുടെ യാത്ര ഇന്ത്യയിൽനിന്നും പുറപ്പെടുന്ന ആദ്യത്തെ ബാച്ചിൽ ഉൾപ്പെടുത്തുവാൻ നടപടി കൈക്കൊണ്ടിട്ടുണ്ട്. കോഴിക്കോട് എയർപോർട്ടിൽ ഹാജിമാർക്ക് വേണ്ട എല്ലാവിധ സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിനായി കോഴിക്കോട് എയർപോർട്ട് അധികൃതരുമായി ബന്ധപ്പെട്ട് നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. തീർത്ഥാടകരുടെ സേവനത്തിനായി 2019 ഹജ്ജ് ക്യാമ്പിലേക്ക് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും 200-ഓളം ക്യാമ്പ് വോളണ്ടിയർമാരെ തെരഞ്ഞെടുത്തിട്ടുണ്ട്. ഹജ്ജ് ക്യാമ്പ് സംഘടിപ്പിക്കുന്നതിന് വിവിധ ഡിപ്പാർട്ട്മെന്റുകളുടെ സഹകരണവും സേവനങ്ങളും നൽകുന്നതിന് എക്സിക്യൂട്ടീവ് ഓഫീസറായ മലപ്പുറം ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. തീർത്ഥാടകരുടെ സുഗമമായ യാത്രയ്ക്കായി 2019-ലെ ഹജ്ജ് ക്യാമ്പ് സംഘടിപ്പിക്കുന്നതിനായി ഏകദേശം 200-ഓളം പേരടങ്ങിയ സംഘാടക

സമിതി രൂപീകരിച്ചിട്ടുണ്ട്. തീർത്ഥാടകർക്ക് സൗദി അറേബ്യയിൽ സേവനം ലഭ്യമാക്കുന്നതിനായി 6 സ്ത്രീകൾ ഉൾപ്പെടെ തെരഞ്ഞെടുക്കപ്പെട്ട 62 സർക്കാർ ജീവനക്കാരെ ഹജ്ജ് വോളണ്ടിയർമാരായി അവരുടെ കൂടെ അയയ്ക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഉന്നത ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ തീർത്ഥാടകരുടെ യാത്ര സംബന്ധമായ രേഖകൾ പരിശോധിക്കുന്നതിനും ക്രമപ്പെടുത്തുന്നതിനുമായി അറുപതോളം സംസ്ഥാന സർക്കാർ ജീവനക്കാരെ ഉൾപ്പെടുത്തി ഹജ്ജ് സെൽ രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ബി) സംസ്ഥാന സർക്കാരിന്റെയും ഹജ്ജ് കമ്മിറ്റിയുടെയും പരിശ്രമഫലമായി കരിപ്പൂരിൽ ഹജ്ജ് എംബാർക്കേഷൻ തിരികെ ലഭിച്ചതിനാൽ ആവശ്യമായ എല്ലാ സജ്ജീകരണങ്ങളും സംവിധാനങ്ങളും ഏർപ്പെടുത്തി തീർത്ഥാടകർക്ക് യാതൊരു വിധ പ്രായോഗിക ബുദ്ധിമുട്ടും വരാതിരിക്കുവാൻ നടപടി സ്വീകരിച്ചുവരികയാണ്.

## ന്യൂനപക്ഷ വിഭാഗങ്ങൾ

193 (3369) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ന്യൂനപക്ഷ വിഭാഗമായി ഏതൊക്കെ സമുദായങ്ങളാണ് ഉള്ളത്; ഇത് ജനസംഖ്യയുടെ എത്ര ശതമാനം വരുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ക്രിസ്ത്യൻ, മുസ്ലീം, ബുദ്ധ, സിഖ്, പാഴ്സി, ജൈന വിഭാഗങ്ങളെയാണ് സംസ്ഥാനത്ത് ന്യൂനപക്ഷ വിഭാഗങ്ങളായി കണക്കാക്കുന്നത്. ആയത് ജനസംഖ്യയുടെ എത്ര ശതമാനം വരുമെന്ന് കണക്കാക്കിയിട്ടില്ല.

## ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള സേവനങ്ങൾ/സ്കോളർഷിപ്പുകൾ

194 (3370) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന സ്കൂൾ വിദ്യാർത്ഥികൾക്കായി ന്യൂനപക്ഷക്ഷേമ വകുപ്പ് നൽകിവരുന്ന സേവനങ്ങൾ/സ്കോളർഷിപ്പുകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന കോളേജ് വിദ്യാർത്ഥികൾക്കായി ന്യൂനപക്ഷ ക്ഷേമ വകുപ്പ് നൽകിവരുന്ന സേവനങ്ങൾ/സ്കോളർഷിപ്പുകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് വിദേശത്ത് പോയി പഠനം നടത്തുവാൻ ന്യൂനപക്ഷ ക്ഷേമ വകുപ്പ് നൽകിവരുന്ന സഹായങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ)

1. 10/+2/വി.എച്ച്.എസ്.സി. പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ+ ഗ്രേഡ് നേടുന്ന (സർക്കാർ/എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിച്ച) വിദ്യാർത്ഥികൾക്ക് 10,000 രൂപ വീതം നൽകുന്ന പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് പദ്ധതി.

2. ഉറുദു ഒന്നാംഭാഷയായി പഠിച്ച് എസ്.എസ്.എൽ.സി., ഹയർസെക്കണ്ടറി പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും എ+ ഗ്രേഡ് നേടുന്ന വിദ്യാർത്ഥികൾക്ക് 1,000 രൂപ വീതം ക്യാഷ് അവാർഡ് നൽകുന്ന പദ്ധതി.

3. വിദ്യാർത്ഥികളുടെ വ്യക്തിത്വ വികസനത്തിനും ശരിയായ കരിയർ തെരഞ്ഞെടുക്കുന്നതിനുമായി ഹൈസ്കൂൾ, ഹയർ സെക്കണ്ടറി ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സൗജന്യ കരിയർ ഗൈഡൻസ് പരിശീലനം നൽകുന്ന പദ്ധതി.

(ബി)

1. ബിരുദത്തിന് 80 ശതമാനവും ബിരുദാനന്തര ബിരുദത്തിന് 75 ശതമാനവും മാർക്ക് നേടിയ (സർക്കാർ/എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിച്ച) വിദ്യാർത്ഥികൾക്ക് 15,000 രൂപ വീതം നൽകുന്ന പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് പദ്ധതി.

2. ബിരുദ/ബിരുദാനന്തര ബിരുദ/പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന മുസ്ലീം വിഭാഗത്തിലെ പെൺകുട്ടികൾക്ക് നൽകിവരുന്ന സി.എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പ് പദ്ധതി. ഇതിൽ ആകെ എണ്ണത്തിന്റെ 20 ശതമാനം ലത്തീൻ കത്തോലിക്കാ/പരിവർത്തിത ക്രൈസ്തവ

വിഭാഗത്തിലെ പെൺകുട്ടികൾക്കും നൽകിവരുന്നു. ബിരുദത്തിന് 5,000 രൂപയും ബിരുദാനന്തര ബിരുദത്തിന് 6,000 രൂപയും പ്രൊഫഷണൽ കോഴ്സുകൾക്ക് 7,000 രൂപയും ഹോസ്റ്റൽ സ്റ്റൈപന്റ് 13,000 രൂപയും നൽകിവരുന്നു.

3. സർക്കാർ അംഗീകൃത പ്രൈവറ്റ് ഐ.ടി.ഐ.-കളിൽ ഒന്ന്/രണ്ട് വർഷത്തെ കോഴ്സുകൾക്ക് പഠിക്കുന്ന ബി.പി.എൽ. വിഭാഗത്തിലെ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് യഥാക്രമം 10,000 രൂപ 20,000 രൂപ വീതം കോഴ്സ് ഫീസ് റീ-ഇംബേഴ്സ് ചെയ്ത് നൽകുന്ന പദ്ധതി.

4. ചാർട്ടേഡ് അക്കൗണ്ടൻസി/കോസ്റ്റ് & വർക്ക് അക്കൗണ്ടൻസി/ കമ്പനി സെക്രട്ടറിഷിപ്പ് കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 15,000 രൂപ വീതം സ്കോളർഷിപ്പ് നൽകുന്ന പദ്ധതി.

5. സർക്കാർ/സർക്കാർ അംഗീകൃത പോളിടെക്നിക്കുകളിൽ മൂന്നുവർഷ ഡിപ്ലോമ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 6000 രൂപ വീതം നൽകുന്ന ഡോ. എ. പി. ജെ. അബ്ദുൾ കലാം സ്കോളർഷിപ്പ് പദ്ധതി.

6. സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിൽ നഴ്സിംഗ്/പാരാമെഡിക്കൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 15,000 രൂപ വീതം നൽകുന്ന മദർ തെരേസ സ്കോളർഷിപ്പ് പദ്ധതി.

(സി) വിദേശത്തുപോയി പഠനം നടത്തുന്നതിന് വിദ്യാർത്ഥികൾക്ക് ന്യൂനപക്ഷക്ഷേമ വകുപ്പ് നിലവിൽ സഹായങ്ങൾ നൽകുന്നില്ല.

## ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്

195 (3371) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡോ. എ. പി. ജെ. അബ്ദുൽകലാം സ്കോളർഷിപ്പ് ഏതെല്ലാം കോഴ്സുകൾ പഠിക്കുന്ന ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കാണ് നൽകി വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്കോളർഷിപ്പ് തുക എത്രയാണ്;

(സി) ഇതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സർക്കാർ/സർക്കാർ അംഗീകൃത പോളിടെക്നിക്കുകളിൽ മൂന്നുവർഷ ഡിപ്ലോമ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ഡോ. എ. പി. ജെ. അബ്ദുൾ കലാം സ്കോളർഷിപ്പ് നൽകിവരുന്നത്.

(ബി) 6,000 രൂപയാണ് ഒരു വിദ്യാർത്ഥിക്ക് നൽകുന്ന സ്കോളർഷിപ്പ് തുക.

(സി)

1. സർക്കാർ/എയ്ഡഡ് പോളിടെക്നിക്കുകളിൽ മെരിറ്റ് സീറ്റിൽ പ്രവേശനം നേടിയിട്ടുള്ളതും വരുമാന പരിധി 8 ലക്ഷം രൂപയിൽ താഴെയുള്ളവരുമായ ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെടുന്നവർക്കാണ് അപേക്ഷിക്കുന്നതിന് അർഹത. സർക്കാർ അംഗീകൃത സെൽഫ് ഫിനാൻസിംഗ് പോളിടെക്നിക്കുകളിൽ മെരിറ്റ് സീറ്റിൽ പ്രവേശനം ലഭിച്ചവർക്കും സ്കോളർഷിപ്പിന് അപേക്ഷിക്കാവുന്നതാണ്.

2. രണ്ടാം വർഷ/മൂന്നാം വർഷ വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പിന് അപേക്ഷിക്കാവുന്നതാണ്. സ്കോളർഷിപ്പ് ഒറ്റത്തവണ മാത്രമേ ലഭിക്കുകയുള്ളൂ.

3. കുറഞ്ഞ വരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് തെരഞ്ഞെടുപ്പ്. ബി.പി.എൽ. വിഭാഗത്തിന് മുൻഗണന നൽകുന്നതാണ്. ഇവരുടെ അഭാവത്തിൽ 8 ലക്ഷം രൂപ വാർഷിക വരുമാന പരിധിയിൽ താഴെയുള്ളവരെ പരിഗണിക്കുന്നതാണ്.

4. മുസ്ലീം വിഭാഗത്തിനും മറ്റ് ന്യൂനപക്ഷ മതവിഭാഗത്തിനും 80:20 അനുപാതത്തിലാണ് സ്കോളർഷിപ്പ് അർഹത. 30 ശതമാനം സ്കോളർഷിപ്പുകൾ പെൺകുട്ടികൾക്കായി സംവരണം ചെയ്തിരിക്കുന്നു.

**ഇമ്പിച്ചിബാവ ഭവന നിർമ്മാണ/പുനരുദ്ധാരണ പദ്ധതി**

196 (3372) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇമ്പിച്ചിബാവ ഭവന നിർമ്മാണ/പുനരുദ്ധാരണ പദ്ധതിയുടെ ആനുകൂല്യം നാളിതുവരെ എത്ര പേർക്ക് ലഭ്യമായിട്ടുണ്ടെന്ന് ജില്ലകൾ തിരിച്ച് വ്യക്തമാക്കാമോ;

(ബി) പദ്ധതി നടപ്പാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഇമ്പിച്ചിബാവ ഭവന നിർമ്മാണ/പുനരുദ്ധാരണ പദ്ധതിക്കായി നാളിതുവരെ തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) പ്രസ്തുത പദ്ധതിയിൽ അതത് സാമ്പത്തിക വർഷം ജില്ലാ കളക്ടറേറ്റ് വഴി ലഭ്യമാകുന്ന അപേക്ഷകളിൽ അതത് ജില്ലകളിൽ ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റിലെ പ്രോജക്ട് ആഫീസർ ചെയർമാനായുള്ള ജില്ലാതല സെലക്ഷൻ കമ്മിറ്റി കൂടുകയും അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി അപേക്ഷകളിന്മേൽ ഫീൽഡ് വെരിഫിക്കേഷനടക്കമുള്ള നടപടിക്രമങ്ങൾ ശിപാർശ ചെയ്യുകയും ചെയ്യുന്നു. തുടർന്ന് ഫീൽഡ് വെരിഫിക്കേഷൻ പൂർത്തിയാക്കുന്ന മുറയ്ക്ക് ജില്ലകൾ അർഹരായ ഗുണഭോക്താക്കളുടെ അന്തിമലിസ്റ്റ് തയ്യാറാക്കി ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഡയറക്ടറുടെ അംഗീകാരത്തോടുകൂടി ടി ലിസ്റ്റിലെ മുൻഗണനാ ക്രമത്തിൽ തെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കളുമായി കരാർ ഉടമ്പടി ഒപ്പ് വയ്ക്കുന്നു. തുടർന്ന് ആകെ തുകയുടെ ഒന്നാം ഗഡുവായ 20 ശതമാനം തുക വീടിന്റെ അടിസ്ഥാനം പൂർത്തീകരിക്കുന്നതിലേക്കായി മുൻകൂറായി അനുവദിക്കുകയും ആയത് പൂർത്തീകരിച്ച് വില്ലേജ് ആഫീസറുടെ സ്റ്റേജ് സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിനനുസരിച്ച് രണ്ടാം ഗഡുവായ 50 ശതമാനം തുകയും വീടിന്റെ മേൽക്കൂര വരെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിലേക്കായി അനുവദിക്കുന്നു. ആയത് പൂർത്തീകരിച്ച് വില്ലേജ് ആഫീസറുടെ സ്റ്റേജ് സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതോടെ അവസാന ഗഡുവായ 30 ശതമാനം തുകയും കക്കൂസ് നിർമ്മാണം, വൈദ്യുതീകരണം, ജനലുകൾ/വാതിലുകൾ ഉറപ്പിക്കുന്നതടക്കമുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് അനുവദിക്കുന്നു. എന്നാൽ ലൈഫ് പദ്ധതി വന്നതിനുശേഷം 2017-18 വർഷം മുതലുള്ള പദ്ധതിയിൽ 10:40:40:10 എന്ന അനുപാതത്തിലാണ് സ്റ്റേജ് സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് ആനുകൂല്യം നൽകിവരുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെട്ട വിധവ/വിവാഹബന്ധം വേർപെടുത്തിയ/ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുള്ള ഭവന നിർമ്മാണ പദ്ധതിയാണ് ഇമ്പിച്ചി ബാവ ഭവന നിർമ്മാണ/പുനരുദ്ധാരണ പദ്ധതി. ഇതിനായി താഴെ പറയുന്ന വിഭാഗത്തിൽപ്പെട്ടവർക്ക് മുൻഗണന നൽകുന്നു:

1. അപേക്ഷക/അപേക്ഷകയുടെ മക്കൾ മാനസിക-ശാരീരിക വെല്ലുവിളി നേരിടുന്നവരാണെങ്കിൽ
2. മൈനറായ മക്കളുള്ള അപേക്ഷകർ
3. പെൺകുട്ടികൾ മാത്രമുള്ള അപേക്ഷകർ
4. ബി.പി.എൽ. കുടുംബത്തിൽപ്പെട്ടവർ
5. 40-55 പ്രായത്തിനിടയിലുള്ള അപേക്ഷകർ
6. ഏകവരുമാനദായക അപേക്ഷകർ
7. സ്വന്തം പേരിൽ കുറഞ്ഞത് രണ്ട് സെന്റ് സ്ഥലം ഉള്ളവർ
8. ക്യാൻസർ, കിഡ്നി പ്രശ്നം, ലിവർ സിറോസിസ്, തളർവാതം തുടങ്ങിയ അസുഖങ്ങളുള്ള അപേക്ഷകർ
9. അപേക്ഷകയുടെ മക്കൾക്ക് മേൽപ്പറഞ്ഞ അസുഖങ്ങളുള്ളവരാണെങ്കിൽ
10. അപേക്ഷകയുടെ പരമാവധി വസ്തു വിസ്തീർണ്ണം 25 സെന്റ് വരെയായിരിക്കണം.

## ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽ ജനറൽ മാനേജർ നിയമനം

197 (3373) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-നുശേഷം സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽ ജനറൽ മാനേജർ തസ്തികയിലേക്ക് ഡെപ്യൂട്ടേഷൻ നിയമനത്തിന് ഇന്റർവ്യൂ നടത്തിയിരുന്നോ;

(ബി) എങ്കിൽ എത്ര പേരാണ് ഇന്റർവ്യൂവിൽ പങ്കെടുത്തത്; അവർ ഓരോരുത്തരുടെയും യോഗ്യതകൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(സി) ഇന്റർവ്യൂവിന് ക്ഷണിച്ചവരിൽ സി.ബി.ഐ. കേസിലും വിജിലൻസ് കേസിലും ഉൾപ്പെട്ട വ്യക്തി ഉണ്ടായിരുന്നോ;

(ഡി) ഉന്നത തസ്തികയിലേക്കുള്ള നിയമനങ്ങൾക്ക് വിജിലൻസ് ക്ലിയറൻസ് നിലവിൽ നിർബന്ധമാണോ; എങ്കിൽ ഏത് സാഹചര്യത്തിലാണ് കേസുള്ള വ്യക്തിയെ ഇന്റർവ്യൂവിന് ക്ഷണിച്ചതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇന്റർവ്യൂ നടത്തിയിരുന്നു.

(ബി) 5 പേർ. അവരുടെ യോഗ്യതാ വിവരങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(സി) വിവരം ലഭ്യമല്ല.

(ഡി) ഉന്നത തസ്തികയിലെ നിയമനത്തിന് വിജിലൻസ് ക്ലിയറൻസ് നിർബന്ധമാണ്. നിയമനം നടത്തുന്നതിന് മുൻപാണ് വിജിലൻസ് ക്ലിയറൻസ് വാങ്ങുന്നത്.

## രൂപമാറ്റം വരുത്തിയ വാഹനങ്ങൾ

198 (3374) <u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രൂപമാറ്റം വരുത്തിയ വാഹനങ്ങൾമൂലം ഉണ്ടാകുന്ന അപകടങ്ങൾ വർദ്ധിച്ചു വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം വാഹനങ്ങളുടെ ഉപയോഗം തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത വാഹനങ്ങൾക്ക് ചുമത്തിയ പിഴ ഇനത്തിൽ കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ എത്ര തുക ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) മറ്റ് വാഹനങ്ങളെപ്പോലെ രൂപമാറ്റം വരുത്തിയ വാഹനങ്ങളും റോഡപകടങ്ങൾക്ക് കാരണമാകുന്നതായും അപകടങ്ങളിൽ ഉൾപ്പെടുന്നതായും കണ്ടെത്തിയിട്ടുണ്ട്.

(ബി) ഇത്തരത്തിലുള്ള വാഹനങ്ങളുടെ ഉപയോഗം ഉൾപ്പെടെയുള്ള നിയമലംഘനങ്ങൾ തടയുന്നതിനും അപകടങ്ങൾ കുറയ്ക്കുന്നതിനുമായി "സേഫ് കേരള" എന്ന പേരിൽ കേരള ഗവൺമെന്റ് പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 24 മണിക്കൂറും പ്രവർത്തിക്കുന്ന 85 സ്ക്വാഡുകൾ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു. കൂടാതെ, മോട്ടോർ വാഹന വകുപ്പിന് കീഴിലുള്ള 11 ഇന്റർസെപ്റ്ററുകൾ ഇത്തരം കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിന് ഉപയോഗിച്ചുവരുന്നു.

(സി) കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ ഇത്തരം വാഹനങ്ങളിൽനിന്നും 79,41,760 രൂപ പിഴയിനത്തിൽ ഈടാക്കിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വാഹന പരിശോധനാ സമയത്ത് പ്രായമായവരോടുള്ള ഉദ്യോഗസ്ഥ സമീപനം

199 (3375) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പ് തെരുവുകളിൽ വാഹന പരിശോധന നടത്തുമ്പോൾ വൃദ്ധരായ വാഹന ഉടമകളോട് മൃദുസമീപനത്തോടെ മാത്രമേ ഇടപെടാവൂ എന്ന നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഹെൽമറ്റ് ധരിക്കാത്തതിന്റെയോ മറ്റ് ഏതെങ്കിലും കാര്യത്തിന്റെയോ പേരിൽ പിഴയ്ക്ക് വിധേയമാക്കേണ്ട സാഹചര്യത്തിൽ രോഗികളായ ഇത്തരക്കാരോട്, സമാന സാഹചര്യം നേരിടുന്ന യുവാക്കളോട് സ്വീകരിക്കുന്ന അതേ നിലപാട് സ്വീകരിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുമോ;

(സി) ഇക്കാര്യത്തിൽ പ്രസ്തുത വിഭാഗക്കാരോടുള്ള കാർക്കശ്യ നിലപാടിൽ നിന്ന് മാറി മൃദുസമീപനം ഉദ്യോഗസ്ഥർ കൈക്കൊള്ളുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ-സി) വാഹന പരിശോധന നടത്തുമ്പോൾ വാഹന ഉടമകളോട് മാന്യമായി ഇടപെടണമെന്ന നിർദ്ദേശം 8/2010 നമ്പർ സർക്കുലർ പ്രകാരം മോട്ടോർ വാഹന വകുപ്പിന് കീഴിലെ ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്.

## ഓൾ ഇന്ത്യാ ടൂറിസ്റ്റ് ഓമ്നി ബസ്സുകൾ

200 (3376) <u>ശ്രീ. ചിറ്റയം ഗോപകുമാർ:</u>
<u>ശ്രീമതി ഇ. എസ്. ബിജിമോൾ:</u>
<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:</u>
<u>ശ്രീ. കെ. രാജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന മോട്ടോർ വാഹന വകുപ്പിന് കീഴിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഓൾ ഇന്ത്യാ ടൂറിസ്റ്റ് ഓമ്നി ബസ്സുകൾ (എ.ഐ.ടി.ഒ.ബി.) സംബന്ധിച്ച വിശദവിവരങ്ങൾ അറിയിക്കുമോ;

(ബി) സംസ്ഥാനത്തിനുള്ളിൽ പ്രസ്തുത ബസ്സുകൾ പ്രതിദിനം നടത്തിവരുന്ന സർവ്വീസുകൾ സംബന്ധിച്ച വിവരങ്ങൾ വ്യക്തമാക്കുമോ;

(സി) ഇതര സംസ്ഥാനങ്ങളിൽ രജിസ്ട്രേഷൻ നടത്തിയിട്ടുള്ള എ.ഐ.ടി.ഒ.ബി. അനുമതിയുള്ള വാഹനങ്ങൾ, സംസ്ഥാനത്ത് ഗതാഗത

നിയമലംഘനങ്ങൾ നടത്തുമ്പോൾ സംസ്ഥാന ഗതാഗത വകുപ്പ് സ്വീകരിക്കുന്ന നടപടികൾ തൃപ്തികരമായി പൂർത്തീകരിക്കുന്നതിന് സാധിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ;

(ഡി) ഇതര സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്യപ്പെട്ട എ.ഐ.ടി.ഒ.ബി. വാഹനങ്ങളുടെ കാര്യത്തിൽ യഥാവിധി നിയമനടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട സംസ്ഥാനങ്ങളിലെ ഗതാഗത വകുപ്പുമായി ചേർന്ന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) LMV, MMV, HPMV ഇനങ്ങളിലായി 53 വാഹനങ്ങൾക്ക് പെർമിറ്റ് നൽകിയിട്ടുണ്ട്.

(ബി) കൃത്യമായ വിവരങ്ങൾ മോട്ടോർ വാഹന വകുപ്പിൽ ലഭ്യമല്ല.

(സി) ഇതര സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത് സംസ്ഥാനത്ത് സർവ്വീസ് നടത്തുന്ന വാഹനങ്ങൾ നിയമലംഘനം നടത്തുന്നത് തടയാൻ കർശന പരിശോധനകൾ നടത്തുകയും പിഴ ഈടാക്കുകയും ചെയ്തുവരുന്നു. സ്റ്റേജ് ക്യാരേജ് സർവ്വീസ് നടത്തുന്നതും അന്തർ സംസ്ഥാന ചരക്ക് കടത്തലും പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്.

(ഡി) ഇക്കാര്യം മോട്ടോർ വാഹന വകുപ്പിന്റെ പരിഗണനയിലുണ്ട്.

**വാഹന ഉപയോക്താക്കളിൽനിന്ന് പിഴ പിരിച്ചെടുക്കുന്നതിന് നടപടി**

201 (3377) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർവാഹന വകുപ്പ് വാഹന ഉപയോക്താക്കളിൽ നിന്ന് പിഴ ഇനത്തിൽ എത്ര കോടി രൂപ ഇനിയും പിരിച്ചെടുക്കാനുണ്ട്; ഇക്കാര്യത്തിൽ വ്യക്തമായ കണക്ക് വകുപ്പിന്റെ പക്കലുണ്ടോ; വിശദവിവരം നൽകുമോ;

(ബി) പിഴ പിരിച്ചെടുക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇതിന്റെ ഫലമായി വരുമാനത്തിൽ വർദ്ധനവ് ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ) മോട്ടോർ വാഹന നിയമ ലംഘനങ്ങൾക്ക് ചെക്ക് റിപ്പോർട്ട് തയ്യാറാക്കി, പിഴ അടയ്ക്കുന്നതിലേക്ക് വാഹന ഉടമയ്ക്ക് എതിരെ ചാർജ് മെമ്മോ

അയയ്ക്കുകയും പിഴ ഈടാക്കുകയുമാണ് ചെയ്യുന്നത്. എല്ലാ നിയമ ലംഘനങ്ങൾക്കും പിഴ ഈടാക്കുവാൻ കഴിയില്ല. ചില കേസുകളിൽ ഡ്രൈവിംഗ് ലൈൻസ് സസ്പെൻഡ് ചെയ്യുക, പെർമിറ്റ് സസ്പെൻഡ് ചെയ്യുക എന്നീ നടപടികൾ സ്വീകരിക്കാറുണ്ട്. ഉടമ ഹാജരാക്കുന്ന രേഖകളുടെ അടിസ്ഥാനത്തിലാണ് പിഴ തുക തീരുമാനിക്കുന്നത് എന്നതിനാൽ എത്ര തുക പിരിച്ചെടുക്കാനുണ്ട് എന്ന് കണക്കാക്കുവാൻ സാധിക്കില്ല.

(ബി) വരുമാനത്തിൽ വർദ്ധനവ് ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. 2016 മുതലുള്ള വകുപ്പിന്റെ പിഴയിനത്തിൽ ലഭിച്ച വരുമാനം പരിശോധിച്ചാൽ വർദ്ധനവ് മനസ്സിലാക്കാൻ കഴിയും. 2016-17 സാമ്പത്തിക വർഷം 84.8 കോടി രൂപയും 2017-18 സാമ്പത്തിക വർഷം 95.28 കോടി രൂപയും 2018-19 സാമ്പത്തിക വർഷം 96.69 കോടി രൂപയുമാണ് പിഴയിനത്തിൽ വകുപ്പിന് ലഭിച്ചത്. മോട്ടോർ വാഹന നിയമ ലംഘനങ്ങൾക്കുള്ള പിഴ പിരിച്ചെടുക്കുന്നതിനായി എല്ലാ ഓഫീസുകളിൽ നിന്നും സമയബന്ധിതമായി ചാർജ് മെമ്മോ വാഹന ഉടമയ്ക്ക് നൽകിവരുന്നു. നിശ്ചിത സമയപരിധിക്കുള്ളിൽ പിഴ ഒടുക്കാത്ത വാഹന ഉടമയ്ക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

**സമഗ്ര ഇലക്ട്രിസിറ്റി വെഹിക്കിൾ പോളിസി**

202 (3378) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്ര ഇലക്ട്രിസിറ്റി വെഹിക്കിൾ പോളിസി എന്താണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഗതാഗത വകുപ്പുമന്ത്രിയുടെ കൂടെ വിദേശത്ത് പോയ ഉദ്യോഗസ്ഥർ ആരൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് മറ്റേതെങ്കിലും സംസ്ഥാനത്ത് മന്ത്രിയോ ഉദ്യോഗസ്ഥരോ സന്ദർശനം നടത്തിയിരുന്നോ; എങ്കിൽ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 10-3-2019-ലെ ജി.ഒ. (എം.എസ്.) 24/2019/ട്രാൻ നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ ഒരു ഇലക്ട്രിക് വാഹന നയം രൂപീകരിച്ച്

പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. 2020-ഓടെ വൈദ്യുതി ഇന്ധനമാക്കി പ്രവർത്തിക്കുന്ന 2 ലക്ഷം ഇരുചക്ര വാഹനങ്ങളും 50,000 മുച്ചക്ര വാഹനങ്ങളും 1000 ചരക്ക് വാഹനങ്ങളും 100 ബോട്ടുകളും പുറത്തിറക്കുന്നതിനും 2022-ഓടുകൂടി 10 ലക്ഷം വൈദ്യുത വാഹനങ്ങൾ നിരത്തിലിറക്കുന്നതിനുമാണ് സർക്കാർ ആലോചിക്കുന്നത്. ആദ്യഘട്ടത്തിൽ വാഹനങ്ങൾ വാങ്ങുന്നതിനും തുടർന്ന് വാഹനങ്ങൾ സംസ്ഥാനത്തിനകത്ത് തന്നെ ഉൽപ്പാദിപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഇതിനായി ചില കമ്പനികളുമായി പ്രാരംഭ ചർച്ചകൾ നടന്നുവരുന്നു. വൈദ്യുത വാഹനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ വാഹനങ്ങൾക്ക് നികുതിയിളവും ഇൻസെന്റീവുകളും നൽകുന്നതിന് വൈദ്യുത വാഹന നയത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. വൈദ്യുത വാഹനങ്ങൾക്കുള്ള ചാർജിംഗ് സ്റ്റേഷനുകളും കേരളത്തിലുടനീളം സ്ഥാപിക്കാനും പദ്ധതിയുണ്ട്. ഇതിനായി സംസ്ഥാന വിദ്യുച്ഛക്തി ബോർഡിനെയാണ് ചുമതലപ്പെടുത്തിയിരുന്നത്. ഇതിനുവേണ്ട വൈദ്യുതി കുറഞ്ഞ നിരക്കിൽ നൽകാമെന്ന് കെ.എസ്.ഇ.ബി.എൽ. അറിയിച്ചിട്ടുണ്ട്. പാരമ്പര്യ ഇന്ധനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ചെലവു കുറഞ്ഞ യാത്രാമാർഗ്ഗമായി വൈദ്യുത വാഹനങ്ങളെ മാറ്റുന്നതിന് ഇത്തരം ഇളവുകൾ സഹായിക്കും. ഇതിലൂടെ പൊതുജനങ്ങളെ വൈദ്യുത വാഹനങ്ങളിലേക്ക് കൂടുതലായി ആകർഷിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഗതാഗത വകുപ്പുമന്ത്രിയുടെ കൂടെ ഗതാഗത പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. കെ. ആർ. ജ്യോതിലാൽ, ഗതാഗത കമ്മീഷണർ ശ്രീ. സുദേഷ് കുമാർ, കെ.എസ്.ആർ.ടി.സി. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ ശ്രീ. എം. പി. ദിനേശ് എന്നിവരാണ് വിദേശത്ത് പോയിട്ടുള്ളത്.

(സി) ഇ-മൊബിലിറ്റിയുമായി ബന്ധപ്പെട്ട് വിവിധ മീറ്റിംഗുകളിൽ പങ്കെടുക്കുന്നതിനായി ഗതാഗത കമ്മീഷണറും കെ.എസ്.ആർ.ടി.സി. മാനേജിംഗ് ഡയറക്ടറും ബംഗളൂരുവിലും ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ബംഗലൂരു, ചെന്നൈ, ന്യൂഡൽഹി എന്നിവിടങ്ങളിലും ചീഫ് സെക്രട്ടറി ന്യൂഡൽഹിയിലും പോയിട്ടുണ്ട്.

### അന്തർ സംസ്ഥാന ബസ് സർവ്വീസ്

203 (3379) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ബംഗലൂരു, ചെന്നൈ റൂട്ടുകളിൽ എത്ര സ്വകാര്യ ലക്ഷ്വറി ബസ്സുകൾ പതിവായി സർവ്വീസ് നടത്തുന്നുണ്ട് എന്നറിയിക്കാമോ;

(ബി) പ്രസ്തുത റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി. പതിവായി എത്ര സർവ്വീസുകളാണ് നടത്തുന്നത്;

(സി) പെർമിറ്റ് ലഭിച്ചിട്ടും ചെന്നൈ ഉൾപ്പെടെയുള്ള നഗരങ്ങളിലേയ്ക്ക് കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്താതെ ഗുരുതര കൃത്യവിലോപം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അന്തർസംസ്ഥാന റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി. യെക്കൊണ്ട് പതിവായി ആവശ്യാനുസരണം സർവ്വീസ് നടത്താൻ സർക്കാർ എന്തു നടപടി സ്വീകരിക്കും; വിശദമാക്കുമോ;

(ഇ) അന്തർ സംസ്ഥാന സർവ്വീസ് നടത്തുന്ന എല്ലാ ബസ്സുകളുടെയും ടിക്കറ്റ് നിരക്ക് നിശ്ചയിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഏകദേശം 365 വാഹനങ്ങൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ബംഗളൂരു, ചെന്നൈ റൂട്ടുകളിലേക്ക് സർവ്വീസ് നടത്തുന്നുണ്ട്.

(ബി&സി) ബംഗളൂരുവിലേക്ക് 48 സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്തുവരുന്നുണ്ട്. തമിഴ്നാടുമായുള്ള പുതിയ അന്തർ സംസ്ഥാന കരാർ പ്രകാരം എറണാകുളം-ചെന്നൈ, തിരുവനന്തപുരം-ചെന്നൈ എന്നീ റൂട്ടുകളിലേക്ക് സർവ്വീസ് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) അന്തർ സംസ്ഥാന കരാർ വ്യവസ്ഥകൾ പ്രകാരമാണ് മറ്റ് സംസ്ഥാനങ്ങളിലേക്ക് ബസ് സർവ്വീസ് നടത്തിവരുന്നത്. നിലവിൽ കർണ്ണാടക, തമിഴ്നാട് സംസ്ഥാനങ്ങളുമായി അന്തർ സംസ്ഥാന കരാർ രൂപീകരിച്ചിട്ടുണ്ട്. ആയതിലെ വ്യവസ്ഥകൾക്ക് വിധേയമായി യാത്രക്കാരുടെ ആവശ്യാനുസരണം പുതിയ സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഇ) അതാത് സംസ്ഥാനങ്ങളിൽ സർക്കാർ നിശ്ചയിച്ച നിലവിലുള്ള നിരക്കുകൾ പ്രകാരമാണ് കെ.എസ്.ആർ.ടി.സി. അന്തർ സംസ്ഥാന സർവ്വീസുകളിൽ ടിക്കറ്റ് നിരക്കുകൾ ഈടാക്കി വരുന്നത്. അന്തർ സംസ്ഥാന സർവ്വീസ് നടത്തുന്ന സ്വകാര്യ വാഹനങ്ങളുടെ ചാർജ് നിശ്ചയിക്കുവാൻ ജസ്റ്റിസ് രാമചന്ദ്രൻ ചെയർമാനായുള്ള ഫെയർ റിവിഷൻ കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## അന്തർ സംസ്ഥാന ബസുകളിലെ പരിശോധന

204 (3380) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദീർഘ ദൂര സർവ്വീസ് നടത്തുന്ന സ്വകാര്യ അന്തർ സംസ്ഥാന ബസ്സുകൾക്കെതിരെ മോട്ടോർ വാഹന ഉദ്യോഗസ്ഥരുടെ പരിശോധന ഇപ്പോൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത പരിശോധനയിൽ എന്തൊക്കെ ക്രമക്കേടുകളാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്; 2019 ഏപ്രിൽ 15-ന് ശേഷം പിഴ ഇനത്തിൽ എന്ത് തുക ഈടാക്കി;

(സി) കല്ലട ബസിലെ യാത്രക്കാരെ മർദ്ദിച്ച സംഭവം ഉണ്ടാകുന്നതിന് മുമ്പ് ഇത്തരം ബസ് സർവ്വീസുകളുടെ നിയമവിരുദ്ധമായ കാര്യങ്ങളെക്കുറിച്ച് എന്തെങ്കിലും പരിശോധന നടത്തിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ 2019 ജനവരി 1 മുതൽ ഏപ്രിൽ 15 വരെ ഇത്തരം നിയമലംഘനങ്ങളുടെ പേരിൽ ഇവരിൽ നിന്നും പിഴയായി ഈടാക്കിയത് എന്ത് തുകയാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) അന്തർ സംസ്ഥാന സർവ്വീസ് നടത്തുന്ന സ്വകാര്യ ബസ്സുകളുടെ നിയമലംഘനങ്ങൾ തടയുന്നതിന് മോട്ടോർ വാഹന വകുപ്പ് 'ഓപ്പറേഷൻ നൈറ്റ് റൈഡേഴ്സ്' എന്ന പേരിൽ രാത്രികാല പരിശോധന ഊർജ്ജിതമായി നടത്തിവരുന്നു.

(ബി) ഇത്തരം കോൺട്രാക്ട് കാര്യേജ് ബസുകൾ നിയമാനുസൃതമല്ലാതെ സ്റ്റേജ് കാര്യേജ് സർവീസ് നടത്തുന്നതായിട്ടും അനുവദനീയമായതിലധികം സാധനങ്ങൾ കയറ്റുന്നതായും കണ്ടെത്തി. 2019 ഏപ്രിൽ 24 മുതൽ 2019 ജൂൺ 12 വരെ 3,43,04,700 രൂപ പിഴയിനത്തിൽ ഈടാക്കിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ഇത്തരം നിയമലംഘനങ്ങൾക്ക് 2019 ജനവരി 1 മുതൽ ഏപ്രിൽ 15 വരെ 14,04,900 രൂപ പിഴയിനത്തിൽ ഈടാക്കിയിട്ടുണ്ട്.

## അനധികൃത സമാന്തര സർവ്വീസ്

205 (3381) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും സ്വകാര്യ ബസ്സുകൾ അനധികൃതമായി സമാന്തര സർവ്വീസുകൾ നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തിരുവനന്തപുരം ടെക്നോപാർക്കിൽ നിന്നും ഇത്തരത്തിൽ അനധികൃത സമാന്തര സർവ്വീസ് നടത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത സർവ്വീസുകൾക്കെതിരെ ഈ വർഷം ഏപ്രിൽ മാസത്തിന് ശേഷം എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് എന്നറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇത്തരം സർവീസുകൾ പരിശോധിച്ച് ചെക്ക് റിപ്പോർട്ടുകൾ തയ്യാറാക്കുകയും പെർമിറ്റ് നിബന്ധനകൾ ലംഘിച്ചതിന് പിഴ ഈടാക്കുകയും ചെയ്തുവരുന്നു.

## വൈദ്യുതി അധിഷ്ഠിതമായ ഗതാഗത സംവിധാനം

206 (3382) ശ്രീ. സി. മമ്മൂട്ടി:
ശ്രീ. പാറക്കൽ അബ്ദുല്ല:
ശ്രീ. പി. കെ. അബ്ദു റബ്ബ്:
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ ഉപയോഗിച്ചുവരുന്ന ഇന്ധനങ്ങളുടെ ഉപയോഗം പരമാവധി കുറച്ചുകൊണ്ട് വൈദ്യുതി, സൗരോർജ്ജം എന്നിവ ഉപയോഗിച്ചുകൊണ്ടുള്ള ഗതാഗത സംവിധാനം ഒരുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) വൈദ്യുതി അധിഷ്ഠിതമായ ഗതാഗതസംവിധാനം ഏർപ്പെടുത്തുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) ഈ നടപടികൾമൂലം അന്തരീക്ഷതാപമാനവും വായുമലിനീകരണവും എത്രുകണ്ട് കുറയ്ക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പ്രകൃതി വാതക ഇന്ധനങ്ങളുടെ ഉപയോഗം കുറച്ച് കൊണ്ടുവരുന്നതിനും അന്തരീക്ഷ മലിനീകരണം നിയന്ത്രണ വിധേയമാക്കുന്നതിനുമായി വൈദ്യുതി, സൗരോർജ്ജം തുടങ്ങിയ പുതിയ ഇന്ധനങ്ങൾ ഉപയോഗിച്ച് ഗതാഗത സംവിധാനം ഒരുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) 10-3-2019-ലെ ജി.ഒ. (എം.എസ്.) 24/2019/ട്രാൻ നമ്പർ പ്രകാരം സംസ്ഥാന സർക്കാർ ഒരു ഇലക്ട്രിക് വാഹന നയം രൂപീകരിച്ച് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. 2020-ഓടെ വൈദ്യുതി ഇന്ധനമാക്കി പ്രവർത്തിക്കുന്ന 2 ലക്ഷം ഇരുചക്ര വാഹനങ്ങളും 50,000 മുച്ചക്ര വാഹനങ്ങളും 1000 ചരക്ക് വാഹനങ്ങളും 100 ബോട്ടുകളും പുറത്തിറക്കുന്നതിനും 2022-ഓടുകൂടി 10 ലക്ഷം വൈദ്യുത വാഹനങ്ങൾ നിരത്തിലിറക്കുന്നതിനുമാണ് സർക്കാർ ആലോചിക്കുന്നത്. ആദ്യഘട്ടത്തിൽ വാഹനങ്ങൾ വാങ്ങുന്നതിനും തുടർന്ന് അവ സംസ്ഥാനത്തിനകത്ത് തന്നെ ഉൽപ്പാദിപ്പിക്കുന്നതിനുമാണ് ഉദ്ദേശിക്കുന്നത്. ഇതിനായി ചില കമ്പനികളുമായി പ്രാരംഭ ചർച്ചകൾ നടന്നുവരുന്നു. വൈദ്യുത വാഹനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ വാഹനങ്ങൾക്ക് നികുതിയിളവും ഇൻസെന്റീവുകളും നൽകുന്നതിന് വൈദ്യുത വാഹന നയത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. വൈദ്യുത വാഹനങ്ങൾക്കുള്ള ചാർജിംഗ് സ്റ്റേഷനുകളും കേരളത്തിലുടനീളം സ്ഥാപിക്കാനും പദ്ധതിയുണ്ട്. ഇതിനായി സംസ്ഥാന വിദ്യുച്ഛക്തി ബോർഡിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ഇതിനുവേണ്ട വൈദ്യുതി കുറഞ്ഞ നിരക്കിൽ നൽകാമെന്ന് കെ.എസ്.ഇ.ബി.എൽ. അറിയിച്ചിട്ടുണ്ട്. പാരമ്പര്യ ഇന്ധനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ചെലവു കുറഞ്ഞ യാത്രാമാർഗ്ഗമായി വൈദ്യുത വാഹനങ്ങൾ മാറ്റുന്നതിന് ഇത്തരം ഇളവുകൾ സഹായിക്കും. ഇതിലൂടെ പൊതുജനങ്ങളെ വൈദ്യുത വാഹനങ്ങളിലേക്ക് കൂടുതലായി ആകർഷിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

വൈദ്യുത വാഹനങ്ങൾ പൊതുജനങ്ങൾക്ക് കൂടുതലായി പരിചയപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെ ഒരു വാഹന എക്സ്പോ "Kerala EV Expo 2019" എന്ന പേരിൽ കൊച്ചിയിൽ വച്ച് ജൂൺ 29, 30 തീയതികളിൽ നടത്തുവാൻ ഉദ്ദേശിക്കുന്നു. പ്രസ്തുത എക്സ്പോയിൽ ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള വൈദ്യുത വാഹന നിർമ്മാതാക്കളെ ഉൾപ്പെടുത്താനും അവരുടെ ഉൽപ്പന്നങ്ങൾ കേരള വിപണിയിൽ പരിചയപ്പെടുത്താനും ലക്ഷ്യമിടുന്നു.

(സി) വളരെയധികം അന്തരീക്ഷ മലിനീകരണം ഉണ്ടാക്കുന്ന പാരമ്പര്യ ഇന്ധനങ്ങളുടെ ഉപയോഗം പടിപടിയായി കുറയ്ക്കുക എന്നതാണ് സർക്കാരിന്റെ

ലക്ഷ്യം. വൈദ്യുതി അധിഷ്ഠിതമായ ഗതാഗത സംവിധാനത്തിലേക്ക് കൂടുതൽ ആളുകൾ മാറുന്നതോടെ അന്തരീക്ഷതാപമാനവും വായുമലിനീകരണവും ഗണ്യമായി കുറയ്ക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## വൈദ്യുതി വാഹനങ്ങൾ പ്രോത്സാഹിപ്പിക്കുവാൻ നടപടി

207 (3383) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി വാഹനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് വകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കുമോ; വ്യക്തമാക്കുമോ;

(ബി) പെട്രോൾ, ഡീസൽ വാഹനങ്ങൾ മാറ്റി സി.എൻ.ജി., വൈദ്യുതി തുടങ്ങിയവയിലേക്ക് മാറുന്നത് സംബന്ധിച്ച് സർക്കാർ തലത്തിൽ സ്വീകരിച്ച നടപടികളുടെ വിശദമായ വിവരം അറിയിക്കുമോ; ഇത് സംബന്ധിച്ച് വാഹന നിർമ്മാതാക്കളുമായോ പൊതുജനങ്ങളുമായോ എന്തെങ്കിലും ചർച്ച നടത്തിയിട്ടുണ്ടോ;

(സി) പ്രധാന നഗരങ്ങളിലെ മലിനീകരണ തോത് കുറയ്ക്കുവാൻ പരമ്പരാഗത ഊർജ്ജം ഇന്ധനമാക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

### ഉത്തരം

(എ) 10-3-2019-ലെ ജി.ഒ. (എം.എസ്.) 24/2019/ട്രാൻ നമ്പർ പ്രകാരം സംസ്ഥാന സർക്കാർ ഒരു ഇലക്ട്രിക് വാഹന നയം രൂപീകരിച്ച് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. 2020-ഓടെ വൈദ്യുതി ഇന്ധനമാക്കി പ്രവർത്തിക്കുന്ന 2 ലക്ഷം ഇരുചക്ര വാഹനങ്ങളും 50,000 മുച്ചക്ര വാഹനങ്ങളും 1000 ചരക്ക് വാഹനങ്ങളും 100 ബോട്ടുകളും പുറത്തിറക്കുന്നതിനും 2022-ഓടുകൂടി 10 ലക്ഷം വൈദ്യുത വാഹനങ്ങൾ നിരത്തിലിറക്കുന്നതിനുമാണ് സർക്കാർ ആലോചിക്കുന്നത്. ആദ്യഘട്ടത്തിൽ വാഹനങ്ങൾ വാങ്ങുന്നതിനും തുടർന്ന് വാഹനങ്ങൾ സംസ്ഥാനത്തിനകത്ത് തന്നെ ഉൽപ്പാദിപ്പിക്കുന്നതിനുമാണ് ഉദ്ദേശിക്കുന്നത്. ഇതിനായി ചില കമ്പനികളുമായി പ്രാരംഭ ചർച്ചകൾ നടന്നുവരുന്നു. വൈദ്യുത വാഹനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ വാഹനങ്ങൾക്ക് നികുതിയിളവും ഇൻസെന്റീവുകളും നൽകുന്നതിന് വൈദ്യുത വാഹന നയത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. വൈദ്യുത വാഹനങ്ങൾക്കുള്ള ചാർജിംഗ് സ്റ്റേഷനുകളും കേരളത്തിലുടനീളം സ്ഥാപിക്കാനും പദ്ധതിയുണ്ട്. ഇതിനായി സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് ലിമിറ്റഡിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ഇതിനുവേണ്ട വൈദ്യുതി കുറഞ്ഞ നിരക്കിൽ

നൽകാമെന്ന് കെ.എസ്.ഇ.ബി.എൽ. അറിയിച്ചിട്ടുണ്ട്. പാരമ്പര്യ ഇന്ധനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ചെലവു കുറഞ്ഞ യാത്രാമാർഗ്ഗമായി വൈദ്യുത വാഹനങ്ങൾ മാറ്റുന്നതിന് ഇത്തരം ഇളവുകൾ സഹായിക്കും. ഇതിലൂടെ പൊതുജനങ്ങളെ വൈദ്യുത വാഹനങ്ങളിലേക്ക് കൂടുതലായി ആകർഷിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

വൈദ്യുത വാഹനങ്ങൾ പൊതുജനങ്ങൾക്ക് കൂടുതലായി പരിചയപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെ ഒരു വാഹന എക്സ്പോ "Kerala EV Expo 2019" എന്ന പേരിൽ കൊച്ചിയിൽ വച്ച് ജൂൺ 29, 30 തീയതികളിൽ നടത്തുവാൻ ഉദ്ദേശിക്കുന്നു. പ്രസ്തുത എക്സ്പോയിൽ ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള വൈദ്യുത വാഹന നിർമ്മാതാക്കളെ ഉൾപ്പെടുത്താനും അവരുടെ ഉൽപ്പന്നങ്ങൾ കേരള വിപണിയിൽ പരിചയപ്പെടുത്താനും ലക്ഷ്യമിടുന്നു.

(ബി) പരിസ്ഥിതി സൗഹൃദ വാഹനമായ ഇലക്ട്രിക് വാഹനങ്ങളും മർദ്ദിത പ്രകൃതി വാതകമായ സി.എൻ.ജി./എൽ.എൻ.ജി./ഓട്ടോ എൽ.പി.ജി. എന്നിവ ഇന്ധനമായി ഉപയോഗിക്കുന്ന വാഹനങ്ങൾ പരമാവധി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഇത്തരം വാഹനങ്ങൾ സംസ്ഥാനത്തുടനീളം വിൽക്കുന്നതിനും വിൽപ്പനാനന്തര സേവനം നൽകുന്നതിനും അനുമതി നൽകിയിട്ടുണ്ട്. പാവപ്പെട്ട തൊഴിൽരഹിതരായ ചെറുപ്പക്കാർക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നതിനും അന്തരീക്ഷ മലിനീകരണവും ശബ്ദ മലിനീകരണവും അതുമൂലമുണ്ടാകുന്ന ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്കും പരിഹാരമുണ്ടാക്കുന്നതിനും സാധിക്കുന്നു. ഇത്തരം വാഹനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി ഇ-റിക്ഷകൾക്ക് കുറഞ്ഞ നിരക്കിലുള്ള നികുതിയാണ് ഏർപ്പെടുത്തിയിരിക്കുന്നത്. പതിനഞ്ച് വർഷത്തിന് മുകളിൽ പഴക്കമുള്ള ഡീസൽ ഓട്ടോറിക്ഷകൾ നിർബന്ധമായും സി.എൻ.ജി./ എൽ.എൻ.ജി./ഇലക്ട്രിക് ഓട്ടോറിക്ഷകളാക്കി മാറ്റണമെന്ന് ഇലക്ട്രിക് വെഹിക്കിൾ പോളിസിയിൽ ലക്ഷ്യം വച്ചിട്ടുണ്ട്. ഇതിന് 2020 മാർച്ച് 31 വരെ സമയം അനുവദിച്ചിട്ടുണ്ട്. തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം എന്നീ നഗരങ്ങളിൽ ഇ-വാഹന പെർമിറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ടി നഗരങ്ങളിൽ പുതിയ സിറ്റി പെർമിറ്റുകൾ നൽകുന്നത് ഇലക്ട്രിക് ഓട്ടോറിക്ഷകൾക്ക് മാത്രമായി പരിമിതപ്പെടുത്തുവാനും 15 വർഷത്തിൽ കൂടുതൽ പഴക്കമുള്ള ഓട്ടോറിക്ഷകൾക്ക് പെർമിറ്റ് പുതുക്കി നൽകുന്നതിന് പ്രസ്തുത വാഹനം ഇലക്ട്രിക് ഓട്ടോറിക്ഷയായി രൂപ മാറ്റം നടത്തണമെന്ന് വ്യവസ്ഥ ചെയ്യാനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ബി.പി.സി.എൽ.-ന്റെ പമ്പുകളിലും

കെ.എസ്.ഇ.ബി.എൽ.-ന്റെ സഹകരണത്തോടെ തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിലും ചാർജിംഗ് സ്റ്റേഷനുകൾ തുടങ്ങാൻ നടപടി സ്വീകരിച്ചുവരുന്നു. ഇ-റിക്ഷകളെ പെർമിറ്റിൽ നിന്നും ഒഴിവാക്കുകയും ഒറ്റത്തവണ വാഹന നികുതിയിൽ ഗണ്യമായ കുറവ് വരുത്തുകയും ചെയ്തിട്ടുണ്ട്.

(സി) മലിനീകരണത്തോത് കൂടുതലുള്ള പരമ്പരാഗത ഇന്ധനങ്ങളുടെ ഉപയോഗം പരമാവധി കുറയ്ക്കുന്നതിനാണ് സർക്കാർ ഇലക്ട്രിക് വെഹിക്കിൾ പോളിസി മുഖേന ലക്ഷ്യമിടുന്നത്. പരിസ്ഥിതി സൗഹൃദ വാഹനമായ ഇലക്ട്രിക് വാഹനങ്ങളും പ്രകൃതി വാതകമായ CNG, LNG, LPG (ഓട്ടോ) എന്നിവ ഇന്ധനമായി ഉപയോഗിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്.

## സ്വകാര്യ വാഹനങ്ങളിൽ പോലീസ്, ആർമി സ്റ്റിക്കറുകൾ പതിക്കുന്നതിനെതിരെ നടപടി

208 (3384) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സ്വകാര്യ വാഹനങ്ങളിൽ പോലീസ്, ആർമി എന്നിങ്ങനെ സ്റ്റിക്കറുകൾ പതിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് നിയമാനുസൃതമായ പ്രക്രിയ ആണോ; ഇല്ലെങ്കിൽ ഇതിനെതിരെ സർക്കാർ എന്ത് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) അനധികൃതമായി വിവിധ തരത്തിലുള്ള സ്റ്റിക്കറുകൾ പ്രദർശിപ്പിച്ച് യാത്ര ചെയ്യുന്ന വാഹനങ്ങൾ മോട്ടോർ വാഹന വകുപ്പിന്റെ പരിശോധനാ വേളയിൽ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതും ഇത്തരം വാഹനങ്ങൾക്കെതിരെ മോട്ടോർ വാഹന നിയമവും ചട്ടങ്ങളും അനുശാസിക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നുമുണ്ട്. ഇത്തരം വാഹനങ്ങളിൽ നിന്നും നിയമവിരുദ്ധമായ സ്റ്റിക്കറുകൾ നീക്കം ചെയ്യുവാൻ വാഹന ഉടമകൾക്ക് നിർദ്ദേശം നൽകാറുമുണ്ട്.

## സ്വകാര്യ കോൺട്രാക്ട് സർവ്വീസ് നടത്തുന്ന ബസ്സുകൾ

209 (3385) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാനങ്ങളിലേക്ക് സ്വകാര്യ കോൺട്രാക്ട് സർവ്വീസ് നടത്തുന്ന ബസ്സുകൾ, യാത്ര പോകുന്ന വഴിയിൽനിന്നും ആളുകളെ കയറ്റി സർവ്വീസ് നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബംഗലൂരു തുടങ്ങിയ സ്ഥലങ്ങളിലേക്ക് നിയമവിരുദ്ധമായി ഇപ്രകാരം സർവ്വീസ് നടത്തുന്ന സ്വകാര്യ കോൺട്രാക്ട് സർവ്വീസുകൾ കെ.എസ്.ആർ.ടി.സി.-ക്ക് നഷ്ടമുണ്ടാക്കുന്നുണ്ടോ;

(സി) എങ്കിൽ ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഇത്തരം വാഹനങ്ങൾക്കെതിരെ മോട്ടോർ വാഹന വകുപ്പ് ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. അന്തർ സംസ്ഥാന സർവ്വീസ് നടത്തുന്ന സ്വകാര്യ ബസ്സുകൾ നിയമലംഘനം നടത്തുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനായി 'Operation Night Riders' എന്ന പേരിൽ മോട്ടോർ വാഹന വകുപ്പ് രാത്രികാല പരിശോധന നടത്തിവരുന്നു. 24-4-2019 മുതൽ 12-6-2018 വരെ 9054 കേസ്സുകൾ (സ്റ്റേജ് കാര്യേജ് സർവ്വീസ് കൂടാതെ ഗുഡ്സ് കാര്യേജ് സർവ്വീസ് മുതലായവ) രജിസ്റ്റർ ചെയ്യുകയും 3,43,04,700 രൂപ പിഴയിനത്തിൽ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

**ദീർഘദൂര സ്വകാര്യ ബസ്സുകളുടെ ഓൺലൈൻ ടിക്കറ്റ് വില്പന**

210 (3386) <u>ശ്രീ. കെ. എൻ. എ ഖാദർ</u>:
<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനധികൃത ദീർഘദൂര സ്വകാര്യ ബസുകളുടെ ഓൺലൈൻ ടിക്കറ്റ് വില്പന തടയുന്നതിനായി കേന്ദ്ര സർക്കാരിന്റെ സഹായം ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച സഹായങ്ങൾ വ്യക്തമാക്കുമോ;

(സി) ഇത്തരം ബസ്സുകൾക്ക് നിരക്ക് നിശ്ചയിക്കുന്നതിനായി കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) കോൺട്രാക്ട് കാര്യേജ് വാഹനങ്ങളുടെ നിരക്ക് നിശ്ചയിക്കുന്നതിന് ജസ്റ്റിസ് രാമചന്ദ്രൻ കമ്മീഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**അതിസുരക്ഷാ നമ്പർ പ്ലേറ്റുകൾ**

211 (3387) <u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 ഏപ്രിൽ 1 മുതൽ പുതുതായി രജിസ്റ്റർ ചെയ്യുന്ന വാഹനങ്ങൾക്ക് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം അതിസുരക്ഷാ നമ്പർ പ്ലേറ്റുകൾ നിർബന്ധമാക്കിയിട്ടുണ്ടോ;

(ബി) ഇതുപ്രകാരം സംസ്ഥാനത്ത് വിൽക്കപ്പെടുന്ന പുതിയ വാഹനങ്ങൾ അതിസുരക്ഷാ നമ്പർ പ്ലേറ്റുകൾ ഘടിപ്പിച്ചാണോ നിരത്തിലിറക്കുന്നതെന്ന് അറിയിക്കുമോ;

(സി) അതിസുരക്ഷാ നമ്പർ പ്ലേറ്റുകൾ ഘടിപ്പിക്കാത്ത പുതിയ വാഹനങ്ങൾക്ക് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകരുതെന്ന് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം നിർദ്ദേശിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് മൂലം ഉളവായിട്ടുള്ള പ്രശ്നങ്ങൾ എപ്രകാരം പരിഹരിക്കാമെന്നാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് വിൽക്കപ്പെടുന്ന പുതിയ വാഹനങ്ങളിൽ 1-4-2019-നുശേഷം നിർമ്മിച്ചവയ്ക്ക് വാഹന ഉൽപ്പാദകർ തന്നെ അതി സുരക്ഷാ നമ്പർ പ്ലേറ്റ് ഘടിപ്പിച്ച് നൽകണമെന്നാണ് കേന്ദ്ര റോഡ് ഗതാഗത ഉപരിതല മന്ത്രാലയത്തിന്റെ നിർദ്ദേശം. ആയതിൻപ്രകാരമാണ് നിലവിൽ വാഹനങ്ങൾ വിൽക്കപ്പെടുന്നതും നിരത്തിലിറക്കുന്നതും.

(സി) അതിസുരക്ഷാ നമ്പർ പ്ലേറ്റ് ഘടിപ്പിക്കാത്ത പുതിയ വാഹനങ്ങൾക്ക് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകരുത് എന്ന് നിർദ്ദേശിക്കപ്പെട്ടിട്ടില്ല. എന്നാൽ 1-4-2019 മുതൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന വാഹനങ്ങൾക്ക് അതിസുരക്ഷാ നമ്പർ പ്ലേറ്റ് ബാധകമാണെന്ന് നിർദ്ദേശിക്കുന്നുണ്ട്. കൂടാതെ ഇതുമായി ബന്ധപ്പെട്ട് മറ്റ് പ്രശ്നങ്ങളൊന്നും തന്നെ നിലവിൽ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## അതിസുരക്ഷാ നമ്പർ പ്ലേറ്റുകൾ

212 (3388) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ സർക്കാർ വാഹനങ്ങളിലും അതിസുരക്ഷാ നമ്പർ പ്ലേറ്റുകൾ (എച്ച്.എസ്.ആർ.പി.) ഘടിപ്പിക്കുവാൻ വിവിധ വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എല്ലാ സർക്കാർ വാഹനങ്ങളിലും അതിസുരക്ഷാ നമ്പർ പ്ലേറ്റുകൾ ഘടിപ്പിക്കുന്നതിന് നിർദ്ദേശിച്ചിരിക്കുന്ന സമയപരിധി വ്യക്തമാക്കുമോ;

(സി) എല്ലാ സ്വകാര്യ വാഹനങ്ങളിലും എച്ച്.എസ്.ആർ.പി. ഘടിപ്പിക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) നിലവിലുള്ള വാഹനങ്ങൾക്ക് എച്ച്.എസ്.ആർ.പി. നൽകുന്നതിന് ഡീലർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. 9-5-2019-ലെ ബി2/125/2019/ഗതാ. നമ്പർ സർക്കുലർ പ്രകാരം എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) സമയപരിധി നിശ്ചയിച്ചിട്ടില്ല.

(സി) 1-4-2019 മുതൽ നിർമ്മിക്കുന്ന എല്ലാ വാഹനങ്ങളിലും കേന്ദ്ര സർക്കാരിന്റെ ഉത്തരവ് പ്രകാരം അതിസുരക്ഷാ നമ്പർ പ്ലേറ്റുകൾ നിർബന്ധമാക്കിയിട്ടുണ്ട്. എന്നാൽ നിലവിലുള്ള വാഹനങ്ങൾക്ക് എച്ച്.എസ്.ആർ.പി. ഘടിപ്പിക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടില്ല.

(ഡി) കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ 6-12-2018-ലെ എസ്.ഒ. 6052(ഇ) നമ്പർ ഉത്തരവ് പ്രകാരം നിലവിലുള്ള വാഹനങ്ങൾക്ക് വാഹന ഉൽപ്പാദകരുടെ ഡീലർമാർ അതിസുരക്ഷാ നമ്പർ പ്ലേറ്റ് ഘടിപ്പിച്ച് നൽകേണ്ടതാണ്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് വാഹനങ്ങളിൽ അതിസുരക്ഷാ നമ്പർ പ്ലേറ്റ് ഘടിപ്പിച്ച് നൽകുന്നതിന് വാഹന ഡീലർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കാൻ നടപടി

213 (3389) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(ബി) പരിസ്ഥിതി സംരക്ഷണത്തിന് അനുയോജ്യമായ ഇലക്ട്രിക് വാഹനങ്ങളുടെ ലഭ്യത വർദ്ധിപ്പിക്കുന്നതിനായി എന്തെങ്കിലും പ്രത്യേക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) കൂടുതൽ ഉപഭോക്താക്കളെ ഇലക്ട്രിക് വാഹനങ്ങൾ ഉപയോഗിക്കുന്നതിലേക്ക് ആകർഷിക്കുന്നതിനുവേണ്ടി സബ്സിഡിയോ നികുതി ഇളവോ നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) 10-3-2019-ലെ ജി.ഒ. (എം.എസ്.) 24/2019/ട്രാൻ നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ ഒരു ഇലക്ട്രിക് വാഹന നയം രൂപീകരിച്ച് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. 2020-ഓടെ വൈദ്യുതി ഇന്ധനമാക്കി പ്രവർത്തിക്കുന്ന 2 ലക്ഷം ഇരുചക്ര വാഹനങ്ങളും 50,000 മുച്ചക്ര വാഹനങ്ങളും 1000 ചരക്ക് വാഹനങ്ങളും 100 ബോട്ടുകളും പുറത്തിറക്കുന്നതിനും 2022-ഓടുകൂടി 10 ലക്ഷം വൈദ്യുത വാഹനങ്ങൾ നിരത്തിലിറക്കുന്നതിനുമാണ് സർക്കാർ ആലോചിക്കുന്നത്. ആദ്യഘട്ടത്തിൽ വാഹനങ്ങൾ വാങ്ങുന്നതിനും തുടർന്ന് വാഹനങ്ങൾ സംസ്ഥാനത്തിനകത്ത് തന്നെ ഉൽപ്പാദിപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഇതിനായി ചില കമ്പനികളുമായി പ്രാരംഭ ചർച്ചകൾ നടന്നുവരുന്നു. വൈദ്യുത വാഹനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ വാഹനങ്ങൾക്ക് നികുതിയിളവും ഇൻസെന്റീവുകളും നൽകുന്നതിന് വൈദ്യുത വാഹന നയത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. വൈദ്യുത വാഹനങ്ങൾക്കുള്ള ചാർജിംഗ് സ്റ്റേഷനുകൾ കേരളത്തിലുടനീളം സ്ഥാപിക്കാൻ പദ്ധതിയുണ്ട്. ഇതിനായി സംസ്ഥാന വിദ്യുച്ഛക്തി ബോർഡിനെയാണ് ചുമതലപ്പെടുത്തിയിരുന്നത്. ഇതിനുവേണ്ട വൈദ്യുതി കുറഞ്ഞ നിരക്കിൽ നൽകാമെന്ന് കെ.എസ്.ഇ.ബി.എൽ. അറിയിച്ചിട്ടുണ്ട്. പാരമ്പര്യ ഇന്ധനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ചെലവു കുറഞ്ഞ യാത്രാമാർഗ്ഗമായി വൈദ്യുത വാഹനങ്ങളെ മാറ്റുന്നതിന് ഇത്തരം ഇളവുകൾ സഹായിക്കും. ഇതിലൂടെ പൊതുജനങ്ങളെ വൈദ്യുത വാഹനങ്ങളിലേക്ക് കൂടുതലായി ആകർഷിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

വൈദ്യുത വാഹനങ്ങൾ പൊതുജനങ്ങൾക്ക് കൂടുതലായി പരിചയപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെ ഒരു വാഹന എക്സ്പോ "Kerala EV Expo 2019" എന്ന പേരിൽ കൊച്ചിയിൽ വച്ച് ജൂൺ 29, 30 തീയതികളിൽ നടത്തുവാൻ ഉദ്ദേശിക്കുന്നു. പ്രസ്തുത എക്സ്പോയിൽ ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള വൈദ്യുത വാഹന നിർമ്മാതാക്കളെ ഉൾപ്പെടുത്താനും അവരുടെ ഉൽപ്പന്നങ്ങൾ കേരള വിപണിയിൽ പരിചയപ്പെടുത്താനും ലക്ഷ്യമിടുന്നു.

## മോട്ടോർ വാഹന ഡ്രൈവിംഗ് ലൈസൻസ്

214 (3390) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിന് നിലവിലുള്ള സംവിധാനത്തിൽ എന്തെങ്കിലും മാറ്റം കൊണ്ടുവന്നിട്ടുണ്ടോ;

(ബി) വാഹനത്തെക്കുറിച്ചുള്ള ധാരണയും നിരീക്ഷണപാടവവും ഉൾപ്പെടെ വിലയിരുത്തി ലൈസൻസ് നൽകുന്ന രീതിയിലേക്ക് മാറുവാൻ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ;

(സി) വാഹനം ഓടിക്കുന്നതിന് പരിശീലനം നൽകുന്നവർക്കും പരീക്ഷ നടത്തുന്ന മോട്ടോർ വാഹന ഇൻസ്പെക്ടർമാർക്കും ശാസ്ത്രീയ പരിശീലനം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഇത്തരം പരിശീലനത്തിന് ഫീസ് ഈടാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഇന്ത്യയൊട്ടാകെ ഏകീകൃത ഡ്രൈവിംഗ് ലൈസൻസ് നൽകുവാനായി കേന്ദ്ര സർക്കാർ തുടക്കമിട്ട സാരഥി സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ സംസ്ഥാനത്ത് ആരംഭിച്ചുകഴിഞ്ഞു. തിരുവനന്തപുരം, ആലപ്പുഴ, കരുനാഗപ്പള്ളി എന്നിവിടങ്ങളിൽ ആരംഭിച്ച സാരഥി 4 എന്ന സംവിധാനം സംസ്ഥാനത്തെ എല്ലാ ഓഫീസുകളിലും താമസംവിനാ ഏർപ്പെടുത്താനാണ് വകുപ്പ് ഉദ്ദേശിക്കുന്നത്. പരമ്പരാഗതരീതിയിൽ നിന്നും വ്യത്യസ്തമായി അപേക്ഷ സമർപ്പണരീതി മുതൽ മാറ്റം വരുത്തിയാണ് സാരഥി 4 നടപ്പിലാക്കിയിരിക്കുന്നത്.

(ബി) വാഹനത്തെക്കുറിച്ചുള്ള ധാരണയും നിരീക്ഷണ പാടവവും ഉൾപ്പെടെ വിലയിരുത്തി ലൈസൻസ് നൽകുന്നതിനായി ഡ്രൈവിംഗ് ടെസ്റ്റ് നടപടിക്രമം പരിഷ്കരിച്ചുകൊണ്ട് സർക്കുലർ മോട്ടോർ വാഹന വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത സർക്കുലറിലെ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിച്ചുകൊണ്ടാണ് നിലവിൽ ഡ്രൈവിംഗ് ടെസ്റ്റ് നടത്തുന്നത്.

(സി) മലപ്പുറം ജില്ലയിലെ എടപ്പാളിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡ്രൈവർ ട്രെയിനിംഗ് റിസർച്ച് എന്ന സ്ഥാപനത്തിൽ വാഹനം ഓടിക്കുന്ന പരിശീലകർക്കും അസിസ്റ്റന്റ് മോട്ടോർ വാഹന ഇൻസ്പെക്ടർമാർക്കും പ്രത്യേക പരിശീലനം നൽകിവരുന്നു.

(ഡി) അഞ്ചുദിവസം നീണ്ടുനിൽക്കുന്ന മുഴുദിവസ പരിശീലനത്തിനും താമസത്തിനും ഭക്ഷണത്തിനും ഉൾപ്പെടെ ആറായിരം രൂപ ഒരു വ്യക്തിക്ക് ചെലവാകും. ഇതിൽ പകുതി തുക കേരളാ റോഡ് സേഫ്റ്റി അതോറിറ്റിയും ബാക്കി പകുതി തുക ഡ്രൈവിംഗ് സ്കൂൾ ഉടമകളുമാണ് വഹിക്കുന്നത്.

## വാഹനങ്ങളുടെ നികുതി കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി

215 (3391) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃത്യമായ പരിശോധനയും തുടർനടപടികളും ഇല്ലാത്തതിനാൽ രജിസ്ട്രേഷൻ പുതുക്കാത്ത വാഹനങ്ങളുടെ നികുതി കുടിശ്ശികയിലും പിഴയിനത്തിലുമടക്കം മോട്ടോർ വാഹന വകുപ്പിന് എത്ര രൂപ പിരിഞ്ഞു കിട്ടാനുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സാമ്പത്തിക പ്രതിസന്ധി രൂക്ഷമാകുമ്പോഴും നിയമപ്രകാരം പിരിഞ്ഞു കിട്ടേണ്ട തുക പിരിച്ചെടുക്കാത്ത സാഹചര്യം നിലവിലുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) പ്രസ്തുത കുടിശ്ശിക തുക സമയബന്ധിതമായി പിരിച്ചെടുക്കാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കൃത്യമായ പരിശോധനയും തുടർനടപടികളും നടത്തുന്നുണ്ടെങ്കിലും മോട്ടോർ വാഹന വകുപ്പിൽ രജിസ്ട്രേഷൻ പുതുക്കാത്ത നോൺ ട്രാൻസ്പോർട്ട് വാഹനങ്ങളുടെ നികുതി കുടിശ്ശിക പിരിഞ്ഞുകിട്ടാനുണ്ട്. കുറെയേറെ നോൺ ട്രാൻസ്പോർട്ട് വാഹനങ്ങൾ കാലാവധി കഴിഞ്ഞശേഷം നിരത്തുകളിൽ ഉപയോഗിക്കാൻ സാധിക്കാതെ ഉപയോഗശൂന്യമായി നശിച്ചുപോകുന്നുണ്ട്. എന്നാൽ രജിസ്ട്രേഷൻ പുതുക്കാതെയും നികുതി അടയ്ക്കാതെയും വാഹനങ്ങൾ നിരത്തിലിറങ്ങിയാൽ വാഹന പരിശോധനാ ഉദ്യോഗസ്ഥർ അവ കൃത്യമായി കണ്ടെത്തുകയും വാഹനം പിടിച്ചെടുക്കുകയും പിഴ അടപ്പിക്കുകയും ചെയ്യും. വാഹന പരിശോധനകൾ ശക്തിപ്പെടുത്തുന്നതിനായി 24 മണിക്കൂർ പ്രവർത്തിക്കുന്ന എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. നോൺ ട്രാൻസ്പോർട്ട് വാഹനങ്ങൾ കേരളത്തിലെ ഏത് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്/സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിലും ഉടമസ്ഥാവകാശം മാറുന്നതിനും മറ്റ് സേവനങ്ങൾ നടത്തുന്നതിനും രജിസ്ട്രേഷൻ നിലനിൽക്കുന്ന ഓഫീസിന്റെ അനുവാദമില്ലാതെ സാധ്യമാണ്. ആയതിനാൽ നോൺ ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. ആയതിനാൽ നികുതി കുടിശ്ശിക വരുത്തിയ നോൺ ട്രാൻസ്പോർട്ട് വാഹനങ്ങളുടെ കൃത്യമായ കണക്ക് ശേഖരിക്കുന്നത് പ്രായോഗികമായി ബുദ്ധിമുട്ടാണ്. ടാക്സ് കുടിശ്ശിക വരുത്തിയിട്ടുള്ള ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് കൃത്യമായി ഡിമാന്റ് നോട്ടീസ് അയയ്ക്കുകയും റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. രജിസ്ട്രേഷൻ കാലാവധി കഴിഞ്ഞവയും ഉപയോഗശൂന്യമായവയും റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളുടെ/സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളുടെ

അനുവാദമില്ലാതെ പൊളിച്ചുമാറ്റപ്പെട്ടതുമായ വാഹനങ്ങളുടെ നികുതി ഈടാക്കുന്നതിനും തുടർന്ന് ഡിമാന്റിൽ നിന്നും ഒഴിവാക്കുന്നതിനുമായി സർക്കാർ ഒറ്റത്തവണ തീർപ്പാക്കാൻ പദ്ധതി നടപ്പാക്കിയിരിക്കുന്നു.

(ബി&സി) നിയമപ്രകാരം കിട്ടേണ്ട തുക സർക്കാരിന് പിരിഞ്ഞു കിട്ടേണ്ടതായിട്ടുണ്ട്. ടാക്സ് കുടിശ്ശിക വരുത്തിയിട്ടുള്ള മുഴുവൻ വാഹനങ്ങൾക്കും ഡിമാന്റ് നോട്ടീസ് അയയ്ക്കുകയും റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. കൂടാതെ നികുതി അടയ്ക്കാതെ നിരത്തിലിറങ്ങുന്ന വാഹനങ്ങൾ കണ്ടെത്തുന്നതിനും എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. ഇതിനായി 187 അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാരുടെയും 65 മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാരുടെയും 10 റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരുടെയും തസ്തികകൾ വകുപ്പിൽ പുതുതായി സൃഷ്ടിച്ച് നൽകിയിട്ടുണ്ട്. ഡിമാന്റ് നോട്ടീസ് അയച്ചിട്ടും നോട്ടീസ് കൈപ്പറ്റാത്ത വാഹനങ്ങളെ കണ്ടെത്തി നോട്ടീസ് സെർവ് ചെയ്യുന്നു. അതിനുശേഷവും നികുതി അടയ്ക്കാത്തവർക്കെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നു. വാഹനം രജിസ്റ്റർ ചെയ്യുമ്പോൾ ഹാജരാക്കുന്ന അഡ്രസ്സിന്റെ അടിസ്ഥാനത്തിലാണ് വാഹനം രജിസ്റ്റർ ചെയ്തുനൽകുന്നത്. എന്നാൽ പ്രസ്തുത വാഹനയുടമ ഈ അഡ്രസ്സിൽനിന്നും മാറി താമസമാക്കിയാൽ അല്ലെങ്കിൽ വസ്തുവകകൾ വിറ്റ് താമസം മാറിപ്പോയാൽ വാഹനയുടമയെ കണ്ടെത്തുന്നതിന് നിലവിൽ കഴിയാത്ത അവസ്ഥയാണുള്ളത്.

## സർക്കാർ തലത്തിൽ ഓൺലൈൻ ടാക്സി ആരംഭിക്കുന്നതിന് നടപടി

216 (3392) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തരീക്ഷമലിനീകരണവും ആരോഗ്യ പ്രശ്നങ്ങളും കുറയ്ക്കുന്നതിന് സ്വകാര്യ വാഹനങ്ങളുടെ എണ്ണം കുറച്ച് പൊതുഗതാഗത സംവിധാനത്തിലേക്ക് ജനങ്ങളെ ആകർഷിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ;

(ബി) ടാക്സി സർവ്വീസുകളെ ഉൾപ്പെടുത്തി ഓൺലൈൻ ടാക്സികളുടെ മാതൃകയിൽ സർവ്വീസുകൾ ആരംഭിക്കുകയാണെങ്കിൽ ചാർജ് സംബന്ധിച്ച തർക്കങ്ങളും പ്രശ്നങ്ങളും ഒഴിവാക്കാൻ കഴിയുകയും മെച്ചപ്പെട്ട സേവനം ഉപഭോക്താക്കൾക്ക് ലഭിക്കുകയും ചെയ്യുമെന്നതിനാൽ ഇത്തരത്തിലുള്ള സംവിധാനം സർക്കാർ തലത്തിൽ ഉടൻ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കുമോ;

(സി) പൊതുവാഹനങ്ങൾ കൃത്യസമയത്ത് ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്തി പൊതുഗതാഗത സംവിധാനത്തിന് വിശ്വാസ്യത കൈവരിക്കാൻ സാധിക്കുമോ എന്ന് വ്യക്തമാക്കുമോ; ഇതിനായി സ്വീകരിക്കുന്ന നടപടികൾ അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ പൊതുഗതാഗത സംവിധാനം ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ പരിസ്ഥിതി സൗഹൃദ വാഹനമായ ഇലക്ട്രിക് വാഹനങ്ങളും മർദ്ദിത പ്രകൃതി വാതകമായ സി.എൻ.ജി./എൽ.എൻ.ജി./ഓട്ടോ എൽ.പി.ജി. എന്നിവ ഇന്ധനമായി ഉപയോഗിക്കുന്ന വാഹനങ്ങളും പരമാവധി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഇത്തരം വാഹനങ്ങൾ സംസ്ഥാനത്തുടനീളം വിൽക്കുന്നതിനും വിൽപ്പനാനന്തര സേവനം നൽകുന്നതിനും മോട്ടോർ വാഹന വകുപ്പ് അനുമതി നൽകിയിട്ടുണ്ട്. പാവപ്പെട്ട തൊഴിൽരഹിതരായ ചെറുപ്പക്കാർക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നതിനും അന്തരീക്ഷ മലിനീകരണവും ശബ്ദമലിനീകരണവും അതുമൂലമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാക്കുന്നതിനും ഇത്തരം വാഹനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും ഇ-റിക്ഷകൾക്ക് കുറഞ്ഞ നിരക്കിലുള്ള നികുതിയാണ് ഏർപ്പെടുത്തിയിരിക്കുന്നത്. 10-3-2019-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 24/19/ ട്രാൻസ് പ്രകാരം ഒരു ഇലക്ട്രിക് വെഹിക്കിൾ പോളിസി രൂപീകരിച്ചിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിനുള്ളിൽ തന്നെ ഇലക്ട്രിക് വാഹനങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനും കെ.എസ്.ഇ.ബി.എൽ.-ന്റെ സഹകരണത്തോടെ ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനും ഇതിനായി ജനങ്ങൾക്ക് ബോധവത്കരണം ഉൾപ്പെടെയുള്ള കാര്യങ്ങൾ നടപ്പിലാക്കുവാനും സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. പതിനഞ്ച് വർഷത്തിനുമുകളിൽ പഴക്കമുള്ള ഡീസൽ ഓട്ടോറിക്ഷകൾ നിർബന്ധമായും സി.എൻ.ജി./ എൽ.എൻ.ജി./ഇലക്ട്രിക് ഓട്ടോറിക്ഷകളാക്കി മാറ്റണമെന്ന് ഇലക്ട്രിക് വെഹിക്കിൾ പോളിസിയിൽ ലക്ഷ്യം വച്ചിട്ടുണ്ട്. ഇതിന് 2020 മാർച്ച് 31 വരെ സമയം അനുവദിച്ചിട്ടുണ്ട്.

തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം എന്നീ നഗരങ്ങളിൽ ഇ-വാഹന പെർമിറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുവാനും ടി നഗരങ്ങളിൽ പുതിയ സിറ്റി പെർമിറ്റുകൾ നൽകുന്നത് ഇലക്ട്രിക് ഓട്ടോറിക്ഷകൾക്ക് മാത്രമായി പരിമിതപ്പെടുത്തുവാനും തീരുമാനിച്ചിട്ടുണ്ട്. 15 വർഷത്തിൽ കൂടുതൽ പഴക്കമുള്ള ഓട്ടോറിക്ഷകൾക്ക് പെർമിറ്റ് പുതുക്കി നൽകുന്നതിന് പ്രസ്തുത വാഹനം ഇലക്ട്രിക് ഓട്ടോറിക്ഷയായി രൂപമാറ്റം നടത്തണമെന്ന് വ്യവസ്ഥ ചെയ്യാൻ തീരുമാനിച്ചു. ബി.പി.സി.എൽ.-ന്റെ പമ്പുകളിലും കെ.എസ്.ഇ.ബി.എൽ.-ന്റെ സഹകരണത്തോടെ തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിലും ചാർജിംഗ് സ്റ്റേഷനുകൾ തുടങ്ങാൻ നടപടി സ്വീകരിച്ചുവരുന്നു. ഇ-റിക്ഷകളെ പെർമിറ്റിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഇ-റിക്ഷകൾക്ക് ഒറ്റത്തവണ വാഹന നികുതിയിൽ ഗണ്യമായ കുറവ് വരുത്തിയിട്ടുണ്ട്.

(ബി) ഇത്തരം സംവിധാനം ഒരുക്കുന്നതിനുള്ള പദ്ധതി തൊഴിൽ വകുപ്പിന്റെ പരിഗണനയിലുണ്ട്.

(സി) സ്വകാര്യ ബസ്സുകളുടെ ടൈം ഷെഡ്യൂൾ കമ്പ്യൂട്ടർവൽക്കരിച്ച് വരുന്നു. ഇത് പൂർത്തിയാകുന്നതോടെ ഇത്തരം വാഹനങ്ങൾ സമയക്രമം പാലിക്കുന്നുണ്ടോ എന്നും വാഹനം നിലവിൽ ഏത് സ്ഥലത്താണുള്ളത് തുടങ്ങിയ വിവരങ്ങൾ യാത്രക്കാർക്കും മോട്ടോർ വാഹന വകുപ്പ്, പോലീസ് തുടങ്ങിയ ഏജൻസികൾക്കും അറിയാൻ സാധിക്കും. കൂടാതെ പ്രധാനപ്പെട്ട സ്ഥലങ്ങളിൽ പ്രീപെയ്ഡ് ഓട്ടോറിക്ഷാ സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്.

## വാഹനങ്ങളിൽനിന്നുള്ള കാർബൺ എമിഷൻ കുറയ്ക്കുന്നതിന് നടപടി

217 (3393) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനങ്ങളിൽ നിന്നുള്ള കാർബൺ എമിഷൻ കുറച്ചുകൊണ്ടു വരുന്നതിന് എന്തെല്ലാം നടപടികളാണ് മോട്ടോർ വാഹന വകുപ്പ് സ്വീകരിച്ചുവരുന്നത്;

(ബി) ഇക്കാര്യത്തിൽ ക്രിയാത്മകമായ എന്തെങ്കിലും നടപടി വകുപ്പ് സ്വീകരിച്ചിട്ടുണ്ടോ; ഇതിന്റെ ഫലമായി എന്തെങ്കിലും പ്രകടമായ മാറ്റം വരുത്തുവാൻ കഴിഞ്ഞിട്ടുണ്ടോ;

(സി) ഇത് സംബന്ധിച്ച് വകുപ്പ് എന്തെങ്കിലും ശാസ്ത്രീയ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ&ബി) അന്തരീക്ഷ മലിനീകരണം ലഘൂകരിക്കുന്നതിനായി ഇലക്ട്രിക് വാഹന ഉപയോഗം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഒരു ഇലക്ട്രിക് വാഹന നയം സംസ്ഥാന സർക്കാർ രൂപപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പരിസ്ഥിതി സൗഹൃദ ഇന്ധനങ്ങളായ സി.എൻ.ജി./എൽ.എൻ.ജി./ എൽ.പി.ജി. (ഓട്ടോ) എന്നിവ ഇന്ധനമായി ഉപയോഗിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. അതോടൊപ്പം തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങളിലെ 15 വർഷത്തിൽ കൂടുതൽ പഴക്കമുള്ള ഓട്ടോറിക്ഷകൾ നിർബന്ധമായും 2020 മാർച്ച് 31-നുള്ളിൽ സി.എൻ.ജി./എൽ.എൻ.ജി./ഇലക്ട്രിക് എന്നീ ബദൽ ഇന്ധനത്തിലേക്ക് മാറ്റുവാനും തീരുമാനിച്ചിട്ടുണ്ട്. ഇതുവഴി കാർബൺ എമിഷൻ ഒരു പരിധിവരെ നിയന്ത്രണ വിധേയമാക്കാവുന്നതാണ്. കൂടാതെ നിലവിൽ സംസ്ഥാനത്ത് BS IV നിലവാരത്തിലുള്ള വാഹനങ്ങൾ മാത്രമേ രജിസ്റ്റർ ചെയ്യുവാൻ അനുവദിക്കുന്നുള്ളൂ. ആയതിനുള്ള നിർദ്ദേശം എല്ലാ മോട്ടോർ വാഹന ഉദ്യോഗസ്ഥർക്കും

നൽകിയിട്ടുണ്ട്. 2022-ഓടുകൂടി 10 ലക്ഷം ഇലക്ട്രിക് വാഹനങ്ങൾ റോഡിലിറക്കുവാനാണ് ഇലക്ട്രിക് വാഹന നയത്തിലൂടെ സർക്കാർ ഉദ്ദേശിക്കുന്നത്. ആയതിന്റെ ഫലമായി നിരവധി ഇലക്ട്രിക് വാഹനങ്ങൾ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഇക്കാര്യത്തിൽ ഗതാഗത വകുപ്പ് ശാസ്ത്രീയ പഠനങ്ങളൊന്നും നടത്തിയിട്ടില്ല.

**അന്തർ സംസ്ഥാന ബസ് ഓപ്പറേറ്റർമാർക്കുള്ള എൽ. എ. പി. റ്റി.**

218 (3394) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അന്തർ സംസ്ഥാന ദീർഘദൂര സർവ്വീസുകൾ നടത്തുന്ന ബസ് ഓപ്പറേറ്റർമാർക്കുള്ള എൽ.എ.പി. റ്റി. പുതുക്കുന്നതിനും പുതിയവ നൽകുന്നതിനും പുതുതായി എന്തൊക്കെ മാനദണ്ഡങ്ങളാണ് നിശ്ചയിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

എൽ.എ.പി.റ്റി. പുതുക്കുന്നതിനും പുതിയവ നൽകുന്നതിനും പുതുതായി തീരുമാനിച്ച മാനദണ്ഡങ്ങളുടെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

**വിദ്യാർത്ഥികൾക്ക് യാത്രാ സുരക്ഷ ഉറപ്പുവരുത്താൻ നടപടി**

219 (3395) ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ അദ്ധ്യയനവർഷം ആരംഭിക്കുന്നതിനുമുൻപായി വിദ്യാർത്ഥികൾക്ക് യാത്രാസൗകര്യങ്ങൾ ഏർപ്പെടുത്താനും യാത്രാസുരക്ഷ ഉറപ്പു വരുത്താനും വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) സ്കൂൾ വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും ജീവനക്കാരുടെയും വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ; വാഹനങ്ങളിൽ വിദ്യാർത്ഥികളെ കുത്തിനിറച്ച് കൊണ്ടുപോകാതിരിക്കാനും മദ്യപിച്ച് സ്കൂൾ വാഹനങ്ങൾ ഓടിക്കാതിരിക്കാനും കർശനനിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) സ്വകാര്യബസുകൾ സ്റ്റോപ്പുകളിൽ കൃത്യമായി നിർത്തി വിദ്യാർത്ഥികളെ കയറ്റണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) സ്കൂൾ ബസ്സുകളുടെയും വിദ്യാർത്ഥി-വിദ്യാർത്ഥിനികൾ യാത്ര ചെയ്യുന്ന മറ്റ് വാഹനങ്ങളുടെയും സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി മോട്ടോർ വാഹന വകുപ്പ് നിരന്തരം ജാഗ്രത പുലർത്തുന്നുണ്ട്. എല്ലാ അദ്ധ്യയന വർഷാരംഭത്തിലും എല്ലാ സ്കൂൾ ബസ്സുകളും പരിശോധിച്ച് വാഹനങ്ങളുടെ ക്ഷമത, വിദ്യാർത്ഥികൾക്കുള്ള സൗകര്യങ്ങൾ, ബാഗുകൾ സൂക്ഷിക്കുന്നതിനുള്ള സൗകര്യം, വാതിലുകൾ, ഷട്ടറുകൾ എന്നിവ പരിശോധിച്ച് യോഗ്യമായവ സ്റ്റിക്കർ പതിപ്പിച്ചു നൽകുന്നു. ഈ വർഷം ഈ പരിശോധന ജൂൺ 6-ാം തീയതിയോടെ പൂർത്തിയാക്കിയിട്ടുള്ളതാണ്. യാത്രാ ബസ്സുകളിൽ കുട്ടികളെ കയറ്റുകയും അവരോട് ബസ് ജീവനക്കാർ മാന്യതയോടെ പെരുമാറുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനുമായി ബസ് സ്റ്റാന്റ്, സ്കൂൾ പരിസരം എന്നിവിടങ്ങളിൽ പ്രത്യേക പരിശോധന നടത്തുന്നുണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പ് 27-5-2019-ൽ ജി3/229/പൊ.വി.വ. എന്ന നമ്പരായി ഇറക്കിയ സർക്കുലർ പാലിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ബസ്സുകൾക്ക് പെർമിറ്റ് നൽകുന്നത് സംബന്ധിച്ച് കേരള മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 153 ഡി പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി സ്കൂൾ വാഹനങ്ങളും കുട്ടികളെ കയറ്റുന്ന മറ്റ് വാഹനങ്ങളും നിരന്തര പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്. അമിതമായി കുട്ടികളെ കയറ്റി വരുന്ന വാഹനങ്ങളുടെ ഡ്രൈവർമാരുടെ ലൈസൻസ് റദ്ദ് ചെയ്യുന്നതിനും ഓട്ടോറിക്ഷകളുടേയും സ്കൂൾ വാഹനങ്ങളുടേയും പെർമിറ്റ് റദ്ദ് ചെയ്യുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ സ്കൂളുകളിലും ഒരു അദ്ധ്യാപകനെ/അദ്ധ്യാപികയെ നോഡൽ ഓഫീസറായി നിയമിക്കുവാൻ സ്കൂൾ അധികൃതർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) സ്കൂൾ ബസ് ജീവനക്കാരുടെ വിവരങ്ങൾ ശേഖരിച്ച് സൂക്ഷിക്കുവാൻ സ്കൂൾ അധികൃതർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പ് എല്ലാ വർഷവും സ്കൂൾ ബസ് ഡ്രൈവർമാർ, ബസ് ജീവനക്കാർ എന്നിവർക്ക് വാഹനങ്ങൾ ഡ്രൈവ് ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ച് അവബോധന ക്ലാസ്സുകൾ നടത്താറുണ്ട്. 10 വർഷത്തെ ഡ്രൈവിംഗ് പരിചയം ഉള്ളവരെ ആയിരിക്കണം നിയമിക്കേണ്ടത്. കൂടാതെ മദ്യപിച്ചു വാഹനം ഓടിക്കുക, അശ്രദ്ധമായും അപകടകരമായും വാഹനം കൈകാര്യം ചെയ്യുക എന്നീ കുറ്റങ്ങൾക്ക് ഒരു പ്രാവശ്യമെങ്കിലും ശിക്ഷിക്കപ്പെട്ടിട്ടുള്ളവരെ സ്കൂൾ ബസ്സുകളിൽ ഡ്രൈവർമാരായി നിയമിക്കുവാൻ പാടില്ല. ക്രിമിനൽ സ്വഭാവമുള്ളവർ ബസ് ജീവനക്കാരായി വരാതിരിക്കുവാൻ സ്കൂൾ അധികൃതർ ശ്രദ്ധിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

(സി) ഉണ്ട്. സ്വകാര്യ ബസ്സുകൾ സ്റ്റോപ്പുകളിൽ കൃത്യമായി നിർത്തുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ടെലിഫോൺ പോസ്റ്റുകൾ നീക്കംചെയ്യുന്നതിന് നടപടി

220 (T3396) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.എസ്.എൻ.എൽ.-ന്റെ ഉപയോഗശൂന്യമായ ടെലിഫോൺ പോസ്റ്റുകൾ നിരത്തുകളിൽ നിൽക്കുന്നത് റോഡ് സുരക്ഷയെ ബാധിക്കുന്നതായി ചൂണ്ടിക്കാട്ടി റോഡ് സുരക്ഷാ അതോറിറ്റിയ്ക്ക് എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കാൽനടയാത്രക്കാർക്ക് ഗതാഗതസൗകര്യത്തിനായി ഇത്തരം ഉപയോഗ ശൂന്യമായ ടെലിഫോൺ പോസ്റ്റുകൾ നീക്കം ചെയ്യുന്നതിന് ബന്ധപ്പെട്ട അധികാരികൾക്ക് റോഡ് സുരക്ഷാ അതോറിറ്റി നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത പോസ്റ്റുകൾമൂലം എത്ര റോഡ് അപകടങ്ങളാണ് സംഭവിച്ചിട്ടുള്ളതെന്ന് റോഡ് സുരക്ഷാ അതോറിറ്റിയ്ക്ക് വ്യക്തതയുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ;

(ഡി) ഉപയോഗ ശൂന്യമായ ടെലിഫോൺ പോസ്റ്റുകൾ റോഡ് സുരക്ഷയുടെ ഭാഗമായി എത്രയും വേഗം നീക്കംചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) 2018, 2019 വർഷങ്ങളിലെ രേഖകൾ പരിശോധിച്ചതിൽനിന്നും ഇതുസംബന്ധിച്ച് ഒരു പരാതി കേരള റോഡ് സുരക്ഷാ അതോറിറ്റിക്ക് ലഭിച്ചിട്ടുണ്ട്.

(ബി) ടി പരാതി സംബന്ധിച്ച നടപടി എടുക്കുന്നതിനായി ബന്ധപ്പെട്ട ജില്ലാ റോഡ് സുരക്ഷാ കൗൺസിലിനും ബി.എസ്.എൻ.എൽ. ചീഫ് ജനറൽ മാനേജർക്കും കത്ത് അയച്ചിട്ടുണ്ട്. ടി കത്തിന്റെ പകർപ്പ് അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(സി) പോസ്റ്റുകൾമൂലമുള്ള റോഡപകടങ്ങൾ സംബന്ധിച്ച വിവരം കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ പക്കൽ ലഭ്യമല്ല.

(ഡി) ഇതുസംബന്ധിച്ച പരാതികൾ ലഭ്യമാകുന്ന മുറയ്ക്ക് ബന്ധപ്പെട്ട ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ വഴി നടപടി സ്വീകരിക്കുന്നതാണ്.

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സേഫ് കേരള പദ്ധതി

221 (3397) ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി സേഫ് കേരള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) വിദ്യാർത്ഥികളിൽ ട്രാഫിക് അവബോധം സൃഷ്ടിക്കുന്നതിനായി സ്മാർട്ട് ട്രാഫിക് ക്ലാസ് റൂം പദ്ധതി പോലീസ് വകുപ്പിന്റെ സഹായത്തോടെ നടപ്പിലാക്കുന്നുണ്ടോ;

(സി) ഗതാഗത നിയമലംഘനം തടയുന്നതിനായി പൊതുജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് തേഡ് ഐ എൻഫോഴ്സ്മെന്റ് പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) സംസ്ഥാനത്തെ മുഴവൻ ഡ്രൈവിംഗ് പരിശീലകർക്കും ശാസ്ത്രീയ പരിശീലനം ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) റോഡുകൾ അപകടമുക്തമാക്കുന്നതിനായി 'സേഫ് കേരള' പദ്ധതി കേരള സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് റോഡപകടങ്ങൾ കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന 85 സ്ക്വാഡുകൾ നിലവിലുണ്ട്. 4-6-2018-ലെ സ.ഉ. (കൈ) നമ്പർ 42/2018/ഗതാഗതം, 16-6-2018-ലെ സ.ഉ. (കൈ) നമ്പർ 44/2018/ഗതാഗതം എന്നിവ പ്രകാരം സേഫ് കേരള പദ്ധതിയുടെ നടത്തിപ്പിനായി 10 ആർ.റ്റി.ഒ., 65 എം.വി.ഐ., 187 എ.എം.വി.ഐ. എന്നിവരുടെ അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇതിനുപുറമേ മോട്ടോർ വാഹന വകുപ്പ് കണ്ടെത്തിയ 14 സ്ഥലങ്ങളിൽ കൺട്രോൾ റൂമുകൾ സ്ഥാപിക്കുന്നതിന് 13-12-2018-ലെ സ.ഉ. (കൈ)നമ്പർ 70/2018/ഗതാഗതം എന്ന ഉത്തരവ് പ്രകാരം മോട്ടോർ വാഹന വകുപ്പിന് അനുമതി നൽകിയിട്ടുണ്ട്. സേഫ് കേരള പദ്ധതിയുമായി ബന്ധപ്പെട്ട വാഹനങ്ങൾ Wet lease-ന് എടുക്കുന്നതിനുള്ള Request for proposal-നും കൺട്രോൾ റൂമുകൾ സ്ഥാപിക്കുന്നതിനുള്ള Expression of interest-നും 18-1-2019-ലെ സ.ഉ. (സാധാ) നമ്പർ 22/2019/

ഗതാഗതം എന്ന ഉത്തരവ് വഴി സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി പുതുതായി സൃഷ്ടിക്കപ്പെട്ട 51 എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ ഉൾപ്പെടെ നിലവിലുള്ള സംവിധാനങ്ങൾ ഉപയോഗിച്ച് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(ബി) ട്രാഫിക് ബോധവൽക്കരണത്തിനായി പട്ടം സെന്റ് മേരീസ് സ്കൂളിൽ ഒരു ട്രാഫിക് സ്മാർട്ട് ക്ലാസ്സ് റൂം നിർമ്മിച്ചിട്ടുണ്ട്. കേരളത്തിലെ 140 നിയോജക മണ്ഡലങ്ങളിലും ഇത്തരത്തിലുള്ള ട്രാഫിക് സ്മാർട്ട് ക്ലാസ്സ് റൂം സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുകൊണ്ടിരിക്കുന്നു.

കേരളത്തിലെ ഇരുപത് സ്റ്റുഡന്റ് പോലീസ് കേഡറ്റ് സ്കൂളുകളിൽ സ്മാർട്ട് ട്രാഫിക് ക്ലാസ്സ് റൂമുകൾ സ്ഥാപിക്കുന്നതിനായി 2018-19 സാമ്പത്തിക വർഷത്തിൽ മോട്ടോർ വാഹന വകുപ്പിന് അനുവദിച്ച വാർഷിക പദ്ധതി വിഹിതത്തിൽ നിന്നും ഒരു കോടി രൂപ പോലീസ് വകുപ്പിന് കൈമാറിയിട്ടുണ്ട്. 18-1-2017-ൽ ചേർന്ന 32-ാമത് കേരള റോഡ് സുരക്ഷാ അതോറിറ്റി യോഗം പോലീസ് വകുപ്പ് സമർപ്പിച്ച സ്മാർട്ട് ക്ലാസ്സ് റൂം പദ്ധതിക്ക് 88 ലക്ഷം രൂപ അനുവദിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. സമാന പദ്ധതി വിദ്യാഭ്യാസ വകുപ്പിലും കൂടി നടപ്പിലാക്കുവാനുള്ള സാധ്യത പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ പോലീസ് വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ഗതാഗത നിയമലംഘനം തടയുന്നതിനായി പൊതുജന പങ്കാളിത്തത്തോടെ 'തേഡ് ഐ' എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഹെൽമറ്റ് ഇല്ലാതെയുള്ള ബൈക്ക് യാത്ര, അപകടകരമായി ലോഡ് കയറ്റിപ്പോകുന്ന വാഹനങ്ങൾ, രണ്ട് പേരിൽ കൂടുതൽ യാത്ര ചെയ്യുന്ന ടൂ വീലറുകൾ തുടങ്ങിയ നിയമലംഘനങ്ങളുടെ ഫോട്ടോ, വീഡിയോ മുതലായവ പൊതുജനങ്ങൾ അയച്ച് നൽകിയാൽ അതനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എൻ.ഐ.സി. തയ്യാറാക്കി വരുന്ന ഇ-ചെലാൻ സോഫ്റ്റ്‌വെയറിലൂടെ പൊതുജനങ്ങൾക്ക് ഇത്തരത്തിലുള്ള നിയമലംഘനങ്ങളെ മോട്ടോർ വാഹന അധികാരികളെ അറിയിക്കുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

(ഡി)സംസ്ഥാനത്തെ മുഴുവൻ ഡ്രൈവിംഗ് പരിശീലകർക്കും ശാസ്ത്രീയ പരിശീലനം ഉറപ്പാക്കുന്നതിലേക്കായി മലപ്പുറം, എടപ്പാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡ്രൈവർ ട്രെയിനിംഗ് റിസർച്ചിന്റെ കീഴിൽ ഓരോ ജില്ലയിൽ നിന്നുമുള്ള മോട്ടോർ ഡ്രൈവിംഗ് സ്കൂൾ ഇൻസ്ട്രക്ടർമാർക്ക് 5 ദിവസത്തെ ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാംസ് നടത്തിവരുന്നു.

## സേഫ് കേരള പദ്ധതി

222 (3398) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് അപകടങ്ങൾ കുറയ്ക്കുന്നതിനായി ആരംഭിച്ച സേഫ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്താമോ;

(ബി) മോട്ടോർ വാഹനവകുപ്പിന്റെ കീഴിലുള്ള നിരീക്ഷണ ക്യാമറകൾ നവീകരിക്കുന്നതിനും പരിപാലിക്കുന്നതിനുമായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് എന്നറിയിക്കാമോ?

ഉത്തരം

(എ) റോഡപകടങ്ങൾമൂലം പരിക്കേൽക്കുന്നതും മരണം സംഭവിക്കുന്നതും പരമാവധി കുറയ്ക്കുക, സുരക്ഷിത യാത്ര പ്രദാനം ചെയ്യുക, അച്ചടക്കമുള്ള റോഡ് സംസ്കാരം വളർത്തിയെടുക്കുക എന്നീ ഉദ്ദേശ്യങ്ങളോടെ കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ സഹകരണത്തോടെ മോട്ടോർ വാഹന വകുപ്പ് നടപ്പാക്കുന്ന പദ്ധതിയാണ് 'സേഫ് കേരള'. ഈ പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ ഡ്രൈവർ ഉൾപ്പെടെയുള്ള സ്ക്വാഡ് വാഹനങ്ങൾ wet lease-ന് എടുക്കുന്നതിനും കൺട്രോൾ റൂമിന് ആവശ്യമായ ആളുകളെ ഔട്ട്സോഴ്സ് ചെയ്യുന്നതിനും റോഡ് സുരക്ഷാ ഫണ്ട് ഉപയോഗിക്കുവാൻ ഉത്തരവായിട്ടുണ്ട്.

സേഫ് കേരള പദ്ധതിയുടെ നടത്തിപ്പിനായി 10 ആർ.റ്റി.ഒ.,65 എം.വി.ഐ., 187 എ.എം.വി.ഐ. എന്നിവരുടെ അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി മോട്ടോർ വാഹന വകുപ്പ് ഓരോ ജില്ലകളിലും കണ്ടെത്തിയ 14 സ്ഥലങ്ങളിൽ കൺട്രോൾ റൂമുകൾ സ്ഥാപിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. സേഫ് കേരള പദ്ധതിയുമായി ബന്ധപ്പെട്ട വാഹനങ്ങൾ Wet lease-ന് എടുക്കുന്നതിനുള്ള Request for Proposal-നും കൺട്രോൾ റൂമുകൾ സ്ഥാപിക്കുന്നതിനുള്ള Expression of interest-നും സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി പുതുതായി സൃഷ്ടിക്കപ്പെട്ട 51 എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ ഉൾപ്പെടെയുള്ള 24x7 പ്രവർത്തിക്കുന്ന 85 സ്ക്വാഡുകൾ നിലവിലുള്ള സംവിധാനങ്ങൾ ഉപയോഗിച്ച് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തിവരുന്നു.

'സേഫ് കേരള' പദ്ധതിക്കുവേണ്ടി മാത്രമായി 14 റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരുടെയും 99 മോട്ടോർ വാഹന ഇൻസ്പെക്ടർമാരുടെയും 255 അസിസ്റ്റന്റ് മോട്ടോർ വാഹന ഇൻസ്പെക്ടർമാരുടെയും സേവനം ലഭ്യമാണ്. 'സേഫ് കേരള' പദ്ധതിക്കാവശ്യമായ വാഹനങ്ങൾ ലഭ്യമാക്കുന്നതിന്റെയും കൺട്രോൾ റൂമുകൾ സ്ഥാപിക്കുന്നതിന്റെയും നടപടി പൂർത്തിയായി വരുന്നു.

(ബി) മോട്ടോർ വാഹന വകുപ്പിന്റെ കീഴിൽ ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുള്ള സ്പീഡ് നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിന് സി-ഡാക്കിനെ ചുമതലപ്പെടുത്തിയിരുന്നു. നിലവിലുള്ള ക്യാമറകൾ പരിപാലിക്കുന്നത് കെൽട്രോൺ ആണ്. ചേർത്തല-മഞ്ചേശ്വരം പാതയിലെ നിരീക്ഷണ ക്യാമറകളുടെ അറ്റകുറ്റപ്പണിക്ക് 29-8-2017-ൽ മോട്ടോർ വാഹന വകുപ്പിന് 14,96,165 രൂപ നൽകിയിട്ടുണ്ട്.

## കെ.ടി.ഡി.എഫ്.സി.-യിൽ നിന്നും കെ.എസ്.ആർ.ടി.സി. എടുത്തിട്ടുള്ള വായ്പ

223 (3399) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.ടി.ഡി.എഫ്.സി. ആരംഭിച്ച വർഷം മുതൽ 2019 മേയ് 31 വരെ പ്രസ്തുത സ്ഥാപനത്തിൽനിന്നും കെ.എസ്.ആർ.ടി.സി. എടുത്തിട്ടുള്ള വായ്പ എത്രയാണ്; ഇതിന് എത്ര ശതമാനം പലിശയാണ് നൽകിവരുന്നത്; ഒരു വർഷം വായ്പാ തുകയിൽ മുതലും പലിശയുമായി എത്ര കോടി രൂപയാണ് കെ.എസ്.ആർ.ടി.സി., കെ.ടി.ഡി.എഫ്.സി.-ക്ക് നൽകിവരുന്നത്; വിശദവിവരം നൽകുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര കോടി രൂപ കെ.ടി.ഡി.എഫ്.സി.യിൽ നിന്നും കെ.എസ്.ആർ.ടി.സി. വായ്പ എടുത്തിട്ടുണ്ട്;

(സി) കെ.ടി.ഡി.എഫ്.സി.-യെ ഒഴിവാക്കി പലിശ കുറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുക്കുന്നതിന് കെ.എസ്.ആർ.ടി.സി.-ക്ക് എന്തെങ്കിലും നിയമപരമായ തടസ്സം ഉണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് മറ്റ് ഏജൻസികളിൽ നിന്നും വായ്പ എടുക്കുന്നില്ല; വിശദവിവരം നൽകുമോ?

ഉത്തരം

(എ) കെ.ടി.ഡി.എഫ്.സി.-യുടെ കണക്കുപ്രകാരം സ്ഥാപനം ആരംഭിച്ച വർഷം മുതൽ 2019 മേയ് 31 വരെ പ്രസ്തുത സ്ഥാപനത്തിൽനിന്നും കെ.എസ്.ആർ.ടി.സി. ആകെ 7,361.41 കോടി രൂപയുടെ വിവിധ വായ്പകൾ എടുത്തിട്ടുണ്ട്. ഈ വായ്പകൾക്ക് 7.75 ശതമാനം മുതൽ 16.25 ശതമാനം വരെ പലിശ നൽകിവരുന്നു.

കൂടിയ പലിശ നിരക്കിലും കുറഞ്ഞ തിരിച്ചടവ് കാലാവധിയിലും കെ.എസ്.ആർ.ടി.സി. എടുത്തിരുന്ന വായ്പകൾ, കുറഞ്ഞ പലിശ നിരക്കിലും കൂടിയ തിരിച്ചടവ് കാലാവധിയിലും ഉള്ള വായ്പയാക്കി പുനഃസംഘടിപ്പിക്കുന്നതിന്റെ

ഭാഗമായി, കെ.ടി.ഡി.എഫ്.സി. ഉൾപ്പെട്ട ബാങ്കുകളുടെ കൺസോഷ്യത്തിൽ നിന്നും പ്രതിമാസം 9.20 ശതമാനം പലിശ നിരക്കിലും 20 വർഷത്തെ തിരിച്ചടവ് കാലാവധിയിലും 31-3-2018-ൽ 3100 കോടി രൂപ വായ്പ കെ.എസ്.ആർ.ടി.സി. എടുത്തിരുന്നു. ടി വായ്പയിൽ 31.05.2019 തീയതി പ്രകാരം 145 കോടി രൂപ, കെ.ടി.ഡി.എഫ്.സി.-ക്ക് കെ.എസ്.ആർ.ടി.സി. തിരിച്ച് നൽകുവാനുണ്ട്. ടി വായ്പയ്ക്ക് ശരാശരി 1.70 കോടി രൂപ മുതൽ ഇനത്തിലും 13.50 കോടി രൂപ പലിശ ഇനത്തിലും നൽകി വരുന്നു.

കെ.ടി.ഡി.എഫ്.സി.-യിൽ നിന്നും കെ.എസ്.ആർ.ടി.സി. മുൻകാലങ്ങളിൽ എടുത്തിരുന്ന വായ്പകളുടെ കുടിശ്ശിക സംബന്ധിച്ച് ഇരു സ്ഥാപനങ്ങളുടെയും കണക്കുകളിൽ വ്യത്യാസം ഉള്ളതിനാൽ ആയത് ചാർട്ടേർഡ് അക്കൗണ്ടൻസി സ്ഥാപനമായ M/s.വർമ്മ&വർമ്മ മുഖേന റീകൺസീലിയേറ്റ് ചെയ്യാൻ കെ.എസ്.ആർ.ടി.സി.-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൺസോർഷ്യം വായ്പ ഒഴികെയുള്ള വായ്പകളുടെ കുടിശ്ശിക സംബന്ധിച്ച് കെ.ടി.ഡി.എഫ്.സി.-യുടെ കണക്കുകൾ ചുവടെ കാണാവുന്നതാണ്.

| വായ്പാ ഇനം | മുതൽ ഇനത്തിൽ ശേഷിക്കുന്ന തുക (കോടി രൂപയിൽ) | പ്രതിവർഷ ശരാശരി പലിശ (കോടി രൂപയിൽ) |
|---|---|---|
| ഹ്രസ്വകാല വായ്പ | 332.37 | 39.84 |
| ദീർഘകാല വായ്പ | 121 | 13.68 |

ടി 332.37 കോടി രൂപ, 121 കോടി രൂപ എന്നീ വായ്പകളുടെ മുതൽ, പലിശ ഇനങ്ങളിൽ യാതൊരു തുകയും കെ.ടി.ഡി.എഫ്.സി.-ക്ക് നൽകാൻ കെ.എസ്.ആർ.ടി.സി.-ക്ക് സാധിച്ചിട്ടില്ല. കെ.എസ്.ആർ.ടി.സി., കെ.ടി.ഡി.എഫ്.സി.-യിൽനിന്നും എടുത്തിട്ടുള്ള വായ്പകളുടെ പലിശയിനത്തിൽ നൽകാനുണ്ടായിരുന്ന 33.93 കോടി രൂപ, 2018 ഒക്ടോബർ മാസം സർക്കാർ നേരിട്ട് കെ.ടി.ഡി.എഫ്.സി.-ക്ക് നൽകിയിരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 3167.37 കോടി രൂപ (ദീർഘകാല വായ്പയായി 835 കോടി രൂപയും ഹ്രസ്വകാല വായ്പയായി 2332.37 കോടി രൂപയും) കെ.ടി.ഡി.എഫ്.സി.-യിൽനിന്നും കെ.എസ്.ആർ.ടി.സി. വായ്പ എടുത്തിട്ടുണ്ട്. 28-3-2018-ൽ കെ.എസ്.ആർ.ടി.സി.-ക്ക് കുടിശ്ശികയുണ്ടായിരുന്ന 1221 കോടി രൂപയിൽ 1100 കോടി രൂപ കൺസോർഷ്യം

വായ്പയായി പുനഃക്രമീകരിച്ചിരുന്നു. ടി കൺസോർഷ്യം വായ്പയിൽ 145 കോടി രൂപ മാത്രമേ നിലവിൽ കെ.എസ്.ആർ.ടി.സി. കെ.ടി.ഡി.എഫ്.സി.-ക്ക് തിരികെ നൽകുവാനുള്ളൂ. 2332.37 കോടി രൂപയുടെ ഹ്രസ്വകാല വായ്പയിൽ 2,000 കോടി രൂപ കെ.എസ്.ആർ.ടി.സി. തിരികെ നൽകിയിരുന്നു.

(സി) തടസ്സമില്ല. 3,100 കോടി രൂപ കൺസോർഷ്യം വായ്പ എടുക്കാൻ തീരുമാനിച്ചപ്പോൾ ആദ്യഘട്ടത്തിൽ വായ്പ നൽകാൻ വന്ന കൺസോർഷ്യം ബാങ്കുകൾ പലതും പല കാരണങ്ങളാൽ കൺസോർഷ്യത്തിൽനിന്ന് പിന്മാറി. 9.20 ശതമാനം പലിശ നിരക്കിന് താഴെ വായ്പ തരാൻ ബാങ്കുകൾ ഒന്നും തന്നെ തയ്യാറായിരുന്നില്ല. കൺസോർഷ്യം വായ്പയ്ക്ക് ആവശ്യമായ 3100 കോടി രൂപ ബാങ്കുകളിൽ നിന്നും ലഭ്യമാകാതിരുന്ന സാഹചര്യത്തിലാണ് കെ.ടി.ഡി.എഫ്.സി.-യെ കൺസോർഷ്യത്തിൽ ഉൾപ്പെടുത്തിയത്.

**കെ.ടി.ഡി.എഫ്.സി.-യുടെ സാമ്പത്തിക പ്രതിസന്ധി**

224 (3400) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.റ്റി.ഡി.എഫ്.സി.-യിൽനിന്നും കെ.എസ്.ആർ.ടി.സി.-ക്ക് നൽകിയ വായ്പയിൽ എന്ത് തുക നിലവിൽ തിരിച്ച് നൽകുവാനുണ്ടെന്ന് അറിയിക്കുമോ;

(ബി) കെ.റ്റി.ഡി.എഫ്.സി. നിലവിൽ കടക്കെണിയിലാണെന്നത് വസ്തുതയാണോ;

(സി) കെ.എസ്.ആർ.ടി.സി.-ക്ക് നൽകിയ ലോൺ തിരികെ ലഭിക്കാത്തതാണോ കെ.റ്റി.ഡി.എഫ്.സി.യെ കടക്കെണിയിലാക്കിയതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പ്രതിമാസം 9.20 ശതമാനം പലിശ നിരക്കിലും 20 വർഷത്തെ തിരിച്ചടവ് കാലാവധിയിലും കെ.ടി.ഡി.എഫ്.സി. ഉൾപ്പെട്ട ബാങ്കുകളുടെ കൺസോർഷ്യത്തിൽനിന്നും 31-3-2018-ൽ 3100 കോടി രൂപ കെ.എസ്.ആർ.ടി.സി. വായ്പ എടുത്തിരുന്നു. ടി വായ്പയിൽ 31-5-2019 തീയതി പ്രകാരം 145 കോടി രൂപ കെ.ടി.ഡി.എഫ്.സി.-ക്ക് കെ.എസ്.ആർ.ടി.സി. തിരിച്ച് നൽകുവാനുണ്ട്.

കെ.ടി.ഡി.എഫ്.സി.-യിൽനിന്നും കെ.എസ്.ആർ.ടി.സി. മുൻകാലങ്ങളിൽ എടുത്തിരുന്ന വായ്പകളുടെ കുടിശ്ശിക സംബന്ധിച്ച് ഇരു സ്ഥാപനങ്ങളുടെയും കണക്കുകളിൽ വ്യത്യാസം ഉള്ളതിനാൽ ആയത് ചാർട്ടേർഡ് അക്കൗണ്ടൻസി സ്ഥാപനമായ M/s. വർമ്മ & വർമ്മ മുഖേന റീകൺസീലിയേറ്റ് ചെയ്യാൻ

കെ.എസ്.ആർ.ടി.സി.-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൺസോർഷ്യം വായ്പ ഒഴികെയുള്ള വായ്പകളുടെ കുടിശ്ശിക സംബന്ധിച്ച് കെ.ടി.ഡി.എഫ്.സി.-യുടെ കണക്കുകൾ ചുവടെ കാണാവുന്നതാണ്.

| വായ്പാ ഇനം | മുതൽ ഇനത്തിൽ ശേഷിക്കുന്ന തുക (കോടി രൂപയിൽ) | പലിശ ഇനത്തിലെ കുടിശ്ശിക തുക (കോടി രൂപയിൽ) |
|---|---|---|
| ഹ്രസ്വകാല വായ്പ | 332.37 | 26.56 |
| ദീർഘകാല വായ്പ | 121 | 16.17 |

(ബി&സി) ഓഡിറ്റ് കണക്കുപ്രകാരം 2017-18 സാമ്പത്തിക വർഷം കെ.ടി.ഡി.എഫ്.സി. 2,40,71,360 രൂപ ലാഭത്തിലാണ്. കെ.എസ്.ആർ.ടി.സി.-ക്ക് അനുവദിച്ച വായ്പകളിലെ കുടിശ്ശിക കൃത്യമായി തിരിച്ചടയ്ക്കാത്തത് കെ.ടി.ഡി.എഫ്.സി.-ക്ക് സാമ്പത്തിക ബുദ്ധിമുട്ട് ഉണ്ടാക്കിയിരുന്നു.

## കെ.എസ്.ആർ.ടി.സി.-യുടെ ഭൂമിക്ക് പട്ടയം

225 (3401) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുടനീളമുള്ള കെ.എസ്.ആർ.ടി.സി.-യുടെ ഭൂമിയിൽ എല്ലാ സ്ഥലത്തിന്റേയും പട്ടയം ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്നറിയിക്കാമോ;

(ബി) ഇപ്രകാരം പട്ടയം ലഭിക്കാത്ത എല്ലാ സ്ഥലത്തിന്റേയും പട്ടയം ലഭിയ്ക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യുടെ കൈവശമുള്ള എല്ലാ വസ്തുക്കളുടേയും പട്ടയം ലഭ്യമായിട്ടില്ല. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതും കെ.എസ്.ആർ.ടി.സി. പാട്ടവ്യവസ്ഥയിൽ തുടരുന്നതുമായ സ്ഥലങ്ങൾക്കാണ് ഇനിയും കെ.എസ്.ആർ.ടി.സി.-യുടെ പേരിൽ പട്ടയം ലഭ്യമാക്കുവാനുള്ളത്.

(ബി) കോർപ്പറേഷന്റെ കൈവശമുള്ള ഭൂമിക്ക് പട്ടയം നേടുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ആയതുമായി ബന്ധപ്പെട്ട സ്ഥലങ്ങളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**കെ.എസ്.ആർ.ടി.സി.-യുടെ മൊത്തം ബാദ്ധ്യത**

226 (3402) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ മൊത്തം ബാദ്ധ്യതയിൽ സർക്കാർ വായ്പയായി ലഭിച്ച തുക എത്രയാണ്;

(ബി) ഡീസൽ കുടിശ്ശികയിനത്തിൽ വിവിധ ഓയിൽ കമ്പനികൾക്ക് വൻ കുടിശ്ശിക നൽകുവാനുണ്ടോ, വിശദാംശം നൽകുമോ;

(സി) കെ.എസ്.ആർ.ടി.സി. വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ള വായ്പ എത്രയാണ്; ഇതിന് ഓരോന്നിനും പ്രതിമാസം നൽകേണ്ട പലിശ എത്ര വീതമാണ്;

(ഡി) നിലവിലെ സ്ഥിതിയിൽ കെ.എസ്.ആർ.ടി.സി.-യെ ലാഭകരമായി പ്രവർത്തിപ്പിക്കുവാൻ സാധിക്കുമെന്ന് വിലയിരുത്തുന്നുണ്ടോ; എങ്കിൽ അതിന് ആധാരമായ വസ്തുതകൾ എന്തൊക്കെയാണ്; വിശദമാക്കുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യുടെ മൊത്തം ബാദ്ധ്യതയിൽ 31-3-2019 വരെ സർക്കാർ വായ്പയായി ലഭിച്ച തുക 3817.15 കോടി രൂപയാണ്.

(ബി) 22-3-2013 മുതൽ 17-9-2013 വരെ കേന്ദ്ര സർക്കാർ ബൾക്ക് കൺസ്യൂമർക്കുള്ള സബ്സിഡി നിർത്തലാക്കിയ വകയിൽ താഴെ പറയുന്ന പൊതുമേഖലാ എണ്ണ കമ്പനികൾക്ക് കുടിശ്ശിക തുക നൽകാനുണ്ട്. ഈ ഇനത്തിൽ M/s.ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷന് 3,80,42,817 രൂപയും M/s. ഇന്ത്യൻ ഓയിൽ കോർപ്പറേഷന് 62,59,65,497 രൂപയും നൽകാനുണ്ട്.

(സി) കെ.എസ്.ആർ.ടി.സി. വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും കൺസോർഷ്യം വായ്പയായി 31-3-2018-ൽ എടുത്തിട്ടുള്ള തുക 3100 കോടി രൂപയാണ്. പ്രതിമാസം 9.20% പലിശ വീതമാണ് നൽകേണ്ടത്. കെ.എസ്.ആർ.ടി.സി.-യുടെ കണക്ക് പ്രകാരം വായ്പാ ഇനത്തിൽ ബാങ്കുകൾക്ക് പ്രതിമാസം നൽകേണ്ട ശരാശരി പലിശയുടെ വിവരം ഇനം തിരിച്ച് ചുവടെ ചേർക്കുന്നു:

| ബാങ്കുകളുടെ പേര് | പലിശ ഇനത്തിൽ നൽകുന്ന തുക (തുക കോടിരൂപയിൽ) |
|---|---|
| സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ | 7.58 |
| കാനറാ ബാങ്ക് | 3.75 |
| വിജയാ ബാങ്ക് | 3.75 |
| ലക്ഷ്മി വിലാസ് ബാങ്ക് | 1.18 |
| കെ.ടി.ഡി.എഫ്.സി. | 1.08 |
| ആന്ധ്രാ ബാങ്ക് | 3.75 |
| യൂണിയൻ ബാങ്ക് | 2.25 |
| ആകെ | 23.34 |

കെ.ടി.ഡി.എഫ്.സി.-യിൽനിന്നും കെ.എസ്.ആർ.ടി.സി. മുൻകാലങ്ങളിൽ എടുത്തിരുന്ന വായ്പകളുടെ കുടിശ്ശിക സംബന്ധിച്ച് ഇരുസ്ഥാപനങ്ങളുടേയും കണക്കുകളിൽ വ്യത്യാസം ഉള്ളതിനാൽ ആയത് ചാർട്ടേർഡ് അക്കൗണ്ടൻസി സ്ഥാപനമായ M/s. വർമ്മ & വർമ്മ മുഖേന റീകൺസീലിയേറ്റ് ചെയ്യാൻ കെ.എസ്.ആർ.ടി.സി.-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൺസോർഷ്യം വായ്പ ഒഴികെയുള്ള വായ്പകളുടെ കുടിശ്ശിക സംബന്ധിച്ച് കെ.ടി.ഡി.എഫ്.സി.-യുടെ കണക്കുകൾ ചുവടെ കാണാവുന്നതാണ്:

| വായ്പാ ഇനം | മുതൽ ഇനത്തിൽ ശേഷിക്കുന്ന തുക (കോടി രൂപയിൽ) | പലിശ ഇനത്തിലെ കുടിശ്ശിക (കോടി രൂപയിൽ) | പ്രതിമാസ പലിശ തുക (കോടി രൂപയിൽ) |
|---|---|---|---|
| ഹ്രസ്വകാല വായ്പ | 332.37 | 26.56 | 3.32 |
| ദീർഘകാല വായ്പ | 121 | 16.17 | 1.14 |

(ഡി) ഉണ്ട്. ഇന്ധന ക്ഷമത വർദ്ധിപ്പിക്കുക, ടയർ മൈലേജ് വർദ്ധിപ്പിക്കുക, ഓയിൽ ചെലവ് കുറയ്ക്കുക, കൃത്യമായി സ്പെയർ പാർട്സും ജീവനക്കാരെയും ലഭ്യമാക്കി മെയിന്റനൻസ് മെച്ചപ്പെടുത്തി ബ്രേക്ക് ഡൗൺ കുറയ്ക്കുക, വാഹന ഉപയോഗം മെച്ചപ്പെടുത്തുക തുടങ്ങിയവയിലൂടെ ചെലവ് ചുരുക്കി ലാഭകരമാക്കാൻ ശ്രമം നടത്തിവരികയാണ്.

നിലവിലെ സ്ഥിതിയിൽ കെ.എസ്.ആർ.ടി.സി.-യെ ലാഭകരമായി പ്രവർത്തിപ്പിക്കാൻ വേണ്ട സമഗ്രമായ പുനരുദ്ധാരണ പ്രവർത്തനങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ നടത്തിവരുന്നുണ്ട്. ഷെഡ്യൂളുകൾ യാത്രക്കാർക്കും കോർപ്പറേഷനും ഗുണകരമാകുന്ന രീതിയിൽ പുനഃക്രമീകരിച്ചും മാനവ വിഭവശേഷി പരമാവധി ഉപയോഗപ്പെടുന്നതിനും ഇതിനോടകം വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സുശീൽ ഖന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മെക്കാനിക്കൽ ജീവനക്കാരുടെ ജോലി സമയം പുനഃക്രമീകരിച്ചിട്ടുണ്ട്. പ്രൊഡക്ടിവിറ്റി വർദ്ധിപ്പിക്കുന്നതിനും പുതിയ വർക്ക് നോംസ് തയ്യാറാക്കുന്നതിനുമായി സ്റ്റേറ്റ് പ്രൊഡക്ടിവിറ്റി കൗൺസിലിനെ ഏൽപ്പിക്കുകയും അവർ നൽകിയ കരട് റിപ്പോർട്ട് പ്രകാരമുള്ള ശിപാർശകൾ നടപ്പിലാക്കുന്നത് പുരോഗതിയിലുമാണ്. ഫ്ലോട്ട് യൂണിറ്റുകൾ വാങ്ങി നൽകുന്നതിന് സാധിച്ചിട്ടുണ്ട്. ഇന്ധനക്ഷമത ദേശീയ ശരാശരിയിലേക്ക് എത്തിക്കുന്നതിലേക്കായി ഡ്രൈവർമാർക്ക് ട്രെയിനിംഗ് നൽകുകയും അതോടൊപ്പം തന്നെ ഡിപ്പോ മോണിറ്ററിംഗ് ശക്തിപ്പെടുത്തി ഇന്ധനക്ഷമത കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു. സ്പെയർ പാർട്സ് വാങ്ങുന്നതും ഇൻവെന്ററി കൺട്രോൾ ഏകീകരിക്കുക, കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കുക എന്നീ ശിപാർശകളിന്മേൽ നടപടി ആരംഭിക്കുകയും ആയത് പുരോഗതിയിലുമാണ്. ഡിപ്പോ വർക്ക്ഷോപ്പുകൾ ആധുനികവത്കരിക്കുന്നതിന്റെ ഭാഗമായി ആധുനിക ഉപകരണങ്ങൾ വാങ്ങി നൽകുകയും ആയതിന്റെ പ്രവർത്തന മികവ് വിലയിരുത്തുകയും ചെയ്തുവരുന്നു.

ബസ്സിന്റെ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ വർക്ക്ഷോപ്പുകളുടെ പ്രവർത്തനം ഏകീകരിക്കുന്നതിനുള്ള നടപടിക്രമം നടപ്പിലാക്കി വരുന്നു. മെക്കാനിക്കൽ വിഭാഗം ജീവനക്കാരുടെ ജോലിസമയം ക്രമീകരിച്ച് വാഹനങ്ങൾക്ക് യഥാസമയം മെയിന്റനൻസ് പൂർത്തീകരിക്കുന്നതിനുള്ള ക്രമീകരണം നടത്തുകയും ആയത് ജീവനക്കാർ idle ചെയ്യുന്നത് ഒഴിവാക്കുന്നതിന് സാധിച്ചിട്ടുമുണ്ട്. കൂടാതെ, ഡ്യൂട്ടി പരിഷ്കരണത്തിലൂടെ മെയിന്റനൻസിനായി പകൽ സമയം ബസ്സുകൾ പിടിച്ചിടുന്നത് ഒഴിവായതിലൂടെ കുറഞ്ഞത് 100 ബസ്സുകൾ എങ്കിലും പ്രതിദിനം അധികമായി സർവ്വീസിന് നൽകാനും കഴിയുന്നുണ്ട്. ടയർ, കെ.എം.പി.എൽ.,ലൂബ്രിക്കൻസ് എന്നിവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി മൂന്ന് മേഖലകളായി തിരിച്ച് അസിസ്റ്റന്റ് വർക്സ് മാനേജർമാരെ നിയോഗിച്ച് തുടർ നടപടി സ്വീകരിച്ചുവരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ചെലവ് ചുരുക്കുന്നതും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതും കെ.എസ്.ആർ.ടി.സി.-യുടെ നഷ്ടം കുറയ്ക്കുവാൻ സഹായിക്കും.

കെ.എസ്.ആർ.ടി.സി. ലാഭകരമാക്കാനുള്ള നടപടിയുടെ ഭാഗമായി സർവ്വീസ് നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിനോടൊപ്പം ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് വളരെ പ്രാധാന്യം നൽകി കെ.എസ്.ആർ.ടി.സി.-യുടെ അധീനതയിലുള്ള സ്ഥലങ്ങളിൽ വ്യാവസായിക വാണിജ്യ അടിസ്ഥാനത്തിൽ വാണിജ്യ സമുച്ചയങ്ങൾ പണിയുകയും ലേലം/ടെണ്ടർ നടപടികളിലൂടെ നൽകിയും കൊറിയർ & പാഴ്സൽ സർവ്വീസ്, ബാങ്ക് എ.ടി.എം., കോഫീ വെൻഡിംഗ് മെഷീൻ എന്നിവ നടപ്പിലാക്കിയും കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ ബസ്സുകളിലും ബസ് സ്റ്റേഷനുകളിലും പരസ്യം പ്രദർശിപ്പിക്കുന്നതിന് കരാർ നൽകിയും അധിക വരുമാനം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ അധീനതയിൽ നിർമ്മിച്ച നെയ്യാറ്റിൻകര, നെടുമങ്ങാട്, കാട്ടാക്കട, കൊട്ടാരക്കര, പയ്യന്നൂർ, കണ്ണൂർ, കാസർഗോഡ് എന്നീ വാണിജ്യ സമുച്ചയങ്ങളിൽ ഒഴിവുള്ള കടമുറികൾക്ക് പരമാവധി ലൈസൻസികളെ കണ്ടെത്തി ഷോപ്പുകൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. കെ.എസ്.ആർ.ടി.സി.-ക്ക് നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി യൂണിറ്റുകളിൽ പ്രവർത്തിച്ചു വരുന്ന സ്റ്റാളുകൾ എൽ.ആർ. സ്റ്റാൾ, ക്യാന്റീൻ, ലൈസൻസ് അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ എന്നിവയുടെ ലൈസൻസ് കാലാവധി മൂന്ന് വർഷമായി നിജപ്പെടുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ 3 വർഷം പൂർത്തീകരിച്ച ലൈസൻസുകൾ റദ്ദ് ചെയ്ത് പുനർലേലം നടത്തുകയും സ്റ്റാളുകൾ തുടർന്ന് പ്രവർത്തിപ്പിക്കുവാൻ ആഗ്രഹിക്കുന്നവർ നിലവിൽ നൽകിക്കൊണ്ടിരിക്കുന്ന ലൈസൻസ് ഫീസിൽ 100 ശതമാനം വർദ്ധനവ് വരുത്തി പുതുക്കി നൽകിയ വഴിയിലും പ്രതിമാസ ലൈസൻസ് ഫീസിൽ വർദ്ധനവ് വരുത്തുവാനും കഴിഞ്ഞിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിൽ പരസ്യ പ്രദർശനത്തിന് ജില്ലാടിസ്ഥാനത്തിൽ ലൈസൻസികളെ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചതിലും കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിൽ മൊബൈൽ ടവർ, ഡിജിറ്റൽ വീഡിയോ വാൾ എന്നിവ സ്ഥാപിച്ച് പരസ്യം പ്രദർശിപ്പിക്കുന്നതിലും വരുമാന വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

മുൻ വർഷങ്ങളിൽനിന്നും വ്യത്യസ്തമായി നിബന്ധനകളിൽ കാതലായ മാറ്റം വരുത്തിയതുവഴി കെ.എസ്.ആർ.ടി.സി. ബസുകൾ പരസ്യത്തിന് നൽകുന്നത് വഴി പ്രതിവർഷം 8.38 കോടി രൂപയിൽ നിന്നും 21 കോടി രൂപയിലേക്കും കെ.യു.ആർ.ടി.സി. ബസ്സുകളിൽ 1.30 കോടി രൂപയിൽ നിന്നും 5.33 കോടി രൂപയിലേക്കും വരുമാനം ഉയർത്തുവാൻ കഴിഞ്ഞു. അത്തരത്തിൽ 5 വർഷത്തേക്ക് 59 കോടി രൂപയിൽ നിന്നും 161 കോടി രൂപയിലേക്ക് ഗണ്യമായ വർദ്ധനവാണ് കെ.എസ്.ആർ.ടി.സി.-ക്ക് ലഭിച്ചത്. കെ.എസ്.ആർ.ടി.സി. ബസുകളിൽ കൊറിയർ പാഴ്സൽ സർവ്വീസ് നടത്തുന്നതിലൂടെ പ്രതിമാസം 13,15,000 രൂപ ലഭിക്കുന്നു. ഇത് പോയ വർഷത്തെ വരുമാനത്തിനേക്കാൾ ആറ് മടങ്ങ് വർദ്ധനവാണ്.

## കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ വിദ്യാർത്ഥികളുടെ കൺസഷൻ

227 (3403) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ വിദ്യാർത്ഥികൾക്ക് കൺസഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ബസ്സുകളിൽ ഓരോ റൂട്ടിലും അനുവദിക്കുന്ന പാസുകളുടെ എണ്ണത്തിന് പരിധി നിശ്ചയിച്ചിട്ടുണ്ടോ;

(സി) കെ.എസ്.ആർ.ടി.സി.-യുടെ ഒരു ബസ്സ് മാത്രം സർവ്വീസ് നടത്തുന്ന റൂട്ടിൽ വിദ്യാർത്ഥികൾക്ക് കൺസഷൻ അനുവദിക്കുന്നത് വിലക്കുന്ന ഉത്തരവുകളോ സർക്കുലറുകളോ നിലവിൽ ഉണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) നിലവിൽ കൺസഷൻ അനുവദിച്ചിട്ടുള്ള സർക്കാർ, സർക്കാർ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയും തനത് വർഷത്തെ അഫിലിയേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കി കൺസഷൻ അർഹത കരസ്ഥമാക്കിയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയും വിദ്യാർത്ഥികൾക്ക് പഠിക്കുന്ന സ്ഥാപനത്തിൽ നിന്നുള്ള സ്ഥാപനമേധാവി സാക്ഷ്യപ്പെടുത്തിയ അപേക്ഷാഫാറം, ഐ. ഡി. കാർഡ്, കോഴ്സ് സർട്ടിഫിക്കറ്റ് മുതലായവ സമർപ്പിക്കുന്ന മുറയ്ക്ക് കൺസഷൻ ടിക്കറ്റ് അനുവദിക്കുന്നതാണ്.

(ബി) ഒരു ബസ്സിൽ പരമാവധി 25 കൺസഷൻ ടിക്കറ്റ് എന്ന നിലയ്ക്കാണ് കൺസഷൻ ടിക്കറ്റ് അനുവദിക്കുന്നത്.

(സി) ഉണ്ട്. ഈ വിഷയം സംബന്ധിച്ച് കെ.എസ്.ആർ.ടി.സി. പുറപ്പെടുവിച്ച സർക്കുലറിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

## കെ.എസ്.ആർ.ടി.സി. ഡ്രൈവർമാരുടെ ട്രാഫിക് നിയമലംഘനം

228 (3404) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിലെ ഒരു വിഭാഗം ഡ്രൈവർമാർ ട്രാഫിക് നിയമങ്ങൾ കൃത്യമായി പാലിക്കുന്നില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി. ബസ്സുകൾ ബസ് സ്റ്റോപ്പുകളിൽ നിർത്തുമ്പോൾ റോഡിൽ മറ്റ് വാഹനങ്ങൾക്ക് തടസ്സമുണ്ടാകാതെ ഒതുക്കി നിർത്തുവാൻ നിർദ്ദേശം നൽകുമോ;

(സി) ട്രാഫിക് നിയമങ്ങൾ കൃത്യമായി പാലിക്കുന്നതിന് കെ.എസ്.ആർ.ടി.സി. ഡ്രൈവർമാർക്ക് പ്രത്യേക പരിശീലനം നൽകുന്ന കാര്യം പരിഗണിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച നിർദ്ദേശം കെ.എസ്.ആർ.ടി.സി.-യിലെ ഡ്രൈവർമാർക്ക് നൽകിയിട്ടുണ്ട്.

(സി) സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ അപകടനിരക്ക് കുറയ്ക്കുന്നതിനായി പ്രധാനമായും ഡ്രൈവർമാർക്ക് സ്റ്റാഫ് ട്രെയിനിംഗ് സെന്റർ മുഖാന്തരം ജോലിയിൽ പ്രവേശിക്കുന്നതിന് മുമ്പായി അപകടരഹിത ഡ്രൈവിംഗ് സംബന്ധിയായി പരിശീലനം നൽകിയാണ് സർവ്വീസിന് നിയോഗിക്കുന്നത്. കൂടാതെ നിശ്ചിത ഇടവേളകളിൽ തുടർ പരിശീലനവും നൽകിവരുന്നു. സർവ്വീസ് നടത്തുമ്പോൾ ഡ്രൈവർമാരുടെ പ്രവർത്തനം വിലയിരുത്തി അപാകതകൾ കണ്ടെത്തുന്നവർക്ക് തിരുത്തൽ പരിശീലനവും നൽകുന്നുണ്ട്.

## കെ.എസ്.ആർ.ടി.സി.-യെ മൂന്ന് മേഖലകളായി വിഭജിച്ച നടപടി

229 (3405) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. കെ. സി. ജോസഫ്:
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യെ മൂന്ന് മേഖലകളായി വിഭജിച്ച് സാമ്പത്തികമായി സ്വയംപര്യാപ്തമായ സ്ഥാപനമാക്കുന്നതിന് സ്വീകരിച്ച നടപടികൾ ഫലപ്രദമാണോ; ഇതുമൂലം കഴിഞ്ഞ പത്ത് മാസത്തിനുള്ളിൽ ഉണ്ടായിട്ടുള്ള മാറ്റങ്ങൾ എന്തൊക്കെയാണ്;

(ബി) മത്സര ബുദ്ധിയോടെ പ്രവർത്തിക്കുന്ന മൂന്ന് മേഖലകൾ രൂപീകരിച്ചതിലൂടെ പൊതുജനങ്ങൾക്കും യാത്രക്കാർക്കും കൂടുതൽ സേവനങ്ങൾ സമയബന്ധിതമായി നൽകുന്നതിന് കോർപ്പറേഷന് കഴിയുന്നുണ്ടോ എന്നറിയിക്കാമോ;

(സി) വരുമാനം കുറവുള്ള സർവ്വീസുകൾക്ക് കൂടുതൽ വരുമാനം ലഭിക്കുന്നതിനായി ഷെഡ്യൂൾ പുനക്രമീകരണം നടത്തിയത് യാത്രക്കാർക്ക് ബുദ്ധിമുട്ടായി എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; ഇത്തരം പരാതികൾ പരിഹരിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണ്;

(ഡി) മെക്കാനിക്കൽ ജീവനക്കാരുടെ അദ്ധ്വാനഭാരം ലഘൂകരിച്ച് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടിയാണ് സ്വീകരിച്ചത്; അത് ഫലപ്രദമാണെന്ന് വിലയിരുത്തുന്നുണ്ടോ;

(ഇ) കെ.എസ്.ആർ.ടി.സി.-യുടെ നിലവിലുള്ള ഫ്ളീറ്റ് യൂട്ടിലൈസേഷൻ എത്രയാണ്; അത് ദേശീയ ശരാശരിയേക്കാൾ വളരെ കുറവാണെങ്കിൽ അത് വർദ്ധിപ്പിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഫലപ്രദമാണെന്നാണ് കരുതുന്നത്. ഇതുമൂലം കഴിഞ്ഞ 10 മാസത്തിനുള്ളിൽ ഉണ്ടായിട്ടുള്ള മാറ്റങ്ങൾ താഴെ കൊടുത്തിരിക്കുന്നു:

- മേഖലാവത്കരണം നടത്തിയതിലൂടെ തദ്ദേശീയമായി വരുമാനക്കുറവുള്ള സർവ്വീസുകൾ പുനഃക്രമീകരിക്കുവാൻ കഴിഞ്ഞു.
- മേഖലയ്ക്കുള്ളിലെ ബസ്സുകളുടെയും ജീവനക്കാരുടെയും പുനർ വിന്യാസം എളുപ്പത്തിലായി.
- പൊതുജനങ്ങൾക്കും കോർപ്പറേഷന് ഗുണകരമായി സർവ്വീസുകൾ പുനഃക്രമീകരിക്കുവാനും അതുവഴി അനാവശ്യ ചെലവുകൾ ചുരുക്കുവാനും കഴിഞ്ഞു.
- മേഖലാ ഓഫീസുകളുടെ ഭരണം സുഗമമാക്കുന്നതിനായി ആവശ്യത്തിന് ജീവനക്കാരെ വിന്യസിച്ചതിലൂടെ നടപടികൾ എളുപ്പത്തിലാക്കി.
- ഓരോ ഡിപ്പോയിലേയും വരുമാനവും പ്രവർത്തനവും നേരിട്ട് മേഖലാധികാരികൾ പരിശോധിക്കുന്നതിനാൽ സർവ്വീസ് ഓപ്പറേഷൻ കാര്യക്ഷമമായി. അതിലൂടെ മെച്ചപ്പെട്ട വരുമാനവും അനാവശ്യ ചെലവുകളിലും കുറവുണ്ടായി.

(ബി) കഴിയുന്നുണ്ട്. വരുമാനം കുറവുള്ള സർവ്വീസുകളുടെ പുനഃക്രമീകരണവും അതാത് മേഖലാപരിധിയിലെ ബസ്സുകളുടെയും ജീവനക്കാരുടെയും വിന്യാസവും പുനഃക്രമീകരണവും നടപടികളും വേഗത്തിൽ നടപ്പിലാക്കുന്നതിനും അതുവഴി സർവ്വീസുകൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പൊതുജനങ്ങൾക്കും കോർപ്പറേഷനും ഗുണകരമാക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.

(സി) കെ.എസ്.ആർ.ടി.സി.-യുടെ സമഗ്ര പുനരുദ്ധാരണത്തിന്റെ ഭാഗമായി വളരെയധികം വരുമാനം കുറവുള്ള സർവ്വീസുകൾ യാത്രക്കാർക്ക് ബുദ്ധിമുട്ട് ഉണ്ടാകാത്ത രീതിയിൽ പുനഃക്രമീകരിച്ചിട്ടുണ്ട്. പ്രസ്തുത ക്രമീകരണങ്ങളിലെ അപാകതകളിന്മേലുള്ള പരാതികൾ പരിശോധിച്ച് യാത്രക്കാർക്കും കോർപ്പറേഷനും ഗുണകരമാകുന്ന രീതിയിൽ പരിഹരിക്കുന്നതാണ്.

(ഡി) പ്രൊഡക്ടിവിറ്റി വർദ്ധിപ്പിക്കുന്നതിനും പുതിയ വർക്ക് നോംസ് തയ്യാറാക്കുന്നതിനുമായി സ്റ്റേറ്റ് പ്രൊഡക്ടിവിറ്റി കൗൺസിലിനെ ഏൽപ്പിക്കുകയും അവർ നൽകിയ കരട് റിപ്പോർട്ട് പ്രകാരമുള്ള ശിപാർശകൾ നടപ്പിലാക്കുന്നത് പുരോഗതിയിലുമാണ്. ഡിപ്പോകളിൽ മെക്കാനിക്കൽ ജീവനക്കാരുടെ ജോലി സമയം ബസ് സർവ്വീസ്സുകളുടെ ആഗമന സമയവും പുറപ്പെടൽ സമയവും കണക്കിലെടുത്ത് 6-14, 14-22, 22-06 എന്നീ സമയക്രമത്തിൽ പുനഃക്രമീകരണം എന്ന ശിപാർശ നടപ്പിലാക്കിയിട്ടുണ്ട്. ഡിപ്പോ വർക്ക്ഷോപ്പുകൾ ആധുനികവത്കരിക്കുന്നതിന്റെ ഭാഗമായി ആധുനിക ഉപകരണങ്ങൾ വാങ്ങി നൽകുകയും ആയതിന്റെ പ്രവർത്തന മികവ് വിലയിരുത്തുകയും ചെയ്തുവരുന്നു.

(ഇ) ദേശീയ ശരാശരി ഏകദേശം 90 ശതമാനവും 11-6-2019-ലെ കണക്കുപ്രകാരം കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ ഫ്ലീറ്റ് യൂട്ടിലൈസേഷൻ 84.41 ശതമാനവുമാണ്. വാഹന വ്യൂഹത്തിന്റെ ഉപയോഗം പ്രൊഫ. സുശീൽ ഖന്ന നിർദ്ദേശിച്ച പ്രകാരം 95 ശതമാനത്തിൽ എത്തിക്കുന്നതിന് കടുത്ത സാമ്പത്തിക പരാധീനത കാരണം സാധിക്കുന്നില്ല. ബസ്സുകൾ ഓഫ് റോഡ് ആകാതെ സമയബന്ധിതമായി നിരത്തിലിറക്കുന്നതിന് എല്ലാ പ്രധാന ഭാഗങ്ങളും ഫ്ലോട്ട് യൂണിറ്റുകളാക്കി മുൻകൂർ നൽകുന്നതിന് സംവിധാനമൊരുക്കണം. ഇത്തരത്തിൽ കുറഞ്ഞ അളവിൽ ഫ്ലോട്ട് യൂണിറ്റുകൾ ലഭ്യമായി എങ്കിലും സാമ്പത്തിക പ്രതിസന്ധി കാരണം മേൽ ഫ്ലോട്ട് യൂണിറ്റുകൾ റീ-കണ്ടീഷൻ ചെയ്യാനാകാതെ സ്പെയർ പാർട്സിന്റെ കുറവുകാരണം സൂക്ഷിച്ചിരിക്കുകയാണ്. കൂടുതൽ ഫ്ലോട്ട് യൂണിറ്റുകൾ വാങ്ങുന്നതിനും നിലവിലുള്ളവ റീ-കണ്ടീഷൻ ചെയ്യുന്നതിനുമായി 16.27 കോടി രൂപ ആവശ്യമാണ്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ഫ്ലീറ്റ് യൂട്ടിലൈസേഷൻ വർദ്ധിപ്പിച്ച് കൊണ്ടുവരുവാൻ കഴിയുന്നതാണ്.

## കെ.എസ്.ആർ.ടി.സി.-യുടെ ബാദ്ധ്യത

230 (3406) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിലെ നിലവിലെ മൊത്തം ബാദ്ധ്യതയിൽ സർക്കാർ വായ്പയായി ലഭിച്ച തുക എത്രയാണ്;

(ബി) കെ.എസ്.ആർ.ടി.സി., ഡീസൽ കുടിശ്ശികയിനത്തിൽ വിവിധ ഓയിൽ കമ്പനികൾക്ക് വൻ കുടിശ്ശിക നൽകുവാനുണ്ടോ; വിശദാംശം നൽകുമോ;

(സി) കെ.എസ്.ആർ.ടി.സി. വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ള വായ്പകൾ എത്രയാണ്; ഇതിന് ഓരോന്നിനും പ്രതിമാസം നൽകേണ്ട പലിശ എത്ര വീതമാണ്;

(ഡി) നിലവിലെ സ്ഥിതിയിൽ കെ.എസ്.ആർ.ടി.സി.യെ ലാഭകരമായി പ്രവർത്തിപ്പിക്കുവാൻ സാധിക്കുമെന്ന് വിലയിരുത്തുന്നുണ്ടോ; എങ്കിൽ അതിന് ആധാരമായ വസ്തുതകൾ എന്തൊക്കെയാണ് എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി.-യുടെ മൊത്തം ബാധ്യതയിൽ 31-3-2019 വരെ സർക്കാർ വായ്പയായി ലഭിച്ച തുക 3817.15 കോടി രൂപയാണ്.

(ബി) 22-3-2013 മുതൽ 17-9-2013 വരെ കേന്ദ്ര സർക്കാർ ബൾക്ക് കൺസ്യൂമർക്കുള്ള സബ്സിഡി നിർത്തലാക്കിയ വകയിൽ താഴെ പറയുന്ന പൊതുമേഖലാ എണ്ണ കമ്പനികൾക്ക് കുടിശ്ശിക തുക നൽകാനുണ്ട്. ഈ ഇനത്തിൽ M/s. ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷന് 3,80,42,817 രൂപയും M/s. ഇന്ത്യൻ ഓയിൽ കോർപ്പറേഷന് 62,59,65,497 രൂപയും നൽകാനുണ്ട്.

(സി) കെ.എസ്.ആർ.ടി.സി. വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും കൺസോർഷ്യം വായ്പയായി 31-3-2018-ൽ എടുത്തിട്ടുള്ള തുക 3100 കോടി രൂപയാണ്. പ്രതിമാസം 9.20% പലിശ വീതമാണ് നൽകേണ്ടത്. കെ.എസ്.ആർ.ടി.സി.-യുടെ കണക്ക് പ്രകാരം വായ്പ ഇനത്തിൽ ബാങ്കുകൾക്ക് പ്രതിമാസം നൽകേണ്ട ശരാശരി പലിശയുടെ വിവരം ഇനം തിരിച്ച് ചുവടെ ചേർക്കുന്നു:

| ബാങ്കുകളുടെ പേര് | പലിശ ഇനത്തിൽ നൽകുന്ന തുക (കോടി രൂപയിൽ) |
|---|---|
| സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ | 7.58 |
| കാനറാ ബാങ്ക് | 3.75 |
| വിജയാ ബാങ്ക് | 3.75 |
| ലക്ഷ്മി വിലാസ് ബാങ്ക് | 1.18 |
| കെ.ടി.ഡി.എഫ്.സി. | 1.08 |
| ആന്ധ്രാ ബാങ്ക് | 3.75 |
| യൂണിയൻ ബാങ്ക് | 2.25 |
| ആകെ | 23.34 |

കെ.ടി.ഡി.എഫ്.സി.-യിൽനിന്നും കെ.എസ്.ആർ.ടി.സി. മുൻകാലങ്ങളിൽ എടുത്തിരുന്ന വായ്പകളുടെ കുടിശ്ശിക സംബന്ധിച്ച് ഇരുസ്ഥാപനങ്ങളുടേയും കണക്കുകളിൽ വ്യത്യാസം ഉള്ളതിനാൽ ആയത് ചാർട്ടേർഡ് അക്കൗണ്ടൻസി സ്ഥാപനമായ M/s. വർമ്മ & വർമ്മ മുഖേന റീകൺസീലിയേറ്റ് ചെയ്യാൻ കെ.എസ്.ആർ.ടി.സി.-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൺസോർഷ്യം വായ്പ ഒഴികെയുള്ള വായ്പകളുടെ കുടിശ്ശിക സംബന്ധിച്ച് കെ.ടി.ഡി.എഫ്.സി.-യുടെ കണക്കുകൾ ചുവടെ കാണാവുന്നതാണ് :

| വായ്പാ ഇനം | മുതൽ ഇനത്തിൽ ശേഷിക്കുന്ന തുക (കോടി രൂപയിൽ) | പലിശ ഇനത്തിലെ കുടിശ്ശിക (കോടി രൂപയിൽ) | പ്രതിമാസ പലിശ തുക (കോടി രൂപയിൽ) |
|---|---|---|---|
| ഹ്രസ്വകാല വായ്പ | 332.37 | 26.56 | 3.32 |
| ദീർഘകാല വായ്പ | 121 | 16.17 | 1.14 |

(ഡി) ഉണ്ട്. ഇന്ധനക്ഷമത വർദ്ധിപ്പിക്കുക, ടയർ മൈലേജ് വർദ്ധിപ്പിക്കുക, ഓയിൽ ചെലവ് കുറയ്ക്കുക, കൃത്യമായി സ്പെയർ പാർട്സും ജീവനക്കാരെയും ലഭ്യമാക്കി മെയിന്റനൻസ് മെച്ചപ്പെടുത്തി ബ്രേക്ക് ഡൗൺ കുറയ്ക്കുക, വാഹന ഉപയോഗം മെച്ചപ്പെടുത്തുക തുടങ്ങിയവയിലൂടെ ചെലവ് ചുരുക്കി ലാഭകരമാക്കാൻ ശ്രമം നടത്തിവരികയാണ്.

നിലവിലെ സ്ഥിതിയിൽ കെ.എസ്.ആർ.ടി.സി.-യെ ലാഭകരമായി പ്രവർത്തിപ്പിക്കാൻ വേണ്ട സമഗ്രമായ പുനരുദ്ധാരണ പ്രവർത്തനങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ നടത്തിവരുന്നുണ്ട്. ഷെഡ്യൂളുകൾ യാത്രക്കാർക്കും കോർപ്പറേഷനും ഗുണകരമാകുന്ന രീതിയിൽ പുനഃക്രമീകരിച്ചും മാനവ വിഭവശേഷി പരമാവധി ഉപയോഗപ്പെടുന്നതിനും ഇതിനോടകം വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മെക്കാനിക്കൽ ജീവനക്കാരുടെ ജോലി സമയം പുനഃക്രമീകരിച്ചിട്ടുണ്ട്. പ്രൊഡക്ടിവിറ്റി വർദ്ധിപ്പിക്കുന്നതിനും പുതിയ വർക്ക് നോംസ് തയ്യാറാക്കുന്നതിനുമായി സ്റ്റേറ്റ് പ്രൊഡക്ടിവിറ്റി കൗൺസിലിനെ ഏൽപ്പിക്കുകയും അവർ നൽകിയ കരട് റിപ്പോർട്ട് പ്രകാരമുള്ള ശിപാർശകൾ നടപ്പിലാക്കുന്നത് പുരോഗതിയിലുമാണ്. ഫ്ലോട്ട് യൂണിറ്റുകൾ വാങ്ങി നൽകുന്നതിന് സാധിച്ചിട്ടുണ്ട്. ഇന്ധനക്ഷമത ദേശീയ ശരാശരിയിലേക്ക് എത്തിക്കുന്നതിലേക്കായി ഡ്രൈവർമാർക്ക് ട്രെയിനിംഗ് നൽകുകയും അതോടൊപ്പം തന്നെ ഡിപ്പോ മോണിറ്ററിംഗ് ശക്തിപ്പെടുത്തി ഇന്ധനക്ഷമത കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. സ്പെയർ പാർട്സ്

വാങ്ങുന്നതും ഇൻവെന്ററി കൺട്രോൾ ഏകീകരിക്കുക, കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കുക എന്നീ ശിപാർശകളിന്മേൽ നടപടി ആരംഭിക്കുകയും ആയത് പുരോഗതിയിലുമാണ്. ഡിപ്പോ വർക്ക്ഷോപ്പുകൾ ആധുനികവത്കരിക്കുന്നതിന്റെ ഭാഗമായി ആധുനിക ഉപകരണങ്ങൾ വാങ്ങി നൽകുകയും ആയതിന്റെ പ്രവർത്തനമികവ് വിലയിരുത്തുകയും ചെയ്തുവരുന്നു.

ബസ്സിന്റെ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ വർക്ക്ഷോപ്പുകളുടെ പ്രവർത്തനം ഏകീകരിക്കുന്നതിനുള്ള നടപടിക്രമം നടപ്പിലാക്കി വരുന്നു. മെക്കാനിക്കൽ വിഭാഗം ജീവനക്കാരുടെ ജോലിസമയം ക്രമീകരിച്ച് വാഹനങ്ങൾക്ക് യഥാസമയം മെയിന്റനൻസ് പൂർത്തീകരിക്കുന്നതിനുള്ള ക്രമീകരണം നടത്തുകയും ആയത് ജീവനക്കാർ idle ചെയ്യുന്നത് ഒഴിവാക്കുന്നതിന് സാധിച്ചിട്ടുമുണ്ട്. കൂടാതെ ഡ്യൂട്ടി പരിഷ്കരണത്തിലൂടെ മെയിന്റനൻസിനായി പകൽ സമയം ബസ്സുകൾ പിടിച്ചിടുന്നത് ഒഴിവായതിലൂടെ കുറഞ്ഞത് 100 ബസ്സുകൾ എങ്കിലും പ്രതിദിനം അധികമായി സർവ്വീസിന് നൽകാനും കഴിയുന്നുണ്ട്. ടയർ, കെ.എം.പി.എൽ.,ലൂബ്രിക്കൻസ് എന്നിവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി മൂന്ന് മേഖലകളായി തിരിച്ച് അസിസ്റ്റന്റ് വർക്ക്സ് മാനേജർമാരെ നിയോഗിച്ച് തുടർ നടപടി സ്വീകരിച്ചുവരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ചെലവ് ചുരുക്കുന്നതും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതും കെ.എസ്.ആർ.ടി.സി.-യുടെ നഷ്ടം കുറയ്ക്കുവാൻ സഹായിക്കും.

കെ.എസ്.ആർ.ടി.സി. ലാഭകരമാക്കാനുള്ള നടപടിയുടെ ഭാഗമായി സർവ്വീസ് നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിനോടൊപ്പം ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് വളരെ പ്രാധാന്യം നൽകി കെ.എസ്.ആർ.ടി.സി.-യുടെ അധീനതയിലുള്ള സ്ഥലങ്ങളിൽ വ്യാവസായിക വാണിജ്യ അടിസ്ഥാനത്തിൽ വാണിജ്യ സമുച്ചയങ്ങൾ പണിയുകയും ലേലം/ടെണ്ടർ നടപടികളിലൂടെ നൽകിയും കൊറിയർ & പാഴ്സൽ സർവ്വീസ്, ബാങ്ക് എ.ടി.എം., കോഫീ വെൻഡിംഗ് മെഷീൻ എന്നിവ നടപ്പിലാക്കിയും കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ ബസ്സുകളിലും ബസ് സ്റ്റേഷനുകളിലും പരസ്യം പ്രദർശിപ്പിക്കുന്നതിന് കരാർ നൽകിയും അധിക വരുമാനം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ അധീനതയിൽ നിർമ്മിച്ച നെയ്യാറ്റിൻകര, നെടുമങ്ങാട്, കാട്ടാക്കട, കൊട്ടാരക്കര, പയ്യന്നൂർ, കണ്ണൂർ, കാസർഗോഡ് എന്നീ വാണിജ്യ സമുച്ചയങ്ങളിൽ ഒഴിവുള്ള കടമുറികൾക്ക് പരമാവധി ലൈസൻസികളെ കണ്ടെത്തി ഷോപ്പുകൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. കെ.എസ്.ആർ.ടി.സി.-ക്ക് നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന ടിക്കറ്റിതര വരുമാനം

വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി യൂണിറ്റുകളിൽ പ്രവർത്തിച്ചുവരുന്ന സ്റ്റാളുകൾ, എൽ.ആർ. സ്റ്റാൾ, ക്യാന്റീൻ, ലൈസൻസ് അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ എന്നിവയുടെ ലൈസൻസ് കാലാവധി മൂന്ന് വർഷമായി നിജപ്പെടുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ 3 വർഷം പൂർത്തീകരിച്ച ലൈസൻസുകൾ റദ്ദ് ചെയ്ത് പുനർലേലം നടത്തുകയും സ്റ്റാളുകൾ തുടർന്ന് പ്രവർത്തിപ്പിക്കുവാൻ ആഗ്രഹിക്കുന്നവർ നിലവിൽ നൽകിക്കൊണ്ടിരിക്കുന്ന ലൈസൻസ് ഫീസിൽ 100 ശതമാനം വർദ്ധനവ് വരുത്തി പുതുക്കി നൽകിയ വഴിയിലും പ്രതിമാസ ലൈസൻസ് ഫീസിൽ വർദ്ധനവ് വരുത്തുവാൻ കഴിഞ്ഞിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിൽ പരസ്യ പ്രദർശനത്തിന് ജില്ലാടിസ്ഥാനത്തിൽ ലൈസൻസികളെ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചതിലും കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിൽ മൊബൈൽ ടവർ, ഡിജിറ്റൽ വീഡിയോ വാൾ എന്നിവ സ്ഥാപിച്ച് പരസ്യം പ്രദർശിപ്പിക്കുന്നതിലും വരുമാന വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

മുൻ വർഷങ്ങളിൽ നിന്നും വ്യത്യസ്തമായി നിബന്ധനകളിൽ കാതലായ മാറ്റം വരുത്തിയതുവഴി കെ.എസ്.ആർ.ടി.സി. ബസ്സുകൾ പരസ്യത്തിന് നൽകുന്നത് വഴി പ്രതിവർഷം 8.38 കോടി രൂപയിൽ നിന്നും 21 കോടി രൂപയിലേക്കും കെ.യു.ആർ.ടി.സി. ബസ്സുകളിൽ 1.30 കോടി രൂപയിൽ നിന്നും 5.33 കോടി രൂപയിലേക്കും വരുമാനം ഉയർത്തുവാൻ കഴിഞ്ഞു. അത്തരത്തിൽ 5 വർഷത്തേക്ക് 59 കോടി രൂപയിൽ നിന്നും 161 കോടി രൂപയിലേക്ക് ഗണ്യമായ വർദ്ധനവാണ് കെ.എസ്.ആർ.ടി.സി.-ക്ക് ലഭിച്ചത്. കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ കൊറിയർ പാഴ്സൽ സർവ്വീസ് നടത്തുന്നതിലൂടെ പ്രതിമാസം 13,15,000 രൂപ ലഭിക്കുന്നു. ഇത് പോയ വർഷത്തെ വരുമാനത്തിനേക്കാൾ ആറ് മടങ്ങ് വർദ്ധനവാണ്.

## കെ.എസ്.ആർ.ടി.സി.-യിലെ തൊഴിലാളി യൂണിയനുകളുടെ റഫറണ്ടം

231 (3407) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിലെ തൊഴിലാളി യൂണിയനുകളുടെ റഫറണ്ടം സുശീൽ ഖന്നയുടെ നിർദ്ദേശപ്രകാരം ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി.യ്ക്കായി ലക്ഷ്യം വയ്ക്കുന്ന അധിക നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇക്കഴിഞ്ഞ ലോക് സഭ തെരഞ്ഞെടുപ്പ് ഫലം റഫറണ്ടം നീട്ടിവയ്ക്കുന്നതിനുള്ള കാരണമാകുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യിലെ തൊഴിലാളി യൂണിയനുകളുടെ റഫറണ്ടം ഒഴിവാക്കിയിട്ടില്ല. 2016 മേയ് മാസം 23-ാം തീയതി നടത്തിയ റഫറണ്ടത്തിൽ അംഗീകാരം നേടിയ യൂണിയനുകളുടെ കാലാവധി 14-6-2019-ൽ അവസാനിക്കുകയാണ്. തുടർന്ന് അടുത്ത റഫറണ്ടം നടത്തുന്നതിനുള്ള പ്രാഥമിക നടപടികൾ കോർപ്പറേഷനിൽ ആരംഭിച്ചിട്ടുണ്ട്.

(ബി) ലോക്സഭാ തെരഞ്ഞെടുപ്പ് ഫലം റഫറണ്ടം നീട്ടിവയ്ക്കുന്നതിനുള്ള കാരണമാകുന്നില്ല. കോർപ്പറേഷനിൽ അംഗീകൃത തൊഴിലാളി സംഘടനകളെ തെരഞ്ഞെടുക്കുന്നതിലേക്കായി റഫറണ്ടം നടത്തുന്നതിനുള്ള പ്രാഥമിക നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി.-ക്ക് സർക്കാർ ധനസഹായം**

232 (3408) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ധനസഹായം ലഭിക്കുവാൻ കാലതാമസം വന്നതിനാൽ കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ 2019 മേയ് മാസത്തെ ശമ്പളവിതരണം വൈകുന്ന സാഹചര്യം ഉണ്ടായോ;

(ബി) സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മോശമായ അവസ്ഥയിൽ കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് സർക്കാർ സാമ്പത്തിക സഹായം കൊണ്ട് ശമ്പളം കൊടുക്കുന്ന സാഹചര്യം എത്ര നാൾ കൂടി തുടരാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യിൽ 2019 മേയ് മാസത്തെ ശമ്പളവിതരണം നടത്തുന്നതിനായി 20 കോടി രൂപ സർക്കാർ വായ്പ അനുവദിച്ചിരുന്നു. കെ.എസ്.ആർ.ടി.സി.-യുടെ കൈവശമുണ്ടായിരുന്ന തുക കൊണ്ട് 31-5-2019-ൽ ശമ്പളം ഭാഗികമായും സർക്കാർ സഹായംകൊണ്ട് 1-6-2019-ൽ ശമ്പളം മുഴുവനായും വിതരണം ചെയ്തിരുന്നു.

(ബി) കെ.എസ്.ആർ.ടി.സി.-യിൽ ശമ്പളവും പെൻഷനും വിതരണം ചെയ്യുന്നതിനുൾപ്പെടെ 2019-20 സാമ്പത്തിക വർഷം 1000 കോടി രൂപ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. സ്വന്തം വരുമാനത്തിൽ നിന്ന് ശമ്പള വിതരണം നടത്താൻ കഴിയുന്ന സാമ്പത്തിക സ്ഥിതിയിലേക്ക് എത്തുന്നതിനാവശ്യമായ പുനരുദ്ധാരണ പ്രവർത്തനങ്ങൾ കെ.എസ്.ആർ.ടി.സി. നടത്തിവരികയാണ്.

## കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥാവകാശ കൈമാറ്റം സംബന്ധിച്ച നിർദ്ദേശം

233 (3409) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലാവധി കഴിയുന്നതിനുമുമ്പ് കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥാവകാശം സ്വകാര്യ മേഖലയ്ക്കോ സൊസൈറ്റികൾക്കോ ഗ്രൂപ്പുകൾക്കോ കൈമാറണമെന്ന് സുശീൽഖന്നയുടെ റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) ഒട്ടുമിക്ക സംസ്ഥാനങ്ങളിലെയും പോലെ, നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുഗതാഗത സർവ്വീസുകളുടെ ഉടമസ്ഥാവകാശം ഇത്തരത്തിലുള്ള ഏതെങ്കിലും വിഭാഗത്തിന് കൈമാറാതെ പൊതുവിഭാഗത്തിൽ തന്നെ നിലനിർത്തുന്ന രീതി സംസ്ഥാനവും മാതൃകയാക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥാവകാശം സ്വകാര്യ മേഖലയ്ക്കോ സൊസൈറ്റികൾക്കോ ഗ്രൂപ്പുകൾക്കോ കൈമാറണം എന്ന് പ്രൊഫ. സുശീൽഖന്ന റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടില്ല.

(ബി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതു ഗതാഗത സർവ്വീസുകളുടെ ഉടമസ്ഥാവകാശം മറ്റാർക്കെങ്കിലും കൈമാറാൻ നിലവിൽ തീരുമാനം എടുത്തിട്ടില്ല.

## കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണം

234 (3410) ശ്രീ. പി. ഉബൈദുള്ള:
ഡോ. എം. കെ. മുനീർ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണത്തെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച പ്രൊഫസർ സുശീൽ ഖന്ന അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കാമോ;

(ബി) പ്രസ്തുത റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ എന്തെല്ലാമാണ്; അവയിൽ എന്തെല്ലാം ശിപാർശകൾ നടപ്പാക്കിയെന്ന് വിശദമാക്കുമോ;

(സി) ഈ ശിപാർശകൾ നടപ്പിലാക്കുന്നതോടെ കെ.എസ്.ആർ.ടി.സി. ലാഭകരമാക്കാമെന്ന് കരുതുന്നുണ്ടോ; വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ&ബി) കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണത്തെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച പ്രൊഫ. സുശീൽ ഖന്ന അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ശിപാർശകൾ ഉൾപ്പെടെയുള്ള റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.* റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കുന്ന വിഷയം സർക്കാർ കെ.എസ്.ആർ.ടി.സി. മാനേജ്മെന്റുമായി ചർച്ച നടത്തിവരികയാണ്.

(സി) ശിപാർശകൾ നടപ്പിലാക്കുന്നതോടെ കെ.എസ്.ആർ.ടി.സി. ലാഭകരമാക്കാമെന്ന് പ്രതീക്ഷിക്കുന്നു.

പ്രൊഫ. സുശീൽ ഖന്നയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സാമ്പത്തിക പുനഃക്രമീകരണത്തിന്റെ ഭാഗമായി കൂടിയ പലിശനിരക്കിലും കുറഞ്ഞകാല തിരിച്ചടവിലും കെ.എസ്.ആർ.ടി.സി. എടുത്തിട്ടുണ്ടായിരുന്ന വായ്പകൾ പൊതുമേഖലാ ബാങ്കുകളുടെ കൺസോർഷ്യത്തിലേക്ക് മാറ്റിക്കഴിഞ്ഞു. ഇതുപ്രകാരം കെ.എസ്.ആർ.ടി.സി.-ക്ക് ദീർഘകാല വായ്പയായി 9.2% പലിശ ഇനത്തിലും 20 വർഷത്തെ തിരിച്ചടവ് കാലാവധിയിലും 3100 കോടി രൂപ ദേശസാത്കൃത ബാങ്കുകൾ അനുവദിക്കുകയും പ്രസ്തുത തുകകൊണ്ട് നിലവിലുണ്ടായിരുന്ന വായ്പാ കടങ്ങൾ അടച്ചുതീർക്കുകയും ചെയ്തു. ഇതിന്റെ ഫലമായി വായ്പാ തിരിച്ചടവിനത്തിൽ പ്രതിമാസം ഗണ്യമായ തുക പലിശ ഇനത്തിൽ ലാഭിക്കാനായിട്ടുണ്ട്.

### കെ.എസ്.ആർ.ടി.സി.-യുടെ വരുമാന വർദ്ധനവ്

235 (3411) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. നിലവിൽ ലാഭത്തിലാണോ പ്രവർത്തിക്കുന്നത്; ഇല്ലെങ്കിൽ എന്തുകൊണ്ട്; വ്യക്തമാക്കുമോ;

(ബി) സർക്കാർ സഹായമില്ലാതെ ശമ്പളവും പെൻഷനും നൽകാൻ കഴിയുന്നുണ്ടോ; ഇല്ലെങ്കിൽ വരുമാനം വർദ്ധിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി. നിലവിൽ ശരാശരി 92 കോടി രൂപ പ്രതിമാസം നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. മുൻ കാലങ്ങളിൽ കെ.എസ്.ആർ.ടി.സി.-യിൽ ശമ്പളവും പെൻഷനും വിതരണം ചെയ്യുന്നതിനായി

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.-യുടെ ഡിപ്പോകളും വസ്തുക്കളും പണയപ്പെടുത്തി വായ്പകൾ എടുത്തിരുന്നു. ഇത്തരത്തിൽ കെ.എസ്.ആർ.ടി.സി.-യുടെ ഒട്ടുമിക്ക വസ്തുവകകളും പണയത്തിലായി. മാത്രമല്ല, ടി വായ്പകളുടെ പ്രതിമാസ പലിശ അടവ് കെ.എസ്.ആർ.ടി.സി.-ക്ക് ഭാരിച്ച ബാധ്യത ആയി. കൂടാതെ, ദൈനംദിനം വർദ്ധിച്ചുവരുന്ന ശമ്പള-പെൻഷൻ ചെലവ്, ഡീസൽ, സ്പെയർ പാർട്സുകളുടെ വിലവർദ്ധന എന്നിവയും കെ.എസ്.ആർ.ടി.സി.-ക്ക് ബാധ്യതയായി. ചെലവുകളിൽ ഉണ്ടാകുന്ന വർദ്ധനയ്ക്ക് ആനുപാതികമായി വരുമാനം വർദ്ധിപ്പിക്കുന്നതിനായി ബസ് നിരക്കിൽ വരുത്തേണ്ട വർദ്ധനവ് പൊതുജനതാല്പര്യാർത്ഥം വരുത്തിയിരുന്നില്ല. ഇപ്രകാരം വരവും ചെലവും തമ്മിലുള്ള അന്തരം വർദ്ധിക്കുകയും കെ.എസ്.ആർ.ടി.സി.-യിൽ സാമ്പത്തിക പ്രതിസന്ധി ഉണ്ടാകുകയും ചെയ്തു.

(ബി) കഴിയുന്നില്ല.കെ.എസ്.ആർ.ടി.സി.-ക്ക് ലാഭകരമായി പ്രവർത്തിക്കാൻ വേണ്ട സമഗ്രമായ പുനരുദ്ധാരണ പ്രവർത്തനങ്ങൾ യുദ്ധ കാലാടിസ്ഥാനത്തിൽ നടത്തിവരുന്നുണ്ട്. ഷെഡ്യൂളുകൾ, യാത്രക്കാർക്കും കോർപ്പറേഷനും ഗുണകരമാകുന്ന രീതിയിൽ പുനഃക്രമീകരിച്ചും മാനവവിഭവശേഷി പരമാവധി ഉപയോഗപ്പെടുത്തുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സർവീസ് നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിനോടൊപ്പം ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് വളരെ പ്രാധാന്യം നൽകി കെ.എസ്.ആർ.ടി.സി.-യുടെ അധീനതയിലുള്ള സ്ഥലങ്ങളിൽ വ്യാവസായിക വാണിജ്യ അടിസ്ഥാനത്തിൽ വാണിജ്യ സമുച്ചയങ്ങൾ പണിയുകയും ലേലം/ടെണ്ടർ നടപടികളിലൂടെ നൽകിയും കൊറിയർ & പാഴ്സൽ സർവ്വീസ്, ബാങ്ക് എ.റ്റി.എം., കോഫീ വെൻഡിംഗ് മെഷീൻ എന്നിവ നടപ്പിലാക്കിയും കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ ബസ്സുകളിലും ബസ് സ്റ്റേഷനുകളിലും പരസ്യം പ്രദർശിപ്പിക്കുന്നതിന് കരാർ നൽകിയും അധിക വരുമാനം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ അധീനതയിൽ നിർമ്മിച്ച നെയ്യാറ്റിൻകര, നെടുമങ്ങാട്, കാട്ടാക്കട, കൊട്ടാരക്കര, പയ്യന്നൂർ, കണ്ണൂർ, കാസർഗോഡ് എന്നീ വാണിജ്യ സമുച്ചയങ്ങളിൽ ഒഴിവുള്ള കടമുറികൾക്ക് പരമാവധി ലൈസൻസികളെ കണ്ടെത്തി ഷോപ്പുകൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കെ.എസ്.ആർ.ടി.സി.-ക്ക് നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി യൂണിറ്റുകളിൽ പ്രവർത്തിച്ചുവരുന്ന സ്റ്റാളുകൾ, എൽ.ആർ. സ്റ്റാൾ, ക്യാന്റീൻ, ലൈസൻസ് അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ എന്നിവയുടെ ലൈസൻസ് കാലാവധി 3 വർഷമായി

നിജപ്പെടുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ 3 വർഷം പൂർത്തീകരിച്ച ലൈസൻസുകൾ റദ്ദ് ചെയ്ത് പുനർലേലം നടത്തുകയും സ്റ്റാളുകൾ തുടർന്ന് പ്രവർത്തിപ്പിക്കുവാൻ ആഗ്രഹിക്കുന്നവർ നിലവിൽ നൽകിക്കൊണ്ടിരിക്കുന്ന ലൈസൻസ് ഫീയിൽ 100% വർദ്ധനവ് വരുത്തി പുതുക്കി നൽകിയ വഴിയിലും പ്രതിമാസ ലൈസൻസ് ഫീസിൽ വർദ്ധനവ് വരുത്തുവാൻ കഴിഞ്ഞിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിൽ പരസ്യ പ്രദർശനത്തിന് ജില്ലാ അടിസ്ഥാനത്തിൽ ലൈസൻസികളെ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചതിലും കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിൽ മൊബൈൽ ടവർ, ഡിജിറ്റൽ വീഡിയോ വാൾ എന്നിവ സ്ഥാപിച്ച് പരസ്യം പ്രദർശിപ്പിക്കുന്നതിലും വരുമാന വർദ്ധനവ് ഉണ്ടായിട്ടുണ്ട്. മുൻ വർഷങ്ങളിൽ നിന്നും വ്യത്യസ്തമായി നിബന്ധനകളിൽ കാതലായ മാറ്റം വരുത്തിയതുവഴി കെ.എസ്.ആർ.ടി.സി. ബസ്സുകൾ പരസ്യത്തിന് നൽകുന്നത് വഴി പ്രതിവർഷം 8.38 കോടി രൂപയിൽ നിന്നും 21 കോടി രൂപയിലേക്കും കെ.യു.ആർ.ടി.സി. ബസ്സുകളിൽ 1.30 കോടി രൂപയിൽ നിന്നും 5.33 കോടി രൂപയിലേക്കും വരുമാനം ഉയർത്തുവാൻ കഴിഞ്ഞു. അത്തരത്തിൽ 5 വർഷത്തേക്ക് 59 കോടി രൂപയിൽ നിന്നും 161 കോടി രൂപയിലേക്ക് ഗണ്യമായ വർദ്ധനവാണ് കെ.എസ്.ആർ.ടി.സി.-ക്ക് ലഭിച്ചത്. കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ കൊറിയർ/പാഴ്സൽ സർവ്വീസ് നടത്തുന്നതിലൂടെ പ്രതിമാസം 13,15,000 രൂപ ലഭിക്കുന്നു. ഇത് പോയ വർഷത്തെ വരുമാനത്തിനേക്കാൾ ആറു മടങ്ങ് വർദ്ധനവ് വരുത്തിയിട്ടുണ്ട്.

## പ്രകൃതിസൗഹൃദ വാതകം ഇന്ധനമായ കെ.എസ്.ആർ.ടി.സി. ബസ്സുകൾ

236 (3412) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതി സൗഹൃദവാതകം ഇന്ധനമായി ഉപയോഗിക്കുന്ന ബസ്സുകൾ കെ.എസ്.ആർ.ടി.സി. നിരത്തിലിറക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം നൽകുമോ;

(ബി) ഇതിനായി സർക്കാരും കെ.എസ്.ആർ.ടി.സി.-യും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. പരീക്ഷണാടിസ്ഥാനത്തിൽ ഒരു സി.എൻ.ജി. ബസ്സും 10 എ.സി. ഇലക്ട്രിക് ബസ്സുകൾ വെറ്റ് ലീസ് വ്യവസ്ഥയിലും ലഭ്യമാക്കിയിട്ടുണ്ട്.

(ബി) പരീക്ഷണാടിസ്ഥാനത്തിൽ ഒരു സി.എൻ.ജി. ബസ് വാങ്ങി എറണാകുളത്ത് സർവ്വീസ് നടത്തിവരുന്നു. കൂടാതെ, 10 എ.സി. ഇലക്ട്രിക് ബസ്സുകൾ വെറ്റ് ലീസ് വ്യവസ്ഥയിലും ലഭ്യമാക്കിയിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ Fame II പദ്ധതിയുടെ അംഗീകാരത്തിന് വിധേയമായി OPEX മോഡലിൽ ഇലക്ട്രിക് ബസ്സുകൾ ലഭ്യമാക്കുന്ന കാര്യം പരിഗണനയിലാണ്.

**കോൺട്രാക്ട് ക്യാരേജ് ബസ്സുകൾ വാടകയ്ക്കെടുക്കുവാനുള്ള ടെണ്ടർ**

237 (3413) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തർസംസ്ഥാന പാതകളിൽ ഓടിക്കുവാൻ കോൺട്രാക്ട് ക്യാരേജ് ബസ്സുകൾ വാടകയ്ക്ക് എടുക്കുവാൻ കെ.എസ്.ആർ.ടി.സി. ടെൻഡർ ക്ഷണിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ;

(ബി) ടെൻഡറിലെ പ്രധാന നിബന്ധനകൾ വ്യക്തമാക്കുമോ; ഇത് പ്രകാരം എത്ര ഓഫറുകളാണ് ലഭിച്ചത്;

(സി) ഓഫർ ഒന്നും ലഭിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണം കണ്ടെത്തിയിട്ടുണ്ടോ എന്നറിയിക്കാമോ;

(ഡി) അന്തർ സംസ്ഥാന ബസ്സ് ലോബിയുടെ സമ്മർദ്ദം മൂലമാണ് ടെൻഡറിൽ പങ്കെടുക്കാതെ പലരും പിൻവാങ്ങിയത് എന്നത് വസ്തുതയാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കാഷ്വൽ കോൺട്രാക്ട് വ്യവസ്ഥയിൽ 50 പ്രീമിയം ക്ലാസ് മൾട്ടി ആക്സിൽ എ.സി. ബസ്സുകൾ ലഭ്യമാക്കുന്നതിന് 30-4-2019-ൽ ദർഘാസ് ക്ഷണിച്ചിരുന്നു.

(ബി)

1. കേരളത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 4 വർഷത്തിൽ താഴെ പഴക്കമുള്ള മൾട്ടി ആക്സിൽ എ.സി. ബസ്സുകൾ ആയിരിക്കണം.
2. ഒരു ഓപ്പറേറ്റർ അല്ലെങ്കിൽ മാനുഫാക്ചറർ കുറഞ്ഞത് 5 ബസ്സുകൾ നൽകേണ്ടതാണ്.

3. മൂന്ന് മാസക്കാലയളവിലേക്ക് ബസ്സുകൾ കാഷ്വൽ കോൺട്രാക്ട് വ്യവസ്ഥയിൽ ലഭ്യമാക്കുന്നതിനാണ് ടെണ്ടർ ക്ഷണിച്ചത്.

4. സെക്യൂരിറ്റി ഡെപ്പോസിറ്റ് ഒരു ബസ്സിന് ഒരു ലക്ഷം രൂപയാണ് നിശ്ചയിച്ച് നൽകിയത്. പരമാവധി 25 ലക്ഷം രൂപയും.

5. ടി ബസ്സുകൾ 2.85 KMPL നിഷ്കർഷിച്ചിരുന്നു.

6. Fleet/Bus utilization 98% വേണം എന്നും നിഷ്കർഷിച്ചിരുന്നു.

കേരള സർക്കാരിന്റെ ഇ-പോർട്ടൽ വഴി ക്ഷണിച്ച ഈ ദർഘാസിൽ ആരും പങ്കെടുത്തില്ല.

(സി&ഡി) ഇതുസംബന്ധിച്ച് രേഖാമൂലമുള്ള യാതൊരു പ്രതികരണങ്ങളും ലഭിച്ചിട്ടില്ല. മൂന്ന് മാസമെന്ന കുറഞ്ഞ കാലയളവാണ് ദർഘാസിൽ ആരും പങ്കെടുക്കാതിരുന്നതിന് കാരണമെന്ന് അനുമാനിക്കുന്നു.

## വിദ്യാർത്ഥികൾക്ക് കൺസഷൻ അനുവദിക്കുന്നതിന് ദൂരപരിധി

238 (3414) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികൾക്ക് ബസ് കൺസഷൻ അനുവദിയ്ക്കുന്നതിന് ദൂരപരിധി നിശ്ചയിച്ചിട്ടുണ്ടോ;

(ബി) ചാലക്കുടി മണ്ഡലത്തിലെ അതിരപ്പിള്ളി പഞ്ചായത്തിൽ വിവിധ പട്ടികവർഗ്ഗ കോളനികളിൽ നിന്നും ചാലക്കുടിയിലേയ്ക്കും മറ്റും യാത്ര ചെയ്യുന്നതിന് വിദ്യാർത്ഥികൾക്ക് കെ.എസ്.ആർ.ടി.സി. യാത്രാനുകൂല്യം നിഷേധിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഏറെ പരിഗണനയർഹിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളടക്കമുള്ളവർക്ക് ദൂരപരിധിയില്ലാതെ യാത്രാ ഇളവ് അനുവദിക്കുന്നതിന് പ്രത്യേക അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്. 40 കി.മി.

(ബി) കെ.എസ്.ആർ.ടി.സി. വിദ്യാർത്ഥികൾക്ക് നൽകിവരുന്ന യാത്രാനുകൂല്യം നിഷേധിച്ചിട്ടില്ല. അത്തരത്തിലുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) നിലവിലെ നിയമങ്ങൾക്ക് അനുസൃതമായി വിദ്യാർത്ഥികൾക്ക് കൺസഷൻ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## കെ.യു.ആർ.ടി.സി. ബസ്സുകളിലെ വീൽ ചെയർ ലോക്ക് സംവിധാനം

239 (3415) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.യു.ആർ.ടി.സി.-യുടെ ബസുകളിൽ ഭിന്നശേഷിക്കാരുടെ വാഹനങ്ങൾ പുറത്തേക്ക് ഉരുണ്ട് പോകാതിരിക്കുന്നതിനായി ഉണ്ടായിരുന്ന വീൽ ചെയർ ലോക്ക് സംവിധാനം നീക്കം ചെയ്തതിനാൽ ഭിന്നശേഷിക്കാർ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സംവിധാനം പുനഃസ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എല്ലാ Volvo ലോ ഫ്ലോർ ബസ്സുകൾക്കും ടി സംവിധാനം പുനഃസ്ഥാപിച്ചിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി.-ക്കുണ്ടായ വരുമാന വർദ്ധനവ്

240 (3416) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റൂട്ടുകളുടെ ശാസ്ത്രീയമായ പുനഃക്രമീകരണത്തിലൂടെയും പുതിയ ചെയിൻ സർവ്വീസ് ആരംഭിച്ചതിലൂടെയും കെ.എസ്.ആർ.ടി.സി.ക്ക് വരുമാനം വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കിയശേഷം കെ.എസ്.ആർ.ടി.സി.-ക്ക് ഉണ്ടായ വരുമാന വർദ്ധനവ് വ്യക്തമാക്കുമോ;

(സി) വരുമാനത്തിൽ ഉണ്ടായ വർദ്ധനവ് കെ.എസ്.ആർ.ടി.സി. നേരിടുന്ന സാമ്പത്തിക പ്രതിസന്ധി മറികടക്കുവാൻ സഹായകമായിട്ടുണ്ടോ;

(ഡി) വരുമാനം വർദ്ധിച്ച സാഹചര്യത്തിൽ ജീവനക്കാർക്കും പെൻഷൻകാർക്കും മുടക്കം കൂടാതെ ശമ്പളവും പെൻഷനും നൽകുവാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2019 ഏപ്രിൽ മാസത്തെ പ്രതിദിന ശരാശരി വരുമാനത്തേക്കാൾ മേയ് മാസത്തെ പ്രതിദിന ശരാശരി വരുമാനത്തിൽ 15.32 ലക്ഷം രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(സി) കോർപ്പറേഷന്റെ വരവും-ചെലവും തമ്മിലുള്ള പ്രതിമാസ അന്തരം 42 കോടി രൂപയാണ്. പ്രതിദിന വരുമാനത്തിലുണ്ടായ വർദ്ധനവ് കോർപ്പറേഷന്റെ സാമ്പത്തിക പ്രതിസന്ധി മറികടക്കുവാൻ തക്കവണ്ണം പര്യാപ്തമല്ല.

(ഡി) കോർപ്പറേഷന്റെ വരുമാനത്തിൽ നിന്നും പെൻഷനും ശമ്പളവും നൽകത്തക്കവിധം വരുമാനത്തിൽ വർദ്ധനവുണ്ടായിട്ടില്ല. അതുകൊണ്ടുതന്നെ റവന്യൂ വരുമാനത്തിൽനിന്നും പെൻഷനും ശമ്പളവും മുടക്കം കൂടാതെ നൽകുവാൻ കഴിയുകയില്ല. നിലവിൽ പെൻഷൻ സഹകരണ ബാങ്കുകളുടെ കൺസോർഷ്യം മുഖേനയും net salary സർക്കാർ സഹായത്തോടുകൂടിയുമാണ് നൽകിവരുന്നത്.

## കെ.എസ്.ആർ.ടി.സി. ജീവനക്കാർക്കെതിരെയുള്ള ശിക്ഷാ നടപടികൾ

241 (3417) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ ചില ഉന്നത ഉദ്യോഗസ്ഥർ കീഴുദ്യോഗസ്ഥരോട് വളരെ മോശമായി പെരുമാറുന്നതായും നിസ്സാര കാര്യങ്ങൾക്കുപോലും പരസ്യമായി അധിക്ഷേപിക്കുന്നതായും കണ്ടെത്തിയിട്ടുണ്ടോ;

(ബി) കെ.എസ്.ആർ.ടി.സി.-യിൽ ജീവനക്കാർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നത് അംഗീകൃത മാനദണ്ഡപ്രകാരമല്ല എന്നത് വസ്തുതയാണോ;

(സി) യൂണിറ്റ് മേധാവി അറിയാതെ ജീവനക്കാരെ തിരുത്തൽ പരിശീലനത്തിന് അയക്കുന്ന സാഹചര്യങ്ങൾ ഉണ്ടായിട്ടുണ്ടോ;

(ഡി) പ്രസ്തുത സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ ഏതെങ്കിലും മേലുദ്യോഗസ്ഥരിൽ നിന്നും വിശദീകരണം തേടിയിട്ടുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) പരാതി ലഭിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച അന്വേഷണം കെ.എസ്.ആർ.ടി.സി.-യുടെ വിജിലൻസ് വിഭാഗത്തിൽ നടന്നുവരുന്നു.

(ബി) അംഗീകൃത മാനദണ്ഡപ്രകാരമാണ് ജീവനക്കാർക്ക് എതിരെ ശിക്ഷാനടപടികൾ സ്വീകരിക്കുന്നത്. കേരളാ സിവിൽ സർവ്വീസ് (തരംതിരിവും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15, 16 പ്രകാരമാണ് ശിക്ഷാനടപടികൾ സ്വീകരിക്കുന്നത്.

(സി&ഡി) ഇതുസംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ട്. ആയതിന്മേലുള്ള അന്വേഷണം കെ.എസ്.ആർ.ടി.സി.-യുടെ വിജിലൻസ് വിഭാഗത്തിൽ നടന്നുവരുന്നു.

**ഡ്രൈവർ-കം-കണ്ടക്ടർ സംവിധാനം**

242 (3418) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അപകടം കുറയ്ക്കാനും ഡ്രൈവർമാർക്ക് മതിയായ വിശ്രമം ലഭിക്കാനും കെ.എസ്.ആർ.ടി.സി.-യിൽ ഏർപ്പെടുത്തിയ ഡ്രൈവർ കം കണ്ടക്ടർ സംവിധാനം നിർത്തലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രസ്തുത സംവിധാനം പല ഡിപ്പോകളിലും ഇനിയും നടപ്പാക്കാത്ത സാഹചര്യമുണ്ടോ; നടപ്പാക്കിയ ഡിപ്പോകളിൽ അത് റദ്ദ് ചെയ്യാൻ തീരുമാനിച്ചിട്ടുണ്ടോ:

(സി) എങ്കിൽ പ്രസ്തുത സംവിധാനം എത്ര സർവീസുകളിൽ ഇതിനകം നടപ്പാക്കി; എത്ര സർവീസുകളിൽ നിർത്തൽ ചെയ്തു; വ്യക്തമാക്കുമോ;

(ഡി) നിലവിലുള്ള സൂപ്പർക്ലാസ് ബസുകളിൽ ഡ്രൈവർ-കം-കണ്ടക്ടറെയോ നിശ്ചിത ഇടവേളകളിൽ ക്രൂ ചെയ്ഞ്ചോ ഏർപ്പെടുത്തണമെന്ന ഉത്തരവിനെ മറികടക്കുന്ന രീതിയാണോ കെ.എസ്.ആർ.ടി.സി. കൈക്കൊള്ളുന്നത് എന്നറിയിക്കാമോ;

(ഇ) അല്ലെങ്കിൽ വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ഡ്രൈവർ-കം-കണ്ടക്ടർ സംവിധാനം പൂർണ്ണമായി നിർത്തലാക്കുന്നതിൽ തീരുമാനം കൈകൊണ്ടിട്ടില്ല. എന്നാൽ ചില ഡിപ്പോകളിലെ ചുരുക്കം സർവ്വീസുകളിൽ നിന്നും കോർപ്പറേഷനും പൊതുജനങ്ങൾക്കും ഗുണകരമാകുന്ന വസ്തുതയുടെ അടിസ്ഥാനത്തിൽ ഡ്രൈവർ-കം-കണ്ടക്ടർ സംവിധാനം താൽക്കാലികമായി ഒഴിവാക്കിയിട്ടുണ്ട്.

(സി) ആകെ 83 സർവ്വീസുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. 3 സർവ്വീസുകളിൽ നിന്ന് ടി സംവിധാനം താൽക്കാലികമായി പിൻവലിച്ചിട്ടുണ്ട്.

(ഡി&ഇ) അല്ല. ഡ്രൈവർ-കം-കണ്ടക്ടർ സംവിധാനം പൂർണ്ണമായി നിർത്തലാക്കുന്നതിൽ തീരുമാനം കൈകൊണ്ടിട്ടില്ല. എന്നാൽ ചില ഡിപ്പോകളിലെ ചുരുക്കം സർവ്വീസുകളിൽ നിന്നും കോർപ്പറേഷനും പൊതുജനങ്ങൾക്കും ഗുണകരമാകുന്ന വസ്തുതയുടെ അടിസ്ഥാനത്തിൽ ഡ്രൈവർ-കം-കണ്ടക്ടർ സംവിധാനം താൽക്കാലികമായി ഒഴിവാക്കിയിട്ടുണ്ട്.

## ഡ്രൈവർ-കം-കണ്ടക്ടർ സംവിധാനം

243 (3419) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ നടപ്പിലാക്കിയ ഡ്രൈവർ-കം-കണ്ടക്ടർ സംവിധാനം വിജയകരമാണെന്ന് വിലയിരുത്തുന്നുണ്ടോ;

(ബി) തിരുവനന്തപുരം സെൻട്രൽ ഡിപ്പോയിലെ ഏതെങ്കിലും സർവ്വീസുകളിൽ നിന്ന് ഈ സംവിധാനം പിൻവലിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ സർവ്വീസുകളിൽ നിന്നാണെന്നും കാരണമെന്താണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ദീർഘദൂര സർവ്വീസുകളിൽ ഡ്രൈവർ-കം-കണ്ടക്ടർ സംവിധാനം പൂർണ്ണ വിജയകരമാണെന്ന് വിലയിരുത്താൻ കഴിഞ്ഞിട്ടില്ല. ദീർഘദൂര സർവ്വീസുകൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും അപകട സാധ്യത കുറയ്ക്കുന്നതിനും മാനവശേഷി പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതിനുമായാണ് ഡ്രൈവർ-കം-കണ്ടക്ടർ സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പ്രസ്തുത സംവിധാനം അതിന്റെ ഫലപ്രാപ്തിയിൽ പൂർണ്ണമായും എത്തിയിട്ടില്ല എന്നാണ് പ്രാഥമികമായി മനസിലാക്കാൻ കഴിഞ്ഞിട്ടുള്ളത്.

(ബി) 19.45 - നിലമ്പൂർ, 19.30 - കോഴിക്കോട്, 22.20 - കോഴിക്കോട് എന്നീ സർവ്വീസുകളിൽ നിന്നാണ് ഡ്രൈവർ-കം-കണ്ടക്ടർ സംവിധാനം പിൻവലിച്ചിട്ടുള്ളത്. ഓരോ ട്രിപ്പിനും നിയമാനുസൃതമായ സ്റ്റിയറിംഗ് ഡ്യൂട്ടിയും ട്രിപ്പുകൾക്കിടയിൽ 10 മണിക്കൂറിലധികം വിശ്രമവും ജീവനക്കാർക്ക് ലഭിക്കുന്ന തരത്തിലാണ് ഷെഡ്യൂളുകൾ ക്രമീകരിച്ചിട്ടുള്ളത്. കൂടാതെ ടി സർവ്വീസുകളിൽ നിന്നും ഡ്രൈവർ-കം-കണ്ടക്ടർ സംവിധാനം പിൻവലിച്ചതിനെ തുടർന്ന് ലഭ്യമായ ഡ്രൈവർ വിഭാഗം ജീവനക്കാരെ ഉപയോഗിച്ച് മറ്റ് സർവ്വീസുകൾ നടത്തുന്നതിനും സാധിച്ചിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി.-യുടെ സ്വത്തുക്കൾ സംരക്ഷിക്കുന്നതിനുള്ള നടപടി

244 (3420) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. പുതിയ ബസ്സുകൾ നിരത്തിലിറക്കുന്നതിനായി വാങ്ങിയ ഷാസികൾ മഴ നനഞ്ഞും കാടുകയറിയും നശിക്കുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(ബി) കെ.എസ്.ആർ.ടി.സി. യുടെ കോടികൾ വിലമതിക്കുന്ന ഷാസികളും മറ്റ് വസ്തുക്കളും നശിച്ചുപോകാതെ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) കെ.എസ്.ആർ.ടി.സി.-ക്ക് എവിടെയാണ് മേജർ വർക്ക്ഷോപ്പുകൾ നിലവിലുള്ളത്; വിശദാംശം നൽകുമോ;

(ഡി) കെ.എസ്.ആർ.ടി.സി.-യുടെ സ്വത്തുക്കൾ സി.സി.റ്റി.വി. ഉൾപ്പെടെയുള്ള ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്താൽ സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) നിലവിൽ ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കെ.എസ്.ആർ.ടി.സി. ഏറ്റവും ഒടുവിൽ ഷാസികൾ വാങ്ങി ബോഡി നിർമ്മിച്ച് നിരത്തിലിറക്കിയത് 22-3-2017-ലാണ്. അതിനുശേഷം ഷാസികൾ വാങ്ങി ബോഡി നിർമ്മിച്ചിട്ടില്ല. പകരം കമ്പനിയിൽനിന്നും 100 പൂർണ്ണ നിർമ്മിത കൺവെൻഷണൽ ബസ്സുകളായാണ് വാങ്ങിയിട്ടുള്ളത്.

(ബി) വസ്തുവകകൾ നശിച്ചുപോകാതെ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) കെ.എസ്.ആർ.ടി.സി.-യുടെ മേജർ വർക്ക്ഷോപ്പുകൾ താഴെ പറയുന്നവയാണ്:

1. സെൻട്രൽ വർക്ക്ഷോപ്പ്, പാപ്പനംകോട് (തിരുവനന്തപുരം ജില്ല)
2. റീജിയണൽ വർക്ക്ഷോപ്പ്, മാവേലിക്കര (ആലപ്പുഴ ജില്ല)
3. റീജിയണൽ വർക്ക്ഷോപ്പ്, ആലുവ (എറണാകുളം ജില്ല)
4. റീജിയണൽ വർക്ക്ഷോപ്പ്, എടപ്പാൾ (മലപ്പുറം ജില്ല)
5. റീജിയണൽ വർക്ക്ഷോപ്പ്, കോഴിക്കോട് (കോഴിക്കോട് ജില്ല)

(ഡി) കെ.എസ്.ആർ.ടി.സി.-യുടെ ചീഫ് ഓഫീസിലും തിരുവനന്തപുരം സിറ്റി, കോഴിക്കോട്, പാലക്കാട് എന്നീ യൂണിറ്റുകളിലും സി.സി.ടി.വി. ക്യാമറ സ്ഥാപിച്ച് നിരീക്ഷിച്ചുവരുന്നു. കെ.എസ്.ആർ.ടി.സി.-യുടെ മറ്റ് ഓഫീസുകളിൽ സി.സി.ടി.വി. ക്യാമറ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിൽ തീരുമാനങ്ങൾ ഒന്നുംതന്നെ എടുത്തിട്ടില്ല.

സി.സി.ടി.വി. ക്യാമറ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ അത്യാവശ്യ സ്ഥലങ്ങളിൽ പരിഗണനനൽകി ഘടിപ്പിച്ച് വരുന്നുണ്ട്. എന്നാൽ കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ ഇത് വ്യാപിപ്പിക്കാൻ കഴിഞ്ഞിട്ടില്ല.

## കെ.എസ്.ആർ.ടി.സി. സോണൽ ഓഫീസുകളുടെ ഉത്തരവാദിത്വങ്ങളും അധികാരങ്ങളും

245 (3421) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യെ വിവിധ സോണൽ ഓഫീസുകളായി വിഭജിച്ചിട്ടുണ്ടോ; എങ്കിൽ എത്ര; ഏതൊക്കെ; സോണൽ ഓഫീസുകളായി വിഭജിച്ചപ്പോൾ ഓരോ സോണൽ ഓഫീസിനും നിശ്ചയിച്ച് നൽകിയിട്ടുള്ള ഉത്തരവാദിത്തങ്ങളും അധികാരങ്ങളും എന്തെല്ലാം; വിശദീകരിക്കുമോ;

(ബി) ഇത്തരത്തിൽ കെ.എസ്.ആർ.ടി.സി.-യെ സോണൽ ഓഫീസാക്കി മാറ്റിയശേഷം പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ ; അല്ലെങ്കിൽ നിലവിലുള്ള ഏതെങ്കിലും തസ്തികകൾ അപ്ഗ്രേഡ് ചെയ്തിട്ടുണ്ടോ; പുതുതായി സോണൽ ഓഫീസർമാരായി എത്ര പേരെ നിയമിച്ചിട്ടുണ്ട്; ഈ തസ്തികയിൽ നടന്ന നിയമനം പി.എസ്.സി. വഴി ആയിരുന്നോ; അതോ നിലവിലുള്ള ജീവനക്കാരിൽ നിന്ന് ആണോ സോണൽ ഓഫീസർമാരെ തെരഞ്ഞെടുത്തത്; നിയമനം പി.എസ്.സി. വഴി അല്ല നടത്തിയിരുന്നതെങ്കിൽ അവിടെ അവലംബിച്ച മാനദണ്ഡവും നിയമനരീതിയും വ്യക്തമാക്കുമോ;

(സി) നിയമനം നൽകിയവർക്ക് അതുവരെ നൽകി വന്നിരുന്ന ശമ്പളം, റ്റി.എ, ഡി.എ., ആനുകൂല്യങ്ങൾ, മറ്റിനങ്ങൾ ഉൾപ്പെടെ ഏതിലെങ്കിലും വർദ്ധനവോ കുറവോ വരുത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ഇനത്തിൽ എത്ര പേർക്ക്; എത്ര വീതം; പ്രതിമാസം നൽകിയ അധിക തുക എത്ര; ഇങ്ങനെ അധികരിച്ച ശമ്പളം നൽകിയിട്ടുണ്ടെങ്കിൽ അതിനുള്ള സർക്കാർ അനുമതി ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) കെ.എസ്.ആർ.ടി.സി ജീവനക്കാർക്ക് ശമ്പളക്കരാർ പുതുക്കി നൽകാതായിട്ട് ഏകദേശം ഒരു ദശകത്തോടടുക്കുന്നുണ്ടെങ്കിലും സോണൽ ഓഫീസുകൾ ആരംഭിച്ചപ്പോൾ തന്നെ ഇവർക്കുള്ള പുതുക്കിയ തസ്തികയ്ക്കുള്ള ശമ്പളവും നൽകാൻ തിടുക്കം കാട്ടിയതിൽ ഔചിത്യക്കുറവുണ്ടെന്ന ആക്ഷേപം പരിശോധിക്കുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി.-യെ ചുവടെ ചേർത്തിരിക്കുന്ന തരത്തിൽ സ്വയം പര്യാപ്തമായ 3 സോണുകളാക്കി രൂപീകരിച്ചിട്ടുണ്ട് :

| സോണിന്റെ പേര് | റവന്യൂ ജില്ലകൾ | ആസ്ഥാനം |
|---|---|---|
| സൗത്ത് സോൺ | തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട | തിരുവനന്തപുരം സെൻട്രൽ |
| സെൻട്രൽ സോൺ | ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി, തൃശ്ശൂർ | എറണാകുളം ബോട്ട് ജെട്ടി |
| നോർത്ത് സോൺ | മലപ്പുറം, പാലക്കാട്, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് | കോഴിക്കോട് |

എല്ലാ സോണുകൾക്കും തുല്യമായ അധികാരങ്ങളും ഉത്തരവാദിത്വങ്ങളുമാണ് നിശ്ചയിച്ച് നൽകിയിട്ടുള്ളത്. ഉത്തരവാദിത്വങ്ങളെയും അധികാരങ്ങളെയും സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

(ബി) ഇത്തരത്തിൽ സോണുകളാക്കിയതിന്റെ അടിസ്ഥാനത്തിൽ നാളിതുവരെ പുതുതായി തസ്തികകൾ ഒന്നും തന്നെ സൃഷ്ടിക്കുകയോ അപ്ഗ്രേഡ് ചെയ്യുകയോ ചെയ്തിട്ടില്ല. ഓരോ സോണിനും എക്സിക്യൂട്ടീവ് ഡയറക്ടർ റാങ്കിലുള്ള ഓരോ ഓഫീസർമാരെയും പേഴ്സണൽ ഓഫീസർ/അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ റാങ്കിലുള്ള ഓരോ ഓഫീസർമാരെയും ചേർത്ത് ഒരു സോണൽ ഓഫീസിൽ രണ്ട് ഓഫീസർമാർ വീതം ആകെ 6 ഓഫീസർമാരെ സോണൽ ഓഫീസുകളിൽ നിയമിച്ചിട്ടുണ്ട്.

ടി തസ്തികകളിൽ നിയോഗിക്കുന്നതിന് യോഗ്യരായവർ ആണെന്ന് കോർപ്പറേഷന് ബോധ്യപ്പെട്ട കോർപ്പറേഷനിലെ ഓഫീസർമാരെ പ്രസ്തുത തസ്തികകളിൽ നിയമിക്കുകയാണ് ഉണ്ടായത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) സോണൽ ഓഫീസുകളിൽ നിയമിക്കപ്പെട്ടവർക്ക് അതുവരെ നൽകി വന്നിരുന്ന ശമ്പളം, റ്റി.എ., ഡി.എ., ആനുകൂല്യങ്ങൾ, മറ്റിനങ്ങൾ ഉൾപ്പെടെ യാതൊരുവിധ വർദ്ധനവോ കുറവോ വരുത്തിയിട്ടില്ല.

(ഡി) സോണൽ ഓഫീസുകളിൽ നിയമിച്ചതിന്റെ ഭാഗമായി ആരുടെയും ശമ്പളമോ അനുബന്ധ ആനുകൂല്യങ്ങളോ പുതുക്കി നൽകിയിട്ടില്ല.

## കെ.എസ്.ആർ.ടി.സി. നിയമനങ്ങൾ

246 (3422) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി.-യിൽ ഏതൊക്കെ തസ്തികകളിലെ ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; തസ്തികകളുടെ ഇനം തിരിച്ചുള്ള വിശദാംശം നൽകുമോ;

(ബി) ഇപ്രകാരം റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ എത്ര നിയമനങ്ങൾ ഇതിനകം നടത്തിയെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി.-യിലെ വിവിധ തസ്തികകളിലെ ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തവയുടെ വിവരം ചുവടെ ചേർക്കുന്നു:

| തസ്തിക | ഒഴിവുകളുടെ എണ്ണം |
|---|---|
| കണ്ടക്ടർ ഗ്രേഡ് II | 823 |
| ഡ്രൈവർ | 195 |
| ജൂനിയർ അസിസ്റ്റന്റ് | 388 (NJD) |
| പ്യൂൺ | 18 |
| സ്റ്റോർ ഇഷ്യൂവർ | 16 |
| ബ്ലാക്ക് സ്മിത്ത് | 7 |
| പെയിന്റർ | 1 |

ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ വിവിധ വിധികൾ പ്രകാരമാണ് മേൽ പരാമർശിച്ചിട്ടുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് കോർപ്പറേഷൻ നിർബന്ധിതമായത്.

കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണത്തിന്റെ ഭാഗമായി പഠനം നടത്തുന്നതിന് സർക്കാർ നിയോഗിച്ച ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, കൽക്കട്ടയിലെ റിട്ട. പ്രൊഫ. സുശീൽ ഖന്നയുടെ പഠനത്തിൽ കോർപ്പറേഷനിലെ ജീവനക്കാരുടെ അനുപാതം ദേശീയ ശരാശരിയായ 5.5 എന്നതിനെക്കാൾ കൂടുതലാണെന്ന് കണ്ടെത്തിയിട്ടുണ്ട്. അതീവ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന കോർപ്പറേഷനെ പുനരുദ്ധരിക്കുന്നതിന് പുതുതായുള്ള എല്ലാത്തരം നിയമനങ്ങളും താൽക്കാലികമായി നിർത്തിവയ്ക്കേണ്ടിവരികയും ഈ ആവശ്യം ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയെ ബോധിപ്പിക്കുകയും കോർപ്പറേഷന്റെ അവസ്ഥ മനസ്സിലാക്കിയ ബഹുമാനപ്പെട്ട ഹൈക്കോടതി കോർപ്പറേഷന്റെ ആവശ്യകത ശരിവച്ചുകൊണ്ട് WA No.1569/18 പ്രകാരം അനുകൂല വിധി പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

ആയതിനാൽ മേൽ പരാമർശിച്ച ഒഴിവുകൾക്കും താൽക്കാലികമായി കോർപ്പറേഷൻ കാലാകാലങ്ങളിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ള മറ്റ് ഒഴിവുകൾക്കും സാധുത ഇല്ലാത്തതാണ്.

(ബി) ഡ്രൈവർ തസ്തികയിൽ ഇപ്രകാരം റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ നിന്നും നിയമനം നടത്തിയിട്ടില്ല. എന്നാൽ ഈ സർക്കാർ നിലവിൽ വന്നതിനുശേഷം പി.എസ്.സി. മുഖാന്തരം മുൻപ് നിലവിൽ വന്ന നിയമനോപദേശ പ്രകാരം 358 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റിപ്പോർട്ട് ചെയ്ത 1042 ഒഴിവുകളും അതിനുമുൻപ് റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകളും ചേർത്ത് 4051 പേരുടെ നിയമന ശിപാർശ പട്ടികയിൽ നിന്നും 3941 പേർക്ക് കണ്ടക്ടർ തസ്തികയിൽ നിയമന ഉത്തരവ് നൽകിയിട്ടുണ്ട്.

ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ, ഒഴിവ് റിപ്പോർട്ട് ചെയ്ത പ്രകാരം 8/2016-ൽ ലഭിച്ച നിയമന ശിപാർശ പ്രകാരം - 179 പേർക്ക് നിയമനം നൽകി.

പ്യൂൺ തസ്തികയിൽ ഇപ്രകാരം റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ നിന്നും 18 പേർക്ക് നിയമനം നൽകി.

അസിസ്റ്റന്റ് സ്റ്റോർ കീപ്പർ തസ്തികയിൽ ഇപ്രകാരം റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽനിന്നും 9 പേർക്ക് നിയമനം നൽകി.

## കെ.എസ്.ആർ.ടി.സി.-യിലെ ഡ്രൈവർ-കം-കണ്ടക്ടർ സംവിധാനം

247 (3423) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിൽ നടപ്പിലാക്കിയ ഡ്രൈവർ-കം-കണ്ടക്ടർ സംവിധാനം അട്ടിമറിച്ചുവെന്ന ആക്ഷേപം വസ്തുതാപരമാണോ; വിശദമാക്കാമോ;

(ബി) തിരുവനന്തപുരം സെൻട്രൽ ഡിപ്പോയിൽ ഏതൊക്കെ സർവ്വീസുകളിൽ നിന്ന് ഈ സംവിധാനം പിൻവലിച്ചിട്ടുണ്ട്; അതിനുള്ള കാരണമെന്താണ് എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) അല്ല. കെ.എസ്.ആർ.ടി.സി. ആകെ 83 സർവ്വീസുകളിൽ ഡ്രൈവർ-കം-കണ്ടക്ടർ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ 3 സർവ്വീസുകളിൽ നിന്നും കോർപ്പറേഷനും പൊതുജനങ്ങൾക്കും ഗുണകരമാകുമെന്ന വസ്തുതയുടെ അടിസ്ഥാനത്തിൽ, ഡ്രൈവർ-കം-കണ്ടക്ടർ സംവിധാനം താൽക്കാലികമായി പിൻവലിച്ചിട്ടുണ്ട്.

(ബി) 1. 19.45 നിലമ്പൂർ

2. 19.30 കോഴിക്കോട്

3. 22.20 കോഴിക്കോട്

എന്നീ സർവ്വീസുകളിൽ നിന്നാണ് ഡ്രൈവർ-കം-കണ്ടക്ടർ സംവിധാനം പിൻവലിച്ചിട്ടുള്ളത്. ഓരോ ട്രിപ്പിനും നിയമാനുസൃതമായ സ്റ്റിയറിംഗ് ഡ്യൂട്ടിയും ട്രിപ്പുകൾക്ക് ഇടയിൽ 10 മണിക്കൂറിലധികം വിശ്രമവും ജീവനക്കാർക്ക് ലഭിക്കുന്ന തരത്തിലാണ് ഷെഡ്യൂളുകൾ ക്രമീകരിച്ചിട്ടുള്ളത്. കൂടാതെ ടി സർവ്വീസുകളിൽ നിന്ന് ഡ്രൈവർ-കം-കണ്ടക്ടർ സംവിധാനം പിൻവലിച്ചതിനെ തുടർന്ന് ലഭ്യമായ ഡ്രൈവർ വിഭാഗം ജീവനക്കാരെ ഉപയോഗിച്ച് മറ്റ് സർവ്വീസുകൾ നടത്തുന്നതിനും സാധിച്ചിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി.-യിൽ പുതിയ എക്സിക്യൂട്ടീവ് ഡയറക്ടർ തസ്തിക

248 (3424) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ എക്സിക്യൂട്ടീവ് ഡയറക്ടർമാരുടെ എത്ര തസ്തികകൾ നിലവിലുണ്ട്; ഇവരുടെ ചുമതലകൾ വിശദമാക്കാമോ; ഇവർക്ക് എന്തെങ്കിലും അധിക ചുമതലകൾ നൽകിയിട്ടുണ്ടോ;

(ബി) കെ.എസ്.ആർ.ടി.സി. ഡയറക്ടർ ബോർഡ് പുതിയതായി ഒരു എക്സിക്യൂട്ടീവ് ഡയറക്ടറുടെ തസ്തിക സൃഷ്ടിക്കാനുള്ള മാർഗ്ഗരേഖകൾ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത തസ്തിക പി.എസ്.സി. വഴി നികത്താൻ നടപടി സ്വീകരിക്കുമോ;

(സി) എക്സിക്യൂട്ടീവ് ഡയറക്ടർ തസ്തികകളുടെ എണ്ണം വർദ്ധിപ്പിക്കാനുള്ള സാഹചര്യം വിശദമാക്കാമോ;

(ഡി) എണ്ണം വർദ്ധിപ്പിക്കുന്നതിലൂടെ കെ.എസ്.ആർ.ടി.സി.-ക്ക് ഉണ്ടാകുന്ന അധികബാദ്ധ്യത എത്രയാണ്; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി.-യിലെ എക്സിക്യൂട്ടീവ് ഡയറക്ടർ തസ്തികയിലെ റെഗുലേഷൻസ് സർക്കാർ അംഗീകരിച്ചു നൽകിയിട്ടില്ലാത്തതാണ്. ആയതിനാൽ ടി തസ്തിക നിലവിലില്ലാത്തതാണ്. എന്നാൽ, കെ.എസ്.ആർ.ടി.സി. നിലവിൽ അഞ്ച് എക്സിക്യൂട്ടീവ് ഡയറക്ടർ തസ്തികകളിൽ താല്ക്കാലിക നിയമനം നടത്തിയിട്ടുണ്ട്. ടി തസ്തികകളുടെ ചുമതലകൾ സംബന്ധിച്ചവയുടെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു. കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണത്തിന്റെ ഭാഗമായി പഠനം നടത്തുന്നതിന് സർക്കാർ നിയോഗിച്ച പ്രൊഫ. സുശീൽ ഖന്നയുടെ ഇടക്കാല പഠന റിപ്പോർട്ടിന്റെ പശ്ചാത്തലത്തിൽ കോർപ്പറേഷനെ 3 സ്വയം പര്യാപ്തമായ മേഖലകളാക്കിയതിനെ തുടർന്ന് പ്രസ്തുത മേഖലകളുടെ മേൽ നോട്ടത്തിനായി എക്സിക്യൂട്ടീവ് ഡയറക്ടർ (ടെക്നിക്കൽ), എക്സിക്യൂട്ടീവ് ഡയറക്ടർ (മെയിന്റനൻസ് & വർക്ക്സ്) തസ്തികകളിൽ സ്ഥാനക്കയറ്റം നൽകിയ ഓഫീസർമാരെ യഥാക്രമം സെൻട്രൽ സോൺ (എറണാകുളം), നോർത്ത് സോൺ (കോഴിക്കോട്) മേഖലാ എക്സിക്യൂട്ടീവ് ഡയറക്ടർമാരായി നിയമിച്ചിട്ടുണ്ട്.

(ബി-ഡി) പുതിയതായി ഒരു എക്സിക്യൂട്ടീവ് ഡയറക്ടറുടെ തസ്തിക സൃഷ്ടിക്കാനുള്ള മാർഗ്ഗ രേഖകൾ തയ്യാറാക്കിയിട്ടില്ല. എന്നാൽ, സുശീൽ ഖന്നയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എക്സിക്യൂട്ടീവ് ഡയറക്ടർ തസ്തികയിലേക്ക് നിയമനം നടത്തുന്നതിനായുള്ള യോഗ്യതയും മാനദണ്ഡങ്ങളും നിശ്ചയിച്ച് റെഗുലേഷൻ തയ്യാറാക്കി ലഭ്യമാക്കാൻ കെ.എസ്.ആർ.ടി.സി.-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി. ബസ്സുകളിലെ പരസ്യം

249 (3425) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ അധികാരത്തിലേറി ആയിരം ദിവസം പൂർത്തിയാക്കിയതിന്റെ ആഘോഷങ്ങളുടെ ഭാഗമായി കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ പരസ്യം നൽകിയിരുന്നോ;

(ബി) എത്ര ബസ്സുകളിലാണ് പ്രസ്തുത പരസ്യം പതിച്ചതെന്നും ഇതിലൂടെ കെ.എസ്.ആർ.ടി.സി.-ക്ക് ലഭിച്ച വരുമാനമെത്രയെന്നും അറിയിക്കുമോ?

ഉത്തരം

(എ) നൽകിയിരുന്നു.

(ബി) കെ.എസ്.ആർ.ടി.സി.-യുടെ 5,000 ബസ്സുകളിൽ പരസ്യം പ്രദർശിപ്പിക്കുന്നതിനായി ഒരു മാസ കാലയളവിലേക്ക് 1,14,53,844 രൂപ വരുമാനമായി ലഭിച്ചു.

## കെ.എസ്.ആർ.ടി.സി. വാടകയ്ക്ക് എടുത്ത ബസ്സുകൾ

250 (3426) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. വാടകയ്ക്ക് എടുത്ത് ഓടുന്ന മഹാവോയേജ് എന്ന കമ്പനിയുടെ ബസ്സുകൾ വാഹന നികുതി അടയ്ക്കുന്നില്ലെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കെ.എസ്.ആർ.ടി.സി.-യുടെ അഞ്ഞൂറോളം അന്തർസംസ്ഥാന ബസ്സുകൾ റോഡ് നികുതി അടയ്ക്കുന്നത് അപകടത്തിൽപ്പെടുമ്പോൾ മാത്രമാണെന്ന കാര്യം മോട്ടോർ വാഹന വകുപ്പ് പരിശോധിച്ചിട്ടുണ്ടോ;

(സി) നടപടിക്രമങ്ങൾ പൂർത്തിയാക്കുവാൻ വേണ്ടി നിരവധി ദിവസങ്ങൾ ബസ് നിരത്തിൽ ഇറങ്ങാത്ത കാര്യം പരിശോധിക്കുമോ;

(ഡി) വാടകയ്ക്ക് എടുത്ത ബസ്സുകളുടെ വരുമാന നഷ്ടം സംബന്ധിച്ച് കെ.എസ്.ആർ.ടി.സി. പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

(ഇ) അന്തർസംസ്ഥാന ബസ്സുകൾ നികുതി അടയ്ക്കാത്തതിനാൽ മറ്റ് സംസ്ഥാനങ്ങളിൽ പിടിക്കപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(എഫ്) ഇത്തരത്തിൽ നികുതി അടയ്ക്കാത്തതിന് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ ആരെല്ലാമാണ്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പരിശോധിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യും മഹാവോയേജ് എന്ന കമ്പനിയും തമ്മിൽ രൂപം കൊടുത്ത കരാർ പ്രകാരം ബസ്സിന്റെ നികുതിയും ഇൻഷ്വറൻസും ഉൾപ്പെടെയുള്ള ചെലവുകൾ ഒടുക്കേണ്ടത് പൂർണ്ണമായും മഹാവോയേജ് എന്ന കമ്പനിയാണ്. വാഹനം ഓടിക്കുന്നതിന് ആവശ്യമായ നിയമാനുസൃത രേഖകൾ പരിശോധിച്ച് ഉറപ്പ് വരുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന കെ.എസ്.ആർ.ടി.സി.-ക്ക് ത്രൈമാസ അന്തർ സംസ്ഥാന വാഹന നികുതി അടയ്ക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ കോർപ്പറേഷനെ ടി നികുതിയിൽ നിന്നും ഒഴിവാക്കണമെന്ന കെ.എസ്.ആർ.ടി.സി.-യുടെ അഭ്യർത്ഥന പരിഗണിച്ച് 7-6-2019-ലെ സ.ഉ.(പി) നമ്പർ 20/2019/ഗതാഗതം നമ്പർ പ്രകാരം കേരള മോട്ടോർ വാഹന നികുതി ആക്ട്, 1976-ന്റെ (19 of 1976) ഉപവകുപ്പ് പ്രകാരം കെ.എസ്.ആർ.ടി.സി. ബസ്സുകൾക്ക് 31-3-2021 വരെയുള്ള കാലയളവിൽ വാഹന നികുതി ഒടുക്കുന്നതിൽനിന്നും ഒഴിവാക്കി ഉത്തരവായിട്ടുള്ളതാണ്. എന്നാൽ അപകടത്തിൽപ്പെട്ട അന്തർ സംസ്ഥാന വാഹനങ്ങൾ നിരത്തിൽ ഇറക്കുന്നതിലേക്ക് ടി വാഹനങ്ങളുടെ മാത്രം വാഹന നികുതി ഒടുക്കിയിട്ടുണ്ട്.

(സി) നികുതി അടയ്ക്കാത്ത അന്തർ സംസ്ഥാന ബസ്സുകൾ അപകടത്തിൽപ്പെടുമ്പോൾ ബസ്സുകൾ നിരത്തിലിറക്കുവാനുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) വാടകയ്ക്ക് എടുത്ത ബസ്സുകൾ സ്ഥിരമായി വരുമാനനഷ്ടം ഉണ്ടാക്കുന്നില്ല. ചില മാസങ്ങളിൽ ടി ബസ്സുകൾ ലാഭകരമായി സർവ്വീസ് നടത്തുന്നതിന് കെ.എസ്.ആർ.ടി.സി.-ക്ക് കഴിഞ്ഞിട്ടുണ്ട്.

(ഇ) അപകടത്തിൽപ്പെട്ട ബസ്സുകൾ പിടിക്കപ്പെട്ടിട്ടുണ്ട്.

(എഫ്) കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന കെ.എസ്.ആർ.ടി.സി.-ക്ക് ത്രൈമാസ അന്തർ സംസ്ഥാന വാഹന നികുതി അടയ്ക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ കോർപ്പറേഷനെ ടി നികുതിയിൽ നിന്നും ഒഴിവാക്കണമെന്ന കെ.എസ്.ആർ.ടി.സി.-യുടെ അഭ്യർത്ഥന പരിഗണിച്ച് 7-6-2019-ലെ സ.ഉ.(പി) നമ്പർ 20/2019/ഗതാഗതം നമ്പർ പ്രകാരം കേരള മോട്ടോർ വാഹന നികുതി ആക്ട്, 1976-ന്റെ (19 of 1976) ഉപവകുപ്പ് പ്രകാരം കെ.എസ്.ആർ.ടി.സി. ബസ്സുകൾക്ക് 31-3-2021 വരെയുള്ള കാലയളവിൽ വാഹന നികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കി ഉത്തരവായിട്ടുള്ളതാണ്. ഇത്തരത്തിൽ നികുതി അടയ്ക്കാത്തത് ഒരു ഉദ്യോഗസ്ഥന്റെയും വീഴ്ചയല്ല.

## കെ.എസ്.ആർ.ടി.സി. ഇലക്ട്രിക് ബസ്സുകൾ

251 (3427) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ഇലക്ട്രിക് ബസ്സുകളിലേക്ക് മാറുന്നതിന്റെ ഭാഗമായി വാടകയ്ക്ക് എടുത്ത് ചിൽ ബസ്സുകൾ ഓടിക്കുന്നുണ്ടോ;

(ബി) ചിൽ ബസ്സുകൾ നിർത്തിവയ്ക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) വാടക കരാർ പ്രകാരം ഏറ്റെടുത്ത ബസ്സുകളുടെ ടാക്സ് അടയ്ക്കുന്നതിൽ കമ്പനി അധികൃതർ വീഴ്ച വരുത്തിയിട്ടുണ്ടോ;

(ഡി) കോർപ്പറേഷനിൽനിന്നും വാടക ലഭിക്കാത്തതാണ് ടാക്സ് അടയ്ക്കുവാൻ കഴിയാത്തതെന്ന കമ്പനിയുടെ വാദം ശരിയാണോ എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) ഇല്ല.

(സി) ഉണ്ട്.

(ഡി) കെ.എസ്.ആർ.ടി.സി.-യും മഹാവോയേജ് കമ്പനിയുമായുണ്ടാക്കിയ വാടക കരാർ പ്രകാരം മോട്ടോർ വാഹന നികുതി ഒടുക്കുന്നത് സംബന്ധിച്ച ബാധ്യത പൂർണ്ണമായും ടി കമ്പനിക്കാണ്. കെ.എസ്.ആർ.ടി.സി. വാടക നൽകാത്തതിനാൽ മോട്ടോർ വാഹന നികുതി അടയ്ക്കുന്നതിന് കഴിയുന്നില്ല എന്ന വാദത്തിൽ കഴമ്പില്ലാത്തതാണ്.

## കെ.എസ്.ആർ.ടി.സി.-യുടെ ഫാസ്റ്റ് പാസ്സഞ്ചർ ബസ്സുകൾ

252 (3428) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ ഫാസ്റ്റ്പാസഞ്ചർ ബസ്സുകൾ രണ്ടിൽ കൂടുതൽ ജില്ലകളെ ബന്ധിപ്പിച്ച് ഓടിക്കേണ്ടതില്ലായെന്ന് തീരുമാനം എടുത്തതിനുള്ള സാഹചര്യമെന്താണ് എന്നറിയിക്കാമോ;

(ബി) ഇതുസംബന്ധിച്ച് കെ.എസ്.ആർ.ടി.സി ഓപ്പറേഷൻ വിഭാഗം മേധാവി ഉത്തരവ് ഇറക്കുന്നതിന് മുമ്പ് ഡിപ്പോ മേധാവികളുടെ യോഗം വിളിച്ച് പ്രായോഗികത വിലയിരുത്തിയിരുന്നോ;

(സി) ജില്ലാ അടിസ്ഥാനത്തിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നത് യാത്രാക്ലേശം കൂട്ടുമെന്നതിനാൽ ഇക്കാര്യം നടപ്പിലാക്കുന്നതിന് മുമ്പ് വിശദമായ പഠനവും വിലയിരുത്തലും നടത്തുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി. ഫാസ്റ്റ് പാസ്സഞ്ചർ ബസ്സുകൾ ഉപയോഗിച്ച് നടത്തുന്ന ചെയിൻ സർവ്വീസുകൾ പ്രധാന ബസ് ഡിപ്പോകളെ ബന്ധിപ്പിച്ച് യാത്രക്കാർക്കും കോർപ്പറേഷനും ഗുണകരമാകുന്ന രീതിയിൽ കൃത്യമായ ഇടവേളകളിൽ സമയക്രമം പാലിച്ച് സർവ്വീസ് ആരംഭിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ ആരംഭിച്ചിരുന്നെങ്കിലും ബസ്സുകളുടെയും ജീവനക്കാരുടെയും പുനർവിന്യാസം സംബന്ധിച്ച് നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ താൽക്കാലികമായി പ്രസ്തുത തീരുമാനം നടപ്പിൽ വരുത്താൻ കഴിഞ്ഞിട്ടില്ല.

(ബി&സി) വിലയിരുത്തിയിട്ടുണ്ട്. കൃത്യമായ സമയക്രമവും ഇടവേളയും നിശ്ചയിച്ച് യാത്രക്കാർക്ക് കൂടുതൽ മെച്ചപ്പെട്ട യാത്രാസൗകര്യം മുഴവൻ റൂട്ടുകളിലും ലഭ്യമാക്കുന്നതിനാണ് പ്രസ്തുത തീരുമാനം കൈക്കൊണ്ടിട്ടുള്ളത്. ഇതിനായി കെ.എസ്.ആർ.ടി.സി.-യുടെ എല്ലാ യൂണിറ്റ് ആഫീസർമാരുടെയും മേഖലാ അധികാരികളുടെയും യോഗം വിളിച്ച് പ്രായോഗികത വിശകലനം ചെയ്തിട്ടുണ്ട്.

## സൂപ്പർ ഫാസ്റ്റ് ബസ്സുകൾ ഓടിക്കുന്നതിന് പുതിയ ക്രമീകരണം

253 (3429) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം-തൃശ്ശൂർ പാതയിൽ സൂപ്പർ ഫാസ്റ്റ് ബസ്സുകൾ ഓടിക്കുന്നതിന് എന്തെങ്കിലും പുതിയ ക്രമീകരണം കെ.എസ്.ആർ.ടി.സി. ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പുതിയ ക്രമീകരണം വിജയകരമാണോ; എങ്കിൽ ഇത് കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) കൃത്യമായ സമയക്രമവും ഇടവേളയും നിശ്ചയിച്ച് യാത്രക്കാർക്ക് കൂടുതൽ മെച്ചപ്പെട്ട യാത്രാസൗകര്യം ഒരുക്കുന്നതിനാണ് തിരുവനന്തപുരം മുതൽ തൃശ്ശൂർ വരെയുള്ള ദേശസാൽകൃത റൂട്ടിൽ കെ.എസ്.ആർ.ടി.സി. സൂപ്പർഫാസ്റ്റ് ചെയിൻ സർവ്വീസ് 6-5-2019 മുതൽ ആരംഭിച്ചിട്ടുള്ളത്. ഇതിനായി കെ.എസ്.ആർ.ടി.സി.-യുടെ 257 സൂപ്പർഫാസ്റ്റ് സർവ്വീസുകളുടെ ട്രിപ്പുകളുടെ സമയക്രമം പുനഃക്രമീകരിച്ചിട്ടുണ്ട്. ദീർഘദൂര യാത്രക്കാർക്ക് കൂടുതൽ പ്രയോജനകരമാകുന്ന രീതിയിലാണ് ടി സർവ്വീസുകൾ പുനഃക്രമീകരിച്ചിട്ടുള്ളത്.

(ബി) പ്രാഥമിക വിലയിരുത്തലിൽ പ്രസ്തുത ക്രമീകരണം യാത്രക്കാർക്കും കോർപ്പറേഷനും ഗുണകരമായിട്ടുണ്ട്. കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## ഫാസ്റ്റ് പാസ്സഞ്ചർ സർവ്വീസുകൾക്ക് ദൂരപരിധി

254 (3430) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ ഫാസ്റ്റ് പാസഞ്ചർ സർവ്വീസുകൾക്ക് ദൂരപരിധി നിശ്ചയിക്കുന്നതിന്റെ ഭാഗമായി ഒരു സർവ്വീസ് പരമാവധി രണ്ടു ജില്ലകൾക്കുള്ളിൽ മാത്രമേ നടത്താവൂ എന്ന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ദൂരയാത്രയ്ക്ക് സൂപ്പർഫാസ്റ്റ് ബസുകളെ ആശ്രയിക്കേണ്ടി വരുന്നതിലൂടെ യാത്രക്കാർക്ക് അധികബാധ്യത ഉണ്ടാക്കുന്ന പ്രസ്തുത തീരുമാനം പുനഃപരിശോധിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തീരുമാനിച്ചിട്ടില്ല.

(ബി) ദീർഘദൂര യാത്രക്കാർക്ക് വളരെയധികം പ്രയോജനകരമാകുന്ന രീതിയിൽ കൃത്യമായ സമയക്രമം പാലിച്ച് സർവ്വീസുകൾ പുനഃക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം മുതൽ തൃശ്ശൂർ വരെയുള്ള ദേശസാൽകൃത റൂട്ടിൽ കെ.എസ്.ആർ.ടി.സി. സൂപ്പർ ഫാസ്റ്റ് ചെയിൻ സർവ്വീസ് 06-05-2019 മുതൽ ആരംഭിച്ചിട്ടുള്ളതാണ്. പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിയ ഈ സംവിധാനം കെ.എസ്.ആർ.ടി.സി.-ക്കും പൊതുജനങ്ങൾക്കും ഗുണകരമാണെന്ന് വിലയിരുത്തിയിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത തീരുമാനം പുനഃപരിശോധിക്കുന്ന കാര്യം പരിഗണിക്കുവാൻ കഴിയുകയില്ല.

## ഓർഡിനറി സർവ്വീസുകൾ വെട്ടിക്കുറയ്ക്കുന്ന നടപടി

255 (3431) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓർഡിനറി സർവ്വീസുകൾ പടിപടിയായി വൻ തോതിൽ വെട്ടിക്കുറയ്ക്കുന്ന പരിഷ്ക്കാരം കെ.എസ്.ആർ.ടി.സി.-യിൽ നടപ്പിലാക്കിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ;

(ബി) നിലവിൽ കെ.എസ്.ആർ.ടി.സി.-ക്ക് എത്ര ഓർഡിനറി ബസ്സുകളാണുള്ളത്; അത് ഉപയോഗിച്ച് ശരാശരി എത്ര സർവ്വീസുകൾ നടത്താറുണ്ട്;

(സി) ഓർഡിനറി സർവ്വീസുകളുടെ ശരാശരി കളക്ഷൻ നിലവിൽ പ്രതിദിനം എത്ര രൂപയാണ് എന്ന് വെളിപ്പെടുത്താമോ;

(ഡി) ശരാശരി എത്ര രൂപ ലഭിച്ചാലാണ് ഓർഡിനറി സർവ്വീസുകൾ ലാഭകരമെന്ന് കെ.എസ്.ആർ.ടി.സി. കണക്കാക്കുന്നത്;

(ഇ) സാധാരണക്കാർക്കും വിദ്യാർത്ഥികൾക്കും ആശ്വാസമായ ഓർഡിനറി സർവ്വീസുകൾ വൻതോതിൽ വെട്ടിക്കുറയ്ക്കുന്ന നടപടി പുനഃപരിശോധിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) നടപ്പിലാക്കിയിട്ടില്ല.

(ബി) നിലവിൽ ആർ.ടി.സി.-ക്ക് 3620 ബസ്സും 589 ജൻറം ബസ്സും ഉണ്ട്. ഇതിൽ 3358 എണ്ണം സർവ്വീസ് നടത്താറുണ്ട്.

(സി) 3,36,54,096 രൂപ.

(ഡി) പ്രതിദിനം ശരാശരി 15,000 രൂപ വീതം ഓർഡിനറി ബസ്സിന് ലഭിച്ചാൽ ലാഭനഷ്ടം ഇല്ലാത്ത രീതിയിൽ സർവ്വീസ് നടത്തുന്നതിന് കഴിയുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്.

(ഇ) ഇപ്രകാരം സർവ്വീസുകൾ വെട്ടിക്കുറച്ചിട്ടില്ല.

## ഷെഡ്യൂളുകൾ വെട്ടിക്കുറയ്ക്കുന്നതുകൊണ്ടുള്ള യാത്രാക്ലേശം

256 (3432) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി. യിൽ ഏതെങ്കിലും ഷെഡ്യൂളുകൾ ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര എണ്ണം; ഡിപ്പോ തിരിച്ചുള്ള കണക്ക് നല്കുമോ;

(ബി) പൊതുജനങ്ങളുടെ യാത്രാ ആവശ്യം മാത്രം മുൻനിർത്തിയും ലാഭേച്ഛ ഒഴിവാക്കിയും നിരവധി സർവീസുകൾ നടത്തിയിരുന്ന കെ.എസ്.ആർ.ടി.സി.-യെ തകർക്കുവാനുള്ള ഇത്തരം നീക്കങ്ങൾ ഒഴിവാക്കുമോ;

(സി) ഷെഡ്യൂളുകൾ വെട്ടിക്കുറയ്ക്കുന്നതു കൊണ്ട് സർവ്വീസ് നടത്തുന്ന ബസുകളിൽ യാത്രക്കാർ തിക്കിത്തിരുകി പോകുന്നത് കെ.എസ്.ആർ.ടി.സി.-യുടെ നടത്തിപ്പ് ചെലവ് കുറക്കുമെന്ന പുതിയ കണ്ടെത്തൽ ഗൗരവമായി കാണുമോ;

(ഡി) സർവ്വീസ് നടത്തുന്ന ബസ്സുകളുടെ എണ്ണം കുറച്ച് നടത്തിപ്പ് ചെലവ് കുറയ്ക്കുന്നത് കെ.എസ്.ആർ.ടി.സി.-യെ ലാഭത്തിലാക്കുമെങ്കിലും ആത്യന്തികമായി സ്വകാര്യ ബസ് ഓപ്പറേറ്റർമാർക്കും മറ്റ് സ്വകാര്യ ഓട്ടോ,ടാക്സിക്കാർക്കും മാത്രമാണ് സാമ്പത്തിക ഗുണമുണ്ടാകുക എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. വർഷങ്ങളായി ഓപ്പറേറ്റ് ചെയ്യാതിരുന്നതും എന്നാൽ കെ.എസ്.ആർ.ടി.സി.-യുടെ രേഖകളിൽ ഉള്ളതുമായ 407 ഷെഡ്യൂളുകൾ വിവിധ യൂണിറ്റുകളിൽ നിന്നായി നീക്കം ചെയ്തിട്ടുണ്ട്. ഡിപ്പോ തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(ബി) കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്ന പോകുന്ന കെ.എസ്.ആർ.ടി.സി.-യെ കരകയറ്റുന്നതിനായി സമഗ്ര പുനരുദ്ധാരണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി പൊതുജനങ്ങൾക്കും യാത്രക്കാർക്കും തീരെ പ്രയോജനകരമല്ലാത്തതും കെ.എസ്.ആർ.ടി.സി.-ക്ക് പ്രവർത്തനച്ചെലവ് തുകപോലും ലഭിക്കാത്തതുമായ ചില ഷെഡ്യൂളുകൾ റദ്ദ് ചെയ്യുകയോ, ഭാഗികമായി പുനഃക്രമീകരിക്കുകയോ ചെയ്തിട്ടുണ്ട്. പുനരുദ്ധാരണ നടപടികളുടെ ഭാഗമായി സ്വീകരിച്ച് വരുന്ന ഇത്തരം പ്രവർത്തനങ്ങൾ ഇപ്പോഴുള്ള സാഹചര്യത്തിൽ ഒഴിവാക്കുവാൻ നിർവ്വാഹമില്ലാത്തതാണ്.

(സി) കെ.എസ്.ആർ.ടി.സി. ഷെഡ്യൂളുകൾ വ്യാപകമായി വെട്ടിക്കുറച്ചിട്ടില്ല. യാത്രക്കാർക്ക് പ്രയോജനകരമാകുന്ന തരത്തിൽ സമയനിഷ്ഠ പാലിച്ച് കൂടുതൽ സർവ്വീസുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) യാത്രക്കാർ വളരെയധികം കുറവുള്ള സർവ്വീസുകളാണ് പുനഃക്രമീകരണം നടത്തിയിട്ടുള്ളത്. കൂടുതൽ യാത്രക്കാർക്ക് പ്രയോജനകരമാകുന്ന തരത്തിൽ സർവ്വീസുകൾ ക്രമീകരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

**അന്തർസംസ്ഥാന ബസ് സർവ്വീസുകൾ**

257 (3433) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017 ജൂലൈ 20-ന് ആലപ്പുഴയിൽ നടന്ന സതേൺ സ്റ്റേറ്റ് ട്രാൻസ്പോർട്ട് മിനിസ്റ്റേഴ്സ് കോൺഫറൻസിൽ കേരള, കർണ്ണാടക സംസ്ഥാന സർക്കാരുകൾ പുതിയ അന്തർസംസ്ഥാന ബസ്സ് സർവ്വീസുകൾ തുടങ്ങുവാൻ ധാരണയിലെത്തിയിരുന്നുവോ;

(ബി) പ്രസ്തുത ധാരണപ്രകാരം എത്ര സർവ്വീസുകൾ നടത്തുന്നതിനാണ് തീരുമാനം എടുത്തിരുന്നത്; ഇവ ഏതൊക്കെ റൂട്ടുകളിലാണെന്ന് അറിയിക്കുമോ;

(സി) ഇതിൻപ്രകാരം എത്ര അന്തർസംസ്ഥാന ബസ് സർവ്വീസുകൾ കെ.എസ്.ആർ.ടി.സി. സംസ്ഥാനത്ത് നിന്നും ആരംഭിച്ചുവെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത ധാരണ പ്രകാരം ബസ് സർവ്വീസ് ഒന്നും ആരംഭിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) 2017-ൽ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ ഗതാഗത വകുപ്പുമന്ത്രിമാരുടെ യോഗത്തോടനുബന്ധിച്ച് ഇരു സംസ്ഥാനങ്ങളിലേയും ഗതാഗത സെക്രട്ടറിമാരുടെ സാന്നിധ്യത്തിൽ പുതിയ റൂട്ടുകൾ സംബന്ധിച്ച പ്രാഥമിക ധാരണയിൽ എത്തിയിരുന്നു.

(ബി) 7 സർവ്വീസുകൾ.

1. കോഴിക്കോട്-ഹൈദരാബാദ് (മൈസൂർ, കുർന്നൂർ വഴി)
2. കോഴിക്കോട്-പുട്ടപർത്തി (മൈസൂർ, ബാംഗ്ലൂർ, ചിക്ക്മംഗ്ലൂർ വഴി)
3. കോഴിക്കോട്-തിരുപ്പതി (മൈസൂർ, ബാംഗ്ലൂർ, ചിറ്റൂർ വഴി)
4. കണ്ണൂർ-കൊല്ലൂർ (കാസർഗോഡ്, മംഗലാപുരം, ഉഡുപ്പി വഴി)
5. സുൽത്താൻബത്തേരി-മൈസൂർ (ഗുഡൽപേട്ട്, നഞ്ചൻഗോഡ്)
6. കോഴിക്കോട്-മുംബൈ (മംഗലാപുരം, ഉഡുപ്പി, ഗോവ, പനവേൽ)
7. കോഴിക്കോട്-മുംബൈ (മംഗലാപുരം, ബെൽഗാവി, പൂനെ വഴി)

(സി&ഡി) പ്രസ്തുത റൂട്ടുകളിൽ സർവ്വീസ് ആരംഭിക്കുവാൻ പ്രായോഗികമായി കഴിയാത്തതിനാൽ ഇതുസംബന്ധിച്ച തുടർനടപടികൾ ഒഴിവാക്കണമെന്നും നിലവിലെ സാഹചര്യങ്ങളിൽ കർണ്ണാടക ആർ.ടി.സി.-യുമായി പുതിയ ഒരു അന്തർസംസ്ഥാന കരാർ രൂപീകരിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുണ്ടെന്നുമുള്ള കെ.എസ്.ആർ.ടി.സി.-യുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ കർണ്ണാടക സംസ്ഥാനവുമായി അന്തിമ ധാരണയിലെത്താൻ സാധിച്ചിട്ടില്ല.

## കെ.എസ്.ആർ.ടി.സി. വെഞ്ഞാറമൂട് ഡിപ്പോ ഗ്യാരേജിന്റെ ശോചനീയാവസ്ഥ

258 (3434) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ കെ.എസ്.ആർ.ടി.സി. വെഞ്ഞാറമൂട് ഡിപ്പോയുടെ ഭാഗമായുള്ള ഗ്യാരേജിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഗ്യാരേജ് നവീകരിക്കാൻ ആലോചനയുണ്ടോ; വിശദ വിവരങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ പരിഗണിക്കാൻ കഴിയുന്നതല്ല. എം.പി./എം.എൽ.എ. ഫണ്ട് ലഭ്യമാവുകയാണെങ്കിൽ പ്രസ്തുത പ്രവൃത്തി ചെയ്യാൻ സാധിക്കുന്നതാണ്.

**പാലോട് കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ ശോചനീയാവസ്ഥ**

259 (3435) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജക മണ്ഡലത്തിലെ പാലോട് കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോയുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഡിപ്പോ നവീകരിക്കുന്നതിനും യാർഡ് നിർമ്മിക്കുന്നതിനും ഏതെങ്കിലും പദ്ധതി പ്രകാരം തുക വകയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകാമോ;

(സി) ഇല്ലെങ്കിൽ തുക വകയിരുത്തി നവീകരിക്കുന്നതിന് ആലോചിക്കുമോ; വിശദവിവരങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) വകയിരുത്തിയിട്ടില്ല.

(സി) നിലവിൽ കെ.എസ്.ആർ.ടി.സി. കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനാൽ തുക വകയിരുത്തി നവീകരിക്കുന്നതിന് സാധിക്കുകയില്ല. എം.എൽ.എ./എം.പി. ഫണ്ട് ലഭ്യമാവുകയാണെങ്കിൽ പ്രസ്തുത പ്രവൃത്തി ചെയ്യാൻ സാധിക്കുന്നതാണ്.

**കൊല്ലം-ചെങ്ങന്നൂർ ചെയിൻ സർവ്വീസ്**

260 (3436) <u>ഡോ. എം. കെ. മുനീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം-ചെങ്ങന്നൂർ കെ.എസ്.ആർ.ടി.സി. ചെയിൻ സർവ്വീസ് നിർത്തലാക്കാൻ നീക്കമുണ്ടോ എന്ന് വിശദമാക്കാമോ;

(ബി) ചെങ്ങന്നൂരിൽനിന്നും കൊല്ലത്തുനിന്നും നിലവിൽ എത്ര ചെയിൻ സർവ്വീസ് വീതം നടത്തുന്നുണ്ടെന്ന് അറിയിക്കുമോ;

(സി) കൊല്ലം കെ.എസ്.ആർ.ടി.സി. സ്റ്റാന്റിൽനിന്നും അടൂർ വഴി കോരുത്തോട് വരെയുണ്ടായിരുന്ന ഫാസ്റ്റ് പാസഞ്ചർ സർവ്വീസ് നിർത്തലാക്കിയിട്ടുണ്ടോ; എങ്കിൽ നിർത്തലാക്കിയതിന്റെ കാരണം വിശദമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) കൊല്ലത്തുനിന്നും 14-ഉം ചെങ്ങന്നൂരിൽനിന്നും 7-ഉം ചെയിൻ സർവ്വീസുകൾ നടത്തുന്നുണ്ട്.

(സി) പ്രസ്തുത സർവ്വീസിന് ശരാശരി 7000 രൂപ മാത്രമാണ് പ്രതിദിനം ലഭിച്ചുവരുന്നത്. ആയതിനാൽ ടി സർവ്വീസ് താൽക്കാലികമായി റദ്ദ് ചെയ്തിട്ടുണ്ട്.

**പാലോട് കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ പ്രവർത്തനം**

261 (3437) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ പാലോട് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിലവിൽ എത്ര ഷെഡ്യൂളുകളാണ് ഉള്ളത്; വിശദവിവരങ്ങൾ നൽകാമോ;

(ബി) പ്രസ്തുത ഷെഡ്യൂളുകൾ സുഗമമായി പ്രവൃത്തിപ്പിക്കാൻ ആവശ്യമായ ബസ്സുകളുടെ എണ്ണം എത്രയെന്നും നിലവിൽ എത്ര ബസ്സുകളാണ് ഉള്ളതെന്നും അറിയിക്കാമോ;

(സി) നിലവിലുള്ള ബസ്സുകൾ പ്രസ്തുത ഷെഡ്യൂളുകൾ പ്രവൃത്തിപ്പിക്കുന്നതിന് പര്യാപ്തമാണോ; അല്ലെങ്കിൽ മതിയായ ബസ്സുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പാലോട് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിലവിൽ 29 ഷെഡ്യൂളുകളാണുള്ളത്.

| | | |
|---|---|---|
| ഫാസ്റ്റ് പാസ്സഞ്ചർ | - | 8 |
| ഓർഡിനറി | - | 21 |

(ബി) ഫാസ്റ്റ് പാസ്സഞ്ചർ -9, ഓർഡിനറി - 24. നിലവിൽ (12-6-2019) പാലോട് ഡിപ്പോയിൽ 31 ആർ.ടി.സി. ബസ്സുകളും മൂന്ന് ജൻറം ബസ്സുകളുമുണ്ട്.

(സി) പര്യാപ്തമാണ്.

## മലപ്പുറം കെ.എസ്.ആർ.ടി.സി. ഡിപ്പോ നവീകരണ ജോലികൾ

262 (3438) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം കെ.എസ്.ആർ.ടി.സി. ഡിപ്പോ നവീകരണ ജോലികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം നൽകുമോ;

(ബി) എഗ്രിമെന്റിൽ പറഞ്ഞതിൻപ്രകാരം ഏത് ഘട്ടം വരെയുള്ള ജോലികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്നും കരാറുകാരന് നൽകുവാനുള്ള കുടിശ്ശിക തുക നൽകിയിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ;

(സി) 2018 ഡിസംബർ 15-ന് ശേഷം ഡിപ്പോയിലെ ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ വീണ്ടും ലേലം നടത്തിയതുവഴി കെ.എസ്.ആർ.ടി.സി.-ക്ക് വരുമാനം ലഭിച്ചിട്ടുണ്ടോ;

(ഡി) ഡിപ്പോ പുനർനിർമ്മാണ ജോലികൾ എത്രയും വേഗം പൂർത്തീകരിക്കുവാൻ നിർദ്ദേശം നൽകുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) നിർമ്മാണ പ്രവൃത്തികൾ സ്ട്രക്ച്ചറൽ പ്ലാസ്റ്ററിംഗ് ഉൾപ്പെടെ ചെയ്ത് പൂർത്തീകരിച്ചിട്ടുണ്ട്. കരാറുകാരന് ബിൽ തുക നൽകാത്തതുമൂലം പ്രവൃത്തി താൽക്കാലികമായി നിർത്തിവച്ചിരിക്കുന്നു.

(ബി) സ്ട്രക്ച്ചറൽ വർക്കുകൾ പൂർത്തീകരിച്ചു കഴിഞ്ഞു. 70% പണികൾ കരാർ പ്രകാരം ചെയ്തു കഴിഞ്ഞു. കരാറുകാരന് ഒന്നാം പാർട്ട് ബിൽ തുകയായ 1,33,42,491 രൂപ നൽകിയിട്ടുണ്ട്. രണ്ടാം പാർട്ട് ബിൽ തുകയായ 1,19,02,589 രൂപയുടെ ബില്ലിൽ നിന്നും 75 ലക്ഷം രൂപ നൽകിയിട്ടുണ്ട്. ടി ബില്ലിലെ ബാക്കി തുകയായ 44,02,589 രൂപയും മൂന്നാമത്തെ പാർട്ട് ബിൽ തുകയായ 86,22,487 രൂപയും നിലവിലെ സാമ്പത്തിക പ്രതിസന്ധിമൂലം കരാറുകാരന് അനുവദിച്ചു നൽകിയിട്ടില്ല. 52,05,499.65 രൂപയുടെ നാലാമത്തെ ബിൽ ഓഡിറ്റിംഗ് നടത്തിക്കൊണ്ടിരിക്കുന്നു.

(സി) പ്രസ്തുത തീയതിക്കുശേഷം ലേലം/ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

(ഡി) സിവിൽ കരാറുകാരന് നൽകാനുള്ള ബാക്കി തുക നൽകുകയും പ്രവൃത്തി പൂർത്തീകരിക്കാനുള്ള IFSD തുക കിട്ടുകയും കൂടി ചെയ്താൽ മാത്രമേ പണി പൂർത്തീകരിക്കുവാൻ സാധിക്കുകയുള്ളൂ.

**കട്ടപ്പന-എറണാകുളം ചെയിൻ സർവ്വീസ്**

263 (3439) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോതമംഗലം കെ.എസ്.ആർ.ടി.സി. ഡിപ്പോയിലേക്ക് എത്ര ബസ്സുകൾ പുതുതായി അനുവദിച്ചിട്ടുണ്ടെന്നും പുതുതായി എത്ര സർവ്വീസുകൾ ആരംഭിച്ചുവെന്നും വ്യക്തമാക്കാമോ;

(ബി) കോതമംഗലത്തുനിന്നും കട്ടപ്പന-എറണാകുളം റൂട്ടിൽ ഹൈറേഞ്ച് ചെയിൻ സർവ്വീസ് ആരംഭിച്ചാൽ നിരവധി യാത്രക്കാർക്ക് പ്രയോജനം ലഭിക്കുമെന്നതിനാൽ കോതമംഗലത്ത് നിന്നും കട്ടപ്പന-എറണാകുളം ചെയിൻ സർവ്വീസ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലയളവിൽ 8 ബസ്സുകൾ പുതിയതായി കോതമംഗലം ഡിപ്പോയ്ക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

ഒരു ആലപ്പുഴ-മൂന്നാർ ഫാസ്റ്റ് പാസ്സഞ്ചർ സർവ്വീസും മൂന്ന് അങ്കമാലി-മലയാറ്റൂർ ഓർഡിനറി ചെയിൻ സർവ്വീസും പുതുതായി ആരംഭിച്ചിട്ടുണ്ട്.

(ബി) കോർപ്പറേഷനും യാത്രക്കാർക്കും പ്രയോജനകരമാകുന്ന വിധത്തിൽ കോതമംഗലത്ത് നിന്നും കട്ടപ്പന-എറണാകുളം ചെയിൻ സർവ്വീസ് ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**വർക്കലയിൽ നിന്നുള്ള ബസ്സുകളുടെ സമയവിവരപ്പട്ടിക**

264 (3440) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ വിവിധ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽനിന്നും വർക്കലയിൽ എത്തുന്ന ബസ്സുകളുടെയും വർക്കലയിൽനിന്നും വിവിധ പ്രദേശങ്ങളിലേക്ക് പുറപ്പെടുന്ന കെ.എസ്.ആർ.ടി.സി. ബസ്സുകളുടെയും സമയ വിവരപ്പട്ടിക നൽകുമോ?

ഉത്തരം

സമയ വിവരപ്പട്ടിക അനുബന്ധമായി* ചേർത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മാനന്തവാടി വഴി സർവ്വീസ് നടത്തുന്ന അന്തർ സംസ്ഥാന ബസ്സുകൾ

265 (3441) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാത്രികാലങ്ങളിൽ മാനന്തവാടി വഴി സർവ്വീസ് നടത്തുന്ന അന്തർ സംസ്ഥാന കെ.എസ്.ആർ.ടി.സി. ബസ്സുകൾ മാനന്തവാടി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ പ്രവേശിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) രാത്രികാലങ്ങളിൽ അന്തർ സംസ്ഥാന കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ യാത്ര ചെയ്യുന്ന യാത്രക്കാരെ മാനന്തവാടിയിൽ റോഡരികിൽ കാത്ത് നിർത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) രാത്രിയിൽ അന്തർ സംസ്ഥാന സർവ്വീസ് നടത്തുന്ന ബസ്സുകൾ മാനന്തവാടി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്ന് യാത്രക്കാരെ കയറ്റിപ്പോകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മാനന്തവാടി വഴി രാത്രികാലത്ത് സർവ്വീസ് നടത്തുന്ന എല്ലാ സർവ്വീസുകളും പഴയ ഡിപ്പോയിൽ കയറിയാണ് സർവ്വീസ് നടത്തിവരുന്നത്.

(സി) രാത്രികാലത്ത് നടത്തുന്ന അന്തർസംസ്ഥാന സർവ്വീസുകൾ മാനന്തവാടി ടൗൺ പ്രദേശത്തു കൂടിയാണ് സർവ്വീസ് നടത്തുന്നത്. പുതിയ ഡിപ്പോ പ്രധാന റോഡിൽ നിന്നും 5 കിലോമീറ്റർ മാറി സ്ഥിതി ചെയ്യുന്ന ഒറ്റപ്പെട്ട പ്രദേശമായതിനാൽ രാത്രി കാലത്ത് പൊതുജനങ്ങൾക്ക് വന്നു ചേരുന്നതിനും തിരികെ പോകുന്നതിനും വളരെയധികം ബുദ്ധിമുട്ട് അനുഭവപ്പെടുമെന്നാണ് കരുതുന്നത്. എന്നിരുന്നാലും ടി സൗകര്യം ആവശ്യമാണോയെന്ന് പരിശോധിച്ചുവരുന്നു.

## മാനന്തവാടി ഡിപ്പോയിലെ ബസ്സുകളുടെ അറ്റകുറ്റപ്പണി

266 (3442) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ ബസ്സുകളുടെ അറ്റകുറ്റപ്പണി യഥാസമയം നടക്കാത്തതുമൂലം സർവ്വീസ് നടത്താൻ സാധിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വളരെ ചെറിയ അറ്റകുറ്റപ്പണികൾ നടത്താത്തതുമൂലം സർവ്വീസ് മുടങ്ങി കോർപ്പറേഷന് ഉണ്ടാകുന്ന നഷ്ടം ഒഴിവാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിൽ മാനന്തവാടി ഡിപ്പോയിൽ നിന്നും പ്രതിദിനം ശരാശരി 86 സർവ്വീസുകളാണ് നടത്തിവരുന്നത്. ഈ സർവ്വീസുകൾ നടത്തുന്നതിന് ആവശ്യമായ ബസ്സുകൾ മാനന്തവാടി ഡിപ്പോയിൽ ക്രമീകരിച്ചിട്ടുണ്ട്. എന്നാൽ പുതിയ സർവ്വീസുകൾ ആരംഭിക്കുന്നതിനായി മറ്റ് ഡിപ്പോകളിൽനിന്നും ലഭ്യമാക്കിയ ബസ്സുകളിൽ ചിലത് അറ്റകുറ്റപ്പണികൾക്കായി ഡിപ്പോയിലുണ്ട്. ഈ ബസ്സുകൾ അറ്റകുറ്റപ്പണികൾ തീർത്ത് സർവ്വീസിന് ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## കാസർഗോഡ് - മംഗലാപുരം കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ്

267 (3443) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് നിന്നും മംഗലാപുരത്തേക്ക് ഒരു ദിവസം എത്ര കെ.എസ്.ആർ.ടി.സി. ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) കാസർഗോഡുനിന്നും മംഗലാപുരത്തേയ്ക്കുള്ള ടിക്കറ്റ് ചാർജ്ജ് എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) കാസർഗോഡുനിന്ന് മംഗലാപുരത്തേക്കുള്ള കർണ്ണാടക സ്റ്റേറ്റ് ട്രാൻസ്പോർട്ട് സർവ്വീസുകളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ; ഈ ബസിൽ മംഗലാപുരത്തേക്കുള്ള ടിക്കറ്റ് ചാർജ്ജ് എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ അടുത്ത കാലത്ത് കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ കാസർഗോഡുനിന്നും മംഗലാപുരത്തേക്കുള്ള ടിക്കറ്റ് ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണ്;

(ഇ) കർണാടക സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് ബസിൽ മംഗലാപുരത്തേയ്ക്കുള്ള ടിക്കറ്റ് നിരക്കിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോ എന്ന് അറിയാമോ?

ഉത്തരം

| | | |
|---|---|---|
| (എ) | കാസർഗോഡ് | - 41 |
| | പയ്യന്നൂർ | - 7 |
| | കണ്ണൂർ | - 3 |
| | തലശ്ശേരി | - 6 |
| | കാഞ്ഞങ്ങാട് | - 4 |

ഉൾപ്പെടെ ആകെ 61 ബസ്സുകൾ കാസർഗോഡുനിന്നും മംഗലാപുരത്തേക്ക് സർവ്വീസ് നടത്തുന്നു.

(ബി) ഓർഡിനറി സർവ്വീസ്സുകളാണ് പ്രസ്തുത റൂട്ടിൽ കോർപ്പറേഷൻ സർവ്വീസ് നടത്തുന്നത്.

54 രൂപ ടിക്കറ്റ് നിരക്കും 3 രൂപ സോഷ്യൽ സെക്യൂരിറ്റി സെസ്സും ഉൾപ്പെടെ ആകെ 57 രൂപയാണ് ടിക്കറ്റ് ചാർജ്.

(സി) 40 സർവ്വീസുകൾ കർണ്ണാടക ആർ.ടി.സി. കാസർഗോഡ് - മംഗലാപുരം റൂട്ടിൽ നടത്തിവരുന്നു. ഈ ബസിൽ മംഗലാപുരത്തേയ്ക്കുള്ള ടിക്കറ്റ് ചാർജ് 57 രൂപയാണ്.

(ഡി) ഉണ്ട്. അന്തർസംസ്ഥാന കരാർ വ്യവസ്ഥകൾക്ക് വിധേയമായാണ് അന്തർസംസ്ഥാന സർവ്വീസുകളിൽ ടിക്കറ്റ് നിരക്ക് ഈടാക്കി വരുന്നത്. അയൽ സംസ്ഥാനങ്ങളിലെ സ്റ്റേറ്റ് ട്രാൻസ്പോർട്ട് അണ്ടർടേക്കിംഗുകൾ അന്തർസംസ്ഥാന റൂട്ടുകളിൽ ടിക്കറ്റ് നിരക്ക് വർദ്ധിപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ടി റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി.-യും നിരക്ക് വർദ്ധിപ്പിക്കാറുണ്ട്.

നിലവിൽ കർണ്ണാടക ആർ.ടി.സി. 1-6-2019 മുതൽ നിരക്ക് വർദ്ധിപ്പിച്ചിട്ടുള്ളതും പ്രസ്തുത വർദ്ധന കെ.എസ്.ആർ.ടി.സി.-യുടെ ടിക്കറ്റ് നിരക്കിലും വരുത്തണമെന്ന കർണ്ണാടക ആർ.ടി.സി.-യുടെ കത്തിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത റൂട്ടിൽ കെ.എസ്.ആർ.ടി.സി. നിരക്ക് വർദ്ധന വരുത്തിയിട്ടുള്ളത്.

(ഇ) വരുത്തിയിട്ടുണ്ട്.

## പയ്യന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോ

268 (3444) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും നിലവിൽ എത്ര ഷെഡ്യൂളുകളാണ് ഓപ്പറേറ്റ് ചെയ്യുന്നത്;

(ബി) 2016 മാർച്ച് മാസത്തിന് ശേഷം ഏതെല്ലാം റൂട്ടുകളിലെ ഷെഡ്യൂളുകളാണ് നിർത്തലാക്കിയിട്ടുള്ളത്; അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത റൂട്ടുകളിലെ ഷെഡ്യൂളുകൾ എന്തുകൊണ്ടാണ് നിർത്തലാക്കിയതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 78 ഷെഡ്യൂളുകളാണ് ഓപ്പറേറ്റ് ചെയ്യുന്നത്.

(ബി)

1. പയ്യന്നൂർ -പിലാത്തറ-കുളപ്പുറം വഴി പഴയങ്ങാടി
2. പയ്യന്നൂർ-പഴയങ്ങാടി-ശ്രീസ്ഥ- മെഡിക്കൽ കോളേജ് വഴി മാതമംഗലം-പാണപ്പുഴ ച്ചാൽ
3. പയ്യന്നൂർ-ഹനുമാരമ്പലം-പഴയങ്ങാടി-നെരുവമ്പ്രം-പരിയാരം മെഡിക്കൽ കോളേജ് വഴി മയ്യിൽ
4. വെള്ളച്ചാൽ-ചീമേനി എന്നീ ഷെഡ്യൂളുകളാണ് താൽക്കാലികമായി നിർത്തലാക്കിയിട്ടുള്ളത്.

(സി) ജീവനക്കാരുടെയും ബസ്സിന്റെയും ലഭ്യതക്കുറവിനുകാരണം താരതമ്യേന വരുമാനം കുറഞ്ഞ ഷെഡ്യൂൾ റദ്ദാക്കേണ്ടതായി വന്നിട്ടുള്ളതിനാൽ തുടരെ ഡ്യൂട്ടി പാറ്റേണിൽ വന്ന മാറ്റത്തെ തുടർന്നും ചില ഷെഡ്യൂളുകളുടെ ചില ട്രിപ്പുകൾ റദ്ദാക്കേണ്ടി വന്നിട്ടുണ്ട്.

## വെഞ്ഞാറമൂട് കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ പ്രവർത്തനം

269 (3445) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ വെഞ്ഞാറമൂട് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിലവിൽ എത്ര ഷെഡ്യൂളുകളാണ് ഉള്ളത്; വിശദവിവരങ്ങൾ നൽകാമോ;

(ബി) പ്രസ്തുത ഷെഡ്യൂളുകൾ സുഗമമായി പ്രവർത്തിപ്പിക്കാൻ ആവശ്യമായ ബസ്സുകളുടെ എണ്ണം എത്രയെന്നും നിലവിൽ എത്ര ബസ്സുകളാണ് ഉള്ളതെന്നും അറിയിക്കാമോ;

(സി) പ്രസ്തുത ഷെഡ്യൂളുകൾ പ്രവൃത്തിപ്പിക്കുന്നതിന് നിലവിലുള്ള ബസ്സുകൾ പര്യാപ്തമാണോ; അല്ലെങ്കിൽ മതിയായ ബസ്സുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) വെഞ്ഞാറമൂട് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിലവിൽ 52 ഷെഡ്യൂളുകളാണുള്ളത്:

| | |
|---|---|
| ഫാസ്റ്റ് പാസ്സഞ്ചർ | - 4 |
| സിറ്റി ഫാസ്റ്റ് | - 16 |
| ഓർഡിനറി | - 20 |
| ജൻറം നോൺ എ.സി. | - 12 |

(ബി) ആവശ്യമായ ബസ്സുകളുടെ എണ്ണം 59. 12-06-2019-ൽ, വെഞ്ഞാറമൂട് ഡിപ്പോയിൽ 48 ആർ.ടി.സി. ബസ്സുകളും 12 ജൻറം ബസ്സുകളുമുണ്ട്.

(സി) പര്യാപ്തമാണ്.

**പെരിന്തൽമണ്ണ ഡിപ്പോയിലെ ഒഴിവുകൾ നികത്താൻ നടപടി**

270 (3446) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. പെരിന്തൽമണ്ണ ഡിപ്പോയിൽ നിലവിൽ ഏതെല്ലാം തസ്തികകളിൽ ഒഴിവുകളുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ഈ ഡിപ്പോയിൽനിന്നുള്ള ബസ് സർവ്വീസിനെ പ്രസ്തുത ഒഴിവുകൾ ഏതെങ്കിലും തരത്തിൽ ബാധിച്ചിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനും പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കാമോ;

(സി) ഈ ഡിപ്പോയിൽനിന്നും ഉത്സവകാലത്തും മറ്റ് പ്രത്യേക അവസരങ്ങളിലും നടത്തിയിരുന്ന എല്ലാ സർവ്വീസുകളും ഈ വർഷവും നിലനിർത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി. പെരിന്തൽമണ്ണ ഡിപ്പോയിൽ നിലവിൽ 47 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിനുള്ള ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ച് ചുവടെ ചേർക്കുന്നു:

| | |
|---|---|
| സൂപ്രണ്ട് | - 2 എണ്ണം |
| അസിസ്റ്റന്റ് | |
| സ്ഥിരം | - 11 എണ്ണം |
| താൽക്കാലികം | - 1 ” |
| ടൈപ്പിസ്റ്റ് | - 1 ” |
| ടിക്കറ്റ് ഇഷ്യൂവർ | - 1 ” |
| സ്റ്റോർ അസിസ്റ്റന്റ് | - 1 ” |
| സ്റ്റോർ ഇഷ്യൂവർ | - 1 ” |
| പ്യൂൺ | - 2 ” |

<u>ഗാർഡ്</u>

| | |
|---|---|
| സ്ഥിരം | - 2 എണ്ണം |
| താൽക്കാലികം | - 2 ” |
| ഇൻസ്‌പെക്ടർ | - 4 ” |
| സ്റ്റേഷൻ മാസ്റ്റർ | - 4 ” |

<u>കണ്ടക്ടർ</u>

| | |
|---|---|
| സ്ഥിരം | - 78 എണ്ണം |
| താൽക്കാലികം | - 22 ” |
| വെഹിക്കിൾ സൂപ്പർവൈസർ | - 2 ” |

<u>ഡ്രൈവർ</u>

| | |
|---|---|
| സ്ഥിരം | - 85 എണ്ണം |
| താൽക്കാലികം | - 18 ” |
| അസിസ്റ്റന്റ് ഡിപ്പോ എഞ്ചിനീയർ | - 1 ” |
| മെക്കാനിക്കൽ വിഭാഗം | - 34 ” |

കെ.എസ്.ആർ.ടി.സി.-യിൽ നിലവിൽ പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിന്റെ അന്തിമ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കേഡർ സ്ട്രെംഗ്ത് പുനഃക്രമീകരിക്കുന്നതിനായി ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. ടി കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേഡർ സ്ട്രെംഗ്ത് ക്രമീകരിച്ചാൽ മാത്രമേ ഒഴിവുകളുടെ എണ്ണം നിർണ്ണയിക്കാൻ സാധിക്കുകയുള്ളൂ. നിലവിൽ തസ്തികകളിലെ ഒഴിവ് നിർണ്ണയിച്ചിട്ടില്ല. ആയതിനാൽ നിലവിൽ പെരിന്തൽമണ്ണ ഡിപ്പോയിലെ ഒഴിവുകൾ കണക്കാക്കിയിട്ടില്ല.

(ബി) ജീവനക്കാരുടെ കുറവും അഭാവവുംമൂലം സർവ്വീസുകൾ ചില ദിവസങ്ങളിൽ റദ്ദ് ചെയ്യേണ്ട സാഹചര്യം വന്നിട്ടുണ്ട്. താൽക്കാലികമായി റദ്ദ് ചെയ്ത ട്രിപ്പുകൾ ജനോപകാരപ്രദമായി പുനഃക്രമീകരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഉത്സവകാലത്തും മറ്റും നടത്തിവരുന്ന എല്ലാ സർവ്വീസുകളും യാത്രക്കാർക്കും കെ.എസ്.ആർ.ടി.സി.-ക്കും ഗുണകരമാകുന്ന രീതിയിൽ തുടരുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**കരുനാഗപ്പള്ളിയിൽനിന്നും പുതിയ സർവ്വീസുകൾ**

271 (3447) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളിയിൽ നിന്നും പുതിയകാവ്-ചക്കുവള്ളി-മലനട-കടമ്പനാട്-ഏനാത്ത് വഴി പത്തനാപുരത്തിന് ചെയിൻ സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ;

(ബി) ഇതിന്റെ സാദ്ധ്യതാ പഠനം നടത്തിയിട്ടുണ്ടോ;

(സി) കരുനാഗപ്പള്ളി-ഭരണിക്കാവ്-അടൂർ വഴി പത്തനംതിട്ടയിലേക്ക് കെ.എസ്.ആർ.ടി.സി. സർവ്വീസില്ല എന്നത് പരിഗണിച്ച് പ്രസ്തുത റൂട്ടിൽ ബസ് സർവീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) യാത്രക്കാർക്കും കോർപ്പറേഷനും ഗുണകരമാകുന്ന രീതിയിൽ സാദ്ധ്യതാപഠനം നടത്തിയശേഷം ബസ്സുകളുടേയും ജീവനക്കാരുടേയും ലഭ്യത ഉറപ്പ് വരുത്തി പ്രസ്തുത റൂട്ടിൽ പുതിയ ചെയിൻ സർവ്വീസുകൾ ക്രമീകരിക്കുന്നതിനുള്ള നടപടി പരിശോധിക്കുന്നതാണ്.

(ബി) ഇല്ല.

(സി) യാത്രക്കാർക്കും കോർപ്പറേഷനും ഗുണകരമാകുന്ന രീതിയിൽ സാദ്ധ്യതാപഠനം നടത്തിയശേഷം ബസ്സുകളുടേയും ജീവനക്കാരുടേയും ലഭ്യത ഉറപ്പു വരുത്തി പ്രസ്തുത റൂട്ടിൽ പുതിയ ചെയിൻ സർവ്വീസുകൾ ക്രമീകരിക്കുന്നതിനുള്ള നടപടി പരിശോധിക്കുന്നതാണ്.

**ഒറ്റപ്പാലത്ത് കെ.എസ്.ആർ.ടി.സി. ഡിപ്പോ**

272 (3448) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ എവിയെല്ലാമാണ് കെ.എസ്.ആർ.ടി.സി. ഡിപ്പോകൾ ഉള്ളതെന്ന് വിശദമാക്കാമോ;

(ബി) ഒറ്റപ്പാലത്ത് കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോ ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ ആണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പാലക്കാട്, ചിറ്റൂർ, വടക്കാഞ്ചേരി, മണ്ണാർക്കാട്

(ബി) കെ.എസ്.ആർ.ടി.സി.-യിലെ നിലവിലെ സാമ്പത്തിക പ്രതിസന്ധിമൂലം പുതുതായി ഡിപ്പോകൾ തുടങ്ങാൻ നിർവ്വാഹമില്ല.

**വാഹൻ സാരഥി പദ്ധതി**

273 (3449) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹൻ സാരഥി പദ്ധതി നിലവിൽ പ്രവർത്തനക്ഷമമാണോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ലൈസൻസ് വിതരണം താറുമാറായി എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വാഹൻ സാരഥി സോഫ്റ്റ്‌വെയർ തയ്യാറാക്കിയത് ഏത് ഏജൻസി മുഖേനയാണ്;

(ഡി) ലൈസൻസുകൾ നിലവിൽ എപ്രകാരമാണ് വിതരണം ചെയ്യുന്നത് എന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) വാഹൻ സാരഥി പ്രവർത്തനക്ഷമമാണ്.

(ബി) പ്രാരംഭ ഘട്ടത്തിൽ ചില കാലതാമസം ഉണ്ടായെങ്കിലും വളരെ പെട്ടെന്നുതന്നെ ഇവ പരിഹരിക്കുന്നതിന് സാധിച്ചിട്ടുണ്ട്.

(സി) കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ നിർദ്ദേശപ്രകാരം നാഷണൽ ഇൻഫോർമാറ്റിക്സ് സെന്റർ ആണ് ഈ സോഫ്റ്റ്‌വെയർ രൂപകൽപ്പന ചെയ്തത്.

(ഡി) ആവശ്യമായ കവറും സ്റ്റാമ്പും നൽകിയിട്ടുള്ളവർക്ക് തപാൽ വഴിയും അപേക്ഷകൾ നേരിട്ട് ഹാജരാക്കുന്നവർക്ക് നേരിട്ടും ലൈസൻസ് വിതരണം ചെയ്യുന്നുണ്ട്.

**വാഹൻ സാരഥി സോഫ്റ്റ്‌വെയർ**

274 (3450) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മോട്ടോർ വാഹന വകുപ്പിൽ പുതിയതായി നടപ്പിലാക്കിയ വാഹൻ സാരഥി സോഫ്റ്റ് വെയർ-നെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത സോഫ്റ്റ് വെയറിനെപ്പറ്റി ഗതാഗത വകുപ്പിലെ ജീവനക്കാർക്ക് മുഴുവനും ട്രെയിനിംഗ് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) ഇത്തരത്തിൽ പുതിയ സംവിധാനം കൊണ്ടുവരുന്നതുമൂലം ജനങ്ങൾക്ക് ഉണ്ടാകുന്ന ആശങ്കകൾ പരിഹരിക്കുവാൻ എന്തെല്ലാം ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചു; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കേന്ദ്രീകൃത വെബ് അധിഷ്ഠിത സോഫ്റ്റ്‌വെയർ ആയ പരിവാഹൻ വഴിയാണ് വാഹൻ സാരഥി നടപ്പിലാക്കിവരുന്നത്. കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ തീരുമാനപ്രകാരം നാഷണൽ ഇൻഫോർമാറ്റിക്സ് സെന്റർ ആണ് ഈ സോഫ്റ്റ്‌വെയർ രൂപകൽപ്പന ചെയ്തത്. രാജ്യത്ത് മദ്ധ്യപ്രദേശ്, തെലുങ്കാന, ആന്ധ്രാപ്രദേശ് തുടങ്ങി 5 സംസ്ഥാനങ്ങൾ ഒഴികെ മുഴുവൻ സംസ്ഥാനങ്ങളിലും പരിവാഹൻ നടപ്പിലായിക്കഴിഞ്ഞു. പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലും നടപ്പിലാക്കുന്ന ഈ സോഫ്റ്റ്‌വെയർ, ഉപഭോക്താക്കൾക്ക് ഇടനിലക്കാരുടെ സഹായമില്ലാതെതന്നെ തങ്ങളുടെ സേവനങ്ങൾ നേടുന്നതിന് സഹായകരമാണ്. ഈ സോഫ്റ്റ്‌വെയർ രാജ്യത്ത് പൂർണ്ണമായും നടപ്പിലാക്കിക്കഴിഞ്ഞാൽ ഡ്രൈവിംഗ് ലൈസൻസും വാഹന രജിസ്ട്രേഷനും കേന്ദ്രീകൃതമായി മാറുകയും ജനങ്ങൾക്ക് വളരെയേറെ ഉപകാരപ്രദമാകുകയും ചെയ്യും.

(ബി) എല്ലാ ജില്ലകളിലും തെരഞ്ഞെടുക്കപ്പെട്ട ജീവനക്കാർക്ക് പരിശീലനം കൊടുത്ത ശേഷമാണ് ഈ സോഫ്റ്റ്‌വെയർ നടപ്പിലാക്കിയത്. മുഴുവൻ ജീവനക്കാർക്കും പരിശീലനം നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ജില്ലകൾതോറും തെരഞ്ഞെടുത്ത വാഹൻ കോ- ഓർഡിനേറ്റർമാർ വഴിയും ഐ.എം.ജി. വഴിയും ട്രെയിനിംഗ് നൽകുന്നുണ്ട്.

(സി) ഈ സോഫ്റ്റ്‌വെയറിനെ സംബന്ധിച്ചുള്ള മുഴുവൻ വിവരങ്ങളും പൊതുജനങ്ങൾക്കായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ കാലാകാലങ്ങളിൽ ഉണ്ടാകുന്ന വാഹൻ സാരഥിയെ സംബന്ധിച്ചുള്ള അറിയിപ്പുകൾ പത്രമാധ്യമങ്ങൾ വഴിയും ജനങ്ങളെ അറിയിക്കുന്നുണ്ട്.

**മോട്ടോർ വാഹന വകുപ്പ് ഓൺലൈൻ സംവിധാനങ്ങൾ**

275 (3451) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗതാഗതനിയമ ലംഘനത്തിന് പിഴയടയ്ക്കാൻ മോട്ടോർ വാഹന വകുപ്പ് നിലവിൽ സ്വീകരിച്ചുവരുന്ന ഓൺലൈൻ സംവിധാനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഒന്നിലധികം തവണ ഗതാഗത നിയമങ്ങൾ ലംഘിച്ചവർക്ക് പിഴയടയ്ക്കാൻ ഉണ്ടായിരിക്കുന്ന കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) മോട്ടോർ വാഹന വകുപ്പിന്റെ ഓഫീസുകളിൽ ഉപയോഗിക്കുന്ന കമ്പ്യൂട്ടർ സംവിധാനം നവീകരിക്കാനുള്ള നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) മോട്ടോർ വാഹന വകുപ്പിന്റെ വെബ്സൈറ്റ് വഴിയും അക്ഷയ കേന്ദ്രങ്ങൾ വഴിയും ഓൺലൈനായി പിഴ അടയ്ക്കാവുന്നതാണ്. കൂടാതെ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും നേരിട്ട് പിഴ അടയ്ക്കാനുള്ള സംവിധാനങ്ങൾ നിലവിലുണ്ട്.

(ബി) മോട്ടോർ വാഹന വകുപ്പിന്റെ വെബ്സൈറ്റ് ഉപയോഗിച്ച് കാലതാമസം കൂടാതെ പിഴ അടയ്ക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്.

(സി) മോട്ടോർ വാഹന വകുപ്പിൽ 2006-ൽ നിലവിൽ വന്ന സ്മാർട്ട് മൂവ് സോഫ്റ്റ്‌വെയർ കേന്ദ്ര തീരുമാനപ്രകാരം 2019-ൽ പരിവാഹൻ സോഫ്റ്റ്‌വെയറിലേക്ക് പരിവർത്തനം ചെയ്തുകൊണ്ടിരിക്കുന്നു. വിവരങ്ങൾ പൂർണ്ണമായും പുതിയ സോഫ്റ്റ്‌വെയറായ പരിവാഹനിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. പുതിയ സോഫ്റ്റ്‌വെയറിലേക്ക് പെട്ടെന്നുള്ള മാറ്റം കൊണ്ടുണ്ടായ സാങ്കേതിക പ്രശ്നങ്ങൾ കണ്ടെത്തുന്ന മുറയ്ക്ക് എൻ.ഐ.സി.-യുടെ സഹായത്തോടെ പ്രശ്നങ്ങൾ പരിഹരിക്കുന്നുണ്ട്.

### മോട്ടോർ വാഹന വകുപ്പ് നൽകുന്ന സേവനങ്ങൾക്ക് പ്രത്യേക ഫീസ്

276 (3452) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പ് നൽകുന്ന സേവനങ്ങൾക്ക് നിശ്ചിത ഫീസ് ഈടാക്കുന്നത് കൂടാതെ പ്രത്യേക ഫീസ് ഈടാക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ബി) സേവനത്തിനുള്ള ഫീസിനത്തിൽ 2017-18-ലും 2018-19-ലും എത്ര തുക സർക്കാരിന് ലഭിച്ചു; ഈ തുക എന്തൊക്കെ കാര്യങ്ങൾക്കാണ് വിനിയോഗിക്കുന്നത്;

(സി) മോട്ടോർ വാഹന വകുപ്പിന്റെ നവീകരണത്തിന് ഇതിൽനിന്നും തുക ചെലവഴിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ 2017-18, 2018-19-ലും ഇക്കാര്യത്തിനായി ചെലവഴിച്ച തുക എത്രയാണ്;

(ഡി) സേവനഫീസ് ഈ വർഷം വർദ്ധിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ശതമാനം വർദ്ധനവാണ് വരുത്തിയത് എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) മോട്ടോർ വാഹന വകുപ്പ് നൽകുന്ന സേവനങ്ങൾക്ക് നിശ്ചിത ഫീസ് കൂടാതെ സേവന ഫീസ് ഈടാക്കുന്നുണ്ട്. നിരക്കുകൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) 2017-18 – 41.71 കോടി രൂപ

2018-19 – 41.90 കോടി രൂപ

സർവ്വീസ് ചാർജ് താഴെ പറയുന്ന കാര്യങ്ങൾക്ക് ഉപയോഗിക്കുന്നു.

1. മോട്ടോർ വാഹന വകുപ്പിന്റെ കമ്പ്യൂട്ടറൈസേഷനുമായി ബന്ധപ്പെട്ട ഫുള്ളി ആട്ടോമേറ്റഡ് സർവ്വീസ് ഓഫ് ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റ് (FAST) പദ്ധതിയുടെ സേവന ദാതാവിനുള്ള പേമെന്റ്.
2. വകുപ്പിന്റെ ഓഫീസുകൾ സ്ഥാപിക്കുന്നതിനും നിലവിലുള്ളവ ആധുനികവത്ക്കരിക്കുന്നതിനും.
3. ആധുനികവത്കരണത്തിന്റെ ഭാഗമായി കെ.എസ്.ഇ.ബി.എൽ./ ബി.എസ്.എൻ.എൽ. ബില്ലുകളുടെ പേമെന്റ്.
4. കമ്പ്യൂട്ടർവൽക്കരണവുമായി ബന്ധപ്പെട്ട് പുതിയ ഉപകരണങ്ങൾ വാങ്ങുക, കേടായവ മാറ്റുക തുടങ്ങിയവ.
5. വകുപ്പിന്റെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി ആവിഷ്കരിച്ച പദ്ധതികളുടെ നടത്തിപ്പ്, എ.എം.സി. എന്നീ ചെലവുകൾ.
6. ഫാസ്റ്റ് മോണിറ്ററിംഗ് കമ്മിറ്റി അംഗീകരിക്കുന്ന മറ്റ് ചെലവുകൾ.

(സി) 2017-2018 - 7,50,00,000

2018-2019 - 15,89,64,117

(ഡി) ഉണ്ട്. നിലവിലെ സേവന നിരക്കിന്റെ 5% വർദ്ധിപ്പിച്ചിട്ടുണ്ട്.

## പരിവാഹൻ സോഫ്റ്റ്‌വെയർ

277 (3453) <u>ശ്രീ. കെ. എൻ. എ ഖാദർ</u> : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ ആർ.ടി. ഓഫീസുകളിൽ വാഹന രജിസ്ട്രേഷൻ നടപടിക്രമങ്ങൾക്കായി പരിവാഹൻ സോഫ്റ്റ്‌വെയർ നിലവിൽ വന്നിട്ടുണ്ടോ; എങ്കിൽ എന്നുമുതലാണ് ഇത് പ്രാബല്യത്തിൽ വന്നതെന്ന് അറിയിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

ഉണ്ട്. പുതിയ ഡ്രൈവിംഗ് ലൈസൻസ് സംബന്ധമായ എല്ലാ സേവനങ്ങളും 1-1-2019 മുതലും പുതിയ വാഹന സംബന്ധമായ എല്ലാ സേവനങ്ങളും 1-4-2019 മുതലും പരിവാഹൻ സോഫ്റ്റ്‌വെയർ മുഖേനയാണ് നൽകുന്നത്.

## മോട്ടോർ വാഹന വകുപ്പിൽ ഹെഡ് ക്ലാർക്ക്/ ഹെഡ് അക്കൗണ്ടന്റ് തസ്തിക

278 (3454) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിൽ ഹെഡ് ക്ലാർക്ക്/ഹെഡ് അക്കൗണ്ടന്റ് തസ്തികയിൽ എത്ര ഒഴിവുകളുണ്ട്;

(ബി) പ്രസ്തുത തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിക്കുവാൻ അർഹരായ സീനിയർ ക്ലാർക്കുമാർക്ക് പ്രൊമോഷൻ നൽകാത്തത് എന്തുകൊണ്ടാണ്;

(സി) സീനിയർ ക്ലാർക്കുമാർക്ക് നിലവിലുള്ള ഹെഡ് ക്ലാർക്ക്/ഹെഡ് അക്കൗണ്ടന്റ് ഒഴിവുകളിലേക്ക് പ്രൊമോഷൻ അടിയന്തരമായി നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 9 ഒഴിവുകളുണ്ട്.

(ബി) അർഹരായ സീനിയർ ക്ലാർക്കുമാർക്ക് പ്രൊമോഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്. 18-2-2019-നാണ് പുതിയ ട്രാൻസ്പോർട്ട് കമ്മീഷണർ ചുമതലയിൽ പ്രവേശിച്ചത്. തുടർന്ന് ലോക് സഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് 2019 മാർച്ച് 10 മുതൽ മേയ് 27 വരെ പെരുമാറ്റച്ചട്ടം നിലനിന്നിരുന്നതുകൊണ്ടാണ് പ്രൊമോഷൻ നൽകുന്നതിന് കാലതാമസം നേരിട്ടത്.

(സി) നടപടി സ്വീകരിച്ചുവരുന്നു.

## അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്‌പെക്ടർ നിയമനം

279 (3455) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിൽ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ട് എന്ന് വെളിപ്പെടുത്താമോ;

(ബി) ഇത് സംബന്ധിച്ച് പി.എസ്.സി. അഡ്വൈസ് ചെയ്ത ഉദ്യോഗാർത്ഥികൾക്ക് 120 ദിവസം കഴിഞ്ഞിട്ടും നിയമന ഉത്തരവ് അയക്കാത്തത് എന്തുകൊണ്ടാണ് എന്നറിയിക്കാമോ;

(സി) തസ്തിക മാറ്റം വഴി എ.എം.വി.ഐ. ആകാൻ അർഹത നേടിയ എത്ര പേരുടെ അപേക്ഷ നിലവിലുണ്ട്;

(ഡി) പി.എസ്.സി. അഡ്വൈസ് ചെയ്തവർക്ക് അടിയന്തരമായി നിയമന ഉത്തരവ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 86 ഒഴിവുകൾ നിലവിലുണ്ട്.

(ബി) 4-12-2018-ലെ RIC(2)11596/17/GW നമ്പർ പ്രകാരമാണ് 66 അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാർക്ക് നിയമന ശിപാർശ നൽകിയത്. 4-1-2019-ലെ സ.ഉ.(കൈ)നമ്പർ 1/2019/ഗതാഗതം പ്രകാരം മോട്ടോർ വാഹന വകുപ്പിൽ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടറായി നിയമനം ലഭിക്കുന്നവരെ ആദ്യം സേഫ് കേരള പ്രോജക്ട് വഴിയുള്ള സ്ക്വാഡുകളിൽ നിയമിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ടി സ്ക്വാഡുകളിലേക്ക് നിയമനം നൽകണമെങ്കിൽ നിലവിൽ വിവിധ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽ അറ്റാച്ച് ചെയ്തിരിക്കുന്ന 34 എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾക്കുള്ള 68 അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെ തസ്തികകൾ അതാത് എൻഫോഴ്സ്മെന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലേക്ക് ഷിഫ്റ്റ് ചെയ്യേണ്ടതുണ്ട്. ടി തസ്തികകൾ ഷിഫ്റ്റ് ചെയ്യുന്നതിനായി നിലവിൽ ഈ തസ്തികകളിൽ ജോലി ചെയ്യുന്ന അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാർക്ക് ഒഴിവുള്ള ഓഫീസുകളിലേക്ക് സ്ഥലമാറ്റം നൽകേണ്ടതായുണ്ട്. ആയതിനുശേഷം വീണ്ടും ഒഴിവുള്ള അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാരുടെ തസ്തികയിലേക്ക് സേഫ് കേരളയിൽ നിയമനം നൽകിയിട്ടുള്ള സീനിയർ ആയിട്ടുള്ള അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാർക്ക് സ്ഥലംമാറ്റം നൽകേണ്ടതായുണ്ട്. മേൽപ്പറഞ്ഞ പ്രക്രിയകൾ പൂർത്തിയാക്കിയാൽ മാത്രമേ പുതുതായി നിയമന ശിപാർശ നൽകിയ ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുവാൻ കഴിയുമായിരുന്നുള്ളൂ. മേൽപ്പറഞ്ഞ നടപടികൾ പൂർത്തീകരിച്ചു വരുന്ന സമയത്താണ് ലോക് സഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് 2019 മാർച്ച് 10 മുതൽ മേയ് 27 വരെ പെരുമാറ്റച്ചട്ടം നിലവിൽ വന്നത്. ആയതിനാലാണ് നിയമന ഉത്തരവ് അയയ്ക്കാൻ കാലതാമസം നേരിട്ടത്.

(സി) 5 പേരുടെ അപേക്ഷ നിലവിലുണ്ട്.

(ഡി) അടിയന്തരമായി നടപടികൾ സ്വീകരിച്ചുവരുന്നു.

## ചെക്ക് പോസ്റ്റുകളിലെ ജീവനക്കാരുടെ നിയമന മാനദണ്ഡങ്ങൾ

280 (3456) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെക്ക് പോസ്റ്റുകളിലേക്ക് ജീവനക്കാരെ നിയമിച്ചുകൊണ്ട് 27-4-2019-ൽ മോട്ടോർ വാഹന വകുപ്പ് എ 3/23/17/റ്റി.സി. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത ഉത്തരവ് 30-9-2018-ലെ ജി.ഒ.(എം.എസ്.) നമ്പർ 59/2018/ ട്രാൻസ്പോർട്ട്-ലെ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടാണോ പുറപ്പെടുവിച്ചിട്ടുള്ളത്;

(സി) അച്ചടക്ക നടപടി നേരിടുന്ന ഏതെങ്കിലും എ.എം.വി.ഐ./ എം.വി.ഐ./ഒ.എ.-മാരെ മാനദണ്ഡങ്ങൾ ലംഘിച്ചുകൊണ്ട് ചെക്ക് പോസ്റ്റുകളിൽ നിയമിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണമെന്താണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) മാനദണ്ഡങ്ങൾ പരമാവധി പാലിക്കുവാൻ ശ്രദ്ധിച്ചിട്ടുണ്ട്.

(സി) നിയമിച്ചിട്ടുണ്ട്. ഭരണ സൗകര്യാർത്ഥം മേഖലാതല ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർ നൽകിയ പട്ടികയുടെ അടിസ്ഥാനത്തിലാണ് മേഖലാതല സീനിയോറിറ്റി അനുസരിച്ച് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരേയും അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരേയും ചെക്ക് പോസ്റ്റ് ഡ്യൂട്ടിക്ക് നിയോഗിച്ചത്. ടി പട്ടികയിൽ വിജിലൻസ് അന്വേഷണം നേരിടുന്ന മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ കൂടി ഉൾപ്പെട്ടിട്ടുണ്ട്. ടിയാനെ ചെക്ക് പോസ്റ്റ് ഡ്യൂട്ടിയിൽ നിന്നും മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കോഡൂർ പഞ്ചായത്തിലെ വാഹന ഉടമകൾക്കുള്ള പ്രയാസങ്ങൾ

281 (3457) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിലെ കോഡൂർ പഞ്ചായത്ത്, പെരിന്തൽമണ്ണ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിന്റെ പരിധിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം മലപ്പുറം നഗരത്തിനോട് ചേർന്നുകിടക്കുന്ന പ്രസ്തുത പഞ്ചായത്തിലെ വാഹന ഉടമകൾക്കും മറ്റുമുള്ള പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അതിർത്തി പുനർ നിർണ്ണയം നടത്തി കോഡൂരിനെക്കൂടി മലപ്പുറം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിന്റെ പരിധിയിൽ ഉൾപ്പെടുത്തി ഉത്തരവിറക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) ഇത്തരത്തിലുള്ള ഒരു നിർദ്ദേശം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**പിറവത്ത് സബ് ആർ.ടി. ഓഫീസ്**

282 (3458) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവത്ത് സബ് ആർ.ടി. ഓഫീസ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട ഫയൽ പരിഗണനയിലുണ്ടോയെന്ന് അറിയിക്കുമോ;

(ബി) ഉണ്ടെങ്കിൽ ഫയൽ നടപടികളുടെ നിലവിലെ അവസ്ഥ എന്താണെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) നടപ്പുസാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ മോട്ടോർ വാഹന വകുപ്പിന് പുതിയ ഓഫീസുകൾ അനുവദിക്കുന്നതിനായി തുക വകയിരുത്താത്ത സാഹചര്യത്തിൽ പിറവത്ത് സബ് ആർ.ടി. ഓഫീസ് ആരംഭിക്കുന്നത് ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**വർക്കലയിലെ ആർ.ടി. ഓഫീസിന്റെ പ്രവർത്തനം**

283 (3459) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർക്കലയിൽ പുതുതായി അനുവദിച്ച ആർ.ടി. ഓഫീസിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

വർക്കലയിൽ അനുവദിച്ച സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിന്റെ പ്രവർത്തനത്തിനായി വർക്കല വില്ലേജിൽ, സർവ്വേ നമ്പർ 1/74, ബ്ലോക്ക് നമ്പർ 17 എന്നീ വകയിൽ ഉൾപ്പെടുന്നതും പുത്തൻചന്ത എന്ന സ്ഥലത്ത് സ്ഥിതിചെയ്യുന്നതുമായ ശ്രീമതി ചിത്രാ ചന്ദ്രഹാസന്റെ ഉടമസ്ഥതയിലുള്ള കെട്ടിടം വാടകയ്ക്ക് ഏറ്റെടുക്കുന്നതിന് 22-5-201-ലെ സ.ഉ.(സാധാ) നമ്പർ 214/2019/ ഗതാഗതം പ്രകാരം അനുമതി നൽകിയിട്ടുണ്ട്. തുടർ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ആയത് പൂർത്തീകരിച്ച് സമയബന്ധിതമായി ഓഫീസിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

## വിദേശരാജ്യങ്ങളുടെ കോൺസുലേറ്റുകൾക്കായി അനുവദിച്ചിട്ടുള്ള വാഹനങ്ങൾ

284 (3460) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശരാജ്യങ്ങളുടെ കോൺസുലേറ്റുകൾക്കായി അനുവദിച്ചിട്ടുള്ള വാഹനങ്ങളുടെ വിവരം ലഭ്യമാക്കുമോ;

(ബി) ഓരോ രാജ്യത്തിനും വേണ്ടി എത്ര വാഹനങ്ങൾ അനുവദിച്ചിട്ടുണ്ടെന്നും അനുവദിച്ച നമ്പരുകളും വ്യക്തമാക്കുമോ;

(സി) വിദേശ രാജ്യങ്ങളുടെ പേരിൽ നിരവധി വാഹനങ്ങൾ തിരുവനന്തപുരം നഗരത്തിൽ ഓടുന്ന കാര്യം പരിശോധിക്കുമോ; നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) മാലി കോൺസുലേറ്റിനുവേണ്ടി 5 വാഹനം രജിസ്റ്റർ ചെയ്തിട്ടുണ്ട്.

1. KL-01-AP-6289 (Honda Activa)
2. KL-01-AK-7538 (Honda Activa)
3. KL-01-AT-2811 (Honda Activa)
4. KL-01-AS-478 (Motor Car-Corolla 1.8)
5. KL-01-BX-4752 (Motor Car-Chervorlet Cruze VCDi)

യു.എ.ഇ. കോൺസുലേറ്റിനുവേണ്ടി 3 വാഹനം രജിസ്റ്റർ ചെയ്തിട്ടുണ്ട്.

1. KL-01-BZ-6198 (Mercedes Benz)
2. KL-01-BZ-945 (Honda Dio)
3. KL-01-BZ-761 (Honda Dio)

(സി) പരിശോധിക്കുന്നതാണ്. നിയമലംഘനം ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ നടപടി സ്വീകരിക്കുന്നതാണ്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

10.00 AM]

## II അടിയന്തരപ്രമേയം

### പാറയിൽ സാജന്റെ ആത്മഹത്യ

മി. സ്പീക്കർ: കണ്ണൂർ ജില്ലയിലെ ആന്തൂർ മുനിസിപ്പാലിറ്റിയിൽപ്പെട്ട ബക്കളത്ത് പാറയിൽ സാജൻ എന്നയാൾ നിർമ്മിച്ച കൺവെൻഷൻ സെന്ററിനും കല്യാണമണ്ഡപത്തിനും കെട്ടിടനമ്പരും മറ്റ് രേഖകളും നിഷേധിച്ചതിനെ തുടർന്ന് 18-6-2019-ന് ആത്മഹത്യ ചെയ്തതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സംഭവത്തിന് ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ സണ്ണി ജോസഫ്, കെ. എൻ. എ. ഖാദർ, അനൂപ് ജേക്കബ്, ഡോ. എൻ. ജയരാജ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, കണ്ണൂർ ജില്ലയിലെ ആന്തൂർ പ്രദേശത്ത് പാറയിൽ സാജൻ ആത്മഹത്യ ചെയ്ത സംഭവം വളരെ ദൗർഭാഗ്യകരം തന്നെയാണ്. ഇക്കാര്യം ഇന്നലെ ശ്രദ്ധയിൽപ്പെട്ട സമയത്തുതന്നെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി വിവരങ്ങൾ ലഭ്യമാക്കിയിരുന്നു. അത് പരിശോധിച്ചതിൽനിന്ന് ആന്തൂർ നഗരസഭയുടെ കാന്തൂർ ദേശത്ത് റീസർവ്വേ നമ്പർ 141/3-ൽ ഉൾപ്പെട്ട സ്ഥലത്ത് ഓഡിറ്റോറിയം വിത്ത് ഡൈനിംഗ് ഹാൾ നിർമ്മാണാനുമതിക്കായി 10-10-2013-ന് ശ്രീ. പാലോളി പുരുഷോത്തമൻ എന്നയാൾ സമർപ്പിച്ച അപേക്ഷയിൽ 29-10-2015-ന് ചീഫ് ടൗൺ പ്ലാനറുടെ അംഗീകാരത്തിന്റെയും 16-1-2016-ന് ഫയർ എൻ.ഒ.സി.യുടേയും 26-4-2016-ന് പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ എൻ.ഒ.സി.യുടെയും അടിസ്ഥാനത്തിൽ നഗരസഭ 23-5-2016-ന് അനുമതി നൽകി പെർമിറ്റ് അനുവദിച്ചിട്ടുള്ളതാണ്. മരണപ്പെട്ട സാജൻ കെട്ടിട നിർമ്മാണ പെർമിറ്റ് ലഭിച്ച ശ്രീ. പാലോളി പുരുഷോത്തമൻ എന്ന വ്യക്തിയുടെ മകളുടെ ഭർത്താവാണെന്നാണ് മനസ്സിലാക്കിയിട്ടുള്ളത്. പെർമിറ്റെടുത്ത കെട്ടിട നിർമ്മാതാവ് എന്ന നിലയിൽ വ്യാഖ്യാനിക്കുന്നത് ശരിയല്ല. അദ്ദേഹത്തിന്റെ മകളുടെ ഭർത്താവാണ് സാജൻ. 12-4-2019-നാണ് പ്രസ്തുത നിർമ്മാണം പൂർത്തീകരിച്ച് നഗരസഭാ ഓഫീസിൽ ഒക്യുപൻസി സർട്ടിഫിക്കറ്റിന് അപേക്ഷ ലഭിക്കുന്നത്. 30-4-2019-ന് പ്രസ്തുത നിർമ്മാണത്തിൽ ഏതാനും ചട്ടലംഘനങ്ങളുണ്ടെന്ന് കാണിച്ച് നോട്ടീസ് നൽകുകയും തുടർന്ന് 28-5-2019-ന് അപാകതകൾ പരിഹരിച്ചുവെന്ന് കാണിച്ച് അംഗീകാരത്തിനായി 28-5-2019-ന് സെക്രട്ടറി മുൻപാകെ ഫയൽ എത്തുകയും

ചെയ്തു. നടപടിക്രമത്തിന്റെ ഭാഗമായി അപാകതകളുണ്ടോയെന്ന് പരിശോധിച്ച് ഫയൽ സമർപ്പിക്കാൻ 6-6-2019-ന് അസിസ്റ്റന്റ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകി. ഇതുസംബന്ധിച്ചുള്ള എ.ഇ.യുടെ റിപ്പോർട്ടിലും ഏതാനും അപാകതകളുണ്ട്; അത് പരിഹരിക്കണമെന്ന് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. പെർമിറ്റ് ലഭിച്ച ശ്രീ. പാലോളി പുരുഷോത്തമന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ സംയുക്ത പരിശോധനയും ഇതിന്റെ ഭാഗമായി നടത്തിയിട്ടുണ്ട്. ചട്ടലംഘനമുണ്ടെന്ന് കാണിച്ചപ്പോൾ ജില്ലാ ടൗൺ പ്ലാനറും മുനിസിപ്പാലിറ്റി ഉദ്യോഗസ്ഥനും ചേർന്ന് അദ്ദേഹത്തിന്റെ സാന്നിധ്യത്തിൽ സംയുക്ത പരിശോധന നടത്തണമെന്ന് ആവശ്യപ്പെട്ടു. അങ്ങനെ ഉദ്യോഗസ്ഥർ പരിശോധന നടത്തിയിട്ടുണ്ട്. അതിന്റെ റിപ്പോർട്ടും മുനിസിപ്പാലിറ്റിയിൽ ലഭ്യമായിട്ടുണ്ട്. സംയുക്ത പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ പരിഹരിക്കാൻ നഗരസഭയിൽനിന്നും രേഖാമൂലം അദ്ദേഹത്തിനോട് ആവശ്യപ്പെട്ടിരുന്നു. കെട്ടിടനിർമ്മാണത്തിൽ വരുത്തിയ ചട്ടലംഘനങ്ങൾ പരിഹരിക്കാമെന്നും അനധികൃതമായി നിർമ്മിക്കുകയും പിന്നീട് ഭിത്തി കെട്ടി അടയ്ക്കുകയും ചെയ്ത ഭാഗങ്ങൾ യൂട്ടിലിറ്റി സ്പെയ്സായി ഉപയോഗിക്കില്ലെന്നും അദ്ദേഹം രേഖാമൂലം ഉറപ്പ് നൽകിയിട്ടുണ്ട്. നിർമ്മിച്ച കെട്ടിടത്തിന് ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകിയതിൽ എന്തെങ്കിലും വീഴ്ച സംഭവിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിന് നഗരകാര്യ റീജിയണൽ ഡയറക്ടറുടെ നേതൃത്വത്തിലും കെട്ടിടനിർമ്മാണ ചട്ടങ്ങൾ ലംഘിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിന് സി.ടി.പി. വിജിലൻസിന്റെ നേതൃത്വത്തിലും രണ്ട് പരിശോധനാ സംഘങ്ങളെ ഇതിനകം നിയോഗിച്ചുകഴിഞ്ഞിട്ടുണ്ട്. ഈ രണ്ട് റിപ്പോർട്ടുകളും സമയബന്ധിതമായി നൽകാനാണ് ആവശ്യപ്പെട്ടിട്ടുള്ളത്. അങ്ങനെ ലഭിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇതിൽ ചട്ടലംഘനമോ കാലതാമസമോ വന്നിട്ടുണ്ടോയെന്ന് പരിശോധിച്ച് കർശന നടപടി സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. Ease of doing Business-ന്റെ ഭാഗമായി കെട്ടിടനിർമ്മാണ ചട്ടങ്ങൾ ഭേദഗതി ചെയ്തിട്ടുണ്ട്. പെർമിറ്റിന് അപേക്ഷിച്ചാൽ 30 ദിവസത്തിനകം നൽകാനും പൂർണ്ണ അപേക്ഷകൾ സമർപ്പിച്ചിട്ടും സമയബന്ധിതമായി പെർമിറ്റ് നൽകാതിരുന്നാൽ ആയത് ഡീംഡ് പെർമിറ്റായി കണക്കാക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. അക്കാര്യങ്ങളിലൊക്കെ നമ്മൾ ഒരുമിച്ചുനിന്നാണ് അത്തരമൊരു നിയമനിർമ്മാണം കേരളത്തിൽ നടപ്പിലാക്കിയത്. വളരെ എളുപ്പത്തിൽത്തന്നെ കേരളത്തിൽ സംരംഭങ്ങൾ തുടങ്ങാൻ ആളുകൾക്ക് അവസരം ഉണ്ടാകണമെന്നതാണ് സർക്കാർ നിലപാട്. ഈ സംഭവത്തിൽ അദ്ദേഹത്തിന്റെ സഹോദരനായ ശ്രീജിത്തിന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ വളപട്ടണം പോലീസ് അസ്വാഭാവിക മരണത്തിന് കേസ് എടുത്തിട്ടുണ്ട്. അദ്ദേഹം

എഫ്.ഐ.ആർ.ൽ കൊടുത്ത മൊഴിയുടെ അടിസ്ഥാനത്തിൽ മാനസിക വിഷമമാണ് മരിക്കാൻ കാരണമെന്ന് പറയുന്നു. മൃതദേഹ പരിശോധനയിൽനിന്നും ആത്മഹത്യാ കുറിപ്പുകളൊന്നും ലഭിച്ചിട്ടില്ല. വളപട്ടണം ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ കേസന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. അപൂർവ്വമായി ഇത്തരം സംഭവങ്ങൾ ഉണ്ടാകുന്നുണ്ട്. അത് മോശം പ്രതിച്ഛായ ഉണ്ടാക്കുന്നുവെന്നത് വസ്തുതയാണ്. അനാവശ്യ കാലതാമസമുണ്ടാക്കുന്ന ഇത്തരം കേസുകൾ ഒഴിവാക്കാൻ കർശന നടപടി സ്വീകരിക്കും. പക്ഷേ, ശ്രീ. സണ്ണി ജോസഫ് പറയുന്നതുപോലെ ഇക്കാര്യത്തിൽ എന്തെങ്കിലും കുറ്റകരമായ അനാസ്ഥ അധികൃതരുടെ ഭാഗത്തുനിന്നുണ്ടായതായി വിവരം വന്നിട്ടില്ല. അങ്ങനെ എന്തെങ്കിലും അന്വേഷണത്തിന്റെ ഭാഗമായി വെളിവാക്കപ്പെട്ടാൽ കർശന നടപടി സ്വീകരിച്ച് അതിനാവശ്യമായ അന്വേഷണം നടത്തുമെന്നാണ് പറയാനുള്ളത്.

ശ്രീ. സണ്ണി ജോസഫ്: സർ, ബഹുമാനപ്പെട്ട മന്ത്രിക്ക് വ്യക്തമായൊരു മറുപടി പറയാനില്ലെന്നത് അദ്ദേഹത്തിന്റെ വാക്കുകൾതന്നെ തെളിവാണ്. സാജന്റെ ഭാര്യാപിതാവ് ശ്രീ. പുരുഷോത്തമന്റെ പേരിലാണ് അപേക്ഷയെന്നാണ് അദ്ദേഹം പറഞ്ഞത്. ഒരു പാർട്ട്ണർഷിപ്പ് ഉണ്ടാക്കിയെന്നത് ശരിയാണ്. നൈജീരിയയിൽ കഴിഞ്ഞ 16 വർഷമായി കഠിനാദ്ധ്വാനം ചെയ്ത് സമ്പാദിച്ച 16 കോടി രൂപകൊണ്ടാണ് അദ്ദേഹം ബക്കളത്ത് വളരെ മനോഹരമായി പാർത്ഥ കൺവെൻഷൻ സെന്റർ പണിതിട്ടുള്ളത്. അതിൽ ഭാര്യ ബീനയും ഭാര്യാ പിതാവ് പുരുഷോത്തമനും പാർട്ട്ണർമാരാണ്. ഇദ്ദേഹം നാട്ടിലില്ലാത്ത പല സമയങ്ങളിലും ഭാര്യാപിതാവാണ് സിഗ്നേച്ചർ അതോറിറ്റി. അതുകൊണ്ട് ഭാര്യാപിതാവിന്റെ പേരിൽത്തന്നെയാണ് അപേക്ഷ കൊടുത്തിട്ടുള്ളത്. ഇതിന്റെ ഉടമസ്ഥൻ അല്ലെങ്കിൽ ഇതിൽ പണം മുടക്കിയത് സാജന്റെ വിയർപ്പാണെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ബഹുമാനപ്പെട്ട മന്ത്രി അതിനെ സംബന്ധിച്ച് ലാഘവബുദ്ധിയോടുകൂടിയാണ് പറഞ്ഞത്. മറ്റൊരു കാര്യം, ഇത് നിയമാനുസൃതം പണിപൂർത്തിയാക്കിയതാണ്. ചീഫ് ടൗൺ പ്ലാനർ പ്ലാൻ അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിലാണ് പണിതത്. പണി പൂർത്തീകരിച്ചുവരുന്ന സമയത്താണ് മുനിസിപ്പൽ അധികാരികൾ ഈ സ്ഥാപനത്തിന്റെ കുറെ ഭാഗങ്ങൾ പൊളിച്ചുമാറ്റണമെന്ന ഒരു മെമ്മോ നൽകിയത്. അപ്പോൾത്തന്നെ സാജൻ മുനിസിപ്പൽ അധികാരികളെ കാണുകയും ഇത് പൊളിക്കേണ്ട ആവശ്യമില്ലെന്ന് അവരെ ബോധ്യപ്പെടുത്താൻ ശ്രമിക്കുകയും ചെയ്തു. അവർക്ക് ബോധ്യപ്പെട്ടിട്ടില്ല. ആ സമയത്താണ് സി.പി.ഐ.(എം)-ന്റെ ജില്ലാ സെക്രട്ടറിയായിരുന്ന ശ്രീ. പി. ജയരാജനെ കണ്ടത്. ആന്തൂർ നഗരസഭ എന്നുപറഞ്ഞാൽ കോൺഗ്രസ്സ് ഉൾപ്പെടെയുള്ള പ്രതിപക്ഷത്തിന് നോമിനേഷൻപോലും കൊടുക്കാൻ

സാധിക്കാത്ത സ്ഥലമാണ്. വോട്ടില്ലാഞ്ഞിട്ടല്ല, കഴിഞ്ഞ തെരഞ്ഞെടുപ്പിൽ പ്രതിപക്ഷത്തിന് 5000-ത്തിനടുത്ത് വോട്ട് ലഭിച്ചിട്ടുണ്ട്. പക്ഷേ, നോമിനേഷൻ കൊടുക്കാൻ സമ്മതിക്കാത്ത സ്ഥലമാണ്. ചെയർപേഴ്സൺ ശ്രീമതി പി. കെ. ശ്യാമള ഉൾപ്പെടെയുള്ള നഗരസഭാ അധികാരികളെ കണ്ട് ഇക്കാര്യം ബോധ്യപ്പെടുത്താൻ ശ്രമിച്ചു. പക്ഷേ, അവർ തയ്യാറായില്ല. ശ്രീ. പി. ജയരാജന് പരാതി കൊടുത്തു. അദ്ദേഹത്തിന്റെ ഉപദേശപ്രകാരമാണ് കണ്ണൂർ ജില്ലാ ടൗൺ പ്ലാനർക്ക് പരാതി കൊടുത്തത്. അപ്പോൾ ജില്ലാ ടൗൺ പ്ലാനർ എന്ത് ചെയ്തു? സാധാരണ ഗതിയിൽ ടൗൺ പ്ലാനിംഗ് ഉദ്യോഗസ്ഥരാണ് ഇത്തരം കാര്യങ്ങളിൽ അപാകതകളുണ്ട്, റൂൾസ് വയലേഷൻസുണ്ട് എന്നുപറഞ്ഞ് കൊടുക്കാൻ വിസമ്മതിക്കുന്നത്. ജില്ലാ ടൗൺ പ്ലാനർ, മുനിസിപ്പൽ സെക്രട്ടറി, മുനിസിപ്പൽ എഞ്ചിനീയർ എന്നിവരുടെ ഒരു ടീം ഈ സ്ഥലം സന്ദർശിച്ചു. ടീം സന്ദർശിക്കുന്ന സമയത്തുതന്നെ എന്താണ് ഇതിൽ അപാകതയെന്നും റൂൾസ് വയലേഷനൊന്നും ഞാൻ കാണുന്നില്ലല്ലോയെന്നും സെക്രട്ടറിയുടേയും ഉദ്യോഗസ്ഥരുടെയും മുമ്പിൽ വച്ച് ജില്ലാ ടൗൺ പ്ലാനർ ചോദിച്ചു, എന്നിട്ട് എഴുതിക്കൊടുത്തു. ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വിശദീകരിച്ചല്ലോ; അങ്ങനെയെന്തെങ്കിലും തിരുത്തേണ്ട കാര്യമായൊരു അപാകത ജില്ലാ ടൗൺ പ്ലാനർ ചൂണ്ടിക്കാണിച്ചിരുന്നുവെങ്കിൽ വ്യക്തമായി ബഹുമാനപ്പെട്ട മന്ത്രി ആ കടലാസ് സഹിതം സഭയുടെ മേശപ്പുറത്ത് വയ്ക്കില്ലേ? ഒരു മനുഷ്യജീവൻ നഷ്ടപ്പെട്ടു. ഈ സംഭവം സത്യത്തിൽ ആത്മഹത്യയാണോ? ഇത് കൊലപാതകമാണ്. പാറയിൽ സാജനെ കൊലയ്ക്ക് കൊടുക്കുകയാണ് ചെയ്തത്. ടൗൺ പ്ലാനർ വന്ന് ഇത്രയും വ്യക്തമായി പറഞ്ഞിട്ടും അനുമതി നൽകാൻ തയ്യാറായില്ല. പൊളിച്ചുമാറ്റാൻ ആവശ്യപ്പെടുകയാണ്. പാറയിൽ സാജനെ എനിക്കറിയില്ല. അദ്ദേഹത്തെ ഞാൻ കണ്ടിട്ടുമില്ല. ഞാൻ കഴിഞ്ഞ 9-ാം തീയതി പാർത്ഥ എന്നുപറയുന്ന കൺവെൻഷൻ സെന്ററിൽ ഒരു കോൺഗ്രസ് നേതാവിന്റെ മകളുടെ കല്യാണത്തിന് പോയി അവിടത്തെ എ.സി.ഹാളിലിരുന്ന് ഭക്ഷണം കഴിച്ചു. എത്ര മനോഹരമായും കൃത്യമായും നിർമ്മിച്ചൊരു കെട്ടിടമാണെന്ന് പ്രഥമദൃഷ്ടിയിൽ ആർക്കും മനസ്സിലാകുന്ന കൺവെൻഷൻ സെന്ററാണത്. നാഷണൽ ഹൈവേയിൽനിന്ന് വളരെ ദൂരത്തിലാണ്. ശ്രീ. കെ. സി. ജോസഫും ശ്രീ. ജെയിംസ് മാത്യുവും അതുവഴി എല്ലാ ആഴ്ചയിലും യാത്ര ചെയ്യുന്നവരല്ലേ? എന്തെങ്കിലുമൊരു വയലേഷനുണ്ടോ? എന്നിട്ടും അതിന്റെ പ്രധാന കവാടം പരാതിക്കാർക്ക് പരിഭവം വരാതിരിക്കാൻ പൊളിച്ചുമാറ്റി. അതിനുശേഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ, പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ സർട്ടിഫിക്കറ്റ് വാങ്ങിക്കൊടുത്തു. ഫയർ ആന്റ് സേഫ്റ്റി സർട്ടിഫിക്കറ്റ് വാങ്ങിക്കൊടുത്തു. എന്നിട്ടും കിട്ടുന്നില്ല. പിന്നീട്

ചെയർപേഴ്സണെ കണ്ടു, ആരാണ് ചെയർപേഴ്സൺ? സഖാവ് ഗോവിന്ദൻ മാഷിന്റെ സഹധർമ്മിണിയായ ശ്രീമതി പി. കെ. ശ്യാമള. ഞങ്ങളുടെയെല്ലാം വലിയ സുഹൃത്താണ്. നേരത്തെ തളിപ്പറമ്പ് നഗരസഭാ ചെയർപേഴ്സൺ ആയിരുന്നു. പരിചയസമ്പന്നയായ നേതാവാണ്. അവർ പറഞ്ഞത്, നിങ്ങൾക്ക് ഉയർന്ന സ്ഥലങ്ങളിലാണല്ലോ പിടിപാട്; എനിക്ക് ഒന്നും ചെയ്യാനില്ല എന്നാണ്. വിഷയം ശ്രീ. പി. ജയരാജിനെ കാണാൻ പോയതാണോ? സാധാരണഗതിയിൽ ഉദ്യോഗസ്ഥരാണ് തടസ്സങ്ങളുണ്ടാക്കുന്നതെങ്കിൽ ഇവിടെ സി.പി.ഐ.(എം.) നിയന്ത്രിക്കുന്ന ഭരണനേതൃത്വമാണ് ഇങ്ങനെയുള്ള പ്രതിസന്ധി സൃഷ്ടിച്ച് വലിയ സംഖ്യ മുടക്കി ആരംഭിച്ച സംരംഭത്തിന് തടസ്സം നിൽക്കുന്നത്. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി Ease of doing Business-നെ സംബന്ധിച്ച് പറഞ്ഞു. സർക്കാർ പാസ്സാക്കിയ നിയമമല്ലേ.

അതുപോലെ ലോക കേരള സഭ നടത്തി. പ്രവാസികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിന് മന്ത്രിമാരൊക്കെ വിദേശയാത്ര ചെയ്തു. കോടിക്കണക്കിന് രൂപ മുടക്കി നമ്മുടെ നിയമസഭയിലെ എം.എൽ.എ.മാർക്ക് ഇല്ലാത്തതിനേക്കാൾ പ്രാധാന്യമെന്നുപറഞ്ഞ് പ്രവാസികൾക്ക് സമ്മേളനത്തിന് അവസരം നല്കുകയും അവരേതെങ്കിലും വ്യവസായ സംരംഭവുമായി വന്നുകഴിഞ്ഞാൽ അവരെ ജീവിക്കാൻ അനുവദിക്കാതിരിക്കുകയും ചെയ്യുന്നത് ക്രൂരതയാണ്. Ease of doing Business എന്ന വ്യവസ്ഥയ്ക്കു പകരം ഇവിടെ ഒരു വ്യവസായ സംരംഭം ആരംഭിച്ചാൽ എങ്ങനെ ജീവൻ അവസാനിപ്പിക്കാമെന്ന വഴിയാണ് ഈ സർക്കാരും ഉദ്യോഗസ്ഥരും കാണിച്ചുകൊടുക്കുന്നത്. കൊച്ചിയിലെ റിസോർട്ട് സമുച്ചയം പൊളിച്ചുമാറ്റാൻ സുപ്രീംകോടതി വിധിവന്നശേഷം മന്ത്രിസഭയിൽ പ്രതിപക്ഷം ഒരു നിലപാട് സ്വീകരിച്ചത് അങ്ങനെ പണിയുയർത്തിയ സ്ഥാപനങ്ങൾക്ക് എന്തെങ്കിലും വയലേഷനുണ്ടെങ്കിൽ അത് റെക്റ്റിഫൈ ചെയ്യാൻ ഇവിടെ നിയമം പാസ്സാക്കിയിട്ടുണ്ട് എന്നുള്ളതുകൊണ്ടാണ്. കെട്ടിടനിർമ്മാണ ചട്ടങ്ങളിൽത്തന്നെ അങ്ങനെയുള്ള ചെറിയ തെറ്റുകളുണ്ടെങ്കിൽ തിരുത്താനുള്ള പ്രൊവിഷനുണ്ട്. എന്നാൽ ഇവിടെ ചെറിയ തെറ്റുപോലുമില്ല. അവസാനം കൊടുത്ത മെമ്മോയിൽ എന്താണ് പറഞ്ഞതെന്ന് അറിയാമോ? റാമ്പിന് 5 സെന്റീമീറ്റർ വ്യത്യാസമുണ്ടെന്നാണ്. റാമ്പിന്റെ 5 സെന്റീമീറ്റർ വ്യത്യാസത്തിനാണ് 16 കോടി രൂപ മുടക്കിയ ഒരു സംരംഭത്തിന്റെ ഉടമയുടെ ജീവൻ നഷ്ടപ്പെടാൻ ഈ സർക്കാരും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും രാഷ്ട്രീയ നേതൃത്വവും ഇവിടെ അവസരമുണ്ടാക്കിയതെന്ന് വളരെ ഖേദത്തോടെ പറയാൻ ഇടവന്നിരിക്കുകയാണ്. 'എന്തോ കാരണത്താൽ ആത്മഹത്യ ചെയ്തിരിക്കുന്നുവെന്ന് പാറയിൽ സാജന്റെ അനുജൻ പറഞ്ഞിരിക്കുന്നതായി ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു.

ഇന്നത്തെ പത്ര-ദൃശ്യ മാധ്യമങ്ങളിലെല്ലാം വളരെ വ്യക്തമല്ലേ; ഞാൻ ഇന്ന് മാനേജരുമായി സംസാരിച്ചു. മാനേജർ എന്റെ നാട്ടുകാരനാണ്. കഴിഞ്ഞ 15 ദിവസമായി സാജൻ വളരെ നിരാശയിലായിരുന്നു. കയറിയിറങ്ങി മുട്ടാത്ത വാതിലുകളില്ല. ഈ മുനിസിപ്പൽ സെക്രട്ടറിയെയും ചെയർപേഴ്സണെയും ഉദ്യോഗസ്ഥരെയും കണ്ടു. അദ്ദേഹം അങ്ങേയറ്റം നിരാശനായിരുന്നു. മറ്റെന്തെങ്കിലും മാർഗ്ഗത്തിലൂടെയോ കോടതിയിൽനിന്നോ എങ്ങനെയെങ്കിലും അനുവാദം വാങ്ങാമെന്ന് മാനേജർ അദ്ദേഹത്തോട് പറഞ്ഞിരുന്നു. കോടതിയിൽ പോയാൽ വർഷങ്ങൾ കഴിയണം, ഇത്രയും തുക മുടക്കിയതല്ലേ, ഇനി ജീവിച്ചിരുന്നിട്ട് കാര്യമില്ലെന്ന കടുത്ത നിരാശയിലായിരുന്നു അദ്ദേഹം. ഇത്രയും കഠിനാദ്ധ്വാനം ചെയ്ത് ജീവിതം കരുപ്പിടിപ്പിക്കാൻ ശ്രമിച്ച ഒരു വിദേശ മലയാളി, ഒരു യുവ വ്യവസായി, അദ്ദേഹത്തിന്റെ ഭാര്യ വിനയ, രണ്ട് മക്കൾ, മകന്റെ പേരായ പാർത്ഥ എന്നതന്നെയാണ് ഈ സ്ഥാപനത്തിനും പേര് നൽകിയിട്ടുള്ളത്. ആ സ്ഥാപനത്തിന് അനുമതി ലഭിക്കാത്ത ജീവിത നൈരാശ്യത്തിലാണ് ആത്മഹത്യ ചെയ്തത്. ആത്മഹത്യാക്കുറിപ്പുപോലും ഇല്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുമ്പോൾ ഉണ്ടായിരുന്നുവെന്ന് നാട്ടുകാർ പറയുന്നു. ആത്മഹത്യാക്കുറിപ്പിന് എന്തു സംഭവിച്ചു? ഇത് സത്യത്തിൽ ആത്മഹത്യയായി ഒതുക്കേണ്ട ഒരു വിഷയമല്ല. ഇതൊരു കൊലപാതകമാണ്, മനഃപൂർവ്വമായ നരഹത്യയും പീഡനവുമാണ്. ഉത്തരവാദികൾ ആരാണെങ്കിലും എത്ര ഉയർന്നവരാണെങ്കിലും അവർക്കെതിരെ നടപടി സ്വീകരിക്കണം. അടിയന്തര പ്രാധാന്യമുള്ള ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, ഏത് സംഭവത്തിന്റെ പേരിലായാലും ഒരാളുടെ ജീവൻ നഷ്ടപ്പെടുന്നത് ദൗർഭാഗ്യകരമാണ്. രാഷ്ട്രീയ വിവേചനത്തിന്റെ ഭാഗമായി അദ്ദേഹത്തോട് ആന്തൂർ നഗരസഭ വിവേചനം കാണിച്ചിട്ടില്ല. ഇതേ കെട്ടിട പെർമിറ്റിന്റെ ആളുകൾതന്നെ ഈ കമ്പനിയുടെ ഭാഗമായി 10 വില്ലകൾ അവിടെ നിർമ്മിച്ചിട്ടുണ്ട്. അതിന് അനുമതിയും ഒക്യുപൻസി സർട്ടിഫിക്കറ്റും നൽകുകയും ചെയ്തിട്ടുണ്ട്. രാഷ്ട്രീയ വിവേചനത്തിന്റെയോ അദ്ദേഹത്തോട് വൈരാഗ്യം തോന്നിയതിന്റെയോ ഭാഗമായി കാലതാമസം വരുത്തുന്ന നിലപാട് അവിടത്തെ ഭരണനേതൃത്വം സ്വീകരിച്ചിരുന്നുവെങ്കിൽ, അങ്ങനെ ചെയ്യില്ലല്ലോ; ആഡിറ്റോറിയം നിർമ്മാണത്തിനുള്ള അപേക്ഷകനോടും ഈ വിവേചനം കാണിച്ചിട്ടില്ല. അദ്ദേഹത്തിന്റെ അപേക്ഷയുടെ ഭാഗമായി അനധികൃത നിർമ്മാണവും ചില ചട്ടലംഘനവും ഉണ്ടെന്ന പരാതിയുടെ അടിസ്ഥാനത്തിൽ മുനിസിപ്പാലിറ്റി നോട്ടീസ് നൽകിയപ്പോൾ അദ്ദേഹത്തിന്റെകൂടി അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലാണ് ജില്ലാ ടൗൺ പ്ലാനറും മുനിസിപ്പൽ ഉദ്യോഗസ്ഥരും

അദ്ദേഹവുംകൂടി സംയുക്ത പരിശോധന നടത്തിയത്. ഞാനത് നേരത്തെ പറഞ്ഞതാണ്. അതിൽ അവസാനമായി അവർ പറഞ്ഞിട്ടുള്ളത്, പാർക്കിംഗ് ഫ്ലോറിലേക്കുള്ള പ്രവേശന റാമ്പിന്റെ മുകളിലായി കോൺക്രീറ്റ് സ്ലാബ് നിർമ്മിച്ചിരിക്കുന്നത് അംഗീകൃത പ്ലാനിന് വിരുദ്ധമായിട്ടായതിനാൽ ചട്ടപ്രകാരം വരാത്തവിധമുള്ള പ്രസ്തുത ഭാഗത്തിന്റെ മുകളിലുള്ള സ്ലാബിന്റെ ഭാഗം അംഗീകൃതപ്ലാൻ പ്രകാരം നീക്കം ചെയ്യേണ്ടതും മുകൾഭാഗത്ത് പാരപ്പെറ്റ് ഭിത്തികൾ കെട്ടി സംരക്ഷണഭിത്തി ഉറപ്പാക്കേണ്ടതും ഒക്യുപൻസി നൽകുന്നതിനുമുമ്പ് ചട്ടലംഘനം പരിഹരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ് എന്നാണ്. അദ്ദേഹം ഏപ്രിൽ മാസത്തിൽ നൽകിയ അപേക്ഷയിൽ ഇക്കാര്യം പരിശോധിക്കുന്നതിനുവേണ്ടിയാണ് സെക്രട്ടറി മുനിസിപ്പൽ എഞ്ചിനീയർക്ക് ഇത് കൊടുത്തിട്ടുള്ളത്. അപ്പോൾ അതിന്റെ അവസാന ഘട്ടത്തിലായിരുന്നു. അതുകൊണ്ട് രാഷ്ട്രീയത്തിന്റെ ഭാഗമായി എന്തെങ്കിലും തരത്തിലുള്ള വിവേചനം കാണിച്ചിട്ടില്ല. അവിടെ ഒരു പ്രത്യേക പാർട്ടിക്ക് ഭൂരിപക്ഷമുള്ളതുകൊണ്ട് ഇത്തരം കാര്യങ്ങളിൽ വിവേചനം കാണിച്ചതായി മുൻകാല ആക്ഷേപമുണ്ടായിട്ടില്ല. ഇത്തരം കാര്യങ്ങളിൽ തെറ്റ് സംഭവിച്ചിട്ടുണ്ടെങ്കിൽ ഞാനത് അഡ്മിറ്റ് ചെയ്യും. എല്ലാ ഉദ്യോഗസ്ഥരും നീതിപൂർവ്വം കാര്യങ്ങൾ ചെയ്യുന്നവരാണെന്ന അഭിപ്രായം എനിക്കുമില്ല; നിങ്ങൾക്കും ഉണ്ടാകാനിടയില്ല. എന്തെങ്കിലും തെറ്റായ നിലപാടുകൾ ഉണ്ടായിട്ടുണ്ടെങ്കിൽ അവ കണ്ടെത്തുന്നതിനാണ് ചീഫ് ടൗൺ പ്ലാനറുടെ നേതൃത്വത്തിൽ ഉയർന്ന ഉദ്യോഗസ്ഥരെ അന്വേഷണത്തിന് നിയോഗിച്ചിട്ടുള്ളത്. അതിന്റെ ഭാഗമായി അനാവശ്യമായി കാലതാമസം വരുത്തുന്നതിന് എന്തെങ്കിലും ഇടപെടൽ ആരുടെയെങ്കിലും ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ടെന്ന് അറിഞ്ഞാൽ കർശന നടപടി സ്വീകരിക്കണമെന്നതാണ് സർക്കാർ നിലപാട്. ഏതെങ്കിലും ഒരു വ്യവസായിക്കെന്നല്ല, രാജ്യത്ത് ഒരാൾക്കും ഇത്തരം അനുഭവം ഉണ്ടാകാൻ പാടില്ല. അതുകൊണ്ട് ഇക്കാര്യത്തിൽ മുനിസിപ്പൽ ഭരണസമിതി എന്തെങ്കിലും വിവേചനം കാണിച്ചുവെന്ന് ചൂണ്ടിക്കാണിക്കാനാവില്ല. അന്വേഷണ റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് ആവശ്യമായ തുടർനടപടി സ്വീകരിക്കുന്നതാണ്. അദ്ദേഹത്തിന്റെ സഹോദരൻ ശ്രീജിത്ത് പോലീസിന് കൊടുത്ത മൊഴി എഫ്.ഐ.ആർ.ൽ ഉണ്ട്. പോലീസും അസ്വാഭാവിക മരണത്തിന് കേസ്സെടുത്ത് അന്വേഷിക്കുന്നുണ്ട്. എന്തെങ്കിലും വിഷയം വരുന്നുണ്ടെങ്കിൽ അതിന്റെകൂടി ഭാഗമായി നമുക്ക് പരിശോധിക്കാം. അന്വേഷണം പൂർത്തിയായതിനുശേഷം ഗൗരവമായ ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നും നടത്താനാണ് തീരുമാനിച്ചിട്ടുള്ളത്. അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട അടിയന്തര കാര്യമില്ലെന്നതാണ് എന്റെ അഭിപ്രായം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇത് അങ്ങേയറ്റം നിർഭാഗ്യകരമായ ഒരു കാര്യമാണ്. ബഹുമാന്യനായ മന്ത്രി അതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ പറഞ്ഞിട്ടുണ്ട്. ഇതിലൊരാളുടെ ജീവൻ നഷ്ടപ്പെടാൻ ഇടയായി എന്നുപറയുമ്പോൾ അത് ഗൗരവമായി പരിശോധിക്കുകതന്നെ ചെയ്യും. ഇവിടെ ഉന്നയിക്കുന്ന ആരോപണമാണ് കാരണമെങ്കിൽ അതിന് ഉത്തരവാദികളായവരുടെ പേരിൽ കർശന നടപടികളെടുക്കുമെന്നും വ്യക്തമാക്കിക്കഴിഞ്ഞിട്ടുണ്ട്. മേൽപ്പറഞ്ഞ വിഷയത്തിന്റെ വസ്തുത എന്താണെന്ന് എനിക്കറിയില്ല. പക്ഷേ, ചില കാര്യങ്ങൾ ചിലപ്പോൾ സംഭവിക്കുന്നുണ്ട്. നമ്മളെല്ലാവരും പൊതുപ്രവർത്തകരാണ്. എന്റെ പൊതുപ്രവർത്തനത്തിനിടയിലുണ്ടായ ഒരു അനുഭവം ഞാൻ പറയാം. ഇപ്പോഴല്ല, കുറച്ചുവർഷം മുമ്പാണ്. ഒരാൾ ഒരു വീടെടുത്തു. ആ വീട് എടുക്കുമ്പോൾ അവിടെ റോഡില്ല. വീട് എടുത്തു കഴിഞ്ഞപ്പോൾ അതിന്റെ സൈഡിലൂടെ ഒരു റോഡ് വന്നു. റോഡിൽനിന്ന് ഇത്ര അടി അകലം ഉണ്ടെങ്കിലേ പെർമിഷൻ നൽകുകയുള്ളൂ എന്നുണ്ടല്ലോ, ഒരു പഞ്ചായത്തിലാണ് സംഭവം നടന്നത്. അവിടത്തെ എക്സിക്യൂട്ടീവ് എഞ്ചിനീയർ പെർമിഷൻ നൽകില്ല. അവസാനം അയാൾ പലരുടെയും അടുത്ത് പോയി, എന്നെ അറിയുന്ന ആളായതുകൊണ്ട് എന്റെ അടുത്തുംവന്നു. കേട്ടപ്പോൾ ന്യായമാണെന്ന് തോന്നിയതുകൊണ്ട് അവിടത്തെ പഞ്ചായത്ത് പ്രസിഡന്റിനോട് അത് പരിഹരിക്കണമെന്ന് പറഞ്ഞു. പഞ്ചായത്ത് പ്രസിഡന്റ് പിന്നെ എന്നെ കണ്ടാൽ എന്റെ മുമ്പിൽ നിൽക്കുകയില്ല. സാധാരണ ഞാൻ ചെന്നാൽ എന്റെ അടുത്തുവരുന്ന ഒരാളായിരുന്നു. കാരണം പഞ്ചായത്ത് പ്രസിഡന്റ് പറഞ്ഞിട്ടും സെക്രട്ടറി ചെയ്യാൻ തയ്യാറല്ല. അവിടെയുള്ള ഒരനുഭവമാണ്. അവസാനം അദ്ദേഹം ഗവൺമെന്റിൽവന്ന് പെർമിഷൻ വാങ്ങി പോകുന്ന അവസ്ഥയുണ്ടായി. ഇങ്ങനെ നെഗറ്റീവ് അപ്രോച്ചുള്ള ചില ഉദ്യോഗസ്ഥർ എല്ലാക്കാലത്തും ഉണ്ടായിട്ടുണ്ട്. ഈ പറയുന്നതിൽ എത്രത്തോളം വസ്തുതയുണ്ടെന്നും എന്താണ് കാര്യമെന്നുള്ളതും ഗൗരവമായ പരിശോധനയിലൂടെ മാത്രമേ വ്യക്തമാകുകയുള്ളൂ. അത് പരിശോധിക്കാമെന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ട്. ഒരു തരത്തിലുള്ള സംരക്ഷിക്കപ്പെടലും ഇക്കാര്യത്തിൽ ഉണ്ടാകില്ല. തെറ്റുണ്ടെങ്കിൽ ഉറച്ച നടപടി ഉണ്ടാകുകതന്നെ ചെയ്യും.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെയും മുഖ്യമന്ത്രിയുടെയും വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, പ്രവാസികളുടെ നൊമ്പരവും വേദനയും ത്യാഗവുമെല്ലാം അക്ഷരത്തിൽ ചാലിച്ച ബെന്യാമിന്റെ ആടുജീവിതമാണ് എന്റെ ഓർമ്മയിൽ കടന്നുവരുന്നത്. ശരീരവും മനസ്സും പൊള്ളി നമുക്കുവേണ്ടി പണിയെടുക്കുന്ന ഓരോ പ്രവാസിയുടെയും കഥകൂടിയാണത്. അതിലെ ഒരു വാചകം ഇന്നും എന്റെ മനസ്സിൽ തങ്ങിനിൽക്കുന്നു. 'നാം അനുഭവിക്കാത്ത ജീവിതങ്ങളെല്ലാം നമുക്ക് വെറും കെട്ടുകഥകൾ മാത്രമാണ്.' പ്രവാസികൾ അനുഭവിക്കുന്ന കഷ്ടപ്പാടിന്റെ ഒരംശമെങ്കിലും മനസ്സിലാക്കിയിരുന്നെങ്കിൽ ഒരു പ്രവാസിപോലും ഇവിടെ ആത്മഹത്യ ചെയ്യേണ്ട സാഹചര്യം ഉണ്ടാകുമായിരുന്നില്ല. നമ്മുടെ രാജ്യത്തിന് ലഭിക്കുന്ന വിദേശ നാണ്യത്തിന്റെ 25 മുതൽ 30 ശതമാനംവരെ വരുന്നത് കേരളത്തിലാണ്. നമ്മുടെ നാടിന്റെ നട്ടെല്ലെന്ന് പറയുന്നത് പ്രവാസികളാണ്. ഇവിടെ നടന്നത് നിസ്സാരമായി കാണാൻ കഴിയുന്നൊരു കാര്യമല്ല.

ഇന്ന് മിഡിൽ ഈസ്റ്റിൽ പലതരത്തിൽ ജോലി നഷ്ടപ്പെടുന്നതിന്റെ ഭാഗമായി നമ്മുടെ ആളുകൾ ആഫ്രിക്കൻ ഭൂഖണ്ഡത്തിലേക്ക് ചേക്കേറുന്ന സ്ഥിതിയാണുള്ളത്. നൈജീരിയയിൽ ജോലി ചെയ്തിരുന്ന ഒരു വ്യക്തിയാണ് തന്റെ മുഴുവൻ സമ്പാദ്യവും ഉപയോഗിച്ച് ആന്തൂർ മുനിസിപ്പാലിറ്റിയിൽ ഒരു ഓഡിറ്റോറിയവും കൺവെൻഷൻ സെന്ററും നിർമ്മിച്ചത്. അതിന് അദ്ദേഹം 16 കോടി രൂപ മുടക്കി. അവിടെ നിർമ്മിച്ച കെട്ടിടത്തിന് അന്തിമ അംഗീകാരം ലഭിക്കാത്തതിന്റെ പേരിൽ ജീവനൊടുക്കേണ്ടിവന്ന ഒരു ഹതഭാഗ്യന്റെ ചിത്രമാണ് ശ്രീ. സണ്ണി ജോസഫ് ഇവിടെ വരച്ചുകാട്ടിയത്. ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി ഇവിടെ എഫ്.ഐ.ആർ-ലെ കാര്യം പറഞ്ഞപ്പോൾ എനിക്ക് വലിയ വിഷമം തോന്നി. മാനസിക ആഘാതമുള്ള അല്ലെങ്കിൽ ഒരു മാനസിക രോഗിയാണ് അയാളെന്ന് സ്ഥാപിക്കാനാണ് ബഹുമാനപ്പെട്ട മന്ത്രി ശ്രമിച്ചതെന്നത് തികച്ചും ദൗർഭാഗ്യകരമായൊരു കാര്യമാണ്. മാനസികരോഗിയായ ഒരു വ്യക്തി ഏതായാലും നൈജീരിയയിൽ പോയി 16 കോടി രൂപയുടെ സമ്പത്തുണ്ടാക്കി നാട്ടിൽ വന്ന് കൺവെൻഷൻ സെന്റർ തുടങ്ങില്ലെന്നുള്ള സാമാന്യ വിചാരമെങ്കിലും അദ്ദേഹത്തിനുണ്ടാകണമായിരുന്നു.

ശ്രീ. എ. സി. മൊയ്തീൻ: സർ, ഞാനൊരിക്കലും അങ്ങ് പറഞ്ഞ ഈ വാക്ക് ഉപയോഗിച്ചിട്ടില്ല. എഫ്.ഐ.ആർ.ന്റെ ഭാഗമായി എന്തോ മാനസിക വിഷമംമൂലമാണ് മരിച്ചതെന്ന് അദ്ദേഹത്തിന്റെ സഹോദരൻ കൊടുത്ത റിപ്പോർട്ടാണ് ഞാനിവിടെ വായിച്ചത്. അതിനുപകരം അങ്ങ് തെറ്റായി വ്യാഖ്യാനിച്ച് മാനസികരോഗിയാണെന്ന് മന്ത്രി പറഞ്ഞുവെന്ന് പറയുന്നത് ശരിയല്ല.

ശ്രീ. രമേശ് ചെന്നിത്തല: സർ, ആ എഫ്.ഐ.ആർ.-ൽ പറഞ്ഞ മറ്റ് കാര്യങ്ങളൊന്നും അങ്ങ് പറഞ്ഞില്ലല്ലോ; എഫ്.ഐ.ആർ.-ന്റെ കോപ്പി ഞങ്ങളുടെ കയ്യിലുമുണ്ട്. അങ്ങ് ഇതുമാത്രം എടുത്ത് സൂചിപ്പിക്കാനുള്ള കാരണം എന്താണെന്ന് അരിയാഹാരം കഴിക്കുന്ന എല്ലാവർക്കും മനസ്സിലാകും. ഈ സംഭവമുണ്ടായശേഷം ഇന്നലെ രാത്രിയിൽ ശ്രീ. സണ്ണി ജോസഫ് പാറയിൽ സാജന്റെ മാനേജരെ വിളിച്ചപ്പോൾ അദ്ദേഹം പറഞ്ഞത്, പത്തുപതിനഞ്ച് ദിവസമായി അന്തിമ അംഗീകാരത്തിനുവേണ്ടി ശ്രമിച്ചിട്ടും കിട്ടാത്തതിലുള്ള നൈരാശ്യമുണ്ടായിരുന്നുവെന്നും കോടതിയിൽ പോകാമെന്ന് പറഞ്ഞപ്പോൾ കോടതിയിൽ പോയാൽ എത്രനാളെടുക്കുമെന്നും എന്ത് പണം ചെലവാകുമെന്നും അദ്ദേഹം ചോദിച്ചുവെന്നാണ്. വളരെ മനോഹരമായൊരു കൺവെൻഷൻ സെന്റർ നിർമ്മിച്ചിട്ട് അടിക്കടിയുണ്ടാകുന്ന പ്രയാസങ്ങൾ, pillar to post, അദ്ദേഹത്തിന് യാത്ര ചെയ്യേണ്ടിവരുന്നു, ആളുകളെ കാണേണ്ടിവരുന്നു, ശിപാർശ ചെയ്യിക്കേണ്ടിവരുന്നു, പാർട്ടി ജില്ലാ സെക്രട്ടറിയെ കാണേണ്ടിവരുന്നു, അവിടെനിന്നും നിർദ്ദേശം വരുന്നു, എന്നിട്ടും ശരിയാകുന്നില്ല. ഒരു പ്രവാസിക്ക് എന്ത് ease of doing business ആണ് നിങ്ങൾ ഈ സംസ്ഥാനത്ത് നടപ്പാക്കുന്നത്? അങ്ങുകൂടി പറഞ്ഞിട്ട് ഐകകണ്ഠ്യേന പാസ്സാക്കിയ നിയമമല്ലേയിത്; ഇത് ആദ്യത്തെ സംഭവമാണോ? പുനലൂരിൽ സുഗതനെന്ന ഒരു പാവപ്പെട്ട പ്രവാസി മൂന്ന് കയർ കെട്ടിത്തൂക്കി ഒരു കയറിൽ ആത്മഹത്യ ചെയ്തു. മറ്റേ രണ്ട് കയറും മക്കൾക്കുവേണ്ടിയുള്ളതായിരുന്നു. നമ്മുടെ സംസ്ഥാനം ഭരിക്കുന്ന പാർട്ടിയുടെ രണ്ടാമത്തെ പാർട്ടിയായ സി.പി.ഐ.യുടെ യുവജനവിഭാഗത്തിന്റെ കൈകൾകൊണ്ട് മരണപ്പെടേണ്ടിവന്ന, അവരുടെ നടപടികൾകൊണ്ട് മരണപ്പെടേണ്ടിവന്ന ഒരു ഹതഭാഗ്യന്റെ കാര്യമാണത്. ......(ബഹളം).....

ശ്രീ. കെ. രാജൻ: സർ, പോയിന്റ് ഓഫ് ഓർഡർ.

മി. സ്പീക്കർ : ശ്രീ. കെ. രാജൻ, പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കൂ.

ശ്രീ. കെ. രാജൻ: സർ, സി.പി.ഐ.-യുടെ യുവജന വിഭാഗത്തിന്റെ നേതൃത്വത്തിൽ കെട്ടിത്തൂക്കിയതാണ് അല്ലെങ്കിൽ കൊലപ്പെടുത്തിയതാണ് എന്ന തരത്തിലുള്ള വർത്തമാനം രേഖയിൽനിന്നും നീക്കം ചെയ്യണം.

മി. സ്പീക്കർ: പരിശോധിച്ച് വേണ്ടത് ചെയ്യാം.*

---

* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ 3385/ഇ.ബി./2019/നി.സെ., 19-6-2019) രേഖയിൽ നിലനിർത്തി.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഞാൻ അങ്ങനെയല്ല പറഞ്ഞത്. എ.ഐ.വൈ.എഫ്. പ്രവർത്തകർ കൊടികുത്തി തന്റെ നിർമ്മാണ പ്രവർത്തനം തടഞ്ഞതിന്റെ ഫലമായി മനംനൊന്ത് ആത്മഹത്യ ചെയ്തതാണ്. ഇത് പത്രവാർത്തയാണ്. ......(ബഹളം)..... പത്രവാർത്തയുടെ കാര്യമാണ് ഞാൻ പറഞ്ഞത്. .....(ബഹളം).....

<u>മി. സ്പീക്കർ</u>: പരിശോധിക്കും. വസ്തുതാപരമല്ലാത്തതൊന്നും രേഖയിലുണ്ടാകില്ല.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്ന് പറഞ്ഞ വാചകം അന്നും പറഞ്ഞതാണ്. 'അത് നിർഭാഗ്യകരമായ സംഭവമാണ്, ഇങ്ങനെയൊരു സംഭവം ഇനി കേരളത്തിൽ ആവർത്തിക്കാൻ പാടില്ല' എന്നാണ് അദ്ദേഹം പറഞ്ഞതിന്റെ രത്നച്ചുരുക്കം. അന്ന് ഞാൻ നിയമസഭയിൽ പറഞ്ഞതും ഇതുപോലൊരു സംഭവം ഇനി ഒരിക്കലും ഉണ്ടാകരുതെന്നാണ്. അതുകഴിഞ്ഞ് ഒരു വർഷവും നാലുമാസവും കഴിഞ്ഞപ്പോൾ മറ്റൊരു പ്രവാസി വ്യവസായിക്കുകൂടി ആത്മഹത്യ ചെയ്യേണ്ട സ്ഥിതി ഇവിടെയുണ്ടായിരിക്കുന്നു. സർക്കാരിന് എന്തെങ്കിലും ആത്മാർത്ഥതയുണ്ടോ? അന്യനാട്ടിൽനിന്നും മടങ്ങിയെത്തി ഇവിടെ വ്യവസായം ആരംഭിക്കാൻ ശ്രമിക്കുന്ന പ്രവാസികൾക്ക് ഈ സർക്കാരിന്റെ ഭാഗത്തുനിന്നും ആത്മഹത്യയല്ലാതെ മറ്റൊരു മാർഗ്ഗമില്ലാതായി വന്നിരിക്കുന്നു എന്നത് ദുഃഖകരമായ വസ്തുതയാണ്. വിദേശത്ത് പോയി അദ്ധ്വാനിച്ച് പണമുണ്ടാക്കി നാട്ടിൽ ആ പണം മുടക്കിയാൽ പരദേശത്ത് പറഞ്ഞുവിടുന്നൊരു ഗവൺമെന്റായി ഇത് മാറുന്നത് അപമാനകരമായൊരു കാര്യമല്ലേ? ബഹുമാനപ്പെട്ട മുഖ്യമന്ത്രി അന്നൊരു കാര്യം പറഞ്ഞത് ഞാനിവിടെ ക്വാട്ട് ചെയ്യാം. "പ്രവാസികൾക്ക് ഇവിടെവന്ന് വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് എല്ലാ സഹായവും നൽകും. ഏതെങ്കിലും തരത്തിലുള്ള തടസ്സം ഉയർന്നാൽ ആ തടസ്സം നീക്കുന്നതിന് ഗൗരവപരമായ ഇടപെടൽ ഉണ്ടാകും. ഒരു വ്യവസായ സംരംഭകനും ഇക്കാര്യത്തിൽ ആശങ്കപ്പെടേണ്ടതില്ല." നല്ല വാചകങ്ങളാണ്. പാർട്ടിയുടെ ജില്ലാ സെക്രട്ടറി ശ്രീ. പി. ജയരാജൻ ഇടപെട്ടിട്ടുപോലും ഇതിനൊരു നടപടിയുണ്ടാകാതെ പോയത് എന്തുകൊണ്ടാണ്; നിങ്ങൾ പാർട്ടി നേതൃത്വത്തിൽ അന്വേഷണം നടത്തുമോ? ആന്തൂർ മുനിസിപ്പാലിറ്റിയിൽ നിങ്ങളാണ് ഭരിക്കുന്നത്. അവിടെ ഞങ്ങൾക്ക് നോമിനേഷൻപോലും കൊടുക്കാൻ കഴിയാത്ത സ്ഥലമാണ്. ആന്തൂർ ദാസൻ എങ്ങനെ കൊല്ലപ്പെട്ടുവെന്നത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് അറിയാമല്ലോ. ഞങ്ങൾക്ക് സ്വതന്ത്രമായി രാഷ്ട്രീയ പ്രവർത്തനം നടത്താൻ കഴിയാത്ത സ്ഥലമാണ് ആ നാട്. ആന്തൂർ ദാസന്റെ അനുസ്മരണ ചടങ്ങിൽ കെ.പി.സി.സി. പ്രസിഡന്റായിരുന്നപ്പോൾ ഞാൻ പങ്കെടുത്തിരുന്നു. അങ്ങനെയൊരു സ്ഥലത്ത്, പ്രതിപക്ഷംപോലും ഇല്ലാത്തൊരു മുനിസിപ്പാലിറ്റി.

ഞാൻ ഇന്നലെ അദ്ദേഹത്തിന്റെ ബന്ധുക്കളോട് സംസാരിച്ചു. ഇക്കാര്യം പറഞ്ഞുകൊണ്ട് അദ്ദേഹം എല്ലാ ആളുകളേയും പോയികണ്ടു. അങ്ങനെയാണ് അവസാനം ശ്രീ. പി. ജയരാജനെ പോയികണ്ടത്. അദ്ദേഹം നിർദ്ദേശിച്ചതനുസരിച്ച് ജില്ലാ ടൗൺ പ്ലാനർ അന്വേഷിച്ചു. ടൗൺ പ്ലാനർ ക്ലീൻ ചിറ്റ് കൊടുത്തു. യാതൊരു അനധികൃത നിർമ്മാണവും നടന്നിട്ടില്ല എന്നുപറഞ്ഞ് വ്യക്തമായ റിപ്പോർട്ട് കൊടുത്തു. പിന്നെ എന്തിനാണ് അംഗീകാരം കൊടുക്കാൻ താമസിപ്പിക്കുന്നത്? പാറയിൽ സാജൻ എന്ന പ്രവാസി പാർട്ടി ഗ്രാമമായ ആന്തൂരിൽ ആത്മഹത്യ ചെയ്യേണ്ടി വന്നതിന്റെ ഉത്തരവാദിത്വം ആർക്കാണ് എന്നതാണ് പ്രധാന ചോദ്യം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ ഉദ്യോഗസ്ഥർ മാത്രമാണോ; അങ്ങനെയാണെങ്കിൽ ഉദ്യോഗസ്ഥർ ഭരിച്ചാൽപോരെ; അവിടെയെന്തിനാണൊരു മുനിസിപ്പാലിറ്റി; എന്തിനാണൊരു മുനിസിപ്പിൽ ചെയർപേഴ്സൺ; അവിടെയെന്തിനാണ് ഭരണസമിതി? മുനിസിപ്പൽ ചെയർപേഴ്സൺ ആരാണെന്ന് എല്ലാവർക്കുമറിയാം. ഞാൻ അതുകൊണ്ട് ആവർത്തിക്കുന്നില്ല. അവിടെ മുനിസിപ്പാലിറ്റിയിൽ ഭരണമില്ലേ? മറ്റൊരു മുനിസിപ്പാലിറ്റിക്കും കൊടുക്കാത്ത ഗ്രാന്റ് കൊടുത്തു. ഞങ്ങളുടെയൊക്കെ മുനിസിപ്പാലിറ്റിക്ക് തരാതെ പുതിയവയിൽ ഏറ്റവും കൂടുതൽ ഗ്രാന്റ് കൊടുത്തത് ആന്തൂരിലാണ്. ആ മുനിസിപ്പാലിറ്റിയിൽ നടന്നുകൊണ്ടിരിക്കുന്ന പ്രവർത്തനത്തിന്റെ ഫലമായി അവിടെ ഇങ്ങനെയൊരു ആത്മഹത്യ ഉണ്ടായത് നമുക്ക് ചെറുതായി കാണാൻ കഴിയുമോ? സി.പി.ഐ.(എം)ന്റെ സർവ്വാധിപത്യമുള്ളൊരു സ്ഥലത്ത് ഈ മരണത്തിനുത്തരവാദി സി.പി.ഐ.(എം) തന്നെയാണെന്ന ഗൗരവതരമായ കാര്യം അന്വേഷിക്കാൻ തയ്യാറുണ്ടോ? പാർട്ടിയുടെ ജില്ലാ സെക്രട്ടറി പറഞ്ഞിട്ടുപോലും നടക്കാത്ത കാര്യമാണെങ്കിൽ അത് ഗൗരവമായി അന്വേഷിക്കണ്ടേ? പുനലൂരിൽ സുഗതനും നിസ്സാരകാര്യങ്ങൾ പറഞ്ഞുകൊണ്ടാണ് ലൈസൻസ് നിഷേധിക്കപ്പെട്ടത്. നമ്മളൊരു കാര്യം മനസ്സിലാക്കണം. അന്യനാടുകളിൽപ്പോയി കഷ്ടപ്പെട്ട് വരുന്ന ആളുകൾ വളരെ പ്രതീക്ഷയോടുകൂടിയാണ് ഇവിടെയൊരു സംരംഭം തുടങ്ങുന്നത്. അങ്ങനെ പ്രതീക്ഷയോടുകൂടി തുടങ്ങുന്ന സംരംഭത്തിന് അടിക്കടി തടസ്സങ്ങൾ വരുമ്പോൾ അവർക്ക് ജീവിതം അവസാനിപ്പിക്കേണ്ടിവരുന്ന മാനസികാവസ്ഥയുണ്ടായാൽ അവരെ കുറ്റപ്പെടുത്താൻ കഴിയുമോ? ഇത്തരം സംഭവങ്ങളെ ഗൗരവപൂർവ്വം കാണാൻ തയ്യാറാകണം. ഇവിടെ ഓരോ ഉദ്യോഗസ്ഥന്റെയും അടുത്തുപോയി കാലുപിടിച്ച്, രാഷ്ട്രീയ നേതൃത്വത്തിന്റെ കാലുപിടിച്ച് ഇതിനൊരു അംഗീകാരം നേടിയെടുക്കാൻ അദ്ദേഹം ശ്രമിച്ചതെന്തുകൊണ്ടാണ്? 16 കോടി രൂപയാണ് ഈ കൺവെൻഷൻ സെന്ററിനുവേണ്ടി അദ്ദേഹം മുടക്കിയത്. ഒരു ഗ്രാമത്തിലാണ് ഇത് ആരംഭിച്ചിട്ടുള്ളത്. അങ്ങനെയൊരു സംരംഭം ആരംഭിക്കാൻ മുന്നോട്ടുവന്ന

വ്യക്തിക്കുനേരെയുണ്ടായ അനുഭവത്തെ നിസ്സാരമായി കാണാൻ കഴിയുമോ? ഞങ്ങൾ അന്വേഷിച്ചപ്പോൾ ആത്മഹത്യാക്കുറിപ്പ് ഉണ്ടായിരുന്നുവെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. ആ ആത്മഹത്യാക്കുറിപ്പ് എവിടെ? അത് പോലീസ് എന്തുകൊണ്ട് കണ്ടെത്തുന്നില്ല; ഇങ്ങനെയുള്ള ധാരാളം ചോദ്യങ്ങൾ ഇവിടെ ഉയർന്നുവരികയാണ്. അതുകൊണ്ട് റീജിയണൽ ഡയറക്ടർ അന്വേഷിച്ചിട്ടൊന്നും കാര്യമില്ല. ഇക്കാര്യത്തിൽ സമഗ്രമായ പോലീസ് അന്വേഷണം വേണം. കാര്യങ്ങൾ മൂടിവച്ചതും ആത്മഹത്യാക്കുറിപ്പ് എടുത്തുമാറ്റിയതുമടക്കമുള്ള സംഭവങ്ങളും നടന്നുവെന്നാണ് എനിക്കവിടെനിന്നും മനസ്സിലാക്കാൻ കഴിഞ്ഞത്.

ലോക കേരള സഭ ഇവിടെയും വിദേശത്തും കൂടിയിരുന്നു. ലോക കേരള സഭയിൽക്കൂടി നമ്മൾ നൽകുന്ന സന്ദേശമെന്താണ്? വ്യവസായങ്ങളോ ഏതെങ്കിലും സംരംഭങ്ങളോ തുടങ്ങാൻ നമ്മുടെ നാട്ടിലേക്ക് ആരെങ്കിലും വരുമ്പോൾ അവർക്ക് പ്രോത്സാഹനം കൊടുക്കാതെ അവരെയിങ്ങനെ കഷ്ടപ്പെടുത്തുകയാണെങ്കിൽ ആരാണ് ഇങ്ങോട്ട് വരുന്നത്; എന്ത് മെസ്സേജാണ് അവർക്ക് നമ്മൾ നൽകുന്നത്; പ്രവാസികൾക്ക് നമ്മുടെ സംസ്ഥാനത്ത് ഏത് സംരംഭവും തുടങ്ങാൻ പൂർണ്ണ സഹായം നൽകുമെന്ന് പറഞ്ഞിട്ട് ഇങ്ങനെയുള്ള അനുഭവങ്ങളാണുണ്ടാകുന്നതെങ്കിൽ നാളെ ആരെങ്കിലും ഇങ്ങോട്ടുവരുമോ? സർക്കാർ ഇക്കാര്യത്തിൽ ഗൗരവമായ സമീപനം സ്വീകരിക്കുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എ. സി. മൊയ്തീൻ നല്ലൊരാളാണ്. പക്ഷേ, ഇന്ന് അദ്ദേഹത്തിന്റെ സംസാരം കേട്ടാൽ തോന്നും അദ്ദേഹമല്ല സംസാരിച്ചതെന്ന്. മുനിസിപ്പൽ സെക്രട്ടറിയുടെ ഭാഷയിലാണ് അദ്ദേഹം സംസാരിച്ചത്. തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ ഭാഗത്തുനിന്നുള്ള മറുപടിയായിരുന്നില്ല ഞങ്ങൾ പ്രതീക്ഷിച്ചത്. അദ്ദേഹം പൊതുപ്രവർത്തനരംഗത്ത് പരിചയ സമ്പന്നനായൊരു വ്യക്തിയാണ്. അദ്ദേഹം സംസാരിക്കേണ്ടത് ഈ രീതിയിലായിരുന്നില്ല. നമ്മുടെ സംസ്ഥാനത്ത് പ്രവാസികൾക്ക് കൊടുക്കുന്ന സന്ദേശം തെറ്റാകാൻ പാടില്ല. അതുകൊണ്ടുതന്നെ ഈ സംഭവത്തിൽ ഗൗരവതരമായൊരന്വേഷണം നടത്തണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യത്തിൽ സമഗ്രമായ അന്വേഷണത്തിന് തയ്യാറാകാതെ ലോക്കൽ അഡ്മിനിസ്ട്രേഷന്റെ ഏതെങ്കിലുമൊരു സെക്രട്ടറി അന്വേഷിച്ച് കണ്ടെത്തുമെന്ന് പറയുന്നത് ശരിയല്ല. ഈ സംഭവത്തെക്കുറിച്ച് ഗൗരവതരമായ ഒരന്വേഷണം നടത്താൻ ഗവൺമെന്റ് തയ്യാറാകണം. അതിന് തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവണ്മെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ഡോ. എം. കെ. മുനീർ: സർ, 23-1-2018-ൽ ലോക കേരള സഭയെ സംബന്ധിച്ച് സർവ്വശ്രീ പി. വി. അൻവർ, ഇ. പി. ജയരാജൻ, കെ. വി. അബ്ദുൾ ഖാദർ, ശ്രീമതി വീണാ ജോർജ്ജ് എന്നിവർ ഉന്നയിച്ച ചോദ്യത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ മറുപടിയിൽ ' ഈ സഭയുടെ പ്രവർത്തനത്തിന്റെ ഒരു പ്രധാനകാര്യം നിക്ഷേപകർക്ക് ഏകജാലക സംവിധാനത്തിലൂടെ ആവശ്യമായ അനുവാദം നൽകുക എന്നുള്ളതാണ് ' എന്നാണ്. ഈ ഒരു സംവിധാനമുണ്ടെങ്കിൽ ഇവിടെ വരുന്ന പ്രവാസി, നിക്ഷേപിക്കാൻ ആയിരം ആളുകളുടെ മുന്നിൽപ്പോകുന്നത് എന്തിനാണ്? അപ്പോൾ ശ്രീ. ഇ. പി. ജയരാജൻ എന്നുപറയുന്ന വ്യക്തിയാണോ ഏകജാലകം; അതല്ല ശ്രീ. പി. ജയരാജാണോ ഏകജാലകം; അതല്ല അവിടത്തെ ചെയർപേഴ്സൺ ശ്രീമതി ശ്യാമളയാണോ ഏകജാലകം; അങ്ങനെ ആശയക്കുഴപ്പമുണ്ടാകുമ്പോൾ ഒരു പ്രവാസിക്ക് ജീവിതമൊടുക്കുകയല്ലാതെ വേറെ എന്താണ് മാർഗ്ഗം? Ease of doing Business-ൽ ബോർഡിന് പ്രസക്തിയില്ലെന്ന് പറഞ്ഞ് സെക്രട്ടറിമാർക്ക് ഇത്രയും അധികാരം നൽകിയത് ഈ ഗവൺമെന്റ് തന്നെയാണ്. ഏകജാലകം എന്താണെന്ന നിർവ്വചനം നിർബന്ധമാണെന്നതാണ് രണ്ടാമത്തെ ആത്മഹത്യയും സൂചിപ്പിക്കുന്നത്. നമ്മൾ ആലോചിക്കേണ്ട ഒരു കാര്യം, പ്രവാസിയുടെ മറ്റൊരു പേര് ത്യാഗി എന്നാണ്. എല്ലാ പ്രാരാബ്ധവും ഏറ്റെടുത്തുകൊണ്ട് കുടുംബത്തിനുവേണ്ടി ജീവിതം ഉഴിഞ്ഞുവയ്ക്കുന്നവനാണ് പ്രവാസി. നൈജീരിയയിൽ തന്റെ മുഴുവൻ ജീവിതവും സമർപ്പിച്ച പാറയിൽ സാജൻ തിരിച്ചുവന്ന് അദ്ദേഹത്തിന്റെ പേരിൽ തുടങ്ങാൻ കഴിയാത്തതുകൊണ്ടാണ് ഭാര്യയുടെയും ഭാര്യാപിതാവിന്റെയും പേരിൽ 16 കോടി രൂപ മുടക്കി ആഡിറ്റോറിയം പണിതത്. 16 കോടി രൂപ എന്നുപറഞ്ഞാൽ അദ്ദേഹത്തിന്റെ ജീവിതമാണ്. അത് മുഴുവനായി നഷ്ടപ്പെടുമെന്ന് കാണുമ്പോൾ വിഭ്രാന്തിയുണ്ടാകും. ആ വിഭ്രാന്തിയെ മോശമായി പറഞ്ഞിട്ട് കാര്യമില്ല. ആ വിഭ്രാന്തിയിലാണ് അദ്ദേഹം അത് ചെയ്തിട്ടുള്ളത്. ഇതിനുമുമ്പ് ഇതേപോലൊരു പ്രവാസിയെ നമ്മൾ ഇവിടെനിന്നും പറഞ്ഞയച്ചില്ലേ; വർക്ക്ഷോപ്പ് തുടങ്ങാൻ ശ്രമിച്ച സുഗതൻ. സി.പി.ഐ.-എ.ഐ.വൈ.എഫ്. ആണ് അതിന്റെ പിന്നിലെന്ന് പറഞ്ഞപ്പോൾ ഇവിടെ അതിനെതിരെ പ്രതിഷേധിച്ചു. പക്ഷേ, പത്രത്തിൽ വന്ന വാർത്ത എന്താണെന്നറിയുമോ; വിളക്കുടി ഇളമ്പലിൽ വർക്ക്ഷോപ്പിൽ പ്രവാസി ജീവനൊടുക്കിയ സംഭവത്തിൽ സി.പി.ഐ.-എ.ഐ.വൈ.എഫ്. പ്രവർത്തകരുടെ പേരിൽ പോലീസ് കേസെടുത്തു. ആത്മഹത്യാ പ്രേരണാകുറ്റമാണ് ഇവർക്കെതിരെ ചുമത്തിയത്. ആത്മഹത്യാ പ്രേരണാകുറ്റം ചുമത്തി പോലീസ് കേസെടുത്ത കാര്യം ഞങ്ങൾ ഇവിടെ വിശദീകരിച്ചാൽ ഞങ്ങളുടെ മേൽ കുതിരകയറുന്നത് എന്തിനാണ്? പല പദ്ധതികളും നടപ്പിലാക്കിയ കൂട്ടത്തിൽ ഇടതുപക്ഷത്തിന്റെ അടുത്ത പദ്ധതിയായി "പ്രവാസിക്ക് ഒരു കയർ" എന്ന പദ്ധതി വരികയാണ്. സത്യത്തിൽ നമ്മൾ ആലോചിക്കേണ്ടത് പ്രവാസിക്ക് ഇങ്ങനെയുള്ള ഒരു സ്വീകരണമാണോ

നൽകേണ്ടത് എന്നാണ്. ചുവന്ന പരവതാനി വിരിച്ച് പ്രവാസിയെ കൈപിടിച്ച് കൊണ്ടുവന്ന് എന്താണ് വേണ്ടതെന്ന് ചോദിക്കുമെന്ന് ലോക കേരള സഭയിൽ നമ്മൾ വാക്കുകൊടുത്തിട്ട് അനുമതി കിട്ടുന്നതിനായി ഒരു പ്രവാസി തെക്കും വടക്കും നടക്കുക എന്നുപറഞ്ഞാൽ എന്താണതിന്റെ അർത്ഥം? മാത്രമല്ല, ഇവിടെ ജില്ലാ പ്ലാനിംഗ് ഓഫീസർ മുഴുവനായി അംഗീകാരം കൊടുത്തിട്ടുള്ള ഒരു നിർമ്മാണപ്രവർത്തനമാണ്. ഏതെങ്കിലും സമയത്ത് ഇൻസ്പെക്ട് ചെയ്താൽ അക്കാര്യം ആദ്യം പറയണ്ടേ? ഈ സഹോദരൻ എല്ലാ രീതിയിലും പണി പൂർത്തീകരിച്ചു. ലൈസൻസില്ലാതെ രണ്ട് കല്യാണം അവിടെവച്ച് നടത്തേണ്ടിവന്നു. മുടക്കിയ പണം തിരിച്ച് കിട്ടണ്ടേ; ഇപ്പോൾ എന്ത് സംഭവിച്ചുവെന്നറിയാമോ? അവിടെവച്ച് കല്യാണം നടന്നവരുടെ സ്ഥിതി എന്താണെന്ന് എനിക്ക് പറയാൻ കഴിയില്ല. അവിടെവച്ച് വിവാഹംകഴിച്ച രണ്ട് പേർക്കും വിവാഹ സർട്ടിഫിക്കറ്റ് കിട്ടുന്നില്ല. ലൈസൻസില്ലാത്ത ഈ മണ്ഡപത്തിൽ വച്ച് വിവാഹം കഴിച്ചതുകൊണ്ട് നിങ്ങളുടെ കല്യാണം കല്യാണമല്ലെന്ന് പറഞ്ഞിരിക്കുകയാണ്. അതുകൊണ്ട് അവർക്ക് അവരുടെ ജീവിതം തുടങ്ങാൻ സാധിച്ചിട്ടില്ല. എവിടെയെങ്കിലുംപോയി താമസിച്ചാൽ അവർ അവിഹിതത്തിൽ ഏർപ്പെട്ടുവെന്ന് പറയും.

മി. സ്പീക്കർ: അതൊരു പുതിയ വിവരമാണല്ലോ?

ഡോ. എം. കെ. മുനീർ: സർ, ഇത്തരത്തിലുള്ള അപകടകരമായ അവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കാൻ എന്താണ് വഴിയെന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുന്നതിനുപകരം ഇനിയും ന്യായാന്യായങ്ങളിലേക്ക് പോകുകയല്ല വേണ്ടത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ വാക്ക് സ്വീകരിക്കുന്നു. ആരാണെങ്കിലും മുഖം നോക്കാതെ ഇതിന്മേൽ നടപടിയെടുക്കുമെന്ന് അദ്ദേഹം പറഞ്ഞത് കാണാൻ ഞങ്ങൾ കാത്തിരിക്കുകയാണ്. ഞങ്ങൾക്ക് ഉദ്യോഗസ്ഥരുടെ അന്വേഷണം ആവശ്യമില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകയ്യെടുത്ത് പോലീസിന്റെ നേതൃത്വത്തിൽ അന്വേഷിപ്പിച്ച് കുറ്റവാളികളെ കണ്ടെത്തണം. ഒരു പ്രേരണാക്കുറ്റം ഇതിന്റെ പിന്നിലുണ്ട്. അവരുടെ പേരിൽ ശക്തമായ നടപടി സ്വീകരിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ധൈര്യം കാണിക്കണം. ഇക്കാര്യത്തിൽ അവിടത്തെ എം.എൽ.എ.-യുടെ അഭിപ്രായം അറിയാൻ ഞങ്ങൾക്ക് ആഗ്രഹമുണ്ട്. ഞാൻ മനസ്സിലാക്കുന്നത് അവരുടെ ഉള്ളിന്റെയുള്ളിലെല്ലാം അമർഷമുണ്ടെന്നാണ്; ശ്രീ. ഇ. പി. ജയരാജനും ഇതിൽ അമർഷം ഇല്ലാതിരിക്കില്ല. പ്രവാസികളോട് ഈ രീതിയിൽ തദ്ദേശ ഭരണസ്ഥാപനങ്ങൾ പെരുമാറുന്ന സാഹചര്യം ഇനിമേലിലുണ്ടാകരുത്. ഇത് ചർച്ചയ്ക്കെടുക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. പി. ജെ. ജോസഫ്: സർ, സംഭവിക്കാൻ പാടില്ലാത്തതാണ് സംഭവിച്ചത്. സഭയുടെ പൊതുവായ വികാരമാണത്. ഈ മുനിസിപ്പാലിറ്റിയിൽ കാര്യങ്ങൾ നേരേചൊവ്വേയല്ല പോകുന്നത്. ഇതേ മുനിസിപ്പാലിറ്റിയെ സംബന്ധിച്ച് ഇന്നത്തെ പത്രത്തിലെ വാർത്ത, തുള്ളിവെള്ളം തരാത്ത പാർട്ടിയെന്ന വിമർശനം; ജീവനൊടുക്കാൻ ശ്രമിച്ച് യുവാവ്; സംഭവം കണ്ണൂരിലെ ആന്തൂർ നഗരസഭയിൽ. കുടിവെള്ളം കിട്ടാത്തതിന്റെ പേരിൽ രൂക്ഷ വിമർശനം നടത്തി. അതിയായ സമ്മർദ്ദം ചെലുത്തി പിൻവലിക്കാൻ ആവശ്യപ്പെട്ടു. സമ്മർദ്ദം കൂടിവന്നപ്പോൾ അദ്ദേഹം സാരിയിൽ കെട്ടിത്തൂങ്ങി. ഭാര്യ ഓടിവന്ന് സാരി മുറിച്ച് താഴെയിറക്കി ആശുപത്രിയിൽ കൊണ്ടുപോയതിനാൽ കഷ്ടിച്ച് രക്ഷപ്പെട്ടു. അതും ഈ മുനിസിപ്പാലിറ്റിയിലാണ്. ആരെല്ലാമാണ് ഭീഷണിപ്പെടുത്തിയതെന്ന് ക്ലിയറാണ്. ചെയർപേഴ്സൺ ശ്രീമതി പി. കെ. ശ്യാമള, ഉപാദ്ധ്യക്ഷൻ കെ. ഷാജു തുടങ്ങിയവരുണ്ട്. ഈ ഗ്രൂപ്പിൽ തുടർച്ചയായി രൂക്ഷ വിമർശനം വന്നപ്പോൾ ഇത് പിൻവലിക്കാൻ ആവശ്യപ്പെട്ടു, തയ്യാറായില്ല. എന്നിട്ട് കൗൺസിലർ പറയുകയാണ് നഗരസഭാ കൗൺസിലറെന്ന നിലയിൽ അടുത്ത ദിവസങ്ങളിൽ നാല് തവണ അവിടെ പോയിരുന്നു. ഇയാൾ സ്ഥലത്തില്ലായിരുന്നുവെന്നും അവിടെ കുടിവെള്ളക്ഷാമം ഇല്ലെന്നും പ്രസ്താവന ഇറക്കിയിരിക്കുകയാണ്. കുടിവെള്ളക്ഷാമം ഉണ്ടെന്നുള്ള അദ്ദേഹത്തിന്റെ പ്രസ്താവന പിൻവലിക്കാനുള്ള സമ്മർദ്ദം കൂടിയപ്പോൾ അയാൾ സാരിയിൽ കെട്ടിത്തൂങ്ങി. ഈ മുനിസിപ്പാലിറ്റിയിൽ എന്താണ് നടക്കുന്നത്; ബഹുമാനപ്പെട്ട മുഖ്യമന്ത്രി അന്വേഷിക്കണം. സംസ്ഥാനത്ത് ഇനിമേലിൽ ഇങ്ങനെയുണ്ടാകാൻ പാടില്ല. ടൗൺ പ്ലാനിംഗ് ആഫീസറുടെ സർട്ടിഫിക്കറ്റ് വേണമെന്ന ചില ചില്ലറ ന്യായങ്ങൾ ഇതിൽ പറഞ്ഞിട്ടുണ്ട്. ചില്ലറ ന്യായങ്ങൾ പറഞ്ഞ് തദ്ദേശഭരണ സ്ഥാപനങ്ങളോ പഞ്ചായത്തുകളോ മുനിസിപ്പാലിറ്റികളോ ആളുകളെ ബുദ്ധിമുട്ടിക്കാൻ പാടില്ല. കർശനമായ നടപടിയുണ്ടാകണം. ഒരു വീട് പണിതാൽ അതിൽ താമസിക്കാൻ അനുമതി വേണം. ഈ ഗവൺമെന്റിന്റെ ഭരണകാലത്ത് മാത്രമല്ല മുമ്പും ഉണ്ടായിട്ടുണ്ട്. തൊടുപുഴ മുനിസിപ്പാലിറ്റിയിൽ ഉണ്ടായിട്ടുണ്ട്. ഒരു കെട്ടിടം പണിതിട്ട് സർട്ടിഫിക്കറ്റ് കിട്ടാത്തതിന്റെ പേരിൽ ഉടമസ്ഥൻ മനം തകർന്ന് അടുത്ത കാലത്ത് മരിച്ചു. അദ്ദേഹത്തിന്റെ മക്കൾ വന്നുപറഞ്ഞു അപ്പന് പ്രായം കുറവാണ്, സർട്ടിഫിക്കറ്റ് കിട്ടാത്തതിന്റെ പേരിലാണ് മരിച്ചത് എന്ന് എന്റെ അറിവിൽപ്പെട്ട ഒരു കെട്ടിടം നാല് നിലവരെ നിർമ്മിച്ച് വെറുതേ ഇട്ടിരിക്കുകയാണ്. ഞാൻ

ചോദിച്ചപ്പോൾ അവിടത്തെ ചില ഉദ്യോഗസ്ഥർ പണിയാൻ സമ്മതിക്കുന്നില്ല, പണിതാൽ സർട്ടിഫിക്കറ്റ് തരില്ലെന്ന് പറഞ്ഞിരിക്കുകയാണെന്ന് പറഞ്ഞു. പിന്നെ എങ്ങനെയാണ് പണം മുടക്കുന്നത്? ഇത്തരം ഏർപ്പാടുകൾ ഇനിയുണ്ടാകാൻ പാടില്ല. ഇത് സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ അന്വേഷിക്കണം. പ്രവാസിയാകട്ടെ അല്ലാത്തവരാകട്ടെ, സാധാരണക്കാർക്ക് ഇത്തരം അനുഭവങ്ങളുണ്ടാകാൻ പാടില്ല. ഇത് സഭയുടെ മൊത്തം വികാരമായെടുക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടി ഞാൻ വിശ്വസിക്കുന്നു; അതനുസരിച്ച് നടപടിയുണ്ടാകുമെന്ന് ഞാൻ വിശ്വസിക്കുന്നു. എങ്കിലും സഭ നിർത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യാത്തതിനാൽ ഞാനും എന്റെ കക്ഷിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, പ്രവാസികൾക്കായി ഗവൺമെന്റ് ഒട്ടനവധി നടപടികളും പ്രഖ്യാപനങ്ങളും നടത്തിയിട്ടുണ്ട്. മടങ്ങിവരുന്ന പ്രവാസികളുടെ തൊഴിൽ സംരക്ഷിക്കുന്നതിനും പുനരധിവാസ പ്രവർത്തനങ്ങൾക്കുമായി N.D.P.R.E.M. (NORKA Department Project for Return Emigrants) പദ്ധതി നടപ്പിലാക്കിയതായി ഗവൺമെന്റ് മറുപടിയിൽ പറഞ്ഞു. പ്രവാസികൾക്കായി ജില്ലാ പ്രവാസി പരാതി പരിഹാര കമ്മിറ്റികൾ ഗവൺമെന്റ് രൂപീകരിച്ചിട്ടുള്ളതായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ പറഞ്ഞു. കൂടാതെ ഏകജാലക സംവിധാനം. പ്രവാസികൾ മടങ്ങിവരുന്നതുമായി ബന്ധപ്പെട്ട് അവർക്ക് സ്വയംതൊഴിൽ കണ്ടെത്തുവാനും പുതിയ സംരംഭങ്ങളാരംഭിക്കുവാനും അനവധി പദ്ധതികൾ ഗവൺമെന്റ് പ്രഖ്യാപിക്കുന്നു എന്നതൊഴിച്ചാൽ അവയൊന്നും നടപ്പിലാകുന്നില്ലെന്നതാണ് തുടരെ വരുന്ന ഇത്തരം സാഹചര്യങ്ങളിലൂടെ മനസ്സിലാകുന്നത്. പുനലൂരിൽ സുഗതനും ഇപ്പോൾ പാറയിൽ സാജനും ആത്മഹത്യ ചെയ്ത സാഹചര്യം കേരളത്തിൽ നിലനിൽക്കുകയാണ്. അത് ഗൗരവമായി ഗവൺമെന്റ് കാണണമെന്നാണ് സൂചിപ്പിക്കാനുള്ളത്. ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത് ഇത് ഒറ്റപ്പെട്ട സംഭവമല്ല, ഇത്തരത്തിലുള്ള അനവധി സംഭവങ്ങൾ കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഉണ്ടാകുന്നുണ്ട്. പഞ്ചായത്ത്, മുനിസിപ്പൽ സെക്രട്ടറിമാർ അവരുടേതായ രീതിയിലുള്ള പ്രവർത്തനവുമായി പോകുമ്പോൾ സാധാരണക്കാർക്ക് ക്ലേശകരമായ സാഹചര്യങ്ങളുണ്ടാകുന്നുണ്ട്. വീടുകൾക്ക് നമ്പർ നൽകാത്തതുൾപ്പെടെ ഇത്തരത്തിലുള്ള ധാരാളം വിഷയങ്ങൾ ചൂണ്ടിക്കാട്ടുവാൻ സാധിക്കും. തൊടുപുഴയെ

സംബന്ധിച്ച കാര്യം ശ്രീ. പി. ജെ. ജോസഫ് ഇവിടെ പറഞ്ഞു. അതുപോലെ എന്റെ നിയോജകമണ്ഡലത്തിൽ സംഭവിച്ചിട്ടുള്ള ഒട്ടനവധി വിഷയങ്ങൾ പറയാനുണ്ട്. നിസ്സാരകാര്യങ്ങളുടെ പേരിൽ കെട്ടിടനമ്പർ നൽകാതെ അപേക്ഷകരെ തെക്കോട്ടും വടക്കോട്ടും നടത്തുന്ന സാഹചര്യങ്ങൾ ഇന്നും നിലനിൽക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രിക്ക് ഇക്കാര്യത്തിൽ വളരെ ശക്തമായി ഇടപെടാൻ കഴിയണം. ഉദ്യോഗസ്ഥർക്ക് ജനങ്ങളോടുള്ള പ്രതിബദ്ധതയല്ലല്ലോ ജനപ്രതിനിധികൾക്ക് ഉണ്ടാകേണ്ടത്. നഗരസഭാദ്ധ്യക്ഷയെപ്പറ്റി ശ്രീ. സണ്ണി ജോസഫ് സൂചിപ്പിച്ചതുപോലെ ആണെങ്കിൽ എത്ര നിരുത്തരവാദപരമായാണ് അവർ ഈ പ്രവാസിയോട് പെരുമാറിയത്. ' നിങ്ങൾക്ക് മുകളിലല്ലേ പിടിപാട് എന്നാണ് അവർ ചോദിച്ചത്. ജനപ്രതിനിധികൾക്ക് കൂടുതൽ ഉത്തരവാദിത്വവും പ്രതിബദ്ധതയും ജനങ്ങളോടുണ്ടെന്ന് ഓർമ്മിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ വിഷയം വളരെ ഗൗരവമേറിയതാണ്. പ്രവാസികളെ സംബന്ധിച്ച് വലിയ ആശങ്ക ഇതുകാരണം ഉടലെടുത്തിട്ടുണ്ട്. അത് നീക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കണം. പ്രസ്തുത വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭവിട്ട് പുറത്തുപോയി.)

ശ്രീ. ഒ. രാജഗോപാൽ: സർ, എല്ലാവിധ സാഹചര്യങ്ങളുമുണ്ടായിട്ടും നമ്മുടെ നാട്ടിൽ വേണ്ടത്ര വ്യവസായങ്ങൾ വരാത്തത് വലിയൊരു പ്രശ്നമാണെന്ന് എല്ലാവർക്കുമറിയാം. വ്യവസായങ്ങൾ ആരംഭിക്കാൻവേണ്ടി മുന്നോട്ടുവരുന്നവരെ ഉദ്യോഗസ്ഥർ ഒന്നുകിൽ കാശിനുവേണ്ടിയോ അല്ലെങ്കിൽ രാഷ്ട്രീയ താല്പര്യം വച്ചുകൊണ്ടോ അല്ലെങ്കിൽ ആരെയെങ്കിലും തൃപ്തിപ്പെടുത്തുന്നതിനുവേണ്ടിയോ ചെറിയ ചെറിയ കാര്യങ്ങളുടെ പേരിൽ അവരുടെ ഡെവലപ്മെന്റൽ ആക്ടിവിറ്റീസിനെ മുടക്കുന്ന സ്വഭാവം നമ്മുടെ നാട്ടിലുണ്ട്. അതിനെതിരെ നല്ല മെസേജ് കൊടുക്കാൻ ഇത്തരം അവസരത്തിൽ ചർച്ച ചെയ്ത് ശക്തമായ നിലപാടെടുക്കണം. അത് ചെയ്യുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞിട്ടുണ്ട്. ശക്തമായ നിലപാടെടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഈ വിഷയം ഇവിടെ ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ഒ. രാജഗോപാൽ സഭവിട്ട് പുറത്തുപോയി.

സഭവിട്ട് പുറത്തുപോയ അംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ തിരികെ പ്രവേശിച്ചു.)

# III ശ്രദ്ധ ക്ഷണിക്കൽ

## (1) മയക്കുമരുന്ന് ഉപയോഗം തടയാൻ നടപടി

ശ്രീ. എ. എൻ. ഷംസീർ: സർ, നമ്മുടെ സമൂഹം നേരിടുന്ന ഏറ്റവും ഗൗരവമായ വിഷയമാണ് ഞാൻ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. നമ്മുടെ സമൂഹത്തിൽ നിന്ന് മുറിച്ചുമാറ്റിയാലും വീണ്ടും ഭയാനകമായ കരുത്തോടെ ആഴത്തിലും വ്യാപ്തിയിലും വേരുപടർത്തുന്ന ലഹരി മാഫിയ നാടിന്റെ മുന്നിലുള്ള ഏറ്റവും സങ്കീർണ്ണമായ പ്രശ്നങ്ങളിലൊന്നായി മാറിക്കൊണ്ടിരിക്കുകയാണ്. ലഹരി മരുന്നുകളുടെ വ്യാപനം കൊടിയ സാമൂഹ്യവിപത്തായി മാറുകയാണ്. ലഹരി സംഘത്തിന്റെ നീരാളിപ്പിടിത്തത്തിൽ അമരുന്നതിൽ ഭൂരിപക്ഷവും യുവാക്കളും വിദ്യാർത്ഥികളുമാണെന്നത് കേരളം നേരിടുന്ന വലിയ ഭീഷണിയാണ്. നമ്മുടെ സമൂഹം എപ്രകാരമാണോ ഭീകരവാദത്തിനും തീവ്രവാദത്തിനും എതിരെ നിലപാട് സ്വീകരിക്കുന്നത് അതേ ഗൗരവത്തിൽ നമ്മുടെ ചെറുപ്പക്കാരെ കാർന്നുതിന്നുകൊണ്ടിരിക്കുന്ന ലഹരിക്കെതിരായ പോരാട്ടവും ശക്തിപ്പെടുത്തി മുന്നോട്ടുകൊണ്ടുപോകണമെന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നത്. മദ്യവും പുകയിലയും കടന്ന് ലഹരി ഉപയോഗം കഞ്ചാവ്, ബ്രൗൺഷുഗർ മുതൽ വിവിധതരം ഗുളികകളിലേക്ക് വ്യാപിക്കുകയാണ്. Cocaine, Hashish, Methatracs, ആസ്മ പോലുള്ള രോഗങ്ങൾക്ക് ഉപയോഗിക്കുന്ന Afidine പോലുള്ള മരുന്നുകൾപോലും ഇന്ന് സമൂഹത്തിൽ വ്യാപിച്ചുകൊണ്ടിരിക്കുകയാണ്. ഇതിൽ ചില ലഹരി പദാർത്ഥങ്ങൾ വിദേശ രാഷ്ട്രങ്ങളിൽ നിന്നാണ് യഥേഷ്ടം ഒഴുകിവരുന്നത്. അതോടൊപ്പം ചില ടാബ്ലെറ്റുകൾ കടന്നുവരുന്നത് കർണ്ണാടക, തമിഴ്നാട് തുടങ്ങിയ അയൽ സംസ്ഥാനങ്ങളിൽ നിന്നാണ്. കഞ്ചാവ് ഒഡീഷയിൽ നിന്നാണ് ഇവിടേക്ക് വരുന്നത്. ഇങ്ങനെ വലിയ രീതിയിൽ ലഹരി സംഘങ്ങൾ നമ്മുടെ സമൂഹത്തെ വിഴുങ്ങിക്കൊണ്ടിരിക്കുമ്പോൾ അതിനെതിരെ ശക്തമായ നിലപാട് തന്നെയാണ് സംസ്ഥാന സർക്കാർ സ്വീകരിക്കുന്നത്. കേരളത്തിന് പുറത്തുനിന്നും വിമാനത്താവളങ്ങളിലൂടെയും തീവണ്ടികളിലൂടെയും റോഡ് മാർഗ്ഗവുമാണ് ഇവ എത്തുന്നത്. ലഹരിക്കടിമപ്പെടുന്നവരുടെ ജീവിതം തന്നെ തുലഞ്ഞുപോകുന്നു, ലഹരി മരുന്നുകൾ ഉപയോഗിക്കുന്ന തലമുറ പലതരം കുറ്റകൃത്യങ്ങളിലേക്ക് പോകുകയാണ്. അവർ സ്വബോധത്തിലല്ല പല കാര്യങ്ങളും ചെയ്യുന്നത്. വലിയ കുറ്റകൃത്യങ്ങളിലേക്ക് അവർ വഴുതിവീഴുകയാണ്. ക്വട്ടേഷൻ സംഘങ്ങൾ സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾക്ക് അവരെ ഉപയോഗിക്കുമ്പോൾ നൽകുന്നത് ഇത്തരം ലഹരി പദാർത്ഥങ്ങളാണ്. നിങ്ങൾക്ക് ലഹരി തരാം പകരം ഞങ്ങൾ പറയുന്ന പ്രവർത്തനം നിർവ്വഹിക്കണമെന്നാണ് ആവശ്യപ്പെടുന്നത്. ഇവർ വീടുകളിലും മറ്റും നടത്തുന്ന പ്രവർത്തനം പുറത്തു പറയാൻ

സാധിക്കാത്തവിധം ഭയാനകമാണ്. സ്കൂളുകളിൽ ഒരുകാലത്ത് വിദ്യാർത്ഥി രാഷ്ട്രീയ പ്രവർത്തനമുണ്ടായിരുന്നു. ഇപ്പോൾ വിദ്യാർത്ഥി സംഘടനാ പ്രവർത്തനത്തിന്റെ തീവ്രത കുറഞ്ഞപ്പോൾ അവിടെ സാമൂഹ്യവിരുദ്ധ ശക്തികൾ കേന്ദ്രീകരിക്കാൻ തുടങ്ങി. നഗരങ്ങളിലെയും ഗ്രാമങ്ങളിലെയും സ്കൂളിനകത്തുപോലും ഇത്തരം ശക്തികൾ പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുകയാണ്. പലതരത്തിലുള്ള ലഹരി ഗുളികകളും മരുന്നുകളും വിതരണം ചെയ്തുകൊണ്ടിരിക്കുകയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വലിയ രീതിയിലുള്ള ഇടപെടൽ ഈ മേഖലയിൽ നടന്നിട്ടുണ്ടെന്നുള്ളത് തർക്കമില്ലാത്ത കാര്യമാണ്. ലഹരിമരുന്ന് മാഫിയകൾക്കും ഗുണ്ടാസംഘങ്ങൾക്കുമെതിരെ ശക്തമായ നടപടിതന്നെ നമ്മൾ സ്വീകരിക്കുന്നുണ്ട് എന്നത് ശ്രദ്ധേയമാണ്. ഇങ്ങനെയുള്ളവരെ പിടികൂടുന്നതിന് പോലീസും എക്സൈസും പ്രത്യേക ദൗത്യസംഘത്തെ രൂപീകരിച്ചത് ഇതിന്റെ തെളിവാണ്. ഇവർക്കെതിരെ കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്തെടുത്ത കേസുകളെക്കാൾ വർദ്ധനവാണ് എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നശേഷമുണ്ടായത്. എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം 2019 ജനുവരി 31 വരെ 16190 കേസെടുത്തുവെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ലഹരി ഉപയോഗം വർദ്ധിക്കാൻ കാരണമെന്താണ്? 2014-ൽ യു.ഡി.എഫ്. സർക്കാർ ബാറുകൾ നിരോധിച്ചപ്പോൾ ഒരു ജനറേഷൻ ഇത്തരം ഡ്രഗ്സിലേക്കാണ് പോയത്. മദ്യത്തിന്റെ ഉപയോഗം തടയാൻ ശ്രമിച്ചതിന് പരിഹാരമായി അവർ കണ്ടെത്തിയത് ഇത്തരം മയക്കുമരുന്നായിരുന്നു. അതുകൊണ്ട് മയക്കുമരുന്നുകളുടെ ഉപയോഗത്തിനെതിരായ ശക്തമായ ബോധവത്കരണ ക്യാമ്പയിൻ കൊണ്ടുവരാൻ നമുക്ക് സാധിക്കണം. അതിൽ സംസ്ഥാന സർക്കാർ നല്ലതുപോലെ ഇടപെടുന്നുണ്ട്. നാടിനെ കാർന്നുതിന്നുന്ന മയക്കുമരുന്ന് സംഘങ്ങളെ നേരിടാൻ നമുക്ക് സാധിക്കണം.

മയക്കുമരുന്നു സംഘങ്ങൾ എന്നുപറയുമ്പോൾ പല കാര്യങ്ങളിലും മാധ്യമങ്ങൾക്ക് വ്യത്യസ്ത അഭിപ്രായങ്ങളുണ്ടെങ്കിലും അവർ ഇത്തരം കാര്യങ്ങളെ പിന്തുണയ്ക്കാൻ നല്ല രീതിയിൽ മുന്നോട്ടുവരുന്നുണ്ട്. ഇത്തരം സംഘങ്ങളെ ചോദ്യം ചെയ്തതിന്റെ പേരിൽ നിരവധി ആക്രമണങ്ങൾ ഉണ്ടായിട്ടുണ്ട്. ഉദാഹരണത്തിന് മയക്കുമരുന്നു സംഘങ്ങളെ ചൂണ്ടിക്കാണിക്കുന്നവരെ ഇടിച്ചുവീഴ്ത്തിക്കൊല്ലാനുള്ള ശ്രമംപോലുമുണ്ടായിട്ടുണ്ട്. ഡി.വൈ.എഫ്.ഐ. പോലുള്ള സംഘടനകളിലെ പ്രവർത്തകർ ഇത്തരം സംഘങ്ങളെ തടയാൻ ശ്രമിച്ചതിന് അവർക്കെതിരെയും അക്രമം ഉണ്ടായെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. ഈ പശ്ചാത്തലത്തിൽ വളരെ ഗൗരവമായിത്തന്നെ സംസ്ഥാന സർക്കാർ ഇടപെടുന്നുവെന്നതിൽ തർക്കമില്ല.

സ്കൂളുകളിലെയും കോളേജുകളിലെയും വിദ്യാർത്ഥികളെക്കുറിച്ചാണ് നാം പ്രധാനമായും ശ്രദ്ധിക്കേണ്ടത്. ഇപ്പോൾ നമ്മളെല്ലാവരും സ്കൂളിൽ പഠിക്കുന്ന കുട്ടികൾ നേടിയ 'എ' പ്ലസിനെക്കുറിച്ചാണ് ചിന്തിക്കുന്നത്. അതേസമയം 'എ' പ്ലസ് നേടിയ കുട്ടികൾപോലും വഴിതെറ്റി പോകാതിരിക്കാൻ അവരുടെ ജീവിതം സംരക്ഷിക്കേണ്ട ഉത്തരവാദിത്വം നമുക്കുണ്ട്. അതുകൊണ്ട് ലഹരിക്കെതിരായ ക്യാമ്പയിൻ തീവ്രമായി ഏറ്റെടുത്ത് മുന്നോട്ടുപോകാൻ ഇപ്പോൾ നടത്തുന്ന ശ്രമങ്ങളെ പിന്തുണയ്ക്കുന്നതോടൊപ്പം എങ്ങനെ നമുക്ക് ഇതിന്റെ വ്യാപനം തടയാൻ സാധിക്കും എന്നുകൂടി ചിന്തിക്കണം. അതിനാവശ്യമായ ഇടപെടൽ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. ഒപ്പം ലഹരി പദാർത്ഥങ്ങളുടെ ഉപയോഗത്തിനെതിരെ എന്തെല്ലാം നടപടികളാണ് സംസ്ഥാന സർക്കാർ ഇതുവരെ സ്വീകരിച്ചതെന്നുകൂടി ഈ ശ്രദ്ധ ക്ഷണിക്കലിലൂടെ അറിയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, നിയമവിരുദ്ധ ലഹരിപദാർത്ഥങ്ങൾ കണ്ടെത്തുന്നതുമായി ബന്ധപ്പെട്ട് കഴിഞ്ഞ മൂന്നുവർഷമായി അതിശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളാണ് എക്സൈസ് വകുപ്പ് നടത്തിവരുന്നത്. ഇതിന്റെ ഭാഗമായി മയക്കുമരുന്ന് കേസുകൾ കണ്ടെത്തുന്നതിലുണ്ടായിട്ടുള്ള വർദ്ധനവ് എക്സൈസ് വകുപ്പ് പ്രത്യേക ശ്രദ്ധയോടെ കാണുന്നുണ്ട്. നാട്ടിൽ സാധാരണ ഉപയോഗത്തിലില്ലാത്ത ഹാഷിഷ് ഓയിൽ, MDMA (methylenedioxy-methamphetamine), ഓപ്പിയം, എൽ.എസ്.ഡി. എന്നിവയുടെ കേസ്സുകൾ സമീപകാലത്ത് കണ്ടെത്തിയിട്ടുണ്ട്. ഈ കേസുകൾ കണ്ടെത്തുന്നതിൽ സംസ്ഥാന പോലീസിന്റെയും കേന്ദ്ര ഏജൻസികളുടെയും സഹായസഹകരണങ്ങൾ സംസ്ഥാന എക്സൈസ് വകുപ്പിന് ലഭിച്ചിട്ടുണ്ട്. അന്താരാഷ്ട്ര മാർക്കറ്റിൽ വൻവില ലഭ്യമാകുന്ന സിന്തറ്റിക് ഡ്രഗ്ഗുകളും കഞ്ചാവിൽനിന്നും വേർതിരിച്ചെടുക്കുന്ന ഹാഷിഷ് ഓയിലും സംസ്ഥാനത്ത് പരക്കെ ഉപയോഗിക്കപ്പെടുന്നവയല്ല. ആന്ധ്രാപ്രദേശിൽ രഹസ്യമായി കൃഷി ചെയ്യുന്ന കഞ്ചാവ് തോട്ടങ്ങളിൽ വച്ചുതന്നെ പ്രോസസ് ചെയ്ത് നിർമ്മിക്കുന്നവയാണ് ഹാഷിഷ് ഓയിൽ. ഇവ തമിഴ്നാട്ടിലൂടെയാണ് കേരളത്തിൽ എത്തിക്കുന്നത് എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ വിമാനത്താവളങ്ങളുടെയും തുറമുഖങ്ങളുടെയും പരിസരവും ഇവിടേക്കുള്ള റോഡുകളും പാഴ്സൽ ഏജൻസികളുടെ ഓഫീസുകളും നിരന്തരം നിരീക്ഷിക്കുകയും ചെക്ക് പോസ്റ്റുകളിലും പ്രധാന പാതകളിലും വാഹന പരിശോധന ശക്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഹാഷിഷ് ഓയിൽ, എം.ഡി.എം.എ., ഓപ്പിയം

കേസ്സുകളിൽ മലയാളികൾക്കുപുറമേ തമിഴ്നാട്, ആന്ധ്രാപ്രദേശ് സ്വദേശികളും പിടിയിലായിട്ടുണ്ട്. കണ്ടെടുത്ത കേസ്സുകളിൽ സമയബന്ധിതമായി പഴുതടച്ചുള്ള അന്വേഷണം പൂർത്തീകരിച്ച് ചാർജ്ഷീറ്റ് സമർപ്പിച്ചുവരുന്നു. ഇതിനുപുറമേ, മയക്കുമരുന്ന് വ്യാപാരം മുഖേന കുറ്റവാളികൾ സമ്പാദിച്ച വസ്തുവകകൾ നിലവിലുള്ള NDPS (Narcotic Drugs and Psychotropic Substances) നിയമപ്രകാരം കണ്ടുകെട്ടുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള ശക്തമായ നടപടികളിലൂടെ ലഹരിമരുന്ന് കടത്തുകാരെ കണ്ടെത്തുന്നതിനും അവർക്കെതിരെ അതിശക്തമായ നിയമനടപടി സ്വീകരിക്കുന്നതിനും ശ്രദ്ധിച്ചിട്ടുണ്ട്. വിവിധ സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെന്റ് വിഭാഗങ്ങളുടെ ഏകോപനവും സഹകരിച്ചുള്ള പ്രവർത്തനവും ഉറപ്പുവരുത്തുന്നതിന് വകുപ്പുകൾ തമ്മിലുള്ള അന്തർസംസ്ഥാന യോഗങ്ങൾ സംഘടിപ്പിച്ച് വിവരങ്ങൾ പരസ്പരം കൈമാറുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ തമിഴ്നാട്, കർണ്ണാടക സംസ്ഥാനങ്ങളിലെ പോലീസ് സേനയുടെയും സംസ്ഥാനത്തിനകത്തെ പോലീസ്, ഫോറസ്റ്റ്, റവന്യൂ, മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്. തുടങ്ങിയ വിഭാഗങ്ങളുമായി ചേർന്ന് ബന്ധപ്പെട്ട മേഖലകളിൽ സംയുക്ത പരിശോധനകളും നടത്തിവരുന്നുണ്ട്. അന്താരാഷ്ട്ര ബന്ധമുള്ള ഏതെങ്കിലും സംഘങ്ങൾ മയക്കുമരുന്ന് കടത്തുന്നതിനുള്ള ഇടത്താവളമായി സംസ്ഥാനത്തെ ഉപയോഗിക്കുന്നതായോ കെമിക്കൽ ഉൾപ്പെടെയുള്ള മയക്കുമരുന്നുകളുടെ ഉപയോഗം സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നതായോ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ശ്രീ. എ. എൻ. ഷംസീർ: സർ, കേസിൽ പിടിക്കപ്പെടുന്ന പ്രതികൾ വളരെ എളുപ്പത്തിൽത്തന്നെ ജാമ്യത്തിൽ പുറത്തുവരുന്ന സാഹചര്യമുണ്ട്. മാത്രമല്ല, ചിലത് ബെയ്ലബിൾ ഒഫൻസായി മാറിയിട്ടുണ്ട്. ഇതിനെ നോൺ ബെയ്ലബിൾ ഒഫൻസാക്കി ഇത്തരം കുറ്റവാളികളെ കുറച്ചുകാലം ജയിലിൽ അടയ്ക്കാൻ സാധിക്കുന്ന രീതിയിലേക്ക് എന്തെങ്കിലും ചെയ്യാൻ സംസ്ഥാന സർക്കാരിന് സാധിക്കുമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ശ്രീ. എ. എൻ. ഷംസീർ വളരെ ഗൗരവമുള്ള വിഷയമാണ് ഉന്നയിച്ചിട്ടുള്ളത്. മയക്കുമരുന്ന് പിടികൂടുന്നതും മറ്റു നടപടികൾ സ്വീകരിക്കുന്നതും നിലവിലുള്ള കേന്ദ്ര നിയമമായ എൻ.ഡി.പി.എസ്. ആക്ട് ഉപയോഗിച്ചുകൊണ്ടാണ്. സംസ്ഥാന ഗവൺമെന്റിന് ഇടപെടാൻ ധാരാളം പരിമിതികളുണ്ട്, കഴിയില്ലെന്ന് തന്നെ പറയാം. ഈ വസ്തുതകളെല്ലാം പരിശോധിച്ച് കേന്ദ്ര ഗവൺമെന്റിന്റെ മുമ്പിൽ ഈ പ്രശ്നം പല സന്ദർഭങ്ങളിലായി കൊണ്ടുവന്നിട്ടുണ്ട്. ഒരു കിലോ വരെയുള്ള ലഹരി ഉല്പന്നങ്ങൾ പിടികൂടി

കഴിഞ്ഞാലും ഒരു ദിവസംപോലും ജയിലിൽ കിടക്കാതെ തിരിച്ചുവരാൻ കഴിയുമെന്നുള്ളതാണ് ഇപ്പോഴത്തെ അവസ്ഥ. ഇത്തരം കുറ്റവാളികളെ കുറച്ചു ദിവസമെങ്കിലും ജയിലിലടയ്ക്കാനുള്ള സാഹചര്യമില്ലാത്തിടത്തോളം ഇത് നിയന്ത്രിക്കാൻ സാധിക്കില്ല. ഇതിന്റെയെല്ലാം അടിസ്ഥാനത്തിൽ നിയമത്തിൽ ഭേദഗതി വരുത്തുന്നതിനുള്ള ആവശ്യം കേന്ദ്രത്തിന്റെ മുമ്പാകെ ഉന്നയിച്ചിട്ടുണ്ട്. ഈ ഗൗരവസ്ഥിതി കണക്കിലെടുത്തുകൊണ്ട് കേരളത്തിൽ നിലവിലുള്ള നിയമത്തിന്റെ പരിധിയിൽ ഈ കുറ്റവാളികളെ എങ്ങനെ കൊണ്ടുവരാൻ സാധിക്കുമെന്നുള്ളതിനെക്കുറിച്ച് ഗവൺമെന്റ് ഗൗരവമായി ആലോചിച്ചു വരികയാണ്.

ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ വളരെ ഗൗരവത്തോടു കൂടിയാണ് ഈ വിഷയത്തെ ഗവൺമെന്റ് കാണുന്നത്. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരത്ത് ഏതെങ്കിലും തരത്തിൽ നിയമവിരുദ്ധ ലഹരി പദാർത്ഥങ്ങൾ വിൽക്കുന്നുണ്ടെങ്കിൽ അത് അന്വേഷിച്ച് കേസെടുക്കുക മാത്രമല്ല ആ സ്ഥാപനം ഒരു കാരണവശാലും തുടർന്ന് പ്രവർത്തിക്കാൻ അനുവദിക്കരുതെന്നുള്ള നിലപാട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരത്തെ സഭയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്.അതിനനുസരിച്ച് നിയമനടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥർക്കെല്ലാം കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ലഹരിയുടെ വിപത്തിൽനിന്ന് നമ്മുടെ സമൂഹത്തെ രക്ഷിക്കണം. ചരിത്രത്തിലിതുവരെയില്ലാത്ത തരത്തിലുള്ള ലഹരിവർജ്ജന - ബോധവൽക്കരണ പ്രവർത്തനങ്ങൾ കേരളത്തിൽ നടന്നുവരികയാണ്. തുടർന്നുള്ള മാസങ്ങളിലും ഇത് ശക്തമായി കേരളത്തിൽ നടപ്പിലാക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ഗൗരവമായി ആലോചിച്ചു വരികയാണ്. ഭരണ-പ്രതിപക്ഷ വ്യത്യാസം ഈ പ്രശ്നത്തിനില്ല. എല്ലാ വിഭാഗം ആളുകളുടെയും സഹകരണത്തോടെ ലഹരി വർജ്ജനത്തിനു വേണ്ടിയുള്ള തുടർപ്രവർത്തനങ്ങളും ബോധവത്കരണ പ്രവർത്തനങ്ങളും സംസ്ഥാനത്തുടനീളം നടപ്പിൽ വരുത്തുന്നതിനാണ് ഗവൺമെന്റ് ആലോചിച്ചുവരുന്നത്.

### (2) **അഴീക്കൽ തുറമുഖ വികസനം**

<u>ശ്രീ. കെ. എം. ഷാജി</u>: സർ, ദീർഘമായ ഒരു കാലയളവിനുശേഷം അടുത്തകാലത്താണ് അഴീക്കൽ പോർട്ടിൽ കപ്പൽ വന്നത്. മൺസൂൺ കഴിഞ്ഞാൽ ഇനിയും കപ്പൽ വരുമെന്നറിയുന്നു. അങ്ങനെ വരുമ്പോൾ മൺസൂണിൽ വന്നടിയുന്ന വലിയ തോതിലുള്ള മണൽ ഡ്രെഡ്ജ് ചെയ്ത് നീക്കേണ്ടതുണ്ട്. യഥാർത്ഥത്തിൽ അഴീക്കൽ പോർട്ട് ഏകദേശം 4 കിലോമീറ്റർ ഉള്ളിലേക്ക് കയറിയാണ് സ്ഥിതിചെയ്യുന്നത്. പഴയകാലത്ത് ചെറുകിട കപ്പലുകളെ മാത്രം

ആശ്രയിച്ചിരുന്ന പോർട്ട് എന്ന നിലയ്ക്ക് അന്നത് മതിയായിരുന്നു. എന്നാൽ പുതിയ സാഹചര്യത്തിൽ, അഴീക്കൽ പോർട്ടുതന്നെ ഇപ്പോൾ പുലിമുട്ട് സ്ഥിതി ചെയ്യുന്ന ആഴക്കൂടുതലുള്ള ഭാഗത്തേയ്ക്ക് മാറ്റാനുള്ള തീരുമാനം സ്വാഗതാർഹമാണ്. അഴീക്കൽ പോർട്ട് ലിമിറ്റഡ് കമ്പനി നിലവിൽ വരികയും അതിന്റെ പ്രവർത്തനങ്ങൾക്കായി കിഫ്ബിയിലൂടെ 500 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. പക്ഷേ, നല്ലൊരു പ്രൈവറ്റ് ഡെവലപ്പേഴ്സ് വരാതെ പഴയകാല അനുഭവമനുസരിച്ച് ഇത് മുന്നോട്ടുപോകുക പ്രയാസമാണ്. നേരത്തെ ഒന്നുരണ്ട് നല്ല കമ്പനികൾ പോർട്ടിനായി അപ്രോച്ച് ചെയ്തെങ്കിലും അവരെ പിന്തിരിപ്പിക്കാൻ കാരണമാക്കിയത് നമ്മുടെ ഭാഗത്തുനിന്നുവന്ന സ്വാഭാവിക കാലതാമസമാണ്. അതുണ്ടാകാതെ നോക്കാൻ ഇനി ശ്രദ്ധിക്കേണ്ടതുണ്ട്. പോർട്ട് വരുമ്പോൾ വലിയ ചരക്കുക്കപ്പലുകളെ ആശ്രയിച്ചുമാത്രം നിൽക്കാതെ യാത്രാസൗകര്യത്തിനുകൂടിയുള്ള ഇടമാക്കി അതിനെ മാറ്റിയെടുക്കേണ്ടതാണ്. ബാർജ് പോലെയുള്ള സംവിധാനങ്ങൾ നമ്മുടെ അയൽ രാജ്യങ്ങളൊക്കെ ഇന്ന് ചരക്കു വാഹനഗതാഗതത്തിനായി ഉപയോഗിച്ചുവരുന്നുണ്ട്. ഇതുവഴി നാട്ടിലെ ട്രാഫിക്, റോഡ് മെയിന്റനൻസ്, ഇന്ധനലാഭം, വായുമലിനീകരണം തുടങ്ങിയ നിരവധി പ്രശ്നങ്ങൾക്ക് പരിഹാരമാകുമെന്ന് മ്യാൻമാർ പോലുള്ള രാജ്യങ്ങൾ തെളിയിച്ചു കൊണ്ടിരിക്കുകയാണ്. അഞ്ഞൂറുലധികം വരുന്ന ലോഡഡ് വാഹനങ്ങൾ കയറ്റുന്ന ബാർജുകൾ ഇന്ന് ലോകത്ത് ലഭ്യമാണ്. ഇതും യഥാർത്ഥത്തിൽ പരീക്ഷിക്കാമെന്ന് പലതവണ പറഞ്ഞു; അതിനുള്ള ശ്രമങ്ങൾ നടത്തിയെങ്കിലും ഒരു നടപടിയുമുണ്ടായിട്ടില്ല. ആന്ത്രോത്ത് പോലെയുള്ള ലക്ഷദ്വീപ് പ്രദേശക്കാർക്ക് കോഴിക്കോടിനേക്കാൾ കുറേക്കൂടി അടുത്ത സ്ഥലം കണ്ണൂരാണ്. അവിടെ വെസ്സലുകൾ വലിയ ഡ്രഡ്ജിംഗൊന്നുമില്ലാതെ തന്നെ ഇപ്പോഴും അടുപ്പിക്കാൻ കഴിയും. ലക്ഷദ്വീപ് അഡ്മിനിസ്ട്രേഷനും ഇക്കാര്യത്തിൽ വലിയ താല്പര്യമുണ്ട്. ഇവിടെ അവരുടെ ഓഫീസ് തുറക്കാമെന്നും നമ്മൾ അവിടെ വിസിറ്റ് ചെയ്യാമെന്നും പല തവണ പറഞ്ഞുവെങ്കിലും അതൊന്നും ഇതുവരെ നടന്നതായി കാണുന്നില്ല.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>): സർ, ബഹുമാനപ്പെട്ട എം.എൽ.എ. ശ്രദ്ധ ക്ഷണിക്കൽ നോട്ടീസിലൂടെ അവതരിപ്പിച്ച വിഷയം വളരെ പ്രധാനപ്പെട്ടതാണ്. കേരളത്തിന്റെ, പ്രത്യേകിച്ച് മലബാർ മേഖലയുടെ സമഗ്ര വികസനത്തിനായി നിലവിലെ ചരക്ക്/ഗതാഗത സാഹചര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി അഴീക്കൽ ഒരു വൻകിട തുറമുഖമായി വികസിപ്പിക്കുന്നതിന് സർക്കാർ

തീരുമാനിച്ചിട്ടുണ്ട്. വലിയ കപ്പലുകൾ കൈകാര്യം ചെയ്യുന്നതിന് നിലവിലെ ചെറുകിട തുറമുഖം അപര്യാപ്തമായതിനാലാണ് നിലവിലെ പുലിമുട്ടിനു സമീപം കടൽത്തീരത്ത് തുറമുഖം വികസിപ്പിക്കാൻ തീരുമാനിച്ചിരിക്കുന്നത്.

അഴീക്കൽ തുറമുഖത്ത് കണ്ടെയ്നർ നീക്കം നടത്തുന്നതിന് ആവശ്യമായ ടഗ്ഗുകൾ, റീച്ച് സ്റ്റാക്കർ, മൊബൈൽ ക്രെയിൻ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളെല്ലാം ഏർപ്പെടുത്തിയിട്ടുണ്ട്. 2015 ഏപ്രിൽ മാസത്തിൽ നിലച്ചുപോയ അഴീക്കൽ തുറമുഖത്തെ കപ്പൽ ഗതാഗതം പുനരാരംഭിക്കുന്നതിനായി തുറമുഖ വകുപ്പ് വാങ്ങിയ വിദേശ നിർമ്മിത കട്ടർ സക്ഷൻ ഡ്രഡ്ജർ ഉപയോഗിച്ച് കപ്പൽചാലിന്റെ ആഴം കൂട്ടി 2019 ഫെബ്രുവരി മാസം മുതൽ കപ്പൽ ഗതാഗതം പുനരാരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്. 4 മീറ്റർ ഡ്രാഫ്റ്റുള്ള കപ്പലുകൾക്ക് ഇപ്പോൾ സുഗമമായി അഴീക്കൽ തുറമുഖത്ത് എത്തിച്ചേരാൻ കഴിയും. വിദേശ രാജ്യങ്ങളിൽ നിന്ന് കപ്പൽ വരുന്നതിനുള്ള കസ്റ്റംസ് ക്ലിയറൻസ് ഇപ്പോൾ അഴീക്കലിൽ ലഭ്യമാക്കിയിട്ടുണ്ട്. തുറമുഖം വഴിയുള്ള ചരക്കുനീക്കം ശക്തിപ്പെടുത്തുന്നതിന് ബന്ധപ്പെട്ട കക്ഷികളുമായി ചർച്ചകൾ നടത്തുകയും അതുവഴി കണ്ടെയ്നർ നീക്കം മെച്ചപ്പെടുത്തുകയുമുണ്ടായിട്ടുണ്ട്. ഇതിന്റെ ഫലമായി ആദ്യമായി മലേഷ്യയിൽ നിന്നുള്ള കണ്ടെയ്നറുകൾ അഴീക്കലിൽ എത്തുകയും ഇവിടെനിന്നുള്ള കണ്ടെയ്നറുകൾ മലേഷ്യയിലേക്ക് കൊണ്ടുപോകുകയും ചെയ്തിട്ടുണ്ട്.

അഴീക്കൽ തുറമുഖ പദ്ധതി വിഭാവന ചെയ്ത് നടപ്പിലാക്കുന്നതിന് 'അഴീക്കൽ പോർട്ട് ലിമിറ്റഡ് ' എന്ന പേരിൽ പ്രത്യേക കമ്പനി സ്ഥാപിച്ചിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനും പ്രവൃത്തികൾ ത്വരിതപ്പെടുത്തുന്നതിനും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനായും വകുപ്പുമന്ത്രി വൈസ് ചെയർമാനായും രൂപീകരിച്ച കമ്പനിയുടെ മേൽനോട്ടത്തിലാണ് ഇനി പ്രവർത്തനപരിപാടികൾ മുന്നോട്ടുപോകുന്നത്.

കമ്പനിയുടെ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിനായി പൂർണ്ണചുമതലയുള്ള മാനേജിംഗ് ഡയറക്ടറെ നിയമിച്ചുകഴിഞ്ഞു. കിഫ്ബിയിൽ നിന്നും 500 കോടി രൂപയുടെ പ്രോജക്ടിന് അംഗീകാരം ലഭിച്ചിട്ടുണ്ട്.

തുറമുഖവികസന പദ്ധതിക്കായുള്ള സാങ്കേതിക സാധ്യതാപഠനം, വിശദമായ പദ്ധതിരേഖ തയ്യാറാക്കൽ, പാരിസ്ഥിതിക പഠനം എന്നിവ നടത്തുന്നതിന് M/s Hose Engineering Project (India) Private Limited എന്ന സ്ഥാപനത്തെ മത്സരാധിഷ്ഠിത ടെണ്ടർ നടപടികളിലൂടെ ടെക്നിക്കൽ കൺസൾട്ടന്റായി നിയമിക്കുകയും അവർ പ്രാഥമിക പഠനറിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

പരിസ്ഥിതി ആഘാത പഠനം നടത്തുന്നതിനുള്ള കേന്ദ്ര പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിന്റെ മുൻകൂർ അനുമതിക്ക് ആവശ്യമായ രജിസ്ട്രേഷൻ നടപടികളെല്ലാം സർക്കാർ പൂർത്തീകരിച്ചിട്ടുണ്ട്. അന്തിമ സാങ്കേതിക-സാമ്പത്തിക സാധ്യതാ പഠന റിപ്പോർട്ട് സർക്കാർ അംഗീകരിച്ചാൽ ഉടൻ പരിസ്ഥിതി ആഘാത പഠനത്തിന്റെ ടേംസ് ഓഫ് റഫറൻസ് കേന്ദ്ര പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിന്റെ അനുമതിക്കായി സമർപ്പിക്കുന്നതാണ്. മൂന്ന് സീസണുകളിലെ സാങ്കേതിക വിവരങ്ങളും ശാസ്ത്രീയ പഠനങ്ങളും അടിസ്ഥാനമാക്കി ലഭ്യമാക്കുന്ന പ്രസ്തുത പഠന റിപ്പോർട്ട് പൂർത്തിയാക്കാൻ ഏതാണ്ട് ഒരു വർഷക്കാലമാവശ്യമാണ്. ഇത് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡും തീരദേശ വികസന അതോറിറ്റിയും കേന്ദ്ര പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന മന്ത്രാലയവും അംഗീകരിച്ചതിനുശേഷം ആഗോള ടെണ്ടർ ക്ഷണിക്കാവുന്നതാണ്.

ഇതോടൊപ്പം പ്രസ്തുത തുറമുഖത്തിന്റെ സ്വാധീന മേഖലയിലെ വ്യാവസായിക വികസനത്തെ സംബന്ധിച്ചും അതുവഴി തുറമുഖത്തിന്റെ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനെക്കുറിച്ചും പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. തുറമുഖത്തോടൊപ്പം വ്യവസായ പാർക്കുകൾ, പ്രത്യേക സാമ്പത്തിക മേഖല, ഫ്രീ ട്രേഡ് വെയർ ഹൗസിംഗ് സോൺ മുതലായ വ്യവസായ മേഖലകളുടെ വികസനവും സർക്കാർ ലക്ഷ്യമിടുന്നു. 4000 കണ്ടെയ്നറുകൾ കൊണ്ടുവരാൻ സാധിക്കുന്നവിധം വലിയ കപ്പലുകൾക്ക് എത്തിച്ചേരാൻ കഴിയുന്ന ഒരു അന്താരാഷ്ട്ര പ്രാധാന്യമുള്ള തുറമുഖമായി അഴീക്കലിനെ വികസിപ്പിക്കാനാണ് സർക്കാർ പദ്ധതി വിഭാവന ചെയ്തിരിക്കുന്നത്.

<u>ശ്രീ. കെ. എം. ഷാജി</u>: സർ, ഈ സ്വപ്നങ്ങളൊക്കെ വളരെ നല്ലകാര്യം തന്നെയാണ്. പക്ഷേ, ഒരു പ്രശ്നമുണ്ട്. കപ്പലുകൾ വെറുതെ വരില്ല, അവർക്ക് കാർഗോ കൈകാര്യം ചെയ്യാനുള്ള സൗകര്യമുണ്ടാകണം. ഇവിടെ കാർഗോ ഓപ്പറേഷൻ നിന്നുപോയതിന്റെ ഏറ്റവും പ്രധാന കാരണം സബ്സിഡി എടുത്തുകളഞ്ഞതാണ്. മൂന്നുവർഷമെങ്കിലും സബ്സിഡി നിലനിർത്താതെ കപ്പലുകളുടെ വരവ് സാധ്യമാകില്ല. കർണ്ണാടകയിലെ കൂർഗ്, കുശാൽ നഗർ എന്നിവിടങ്ങളിൽ നിന്നൊക്കെ കണ്ടെയ്നർ കൊടുക്കാൻ തയ്യാറാണ്. പക്ഷേ, ഈ സബ്സിഡി പുനഃസ്ഥാപിക്കാതെ എന്ത് ചെയ്യും? സബ്സിഡി പുന:സ്ഥാപിക്കുമെന്ന് പ്രിൻസിപ്പൽ സെക്രട്ടറി ഉറപ്പുപറഞ്ഞെങ്കിലും ഇപ്പോൾ അത് എടുത്തുകളഞ്ഞു. രണ്ട് കണ്ടെയ്നർ കപ്പലുകളാണ് (കരുതൽ, ഗ്രേറ്റ് സീ) കേരളത്തിലുള്ളത്. സബ്സിഡിയില്ലാതെ നടക്കില്ലെന്നുപറഞ്ഞ് കരുതൽ നിർത്തിക്കഴിഞ്ഞു, ബാക്കിയുള്ളത് ഗ്രേറ്റ് സീയാണ്. അതുകൂടി നിർത്തിപ്പോകാതെ നോക്കണമെങ്കിൽ സബ്സിഡി പുനഃസ്ഥാപിക്കണം.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ചതുപോലെ രണ്ട് കപ്പലുകളും ആവശ്യത്തിന് റിപ്പയർ ചെയ്തതാണ്. ഗ്രേറ്റ് സീ അതിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. സബ്സിഡി ഒരു രൂപയിൽനിന്ന് മൂന്ന് രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഗതാഗത വർദ്ധനവിനുവേണ്ടിയുള്ള നടപടി എന്ന നിലയ്ക്കാണ് സബ്സിഡി വർദ്ധിപ്പിച്ചിട്ടുള്ളത്.

11.00 AM]

## IV സബ്മിഷൻ

### (1) പോലീസ് സ്റ്റേഷന് കെട്ടിടവും ക്വാർട്ടേഴ്സും

ശ്രീ. റ്റി. വി. രാജേഷ്: സർ, 2009 ഫെബ്രുവരി 10-ലെ ഗവൺമെന്റ് ഉത്തരവുപ്രകാരം പരിയാരം മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷൻ പ്രവർത്തനം തുടങ്ങി. 2012-ൽ ചെറുതാഴം പഞ്ചായത്തുകൂടി കൂട്ടിച്ചേർത്ത് പോലീസ് സ്റ്റേഷന്റെ പരിധി പുനർനിശ്ചയിക്കപ്പെട്ടു. ഇപ്പോഴത്തെ പോലീസ് സ്റ്റേഷന്റെ വിസ്തൃതി 50.10 ചതുരശ്ര കിലോമീറ്ററാണ്. 2011-ലെ സെൻസസ് പ്രകാരം 80425 ആണ് ജനസംഖ്യ. പരിയാരം, കടന്നപ്പള്ളി, ചെറുതാഴം, പാണപ്പുഴ എന്നിങ്ങനെ നാല് വില്ലേജുകളുടെയും മൂന്ന് പഞ്ചായത്തുകളുടെയും പരിധിയിൽ ഉൾപ്പെട്ടതാണ് പോലീസ് സ്റ്റേഷൻ. ആരോഗ്യവകുപ്പിൻ കീഴിലെ തികച്ചും ദ്രവിച്ചതും ഉപയോഗശൂന്യവുമായ പഴയ കെട്ടിടത്തിലാണ് പോലീസ് സ്റ്റേഷൻ പ്രവർത്തിച്ചുവരുന്നത്. ഉദ്ഘാടനം കഴിഞ്ഞ് പത്തുവർഷം കഴിഞ്ഞിട്ടും പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം എന്നുള്ളത് സ്വപ്നമായി അവശേഷിക്കുകയാണ്. പ്രസ്തുത പോലീസ് സ്റ്റേഷനിൽ സി.ഐ. അടക്കം 22 പേരാണ് നിലവിൽ അനുവദിക്കപ്പെട്ട സേനാബലം. ഈ പോലീസ് സ്റ്റേഷന്റെ പരിധിയിൽ മെഡിക്കൽ കോളേജ്, ഗവൺമെന്റ് ആയുർവേദ കോളേജ്, എഞ്ചിനീയറിംഗ് കോളേജ് ഉൾപ്പെടെ നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങൾ വരുന്നുണ്ട്. വർഷംതോറും ആയിരത്തിലധികം കേസ്സുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്ന പരിയാരം പോലീസ് സ്റ്റേഷനിൽ കേസ് ഫയലുകളും മറ്റും സൂക്ഷിക്കുന്നതിന് അന്വേഷണ ഉദ്യോഗസ്ഥർ ഇന്ന് വളരെയേറെ ബുദ്ധിമുട്ട് നേരിടുന്നുണ്ട്. കൂടാതെ സ്റ്റേഷനിലെ ദൈനംദിന ഡ്യൂട്ടി ചെയ്യുന്നതിനും പ്രയാസം നേരിടുന്നുണ്ട്. പരിയാരം മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷന് അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയുണ്ട്. മഴക്കാലമായാൽ കെട്ടിടം ചോർന്നൊലിച്ച് ഫയലുകളും റെക്കോർഡുകളും മറ്റും നശിച്ചുപോകുന്ന സ്ഥിതിയാണുള്ളത്. പോലീസുകാർക്ക് കേസ് എഴുതുന്നതിനാവശ്യമായ യാതൊരു സംവിധാനവുമില്ല. പുതിയ പോലീസ്

സ്റ്റേഷൻ നിർമ്മിക്കുന്നതിന് 50 സെന്റ് സ്ഥലം അനുവദിച്ചുകിട്ടിയിട്ടുണ്ട്. ഈ സ്ഥലത്ത് പോലീസ് സ്റ്റേഷനാവശ്യമായ കെട്ടിടവും ക്വാർട്ടേഴ്സും നിർമ്മിക്കാൻ അടിയന്തര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കണ്ണൂരിലെ പരിയാരം മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷൻ കെട്ടിടവും ക്വാർട്ടേഴ്സും നിർമ്മിക്കുന്നതിന് ആരോഗ്യവകുപ്പിൻ കീഴിലുള്ള 50 സെന്റ് സ്ഥലം 11.12.2018-ലെ സർക്കാർ ഉത്തരവുപ്രകാരം അനുവദിച്ചു നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് പരിയാരം മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിനായി 1,81,80,000 രൂപയുടെ പ്രൊപ്പോസൽ കേരള പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ സമർപ്പിച്ചിട്ടുണ്ട്. പോലീസ് മോഡേണൈസേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത കെട്ടിടനിർമ്മാണം നടത്തുന്നതിനുവേണ്ട നടപടികൾ സംസ്ഥാന പോലീസ് മേധാവി സ്വീകരിച്ചുവരുന്നു. പരിയാരം മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷന് ഫ്ലാറ്റ് മാതൃകയിലുള്ള ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ ബന്ധപ്പെട്ട യൂണിറ്റ് മേധാവിയിൽ നിന്നും സർക്കാരിന് ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## (2) BHEL-BML സ്ഥാപനം ഏറ്റെടുക്കൽ

ശ്രീ. എം. രാജഗോപാലൻ: സർ, കേരള പൊതുമേഖലാ സ്ഥാപനമായ KEL-ന്റെ കാസർഗോഡ് യൂണിറ്റ് കഴിഞ്ഞ ഇടതുമുന്നണി സർക്കാരിന്റെ കാലഘട്ടത്തിൽ കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ BHEL-ലുമായി ചേർന്ന് 2011 മാർച്ച് മാസത്തിൽ ജോയിന്റ് വെഞ്ചർ കമ്പനിയായി മാറി. 51 ശതമാനം ഓഹരി BHEL-നും 49 ശതമാനം ഓഹരി കേരള സർക്കാരിനുമാണ്. BHEL-ന്റെ ഭാഗത്തുനിന്നും പിന്നീടുവന്ന യു.ഡി.എഫ്. സർക്കാരിന്റെ ഭാഗത്തുനിന്നും പ്രവർത്തന മൂലധനമോ സാങ്കേതിക സഹായമോ ഒന്നും ലഭിക്കാത്തതിനാൽ കമ്പനിയുടെ പ്രവർത്തനം പ്രതിസന്ധിയിലാകുകയായിരുന്നു. KEL-ന്റെ യൂണിറ്റുകളുടെ കൂട്ടത്തിൽ ഏറ്റവും നന്നായി പ്രവർത്തിച്ചിരുന്ന സ്ഥാപനമായിരുന്നു കാസർഗോഡ് യൂണിറ്റ്. നീതി ആയോഗിന്റെ നിർദ്ദേശപ്രകാരം കേന്ദ്ര ഗവൺമെന്റിന്റെ ഓഹരി വിൽപ്പന നയത്തിനനുസരിച്ച് ഈ കമ്പനിയിൽ BHEL-നുള്ള ഓഹരികൾ ഒഴിയുകയാണെന്ന് അറിയിച്ചുകൊണ്ട് കേരള ഗവൺമെന്റിന് കത്ത് നൽകി. പ്രസ്തുത സ്ഥാപനം കേന്ദ്ര പൊതുമേഖലയിൽത്തന്നെ നിലനിർത്തണമെന്നും ആവശ്യമായ സഹായങ്ങൾ കേരള ഗവൺമെന്റിന്റെ

ഭാഗത്തുനിന്നും ചെയ്യാമെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചെങ്കിലും തീരുമാനം മാറ്റാൻ കേന്ദ്രം തയ്യാറായില്ല. ഈ അവസ്ഥയിൽ 12-6-2017-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർത്ത ഉന്നതതല യോഗത്തിൽ BHEL-ന്റെ ഓഹരി കേരള ഗവൺമെന്റ് ഏറ്റെടുത്ത് സംസ്ഥാന പൊതുമേഖലയിൽ നിലനിർത്താൻ തീരുമാനമെടുക്കുകയുണ്ടായി. ഇതിന്റെ ചില പ്രവർത്തനങ്ങൾ ഇടക്കാലത്ത് ആരംഭിച്ചിട്ടുണ്ട്. എന്നാൽ ഏറ്റെടുക്കൽ പ്രക്രിയ പൂർത്തിയാകാത്തതിനാൽ കമ്പനിയുടെ പ്രവർത്തനം ഇന്ന് കൂടുതൽ പ്രതിസന്ധിയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. ഈ കാലയളവിൽ കേരള സർക്കാർ ചെയ്തിട്ടുള്ള സഹായം ഇവിടെ വിസ്മരിക്കുന്നില്ല. ആവശ്യത്തിന് ഓർഡറുകളുണ്ടായിട്ടും പ്രവർത്തന മൂലധനത്തിന്റെ അഭാവംമൂലം റാ-മെറ്റീരിയൽസ് വാങ്ങാൻ കഴിയാതെ പ്രവർത്തനം ഇഴഞ്ഞുനീങ്ങുകയാണ്. 37 കോടി രൂപയ്ക്ക് മുകളിലുള്ള ഓർഡറുകൾ ഇപ്പോഴും കമ്പനിയിലുണ്ട്. 100 കോടിയോളം രൂപയുടെ ടെണ്ടറുകൾ അന്തിമ ഘട്ടത്തിലാണ്. ആദ്യമായി ഇലക്ട്രിക് വാഹനത്തിന്റെ പ്രോജക്ട് സമർപ്പിച്ച് അതിന്റെ മറ്റ് പ്രവർത്തനങ്ങൾ തുടങ്ങിയെങ്കിലും ഗവൺമെന്റുകളുടെ ഭാഗത്തുനിന്ന് മതിയായ സഹകരണം ലഭിക്കാത്തതിനാൽ ഏറ്റവും വികസന സാധ്യതയുള്ള ഈ പ്രോജക്ട് മുന്നോട്ട് കൊണ്ടുപോകാൻ കഴിഞ്ഞിട്ടില്ല. മാതൃസ്ഥാപനമായ KEL-ലെ ജീവനക്കാർക്ക് രണ്ട് ശമ്പളപരിഷ്കരണ കരാറുകളുടെ ആനുകൂല്യം ഇക്കാലയളവിൽ ലഭിച്ചപ്പോൾ ഈ യൂണിറ്റിലെ തൊഴിലാളികൾ 2006-ൽ വാങ്ങിയ അതേ ശമ്പളത്തിലാണ് 12 വർഷമായി ജോലി ചെയ്യുന്നത്. ഏറ്റെടുക്കൽ സമയത്ത് കാസർഗോഡ് യൂണിറ്റായെന്ന ഒറ്റ കാരണത്താൽ KEL-ലെ തൊഴിലാളികളുമായി പ്രതിമാസം പതിനയ്യായിരത്തോളം രൂപയുടെ വ്യത്യാസമാണ് ശമ്പളത്തിൽ നിലവിലുള്ളത്. 2012-ൽ ഒപ്പുവച്ച ശമ്പളപരിഷ്കരണ കരാർപോലും ജീവനക്കാർക്ക് അനുവദിക്കുന്നില്ല. ആറുമാസത്തിലധികമായി പി.എഫ്. തുക അടയ്ക്കാത്തതിനാൽ വിരമിക്കുന്ന ജീവനക്കാർക്ക് പി.എഫ്. ആനുകൂല്യം നിഷേധിക്കപ്പെടുകയാണ്. 2019 ജനുവരി മുതൽ ശമ്പളം കൃത്യമായി വിതരണം ചെയ്യാൻ സാധിക്കുന്നില്ല. തുച്ഛമായ ശമ്പളം പറ്റുന്ന തൊഴിലാളികളുടെ ജീവിതം വഴിമുട്ടിയ അവസ്ഥയിലാണ്. വിരമിക്കുന്ന ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി അടക്കമുള്ള ആനുകൂല്യങ്ങൾ നൽകാനും സാധിക്കുന്നില്ല. മൂലധനവും ജീവനക്കാർക്ക് അർഹമായ ആനുകൂല്യങ്ങളും അനുവദിച്ച് കാസർഗോഡ് ജില്ലയിലെ ഏറ്റവും നല്ല പൊതുമേഖലാ സ്ഥാപനമായിരുന്ന ഈ കമ്പനിയെ ജില്ലയുടെ വ്യാവസായിക പിന്നോക്കാവസ്ഥകൂടി കണക്കിലെടുത്ത് സംരക്ഷിക്കാൻ അടിയന്തര നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, കാസർഗോഡ് ജില്ലയിലെ BHEL-BML എന്ന സംയുക്ത സംരംഭം കടുത്ത പ്രതിസന്ധി അഭിമുഖീകരിക്കുകയാണ്. ഇതിന് പ്രധാന കാരണം 51 ശതമാനം ഓഹരി BHEL-നും 49 ശതമാനം ഓഹരി നമ്മുടെ സംസ്ഥാനത്തിനുമാണെന്നതാണ്. കേന്ദ്ര ഗവൺമെന്റിന്റെ നയത്തിന്റെ ഫലമായി നീതി ആയോഗ് ശിപാർശപ്രകാരം ഇതിന്റെ ഓഹരികൾ വിറ്റഴിക്കുന്നതിനുള്ള ജോയിന്റ് വെഞ്ചർ എഗ്രിമെന്റിലെ രണ്ടാം ഖണ്ഡികയനുസരിച്ച് BHEL-ന്റെ കൈവശമുള്ള ഓഹരികൾ നൽകാൻ കേന്ദ്ര ഗവൺമെന്റ് തയ്യാറായി. ഈ ഘട്ടത്തിൽ കേരളം BHEL-ന്റെ കൈവശമുള്ള ഓഹരികൾ ഏറ്റെടുക്കാൻ സന്നദ്ധമാകുകയും 12-6-2017-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ ഈ സംയുക്ത സംരംഭത്തിലെ BHEL-ന്റെ എല്ലാ ഓഹരികളും സംസ്ഥാനം ഏറ്റെടുക്കാൻ തയ്യാറാണെന്ന തീരുമാനത്തിലുമെത്തി. ഇതുസംബന്ധിച്ച് BHEL-മായി കൂടിയാലോചനകൾ നടത്താൻ ചീഫ് സെക്രട്ടറി തലവനായിട്ടുള്ള അപ്പെക്സ് കമ്മിറ്റിയെ സംസ്ഥാന സർക്കാർ നിയോഗിച്ചു. 31.03.2018-ലെ ഓഡിറ്റ് കണക്കനുസരിച്ച് സാമ്പത്തിക അവലോകന റിപ്പോർട്ടുപ്രകാരം ഈ സ്ഥാപനത്തിന്റെ ആകെ ആസ്തി 12.09 കോടി രൂപയും ബാധ്യത 33.49 കോടി രൂപയുമാണ്. BHEL-BML-ന്റെ ആസ്തി ബാധ്യതകൾ ഏറ്റെടുക്കൽ സംബന്ധിച്ച് നിരവധി ചർച്ചകൾ നടത്തുകയും അവസാനം ബുക്ക് വാല്യൂ അടിസ്ഥാനപ്പെടുത്തി സംസ്ഥാനം ഏറ്റെടുക്കാൻ തീരുമാനിക്കുകയും ഇതിന്റെയടിസ്ഥാനത്തിൽ BHEL-ന് കത്ത് നൽകുകയും ചെയ്തു. BHEL-ന്റെ ബോർഡ് യോഗത്തിൽ ചർച്ച ചെയ്ത് അവരുടെ കൈവശമുള്ള 51 ശതമാനം ഓഹരി സംസ്ഥാന സർക്കാരിന് നൽകാൻ ഭരണസമിതി തീരുമാനിച്ചു. കേന്ദ്ര ഗവൺമെന്റിന്റെ അനുവാദത്തോടുകൂടി കൈമാറാൻ തയ്യാറാണെന്ന് ഇപ്പോൾ BHEL അറിയിച്ചിരിക്കുകയാണ്. തുടർന്ന് ഇതിന്റെ സെയിൽസ് എഗ്രിമെന്റ് തയ്യാറാക്കാൻ ധന-നിയമ വകുപ്പുകളെ ചുമതലപ്പെടുത്തി. ഇതുസംബന്ധിച്ച് ഒരു എഗ്രിമെന്റ് ഓഫ് സെയിൽ തയ്യാറാക്കിയപ്പോൾ ധനവകുപ്പ് ചില വ്യക്തത ആവശ്യപ്പെടുകയുണ്ടായി. ആ വ്യക്തത വരുത്തിക്കൊടുത്തുകൊണ്ടിരിക്കുകയാണ്. പ്രസ്തുത സ്ഥാപനത്തിന് കെ.എം.എൽ.എൽ. 5 കോടി രൂപയുടെയും സംസ്ഥാന ഗവൺമെന്റ് 1.5 കോടി രൂപയുടെയും സഹായം നൽകിയിട്ടുണ്ട്. ഇങ്ങനെ സഹായം നൽകിയിട്ടുള്ളതു കൊണ്ടുമാത്രം പിടിച്ചുനിൽക്കുന്ന സ്ഥാപനമാണിത്. പൂർണ്ണമായും BHEL-ന്റെ ഓഹരികൾ ഏറ്റെടുത്ത് ഫലപ്രദമായി നടത്തിക്കൊണ്ടുപോകാൻ സംസ്ഥാന ഗവൺമെന്റിന് കഴിയും. അതിനുള്ള നടപടിയാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അതിന്റെ എല്ലാ ശ്രമങ്ങളിലും സജീവമായി ഇടപെട്ടുകൊണ്ടിരിക്കുകയാണ്.

## (3) പി. ജി. കോഴ്സുകൾ അനുവദിക്കൽ

ശ്രീ. ജോർജ് എം. തോമസ്: സർ, കോഴിക്കോട് ജില്ലയിൽ ഏറ്റവും മികച്ച നിലയിൽ പ്രവർത്തിക്കുന്ന കോടഞ്ചേരി ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജ് 1980-ൽ സ്ഥാപിതമായതാണ്. ആ കോളേജിൽ ഇപ്പോൾ 4 യു.ജി. കോഴ്സുകളും 2 പി.ജി. കോഴ്സുകളും മാത്രമാണുള്ളത്. ആവശ്യത്തിന് സ്ഥലസൗകര്യവും കെട്ടിടങ്ങളും ഹോസ്റ്റലും ഉൾപ്പെടെ എല്ലാ സൗകര്യങ്ങളും അവിടെ നിലവിലുണ്ട്. രണ്ട് പുതിയ പി.ജി. കോഴ്സുകൾകൂടി ആരംഭിക്കാമെന്ന് കഴിഞ്ഞ വർഷം വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ ഉറപ്പുനൽകിയതാണ്. എം.എസ്സി. സുവോളജി, എം.എസ്സി. ഫിസിക്സ് എന്നീ രണ്ട് പി.ജി. കോഴ്സുകൾ ആരംഭിക്കണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്. അതിനുള്ള ഡിപ്പാർട്ട്മെന്റുകൾ നിലവിലുണ്ട്. പുതിയ 8 ടീച്ചിംഗ് സ്റ്റാഫിനെയും 2 നോൺ ടീച്ചിംഗ് സ്റ്റാഫിനെയും നിയമിച്ചാൽ ഈ രണ്ട് പി.ജി. കോഴ്സുകൾകൂടി അവിടെ ആരംഭിക്കാൻ കഴിയും. കോഴിക്കോട് ജില്ലയിൽ ഏറ്റവും മികച്ച നിലയിൽ പ്രവർത്തിക്കുന്ന കോടഞ്ചേരി ഗവൺമെന്റ് കോളേജിൽ അടുത്ത വർഷംതന്നെ എം.എസ്സി. സുവോളജി, എം.എസ്സി. ഫിസിക്സ് എന്നീ കോഴ്സുകൾ ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, സംസ്ഥാനത്തെ സർക്കാർ കോളേജുകളിൽ 2019-20 അദ്ധ്യയനവർഷം പുതിയ കോഴ്സുകൾ അനുവദിക്കുന്നതിനായി കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസലിൽ കോടഞ്ചേരി ഗവൺമെന്റ് കോളേജിൽ പി.ജി. കോഴ്സുകൾ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസലും ഉൾപ്പെട്ടിട്ടുണ്ട്. കോഴ്സുകൾ അനുവദിക്കുന്ന വിഷയം നിലവിൽ സർക്കാർ പരിശോധിച്ചുവരികയാണ്. കോടഞ്ചേരി സർക്കാർ കോളേജ് ഹോസ്റ്റലിന്റെ നിർമ്മാണപ്രവൃത്തി പൂർത്തിയായിട്ടുണ്ട്. ഹോസ്റ്റലിനുവേണ്ടി സ്ഥിരംതസ്തിക സൃഷ്ടിച്ചിട്ടില്ലെങ്കിലും അതുവരെ സ്വീപ്പർ, സാനിട്ടേഷൻ വർക്കർ, കുക്ക്, ഹൗസ് കീപ്പിംഗ്, സെക്യൂരിറ്റി എന്നീ ജോലികൾക്കായി കുടുംബശ്രീ മുഖാന്തരം ജീവനക്കാരെ നിയമിച്ച് പ്രവർത്തനം ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുള്ളതുവഴി പ്രവർത്തനം സുഗമമായി നടക്കുമെന്ന് ഉറപ്പുവരുത്തിയിട്ടുണ്ട്. ടി ഹോസ്റ്റലിൽ സ്ഥിരം തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ കോളേജ് വിദ്യാഭ്യാസ വകുപ്പിൽനിന്നും ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

## (4) ബസ് സർവ്വീസുകൾ

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: സർ, വളരെയധികം ആലോചിച്ചിട്ടാണ് ഈ സഭയിലെ എല്ലാ അംഗങ്ങൾക്കുംവേണ്ടി ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. എല്ലാ ദിവസവും ഇതേ ആവശ്യം ഉന്നയിച്ചുകൊണ്ട് അംഗങ്ങൾ നോട്ടീസ് കൊടുക്കുന്നുണ്ടെന്ന് ബഹുമാനപ്പെട്ട ചെയറിന് അറിയാം. എന്റെ നിയോജകമണ്ഡലത്തിലെ പത്തനാപുരം ഡിപ്പോയ്ക്ക് സമീപത്തുള്ള പുനലൂർ, കൊട്ടാരക്കര ഡിപ്പോകളിൽനിന്നും സർവ്വീസ് നടത്തുന്ന ബസ്സുകൾ നിരന്തരമായി നിർത്തലാക്കുകയാണ്. ഏറ്റവും കൂടുതൽ ദേശസാൽകൃത റൂട്ടുള്ള സ്ഥലമാണിത്. പ്രൈവറ്റ് ബസ്സുകൾ വളരെ കുറവാണ്. പ്രൈവറ്റ് ബസ്സുകൾ സർവ്വീസ് നടത്തുന്ന മേഖലകളിൽ കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തുകയും കുട്ടികൾക്ക് കൺസഷൻ കൊടുക്കാതിരിക്കുകയുമാണ് ചെയ്യുന്നത്. ഈ രാജ്യത്ത് കെ.എസ്.ആർ.ടി.സി. സംവിധാനം ഉപയോഗിക്കുന്നത് ആരാണ്? പാവപ്പെട്ട പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ, കശുവണ്ടിത്തൊഴിലാളികൾ, കർഷകത്തൊഴിലാളികൾ എന്നിവരാണ് ഈ സംവിധാനം ഏറ്റവും കൂടുതൽ ഉപയോഗിക്കുന്നത്. ഇവരുടെ മക്കൾ സ്കൂളിൽ പോകാൻ ആശ്രയിക്കുന്നതും കെ.എസ്.ആർ.ടി.സി.യെയാണ്. സ്കൂട്ടർ വാങ്ങാൻ കഴിയാത്ത, സമൂഹത്തിൽ സാമ്പത്തികമായി ഏറ്റവും താഴെ തട്ടിൽ നിൽക്കുന്ന, പാവങ്ങളുടെ ആശ്രയമാണ് കെ.എസ്.ആർ.ടി.സി. മാറിമാറി വരുന്ന ചില ഉദ്യോഗസ്ഥർ മന്ത്രിയെപ്പോലും ധിക്കരിച്ചുകൊണ്ട് തോന്നിയതുപോലെ കാര്യങ്ങൾ നടത്തിക്കൊണ്ടു പോകുന്നതിലുള്ള പ്രതിഷേധംകൂടി ഈ അവസരത്തിൽ അറിയിക്കുകയാണ്.

എന്റെ മണ്ഡലത്തിലെ മാങ്കോട്, ചെല്ലപ്പള്ളി, പുന്നല പ്രദേശങ്ങൾ വനമേഖലയാണ്. ആ പ്രദേശത്തേക്ക് ഒരു ജീപ്പ് വിളിച്ച് പോകണമെങ്കിൽ മിനിമം നാനൂറോ അഞ്ഞൂറോ രൂപ കൊടുക്കണം. ഇത് സാധാരണക്കാരന് താങ്ങാനാകുന്നതല്ല. പൂങ്കുളഞ്ഞി, മാങ്കോട് എന്നീ മലയോര മേഖലകളിൽ സർവ്വീസ് നടത്തിക്കൊണ്ടിരുന്ന ബസ്സുകളെല്ലാം നിർത്തലാക്കുകയാണ്. അതുപോലെ കൊട്ടാരക്കര, പുനലൂർ എന്നീ ഡിപ്പോകളിൽനിന്നും വരുന്ന ബസ്സുകൾ കൂടുതലും വന്നുചേരുന്നത് കോട്ടവട്ടം, ചക്കുവരയ്ക്കൽ എന്നീ പ്രദേശങ്ങളിലാണ്. ഇതൊക്കെ നാഷണലൈസ്ഡ് റൂട്ടുകളാണ്. പ്രൈവറ്റ് ബസ്സിനെ മാറ്റി വിടുക, കൃത്യമായി ഞങ്ങൾ സർവ്വീസ് നടത്താമെന്ന് 15 വർഷങ്ങൾക്കുമുമ്പ് കെ.എസ്.ആർ.ടി.സി. ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കൊടുത്ത എഗ്രിമെന്റിന്റെ അടിസ്ഥാനത്തിലാണ് സർവ്വീസ് നടത്തിക്കൊണ്ടിരിക്കുന്നത്. പക്ഷേ, കെ.എസ്.ആർ.ടി.സി.യുടെ സർവ്വീസ് തകർക്കുന്നതിന് പിന്നിൽ ഗൂഢാലോചനയുണ്ട്. രാവിലെ 8.30-ന് വരേണ്ട ബസ് ഒരു ദിവസം ആ

സമയത്തുതന്നെ വരും. പിറ്റേദിവസം അത് 7.45-ന് വരും. അടുത്ത ദിവസം 9 മണിക്ക് വരും. ഇങ്ങനെ സമയക്രമമില്ലാതെ ബസ് വന്ന് ആളുകളില്ലാതെ പോകും. രണ്ടാഴ്ച ഷെഡ്യൂൾ തെറ്റിച്ച് ഓടിച്ചശേഷം കളക്ഷനില്ലെന്നുപറഞ്ഞ് സർവ്വീസ് നിർത്തുകയാണ്. അത് ദേശസാൽകൃത റൂട്ടായതുകൊണ്ട് വേറെ മാർഗ്ഗമില്ല. നാഷണലൈസ്ഡ് റൂട്ടുകളിലെ ബസ് സർവ്വീസുകൾ നിർത്തുകയില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി കഴിഞ്ഞ ദിവസം ഈ സഭയിൽ പറഞ്ഞെങ്കിലും ഈ സർവ്വീസുകളെല്ലാം നിർത്തലാക്കുകയാണ്. ദീർഘദൂര ബസ്സുകൾ തിരുവനന്തപുരത്തുനിന്നും തൃശ്ശൂരിലേക്ക് മതിയെന്ന് ഒരുദ്യോഗസ്ഥൻ തീരുമാനിച്ചു. നേരത്തെയിരുന്ന ആളിന്റെ പ്രകടനമെല്ലാം കഴിഞ്ഞുപോയി. അടുത്തയാൾ വന്നപ്പോൾ തിരുവനന്തപുരത്തുനിന്നും തൃശ്ശൂരിലേയ്ക്ക് സർവ്വീസ് നടത്തുന്നതിന് എല്ലാ സൂപ്പർഫാസ്റ്റ് ബസ്സുകളും ഇവിടെ കൊണ്ടുവന്നു. സൂപ്പർഫാസ്റ്റ് സർവ്വീസ് നടത്തുന്നതിന്റെ രഹസ്യം എല്ലാവരും മനസ്സിലാക്കണം. ആ കസേരയിൽ കുറച്ചുനാൾ ഞാനും ഇരുന്നിട്ടുണ്ട്. ഇതിന്റെ ശരിയായ സ്വഭാവം മനസ്സിലാക്കി കുറച്ച് നല്ല കാര്യങ്ങൾ ചെയ്യാൻ ശ്രമിച്ചവനാണെന്നാണ് എന്റെയും നാട്ടുകാരുടെയും വിശ്വാസം. പത്തനാപുരത്തുള്ള ഫാസ്റ്റ് പാസ്സഞ്ചർ ബസ്സുകളെല്ലാം ജില്ലയിലേക്കുമാറ്റി. സൂപ്പർഫാസ്റ്റ് ബസ്സുകൾ തിരുവനന്തപുരത്തേക്കും തൃശ്ശൂരിലേക്കും കൊണ്ടുപോയി. ഇനിയിപ്പോൾ എല്ലാ ഡിപ്പോകളും നഷ്ടത്തിലാകുമെന്നുള്ളത് എല്ലാ എം.എൽ.എ-മാരും മനസ്സിലാക്കണം. അടുത്തതായി നഷ്ടത്തിലുള്ള ഡിപ്പോകളെല്ലാം നിർത്തുകയാണെന്ന് പറയുമ്പോൾ സ്വാഭാവികമായും പോത്തൻകോട് സബ് ഡിപ്പോയും നെടുമങ്ങാട് ഡിപ്പോയുമെല്ലാം അടയ്ക്കും. ദീർഘദൂര സർവ്വീസുകൾ അവിടെനിന്ന് പോകുന്നതോടുകൂടി മന്ത്രിമാരുടേതുൾപ്പെടെയുള്ള മണ്ഡലങ്ങളിലെ ഡിപ്പോകൾ അടച്ചുപൂട്ടും. അതുകൊണ്ട് ഇതൊരു ഗൂഢാലോചനയാണെന്ന് ബഹുമാനപ്പെട്ട മന്ത്രി മനസ്സിലാക്കണം. എം.എൽ.എ-മാർ ഇത് മനസ്സിലാക്കാത്തവരല്ല. ബഹുമാനപ്പെട്ട മന്ത്രിയോട് മാത്രമേ ഇക്കാര്യം പറയാൻ കഴിയൂ. ഉദ്യോഗസ്ഥരെ വിളിച്ചാൽ ഫോൺ എടുക്കില്ല. പൊതുജനമദ്ധ്യത്തിൽ ജനപ്രതിനിധികളെ അവഹേളിക്കരുത്. എന്റെ നിയോജക മണ്ഡലത്തിലെ ഡിപ്പോയിൽ 21 ഡ്രൈവർമാരുടെ കുറവുണ്ട്. പക്ഷേ, ഡ്രൈവർമാരെ തരുന്നില്ല. അവിടെനിന്നും വയനാട്ടിലേക്കും കാസർഗോഡിലേക്കും ദീർഘദൂര സർവ്വീസുകളുണ്ടായിരുന്നു. അതിന് നല്ല കളക്ഷനാണ്. ഈ ബസ്സുകളെല്ലാം നഷ്ടത്തിലാക്കി ഈ സ്ഥാപനം അടച്ചുപൂട്ടാനുള്ള സംവിധാനമൊരുക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രി കൂട്ടുനിൽക്കരുത്. സാമൂഹ്യപ്രതിബദ്ധതയുള്ള വിഷയമാണിത്. പൊതുവിദ്യാഭ്യാസം പോലെ പൊതുഗതാഗതവും പാവപ്പെട്ടവന് വേണ്ടിയുള്ളതാണ്. അതിനെ തകർക്കാനുള്ള ശ്രമത്തിന് ബഹുമാനപ്പെട്ട മന്ത്രി കൂട്ടുനിൽക്കാൻ പാടില്ല. ഇതൊരു ജനാധിപത്യ രാജ്യമാണ്. ഒരു മന്ത്രിയെന്ന്

പറഞ്ഞാൽ ഒരു സ്റ്റേറ്റ് കാറും നാല് പോലീസും 30 പേഴ്സണൽ സ്റ്റാഫും ഉള്ളവരല്ലെന്ന് വിശ്വസിക്കുന്ന ആളാണ് ഞാൻ. ഇക്കാര്യത്തിൽ അങ്ങ് എന്ത് നിഷേധാത്മക മറുപടി പറയുമെന്ന് എനിക്കറിയില്ല. കഴിഞ്ഞ ദിവസം വളരെ വേദനയോടെ ശ്രീ. കോവൂർ കുഞ്ഞുമോനും ശ്രീ. ചിറ്റയം ഗോപകുമാറും ശ്രീ. രാജു എബ്രഹാമും ഇക്കാര്യം പറഞ്ഞു. ഇതൊക്കെ പറയാതിരിക്കാൻ നിവൃത്തിയില്ല. ഈ വിഷയം സംബന്ധിച്ച് എം.ഡി. അടക്കമുള്ള ഉദ്യോഗസ്ഥരെ അങ്ങയുടെ ഓഫീസിൽ വിളിച്ച് യോഗം ചേരുന്നതിനുള്ള നടപടി സ്വീകരിക്കണം. എം.ഡി. വരുമോയെന്ന് അറിയില്ല. അങ്ങയുടെ ഓഫീസിൽ കൊടുക്കുന്ന കത്തിന് മറുപടിയില്ല. ഈ ബസ് സർവ്വീസുകൾ നിർത്തിയപ്പോൾ കത്ത് കൊടുത്തിട്ട് ഒന്നിനും മറുപടി തരുന്നില്ല. എം.ഡി.-ക്ക് അയച്ചുകൊടുത്തു എന്നുള്ള മറുപടിയെങ്കിലും തരണ്ടേ? അതും തരുന്നില്ല. മാറിമാറി വരുന്ന ഉദ്യോഗസ്ഥർ ഭരിക്കുന്നു, ഓരോ ദിവസം ഓരോ ഉത്തരവിറക്കുന്നു. പതിനായിരം രൂപയ്ക്കുതാഴെ കളക്ഷനുള്ള ബസ്സുകളെല്ലാം നിർത്തലാക്കു എന്നാണ് പറയുന്നത്. വനപ്രദേശങ്ങളിലെ പാവപ്പെട്ട പട്ടികജാതി/പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ടവരെയും തോട്ടം തൊഴിലാളികളെയും വിഷമിപ്പിക്കാൻ പാടില്ല. കെ.എസ്.ആർ.ടി.സി. പാവപ്പെട്ട ജനങ്ങൾക്കുവേണ്ടിയുള്ളതാണ്. ഉദ്യോഗസ്ഥർ എഴുതിത്തന്ന മറുപടി ബഹുമാനപ്പെട്ട മന്ത്രി വായിക്കുന്നതിനപ്പുറം എന്റെ മണ്ഡലത്തിലെ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി അങ്ങയുടെ ഓഫീസിൽ എം.ഡി. അടക്കമുള്ള ഉദ്യോഗസ്ഥരെ വിളിച്ചുവരുത്തി ഉന്നതതല ചർച്ച നടത്താൻ അങ്ങ് തയ്യാറാകുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ബഹുമാനപ്പെട്ട കെ. ബി. ഗണേഷ് കുമാർ ഈ കസേരയിലിരുന്ന ആളാണ്. അദ്ദേഹത്തിന്റെ ഭരണകാലം മോശമാണെന്ന് ആരും പറഞ്ഞിട്ടുമില്ല. എന്നാൽ ഇവിടെ ഉന്നയിച്ച പ്രശ്നം സാമാന്യവൽക്കരിക്കേണ്ടതില്ല. ഓരോ എം.എൽ.എ-യ്ക്കും അവരുടെ ഡിപ്പോയെക്കുറിച്ച് ഓരോ പരാതികളുണ്ട്. എനിക്ക് അപേക്ഷിക്കാനുള്ളത്, ഡിപ്പോകളുടെ കേന്ദ്രീകരണമാണ് പ്രധാനം എന്നതാണ്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് ബസ് ഓടിക്കുകയാണ്. ഡിപ്പോയെ/സ്റ്റാഫിനെ സംരക്ഷിക്കണമോ, ബസ് കൃത്യമായി ജനങ്ങൾക്ക് ലഭ്യമാകുന്ന വിധത്തിൽ ഉപയോഗിക്കണമോ എന്ന കാര്യമാണ് ഇപ്പോൾ ആലോചിക്കുന്നത്. അങ്ങയുടെ മണ്ഡലത്തിൽ പത്തനാപുരംവഴി പോകുന്ന ബസ്സുകൾ നിർത്തലാക്കിക്കൊണ്ടിരിക്കുകയാണ് എന്നാണ് ഇവിടെ ഉന്നയിച്ചത്. പത്തനാപുരം ഡിപ്പോയുമായി ബന്ധപ്പെട്ട് 47 ഷെഡ്യൂളുകളാണ് ഓപ്പറേറ്റ് ചെയ്യുന്നത്. 37 ഓർഡിനറി ബസുകൾ, 8 ഫാസ്റ്റ് പാസഞ്ചർ, 2 സൂപ്പർഫാസ്റ്റ് സർവ്വീസുകൾ എന്നിവയാണവ. എന്നാൽ അങ്ങയുടെ മണ്ഡലമായ പത്തനാപുരംവഴി

കൊട്ടാരക്കരയിൽനിന്നും പുനലൂരിൽനിന്നുമൊക്കെ സർവ്വീസുകൾ നടത്തുന്നുമുണ്ട്. അങ്ങ് പറഞ്ഞ മലയോര മേഖലകളിലെ ചില സ്ഥലങ്ങളിൽ മിനി ബസ്സുകളാണ് ഓടിയിരുന്നത്; എന്നുപറഞ്ഞാൽ cut-chassis ബസ്സുകൾ. ആ ബസ്സുകൾ ഇപ്പോൾ കെ.എസ്.ആർ.ടി.സി.-യുടെ കൈവശമില്ല. ഇതുമൂലം മിനി ബസ്സുകൾ മാത്രം ഓടിക്കാൻ കഴിയുന്ന സ്ഥലത്ത് അത്തരം ബസ്സുകൾ ഓടിയിട്ടില്ലായെന്നത് സത്യമാണ്. അതിന്റെ ഭാഗമായി 6 സർവ്വീസുകളാണ് നിർത്തലാക്കിയിട്ടുള്ളത്. മറ്റൊന്ന്, വരുമാനക്കുറവുമൂലം 7 സർവ്വീസുകളും ഭാഗികമായി നിർത്തലാക്കിയിട്ടുണ്ട്. അങ്ങനെ വന്നപ്പോൾ ഇവിടെ 21 ചെയിൻ സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. അങ്ങയുടെ മണ്ഡലത്തിലൂടെയുള്ള ഈ ട്രിപ്പുകൾ നിർത്തിയപ്പോൾ യാത്രാക്ലേശം പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. .....(ബഹളം)....... എല്ലാവരും ദയവായി കേൾക്കൂ.

മി. സ്പീക്കർ: ....പ്ലീസ്. പ്ലീസ്... മിനിസ്റ്റർ.. ചെയറിനോട് സംസാരിക്കൂ.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഞാൻ ബഹുമാനപ്പെട്ട കെ. ബി. ഗണേഷ് കുമാർ ഉന്നയിച്ച സബ്മിഷന് മറുപടി പറയുകയാണ്; മറ്റ് എം.എൽ.എ. മാർ ഉന്നയിച്ച കാര്യത്തിനല്ല. പത്തനാപുരം മണ്ഡലത്തിൽ 21 ചെയിൻ സർവ്വീസുകൾ ഉൾപ്പെടെ 171 പുതിയ സർവ്വീസുകൾ നടക്കുന്നുണ്ട്. 2016-18-ൽ 13,000 കിലോമീറ്ററാണ് ആ മണ്ഡലത്തിൽ സർവ്വീസ് നടത്തിയതെങ്കിൽ ഇപ്പോൾ 14,420 കിലോമീറ്റർ സർവ്വീസ് നടത്തുന്നുണ്ട്. അങ്ങ് പറയുന്നതുപോലെ അപ്രായോഗികമായ കാര്യങ്ങളാണെങ്കിൽ തീർച്ചയായും ബഹുമാനപ്പെട്ട എം.എൽ.എ.യുടെ സാന്നിധ്യത്തിൽ ഉന്നത ഉദ്യോഗസ്ഥന്മാരുമായി ചർച്ച ചെയ്ത് ക്രമീകരണങ്ങളിൽ എന്തെങ്കിലും പാളിച്ചകളുണ്ടെങ്കിൽ അത് സംബന്ധിച്ച് ചർച്ച നടത്താം. ...( .....ബഹളം...)

മി. സ്പീക്കർ: ശ്രീ. കെ. ബി. ഗണേഷ് കുമാർ.... ചർച്ച ചെയ്യാമെന്നാണ് അദ്ദേഹം പറഞ്ഞത്.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, സഭയെ തെറ്റിദ്ധരിപ്പിക്കുന്ന ഉത്തരമാണ് ഇവിടെ ഉന്നയിച്ചതെങ്കിൽ ശിക്ഷ കൊടുക്കണമല്ലോ? ( .....ബഹളം...)

മി. സ്പീക്കർ: കെ.എസ്.ആർ.ടി.സി.-യുമായി ബന്ധപ്പെട്ട് ഇവിടെ ഉയർന്നുവന്ന എല്ലാ സബ്മിഷനുകൾക്കും ബഹുമാനപ്പെട്ട മന്ത്രി സഹിഷ്ണുതയോടുകൂടിയാണ് നിലപാട് സ്വീകരിച്ചത്.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഇവിടെ എല്ലാ എം.എൽ.എ.മാർക്കും ഭരണ-പ്രതിപക്ഷ ഭേദമെന്യേ മന്ത്രിമാരോട് അവരുടെ മണ്ഡലങ്ങളിലെ പ്രശ്നങ്ങൾ ഉന്നയിക്കാനുള്ള അവകാശമുണ്ട്. ഭരണകക്ഷിയായതുകൊണ്ട്

ഉന്നയിക്കാൻ പാടില്ലെന്നും പ്രതിപക്ഷമായതുകൊണ്ട് ഉന്നയിക്കാമെന്നുമുള്ള വേർതിരിവൊന്നുമില്ല. എം.എൽ.എ.-മാർക്ക് അവരുടെ മണ്ഡലത്തിലെ പ്രശ്നങ്ങൾ ഉന്നയിക്കാനുള്ള അവകാശമുണ്ട്. അത് ഉന്നയിക്കുമ്പോൾ ഭരണ-പ്രതിപക്ഷമെന്ന ചിന്തയില്ലാതെ തന്നെ പരിഹാരം കാണാനുള്ള നടപടികൾ സ്വീകരിക്കുകയെന്നതാണ് സർക്കാരിന്റെ നിലപാട്. ബഹുമാനപ്പെട്ട മെമ്പർ ആവശ്യപ്പെട്ടതുപോലെ ഒരു ഉന്നതതല ചർച്ച നടത്തുന്നതിന് സർക്കാർ തയ്യാറാണ്. ( .....ബഹളം...)

ശ്രീ. പി. ടി. തോമസ്: സർ, എല്ലാ എം.എൽ.എ-മാർക്കും ഈ പരാതിയുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഇതിനൊരു പരിഹാരമുണ്ടാക്കണം.

മി. സ്പീക്കർ: കെ.എസ്.ആർ.ടി.സി.-യുമായി ബന്ധപ്പെട്ട് ഇവിടെ ഉയർന്നുവന്ന എല്ലാ സബ്മിഷനുകളോടും അദ്ദേഹം വളരെ മാന്യമായും സഹിഷ്ണുതയോടുംകൂടിയാണ് നിലപാട് സ്വീകരിച്ചത്. അതിനുവേണ്ടി അദ്ദേഹം യോഗവും വിളിക്കുന്നുണ്ട്. (.....ബഹളം...) ഇരിക്കൂ... (.....ബഹളം...) സബ്മിഷൻ അംഗങ്ങൾക്കുള്ള അവകാശമാണ്. അത് അവർ ഉപയോഗപ്പെടുത്തുന്നുമുണ്ട്.

## (5) വാഴക്കാട് ഐ.ടി.ഐ

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഒരു ഐ.ടി.ഐ-യുടെ പ്രാധാന്യവും ആവശ്യകതയും ആരെയും പറഞ്ഞ് ബോധ്യപ്പെടുത്തേണ്ടതില്ല. എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട വാഴക്കാടിൽ അന്നത്തെ എം.എൽ.എ. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജിയുടെ അഭ്യർത്ഥന മാനിച്ചുകൊണ്ട് ഗവൺമെന്റ് ഒരു ഐ.ടി.ഐ. തുടങ്ങാൻ തീരുമാനിച്ചു. 2015-ലെ സ.ഉ.നം.89/ തൊഴിൽ വകുപ്പ് തീയതി, 21-7-2015 പ്രകാരം ഐ.ടി.ഐ. അനുവദിച്ചു. ഐ.ടി.ഐ. അനുവദിക്കുമ്പോഴുണ്ടായിരുന്ന ഏക കണ്ടീഷൻ, ഐ.ടി.ഐ. സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം ഗ്രാമപഞ്ചായത്ത് കണ്ടെത്തണമെന്നതായിരുന്നു. അതുപ്രകാരം ഗ്രാമപഞ്ചായത്ത് ഐ.ടി.ഐ.ക്ക് ആവശ്യമായിട്ടുള്ള സ്ഥലം വിട്ടുകൊടുക്കാൻ 22-6-2016-ന് തീരുമാനമെടുത്തു. 2017 മേയ് 5-ാം തീയതി സ്ഥലം ഏറ്റെടുത്ത് ഉത്തരവാകുകയും ചെയ്തു. എന്നാൽ ജി.ഒ. ആയി എന്നുമാത്രമല്ല, അരീക്കോട് ഐ.ടി.ഐ-യിലെ പ്രിൻസിപ്പലിനെ ഇവിടെ സ്പെഷ്യൽ ഓഫീസറായി നിയമിക്കുകയും ചെയ്തു. അതിനുശേഷം ഗവൺമെന്റ് മാറിവന്നു. ഈ ഗവൺമെന്റിന്റെ ഭരണകാലത്ത് ഞാൻ പലതവണ ബഹുമാനപ്പെട്ട മന്ത്രിക്ക് നിവേദനം നൽകി; വിഷയം പല സ്ഥലത്തും ഉന്നയിച്ചു; ഉദ്യോഗസ്ഥരെ കണ്ടു. ഈ ഐ.ടി.ഐ. താൽക്കാലികമായി സ്ഥാപിക്കുന്നതിനുവേണ്ടി വാഴക്കാട് ദാറുൽ ഉലൂം അസോസിയേഷൻ സൗജന്യമായി കെട്ടിടം വിട്ടുകൊടുക്കാൻപോലും തയ്യാറായി. അവർ എഗ്രിമെന്റ് ചെയ്ത് കത്ത് കൊടുത്തു. എന്നാൽ ഇന്നുവരെ ഐ.ടി.ഐ. തുടങ്ങാൻ യാതൊരു നീക്കവും ആരംഭിച്ചിട്ടില്ലെന്ന് മാത്രമല്ല, അന്ന് ജി.ഒ.

ആയിട്ടുള്ള ഐ.ടി.ഐ. തുടങ്ങാതിരിക്കുകയും അതിനുശേഷം മറ്റ് പല ഐ.ടി.ഐ-കളും വാടകക്കെട്ടിടത്തിലും യാതൊരു സൗകര്യവുമില്ലാത്ത കെട്ടിടത്തിൽപ്പോലും ആരംഭിക്കുകയും ചെയ്തു. ഗ്രാമപഞ്ചായത്ത് സ്ഥലം കൊടുത്ത് ഗവൺമെന്റ് ജി.ഒ. ആയി സ്പെഷ്യൽ ഓഫീസറെ നിയമിച്ചു. താൽക്കാലികമായി ഐ.ടി.ഐ. തുടങ്ങുന്നതിനാവശ്യമായ കെട്ടിടം സൗജന്യമായി വിട്ടുകൊടുക്കാൻ ഒരു അസോസിയേഷനും മുന്നോട്ടുവന്നു. എന്നിട്ടും വാഴക്കാട് ഐ.ടി.ഐ-യോട് മാത്രം ഇത്തരത്തിൽ നിഷേധാത്മക സമീപനം സ്വീകരിക്കുകയാണ്. വാഴക്കാട് ഐ.ടി.ഐ. എത്രയും പെട്ടെന്ന് ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, മലപ്പുറം ജില്ലയിലെ വാഴക്കാട് ഗ്രാമപഞ്ചായത്തിൽ ഐ.ടി.ഐ ആരംഭിക്കുന്നതിന് 21-7-2015-ലെ സ.ഉ.(എം.എസ്.)നമ്പർ 89/15 പ്രകാരം അനുമതി നല്കിയെങ്കിലും പ്രസ്തുത ഉത്തരവിൽ ട്രേഡുകളോ തസ്തികകളോ അനുവദിച്ചിരുന്നില്ല. ആയതിനാൽ ഐ.ടി.ഐ.-യുടെ പ്രവർത്തനം ആരംഭിക്കാൻ സാധിച്ചിട്ടില്ല. വാഴക്കാട് ഐ.ടി.ഐ. സ്ഥാപിക്കുന്നതിനായി കൊണ്ടോട്ടി താലൂക്കിൽ വാഴക്കാട് വില്ലേജിൽ ബ്ലോക്ക് നം.19-ൽ റീ-സർവ്വേ നം.230/1(ii)-ൽ ഉൾപ്പെട്ടതും വാഴക്കാട് ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതുമായ 0.8010 ഹെക്ടർ സ്ഥലം വ്യാവസായിക പരിശീലന വകുപ്പിന് വിട്ടുകൊടുക്കുന്നതിന് ഗ്രാമ പഞ്ചായത്തിന് അനുമതി നൽകി 5-5-2017-ലെ സ. ഉ. നമ്പർ1443/17/ തദ്ദേശ സ്വയംഭരണം, പ്രകാരം ഉത്തരവായിട്ടുണ്ട്. എന്നാൽ ഐ.ടി.ഐ. ആരംഭിക്കുന്നതിനുള്ള ട്രേഡുകൾ, തസ്തികകൾ എന്നിവ അനുവദിച്ച് ഉത്തരവാകാത്തതിനാൽ സ്ഥലം വ്യാവസായിക പരിശീലന വകുപ്പ് ഇതുവരെയും ഏറ്റെടുത്തിട്ടില്ല. ഐ.ടി.ഐ-യിൽ ട്രേഡും തസ്തികയും അനുവദിക്കുന്നതിനായി ട്രെയിനിംഗ് ഡയറക്ടർ 2015-ൽ സമർപ്പിച്ച ശിപാർശ അന്നത്തെ സാമ്പത്തിക സ്ഥിതിയിൽ പരിഗണിക്കാൻ കഴിഞ്ഞില്ല. തുടർന്ന് 2016-ൽ സമർപ്പിച്ച ശിപാർശ പ്രസ്തുത ഐ.ടി.ഐ.-ക്കായി ബഡ്ജറ്റിൽ തുക വകയിരുത്താൻ കഴിയാതെ വന്നതിനാൽ പരിഗണിക്കാനും കഴിഞ്ഞില്ല. തുടർന്നുള്ള വർഷങ്ങളിലെ ബഡ്ജറ്റിലും വാഴക്കാട് ഐ.ടി.ഐ. ആരംഭിക്കുന്ന വിഷയം ഉൾപ്പെട്ടിട്ടില്ല. ഈ വസ്തുതകളെല്ലാം പരിഗണിച്ച് വാഴക്കാട് ഐ.ടി.ഐ. ആരംഭിക്കുന്ന കാര്യം അനുകൂലമായി പരിശോധിക്കുന്നതാണ്. നിലവിൽ വാഴക്കാട് ഐ.ടി.ഐ. ആരംഭിക്കണമെന്നാവശ്യപ്പെട്ട സ്ഥലത്തുനിന്നും 12 കി. മീ. അകലത്തിൽ അരീക്കോട് സർക്കാർ ഐ.ടി.ഐ. സ്ഥിതി ചെയ്യുന്നുണ്ട്. പ്രസ്തുത ഐ.ടി.ഐ.-യിൽ 15 ട്രേഡുകളിലായി ആകെ 569 സീറ്റുകൾ നിലവിലുണ്ട്. എങ്കിലും ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച വാഴക്കാട് ഐ.ടി.ഐ. സ്ഥാപിക്കുന്നതിന് അനുകൂല നിലപാടാണ് ഗവൺമെന്റിനുള്ളത്. മറ്റ് പ്രശ്നങ്ങൾ പരിഹരിക്കുന്ന മുറയ്ക്ക് അതിനാവശ്യമായ നടപടിക്രമങ്ങൾ സ്വീകരിക്കുന്നതാണ്.

## (6) സാമ്പത്തിക ക്രമക്കേട്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, എന്റെ നിയോജകമണ്ഡലത്തിലെ പറപ്പൂർ റൂറൽ സർവ്വീസ് സഹകരണ സംഘത്തിൽ കുറേ വർഷങ്ങളായി സാമ്പത്തിക ക്രമക്കേടുകൾ നടന്നുവരികയാണ്. അവിടെ പണയം വച്ചിട്ടുള്ള ആഭരണങ്ങൾ പുറത്തുകൊണ്ടുപോയി ഷെയർ മാർക്കറ്റിൽ ഇൻവെസ്റ്റ് ചെയ്തും പണം മോഷ്ടിച്ചും കൃത്രിമ സീൽ നിർമ്മിച്ചും വ്യാജ രേഖകളുണ്ടാക്കിയും കൃത്രിമ സോഫ്റ്റ്വെയർ ഉണ്ടാക്കിയും നടത്തിക്കൊണ്ടിരിക്കുന്ന സാമ്പത്തിക ക്രമക്കേടുകളിൽ ഏതാണ്ട് 10 കോടിയോളം രൂപ ബാങ്കിനും ജനങ്ങൾക്കും നഷ്ടം വന്നിട്ടുണ്ടെന്നാണ് മനസ്സിലാക്കുന്നത്. പണയം വച്ച ആഭരണങ്ങൾ തിരിച്ചെടുക്കാൻ ചെന്നവർക്ക് അവിടെ ആഭരണങ്ങളില്ലെന്ന് മനസ്സിലായി. ഈ വിഷയത്തിൽ ഇതുവരെ കാര്യമായ നടപടികളെടുത്തിട്ടില്ല. ഇതിന്റെ ഉത്തരവാദിത്വം മുഴുവൻ അവിടത്തെ ഒരു അറ്റൻഡറുടെ തലയിൽ കെട്ടിവയ്ക്കാനുള്ള ശ്രമമാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. ഒരു അറ്റൻഡർ വിചാരിച്ചാൽ മാനേജരുടെയോ മേലുദ്യോഗസ്ഥരുടെയോ കൈവശമുള്ള താക്കോലുപയോഗിച്ച് സ്വകാര്യ മുറിയിൽനിന്നും ആഭരണങ്ങളെടുക്കാൻ സാധിക്കാത്ത സ്ഥിതിവിശേഷമുണ്ട്. ഇതൊരു അറ്റൻഡറുടെമാത്രം പ്രശ്നമല്ല, ഭരണസമിതിയിൽ ഉൾപ്പെട്ടവർക്കും മറ്റ് ഉദ്യോഗസ്ഥർക്കുമൊക്കെ ഇതിൽ പങ്കുണ്ടാകാനുള്ള സാധ്യത ധാരാളമുണ്ട്. അതുകൊണ്ട് മുഖം നോക്കാതെ സമഗ്ര അന്വേഷണം നടത്തി കുറ്റവാളികളെ ശിക്ഷിക്കാനും നഷ്ടപ്പെട്ട പണവും ആഭരണങ്ങളും തിരിച്ചെടുക്കാനും അവരിൽ നിന്നും നഷ്ടം ഈടാക്കാനും ബഹുമാനപ്പെട്ട സഹകരണവകുപ്പുമന്ത്രി മുൻകയ്യെടുത്ത് തക്കതായ നടപടി സ്വീകരിക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, മലപ്പുറം ജില്ലയിലെ പറപ്പൂർ റൂറൽ സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നം. എം.799-ൽ തിരൂരങ്ങാടി അസിസ്റ്റന്റ് രജിസ്ട്രാറുടെ നേതൃത്വത്തിൽ നടത്തിയ പരിശോധനയിൽ സംഘത്തിൽ പണയംവച്ച സ്വർണ്ണ ഉരുപ്പടികളിലും നിക്ഷേപങ്ങളിലും ഗുരുതരമായ ക്രമക്കേടുകൾ നടന്നിട്ടുള്ളതായി റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ മലപ്പുറം ജോയിന്റ് രജിസ്ട്രാർ കേരള സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണം നടത്തി ഒന്നര മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പരപ്പനങ്ങാടി യൂണിറ്റ് ഇൻസ്പെക്ടറെ ചുമതലപ്പെടുത്തി ഉത്തരവായി. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സംഘത്തിൽ നടത്തിയ പരിശോധനയിൽ സേവിംഗ്സ് ബാങ്ക് നിക്ഷേപങ്ങളിലും സ്ഥിര നിക്ഷേപങ്ങളിലും ക്രമക്കേടുകൾ നടന്നതായും സംഘം ജീവനക്കാരനായ ശ്രീ. അബ്ദുൾ ജബ്ബാർ എന്നയാളുടെ പേരിലുള്ള വ്യാജ സേവിംഗ്സ് അക്കൗണ്ടിലേക്ക് തുക വകമാറ്റിയതുവഴി 1,44,73,951 രൂപയുടെയും വിവിധ സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളിൽ മതിയായ ബാലൻസില്ലാത്ത നിക്ഷേപകരുടെ അക്കൗണ്ട് ക്ലോസ് ചെയ്ത് ടിയാന്റെ അക്കൗണ്ടിലേക്ക്

മാറ്റിയതുവഴി 1,85,78,160.25 രൂപയുൾപ്പെടെ 3,30,52,111.25 രൂപയുടെയും ക്രമക്കേടുകൾ കണ്ടെത്തിയതായി അന്വേഷണ ഉദ്യോഗസ്ഥൻ 25-4-2019-ന് സമർപ്പിച്ച ഇടക്കാല റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. ക്രമക്കേടുകളുടെ വ്യാപ്തി കണക്കിലെടുത്ത് ടി കേസിന്റെ അന്വേഷണ കാലാവധി 31-7-2019 വരെ ദീർഘിപ്പിക്കുന്നതിന് അന്വേഷണ ഉദ്യോഗസ്ഥൻ അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ആയത് പരിശോധിക്കുകയും കൂടുതൽ അന്വേഷണം ആവശ്യമാണെന്ന് ബോധ്യപ്പെട്ടതിനെത്തുടർന്ന് അപ്രകാരം സഹകരണ സംഘം രജിസ്ട്രാർ കാലാവധി ദീർഘിപ്പിച്ച് നൽകുകയും ചെയ്തു. കൂടാതെ സ്വർണ്ണ ഉരുപ്പടികളിൽ 174 പാക്കറ്റുകളിലായി 5287.30 ഗ്രാം സ്വർണ്ണം സംഘത്തിൽ നിന്നും നഷ്ടപ്പെട്ടിരുന്നു. അങ്ങനെ നഷ്ടപ്പെട്ട സ്വർണ്ണ ഉരുപ്പടികളിൽ 5 കിലോയോളം പോലീസ് കണ്ടെടുക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട താലൂക്ക് സബ് രജിസ്ട്രാർ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബാങ്ക് പ്രസിഡന്റ് വേങ്ങര പോലീസ് സ്റ്റേഷനിൽ നൽകിയ പരാതിയെത്തുടർന്ന് ക്രൈം നം. 49/19-ആയി ഒരു കേസ് രജിസ്റ്റർ ചെയ്ത് അബ്ദുൾ ജബ്ബാർ എന്നയാളിനെ അറസ്റ്റ് ചെയ്യുകയും പിന്നീട് ജാമ്യത്തിൽ വിടുകയും ചെയ്തിട്ടുണ്ട്. ടി സംഘത്തിന് നഷ്ടപ്പെട്ട സ്വർണ്ണ ഉരുപ്പടികളിൽ പോലീസ് കണ്ടെടുത്ത 5 കിലോഗ്രാം സ്വർണ്ണം മലപ്പുറം ജുഡീഷ്യൽ കോടതിയിൽ ഹാജരാക്കി. ക്രമക്കേടിന് ഉത്തരവാദിയായ ശ്രീ. അബ്ദുൾ ജബ്ബാറിനെ സംഘം ഭരണസമിതി സസ്പെൻഡ് ചെയ്തിട്ടുണ്ട്. ഇത് ഗൗരവമുള്ള പ്രശ്നം തന്നെയാണ്. ഈ വിഷയത്തിൽ ആരെല്ലാം ബന്ധപ്പെട്ടിട്ടുണ്ടോ അതിൽ ഒരാൾപോലും രക്ഷപ്പെടുമെന്ന് അങ്ങ് ധരിക്കേണ്ട; ഇക്കാര്യത്തിൽ ഗവൺമെന്റ് കർശന നിലപാട് സ്വീകരിക്കും.

## (7) ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തൽ

ശ്രീ. വി. പി. സജീന്ദ്രൻ: സർ, എന്റെ നിയോജകമണ്ഡലമായ കുന്നത്തുനാട് പുത്തൻകുരിശ് പഞ്ചായത്തിൽ അമൃതകുടീരം എന്ന സ്ഥലത്തെ 126 കുടുംബങ്ങൾക്ക് വീട് നിർമ്മിച്ചുനൽകണമെന്ന ആവശ്യമാണ് എനിക്ക് ഉന്നയിക്കാനുള്ളത്. ഇവർ കൊച്ചി നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ നടന്ന വികസനവുമായി ബന്ധപ്പെട്ട് പുനരധിവസിപ്പിക്കപ്പെട്ട കുടുംബങ്ങളാണ്. പുറമ്പോക്കിൽ താമസിച്ചിരുന്നവരും പാവപ്പെട്ടവരുമാണിവർ. GCDA (Greater Cochin Development Authority)-യുടെ ഭൂമിയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് ഈ 126 കുടുംബങ്ങൾക്കും പട്ടയം കൊടുക്കുകയുണ്ടായി. പട്ടയമില്ലാത്തതുകൊണ്ടാണ് നേരത്തെ അവർക്ക് വീട് നിർമ്മിച്ചുകൊടുക്കാൻ കഴിയാതിരുന്നത്. ഇതുമായി ബന്ധപ്പെട്ട് 4-12-2018-ൽ ഞാൻ ഒരു ചോദ്യം ചോദിച്ചതിന് "അമ്പലമേട് അമൃതകുടീരം കോളനിയിൽ പട്ടയം അനുവദിച്ചുനല്കിയ

126 കുടുംബങ്ങൾക്ക് നിലവിൽ വീടുണ്ട്. ഭൂമിയുള്ള ഭവനരഹിതരെയും ഭൂമിയില്ലാത്ത ഭവനരഹിതരെയും പരിഗണിച്ച് അവർക്ക് വീടുകൾ നിർമ്മിച്ചു നൽകാനാണ് ഇപ്പോൾ ഊന്നൽ നൽകിയിട്ടുള്ളത്" എന്നാണ് അങ്ങ് നൽകിയ മറുപടി. ക്വസ്റ്റ്യൻ എന്റെ കയ്യിലുണ്ട്; ആരാണ് ഈ റിപ്പോർട്ട് നൽകിയതെന്ന് അറിയില്ല; ഇപ്പോൾ ആര് സന്ദർശിച്ചാലും വീടുകൾ ഏറ്റവും ശോചനീയാവസ്ഥയിലാണ്, ഇങ്ങനെയൊരു വീട് എറണാകുളം ജില്ലയിൽപോലും കാണാൻ കഴിയില്ല. അന്ന് അമൃതാനന്ദമയി മഠത്തിൽ ആരെയോകൊണ്ട് സ്പോൺസർ ചെയ്യിപ്പിച്ച് താൽക്കാലികമായി നിർമ്മിച്ച വീടുകളാണ്. മഴ പെയ്യുമ്പോൾ ചോരും. അതുകൂടാതെ യാതൊരു സുരക്ഷിതത്വവുമില്ല. എപ്പോൾ വേണമെങ്കിലും ഇടിഞ്ഞുവീഴാമെന്ന അവസ്ഥയിൽ കിടക്കുകയാണ്. അതുകൊണ്ട് ഒന്നുകിൽ സർക്കാരിന്റെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ഇവർക്ക് വീട് നിർമ്മിച്ചു കൊടുക്കണം; അല്ലെങ്കിൽ സി.ആർ.ഇസഡ്. പ്രയോജനപ്പെടുത്തണം. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് ഒരു എഗ്രിമെന്റ് ഒപ്പിടുന്നതിനുവേണ്ടി മസ്കറ്റ് ഹോട്ടലിൽ BPCL (Bharat Petroleum Corporation Limited) ചെയർമാൻ വന്നപ്പോൾ അവരുടെ ഫണ്ടിൽനിന്നും ഇവർക്ക് വീട് നിർമ്മിച്ച് നൽകണമെന്ന് പറഞ്ഞ് അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി ഒരു റിക്വസ്റ്റ് കൊടുത്തിരുന്നെങ്കിലും അതിൽ ഒരു നടപടിയും ഉണ്ടായിട്ടില്ല. ഏതെങ്കിലും ഫണ്ട് മതി, ഒന്നുകിൽ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തണം അല്ലെങ്കിൽ റിഫൈനറിയോട് ഗവൺമെന്റ് ഒന്നുകൂടി ആവശ്യപ്പെടണം. അവിടെയുള്ള 126 കുടുംബങ്ങൾക്കും താമസിക്കാൻ അനുയോജ്യമായ വീട് നിർമ്മിച്ചുകൊടുക്കാൻ അങ്ങ് മുൻകയ്യെടുക്കണമെന്ന് ആവശ്യപ്പെടുകയാണ്.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിലെ 13-ാം വാർഡിലുൾപ്പെട്ട അമൃതകുടീരം കോളനിയിൽ വിവിധഘട്ടങ്ങളിൽ കുടിയൊഴിപ്പിക്കപ്പെട്ട 124 കുടുംബങ്ങൾക്ക് അമൃതാനന്ദമയി മഠത്തിന്റെ ആഭിമുഖ്യത്തിൽ വീട് നിർമ്മിച്ച് നൽകിയിരുന്നു. ഇതിൽ 36 പേർ പട്ടികജാതി വിഭാഗത്തിലുള്ളവരും 88 പേർ ജനറൽ വിഭാഗത്തിലുള്ളവരുമാണ്. ഇവർക്ക് 1.85 സെന്റ് സ്ഥലം വീതം ജി.സി.ഡി.എ. ആധാരം ചെയ്ത് നൽകിയിട്ടുള്ളതാണ്. 15 വർഷംമുമ്പ് നിർമ്മിച്ച ഈ വീടുകൾ പലതും പൊട്ടിപ്പൊളിഞ്ഞ് ചോർന്നൊലിച്ച് വാസയോഗ്യമല്ലാത്ത അവസ്ഥയിലാണ്. മാത്രമല്ല വൃത്തിഹീനവും പൊതു ശൗചാലയങ്ങൾ മിക്കതും ഉപയോഗശൂന്യമായ അവസ്ഥയിലുമാണ്. 2017-ലാണ് ലൈഫ് പദ്ധതിപ്രകാരം

ഭവനരഹിതരായ കുടുംബങ്ങളെ കുടുംബശ്രീ മുഖേനയുള്ള സർവ്വേയിലൂടെ കണ്ടെത്തിയത്. സ്വന്തമായി വീടില്ലാത്ത, റേഷൻ കാർഡിൽ പേരുള്ള കുടുംബത്തിന് ഒരു വീടെന്നതാണ് ലൈഫ് മിഷൻ ഭവന പദ്ധതിയുടെ പ്രധാന മാനദണ്ഡം. ഇതുപ്രകാരം വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിലെ 54 ഭവന രഹിത കുടുംബങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്. സ്വന്തമായി വീടുണ്ട് എന്നതിനാൽ വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിലെ അമൃതകുടീരം കോളനിയിലുള്ളവർക്ക് ലൈഫ് ഭവന പദ്ധതിപ്രകാരം വീട് നൽകാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. ഇപ്പോൾ ടി കോളനിയിൽ സ്ഥിരതാമസമുള്ള 96 കുടുംബങ്ങളെ കേന്ദ്രാവിഷ്കൃത പദ്ധതിയായ പി.എം.എ.വൈ. ഗ്രാമീൺ പദ്ധതിയിലുൾപ്പെടുത്തുന്നതിനായി അവരുടെ വിവരങ്ങൾ ടാഗ് ചെയ്ത് അപ്‌ലോഡ് ചെയ്തിട്ടുണ്ട്. 02.02.2018-ലെ സർക്കാർ ഉത്തരവുപ്രകാരം TRIDA, G.C.D.A., Goshree Islands Development Authority എന്നിവയുടെ നോട്ടിഫൈഡ് പ്ലാനിംഗ് ഏരിയയിലുൾപ്പെട്ട പഞ്ചായത്തുകളെക്കൂടി പി.എം.എ.വൈ. നഗരം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പി.എം.എ.വൈ. ഗ്രാമീൺ പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ലാത്ത അമൃതകുടീരം കോളനി നിവാസികളെ പി.എം.എ.വൈ. നഗരം പദ്ധതിയിൽ ഉൾപ്പെടുത്താനാകുമോ എന്ന് പരിശോധിച്ചുവരികയാണ്. അങ്ങ് പറഞ്ഞ കൊച്ചിൻ റിഫൈനറിയുടെ സി.ആർ.ഇസഡ്. പ്രയോജനപ്പെടുത്തുന്ന കാര്യവും ആലോചിക്കാവുന്നതാണ്.

## (8) ഉച്ചഭക്ഷണം ലഭ്യമാക്കൽ

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, ജാതി-മത-ലിംഗ-വർണ്ണ-വർഗ്ഗ വിവേചനമില്ലാതെ സാമൂഹ്യപരവും ആരോഗ്യപരവും വിദ്യാഭ്യാസപരവുമായി മുന്നോക്കം നിൽക്കുന്ന തലമുറയെ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിവരുന്ന പദ്ധതിയാണ് സ്കൂൾ ഉച്ചഭക്ഷണ പരിപാടി. ഇപ്പോൾ ഒന്നു മുതൽ എട്ടുവരെ ക്ലാസ്സുകൾക്കാണ് ഈ പരിപാടി നടപ്പിലാക്കുന്നത്. ഈ പദ്ധതിയുടെ ലക്ഷ്യം അക്ഷരാർത്ഥത്തിൽ നിറവേറ്റണമെങ്കിൽ ഹയർ സെക്കണ്ടറിതലംവരെ ഇത് നടപ്പിൽവരുത്തേണ്ടതുണ്ട്. ഹൈസ്കൂൾ-ഹയർ സെക്കണ്ടറി ലയനം നടപ്പിൽ വരുന്നതോടുകൂടി സംസ്ഥാനത്തെ പ്ലസ് ടു വരെയുള്ള വിദ്യാർത്ഥികൾ ഒരു കുടക്കീഴിലാവുകയാണ്. ആദിവാസികൾ, പട്ടികജാതിക്കാർ, മത്സ്യത്തൊഴിലാളികൾ, മറ്റ് പിന്നോക്ക വിഭാഗക്കാർ തുടങ്ങിയവരുടെ മക്കൾക്ക് യഥാവിധി പോഷകാഹാരം നൽകുകയെന്നത് നമ്മുടെ സർക്കാരിന്റെ ഉത്തരവാദിത്വമാണ്. ആർട്ടിക്കിൾ 21 ഇക്കാര്യം നമ്മെ ഓർമ്മിപ്പിക്കുന്നുമുണ്ട്.

ലഭ്യമായ കണക്കുപ്രകാരം എൽ.പി. വിഭാഗത്തിൽ പഠനം നടത്തുന്ന 95 ശതമാനം കുട്ടികളും യു.പി. വിഭാഗത്തിൽ 87 ശതമാനം കുട്ടികളും ഈ പദ്ധതിയുടെ ഗുണഭോക്താക്കളാണ്. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കൂടുതൽ കാര്യക്ഷമമായാണ് ഉച്ചഭക്ഷണ പരിപാടി നമ്മുടെ സംസ്ഥാനം നടപ്പിലാക്കുന്നതെങ്കിലും ഒൻപത്, പത്ത്, പതിനൊന്ന്, പന്ത്രണ്ട് ക്ലാസ്സുകളിലേക്ക് വ്യാപിപ്പിക്കാത്തത് ഒരു പോരായ്മയാണ്. ഒൻപതും പത്തും ക്ലാസ്സിലെ വിദ്യാർത്ഥികൾ അനൗദ്യോഗികമായി പല വിദ്യാലയങ്ങളിലും ഉച്ചഭക്ഷണത്തിൽ പങ്കുകൊള്ളുന്നുവെന്നത് ഒരു യാഥാർത്ഥ്യവുമാണ്. ഉയർന്ന ക്ലാസ്സുകളിലെ വിദ്യാർത്ഥികൾ ഇല്ലായ്മകൾ തുറന്നുപറയാൻ മടികാണിക്കുന്നവരാണ്. ഇവർ കൊണ്ടുവരുന്ന ഭക്ഷണം പലപ്പോഴും പോഷകഘടകങ്ങൾ തീരെ കുറഞ്ഞതുമാണ്. ഐക്യരാഷ്ട്രസഭ നിർദ്ദേശിക്കുന്ന ആരോഗ്യ നിലവാരം നമ്മുടെ ഭൂരിഭാഗം കുട്ടികൾക്കും ഇല്ലെന്നുതന്നെയാണ് വിവിധ പഠനങ്ങൾ സൂചിപ്പിക്കുന്നത്. പ്രായത്തിനൊത്ത തൂക്കം, രക്തത്തിലെ ഹീമോഗ്ലോബിന്റെ അളവ്, ഉയരം എന്നിവയെല്ലാം നമ്മുടെ കുട്ടികൾക്ക് കുറവാണെന്നതിൽ ആർക്കും സംശയമില്ല. അവരുടെ പഠനത്തിന്റെ പിന്നോക്കാവസ്ഥയുടെ കാരണം അന്വേഷിച്ചാൽ ഭക്ഷണത്തിന്റെയും പോഷകാഹാരത്തിന്റെയും അപര്യാപ്തതയാണെന്ന് ബോധ്യപ്പെടും. ഭക്ഷണത്തിലുള്ള അസമത്വം വിദ്യാലയങ്ങളിലെങ്കിലും ഒരുപരിധിവരെ അവസാനിപ്പിക്കുവാൻ സാധിക്കേണ്ടതാണ്. ഓരോ വിദ്യാർത്ഥിക്കും അവരുടെ സർഗ്ഗാത്മക കഴിവുകൾ പരമാവധി പുറത്തെടുക്കാനുള്ള സാഹചര്യം എല്ലാ അർത്ഥത്തിലും നമ്മുടെ വിദ്യാലയങ്ങളിൽ സൃഷ്ടിക്കപ്പെടേണ്ടതുണ്ട്. ആയതിനാൽ ഒൻപത്, പത്ത്, പതിനൊന്ന്, പന്ത്രണ്ട് ക്ലാസ്സുകളിലേക്കുകൂടി വിദ്യാലയങ്ങളിലെ ഉച്ചഭക്ഷണ പരിപാടി വ്യാപിപ്പിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, കേന്ദ്രാവിഷ്കൃത പദ്ധതിയായ സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിൽ ഒന്നുമുതൽ എട്ടുവരെ ക്ലാസ്സുകളിലുള്ള വിദ്യാർത്ഥികളാണ് ഗുണഭോക്താക്കൾ. ഇവർക്കുള്ള അരിക്കുപുറമേ പാചകച്ചെലവിന്റെ 60 ശതമാനവും കേന്ദ്ര സർക്കാരാണ് സംസ്ഥാനങ്ങൾക്ക് അനുവദിക്കുന്നത്. സംസ്ഥാനത്ത് പ്രീ-പ്രൈമറി മുതൽ എട്ടാം ക്ലാസ്സുവരെയുള്ള വിദ്യാർത്ഥികളെ ഉച്ചഭക്ഷണ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തി വിഭവസമൃദ്ധമായ ഭക്ഷണവും ആഴ്ചയിൽ രണ്ട് ദിവസം പാലും ഒരു ദിവസം മുട്ടയും നൽകിവരുന്നു. കേന്ദ്ര പദ്ധതിയിൽ ഉൾപ്പെടാത്ത ഒൻപത്, പത്ത്, പതിനൊന്ന്, പന്ത്രണ്ട് ക്ലാസ്സുകളിലെ കുട്ടികൾക്കുകൂടി ഉച്ചഭക്ഷണം നൽകണമെന്നുണ്ടെങ്കിൽ ആവശ്യമായ സാമ്പത്തിക ബാധ്യതയെക്കുറിച്ച് വിശദമായ പഠനം ആവശ്യമാണ്. അത് നടത്തിവരികയാണ്.

## (9) കാട്ടാനശല്യം

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, കാട്ടാന കയറി മേഞ്ഞതിന്റെ ഫലമായി എന്റെ നിയോജകമണ്ഡലമായ പെരുമ്പാവൂർ "കാട്ടാന മേഞ്ഞ കരിമ്പിൻതോട്ടം പോലെ" ആയി. പെരുമ്പാവൂരിൽ കോടനാട് മുതൽ പാണംകുഴിവരെയുള്ള മേഖല ഭയങ്കര കാടാണ്; മലയാറ്റൂർ ഫോറസ്റ്റിന്റെ ഭാഗമാണത്. കഴിഞ്ഞ ദിവസം അവിടത്തെ ജനവാസ കേന്ദ്രങ്ങളിൽ കാട്ടാനകൾ കൂട്ടമായി വന്ന് കൃഷിയെല്ലാം നശിപ്പിച്ചു. ഇന്നലെ പതിനൊന്നോളം കാട്ടാനകൾ പെരിയാറിനപ്പുറമുള്ള വെമ്പൂരംതുരുത്തിൽ നിന്നുവന്ന് കൃഷിയിടങ്ങളെല്ലാം നശിപ്പിച്ചു. ജനങ്ങൾ വളരെ പരിഭ്രാന്തിയിലാണ്. ഒരു കാട്ടാന ദിവസം 30 കിലോമീറ്റർ സഞ്ചരിക്കും. അതിന് 250 കിലോയോളം ഭക്ഷണം ആവശ്യമാണ്. ഭക്ഷണം തേടി കാട്ടാനകൾ നാട്ടിൽവന്ന് ഇവിടെയുള്ള വാഴ, പന, തെങ്ങ്, കമുക്, പൈനാപ്പിൾ, പ്ലാവ് എന്നിവയെല്ലാം നശിപ്പിക്കുകയാണ്. രണ്ട് വർഷം മുമ്പ് മുൻപഞ്ചായത്ത് മെമ്പർ ജോൺ എബ്രഹാം കാട്ടാനയുടെ ആക്രമണത്തിൽ മരിച്ച സമയത്ത് അങ്ങ് അവിടെ എത്തിയതുമാണ്. രൂക്ഷമായ പ്രശ്നം അവിടെ നിലനിൽക്കുകയാണ്. ഒരാന രാത്രിയിൽ 30 കിലോമീറ്റർ സഞ്ചരിക്കുമെങ്കിൽ അധികം താമസിക്കാതെ എട്ട് കിലോമീറ്റർ അപ്പുറമുള്ള പെരുമ്പാവൂർ ടൗണിലേക്കും വരും. ഇക്കാര്യത്തിൽ നടപടികളൊന്നും വേണ്ടരീതിയിൽ എടുത്തിട്ടില്ല. കുറേ സ്ഥലങ്ങളിൽ ഫെൻസിംഗ് ഇട്ടിട്ടുണ്ടെങ്കിലും പൂർണ്ണമായി നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. ഈ സന്ദർഭത്തിൽ അതിനുവേണ്ട നടപടിയുണ്ടാകണം. വനംവകുപ്പ് മലയാറ്റൂർ ഫോറസ്റ്റ് ഡിവിഷൻ കേന്ദ്രമാക്കി ആർ.ആർ.ടി (Rapid response Team) രൂപീകരിക്കുകയാണെങ്കിൽ ഏറ്റവും പ്രയോജനപ്രദമാകും. എന്റെ മണ്ഡലത്തിൽ മാത്രമല്ല, ശ്രീ. റോജി എം. ജോണിന്റെ മണ്ഡലമായ അങ്കമാലിയിലെ ഇല്ലിത്തോട്-മുളംകുഴി പ്രദേശത്തും ശ്രീ. കെ. എസ്. ശബരീനാഥന്റെ മണ്ഡലത്തിലെ കല്ലാറിലും ഇതേ പ്രശ്നം നിലനിൽക്കുകയാണ്. അടിയന്തരമായി ഇക്കാര്യത്തിൽ ഒരു തീരുമാനമെടുക്കണം. അതുമാത്രമല്ല, പാണംകുഴിയിൽ ഒരു ബീറ്റ് ഫോറസ്റ്റ് ഓഫീസുണ്ട്. അവിടെ ഒരു ഉദ്യോഗസ്ഥനും തിരിഞ്ഞുനോക്കുന്നില്ല. അവർ ഒരു നടപടിയുമെടുക്കുന്നില്ല. ആവശ്യമുള്ള ഫോറസ്റ്റ് ഗാർഡുകളെ അവിടെ നിയമിക്കണം. വളരെ രൂക്ഷമായ പ്രതിസന്ധിയാണ് ആ ഭാഗത്തുള്ളത്. അങ്ങ് ഇക്കാര്യത്തിൽ അനുഭാവപൂർണ്ണമായ നടപടിയെടുത്ത് ജനങ്ങളുടെ ആവലാതിയും ദുഃഖവും ഒഴിവാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, മലയാറ്റൂർ ഡിവിഷനിൽ കോടനാട് റേഞ്ചിൽ പാണംകുഴി ഭാഗത്ത് കഴിഞ്ഞ രണ്ട് ദിവസമായി പെരിയാറിന്റെ വലതുകരയിലുള്ള വനഭൂമിയായ പെരുന്തോട്, വെമ്പൂരം ദ്വീപ് എന്നിവിടങ്ങളിൽനിന്ന് ആന പുഴ നീന്തിക്കടന്ന് പാണംകുഴിയിലെ ജനവാസ കേന്ദ്രത്തിലേക്കിറങ്ങുകയും കൃഷി നശിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

20 ഹെക്ടറോളം വരുന്ന ഈ പ്രദേശത്ത് 12 കോളനികളിലായി നിരവധിപേർ താമസമുണ്ട്. പലപ്പോഴും ആനകൾ ഈ ഭാഗത്ത് ഇറങ്ങിനിൽക്കുന്ന സാഹചര്യമുണ്ടാകാറുണ്ട്. ആനകളെ കാട്ടിനുള്ളിലേക്ക് കടത്തിവിട്ടാലുടൻ വേലികെട്ടി അതിനപ്പുറത്തുതന്നെ നിർത്തുകയെന്നത് വളരെ ബുദ്ധിമുട്ടുള്ള സംഗതിയാണ്. അല്ലെങ്കിൽ അവ വീണ്ടും ആ ഭാഗത്തേക്ക് കടന്നുകയറി നിലയുറപ്പിക്കും. പലപ്പോഴും വനപാലകർ ആനകളെ കാട്ടിനുള്ളിലേക്ക് മടക്കി അയയ്ക്കുമെങ്കിലും അവ പുഴയിലിറങ്ങി നിൽക്കുകയോ വനത്തിൽ പ്രവേശിച്ചശേഷം ഉടനെ മടങ്ങിവരികയോ ചെയ്യും. അവിടെ വന്നുവെന്ന് അങ്ങ് ഇവിടെ സൂചിപ്പിച്ച ആനകളെ മടക്കി അയച്ചിട്ടുണ്ട്. ഇന്നലെ ബഹുമാനപ്പെട്ട അംഗം എന്നോട് ഈ വിഷയം പറഞ്ഞ സമയത്തുതന്നെ അവ മടങ്ങിവരുന്നത് തടയുന്നതിനായി കൂടുതൽ ആർ.ആർ. ടീമിനെയും പ്രത്യേക സ്ക്വാഡിനേയും അവിടെ നിയോഗിക്കാൻ ചീഫ് വൈൽഡ് ലൈഫ് വാർഡന് ഉത്തരവ് നൽകിയിട്ടുണ്ട്. വനഭൂമിയുടെ അതിർത്തിയിൽ വേലികെട്ടിയാൽ ആനകൾക്ക് പുഴയിലിറങ്ങി വെള്ളം കുടിക്കാൻ തടസ്സമുണ്ടാകും. മാത്രമല്ല, മറുഭാഗത്തുകൂടി അവ ഇവിടേക്ക് എത്തുകയും പുഴയുടെ ഇടതുകര സ്വകാര്യഭൂമിയായതിനാൽ വേലികെട്ടിത്തിരിക്കുന്നതിന് പ്രായോഗിക തടസ്സം ഉണ്ടായിട്ടുണ്ടെന്നുള്ളത് ശരിയാണ്. അത് അങ്ങേക്കും അറിയാവുന്നതാണ്. എന്നിരുന്നാലും പ്രാദേശികവാസികളുമായി ആലോചിച്ച് ആ പ്രദേശത്ത് ആന ഇറങ്ങാതെ സൗരോർജ്ജവേലി ഉൾപ്പെടെ അടിന്തരമായി എല്ലാ പ്രതിരോധ നടപടികളും സ്വീകരിക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. മലയാറ്റൂർ ഡി.എഫ്.ഒ.-യോട് സ്ഥലം സന്ദർശിക്കാനും ആവശ്യമായ നടപടി സ്വീകരിക്കാനും ഇന്നലെ ഫോണിൽ പ്രത്യേകം നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം ഓൺലൈൻ വഴി ഉടനടി നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത മേഖലകളിൽ കാട്ടാനകൾ വീണ്ടും ഇറങ്ങുന്നുണ്ടോ എന്ന് പരിശോധിക്കാൻ സ്പെഷ്യൽ ഫോറസ്റ്റ് പ്രൊട്ടക്ഷൻ ഫോഴ്സിനെ വിന്യസിക്കാനും 24 മണിക്കൂറും നിരീക്ഷണം ശക്തമാക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്.

## (10) കെ.എസ്.ഇ.ബി.എൽ. സബ്സ്റ്റേഷൻ

ശ്രീ. ഡി. കെ. മുരളി: സർ, വാമനപുരം നിയോജകമണ്ഡലത്തിലെ കെ.എസ്.ഇ.ബി.എൽ. കല്ലറ സെക്ഷൻ ഓഫീസിന്റെ പരിധിയിൽ കടുത്ത വോൾട്ടേജ് ക്ഷാമമാണ് അനുഭവിക്കുന്നത്. അവിടെയൊരു 33 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുവേണ്ടിയാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. ഈ സെക്ഷനിൽ ഇരുപത്തയ്യായിരത്തോളം വരുന്ന ഉപഭോക്താക്കളുണ്ട്. സെക്ഷന്റെ വിസ്തീർണ്ണം 200 സ്ക്വയർ കിലോമീറ്ററാണ്. 180 കിലോമീറ്റർ 11 കിലോ വാൾട്ട് ലൈനും 700 കിലോമീറ്റർ ലോ ടെൻഷൻ ലൈനുകളും 105 ട്രാൻസ്ഫോമറുകളുമുണ്ട്. നിലവിൽ കല്ലറ പാങ്ങോട് പഞ്ചായത്ത് പ്രദേശങ്ങളിൽ വൈദ്യുതി വിതരണം നടത്തുന്നത് കിളിമാനൂർ, പാലോട് സബ്സ്റ്റേഷനുകളിൽ

നിന്നുമാണ്. ഇവിടേക്ക് ദൂരം വളരെ കൂടുതലും പ്രസരണ നഷ്ടം ഏറെയുമാണ്. ഈ പ്രദേശങ്ങളിൽ 11 കെ.വി. വോൾട്ടേജ് വേണ്ടിടത്ത് 9.5 കെ.വി.-യും 405 വോൾട്ട് വേണ്ടിടത്ത് 370 വോൾട്ടും 250 വേണ്ടിടത്ത് 180-190 വരെ വോൾട്ടും മാത്രമാണ് ലഭിക്കുന്നത്. ഈ സ്ഥിതി തുടർന്നാൽ ഏതാനും മാസങ്ങൾക്കുള്ളിൽ ഈ പ്രദേശം വളരെ രൂക്ഷമായ വോൾട്ടേജ് ക്ഷാമത്തിന്റെ പിടിയിലാകുമെന്നത് സംശയമില്ലാത്ത കാര്യമാണ്. അതുകൊണ്ടാണ് ഇതിനൊരു പരിഹാരമാർഗ്ഗമായി 33 കെ.വി സബ്സ്റ്റേഷൻ അവിടെ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നത്. ഇതിനുവേണ്ടി പഞ്ചായത്ത് മൃഗസംരക്ഷണ വകുപ്പിന്റെ ഉപയോഗശൂന്യമായി കിടക്കുന്ന ഒരു കെട്ടിടം വിട്ടുനൽകാൻ അനുവാദം ചോദിച്ചിരുന്നു. പക്ഷേ, മൃഗസംരക്ഷണ വകുപ്പിൽനിന്നും അനുവാദം കിട്ടാത്തതിന്റെ തടസ്സമുണ്ട്. വകുപ്പിന്റെ ചുമതലയുള്ള മന്ത്രിതന്നെ മുൻകയ്യെടുത്ത് മൃഗസംരക്ഷണ വകുപ്പുമായി ചർച്ച നടത്തിയാൽ ഈ സ്ഥലം വിട്ടുകിട്ടാനുള്ള നടപടി ത്വരിതപ്പെടുത്താനാകും. ഒരു സബ്സ്റ്റേഷൻ വന്നാൽ മാത്രമേ വോൾട്ടേജ് ക്ഷാമത്തിന് പരിഹാരം കാണാൻ സാധിക്കുകയുള്ളൂ. ആയതിന് സത്വര നടപടി സ്വീകരിക്കണം.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ, നിലവിൽ കല്ലറയിലും പ്രാന്തപ്രദേശങ്ങളിലും വൈദ്യുതി വിതരണം സാധ്യമാകുന്നത് കിളിമാനൂർ, പാലോട് മുതലായ സബ്സ്റ്റേഷനുകളിൽ നിന്ന് വലിച്ചിട്ടുള്ള ദൈർഘ്യമേറിയ 11 കെ.വി. ലൈനുകളിൽ കൂടിയാണ്. അതിനാൽ വേനൽക്കാലങ്ങളിലും ആവശ്യകത ഏറ്റവും കൂടുതലുള്ള സമയങ്ങളിലും രൂക്ഷമായ വോൾട്ടേജ് ക്ഷാമവും വൈദ്യുതി മുടക്കവും അനുഭവപ്പെടാറുണ്ട്. ഇതിന് ശാശ്വത പരിഹാരമെന്ന നിലയിൽ കല്ലറയിൽ ഒരു 33 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുക എന്നുള്ളത് ബോർഡിന്റെ സജീവ പരിഗണനയിലുള്ള വിഷയമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ കിളിമാനൂർ 110 കെ.വി. സബ്സ്റ്റേഷനിൽനിന്നും ലൈൻ വലിച്ച് കല്ലറയ്ക്ക് സമീപം മേത്തുരിൽ ഒരു 33 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുവാൻ പദ്ധതിയിടുകയും അതനുസരിച്ച് ആവശ്യമായ സാങ്കേതിക പഠനം നടത്തുകയും ചെയ്തു. പ്രസ്തുത സാങ്കേതിക പഠനത്തിന്റെ അടിസ്ഥാനത്തിൽ ഇതിനായി 8 കോടി രൂപയുടെ പ്രാഥമിക എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തു. എന്നാൽ സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം കണ്ടെത്താൻ കഴിയാത്തതിനാൽ ഗ്രാമപഞ്ചായത്തിനെ സമീപിക്കുകയും നേരത്തേ മൃഗാശുപത്രി സ്ഥാപിക്കുവാനായി മൃഗസംരക്ഷണ വകുപ്പിന് നൽകിയിരുന്ന ഏകദേശം 30 സെന്റ് സ്ഥലം നൽകാമെന്ന് അവർ സമ്മതിക്കുകയും ചെയ്തു. മൃഗാശുപത്രി മറ്റൊരു സ്ഥലത്ത് സ്ഥാപിച്ചതിനാൽ ഈ സ്ഥലം ഇപ്പോൾ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ ഉപയോഗശൂന്യമായി കിടക്കുകയാണ്. ഈ സ്ഥലം പഞ്ചായത്ത് തിരിച്ചെടുത്ത് കെ.എസ്.ഇ.ബി.എൽ.-ന് നൽകിയാൽ എത്രയും പെട്ടെന്ന് സബ്സ്റ്റേഷൻ പണി തുടങ്ങുവാൻ കഴിയും. അതിനുള്ള നടപടി പഞ്ചായത്തിൽ നിന്നുണ്ടാകണം.

# V ക്രമപ്രശ്നം

## സമ്മേളന ദിവസങ്ങളിൽ യോഗം ചേരുന്നത് സംബന്ധിച്ച്

ശ്രീ. പി. സി. ജോർജ്: സർ, സംസ്ഥാനത്ത് നിയമസഭാ സമ്മേളനം നടന്നുകൊണ്ടിരിക്കുമ്പോൾ എം.എൽ.എ-മാർ പങ്കെടുക്കേണ്ട സമിതികൾ ചേരാൻ പാടില്ലെന്നത് എത്രയോ കൊല്ലമായി നിലനിൽക്കുന്ന തത്വമാണ്. പക്ഷേ, അതിന് വിരുദ്ധമായി ഈയടുത്ത കാലത്ത് എം.എൽ.എ-മാർ നിർബന്ധമായി പങ്കെടുക്കേണ്ട പല കമ്മിറ്റികളും ഒരു മടിയും കൂടാതെ ഉദ്യോഗസ്ഥർ വിളിക്കുന്നുവെന്നത് ഖേദകരമായ സംഭവമാണ്. അതുമാത്രമല്ല, പല ഉദ്ഘാടനങ്ങളും എം.എൽ.എ-മാർ അറിയാറുമില്ല. നിയമസഭാ സമ്മേളനം നടന്നുകൊണ്ടിരിക്കുകയാണ്. പ്രത്യേകിച്ച്, ഡിസ്ട്രിക്ട് ലെവൽ റിവ്യൂ കമ്മിറ്റി നടക്കുകയാണ്. സ്റ്റേറ്റ് ബാങ്കാണ് ഏറ്റവും മോശമായ പെരുമാറ്റം നടത്തുന്നത്. ബാർ ഹോട്ടലുകളിലൊക്കെയാണ് അവർ യോഗം നടത്തുന്നത്. അവിടെ പോയി ഇരുന്നുകൊള്ളണമെന്നതാണ് അവരുടെ ഉദ്ദേശ്യം. പാവപ്പെട്ട വിദ്യാർത്ഥികളുടെയും കർഷകരുടെയും ലോൺ അനുവദിക്കേണ്ട കമ്മിറ്റികൾ ബാർ ഹോട്ടലിൽ കൂടിയശേഷം അതിന്റെ ചെലവും പാവങ്ങളുടെ തലയിൽ കെട്ടിവയ്ക്കുന്നത് മര്യാദയാണോ? നിയമസഭാ സമ്മേളനം നടക്കുമ്പോൾ ഒരു കാരണവശാലും എം.എൽ.എ.-മാർ പങ്കെടുക്കേണ്ടതായ ഡി.ഡി.സി. ഉൾപ്പെടെയുള്ള ഒരു കമ്മിറ്റിയും യോഗം ചേരാൻ പാടില്ലെന്ന് അങ്ങ് റൂൾ ചെയ്യണം. കാലങ്ങളായി അനുവർത്തിക്കുന്ന നിയമമാണ്. അങ്ങ് ശക്തമായ റൂളിംഗ് നൽകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗം അവതരിപ്പിച്ച വിഷയം വളരെ പ്രസക്തമാണ്. ശ്രീ. കെ. വി. അബ്ദുൾഖാദറും അതേ കാര്യംതന്നെ എഴുതി നൽകിയിട്ടുണ്ട്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, ശ്രീ. പി. സി. ജോർജ് പറഞ്ഞ പ്രശ്നം ഞാൻ അങ്ങേയ്ക്ക് എഴുതി നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട സ്പീക്കർ നേരത്തെ ഈ വിഷയത്തിൽ സഭയിൽ റൂളിംഗ് നൽകിയിട്ടുള്ളതാണ്. പക്ഷേ, അത് ലംഘിച്ചുകൊണ്ട് ഒരു മടിയുമില്ലാതെ ഉദ്യോഗസ്ഥർ യോഗം വിളിക്കുകയാണ്. ഇതിൽ കർശനമായി ഇടപെടണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

## റൂളിംഗ്

മി. സ്പീക്കർ: ശ്രീ. കെ. വി. അബ്ദുൾ ഖാദർ എഴുതി നൽകിയ പരാതിയിന്മേൽ അപ്പോൾത്തന്നെ നിർദ്ദേശവും നൽകിയിട്ടുണ്ട്. അത് മാറ്റിവയ്ക്കാൻ

ആവശ്യപ്പെട്ടിട്ടുണ്ട്. നിയമസഭാ സമ്മേളനം ചേർന്നു കൊണ്ടിരിക്കുമ്പോൾ എം.എൽ.എ.-മാർ പങ്കെടുക്കുന്ന യോഗം വിളിക്കുന്നത് സഭയോടുള്ള അവഹേളനമായിത്തന്നെ കണക്കാക്കാവുന്നതാണ്. അത്തരം നടപടികൾ സ്വീകരിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാകണം. അത് സഭയുടെ അവകാശ ലംഘനമായി പരിഗണിക്കുമെന്ന് ചെയർ അറിയിക്കുകയാണ്. ഒരു കാരണവശാലും ഇത് അംഗീകരിക്കാൻ കഴിയില്ല. ഇത് തുടരാൻ പാടില്ലെന്ന് റൂൾ ചെയ്യുന്നു. ചെയറിന്റെ ശ്രദ്ധയിൽപ്പെടുന്ന സന്ദർഭങ്ങളിലെല്ലാം ഇടപെടാറുണ്ട്. സ്പെസിഫിക്കായുള്ള കാര്യങ്ങൾ ചെയറിന് നൽകിയാൽ മതിയാകും.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് റൂൾ ചെയ്തത് 100 ശതമാനം കറക്ടാണ്. എന്റെ ഓർമ്മ ശരിയാണെങ്കിൽ നാലോ അഞ്ചോ സ്പീക്കർമാർ ഇതുപോലെ റൂൾ ചെയ്തിട്ടുണ്ട്. അത് നമ്മുടെ റെക്കോർഡിലുണ്ട്. ഗവൺമെന്റിനോട് ആവശ്യപ്പെട്ട് ഇതുസംബന്ധിച്ച് ഓർഡർ ഇറക്കാൻ പറയണം.

മി. സ്പീക്കർ: ഗവൺമെന്റ് കർശനമായി നടപടി സ്വീകരിക്കണമെന്നാണ് പറഞ്ഞത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഗവൺമെന്റ് ഓർഡർ താഴെ തലത്തിൽ പോയി ഡിപ്പാർട്ടുമെന്റ് ഹെഡ്ഡിന് നിർദ്ദേശം കൊടുത്ത് അത് താഴോട്ട് പോകണം. നിർദ്ദേശം നൽകിയാൽ കൃത്യതയോടുകൂടി പാലിക്കണം.

മി. സ്പീക്കർ: അതിനുള്ള സംവിധാനമുണ്ടാകും.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, നിയമസഭാംഗത്തിന്റെ പ്രിവിലേജ് ലംഘിക്കുന്നവരെ സ്പീക്കർക്ക് സമൺ ചെയ്തുകൂടേ?

മി. സ്പീക്കർ: പ്രിവിലേജ് പ്രശ്നമായി കണക്കാക്കുമെന്നല്ലേ പറഞ്ഞത്; അതിന് മുകളിൽ ഒരു ഡിബേറ്റ് എന്തിനാണ്?

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, പക്ഷേ സമൺ ചെയ്യുന്നില്ല.

മി. സ്പീക്കർ: ഇവിടെ പരാതി നൽകിയിട്ടുള്ള എല്ലാ അംഗങ്ങൾക്കുമറിയാം. പരാതിയിന്മേൽ ഇടപെട്ടിട്ടുണ്ട്. ഉടൻതന്നെ കൃത്യമായി നിർത്തിവയ്ക്കുകയും കൃത്യമായി സമൺ ചെയ്യാറുമുണ്ട്. അക്കാര്യം ഇതിനുമുമ്പ് പരാതി ഉന്നയിച്ച ഏത് അംഗത്തിനുമറിയാം. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ ഉൾപ്പെടെ അറിയാം. അത്തരം പരാതികൾ ഉന്നയിക്കുന്ന സന്ദർഭങ്ങളിലെല്ലാം അതിലിടപെട്ടിട്ടുണ്ട്.

# VI ധനകാര്യം

## 2019-2020 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർത്ഥന നമ്പർ XV - പൊതുമരാമത്ത്

ധനാഭ്യർത്ഥന നമ്പർ XL - തുറമുഖങ്ങൾ

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ ഏഴാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2019-20 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ ഏഴാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2019-20 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2019- +20 | | | | |
|---|---|---|---|---|---|---|
| | | 7-2-2019-ന് സഭയുടെ വോട്ടിന് സമർപ്പിച്ച ധനാഭ്യർത്ഥന തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥന തുക | | |
| | | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | ആകെ (രൂപ) |
| (1) | (2) | (3) | (4) | (5) | (6) | (7) |
| XV | പൊതുമരാമത്ത് | 1213,73,64,000 | 1182,54,02,000 | 2427,47,29,000 | 2365,08,04,000 | 4792,55,33,000 |
| XL | തുറമുഖങ്ങൾ | 21,24,33,000 | 35,09,33,000 | 42,48,66,000 | 70,18,67,000 | 112,67,33,000 |

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയേയും തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റികളുടെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

## ഖണ്ഡനോപക്ഷേപങ്ങൾ

## ധനാഭ്യർത്ഥന നമ്പർ XV—പൊതുമരാമത്ത്

### നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. അനൂപ് ജേക്കബ്: സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4792,55,33,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനത്ത് പൊതുമരാമത്ത് പ്രവൃത്തികൾ കാര്യക്ഷമമായി നടക്കുന്നുവെന്ന് ഉറപ്പാക്കുന്നതിന് മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്താത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4792,55,33,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സ്ഥലമെടുപ്പിലെ കാലതാമസംമൂലം ദേശീയപാതാ വികസനം തടസ്സപ്പെടുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4792,55,33,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ദേശീയപാതാ വികസനത്തിലെ തടസ്സങ്ങൾ മാറ്റുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഷാഫി പറമ്പിൽ: സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4792,55,33,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (റോഡിനായി സ്ഥലമേറ്റെടുപ്പ് സംബന്ധിച്ച് നഷ്ടപരിഹാരം നൽകുന്നതിനായി പ്രത്യേക കമ്പനി രൂപീകരിക്കുമെന്ന വാഗ്ദാനം പാലിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. എം. ഷാജി: സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4792,55,33,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനത്തിന്റെ കാലാവസ്ഥയുടെ പ്രത്യേകത പരിഗണിച്ച് ദീർഘകാലം നിലനിൽക്കുന്ന റോഡുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ ആരംഭിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന് ) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. എ. അഹമ്മദ് കബീർ: സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4792,55,33,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കാലവർഷം ആരംഭിക്കുന്നതിനുമുമ്പ് റോഡുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4792,55,33,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പൊതുമരാമത്ത് വകുപ്പ് അഴിമതിമുക്തമാക്കും എന്ന പ്രഖ്യാപനം പാലിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4792,55,33,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സൈക്കിൾ യാത്രക്കാർക്കും കാൽനട യാത്രക്കാർക്കും പ്രത്യേക പാത ഒരുക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി: സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4792,55,33,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വയനാട് ചുരം റോഡ് പതിവായി മണ്ണിടിഞ്ഞ് ഗതാഗത തടസ്സമുണ്ടാക്കുന്നതിനാൽ ബദൽ സംവിധാനം ഏർപ്പെടുത്തണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ടി. തോമസ്: സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4792,55,33,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനത്ത് ദേശീയപാതാ വികസനത്തിനായി 2857 കോടി രൂപ അനുവദിച്ചതിൽ 252 കോടി രൂപ മാത്രമാണ് ചെലവാക്കാൻ സാധിച്ചിട്ടുള്ളതെന്ന് പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന് ) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4792,55,33,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (താമരശ്ശേരി ചുരം ബദൽ റോഡ് കൊങ്കൺ റെയിൽവെയുടെ സഹായത്തോടെ നടപ്പിലാക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. പി.സജീന്ദ്രൻ: സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4792,55,33,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കാസർകോട് - തിരുവനന്തപുരം മലയോര ഹൈവേയുടെ പത്ത് ശതമാനം പോലും നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ സാധിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4792,55,33,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മൊബൈൽ റോഡ് റിപ്പെയർ യൂണിറ്റ് ആരംഭിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ്. പി. : സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4792,55,33,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (തിരക്കുള്ള പട്ടണപ്രദേശങ്ങളിൽ ഫ്ലൈഓവറോ എലിവേറ്റഡ് പാതയോ നിർമ്മിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4792,55,33,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പൂർത്തീകരിക്കപ്പെടാത്ത റെയിൽവേ മേൽപാലങ്ങളുടെ പണി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4792,55,33,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (റെസ്റ്റ് ഹൗസുകളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4792,55,33,000 രൂപ

ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പൊതുമരാമത്ത് കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക കൊടുത്തുതീർക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

**സൂചക വെട്ടിക്കുറയ്ക്കൽ**

പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4792,55,33,000 രൂപയിൽനിന്ന് നൂറു രൂപ കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. എം. വിൻസെന്റ്

ശ്രീ. റോഷി അഗസ്റ്റിൻ

ധനാഭ്യർത്ഥന നമ്പർ XL—തുറമുഖങ്ങൾ

**നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ**

ശ്രീ. അനൂപ് ജേക്കബ്: സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 112,67,33,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വിഴിഞ്ഞം തുറമുഖ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. വിൻസെന്റ്: സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 112,67,33,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വിഴിഞ്ഞം തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 2019-ൽ പൂർത്തിയാക്കും എന്ന വാഗ്ദാനം പാലിക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. എ. അഹമ്മദ് കബീർ: സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 112,67,33,000 രൂപ ഒരു

രൂപയായി കുറവ് ചെയ്യേണ്ടതാണ് (വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിനാവശ്യമായ കരിങ്കല്ലുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 112,67,33,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വിഴിഞ്ഞം പദ്ധതി നടപ്പിലാക്കുന്നതിലൂടെ തൊഴിലും ഉപജീവന മാർഗ്ഗങ്ങളും നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം ഉറപ്പാക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 112,67,33,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ മന്ദഗതിയിലായതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ് പി.: സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 112,67,33,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (തുറമുഖനിർമ്മാണ പ്രവർത്തനങ്ങൾക്ക് കേന്ദ്രസഹായം ലഭ്യമാക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 112,67,33,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (തുറമുഖങ്ങളുടെ ആഴം കൂട്ടുന്നതിനുള്ള നടപടികൾക്ക് കാലതാമസം നേരിടുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി: സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 112,67,33,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മത്സ്യബന്ധന തുറമുഖങ്ങളുടെ വികസനത്തിന് പദ്ധതികൾ ആവിഷ്കരിക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 112,67,33,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മത്സ്യബന്ധന തുറമുഖങ്ങൾ വർഷത്തിലുടനീളം പ്രവർത്തനക്ഷമമായ രീതിയിൽ നിലനിർത്താൻ നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. എം. ഷാജി: സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 112,67,33,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഉൾനാടൻ ജലഗതാഗതം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 112,67,33,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഉൾനാടൻ കപ്പൽ ഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 112,67,33,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഹാർബർ എഞ്ചിനീയറിംഗ് വിഭാഗത്തിലെ അഴിമതി ഇല്ലാതാക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 112,67,33,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (തുറമുഖ ജീവനക്കാർക്ക് നൈപുണ്യ വികസനത്തിനാവശ്യമായ പരിശീലനം സമയബന്ധിതമായി നൽകുന്നതിൽ അപര്യാപ്തത ഉള്ളതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. ഉമ്മർ: സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 112,67,33,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മാരിടൈം ബോർഡിന്റെ പ്രവർത്തനം ഫലപ്രദമല്ലെന്ന് പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## സൂചക വെട്ടിക്കുറയ്ക്കൽ

തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 112,67,33,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. റോഷി അഗസ്റ്റിൻ

ശ്രീ. സണ്ണി ജോസഫ്

ശ്രീ. പി. ടി. തോമസ്

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ശ്രീ. ഷാഫി പറമ്പിൽ

ശ്രീ. വി. പി. സജീന്ദ്രൻ

ശ്രീ. വി. ടി. ബൽറാം

ശ്രീ. മോൻസ് ജോസഫ്.

12.00 NOON]

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ചിറ്റയം ഗോപകുമാർ]

ശ്രീ. മുരളി പെരുനെല്ലി: സർ, 2019-20 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ പൊതുമരാമത്ത്, തുറമുഖങ്ങൾ എന്നീ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. മതനിരപേക്ഷവും അഴിമതിരഹിതവും വികസിതവുമായ കേരള നിർമ്മിതിക്കുള്ള കർമ്മ പദ്ധതിയുമായാണ് സഖാവ് പിണറായി വിജയൻ നേതൃത്വം നൽകുന്ന ഇടതുപക്ഷ സർക്കാർ 3 വർഷം പിന്നിട്ടിരിക്കുന്നത്. പ്രകടനപത്രികയിൽ പറയുന്ന കാര്യങ്ങൾ ജനങ്ങളുടെ കണ്ണിൽ പൊടിയിടാനുള്ള ഒന്നുമാത്രമാണെന്ന കോൺഗ്രസ്സിന്റെയും ബി.ജെ.പി.-യുടെയും നിലപാടിൽനിന്ന് തീർത്തും വ്യത്യസ്തമായി അവ ജനജീവിതം മെച്ചപ്പെടുത്താനുള്ള ഒരു മൃതസഞ്ജീവനിയാണെന്ന ധാരണയോടുകൂടി നടപ്പിലാക്കിയതിന്റെ പ്രോഗ്രസ് റിപ്പോർട്ടുകളുമായാണ് സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള സർക്കാർ 4-ാം വർഷത്തിലേക്ക് പ്രവേശിച്ചിരിക്കുന്നത്. നാലുവരിപ്പാത നിർമ്മിക്കുന്നതും ഗെയിൽ പൈപ്പ്ലൈൻ സ്ഥാപിക്കുന്നതും നിർത്തിവച്ച് വികസന പ്രവർത്തനങ്ങൾ നടക്കാത്ത സംസ്ഥാനമെന്ന യു.ഡി.എഫ്.-ന്റെ നിലപാടിൽനിന്നും വ്യത്യസ്തമായി ഇടതുപക്ഷ സർക്കാർ ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് പദ്ധതി പ്രവർത്തനങ്ങൾ

പൂർത്തീകരിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ആർദ്രം, ലൈഫ്, ഹരിത കേരളം, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം എന്നീ മിഷനുകൾ വഴി ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ മുഴുവൻ നിയമസഭാ മണ്ഡലങ്ങളിലും നിരവധി പശ്ചാത്തല സൗകര്യങ്ങളൊരുക്കാൻ 3 വർഷം കൊണ്ട് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന് കഴിഞ്ഞുവെന്നത് ആർക്കും നിഷേധിക്കാൻ കഴിയാത്ത കാര്യമാണ്. പൊതുമരാമത്ത് വകുപ്പിനുകീഴിൽ വിപ്ലവകരമായ നിരവധി മാറ്റങ്ങൾക്കാണ് ഈ കാലയളവിൽ കേരളം സാക്ഷ്യം വഹിച്ചത്. അഴിമതിക്കാർക്കെതിരെ അചഞ്ചലമായ നിലപാടെടുത്തും നൂതന സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തിയും വകുപ്പിന്റെ പ്രതിച്ഛായതന്നെ മാറ്റിയിരിക്കുകയാണ് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരൻ. ആദ്യമായാണ് "പുതിയ കാലം പുതിയ നിർമ്മാണം" എന്ന ടാഗ്‌ലൈനോടുകൂടി പൊതുമരാമത്ത് വകുപ്പിനായി ഒരു നയം പ്രഖ്യാപിക്കുന്നത്. അന്തർദ്ദേശീയ നിലവാരമുള്ള റോഡുകളും നിർമ്മിതികളും ഹരിതചട്ടവും പുതിയ നയത്തിന്റെ പ്രത്യേകതകളാണ്. അഴിമതിയുടെ കൂടാരമെന്ന ദുഷ്പേര് പേറിനടന്നിരുന്ന പൊതുമരാമത്ത് വകുപ്പിനെ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അഴിമതി വിമുക്തമാക്കുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ നിരവധി നടപടികൾ എടുക്കുന്നതിന് സാധിച്ചിട്ടുണ്ട്. പൊതുജനങ്ങൾ നേരിട്ട് നൽകിയതും മന്ത്രിയെ ഫോണിലൂടെ അറിയിച്ചതുമായ പരാതികൾ അന്വേഷിക്കുന്നതിന് വിജിലൻസ് വിഭാഗത്തെ ശക്തിപ്പെടുത്തിയിരിക്കുകയാണ്. അതുപോലെ കുറ്റക്കാർക്കെതിരെ സസ്പെൻഷനും ശിക്ഷാനടപടികളും ഈ വകുപ്പ് സ്വീകരിച്ചിരിക്കുകയാണ്. ഏത് സമയത്തും പൊതുമരാമത്ത് വകുപ്പുമന്ത്രിയെ വിളിച്ച് പ്രശ്നങ്ങൾ ധരിപ്പിക്കാനുള്ള സംവിധാനം ഒരുക്കിയിരിക്കുകയാണ്.

എന്നാൽ യു.ഡി.എഫ്. ഭരണകാലത്തെ അവസ്ഥ നമുക്കെല്ലാവർക്കും അറിയാവുന്ന കാര്യമാണ്. മോന്തായം വളഞ്ഞ് കിടന്നിരുന്നതുകൊണ്ടുതന്നെ 64-ഉം വളഞ്ഞുകിടന്നിരുന്ന അവസ്ഥയിലായിരുന്നു യു.ഡി.എഫ്. ഭരണകാലത്ത്. അതിന്റെ അവസാനം പുറത്തുവന്ന അഴിമതിയാണ് പാലാരിവട്ടം പാലവും അതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും. കേരളത്തിന്റെ വികസനക്കുതിപ്പിന് നിരവധി സംഭാവനകൾ നൽകിയ മഹാരഥന്മാർക്ക് മുന്നിൽ നമ്മൾ തലകുനിക്കണം. അവർക്ക് പട്ടും വളയും കൊടുക്കണം. വെറുതെ അവരെ ക്രൂശിക്കുകയും ചവിട്ടിത്താഴ്ത്തുകയും ചെയ്യരുത്. ആരാണ് ഈ മഹാരഥന്മാർ എന്ന് പരിശോധിക്കുമ്പോഴാണ് ഈ പഞ്ചവടിപ്പാലത്തിന്റെ നിർമ്മാതാക്കൾ കഴിഞ്ഞ യു.ഡി.എഫിന്റെ ഭരണക്കാരാണെന്ന് കാണുന്നത്. കഴിഞ്ഞ 5 വർഷക്കാലം ഒരുപാട് കണ്ടുപിടിത്തങ്ങൾക്ക് സാക്ഷ്യം വഹിച്ച സംസ്ഥാനമാണ് കേരളം. പൈലറ്റില്ലാ വിമാനം, ഡ്രൈവറില്ലാ കാർ എന്നിവയൊക്കെ ഹൈടെക് യുഗത്തിലെ പ്രത്യേകതകളാണ്. എന്നാൽ കമ്പിയും സിമന്റുമില്ലാത്ത പാലം പണിയാണ് ഗിന്നസ് ബുക്കിൽപോലും ഇടംനേടാൻ കഴിയത്തക്ക നിലയിൽ കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലഘട്ടത്തിൽ നടപ്പായതെന്ന്

കാണാൻ കഴിയും. ഇവരുടെ തുടർഭരണം വന്നിരുന്നെങ്കിൽ ഒരുപാട് പഞ്ചവടിപ്പാലങ്ങൾ തകർന്ന്, ഒരുപാട് ഭീമൻ കെട്ടിടങ്ങൾ തകർന്ന് കേരളത്തിലെ ജനസംഖ്യയിൽ വൻ ഇടിവ് സംഭവിക്കുമായിരുന്നു. നരഹത്യയ്ക്ക് കളമൊരുക്കി കോടികൾ വെട്ടിവിഴുങ്ങുന്ന ഇത്തരക്കാർക്കെതിരെ നടപടി സ്വീകരിക്കണം. കുറ്റക്കാർ എത്ര ഉന്നതരായാലും അവരെ പ്രോസിക്യൂട്ട് ചെയ്യുകയും കർക്കശ നടപടി എടുക്കേണ്ടതുമാണ്. യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് എ.എസ്. നൽകി പിന്നീട് പല പല ഘട്ടങ്ങളിലായി എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് വൻതുകകൾ വർദ്ധിപ്പിച്ചുനൽകിയ സമസ്ത പ്രവൃത്തികളെ സംബന്ധിച്ചും വിശദമായ അന്വേഷണം നടത്തുന്നത് ഈ സന്ദർഭത്തിൽ നന്നായിരിക്കും. കാരണം, ഐസ്ബർഗിന്റെ ഒരു തുമ്പുമാത്രമാണ് ഇപ്പോൾ പുറത്തുവന്നിരിക്കുന്നത്. പഞ്ചവടിപ്പാലമെന്ന സിനിമതന്നെ ഇത്തരമൊരു സാഹചര്യം കേരളത്തിൽ വരുമെന്ന് മുൻകൂട്ടിക്കണ്ട് നിർമ്മിച്ച ഒരു ചലച്ചിത്രമാണെന്ന് തോന്നുന്നവിധത്തിലാണ് യു.ഡി.എഫ്. ഭരണകാലത്ത് അഴിമതി വ്യാപകമായി നടന്നിരുന്നത്.

അടിസ്ഥാന സൗകര്യ വികസനത്തിൽ കേരളത്തിന്റെ വിസ്മയകരമായ കുതിപ്പുകണ്ട് പ്രതിപക്ഷത്തിനുണ്ടായ വെപ്രാളം കഴിഞ്ഞ നിയമസഭയിൽ കണ്ടതാണ്. ബഡ്ജറ്റിൽ നിന്നുകൊണ്ട് മാത്രം വികസനം മുന്നോട്ടു പോകില്ലെന്നുള്ളത് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. അതുകൊണ്ടാണ് ഇടതുപക്ഷ സർക്കാർ കിഫ്ബി വഴി 50,000 കോടി രൂപ സമാഹരിക്കാൻ തീരുമാനിച്ചത്. എന്നാൽ പ്രളയം തകർത്ത കേരളത്തിന്റെ പുനർ നിർമ്മിതിക്കുവേണ്ടി സഹായവാഗ്ദാനം നൽകിയ വിദേശ രാഷ്ട്രങ്ങളെ ബി.ജെ.പി. സർക്കാർ വിലക്കി. ഇപ്പുറത്ത് കണ്ടതെന്താണ്; കിഫ്ബിയിലേക്ക് മസാല ബോണ്ടുവഴി പണം സ്വീകരിക്കാനാവശ്യമായ നടപടിയെടുത്തപ്പോൾ സർക്കാർ പരിശ്രമങ്ങളെ യു.ഡി.എഫ്. എതിർക്കുന്ന സ്ഥിതിവിശേഷമാണ്. അപ്പോൾ വികസന വിരോധികളായി ബി.ജെ.പി.യും കോൺഗ്രസ്സും ഒരുപോലെ നിൽക്കുന്ന കാഴ്ചയാണ് കേരളത്തിൽ കാണാൻ കഴിയുന്നത്. മുടന്തൻ ന്യായങ്ങൾ പറഞ്ഞാണ് ഇതിനെയൊക്കെ എതിർക്കുന്നത്. വികസനത്തിന്റെ വഴി മുടക്കികളാകാതെ, 'മർക്കടാ നീയങ്ങു മാറിക്കിടാശ്ശടാ' എന്ന കേരളീയ സമൂഹത്തിന്റെ ആരവത്തിൽ യു.ഡി.എഫ്. മുങ്ങിപ്പോകുമെന്ന കാര്യത്തിൽ ഒരു തർക്കവും ഉണ്ടാകേണ്ട കാര്യമില്ല.

പൊതുമരാമത്ത് മേഖലയിൽ നിരവധി മാറ്റങ്ങളാണ് വകുപ്പ് കൈകാര്യം ചെയ്യുന്ന ശ്രീ. ജി. സുധാകരന്റെ നേതൃത്വത്തിൽ നടക്കുന്നത്. റോഡുകളുടെയും പാലങ്ങളുടെയും ചുമതല ഒരു ചീഫ് എഞ്ചിനീയർക്കായിരുന്ന പൊതുവേയുണ്ടായിരുന്നത്. അത് ഭരണ സൗകര്യത്തിനായി വിഭജിച്ച് രണ്ടാക്കിയതിന്റെ ഭാഗമായി ഗുണനിലവാരം മെച്ചപ്പെട്ടു. വളരെ വലിയ മാറ്റങ്ങൾ ഈ രംഗത്ത് സംഭവിച്ചിരിക്കുകയാണ്. യൂറോപ്യൻ രാജ്യങ്ങളിൽ മാത്രം

നിലവിലുണ്ടായിരുന്ന സംവിധാനമാണ് മെയിന്റനൻസിനുവേണ്ടി മാത്രം ചീഫ് എഞ്ചിനീയർ എന്നത്. അത് കേരളത്തിൽ നടപ്പാക്കിയതിന്റെ ഭാഗമായി അറ്റകുറ്റപ്പണികൾക്ക് പ്രത്യേക മേൽനോട്ടവും ഉത്തരവാദിത്വവും കൈവരിക്കുകയും ഗുണനിലവാരം മുൻകാലത്തെക്കാൾ മെച്ചപ്പെട്ട രീതിയിലേക്ക് മാറിക്കഴിഞ്ഞിരിക്കുകയുമാണ്. കിഫ്ബി പ്രവൃത്തികൾ ചെയ്തുതീർക്കുന്നതിനായി സർക്കാർ ഒരു പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുതന്നെ രൂപീകരിച്ചിട്ടുണ്ട്. ആ മേഖലയിൽ നടക്കുന്ന പ്രവർത്തനങ്ങളിൽ വലിയ മുന്നേറ്റമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. സമഗ്ര വികസനം ലക്ഷ്യമാക്കി ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ 140 അസംബ്ലി മണ്ഡലങ്ങളിലും ഒരുപോലെ വികസനമെത്തിക്കുന്നതിനായി ലഭ്യതയ്ക്കനുസരിച്ച് വിഭവങ്ങൾ വിതരണം ചെയ്യുന്ന മാതൃകാപരമായ പ്രവർത്തനമാണ് വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ നടന്നുവരുന്നത്. 4995 കിലോമീറ്റർ റോഡ് പുനരുദ്ധാരണം നടത്തിയിട്ടുണ്ട്. ബി.എം. & ബി.സി. നിലവാരത്തിൽ കിലോമീറ്ററുകളോളം റോഡുകൾ പുതുക്കിയിട്ടുണ്ട്. വേസ്റ്റ് പ്ലാസ്റ്റിക് ഉപയോഗിച്ച് റോഡ് നിർമ്മാണം നടന്നുകഴിഞ്ഞിട്ടുണ്ട്. എൻ.ആർ.എം.ബി. (Natural Rubber Modified Bitumen) ഉപയോഗിച്ചുള്ള റോഡ് നിർമ്മാണവും ഇവിടെ നടന്നിട്ടുണ്ട്. അങ്ങനെ സമസ്ത മേഖലകളിലും വളരെ വലിയ മാറ്റങ്ങളാണ് ഈ മൂന്ന് വർഷത്തിനിടയിൽ സംഭവിച്ചിരിക്കുന്നത്. കേരളത്തിന്റെ വികസനക്കുതിപ്പിന് ആക്കം കൂട്ടുന്നതാണ് മലയോര ഹൈവേയും തീരദേശ ഹൈവേയും. അതിനുവേണ്ടി കോടിക്കണക്കിന് രൂപയുടെ മുതൽമുടക്കാണ് നടപ്പാക്കുന്നതെന്ന് കാണാൻ കഴിയും. തീരദേശ ഹൈവേയും മലയോര ഹൈവേയും യാഥാർത്ഥ്യമാകുമ്പോൾ വളരെ വലിയൊരു മാറ്റമാണ് കേരളത്തിൽ സംഭവിക്കാൻ പോകുന്നതെന്നുള്ളത് തർക്കമില്ലാത്ത കാര്യമാണ്. കെട്ടിട നിർമ്മാണരംഗത്ത് ഈ സർക്കാർ വിപ്ലവകരമായ മാറ്റം വരുത്തിയിട്ടുണ്ട്. വിദ്യാഭ്യാസ വകുപ്പിന്റെയും ആരോഗ്യ വകുപ്പിന്റെയും ഉൾപ്പെടെ ഒരു കോടി രൂപയിൽ കൂടുതലുള്ള 355 കെട്ടിടങ്ങൾ യാതൊരു അഴിമതിയും ഇല്ലാതെ ഈ സർക്കാരിന്റെ കാലഘട്ടത്തിലാണ് പൂർത്തീകരിച്ചത്. വിശ്രമ കേന്ദ്രങ്ങളുടെ സേവനങ്ങൾ മെച്ചപ്പെടുത്താൻ സർക്കാർ ധാരാളം നടപടികൾ എടുത്തിട്ടുണ്ട്. ലീസിനുകൊടുത്ത് ചട്ടം ലംഘിച്ച് നിർമ്മാണം നടത്തിയ മൂന്നാർ വിശ്രമകേന്ദ്രം തിരിച്ചുപിടിച്ചത് ഈ സർക്കാരിന്റെ കാലഘട്ടത്തിലാണെന്നത് കാണേണ്ടതുണ്ട്. ഇപ്പോഴത്തെ പ്രളയവും ഭാവിയിലെ പ്രകൃതിദുരന്ത സാഹചര്യവുമൊക്കെ കണക്കിലെടുത്ത് നിർമ്മാണരംഗത്ത് നിയന്ത്രണം കൊണ്ടുവരേണ്ട കാലം അതിക്രമിച്ചിട്ടുണ്ട്. അതിനാവശ്യമായ നടപടികൾ എടുക്കണമെന്നാണ് പറയാനുള്ളത്.

എന്റെ മണ്ഡലമായ മണലൂരുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ സൂചിപ്പിക്കുകയാണ്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ തുടങ്ങിവച്ച തൃശ്ശൂർ, മണലൂർ മണ്ഡലങ്ങളിലൂടെ കടന്നുപോകുന്ന തൃശ്ശൂർ - കാഞ്ഞാണി - വാടാനപ്പള്ളി സംസ്ഥാനപാത നിർമ്മാണം യു.ഡി.എഫ്.ന്റെ 5 വർഷ കാലഘട്ടത്തിൽ

അട്ടത്തുവച്ചിരിക്കുകയായിരുന്നു. ഇടതുപക്ഷ സർക്കാർ അധികാരത്തിൽ വന്നശേഷം, പ്രത്യേകിച്ച് വകുപ്പുമന്ത്രിയുടെ ശക്തമായ ഇടപെടലിന്റെ ഫലമായി ഇപ്പോൾ അത് ദ്രുതഗതിയിൽ മുന്നോട്ടു പോയിക്കൊണ്ടിരിക്കുന്നുണ്ട്. 18 കിലോമീറ്റർ നീളമുള്ള പ്രസ്തുത റോഡിന്റെ പകുതി ഭാഗത്തെ പണി മാത്രമാണ് ഇപ്പോൾ നടക്കുന്നത്. ബാക്കിവരുന്ന പ്രവർത്തനങ്ങളും ദ്രുതഗതിയിൽ ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കേണ്ടതുണ്ട്. തൃശ്ശൂർ - കുറ്റിപ്പുറം പാതയിൽ കേച്ചേരി, ചൂണ്ടൽ പാലങ്ങളുടെ നിർമ്മാണം ദ്രുതഗതിയിൽ നടക്കുകയാണ്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രിതന്നെയാണ് അതിന്റെ നിർമ്മാണോദ്ഘാടനം നിർവ്വഹിച്ചത്. വളരെ തിരക്കേറിയ ഈ പാതയിലെ കേച്ചേരി സെന്ററിന്റെ വികസനത്തിനും മഴുവഞ്ചേരി മുതൽ ചൂണ്ടൽ വരെയുള്ള 5 കിലോമീറ്റർ നാലുവരി പാതയാക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങളും മുന്നോട്ടു കൊണ്ടുപോകാൻ ശ്രമിക്കേണ്ടതുണ്ട്. മണ്ഡലത്തിലെ നിരവധി റോഡുകൾ വളരെ മനോഹരമായ രൂപത്തിൽ പ്രാവർത്തികമാക്കാൻ നല്ല സഹായങ്ങളാണ് വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്. 140 മണ്ഡലത്തിലെയും അനുഭവം അതുതന്നെയായിരിക്കുമെന്ന കാര്യത്തിൽ ആർക്കും തർക്കമുണ്ടാകില്ലെന്നാണ് എനിക്ക് തോന്നുന്നത്. മാനവരാശിയുടെ പുരോഗതിയെ സംബന്ധിച്ച് വളരെ കൃത്യതയാർന്ന വരികളാണ് മഹാനായ വയലാർ രാമവർമ്മ 'എനിക്ക് മരണമില്ല' എന്ന കവിതയിൽ കുറിച്ചിരിക്കുന്നത്.

"ഇല്ലെനിക്കൊരിക്കലും മരണം, - തുറുങ്കുകൾ-
ക്കുള്ളിലിട്ടൊരുനാളുമടയ്ക്കാനാവില്ലെന്നെ!
കൊടിയിൽ പ്രയത്നത്തിൻമുദ്രയും, കണ്ണിൽ പൂത്തു-
വിടരും സ്വപ്നങ്ങളും, കരളിൽ സംഗീതവും,
സഞ്ചരിക്കുകയാണു ഞാനേവ, സയൻസിന്റെ
കഞ്ചുകമണിഞ്ഞുകൊണ്ടീ യുഗങ്ങളിലൂടെ!"

എന്നാണ് അദ്ദേഹം പാടിയത്. നെഞ്ചിൽ ശാസ്ത്രബോധവും അദ്ധ്വാനത്തിന്റെ മഹത്വവും നവലോകത്തെപ്പറ്റിയുള്ള സ്വപ്നങ്ങളുമായി മുന്നോട്ടുപോകുന്ന മനുഷ്യന് മരണമില്ലെന്നാണ് അദ്ദേഹം പാടിയത്. 'എനിക്ക് മരണമില്ലെ'ന്ന് പറഞ്ഞാൽ വയലാർ രാമവർമ്മയ്ക്ക് മരണമില്ല എന്നുള്ളതല്ല, മനുഷ്യരെ സംബന്ധിച്ചുള്ള അദ്ദേഹത്തിന്റെ നിലപാടുകളാണ് കൃത്യമായി പറഞ്ഞത്.

കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷം കേരളത്തിൽ പരാജയപ്പെട്ടതോടുകൂടി മാർക്സിസം തന്നെ നാമാവശേഷമായി എന്ന തീസിസ് നിരത്തുന്ന പ്രതിപക്ഷത്തെയാണ് ഇവിടെ കാണാൻ കഴിയുന്നത്. ഒരു കാര്യം അവർ മറക്കുകയാണ്. ഇടതുപക്ഷം കേരളത്തിൽ ശക്തമല്ലായിരുന്നെങ്കിൽ കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ കേരളത്തിലെ കോൺഗ്രസ്സിന്റെ വിജയം

ഏതുപോലെയാകുമായിരുന്നു എന്നുള്ളത് നല്ലതുപോലെ പരിശോധിക്കേണ്ട കാര്യമാണ്. ഉത്തർപ്രദേശിലെ അവസ്ഥയാകും കേരളത്തിലുമെന്ന കാര്യത്തിൽ തർക്കമുണ്ടാകേണ്ട കാര്യമില്ല. ശാസ്ത്രചിന്തയുടെ, മതനിരപേക്ഷതയുടെ, ജനാധിപത്യത്തിന്റെ മുഖത്ത് വിശ്വാസത്തിന്റെ പേരിൽ പെരുംനുണകളും കള്ളപ്രചരണങ്ങളുംകൊണ്ടുള്ള കമ്പിളി പുതപ്പിച്ച് വോട്ടർമാരിൽ വ്യാമോഹം സൃഷ്ടിച്ചാണ് ഈ വിജയം യു.ഡി.എഫ്. നേടിയെടുത്തതെന്നുള്ളത് കണക്കുകൾ കൃത്യമായി പരിശോധിച്ചാൽ കാണാൻ കഴിയുന്നതാണ്. ജനങ്ങൾക്ക് പറ്റിയ അബദ്ധത്തിൽ നിന്നാണ് നിങ്ങൾ വിജയിച്ചിരിക്കുന്നതെന്നുള്ള കാര്യം മനസ്സിലാക്കേണ്ടതുണ്ട്. ഇടതുപക്ഷ ജനാധിപത്യ മുന്നണി അതിലെ പാഠം ഉൾക്കൊണ്ടുകൊണ്ട് തെറ്റുകൾ തിരുത്തി മുന്നോട്ടുപോകും. ഏപ്രിൽ 23-ന് അബദ്ധത്തിൽ വോട്ട് ചെയ്തവർ മേയ് 23 കഴിഞ്ഞപ്പോൾ തങ്ങൾക്ക് പറ്റിയത് അബദ്ധമാണെന്ന് കൃത്യമായി തിരിച്ചറിഞ്ഞുകഴിഞ്ഞിരിക്കുകയാണ്. ജനങ്ങൾക്ക് പറ്റിയ അബദ്ധത്തിൽ ലഭിച്ച വിജയത്തിൽ അഹങ്കരിച്ച് ഇടതുപക്ഷത്തെ നോക്കി പരിഹസിക്കുന്ന നിങ്ങൾക്ക് തടി കയറ്റിവന്ന ലോറിക്കുമുന്നിൽ നെഞ്ച് വിരിച്ച നിൽക്കുന്ന കോക്കാച്ചി തവളയുടെ അനുഭവമാണ് ഉണ്ടാകാൻ പോകുന്നുവെന്നുള്ളത് മറക്കേണ്ടെന്നുള്ള കാര്യം ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. താൽക്കാലിക തിരിച്ചടിയിൽനിന്നും മോചനം നേടി പാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ട് മുന്നോട്ടുപോകാൻ ഇടതുപക്ഷം എല്ലാ കാലഘട്ടത്തിലും പരിശ്രമിച്ചിട്ടുണ്ട്. മാർക്സിസത്തിന് മരണമില്ല. മാനവമോചനത്തിന്റെ ശാസ്ത്രമാണ് മാർക്സിസം എന്ന കാര്യം നല്ലപോലെ മനസ്സിലാക്കണം.

<u>മി. ചെയർമാൻ:</u> യെസ്...... പ്ലീസ് കൺക്ലൂഡ്.

<u>ശ്രീ. മുരളി പെരുനെല്ലി:</u> സർ, കൺക്ലൂഷനിലേക്കാണ് പോകുന്നത്. ഒരിക്കലും മരണമില്ലാത്ത, തുറങ്കിലടയ്ക്കാൻ കഴിയാത്ത ശാസ്ത്രത്തിന്റെ കഞ്ചുകമണിഞ്ഞ് മുന്നോട്ടുപോകുന്ന മാനവരാശിയുടെ, കേരളീയ സമൂഹത്തിന്റെ പുരോഗതിക്കുവേണ്ടിയുള്ളതാണ് ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകൾ എന്നുപറഞ്ഞുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. എം. വിൻസെന്റ്:</u> സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. അതിലേക്ക് കടക്കുന്നതിന് മുമ്പ് ഇന്ത്യയിലെ വർഗ്ഗീയ ഫാസിസ്റ്റ് ഭരണകൂടത്തിനെതിരായി രാജ്യമെമ്പാടും ശക്തമായ പ്രതിരോധം തീർത്ത ശ്രീ. രാഹുൽ ഗാന്ധിയുടെ ജന്മദിനമാണ് ഇന്ന്. അദ്ദേഹത്തിന് എല്ലാ ജന്മദിന ആശംസകളും ഞാൻ രേഖപ്പെടുത്തുകയാണ്.

ഒരു എയർപോർട്ട്, ഒരു മെട്രോ റെയിൽ, ഒരു തുറമുഖം. ഇന്ത്യയിൽ ഒരു സംസ്ഥാനത്തും ഒരു ഗവൺമെന്റും ഒരേ സമയത്ത് ഇത്

യാഥാർത്ഥ്യമാക്കിയിട്ടുണ്ടാവില്ല. അത് യാഥാർത്ഥ്യമാക്കിയത് കഴിഞ്ഞ ഉമ്മൻ ചാണ്ടി സർക്കാരായിരുന്നുവെന്ന് ഞാൻ വിശ്വസിക്കുന്നു. അന്ന് തുടക്കം കുറിച്ച വിഴിഞ്ഞം പദ്ധതി ഇന്ന് എവിടെ നിൽക്കുകയാണ്? ആ പദ്ധതി ആകാശത്തുനിന്നും പൊട്ടിവീണതല്ല. പരിസ്ഥിതി അനുമതിയും പ്രതിരോധ അനുമതിയും ലഭിച്ചതായിരുന്നു. നാല് കേസ്സുകൾ ഗ്രീൻ ട്രിബ്യൂണലിലുണ്ടായിരുന്നു. അതിനെയെല്ലാം അതിജീവിച്ചാണ് യാഥാർത്ഥ്യത്തിലേക്ക് എത്തിച്ചത്. ഇന്ന് അതിന്റെ അവസ്ഥ എന്താണ്? ബഹുമാനപ്പെട്ട മന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി ഇവിടെ ഇരിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ നടപ്പിന് ഒരു പ്രത്യേകതയുണ്ട്. ഈ സഭയിൽ ഏറ്റവും വേഗത്തിൽ നടക്കുന്ന ഒരംഗമാണ് അദ്ദേഹം. അദ്ദേഹത്തോടൊപ്പം ആർക്കും നടന്നെത്താൻ കഴിയില്ല. നടപ്പിൽ അദ്ദേഹത്തിന് വേഗതയുണ്ട്, പക്ഷേ അദ്ദേഹത്തിന്റെ വകുപ്പ് ഒച്ചിഴയുന്ന വേഗത്തിലാണ് മുന്നോട്ട് പോകുന്നതെന്ന് പറയാതിരിക്കാൻ നിവൃത്തിയില്ല. 2019 ഡിസംബർ മാസത്തിൽ പൂർത്തിയാകേണ്ടതായിരുന്നു വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി. കേരളത്തിന്റെ ഏറ്റവും വലിയൊരു ഫ്ലാഗ്ഷിപ്പ് പദ്ധതിയായി ആരംഭിച്ചതാണ്. ഈ ഡിസംബർ മാസത്തിലോ അടുത്ത ഡിസംബർ മാസത്തിലോ പൂർത്തിയാകുമോ; അങ്ങയുടെ സർക്കാരിന്റെ കാലാവധി കഴിയുമ്പോഴെങ്കിലും ഇത് പൂർത്തിയാക്കാൻ സാധിക്കുമോ? അത് പറയാൻ അങ്ങേയ്ക്ക് കഴിയണം. നമ്മൾ എഗ്രിമെന്റ് ഒപ്പിട്ടു, അദാനി ഗ്രൂപ്പ് പണി ആരംഭിച്ചു. പക്ഷേ, ഗവൺമെന്റിന്റെ റോൾ എന്താണ്? ഒരു ഫെസിലിറ്റേറ്റർ എന്ന നിലയിൽ അവിടെയുണ്ടാകുന്ന തടസ്സങ്ങൾ മാറ്റിക്കൊടുക്കേണ്ട ഉത്തരവാദിത്വം ഗവൺമെന്റിനില്ലേ? ഗവൺമെന്റിന്റെ സാമൂഹിക പ്രതിബദ്ധതാ പദ്ധതിയുടെ ഭാഗമായി, ഈ തുറമുഖത്തിന് പാരിസ്ഥിതിക അനുമതി ലഭിക്കുന്നതിന്റെ ഭാഗമായി നമ്മൾ രണ്ട് പദ്ധതികൾ പ്രഖ്യാപിച്ചു. ഒന്ന്, ഫിഷിംഗ് ഹാർബർ, മറ്റൊന്ന് സീ ഫുഡ് പാർക്ക്. ഫിഷിംഗ് ഹാർബറിന്റെ പണി എങ്ങുമെത്തിയിട്ടില്ല. പ്രാദേശിക തർക്കത്തിന്റെ അടിസ്ഥാനത്തിൽ അവിടെ ഫിഷ് ലാന്റിംഗ് സെന്റർ സ്ഥാപിക്കേണ്ട സ്ഥലത്ത് കുറെ ബോട്ടുകൾ വച്ചിരിക്കുന്നു. മൂന്ന് വർഷമായി ഇത്തരം ചെറിയ തടസ്സങ്ങൾപോലും നീക്കാൻ ഈ ഗവൺമെന്റിന് സാധിച്ചില്ലെന്ന് പറയുമ്പോൾ എങ്ങനെയാണ് നിങ്ങൾ ഒരു ഫെസിലിറ്റേറ്ററുടെ റോൾ എടുക്കുന്നത്? ആ 140 കോടി രൂപയുടെ ഫിഷിംഗ് ഹാർബർ എവിടെയും എത്തിയിട്ടില്ല. 2019 ജനുവരി മാസം 28-ാം തീയതി അങ്ങ് നൽകിയിട്ടുള്ള ഒരു മറുപടി എന്റെ കയ്യിലുണ്ട്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണത്തിന്റെ പ്രവർത്തനം ഏത് ഘട്ടത്തിലാണ് എന്ന ചോദ്യത്തിന്റെ മറുപടി, പുലിമുട്ട് നിർമ്മാണം - 3100 മീറ്റർ നീളമുള്ള പുലിമുട്ടിന്റെ 565 മീറ്റർ ഭാഗികമായി പൂർത്തീകരിച്ചു. ഈ ജനുവരി 1-ാം തീയതി വരെ ഏകദേശം പതിനഞ്ച്-ഇരുപത് ശതമാനം പുലിമുട്ടുകളുടെ

നിർമ്മാണം മാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂ. ഡ്രെഡ്ജിംഗ് ആന്റ് റിക്ലമേഷൻ - ഏകദേശം 53 ഹെക്ടർ കടൽ നികത്തേണ്ടതിൽ 40 ശതമാനം പ്രവൃത്തികളാണ് പൂർത്തീകരിച്ചിട്ടുള്ളത്. യാർഡ് നിർമ്മാണം- റിക്ലമേഷൻ ജോലികൾ പൂർത്തിയാകുന്ന മുറയ്ക്കാണ് കണ്ടെയ്നർ യാർഡും മറ്റ് അനുബന്ധ സൗകര്യങ്ങളും നിർമ്മിക്കേണ്ടത്. റിക്ലമേഷൻ 40 ശതമാനം മാത്രമേ പൂർത്തിയായിട്ടുള്ളൂ. അത് പൂർത്തിയായതിനുശേഷമാണ് ബാക്കി സൗകര്യങ്ങൾ ചെയ്യേണ്ടത്. ഇന്നിപ്പോൾ സർക്കാർ ഉണർന്നിട്ടുണ്ട്, ഒരു മേൽനോട്ട സമിതിയുണ്ടാക്കി. സർക്കാർ ഭൂമിയിൽനിന്നുതന്നെ പാറ എടുക്കുന്നതിനുള്ള എൻ.ഒ.സി. കൊടുത്തു. കഴിഞ്ഞ രണ്ടരവർഷക്കാലമായി ഉറങ്ങിയിരുന്ന സർക്കാർ ഇന്നെടുത്ത തീരുമാനം രണ്ടര വർഷംമുമ്പ് എടുത്തിരുന്നുവെങ്കിൽ ഇതിന്റെ പ്രവർത്തനങ്ങൾ കുറെക്കൂടി മുന്നോട്ട് പോകുമായിരുന്നുവെന്ന് ഈ അവസരത്തിൽ പറയാൻ ആഗ്രഹിക്കുകയാണ്.

ക്വാറിക്കുള്ള നിയമപരമായ അനുമതി നേടേണ്ടതും പഠനങ്ങൾ നടത്തേണ്ടതുമെല്ലാം അദാനി ഗ്രൂപ്പുതന്നെയാണ്. പക്ഷേ, ഗവൺമെന്റ് ചെയ്യേണ്ട കാര്യങ്ങൾ കൃത്യമായി ചെയ്യുന്നില്ല. തൊണ്ണൂറ് ശതമാനം ഭൂമിയും യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് ഏറ്റെടുത്ത് കൊടുത്തതാണ്. പത്ത് ശതമാനം ഭൂമി മാത്രമേ ഏറ്റെടുക്കാനുണ്ടായിരുന്നുള്ളൂ. അതുപോലും ഇതുവരെയും എടുത്തിട്ടില്ല. വളരെ നിർണ്ണായകമായിട്ടുള്ള കാതലായ ഭൂമിയാണ് ടെർമിനലിന്റെ പുറകുഭാഗത്ത് വരുന്ന ബാക്കപ്പ് ഏരിയ. ബാക്കപ്പ് ഏരിയയ്ക്കുള്ള 10 ഏക്കർ ഭൂമിപോലും ഇതുവരെയും ഏറ്റെടുത്ത് കൊടുത്തിട്ടില്ല. ബാക്കപ്പ് ഏരിയയ്ക്കുള്ള ഭൂമി ഏറ്റെടുത്ത് തന്നിട്ടില്ലായെന്നത് വേണമെങ്കിൽ അദാനി ഗ്രൂപ്പിന് വൈകുന്നതിന്റെ കാരണമായി ചൂണ്ടിക്കാണിക്കാൻ സാധിക്കും. ഗവൺമെന്റ് നടപടികൾ വൈകുമ്പോൾ അത് അദാനി എന്ന നിർമ്മാണക്കമ്പനിക്ക് ഗുണകരമായി വരുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. അക്കാര്യത്തിൽ ഗവൺമെന്റ് സത്വര നടപടിയെടുക്കണം. ബാക്കപ്പ് ഏരിയയ്ക്കുള്ള സ്ഥലം ഐഡന്റിഫൈ ചെയ്യുന്നതും നോട്ടിഫൈ ചെയ്യുന്നതുമെല്ലാം കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്താണ്. ഇതുവരെയും അത് ഏറ്റെടുത്ത് കൊടുക്കാൻ കഴിഞ്ഞ 3 വർഷംകൊണ്ട് ഈ സർക്കാരിന് സാധിച്ചിട്ടില്ല. തുറമുഖത്തെ തലക്കോട് ഭാഗം വഴി ഹൈവേയിൽ കയറുന്ന അപ്രോച്ച് റോഡിന്റെ പണിയെങ്ങുമെത്തിയിട്ടില്ല. ഈയടുത്ത കാലത്ത് എന്തെങ്കിലും നടക്കുമെന്നുപോലും പറയാൻ സാധിക്കാത്ത രീതിയിലാണ് കാര്യങ്ങൾ പോകുന്നത്. റെയിൽ കണക്റ്റിവിറ്റിയുടെ ഡി.പി.ആർ. ആയിട്ടുണ്ടെന്ന് പറയുന്നുണ്ട്. ഏത് വഴിയാണെന്ന് ഞങ്ങളെപ്പോലുള്ള ജനപ്രതിനിധികൾക്കുപോലും അറിയാൻ കഴിയുന്നില്ല. കേന്ദ്ര റെയിൽവേയുടെ അനുമതി അതിന് നേടിയിട്ടുണ്ടോയെന്നും അറിയാൻ കഴിഞ്ഞിട്ടില്ല. ഇതെല്ലാം

എന്തുകൊണ്ടാണ്? കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് ആഴ്ചതോറും സെക്രട്ടറിതലത്തിലും മാസത്തിലൊരിക്കൽ മന്ത്രിയുടെ നേതൃത്വത്തിലും റിവ്യൂ മീറ്റിംഗ് നടത്തുമായിരുന്നു. അന്ന് ശ്രീ. ജെയിംസ് വർഗ്ഗീസായിരുന്നു സെക്രട്ടറി. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അഞ്ച് സെക്രട്ടറിമാർ മാറിയിട്ടുണ്ട്. ഒരു മീറ്റിംഗുപോലും വിളിക്കാത്ത സെക്രട്ടറിയും ഈ അഞ്ച് സെക്രട്ടറിമാരുടെ കൂട്ടത്തിലുണ്ടായിരുന്നുവെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുകൊണ്ട് ഗവൺമെന്റ് അടിയന്തരമായി നടപടികൾ പൂർത്തീകരിച്ച് ഈ തുറമുഖം യാഥാർത്ഥ്യമാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഈ തുറമുഖം വരുന്നതുകൊണ്ട് തൊഴിൽ നഷ്ടപ്പെടുമെന്ന് അറിയാമായിരുന്നിട്ടും എല്ലാ രീതിയിലും സഹകരിച്ചിട്ടുള്ള ആളുകളാണ് അവിടത്തെ സാധാരണക്കാരായ മത്സ്യത്തൊഴിലാളികൾ. പ്രാദേശികമായി മറ്റ് പല ഭാഗങ്ങളിലുമുണ്ടാകുന്ന എതിർപ്പുകളൊന്നും ഉണ്ടാകാതെ അവർ സഹകരിച്ചു. പക്ഷേ, അവർക്കുവേണ്ടിയുള്ള പാക്കേജ് നടപ്പാക്കുന്നതിൽ ഗവൺമെന്റ് കുറ്റകരമായ അനാസ്ഥ കാണിച്ചുകൊണ്ടിരിക്കുകയാണ്. അടിമലത്തുറ പ്രദേശത്തെ മത്സ്യത്തൊഴിലാളികൾ, കരമടി തൊഴിലാളികൾ എന്നിങ്ങനെ അർഹരായ പലയാളുകൾക്കും നാളിതുവരെ അവരുടെ പാക്കേജ് കൊടുത്തിട്ടില്ല. നിസ്സാരകാര്യങ്ങൾ പറഞ്ഞ് അവരുടെ അപേക്ഷകൾ തള്ളുകയാണ്.

പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റിന്റെ കീഴിൽ സുതാര്യമായ അന്വേഷണമല്ല നടന്നുകൊണ്ടിരിക്കുന്നത്. ചില പ്രാദേശിക സി.പി.ഐ.(എം) നേതാക്കൾ ഈ അന്വേഷണത്തെ സ്വാധീനിച്ച് അനർഹരായ ആളുകൾക്ക് പാക്കേജിന്റെ ആനുകൂല്യം ലഭ്യമാക്കുന്നുണ്ട്. ഒരേ കരമടിയിൽ ഉൾപ്പെട്ട കുറേയാളുകൾക്ക് ആനുകൂല്യം കൊടുക്കുകയും മറ്റുചിലർക്ക് നിഷേധിക്കുകയും ചെയ്യുന്നു. കരമടി ഉടമസ്ഥനുപോലും ആനുകൂല്യം നൽകുന്നില്ല. അന്വേഷണത്തിനുശേഷം കൂടുതൽ തെളിവുകൾ വേണമെന്ന് പറഞ്ഞ് മാറ്റിവച്ചതിൽ എല്ലാ തെളിവുകളും കൊടുത്തിട്ടും ചിലർക്ക് ആനുകൂല്യം നൽകുന്നില്ല. എല്ലാ അന്വേഷണത്തിലും കരമടി തൊഴിലാളിയെന്ന് കണ്ടെത്തിയവർക്കുപോലും ആനുകൂല്യം നിഷേധിക്കുന്നു. അവർ ക്ഷേമനിധിയിൽ അംഗത്വമെടുത്തിട്ടില്ല എന്നതാണ് അതിന് കാരണമായി പറയുന്നത്. അവർ കരമടി തൊഴിലാളിയാണെന്ന് കണ്ടെത്തിയതാണ്. അവരുടെ തൊഴിൽ നഷ്ടപ്പെട്ടു. അവരുടെ മുന്നിൽ എന്താണ് ഓപ്ഷൻ; ഓഖി ദുരന്തത്തിൽ മരിച്ചവർക്കുപോലും ക്ഷേമനിധിയിൽ അംഗത്വമില്ലായിരുന്നു. നമ്മളത് വേവ് ചെയ്തുകൊടുത്തു. അതുപോലെ, സ്വന്തം തൊഴിൽ നഷ്ടപ്പെട്ട് ജീവിക്കാൻ നിവൃത്തിയില്ലാതെ കഴിയുന്നവർക്ക് ഈ ചെറിയ സാങ്കേതിക തടസ്സംമാറ്റി പ്രസ്തുത ആനുകൂല്യം ലഭ്യമാക്കണമെന്ന് പറയാൻ ആഗ്രഹിക്കുകയാണ്.

പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റിന്റെ അന്വേഷണ റിപ്പോർട്ട് വളരെ രസകരമാണ്. കൊച്ചുപള്ളിയിൽ കടയുണ്ടെന്ന് പറഞ്ഞാണ് ഒരാൾക്ക് ആനുകൂല്യം നിഷേധിച്ചിരിക്കുന്നത്. കഴിഞ്ഞ ഒരു വർഷമായി അയാൾ തന്റെ കട എവിടെയാണെന്ന് അന്വേഷിച്ചുനടക്കുകയാണ്. പ്രസ്തുത കട കണ്ടെത്തിക്കൊടുത്താൽ അത് സർക്കാർ പറയുന്ന ആൾക്ക് നൽകാനും അദ്ദേഹം തയ്യാറാണ്. സ്വന്തമായി പാസ്പോർട്ടുപോലും എടുത്തിട്ടില്ലാത്തയാളുടെ പേരിന് നേരെ വിദേശത്തുപോയി എന്ന് എഴുതിവച്ച് ആനുകൂല്യം നിഷേധിക്കുകയാണ്. അർഹരായ മുഴുവൻ മത്സ്യത്തൊഴിലാളികൾക്കും ആനുകൂല്യം കൊടുത്തേ മതിയാകൂ. അത് കൊടുക്കാതിരുന്നാൽ അവർ പിന്മാറുകയില്ലെന്ന് ഈ അവസരത്തിൽ മുന്നറിയിപ്പ് നൽകാൻ ആഗ്രഹിക്കുകയാണ്. വിഴിഞ്ഞം ഹാർബർ പ്രദേശത്തെ മത്സ്യത്തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ മുഴുവനും കൊടുത്തിട്ടില്ല. അവിടത്തെ ജമാഅത്ത് ഉൾപ്പെടെയുള്ളവർ വലിയ പരാതിയിലാണ്. കോട്ടപ്പുറം മേഖലയിലും ഇതുതന്നെയാണ് അവസ്ഥ. എല്ലായിടത്തും പരാതികളാണ്. മൂന്ന് വർഷം പിന്നിട്ടിരിക്കുകയാണ്. പരാതികൾ പരിഹരിച്ച് ആനുകൂല്യങ്ങൾ അടിയന്തരമായി നൽകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശബരിമലയിലെ വിശ്വാസികളെ സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട് ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ എം.പി. ഒരു പ്രൈവറ്റ് ബിൽ കൊടുത്തതുസംബന്ധിച്ച് ഇന്നത്തെ മലയാള മനോരമ പത്രത്തിൽ വാർത്ത വന്നിട്ടുണ്ട്. ശബരിമലയിലെ വിശ്വാസികളെ സംരക്ഷിക്കുന്നതിനുവേണ്ടി ഞാനും ഒരു പ്രൈവറ്റ് ബിൽ കൊണ്ടുവരാൻ ശ്രമിച്ചിരുന്നു. പക്ഷേ, ബഹുമാനപ്പെട്ട സ്പീക്കർ അതിന് അനുമതി നിഷേധിച്ചതിനാൽ എനിക്കതിന് കഴിഞ്ഞില്ല. ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ എം.പി.യെ ഞാൻ അഭിനന്ദിക്കുകയാണ്. ഇപ്പോൾ ശബരിമല തുറന്നിരിക്കുകയാണ്. എന്നെ അത്ഭുതപ്പെടുത്തുന്നത്, ബഹുമാനപ്പെട്ട സുപ്രീംകോടതി വിധി ഇപ്പോൾ നിലവിലില്ല എന്നാണ് എനിക്ക് തോന്നുന്നത്. കഴിഞ്ഞ മണ്ഡലകാലത്ത് നമ്മൾ കണ്ടതല്ലേ?

<u>മി. ചെയർമാൻ</u>: പ്ലീസ് കൺക്ലൂഡ്.... അംഗങ്ങൾ കൃത്യസമയം പാലിക്കണം. അങ്ങ് ദയവായി ചുരുക്കുക. അങ്ങേക്ക് അനുവദിച്ച സമയം കഴിഞ്ഞു. ബഹുമാനപ്പെട്ട അംഗങ്ങൾ സഹകരിക്കണം.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, കഴിഞ്ഞ മണ്ഡലകാലത്ത് അവിടെ പോലീസിന്റെ പടയും പട്ടാളവുമായിരുന്നു. ബാരിക്കേടും മറ്റുമെല്ലാം ഉണ്ടായിരുന്നു. ബി.ജെ.പി.ക്കാർ അവിടെ ഉണ്ടായിരുന്നു. ഇന്നിപ്പോൾ അവിടെ ബി.ജെ.പി.ക്കാരെ കാണാനില്ല. ഇലക്ഷൻ കഴിഞ്ഞപ്പോൾ ബി.ജെ.പി.ക്കാർ അവിടെയില്ല, അവരെ തടയാൻ പോലീസുമില്ല. ബി.ജെ.പി. വരില്ലെന്ന്

പോലീസിനുമറിയാം. ഇവർ തമ്മിൽ ഒരു ധാരണയില്ലേ; പാർലമെന്റ് ഇലക്ഷനുശേഷം ശബരിമല വിഷയത്തിൽ ബി.ജെ.പി.-യും സി.പി.ഐ.(എം)ഉം തമ്മിലുള്ള അന്തർധാര സജീവമാണ്. ഇന്ന് ബി.ജെ.പി.-യുടെ ദേശീയ യോഗം കൂടി ശ്രീ. അമിത്ഷാ പ്രഖ്യാപിച്ചത് തന്റെ അടുത്ത ലക്ഷ്യം കേരളമാണെന്നാണ്. ശ്രീ. പിണറായി വിജയൻ കേരളത്തിൽ മുഖ്യമന്ത്രിയായതുകൊണ്ട് തീർച്ചയായും അവർക്ക് അധികാരത്തിൽ വരാമെന്നുള്ളതാണ് അതിന് കാരണം. മെഡിക്കൽ കോളേജ് കോഴയിൽ മുഖം നഷ്ടപ്പെട്ട ബി.ജെ.പി.-ക്ക് ഉയർത്തെഴുന്നേൽക്കാൻ അവസരമൊരുക്കിക്കൊടുത്തത് ശബരിമല വിഷയത്തിൽ പിണറായി ഗവൺമെന്റാണ്. അതോടൊപ്പം, കേരളീയ സമൂഹം ജാഗ്രത പാലിക്കണം. ശ്രീ. അമിത്ഷാ കേരളം ലക്ഷ്യം വച്ചിരിക്കുകയാണ്. എവിടെയെല്ലാം അവർ അധികാരത്തിൽ വന്നിട്ടുണ്ടോ അവിടെയെല്ലാം വർഗ്ഗീയ കലാപങ്ങളും സംഘർഷങ്ങളും ചേരിതിരിവുകളുമുണ്ടാക്കിയിട്ടുണ്ട്. അവർ കേരളത്തിലെ ജനാധിപത്യം തകർക്കും. കേരളത്തിൽ പുലരുന്ന മതേതരത്വവും സഹിഷ്ണതയും സാഹോദര്യവും നിലനിർത്തണം. അതിന് വളരെ ജാഗ്രതയോടുകൂടി കേരളീയ സമൂഹം ശ്രീ. അമിത്ഷായുടെ പ്രഖ്യാപനത്തെ കാണണം എന്നുപറഞ്ഞുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: സർ, ഞാൻ രണ്ട് ധനാഭ്യർത്ഥനകളെയും പിന്തുണയ്ക്കുകയാണ്. സത്യസന്ധമായ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പൊതുനയങ്ങൾ മുന്നോട്ടുപോകുന്നതിന് അതേ സത്യസന്ധത ജീവിതത്തിലും പ്രയോഗത്തിലും ആവിഷ്കരിച്ചിട്ടുള്ള വകുപ്പുകളുടെ ധനാഭ്യർത്ഥനകളാണിത്. നമ്മുടെ രാഷ്ട്രീയജീവിതത്തിന് ജനാധിപത്യപരമായ പാതകൾ തകർന്നുകൊണ്ടിരിക്കുന്ന ഒരു ഇന്ത്യൻ സാഹചര്യത്തിലാണ് നാം ജീവിക്കുന്നത്. കഴിഞ്ഞ മൂന്ന് വർഷക്കാലം ഒരു ഗവൺമെന്റിന് മനുഷ്യനുവേണ്ടി അസാധ്യമായ കാര്യങ്ങൾ സാധ്യമാക്കാൻ എന്തെല്ലാം ചെയ്യാമോ അതെല്ലാം പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ കേരളത്തിൽ പരക്കെ സാധ്യമാക്കുകയാണ്.

ഒരു ഗവൺമെന്റിന്റെ മുഖ്യമായ ജനാധിപത്യപരമായ ലക്ഷ്യം സമൂഹത്തെ പൊതുവായി, ജനാധിപത്യപരമായി വികസിപ്പിക്കുക എന്നതാണ്. യു.ഡി.എഫ്. ഗവൺമെന്റിന് കഴിയാതിരുന്നത് അതാണ്. യു.ഡി.എഫ്. ഗവൺമെന്റ് വികസനത്തെ കണ്ടത് പല തരത്തിലാണ്. പല സാമ്രാജ്യങ്ങളായി കേരളത്തെ വികസിപ്പിക്കുക എന്നതാണ്. ചിലയിടത്ത് അസന്തുലിതമായി വികസനം സൃഷ്ടിക്കുക എന്നത് ആ ഗവൺമെന്റിന്റെ കാലത്തെ നയമായിരുന്നു എന്നതിന് ഈ സഭതന്നെ സാക്ഷിയാണ്. എന്നാൽ, നമ്മുടെ പൊതുമരാമത്ത് വകുപ്പുമന്ത്രി ഇതിന്റെ ചുമതല ഏറ്റെടുത്തശേഷം കേരളത്തിലെ റോഡുകളുടെയും

പാലങ്ങളുടെയും കെട്ടിടങ്ങളുടെയും വികസനത്തിലൂടെ കേരളത്തിലെ ജനങ്ങളോട് ലയിക്കുക എന്ന ഒരു മന്ത്രിയുടെ ഏറ്റവും വലിയ ജനാധിപത്യ അഭിലാഷമാണ് നിറവേറ്റിയിരിക്കുന്നത്. അദ്ദേഹം 3 വർഷംകൊണ്ട് അത് പൂർത്തിയാക്കി. ഇനിയും രണ്ട് വർഷം കൂടിയുണ്ട്. ഈ അഞ്ച് വർഷത്തിനിടയിൽ ഒരു ലക്ഷം കോടി രൂപയുടെ വികസനം കേരളത്തിൽ നടപ്പാക്കിയെടുക്കും. ഇത് സാധാരണഗതിയിൽ അസാധ്യമായൊരു കാര്യമാണ്, അസാധ്യമായൊരു കാര്യം അദ്ദേഹം സാധ്യമാക്കി. മാത്രമല്ല, ബഡ്ജറ്റിന്റെ വഴിക്കപ്പുറം കേരളത്തിന്റെ ആഗ്രഹാഭിലാഷങ്ങൾ മുഴുവൻ പൂർത്തിയാക്കണമെങ്കിൽ കിഫ്ബി എന്നൊരു പുതിയ പദ്ധതിയുടെ ചേരുവകൂടി അതിൽ ചേർക്കേണ്ടതുണ്ടെന്ന് ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് തോന്നി. കേരളത്തിൽ കിഫ്ബിയെ എതിർക്കുന്നവരുണ്ട്, കടത്തിന്റെ കാര്യം പറയുന്നവരുണ്ട്. പക്ഷേ, അവരുടെ മണ്ഡലങ്ങളിൽപ്പോലും ധാരാളം പദ്ധതികൾ നടപ്പാക്കുകയാണ്. രണ്ടാമത്തെ പ്രധാനപ്പെട്ട കാര്യം, ഇങ്ങനെയൊരു കാര്യം നടക്കുമ്പോൾ അക്കാര്യം പൂർണ്ണമായി ജനങ്ങളിലേക്ക് എത്തിക്കണമെങ്കിൽ അതിന് അദ്ദേഹംതന്നെ ആവിഷ്കരിച്ച 'പുതിയകാലം പുതിയ നിർമ്മാണം' എന്ന മുദ്രാവാക്യമുണ്ട്. അതിന് തീർച്ചയായും കേരളത്തിന്റെ കാലാവസ്ഥയെയും കയറ്റിറക്കങ്ങളുള്ള പ്രകൃതിയെയും മനുഷ്യന്റെ വികസന താൽപര്യങ്ങളെയും പരിഗണിക്കണം. ഇതെല്ലാം പരിഗണിച്ചാണ് അങ്ങനെയൊരു മുദ്രാവാക്യത്തിന്റെ കീഴിൽ ഒരു പ്രവർത്തനരീതി കേരളത്തിൽ ആവിഷ്കരിച്ചത്. ഞാൻ മനസ്സിലാക്കുന്നത്, പാതിരാത്രിയിൽ മരാമത്ത് പ്രവൃത്തികൾ നടക്കുന്ന സ്ഥലത്തുപോലും കൈലിയുടുത്ത് പോയി നിൽക്കുന്ന അസാധാരണമായൊരു മന്ത്രിയാണ് ഉള്ളത്. അതായത് സത്യസന്ധമായി ഒരു പ്രവർത്തനത്തെ, പ്രത്യേകിച്ച് പി.ഡബ്ല്യൂ.ഡി. പോലെയുള്ളൊരു വകുപ്പിന്റെ പ്രവർത്തനങ്ങളെ മൊത്തം അദ്ദേഹത്തിന്റെയും ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെയും താൽപ്പര്യങ്ങൾക്കനുസരിച്ച് കൊണ്ടുവരണമെങ്കിൽ അതിൽ അസാധാരണമായ തരത്തിൽ സത്യസന്ധതയും ഒപ്പം ഒരു പ്രതിഭയും അദ്ധ്വാനവും നടത്തേണ്ടതുണ്ട്. അതുകൊണ്ട് അദ്ദേഹത്തെ ഞാൻ വിശേഷിപ്പിക്കുന്നത് 'ആധുനികകാല കേരള ഭഗീരഥൻ' എന്നാണ്. ഭഗീരഥന്റെ പ്രത്യേകത, അദ്ദേഹം അദ്ദേഹത്തിനുവേണ്ടിയല്ല, രാജ്യത്തിനുവേണ്ടി ജലത്തിനായി ഗംഗയെ കൊണ്ടുവന്നതാണ്. അങ്ങനെ അസാധ്യമായൊരു കാര്യം സാധ്യമാക്കിയതു കൊണ്ടാണ് അതിനെ ഭഗീരഥ പ്രയത്നം എന്ന് ഇന്ത്യ വിളിച്ചത്. കേരളത്തിൽ ഇങ്ങനെയൊരു വകുപ്പിനെ ഇത്ര ചടുലവും സത്യസന്ധവുമായി ഈ മൂന്ന് വർഷത്തിനിടയിൽ നാടിനുവേണ്ടി സമർപ്പിക്കാൻ കഴിയുമെന്ന് ആരും പ്രതീക്ഷിച്ചിരുന്നില്ല. തീർച്ചയായും അതാണ് കേരളത്തിൽ സംഭവിച്ചത്. രണ്ട് വർഷംകൊണ്ട് ഇവിടെ ഒരു ലക്ഷം കോടി രൂപയുടെ പ്രവർത്തനങ്ങൾ പശ്ചാത്തല

മേഖലയുമായി ബന്ധപ്പെട്ട് പല വകുപ്പുകൾ നടത്തണം എന്നുപറയുമ്പോൾ, നടത്തുമെന്ന് കേരളത്തിൽ പ്രതീക്ഷയർപ്പിച്ച് പ്രഖ്യാപിക്കുമ്പോൾ അത് നടത്തും എന്നൊരു പ്രതീക്ഷ കേരളത്തിൽ ഉണ്ടാകുകയാണ്.

ഇത്തരം കാര്യങ്ങളിൽ നമ്മുടെ ജനാധിപത്യ സംവിധാനത്തിലേക്ക് മതവും ജാതിയും മറികടന്ന് പ്രദേശങ്ങളുടെ പ്രത്യേകതകൾ മറികടന്ന്, എല്ലാ മണ്ഡലത്തിലും പുതിയ റോഡുകളുണ്ടാകുന്നതും ഉള്ള റോഡുകൾ മെച്ചപ്പെടുന്നതും തീരദേശത്തും മലയോരത്തും ഹൈവേകൾ ഉണ്ടാകുന്നതുമൊക്കെ കേരളത്തെ ഒന്നായി കണ്ട് മുന്നോട്ട് പോകാൻ ശ്രമിക്കുന്നതിന്റെ ഭാഗമായിട്ടാണ് . അതിനും തടസ്സങ്ങളുണ്ട്. കേരളത്തിൽ ഭൂമിയെടുക്കുക, അത് കണ്ടെത്തുക, വനഭൂമിയിൽ അതിന് അനുവാദം ലഭിക്കുക തുടങ്ങിയ വിവിധ തരത്തിലുള്ള പ്രയാസങ്ങളുണ്ട്. പക്ഷേ, ആ പ്രയാസങ്ങളെല്ലാം കേരളത്തിൽ ജനപ്രതിനിധികളുമായി ബന്ധപ്പെട്ട് എല്ലാവരുടെയും സഹകരണത്തോടെ മറികടക്കാൻ ശ്രമിക്കുകയാണ്. അങ്ങനെ മറികടന്ന് 5 വർഷംകൊണ്ട് ഇതെല്ലാം സൃഷ്ടിക്കപ്പെടുമ്പോൾ, 2016-ലെ കേരളത്തിൽ നിന്ന് വ്യത്യസ്തമായിരിക്കും 2021-ലെ കേരളം. അങ്ങനെ വേറൊരു കേരളത്തെ, സത്യസന്ധമായ കേരളത്തെ, വികസന കേരളത്തെ സൃഷ്ടിക്കാൻ ശ്രമിക്കുന്ന മന്ത്രിയെന്ന നിലയിലായിരിക്കും, അത് സൃഷ്ടിച്ചയാളെന്ന നിലയിലായിരിക്കും അദ്ദേഹത്തെ ചരിത്രത്തിൽ രേഖപ്പെടുത്തുന്നത്.

വിഴിഞ്ഞം പദ്ധതിയെ സംബന്ധിച്ച് ശ്രീ. എം. വിൻസെന്റ് ഇവിടെ ഉന്നയിച്ചു. ആ പ്രശ്നങ്ങളെല്ലാം പരിഹരിച്ച് മുന്നോട്ടു പോകാൻ കഴിയുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. ജനാധിപത്യ സംവിധാനത്തിൽ സ്വാഭാവികമായ തടസ്സങ്ങളുണ്ട്. ഉദ്യോഗസ്ഥ സംവിധാനത്തിന്റെയും നിർമ്മാണ പ്രക്രിയയിലെയും മറ്റും തടസ്സങ്ങളുമുണ്ട്. അതെല്ലാം തീർത്തെടുത്ത് ഒരു പുതിയ മുഖം നമ്മുടെ പൊതുമരാമത്ത് വകുപ്പിനും ആ വകുപ്പിന്റെ കീഴിൽ വരുന്ന സംവിധാനങ്ങൾക്കുമുണ്ടാകും. അതിൽ പുതിയ എഞ്ചിനീയർമാർ ഉണ്ടാകുന്നു, അവരുടെ മേൽനോട്ടമുണ്ടാകുന്നു, പുതിയ തസ്തികകൾ സൃഷ്ടിക്കപ്പെടുന്നു, അവർക്കെല്ലാം ജോലിയുണ്ടാകുന്നു. ആർക്കും വെറുതെയിരിക്കാതെ വേണ്ടുവോളം പ്രവൃത്തിയുണ്ടാകുന്നു, അതിന് മേൽനോട്ടമുണ്ടാകുന്നു, അതിനെല്ലാം മുകളിൽ സത്യസന്ധവും സുതാര്യവും പ്രതിഭയും അദ്ധ്വാനവും ചേർന്ന ഒരു നേതൃത്വം ബഹുമാനപ്പെട്ട മന്ത്രി കൊടുക്കുന്നു. ഞാൻ അതിനെക്കുറിച്ച് അധികം പറഞ്ഞു പോകുകയല്ല. നമ്മുടെ രാജ്യത്തിന്റെ ജനാധിപത്യ രാഷ്ട്രീയത്തിന്റെ പാതകൾ മുഴുവൻ കഴിഞ്ഞ തെരഞ്ഞെടുപ്പോടുകൂടി തകർന്ന് തരിപ്പണമായിരിക്കുകയാണ്. ജനാധിപത്യ സംവിധാനങ്ങൾ മുഴുവൻ തകർന്നുപോയിട്ടുണ്ട്. അതിനെ എങ്ങനെ

നമുക്ക് നേരെയാക്കിയെടുക്കാം; അതിന് എന്തൊക്കെയാണ് നമുക്ക് ചെയ്യാൻ കഴിയുന്നത്? തീർച്ചയായും അത് രാഷ്ട്രീയ കാര്യം കൂടിയാണ്. കക്ഷി രാഷ്ട്രീയത്തിനപ്പുറത്ത് ഒരു ജനാധിപത്യ രാഷ്ട്രീയം ഇന്ത്യയിൽ തകരുന്നത് നോക്കി കരയേണ്ട ബാധ്യത നമുക്കുണ്ട്. അതിലെ ചില സംവിധാനങ്ങളിൽ ചില വഴികൾ ഇന്ത്യക്കുതന്നെ നിർദ്ദേശിക്കേണ്ട ഉത്തരവാദിത്വമുള്ള ഒരു സംസ്ഥാനമാണ് കേരളം. ജവഹർലാൽ നെഹ്റു ഇടക്കാല ഗവൺമെന്റിലെ പ്രധാനമന്ത്രിയായിരുന്ന കാലത്ത് ഫ്രഞ്ച് പത്രപ്രവർത്തകനായ ആൻഡ്രൂ മൺട്രോ അദ്ദേഹത്തിനോട് ചോദിച്ച "അങ്ങ് നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട വിഷമം പിടിച്ച കാര്യമെന്താണ്?" ജവഹർലാൽ നെഹ്റു ആ പത്രപ്രവർത്തകനോട് പറഞ്ഞത് "നീതിപൂർവ്വമായ വഴിയിലൂടെ, നീതിനിഷ്ഠമായ ഒരു ഇന്ത്യയെ സൃഷ്ടിക്കുക" എന്നതാണ്. അത് പറഞ്ഞശേഷം അദ്ദേഹം ആ പത്രപ്രവർത്തകനോട് പറഞ്ഞു, ഒരു കാര്യം കൂടിയുണ്ട്. ആ പത്രപ്രവർത്തകൻ ചോദിച്ചു, അതെന്താണ്? ജവഹർലാൽ നെഹ്റു പറഞ്ഞു, "ഒരു മതാത്മക സമൂഹത്തിൽ ഒരു മതേതര സമൂഹം സൃഷ്ടിക്കുക " എന്നതാണ്. സത്യത്തിൽ അതാണ് നെഹ്റു വിജയകരമായി കൊണ്ടുപോകാൻ ശ്രമിച്ചതും അതിനു പിന്നാലെ വരുന്നവർ തകർത്തുകളഞ്ഞതും ഇന്ന് സമ്പൂർണ്ണമായും തകർന്നുനിൽക്കുന്നതുമായ ഇന്ത്യയുടെ ചിത്രം. എന്തുകൊണ്ടാണ് ഇത് സംഭവിച്ചത്; നെഹ്റുവിന് കഴിഞ്ഞതെന്തുകൊണ്ടാണ്? ജവഹർലാൽ നെഹ്റു വിശ്വാസിയായിരുന്നില്ല, ശ്രീ. എം. വിൻസെന്റ് പറഞ്ഞത് വിശ്വാസത്തിന്റെ കാര്യമാണ്. ജവഹർലാൽ നെഹ്റു വിശ്വാസിയായിരുന്നില്ല, ഒരു അമ്പലത്തിലും പോയില്ല, പോയില്ലായെന്നു മാത്രമല്ല, അദ്ദേഹത്തിന്റെ ഭരണകാലത്ത്, അദ്ദേഹത്തിന് അധികം താൽപര്യമില്ലെങ്കിലും പുതുക്കിപ്പണിത, സോമനാഥ ക്ഷേത്രത്തിന്റെ അന്നത്തെ ഉദ്ഘാടനത്തിന്, അന്നത്തെ ഇന്ത്യൻ പ്രസിഡന്റ് രാജേന്ദ്ര പ്രസാദ് പോകാൻ ഒരുങ്ങിയപ്പോൾ പോകരുതെന്ന് പറഞ്ഞയാളാണ് ജവഹർലാൽ നെഹ്റു. അത് അദ്ദേഹത്തിന് അമ്പലത്തിനോടുള്ള ഇഷ്ടമില്ലായ്മ കൊണ്ടല്ല, അദ്ദേഹം പറഞ്ഞത് അതെല്ലാം അവർക്കുള്ളതാണ്, രാജ്യം നമുക്കെല്ലാമുള്ളതാണ്. അദ്ദേഹം ജനാധിപത്യത്തിൽ വിശ്വസിച്ചത് ഇന്ത്യയുടെ മതേതര സ്വഭാവ രാഷ്ട്രീയമായിരുന്നില്ല, യൂറോപ്പിന്റെ മതേതര സ്വഭാവ രാഷ്ട്രീയമായിരുന്നു. ആ രാഷ്ട്രീയത്തിൽ രാഷ്ട്രമാണ് ഏറ്റവും പ്രധാനപ്പെട്ടത്, റിപ്പബ്ലിക്കാണ് സർവ്വതും, ബാക്കിയെല്ലാം അതിന്റെ താഴെയാണ്. എല്ലാ മതങ്ങളും അതിന്റെ കീഴിലാണ്, എല്ലാ സംഘടനകളും അതിന്റെ കീഴിലാണ്, എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളും അതിന്റെ കീഴിലാണ്, രാഷ്ട്രമാണ് ഏറ്റവും മുകളിൽ. ഇന്ന് അങ്ങനെയാണോ? ജവഹർലാൽ നെഹ്റുവിന്റെ സങ്കൽപ്പത്തിൽ നിന്നും തികച്ചും വ്യത്യസ്തമല്ലേ? ഞാൻ കോൺഗ്രസ്സിനെ കുറ്റപ്പെടുത്തുകയല്ല. കോൺഗ്രസ് അവരുടെ

കുറവുകൾ ആലോചിക്കണം, അതായത് പരാജയ വിജയങ്ങളല്ല, ജനാധിപത്യം പരാജയ വിജയങ്ങളുടെ കഥയല്ല. അതൊരു സംസ്കാരത്തിന്റെ, ജീവിത രീതിയുടെ, സ്വഭാവത്തിന്റെ പ്രതിഫലനമാണ്. ജവഹർലാൽ നെഹ്റു മരിക്കുമ്പോഴും മതേതരത്വത്തിന് കേടില്ലാത്ത ഒരു വഴി ഇന്ത്യക്ക് കാണിച്ചുകൊടുക്കാൻ ശ്രമിച്ചയാളാണ്. അതൊരു മാതൃകയാണ്, കോൺഗ്രസ്സിൽ അദ്ദേഹവും സർദാർ വല്ലഭായ് പട്ടേലും തമ്മിൽ തർക്കമുണ്ടായിരുന്നു. പട്ടേലിന്റെ കൂടെയായിരുന്നു കോൺഗ്രസ് സംഘടന നിന്നത്. പക്ഷേ, ഗാന്ധിജി നെഹ്റുവിന്റെ കൂടെയാണ് നിന്നത്. ആ നെഹ്റുവിന്റെ കൂടെയാണ് ഇന്ത്യൻ ജനത നിന്നത്. നെഹ്റു ഒരു മതേതരത്വ രാഷ്ട്രീയത്തിന്റെ വഴിയാണ് ഇന്ത്യയിൽ തുറന്നു കൊണ്ടുപോയത്. അതുകഴിഞ്ഞ് അദ്ദേഹത്തിന്റെ പിറകെ ലാൽ ബഹദൂർ ശാസ്ത്രി വന്നു, അദ്ദേഹവും അതിൽ നിന്നും മാറിയില്ല. ഇന്ദിരാ ഗാന്ധി വന്ന് കുറച്ച് കഴിഞ്ഞപ്പോൾ മാറിത്തുടങ്ങി. ഇന്ദിരാ ഗാന്ധിയുടെ മരണശേഷം രാജീവ് ഗാന്ധിക്കാണ് ഇന്ത്യയിൽ ഏറ്റവും വലിയ ഭൂരിപക്ഷം ജനാധിപത്യത്തിലൂടെ ലഭിച്ചത്. നെഹ്റുവിനും ഇന്ദിരാ ഗാന്ധിക്കും കിട്ടാത്ത ഭൂരിപക്ഷം രാജീവ് ഗാന്ധിക്ക് ലഭിച്ചു. എപ്പോഴാണ് ഇത് തെറ്റിയത്; രാജീവ് ഗാന്ധി മഹാഭൂരിപക്ഷത്തോടെ അധികാരത്തിൽ വന്നപ്പോഴാണ് രണ്ടു കേസുകളുണ്ടായത്. 'ഹിന്ദു രാഷ്ട്ര' എന്ന അഷുതോഷിന്റെ ഒരു പുസ്തകം വന്നിട്ടുണ്ട്. അത് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടതാണ്. ഷാബാനു കേസിൽ മുസ്ലീം പ്രീണനനയം രാജീവ് ഗാന്ധിയെടുത്തിട്ടുണ്ടെന്ന് അതിൽ പറഞ്ഞിട്ടുണ്ട്. അതുകഴിഞ്ഞ് രാമജന്മഭൂമി പ്രശ്നത്തിൽ ജവഹർലാൽ നെഹ്റു 1949-ൽ പൂട്ടിയിട്ട ആ പ്രശ്നം തുറന്നു കൊടുക്കാൻ ഹിന്ദു സമ്മർദ്ദംകൊണ്ട് തീരുമാനിച്ചു എന്നുമുണ്ട്. ഇതുരണ്ടും ഉണ്ടായിരുന്നില്ലെങ്കിൽ രഥയാത്ര നടത്താൻ ശ്രീ. അദ്വാനിക്ക് കഴിയുമായിരുന്നില്ല എന്നുള്ളത് ആ പുസ്തകത്തിലുണ്ട്. രഥയാത്ര നടത്തിത്തുടങ്ങി ഹിന്ദു വർഗ്ഗീയതയിലേക്ക് ഒരു പാത ആരംഭിച്ചിരുന്നില്ലെങ്കിൽ ബി.ജെ.പി. അധികാരത്തിൽ എത്തുമായിരുന്നില്ല. എവിടെയാണ് പിഴച്ചത്? എങ്ങനെയാണത് സംഭവിച്ചത്? അതെല്ലാം തീർച്ചയായിട്ടും ഇന്ത്യയിലെ മതേതര ജനാധിപത്യ പ്രസ്ഥാനങ്ങൾ മനസ്സുതുറന്ന് പരിശോധിക്കേണ്ടതുണ്ട്. അതിനുശേഷം എന്താണ് സംഭവിച്ചത്? വി.പി. സിംഗ് ഗവൺമെന്റ് വന്നു, അതുകഴിഞ്ഞ് ബി.ജെ.പി. വന്നു. ശ്രീ. രാഹുൽ ഗാന്ധിയും കോൺഗ്രസ്സും പിന്നീട് എടുത്ത നിലപാടെന്താണ്? ശ്രീ. രാഹുൽ ഗാന്ധിയുടെ ഇപ്പോഴത്തെ നിലപാടുകളോട് ബഹുമാനമുള്ളയാളാണ് ഞാൻ. പക്ഷേ, ആ നിലപാട് ശ്രീ. രാഹുൽ ഗാന്ധിയെടുത്തതാണോ അതോ എടുപ്പിച്ചതാണോ? മൃദു ഹിന്ദുത്വമാണ്. വലിയ വർഗ്ഗീയതയെ നേരിടാൻ ഒരിക്കലും ചെറിയ വർഗ്ഗീയതയ്ക്ക് കഴിയുകയില്ല. ശ്രീ. രാഹുൽ ഗാന്ധിയെ ഇന്ത്യയിൽ ശിവഭക്തനാണെന്ന്

പ്രഖ്യാപിച്ചത് കോൺഗ്രസ്സാണ്. അദ്ദേഹം ശിവക്ഷേത്രങ്ങളിൽ പോയി തൊഴാൻ തീരുമാനിച്ചത് അതിനുശേഷമാണ്.

ശ്രീ. എം. വിൻസെന്റ്: സർ, ഒരാൾ ശിവഭക്തനാകുന്നതോ, വിഷ്ണുഭക്തനാകുന്നതോ, ഒരു മൃദു ഹിന്ദുത്വമെന്നോ, അല്ലെങ്കിൽ തീവ്ര ഹിന്ദുത്വമെന്നോ, പറയാൻ സാധിക്കുമോ; ഇത് വിശ്വാസികളുടെ രാജ്യമല്ലേ?

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, ഞാൻ പറയാം. ശ്രീ. രാഹുൽ ഗാന്ധി മനുഷ്യനാണ്, ശിവഭക്തനാണെന്നു പറയുന്ന ശ്രീ. രാഹുൽ ഗാന്ധി ഇന്നലെ പാർലമെന്റിൽ ദൃഢപ്രതിജ്ഞയാണ് എടുത്തത്. എനിക്ക് അദ്ദേഹത്തോട് ബഹുമാനമുണ്ട്. കോൺഗ്രസ്സിലെ ഒരു എം.പി.-ക്കും കഴിഞ്ഞില്ല. അതുകൊണ്ട് ശ്രീ. രാഹുൽ ഗാന്ധി ഇപ്പോൾ എ.ഐ.സി.സി. പ്രസിഡന്റ് സ്ഥാനം രാജിവച്ചു. എന്തിനാണ് രാജിവച്ചത്; ഞാൻ പറയുന്നത് അദ്ദേഹത്തിന് കോൺഗ്രസിനെ ശുദ്ധീകരിക്കണമെങ്കിൽ ഇത് ആവശ്യമായി വന്നു എന്നതാണ്. സത്യത്തിൽ കോൺഗ്രസിനെ ശുദ്ധീകരിക്കണമെന്ന് ഇപ്പോൾ ഏറ്റവും കൂടുതൽ തോന്നുന്നത് ശ്രീ രാഹുൽ ഗാന്ധിക്കാണ്. നിർബന്ധിച്ചിട്ടും അദ്ദേഹം പാർലമെന്റിലെ പാർലമെന്ററി പാർട്ടിയുടെ നേതൃസ്ഥാനം ഏറ്റെടുക്കുന്നില്ല. അത് ബംഗാളിൽ നിന്നും ജയിച്ചുവന്ന ഒരാളിനാണ് കൊടുത്തത്, അദ്ദേഹം അവിടത്തെ പഴയ പി.സി.സി. പ്രസിഡന്റായിരുന്നു. ഞാൻ പറയുന്നത് കോൺഗ്രസിന്റെ തെറ്റുകൾ കൊണ്ടാണ് ഇന്ത്യയിൽ ബി.ജെ.പി. വളർന്നുവന്നത്, അത് ഏറ്റവും നന്നായി മനസ്സിലാക്കുന്നയാൾ ശ്രീ. രാഹുൽ ഗാന്ധിയാണ്. അദ്ദേഹം കോൺഗ്രസിന്റെ വർക്കിംഗ് കമ്മിറ്റിയിലും അതിന്റെ നേതൃയോഗത്തിലും പരസ്യമായി പറഞ്ഞതാണ് രാജസ്ഥാനിലും മധ്യപ്രദേശിലും കോൺഗ്രസ് എന്തുകൊണ്ടാണ് തോറ്റതെന്ന്. രാജസ്ഥാനിലും മധ്യപ്രദേശിലും ഭരിക്കുന്നത് കോൺഗ്രസാണ്. രാജസ്ഥാനിലെ മുഖ്യമന്ത്രി ശ്രീ. അശോക് ഗെഹ്ലോട്ടിന് ബി.ജെ.പി.-യെ തോൽപ്പിക്കുന്നതിനേക്കാൾ കോൺഗ്രസിനെ ജയപ്പിക്കുന്നതിനേക്കാൾ താൽപ്പര്യം സ്വന്തം മകനെ ജയിപ്പിക്കാനായിരുന്നു. പക്ഷേ, സ്വന്തം മകൻ തോറ്റുപോയി. മധ്യപ്രദേശിലെ ശ്രീ. കമൽനാഥിന് ബി.ജെ.പി.-യെ തോൽപ്പിക്കുന്നതിനേക്കാളും കോൺഗ്രസിനെ ജയിപ്പിക്കുന്നതിനേക്കാളും താൽപ്പര്യം സ്വന്തം മകനെ ജയിപ്പിക്കാനായിരുന്നു. അതുകൊണ്ട് സ്വന്തം മകൻ ജയിച്ചു, തോറ്റ കോൺഗ്രസ് നേതാക്കളെല്ലാം ഉറങ്ങാതിരുന്നപ്പോഴും സുഖമായി ഉറങ്ങിയ ഒരാൾ കോൺഗ്രസിലുണ്ടായിരുന്നു, അത് ശ്രീ. കമൽനാഥായിരുന്നു. കാരണം അദ്ദേഹത്തിന്റെ മകൻ ജയിച്ചു. ഇതെന്ത് പാർട്ടിയാണ്; ഇത് എന്തു രാഷ്ട്രീയമാണ്? ബി.ജെ.പി.-യെ തോൽപ്പിക്കലാണ് മുഖ്യമെങ്കിൽ എല്ലാവരും കൂടി തോൽപ്പിക്കാനുള്ള തന്ത്രങ്ങൾ ആവിഷ്കരിക്കണം. മതേതരത്വത്തെ

മുറകെപ്പിടിക്കണം, ജനാധിപത്യത്തിൽ അത് പ്രത്യേകമായി ആവിഷ്കരിക്കണം. അങ്ങനെ കഴിയാത്തതുകൊണ്ട് ശ്രീ. രാഹുൽ ഗാന്ധി രാജിവെച്ച് മാറി നിൽക്കുകയാണ്. നിങ്ങളെല്ലാം അദ്ദേഹത്തിന്റെ പിന്നിൽ നിൽക്കണമെന്നാണ് ഞാൻ പറയുന്നത്. ഈ വർഗ്ഗീയതയോട് സന്ധിചെയ്ത്, ഒരുതരം വംശപരമ്പര രാഷ്ട്രീയം കൊണ്ടുപോകുന്ന വൃദ്ധനേതൃത്വത്തിന്റെ കൈകളിൽ നിന്ന് ഒരു മതേതരത്വ ജനാധിപത്യ രാഷ്ട്രീയത്തിലേക്ക് കോൺഗ്രസ്സിനെ കൊണ്ടുവരാൻ കേരളത്തിലെ കോൺഗ്രസ്സിനും ചിലത് ചെയ്യാൻ കഴിയും. അത് ചെയ്യാനുള്ള അദ്ധ്വാനമാണ് നമ്മൾ ഉണ്ടാക്കേണ്ടത്. ജനാധിപത്യ രാഷ്ട്രീയത്തിൽ വർഗ്ഗീയത ഏറ്റവും നന്നായി പരിഹസിച്ച ഒരുപാട് സംഭവങ്ങൾ പറയാൻ കഴിയുന്ന ഒരു സ്ഥലം കേരളമാണ്.

സ്വാതന്ത്ര്യം കിട്ടിക്കഴിഞ്ഞ കാലത്ത് വൈക്കം മുഹമ്മദ് ബഷീറിന് എറണാകുളത്ത് ഒരു ബുക്ക് സ്റ്റാളുണ്ടായിരുന്നു. ആ ബുക്ക് സ്റ്റാളിൽ പലരും വരുമായിരുന്നു. അവിടെ വരുന്ന ഫോട്ടോഗ്രാഫറായ പിള്ള എന്നുവിളിക്കുന്ന ഒരാൾ ബഷീറിന്റെ സുഹൃത്തായിരുന്നു. ഒരു ദിവസം ഉച്ചയൂണ് സമയത്ത് പിള്ള ഊണുകഴിക്കാൻ പോകുമ്പോൾ വൈക്കം മുഹമ്മദ് ബഷീർ അദ്ദേഹത്തെ ബുക്ക് സ്റ്റാ ളിലേക്ക് വിളിച്ചിട്ട് ചോദിച്ചു, " പിള്ളേ, ഒരു ചെറിയ സംശയം എനിക്കുണ്ട്, ഒരു കാര്യം അറിയേണ്ടതുണ്ട്, " അപ്പോൾ പിള്ള നിന്നു, വൈക്കം മുഹമ്മദ് ബഷീർ ചോദിച്ചു, " പിള്ളേ, ഏതെങ്കിലും ഒരു പിള്ള അല്ലെങ്കിൽ ഒരു കുറുപ്പ് അല്ലെങ്കിൽ ഒരു നായർ, അല്ലെങ്കിൽ ഒരു മേനോൻ ഇന്ത്യയിൽ ചക്രവർത്തിയായിട്ടുണ്ടോ" . പിള്ള കുഴഞ്ഞു, പിള്ളയാണെങ്കിൽ വിശന്നിരിക്കുകയാണ്. പിള്ള പറഞ്ഞു "ഞാൻ ഊണുകഴിച്ചിട്ടു വരാം " . അപ്പോൾ വൈക്കം മുഹമ്മദ് ബഷീർ പറഞ്ഞു, " ഞാൻ പറയാം, എന്റെ ഉപ്പൂപ്പാടെ ഉപ്പൂപ്പാടെ ഉപ്പൂപ്പാടെ ഉപ്പൂപ്പമാർ ചക്രവർത്തിയായിരുന്നിട്ടുണ്ട്" . അപ്പോൾ അതാരാണെന്ന് പിള്ള ചോദിച്ചു, വൈക്കം മുഹമ്മദ് ബഷീർ പറഞ്ഞു, " അത് ഒന്ന് അക്ബറാണ്, ഒന്ന് ഔറംഗസീബാണ്, ഒന്ന് ബാബറാണ്" . അതിന്റെ ഫലിതം അദ്ദേഹത്തിന് മനസ്സിലായില്ല. അത് മനസ്സിലാകണമെങ്കിൽ ജനാധിപത്യം മനസ്സിലാകണം. ജനാധിപത്യം എന്നുപറയുന്നത് ഒരു കുടുംബത്തിന്റേതല്ല, ഒരു മതത്തിന്റേതല്ല, ഒരു ജാതിയുടെതല്ല, ഒരു സംസ്ഥാനത്തിന്റേതല്ല, അത് ജനങ്ങളുടേതാണ്. വൈക്കം മുഹമ്മദ് ബഷീറിനേക്കാൾ ഏറ്റവും ചിന്തോദ്ദീപകങ്ങളായ ഫലിതങ്ങൾ പറഞ്ഞ സാഹിത്യകാരന്മാർ കേരളത്തിൽ കുറവാണ്. ഇത് എം. എൻ. വിജയൻ മാസ്റ്റർ അദ്ദേഹത്തിന്റെ 'ഫാസിസത്തിനെതിരെ' എന്ന പുസ്തകത്തിൽ എഴുതിയിട്ടുള്ളതാണ്, ഇത് മനസ്സിലാകണം ഇന്ത്യയ്ക്ക്. അതുകൊണ്ട്, ഞാൻ പറയുന്നത്, ഫാസിസം ഒരാളുടെ മനസ്സിൽ രൂപപ്പെടുന്നത്, ഭയത്തിൽ നിന്നാണ്.

അതുകൊണ്ടാണ് ഭയത്തിന്റെ ദർശനമാണ് ഫാസിസമെന്ന് കമ്മ്യൂണിസ്റ്റുകാർ പറഞ്ഞത്. അതിൽ മതം മതത്തെ ഭയക്കുന്നു, ജാതി ജാതിയെ ഭയക്കുന്നു, രാജ്യം രാജ്യത്തെ ഭയക്കുന്നു, അയൽപക്കക്കാരൻ അയൽപക്കക്കാരനെ ഭയക്കുന്നു, ഭയത്തിൽ നിന്നും ആക്രമണം ആരംഭിക്കുന്നു. അവന് സർവ്വതും നശിപ്പിക്കാനുള്ള ഒരു ബോധം, ഒരു സംസ്കാരമില്ലായ്മ അതിൽനിന്നും രൂപപ്പെടുന്നു. അത് ഇന്ന് ഇന്ത്യയിലുണ്ട്. 2014-ലെയും 2019-ലെയും രണ്ടു തെരഞ്ഞെടുപ്പുകളിലും ഇന്ത്യയിലില്ലാതെ പോയത് ജനാധിപത്യമാണ്. ഇന്ത്യയിൽ ബി.ജെ.പി. ജയിച്ചുവെന്നതല്ല, കഴിഞ്ഞ തെരഞ്ഞെടുപ്പിലും അതിനുമുമ്പുള്ള തെരഞ്ഞെടുപ്പിലും ജയിച്ചത് കോർപ്പറേറ്റുകളാണ്. അവർക്കുവേണ്ടി ഉയർത്തിക്കൊണ്ടുവന്ന ജനാധിപത്യരഹിതമായ, ഭരണകൂടത്തെ വിലയിരുത്താത്ത, മതത്തെയും ജാതിയെയും വർഗ്ഗീയതയെയും മനുഷ്യത്വരഹിതമായി മുന്നിൽനിർത്തുന്ന, രാഷ്ട്രീയം എന്നുപറയുന്ന രാഷ്ട്രീയമില്ലാത്ത ഒന്നാണ്. ജനാധിപത്യത്തിന്റെ മൂല്യമുള്ള മാനവികമായ ഒരു രാഷ്ട്രീയത്തിന്റെ മുന്നിൽനിന്നുള്ള സൗഹാർദ്ദപരമായ മത്സരം ഇപ്പോഴുണ്ടായില്ല. ഇപ്പോൾ 55000 കോടി രൂപ ഇലക്ഷനിൽ ചെലവഴിച്ചു. ഇന്ത്യൻ പാർലമെന്റിൽ അംഗങ്ങളായി വന്നവരിൽ 300 പേർ ശതകോടീശ്വരന്മാരാണ്. ഏതാണ്ട് അതിൽ താഴെ ക്രിമിനലുകളാണ്. അതിൽ ഇങ്ങനെയേ വരൂ. അതിൽ നിങ്ങൾ ശ്രദ്ധിക്കേണ്ട ഒരു കാര്യമുണ്ട്. മധ്യപ്രദേശിന്റെ തലസ്ഥാനത്ത് മത്സരിച്ച ശ്രീമതി പ്രഗ്യാ സിംഗ് ഠാക്കൂറിനെതിരെ മത്സരിച്ചത് അവിടെയുള്ള കോൺഗ്രസിന്റെ ഏറ്റവും മുതിർന്ന നേതാവായ ദിഗ് വിജയ് സിംഗായിരുന്നു, അദ്ദേഹം രണ്ടുതവണ മുഖ്യമന്ത്രിയായിരുന്നു. മത്സരിച്ചപ്പോൾ അദ്ദേഹത്തിന്റെ പ്രധാന പ്രചരണം 'ഇവർ ക്ഷേത്രത്തിനുവേണ്ടി നിൽക്കുന്ന ആളുകളാണെങ്കിൽ എന്റെ വീട്ടിൽത്തന്നെ 7 ക്ഷേത്രങ്ങളുണ്ട്, അതിൽ നാല് ക്ഷേത്രങ്ങളിൽ കത്തിച്ചുവച്ച വിളക്ക് ഞാൻ ഒരിക്കലും അണച്ചിട്ടില്ല' എന്നായിരുന്നു. അവസാനം എന്തുപറ്റി, മൂത്ത വർഗ്ഗീയതും മൃദുവർഗ്ഗീയതയും ഏറ്റുമുട്ടിയപ്പോൾ അഞ്ചുലക്ഷത്തിലധികം വോട്ടിന് നമുക്ക് ഉൾക്കൊള്ളാൻ കഴിയാത്ത, മഹാത്മാഗാന്ധി തെറ്റെന്നും ഗോഡ്സെ ശരിയെന്നും പറയുന്ന ശ്രീമതി പ്രഗ്യാ സിംഗ് ഠാക്കൂർ ജയിച്ചു. ഇങ്ങനെയാണ് സംഭവിക്കുന്നത്. നമുക്ക് വർഗ്ഗീയതയെ നേരിടാൻ ചെറുവർഗ്ഗീയത പോര. നമുക്ക് മതത്തെ നേരിടാൻ ജാതി പോര, ഇതിനെ നേരിടാൻ ഒരുവഴിയേ ഇന്ത്യയ്ക്ക് അറിയാവൂ, അത് ജവഹർലാൽ നെഹ്റു കാണിച്ചുതന്ന വഴിയാണ്, ഇ.എം.എസ്. കാണിച്ചുതന്ന വഴിയാണ്, അച്യുതമേനോൻ കാണിച്ചുതന്ന വഴിയാണ്, അത് മതേതരത്വത്തിന്റെ വഴിയാണ്, രാഷ്ട്രീയത്തിന്റെ വഴിയാണ്. ശാസ്ത്രം ജയിച്ചു മനുഷ്യൻ തോറ്റു എന്നൊരു സിനിമയുണ്ട്. ഇവിടെ ജയിക്കുന്നത് കോർപ്പറേറ്റുകളാണ്, പാർട്ടികളല്ല. തോൽക്കുന്നത് മനുഷ്യനാണ്, ജനാധിപത്യമാണ്. മനുഷ്യൻ ജയിക്കണമെങ്കിൽ

മതേതരത്വത്തിന്റെയും ജനാധിപത്യത്തിന്റെയും രാഷ്ട്രീയം ഉയർത്തിപ്പിടിക്കണം. കേരളത്തിൽ നിങ്ങളും ഞങ്ങളുമുണ്ട്, നിങ്ങൾ ജയിച്ചെന്നും ഞങ്ങൾ തോറ്റെന്നും പറയുന്നു. മഹാഭാരത കഥയിൽ പാണ്ഡവ-കൗരവ യുദ്ധം കഴിഞ്ഞ് സർവ്വരും മരിച്ച് എട്ടുപേർ ബാക്കി വന്നപ്പോൾ അവസാനം യുധിഷ്ഠിരൻ പറഞ്ഞത് കൗരവർ മരിച്ചു, ഞങ്ങൾ തോറ്റു എന്നാണ്. നമുക്കും അങ്ങനെയേ പറയാൻ കഴിയൂ, ഇന്ത്യയിൽ ജയിച്ചവരില്ല, ഇവിടെ ജയിച്ചത് കോർപ്പറേറ്റുകളാണ്. ബാക്കി തോറ്റവരെല്ലാംകൂടി അതിന്റെ കാരണം അന്വേഷിക്കണം, അതിൽ നിങ്ങൾ നിങ്ങളുടെ വഴിക്കും ഞങ്ങൾ ഞങ്ങളുടെ വഴിക്കും മാത്രമല്ല, രണ്ടുകൂട്ടരും ശാസ്ത്രീയമായ വഴിക്ക് അന്വേഷിക്കുകയും ഒരുമിച്ച് പരിഹാരം കാണുകയും വേണം. അങ്ങനെ മതേതരത്വത്തെ നാളത്തെ ഇന്ത്യയിൽ രാഷ്ട്രീയമായി വിജയിപ്പിക്കുകയും വേണം. അതിനായി കേരളത്തിൽ ഇടതുപക്ഷം ജയിക്കുമെന്നും ജയിച്ച് തിരിച്ചുവരുമെന്നും ഉറപ്പാണ്. അത് രാഷ്ട്രീയംകൊണ്ടാണ്, നിങ്ങൾക്കില്ലാത്തതും അതാണ്. ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. കെ. എം. ഷാജി</u>: സർ, ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. ബഹുമാനപ്പെട്ട തുറമുഖ വകുപ്പുമന്ത്രി, മന്ത്രിയെന്നുള്ളനിലയ്ക്ക് അങ്ങേയ്ക്കുള്ള പരിമിതികൾ എനിക്ക് നന്നായിട്ടറിയാം. അഴീക്കോട് തുറമുഖം നിൽക്കുന്ന മണ്ഡലത്തിലെ ഒരു എം.എൽ.എ. എന്ന നിലയ്ക്ക് അത് പലപ്പോഴും ബോധ്യപ്പെട്ട ആളാണ് ഞാൻ. ഏറ്റവും ചുരുങ്ങിയത് ഇന്ന് രാവിലെ ഞാൻ കൊണ്ടുവന്ന ശ്രദ്ധക്ഷണിക്കലിന് പറഞ്ഞ മറുപടിയിലുള്ള അങ്ങയുടെ നിസ്സഹായാവസ്ഥയോട് എനിക്ക് സഹതാപമുണ്ട്. പാർട്ടി ഓഫീസിൽനിന്നും പറയുന്നതിനപ്പുറം ഒന്നുംചെയ്യാൻ അങ്ങേക്ക് കഴിയില്ലെന്നും എനിക്കറിയാം. അങ്ങ് ഒരു പാവം നല്ല മനുഷ്യനാണ്. ആ നിലയ്ക്ക് അങ്ങയെ എനിക്ക് വലിയ ഇഷ്ടവുമാണ്. പക്ഷേ, നല്ലൊരു മന്ത്രിയാകാൻ ഇവർ അങ്ങയെ അനുവദിക്കില്ല എന്നറിയാവുന്നതുകൊണ്ടുതന്നെ അങ്ങ് കൊണ്ടുവന്ന ഡിമാന്റിനെ ഞാൻ പൂർണ്ണമായും എതിർക്കുകയാണ്. ഈ പറഞ്ഞതിന്റെ നേർവിപരീതമാണ് നമ്മുടെ പൊതുമരാമത്ത് വകുപ്പുമന്ത്രി. അങ്ങൊരു നല്ല മനുഷ്യനാണെങ്കിലും ഒരു പാവമല്ലെന്ന് ഞങ്ങൾക്കെല്ലാവർക്കും നന്നായിട്ടറിയാം. കൃത്യമായ അവധാനതയോടെയും കാഴ്ചപ്പാടോടെയും വകുപ്പിനെ മുന്നോട്ടുകൊണ്ടുപോകാൻ അങ്ങ് ശ്രമിക്കുന്നുണ്ട്. കിഫ്ബി പോലുള്ള ചിലയിടങ്ങളിൽനിന്നും ഇടയ്ക്കൊക്കെ തലയ്ക്ക് കിഴുക്ക് കിട്ടാറുണ്ടെങ്കിലും വെറുതെ നോക്കിനിൽക്കാതെ കാവ്യാത്മകമായി പ്രതികരിക്കാറുമുണ്ട്. അത്തരം കാവ്യാത്മകവും സംഗീതാത്മകവുമായ അങ്ങയുടെ പ്രതികരണത്തിന്റെ ഭാഗമാണ് ഇടക്കിടയ്ക്ക് അങ്ങ് 'കിംഫി, കിംഫി' എന്നുപറഞ്ഞുകൊണ്ടിരിക്കുന്നത്. ആ വിളിക്കിടയിലുള്ള പറയാത്ത ചില

കാര്യങ്ങൾ പലപ്പോഴും ആലോചിക്കുമ്പോൾ ഞങ്ങളുടെ രോമം എഴുന്നേറ്റ് നിൽക്കാറുമുണ്ട്. അങ്ങുതന്നെ പലപ്പോഴും പറയുന്നതുപോലെ ഈ റോഡുകളുടെ മെയിന്റനൻസും ഇടയ്ക്കുണ്ടാകുന്ന വെട്ടിപ്പൊളിക്കലും പലപ്പോഴും ചർച്ചയിൽ വന്നതുമാണ്. അഴീക്കോട് മണ്ഡലം ഏകദേശം 80% റോഡുകളുടെ കാര്യത്തിലും സഫിഷ്യന്റാണ്. ഉദ്യോഗസ്ഥരുടെ ഇടപെടൽ, സർക്കാരിന്റെ പിന്തുണ, എല്ലാവരുടെയും സഹകരണം എന്നിവയൊക്കെ വലിയനിലയ്ക്കുണ്ടായിട്ടുണ്ട്. ചെറിയ ഒരു കുഴിയുണ്ടെങ്കിൽ അപ്പോൾത്തന്നെ അത് മെയിന്റെയിൻ ചെയ്ത് പോകാറുമുണ്ട്. നല്ല നിലയ്ക്കാണ് അവിടെ കാര്യങ്ങൾ നടക്കുന്നത്. പക്ഷേ, അവിടെ വളരെ നല്ല രീതിയിൽ ടാർ ചെയ്ത മെക്കാഡം ടാറിംഗ് അടക്കം കോർപ്പറേഷൻ പരിധിയിൽ മുഴുവനും കുത്തിപ്പൊളിച്ചിരിക്കുകയാണ്. അഞ്ചുവർഷം വാറന്റിയുള്ള, ഗ്യാരന്റിയുള്ള റോഡുകളാണ് അവർ പൊളിച്ചിരിക്കുന്നത്. അവിടെ അതിനുള്ള പണം കെട്ടിവച്ചിട്ടുണ്ടെന്ന് അങ്ങെന്നോട് പറഞ്ഞിട്ടുണ്ട്. പണം കെട്ടിവച്ചാൽ അവർ ആ റോഡുകൾ പാച്ച് വർക്ക് ചെയ്യുമെങ്കിലും ആ റോഡിന്റെ മെക്കാഡം ടാറിന്റെ യൂണിഫോമിറ്റി അതോടുകൂടി തകർന്നുപോകും. അവിടെമാത്രം ടാർ ചെയ്യുന്നതുകൊണ്ട് പ്രശ്നങ്ങൾ പരിഹരിക്കാനാകില്ല. ഇത് വലിയ ഗൗരവത്തോടുകൂടി പരിശോധിക്കണമെന്ന് അങ്ങയോട് ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്.

ശ്രീ. മുല്ലക്കര രത്നാകരന്റെ പ്രസംഗം നല്ലനിലയ്ക്ക് ഞങ്ങളൊക്കെ കേൾക്കുകയും ആസ്വദിക്കുകയും ചെയ്യാറുണ്ട്. ഇത്രയൊക്കെ ഐഡിയ കോൺഗ്രസിനോട് പറയുന്ന നേരംകൊണ്ട് എങ്ങനെയെങ്കിലും നിങ്ങൾ ഈ ഐഡിയ ഉപയോഗിച്ച് ഒരു നാല് സീറ്റുണ്ടാക്കാൻ നോക്കണമെന്നാണ് ഞങ്ങൾക്ക് അദ്ദേഹത്തോട് പറയാനുള്ളത്. നിങ്ങൾക്കുതന്നെ അറിയാവുന്നതുകൊണ്ട് നിങ്ങൾതന്നെ പ്രയോഗവത്ക്കരിക്കുന്നതായിരിക്കും കുറച്ചുകൂടി നല്ലത്. എന്തുകൊണ്ട് തോറ്റുവെന്ന് വളരെ ലളിതമായി പറഞ്ഞുതരു എന്ന് 'സന്ദേശം' സിനിമയിൽ ചോദിക്കുന്ന 'ഉത്തമന്റെ' തന്റേടംപോലും നമ്മുടെയാളുകൾക്ക് ഇല്ലായെന്നുള്ളതാണ് ഇപ്പോൾ നിങ്ങളുടെ ഭാഗത്തുനിന്നും കേൾക്കുന്ന പ്രസംഗത്തിൽ നിന്നൊക്കെ മനസ്സിലായിക്കൊണ്ടിരിക്കുന്നത്. നിങ്ങൾ ഞങ്ങളോട് എന്തിനാണ് ചൂടാകുന്നതെന്നാണ് ഞാൻ ചോദിക്കുന്നത്. ഞങ്ങളല്ല നിങ്ങളെ തോൽപ്പിച്ചത്, ഞങ്ങൾ തോൽപ്പിക്കുകയാണെങ്കിൽ നിങ്ങളെ 20 സീറ്റിലും തോൽപ്പിക്കുമായിരുന്നു. 19 സീറ്റിൽ ഒന്നുമാത്രം നിങ്ങൾക്ക് തരില്ലായിരുന്നു. ഞങ്ങളല്ല തോൽപ്പിച്ചത്, ജനങ്ങളാണ് തോൽപ്പിച്ചത്. ജനങ്ങൾ തോൽപ്പിച്ചത് എന്തിനാണെന്ന് പരിശോധിക്കുകയാണ് നിങ്ങൾ ചെയ്യേണ്ടത്. ഞങ്ങൾക്ക് കഴിയുമെങ്കിൽ എന്തിനാണ് നിങ്ങൾക്ക് ഒരു സീറ്റ് തരുന്നത്? ഞങ്ങൾ

യു.ഡി.എഫിന്റെ മീറ്റിംഗ് കൂടി. ഒരു പഞ്ചിനുവേണ്ടി 18 സീറ്റുവരെയെന്നാണ് ഞങ്ങൾ പറഞ്ഞത്. അത് ലഭിക്കുമെന്ന ഉറപ്പുപോലും ഞങ്ങൾക്കുണ്ടായിരുന്നില്ല. പക്ഷേ, ഞങ്ങൾക്ക് 19 സീറ്റുകിട്ടി. ജനങ്ങൾ 'അതുക്കുംമേലെ' ആയിരുന്നു. അവർ 8000 വോട്ടിനാണ് നിങ്ങളെ രക്ഷപ്പെടുത്തിയത്. ബാക്കിയുള്ള സീറ്റുകളിൽ മുഴുവൻ അവർ ഞങ്ങളെ ജയിപ്പിച്ചു. നമ്മുടെ നാട്ടിൽ സ്ഥിരമായി മോഷ്ടിക്കാൻ കയറുന്ന കള്ളനെ കുറേക്കാലത്തിനുശേഷം നാട്ടുകാർ ഓടിച്ചിട്ടുപിടിച്ചാൽ വരുന്നവനൊക്കെയിട്ട് ചവിട്ടിക്കുത്തി നിരപ്പാക്കി അവസാനം ജീവൻ മാത്രം ബാക്കിയാക്കി പോലീസിന് കൊടുക്കുന്നതുപോലെയാണ് ഒരൊറ്റ സീറ്റ് മാത്രം ബാക്കിയാക്കി ചവിട്ടി നിരപ്പാക്കിയാണ് ജനങ്ങൾ വിട്ടുകളഞ്ഞതെന്ന് നിങ്ങൾ മനസ്സിലാക്കണം. സഭയിൽ നിങ്ങളുടെ പ്രസംഗം മുഴുവൻ ശ്രീ. രാഹുൽ ഗാന്ധിക്ക് എതിരായാണ്. നിങ്ങൾ എന്തിനാണ് ശ്രീ. രാഹുൽ ഗാന്ധിയെ കുറ്റം പറയുന്നത്, ആ മനുഷ്യൻ എന്ത് അപരാധമാണ് ചെയ്തത്? അദ്ദേഹം ജയിച്ചതല്ലല്ലോ, തോറ്റുപോകുകയല്ലേ ചെയ്തത്? ഗുജറാത്തിലെ ഏറ്റവും രൂക്ഷമായ വർഗ്ഗീയ കലാപത്തിൽനിന്നും ഇന്ത്യൻ രാഷ്ട്രീയത്തിലേക്ക് ഉയർന്നുവന്ന അപകടകാരിയായിട്ടുള്ള ഒരു മനുഷ്യൻ ഭീകരമായ ഭൂരിപക്ഷത്തോടെ ഇന്ന് ഇന്ത്യയുടെ പ്രധാനമന്ത്രിയാണ്. നിങ്ങൾ എന്തുകൊണ്ടാണ് അതൊരു വിഷയമാക്കാത്തത്. കണ്ണൂരിലെ വിമാനത്താവളം തുറന്നുകൊടുത്ത് നിങ്ങൾ ആദരിച്ചിറക്കിയ ശ്രീ. അമിത്ഷാ, ബെസ്റ്റ് ബേക്കറി കേസിലെ പ്രതിയായിട്ടുള്ള അമിത്ഷാ, ഗുജറാത്തിലെ ഹ്യൂമൻ റൈറ്റ്സിനെ മുഴുവൻ ചവിട്ടിമെതിച്ച അമിത്ഷാ, രണ്ടു വർഷം സ്റ്റേറ്റിൽ ഉണ്ടാകരുത് എന്ന് രാജ്യത്തിന്റെ നീതിപീഠം പറഞ്ഞ ഒരാൾ ഈ രാജ്യത്തിന്റെ ആഭ്യന്തരമന്ത്രിയാണ്. എന്തുകൊണ്ടാണ് നിങ്ങൾ അതിനെക്കുറിച്ച് ആലോചിക്കാത്തത്, സഭയിൽപ്പോലും അതിനെക്കുറിച്ച് പറയാത്തത്? എന്നിട്ട് ഇപ്പോഴും ശ്രീ. രാഹുൽ ഗാന്ധിയെ ചീത്തവിളിച്ച് സായൂജ്യമടയുകയാണ്. തോറ്റുപോയത് ശ്രീ. രാഹുൽ ഗാന്ധി അല്ലെന്ന് നിങ്ങൾ പറഞ്ഞല്ലോ. നമ്മൾ എല്ലാവരുമാണ് തോറ്റുപോയത്. നഷ്ടം കോൺഗ്രസിന് മാത്രമല്ല, ഈ രാജ്യത്തിന് മുഴുവനുമാണ്. എന്തുകൊണ്ടാണ് ആ അർത്ഥത്തിൽ നിങ്ങൾ ചിന്തിക്കാതെ പോകുന്നത്? കോർപ്പറേറ്റുകളെ വെല്ലുവിളിച്ച്, അധികാരി വർഗ്ഗത്തെ വെല്ലുവിളിച്ച്, സമ്പത്തിനെ തൃണവൽഗണിച്ച് വർഗ്ഗീയതയോടും അഴിമതിപ്പണത്തോടും ഇന്ത്യ ഒട്ടുക്കും പൊരുതിയ ആ മനുഷ്യനെയാണ് അതെല്ലാം ചേർത്തുവച്ച് അവർ തോൽപ്പിച്ചുകളഞ്ഞത്. നമുക്ക് നഷ്ടമായത് ഒരു നല്ല മനുഷ്യസ്നേഹിയെയാണ്. ഒരുപക്ഷേ, ജസീന്താ ആർഡനെപ്പോലെ ലോകം ആദരിക്കുമായിരുന്ന ഒരു നല്ല നന്മമരത്തെയാണ് ഈ വർഗ്ഗീയവാദികൾ മുറിച്ചുകളഞ്ഞതെന്ന് നിങ്ങൾ മനസ്സിലാക്കണം. ഞാൻ കോൺഗ്രസിന്റെ സുഹൃത്തുക്കളോട് പറയട്ടെ, ശ്രീ. മുല്ലക്കര രത്നാകരൻ പറഞ്ഞത് കേട്ടിട്ടൊന്നും

നിങ്ങൾ വേറെ നിലയ്ക്ക് ചിന്തിക്കരുത്; ഇന്ത്യയ്ക്ക് ആവശ്യമുള്ളത് സനാതനധർമ്മം പുലർത്തുന്ന ഗാന്ധിജിയെപ്പോലെയുള്ള ഒരു നല്ല ഹിന്ദുവിനെയാണ് എന്നാണ് നിങ്ങൾ രാഹുൽജിയോട് പറയേണ്ടത്.

ശ്രീ. രാഹുൽ ഗാന്ധി മാനസ സരോവറിൽ പോയെന്ന് കുറച്ചുമുമ്പ് ഇവിടെ പറഞ്ഞു. അവിടെച്ചെന്ന് അദ്ദേഹം "എന്തൊരു ശാന്തതയാണിവിടെ, എന്തൊരു ആത്മീയമായ നിർവൃതിയാണിവിടെ, എന്തൊരു മനോഹരമാണ് ഈയിടം" എന്ന് ട്വീറ്റ് ചെയ്തശേഷം നേരേ ചെല്ലുന്നത് മധ്യപ്രദേശിലെ കോൺഗ്രസ് തെരഞ്ഞെടുപ്പിലേക്കാണ്. അവിടെ കോൺഗ്രസിന്റെ കുറച്ച് ആളുകൾ 'ശിവഭക്തനായ ശ്രീ. രാഹുൽ ഗാന്ധിക്ക് സ്വാഗതം' എന്ന് ബോർഡ് വച്ചു. ഇതാ മൃദു ഹൈന്ദവതയാണ് വരുന്നതെന്ന് നിങ്ങൾ ഉടനെ പറഞ്ഞു. ഇതെന്ത് മൃദു ഹൈന്ദവതയാണ്? ശ്രീ. രാഹുൽ ഗാന്ധി ഹിന്ദുവായാൽ ഇവിടെ ആർക്കാണ് പ്രശ്നമുള്ളത്? ഇവിടത്തെ മുസ്ലീമിനോ ക്രിസ്ത്യനിക്കോ സിഖുകാരനോ പ്രശ്നമുണ്ടോ? അദ്ദേഹം ഒരു ഹിന്ദുവാകണമെന്നും ഒരു നല്ല ഹിന്ദുവിനെയാണ് ഇന്ത്യ ആവശ്യപ്പെടുന്നതെന്നും ശ്രീ. നരേന്ദ്ര മോദിയുടെ ഹിന്ദുത്വ രാഷ്ട്രീയമല്ല ഇന്ത്യയ്ക്ക് വേണ്ടതെന്നുമാണ് ഞാൻ അഭിപ്രായപ്പെടുന്നത്. കേരളത്തിലെ മലയാളികൾ അത് തെളിയിച്ചതാണ്. നിങ്ങളുടെ പരാക്രമം കണ്ടാൽ നിങ്ങൾ മാത്രമാണ് തോറ്റുപോയത് എന്നാണ് വിചാരിക്കുക. അങ്ങനെയല്ല, ഇവിടെ അവർ തോൽപ്പിച്ചത് നിങ്ങളെ മാത്രമല്ല, ബി.ജെ.പി.യെയും തോൽപ്പിച്ചിട്ടുണ്ട്. എന്തേ നിങ്ങൾ ഓർക്കാത്തത്? രണ്ടുപേരുടെയും പരാജയത്തിന് പിറകിൽ ഈ നാട്ടിലെ നല്ലവരായ ഹിന്ദുക്കളാണ്. നിങ്ങൾ ഈ തോൽവിയെ ദയവുചെയ്ത് മൈനോറിറ്റിയുടെ consolidation ആണെന്നുപറഞ്ഞ് ഇരുട്ടുകൊണ്ട് ഓട്ടയടയ്ക്കരുത്. നിങ്ങളെ തോൽപ്പിച്ചത് ഇവിടത്തെ ഹിന്ദുക്കളാണ്. അവർ തോൽപ്പിച്ചത് നിങ്ങളെ മാത്രമല്ല, ശ്രീ. നരേന്ദ്ര മോദി എന്നുപറയുന്ന വർഗ്ഗീയവാദിയെയാണ്, ശ്രീ. അമിത്ഷാ എന്നുപറയുന്ന വർഗ്ഗീയവാദിയെയാണ്. അവരിവിടെ തോൽപ്പിച്ചത് അവരുടെ 'ബി' ടീമാവാൻ ശ്രമിക്കുന്ന സി.പി.ഐ.(എം). എന്നുപറയുന്ന പാർട്ടിയെക്കൂടിയാണെന്ന് നിങ്ങൾ മനസ്സിലാക്കണം. അവരിവിടെ ജയിപ്പിച്ചത് യു.ഡി.എഫിനെയാണ്. ഏത് യു.ഡി.എഫ്.-നെ? നിരന്തരം നിങ്ങൾ വർഗ്ഗീയവാദികളെന്ന് എടുത്തെടുത്ത് പറയുന്ന ഇന്ത്യൻ യൂണിയൻ മുസ്ലിം ലീഗിന്റെ പച്ചക്കൊടി കൂട്ടിക്കെട്ടിയ യു.ഡി.എഫ്.-നെയാണ് ഇവിടത്തെ ഹിന്ദുക്കൾ വോട്ട് ചെയ്ത് ജയിപ്പിച്ചതെന്ന് നിങ്ങൾ മനസ്സിലാക്കണം. ഞാൻ ഇവിടത്തെ നല്ലവരായ ഹിന്ദുമത വിശ്വാസികൾക്കുമുമ്പിൽ ഈ സഭാങ്കണത്തിൽ വച്ച് മനസ്സുകൊണ്ട് നമിക്കുകയാണ്. മുസ്ലീം തീവ്രവാദത്തിന്റെ മുഖത്ത്, ഐ.എസ്.ഐ.എസ്.-ന്റെ മുഖത്തടിച്ചത് ആരാണെന്ന് നമുക്കറിയാം. അവരെ തോൽപ്പിച്ചുകളഞ്ഞത്,

ഐ.എസ്.ഐ.എസ്.-നെ പരാജയപ്പെടുത്തിയത് അമേരിക്കൻ പട്ടാളമല്ല, ന്യൂസിലൻഡിലെ പ്രധാനമന്ത്രി ജസീന്താ ആർഡന്റെ മാതൃകയാണ്. അത് ലോകത്തിന്റെ ഏറ്റവും സർഗ്ഗാത്മകമായ ആധുനിക കാലത്തിന്റെ മാതൃകയാണ്. അതിന് സമാനമായ നിലപാടാണ് കേരളത്തിലെ ഹിന്ദുക്കൾ മതന്യൂനപക്ഷങ്ങളെ ചേർത്തുപിടിച്ചുകൊണ്ട്, വർഗ്ഗീയവാദികളെ തോൽപ്പിച്ച് കേരളത്തിൽ കാണിച്ചതെന്നത് കേരളത്തിന് മാത്രമുള്ള ഒരു മാതൃകയാണ്. ശബരിമലയെ കച്ചവടം ചെയ്യാനിറങ്ങിയ രണ്ടുപേരെയും അവർ തോൽപ്പിച്ചുകളഞ്ഞു. ഞാൻ നിങ്ങളോട് ചോദിക്കട്ടെ, നൂറ്റാണ്ടുകളായി ഒരു ജനത കൈവശം വച്ചുവരുന്ന ആചാരങ്ങളെയും വിശ്വാസപ്രമാണങ്ങളെയും പോലീസിനെയും പട്ടാളത്തിനെയും വിട്ട് ചവിട്ടിമെതിക്കാൻ ഒരു ഗവൺമെന്റിന് എന്ത് അവകാശമാണുള്ളത്? ഇതാ ഇവിടെ നിങ്ങൾ പരിശോധിക്കൂ, ഇവിടെ ഈ സഭയിൽ ശ്രീ. കടന്നപ്പള്ളി രാമചന്ദ്രനുണ്ട്, ഡോ. ടി. എം. തോമസ് ഐസക്കുണ്ട്, നമ്മുടെ സഹപ്രവർത്തകനായ ശ്രീ. എം. രാജഗോപാലനുണ്ട്. നിങ്ങൾ അവരെ നോക്ക്. ഇതാ ഈ മന്ത്രി ധരിക്കുന്നത് ഒരു നീളൻ കുപ്പായമാണ്. അദ്ദേഹത്തിന് എന്തുകൊണ്ട് ഇതുപോലൊരു കുപ്പായം ധരിച്ചുകൂടാ? വേറെയൊന്നുമുണ്ടായിട്ടല്ല, അദ്ദേഹത്തിന്റെ ഒരു ശീലം അതാണ്. അവിടെ ഇരിക്കുന്ന എന്റെ സുഹൃത്ത് ശ്രീ. എം. രാജഗോപാലൻ, അദ്ദേഹത്തിന്റെ വേഷം ഒരു പ്രത്യേക തൊപ്പിയും ഫ്ലാപ്പുള്ള ഒരു ഷർട്ടുമാണ്. അദ്ദേഹത്തിന്റെ ഒരു പാഷനും ഇഷ്ടവും ശീലവുമാണ് അത്. സ്വന്തം ശീലങ്ങൾപോലും മാറ്റിവയ്ക്കാൻ തയ്യാറാകാത്ത നിങ്ങളാണ് നൂറ്റാണ്ടുകളോളം ഒരു ജനത സൂക്ഷിക്കുന്ന വിശ്വാസങ്ങളും ശീലങ്ങളും മാറ്റണമെന്ന് വാശിപിടിക്കുന്നതെങ്കിൽ അതിന്റെ അർത്ഥമെന്താണെന്ന് പരിശോധിച്ചുനോക്കൂ. അവരാണ് നിങ്ങളെ ഈ തെരഞ്ഞെടുപ്പിൽ തോൽപ്പിച്ചുകളഞ്ഞത്. കേരളത്തിന്റെ മുഖ്യമന്ത്രിയോട് "നിങ്ങൾ ശരിയല്ലെ"ന്ന് പറയാൻ ധൈര്യമില്ലാത്ത സഖാക്കളാണ് പോളിംഗ് ബൂത്തിൽ പോയിട്ട് "നിങ്ങൾ ശരിയല്ലെ"ന്ന് പറഞ്ഞത്. സ്നേഹമുള്ളവരേ, സഖാക്കളാണ് നിങ്ങളെ തോൽപ്പിച്ചുകളഞ്ഞത്. നിങ്ങൾ തോറ്റതിന് ഒരു സൈദ്ധാന്തിക വിശദീകരണമൊന്നും ആവശ്യമില്ല. കാസർഗോഡ് മുതൽ കോഴിക്കോട് വരെ നിങ്ങൾ തോറ്റതിനുകാരണം നിങ്ങളുടെ സഖാക്കളുടെ വടിവാളുകളിൽ ഉണങ്ങിപ്പിടിച്ച ചോരയുടെ കറ മാത്രമാണ്. അതാണ് നിങ്ങളെ തോൽപ്പിച്ചത്. അമ്മമാരുടെ കണ്ണുനീർ അവർ ഒഴുക്കിക്കളഞ്ഞത് പോളിംഗ് ബൂത്തിലാണ്. ആ കണ്ണുനീരിലാണ് കേരളത്തിലെ ഇടതുപക്ഷം ഒലിച്ചുപോയതെന്ന് നിങ്ങൾ മനസ്സിലാക്കാത്തതെന്തുകൊണ്ടാണ്. കാലങ്ങളായി ഇവിടത്തെ എല്ലാ മതവിശ്വാസികളും തമ്മിൽ ഒരു വല്ലാത്ത സ്നേഹമുണ്ട്, സൗഹൃദമുണ്ട്. ഇവിടത്തെ ഹിന്ദുക്കളുടെയും മുസ്ലീങ്ങളുടെയും ക്രിസ്ത്യാനികളുടെയും സൗഹൃദത്തിനിടയിലാണ് നിങ്ങൾ വിഷം കലർത്താൻ ശ്രമിച്ചത്. ശബരിമല വിഷയത്തിൽ നിങ്ങൾ കെട്ടിയ

മതിലിൽ മാപ്പിളപ്പെണ്ണുങ്ങളെ കൊണ്ടുപോയി നിർത്തി. പർദ്ദയിട്ട സ്ത്രീകളുടെ ഫോട്ടോ നിങ്ങൾ രാജ്യം മുഴുവൻ ആഘോഷിച്ചു. ഫലമെന്തായിരുന്നു എന്ന് അറിയുമോ? സ്ഥിരമായി രാവിലെ സുബഹി നമസ്കരിച്ച് മാപ്പിളപ്പെണ്ണുങ്ങൾ പോളിംഗ് ബൂത്തിൽ പോയി വോട്ടുചെയ്ത് നിങ്ങളെ തോൽപ്പിച്ചുകളഞ്ഞു. അവർ പറഞ്ഞത് എന്താണെന്നറിയുമോ? ഞങ്ങൾക്ക് വേണ്ടത് സ്നേഹമാണ്, ഞങ്ങൾക്ക് വേണ്ടത് സൗഹൃദമാണ്, ഞങ്ങൾക്ക് വേണ്ടത് ഒരുമിച്ച് ജീവിക്കാനുള്ള ഇടമാണെന്നാണ്. മതിൽ പണിയാൻ വന്ന പെണ്ണുങ്ങൾക്ക് തേപ്പും അറിയാമായിരുന്നു; സി.പി.ഐ.(എം).നെ തേച്ചൊട്ടിച്ച് അവർ തെളിയിച്ചതാണ് ഈ തെരഞ്ഞെടുപ്പിലെ നിങ്ങളുടെ പരാജയമെന്ന് പറയുന്നത്.

ലീഗില്ലാത്ത പാർലമെന്റിനെക്കുറിച്ച് സഖാവ് പിണറായി വിജയന്റെ ഒരു പ്രസംഗമുണ്ട് - കുറ്റിപ്പുറം പ്രസംഗം. ആരും അത് മറക്കില്ല. എന്നാൽ സി.പി.ഐ.(എം) ഇല്ലാത്ത പാർലമെന്റ് എന്നത് ഞങ്ങളുടെ ലക്ഷ്യവും സ്വപ്നവുമല്ല. അങ്ങനെ ഞങ്ങൾ വിചാരിക്കാത്തതുകൊണ്ടാണ് തമിഴ്നാട്ടിൽ നിന്ന് രണ്ടുപേർ രക്ഷപ്പെട്ടുകിട്ടിയതെന്ന് നിങ്ങൾ ഓർക്കുന്നത് നല്ലതാണ്. ജനാധിപത്യം സക്രിയമാക്കുന്നത് പ്രതിപക്ഷമാണെന്ന നിലപാടാണ് ഞങ്ങൾക്കുള്ളത്. എന്നാൽ എല്ലാവരെയും തോൽപ്പിക്കാമെന്നും തോൽപ്പിക്കാനാകാത്തവരെ കൊന്നുകളയാമെന്നുമാണ് സി.പി.ഐ(എം)ന്റെ പക്ഷം. തോൽവി ഒരു തെറ്റല്ലെന്ന് നിങ്ങൾ മനസ്സിലാക്കണം. ശ്രീ. മുല്ലക്കര രത്നാകരൻ പറഞ്ഞല്ലോ, തോൽവി ഒരു തെറ്റല്ല. പരാജയത്തെ ന്യായീകരിക്കാൻ സിദ്ധാന്തങ്ങളും ചരിത്രവും ഇത്ര കഷ്ടപ്പെട്ട് ഉപയോഗിക്കേണ്ട യാതൊരു കാര്യവുമില്ല. എന്തുകൊണ്ട് തോറ്റു എന്ന് സിംപിളായി പറഞ്ഞാൽ മതി. അതൊന്ന് പറയണം. തോറ്റതിന്റെ കാരണങ്ങൾ കണ്ടെത്തിയാൽ മാത്രം മതി. പക്ഷേ, അത് തെരയേണ്ടത് ഈ ബെഞ്ചുകളിലല്ല, നിങ്ങളുടെ ഭരണബെഞ്ചിലാണ്. അവിടെയാണ് കാരണങ്ങളുള്ളത്. അതിന് ധൈര്യമില്ലാത്തതുകൊണ്ടാണ് നിങ്ങൾ ശ്രീ. രാഹുൽ ഗാന്ധിയെ കുറ്റം പറയുന്നത്, യു.ഡി.എഫിനെ പുലഭ്യം പറയുന്നത്. അതുകൊണ്ട് ഒരുപക്ഷേ നിങ്ങൾക്ക് താൽക്കാലിക ആശ്വാസം ഉണ്ടായെന്നുവരാം. പക്ഷേ, അത് വീക്കം മാറി വേദന പോയില്ല എന്നുപറയുന്ന ചികിത്സ പോലിരിക്കും. കാര്യങ്ങളൊക്കെ അതുപോലെ തന്നെ കിടക്കും. ഞാൻ നിങ്ങളോട് ചോദിക്കുന്നത് തോറ്റത് എന്തുകൊണ്ട് എന്നറിയാവുന്ന, അതിനെക്കുറിച്ച് പരസ്പരം പിറുപിറുക്കുന്ന യുവജന നേതാക്കൾക്കുപോലും ഇതൊന്ന് ഉറക്കെപ്പറയാൻ എന്താണ് ധൈര്യമില്ലാത്തത്? എവിടെപ്പോയി നിങ്ങളുടെ ആദർശവും ധൈര്യവുമൊക്കെ? എക്കാലത്തും കേരളത്തിലെ യൗവ്വനത്തെ ത്രസിപ്പിച്ചത് നിങ്ങൾ നിർത്തിയ ഹീറോയിസമുള്ള നേതാക്കളുടെ ചടുലതയാണ്. നിങ്ങളുടെ യുവജന നേതൃത്വത്തിന് അങ്ങനെ ഒരു

നേതൃത്വമുണ്ടോ? പാർട്ടി മുതൽമുടക്കി സിനിമ നിർമ്മിച്ചു. അതിലെ നായകന് ഇൻക്വിലാബ് വിളിച്ച് സായൂജ്യമടയുന്ന ഗതികേട് നിങ്ങളുടെ അണികൾക്കുണ്ടായത് അതുകൊണ്ടുതന്നെയാണ്. പെട്ടി താങ്ങിയും നേതാക്കൾക്ക് റാൻ മൂളിയും ചത്തതിനൊക്കമേ ജീവിച്ചിരിക്കിലും എന്നുപറയുന്ന അനുകരണ യുവജന കമ്മിറ്റിയാണ് കേരളത്തിലെ ഇടതുപക്ഷത്തെ തകർത്തുകളഞ്ഞത്. ശ്രീ. പി. ശ്രീരാമകൃഷ്ണനെപ്പോലെയോ അല്ലെങ്കിൽ ശ്രീ. എസ്. ശർമ്മയെപ്പോലെയോ സ്വന്തമായ ഉടുപ്പും ഭാഷയും വേഷവുമുള്ള ഒരു നേതൃത്വം ഇന്ന് എന്തേ നിങ്ങളുടെ യുവജന പ്രസ്ഥാനങ്ങൾക്കില്ലാതെ പോയി?

കുരയ്ക്കാൻ വേണ്ടി മാത്രം ഇന്ത്യയിലേയ്ക്ക് വന്ന ചൈനയിലെ ഒരു നായയുടെ കഥ പഴങ്കഥയാണ്. പക്ഷേ, മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഈ ഫ്ലോറിൽനിന്ന് പോയാൽ മാത്രം ചിരിക്കുന്ന യുവജന നേതാക്കളുടെ പുതിയ കഥ അതിന്റെ latest version ആണ്. അത്രമേൽ ധൈര്യമുള്ളവരാണ് ഈ തിളയ്ക്കുന്ന യൗവ്വനമെന്ന് പറയുന്നത്. സത്യത്തിൽ സി.പി.ഐ.(എം) നെ മുച്ചൂടും തകർത്തുകളഞ്ഞത്, ഇടതുപക്ഷത്തിന്റെ ഭീകരമായ പരാജയത്തിന്റെ അടിസ്ഥാന ഘടകമെന്നുപറയുന്നത് ഇവിടത്തെ യുവജന പ്രസ്ഥാനത്തിന്റെ തകർച്ചയാണെന്ന് നിങ്ങൾ മനസ്സിലാക്കണം. യുവജനങ്ങൾ നിങ്ങൾക്ക് വോട്ട് ചെയ്തിട്ടില്ല, നിങ്ങളുടെ കൂടെ ഉണ്ടായിട്ടില്ല. പ്രശസ്തമായ ഒരു ഇംഗ്ലീഷ് ചെറുകഥയുണ്ട്. അതിങ്ങനെയാണ്- ആർത്തിക്കാരനും ജനങ്ങളോട് മാനുഷികമായി പെരുമാറാത്തവനും ജനങ്ങളുടെ കൂടെ ചേർന്നുനിൽക്കാത്തവനുമായ ഒരു പിശുക്കനായ കച്ചവടക്കാരനുണ്ടായിരുന്നു. ഇയാൾ ഇതെല്ലാം തന്റെ മകനെ പഠിപ്പിച്ചിട്ടുണ്ട്. ആ മകനും അതുപോലെതന്നെ അയാളുടെ ഒരു പകർപ്പാണ്. അങ്ങനെ തന്നെയാണ് ആ മകൻ വളർന്നത്. ഒരു രാത്രിയിൽ അയാൾ മരിച്ചുപോയി. അങ്ങനെ മരിച്ചുപോയപ്പോൾ പിറ്റേ ദിവസം കട തുറക്കുന്നത് അയാളുടെ മകനാണ്. ആ മകൻ വന്ന് കട തുറന്നു. ക്യാഷ് കൗണ്ടറിന്റെ പുറകിലിരുന്നു. ആളുകൾ വരുന്നുണ്ട്. അയാൾ മരിച്ചുപോയത് ആളുകൾക്കറിയില്ല. അവർ കരുതിയത് അച്ഛൻ തന്നെയാണ് കൗണ്ടറിന് പുറകിലെന്നാണ്. കാരണം, അതേ മാനറിസം, അതേ സ്വഭാവം, അതേ രൂപം. ഈ അവസ്ഥയാണ് ഇന്ന് സി.പി.ഐ.(എം).നും വന്നുഭവിച്ചിട്ടുള്ളത്. നിലവിലുള്ളവർ കസേരയിൽ നിന്ന് മാറിയാലും ഒരു കാര്യവുമില്ല. വരാനുള്ളവരും അവരെക്കാൾ മോശമായ അവസ്ഥയിലുള്ളവരാണ്. അത്രമേൽ സാമ്യതയാണ് നിങ്ങളുടെ തൊട്ടടുത്ത ജനറേഷന്. മൂന്ന് ജനറേഷനെങ്കിലും നിങ്ങളിൽ നിന്ന് രക്ഷപ്പെടലിന് സാധ്യതയില്ല എന്ന് തോന്നിയ ജനങ്ങളാണ് കൂട്ടത്തോടെ പോളിംഗ് ബൂത്തിൽ വന്ന് നിങ്ങളെ തോൽപ്പിച്ചുകളഞ്ഞത്. നിങ്ങളുടെ മുതിർന്ന നേതാവ് ടി. പി.-യെയും ഷുക്കൂറിനെയും കൊന്ന് കഴിവ് തെളിയിച്ചപ്പോൾ തൊട്ടടുത്ത യുവജന നേതാവ്

നസീറിനെ വെട്ടിയിട്ടാണ് കഴിവ് തെളിയിച്ചത്. പക്ഷേ, അയാൾ മരിച്ചിട്ടില്ല. ആദ്യത്തെ എക്സ്പീരിയൻസ് ആകുമ്പോൾ വെട്ടേ നടക്കുകയുള്ളൂ. ഇനി അത് ശരിയായിക്കോളും. അന്യന്റെ സ്വരത്തെ സംഗീതം പോലെ ആസ്വദിക്കണമെന്ന് നിങ്ങളുടെ വേദികളിൽ നിന്ന് പറഞ്ഞാണ് ഞങ്ങൾ പലപ്പോഴും കേട്ടത്. മാക്സിം ഗോർക്കിയുടെ ശബ്ദമാണത്. മനോഹരമാണത്. അന്യന്റെ സ്വരത്തെ സംഗീതം പോലെ ആസ്വദിക്കണമെന്നുള്ളത് എത്രമാത്രം കാവ്യാത്മകമാണ്. നിങ്ങൾ സംഗീതം പോലെയൊന്നും ആസ്വദിക്കേണ്ട. അതിനുള്ള കഴിവൊന്നും ഇപ്പോൾ നിങ്ങൾക്കില്ലെന്ന് നമുക്കെല്ലാം അറിയാം. നിങ്ങൾ അവന് സ്വരമുയർത്താനുള്ള മൗലികമായ അവകാശമെങ്കിലും കൊടുക്കണമെന്ന് മാത്രമാണ് ഞാൻ നിങ്ങളോട് പറയുന്നത്. മൂന്ന് നക്സലൈറ്റുകളെയാണ് ഈ ഗവൺമെന്റ് വെടിവച്ചുകൊന്നത്. നിങ്ങളോർക്കണം, ശ്രീ. വി. എസ്. അച്യുതാനന്ദനെ അന്നത്തെക്കാലത്ത് കാട്ടിൽനിന്ന് പിടിച്ചുകൊണ്ടുപോയത് ബ്രിട്ടീഷ് പോലീസാണ്. അന്ന് അവർ വെടിവച്ചുകൊന്നില്ല. അങ്ങനെ സംഭവിച്ചിരുന്നെങ്കിൽ സഭയിൽ ഇപ്പോൾ അദ്ദേഹം ഉണ്ടാകുമായിരുന്നില്ലല്ലോ. അവർ കൊന്നില്ല. ബ്രിട്ടീഷ് ഗവൺമെന്റ് അത് ചെയ്തില്ല. എന്നാൽ ഒരു കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് മൂന്ന് നക്സലൈറ്റുകളെ വെടിവച്ചുകൊന്നു. മാവോയിസ്റ്റുകളെ വെടിവച്ചുകൊന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിന് പറഞ്ഞ മറുപടി രസകരമാണ്. അദ്ദേഹം പറഞ്ഞത് മനുഷ്യന്റെ സ്വൈരജീവിതത്തിന് തടസ്സം നിൽക്കുന്നതുകൊണ്ടാണ് വെടിവച്ചുകൊന്നത് എന്നാണ്. സ്വൈരജീവിതത്തിന് തടസ്സം നിൽക്കുന്നവരെയൊക്കെ നിങ്ങൾ വെടിവച്ചുകൊല്ലുകയാണെങ്കിൽ ചിലരെയൊക്കെ എം.എൽ.എ. ആക്കുകയും പാർലമെന്റിലേക്ക് മത്സരിപ്പിക്കുകയും ചെയ്യുന്നത് എന്ത് അടിസ്ഥാനത്തിലാണെന്ന് നിങ്ങളൊന്ന് പറഞ്ഞുതരണം. നിങ്ങൾക്ക് രക്ഷപ്പെടണമെങ്കിൽ, ശ്രീ. മുല്ലക്കര രത്നാകരൻ ഞങ്ങളെ കുറേ ഉപദേശിച്ചല്ലോ. ഞാൻ രണ്ട് കാര്യങ്ങൾ പറഞ്ഞുതരാം. രണ്ട് പേരെ നിങ്ങൾ നിലയ്ക്ക് നിർത്തിയാൽ മതി. ഒന്ന്, മനുഷ്യത്വമില്ലാത്ത നിങ്ങളുടെ തെരുവ് ഗുണ്ടകളെ. അവരുടെ കയ്യിൽ നിന്ന് നിങ്ങൾ ആയുധം വാങ്ങി വയ്ക്കണം. അല്ലെങ്കിൽ നിങ്ങൾ രക്ഷപ്പെടാൻ പോകുന്നില്ല. രണ്ടാമത്തേത്, സോഷ്യൽ മീഡിയയിലെ സൈബർ ഗുണ്ടകളെയാണ്. "സൈബർ ഗുണ്ട" എന്ന വാക്ക് ഞാൻ നിങ്ങൾക്ക് തന്നെ ഡെഡിക്കേറ്റ് ചെയ്യുകയാണ്, ഇവിടെ ശ്രീമതി യു. പ്രതിഭ ഉള്ളതുകൊണ്ട്. അതെന്റെ വാചകമല്ല. ഏതായാലും ശ്രീ. പിണറായി വിജയന് സ്തുതിപാഠകരായിട്ടുള്ള കുറേ കവിതാ മോഷ്ടാക്കളും ഫെമിനിസ്റ്റുകളുമെന്ന് പറയുന്ന കുറേയാളുകളും, അവരാണ് നിങ്ങളുടെ ശവപ്പെട്ടിയിലെ അവസാനത്തെ ആണിയും അടിച്ചതെന്ന് നിങ്ങൾ മനസ്സിലാക്കുന്നത് നല്ലതാണ്. പക്ഷേ, നിങ്ങൾക്ക് നന്നാവാനുള്ള യാതൊരു ഉദ്ദേശ്യവുമുണ്ടെന്ന് ഞങ്ങൾ നോക്കിയിട്ട് കാണുന്നില്ല.

[1.00 PM]

ഇന്ന് വായനാദിനമാണ്. ഈ വായനാദിനത്തിൽ കുട്ടികളെക്കൊണ്ട് വായിപ്പിക്കുന്നത് സഖാവ് പിണറായി വിജയന്റെ പുസ്തകമാണ്. എന്തൊരു അപരാധമാണ്. ആ കുട്ടികളെക്കൂടി നിങ്ങൾക്ക് എതിരാക്കാൻ എന്തിനാണ് ഈ പണിയെടുക്കുന്നത്. ആ പുതിയ തലമുറയെയും നിങ്ങൾക്കെതിരാക്കി മാറ്റുകയാണ് ചെയ്യുന്നത്. ഞാൻ ദീർഘിപ്പിക്കുന്നില്ല. ഒരു കാര്യം പറയട്ടെ ഇവിടത്തെ സഖാക്കളോട്, അല്ലെങ്കിൽ എന്റെ പ്രിയപ്പെട്ട സുഹൃത്തുക്കളോട്, നിങ്ങൾ ഈ സഭയിൽ പാടിയിട്ടുണ്ട്

"തിരിച്ചുവന്നിടാത്ത ദൂരയാത്രയല്ലിതെൻ സഖാക്കളെ

അടിച്ചുടച്ചിടാവതല്ല തീർച്ച നമ്മൾ തൻ മനോബലം കാൽവിലങ്ങുകൾ തകർത്തു കൈകളിൽ കരുത്തുമായ്

ഉയർത്തെണീറ്റു വന്നിടും സമീപമാത്രയൊന്നിൽ നാം"

ഞാൻ ഈ പാട്ട് കേൾക്കുന്നത് കോഴിക്കോട് മുതലക്കുളം മൈതാനിയിലാണ്. നിങ്ങൾ പശ്ചിമബംഗാളിൽ ദയനീയമായി തോറ്റതിനുശേഷം അന്ന് ശ്രീ. വി. എസ്. അച്ചുതാനന്ദൻ പങ്കെടുത്ത ഒരു വേദിയിൽ ശ്രീ. പി. രാജീവിന്റെ പ്രസംഗത്തിൽനിന്നാണ് ഞാൻ ആ കവിത കേൾക്കുന്നത്. രണ്ടാമത് ഞാനത് കേൾക്കുന്നത് ഈ സഭയിൽ വച്ചാണ്. ത്രിപുരയിൽവച്ച് ദയനീയമായി നിങ്ങൾ തോറ്റത് ഞങ്ങൾ വിമർശിച്ചപ്പോൾ ഞങ്ങൾക്ക് മറുപടിയെന്നോണം ഈ സഭയ്ക്കകത്തുവച്ച് ശ്രീ. എം. സ്വരാജാണ് അങ്ങനെയൊരു കവിത ചൊല്ലിയത്. ഞാൻ അദ്ദേഹത്തോടു പറയുന്നത് നിങ്ങൾ ആ കവിത ഇനിയും ചൊല്ലിക്കൊണ്ടേയിരിക്കണമെന്നാണ്.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, ഈ പാട്ട് പാടിയതുകൊണ്ട് ചോദിക്കുകയാണ്, കാവിലെ പാട്ട് മത്സരത്തിൽ എന്തെങ്കിലും സാദ്ധ്യത അങ്ങ് കാണുന്നുണ്ടോ?

<u>ശ്രീ. കെ. എം. ഷാജി</u>: സർ, അവിടെയും യാതൊരു സാദ്ധ്യതയുമില്ല. വിപ്ലവ ഗാനങ്ങൾകൊണ്ട് ആളുകളെ വിഡ്ഢികളാക്കാവുന്ന കാലം കഴിഞ്ഞു. ഇതൊക്കെക്കൊണ്ടാണ് നിങ്ങൾ ഒട്ടും അപ്ഡേറ്റഡല്ല എന്നുപറയുന്നത്. നിങ്ങൾക്കറിയുമോ മനുഷ്യത്വത്തിന്റെ വിപ്ലവഗാനങ്ങൾ ഫേസ്ബുക്കിൽ തലവാചകമാക്കിയ ആകാശാണ് ഷുഹൈബ് എന്നുപറയുന്ന ചെറുപ്പക്കാരനെ ക്രൂരമായി വെട്ടിക്കൊലപ്പെടുത്തിയത്. നിങ്ങളുടെ വർത്തമാനങ്ങളിൽ "കവിതയുണ്ട്". പ്രവർത്തനങ്ങളിൽ പക്ഷേ "കാപാലികതയാണ് " ഈ സമൂഹം കാണുന്നതെന്ന് നിങ്ങൾ മനസ്സിലാക്കണം. ശ്രീ. മുല്ലക്കര രത്നാകരൻ ഇവിടെ

പറഞ്ഞു, മക്കളെയൊക്കെ മത്സരിപ്പിച്ചുവെന്ന്. മത്സരിപ്പിക്കാൻ, ജനങ്ങളുടെ മുന്നിൽ നിർത്താൻ പറ്റിയ മക്കളുണ്ടെങ്കിൽ അത് ചെയ്യാൻ കഴിയുമല്ലോ. ആളുകളുടെ മുന്നിൽ കാണിക്കാൻ കഴിയാത്ത മക്കളുണ്ടാവുന്നതിന് നിങ്ങൾ ഞങ്ങളോട് ചൂടായിട്ട് ഒരു കാര്യവുമില്ല. കൊള്ളാവുന്ന മക്കളുണ്ടെങ്കിൽ അവർ മത്സരിക്കും. ആളുകൾക്ക് കഴിയുമെങ്കിൽ അവരെ തെരഞ്ഞെടുക്കും. ഞാൻ ശ്രീ. മുല്ലക്കര രത്നാകരനോട് പറയുന്നത്, നിങ്ങളുടെ പാർട്ടിയെ സംബന്ധിച്ചിടത്തോളം നിങ്ങൾക്ക് നിലപാടുകളും രാഷ്ട്രീയമായ സമീപനങ്ങളുമുണ്ട്. അതിലൊരു സൗമ്യതയുണ്ട്; അതിനൊരു രാഷ്ട്രീയ രീതിയുണ്ട്. ഡിബേറ്റുകളാണ് രാജ്യം ആവശ്യപ്പെടുന്നത്. രാജ്യം ആവശ്യപ്പെടുന്ന അത്തരം ജനാധിപത്യപരമായ രാഷ്ട്രീയ ഡിബേറ്റുകളാണ് നമുക്ക് വേണ്ടത്. നിങ്ങൾ പറഞ്ഞല്ലോ നിങ്ങളുടെ കയ്യിലെ ആയുധം ജനാധിപത്യമാണെന്ന്. പിന്നെ എന്തിനാണ് നിങ്ങളുടെ കൂട്ടത്തിലുള്ളവരുടെ കയ്യിൽ നിങ്ങൾ ബോംബും കത്തിയും വച്ചുകൊടുക്കുന്നത്. നിങ്ങൾ പറയേണ്ടത് കോൺഗ്രസിനോടും ലീഗിനോടുമല്ല. നിങ്ങൾ അത് പറയേണ്ടത് നിങ്ങളുടെ ഘടകകക്ഷിയായ സി.പി.ഐ.(എം)-നോടാണെന്ന് മനസ്സിലാക്കണം. ഒന്നുകൂടി പറയട്ടെ, ഇന്ന് രാവിലെ നമ്മൾ എല്ലാവരും കണ്ട ഒരു മുനിസിപ്പാലിറ്റിയുടെ ഏറ്റവും മോശമായ ഇടപെടൽ. ആ മുനിസിപ്പൽ ചെയർപേഴ്സൺ പറഞ്ഞത് എന്തായിരുന്നുവെന്ന് അറിയാമോ; ഒരു മനുഷ്യൻ മരിച്ചു കിടക്കുന്നു. എന്റെ മണ്ഡലത്തിലെ ഒരാളാണ് ഇന്നലെ മരിച്ചത്. തളിപ്പറമ്പിലാണ് അദ്ദേഹത്തിന്റെ ഈ ബിസിനസ്സ് സ്ഥാപനമുള്ളതെങ്കിലും എന്റെ മണ്ഡലത്തിലുള്ളയാളാണ്. അദ്ദേഹത്തോട് പറഞ്ഞത് 'ഞാൻ ഈ ചെയറിൽ ഇരിക്കുന്നുവെങ്കിൽ നിങ്ങൾക്ക് ലൈസൻസ് വാങ്ങാൻ പറ്റില്ല' എന്നാണ്. അത് പറഞ്ഞതിന് തെളിവുണ്ട്. പിന്നെ അയാൾ ആത്മഹത്യ ചെയ്യുകയാണ് ചെയ്തത്. 16 കോടി രൂപ മുടക്കി 50 ലക്ഷമേ അയാൾ ലോൺ എടുത്തിട്ടുള്ളൂ. അയാളുടെ ജീവിതത്തിന്റെ മുഴുവൻ അദ്ധ്വാനവും കൊണ്ടുവന്ന് നിക്ഷേപിച്ചത് നിങ്ങളുടെ മണ്ഡലത്തിലാണ്. നിങ്ങളുടെ മുനിസിപ്പാലിറ്റിയായിപ്പോയി എന്നുള്ളതുകൊണ്ട് ഇങ്ങനെ ആളുകളോട് മനുഷ്യത്വവിരുദ്ധമായി, ക്രൂരമായി പെരുമാറിയിട്ട് എന്തിനാണ് ഈ രാഷ്ട്രീയം? അതുകൊണ്ട് നന്നാവേണ്ടത് ഞങ്ങളല്ല, നിങ്ങളാണെന്ന് ഒരിക്കൽ കൂടി പറഞ്ഞുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. സി. കെ. നാണു</u>: സർ, ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തിൽ സമീപകാലത്തൊന്നും ഉണ്ടായിട്ടില്ലാത്തവിധം മലബാർമേഖലയിൽ റോഡുകൾ നന്നാക്കിയിട്ടുണ്ട്. അതുപോലെ മലബാറിന്റെ വിവിധ ഭാഗങ്ങളിൽ വീതി കുറഞ്ഞ റോഡുകൾക്കുപകരം വീതിയുള്ള റോഡുകൾ, ദേശീയപാത, അതുപോലെ മത്സ്യത്തൊഴിലാളി മേഖലയിലും വനപ്രദേശത്തും മൂന്ന് റോഡുകൾ

എന്നിവ പുതുതതായി വന്നുകൊണ്ടിരിക്കുകയാണ്. അതിനുവേണ്ടി ഫലപ്രദമായ പ്രവർത്തനങ്ങൾ സർക്കാർ നടത്തി. അതുപോലെ കേന്ദ്ര ഗവൺമെന്റിൽനിന്ന് അനുവദിച്ച ഫണ്ട് ഉപയോഗപ്പെടുത്തി കോടിക്കണക്കിന് രൂപ ചെലവഴിച്ച് എന്റെ മണ്ഡലത്തിലൂൾപ്പെടെ റോഡുകൾ നിർമ്മിക്കാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് സാധിച്ചു. 1957-58 ൽ സ്ഥാപിച്ച വടകര മടപ്പള്ളി കോളേജ് ഉൾപ്പെടെയുള്ള കോളേജുകളുടെ കെട്ടിടങ്ങളിൽ ചിലത് നിർമ്മിക്കാൻ ഫണ്ട് അനുവദിക്കുകയും അതിന്റെ ജോലി വേഗം നടത്താനാവശ്യമായ രീതിയിൽ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകണമെന്നുമാണ് എനിക്ക് അദ്ദേഹത്തോട് അഭ്യർത്ഥിക്കാനുള്ളത്.

സമയം കുറവാണെങ്കിലും ഒരു രാഷ്ട്രീയ പ്രവർത്തകൻ എന്ന നിലയ്ക്ക് രാഷ്ട്രീയമായ ചർച്ച വന്നപ്പോൾ രണ്ട് വാക്ക് പറയണമെന്ന് എനിക്ക് തോന്നി. സംസ്ഥാനത്ത് പാർലമെന്റ് തെരഞ്ഞെടുപ്പ് നടന്നു. അത് ജനാധിപത്യപരമായ തെരഞ്ഞെടുപ്പാണെങ്കിൽ അതിനെ അംഗീകരിക്കണം. പക്ഷേ, ആ തെരഞ്ഞെടുപ്പിന്റെ ഫലങ്ങൾ മുഴുവൻ ശരിയാണെന്ന് നമുക്ക് വിലയിരുത്താൻ സാധിക്കില്ല. മുമ്പ് പണ്ഡിറ്റ് ജവഹർലാൽ നെഹ്റു കേരളത്തിൽ വന്നപ്പോൾ പറഞ്ഞ ഒരഭിപ്രായമുണ്ട്. ആ അഭിപ്രായത്തെ സ്വീകരിക്കാൻ നമുക്ക് സാധിക്കുന്നുണ്ടോ; ഇല്ലല്ലോ? ഇന്ത്യയിൽ പല ഘട്ടങ്ങളിൽ പ്രശ്നങ്ങൾ പരിഹരിച്ച് ജനാധിപത്യപരമായി പോകണമെങ്കിൽ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ അഭിപ്രായം സ്വീകരിക്കണം. സ്വാർത്ഥമായി ഒന്നും ഉണ്ടാക്കാത്ത ജയപ്രകാശ് നാരായണൻ, ആ കാലത്തെ സോഷ്യലിസ്റ്റുകൾ, അതുപോലെ ജീവിതം മുഴുവൻ പാർട്ടിക്കു വേണ്ടി മാറ്റിവച്ച് നിര്യാണശേഷം കടമല്ലാതെ ഒന്നുമില്ലാത്ത മൊറാർജി ദേശായിയെപ്പോലുള്ള നേതാക്കൾ തുടങ്ങിയവരെ ഓർമ്മിക്കേണ്ട കാലമാണിത്. ഇവിടെ കോൺഗ്രസിന്റെ ചരിത്രം പറഞ്ഞു. ഞാൻ ഒരു വസ്തുത മാത്രം ചൂണ്ടിക്കാണിക്കാം; രാജീവ് ഗാന്ധിയുടെ മന്ത്രിസഭയിലെ ധനകാര്യ വകുപ്പുമന്ത്രിയായിരുന്നു വി. പി. സിംഗ് കോൺഗ്രസ്സ് നേതാവായി. അദ്ദേഹം ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന അവസരത്തിൽ ഇന്ത്യയിലെ കുത്തകകൾക്ക് ഒരിക്കലും അനുവദിക്കാൻ പാടില്ലാത്ത തരത്തിലുള്ള സഹായങ്ങൾ രാജീവ് ഗാന്ധിയുടെ ഗവൺമെന്റ് അനുവദിക്കുന്നു. അദ്ദേഹത്തോട് അതിന് നിർദ്ദേശിക്കുന്നു. അദ്ദേഹം അത് ചെയ്യാത്തതിനാൽ ആ വകുപ്പിൽനിന്നും മാറ്റി പ്രതിരോധ വകുപ്പുമന്ത്രിയാക്കി. ആ അവസരത്തിലാണ് ബോഫോഴ്സ് ഇടപാടുകൾ അദ്ദേഹം കണ്ടുപിടിച്ചതും കോൺഗ്രസിൽനിന്നും മാറേണ്ടി വന്നതും. ഇന്ത്യ അന്നത്തേതിൽ നിന്നൊക്കെ മാറി; ബി.ജെ.പി. ഏത് തരത്തിൽ ഇവിടെ ശക്തിപ്രാപിച്ചു തുടങ്ങിയ കാര്യങ്ങൾ വിശദമായി പറയാൻ സാധിക്കില്ല. പക്ഷേ, കേരളത്തിൽ ഈ രാഷ്ട്രീയ നിലപാടുകൾ എന്തുകൊണ്ടുണ്ടായി? വളരെ വ്യക്തമായി

എല്ലാവർക്കും അറിയാം. ശബരിമലയിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഭാഗത്തുനിന്നോ അല്ലെങ്കിൽ അതിന് നേതൃത്വം കൊടുക്കുന്ന മാർക്സിസ്റ്റ് പാർട്ടിയുടെ ഭാഗത്തുനിന്നോ ഒന്നുമുണ്ടായിട്ടില്ല. പലപ്പോഴും മാർക്സിസ്റ്റ് പാർട്ടി ഇവിടെ അധികാരത്തിൽ വന്നു. എന്നാൽ ശബരിമല ദേവസ്വത്തിന്റെ കീഴിലായിരുന്നു. ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിലാണ് കാര്യങ്ങൾ നടന്നത്. ഒരു ഗവൺമെന്റിനെ നയിക്കുന്ന പാർട്ടിയെ അത്തരത്തിൽ ആക്ഷേപിക്കേണ്ടതില്ല. ചില ചെറിയ പ്രശ്നങ്ങളുണ്ടായിട്ടുണ്ടാകും. അത് വേറെ കാര്യം. അതുകൊണ്ട് ആ പ്രശ്നത്തിന്റെ അടിസ്ഥാനത്തിലല്ല, പക്ഷേ, ബി.ജെ.പി.-ക്ക് അനുകൂലമായൊരു ചലനം ഇന്ത്യയിലുമുണ്ടായി. അതിന് പല കാരണങ്ങളുമുണ്ടാകാം. നമ്മൾ അടക്കമുള്ള വിവിധ കക്ഷികളുടെയും നേതാക്കളുടെയും സ്വാർത്ഥമായ കുടുംബപ്രശ്നങ്ങളുടെ പേരിലായിരിക്കാം ഒരുപക്ഷേ അത് വന്നത്. പക്ഷേ, ഇന്ത്യ ജയിക്കണമെങ്കിൽ കോൺഗ്രസ് നേതൃത്വത്തിന്റെ കൂടെനിന്നാൽ സാധിക്കില്ല. ഇന്ന് കേരളത്തിൽ ഒരു വലിയ ശക്തിയല്ലാത്ത, പഴയ കാലത്തുണ്ടായിരുന്ന ജയപ്രകാശ് നാരായണനെപ്പോലെ, പഴയ കോൺഗ്രസുകാരെപ്പോലെ, പഴയ കമ്മ്യൂണിസ്റ്റുകാരെപോലെയുള്ള ഒരു പുതിയ സംവിധാനം. ...(ബഹളം)...

ശ്രീ. അൻവർ സാദത്ത്: സർ, മൊറാർജി ദേശായി....

ശ്രീ. സി. കെ. നാണു: സർ, മൊറാർജി ദേശായി എന്ന് പറഞ്ഞാൽ നിങ്ങൾക്കെന്താണെന്ന് അറിയാമോ. ഇവിടെ വന്ന് വെറുതെയിരുന്ന് സംസാരിച്ചിട്ട് ഒരുകാര്യവുമില്ല. (...ബഹളം....)

മി. ചെയർമാൻ: പ്രസംഗം തടസ്സപ്പെടുത്തരുത്.

ശ്രീ. സി. കെ. നാണു: സർ, മൊറാർജി ദേശായി ആരായിരുന്നു. ...(ബഹളം)... നിങ്ങൾ ഇവിടെ രാഷ്ട്രീയം പറയുന്നു. പണ്ഡിറ്റ് ജവഹർലാൽ നെഹ്റു എന്താണ് പറഞ്ഞത്? മുസ്ലീം ലീഗിലെ സുഹൃത്തുക്കളെയും മുസ്ലീംലീഗിനെയും സംബന്ധിച്ച് നെഹ്റു എന്താണ് പറഞ്ഞത്? നെഹ്റുവിനെപ്പറ്റി ബഹുമാനമുള്ള കോൺഗ്രസുകാരാണോ? അതൊക്കെ ചരിത്രത്തിന്റെ ഭാഗമാണ്. എന്തിനുവെറുതെ അതിനെപ്പറ്റി പറയുന്നു. 1977-നുശേഷം ഡൽഹിയിലുൾപ്പെടെ വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഒരു സീറ്റുപോലും കോൺഗ്രസിനില്ലാത്ത കാലമുണ്ടായിരുന്നു. പക്ഷേ, സംഘടനയെന്നുള്ള നിലയ്ക്ക് വളർന്നുവരാൻ സാധിക്കാത്ത ഞങ്ങൾക്ക്, ഒരു സംഘടനയുടെ പേരിൽ അതിനെ നേരിടാൻ സാധിച്ചില്ല. അടിയന്തരാവസ്ഥക്കാലത്ത് നേതാക്കളെല്ലാം ജയിലിലായിരുന്നു. ഓരോരുത്തരം ജയിലിൽനിന്നും പുറത്തുവന്നത് അതാത് പാർട്ടിയിലാണ്. നേരെ കോൺഗ്രസിന്റെ ഓഫീസിൽ പോയി ജനതാ പാർട്ടിയുണ്ടാക്കി തെരഞ്ഞെടുപ്പിലൂടെ

അധികാരത്തിൽ വന്നു, സംഘടനയുണ്ടാക്കാൻ സാധിച്ചില്ല. അതുകൊണ്ടാണ് രാജ്യത്തിന് ഈ അവസ്ഥയുണ്ടായത്. അതുകൊണ്ട് രാഷ്ട്രീയമായ കാര്യങ്ങൾ സംബന്ധിച്ച് പറയുമ്പോൾ അതിന്റെ അടിസ്ഥാനത്തിൽ വിശദമായി സംസാരിക്കണം. ഓരോ പ്രസ്ഥാനത്തിനും അതിന്റേതായ ബാക്ക്ഗ്രൗണ്ടുണ്ട്. ഇന്ത്യയുമായി ബന്ധപ്പെടുന്ന അവസരത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടികൾ, മുസ്ലീം ലീഗ് എന്നിങ്ങനെ ഓരോ പാർട്ടികളുടെയും പഴയ കാലത്തെ സംബന്ധിച്ചെല്ലാം വിശദമായി വിലയിരുത്താനുണ്ടാകും. അതുകൊണ്ട് കേരളത്തിലെ ജനാധിപത്യ പ്രസ്ഥാനങ്ങൾക്ക് കൂടുതൽ ശക്തമായ രൂപത്തിൽ എങ്ങനെ പ്രവർത്തിക്കാൻ സാധിക്കുമെന്നത് സംബന്ധിച്ച് പരിശോധിക്കേണ്ടതാണ്. ദേശീയമായി ഇന്ത്യൻ മതേതരത്വത്തെ സംരക്ഷിക്കാത്ത ഘടകങ്ങൾ ഇന്ന് അതിനെ രക്ഷിക്കുന്ന ഒരു ജനശക്തിയായി രാജ്യത്ത് വളർന്നുവരണം. ആ ജനശക്തിക്ക് പുതിയ കാലഘട്ടത്തിൽ നമ്മുടെ നാട്ടിൽ ഇന്നലെയുള്ള രാഷ്ട്രീയ പാർട്ടികളിൽനിന്നും വ്യത്യസ്തമായി കേരളത്തിൽ വളരാൻ സാധിക്കുമോ; ഇന്ത്യയിൽ വളരാൻ സാധിക്കുമോ? എങ്കിൽ അവർക്ക് മാത്രമേ ഇന്ത്യൻ ജനാധിപത്യത്തെ രക്ഷിക്കാൻ സാധിക്കുകയുള്ളൂ. ഏതെങ്കിലും ഒരു തെരഞ്ഞെടുപ്പിൽ അവിടെ നമ്മൾ ജയിച്ചു, ഇവിടെ നമ്മൾ ജയിച്ചു, മറ്റുള്ളവരെ തകർത്തു എന്നുപറഞ്ഞ് പന്തം കത്തിച്ച് ഓടുന്ന രാഷ്ട്രീയത്തിന്റെ കാലഘട്ടം കഴിഞ്ഞിരിക്കുന്നു.

ഇന്ന് കേരളത്തിൽ ബഹുമാനപ്പെട്ട പൊതുമരാമത്തു വകുപ്പുമന്ത്രി വളരെ നല്ല നിലയിൽ വകുപ്പ് കൈകാര്യം ചെയ്യുന്നു. അദ്ദേഹം പങ്കെടുത്ത ഒരു യോഗത്തിൽ പ്രതിപക്ഷ എം.എൽ.എ. പറഞ്ഞത് 'എനിക്ക് അഭിമാനമുണ്ട് മന്ത്രിയെ സംബന്ധിച്ച്, അദ്ദേഹം ഈ വകുപ്പ് ഇത്രയും നല്ല രൂപത്തിൽ വിജയകരമായി നടപ്പിലാക്കുന്നതിന്' എന്നാണ്. വളരെ സന്തോഷമുണ്ടായി.

അതുപോലെ ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളിയുടെ തുറമുഖ വകുപ്പിന്റെ കീഴിലുള്ള ഒരു സ്ഥാപനം വടകരയിലുണ്ട്. അദ്ദേഹം ചുമതലയേറ്റ ശേഷമാണ് അതിന്റെ പ്രവർത്തനം മെച്ചപ്പെട്ട രൂപത്തിലാക്കിയത്. ഇത്തരത്തിൽ നല്ല നിലയിൽ സ്വന്തം വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളെ പ്രവർത്തിപ്പിക്കാൻ സഹായിക്കുന്ന മന്ത്രിമാരെ അനുകൂലിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വളരെ നല്ല നിലയിൽ കേരളത്തിന്റെ പൊതുമരാമത്ത് വകുപ്പിനെ മുന്നോട്ടുകൊണ്ടുപോകുന്ന ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ജി. സുധാകരനും തുറമുഖം സംബന്ധിച്ച് വസ്തുനിഷ്ഠമായി കാര്യങ്ങൾ പഠിച്ച് ഇടപെട്ട് പോകുന്ന ശ്രീ.

രാമചന്ദ്രൻ കടന്നപ്പള്ളിയും ഈ മന്ത്രിസഭയുടെ അഭിമാനങ്ങളാണ്. ഇവിടെ ചില പ്രസംഗങ്ങൾ ഇതിനുമുമ്പുണ്ടായി. ആ പ്രസംഗങ്ങളിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിലുണ്ടായ പരാജയത്തെ സംബന്ധിച്ച് ചിലർ പറയുന്നത് കേട്ടു. ഞങ്ങൾ പരാജയം അംഗീകരിക്കുന്നവരാണ്. ആ പരാജയം അംഗീകരിക്കുകയും അതിന് കാരണമെന്താണെന്ന് മനസ്സിലാക്കി അത് മറികടക്കാൻ ആവശ്യമായ തീരുമാനങ്ങളെടുത്ത് മുന്നോട്ട് പോകുകയും ചെയ്യും. അങ്ങനെ പറയുമ്പോൾ ഇത്തരം ഒരു പരാജയത്തിന് ഞങ്ങളെ വല്ലാതെ ആക്രമിക്കുന്ന ആളുകളുണ്ട്. അവരുണ്ടാക്കിവച്ച പൊല്ലാപ്പെന്താണ്? ആനയെ മുന്നിൽ നിർത്തി യുദ്ധം ചെയ്ത് തന്റെ നഷ്ടപ്പെട്ട രാജ്യം തിരിച്ചുപിടിക്കാമെന്ന് കരുതിയ രാജകുമാരന്റെ ഒരു പഴയ കഥയുണ്ട്. രാജകുമാരന് രാജ്യം നഷ്ടപ്പെട്ടിട്ട് നാളുകളേറെയായി. അത് തിരിച്ചുപിടിക്കാൻ വേണ്ടി ആനപ്പടയെ മുന്നിൽ നിർത്തി യുദ്ധം നയിക്കാൻ തീരുമാനിച്ചു. എതിരാളികൾ ആനയാണെന്നതുകൊണ്ട് നേരിട്ട് യുദ്ധം ചെയ്യാതെ ആനയ്ക്കുനേരെ അഗ്നിബാണങ്ങൾ എയ്തുകൊണ്ടാണ് നേരിട്ടത്. സംഭവിച്ചതോ? ഈ അഗ്നിബാണങ്ങൾ കണ്ട് ഭയന്ന ആന പിൻതിരിഞ്ഞ് ഓടി. അങ്ങനെ പിൻതിരിഞ്ഞ് ഓടുമ്പോൾ സ്വപക്ഷത്തുതന്നെ വലിയ നാശനഷ്ടമുണ്ടായി. സ്വപക്ഷത്തുള്ള പടയാളികളെല്ലാം മരിച്ചുവീണു. ആനപ്പുറത്തിരുന്ന രാജകുമാരൻ തിരിച്ച് തന്റെ കൂടാരത്തിലെത്തി. അപ്പോൾ കൂട്ടുകാർ ചോദിച്ചു, നമ്മൾ തോറ്റല്ലോ എന്ന്. അപ്പോൾ ആ രാജകുമാരൻ പറഞ്ഞു, കുറേ പടയാളികൾ മരിച്ചു, നമ്മൾ തോറ്റു, പക്ഷേ, ഒന്നാമത് ഞാൻ ഓടിയെത്തിയില്ലേ? ആ രാജകുമാരന് വർത്തമാനകാല രാഷ്ട്രീയത്തിലെ ഏതെങ്കിലും ഒരു നേതാവുമായി സാമ്യമുണ്ടെങ്കിൽ അത് യാദൃശ്ചികം മാത്രമാണ്.

കേരളത്തിലെ യു.ഡി.എഫ്. നേതാക്കളല്ലേ ശ്രീ. രാഹുൽ ഗാന്ധിയെന്ന ദേശീയ നേതാവിനെ ഇത്തരമൊരു പതനത്തിലേക്ക് എത്തിച്ചത്. ശ്രീ. രാഹുൽ ഗാന്ധിയെ ക്ഷണിച്ചുകൊണ്ടുവന്ന് കേരളത്തിൽ നിർത്തി മത്സരിപ്പിച്ച് ഇടതുപക്ഷ ജനാധിപത്യ മുന്നണിയാണ് ശത്രുവെന്ന് വരുത്തിത്തീർത്ത് കേരള ജനതയ്ക്കകത്ത് അത്തരമൊരു പ്രചാരണം നടത്തിയതിന്റെ ഫലമായി കോൺഗ്രസ് 44 സീറ്റിൽ നിന്ന് ആറോ ഏഴോ സീറ്റിനപ്പുറമായി കൂടുതൽ എന്ത് നേടി? ഇന്ത്യൻ രാഷ്ട്രീയത്തിൽ പ്രതിപക്ഷ നേതൃസ്ഥാനംപോലും നേടിയെടുക്കാൻ കഴിയാത്തവണ്ണം ആ രാഷ്ട്രീയ പാർട്ടി തകർന്നില്ലേ? അത്തരത്തിൽ കോൺഗ്രസിനെ ഒരു പതനത്തിലേക്ക് കൊണ്ടുപോയി എത്തിച്ചതിൽ കേരളത്തിലെ യു.ഡി.എഫ്. നേതാക്കൾക്ക് പങ്കില്ലേ? അതിൽ ലീഗിന് പങ്കില്ലേ? ലീഗിലെ നേതാക്കളല്ലേ ശ്രീ. രാഹുൽ ഗാന്ധിയെ ആദ്യം ഉയർത്തിക്കൊണ്ടുവന്നത്.

ഇന്ത്യയിലെ ന്യൂനപക്ഷ വിഭാഗങ്ങളാകെ വല്ലാത്ത അരക്ഷിതാവസ്ഥയിലാണ്. ആ അരക്ഷിതാവസ്ഥയ്ക്ക് കാരണം ശ്രീ. നരേന്ദ്ര മോദിയുടെ ഭരണമാണ്; ആ ഭരണം ഇല്ലാതായി അരക്ഷിതാവസ്ഥ മാറണമെങ്കിൽ കോൺഗ്രസ് വരണം. കോൺഗ്രസിന് കൂടുതൽ സീറ്റ് കിട്ടിയാലേ പ്രധാനമന്ത്രി സ്ഥാനത്തേക്ക് അല്ലെങ്കിൽ ഗവൺമെന്റ് രൂപീകരിക്കാനായി ബഹുമാനപ്പെട്ട രാഷ്ട്രപതി ക്ഷണിക്കുകയുള്ളൂ. അത് കോൺഗ്രസിന് കിട്ടണം. അങ്ങനെ കിട്ടണമെങ്കിൽ കേരളത്തിൽ കൂടുതൽ സീറ്റ് കിട്ടണം. ഇതല്ലേ കേരളത്തിലെ വീടുകളിലെല്ലാം കയറിയിറങ്ങി പറഞ്ഞത്; ആരെല്ലാമാണ് പറഞ്ഞത്; ഇന്ത്യയെ ഒരു ഇസ്ലാമിക രാഷ്ട്രമാക്കി മാറ്റണമെന്ന് നിർബന്ധ ബുദ്ധിയോടുകൂടി പ്രവർത്തിക്കുന്ന ജമാഅത്തെ ഇസ്ലാമി. അവരുടെ സ്ത്രീകളടക്കമുള്ള പ്രവർത്തകർ ഓരോ വീടുകളിലും കയറി പറഞ്ഞില്ലേ? എസ്.ഡി.പി.-ക്കാർ പറഞ്ഞില്ലേ? എന്തിനാണ് അത് സംബന്ധിച്ച് നിങ്ങൾ ഒളിച്ചുവയ്ക്കുന്നത്? കേരളത്തിലെ മതന്യൂനപക്ഷങ്ങൾക്കിടയിൽ അത്തരം മോദി ഭീതി ഉണ്ടാക്കിയതിനാൽ ഇടതുപക്ഷ മനസ്സുള്ളവരും മതന്യൂനപക്ഷങ്ങളടക്കമുള്ളവരും കോൺഗ്രസിനനുകൂലമായി വോട്ട് ചെയ്തു. ഇപ്പോൾ അതിന്റെ പ്രത്യാഘാതമെന്താണ്? തന്നെ ചതിച്ചു എന്ന നിലയ്ക്ക് താൻ പ്രതിപക്ഷ നേതാവാകാനോ കക്ഷിനേതാവാകാനോ തയ്യാറല്ല എന്നുമാത്രമല്ല കോൺഗ്രസിന്റെ അദ്ധ്യക്ഷസ്ഥാനംപോലും വലിച്ചെറിഞ്ഞു കൊണ്ടാണ് ഇപ്പോൾ ശ്രീ. രാഹുൽ ഗാന്ധി പോയത്. അത്തരമൊരു പതനത്തിലേക്ക് ദേശീയ പ്രസ്ഥാനത്തെ, സ്വാതന്ത്ര്യസമരത്തിന്റെ പാരമ്പര്യമുള്ള പ്രസ്ഥാനത്തെ മതനിരപേക്ഷത ഉയർത്തിപ്പിടിച്ചിരുന്ന ഒരു പ്രസ്ഥാനത്തെ കൊണ്ടു ചെന്നെത്തിച്ചതിൽ കേരളത്തിലെ യു.ഡി.എഫ് നേതൃത്വത്തിനും അക്കൂട്ടത്തിൽ മുസ്ലീം ലീഗിനും പങ്കുണ്ടെന്നത് മറച്ചുവച്ചാണ് ഇവിടെ ചില ലീഗ് നേതാക്കൾ ഈ ഗവൺമെന്റിനെതിരായി രംഗത്ത് വന്നിട്ടുള്ളത്.

എന്താണ് നമ്മുടെ നാടിന്റെ സ്ഥിതി? കോൺഗ്രസിന് എവിടെയാണ് സീറ്റ്? ഉത്തരാഖണ്ഡിലും ഹരിയാനയിലും ഗുജറാത്തിലും രാജസ്ഥാനിലും കോൺഗ്രസ് പൂജ്യം. നിങ്ങൾ ഒരു ഘട്ടത്തിൽ ഇവിടങ്ങളിലെല്ലാം തനിച്ച് ഭരിച്ചിരുന്നവരല്ലേ? അങ്ങനെ തനിച്ച് ഭരിച്ചിരുന്ന നിങ്ങൾക്ക് ഈ സംസ്ഥാനങ്ങളിൽ പൂജ്യം എന്ന നിലയിലേക്ക് എത്താൻ കഴിഞ്ഞുവെങ്കിൽ നിങ്ങൾക്ക് പിശകുണ്ടായിട്ടുണ്ട്. അതെന്താണെന്നുവച്ചാൽ, ബി.ജെ.പി.-യെക്കാൾ വലിയ തോതിൽ വർഗ്ഗീയതയുള്ള ആളുകളാണ് തങ്ങളെന്നും മൃദു ഹിന്ദുത്വത്തിലൂടെ തീവ്രഹിന്ദുത്വത്തിലേക്ക് പോകുമെന്നുമുള്ളൊരു ധ്വനിയുണ്ടാക്കാൻ നോക്കി. നിങ്ങൾ തുടങ്ങിവച്ച സാമ്പത്തികനയം തന്നെയാണ് ബി.ജെ.പി. ഇപ്പോൾ നടപ്പിലാക്കുന്നത്. അതുകൊണ്ട് കേരളത്തിൽ ഏതാനും സീറ്റ് കിട്ടിയെന്നതിന്റെ

പേരിൽ വല്ലാതെ നെഗളിക്കുകയൊന്നും വേണ്ട. കാരണം, കേരളത്തിലെ ജനങ്ങൾ വസ്തുത തിരിച്ചറിഞ്ഞിട്ടുണ്ട്. തങ്ങൾക്ക് ചതി പറ്റിപ്പോയി. യു.ഡി.എഫ്.-ന്റെ നേതാക്കളും ചില ജാതിസംഘടനകളും പറഞ്ഞതുകേട്ട് ഞങ്ങളൊരു തെറ്റായ തീരുമാനത്തിൽ എത്തിയെന്ന് കേരളത്തിലെ വലിയ വിഭാഗം ജനങ്ങൾ ഈ തെരഞ്ഞെടുപ്പിനുശേഷം മാറി ചിന്തിക്കുന്നുണ്ട്. അത് നമ്മൾ കാണാൻ പോകുകയാണ്. തീർച്ചയായും ഞങ്ങളുടെ കുറവുകളും പോരായ്മകളും തെറ്റുകളും മനസ്സിലാക്കി ഞങ്ങൾ ഈ കേരളത്തിൽ മാത്രമല്ല രാജ്യത്തിനകത്ത് മതനിരപേക്ഷതയെ ഉയർത്തിപ്പിടിച്ചുകൊണ്ടുള്ള പോരാട്ടത്തിന് നേതൃത്വം കൊടുക്കുമെന്ന് തന്നെയാണ് ഈയവസരത്തിൽ പറയാനുള്ളത്.

കഴിഞ്ഞ മൂന്ന് വർഷവും കേരളത്തിൽ ഏറ്റവും മികച്ച നിലയിൽ മുന്നോട്ട് പോയത് പൊതുമരാമത്ത് വകുപ്പാണ്. യു.ഡി.എഫ്. ഭരണകാലത്ത് കേരളത്തിലെ പൊതുമരാമത്ത് വകുപ്പിന്റെ സ്ഥിതിയെന്തായിരുന്നു; പൊതുമരാമത്ത് വകുപ്പ് ഒരു ഊജിയൻ തൊഴുത്തായിരുന്നില്ലേ? പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ടുള്ള അക്കാലത്തെ എത്രയോ അഴിമതികൾ ഇപ്പോൾ പുറത്തുവന്നിരിക്കുന്നു; അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ട് പുറത്തുവന്നിട്ടുണ്ട്. അതിനകത്ത് കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് പൊതുമരാമത്ത് വകുപ്പിൽ അഴിഞ്ഞാട്ടം നടത്തിയ നിരവധി ഉദ്യോഗസ്ഥരെക്കുറിച്ചും കരാറുകാരെക്കുറിച്ചും അവർക്ക് ഒത്താശ ചെയ്തുകൊടുത്ത രാഷ്ട്രീയ നേതാക്കളെക്കുറിച്ചും ചില എം.എൽ.എ.-മാരെക്കുറിച്ചുംവരെ, പേര് പറഞ്ഞിട്ടില്ലെങ്കിലും പരാമർശം ഉണ്ടല്ലോ.

ഞാൻ എറണാകുളത്തുള്ള ആളാണ്. എറണാകുളമെന്ന് പറയുമ്പോൾ പാലാരിവട്ടം പാലത്തെക്കുറിച്ച് നാട്ടിൽ വലിയ ചർച്ചയല്ലേ? ആരാണ് ഇതിന് കാരണക്കാർ? കുറ്റവാളികളെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവന്ന് ശിക്ഷിക്കാനും പ്രോസിക്യൂട്ട് ചെയ്യാനും കൃത്യമായ നടപടിയുണ്ടാകണം. ആ പാലം മാത്രമല്ലല്ലോ വിഷയം, എറണാകുളം ജില്ലയിൽത്തന്നെ പാതാളം റെഗുലേറ്റർ-കം-ബ്രിഡ്ജുമായി ബന്ധപ്പെട്ട് 12 കോടി രൂപയുടെ അഴിമതിയാണ് ഉയർന്നുവന്നിട്ടുള്ളത്. അതിൽ വിജിലൻസ് അന്വേഷണം നടക്കുകയാണ്. ഇപ്പോൾ പണി പൂർത്തീകരിച്ചുവെന്ന് പറയുമ്പോഴും അതിന്റെ ഉദ്ഘാടനം നടന്നിട്ടില്ല. ഉദ്ഘാടനം നടത്താൻ കഴിയില്ല. അതുപോലെ, നിർമ്മാണത്തിലിരിക്കെ തടിക്കകടവ് പാലം ആദ്യം തകർന്നുവീണു. അതും വിജിലൻസിന്റെ അന്വേഷണത്തിലാണ്. അതിന്റെ ഉദ്ഘാടനം ഇപ്പോഴും നടന്നിട്ടില്ല. ആലുവാ മണപ്പുറത്തേക്കൊരു മഴവിൽ പാലമുണ്ട്. ആ പാലം സംബന്ധിച്ച് ശ്രീ. ഖാലിദ് മുണ്ടപ്പിള്ളി കൊടുത്ത പരാതിയെത്തുടർന്ന് വിജിലൻസ് അന്വേഷണം നടക്കുകയാണ്. മൂന്ന് തവണയാണ് ആ പാലത്തിന്

പണം കൊടുത്തത്. ആ പാലം പുഴ കടക്കാനുള്ളതാണെങ്കിലും ചില സമയത്ത് പുഴയിൽ തന്നെയാണ് മനുഷ്യർക്ക് ഇറങ്ങേണ്ടി വരുന്നതെന്ന നിലയ്ക്ക് പണിതു. ആ പാലത്തെ സംബന്ധിച്ചും അഴിമതിയുണ്ട്. ഏതാണ്ട് 99 കോടി രൂപ ചെലവ് ചെയ്ത് പണിതതാണ് പുറപ്പിള്ളിക്കാവ് റെഗുലേറ്റർ-കം-ബ്രിഡ്ജ്. ഉപ്പുവെള്ളം കയറാതിരിക്കാൻ പണിതതാണ്. ആ റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ പ്രശ്നമെന്താണ്; ഇപ്പോൾ അതിന്റെ ഷട്ടറുകൾ പ്രവർത്തിക്കുന്നില്ല. അതുസംബന്ധിച്ചും വിജിലൻസ് അന്വേഷണം നടക്കുകയാണ്. അതുപോലെ, എന്റെ നാടായ ഇടക്കൊച്ചിയിലെ കണ്ണേക്കാട്ട്-വില്ലിംഗ്ടൺ പാലം. 74 കോടി രൂപയുടെ പാലമാണത്. അതുസംബന്ധിച്ച് മൂവാറ്റുപുഴ വിജിലൻസ് കോടതിയിൽ ഇപ്പോൾ കേസ് നടക്കുകയാണ്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് അന്നുണ്ടായ പല നിർമ്മാണ പ്രവർത്തനങ്ങളും അഴിമതികൊണ്ട് നിറഞ്ഞതാണെന്ന് കേരളീയർ കണക്കാക്കുകയാണ്. അങ്ങനെയുള്ള ഈജിയൻ തൊഴുത്തിനെ കഴിഞ്ഞ മൂന്ന് വർഷംകൊണ്ട് വൃത്തിയുള്ളതാക്കി മാറ്റാൻ ധീരമായി നേതൃത്വം കൊടുക്കുന്നത് മന്ത്രി ശ്രീ. ജി. സുധാകരനും അദ്ദേഹത്തിന്റെ വകുപ്പുമാണ്. ആ വകുപ്പിനുണ്ടായിട്ടുള്ള മാറ്റങ്ങൾ എന്തെല്ലാമാണ്. പൊതുജനങ്ങൾക്കുകൂടി എല്ലാ പ്രശ്നങ്ങളും പരിശോധിക്കാനുള്ള സോഷ്യൽ ഓഡിറ്റിംഗ് സമ്പ്രദായം കേരളത്തിൽ കൊണ്ടുവന്നത് ഈ ഗവൺമെന്റാണ്.

ഇ-ടെണ്ടർ നടപ്പിലാക്കി അഴിമതിവിമുക്തമാക്കാൻ നടപടി സ്വീകരിച്ചു. എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് പറയുവാനുള്ളത്, ടെണ്ടർ കാലാവധി ചുരുക്കണമെന്നാണ്. ഇപ്പോഴെല്ലാം ഇ-ടെണ്ടർ വഴി കൊടുക്കാം. അതുകൊണ്ട് പഴയകാലത്തെപ്പോലെ നോട്ടീസ് ബോർഡിൽ ഒട്ടിച്ചുവച്ച് ടെണ്ടർ ക്ഷണിച്ച് നടപടി സ്വീകരിക്കുന്നതിനുപകരം ഇ-ടെണ്ടറിലൂടെ കാലാവധി കുറച്ച് വേഗത്തിൽ പ്രവൃത്തികൾ നീക്കാൻ കഴിയണം.

എറണാകുളത്തെ ചില പ്രവർത്തനങ്ങൾ പി.ഡബ്ല്യൂ.ഡി.-യുടെ ഭാഗമായി വേഗത്തിൽ നടപ്പിലാക്കുകയുണ്ടായി. അതിലൊന്ന് വാതുരുത്തി പാലവും മറ്റൊന്ന് അറ്റ്ലാന്റീസ് പാലവും മൂന്നാമത്തേത് വടുതല പാലവുമാണ്. ഇത് മൂന്നും റെയിൽവേ ഓവർ ബ്രിഡ്ജുകളാണ്. അതുമായി ബന്ധപ്പെട്ട് ചുമതലയേൽപ്പിച്ച ഏജൻസി അതിന്റെ പ്രവർത്തനം ഏറ്റെടുത്ത് നടത്തുന്നതിൽ കുറവുകൾ സംഭവിച്ചിട്ടുണ്ട്. അതുപോലെ കുറങ്കോട്ട പാലം. നഗരത്തിലെ ഗതാഗതം മെച്ചപ്പെടുത്താൻ സഹായകരമായ ഒന്നാണ് തമ്മനം-പുല്ലേപ്പടി റോഡിന്റെ വികസനം. നഗരസഭ അക്കാര്യത്തിൽ കുറ്റകരമായ അനാസ്ഥയാണ് കാണിക്കുന്നത്. ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ തയ്യാറാകണം.

കൊച്ചി തുറമുഖം ഇന്നിപ്പോൾ മരിച്ചുകിടക്കുകയാണ്. അതിനെ സജീവമാക്കി കേരളത്തിന്റെ ഉൾനാടൻ ജലഗതാഗതത്തിന്റെയും ചരക്ക് നീക്കത്തിന്റെയും ഹബ്ബ് എന്ന നിലയിൽ മാറ്റി അവിടേക്ക് കണക്റ്റിവിറ്റി ഉണ്ടാക്കാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തി തുറമുഖ മേഖലയിൽ വലിയ മാറ്റം ഉണ്ടാക്കണമെന്ന് മാത്രം പറഞ്ഞുകൊണ്ട് നിർത്തുന്നു.

ശ്രീ. പി. സി. ജോർജ്: സർ, തുറമുഖങ്ങൾ, പൊതുമരാമത്ത് എന്നീ വകുപ്പുകളുടെ ചർച്ചയിൽ വലിയ രാഷ്ട്രീയം കടന്നുവരില്ലായെന്നാണ് ഞാൻ വിചാരിച്ചത്. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ജി. സുധാകരൻ നല്ലൊരു മന്ത്രിയാണെന്നാണ് എനിക്ക് തോന്നുന്നത്. അദ്ദേഹത്തെക്കുറിച്ച് കുറ്റംപറയാൻ ആർക്കും കഴിയില്ല. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി ഒരു പാവം മന്ത്രിയാണ്. അപ്പോൾ വിഷയം രാഷ്ട്രീയമാക്കി മാറ്റിയെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. എൻ.ഡി.എ.യുടെ പ്രതിനിധിയായി ഞാനും ശ്രീ. ഒ. രാജഗോപാലും മാത്രമാണ് ഇപ്പോൾ ഈ സഭയിലുള്ളത്. പറയാതിരിക്കാൻ നിവൃത്തിയില്ല. ഏതായാലും എന്നോട് ക്ഷമിക്കണം. കിണറ്റിൽ കിടക്കുന്ന തവളയുടെ വിചാരം കിണറാണ് ഭൂലോകമെന്നാണ്. ശ്രീ. മുല്ലക്കര രത്നാകരനും ശ്രീ. കെ. എം. ഷാജിയും പ്രസംഗിച്ചത് കേട്ടപ്പോൾ ആ തവളയുടെ ജോലിയാണ് അവർ ചെയ്യതെന്ന് എനിക്ക് തോന്നി. ഇന്ത്യയിൽ 352 സീറ്റുമായി ബി.ജെ.പി., എൻ.ഡി.എ. നേതൃത്വം അധികാരം ഏറ്റെടുത്തിരിക്കുകയാണ്. ഇവിടെ മൂന്ന് സീറ്റുള്ള മുസ്ലീംലീഗും രണ്ട് സീറ്റുള്ള സി.പി.ഐ.(എം)ഉം എന്ത് ചെയ്യാനാണ്? അവർ ആഘോഷിക്കുകയാണ്. ഇവിടെക്കിടന്ന് കൈ അടിക്കാം. പുറത്തിറങ്ങി കൈ അടിക്കാൻ കഴിയുമോ നിങ്ങൾക്ക്; നിങ്ങൾ അറിയണ്ടേ; ഇന്ത്യയുടെ രാഷ്ട്രീയനീക്കം എങ്ങോട്ടാണ്; ഇവിടത്തെ ബഹുഭൂരിപക്ഷം വരുന്ന ഹൈന്ദവ സമൂഹം ഹൈന്ദവ സംസ്കാരത്തിൽ വിശ്വസിച്ചിരുന്നവരാണ്. അവർക്ക് രാഷ്ട്രീയമുണ്ട്, പക്ഷേ, വർഗ്ഗീയതയില്ലായിരുന്നു. ഇവിടത്തെ ന്യൂനപക്ഷങ്ങൾ വർഗ്ഗീയമായി ചിന്തിച്ചു. മഹാനായ ശ്രീ. എ. കെ. ആന്റണി പറഞ്ഞു, ന്യൂനപക്ഷ വർഗ്ഗീയത ഭൂരിപക്ഷ വർഗ്ഗീയതയെക്കാൾ അപകടമാണെന്ന്. ആ അപകടമാണിപ്പോൾ സംഭവിച്ചിരിക്കുന്നതെന്ന് എല്ലാവരും അറിയണം. ന്യൂനപക്ഷങ്ങളിൽ ആവശ്യമില്ലാത്ത വർഗ്ഗീയതയുണ്ടാക്കി. ശബരിമലയുൾപ്പെടെയാണ് ഞാൻ പറയുന്നത്. എത്രയോ വേദനാജനകമായിരുന്നു. ഇവിടത്തെ ഹൈന്ദവ സംസ്കാരമുള്ളവർക്കും വികാരമുണ്ടായി. ആ വികാരമാണ് ഇന്നിപ്പോൾ ശ്രീ. നരേന്ദ്ര മോദിയെ പ്രധാനമന്ത്രി പദത്തിലെത്തിച്ചതെന്ന് നിങ്ങൾ അറിയണം. അതുകൊണ്ട് വെറും വർഗ്ഗീയത പറഞ്ഞതുകൊണ്ട് കാര്യമില്ല. ഇനി പത്തിരുപത് കൊല്ലത്തേക്ക് ഇന്ത്യയിൽ വേറെയാരെങ്കിലും വരുമെന്ന് വിചാരിച്ച്

കോൺഗ്രസുകാരൻ ഓടിക്കളിച്ചിട്ട് കാര്യമില്ല. കേരളത്തിനുപുറത്ത് എവിടെയിരിക്കുന്നു കോൺഗ്രസ്? ഇന്ത്യയിൽ സി.പി.ഐ.യും സി.പി.ഐ.(എം)ഉം എവിടെയിരിക്കുന്നു? നിങ്ങളുടെ ദയനീയമായ സ്ഥിതി മനസ്സിലാക്കണം. കേരളത്തിൽ നിങ്ങൾ ആവേശം കൊള്ളുന്നുണ്ട്. ഇത്രമാത്രം ന്യൂനപക്ഷ വർഗ്ഗീയതയും ഭൂരിപക്ഷ വർഗ്ഗീയതയും മുഴുവനും ഉൾക്കൊള്ളിച്ചിട്ടുംനിങ്ങൾ 19 സീറ്റ് നേടി, ഇടതുപക്ഷം തകർന്നു. ഒന്നു പോയിയെന്ന് നിങ്ങൾ അറിയണം. പക്ഷേ, എൻ.ഡി.എ.ക്ക് വോട്ട് 16% ആയി ഉയർന്നുവെന്ന വസ്തുത നിങ്ങൾ മറക്കരുത്. അടുത്ത തെരഞ്ഞെടുപ്പോടുകൂടി കേരളത്തിലും എൻ.ഡി.എ. എവിടെയെത്തുമെന്ന് കാണാമെന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. എം. മുകേഷ്: സർ, ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സംസ്ഥാനത്തിനിത് വികസന കാലമാണ്. എല്ലാ മേഖലയിലും വികസനക്കുതിപ്പ് തുടരുന്നു. അടുത്തിടെ പുറത്തിറക്കിയ ആധികാരികമായ പ്രോഗ്രസ്സ് റിപ്പോർട്ടിലൂടെ പൊതുജനങ്ങളിൽ ആ വികസനസന്ദേശം എത്തിക്കാൻ സർക്കാരിന് കഴിഞ്ഞു. ജനങ്ങൾക്ക് ബോധ്യമായി, പക്ഷേ പ്രതിപക്ഷത്തിനുമാത്രം ബോദ്ധ്യമായിട്ടില്ല. അവർ പ്രോഗ്രസ്സ് റിപ്പോർട്ടിൽ വിശ്വസിക്കുന്നില്ല. പ്രോഗ്രസ്സ് ഉണ്ടെങ്കിലല്ലേ റിപ്പോർട്ടും ഉണ്ടാകൂ. വികസന നയവും പ്രോഗ്രസ്സും തുടർച്ചയാണ്. ഇത് രണ്ടും ഉത്തരവാദപ്പെട്ട സർക്കാരിന്റെ ജനങ്ങളോടുള്ള പ്രതിബദ്ധതയുടെ തെളിവാണ്. ശീലമില്ലാത്തവർക്ക് പ്രോഗ്രസ്സ് റിപ്പോർട്ട് കാണുമ്പോൾ അസ്വസ്ഥതയുണ്ടാകും. സ്കൂളുകളിൽ പ്രോഗ്രസ്സ് റിപ്പോർട്ട് കിട്ടിയ കാലത്ത് ഇവരിൽ ചിലർ ഇങ്ങനെയായിരുന്നു. ചിലർ ഒളിപ്പിച്ചുവച്ചു. മറ്റ് ചിലർ രക്ഷകർത്താക്കളുടെ കള്ള ഒപ്പിട്ട് തിരിച്ച് നൽകി. സ്കൂൾ കുട്ടിയുടെ പഴയ മനോഭാവത്തോടെയല്ല, സർക്കാർ അഭിമാനപൂർവ്വം പുറത്തിറക്കിയ പ്രോഗ്രസ്സ് റിപ്പോർട്ടിനെ കാണേണ്ടതെന്നാണ് എനിക്ക് ആദ്യം പറയാനുള്ളത്. സർക്കാരിന്റെ വികസന നയം ജനാധിപത്യപരമാണ്. തുല്യതയിൽ സർക്കാർ വിശ്വസിക്കുന്നു. വികസന നയത്തിൽ രാഷ്ട്രീയം കലർത്താൻ ഉദ്ദേശിക്കുന്നില്ല. റോഡ് വികസനംപോലുള്ള അടിസ്ഥാന സൗകര്യ വികസനത്തിന്റെ കാര്യത്തിൽ 140 മണ്ഡലങ്ങൾക്കും തുല്യ പരിഗണനയാണ് സർക്കാർ നൽകുന്നത്. സർക്കാരിന്റെ ഈ തുറന്ന മനസ്സ് പ്രതിപക്ഷത്തിനുണ്ടോയെന്ന് ആത്മപരിശോധന നടത്തണം. സർക്കാരിന്റെ പൊതുനയം ജനങ്ങളെ വിശ്വാസത്തിലെടുത്തുകൊണ്ടുള്ള ഭാവിതലമുറയ്ക്കു വേണ്ടിയുള്ള വികസനനയമാണ്. റോഡ് പണിയുന്ന കാര്യം തന്നെയെടുക്കാം, സമയാസമയങ്ങളിലുള്ള അറ്റകുറ്റപ്പണികൾ, പുതിയ റോഡ് പദ്ധതികൾ, റോഡ് കരാറിലെ അഴിമതി നിയന്ത്രിക്കൽ തുടങ്ങി ശക്തമായ നടപടികൾ അടിസ്ഥാനമാക്കിയുള്ള റോഡ് നയമാണ് ഇടതുപക്ഷ സർക്കാർ പിന്തുടരുന്നത്.

റോഡ് പദ്ധതികളും കരാർ നടത്തിപ്പുമൊക്കെ പലപ്പോഴും അഴിമതിയുടെയും കെടുകാര്യസ്ഥതയുടെയും പേരിൽ വിവാദമാകുന്ന പതിവ് നമ്മുടെ നാട്ടിലുണ്ട്. എന്നാൽ, ഇന്ന് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരൻ നേരിട്ട് ഇടപെട്ടുകൊണ്ട് അത്തരം കീഴ്‌വഴക്കങ്ങൾ അവസാനിപ്പിച്ചിരിക്കുന്നു. പരാതി പരിഹാര സെൽ, റോഡ് നിർമ്മാണം സംബന്ധിച്ച് Social Auditing, Road maintenance wing എന്നീ സംവിധാനങ്ങളിലൂടെ പൊതുമരാമത്ത് വകുപ്പിന്റെ മുഖഛായ മാറ്റിയിരിക്കുന്നു. അഴിമതിക്കെതിരെയുള്ള തുറന്ന പോരാട്ടത്തിന്റെ ഭാഗമായി റോഡുമായി ബന്ധപ്പെട്ട പൊതുജനങ്ങളുടെ പരാതി മന്ത്രി നേരിട്ട് കേൾക്കുകയും ഇടപെടുകയും ചെയ്യുന്ന എന്നുള്ളതാണ് അനുകരണീയമായ മാതൃക. നാട്ടിൽ ഇതിന് ഫലം കണ്ടുതുടങ്ങിയിരിക്കുന്നു. കരാർ/ഉദ്യോഗസ്ഥ ലോബികളുടെ അഴിമതി തടയുന്നതിനും റോഡുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും പൊതുമരാമത്ത് വകുപ്പുമന്ത്രിക്ക് കഴിഞ്ഞിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റോഡ് നിർമ്മാണത്തിൽ ആധുനികവത്കരണവും ശാസ്ത്രീയതയുമുണ്ടായി. റോഡുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിൽ സർക്കാർ വേണ്ടത്ര ജാഗ്രത പുലർത്തുന്നുണ്ട്. ഭൂരിഭാഗം റോഡുകളും ദേശീയ നിലവാരത്തിൽ ബി.എം. ആന്റ് ബി.സി. സാങ്കേതിക വിദ്യയിലാണ് നിർമ്മിച്ചുവരുന്നത്. നിശ്ചിതകാലത്തെ ഗ്യാരന്റി ഉറപ്പാക്കി വരുന്നു. സംസ്ഥാനത്തെ 2621 കി.മീ. റോഡ് ബി.എം.ആന്റ് ബി.സി. നിലവാരത്തിൽ നവീകരിച്ചുകഴിഞ്ഞു. 147 റോഡുകൾ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നവീകരിക്കുന്നതിനായി 4500 കോടി രൂപയുള്ള അംഗീകാരവും നൽകിയിട്ടുണ്ട്. റോഡ് വികസനം ത്രീ ഡൈമെൻഷനിലാണ് നടക്കേണ്ടത്. നീളവും കനവും വീതിയും തുല്യപ്രാധാന്യത്തിൽ വികസിപ്പിക്കേണ്ടതുണ്ട്. എന്നാൽ നീളവും കനവും കൂട്ടുന്നുണ്ടെങ്കിലും വീതി കൂട്ടുന്നതിൽ വലിയ പ്രതിസന്ധി നേരിടുന്നുണ്ട്. ഭൂമി ഏറ്റെടുക്കലാണ് പ്രധാന തടസ്സം.

എന്റെ മണ്ഡലത്തിലെ 45 കോടി രൂപയുടെ പെരുമൺ പാലത്തിന്റെ അപ്രോച്ച് റോഡിനുള്ള സ്ഥലമേറ്റെടുക്കുന്നതിന്റെ ഭാഗമായി ഉടമകളുമായി ചർച്ച നടത്തുകയുണ്ടായി. പാലത്തിന്റെ അപ്രോച്ച് റോഡുമായി ബന്ധപ്പെട്ട തർക്കം നടന്നു. അവസാനം സ്ഥലമുടമകളിൽ ഭൂരിഭാഗവും അപ്രോച്ച് റോഡിന് സ്ഥലം വിട്ടുനൽകുന്നതിന് സന്നദ്ധരായി. എന്നാൽ ഒരമ്മ മാത്രം അതിനെ എതിർത്തു. എന്തുകൊണ്ടാണ് എതിർക്കുന്നതെന്ന് ആ അമ്മയോട് ഞാൻ ചോദിച്ചു, അപ്രോച്ച് റോഡ് വന്നുകഴിഞ്ഞാൽ എന്റെ കിണറിന്റെ പകുതിഭാഗം പോകുമെന്ന് അവർ പറഞ്ഞു. ഞാൻ പറഞ്ഞു, അമ്മയുടെ കിണറിന്റെ പകുതി ഭാഗം പോകാൻ പാടില്ല. റോഡും പാലവും അവിടെ നിൽക്കട്ടെ, ഒരു നിമിഷം കഴിഞ്ഞ് ഞാൻ പറഞ്ഞു.

വർഷങ്ങൾക്കുശേഷവും അമ്മയുടെ കൊച്ചുമക്കൾ ഇതുവഴി ജങ്കാറിൽ പോകും; അപ്പോൾ അതിന്റെ തൊട്ടടുത്തിരിക്കുന്ന അവരുടെ കൂട്ടുകാരികൾ പറയും, ഈ കുട്ടികളുടെ അമ്മൂമ്മ കാരണമാണ് നമ്മളിപ്പോഴും ജങ്കാറിൽ പോകുന്നത്. തലമുറകൾ നീണ്ടുനിൽക്കുന്ന പരിഭവവും പ്രാക്കും കാണും. അമ്മ എന്ത് പറയുന്നു; ഒരു നിമിഷം കഴിഞ്ഞപ്പോൾ അമ്മ എന്റെ കൈപിടിച്ചുകൊണ്ട് പറഞ്ഞു. ഞാൻ സമ്മതിച്ചു. അമ്മയ്ക്ക് തൊട്ടുപിന്നിൽനിന്നുകൊണ്ട് അവരെ പറഞ്ഞുപഠിപ്പിച്ച് വന്നവരുടെ മുഖം വാടി. ഇത്തരം പറഞ്ഞുപഠിപ്പിക്കലാണ് വികസനത്തിന് തടസ്സം. നിരപരാധികളെ ഉപയോഗിച്ച് അവർ കുത്തിത്തിരുപ്പുണ്ടാക്കുന്നു. വികസനംകൊണ്ട് ഒരാൾക്കല്ല, ഒരു പ്രദേശത്തിനാണ് ഗുണമുണ്ടാകുന്നതെന്ന് ഇത്തരക്കാർ മറന്നുപോകുന്നു. ഭൂമി ഏറ്റെടുക്കുന്നവർക്കുള്ള നഷ്ടപരിഹാരം നൽകുന്ന നടപടി ഇപ്പോൾ അന്തിമഘട്ടത്തിലാണ്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ വിഭാവന ചെയ്യുതും പിന്നീട് അധികാരത്തിൽ വന്ന യു.ഡി.എഫ്. സർക്കാർ ഉപേക്ഷിച്ചതുമായ പെരുമൺ പാലം പദ്ധതി ഇപ്പോൾ ടെണ്ടർ ചെയ്തിരിക്കുകയാണ്. ഭൂമി ഏറ്റെടുക്കലിനോട് പോസിറ്റീവായ മനോഭാവം ജനങ്ങളിലുണ്ടായി വരുന്നത് ശുഭകരമായ കാര്യമാണ്. ഈ സർക്കാരിന്റെ ഭരണകാലത്ത് കാര്യങ്ങൾ നടക്കുമെന്നുള്ള ജനങ്ങളുടെ ബോധ്യമാണ് ഇതിന് കാരണം. ദേശീയപാതാ വികസനം സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ നയവ്യതിയാനവും സംസ്ഥാനത്ത് ബി.ജെ.പി.-യുടെ കുത്തിത്തിരിപ്പ് തടസ്സവും സൃഷ്ടിച്ചില്ലെങ്കിൽ ഈ സർക്കാരിന്റെ ഭരണകാലത്തുതന്നെ ദേശീയപാത 45 മീറ്ററായി വികസിപ്പിക്കുന്നതിനുള്ള നടപടി ആരംഭിക്കാൻ കഴിയും. മൊത്തം റോഡ് ദൈർഘ്യത്തിന്റെ 15 ശതമാനത്തിൽതാഴെ മാത്രമുള്ള പൊതുമരാമത്ത് വകുപ്പ് റോഡുകളിൽക്കൂടിയാണ് മൊത്തം വാഹന ഗതാഗതത്തിന്റെ 80 ശതമാനത്തിലധികവും. പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള പ്രൈമറി റോഡുകളായ ദേശീയപാതകളുടെയും സെക്കണ്ടറി റോഡുകളായ സംസ്ഥാന പാതകളുടെയും പ്രധാന ജില്ലാതല റോഡുകളുടെയും സമഗ്ര വികസനത്തിന് സാധ്യമായെങ്കിൽ മാത്രമേ വാഹന ഗതാഗതത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുകയുള്ളൂ.

തിരുവനന്തപുരം, കാസർഗോഡ് ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന മലയോര-തീരദേശ പാതകളും യാഥാർത്ഥ്യമാകേണ്ടതുണ്ട്. സംസ്ഥാനത്തിന്റെ പൊതുവികസനത്തിന് അടിയന്തരവും അനിവാര്യവുമായ പ്രസ്തുത വൻകിട പദ്ധതികൾ സംസ്ഥാനത്തിന്റെ പദ്ധതി വിഹിതത്തെ ആശ്രയിച്ചുമാത്രം ഒരിക്കലും നടപ്പാക്കാൻ സാധിക്കില്ല. പദ്ധതി വിഹിതത്തിനുപുറമേ, മറ്റ് വിഭവ സമാഹരണ

മാർഗ്ഗങ്ങളിലൂടെ മാത്രമേ ഇത് സാധിക്കുകയുള്ളൂ. അടിയന്തരവും അനിവാര്യവുമായ വികസന പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിനുള്ള നൂതനവും ശാസ്ത്രീയവുമായ മാർഗ്ഗമാണ് കിഫ്ബി. കിഫ്ബി മുഖേന 11,000 കോടി രൂപയുടെ പൊതുമരാമത്ത് പ്രവൃത്തികൾക്കാണ് ഇതിനോടകം അംഗീകാരം നൽകിയിട്ടുള്ളത്. സർക്കാരിന്റെ അഭിമാന പദ്ധതിയായ കിഫ്ബിയിൽനിന്ന് 3,500 കോടി രൂപ നിക്ഷേപിച്ച് 1,251 കിലോ മീറ്റർ ദൈർഘ്യമുള്ള 11 ജില്ലകളെ തമ്മിൽ ബന്ധിപ്പിച്ച് നിർമ്മിക്കുന്ന മലയോര ഹൈവേയുടെയും 630 കി.മീ. ദൂരത്തിൽ 6,500 കോടി രൂപ ചെലവിൽ 9 ജില്ലകളെ തമ്മിൽ ബന്ധിപ്പിച്ച് നിർമ്മിക്കുന്ന തീരദേശ ഹൈവേയുടെയും പ്രാരംഭ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. ചില സ്ഥലത്ത് പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

റോഡ് ഗതാഗത വികസനത്തെപ്പോലെ തന്നെ ഏറെ പ്രാധാന്യം അർഹിക്കുന്ന മേഖലയാണ് തുറമുഖ വികസനം. റോഡ് ഗതാഗത വികസനം നേരിടുന്ന വലിയ സമ്മർദ്ദങ്ങളെ ഒരു പരിധിവരെ ലഘൂകരിക്കുന്നതിന് തീരദേശ കപ്പൽ ഗതാഗത പദ്ധതി സഹായകരമാണ്. ചെലവ് കുറഞ്ഞതും പരിസ്ഥിതി സൗഹൃദവുമായ തീരദേശ കപ്പൽ ഗതാഗതത്തിന്റെ വികസനത്തിന് സഹായകരമായ നയമാണ് എൽ.ഡി.എഫ്. സർക്കാർ സ്വീകരിച്ചുവരുന്നത്. കപ്പൽ ചാലിന്റെയും തുറമുഖ ബേസിനുകളുടെയും ആഴം വർദ്ധിപ്പിക്കൽ, വാർഫുകളുടെയും ബെർത്തുകളുടെയും നിർമ്മാണം, തുറമുഖത്ത് ചരക്കുകൾ കൈകാര്യം ചെയ്യുന്നതിനുള്ള യന്ത്രസാമഗ്രികൾ സജ്ജമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ എന്നിവയും ദ്രുതഗതിയിൽ നടന്നുവരികയാണ്. വൻകിട തുറമുഖമായ കൊച്ചിയിൽ കൈകാര്യം ചെയ്യുന്ന ചരക്കിന്റെ കാര്യത്തിൽ വർഷംതോറും ക്രമാനുഗതമായ വർദ്ധനവുണ്ടായിട്ടുണ്ട്. രാജ്യത്തെ 13 പ്രധാന തുറമുഖങ്ങളിൽ ചരക്കുഗതാഗത വർദ്ധനയിൽ രണ്ടാം സ്ഥാനത്ത് എത്തുന്നതിന് കൊച്ചിക്ക് സാധിച്ചിട്ടുണ്ട്. എന്നാൽ മറ്റ് ഇടത്തരം തുറമുഖങ്ങളുടെ കാര്യത്തിൽ അവയുടെ ശേഷിക്കും സാധ്യതകൾക്കും അനുസൃതമായി കൈകാര്യം ചെയ്യുന്ന ചരക്കുകളിലും വർദ്ധനവ് ഉണ്ടാകേണ്ടതുണ്ട്. ചെറുകിട തുറമുഖങ്ങൾ വഴിയുള്ള കപ്പൽ ഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിനായി 'കേരള മാരിടൈം ബോർഡ്' രൂപീകരിച്ചുകൊണ്ടുള്ള സർക്കാർ നീക്കം വിലപ്പെട്ടതാണ്. ഇടത്തരം തുറമുഖമായ കൊല്ലത്ത് ചരക്ക് നീക്കത്തിന് സഹായകരമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളും സജ്ജമാണ്. 7.5 മീ. ആഴം, 126 മീറ്റർ നീളത്തിൽ വാർഫ്, കണ്ടെയ്നർ, യാർഡ്, ഗോഡൗൺ, വാട്ടർ ടാങ്ക്, ഫയർ ഫൈറ്റിംഗ് സംവിധാനം, മെക്കാനിക്കൽ വിഭാഗം, കസ്റ്റംസ് ഓഫീസ്, ഇലക്ട്രിക് വെയ് ബ്രിഡ്ജ്, 20 ടൺ ശേഷിയുള്ള ക്രെയിൻ, ഫോർക്ക് ലിഫ്റ്റ്, ഇ.ഡി.ഐ. സംവിധാനം തുടങ്ങി എല്ലാ

സൗകര്യങ്ങളും സജ്ജമാണ്. എന്നാൽ തുറമുഖത്തിന്റെ ശേഷിക്കനുസൃതമായി കപ്പൽ മാത്രം വരുന്നില്ല. കൊച്ചി തുറമുഖത്ത് മദർ ഷിപ്പുകളിലെത്തുന്ന ചരക്കുകൾ മറ്റ് ചെറുകിട തുറമുഖങ്ങൾ വഴി കൈകാര്യം ചെയ്യുന്നതിന് സർക്കാർ ഇൻസെന്റീവ് നൽകിവരുന്നുണ്ട്. ടണ്ണിന് 3 രൂപ എന്ന നിരക്കിൽ കിലോ മീറ്റർ കണക്കാക്കിയാണ് ഇൻസെന്റീവ് നൽകിവരുന്നത്. ഇൻസെന്റീവ് ലക്ഷ്യംവച്ച് കൊച്ചിയിൽനിന്ന് കൂടുതൽ ദൂരത്തിലുള്ള ചെറുകിട തുറമുഖങ്ങൾ വഴി ഓപ്പറേഷൻ നടത്തുന്നതിനാണ് ഷിപ്പിംഗ് കമ്പനികൾ താത്പര്യപ്പെട്ടുവരുന്നത്. കൊച്ചിയിൽനിന്ന് താരതമ്യേന കുറഞ്ഞ ദൂരത്തിലുള്ള കൊല്ലം തുറമുഖംവഴി ഓപ്പറേഷൻ നടത്തുന്നതിന് ഷിപ്പിംഗ് കമ്പനികൾ വിമുഖത കാണിക്കുന്നുണ്ട്. സമാനമായ അനുഭവം മറ്റ് ചെറുകിട തുറമുഖങ്ങൾക്കുമുണ്ട്. നിലവിലുള്ള ഇൻസെന്റീവ് നൽകുന്ന ഈ രീതി പുനഃപരിശോധിച്ചാൽ നന്നായിരിക്കും. കിലോമീറ്റർ കണക്കാക്കി നൽകുന്നതിനുപകരം തുറമുഖത്ത് കൈകാര്യം ചെയ്യുന്ന കണ്ടെയ്നറുകളുടെ ടണ്ണേജിനും എണ്ണത്തിനുമനുസൃതമായി ഇൻസെന്റീവ് നൽകുന്ന കാര്യം പരിശോധിക്കണം. ഇത് സംസ്ഥാനത്തെ എല്ലാ ചെറുകിട തുറമുഖങ്ങൾക്കും തുല്യഅവസരം നൽകുന്നതിന് ഇടയാക്കും. കൊല്ലം തുറമുഖത്ത് 100 മീറ്റർ നീളത്തിൽ പാസഞ്ചർ ടെർമിനലിന്റെ നിർമ്മാണം പൂർത്തീകരിച്ച് വരികയാണ്. 90 ശതമാനം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

ആരോഗ്യ-വിദ്യാഭ്യാസ-ടൂറിസം മേഖലകളുമായി ബന്ധപ്പെട്ട് ലക്ഷദ്വീപിലേക്കും മാലിയിലേക്കും മറ്റും യാത്രാ കപ്പൽ സർവ്വീസിനുള്ള സാധ്യതകൾ വലുതാണ്. ചരക്ക് യാത്രാ കപ്പൽ സർവ്വീസുകൾ കൂടുതലായി ആകർഷിക്കുന്നതിന് സ്ഥിരമായി എമിഗ്രേഷൻ സംവിധാനം തുറമുഖത്തുണ്ടാകേണ്ടതുണ്ട്. ഇതിന് കൊല്ലം തുറമുഖത്തിനെ എൻട്രി ആന്റ് എക്സിറ്റ് പോയിന്റായി പ്രഖ്യാപിച്ചുകൊണ്ടുള്ള നോട്ടിഫിക്കേഷനും അനുമതിയും കേന്ദ്ര സർക്കാരിൽനിന്നും ലഭ്യമാകേണ്ടതുണ്ട്. ഇതിനായി സംസ്ഥാന സർക്കാർ നടത്തിവരുന്ന ശ്രമം കൂടുതൽ ഊർജ്ജിതപ്പെടുത്തേണ്ടതുണ്ട്.

കുറച്ച് ദിവസമായി ഇവിടെ ഏറ്റവും കൂടുതൽ ചർച്ച ചെയ്തുവരുന്നത് പാലാരിവട്ടം പാലത്തെക്കുറിച്ചാണ്. ഇൻഫ്രാസ്ട്രക്ചർ മേഖലയിലെ കറുത്ത പാടായി പാലാരിവട്ടം പാലം അവശേഷിക്കുന്നു. അതിനെപ്പറ്റിയല്ല ഞാൻ പറയുന്നത്. പെട്ടെന്ന് എന്റെ മനസ്സിൽ വന്ന ഒരു ചെറിയ കഥ. വർഷങ്ങൾക്കുമുമ്പ് ഏത് നാട്ടിലാണെന്ന് ഞാൻ പറയുന്നില്ല. ഒരു പാലം പൂർത്തീകരിച്ചു. പിറ്റേ ദിവസം അതിന്റെ ഉദ്ഘാടനമാണ്. ബഹുമാനപ്പെട്ട മന്ത്രി തലേദിവസം വീട്ടിൽനിന്ന് പുറത്തേയ്ക്ക് ഇറങ്ങുമ്പോൾ അവിടെ കോൺട്രാക്ടർ നിൽക്കുന്നു, മന്ത്രി കോൺട്രാക്ടറോട് ചോദിക്കുന്നു, എല്ലാം ശരിയല്ലേ, നമുക്ക്

ഒരുപാട് ആൾക്കാർ വേണം, താലപ്പൊലി വേണം, ചെണ്ട വേണം, പഞ്ചവാദ്യം വേണം. അപ്പോൾ അദ്ദേഹം പറഞ്ഞു, എല്ലാം ശരിയാണ്, എനിക്ക് അത്യാവശ്യമായി ഒരു കാര്യം പറയാനുണ്ട് എന്നുപറഞ്ഞ് മന്ത്രിയെ മാറ്റിനിർത്തിയിട്ട് കോൺട്രക്ടർ പറഞ്ഞു. ഒരു പുതിയ വാർത്ത കേട്ട് ഞാൻ ഞെട്ടിയിരിക്കുകയാണ്. മന്ത്രി ചോദിച്ചു. എന്താണ്? അങ്ങ് തേങ്ങ അടിച്ചാണോ പാലം ഉദ്ഘാടനം ചെയ്യുന്നത്; കോൺട്രാക്ടർ ചോദിച്ചു. തീർച്ചയായിട്ടും, അതല്ലേ ഒരു ആചാരം മന്ത്രി പറഞ്ഞു. കോൺട്രാക്ടറുടെ മറുപടി, 'അടിക്കുന്നതൊക്കെ കൊള്ളാം. പതുക്കെ അടിക്കണം, കാരണം സിമന്റ് ഇല്ല. തേങ്ങ പാലം താങ്ങൂല്ല' എന്നാണ്. ഞാനിത് പ്രത്യേകിച്ച് ഇപ്പോൾ നടക്കുന്ന കാര്യമായിട്ടൊന്നും ബന്ധപ്പെട്ടല്ല ചുമ്മാ ഒരു കഥ പറഞ്ഞെന്നേയുള്ളൂ. ഞാൻ അവസാനിപ്പിക്കുകയാണ്.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, പൊതുമരാമത്ത്, തുറമുഖങ്ങൾ എന്നീ ധനാഭ്യർത്ഥനകൾ ഇവിടെ ചർച്ച ചെയ്യുമ്പോൾ 2018-ലെ മഹാപ്രളയം സംസ്ഥാനത്തെ റോഡുകൾക്ക് ഏൽപ്പിച്ച ആഘാതത്തെക്കുറിച്ചാണ് ഞാൻ ചിന്തിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി നിയമസഭയിൽ പറഞ്ഞ കണക്കനുസരിച്ച് സംസ്ഥാനത്ത് ഏകദേശം 16965 കിലോ മീറ്റർ റോഡുകൾ തകർന്നു. 13521 കോടി രൂപയുടെ നഷ്ടം റോഡുകൾക്കും 568.35 കോടി രൂപയുടെ നഷ്ടം പാലങ്ങൾക്കും സംഭവിച്ചതായി പറയുന്നു. പ്രളയംമൂലം നാശനഷ്ടം സംഭവിച്ച ദേശീയ പാതകൾ പുനർനിർമ്മിക്കുന്നതിന് 911.75 കോടി രൂപ വേണ്ടിവരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. ഇടുക്കിയിലെ ദേശീയപാത പുനർനിർമ്മാണത്തിനായി 138.8 കോടി രൂപ വേണ്ടിവരുമെന്ന് കണക്കാക്കുന്നു. ബഹുമാനപ്പെട്ട മന്ത്രിയുടെ കണക്കനുസരിച്ച് ഇടുക്കിയിൽ മാത്രം 1282.95 കിലോ മീറ്റർ റോഡുകൾ തകർന്നിരിക്കുകയാണ്. ഈ റോഡുകളുടെ പുനരുദ്ധാരണത്തിനായി State Level Task Force (SLTF)-ൽപ്പെടുത്തി ജില്ലയിൽ 38.5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇടുക്കിയിലെ കാര്യങ്ങൾ അങ്ങ് ശ്രദ്ധിക്കുന്നതിൽ വളരെയേറെ സന്തോഷമുണ്ട്.

ഇന്ന് വായനാ ദിനമാണ്. നല്ല ആഴത്തിൽ വായിക്കുകയും പഠിക്കുകയും ചെയ്യുന്നൊരു മന്ത്രിയാണ് പൊതുമരാമത്ത് വകുപ്പ് കൈകാര്യം ചെയ്യുന്നത് എന്നുള്ളതിൽ അതിയായ സന്തോഷമുണ്ട്. പൊതുമരാമത്ത് വകുപ്പിനേയും അങ്ങ് വായിക്കുകയും പഠിക്കുകയും ചെയ്തുകഴിഞ്ഞിരിക്കുന്നു. ചില കാര്യങ്ങൾ അങ്ങയുടെ ഒരുത്തരത്തിൽ ഞാൻ ഇന്ന് ശ്രദ്ധിച്ചു. പൊതുമരാമരത്ത് വകുപ്പ് നടത്തുന്ന പ്രവൃത്തികളുടെ ഗുണനിലവാരവും സുതാര്യതയും ഉറപ്പുവരുത്തുന്നതിന് അങ്ങെടുത്തിരിക്കുന്ന തീരുമാനങ്ങൾ ശ്ലാഘനീയമാണ്. യാതൊരു കാരണവശാലും ആ തീരുമാനങ്ങളെ എതിർക്കാൻ കഴിയുന്നില്ല. എല്ലാ കാലഘട്ടത്തിലും

പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ടുണ്ടായിട്ടുള്ള കാര്യങ്ങൾ വസ്തുതാപരമായി അന്വേഷിക്കാനും തീരുമാനമെടുക്കാനുമായി വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തുന്നതിന് പുറമേ ഗുണമേന്മാ പരിശോധന നടത്തുന്നതിനും റീജിയണൽ ഓഫീസുകൾ ആരംഭിക്കാനുമായി എടുത്തിട്ടുള്ള നയപരമായ തീരുമാനവും വകുപ്പിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കുമുള്ള ഏറ്റവും വലിയൊരു ചൂണ്ടുപലകയാണ്. ആ രീതിയിൽ പൊതുമരാമത്ത് വകുപ്പിനെ മുന്നോട്ട് നയിക്കുന്നതിൽ അതിയായ സന്തോഷമാണുള്ളത്.

പ്രളയാനന്തരമുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ തീർച്ചയായും കേരളത്തിന് വലിയൊരു ആഘാതം തന്നെയാണ്. പൊതുമരാമത്ത്, കാർഷിക മേഖല എന്നീ രണ്ട് മേഖലകളിലാണ് വലിയ ബുദ്ധിമുട്ടുണ്ടായത്. നികത്താനാകാത്ത നഷ്ടമാണ് സംഭവിച്ചത്. റോഡുകൾ പുനർനിർമ്മിക്കുക എന്നുപറയുന്നത് അസാധാരണമായ കാര്യമാണ്. ഇതിൽ രാഷ്ട്രീയച്ചുവ കലർത്താൻ ഞാൻ ആഗ്രഹിക്കുന്നില്ല. കാരണം അപ്രതീക്ഷിതമായി സംഭവിച്ച ദുരന്തത്തെ അതിജീവിക്കാനാവശ്യമായ കരുത്ത് നമുക്ക് നേടേണ്ടതായിട്ടുണ്ട്. ഇതിനായി ജർമ്മൻ ബാങ്കിൽ നിന്ന് ആദ്യഘട്ടത്തിൽ 90 മില്യൺ യൂറോയും രണ്ടാം ഘട്ടത്തിൽ 80 മില്യൺ യൂറോയും വായ്പയെടുക്കാൻ ധാരണയായിട്ടുണ്ടെന്ന് അറിയുന്നതുപോലും ഇത്തരം കാര്യങ്ങൾ ശ്രദ്ധിക്കുന്നതിന്റെ തെളിവാണെന്ന കാര്യത്തിൽ സംശയമില്ല. ഇടുക്കിയെ സംബന്ധിച്ചിടത്തോളം ഇക്കാര്യത്തിൽ 50 കോടി രൂപയുടെ ഭരണാനുമതിയാണ് ആദ്യഘട്ടത്തിൽ ലഭിച്ചത്. ഒരു വിഭാഗീയതയും കാണിക്കാതെ എല്ലാ മണ്ഡലങ്ങൾക്കും ഒരുപോലെയാണ് തുക അനുവദിച്ചതെന്നുള്ള കാര്യത്തിലും ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ്. ഇടുക്കിയിൽ റോഡുകളുടെ എണ്ണം കൂടുതലായതിനാൽ പ്രസ്തുത തുക അപര്യാപ്തമാണ്. BM & BC നിലവാരമുള്ള റോഡുകളാക്കി മാറ്റാനുള്ള നിർദ്ദേശമനുസരിച്ച് എടുത്തപ്പോൾ 35 റോഡുകൾ ഉണ്ടായിരുന്നത് 8 ആയി നിജപ്പെടുത്തേണ്ടിവന്നു. ബാക്കിയുള്ള പ്രധാനപ്പെട്ട റോഡുകളായ മുരിക്കാശ്ശേരി-മേലെചിന്നാർ, ചേലച്ചുവട്-പെരിയാർ-മുരിക്കാശ്ശേരി, പ്രകാശ്-കരിക്കും ഇടുപ്പുതോട്, തോപ്രാംകുടി-ഞാറക്കവല, കാഞ്ഞാർ-പുള്ളിക്കാനം, മൂലമറ്റം-പുള്ളിക്കാനം, കാഞ്ഞാർ-കൈപ്പ-ആനക്കയം, കട്ടപ്പന-ഉപ്പുകണ്ടം, മുരിക്കാശ്ശേരി-പടമുഖം-തോപ്രാംകുടി, തടിയമ്പാട് - കുതിരക്കല്ല് - മരിയാപുരം, കമ്പിളികണ്ടം-നിഴൽക്കാട്, കെ.എസ്.ആർ.ടി.സി.-വെട്ടിക്കുഴകവല, പാറക്കടവ്-ജ്യോതിസ് ജംഗ്ഷൻ, സ്വരാജ്-കോഴിമല, പണിക്കൻകുടി-പെരിഞ്ചാംകുട്ടി, ദൈവംമേട്-തോപ്രാംകുടി, വെള്ളത്തൂവൽ-കൊന്നത്തടി, അഞ്ചാംമൈൽ-കൊന്നത്തടി, കട്ടപ്പന-മാർക്കറ്റ് ജംഗ്ഷൻ-കുന്തളംപാറ, പൈനാവ്-താന്നിക്കണ്ടം-അശോക് കവല, കൊച്ചുകരിമ്പ്-ചൂണ്ടിക്കേറ്റ്-കാപ്പാ

സിറ്റി, നാരകക്കാനം-തങ്കമണി എന്നിവയെല്ലാം ബസുകളോടുന്ന റോഡുകളാണ്. ഈ റോഡുകളുടെ മെയിന്റനൻസെങ്കിലും അടിയന്തരമായി നടത്തണം. എല്ലാ റോഡുകളും BM & BC നിലവാരത്തിലേക്ക് എത്തിക്കാൻ ഒരു ഘട്ടംകൊണ്ട് കഴിയില്ലായെന്നുള്ളത് സമ്മതിക്കാമെങ്കിലും ആ റോഡുകൾ മെയിന്റനൻസ് ചെയ്യുന്നതിന് പ്രത്യേക താത്പര്യമെടുത്ത് ഈ മഴക്കാലത്തിനൊടുവിൽ വാഹന ഗതാഗതയോഗ്യമാക്കാനുള്ള സഹായം ചെയ്തുതരണമെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. തീർച്ചയായും അത്തരത്തിൽ സംഭവിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

കിഫ്ബി പ്രോജക്ടിൽ ധാരാളം വർക്കുകൾ എടുത്തിട്ടുണ്ട്. പക്ഷേ അതിൽ എടുത്തിരിക്കുന്ന വർക്കുകളെല്ലാം മെല്ലെപ്പോക്കിലാണ്. ഓരോ സ്റ്റെപ്പും മുന്നോട്ടുപോകുമ്പോഴും അതിന്റെ വർക്ക് ആരംഭിക്കാൻ കഴിയുന്നില്ല. അത് നല്ല നിലയിൽ കൊണ്ടുപോകുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതായിട്ടുണ്ട്. പുതിയ റോഡുകൾ പി.ഡബ്ല്യു.ഡി. ഏറ്റെടുക്കേണ്ട സാഹചര്യമായിരിക്കുന്നു. ഗ്രാമീണ റോഡുകളെല്ലാം പി.ഡബ്ല്യു.ഡി. ഏറ്റെടുക്കണമെന്ന് പറയുന്നത് സാധ്യമല്ലെങ്കിൽപ്പോലും പല തലത്തിലുമുള്ളവ തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന ചെയ്യുകയെന്നത് ഒരിക്കലും സാധ്യമല്ല. ഒരു പ്രളയമുണ്ടായതിന്റെ അടിസ്ഥാനത്തിൽ തകർന്ന റോഡുകൾ പെട്ടെന്ന് പുനരുദ്ധരിക്കാൻ ഗ്രാമീണ റോഡുകളുടെ ഇന്നത്തെ സ്ഥിതിയനുസരിച്ച് പഞ്ചായത്തുകൾക്കോ, ബ്ലോക്ക് പഞ്ചായത്തുകൾക്കോ, ജില്ലാ പഞ്ചായത്തിനോ, എം.എൽ.എ. ഫണ്ട്, എം.പി. ഫണ്ട് എന്നിവ കൊണ്ടോ മാത്രം സാധ്യമല്ല. ഒരു സ്പെഷ്യൽ സ്കീം ആയി കണ്ട്, താഴ്ന്ന റോഡുകളുടെ നവീകരണത്തിനായി ഒരു പാക്കേജ് വേണം. ഇടുക്കിയെ സംബന്ധിച്ചിടത്തോളം റോഡുകൾക്കുവേണ്ടി അനിവാര്യമായൊരു പ്രത്യേക പാക്കേജ് അനുവദിച്ചുതരണമെന്ന് പ്രത്യേകം സൂചിപ്പിക്കുന്നു. ഒരു കോടി രൂപ വരെയുള്ള ബിൽഡിംഗുകൾ ടെണ്ടർ ചെയ്യാനുള്ള അവകാശം പി.ഡബ്ല്യു.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർക്കുണ്ട്. പക്ഷേ, റോഡിന്റെ കാര്യത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അത്തരമൊരു അധികാരമില്ല, അത് സൂപ്രണ്ടിംഗ് എഞ്ചിനീയറാണ് ചെയ്യുന്നത്. നടപടിക്രമത്തിന്റെ കാലതാമസം ഒഴിവാക്കാൻ അത്തരം കാര്യങ്ങൾ ശ്രദ്ധിച്ചാൽ നന്നായിരുന്നു എന്ന ആശയം സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു. ഇടുക്കിയിലെ താലൂക്ക് ഓഫീസ് ഇപ്പോൾ പ്രവർത്തിക്കുന്നത് വഞ്ചിക്കവലയിലുള്ള കെ.എസ്.ഇ.ബി.എൽ.ന്റെ കെട്ടിടത്തിലാണ്. ബഡ്ജറ്റിൽ സിവിൽ സ്റ്റേഷന് വേണ്ട പ്രൊവിഷനുണ്ട്. ഇടുക്കി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി 10 കോടി രൂപ അനുവദിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. പല സ്കൂളുകളും പി.ഡബ്ല്യു.ഡി. റോഡുമായി ബന്ധപ്പെട്ടാണിരിക്കുന്നത്. സ്കൂൾ

കുട്ടികൾക്ക് റോഡിലൂടെ നടന്നുപോകുന്നതിന് ഒരു നടപ്പാതയും സീബ്രാലൈൻ ഉൾപ്പെടെയുള്ള സിഗ്നലുകളും അനുബന്ധ സൗകര്യങ്ങളും ഉണ്ടായാൽ ധാരാളം അപകടങ്ങൾ ഒഴിവാക്കാൻ സാധിക്കും. ജംഗ്ഷൻ നവീകരണം എന്നത് ഒരു പദ്ധതിയായിട്ടുണ്ടെങ്കിൽപ്പോലും പ്രധാനപ്പെട്ട കേന്ദ്രങ്ങളൊഴിച്ചാൽ ചെറിയ കേന്ദ്രങ്ങളിലുള്ള ജംഗ്ഷൻ നവീകരണ പദ്ധതികൾ നടക്കുന്നില്ല. ഇടുക്കിയുടെ റോഡ് വികസന രംഗത്തും തകർന്നുപോയ റോഡുകളുടെ പുനരുദ്ധാരണ കാര്യത്തിലും അടിയന്തര പരിഗണന നൽകി ജൂൺ - ജൂലൈ മാസത്തെ മഴയ്ക്കുമുമ്പ് അവ വാഹന ഗതാഗതയോഗ്യമാക്കാൻ, ഗതാഗത തടസ്സം ഉണ്ടാകാതിരിക്കാൻ അടിയന്തര പരിഗണന ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. ഇക്കാര്യത്തിൽ ശ്രദ്ധയുണ്ടാകുമെന്ന് കരുതുന്നു. ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു.

<u>ശ്രീ. കെ. ജെ. മാക്സി</u>: സർ, ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. മുസ്ലീംലീഗിലെ ശ്രീ. കെ. എം. ഷാജി ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് ഒരു പ്രസംഗം നടത്തുകയുണ്ടായി. തികച്ചും വർഗ്ഗീയത വിളിച്ചുവരുത്തുന്നൊരു പ്രസംഗമായിരുന്നു അത്. കാരണം ശബരിമല വിഷയത്തിലെ സുപ്രീംകോടതി വിധിയാണ് ഗവൺമെന്റ് നടപ്പിലാക്കിയത്. ആ വിഷയത്തിൽ വളരെ വ്യക്തമായി വർഗ്ഗീയത പരത്തിക്കൊണ്ടുള്ള പ്രസംഗമായിരുന്നു അദ്ദേഹത്തിന്റേത്. സ്വന്തം മണ്ഡലത്തിൽ തെരഞ്ഞെടുപ്പിൽ വിജയിക്കുന്നതിനുവേണ്ടി വർഗ്ഗീയ പ്രസംഗം നടത്തിയതിനും വർഗ്ഗീയ നോട്ടീസ് ഇറക്കിയതിനും ഹൈക്കോടതി അദ്ദേഹത്തെ ശിക്ഷിച്ചിട്ടുള്ളതാണ്. സുപ്രീംകോടതിയുടെ ബലത്തിൽ മാത്രമാണ് അദ്ദേഹം ഇപ്പോൾ ഈ സഭയിൽ വരുന്നത്. ഇവിടെ അദ്ദേഹം മനസ്സിലാക്കേണ്ടൊരു കാര്യമുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്തെ പൊതുമരാമത്ത് വകുപ്പുമന്ത്രിയായിരുന്ന ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ് അദ്ദേഹത്തിന്റെ പാർട്ടിക്കാരനാണ്. ആ വകുപ്പിൽ അന്ന് നടന്നതെന്താണ്? പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയായിരുന്ന ശ്രീ. ടി. ഒ. സൂരജിനെ വിജിലൻസ് അറസ്റ്റ് ചെയ്ത് ജയിലിലാക്കി. അന്നത്തെ പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർക്ക് സസ്പെൻഷനിൽ പോകേണ്ടിവന്നു. ആ കാലഘട്ടത്തിലാണ് ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞിന്റെ പേഴ്സണൽ സ്റ്റാഫിനെ പുറത്താക്കിയത്. പൊതുമരാമത്ത് വകുപ്പ് ആകമാനം അഴിമതിയിൽ മുങ്ങി നിറഞ്ഞതായിരുന്നു. അമ്പുകൊള്ളാത്തവരിൽ കുരുക്കില്ല എന്നതുപോലെ ആയിരുന്നു ആ വകുപ്പിൽ ചെയ്തിരുന്നത്. പാലാരിവട്ടം പാലത്തിന്റെ സ്ഥിതിയെന്താണ്? രണ്ടു ദിവസം മുമ്പ് ശ്രീ. ഇ. ശ്രീധരൻ പാലാരിവട്ടം പാലം സന്ദർശിച്ചപ്പോൾ തലയിൽ കൈവച്ച് നിന്നുപോയി. കൊച്ചി മെട്രോ ആരംഭിക്കുന്ന സാഹചര്യത്തിൽ അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. ഉമ്മൻ ചാണ്ടി ഉൾപ്പെടെ ശ്രീ. ഇ. ശ്രീധരനെ

ഒഴിവാക്കാനുള്ള വലിയ ശ്രമം നടത്തി. അന്ന് ഞങ്ങൾ കൊച്ചിയിൽ മനുഷ്യമെട്രോ തീർത്ത് ജനകീയ പ്രക്ഷോഭം കൊണ്ടുവന്നു. ആ പ്രക്ഷോഭം കാരണമാണ് ശ്രീ. ഉമ്മൻ ചാണ്ടിയും ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞും ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയുമൊക്കെ ആ ശ്രമത്തിൽനിന്ന് പിന്മാറിയത്. അല്ലെങ്കിൽ പാലാരിവട്ടം പാലത്തിന്റെ സ്ഥിതിതന്നെ കൊച്ചി മെട്രോയ്ക്കും വരുമായിരുന്നുവെന്ന് മനസ്സിലാക്കണം. പാലാരിവട്ടം പാലത്തിന് 47 കോടി രൂപ അനുവദിച്ചുവെങ്കിലും 41 കോടി രൂപയ്ക്ക് പണി തീർന്നു. വിജിലൻസ് റിപ്പോർട്ട് ഓരോന്നായി പുറത്തുവന്നുതുടങ്ങിയപ്പോൾ പാലത്തിന്റെ സ്ട്രക്ചർ വരച്ചവർ മുതൽ ഓരോരുത്തരായി കുടുങ്ങിക്കൊണ്ടിരിക്കുകയാണ്.

ഈ മാസം 24-ാം തീയതി മുതൽ കൊച്ചിയിൽ ജനകീയ പ്രക്ഷോഭം ആരംഭിക്കുവാൻ പോകുകയാണ്. ഉദ്യോഗസ്ഥരുടെ മാത്രം തലയിൽവച്ച് അവസാനിപ്പിക്കാവുന്ന ഒന്നല്ല ഇത്. അതുമായി ബന്ധപ്പെട്ട് അന്ന് പ്രവർത്തിച്ചിട്ടുള്ള മന്ത്രിമാരുടെയും മറ്റ് ഉദ്യോഗസ്ഥരുടെയും പേരിൽ കേസ് രജിസ്റ്റർ ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് മുന്നോട്ടുപോകുകയാണ്.

'പുതിയ കാലം പുതിയ നിർമ്മാണം' എന്ന മുദ്രാവാക്യം കൈക്കൊണ്ട് മുന്നോട്ടുപോകുന്ന പൊതുമരാമത്ത് വകുപ്പ് കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ വിപ്ലവകരമായ മാറ്റങ്ങൾക്കാണ് നേതൃത്വം വഹിച്ചത്. അഴിമതിക്കെതിരെ ശക്തമായ നിലപാട് സ്വീകരിക്കുകയും പുതിയ സാങ്കേതികവിദ്യ പ്രയോഗത്തിൽ വരുത്തുകയും ചെയ്ത് പൊതുമരാമത്ത് വകുപ്പിന്റെ പ്രതിച്ഛായ മാറ്റി പരമ്പരാഗത നിർമ്മാണ രീതിയിൽനിന്നും വ്യതിചലിച്ച് പ്രകൃതി സൗഹൃദവും നവീന സാങ്കേതിക വിദ്യാപ്രയോഗവും ഉൾപ്പെടുത്തി ചുരുങ്ങിയ കാലയളവിൽ വലിയ നേട്ടങ്ങൾ കൈവരിക്കാനായി. അടിസ്ഥാന വികസന രംഗത്ത് ആക്കം കൂട്ടുന്നതിന്റെ ഭാഗമായി ഒരു ലക്ഷം കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് പൊതുമരാമത്ത് വകുപ്പ് ലക്ഷ്യമിട്ടിരിക്കുന്നത്. പുത്തൻ സാങ്കേതികവിദ്യ ഉപയോഗിച്ച് നിർമ്മാണം പൂർത്തിയാക്കിയ ഹൈക്കോടതിയുടെ ഓഡിറ്റോറിയവും പൈതൃക തനിമ ചോരാതെ തിരുവനന്തപുരത്ത് നിർമ്മിച്ച പബ്ലിക് ലൈബ്രറിയുടെ പുതിയ കെട്ടിടവും പൊതുമരാമത്ത് വകുപ്പിന്റെ നേട്ടങ്ങളാണ്. നിർമ്മാണ ഗുണനിലവാരം പരിശോധിക്കുന്നതിനും കാലതാമസം ഒഴിവാക്കുന്നതിനും ആരംഭിച്ച റീജിയണൽ ഡിസൈൻ ആന്റ് ക്വാളിറ്റി കൺട്രോൾ ലാബുകൾ ഈ രംഗത്തെ പുത്തൻ ചുവടുവയ്പ്പാണ്. പ്രളയത്തിൽ തകർന്ന റോഡുകളും പാലങ്ങളും യുദ്ധകാലാടിസ്ഥാനത്തിൽ പുനരുദ്ധാരണം നടത്തി ഗതാഗതയോഗ്യമാക്കി. പ്രളയത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലെ റോഡുകൾക്ക് 13,521.69 കോടി രൂപയുടെയും പാലങ്ങൾക്ക് 568.35 കോടി

രൂപയുടെയും നഷ്ടം സംഭവിച്ചിട്ടുണ്ട്. കൂടാതെ പ്രളയാനന്തരം നടന്ന ശബരിമല തീർത്ഥാടനകാലത്തെ റോഡുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കിയതിന് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ അഭിനന്ദനം നേടുവാൻ പൊതുമരാമത്ത് വകുപ്പിന് സാധിച്ചു. ഏകദേശം 5500 കിലോമീറ്റർ റോഡ് പുനരുദ്ധാരണം നടത്തി. 4230 കിലോമീറ്റർ റോഡ് ബി.എം. ആന്റ് ബി.സി നിലവാരത്തിൽ ഉപരിതലം പുതുക്കി. പൊതുമരാമത്ത് നിർമ്മാണം സുതാര്യമാക്കുന്നതിനും അഴിമതി ഇല്ലാതാക്കുന്നതിനും സാമൂഹ്യ ഓഡിറ്റ് നടപ്പിലാക്കി. സംസ്ഥാനത്ത് ആദ്യമായി പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള 2529 പാലങ്ങളുടെ ബലം സംബന്ധിച്ച സർവ്വേ പൂർത്തീകരിച്ചു. 10,490 കോടി രൂപയുടെ 249 പ്രവൃത്തികൾക്കാണ് പൊതുമരാമത്ത് വകുപ്പിന് കിഫ്ബി അംഗീകാരം നൽകിയത്. 140 റോഡുകൾ, 50 പാലങ്ങൾ, 22 റെയിൽവേ മേൽപ്പാലം, 9 മേൽപ്പാലം, ഒരു നടപ്പാത, മലയോര വിശാലപാത, തീരദേശ വിശാലപാത എന്നിവയാണ് ടെണ്ടർ നടപടിയിൽ ചേർത്തിരിക്കുന്നത്. 31,812 കിലോമീറ്റർ വരുന്ന പൊതുമരാമത്ത് റോഡുകളുടെ ശൃംഖലയിൽ 2950 കിലോമീറ്റർ മാത്രമാണ് ഇരട്ടപ്പാത വീതി. ഇന്ത്യൻ റോഡ് കോൺഗ്രസ് അംഗീകരിച്ച നിലവാരത്തിലേക്ക് കേരളത്തിലെ പൊതുപാതകളെ ഉയർത്തുന്നതിന് ലക്ഷ്യമിട്ട് 'പുതിയ കാലം പുതിയ നിർമ്മിതി' എന്ന മുദ്രാവാക്യത്തിന് അധിഷ്ഠിതമായ റോഡ് നിർമ്മാണമാണ് പുരോഗമിക്കുന്നത്.

നവകേരള സൃഷ്ടിക്കായി ധീരമായ നിലപാടുകളുമായി മുന്നോട്ടുപോകുന്ന പിണറായി വിജയൻ സർക്കാറിന്റെ വികസന കാഴ്ചപ്പാടിൽ പ്രതിഫലിക്കുന്ന പ്രവർത്തനങ്ങളാണ് പൊതുമരാമത്ത് വകുപ്പിൽ കഴിഞ്ഞ മൂന്ന് വർഷമായി നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. പൊതുമരാമത്ത് വകുപ്പിലെ അഴിമതിക്കഥകൾ കേട്ട് മൂക്കത്ത് വിരൽ വച്ചിരുന്ന ജനങ്ങൾ ഇന്ന് വ്യക്തമായ വികസന കാഴ്ചപ്പാടോടെ സുതാര്യവും അഴിമതിരഹിതവുമായ നിലപാടുകളുമായി മുന്നോട്ടുപോകുന്ന ഈ വകുപ്പിന്റെ പ്രവർത്തനങ്ങളെ ഏറെ പ്രതീക്ഷയോടെയാണ് നോക്കിക്കാണുന്നത്. 'പുതിയ കാലം പുതിയ നിർമ്മാണം' എന്ന മുദ്രാവാക്യം കൈക്കൊണ്ട് മുന്നോട്ടുപോകുന്ന ഈ വകുപ്പ് കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ വിപ്ലവകരമായ മാറ്റങ്ങൾക്കാണ് സാക്ഷ്യം വഹിച്ചത്. അഴിമതിക്കാർക്കെതിരെ ശക്തമായ നിലപാട് സ്വീകരിച്ച് പുതിയ സാങ്കേതിക വിദ്യകൾ പ്രയോഗത്തിൽ വരുത്താനും പൊതുമരാമത്ത് വകുപ്പിന്റെ പ്രതിച്ഛായ മാറ്റി വകുപ്പിനെ കൈപിടിച്ചുയർത്താനും ശബരിമല തീർത്ഥാടനകാലത്ത് കഴിഞ്ഞ രണ്ടുവർഷം റോഡുകളുടെ അറ്റകുറ്റപ്പണി സമയബന്ധിതമായി പൂർത്തിയാക്കാനും കഴിഞ്ഞിട്ടുണ്ട്. കേരളത്തിലാകെ ശ്രദ്ധപിടിച്ചുപറ്റിയ നിലയിൽ ഏനാത്ത് പാലത്തിന്റെ നിർമ്മാണം യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കാൻ കഴിഞ്ഞുവെന്നത് അഭിമാനകരമാണ്.

പരമ്പരാഗത നിർമ്മാണ രീതിയിൽനിന്ന് വ്യതിചലിച്ച് പ്രകൃതി സൗഹൃദവും നവീന സാങ്കേതിക വിദ്യാപ്രയോഗവും ഉൾപ്പെടുത്തിയുള്ള നിർമ്മാണ രീതികൾ നടപ്പാക്കിയതുമൂലം ചുരുങ്ങിയ കാലയളവിൽത്തന്നെ വലിയ നേട്ടങ്ങൾ കൈവരിക്കാനായി.

കേരളത്തിലെ പൊതുമരാമത്ത് റോഡുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് മെയിന്റനൻസിനായി ഒരു പ്രത്യേക വിഭാഗവും അതിനായി ഒരു ചീഫ് എഞ്ചിനീയറെയും ജീവനക്കാരനെയും നിയോഗിച്ചതും ഈ രംഗത്തെ പുതിയ ചുവടുവയ്പാണ്. പൊതുമരാമത്ത് വകുപ്പ് എഞ്ചിനീയർമാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും പുത്തൻ സാങ്കേതിക വിദ്യകൾ പരിചയപ്പെടുത്തുന്നതിനും ആരംഭിച്ച എഞ്ചിനീയറിംഗ് കോൺഗ്രസ്സ് വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തി. പൊതുജനങ്ങൾ നേരിട്ട് നൽകിയ പരാതികളും ബഹുമാനപ്പെട്ട മന്ത്രിയെ ഫോണിലൂടെ അറിയിച്ച പരാതികളും വിജിലൻസ് കർശനമായി അന്വേഷിക്കുന്നു. കുറ്റക്കാരെ കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കുന്നു. കൂടാതെ വകുപ്പിൽ സാമൂഹ്യ ഓഡിറ്റിംഗ് നടപ്പിലാക്കി. ദേശീയപാതയുടെ ഭാഗമായ വൈറ്റില ഫ്ലൈഓവറിന് കിഫ്ബി മുഖാന്തിരം ലഭിച്ച 78.36 കോടി രൂപയുടെ നിർമ്മാണ പ്രവൃത്തിയും കുണ്ടന്നൂർ ഫ്ലൈഓവറിന് ലഭിച്ച 74.45 കോടി രൂപയുടെ നിർമ്മാണ പ്രവൃത്തിയും ദ്രുതഗതിയിൽ പുരോഗമിക്കുകയാണ്. കേരള ജനതയുടെ പ്രതീക്ഷകൾക്കൊപ്പം നിൽക്കുന്ന വികസന കാഴ്ചപ്പാടോടെ മുന്നോട്ടുകുതിക്കുന്ന പിണറായി വിജയൻ സർക്കാരിന്റെ പ്രയാണത്തിന് ശക്തമായ പിന്തുണയാണ് പൊതുമരാമത്ത് വകുപ്പ് ഈ കാലയളവിൽ നൽകിയിട്ടുള്ളത്.

ജീവനക്കാരുടെ അഴിമതിയുടെ കറപുരണ്ട കഥകൾ കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലഘട്ടത്തിലുണ്ടായിട്ടുണ്ട്. പ്രവൃത്തിയുടെ ടെണ്ടർ നടപടിക്കുശേഷം ഭൂമി തേടുന്ന ഏർപ്പാടാണ് ഉമ്മൻ ചാണ്ടി സർക്കാർ അഞ്ച് വർഷവും നടത്തിയത്. പദ്ധതിക്കാവശ്യമായ തടസ്സരഹിത ഭൂമി ഉറപ്പാക്കിയതിന് ശേഷമായിരിക്കണം ടെണ്ടർ നടപടികൾ ആരംഭിക്കേണ്ടതെന്നായിരുന്നു വ്യവസ്ഥ. എന്നാൽ കരാറുകാരൻ ആദ്യമേ ചിത്രത്തിലെത്തും. ബന്ധപ്പെട്ടവർ കമ്മീഷനുറപ്പാക്കും. പദ്ധതി കരാറിലേക്ക് നീങ്ങുകയും ചെയ്യും. നിർമ്മാണ ജോലികൾ തുടങ്ങിയതിനുശേഷമാണ് ഭൂമി തേടൽ ആരംഭിക്കുന്നത്. ഇതോടെ കരാറുകാരൻ നഷ്ടപരിഹാരത്തിനുള്ള അവകാശമുറപ്പാക്കും. ഇതിൽനിന്ന് ബന്ധപ്പെട്ടവർ കമ്മീഷനും ലഭ്യമാക്കും. പദ്ധതിയേതര ഇനത്തിൽ പൊതുമരാമത്ത് വകുപ്പിന് ലഭിക്കുന്ന മുന്തിയ പരിഗണന അഴിമതിക്കുള്ള അവസരമായി. 350 മുതൽ 400 കോടി രൂപവരെയാണ് വിഹിതമായി ലഭിച്ചത്. ബഹുമാനപ്പെട്ട മുൻമന്ത്രിയുടെ

ഓഫീസുമായി അടുപ്പമുള്ള കരാറുകൾക്കായിരുന്നു ഏജൻസി ചുമതല. പ്രവൃത്തിയുള്ള കരാറുകാരനെ നിശ്ചയിച്ച് തലവരിപ്പണം മന്ത്രി ഓഫീസിൽ ഏജന്റ് എത്തിക്കുമ്പോൾ പ്രവൃത്തിക്ക് ഭരണാനുമതി നൽകും. ഇത് കൃത്യമായുണ്ടായിരുന്നു. ഒരു വിഭാഗം കരാറുകൾക്ക് മാത്രമായിരുന്നു ഇത്തരം പ്രവൃത്തികൾ ലഭിച്ചിരുന്നത്. ഇതിനെ ചോദ്യം ചെയ്ത കരാറുകാരുടെ ബില്ല് തടഞ്ഞുവയ്ക്കുന്ന ശിക്ഷാനടപടിയും അനുഭവിക്കേണ്ടിവന്നു. കമ്മീഷൻ വാഗ്ദാനം ചെയ്ത് എണ്ണം കൂടിയപ്പോൾ 600 മുതൽ 700 കോടി രൂപവരെയുള്ള പ്രവൃത്തികൾക്ക് അനുമതി നൽകി. അധികാരമൊഴിയുമ്പോൾ കരാറുകാരുടെ കുടിശ്ശിക 2000 കോടിരൂപ കഴിഞ്ഞിരുന്നു. ബഡ്ജറ്റിലെ തുക ഉപയോഗിച്ച് സുതാര്യമായി നാടിന്റെ വികസനം നടത്തേണ്ട ബഹുമാനപ്പെട്ട മുൻ മന്ത്രി കാട്ടിയത് അങ്ങേയറ്റത്തെ പക്ഷപാതമാണ്. യു.ഡി.എഫ്. ഭരണകാലത്തെ അഞ്ച് കൊല്ലത്തെ പൊതുമരാമത്ത് പദ്ധതി വിഹിതത്തിൽനിന്ന് അന്തരിച്ച മുൻ ധനകാര്യമന്ത്രി കെ. എം. മാണിയുടെ പാലാ മണ്ഡലത്തിലൂൾപ്പെടെ നൽകിയത് 373 കോടി രൂപയുടെ പ്രവൃത്തികളാണ്. അന്നത്തെ പ്രതിപക്ഷാംഗങ്ങളുടെ ഒരു മണ്ഡലത്തിൽപ്പോലും രണ്ട് കോടി രൂപയിൽ കൂടുതൽ കൊടുക്കാൻ സാധിച്ചിട്ടില്ല. അഴിമതിയിൽ മുങ്ങിയതായിരുന്നു അന്നത്തെ ഭരണമെന്ന് പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

<u>ശ്രീ. കെ. ആൻസലൻ</u>: സർ, ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് തെരഞ്ഞെടുപ്പ് ഘട്ടത്തിൽ പ്രഖ്യാപിച്ച ഏറ്റവും സുപ്രധാനമായ മുദ്രാവാക്യമാണ് അഴിമതിരഹിത വികസിത കേരളം. അത് യാഥാർത്ഥ്യമാക്കുന്നതിൽ ഏറ്റവുമധികം മുന്നിലുള്ളത് പൊതുമരാമത്ത് വകുപ്പാണ്. ആ വകുപ്പിന്റെ ചുമതലക്കാരനായ വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരന്റെ പ്രവർത്തനങ്ങളെ ശ്ലാഘിക്കുകയാണ്. രാജഭരണകാലത്ത് സമ്പത്തിന്റെ ഏറ്റവും വലിയ ഉറവിടം സൂക്ഷിക്കപ്പെട്ടത് ക്ഷേത്രങ്ങളിലാണ്. രാജാക്കന്മാർ ഓരോ പ്രദേശത്തും ആക്രമിച്ച് മുന്നേറുമ്പോൾ ആദ്യം കൊള്ളയടിക്കപ്പെടുന്നത് ക്ഷേത്രങ്ങളെയായിരുന്നു. കാശ്മീരിൽ രാജഭരണകാലത്ത് സമ്പത്ത് ശേഖരിക്കാൻ ഹർഷവർദ്ധനൻ എന്നൊരു മന്ത്രിയുണ്ടായിരുന്നു. മുൻ വാജ്പേയി ഗവൺമെന്റിന്റെ ഭരണകാലത്ത് പൊതുമേഖലാ സ്ഥാപനങ്ങളെ വിറ്റഴിച്ച് ഖജനാവിൽ സമ്പത്ത് കൂട്ടുന്നതിനുവേണ്ടി ഒരു പ്രത്യേക വകുപ്പുമന്ത്രിയെത്തന്നെ ചുമതലപ്പെടുത്തിയതും നമുക്കറിവുള്ളതാണ്. എന്നാൽ കഴിഞ്ഞ യു.ഡി.എഫ്. ഭരണകാലത്ത് മിനിസ്റ്റർ ഫോർ പബ്ലിക് വർക്സ് ഡിപ്പാർട്ട്മെന്റല്ല മറിച്ച്, മണി ടു കളക്ട് മിനിസ്റ്റർ ഫോർ മുസ്ലീം ലീഗ് എന്നുള്ള വകുപ്പായിരുന്നു ആ മന്ത്രി കൈകാര്യം ചെയ്തിരുന്നത്.

[2.00 PM]

ബഹുമാനപ്പെട്ട മുൻ പൊതുമരാമത്ത് വകുപ്പുമന്ത്രി ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് ഇന്ന് സഭയിൽ ഉണ്ടായിരിക്കേണ്ടതായിരുന്നു. അദ്ദേഹത്തെയായിരുന്നു ഈ ചർച്ചയിൽ പങ്കെടുപ്പിക്കേണ്ടിയിരുന്നത്. പക്ഷേ, ശ്രീ. കെ. എം. ഷാജിയെയാണ് പങ്കെടുപ്പിച്ചത്. പൊതുമരാമത്തുമായി ബന്ധപ്പെട്ട് കഴിഞ്ഞ യു.ഡി.എഫ്. ഭരണകാലത്ത് നടന്ന അഴിമതികളെക്കുറിച്ച് ശ്രീ. കെ. എം. ഷാജി ഒന്നും സൂചിപ്പിച്ചിട്ടില്ല. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് ലീഗിന് പൈസയുണ്ടാക്കിക്കൊടുക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിനെ ദുരുപയോഗം ചെയ്തിരുന്നു എന്നുള്ളതാണ് വസ്തുത. ഇപ്പോൾ വിജിലൻസ് അന്വേഷണം ഫലപ്രദമായി നടക്കുന്നുണ്ട്. ആ അന്വേഷണം ശരിയായ ദിശയിൽ തന്നെയാണ് പോകുന്നത്. ഒരു കുറ്റവാളിയും രക്ഷപ്പെടാത്ത തരത്തിലുള്ള പഴുതടച്ചുള്ള അന്വേഷണത്തിന്റെ പൂർത്തീകരണം നടത്തുമ്പോൾ ഈ നിയമസഭയിലെ അംഗത്തെയടക്കം കയ്യാമം വച്ച് കൽത്തുറുങ്കിൽ കൊണ്ടുപോകുന്ന അവസ്ഥയിലേക്കാണ് കാര്യങ്ങൾ എത്തിക്കൊണ്ടിരിക്കുന്നത്. 100 ചാക്ക് സിമന്റ് ചെലവഴിക്കേണ്ട സ്ഥലത്ത് 30 ചാക്കുപോലും ചെലവഴിക്കാതെ എല്ലാം കൊള്ളയടിച്ച ആളുകൾ ആരാണെന്ന് പരിശോധിച്ചാൽ, ലീഗിന്റെ ഉന്നത നേതാക്കളുടെ വീടുകളടക്കം റെയ്ഡ് ചെയ്യാൻ കഴിയുന്ന രൂപത്തിലേക്ക് അന്വേഷണത്തിന്റെ വ്യാപ്തി മാറ്റേണ്ടതായിട്ടുണ്ട്. 75 വർഷങ്ങൾക്കുമുമ്പ് വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങളിൽ വാർക്കാനായി കമ്പികളൊന്നും കൂടുതലായി ഉപയോഗിച്ചിരുന്നില്ല. തുലാമടിച്ച് അതിന് മുകളിൽ ചെറിയ കമ്പിയും മുളയുടെ ചീളിയുമൊക്കെയിട്ട് വാർക്കുന്നൊരു സ്ഥിതിയുണ്ടായിരുന്നു. അതേ രീതിയിലാണ് യു.ഡി.എഫിന്റെ ഭരണകാലത്ത് പുതിയ കണ്ടുപിടുത്തം നടത്തി ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞും ഭരണനേതൃത്വവും പാലാരിവട്ടത്ത് പാലം നിർമ്മിച്ച് കേരള സംസ്ഥാനത്തിന് അഭിമാനക്ഷതമേൽക്കുന്ന രൂപത്തിലേക്കുള്ള പ്രവർത്തനങ്ങളിൽ കൊണ്ടുചെന്നെത്തിച്ചത്. അതിനൊരു മറുപടിയുമില്ല. ഇവിടെ വന്ന് വാചാലമായി സംസാരിക്കുകയാണ്. അഹിംസയിൽ ഉറച്ചുനിന്ന് സത്യസന്ധമായി കാര്യങ്ങൾ ചെയ്യുന്ന, ഒരാളെയും നുള്ളിനോവിക്കാത്ത, പൂവിനെപ്പോലും തൊട്ടുതലോടിപ്പോകുന്ന ഏറ്റവും ശുദ്ധമായ പാർട്ടിയാണ് ലീഗ്. അവർ നടത്തിയ കൊലപാതകങ്ങളും അക്രമങ്ങളും ലീഗിന്റെ ഭാഷണങ്ങളുമെല്ലാം ഈ നാട്ടിലെ ജനങ്ങൾക്ക് ബോധ്യമുള്ളതല്ലേ; എന്തിനാണ് ഇങ്ങനെ ഗീർവാണപ്രസംഗം നടത്തുന്നത്? സി.പി.ഐ.(എം).ന് എന്തെങ്കിലും പിശകുകൾ വന്നിട്ടുണ്ടെങ്കിൽ അത് തിരുത്തി മുന്നോട്ടുപോകാനാണ് ശ്രമിച്ചിട്ടുള്ളത്. കേരളത്തിൽ ഏകദേശം 75 ലക്ഷത്തോളം ജനങ്ങൾ ഇടതുപക്ഷത്തിന് വോട്ട് ചെയ്തിട്ടുണ്ട്. നിങ്ങൾ നടത്തിയിട്ടുള്ള എല്ലാ കള്ള പ്രചാരവേലകളെയും മാറ്റിനിർത്തി ഇടതുപക്ഷം മുന്നോട്ടുപോകും. അത് കാലം തെളിയിക്കാൻ പോകുകയാണ്.

യു.ഡി.എഫ്. ഭരണകാലം സംസ്ഥാനത്ത് അഴിമതിയുടെ കേന്ദ്രമായിരുന്നല്ലോ? യു.ഡി.എഫ്. ഭരണകാലത്ത്, 2015 മേയ് 28-ന്, ഒരു വിജിലൻസ് റിപ്പോർട്ട് ഡിവൈ.എസ്.പി.ക്ക് കൊടുത്തു. ആ റിപ്പോർട്ട് അന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന ശ്രീ. രമേശ് ചെന്നിത്തലയും ശ്രീ. ഉമ്മൻ ചാണ്ടിയും അങ്ങനെതന്നെ കെട്ടിപ്പൊതിഞ്ഞ് വച്ചു. എന്തെങ്കിലും നടപടി സ്വീകരിച്ചോ; എന്തൊക്കെയാണ് അതിലെ നിഗമനങ്ങൾ? ഒരു പ്രവൃത്തിയുടെ എസ്റ്റിമേറ്റ് അധികാരകേന്ദ്രങ്ങളുടെ താൽപര്യമനുസരിച്ച് എടുക്കും. എല്ലാവർക്കും റിവേഴ്സ് എസ്റ്റിമേറ്റ് കണ്ടെത്താനുള്ള കുറുക്ക് നിലപാട് സ്വീകരിക്കും. എല്ലാ വർക്കിനും 10% കോൺട്രാക്റ്റ് പ്രോഫിറ്റുണ്ട്. 50 കോടി രൂപയുടെ വർക്ക് 5 കോടി രൂപ കുറച്ചെടുത്താൽ ആ കോൺട്രാക്ടർക്ക് കുറച്ച് ലാഭത്തിൽ വർക്ക് ചെയ്യാൻ കഴിയും. പക്ഷേ, 50 കോടി രൂപയുടെ വർക്ക് 40 കോടി രൂപയ്ക്കെടുത്താൽ അപ്പോൾത്തന്നെ പിടിക്കപ്പെടണം. അങ്ങനെയുള്ള ഒരു വർക്ക് ഒരിക്കലും എക്സിക്യൂട്ട് ചെയ്ത് കൊടുക്കാൻ കഴിയില്ല. കാരണം അഴിമതിയുടെ ഭാഗമായ കാര്യങ്ങൾ അവിടെ തുടങ്ങുകയാണ്. എക്സിക്യൂട്ടീവ് എഞ്ചിനീയർ, സൂപ്രണ്ടിംഗ് എഞ്ചിനീയർ, ചീഫ് എഞ്ചിനീയർ തുടങ്ങി ഇത് നിർവ്വഹിക്കാൻ കഴിയുന്ന തക്കതായ ആളുകളെ താഴെത്തട്ട് മുതൽ മുകൾത്തട്ടുവരെ നിയമിച്ചാണ് ഈ അഴിമതി നടത്തുന്നത്. ജനപ്രതിനിധികൾ, കോൺട്രാക്ടർമാർ, ഉദ്യോഗസ്ഥർ തുടങ്ങി വലിയൊരു കൂട്ടുകച്ചവടം ഇതിന്റെ ഭാഗമായി വരുന്നുണ്ട്. ചെയ്യാത്ത ജോലിക്ക് തുക എഴുതിയെടുത്തതിന്റെ ഏറ്റവും വലിയ ഉദാഹരണം റിപ്പോർട്ടിന്റെ ഭാഗമായി ഇവിടെ സൂചിപ്പിച്ചു. ബി.എം. & ബി.സി. വർക്കിന്റെ ഭാഗമായി മൂവാറ്റുപുഴ - ഇടപ്പള്ളി റോഡിന്റെ ചെയ്യാത്ത വർക്കിന് ഏകദേശം 15.78 ലക്ഷം രൂപ എഴുതിയെടുത്തത് യു.ഡി.എഫ്. ഭരണകാലത്താണ്. ഇതൊരു ചെറിയ കേസാണ്. ഇതിന്റെ ചരട് പരിശോധിക്കുമ്പോൾ വമ്പൻ കേസുകൾ ഇനിയും പിടിക്കപ്പെടാം. ഇത്തരം കെടുകാര്യസ്ഥതയുടെയും അഴിമതിയുടെയും കൂത്തരങ്ങായി നിന്ന, മലിനപ്പെട്ട് കിടന്നതായിരുന്നു പൊതുമരാമത്ത് വകുപ്പ്. ആ വകുപ്പിനെയാണ് ശ്രീ. ജി. സുധാകരൻ വളരെ ശക്തമായും നിശ്ചയ ദാർഢ്യത്തോടുംകൂടി ഒരു ലോബിക്കും കീഴടങ്ങാതെ മുന്നോട്ട് കൊണ്ടുപോകുന്നത്. ഉദ്യോഗസ്ഥ/കരാർ ലോബികൾക്കും മറ്റുള്ളവരുടെ താൽപ്പര്യങ്ങൾക്കുമുന്നിലും മുട്ടുമടക്കാതെ സധൈര്യം മുന്നോട്ടുപോയതിന്റെ ഭാഗമായാണ് ഇന്ന് ജനങ്ങൾ ആഗ്രഹിക്കുന്നതും അംഗീകരിക്കുന്നതുമായ രൂപത്തിലേക്ക് പൊതുമരാമത്ത് പ്രവർത്തനങ്ങൾ മാറിക്കൊണ്ടിരിക്കുന്നത്.

ഇവിടെ ഇതുമായി ബന്ധപ്പെട്ട് ഒരുപാട് കാര്യങ്ങൾ ചെയ്തിട്ടുണ്ട്. രാജഭരണകാലത്തും ബ്രിട്ടീഷ് ഭരണകാലത്തും നിർമ്മിച്ചിരുന്ന കെട്ടിടങ്ങൾക്ക്

ഭംഗിയുണ്ടാകുമായിരുന്നു. കെട്ടിട നിർമ്മാണത്തിന്, സെൻട്രൽ പി.ഡബ്ല്യൂ.ഡി. റേറ്റായാലും സംസ്ഥാന പി.ഡബ്ല്യൂ.ഡി. റേറ്റായാലും ഒരു സ്ക്വയർ ഫീറ്റിന് രണ്ടായിരത്തിലധികം രൂപ കൊടുക്കുകയാണ്. അതിൽ ഒരു നഷ്ടവുമില്ല. എന്റെ നാട്ടിൽ ഒരു വീട് വയ്ക്കുന്നതിന് സാധാരണ കരാറുകാരന് ഒരു സ്ക്വയർ ഫീറ്റിന് 1,400 രൂപ കൊടുത്താൽ എല്ലാപണിയും പൂർത്തീകരിച്ച് താക്കോൽ നൽകും. എന്നാൽ പി.ഡബ്ല്യൂ.ഡി. കെട്ടിടങ്ങൾക്ക് സ്ക്വയർ ഫീറ്റിന് 2,200 രൂപ വരെ കൊടുക്കുകയാണ്. പക്ഷേ, കെട്ടിടം പണി പൂർത്തീകരിച്ചതിനുശേഷമാണ് പ്ലമ്പിംഗ് പണി പൂർത്തീകരിക്കാനുണ്ട്, ടോയ്‌ലറ്റിന്റെ പിറ്റ് എടുക്കാനുണ്ട് എന്നൊക്കെയുള്ള എഞ്ചിനീയറുടെ റിപ്പോർട്ട് വരുന്നത്. അതിന് വീണ്ടും റിവേഴ്സ് എസ്റ്റിമേറ്റെടുത്ത് കോടിക്കണക്കിന് രൂപ വസൂലാക്കുന്നു. ഇത്തരം കാര്യങ്ങളിൽ ബഹുമാനപ്പെട്ട മന്ത്രി ശക്തമായ നിലപാടെടുത്തു. മാത്രമല്ല എഞ്ചിനീയർമാരുടെ വർക്കുമായി ബന്ധപ്പെട്ട് മൂന്നുപ്രാവശ്യം വിവിധ കേന്ദ്രങ്ങളിൽവച്ച് സംസ്ഥാനാടിസ്ഥാനത്തിൽ ശില്പശാല നടത്തുകയുണ്ടായി. അസിസ്റ്റന്റ് എഞ്ചിനീയർമാർ മുതൽ സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ വരെയുള്ള ആയിരക്കണക്കിന് ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചുകൊണ്ട് നിർമ്മാണരീതിയിൽ പാലിക്കപ്പെടേണ്ട ഏറ്റവും പ്രധാനപ്പെട്ട കാര്യങ്ങൾ ശ്രദ്ധിക്കുന്നതിനും നിർമ്മാണ പ്രക്രിയ ഏറ്റവും ഭംഗിയുള്ളതാക്കുന്നതിനുമുള്ള ശക്തമായ നിലപാട് സ്വീകരിക്കുകയും ചെയ്തു. ഉദ്യോഗസ്ഥ വിഭാഗം അകപ്പെട്ടുപോയ അവതാളത്തിൽ നിന്നും അവരെ കരകയറ്റി ശരിയായ മാർഗ്ഗനിർദ്ദേശത്തിൽ കൊണ്ടുവരുന്നതിന് ബഹുമാനപ്പെട്ട മന്ത്രി പ്രത്യേകം താൽപര്യമെടുത്തിട്ടുണ്ട്. എല്ലാ മാസവും ആദ്യത്തെ ബുധനാഴ്ച ബഹുമാനപ്പെട്ട മന്ത്രി നേരിട്ട് ഫോൺ-ഇൻ-പ്രോഗ്രാം വഴി കാര്യങ്ങൾ മനസ്സിലാക്കുന്നതിനും ആ കാര്യങ്ങൾ വിവരിക്കുന്നതിനും തയ്യാറാകുന്നുണ്ട്. പരാതി കൊടുക്കുന്നതിനുള്ള അവസരവും പരാതി പരിഹാര സെല്ലിൽ വരുന്ന അഭിപ്രായങ്ങൾ പരിശോധിച്ച് അടിയന്തരമായി ഇടപെടുന്നതിനും എല്ലാ ദിവസവും ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുന്നുണ്ട്. പൊതുമരാമത്ത് പ്രവൃത്തികൾ കുറ്റമറ്റതാക്കാൻ ജനപ്രതിനിധികൾ, രാഷ്ട്രീയനേതൃത്വത്തിലുള്ളവർ, സാങ്കേതിക വിദഗ്ദ്ധർ എന്നിവരെ ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിച്ച് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കി ഫലപ്രദമായ നിർമ്മാണ പ്രവർത്തനങ്ങൾക്കായി പുതിയ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതിന്റെയെല്ലാം അടിസ്ഥാനത്തിലാണ് എൽ.ഡി.എഫ്. പ്രഖ്യാപിച്ച അഴിമതിരഹിത വികസിത കേരളം എന്ന പ്രഖ്യാപനവുമായി മുന്നോട്ടുപോകുന്നത്. മുമ്പൊക്കെ Central Road Fund (CRF) റോഡുകളും ചില സംസ്ഥാന റോഡുകളുമാണ് ബി.എം. & ബി.സി. വർക്കുകളിൽ ഉൾപ്പെടുത്തിയിരുന്നതെങ്കിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഒട്ടുമിക്ക പ്രധാനപ്പെട്ട

പി.ഡബ്ല്യൂ.ഡി. റോഡുകളും ബി.എം. & ബി.സി. വർക്കിലേക്കാക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ആസൂത്രണഫണ്ട് മാത്രമല്ല കിഫ്ബി എന്ന ധനകാര്യ പ്രസ്ഥാനത്തിന്റെ സഹായംകൂടി ഉൾപ്പെടുത്തി അത്തരം പ്രവർത്തനങ്ങളിൽ നല്ല രീതിയിൽ മുന്നോട്ടുപോകാൻ ഈ ഗവൺമെന്റിന് കഴിയുന്നുണ്ട്.

ഒരു വർഷത്തിന് മുമ്പാണ് പ്രളയം നമ്മെ തകർത്തത്. ഏകദേശം 32000 കിലോമീറ്ററോളം ദൈർഘ്യം വരുന്ന റോഡുകളിൽ 10000 കിലോമീറ്ററിലധികം വരുന്നവ പ്രളയവുമായി ബന്ധപ്പെട്ട് തകർന്നടിഞ്ഞു. അതുമാത്രമല്ല ആയിരക്കണക്കിന് കലുങ്കുകളും ചെറുപാലങ്ങളും കടപുഴകിയതിനെത്തുടർന്ന് പൊതുമരാമത്ത് വകുപ്പ് വലിയൊരു വെല്ലുവിളി ഏറ്റെടുത്തുകൊണ്ട് യുദ്ധകാലാടിസ്ഥാനത്തിൽ പുനർനിർമ്മാണ പ്രവർത്തനങ്ങൾ നടത്തിവരികയാണ്. സംസ്ഥാനത്തിന്റെ പൊതുവികസനം സംബന്ധിച്ച് കേന്ദ്രഗവൺമെന്റ് തെറ്റായ നയമാണ് സ്വീകരിച്ചിട്ടുള്ളത്. രാഷ്ട്രീയപരമായും ദുഷ്ടലാക്കോടുകൂടിയുമാണ് കേന്ദ്രഗവൺമെന്റ് പലഘട്ടങ്ങളിലും ഇടപെട്ടുകൊണ്ടിരിക്കുന്നത്.

എൻ.എച്ച്. 45-ന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് കീഴാറ്റൂരിൽ ഉയർത്തിക്കൊണ്ടുവന്ന സമരത്തിൽ ഒരു ഭാഗത്ത് ബി.ജെ.പി.-യും മറുഭാഗത്ത് യു.ഡി.എഫ്-ഉം അതുപോലെ എല്ലാ ജാതിമത വർഗ്ഗീയ സംഘടനകളും ഈ സംസ്ഥാനത്തിന്റെ വികസന പ്രവർത്തനത്തിനെതിരായിട്ടുള്ള നിലപാട് സ്വീകരിച്ചപ്പോൾ ഇച്ഛാശക്തിയുടെ ഭാഗമായി ശക്തമായ നിലപാടെടുത്തുകൊണ്ട് ആരുടെ ഭീഷണിക്കുമുന്നിലും തലകുനിക്കാതെ എൻ.എച്ച്. 45-ന്റെ പ്രവർത്തനവുമായി മുന്നോട്ടുപോകാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്.

റെയിൽവേയുടെ കാര്യത്തിൽ കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്ന നടപടിയും ഈ ഘട്ടത്തിൽ എതിർക്കപ്പെടേണ്ടതാണ്. പാലക്കാട് സോണിനുകീഴിൽ വരുന്ന ഏകദേശം 600-ലധികം കിലോമീറ്റർ ദൂരം സേലം സോണിലേക്ക് ലയിപ്പിച്ചുകൊണ്ട് കേരളത്തെ അവഗണിക്കുന്ന നിലപാടാണ് കേന്ദ്രഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. കഞ്ചിക്കോട് കോച്ച് ഫാക്ടറി ഇന്നും പേപ്പറിൽ മാത്രം ഒതുങ്ങുന്നു. തിരുവനന്തപുരത്തെ റെയിൽവേ മെഡിക്കൽ കോളേജ് ജലരേഖയായി മാറുന്നു. കേരളത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് വലിയ തോതിലുള്ള മുന്നേറ്റമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. 2020-ഓടുകൂടി പ്രഖ്യാപിച്ച് ആരംഭിക്കാൻ പോകുന്ന അതിവേഗ റെയിൽപ്പാത, പ്രത്യേക കോറിഡോർ സൃഷ്ടിച്ചുകൊണ്ട് നാല് മണിക്കൂർകൊണ്ട് വേളിയിൽനിന്നും കാസർഗോഡ് എത്താൻ കഴിയുന്ന വിധത്തിൽ 60,000 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി 2027-ഓടുകൂടി

കമ്മീഷൻ ചെയ്യാനാകുമെന്നത് സുപ്രധാനമായ ഒരു മാറ്റത്തിന് തുടക്കം കുറിക്കുന്നതാണ്. ഏകദേശം 130, 180 കിലോമീറ്റർ വേഗതയിൽ പോകുന്ന അതിവേഗ ട്രെയിൻ കേരളത്തിന്റെ വലിയ സാധ്യതയാണ്. പൊല്യൂട്ടഡായ ഡൽഹി പട്ടണംപോലെ കേരളവും അന്തരീക്ഷ മലിനീകരണത്തിലേക്ക് പോവുകയാണ്. ഒരു കോടി ഇരുപത് ലക്ഷത്തോളം വാഹനങ്ങളാണ് ഇന്ന് കേരളത്തിൽ രജിസ്റ്റർ ചെയ്ത് റോഡിലിറക്കിയിട്ടുള്ളത്. ഇതിന്റെ പ്രവർത്തനം പൂർത്തീകരിക്കുമ്പോൾ വാഹനങ്ങളിൽനിന്ന് പുറത്തുവരുന്ന കാർബൺ ഡൈഓക്സൈഡിന്റെ അളവിൽ കുറവ് വരുത്താൻ കഴിയും, ഏകദേശം 1.8 ലക്ഷം മെട്രിക് ടൺ കാർബൺ എക്സിറ്റ് കുറയ്ക്കാൻ സാധിക്കും.

പുതിയ ഫ്ലൈ ഓവറുകൾ, ബി.എം. ആന്റ് ബി.സി. വർക്കടക്കമുള്ള ഉന്നത നിലവാരമുള്ള റോഡുകൾ, പുതിയ നൂറുകണക്കിന് പാലങ്ങൾ, തീരദേശവുമായി ബന്ധപ്പെട്ടുകൊണ്ട് 6,200 കോടി രൂപയുടെ സൈക്കിൾ ട്രാക്കോട്ടുകൂടിയുള്ള പുതിയ റോഡുകൾ, 3,500 കോടി രൂപയുടെ മലയോര പാത, പുതിയ കെട്ടിടങ്ങളുടെ നിർമ്മാണ രീതിയിൽ വരുന്ന മാറ്റം, കാസർഗോഡ് ജില്ലയിലെ നന്ദരാപ്പടവ് മുതൽ പാറശ്ശാല വരെ 14 ജില്ലകളെ ബന്ധിപ്പിച്ചുകൊണ്ടുള്ള കണക്റ്റിവിറ്റി റോഡുകളടക്കമുള്ള കേരളത്തിന്റെ സമഗ്രമായ വികസന പ്രവർത്തനങ്ങൾക്കാവശ്യമായ നടപടി സ്വീകരിക്കുകയാണ്.

ശ്രീ. എം. വിൻസെന്റ് ശബരിമലയിൽ പോലീസിനെയും ആർ.എസ്.എസ്.-കാരെയും കാണാനില്ലെന്ന് പറഞ്ഞു. യു.ഡി.എഫ്.ലെ ശ്രീ. ഉമ്മൻ ചാണ്ടിയും ശ്രീ. രമേശ് ചെന്നിത്തലയുമല്ലേ പമ്പയിൽ പോയി കുത്തിയിരുന്നത്; നിങ്ങൾ എവിടെയാണ് ഇരിക്കുന്നത്? പ്രായം കുറഞ്ഞ സ്ത്രീകൾ ഇപ്പോഴും ശബരിമലയിൽ കയറുന്നുണ്ടല്ലോ, നിങ്ങൾക്ക് അവിടെ പോയി ചെറുത്തുകൂടേ? സുപ്രീംകോടതി വിധിയെയടക്കം തെറ്റിദ്ധരിപ്പിച്ച് കേരളത്തിലെ ജനങ്ങളുടെ മുന്നിലേക്ക് കാപട്യത്തിന്റെ വക്താക്കളായ യു.ഡി.എഫ്.ന് നേട്ടം കൊയ്യാൻ കഴിഞ്ഞിരിക്കും. പക്ഷേ, ചരിത്രം ജനങ്ങൾ തിരുത്തുമെന്ന് കേരളത്തിന്റെ ഭൂതകാലം നോക്കിയാൽ മനസ്സിലാകും. അങ്ങനെ ചരിത്രം തിരുത്തിക്കുറിച്ച് കാപട്യം നിറഞ്ഞ വഞ്ചകർക്കെതിരെയുള്ള ശക്തമായ പ്രതിരോധത്തിന്റെ ഭാഗമായി കേരളീയ സമൂഹവും കേരളത്തിന്റെ മതസൗഹാർദ്ദത്തിന്റെ അന്തരീക്ഷവും മാറുമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ലെന്നറിയിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: സർ, പൊതുമരാമത്ത്, തുറമുഖങ്ങൾ എന്നീ വകുപ്പുകളുടെ ധനാഭ്യർത്ഥനകളെ ഞാൻ ശക്തമായി പിന്തുണയ്ക്കുകയാണ്.

'ഈജിയൻ തൊഴുത്തായ' പൊതുമരാമത്ത് വകുപ്പിനെ വൃത്തിയാക്കുന്നതിൽ വിജയിച്ച മന്ത്രിയാണ് ശ്രീ. ജി. സുധാകരൻ. കർക്കശക്കാരനായ മന്ത്രി നീതിയും ചട്ടവും വിട്ട് പ്രവർത്തിക്കുന്ന ആളല്ല. അഴിമതിക്കാർ അദ്ദേഹത്തിനുമുന്നിൽ മുട്ടുവിറച്ച് നിൽക്കും. അതുതന്നെയാണ് ഈ വകുപ്പിനെ ഒരു പരിധിവരെ അഴിമതി വിമുക്തമാക്കുന്നതിന് സഹായിച്ചത്. അദ്ദേഹം അഴിമതി വിമുക്തമാക്കാൻ ശ്രമിക്കുക മാത്രമല്ല പൊതുമരാമത്ത് വകുപ്പിനെ പ്രവർത്തനസജ്ജമായ ഒന്നാക്കി മാറ്റുകയും ചെയ്തിരിക്കുകയാണ്. അലാവുദ്ദീന്റെ അത്ഭുതവിളക്കൊന്നും ബഹുമാനപ്പെട്ട മന്ത്രിയുടെ കയ്യിലില്ല. എന്നാൽ, ഡോ. ടി. എം. തോമസ് ഐസക്കിന്റെ കിഫ്ബി വികസനത്തിന് വെളിച്ചം പകരാൻ പൊതുമരാമത്ത് വകുപ്പിനെ വളരെയേറെ സഹായിക്കുന്നുണ്ട്. ജനങ്ങളുടെ പരാതി നേരിട്ട് കേട്ട് ഇടപെടുന്ന മന്ത്രിയാണ് ശ്രീ. ജി. സുധാകരൻ. കേരളത്തിലെ ഏത് പ്രദേശത്തേയും റോഡുകളെ സംബന്ധിച്ചും പാലങ്ങളെയും സംബന്ധിച്ച പരാതികൾ കേട്ട് അവ പരിഹരിക്കുന്നതിന് അദ്ദേഹം ശക്തമായി ഇടപെടുകയാണ്. പ്രശ്നങ്ങളുണ്ടാകുന്ന സ്ഥലങ്ങളിലെല്ലാം തന്റെ വകുപ്പിലെ എഞ്ചിനീയർമാരെയും ഉദ്യോഗസ്ഥരെയും ഇടപെടുത്തുന്നതിൽ വളരെയേറെ താൽപ്പര്യത്തോടെ പ്രവർത്തിക്കുകയാണ്. ഇന്ന് വായനാ ദിനമാണ്.

'വായിച്ചാലും വളരും,
വായിച്ചില്ലെങ്കിലും വളരും,
വായിച്ചാൽ വിളയും,
വായനയില്ലെങ്കിൽ വളയും' എന്ന കുഞ്ഞുണ്ണി മാഷിന്റെ വരികൾ ഞാനോർക്കുന്നു. ഇരുട്ടറകളിലേക്ക് പ്രകാശം പകരുന്ന പ്രതിഭാസമാണ് വായന. വായനയുടെ അനന്തമായ ചക്രവാളത്തിൽ പ്രകാശഗോപുരങ്ങളായി നിലകൊള്ളുന്ന സൃഷ്ടികളെയും സ്രഷ്ടാക്കളെയും ഞാൻ നമിക്കുകയാണ്. പി. എൻ. പണിക്കരുടെ സ്മരണയ്ക്കുമുന്നിലും ആദരാഞ്ജലികൾ അർപ്പിക്കുന്നു.

ബഹുമാനപ്പെട്ട മന്ത്രി ഒരു നല്ല വായനക്കാരനാണ്. അദ്ദേഹം ഒരു കവിയുമാണ്. മികച്ച വായനയുള്ള അദ്ദേഹം ഈ വകുപ്പിനെ സർഗ്ഗാത്മകമായി മുന്നോട്ടുനയിക്കുന്നുവെന്നുള്ളതാണ് നമ്മുടെ മുമ്പിലുള്ള അനുഭവം. 'പുതിയ കാലം പുതിയ നിർമ്മാണം' എന്ന മുദ്രാവാക്യം കൈക്കൊണ്ട് മുന്നോട്ടുപോകുന്ന ഈ വകുപ്പ് കഴിഞ്ഞ രണ്ടര വർഷക്കാലത്തിനിടയിൽ ഒട്ടേറെ നല്ല മാറ്റങ്ങളാണുണ്ടാക്കിയിട്ടുള്ളത്. നമ്മൾ നേരിടുന്ന ഒട്ടേറെ പ്രശ്നങ്ങളുണ്ട്. കേരളം പൊതുമരാമത്ത് മേഖലയിൽ നേരിടുന്ന പ്രശ്നങ്ങളിൽ പ്രധാനപ്പെട്ടത് റോഡ് നിർമ്മാണത്തിനുള്ള അസംസ്കൃത വസ്തുക്കളുടെ ലഭ്യതയും അതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളുമാണ്. കേരളത്തിൽ പൊട്ടിക്കാനുള്ള പാറയുടെ ലഭ്യതയുടെ പ്രശ്നമുണ്ട്.

നമുക്ക് ആറുമാസം മഴയുണ്ടാകുന്നു. ഇതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കൈകാര്യം ചെയ്യേണ്ടതുണ്ട്. മലേഷ്യ പോലുള്ള രാജ്യങ്ങൾ മഴക്കാലത്ത് തകരാത്ത വിധത്തിലുള്ള റോഡ് നിർമ്മാണ സാങ്കേതികവിദ്യ നടപ്പിലാക്കുകയാണ്. കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് വികസിപ്പിച്ചെടുത്ത കാന്താൾ മിശ്രിതം ഈ വകുപ്പിന്റെ ആധുനികവൽക്കരണത്തിന്റെ ഏറ്റവും മികച്ച ദൃഷ്ടാന്തമാണ്. നമ്മുടെ പല റോഡുകളിലും കുഴികളുണ്ടാകുന്നു, മഴക്കാലത്ത് പ്രത്യേകിച്ചും ആ കുഴികൾ പ്രശ്നങ്ങളുണ്ടാക്കുന്നു. സാന്ദർഭികമായി പറയട്ടെ, എന്റെ മണ്ഡലത്തിൽ പൊന്നാനി മുതൽ ചാവക്കാട് വരെയുള്ള എൻ.എച്ച്.ന്റെ ഭാഗത്ത് ഇതുപോലുള്ള കുഴികളുണ്ടായിട്ടുണ്ട്. മഴ പെയ്യുന്ന സമയമാണെങ്കിലും ഈ സാങ്കേതികവിദ്യ അവിടെ പ്രയോജനപ്പെടുത്താൻ കഴിയുമെന്നാണ് എനിക്ക് തോന്നുന്നത്. അദ്ദേഹം ഒട്ടേറെ കാര്യങ്ങൾ പൊതുമരാമത്ത് മേഖലയിൽ നടപ്പിലാക്കുകയും അത് ഫലപ്രദമായി നിയന്ത്രിക്കുകയും നയിക്കുകയും ചെയ്യുന്നുണ്ട്. അദ്ദേഹത്തിന്റെ വകുപ്പിന്റെ പ്രത്യേകതകൾ നമ്മളെല്ലാവരും അനുഭവിച്ചുകൊണ്ടിരിക്കുകയാണ്.

വേണ്ടത്ര ശ്രദ്ധയില്ലാത കിടന്നതായിരുന്നു രജിസ്ട്രേഷൻ വകുപ്പ്. ഇന്ന് കേരളത്തിൽ എത്ര രജിസ്ട്രാർ ഓഫീസുകൾക്കാണ് അദ്ദേഹം പുതിയ കെട്ടിടങ്ങളുണ്ടാക്കുന്നത്. എന്റെ മണ്ഡലത്തിലുൾപ്പെടെ, എന്റെ അറിവിൽ മുപ്പതോളം നിയമസഭാ മണ്ഡലങ്ങളിൽ ദ്രവിച്ച് ആരും ശ്രദ്ധിക്കാതെ കിടന്ന രജിസ്ട്രാർ ഓഫീസുകളെ ആധുനികവൽക്കരിക്കുന്നതിനുവേണ്ടി ഇടപെടുകയാണ്. പല രജിസ്ട്രാർ ഓഫീസുകളുടെയും നിർമ്മാണം ആരംഭിച്ചുകഴിഞ്ഞു. നമുക്ക് ശ്രദ്ധിക്കാൻ കഴിയാതെ പോയ ഒരു മേഖലയാണത്. അവിടെയെല്ലാം അദ്ദേഹം നന്നായി ഇടപെടുന്നുണ്ടെന്നാണ് എന്റെ അഭിപ്രായം. റെയിൽവേ അദ്ദേഹത്തിന്റെ ചുമതലയുള്ള ഒരു വകുപ്പെന്നുപറയുമ്പോഴും അത് കേന്ദ്ര വകുപ്പാണ്. അദ്ദേഹം അതും ശ്രദ്ധിക്കുന്നുണ്ട്.

കേരളം നേരിടുന്ന ഒരു പ്രശ്നം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽകൊണ്ടുവരുന്നതിന് വളരെ നല്ല നിലയിലുള്ള ഇടപെടൽ അദ്ദേഹം നടത്തിയിരുന്നു. 'ഉത്കൃഷ്ട്' പദ്ധതിയിലുൾപ്പെടുത്തി കേരളത്തിലെ ട്രെയിനുകൾക്ക് നവീകരിച്ച കോച്ചുകൾ നൽകണമെന്ന ആവശ്യത്തിൽ നല്ല ഇടപെടൽ നടത്തിയിട്ടുണ്ട്. ഇപ്പോഴും കേന്ദ്ര ഗവൺമെന്റിന്റെ ഒരു സാമന്തസ്ഥലം എന്നൊരു പരിഗണനയാണ് കേരളത്തിനുള്ളത്. ഇന്ത്യയിലെ മറ്റെല്ലാ സ്ഥലങ്ങളിലും മികച്ച കോച്ചുകൾ അനുവദിക്കുമ്പോൾ നമ്മുടെ സംസ്ഥാനത്തേക്ക് നല്ല കോച്ചുകൾ നൽകുന്നില്ല. ഉത്തരേന്ത്യയിലെ ജനശതാബ്ദി ട്രെയിനും കേരളത്തിലെ ജനശതാബ്ദി ട്രെയിനും തമ്മിലുള്ള സാമ്യമെന്താണ്; ഇവിടെ കോച്ചിലൂടെ എലി

ഓടുകയാണ്. ഏറ്റവും നല്ല ട്രെയിനുകൾ ഉത്തരേന്ത്യയിൽ കൊടുക്കുകയാണ്. കേരളത്തെ ആ തരത്തിൽ പരിഗണിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് അദ്ദേഹം നടത്തിയ ഇടപെടൽ, റെയിലിന്റെ നിർമ്മാണ പുരോഗതിക്കുവേണ്ടിയുള്ള ഇടപെടലുകൾ എന്നിവയെല്ലാം പ്രധാനപ്പെട്ടതാണ്. ഗുരുവായൂർ വരെ റെയിൽപ്പാത എത്തിനിൽക്കുകയാണ്. ഗുരുവായൂരിൽനിന്ന് വടക്കോട്ട് തിരുനാവായ വരെ നീട്ടിയാൽ മാത്രമേ കേരളത്തിലെ റെയിൽവേ ലൈൻ ഡബ്ലിംഗ് എന്ന് നമുക്ക് പറയാൻ കഴിയുകയുള്ളൂ. അതിനാവശ്യമായ സമ്മർദ്ദം ഉണ്ടാകണമെന്നുകൂടി ഞാൻ വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്. കേരള ഗവൺമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുന്നുണ്ട്, അക്കാര്യത്തിൽ കുറച്ചുകൂടി ഇടപെടലുണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്.

രാഷ്ട്രീയ പ്രശ്നങ്ങളെപ്പറ്റി ശ്രീ. കെ. എം. ഷാജി ഇവിടെ പ്രസംഗിച്ചു. അദ്ദേഹം മുസ്ലീം ലീഗിന്റെ പ്രതിനിധിയാണ്. മുസ്ലീം ലീഗിന്റെ രാഷ്ട്രീയമെന്താണ്; അദ്ദേഹം മറ്റുള്ളവരിലെല്ലാം വർഗ്ഗീയത ആരോപിച്ചു. ലീഗ് ഉയർത്തിപ്പിടിക്കുന്നത് ഈ സാമുദായിക വർഗ്ഗീയ രാഷ്ട്രീയംതന്നെയാണ്. അത് മറന്നുകൊണ്ടാണ് അദ്ദേഹം ഇവിടെ സംസാരിച്ചത്. ഇടതുപക്ഷം ഈ തെരഞ്ഞെടുപ്പിൽ ഇവിടെ പരാജയപ്പെട്ടുവെന്നത് ശരിയാണ്. പക്ഷേ, എന്താണ് അഖിലേന്ത്യാ തലത്തിലെ സ്ഥിതി; അദ്ദേഹത്തിന്റെ സഖ്യകക്ഷിയായ കോൺഗ്രസിന്റെ സ്ഥിതിയെ സംബന്ധിച്ച് ഞങ്ങൾ പറയുമ്പോൾ, അത് സ്വയം വരുത്തിവച്ച പ്രശ്നങ്ങളല്ലേ? ഇന്ത്യയിലെ 12 സംസ്ഥാനങ്ങളിൽ ഒരു സീറ്റുപോലും ലഭിക്കാത്ത പാർട്ടിയാണ് കോൺഗ്രസ്. അങ്ങനെയൊരു സ്ഥിതിയുണ്ടാകാൻ പാടില്ല; ഞങ്ങളാഗ്രഹിക്കുന്നുമില്ല. മതനിരപേക്ഷ പ്രസ്ഥാനങ്ങൾ ഇന്ത്യയിൽ അങ്ങനെ തോറ്റുപോകാൻ പാടില്ലെന്ന നിലപാടാണ് ഞങ്ങൾക്കുള്ളത്. ഇന്ത്യയിലെ ഇടതുപക്ഷത്തിന്റെ സ്ഥിതിയിൽ എന്തുമാത്രം അവർ സന്തോഷിക്കുന്നു എന്നതാണ് ശ്രീ. കെ. എം. ഷാജിയുടെ വാക്കുകളിൽ പ്രകടമായത്. കോൺഗ്രസിന്റെ സ്ഥിതിയും വ്യത്യസ്തമല്ലല്ലോ? 12 സംസ്ഥാനങ്ങളിൽ കോൺഗ്രസിന് പ്രാതിനിധ്യമില്ല. ഒരു സീറ്റ് മാത്രം കോൺഗ്രസിന് ലഭിച്ച സംസ്ഥാനങ്ങൾ 9 ആണ്. രണ്ട് സീറ്റ് മാത്രം ലഭിച്ചത് രണ്ട് സംസ്ഥാനങ്ങളിലാണ്. പലയിടങ്ങളിലും പ്രതിപക്ഷ ഐക്യത്തെ തകർക്കുന്ന നിലപാട് സ്വീകരിച്ചത് കോൺഗ്രസ് തന്നെയായിരുന്നല്ലോ? പശ്ചിമബംഗാളിൽ സീറ്റ് ഐക്യത്തെ സംബന്ധിച്ചുണ്ടായിരുന്ന ധാരണ പൊളിച്ചതാരാണ്? ഞാനവിടത്തെ വോട്ടിന്റെ കണക്ക് പറയാം. ഉത്തർപ്രദേശിലെ സുൽത്താൻപൂരിൽ ബി.ജെ.പി. സ്ഥാനാർത്ഥിയായ ശ്രീമതി മേനകാ ഗാന്ധി 14,774 വോട്ടിന് ജയിക്കുമ്പോൾ കോൺഗ്രസ് സ്ഥാനാർത്ഥി 41,681 വോട്ട് അവിടെ നേടി. ഇന്ത്യയിലെ ബി.ജെ.പി.-യെ പരാജയപ്പെടുത്തലായിരുന്നു

കോൺഗ്രസിന്റെ ലക്ഷ്യമെങ്കിൽ ഒരു അറേഞ്ച്മെന്റിന് തയ്യാറായിരുന്നുവെങ്കിൽ അവിടെ പരാജയപ്പെടുത്താമായിരുന്നു. യു.പി.-യിൽത്തന്നെ സാന്ത്കബീർ നഗറിൽ ബി.ജെ.പി.-യുടെ ശ്രീ. പ്രവീൺ കുമാർ നിഷാദ് 35,749 വോട്ടിന് വിജയിച്ചു. അവിടെ സമാജ്‌വാദി പാർട്ടിയെയാണ് പരാജയപ്പെടുത്തിയത്. ആ മണ്ഡലത്തിൽ കോൺഗ്രസ് 1,28,506 വോട്ട് നേടി. സമാജ്‌വാദി പാർട്ടിയുമായി സഖ്യമോ ധാരണയോ ഉണ്ടായിരുന്നുവെങ്കിൽ അവിടെ ബി.ജെ.പി.-യെ പരാജയപ്പെടുത്താമായിരുന്നു. യു.പി.-യിലെ ശ്രാവസ്തി മണ്ഡലത്തിൽ ബി.ജെ.പി.-യുടെ ഡാഡൻ മിശ്ര വെറും 5,320 വോട്ടിനാണ് ജയിച്ചത്. അവിടെ കോൺഗ്രസിന്റെ ധിരേന്ദ്ര പ്രതാപ് സിംഗ് 58,042 വോട്ട് നേടി. എത്രയോ സീറ്റുകൾ ഉദാഹരണമായി പറയാൻ കഴിയും.

ശ്രീ. കെ. സി. ജോസഫ്: സർ, അങ്ങ് ഞങ്ങളെ കുറ്റപ്പെടുത്തുമ്പോൾ യു.പി.-യിൽ ഏകപക്ഷീയമായി ബഹുജൻ സമാജ് പാർട്ടിയും സമാജ്‌വാദി പാർട്ടിയും ചേർന്ന് മുന്നണിയുണ്ടാക്കുകയും കോൺഗ്രസിനെ ഒഴിവാക്കുകയും കോൺഗ്രസിന് രണ്ട് സീറ്റ് മാത്രം അലോട്ട് ചെയ്തുകൊണ്ട് ഞങ്ങളെ അവഗണിക്കുകയും ചെയ്ത തീരുമാനമാണ് അവിടത്തെ തകർച്ചയ്ക്ക് കാരണമെന്ന് അങ്ങേക്കറിയില്ലേ; അതിനുത്തരവാദി കോൺഗ്രസാണോ?

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, ഇന്ത്യയിലെ ബി.ജെ.പി. ഇതര പാർട്ടികളെ ഒന്നിപ്പിക്കാനുള്ള ഒന്നാമത്തെ ബാധ്യത ഇന്ത്യൻ നാഷണൽ കോൺഗ്രസിനായിരുന്നു. ആ ബാധ്യത ഇന്ത്യൻ നാഷണൽ കോൺഗ്രസ് നിർവ്വഹിച്ചില്ല എന്നതല്ലേ വസ്തുത? ലോക്സഭാ തെരഞ്ഞെടുപ്പിനുശേഷമുള്ള സാഹചര്യത്തിൽ ബി.ജെ.പി. ഇതര പാർട്ടികൾക്ക് ലഭിക്കുന്ന ഓരോ സീറ്റും ഇന്ത്യയിലെ ബി.ജെ.പി. ഇതര ഗവൺമെന്റിന് സാധ്യതയുണ്ടാക്കുമായിരുന്നു. ആ കാഴ്ചപ്പാട് ഇല്ലാതെപോയി എന്നതാണ് അവിടത്തെ പരാജയത്തിന്റെ പ്രധാന കാരണം. ഉത്തർപ്രദേശിലെ ഓരോ മണ്ഡലത്തിലെയും സ്ഥിതി എനിക്ക് പറയാൻ കഴിയും. പശ്ചിമബംഗാളിൽ നിങ്ങളെടുത്ത നിലപാട് അതാണ്. ഇതൊക്കെ മറന്നുകൊണ്ടാണ് ശ്രീ. കെ. എം. ഷാജി നിങ്ങളെ വെള്ളപൂശിക്കൊണ്ട് ഈ പ്രസംഗമൊക്കെ നടത്തിയത്. ശ്രീ. രാഹുൽ ഗാന്ധിയോട് വ്യക്തിപരമായി ഞങ്ങൾക്കെന്ത് എതിർപ്പാണുള്ളത്? ഇന്ത്യയിൽ മതനിരപേക്ഷ നിലപാടെടുക്കുന്ന നേതാവെന്നുള്ള നിലയിൽ ശ്രീ. രാഹുൽ ഗാന്ധിയോട് വ്യക്തിപരമായ ആക്ഷേപമില്ല. കോൺഗ്രസ് പാർട്ടിയും ശ്രീ. രാഹുൽ ഗാന്ധിയും ഇന്ത്യയിൽ ബി.ജെ.പി.-ക്കെതിരെ സ്വീകരിക്കേണ്ട നിലപാട് സ്വീകരിച്ചില്ലെന്ന വിമർശനം ഞങ്ങൾ ഉന്നയിച്ചതിന് ശ്രീ. കെ. എം. ഷാജി ഞങ്ങളെ എന്തൊക്ക പുലഭ്യമാണ്

പറഞ്ഞത്. കോൺഗ്രസ് ചെയ്ത കാര്യങ്ങളാണ് ഞങ്ങൾ പറഞ്ഞത്. കോൺഗ്രസ് ചെയ്യാത്ത കാര്യങ്ങളൊന്നും ഞങ്ങൾ പറഞ്ഞിട്ടില്ല. കേരളത്തിലെ നിലപാട് മാത്രമല്ല, കോൺഗ്രസ് പാർട്ടിയുടെ നിലപാടുകളെക്കുറിച്ച് പറയുമ്പോൾ സ്വീകരിച്ച കാര്യങ്ങളും പറയേണ്ടതല്ലേ. വർഗ്ഗീയശക്തികളെ ഇത്തരത്തിൽ വളർത്തുന്നതിന് കോൺഗ്രസ് സ്വീകരിച്ച സമീപനങ്ങൾ വിസ്മരിക്കാൻ കഴിയുമോ? ബാബറി മസ്ജിദിന്റെ പ്രശ്നത്തിൽ നിങ്ങൾ സ്വീകരിച്ച നിലപാട് എന്തായിരുന്നു. 1992-ൽ ബാബറി മസ്ജിദ് തകർക്കുമ്പോൾ നരസിംഹറാവു ഇന്ത്യയുടെ പ്രധാനമന്ത്രിയും കോൺഗ്രസ് പാർട്ടിയുടെ അദ്ധ്യക്ഷനുമാണ്. നിങ്ങളും നിലപാട് സ്വീകരിച്ചു. 1989-ൽ വിവാദ ഭൂമിയിൽ ശിലയിടാൻ അനുവദിച്ചപ്പോൾ നിങ്ങൾ സ്വീകരിച്ച നിലപാടും വളരെ വ്യക്തമല്ലേ; ഇതൊക്കെ പറയുമ്പോൾ ഞങ്ങൾ കോൺഗ്രസിനെ ആക്ഷേപിക്കുന്നു എന്ന് പറയുന്നതിൽ എന്ത് അർത്ഥമാണുള്ളത്; ഇവിടെ മുസ്ലീം ലീഗിനുതന്നെ ഒരു ഘട്ടത്തിൽ യു.ഡി.എഫിൽനിന്ന് പുറത്തുപോകേണ്ടി വന്നില്ലേ; 1992-ൽ കോൺഗ്രസെടുത്ത നിലപാടിൽ പ്രതിഷേധിച്ച് ഇബ്രാഹിം സുലൈമാൻ സേഠിന്റെ പ്രേരണയിൽ മുസ്ലീം ലീഗിന് പുറത്തുപോകേണ്ടി വന്നില്ലേ; ആ കാലം മറക്കാറായോ? ഈ കാര്യങ്ങളെല്ലാം മറച്ചുവച്ചുകൊണ്ടാണ് ശ്രീ. കെ. എം. ഷാജി സമാധാനത്തിന്റെ മാലാഖ ചമഞ്ഞ് ഇവിടെ സംസാരിച്ചത്. ശ്രീ. കെ. എം. ഷാജിയുടെ പാർട്ടി ഈ നാട്ടിൽ നടത്തിയ ആക്രമണങ്ങൾ ആർക്കെങ്കിലും വിസ്മരിക്കാൻ സാധിക്കുമോ?

ശ്രീ. അൻവർ സാദത്ത്: സർ, സ്വകാര്യ സന്ദർശനത്തിനുവന്ന ശ്രീ. നരേന്ദ്ര മോദിയെ നിങ്ങൾ എന്ത് അർത്ഥത്തിലാണ് ഗുരുവായൂരിൽ പോയി സ്വീകരിച്ചത്; അതിൽ എന്ത് മൃദുസമീപനമാണുണ്ടായതെന്ന് വിശദീകരിക്കാൻ സാധിക്കുമോ?

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, അദ്ദേഹം ഇന്ത്യയുടെ പ്രധാനമന്ത്രിയാണ്. ഇന്ത്യയുടെ പ്രധാനമന്ത്രിയെ സ്വീകരിക്കാൻ പോകുന്നത് സ്വാഭാവികം മാത്രമാണ്. അതിലൊന്നും വലിയ കാര്യമില്ല. ഇവിടെ ശ്രീ. കെ. എം. ഷാജി സംസാരിച്ചപ്പോൾ സി.പി.ഐ.(എം.)നെ അക്രമകാരികളായി ചിത്രീകരിച്ചു. അഞ്ച് പേർ സ്വന്തം താവളത്തിൽ ബോംബ് പൊട്ടി മരിച്ചതിനെക്കുറിച്ച് ശ്രീ. കെ. എം. ഷാജി ഒരക്ഷരം മിണ്ടിയില്ല. അദ്ദേഹം ഇവിടെ പുണ്യാളൻ ചമഞ്ഞാണ് പ്രസംഗിച്ചത്. കേരളത്തിൽ ഓരേയൊരു നഗരസഭാ ചെയർമാൻ മാത്രമേ കൊല ചെയ്യപ്പെട്ടിട്ടുള്ളൂ. അത് നമ്മുടെ പ്രവർത്തകനാണ്. ചാവക്കാട്ടെ കെ. പി. വത്സലനെ വെട്ടിക്കൊന്നത് ലീഗിന്റെ പ്രവർത്തകരാണ്. ശ്രീ. കെ. എം. ഷാജി അതൊക്കെ മറച്ചുവച്ചുകൊണ്ടാണ് അക്രമത്തെക്കുറിച്ചും രക്തത്തെക്കുറിച്ചുമൊക്കെ സംസാരിച്ചത്. ഈ കാര്യങ്ങളെല്ലാം മറച്ചുവച്ചുകൊണ്ട് സമാധാനത്തിന്റെ മാലാഖ

ചമഞ്ഞ് അദ്ദേഹം സംസാരിക്കുമ്പോൾ നാട്ടുകാർക്കിതൊക്കെ അറിയാം എന്നുതന്നെയാണ് എന്റെ വിശ്വാസം. കേരളത്തിൽ പൊതുമരാമത്ത് വകുപ്പും രജിസ്ട്രേഷൻ വകുപ്പുമൊക്കെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന എല്ലാ വികസന പ്രവർത്തനങ്ങളേയും ഒരിക്കൽക്കൂടി പിന്തുണയ്ക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഞാൻ ഇവിടെ രാഷ്ട്രീയമല്ല മറിച്ച് ഇതിനകത്തെ ക്വാളിറ്റേറ്റീവായിട്ടുള്ള കാര്യങ്ങളെക്കുറിച്ച് പറയാമെന്നാണ് കരുതിയത്. എന്നാൽ ഇവിടെ ശ്രീ. കെ. വി. അബ്ദുൾ ഖാദറിന്റെ പ്രസംഗം കേട്ടപ്പോൾ എനിക്ക് തോന്നിയത്, വെന്റിലേറ്ററിൽ കിടക്കുന്നവൻ അവിടെയൊരാളിന്റെ കാലൊടിഞ്ഞുപോയെന്ന് പറയുന്നതുപോലെയാണ്. നിങ്ങൾ കിടക്കുന്നത് വെന്റിലേറ്ററിലല്ലേ? ഒരു ഓട്ടോറിക്ഷയുണ്ടെങ്കിൽ നിങ്ങൾക്ക് ഇന്ത്യൻ പാർലമെന്റിലെത്താൻ കഴിയും. എവിടെ നിന്നാണ് പോകുന്നതെന്ന് ആലോചിക്കണം. ഇന്ത്യൻ പാർലമെന്റിൽ പ്രധാനപ്പെട്ട പ്രതിപക്ഷ നേതാവായിരുന്ന എ.കെ.ജി. കണ്ണൂരുകാരനാണ്. അദ്ദേഹം പ്രതിപക്ഷ നേതാവായും ജവഹർലാൽ നെഹ്റു ഇന്ത്യൻ പ്രധാനമന്ത്രിയുമായിരുന്ന സ്ഥാനത്തുനിന്ന് നിങ്ങൾ ഇപ്പോൾ നേരെ ഫട്ഫട് എന്നൊരു വാഹനത്തിൽ കയറി പാർലമെന്റിനകത്ത് പോകാൻ കഴിയുന്നൊരവസ്ഥയിലാണല്ലോ. അത് നിങ്ങൾ ആലോചിച്ചാൽ മതി. ഞാൻ നിങ്ങളെ അധികം കുറ്റപ്പെടുത്തുന്നില്ല. വീട് കത്തുമ്പോഴും ആ വീട് നിന്നിരുന്നെങ്കിൽ എന്തുചെയ്യുമെന്നുള്ള തീ വച്ചവന്റെയൊരു ചിന്തയുണ്ട്. ഇവിടെ ബി.ജെ.പി. ഇതര പാർട്ടികളുടെ മുന്നണിയുണ്ടാക്കാൻ തീരുമാനിച്ചതല്ലേ; നിങ്ങളല്ലേ ആദ്യമായി പോളിറ്റ് ബ്യൂറോ കൂടി അത് വേണ്ടെന്ന് പറഞ്ഞത്? അതിന് നിങ്ങൾക്ക് ന്യായീകരണം കാണും. പക്ഷേ, ജനങ്ങൾക്കില്ല. അതുകൊണ്ട് ആ രൂപത്തിലുള്ള നടപടി വിട്ട് ഇനിയെങ്കിലും നന്നാകുന്നതിനെക്കുറിച്ച് ആലോചിക്കണമെന്നാണ് എനിക്ക് ഓർമ്മിപ്പി ക്കാനുള്ളത്. അവസാനത്തെ വണ്ടിയും പോകാൻ പോകുന്നതേയുള്ളൂ.

ഇവിടെ കൊണ്ടുവന്ന പ്രോഗ്രസ്സ് റിപ്പോർട്ടിൽ പി.ഡബ്ല്യു.ഡി.-യുടെ ഭാഗമായി 66-ാം പേജിൽ ചില കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. പൊന്നാനി മുതൽ കോഴിക്കോടുവരെയുള്ള തീരദേശ ഹൈവേ അതിവേഗം പൂർത്തിയാക്കുമെന്നും 218-ാമത്തെ പേജിൽ ഹൈവേകളുടെയും റോഡുകളുടെയും സംരക്ഷണവും അറ്റകുറ്റപ്പണികളും കാര്യക്ഷമമായി നടപ്പാക്കാനുള്ള സംവിധാനങ്ങൾ ആവിഷ്കരിക്കുമെന്നുമാണ് പറഞ്ഞിട്ടുള്ളത്. ഇത് പ്രോഗ്രസ് റിപ്പോർട്ടല്ല. പ്രോഗ്രസ്സിനെക്കുറിച്ചുള്ള സ്വപ്നമാണ്. അങ്ങയുടെ സ്വപ്നം ശരിയാണ്. എനിക്ക് അങ്ങയെ വളരെ നേരത്തെ അറിയാം. അങ്ങ് ആദർശശുദ്ധിയുള്ള ആളാണ്. അങ്ങൊരിക്കലും അഴിമതിക്കും അതുപോലുള്ള മറ്റ് നടപടികൾക്കും

കുട്ടനിൽക്കുന്നൊരാളല്ല. അങ്ങയുടെ കഴിവുകൾ കൃത്യമായി അറിയാവുന്ന ഒരാളാണ് ഞാൻ. അങ്ങയുടെ വിദ്യാഭ്യാസകാലം മുതൽ ക്വാളിറ്റി വിലയിരുത്തിയിട്ടുള്ളൊരു വ്യക്തിയാണ് ഞാൻ. അതുകൊണ്ട് അതിനെക്കുറിച്ചൊന്നും പറയുന്നില്ല. രണ്ട് കാര്യങ്ങളാണ് എനിക്ക് പറയാനുള്ളത്. അങ്ങയെ വെട്ടിലാക്കാൻ ശ്രമിക്കുന്ന ആളുകളുണ്ട്. ടെണ്ടറില്ലാതെ പണി നൽകിയിട്ടുള്ള ലേബർ കോൺട്രാക്ട് സൊസൈറ്റികൾ എത്രയെന്നും എത്ര കോടി രൂപയുടെ പണികൾ അവർക്ക് കൊടുത്തിട്ടുണ്ടെന്നും അങ്ങിവിടെ പറയണം. അങ്ങ് വ്യക്തിപരമായി ചെയ്തുവെന്നൊന്നും എനിക്കഭിപ്രായമില്ല. കാരണം, ഇതിനൊക്കെ നിലയ വിദ്വാൻമാർ ഓരോ മന്ത്രിമാരുടെ ഓഫീസുകളിലും ഇരിപ്പുണ്ട്. അവരെ അപ്പോയിന്റ് ചെയ്തത് നിങ്ങളല്ല. അത് വേറെ സ്ഥലത്തുനിന്നുമാണ്. നിലയവിദ്വാന്റെ സാംഗ്ഷനുണ്ടെങ്കിലേ നിങ്ങൾക്കും മൂവ് ചെയ്യാൻ കഴിയൂവെന്ന് ഞങ്ങൾക്കറിയാം. എന്നാലും ഇതൊക്കെയെന്ത് എന്നതിനെക്കുറിച്ച് പറയണം. ഞാൻ വരുന്ന വഴിയിൽ കണ്ടത് റിലയൻസുകാർ റോഡ് കുഴിച്ചുകൊണ്ടിരിക്കുന്നതാണ്. ഒരു ഓർഡറിന്റെ കോപ്പി എന്റെ കയ്യിലുണ്ട്. അതിനകത്ത് പറയുന്നത്, 'The telecom company is concerned, shall do the restoration work on their own under the supervision of the Department' എന്നാണ്. പക്ഷേ, ഏത് restoration ആണ് നടക്കുന്നത്. എന്റെ വാക്ക് തർക്കിക്കാൻ വേണ്ടി അങ്ങ് എന്നോട് പറയും ഞങ്ങൾ immediate ആയി ചെയ്തിട്ടുണ്ടെന്ന്. ചെയ്യാത്ത നൂറ് കേസ് ഞാൻ അങ്ങയെ പറഞ്ഞ് കേൾപ്പിക്കാം. ശ്രീ. കെ. വി. അബ്ദുൾ ഖാദർ ഇവിടെ എല്ലാം ഉയർത്തിപ്പറഞ്ഞിട്ട് ഇവിടെ കുണ്ടും കുഴിയുമാണെന്ന് പറഞ്ഞു. ഡോ. ടി. എം. തോമസ് ഐസക് പ്രതിപക്ഷത്തിരുന്ന സമയത്ത് വൈക്കം മുതൽ കോട്ടയം വരെ കുഴിയെണ്ണാൻ നടന്നു. ഈ മഴ കഴിഞ്ഞതിനുശേഷം നമ്മുടെ നാട്ടിലെ കുഴിയെണ്ണാൻ ഡോ. ടി. എം. തോമസ് ഐസക് ഒരുമണിക്കൂറെങ്കിലും മെനക്കെടുമോ? എല്ലായിടത്തും കുഴിയാണ്. ആ കുഴി നികത്തുന്നതിനുള്ള എന്തെങ്കിലും നടപടിയുണ്ടാകണ്ടേ? ഞാനത് അങ്ങയുടെ കുറ്റമായി പറയുന്നില്ല. പി.ഡബ്ല്യു.ഡി. റോഡുകളുടെ ആധുനികവൽക്കരണം നടക്കണം. അതിനുള്ള പരിശ്രമം നടന്നേ മതിയാകൂ. റബ്ബറൈസ്ഡ് റോഡിനെക്കുറിച്ച് കുറേ സങ്കല്പങ്ങൾ പറയുന്നുണ്ട്. കാര്യമായിട്ടൊന്നും നടക്കുന്നില്ലെന്ന് അങ്ങേക്ക് അറിയാമല്ലോ. പ്ലാസ്റ്റിക് മിശ്രിതം ഉപയോഗിച്ചുള്ള റോഡിന്റെ കാര്യത്തിലും കാര്യമായിട്ടൊന്നും നടക്കുന്നില്ല. ഇവിടെ കാലാവസ്ഥയ്ക്കനുയോജ്യമായി അതിനെ വെല്ലുന്ന രീതിയിലുള്ള കൺസ്ട്രക്ഷൻ വർക്കൊക്കെ നടക്കേണ്ടതല്ലേ? ഇപ്പോൾ പാലാരിവട്ടം പാലമാണ് സഭയിലെ ഏറ്റവും പ്രധാനപ്പെട്ട വിഷയം. പാലാരിവട്ടം പാലമില്ലായിരുന്നെങ്കിൽ എന്തുചെയ്യുമായിരുന്നുവെന്ന് അടുത്തിരുന്ന രസികൻമാരായ ചില സഹോദരൻമാർ എന്നോട് ചോദിച്ചു. ഒരു പാലം പണി

പൂർത്തിയാക്കുമ്പോൾ കരാറുകാരൻ പാലം ഗതാഗത യോഗ്യമാണോ ഇല്ലയോയെന്ന് സർട്ടിഫൈ ചെയ്യണ്ടേ? ഡിപ്പാർട്ട്മെന്റ് അതിന് ഒരു ഫിറ്റ്നസ് സർട്ടിഫിക്കറ്റ് കൊടുക്കണ്ടേ? ഡിപ്പാർട്ട്മെന്റിന്റെ ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാതെ നമുക്കൊരു പാലം തുറക്കാൻ കഴിയുമോ? അങ്ങ് എന്റെ നിയോജകമണ്ഡലത്തിലെ ഒരു പാലത്തെക്കുറിച്ച് പറഞ്ഞപ്പോൾ സത്യത്തിൽ എനിക്ക് ദുഃഖം തോന്നി. കാരണം, അങ്ങ് കള്ളം പറയുന്ന ആളല്ലെന്ന് എനിക്കറിയാം. എനിക്കതിന്റെ വിശദാംശം വേണമെന്ന് പറഞ്ഞപ്പോൾ വിശദാംശം തന്നു. അതിൽ പറഞ്ഞിരിക്കുന്നത് ആ പാലത്തിൽ പോറൽ വീണിരുന്നു, അതിനുശേഷം അതിന്റെ മേൽഭാഗം നന്നാക്കിയപ്പോൾ കുഴപ്പമില്ലാതായി, അങ്ങനെ ഉദ്ഘാടനം ചെയ്തു എന്നാണ്. എനിക്കതിൽ വിരോധമില്ല. കാരണം, സത്യസന്ധമായി അങ്ങൊരു നിലപാടെടുത്തു. ആ നിലപാടിനോട് ഞാൻ യോജിക്കുന്നു. അതല്ലാതെ ഇവിടെ കാടടച്ച് വെടിവയ്ക്കാൻ ശ്രമിക്കേണ്ട. നിർമ്മാണം പൂർത്തിയാക്കി ഡിപ്പാർട്ട്മെന്റിന്റെ റിപ്പോർട്ട് ലഭ്യമായാൽ മാത്രമേ പാലം ജനങ്ങൾക്കായി തുറന്നുകൊടുക്കാൻ സാധിക്കൂ; പാലാരിവട്ടം പാലത്തിനും അതെല്ലാം ബാധകമല്ലേ; പാലാരിവട്ടം പാലത്തിന്റെ കോൺട്രാക്ടെടുത്ത ആർ.ഡി.എസ്. കമ്പനി സംസ്ഥാന പി.ഡബ്ല്യു.ഡി.യുടെ കീഴിൽ ഇന്ന് ഏതെങ്കിലും വർക്ക് ചെയ്യുന്നുണ്ടോ; അങ്ങനെ ചെയ്യുന്നുണ്ടെങ്കിൽ അത് തെറ്റാണ്. അവരെ ബ്ലാക്ക് ലിസ്റ്റിൽപ്പെടുത്തണം. അവർക്ക് നൽകിയ പണികളെ സംബന്ധിച്ച് ഗവൺമെന്റ് തന്നെ ഒരു സമീപനമെടുക്കുന്നു എന്നാണ് ഞാൻ മനസ്സിലാക്കിയത്. അവിടെ ഏതെങ്കിലും പാലത്തിന്റെ കീഴിൽപ്പോയി നമ്മൾ മേലേക്ക് നോക്കിയതുകൊണ്ടായോ; ആക്ഷൻ നടക്കണം. ആ ആക്ഷൻ നടക്കാത്തതെന്താണ്? എന്റെ അറിവിൽ കൊല്ലം ബൈപ്പാസ്, ആലപ്പുഴ ബൈപ്പാസ്, കഴക്കൂട്ടം ഫ്ലൈ ഓവർ, എറണാകുളത്തുതന്നെയുള്ള കെ.എസ്.ആർ.ടി.സി. ഫ്ലൈ ഓവർ എന്നിവയുടെയെല്ലാം പ്രവൃത്തി ആർ.ഡി.എസ്. കമ്പനി ഇപ്പോഴും നടത്തിക്കൊണ്ടിരിക്കുകയാണ്; അതിനെക്കുറിച്ച് പരിശോധിക്കണ്ടേ? പാലാരിവട്ടം പാലം പണിയിൽ തെറ്റ് കാണിച്ച അതേ കമ്പനിതന്നെ സംസ്ഥാനത്ത് ഇതേ ഡിപ്പാർട്ട്മെന്റിന് കീഴിൽ വേറെ വർക്ക് ചെയ്യുന്നു. നമ്മൾ അവരെ ബ്ലാക്ക് ലിസ്റ്റിൽപ്പെടുത്തി അവരുടെ റിസ്ക് ആന്റ് കോസ്റ്റിൽ പുതിയ ആളുകളെക്കൊണ്ട് പണി നടത്തണ്ടേ; അത് ചെയ്താൽ പ്രശ്നം തീർന്നല്ലോ. അവരുടെ റിസ്ക് ആന്റ് കോസ്റ്റിൽ ഈ തുക ഈടാക്കാൻ കഴിയില്ലേ. അങ്ങത് ചെയ്യുമെന്നാണ് എന്റെ പ്രതീക്ഷ. അത് ചെയ്യണമെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. ഇന്നിപ്പോൾ നിർമ്മാണ പ്രവർത്തനത്തിൽ ഏറ്റവും പ്രധാന പ്രശ്നം ഭൂമി ഏറ്റെടുക്കലാണ്. റവന്യൂ ഡിപ്പാർട്ട്മെന്റിൽ 2012-ലെ ഒരുത്തരവുണ്ട്, R&R (Rehabilitation and Resettlement) സ്കീം.

ആ സ്കീമനുസരിച്ച് ഭൂമി ഏറ്റെടുക്കാൻ തീരുമാനിച്ചാൽ വലിയൊരു പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ കഴിയും. പക്ഷേ, അതെടുക്കുന്നില്ല. റവന്യൂ ഡിപ്പാർട്ട്മെന്റുമായി അങ്ങ് ആലോചിക്കണം. ആ ഭാഗത്ത് പാലത്തിനുവേണ്ടി R&R സ്കീം അനുസരിച്ച് ഭൂമി ഏറ്റെടുക്കണം. നമ്മൾ പൊന്നുംവില അനുസരിച്ച് എടുക്കും. അതുകഴിഞ്ഞ് ഉടമകൾ കോടതിയിൽപോകും. ഇപ്പോൾ കൊടുക്കേണ്ടതിനെക്കാൾ പത്തിരട്ടി പണം അന്ന് കോടതിയിൽ കെട്ടിവയ്ക്കും. അവർക്കും ലാഭം, ഇവർക്കും ലാഭം. ആ രൂപത്തിലുള്ള സമീപനമെടുക്കരുത്. അത് പ്രാകൃത സംവിധാനമാണ്. അതുകൊണ്ട് അത് മോഡേണൈസ് ചെയ്യുന്നതിനുള്ള എല്ലാ നടപടിയുമെടുക്കണമെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. കെ.എസ്.ടി.പി. റോഡ് രണ്ടാം ഘട്ടം 2010 മുതൽ തുടങ്ങി 2019 ഏപ്രിൽ മാസത്തിൽ തീരേണ്ടതായിരുന്നു, തീർന്നിട്ടില്ല. പിന്നെയും കുറച്ച് നീട്ടിക്കൊടുത്തുവെന്നാണ് എനിക്ക് തോന്നുന്നത്. ഇനി നീട്ടാൻ ഇടയാകരുത്. കഴിയുന്നത്ര വേഗം അതിനൊരു പരിഹാരമുണ്ടാക്കണം. ആ റോഡ് ജനങ്ങൾക്ക് തുറന്ന് കൊടുക്കത്തക്ക രീതിയിലുള്ള നടപടിയുണ്ടാകണം. ഇപ്പോൾ റോഡിന്റെ പണി പൂർത്തിയായിക്കഴിയുമ്പോൾ വെട്ടിപ്പൊളിക്കാൻ നമ്മുടെ വാട്ടർ അതോറിറ്റി വരും, അതുകഴിഞ്ഞ് ബി.എസ്.എൻ.എൽ., അതുകഴിഞ്ഞാൽ അടുത്ത ഡിപ്പാർട്ട്മെന്റ്. ഇതിനൊരു കോ-ഓർഡിനേഷൻ വേണ്ടേ? അങ്ങനെയൊരു കോ-ഓർഡിനേഷനുവേണ്ടി സംസ്ഥാന തലത്തിൽ ചീഫ് സെക്രട്ടറി ചെയർമാനായ ഒരു കമ്മിറ്റിയുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ആ കമ്മിറ്റി എത്ര പ്രാവശ്യം യോഗം ചേർന്നു? ജില്ലകളിൽ ജില്ലാ കളക്ടർ ചെയർമാനായി ഒരു കമ്മിറ്റിയുണ്ട്; എത്ര പ്രാവശ്യം യോഗം ചേർന്നിട്ടുണ്ട്? പണം കിട്ടിയാലും പണി നടക്കുകയില്ലെന്ന നിലയിൽ നിൽക്കുകയല്ലേ; ആ രൂപത്തിൽ നമുക്ക് മുന്നോട്ട് പോകാൻ കഴിയുമോ? ഇതുപോലെയുള്ള അപാകതകൾ ഒഴിവാക്കുന്നതിന് നടപടിയുണ്ടാകണം.

റോഡുകൾക്ക് ബ്യൂട്ടിഫിക്കേഷനാണ് ഏറ്റവും പ്രധാനം. ഒരു നഗരത്തിന്റെ ജീവരേഖ അവിടത്തെ ഏറ്റവും നല്ല റോഡുകളാണ്. റോഡുകൾ ബ്യൂട്ടിഫൈ ചെയ്യുന്നതിനുള്ള നടപടിയെടുക്കണം. റോഡുകളുടെ ബ്യൂട്ടിഫിക്കേഷനുള്ള നടപടിയുണ്ടായിട്ടുണ്ടോ; ചിലയിടത്ത് ഉണ്ടായിട്ടുണ്ടാകാം. പക്ഷേ, പലയിടത്തും അത് കാണുന്നില്ല. റോഡ് കയ്യേറ്റം ബഹുമാനപ്പെട്ട ഹൈക്കോടതി തന്നെ തടഞ്ഞിട്ടുള്ളതാണെങ്കിലും പുതിയ റോഡിൽപ്പോലും കയ്യേറ്റം നടക്കുകയാണ്. ജില്ലാതല അവലോകനം നടത്തിയപ്പോൾ കയ്യേറ്റങ്ങൾ ഒഴിവാക്കണമെന്ന് അങ്ങ് നിർദ്ദേശിച്ചതിന് ഞാനും സാക്ഷിയാണ്. പക്ഷേ, അവിടെ വീണ്ടും കയ്യേറ്റം നടന്നുകൊണ്ടിരിക്കുകയാണ്. രാഷ്ട്രീയ സ്വാധീനങ്ങളുള്ളവരാണ് കയ്യേറ്റം

നടത്തുന്നത്. ആദ്യം രണ്ട് കാൽ മുന്നിലേയ്ക്കും രണ്ട് കാൽ പുറകിലേയ്ക്കും വയ്ക്കും. കുറച്ച് കഴിയുമ്പോൾ ഈ കാൽ മുന്നോട്ട് നീങ്ങും, കുറേ കഴിയുമ്പോൾ റോഡിന്റെ മദ്ധ്യത്തിലേക്കാകും. റോഡ് മുഴുവനായും ഇവർ കയ്യേറുകയല്ലേ. ഇപ്പോൾ ഒരു പുതിയ റോഡ് പണിയുമ്പോൾ, ഫോർ ലൈൻ ട്രാഫിക് ആയാലും, അതിന്റെ ഷോൾഡറിനും ഫുട്പാത്ത് ഏരിയായ്ക്കുംവേണ്ടി നമ്മൾ സ്ഥലം ഏറ്റെടുക്കും. ആ ഫുട്പാത്ത് ഏരിയായിലും റോഡ് ഷോൾഡറിലും ഈ കയ്യേറ്റക്കാർ വന്ന് കയറുകയാണ്. അതിന് കൂട്ടുനിൽക്കാൻ കുറേ ആളുകളുമുണ്ട്. ആ രൂപത്തിൽ നമുക്ക് മുന്നോട്ട് പോകാൻ കഴിയുമോ? അതുകൊണ്ട് കോടതി ഉത്തരവനുസരിച്ച് റോഡ് പുറമ്പോക്കിലെ കയ്യേറ്റം ഒഴിവാക്കുന്നതിന് നടപടിയെടുക്കണം.

എന്റെ നിയോജകമണ്ഡലവുമായി ബന്ധപ്പെട്ട് രണ്ടു മൂന്ന് കാര്യങ്ങൾ പറയാനുണ്ട്. അതിലൊന്ന്, കഞ്ഞിക്കുഴി മേൽപ്പാലം സംബന്ധിച്ചാണ്. കഞ്ഞിക്കുഴി മേൽപ്പാലം 38 കോടി രൂപയ്ക്ക് ടെണ്ടർ വിളിച്ചതാണ്. സ്ഥലം ട്രാൻസ്ഫർ ചെയ്യാത്തതിനാൽ ആ പണി ചെയ്യാൻ കഴിഞ്ഞില്ലെന്നാണ് പറയുന്നത്. ഞാൻ അതിന്റെ കാരണത്തെക്കുറിച്ച് വിശദമായി പറയുന്നില്ല. അത് പണിയിപ്പിക്കുന്നതിന് നടപടിയുണ്ടാകണം. രണ്ടാമത്, കോടിമത രണ്ടാം പാലം, ആ പാലത്തിന് 10 ചാക്ക് സിമന്റ് ഈ ഗവൺമെന്റ് വിചാരിച്ചാൽ ലഭ്യമാകില്ലേ. 10 ലോഡ് മണ്ണ് ഈ സർക്കാർ വിചാരിച്ചാൽ ലഭ്യമാകില്ലേ. മൂന്ന് കൊല്ലമായി അത് തടഞ്ഞിട്ടിരിക്കുകയാണ്. എന്തിന്റെ കാരണത്താലാണ്; യാതൊരു കാര്യവുമില്ല. എന്നാലും മൂന്ന് കൊല്ലമായി അത് തടഞ്ഞിട്ടിരിക്കുകയാണ്. അങ്ങ് പരിശോധിക്കണം. പി.ഡബ്ല്യു.ഡി. റോഡിന് എം.എൽ.എ. ഫണ്ട് മുടക്കേണ്ടിവന്ന ഒരു വ്യക്തിയാണ് ഞാൻ. കേരളത്തിൽ നിങ്ങൾക്കാർക്കെങ്കിലും ആ അനുഭവമുണ്ടായിട്ടുണ്ടെങ്കിൽ എന്നോട് പറയണം. പി.ഡബ്ല്യു.ഡി. റോഡിന്റെ പണി പൂർത്തിയാക്കുന്നതിനുവേണ്ടി കോട്ടയം ഡെവലപ്മെന്റ് കോറിഡോറിന് 2.85 കോടി രൂപ എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ നിന്ന് കൊടുക്കേണ്ടി വന്ന ഗതികേട് ഒരു എം.എൽ.എ.-യ്ക്ക് വന്നെന്ന് വരികിൽ, അങ്ങ് അതിനെക്കുറിച്ച് ആലോചിക്കണ്ടേ; അങ്ങ് കുറച്ച് കാശ് തന്നു; കുറേ ഭാഗം തീർത്തു. ബാക്കിയുള്ളത് എന്തുചെയ്യണമെന്ന് അങ്ങയോട് ഞാൻ ചോദിച്ചപ്പോൾ അതിനുള്ള മാർഗ്ഗമില്ലെന്ന് പറഞ്ഞു. അങ്ങയുടെ കുറ്റമല്ല, ധനകാര്യ വകുപ്പുമന്ത്രി കാശ് തരാത്തതു കൊണ്ടാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. നമ്മുടെ സംസ്ഥാനത്തെ വികസനം കൊതിക്കുന്ന ഒരു ജനതയുടെ മുന്നിൽ നമുക്ക് അതുപോലെയുള്ള നടപടി എടുക്കാൻ കഴിയില്ല. ലോക്കൽ മാർക്കറ്റ് പ്രൈസ് അനുസരിച്ചാണ് ടെണ്ടർ കൊടുക്കുന്നതെന്നാണ് പറഞ്ഞത്. ലോക്കൽ മാർക്കറ്റ് പ്രൈസ് ഓരോ ജില്ലയിലും ഓരോന്നാണ്. ലോക്കൽ മാർക്കറ്റ് പ്രൈസ് അനുസരിച്ച് ടെണ്ടർ ക്വാട്ട് ചെയ്ത് ലോവസ്റ്റായാലും അതിനെക്കാൾ താഴെയാണെങ്കിലും ടെണ്ടർ കൊടുക്കുന്നില്ലെന്ന് ഇതിന്റെ അധികൃതർ പറയുന്നു. അപാകതകളുണ്ടെങ്കിൽ പരിഹരിക്കണം.

ആവശ്യമായ നടപടിയിലേക്ക് പോകണം. എന്റെ നിയോജകമണ്ഡലത്തിൽ 16 കോടി രൂപയ്ക്ക് കിഫ്ബി റോഡ് മൂന്ന് കൊല്ലം മുമ്പ് അനുവദിച്ചതാണ്. ബോർമ്മ കവല- പരുത്തുംപാറ-വെള്ളുത്തുരുത്തി-തൃക്കോത്ത് റോഡിന്റെ ഡി.പി.ആർ. പോലും ആയിട്ടില്ല. മൂന്ന് വർഷംകൊണ്ട് ഡി.പി.ആർ. ആയില്ലെങ്കിൽ പിന്നെ എന്ത് കിഫ്ബിയാണ്. അങ്ങ് മുമ്പ് പറഞ്ഞതുപോലെ ഇത് ഞങ്ങളെ ആക്ഷേപിക്കാനുള്ള കിഫ്ബിയാണോ; ആ രൂപത്തിൽ ചെയ്യാമോ? ഞാൻ അങ്ങേക്കുംവേണ്ടി വാദിക്കുകയാണ്, വെള്ളപ്പൊക്കത്തിൽ തകർന്ന റോഡുകൾ നന്നാക്കാനായി അടിയന്തര ധനസഹായം അനുവദിക്കണം. വെള്ളപ്പൊക്കവുമായി ബന്ധപ്പെട്ട് പിരിച്ചെടുത്ത 5500 കോടി രൂപ ഈ ഗവൺമെന്റിന്റെ പക്കൽ ഇരിപ്പുണ്ട്. അത് ഈ നാട്ടിലെ വെള്ളപ്പൊക്കത്തിൽ തകർന്ന റോഡുകൾ നന്നാക്കാൻവേണ്ടി മുടക്കണം. നമ്മുടെ ബഡ്ജറ്റിനകത്ത് എ.എസ്. കൊടുക്കാനുള്ള തുക വച്ചിട്ടുണ്ട്. ടി.എസ്. തരാതെ എന്തുചെയ്യാനാകും; അടുത്ത നടപടിയിലേക്ക് പോകാനാകുമോ? അതുകൊണ്ട് മുടന്തൻ ന്യായങ്ങൾ പറയാതെ വികസനപരമായ ഒരുയർന്ന ചിന്തയോടുകൂടി പോകണം. അങ്ങ് ഈ നിയമസഭയിൽത്തന്നെ ഒരു കാര്യം പറഞ്ഞത് ഞാൻ ഓർക്കുകയാണ്; ഐക്യ ജനാധിപത്യ മുന്നണി ഭരിക്കുന്ന കാലത്ത് എനിക്ക് ഒരു കോടി രൂപപോലും തന്നില്ലെന്ന് അങ്ങ് പറഞ്ഞു. ആ കഥ എന്തെന്ന് എനിക്കറിയില്ല. പക്ഷേ, അതിന്റെ പ്രതികാരം, ഈ പുതിയ യുഗത്തിൽ, പുതിയ കാഴ്ചപ്പാട്, പുതിയ പണി, അതിൽ ഈ പണി ഉണ്ടാകരുതെന്ന് വിനയപൂർവ്വം ഓർമ്മിപ്പിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ലിസ്റ്റിൽ ഉണ്ടായിരുന്ന എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളും സംസാരിച്ചുകഴിഞ്ഞു. ചർച്ച സജീവമാക്കിയതിന് എല്ലാവരോടും നന്ദി പറയുകയാണ്.

അടിസ്ഥാന സൗകര്യ വികസനത്തിന്റെ പ്രധാന നേതൃത്വമുള്ള പൊതുമരാമത്ത് വകുപ്പിൽ വന്ന ഗുണപരമായ മാറ്റങ്ങളെപ്പറ്റി ബഹുമാനപ്പെട്ട മെമ്പർമാർ, പ്രതിപക്ഷത്തുനിന്നുപോലും പലരും സംസാരിച്ചു. ഏത് വകുപ്പിലും മാറ്റമുണ്ടാക്കാൻ കഴിയും, നിയമങ്ങൾ പാലിക്കണമെന്ന് മാത്രമേയുള്ളൂ. ദീർഘകാലമായും ചില ഘട്ടങ്ങളിൽ വളരെ മോശമായും പൊതുമരാമത്ത് വകുപ്പിനെ കൈകാര്യം ചെയ്തതിന്റെ ഭാഗമായും അതിന്റെ നിയമങ്ങളും ചട്ടങ്ങളും ഗുണമേന്മയും പരിശോധിക്കാതെ പ്രവർത്തനങ്ങൾ നടത്തിയതിന്റെ ഫലമായും സാമ്പത്തികമായി ധാരാളം തെറ്റുകൾ സംഭവിക്കുന്നതുകൊണ്ടും ചില വകുപ്പുകൾക്ക് പേരുദോഷം വരാറുണ്ട്. ഏറ്റവും കൂടുതൽ പേരുദോഷം വന്നിരുന്ന വകുപ്പാണ് പി.ഡബ്ല്യു.ഡി.യെന്ന് എല്ലാവർക്കുമറിയാം, ഇവിടെ അത് പറഞ്ഞുകഴിഞ്ഞു. മറ്റ് ചില വകുപ്പുകൾക്കും താരതമ്യേന കുറവാണെങ്കിലുമുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം അങ്ങനെയുള്ള വകുപ്പുകളെ മാറ്റിയെടുക്കാനുള്ള പരിശ്രമമാണ് ബന്ധപ്പെട്ട മന്ത്രിമാർ ചെയ്തുകൊണ്ടിരിക്കുന്നത്. ഞാനും അതുതന്നെയാണ് ചെയ്യുന്നത്. നമുക്കോരോരുത്തർക്കും ഓരോ രീതിയുണ്ട്.

അതനുസരിച്ച് നമ്മൾ ചെയ്യുകയാണ്. പക്ഷേ, ഈ ഗവൺമെന്റിന് മൊത്തത്തിൽ വളരെ മികച്ച ഒരു ദിശാബോധം നൽകാൻ വളരെ ശക്തനായ ഒരു നായകൻ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഞങ്ങൾക്കുണ്ടെന്നുള്ളത് എനിക്കും എന്റെ വകുപ്പിനും ബോധ്യമുള്ള കാര്യമാണ്. ദേശീയപാതയുടെയോ പൊതുമരാമത്ത് പണികളുടെയോ റെയിൽവേയുടെയോ തീരദേശ പാതയുടെയോ മലയോരപാതയുടെയോ കാര്യമായാലും, ഇതെല്ലാം നമ്മുടെ വകുപ്പിൽ വരുന്ന കാര്യങ്ങളാണ്. അദ്ദേഹത്തിന്റെ വകുപ്പിലേതും മറ്റു വകുപ്പുകളുടെ കാര്യമൊന്നും ഞാൻ പറയുന്നില്ല. അദ്ദേഹം മുൻകയ്യെടുത്താണ് കേരളത്തിന്റെ വികസനത്തിനുവേണ്ടി സവിശേഷമായ പ്രവർത്തനം നടത്തികൊണ്ടിരിക്കുന്നത്. ഈ പറഞ്ഞ കാര്യങ്ങളടക്കം കേരളത്തിന്റെ ആവശ്യങ്ങൾക്കുവേണ്ടി എത്ര തവണയാണ് പ്രധാനമന്ത്രിയെ കണ്ടിരിക്കുന്നത്. വിമാനത്താവളം അടക്കമുള്ള കാര്യങ്ങൾക്കുവേണ്ടി കഴിഞ്ഞ 15-ാം തീയതിയും കണ്ടു. ബന്ധപ്പെട്ട റെയിൽവെ മന്ത്രിയുമായും റോഡ് - സർഫസ് ട്രാൻസ്പോർട്ട് മന്ത്രിയുമായും എത്ര ചർച്ചകളാണ് നടത്തിയിരിക്കുന്നത്. ആ പ്രക്രിയ നിരന്തരം നടക്കുകയാണ്. അതിന്റെ ഫലമായി പല തടസ്സങ്ങളും മാറിക്കിട്ടുന്നുണ്ട്. നല്ല സപ്പോർട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയിൽ നിന്നുണ്ടാകുമ്പോഴുള്ള മാറ്റം ചെറുതല്ല. അത് നല്ല നിലയിൽ ലഭിച്ച ഒരു കാര്യാലയമാണ് എന്റെ വകുപ്പ്. അതെനിക്ക് വളരെ സഹായകരമായ ശക്തി പകർന്നു. പ്രതിപക്ഷം അത് മനസ്സിലാക്കാൻ വേണ്ടിയാണ് പറയുന്നത്. ശ്രീ. രമേശ് ചെന്നിത്തലയ്ക്കൊക്കെ അദ്ദേഹത്തിന്റെ സ്വഭാവം നന്നായി അറിയാം. എങ്കിലും ഞാൻ വീണ്ടും പറയുകയാണ്. അങ്ങനെയൊരു നായകനുണ്ട്. കേരളത്തിലെ മുഴുവൻ ജനങ്ങളെയും ഭരണകക്ഷി പ്രതിപക്ഷ കക്ഷി വ്യത്യാസമില്ലാതെ ഈ സംസ്ഥാനത്തെ മൊത്തം നവീന കാലത്ത് മുന്നോട്ട് കൊണ്ടുപോകാനുള്ള കാഴ്ചപ്പാടോടുകൂടി പ്രവർത്തിക്കുകയാണ്. വികസനം എല്ലാ വകുപ്പിലുമുണ്ട്, പൊതുമരാമത്ത് വകുപ്പിൽ കൂടുതലായുണ്ട്. ഏറ്റവും കൂടുതൽ വരുന്നത് പൊതുമരാമത്ത് വകുപ്പിലാണ്. വിദ്യാഭ്യാസ വകുപ്പിലും ആരോഗ്യ വകുപ്പിലുമാണ് താരതമ്യേന കൂടുതൽ വരുന്നത്, മറ്റ് വകുപ്പുകളിലും വരാറുണ്ട്. ആ നന്ദി ആദ്യമായി ഞാൻ അദ്ദേഹത്തിന് രേഖപ്പെടുത്തുകയാണ്.

അതുപോലെ പണം ഒരു പ്രശ്നമാണ്. ഗവൺമെന്റിന്റെ ആദ്യ വർഷം സാമ്പത്തികമായ പ്രശ്നങ്ങളും തടസ്സങ്ങളുമുണ്ടായിരുന്നെങ്കിലും തുടർന്നുള്ള രണ്ട് വർഷം കൂടുതൽ മെച്ചപ്പെട്ട ധനസഹായം നൽകുകയും അത് തുടരുകയും ചെയ്യുന്നു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ച് നടപ്പിലാക്കുന്ന കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് സാധാരണഗതിയിൽ തൊടാൻ സാധിക്കാത്ത വലിയ പദ്ധതികളാണ് നടപ്പാക്കുന്നത്. റോഡുകളുടെയും പാലങ്ങളുടെയും റെയിൽവേ ഓവർ ബ്രിഡ്ജുകളുടെയും അണ്ടർപാസ്സുകളുടെയും മറ്റും ലിസ്റ്റ് ഞാൻ നോക്കിയപ്പോൾ ഭരണകക്ഷി എം.എൽ.എ.-മാർക്ക്

കിട്ടിയിട്ടുള്ളതിനെക്കാൾ വലിയ തുകകൾ പല പ്രതിപക്ഷ എം.എൽ.എ.-മാർക്കും കിട്ടിയിട്ടുള്ളതായി കാണുന്നു. അതിൽ യാതൊരു അപാകതയുമില്ല. കാരണം അവിടെ അത് ആവശ്യമാണ്, അതുകൊണ്ട് കൊടുത്തിരിക്കുന്നു. എനിക്കാണെങ്കിൽ നൂറ് കിലോമീറ്ററിൽ താഴെ പി.ഡബ്ല്യു.ഡി. റോഡേയുള്ളൂ. എത്ര തന്നാലും അവിടെയല്ലേ ചെയ്യാൻ കഴിയൂ. അറുന്നൂറും അഞ്ഞൂറും നാന്നൂറും കിലോമീറ്റർ റോഡുള്ളവർ ഇവിടെയുണ്ട്. സ്വാഭാവികമായും അവിടെ കൂടുതൽ പണം കൊടുക്കേണ്ടി വരും, എത്ര കൊടുത്താലും തികയില്ല. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അക്കാര്യത്തിന് പണം അനുവദിച്ചിട്ടുണ്ട്; അനുവദിച്ചുകൊണ്ടിരിക്കുകയാണ്; ഞങ്ങൾ വീണ്ടും വീണ്ടും അദ്ദേഹത്തോട് പണം ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. പി.ഡബ്ല്യു.ഡി. പ്രവർത്തനങ്ങൾക്ക് പണമില്ലാതെ സാധിക്കില്ലല്ലോ. നല്ല നിലയിൽ അതിന്റെ സഹായങ്ങൾ വന്നിരിക്കുന്നുവെന്നുള്ളതുകൊണ്ട് പ്രത്യേകമായ നന്ദി രേഖപ്പെടുത്തുന്നു.

ഓരോ സാമാജികനും അവരുടെ മണ്ഡലത്തിൽ നടക്കുന്ന കാര്യങ്ങൾ അറിയാമല്ലോ. ഏറ്റവും കൂടുതൽ വികസനം നടന്ന മണ്ഡലമാണ് അവസാനം സംസാരിച്ച ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റേത്. അവിടെ എന്തോ ചില കാര്യങ്ങൾ കുറഞ്ഞുപോയതാണ് അദ്ദേഹം എടുത്തുപറഞ്ഞത്. അത് സമ്മതിച്ചു, പരിശോധിച്ച് അത് തിരുത്താം. മന:പൂർവ്വം ഒന്നും ചെയ്തില്ലെന്ന് അങ്ങേക്ക് നന്നായി അറിയാം. ചെങ്ങന്നൂർ മുതൽ ഏറ്റുമാനൂർ വരെയുള്ള എം.സി. റോഡിന്റെ പണി പൂർത്തിയായിക്കഴിഞ്ഞു. അങ്ങ് പറഞ്ഞത് പൊതുവായുള്ള ചില പദ്ധതികളെക്കുറിച്ചാണ്. 12 പദ്ധതികളിൽ 4 എണ്ണം ഇനിയും തീരാനുണ്ട്. അത് ശരിയാണ്. ഇപ്പോൾ നല്ല പുരോഗതിയാണ് വന്നിരിക്കുന്നത്. ലോകബാങ്ക് സംതൃപ്തി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നും ഇങ്ങനെവേണം. ആരാണ് ഇവിടെ മന്ത്രിയെന്നത് വേറെ പ്രശ്നം. കേരളത്തിന്റെ സമഗ്ര വികസനം എന്നുപറയുന്നത് മഞ്ചേശ്വരം മുതൽ പാറശ്ശാല വരെയാണ്. ആരെയും തഴയുന്നത് ശരിയല്ല. മുമ്പ് ആരെങ്കിലും തഴഞ്ഞിട്ടുണ്ടെങ്കിൽ അത് മറന്നുകളയണം. അങ്ങനെ ചെയ്യുന്നത് ശരിയല്ലെന്നത് നമ്മൾ മനസ്സിലാക്കേണ്ട കാര്യമാണ്.

ശ്രീ. മുരളി പെരുനെല്ലി അഴിമതിക്കെതിരായി നടത്തുന്ന പിന്തുണയ്ക്ക് ഞാൻ നന്ദി രേഖപ്പെടുത്തുന്നു. എസ്റ്റിമേറ്റുകൾ അനാവശ്യമായി റിവൈസ് ചെയ്ത് പണം വാങ്ങുക, സബ് കോൺട്രാക്ട് കൊടുക്കുക ഇവയെല്ലാം നമ്മൾ അവസാനിപ്പിച്ചുകഴിഞ്ഞു. ഇതെല്ലാം അഴിമതിയുടെ സോഴ്സ് തന്നെയായിരുന്നു. ടെക്നിക്കലി ഒരു ആവശ്യമുണ്ടെങ്കിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യരുതെന്നല്ല, അനാവശ്യമായി ചെയ്യരുത്. അദ്ദേഹം പറഞ്ഞ ഒരു പ്രധാനപ്പെട്ട കാര്യം പ്രളയവും ഭൂകമ്പവും വരുന്ന സന്ദർഭങ്ങളിൽ പുതിയ നിർമ്മാണ റെഗുലേഷൻ ആവശ്യമാണ്.

എവിടെ വീട് വയ്ക്കണം, എവിടെ സ്ഥാപനം വയ്ക്കണമെന്നത് മാത്രം പോരാ. പി.ഡബ്ല്യൂ.ഡി. ഇപ്പോൾ ഡൽഹിയിലെ സെന്റർ ഫോർ റോഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടുമായി ഒരു ഡീൽ ഒപ്പ് വച്ചു, നാലായിരം കി.മീറ്റർ റോഡ്. റോഡ് നിർമ്മാണത്തിന്റെ അടിസ്ഥാന വസ്തുതകളും സാഹചര്യങ്ങളും മനസ്സിലാക്കാനുള്ള സർവ്വേയിൽ അവരുമായി കോൺട്രാക്ടിൽ ഏർപ്പെട്ടു. മൂന്ന് ദിവസമായി ആ സെമിനാർ ഇവിടെ നടക്കുന്നുണ്ട്, ഇന്ന് അത് അവസാനിക്കും. അവരും ഈ റെഗുലേഷന്റെ കാര്യം പറഞ്ഞു. അതേറ്റവും നല്ല കാര്യമാണ്. തൃശ്ശൂർ-വാടാനപ്പള്ളി റോഡിന്റെ കാര്യവും അദ്ദേഹത്തിന്റെ മണ്ഡലത്തിലെ കാര്യങ്ങളും പറഞ്ഞു. സമയമില്ലാത്തതുകൊണ്ട് ഞാൻ അതിലേക്ക് കടക്കുന്നില്ല. അതെല്ലാം ഗവൺമെന്റ് തീർച്ചയായും സ്പീഡ് അപ് ചെയ്യുന്നതാണ്.

മെട്രോയും എയർപോർട്ടും വിഴിഞ്ഞം തുറമുഖവുമെല്ലാം കഴിഞ്ഞ യു.ഡി.എഫ് ഗവൺമെന്റിന്റെ ഭരണകാലത്ത് തുടങ്ങിയതാണെന്ന് പറഞ്ഞു. അല്ലെന്ന് ഇവിടെയാരും പറഞ്ഞില്ല. അത് രേഖയല്ലേ? ആരുടെ ഭരണകാലത്ത് തുടങ്ങിയാലും അതെല്ലാം രേഖയാണ്. അതൊന്നും മാറ്റാൻ സാധിക്കില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ അതൊന്നും നിർത്തിയില്ലല്ലോ, അതെല്ലാം പൂർത്തിയാക്കി. വിഴിഞ്ഞം തുറമുഖം പൂർത്തിയായിട്ടില്ല, നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. അതാണ് വികസനം. ആ അടിസ്ഥാനത്തിൽ അതിനെ കാണണമെന്നാണ് എനിക്ക് പറയാനുള്ളത്. ശബരിമലയിൽ സ്ത്രീകൾ കയറാതിരിക്കാൻ ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ പാർലമെന്റിൽ പ്രൈവറ്റ് ബിൽ കൊണ്ടുവരുമെന്നൊക്കെ പറഞ്ഞു. ഞാൻ അതേപ്പറ്റി പറഞ്ഞാൽ പത്രക്കാർ നാളെ എന്റെ ഡിമാന്റ് ചർച്ചയെന്ന് പറഞ്ഞ് ഇതായിരിക്കും പത്രത്തിൽ കൊടുക്കുന്നത്. അത് ഭരണഘടനാപരമായി നോക്കി പാർലമെന്റിൽ ചെയ്യാൻ പോകുന്ന കാര്യമാണെന്ന് ഞാൻ പറയുകയാണ്. വലിയ ആവേശവും ആവേശക്കുറവും ആരും കാണിക്കേണ്ട. ഓരോ ദേവാലയത്തിനും ഇന്നയിന്ന ആചാരങ്ങളാണുള്ളതെന്ന് പറഞ്ഞ് നിയമം പാസ്സാക്കാൻ സാധിക്കുമോ? ആചാരങ്ങളുടെ പേരിൽ ബിൽ പാസ്സാക്കാൻ സാധിക്കുമോ? കോൺസ്റ്റിറ്റ്യൂഷന് പുറത്തുള്ള കാര്യമാണ് ആചാരം. കോൺസ്റ്റിറ്റ്യൂഷനിൽ ഒരു ആചാരത്തെപ്പറ്റിയും ഡിഫൈൻ ചെയ്യാൻ സാധിക്കില്ല. അതാണ് മതേതരത്വം. പാസ്സാക്കുകയോ പാസ്സാക്കാതിരിക്കുകയോ ചെയ്യാം; എന്ത് ചെയ്താലും നമുക്കൊന്നുമില്ല. അങ്ങ് അറിയാൻ വേണ്ടി പറയുകയാണ്. ഇതിന്റെ പേരിൽ ഒരു രാഷ്ട്രീയ മുതലെടുപ്പ്. ...(ബഹളം).... നിങ്ങൾ രാഷ്ട്രീയ മുതലെടുപ്പ് നടത്തിയെന്നല്ല ഞാൻ പറഞ്ഞത്. ശബരിമല പ്രശ്നംകൊണ്ടാണ് ഇടതുപക്ഷത്തിന് തോൽവി സംഭവിച്ചതെന്ന അഭിപ്രായമൊന്നും എനിക്കില്ല. ഞങ്ങളാരും അതുമാത്രമാണ് കാര്യമെന്ന് പറഞ്ഞിട്ടില്ല. അത് വേറെ എടുക്കാം. രാഷ്ട്രീയ

പ്രസംഗം നടത്തുന്നില്ല. അതുകൊണ്ട് മാത്രമാണെന്ന തീരുമാനം ഞങ്ങൾ എടുത്തിട്ടുമില്ല, എനിക്ക് ആ അഭിപ്രായവുമില്ല. ആലപ്പുഴയിൽ ശ്രീ. എ. എം. ആരിഫ് 10,000 വോട്ടിനാണെങ്കിലും ജയിച്ചല്ലോ. അദ്ദേഹത്തിന് കൂടുതൽ വോട്ട് കിട്ടിയത് ഹിന്ദു ബൂത്തുകളിലാണ്. അപ്പോൾ ശബരിമലയുടെ പ്രശ്നം ഞങ്ങളെ തോൽപ്പിക്കത്തക്ക വിധം അവിടെ വളർന്നില്ലെന്ന് മനസ്സിലായല്ലോ. മറ്റ് പല ഘടകങ്ങളുമുണ്ടാകും. അതൊക്കെ വേറെ കാര്യം. തോറ്റത് തോറ്റതും ജയിച്ചത് ജയിച്ചതുമാണ്. അതിന്റെ കാര്യകാരണങ്ങൾ ഓരോ പാർട്ടിയും കണ്ടെത്തുകയാണ് വേണ്ടത്. ശ്രീ. എൻ. കെ. പ്രേമചന്ദ്രന്റെ ബില്ലിന്റെ പേരിൽ നിങ്ങൾ ആവേശം കൊള്ളേണ്ട കാര്യമില്ല. കോൺഗ്രസ് അവസാനം വെട്ടിലാകും. സൂക്ഷിച്ച് വേണം ഇത്തരം പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ. കോൺസ്റ്റിറ്റ്യൂഷനുമായി ബന്ധപ്പെട്ടേ ബിൽ പാസ്സാക്കാൻ കഴിയൂ. അതിപ്പോൾ വലിയ വാർത്തയായി വന്നു, ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല.

ശ്രീ. മുല്ലക്കര രത്നാകരൻ പൊതുജനങ്ങളെ ബോധ്യപ്പെടുത്തേണ്ട കാര്യം ഉറപ്പിച്ച് പറഞ്ഞു. ശരിയാണ്; ഏത് കാര്യവും നല്ലത് ചെയ്യുതുകൊണ്ടു കാര്യമില്ല, അത് ജനത്തിന് മനസ്സിലാവണ്ടേ. സീസറുടെ ഭാര്യ സംശയങ്ങൾക്കതീതയായിരിക്കണമെന്ന റോമൻ ഡിക്റ്റ് അങ്ങനെ വന്നതാണ്. സീസറുടെ ഭാര്യയെപ്പറ്റി ആർക്കും സംശയമൊന്നുമില്ല, പക്ഷേ, ഭരണാധികാരികൾ അതിന് അതീതമായിരിക്കണമെന്നതാണ് അതിന്റെ അർത്ഥം. നല്ല നിലയിൽ ബോധ്യപ്പെടുത്താൻ ഈ ഗവൺമെന്റ് പരമാവധി ശ്രമിക്കുന്നുണ്ട്. ചിലത് ബോധ്യപ്പെട്ടിട്ടുണ്ടാവില്ലായിരിക്കാം, അത് ഞങ്ങൾ തുടർന്ന് ചെയ്യും. സഭയിൽ കേട്ട ഏറ്റവും മികച്ച, ആർക്കും ഒരു ബുദ്ധിമുട്ടുണ്ടാകാത്ത ആദർശാത്മക പ്രസംഗമായിരുന്നു അദ്ദേഹത്തിന്റേത്. അദ്ദേഹം പറഞ്ഞ രാഷ്ട്രീയ വശങ്ങളെപ്പറ്റിയുള്ള കാര്യങ്ങളല്ല ഞാൻ പറയുന്നത്.

ശ്രീ. സി. കെ. നാണു സംസാരിക്കാൻ എഴുന്നേൽക്കുമ്പോൾ സാധാരണ ഇവിടെയുള്ള ചില അംഗങ്ങൾ മൊറാർജി ദേശായി എന്നു പറയാറുണ്ട്. അത് അദ്ദേഹത്തിന് സന്തോഷമുള്ള കാര്യമാണ്. അദ്ദേഹം അംഗീകരിക്കുന്ന നേതാവാണ് മൊറാർജി ദേശായി. നമ്മളും അംഗീകരിച്ചിട്ടുണ്ട്. അഴിമതിയില്ലാത്ത ഒരു നേതാവല്ലേ, വല്ല അഴിമതിയും പറയാൻ സാധിക്കുമോ? കോൺഗ്രസിലിരുന്ന കാലത്തും ജനതാപാർട്ടിയിൽ ആയിരുന്നപ്പോഴും ഒരു അഴിമതിയും പറയാൻ സാധിക്കില്ല. ലളിതമായ ജീവിതം നയിക്കുന്നയാളാണ്. കുറച്ച് മൂത്രം കുടിക്കുമെന്നേയുള്ളൂ. എന്നുവച്ചാൽ ചായയും കാപ്പിയും കുടിക്കാൻ പോലും പൈസ മുടക്കണ്ട. സ്വന്തം മൂത്രമാണ് കുടിക്കുന്നത്. അതൊരു രോഗചികിത്സ കൂടിയാണെന്ന് അദ്ദേഹം തെളിയിച്ചതുമാണ്. ഈ സഭയിലെ ഏറ്റവും സമുന്നതനായ

സ്വാതന്ത്ര്യസമരസേനാനിയല്ലേ ശ്രീ. സി. കെ. നാണു. അങ്ങനെ എത്ര പേരുണ്ട്? കുറേ പേരുണ്ടായിരുന്നു, പക്ഷേ, അവരൊന്നും ഇപ്പോൾ സഭയിലില്ല. ആ ആദരവ് എല്ലാവർക്കും അദ്ദേഹത്തിനോടുണ്ട്. ആവശ്യമുള്ളപ്പോഴൊക്കെ മൊറാർജി ദേശായിയെപ്പറ്റി അങ്ങ് പുതിയ തലമുറയോട് പറയണം. അങ്ങ് പറഞ്ഞ മടപ്പള്ളി കോളേജിന്റെ പ്രശ്നത്തിൽ വിഷമിക്കണ്ട. മടപ്പള്ളി ഗവൺമെന്റ് കോളേജിൽ 271 ലക്ഷം രൂപയുടെ 12 പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നുണ്ട്. എല്ലാ പ്രവൃത്തികളും മൂന്നു മാസത്തിനുള്ളിൽ പൂർത്തിയാക്കാൻ കഴിയുമെന്നാണ് ബിൽഡിംഗ് ചീഫ് എഞ്ചിനീയർ അറിയിച്ചിരിക്കുന്നത്. അത് അങ്ങയെ അറിയിക്കുകയാണ്. മഴയൊക്കെയുള്ളതുകൊണ്ട് ചിലപ്പോൾ ഒരു മാസത്തിന്റെ വ്യത്യാസം വരാം. എങ്കിലും ജാഗ്രതയായി ചെയ്യാൻ അവർ ശ്രമിച്ചിട്ടുണ്ട്. 1.5 ലക്ഷം രൂപ വീതമുള്ള ബ്ലോക്ക്, സെമിനാർ ഹാൾ എന്നീ പ്രവൃത്തികളുടെ സാങ്കേതികാനുമതിക്കുള്ള നടപടികൾ നടന്നുവരുന്നു. ഒരു മാസത്തിനകം ആ പ്രവൃത്തികളും ടെണ്ടർ ചെയ്യുമെന്നാണ് പ്രതീക്ഷിക്കുന്നത്.

പാലാരിവട്ടം പാലത്തിന്റെ മാത്രമല്ല എറണാകുളം ജില്ലയിലെ പല പാലങ്ങളുടെയും പ്രശ്നം ശ്രീ. ജോൺ ഫെർണാണ്ടസ് പറഞ്ഞിരുന്നു. പാലാരിവട്ടം പാലത്തിന്റെ കാര്യത്തിൽ വിജിലൻസ് എൻക്വയറി നടക്കുകയാണ്. പാലം നിർമ്മാണത്തിൽ വ്യാപകമായി അപാകതകളുണ്ടായിരുന്നു. വിജിലൻസ് എന്ത് റിപ്പോർട്ടാണോ തരുന്നത്, അത് ജാഗ്രതയോടുകൂടി പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കും. നേരത്തെ ഏനാത്ത് പാലത്തിന്റെ പ്രശ്നം വന്നപ്പോൾ ചരിത്രത്തിലാദ്യമായി കേരളത്തിലെ നാലായിരത്തോളം പാലങ്ങളും ജില്ലാ ടീമുകളെ വച്ച് പരിശോധിപ്പിച്ചു. ഓരോന്നിന്റെയും റിപ്പോർട്ട് കിട്ടിയിട്ടുണ്ട്, അതിന്റെ വിശദാംശങ്ങൾ സഭയിൽ പറഞ്ഞിട്ടുള്ളതാണ്. അതിന്റെയടിസ്ഥാനത്തിൽ പുതുക്കിപ്പണിയേണ്ടതിൽ കുറേയൊക്കെ പണിഞ്ഞു കൊണ്ടിരിക്കുകയാണ്. ചിലത് പണിതുകഴിഞ്ഞു. സാമ്പത്തിക പ്രയാസമുള്ളതു കൊണ്ട് ചിലത് ക്യൂവിൽ നിൽക്കുകയാണ്. പാലാരിവട്ടം പാലത്തിന്റെ പ്രശ്നം വന്നപ്പോൾ ഇപ്പോൾ നിർമ്മിച്ചുകൊണ്ടിരിക്കുന്ന മുഴുവൻ പാലങ്ങളും പരിശോധിക്കാൻ പറഞ്ഞു. ഏതെങ്കിലും പഹയൻമാർ വല്ല കുഴപ്പവും കാണിച്ചുവച്ചാൽ നമ്മുടെ തലയിൽ വരില്ലേ? അത് ശ്രദ്ധയിൽപ്പെട്ടപ്പോൾ പരിശോധിക്കുകയാണ്. ഏതാണ്ട് മുന്നൂറിലേറെ പാലങ്ങൾ ഇപ്പോൾ നിർമ്മിക്കുന്നുണ്ട്. അതെല്ലാം പരിശോധിച്ച് റിപ്പോർട്ട് വന്നിട്ടുണ്ട്. തുടർച്ചയായി അത് പരിശോധിക്കുമെന്നാണ് പറയാനുള്ളത്. അതിനുള്ള ഒരു ഉത്തേജനം ബഹുമാനപ്പെട്ട ജോൺ ഫെർണാണ്ടസിന്റെ ചർച്ചയിൽ വന്നുവെന്നുള്ളതും ഞാൻ മനസ്സിലാക്കുന്നു. കാലതാമസമുള്ള പണികൾ വേഗത്തിലാക്കണമെന്നും അദ്ദേഹം പറഞ്ഞു. തീർച്ചയായും വേണം. ടെണ്ടർ പരിഷ്കാരം വേണമെന്നും പറഞ്ഞു.

വളരെ ശരിയായ കാര്യമാണ്. ടെണ്ടറുകൾ മുഴുവനും പരിഷ്കരിക്കണം. ഏത് കുഴപ്പക്കാരനും ടെണ്ടർ പിടിക്കാമെന്ന അവസ്ഥയാണുള്ളത്. ഞാൻ മനസ്സിലാക്കിയത്, ഇപ്പോഴത്തെ ടെണ്ടർ നിയമമനുസരിച്ച് രണ്ടുമൂന്ന് പാലങ്ങളുടെ വർക്ക് പിടിച്ച ഒരു കമ്പനി ആ പാലമൊന്നും പണിഞ്ഞിട്ടുപോലുമില്ല. നടപടിയെടുക്കുമെന്ന് പറയുമ്പോൾ പതുക്കെ പണി തുടങ്ങും. അവരിപ്പോൾ 110 കോടി രൂപ ചെലവുള്ള പെരുമ്പടപ്പിൽനിന്നും ചേർത്തല മെയിൻലാൻഡിലേക്കുള്ള പാലത്തിന്റെ വർക്ക് പിടിച്ചിരിക്കുകയാണെന്നോ ലോവസ്റ്റായി ക്വാട്ട് ചെയ്ത് പിടിക്കാൻ പോകുന്നുവെന്നോ എന്നുള്ളത് ഇന്നാണ് ഞാനറിയുന്നത്. എന്നുപറഞ്ഞാൽ, പാലം പണിയാനുള്ള പണം ചോദിക്കാതെ താഴ്ത്തി പിടിക്കുകയാണ്. അങ്ങനെ താഴ്ത്തിപിടിക്കുന്നയാൾക്ക് കൊടുത്തില്ലെങ്കിൽ അഴിമതിയാണെന്ന് പറയും. ആവശ്യമായ പണം പാലത്തിന് ചോദിച്ചില്ലെങ്കിൽ ആ പാലം എങ്ങനെ പണിയും. അതുകൊണ്ട് ഇതെല്ലാം ടെക്നിക്കലായി പരിശോധിച്ച് ടെണ്ടർ കണ്ടീഷനിലൊക്കെ മാറ്റം വരുത്തുന്നതിനെക്കുറിച്ച് ആലോചിക്കേണ്ടി വരും.

ശ്രീ. കെ. എം. ഷാജി രാഷ്ട്രീയമായി പറഞ്ഞ കാര്യങ്ങളിലേക്കൊന്നും ഞാൻ കടക്കുന്നില്ല. അതിന് ഇവിടെ മറുപടി പറഞ്ഞിട്ടുണ്ട്. റോഡ് കുത്തിപ്പൊളിക്കുന്ന കാര്യം പറഞ്ഞു. അത് ശരിയാണ്. കുത്തിപ്പൊളിച്ചുകഴിഞ്ഞാൽ അത് പഴയപോലെയാവില്ല. അത് അവസാനം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും മറ്റ് പല ബഹുമാനപ്പെട്ട അംഗങ്ങളും പറഞ്ഞു. അതൊരു പൊതുപ്രശ്നമാണ്. ഇതിനുവേണ്ടി നിരന്തരം യോഗങ്ങൾ ചേർന്നു. വൈദ്യുതി വകുപ്പുമന്ത്രി, പൊതുമരാമത്ത് വകുപ്പുമന്ത്രി, ജലവിഭവ വകുപ്പുമന്ത്രി, ഇതുമായി ബന്ധപ്പെട്ട മറ്റു മന്ത്രിമാർ, സ്റ്റേക്ക്ഹോൾഡേഴ്സ്, സ്വകാര്യകമ്പനികൾ എല്ലാവരും കൂടി മൂന്നുവർഷത്തിൽ നിരവധി യോഗങ്ങൾ ചേർന്നു. എല്ലാറ്റിനും ജി.ഒ. ഇറക്കിയിട്ടുണ്ട്. എന്നാലും ചിലതിങ്ങനെ സംഭവിച്ചുകൊണ്ടിരിക്കുന്നു എന്നുള്ളതാണ് പറയാനുള്ളത്.

ഗുണമേന്മയുടെ പ്രാധാന്യത്തെക്കുറിച്ച് ശ്രീ. റോഷി അഗസ്റ്റിൻ പറഞ്ഞു. ജർമ്മൻ ബാങ്ക് ഗവൺമെന്റുമായി ചർച്ച ചെയ്ത് പോയിട്ടുണ്ട്. റോഡ് നിർമ്മാണത്തിനുവേണ്ടി അവർ സഹായധനം തരാമെന്ന് ഓഫർ ചെയ്തിട്ടുണ്ട്. അന്തിമമായിട്ടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയൊക്കെ ഫയൽ കണ്ട് ഫൈനലായി തീരുമാനിക്കേണ്ട കാര്യമാണ്. അതിന്റെ ഫോർമാറ്റ് പൊസിഷനേ ആയിട്ടുള്ളൂ. പ്രളയാനന്തരം ഇടുക്കിക്കാണ് പി.ഡബ്ല്യു.ഡി. ഏറ്റവും കൂടുതൽ പണം നൽകിയിരിക്കുന്നത്. വയനാട്, ആറന്മുള, റാന്നി, കുട്ടനാട്, ചെങ്ങന്നൂർ, ചാലക്കുടി, ആലുവ, നിലമ്പൂർ, കോഴിക്കോട്, മണ്ണാർക്കാട് തുടങ്ങിയ മണ്ഡലങ്ങളിലൊക്കെയാണ് പ്രളയാനന്തര നിർമ്മാണത്തിനായി കിട്ടിയ പണം

കൂടുതലായി കൊടുത്തിട്ടുള്ളത്. ഇടുക്കിക്ക് എത്ര നൽകിയാലും മതിയാകില്ല. കാരണം, അത്ര ദൈർഘ്യമേറിയ റോഡുകളാണ് അവിടെയുള്ളത്. ഇനിയും പണം വരുമ്പോൾ ഇടുക്കിക്ക് കൂടുതൽ പ്രാധാന്യം കൊടുക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. ഇപ്പോൾ ഏറ്റവും മുൻഗണന ഇടുക്കിക്ക് നൽകിയിട്ടുണ്ട്. ബിൽഡിംഗ്സ് സി.ഇ-ക്ക് ഒരു കോടി രൂപവരെ കൊടുത്തതു പോലെ റോഡ് ഇ.ഇ-ക്കുകൂടി കൊടുക്കാമോയെന്ന് ചോദിച്ചു. അത് പരിഗണിക്കാം; അതുസംബന്ധിച്ച് ബന്ധപ്പെട്ടവരുമായി ആലോചിച്ച് തീരുമാനിക്കാമെന്നാണ് പറയാനുള്ളത്. അങ്ങനെയുള്ള പല കാര്യങ്ങളും ഇവിടെ ഉന്നയിക്കുകയുണ്ടായി.

പാലാരിവട്ടം പാലം സംബന്ധിച്ച് പ്രക്ഷോഭണമാരംഭിക്കണമെന്ന് ശ്രീ. കെ. ജെ. മാക്സി പറഞ്ഞു. പ്രക്ഷോഭണം നടത്താൻ ജനങ്ങൾക്ക് അവകാശമുണ്ട്, ഇല്ലെന്ന് പറയാൻ സാധിക്കില്ല. അത് നടത്തണമെന്ന് ആഗ്രഹമുള്ളവർ തീരുമാനിക്കേണ്ട കാര്യമാണ്. ഏതു കാര്യമായാലും പാലാരിവട്ടം പാലത്തിന്റെ കുഴപ്പങ്ങളെപ്പറ്റി നമ്മൾ പൊതുവായി മനസ്സിലാക്കിക്കഴിഞ്ഞു. ഗുരുതരമായ കുഴപ്പമാണ്, ഞാൻ ആവർത്തിക്കുന്നില്ല. അന്വേഷണം നടക്കുകയാണ്. അവസാനം ശ്രീ. ഇ. ശ്രീധരനെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചു, അദ്ദേഹവും അത് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. എല്ലാ റിപ്പോർട്ടും വന്നുകഴിഞ്ഞാൽ അതിലെന്താണോ പറയുന്നത്, അതനുസരിച്ച് പുനർനിർമ്മിക്കും. മുഴുവൻ പൊളിച്ചുകളയണമെന്നാണെങ്കിൽ അങ്ങനെ ചെയ്യും. അതൊക്കെ ആ റിപ്പോർട്ടിൽ വരേണ്ട കാര്യങ്ങളാണ്. അതെല്ലാം താമസിയാതെ തന്നെ വരും. ഏതായാലും ഈ ഗവൺമെന്റിന്റെ ഭരണകാലത്ത് ആ പാലം പുതുക്കിപ്പണിയാൻ കഴിയുമെന്ന പ്രതീക്ഷയാണുള്ളത്. അതനുസരിച്ചുള്ള നടപടി സ്വീകരിക്കുമെന്നാണ് പറയാനുള്ളത്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ റെയിൽവേയുടെ അവഗണനയെപ്പറ്റി പറഞ്ഞു. വളരെ ശരിയാണ്. കേന്ദ്രമന്ത്രി ശ്രീ. പിയൂഷ് ഗോയൽ നമ്മളെ ആക്ഷേപിക്കുകയാണ്. തീവണ്ടി ആകാശത്തുകൂടി ഓടുമോ എന്ന് കേന്ദ്രമന്ത്രി ചോദിച്ചു. ഞാൻ മറുപടിയൊന്നും പറഞ്ഞില്ല. എന്നാലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞു. വളരെയധികം അവഗണനയാണ് കാണിക്കുന്നത്. കേരളത്തോട് യാതൊരു താല്പര്യവും അദ്ദേഹം കാണിക്കാറില്ല. എങ്കിലും നമ്മളത് നിരന്തരം ഉന്നയിക്കുകയും സംസാരിക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. നാലു മണിക്കൂർകൊണ്ട് തിരുവനന്തപുരത്തുനിന്നും കാസർഗോഡ് എത്തുന്ന ഹൈസ്പീഡ് റെയിൽവേ പദ്ധതിക്കുള്ള റിപ്പോർട്ട് ഗവൺമെന്റ് വാങ്ങിയിട്ടുണ്ട്. 66000 കോടി രൂപ വേണമെന്നാണ് അവർ പറയുന്നത്. അതിന്റെ ലൈനൊന്നും തീരുമാനിച്ചില്ല, നിലവിലുള്ള സംവിധാനത്തിൽ കൂടി പോകാമോ പ്രത്യേക ലൈൻ വേണോ, ഇതൊക്കെ അവരുടെ റിപ്പോർട്ടിൽ വന്നു. ചർച്ച ചെയ്ത് തീരുമാനമായിട്ടില്ല. ഏതായാലും വേഗത്തിൽ പോകുന്ന ഒരു റെയിൽവേ ലൈൻ

കേരളത്തിനാവശ്യമാണ്. അതിനെല്ലാം ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകയ്യെടുത്ത് ശക്തമായ നിലപാടുമായി പോകുന്നുണ്ട്. അതിന്റെ ഒരു ഘട്ടമായിരിക്കുകയാണ്. അതിന്റെ എക്സ്പെൻഡിച്ചർ, എടുക്കേണ്ട സ്ഥലം ഏറ്റവും കുറച്ച് എങ്ങനെ ചെയ്യാം എന്നിവയെക്കുറിച്ചാണ് ആലോചിക്കുന്നത്. എന്നാൽ ഇതൊക്കെ ആവശ്യമാണെന്നുള്ള നിലപാടാണ് ഗവൺമെന്റ് എടുത്തിട്ടുള്ളത്.

പുതിയ സാങ്കേതികവിദ്യയെപ്പറ്റി ശ്രീ. കെ. വി. അബ്ദുൾ ഖാദർ പറഞ്ഞു. തീർച്ചയായും അതെല്ലാം ഗവൺമെന്റ് പൂർണ്ണമായും സ്വീകരിച്ചു കഴിഞ്ഞ കാര്യമാണ്. അക്കാര്യങ്ങളുമായി ശക്തമായി മുന്നോട്ടുപോകണമെന്നാണ് അദ്ദേഹം പറഞ്ഞിട്ടുള്ളത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ചോദിച്ചതിന് ഞാൻ നേരത്തെ തന്നെ മറുപടി പറഞ്ഞു. അതായത് ടെണ്ടറില്ലാതെ എത്ര കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് വർക്കുകൾ കൊടുത്തുവെന്നാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം പി.ഡബ്ല്യു.ഡി.-യിൽ നിന്ന് ടെണ്ടറില്ലാതെ ഒരു വർക്കും കൊടുത്തിട്ടില്ല. അങ്ങനെ കൊടുക്കാൻ അധികാരമുണ്ട്. പി.ഡബ്ല്യു.ഡി.യിൽനിന്ന് ടെണ്ടറില്ലാതെ നിരവധി വർക്കുകൾ അവാർഡ് ചെയ്തത് കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്താണ്. അങ്ങനെ കൊടുക്കുന്നതിൽ ഒരു തെറ്റുമില്ല. എത്ര കൊടുത്താലും ഭംഗിയായി അവർ ചെയ്യും. അങ്ങനെ കൊടുക്കാൻ നിയമമുണ്ട്. കൊടുക്കാമെന്ന ക്യാബിനറ്റ് തീരുമാനവുമുണ്ട്. ഇപ്പോൾ വേണമെങ്കിലും കൊടുക്കാം. പക്ഷേ, ഞങ്ങൾ അധികമൊന്നും കൊടുത്തിട്ടില്ല. ചില പ്രധാനപ്പെട്ട വർക്കുകൾ നല്ല നിലയിൽ ചെയ്യുന്നതിനുവേണ്ടി ഗവൺമെന്റ് നേരിട്ട് കൊടുത്തിട്ടുണ്ട്. അതിൽ യാതൊരു തകരാറുമില്ല. അല്ലാതെ നാട്ടിൽ കാണുന്ന അഴിമതിക്കാരായ ലേബർ കോൺട്രാക്ട് സൊസൈറ്റിയുടെ കാര്യമല്ല അങ്ങ് പറഞ്ഞതെന്നാണ് മനസ്സിലാക്കുന്നത്. അവർക്കൊന്നും ഒരു വർക്കും കൊടുക്കാൻ സാധിക്കില്ല. അത്തരം സൊസൈറ്റികളൊന്നും ഇപ്പോൾ പ്രവർത്തിക്കുന്നതേയില്ല. ഇത് അതൊന്നുമല്ല. അങ്ങ് ഉദ്ദേശിച്ചത് ഏത് സൊസൈറ്റിയാണോ ആ സൊസൈറ്റി കേരളത്തിലെ ഒന്നാം നമ്പർ ക്വാളിറ്റി ബിൽഡറാണ്. അങ്ങേക്കും അതറിയാവുന്നതാണ്. അങ്ങേക്ക് അവരെ വിളിക്കാം; ഒന്നും പേടിക്കണ്ട. ഒരു പാലവും താഴെ വീഴില്ല. സിമന്റും മോഷ്ടിക്കില്ല കമ്പിയും വിഴുങ്ങില്ല. ഒരു പ്രശ്നവുമില്ല, ഭംഗിയായി ചെയ്യും. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ മണ്ഡലത്തിൽ അവർ പാലം പണിയുന്നു. അവരുടെ കുറ്റമല്ല, സ്ഥലമൊക്കെ എടുക്കേണ്ട പ്രശ്നമാണ്. പണി ചെയ്യുന്നുണ്ടല്ലോ. അതൊന്നും ടെണ്ടറില്ലാതെ കൊടുത്തിരിക്കുന്നതാണ്. അത് തെറ്റല്ല. ഞങ്ങളാരും അതിനെ ചോദ്യം ചെയ്തിട്ടില്ല. ഞാൻ പറഞ്ഞുവെന്നുമാത്രമേയുള്ളൂ. അതിലൊന്നും ഉന്നയിക്കാനുള്ള പ്രശ്നങ്ങൾ അടിസ്ഥാനമായില്ല.

[3.00 PM]

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നയുടൻതന്നെ എന്റെ നിയോജകമണ്ഡലത്തിലെ രണ്ട് റോഡുകൾക്ക് യഥാക്രമം 15 കോടി, 10 കോടി എന്നീ ക്രമത്തിൽ കിഫ്ബിയിൽ നിന്നും ഫണ്ട് അനുവദിച്ചിരുന്നു. മൂന്നുവർഷമായിട്ടും അതിന്റെ പ്രവൃത്തി തുടങ്ങിയിട്ടില്ല. പി.ഡബ്ല്യൂ.ഡി.-യുടെ നിലവിലുള്ള റോഡിന് 8 മീറ്റർ വീതി പോരെന്നും 10 മീറ്റർ വേണമെന്നുമാണ് കിഫ്ബിയുടെ നിർദ്ദേശം. മലയോര ഹൈവേ ഉൾപ്പെടെ മറ്റ് ഹൈവേകളിൽ റോഡിന്റെ വീതി 12 മീറ്റർ എന്നുള്ളത് മനസ്സിലാക്കാം. കിഫ്ബിയിൽ നിന്നും ഫണ്ട് അനുവദിച്ച പ്രവൃത്തിക്ക് 10 മീറ്റർ സ്ഥലം കണ്ടെത്താൻ കഴിഞ്ഞില്ലെങ്കിൽ അഞ്ചുവർഷവും ആ പ്രവൃത്തി നടത്താൻ കഴിയില്ല. അത്തരം റോഡുകൾക്ക് പഴയ പി.ഡബ്ല്യൂ.ഡി. നോംസ് അനുസരിച്ച് പ്രവൃത്തി നടത്താനുള്ള നിർദ്ദേശം കൊടുക്കാമോ?

ശ്രീ. ജി. സുധാകരൻ: സർ, കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ തീരുമാനപ്രകാരം ആദ്യം 12 മീറ്റർ വീതി ആയിരുന്നു. ഇപ്പോൾ പത്ത് മീറ്റർ വേണം. മലയോര ഹൈവേക്ക് 12 മീറ്റർ വീതി വേണമെന്നുള്ള കാര്യത്തിൽ മാറ്റമില്ല. ഈ നിബന്ധന മാറ്റാൻ കഴിയുമോയെന്ന് ഞാൻ അവരോട് ചോദിച്ചു. ബാങ്കുകൾ, വിദേശ ബാങ്കുകൾ, മറ്റ് ധനകാര്യ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നാണ് ലോണെടുക്കുന്നത്. പത്ത് മീറ്ററെങ്കിലും വീതിയുള്ള റോഡ് നിർമ്മിച്ചാൽ മാത്രമേ ലോൺ ലഭിക്കുകയുള്ളൂ. ഇത് ബഹുമാന്യരായ ധനകാര്യ വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും കേട്ടുകൊണ്ടിരിക്കുകയാണ്. ഇക്കാര്യം പി.ഡബ്ല്യൂ.ഡി.-ക്ക് തീരുമാനിക്കാൻ കഴിയില്ല. കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡാണ് തീരുമാനിക്കേണ്ടത്. അവരുടെ തീരുമാനം തെറ്റാണെന്ന് പറയാൻ കഴിയില്ല. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സഭയിലുണ്ട്. അദ്ദേഹം അത് വീണ്ടും പരിശോധിക്കട്ടെ; ഇക്കാര്യത്തിൽ എനിക്ക് കൂടുതലൊന്നും പറയാനില്ല.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, റോഡ് പണിയാൻ വേണ്ടി പണം അനുവദിച്ചാൽപോലും മാസങ്ങളും വർഷങ്ങളും കഴിഞ്ഞാണ് പൂർത്തിയാക്കുന്നത്. ഒരു റോഡിന് 25 ലക്ഷം രൂപ അനുവദിച്ചുകഴിഞ്ഞാൽ അതിന്റെ നടപടിക്രമങ്ങൾ അനന്തമായി നീണ്ടുപോകുകയാണ്. ഇതിലേക്ക് ഇത്രയും കാലതാമസം ആവശ്യമാണോയെന്ന് പരിശോധിക്കണം. ചെറിയ കുഴി അടയ്ക്കാൻ പണം

അനുവദിച്ച് ടാറിംഗിന് സമയം ആകുമ്പോഴേക്കും ചിലപ്പോൾ വർഷങ്ങളെടുക്കും. ആ സമയത്ത് ആ കുഴി വലിയ കുളമായി മാറും. യഥാർത്ഥത്തിൽ ടെണ്ടർ കാലാവധി അഞ്ചു ദിവസം മതി. പഴയകാലത്തെപ്പോലെ ഒരു മാസത്തെ സമയം കൊടുക്കുന്നത് എന്തിനാണ്; ഇതുപോലുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ജി. സുധാകരൻ</u>: സർ, ഇക്കാര്യം ശ്രീ. ജോൺ ഫെർണാണ്ടസ് ഉന്നയിച്ചപ്പോൾ ഞാൻ പരിശോധിക്കാമെന്ന് പറഞ്ഞിരുന്നു. ടെണ്ടർ ഫോർമാലിറ്റീസിലെ പ്രശ്നങ്ങൾ പരിഹരിക്കുമ്പോൾ ഈ കാലതാമസമൊക്കെ പരിഗണിക്കാം.

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഇപ്പോഴുള്ള 3400 മിനിസ്റ്റീരിയൽ സ്റ്റാഫിന്റെ കൂടെ പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി 697 പേരെ പുതിയതായി നിയമിച്ചിട്ടുണ്ട്. ഏറ്റവും വലിയ നിയമനമാണ് നടന്നത്. 899 പേർക്ക് പ്രൊമോഷൻ കൊടുത്തിട്ടുണ്ട്. എഞ്ചിനീയറിംഗ് വിഭാഗത്തിൽ 4483 ജീവനക്കാരാണുള്ളത്. പുതിയതായി 281 തസ്തികകൾ സൃഷ്ടിച്ചു. അതുകൂടാതെ പി.എസ്.സി. വഴി 2951 എഞ്ചിനീയർമാരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. ആകെ 7889 ജീവനക്കാരാണുള്ളത്. ഈ ഗവൺമെന്റ് പി.എസ്.സി. മുഖാന്തിരം മൂന്നുവർഷം കൊണ്ട് 3628 ജീവനക്കാരെ നിയമിക്കുകയും 2184 പേർക്ക് പ്രൊമോഷൻ കൊടുക്കുകയും ചെയ്തു. എഞ്ചിനീയറിംഗ് വിഭാഗത്തിൽ ഒഴിവുള്ള മുഴുവൻ തസ്തികകളിലും എഞ്ചിനീയർമാരെയും ഓവർസിയർമാരെയും നിയമിക്കുകയും സാധ്യമായ തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് ഡിപ്പാർട്ട്മെന്റിനെ ശക്തിപ്പെടുത്തി ആ എഞ്ചിനീയർമാരുടെ സേവനം ഉപയോഗിക്കുകയും ചെയ്തിട്ടുണ്ട്.

അഴിമതിക്കെതിരായ പ്രവർത്തനത്തിൽ പി.ഡബ്ല്യു.ഡി. വിജിലൻസിനെ ശക്തിപ്പെടുത്തി. നേരത്തെ ഈ വിംഗിൽ 3 പേരാണുണ്ടായിരുന്നത്. ഇപ്പോൾ അവരുടെ അംഗസംഖ്യ 30 ആക്കി ഉയർത്തിയിട്ടുണ്ട്. വിജിലൻസിൽ പി.ഡബ്ല്യു.ഡി. എഞ്ചിനീയർമാർ തന്നെയാണ് വരുന്നത്. ഏറ്റവും നല്ല ജീവനക്കാരെ വിജിലൻസ് വിംഗിൽ നിയമിച്ച് ശക്തിപ്പെടുത്തിയിട്ടുണ്ട്.

ഈ ഗവൺമെന്റിന്റെ മൂന്ന് വർഷത്തെ കാലയളവിനുള്ളിൽ ബഹുമാനപ്പെട്ട അംഗങ്ങൾ ഉന്നയിച്ച നിരവധി തകരാറുകളുടെ പേരിൽ 103 ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്യേണ്ടി വന്നിട്ടുണ്ട്. അതിൽ 33 പേർ ഒഴികെ ബാക്കിയുള്ളവരെ സർവ്വീസിൽ തിരിച്ചെടുത്തിട്ടുണ്ട്. മറ്റുള്ളവരെ നടപടി സ്വീകരിച്ച് തിരിച്ചെടുക്കുന്നതാണ്. ഒരു ചീഫ് എഞ്ചിനീയറെയും സസ്പെൻഡ് ചെയ്തിട്ടുണ്ട്. കൂടാതെ 379 ഉദ്യോഗസ്ഥരുടെ പേരിൽ അച്ചടക്ക നടപടി സ്വീകരിച്ചുവരികയാണ്.

കഴിഞ്ഞ കാലങ്ങളിൽ നിയമനത്തിനും സ്ഥലംമാറ്റത്തിനും വലിയ രീതിയിലുള്ള കോഴകൾ നടന്നിട്ടുള്ള ഡിപ്പാർട്ട്മെന്റാണെന്ന് എല്ലാവർക്കുമറിയാം. ഏതാണ്ട് 7883 പി.ഡബ്ല്യൂ.ഡി. ജീവനക്കാരിൽ മൂന്നിലൊന്ന് പേരെയെങ്കിലും ഓരോ വർഷവും സ്ഥലം മാറ്റും. മൂന്നു വർഷത്തിലൊരിക്കൽ എല്ലാവരെയും സ്ഥലം മാറ്റുന്നതുകൊണ്ട് മൂന്നിലൊന്ന് ജീവനക്കാരെ വച്ച് ഏകദേശം 2700-2800 പേരെ ഓരോ വർഷവും സ്ഥലം മാറ്റിക്കൊണ്ടിരിക്കും. ചിലപ്പോൾ inefficiency-യുടെ പേരിലും സ്ഥലം മാറ്റാം. അത് വളരെ കുറവാണ്. ഗവൺമെന്റ് ശേഖരിച്ച വസ്തുതകൾ പ്രകാരം, 2015-ൽ വിജിലൻസ് വകുപ്പിലെ ഒരു ഡിവൈ.എസ്.പി. പി.ഡബ്ല്യൂ.ഡി.-യിലെ അഴിമതികളെപ്പറ്റി ഒമ്പത് പോയിന്റുള്ള റിപ്പോർട്ട് തയ്യാറാക്കി വിജിലൻസ് വകുപ്പിന് കൊടുത്തെങ്കിലും അതുസംബന്ധിച്ച് നടപടിയൊന്നും ഉണ്ടായില്ല. ഇതുമായി ബന്ധപ്പെട്ട് ജൂൺ 11-ാം തീയതിയിലെ ശ്രീ. പി. ടി. തോമസിന്റെ ചോദ്യത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയുകയും ചെയ്തതാണ്. അതിൽ പ്രധാനപ്പെട്ട ആരോപണമെന്ന് പറയുന്നത് പോസ്റ്റിംഗ് ആന്റ് ട്രാൻസ്ഫർ ആയിരുന്നു. ഒരു വർഷം ശരാശരി 1500 കോടി രൂപ ഇങ്ങനെ കോഴയായി ശേഖരിച്ചിരുന്നു. ഒരു വർഷം 2700 ജീവനക്കാരെ സ്ഥലം മാറ്റി നിയമിക്കുകയാണ്. ഇത് നിങ്ങൾക്കെല്ലാവർക്കും അറിയാവുന്ന കാര്യമായിരിക്കും, ഇതൊക്കെ സംഭവിച്ചിരുന്നു. പോലീസിൽ മുൻകാലത്ത് ആളുകൾക്ക് ലാ ആന്റ് ഓർഡർ ഡ്യൂട്ടി മതിയെന്നാണ് പറയുന്നത്. പൊതുമരാമത്ത് വകുപ്പിലെ എല്ലാ ജീവനക്കാർക്കും റോഡ്സിൽ (Roads and Bridges) കിട്ടിയാൽ മതി എന്നായിരുന്നു. ഇപ്പോൾ അങ്ങനെയൊന്നും ആരും പറയാറില്ല, എവിടെയായാലും ഒരു കുഴപ്പവുമില്ല. ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയർ ട്രാൻസ്ഫറിനായി 2 മുതൽ 5 കോടി രൂപവരെ കൊടുക്കുമെന്നാണ് പറയുന്നത്. മൂന്നുവർഷംകൊണ്ട് 300 കോടി രൂപയുടെ പ്രവൃത്തി അവിടെ നടന്നാൽ പോരെ? മുൻകാലങ്ങളിൽ അഞ്ചുവർഷംകൊണ്ട് 7500 കോടി രൂപയുടെ കോഴപ്പണം വ്യാപരിച്ചിരുന്നുവെന്നാണ് പറയുന്നത്. ആ തുകയിൽ വ്യത്യാസമുണ്ട്. ഇപ്പോൾ അതൊന്നുമില്ല. ഇപ്പോൾ അതുപോലെ നടക്കുന്നുവെന്ന് നിങ്ങൾക്കാർക്കും പറയാൻ കഴിയില്ല. എന്നെ സഹായിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിങ്ങളുടെയടുത്ത് കോഴപ്പണമായി ആരും വന്നിട്ടുണ്ടാവില്ല. എല്ലാവർക്കും കൃത്യമായും നിയമപരമായും നിയമനം ലഭിക്കും. ഇന്ന സ്ഥലത്ത് ജോലി ചെയ്യാൻ ബുദ്ധിമുട്ടുള്ളവർക്ക് സഹതാപത്തിന്റെ അടിസ്ഥാനത്തിൽ കൊടുത്തെന്നുമിരിക്കും. പൊതുവേ നോംസ് അനുസരിച്ചാണ് ചെയ്യുന്നത്. ഇതുസംബന്ധിച്ചെല്ലാം ജനങ്ങൾക്ക് നന്നായി അറിയാം. അതുകൊണ്ട് പൊതുവെ അഴിമതി കുറവാണെന്ന ഒരു ധാരണ

വന്നിട്ടുണ്ട്. അഴിമതി ഇല്ലായെന്ന് എനിക്ക് പറയാൻ കഴിയില്ല. എഞ്ചിനീയർമാർക്കുതന്നെ അഭിമാനമാണ്. അവരെ നല്ല ആളുകളായാണ് ജനങ്ങൾ കാണുന്നത്. ഞങ്ങൾക്ക് വളരെ സന്തോഷമായിയെന്ന് അവരിൽ പലരും പറയുന്നുണ്ട്. നാഷണൽ ഹൈവേയുടെ പ്രവർത്തനത്തിൽ വലിയ പുരോഗതിയുണ്ടായിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകയ്യെടുത്ത് പ്രധാനമന്ത്രിയുമായും സർഫസ് ട്രാൻസ്പോർട്ട് മിനിസ്റ്ററുമായും നടത്തിയ ചർച്ചകളുടെ ഫലമായി നമുക്കിത് കിട്ടുമെന്ന് പ്രതീക്ഷിച്ചിരുന്നതാണ്. തെരഞ്ഞെടുപ്പ് കഴിഞ്ഞ് വോട്ടെണ്ണൽ നടക്കുന്നതിനുമുമ്പുതന്നെ അവർ അയച്ച നിർദ്ദേശം, 2021 വരെ ഇനിയൊന്നും ചെയ്യേണ്ട എന്നുള്ളതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വകുപ്പുമന്ത്രിയും അതിനെതിരെ ശക്തമായ നിലപാടെടുത്തു. അതിനെക്കുറിച്ച് മാധ്യമങ്ങളെഴുതുകയും പ്രതിപക്ഷനേതാവ് അടക്കം അതിനെതിരായി ശബ്ദമുയർത്തുകയും ചെയ്തു. കേരളം ശക്തമായി പ്രതികരിച്ചു. അങ്ങനെയൊന്നുമില്ലെന്നുപറഞ്ഞ് ക്ലാരിഫിക്കേഷൻ അയച്ചെങ്കിലും രണ്ടാം കാറ്റഗറിയിൽനിന്ന് അവർ മാറ്റി എഴുതിയില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഞാനും ചീഫ് സെക്രട്ടറിയും കൂടി 15-ാം തീയതി ഡൽഹിയിൽ പോയി കേന്ദ്രമന്ത്രി ശ്രീ. നിധിൻ ഗഡ്ഗരിയെ കണ്ട് എല്ലാ കാര്യങ്ങളും ചർച്ച ചെയ്തു. അക്കൂട്ടത്തിൽ എൻ.എച്ച്.എ.ഐ. അധികൃതരുമുണ്ടായിരുന്നു. അങ്ങനെ ഈ കാറ്റഗറി എടുത്തുകളഞ്ഞു. കേന്ദ്രമന്ത്രി അറിയാതെ ആ കാലത്ത് എൻ.എച്ച്.എ.ഐ.-യിലെ ഉദ്യോഗസ്ഥർ ചെയ്തതായിട്ടാണ് മനസ്സിലാകുന്നത്. അതൊക്കെ ഇപ്പോൾ എടുത്തുമാറ്റി. ഇപ്പോൾ പുതിയ കാര്യങ്ങളൊക്കെ വരികയാണ്.

ഇപ്പോൾ 50:50 എന്ന അനുപാതത്തിലാണ് റെയിൽവേ പ്രവൃത്തികൾ ചെയ്യുന്നത്. റെയിൽവേ പ്രവൃത്തി നടത്തണമെങ്കിൽ സംസ്ഥാനം 50 ശതമാനം തുക കൊടുക്കണമെന്നാണ്. നാഷണൽ ഹൈവേ നിർമ്മാണത്തിന് സംസ്ഥാനം പങ്കുവഹിക്കണമെന്ന് പുതിയ ഡിമാന്റ് വന്നിരിക്കുകയാണെങ്കിലും തീരുമാനമൊന്നും എടുത്തിട്ടില്ല. അതിൽ ആലോചിച്ച് തീരുമാനമെടുക്കുന്നതാണ്. എന്തായാലും നാഷണൽ ഹൈവേ നാലുവരിപ്പാതയാക്കാനുള്ള എല്ലാ നടപടികളും സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. മിക്ക ജില്ലകളിലും സ്ഥലമെടുപ്പിനുള്ള 3 ഡി നോട്ടിഫിക്കേഷൻ ഇറങ്ങിക്കഴിഞ്ഞു. കൊല്ലം ജില്ലയുടെ തെക്കൻ ഭാഗവും തിരുവനന്തപുരം ജില്ലയിലെ കഴക്കൂട്ടം വരെയുള്ള ഭാഗങ്ങളും മാത്രമേ 3 ഡി നോട്ടിഫിക്കേഷൻ ഇറക്കാനുള്ളൂ. നോട്ടിഫിക്കേഷനിറക്കാൻ തയ്യാറായപ്പോൾ രണ്ട് മാസമായി അതിന് സമ്മതിച്ചിട്ടില്ല. അതെല്ലാം മാറുമെന്നാണ്

പ്രതീക്ഷിക്കുന്നത്. കഴിഞ്ഞ കാലങ്ങളിൽ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ കേരളത്തോട് ശരിയായ നിലപാടല്ല സ്വീകരിച്ചിട്ടുള്ളത്. കേരളത്തിന്റെ താല്പര്യം സംരക്ഷിച്ചേ മതിയാകൂവെന്നും അതിൽനിന്നും അവരെ മാറ്റുമെന്നും പരസ്യമായി ആ യോഗത്തിൽവച്ച് കേന്ദ്രമന്ത്രി പറഞ്ഞിട്ടുണ്ട്. എങ്കിലും തീരുമാനമുണ്ടാകേണ്ടതുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ നല്ല പ്രതീക്ഷയോടെയാണ് നിൽക്കുന്നത്. ഇപ്പോൾ നാലുവരിപ്പാതയാക്കി സാക്ഷാത്കരിക്കാൻ അവർ സമ്മതിക്കുകയാണെങ്കിൽ ഈ ഗവൺമെന്റിന്റെ ഭരണകാലത്തുതന്നെ അത് നിർമ്മിക്കാൻ കഴിയുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. ഇന്ത്യൻ സ്റ്റേറ്റുകളിൽ ആദ്യമായിട്ടാണ് മെയിന്റനൻസിന് പ്രത്യേകം ചീഫ് എഞ്ചിനീയറും ഒരു ഡിവിഷനുമുണ്ടാകുന്നത്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മന്ത്രി ബംഗളൂരുവിലെ വൈറ്റ് സർഫസ് റോഡുകൾ പരിശോധിക്കാൻ പോയി എന്നൊരു വാർത്ത കണ്ടു. കേരളത്തിൽ സ്ഥിരമായി രണ്ട് സീസണിൽ മഴ പെയ്യുന്നതുകൊണ്ട് ബ്ലാക്ക് ടോപ്പിംഗ് നടത്തിയാൽ ഫലപ്രദമാകുമോ; ആ പരിശോധനയിൽനിന്നും എന്താണ് മനസ്സിലാക്കാൻ കഴിഞ്ഞത്; അത് ലാഭകരമാണോ; അതിന് വൻതോതിലുള്ള പണച്ചെലവ് വരുമോ? ഇന്ത്യയിലെ പല സ്ഥലങ്ങളിലും അത് നടപ്പിലാക്കിയിട്ടുണ്ട്. അങ്ങനെയുള്ള സ്ഥലങ്ങളിൽ അതിന് വളരെ longevity ഉള്ളതായി കണ്ടിട്ടുണ്ട്. വളരെക്കാലം നിലനിൽക്കുമെന്നുള്ളതു കൊണ്ട് അത് വളരെ ലാഭകരമാണ്. അതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, 900 കിലോമീറ്ററാണ് അവിടെ വൈറ്റ് ടോപ്പിംഗ് നടത്തുന്നത്. അതിന്റെ ഒരു ഭാഗമാണ് എഞ്ചിനീയർമാർ എന്നെ കൊണ്ടുപോയി കാണിച്ചത്. ഒരു കിലോമീറ്ററിന് 10 കോടി രൂപ ചെലവ് വരും. റോഡ് സർഫസിൽ സിമെന്റ് തേയ്ക്കുക എന്നുള്ളതല്ല, മറിച്ച് താഴെനിന്നുതന്നെ റോഡ് ശാസ്ത്രീയമായി നിർമ്മിച്ചുവരികയാണ്. ബി.എം. & ബി.സി. ചെയ്യുന്നതിനേക്കാൾ നന്നായി ചെയ്യാമെങ്കിലും ആ ചെലവല്ല വരുന്നത്. റോഡ് നിർമ്മിച്ച് ടോപ്പ് ലെവൽ ശാസ്ത്രീയമായി കോൺക്രീറ്റ് ചെയ്യുകയാണ്. 30 വർഷമാണ് ആ റോഡിന്റെ കാലാവധി. ദീർഘകാലാടിസ്ഥാനത്തിൽ നോക്കിയാൽ അത് കൂടുതൽ ചെലവല്ല. കാരണം, ഒരു കിലോമീറ്ററിന് ഒരു കോടി രൂപ ചെലവിൽ രണ്ടും മൂന്നും വർഷത്തിലൊരിക്കൽ ഇവിടെ ബി.എം. & ബി.സി. ചെയ്തുകൊണ്ടിരിക്കുകയാണ്. അങ്ങനെ നോക്കിയാൽ അത് നഷ്ടമല്ല. പക്ഷേ, ഉടനെ 10 കോടി രൂപ ചെലവാക്കാൻ സംസ്ഥാനത്തിന് കഴിയുമോ? ഏതെങ്കിലും സ്ഥലത്ത് അത് പരീക്ഷണാർത്ഥം ചെയ്യുന്ന കാര്യത്തെക്കുറിച്ചാണ് ഇപ്പോൾ ആലോചിച്ചു കൊണ്ടിരിക്കുന്നത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ലോകത്തെമ്പാടും ആധുനികമായ തരത്തിൽ റോഡുകൾ നിർമ്മിക്കുന്നതിനെ സംബന്ധിച്ച മോഡൽ റീബിൽഡ് കേരളയുടെ യോഗത്തിൽ ഞങ്ങളെ കാണിക്കുകയുണ്ടായി. അത് വളരെ ഫലപ്രദമാണെന്ന് എനിക്കും തോന്നി. ആ മോഡൽ കാണിക്കാനുള്ള കാരണം എല്ലാ വർഷവും പൊതുമരാമത്ത് വകുപ്പ് റോഡുകൾ മെയിന്റനൻസ് ചെയ്തുകൊണ്ടിരിക്കുന്നു എന്നതാണ്. ഇതുപോലെ റോഡ് മെയിന്റനൻസ് ചെയ്യുന്ന മറ്റൊരു സംസ്ഥാനം ഗോവയാണ്. അന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ആ യോഗത്തിൽ പങ്കെടുത്തിരുന്നു. അതുമാറ്റി ആധുനിക രീതിയിലുള്ള റോഡ് നിർമ്മാണത്തെക്കുറിച്ച് ഗവൺമെന്റ് ഗൗരവമായി ആലോചിക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, പുതിയ സംവിധാനങ്ങളും ടെക്നോളജിയും സാമ്പത്തികവും കണക്കിലെടുത്ത് അക്കാര്യം പരിശോധിക്കാം. അതിനൊരു പ്രയാസവുമില്ല.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇന്നുള്ള രീതികൾ കാലോചിതമായി എങ്ങനെ പരിഷ്കരിക്കാമെന്നതാണ് റീബിൽഡ് കേരളയുടെ ആശയം. അതുകൂടി റീബിൽഡ് കേരളയുടെ ഭാഗമായി പരിശോധിക്കുന്നതാണ്.

ശ്രീ. ജി. സുധാകരൻ: സർ, ഇന്ത്യയിൽ ആദ്യമായാണ് പൊതുമരാമത്ത് വകുപ്പിൽ മെയിന്റനൻസിന് ഒരു ഡിവിഷനും ഒരു ചീഫ് എഞ്ചിനീയറും ഉണ്ടാകുന്നത്. യൂറോപ്യൻ രാജ്യങ്ങളിലും അമേരിക്കയിലും അതുണ്ട്. ഈ ആശയം ക്യാബിനറ്റിൽ വച്ചപ്പോൾത്തന്നെ അത് പാസ്സാക്കി ചീഫ് എഞ്ചിനീയറെ നിയമിച്ചു. നല്ല രീതിയിൽ അത് ഡെവലപ് ചെയ്തുവരികയാണ്. റോഡുകൾ നിർമ്മിച്ചുകൊണ്ടിരിക്കുമ്പോഴും നിർമ്മിച്ചുകഴിഞ്ഞാലും നിർമ്മാണം ശരിയാണോയെന്ന് പരിശോധിക്കാനുള്ള സംവിധാനങ്ങൾ ഇപ്പോൾ മെച്ചപ്പെട്ട് വന്നിട്ടുണ്ട്.

ഈ ഗവൺമെന്റിന്റെ ഭരണകാലത്ത് നാന്നൂറോളം പാലങ്ങൾ പണിയുകയാണ്. കുറേ പാലങ്ങളുടെ പണി പൂർത്തിയായി. പാലങ്ങൾ നന്നായി പണിയണം. അതിന് പുതിയ ഡിസൈൻ വിംഗ് വന്നിട്ടുണ്ട്. അവർ നല്ല നിലയിൽ ഡിസൈൻ ചെയ്യുന്നുണ്ട്. ഇപ്പോൾ ബ്രിഡ്ജസിന് പ്രത്യേക ഡിവിഷനായി. റോഡ്സ് ആൻഡ് ബ്രിഡ്ജസ് എന്നുള്ളത് മാറി റോഡ്സിനും ബ്രിഡ്ജസിനും വെവ്വേറെ ഡിവിഷനും ചീഫ് എഞ്ചിനീയറുമായി. കുട്ടനാട്ടിൽ 12 പാലവും ചെങ്ങന്നൂരിൽ 16 പാലവുമാണ് ഇപ്പോൾ പണിയുന്നത്. എവിടെയാണോ പാലങ്ങളുടെ ആവശ്യമുള്ളത് അവിടെയെല്ലാം പണിയുകയാണ്. അതും ഈ ഗവൺമെന്റ് ശക്തിപ്പെടുത്തുന്നതാണ്.

കെട്ടിട നിർമ്മാണത്തിലും വലിയ മാറ്റങ്ങളാണ് വന്നിട്ടുള്ളത്. റെസ്റ്റ് ഹൗസുകൾ ഇപ്പോൾ പഴയ സ്ഥിതിയിലല്ല. വളരെ മെച്ചപ്പെട്ട തരത്തിൽ പുതിയ രീതിയിൽ അത് നിർമ്മിച്ചുകൊണ്ടിരിക്കുകയാണ്. അതിന്റെ പരിപാലനത്തിലും മാറ്റങ്ങളുണ്ട്. പണ്ടുമുതലേ വേണ്ടത്ര സ്ഥിരം ജീവനക്കാർ അവിടെയില്ല. അതിനുവേണ്ടി പോസ്റ്റ് ക്രിയേറ്റ് ചെയ്ത് സ്ഥിരം ജീവനക്കാരെ നിയമിക്കണം. അതിനുള്ള ശ്രമം നടത്തുന്നുണ്ട്. റെസ്റ്റ് ഹൗസുകളിൽ മാറ്റങ്ങളുണ്ടായിട്ടുണ്ടെന്ന് മാത്രമല്ല, നല്ലരീതിയിൽ വരുമാനവും വർദ്ധിച്ചിട്ടുണ്ട്. ഈ മൂന്ന് വർഷത്തിനിടയിൽ ഹൈക്കോടതിക്കുവേണ്ടി 600 കോടി രൂപയുടെ കെട്ടിടങ്ങളാണ് നിർമ്മിച്ചിട്ടുള്ളത്. കായംകുളത്താണ് അവസാനമായി കെട്ടിടത്തിന്റെ തറക്കല്ലിടാൻ ചീഫ് ജസ്റ്റിസ് വന്നത്. അദ്ദേഹം വളരെ സന്തോഷവാനായി അഭിമാനപൂർവ്വമാണ് അതിനെക്കുറിച്ച് പറഞ്ഞത്. എറണാകുളം ഹൈക്കോടതി കോംപ്ലക്സിൽ ഏഴുനില മന്ദിരം, കോഴിക്കോട് ജില്ലാ കോടതി പ്രിമിസെസ്സിൽ ഏഴുനില മന്ദിരം, ഇങ്ങനെ അതിമനോഹരമായ കോടതി കെട്ടിടങ്ങൾ എന്നിവ നിർമ്മിച്ചുകൊടുത്തു. മുമ്പ് ഒരുകാലത്തും കോടതികളിൽ ഇതുപോലെയുള്ള കെട്ടിടനിർമ്മാണങ്ങൾ നടന്നിട്ടില്ലെന്ന് കേരള ചീഫ് ജസ്റ്റിസ് പറയുകയുണ്ടായി. പബ്ലിക് ലൈബ്രറിയുടെ പുതിയ കെട്ടിടം, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്ത ഫൈനാൻസ് കോളേജിന്റെ പുതിയ കെട്ടിടം, കണ്ണാശുപത്രിയുടെ കെട്ടിടം ഇവയെല്ലാം എത്ര മനോഹരമായാണ് ബിൽഡിംഗ് എഞ്ചിനീയർമാർ ഡിസൈൻ ചെയ്തത്. അവർക്ക് അതിന് സ്വാതന്ത്ര്യം കൊടുത്തിരിക്കുകയാണ്. പുതിയ ഇന്നൊവേഷൻസിനും അവർക്ക് അവസരം കൊടുത്തു. കെട്ടിടമായാലും നാഷണൽ ഹൈവേ ആയാലും റോഡുകളായാലും പാലങ്ങളായാലും എല്ലാ രംഗത്തും നല്ല രീതിയിലുള്ള മാറ്റങ്ങളാണ് വന്നിട്ടുള്ളത്. വൈറ്റ് ടോപ്പിംഗ്, ജിയോ ടെക്സ്റ്റൈൽസ്, നാച്വറൽ റബ്ബർ, വേസ്റ്റ് പ്ലാസ്റ്റിക്, ക്വാളിറ്റി ടൈൽസ്, കോൺക്രീറ്റ് ഇവയിൽ ഏതുപയോഗിച്ചായാലും എവിടെ, ഏത് ടെക്നോളജിയാണ് അനുയോജ്യമായിട്ടുള്ളതെന്ന് പരിശോധിച്ച് സാമ്പത്തികംകൂടി കണക്കിലെടുത്ത് നല്ല നിലയിൽ നിർമ്മിച്ചുവരികയാണ്. അടിസ്ഥാനപരമായി തിയററ്റിക്കലായും പ്രാക്ടിക്കലായും കാലത്തെ അതിജീവിക്കുന്ന മികച്ച റോഡുകളും ദീർഘകാലം നിലനിൽക്കുന്ന പാലങ്ങളും നിർമ്മാണ വൈകല്യമില്ലാത്ത നല്ല കെട്ടിടങ്ങളും നിർമ്മിക്കാൻ പി.ഡബ്ല്യു.ഡി. എല്ലാവരെയും രംഗത്തിറക്കിയിട്ടുണ്ട്. എഞ്ചിനീയർമാരുടെ കഴിവിൽ നല്ല വളർച്ചയുണ്ടായിട്ടുണ്ട്. ഇപ്പോൾ പുതിയ എഞ്ചിനീയർമാർ ധാരാളം വരികയും അവരെ പരിശീലിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. സമയക്കുറവുകൊണ്ട് അതിലേയ്ക്കൊന്നും കടക്കുന്നില്ല. കേരളത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും ഏറ്റവും പ്രധാന ഏജൻസിയായ പി.ഡബ്ല്യു.ഡി. ചെയ്തുതീർക്കേണ്ട കടമകൾ കേരളത്തിൽ

നിർവ്വഹിച്ചില്ലെന്ന പരാതിയുണ്ടായിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പൂർണ്ണ പിന്തുണയോടു കൂടി പി.ഡബ്ല്യു.ഡി. അവയെല്ലാം പരിഹരിക്കാൻ ശ്രമിച്ചു കൊണ്ടിരിക്കുകയാണ്.

ശ്രീ. സണ്ണി ജോസഫ്: സർ, മലയോര ഹൈവേയും തീരദേശ റോഡുകളും കിഫ്ബി പദ്ധതിയിൽ ഏറ്റെടുത്തിരിക്കുകയാണ്. കിഫ്ബിയുമായി ബന്ധപ്പെട്ട് എം.എൽ.എ-മാരെ പങ്കെടുപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി രണ്ട് യോഗം വിളിച്ചുകൂട്ടുകയുണ്ടായി. എല്ലാവരെയും ബാധിക്കുന്നതായ ഒരു പ്രശ്നം അവിടെ ഉന്നയിക്കുകയുണ്ടായി. റോഡുകൾ പലതും വനത്തിലൂടെയാണ് കടന്നുപോകുന്നത്. നിലവിൽ വനത്തിലൂടെ റോഡുണ്ട്. പക്ഷേ, വീതി കൂട്ടാനോ പണിയാനോ വനം വകുപ്പ് അനുവദിക്കുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കറിയാവുന്ന കൊട്ടിയൂരിൽ നിന്ന് മാനന്തവാടിക്ക് പോകുന്ന വളരെ പ്രധാനപ്പെട്ട ബോയ്സ് ടൗൺ റോഡ് വിമാനത്താവളം റോഡായി അംഗീകരിച്ചതാണ്. വനത്തിലൂടെ ഒരു കിലോമീറ്റർ ഇരുന്നൂറ് മീറ്റർ മാത്രമാണ് പോകുന്നത്. അവിടെ വീതി കൂട്ടാൻ കഴിയില്ലെങ്കിലും നിലവിലുള്ള ഭാഗം കിഫ്ബിയിൽ ഏറ്റെടുത്ത് നവീകരിക്കാൻ കഴിഞ്ഞില്ലെങ്കിൽ, റോഡിന്റെ മറ്റു ഭാഗങ്ങൾ നന്നായി കിടക്കുകയും മധ്യത്തിലുള്ള ഒരു കിലോമീറ്റർ പൊളിഞ്ഞുകിടക്കുകയും ചെയ്യും. വിവിധ ജില്ലകളിലെ പല മണ്ഡലങ്ങളിലും ഈ അവസ്ഥയുണ്ട്. ബഹുമാന്യരായ മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും പൊതുമരാമത്ത് വകുപ്പുമന്ത്രിയും വനം വകുപ്പുമന്ത്രിയും ഇടപെട്ട് ആ വിഷയത്തിന് പരിഹാരമുണ്ടാക്കണമെന്ന് ആവശ്യപ്പെടുന്നു.

ശ്രീ. ജി. സുധാകരൻ: സർ, അത്യാവശ്യ കാര്യങ്ങളെല്ലാം പറഞ്ഞുകഴിഞ്ഞു. ഇനിയും കൂടുതൽ വിശദീകരണത്തിലേക്ക് കടക്കുന്നില്ല. പൊതുമരാമത്തുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഇവിടെ നടന്ന ചർച്ചകളിൽ വിഴിഞ്ഞം തുറമുഖത്തെ സംബന്ധിച്ച് സ്ഥലം എം.എൽ.എ. കൂടിയായ ശ്രീ. എം. വിൻസെന്റും കൊല്ലം തുറമുഖത്തെ സംബന്ധിച്ച് ശ്രീ. എം. മുകേഷുമാണ് കൂടുതൽ കാര്യങ്ങൾ ഉന്നയിച്ചത്. മറ്റ് അംഗങ്ങളെല്ലാം തൊട്ടും തലോടിയും സംസാരിക്കുകയാണ് ചെയ്തത്. തുറമുഖം സംബന്ധിച്ച ഒരു ഹ്രസ്വചിത്രം നൽകാനാണ് ഞാൻ ആഗ്രഹിക്കുന്നത്. കേരളത്തിലെ നോൺ മേജർ തുറമുഖങ്ങളുടെ സമഗ്ര വികസനം ലക്ഷ്യം വച്ചുകൊണ്ട് 2017 സെപ്റ്റംബർ 16-ന് നിയമസഭ പാസ്സാക്കിയ കേരള മാരിടൈം ബോർഡ് ആക്ട് അനുസരിച്ച് കേരള മാരിടൈം ബോർഡ് നിലവിൽ വന്നിരിക്കുകയാണ്. മാരിടൈം ബോർഡിന്റെ പ്രവർത്തനങ്ങൾ വ്യാപിക്കുന്നതോടുകൂടി തുറമുഖശൃംഖലയിലെ പ്രവർത്തനങ്ങളിൽ പുതിയൊരു മുന്നേറ്റമുണ്ടാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

കണ്ണൂരിലെ അഴീക്കൽ തുറമുഖത്തിന്റെ കാര്യം ഞാൻ രാവിലെ സൂചിപ്പിക്കുകയുണ്ടായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനും വകുപ്പുമന്ത്രി വൈസ് ചെയർമാനുമായി അഴീക്കൽ പോർട്ട് ലിമിറ്റഡിന് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. പാരിസ്ഥിതികാഘാതപഠനം നടത്തി ഒരു വർഷത്തിനകം റിപ്പോർട്ട് സമർപ്പിക്കാൻ സി.ഇ.ഒ. ആയി ഒരാളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹം ഇതിന്റെ അധികാരം ഏറ്റെടുത്ത് പ്രവർത്തനം ആരംഭിച്ചിരിക്കുകയാണ്. 2016-17 മുതൽ 2019 മേയ് മാസംവരെ 1650-ഓളം കണ്ടെയ്നറുകൾ ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിലായി കൈകാര്യം ചെയ്യാൻ സാധിച്ചിട്ടുണ്ട്. തുറമുഖ ഓഫീസുകളെ സംബന്ധിച്ച് ഞാൻ വിശദീകരിക്കുന്നില്ല. വടകര ഓഫീസ് കെട്ടിടം പൂർത്തീകരിക്കുകയുണ്ടായി. തുറമുഖ വകുപ്പിന്റെ വലിയതുറ ഡയറക്ടറേറ്റ് മന്ദിരത്തിന് സമീപമുള്ള സ്റ്റാഫ് ക്വാർട്ടേഴ്സ്/ഗസ്റ്റ് ഹൗസ്, തുറമുഖ വകുപ്പിന്റെ ആലപ്പുഴയിലെ സ്റ്റാഫ് ക്വാർട്ടേഴ്സ്/ഓഫീസ് സമുച്ചയം ഇതിന്റെയെല്ലാം ഉദ്ഘാടനം ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് നിർവ്വഹിച്ചു. അതുപോലെ നവീകരിച്ച സിഗ്നൽ സ്റ്റേഷൻ ഉദ്ഘാടനം ബഹുമാനപ്പെട്ട ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി ശ്രീ. പി. തിലോത്തമൻ നിർവ്വഹിക്കുകയുണ്ടായി. കൊല്ലം തുറമുഖ വികസനത്തിനുവേണ്ടി 13.7512 ഹെക്ടർ പുറമ്പോക്ക് ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി, രണ്ട് സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥപ്രകാരം തുറമുഖ വകുപ്പിന് കൈമാറിയിട്ടുണ്ട്. കസ്റ്റംസ് ക്ലിയറൻസ് സംവിധാനം, പ്ലാന്റ് ക്വാറന്റൈൻ ലാബ്, ഇമിഗ്രേഷൻ ചെക്ക് പോസ്റ്റ്, സുരക്ഷാ സംവിധാനങ്ങൾ എന്നിവ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

കൊടുങ്ങല്ലൂരിൽ രണ്ടാംഘട്ട മെക്കാനിക്കൽ ഡ്രെഡ്ജിംഗ് ആരംഭിച്ച് പ്രവൃത്തി പുരോഗമിക്കുകയാണ്. തുറമുഖ വകുപ്പിന്റെ കീഴിലുള്ള കോഴിക്കോട് മറൈൻ ബംഗ്ലാവ് ഉൾപ്പെടെ നവീന പ്രവർത്തനങ്ങൾ പൂർത്തിയാക്കി തുറന്നു കൊടുത്തിട്ടുണ്ട്. ആലപ്പുഴ, കോഴിക്കോട്, വിഴിഞ്ഞം പോർട്ടുകളിൽ വാട്ടർ സ്പോർട്സ് തുടങ്ങാനുള്ള പദ്ധതികൾ സ്വീകരിച്ചുവരുന്നു. കൊല്ലം പാസഞ്ചർ ടെർമിനലിന്റെ നിർമ്മാണം 75 ശതമാനത്തോളം പൂർത്തിയായിട്ടുണ്ട്. ബേപ്പൂർ തുറമുഖത്തെ തൊഴിലാളികൾക്കുള്ള വിശ്രമമുറികളുടെ നിർമ്മാണം, ഗേറ്റ് ഹൗസിന്റെ നിർമ്മാണം തുടങ്ങിയ പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചരക്ക് നീക്കം സുഗമമാക്കുന്നതിന് 2 ട്രെയിലർ ട്രക്കുകൾ വാങ്ങുന്നതിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ബേപ്പൂർ തുറമുഖത്തെ പുതിയ വാർഫിൽ ഫേഷ്യാവാളിന്റെ നിർമ്മാണം പൂർത്തിയാക്കി. ബേപ്പൂർ തുറമുഖ വികസനത്തിനായി 129.47 ഏക്കർ കോവിലകം ഭൂമി ഏറ്റെടുക്കുന്നതിനായി വില നിശ്ചയിച്ച് നഷ്ടപരിഹാര തുകയും

അത് വിനിയോഗിക്കുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്. കൊല്ലം തുറമുഖത്തെ ദേശീയപാതയുമായി ബന്ധപ്പെടുത്തുന്നതിന് കൊല്ലം തുറമുഖം മുതൽ കൊച്ചുപ്ലാമൂട് വരെ 1.12 കിലോമീറ്റർ ദൈർഘ്യമുള്ള റോഡ് നിർമ്മാണം പൂർത്തിയായി. പ്രസ്തുത റോഡ് യാഥാർത്ഥ്യമായതോടെ തുറമുഖത്തുനിന്നും റോഡ് മാർഗ്ഗമുള്ള ചരക്കുനീക്കം സുഗമമാക്കാനും വലിയ കണ്ടെയ്നർ ഉൾപ്പെടെയുള്ള സാധനങ്ങൾ വളരെ വേഗത്തിൽ തുറമുഖത്ത് എത്തിക്കാനും സാധിച്ചു. പൊന്നാനി ഹാർബർ ബേസിനിൽ K.S.M.D.C.L. (Kerala State Mineral Development Corporation Limited) മുഖേന 82,55,000 രൂപ ചെലവഴിച്ചുള്ള ഡ്രെഡ്ജിംഗ് പ്രവൃത്തി പുരോഗമിക്കുന്നു. മുഹമ്മ-കുമരകം റൂട്ടിൽ ഇൻലാൻഡ് ബോട്ടുകളുടെ ആവശ്യാർത്ഥം 15,93,578 രൂപ ചെലവഴിച്ച് channel marker buoy സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി പൂർത്തിയായിവരുന്നു.

തീരദേശ കപ്പൽ ഗതാഗത പദ്ധതി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഇവിടെ നേരത്തെയുണ്ടായിരുന്ന ഇൻസെന്റീവ് ഒരു രൂപയിൽ നിന്ന് മൂന്ന് രൂപയായി വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗ്, തിരുവനന്തപുരത്തെ ചീഫ് ഹൈഡ്രോ ഗ്രാഫറുടെ ഓഫീസ്, കൊല്ലം, ബേപ്പൂർ എന്നിവിടങ്ങളിലെ മറൈൻ സർവ്വേയർമാരുടെ ഓഫീസുകൾ, നീണ്ടകര, ആലപ്പുഴ, നോർത്ത് പറവൂർ (നിലവിൽ കൊടുങ്ങല്ലൂർ) കണ്ണൂർ എന്നീ അസിസ്റ്റന്റ് മറൈൻ സർവ്വേയർമാരുടെ ഓഫീസുകൾ വഴി ആധുനിക രീതിയിൽ മറൈൻ സർവ്വേ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. കേരളത്തിലെ ചെറുകിട ഇടത്തരം തുറമുഖങ്ങളുടെയും മത്സ്യബന്ധന തുറമുഖങ്ങളുടെയും ഉൾനാടൻ ജലഗതാഗത പാതകളുടെയും വികസനത്തിനും പുതിയ ജലപാതകൾ സ്ഥാപിക്കുന്നതിനും ആവശ്യമായ പര്യവേക്ഷണങ്ങൾ നടത്തുന്ന ജോലിയാണ് ഹൈഡ്രോഗ്രാഫിക് സർവ്വേ വിഭാഗം ചെയ്തുവരുന്നത്. ജലാശയങ്ങളുടെ അടിത്തട്ടിനെപ്പറ്റി അറിയുന്നതിനായി മൺസൂണിന് മുൻപുതന്നെ ഇതിന്റെ സർവ്വേ നടപടികൾ പൂർത്തിയാക്കി അതിന്റെ ലക്ഷ്യത്തിലെത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. 2016 ഒക്ടോബർ 22-ാം തീയതി ആലപ്പുഴ മുഹമ്മയിൽ ഒരു അസിസ്റ്റന്റ് മറൈൻ സർവ്വേയറുടെ ഓഫീസ് പൂർത്തിയായിട്ടുണ്ട്. ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗിന്റെ ആസ്ഥാന മന്ദിരമായ ചീഫ് ഹൈഡ്രോഗ്രാഫറുടെ ഓഫീസ് തിരുവനന്തപുരം ജില്ലയിലെ കമലേശ്വരത്ത് ആരംഭിച്ചിട്ടുണ്ട്. കൊടുങ്ങല്ലൂരിൽ അസിസ്റ്റന്റ് മറൈൻ സർവ്വേയറുടെ ഓഫീസ് കെട്ടിടം പൂർത്തീകരിച്ചിട്ടുണ്ട്. കൊല്ലം മറൈൻ സർവ്വേയറുടെ ഓഫീസിന്റെ നവീകരണം പൂർത്തീകരിച്ചു. ആലപ്പുഴ പുതിയ അസിസ്റ്റന്റ് മറൈൻ സർവ്വേയർ ഓഫീസിന് ആവശ്യമായ ആധുനിക സർവ്വേ ഉപകരണങ്ങൾ 45.82 ലക്ഷം രൂപ ചെലവഴിച്ച് വാങ്ങിയിട്ടുണ്ട്. 2017 നവംബർ 4-ാം തീയതി കണ്ണൂരിലെ അഴീക്കലിൽ ഒരു അസിസ്റ്റന്റ് മറൈൻ സർവ്വേയറുടെ ഓഫീസ് തുറന്ന് പ്രവർത്തനം ആരംഭിച്ചു.

കൊച്ചി വാട്ടർ മെട്രോ ആരംഭിക്കുന്നതിന് വേണ്ടിയുള്ള 18 റൂട്ടുകളുടെ സർവ്വേ, പറവൂർ ഫിഷിംഗ് ഹാർബറിന്റെ സർവ്വേ, നീണ്ടകര ഹാർബർ & അപ്രോച്ചസ് സർവ്വേ, കായംകുളം പോർട്ട് ആന്റ് അപ്രോച്ചസിന്റെ സർവ്വേ, നാറ്റ്പാക് സർവ്വേകൾ എന്നിവ ഉൾപ്പെടെ 36 സർവ്വേകൾ പൂർത്തീകരിച്ചിട്ടുണ്ട്. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹൈഡ്രോഗ്രാഫിക് ആന്റ് അഡ്വാൻസ് സ്റ്റഡീസ് എന്ന സ്ഥാപനത്തിൽ രണ്ട് ബാച്ചുകളുടെ ബേസിക് ഹൈഡ്രോഗ്രാഫിക് കോഴ്സ് പൂർത്തീകരിച്ചു. 31.06 ലക്ഷം രൂപ വിനിയോഗിച്ച് സർവ്വേ വെസ്സലുകളുടെ നവീകരണം പൂർത്തിയാക്കിയിട്ടുണ്ട്. തലശ്ശേരി, തലായി, പുതിയാപ്പ, ബേപ്പൂർ, താനൂർ, ചോംബാൽ, കൊയിലാണ്ടി ഹാർബറുകളുടെ സർവ്വേയും തീരദേശ വികസന കോർപ്പറേഷന്റെ ആവശ്യപ്രകാരം വിഴിഞ്ഞം മുതൽ മുതലപ്പൊഴി വരെയുള്ള ഭാഗത്തെ സർവ്വേയും പൂർത്തീകരിച്ചിട്ടുണ്ട്. കൊല്ലം മറൈൻ സർവ്വേ ആഫീസിൽ 'MV ജല സർവ്വേക്ഷക്' എന്ന സർവ്വേ ബോട്ട് 105 ലക്ഷം രൂപയ്ക്ക് പുതുതായി നിർമ്മിച്ച് 28-2-2019-ൽ ഉദ്ഘാടനം ചെയ്തു.

ഇവിടെ കൊല്ലം വികസനം സംബന്ധിച്ചും ലക്ഷദ്വീപ്, മാലിദ്വീപ് തുടങ്ങിയ പ്രദേശങ്ങളുമായി ബന്ധപ്പെട്ടുള്ള വ്യാപാരബന്ധിതവും യാത്രാബന്ധിതവുമായ കാര്യങ്ങളെക്കുറിച്ചും ചർച്ചയിൽ ഉന്നയിച്ചത് നന്നായി. ഏറ്റവും കൂടുതൽ സൗകര്യം വർദ്ധിപ്പിക്കാൻ കഴിയുന്ന ഒന്നാണ് എന്ന നിലയ്ക്ക് ഇവിടെ നിർദ്ദേശിച്ച കാര്യങ്ങൾ പരിഗണിച്ചുകൊണ്ട് അത്തരം കാര്യങ്ങൾ പ്രാവർത്തികമാക്കാൻ ശ്രമിക്കുന്നതാണ്. കൊല്ലത്ത് 100 മീറ്റർ നീളമുള്ള ബെർത്ത് 2 മാസത്തിനുള്ളിൽ പൂർത്തിയാകും. ഈ ബെർത്തിന്റെ നീളം 150 മീറ്ററായി വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ആ തീരുമാനം പ്രാവർത്തികമാകുന്നതോടുകൂടി വാർഫുകൾ വരികയും വലിയ കപ്പലുകൾക്ക് എത്തിച്ചേരാനും കഴിയുമെന്നതാണ് ഇതിന്റെ പ്രധാനപ്പെട്ട ഒരു പ്രത്യേകതയും നേട്ടവും.

വിഴിഞ്ഞം പദ്ധതി സംബന്ധിച്ച കാര്യങ്ങളാണ് സ്ഥലം എം.എൽ.എ. കൂടിയായ ശ്രീ. എം. വിൻസെന്റ് പറഞ്ഞത്. തുറമുഖ നിർമ്മാണത്തിന്റെ പ്രവർത്തനങ്ങളിൽ പാറ ലഭിക്കുന്നതിനുള്ള ചില കാര്യങ്ങളിൽ അസൗകര്യമുണ്ടായിട്ടുണ്ട്. അത് ലഭ്യമാക്കാനുള്ള ചുമതല നിർവ്വഹിക്കേണ്ടത് അദാനി കമ്പനിയാണ്. സംസ്ഥാന ഗവൺമെന്റ് ചെയ്യേണ്ട കാര്യങ്ങൾ എന്താണോ അത് വളരെ കാര്യക്ഷമമായി നിർവ്വഹിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സർക്കാർ തലത്തിൽ കാലതാമസം നേരിടുന്നുവെന്ന് അവർ അറിയിച്ചതിനെത്തുടർന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ

യോഗം വിളിച്ചുചേർത്ത് അപേക്ഷകൾ പരിശോധിച്ച് ത്വരിതഗതിയിൽ തീരുമാനമെടുക്കാൻ നിർദ്ദേശം നൽകുകയുണ്ടായി. തുടർന്ന് വകുപ്പുമന്ത്രി ചീഫ് സെക്രട്ടറി, അഡീഷണൽ ചീഫ് സെക്രട്ടറി (പോർട്ട്സ്) എന്നിവരുടെ പ്രത്യേക യോഗം വിളിച്ച് ജില്ലാ കളക്ടർക്കും മൈനിംഗ് ആന്റ് ജിയോളജി വകുപ്പിനും പ്രത്യേക നിർദ്ദേശങ്ങൾ നൽകുകയുണ്ടായി. അതിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ വിലയിരുത്തൽ യോഗങ്ങൾ ചേരുകയും ബന്ധപ്പെട്ട ജില്ലകളിൽ ലഭ്യമാകുന്ന പാറ പൊട്ടിക്കാനും കൊണ്ടുവരാനും സൗകര്യമുള്ള ജില്ലകൾക്ക് അത് ലഭ്യമാക്കുന്നതിനും അനുമതി നൽകുന്നതിനുമുള്ള സാങ്കേതിക-ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിന് ജില്ലാകളക്ടർമാർക്കും ബന്ധപ്പെട്ടവർക്കും നിർദ്ദേശം നൽകിയതിനെത്തുടർന്ന് ഇക്കാര്യത്തിൽ ഏറെ മാറ്റങ്ങളും പുരോഗതിയുമുണ്ടായിട്ടുണ്ടെന്നാണ് സൂചിപ്പിക്കാനുള്ളത്.

പുലിമുട്ട് നിർമ്മാണം സംബന്ധിച്ച് ഇവിടെ പരാമർശിക്കുകയുണ്ടായി. 3100 മീറ്റർ നീളമുള്ള പുലിമുട്ടിന്റെ 600 മീറ്റർ പൂർത്തീകരിച്ചിട്ടുണ്ട്. തുടർന്നുള്ള നിർമ്മാണത്തിന് ആവശ്യമായ പാറ ലഭ്യമാക്കാൻ അദാനി കമ്പനിക്ക് കഴിയാത്തതുകൊണ്ടാണ് പുലിമുട്ട് നിർമ്മാണം പൂർത്തിയാക്കാൻ കഴിയാതെ വന്നത്. പാറ ലഭ്യമായാൽ അത് വേഗത്തിൽ പൂർത്തിയാക്കാൻ കഴിയുന്നതാണ്. തുടർന്ന് ഡ്രെഡ്ജിംഗ് & റിക്ലമേഷൻ, ബെർത്ത് നിർമ്മാണം, കണ്ടെയ്നർ യാർഡ് തുടങ്ങി വിവിധ കാര്യങ്ങളുണ്ട്. സമയക്കുറവുമൂലം കൂടുതൽ വിശദീകരിക്കുന്നില്ല. കണ്ടെയ്നർ ക്രെയിനുകളും മറ്റു ഉപകരണങ്ങളും പദ്ധതിക്കാവശ്യമുള്ള 3 ടഗ്ഗ് ബോട്ടുകൾ നിർമ്മിച്ച് വിഴിഞ്ഞം തുറമുഖത്ത് എത്തിക്കുന്നതിനായി ജപ്പാനിലെ കമ്പനിയുമായി ബന്ധപ്പെട്ടിട്ടുണ്ട്. 18,000 TEU (Twenty-foot Equivalent Unit) ശേഷിയുള്ള കപ്പലുകളിലെ കണ്ടെയ്നറുകൾ കൈകാര്യം ചെയ്യുന്നതിനുള്ള 8 ക്രെയിനുകൾ, 24 യാർഡ് ക്രെയിനുകൾ, മറ്റ് അനുബന്ധ യന്ത്രോപകരണങ്ങൾ തുടങ്ങിയവ അദാനി കമ്പനി ചൈനയിൽ നിർമ്മിച്ച് ഇവിടെ എത്തിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ പ്രവർത്തനങ്ങൾ നടക്കുകയാണ്.

പുലിമുട്ട് നിർമ്മാണത്തിനാവശ്യമായ പാറ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടിയെക്കുറിച്ചാണ് ഞാനിവിടെ സൂചിപ്പിച്ചത്. അതുപോലെ കമ്പനി സമർപ്പിച്ചിട്ടുള്ള വിവിധ അപേക്ഷകൾ അതായത്, പരിസ്ഥിതി സംബന്ധിച്ച കാര്യങ്ങളെല്ലാം വിശദീകരിച്ചു. പത്തനംതിട്ട ജില്ല ഉൾപ്പെടെ അഞ്ചാറ് ജില്ലകളിൽ പാറ ലഭ്യമാകുന്ന സ്ഥലങ്ങളിലേക്ക് നിർദ്ദേശം നൽകുകയും അതിന് ജില്ലാ കളക്ടർമാരുമായി ബന്ധപ്പെട്ട് എൻ.ഒ.സി. നൽകുന്നതിനുള്ള നടപടികളും എടുത്തിട്ടുണ്ട്.

ദേശീയപാത 66-മായി തുറമുഖത്തിനെ ബന്ധിപ്പിക്കുന്ന നാലുവരി റോഡിന്റെ നിർമ്മാണച്ചുമതല സ്വകാര്യ പങ്കാളിയായ Adani Vizhinjam Port Private Ltd (AVPPL) നാണ്. ആവശ്യമായ ഭൂമി ഏറ്റെടുത്ത് സ്വകാര്യ പങ്കാളിക്ക് കൈമാറിക്കഴിഞ്ഞു. തുറമുഖ പാതയും ദേശീയപാതയുമായി ബന്ധിപ്പിക്കുന്ന ജംഗ്ഷന്റെ ഡിസൈൻ അംഗീകരിച്ചുകഴിഞ്ഞിട്ടുണ്ട്. വിഴിഞ്ഞം തുറമുഖത്തെ തിരുവനന്തപുരം നാഗർകോവിൽ റെയിൽപാതയുമായി ബന്ധിപ്പിക്കുന്ന പദ്ധതി നടപ്പിലാക്കുന്നതിനുള്ള ചുമതല സംസ്ഥാന സർക്കാരിനാണ്. ഇതിനായി കൊങ്കൺ റെയിൽ കോർപ്പറേഷനുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. അവർ തയ്യാറാക്കിയ പ്രോജക്ട് റിപ്പോർട്ട് അനുസരിച്ച് 10.77 കിലോ മീറ്റർ ദൈർഘ്യമുള്ള വിഴിഞ്ഞം ബാലരാമപുരം റെയിൽപാതയിൽ 9 കിലോ മീറ്റർ ഭൂമിക്കടിയിലൂടെയുള്ള ടണൽ വഴിയായിരിക്കും. കൊങ്കൺ റെയിൽ കോർപ്പറേഷൻ തയ്യാറാക്കിയ ഡി.പി.ആർ. സംസ്ഥാന സർക്കാർതല കമ്മിറ്റി പരിശോധിച്ച് ദക്ഷിണ റെയിൽവേക്ക് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. റെയിൽവേ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കും. കരാർപ്രകാരം 2022-ലാണ് റെയിൽവേ ലൈൻ പണി പൂർത്തീകരിക്കേണ്ടത്. അത് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് റെയിൽവേ അറിയിച്ചിട്ടുള്ളത്.

തുറമുഖ നിർമ്മാണത്തിനാവശ്യമുള്ള 11 കെ.വി. ലൈനുകൾ പൂവാർ 33 കെ.വി. സബ്സ്റ്റേഷനിൽ നിന്നും കെ.എസ്.ഇ.ബി.എൽ. ലഭ്യമാക്കിയിട്ടുണ്ട്. തുറമുഖ പ്രവർത്തനങ്ങൾക്കാവശ്യമായ 220 കെ.വി. വൈദ്യുതി ലഭ്യമാകുന്നതോടുകൂടി നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടും. 3.3 ദശലക്ഷം ലിറ്റർ പ്രതിദിന ശേഷിയുള്ള ശുദ്ധജല വിതരണ പദ്ധതി ഇതിനോടകംതന്നെ പ്രവർത്തനമാരംഭിക്കുകയും തദ്ദേശവാസികൾക്ക് സംസ്ഥാന ജല അതോറിറ്റിയുടെ നിലവിലുള്ള സംവിധാനം ഉപയോഗപ്പെടുത്തി വിതരണം നടത്തുകയും ചെയ്യുന്നുണ്ട്.

തുറമുഖ നിർമ്മാണ കമ്പനിക്ക് കടൽ നികത്തുന്നതുൾപ്പെടെ 149.6761 ഹെക്ടർ ഭൂമി കൈമാറേണ്ടതിൽ 137.6101 ഹെക്ടർ ഭൂമി (91.94%) കൈമാറിയിട്ടുണ്ട്. ഈ ഇനത്തിൽ നാളിതുവരെ 640 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ശേഷിക്കുന്ന ഭൂമി കൈമാറുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ഇതിൽ 4.2324 ഹെക്ടർ ഭൂമി വിട്ടുനൽകാൻ സമ്മതമല്ലാത്ത ഭൂഉടമകളിൽ നിന്നും 2013-ലെ ഭൂമി ഏറ്റെടുക്കൽ നിയമപ്രകാരം ഏറ്റെടുക്കുന്നതിനുള്ള നടപടികളും നടന്നുവരുന്നു. ഇക്കാര്യത്തിൽ സർക്കാരിന്റെ ഭാഗത്തുനിന്നുള്ള നടപടികളിൽ കാലതാമസമുണ്ടായിട്ടില്ല.

പദ്ധതിബാധിതരുടെ നഷ്ടപരിഹാര വിതരണത്തിന് ചിപ്പി/ലോബ്സ്റ്റർ, കരമടി, റിസോർട്ട് തൊഴിലാളികൾ, സ്വയംസഹായ സംഘങ്ങൾ, സൗജന്യ മണ്ണെണ്ണ വിതരണം എന്നീ വകയിലും ജീവനോപാധി നഷ്ടപരിഹാരം എന്ന നിലയിലും ആകെ 2574 പേർക്ക് ഏകദേശം 81 കോടി രൂപ നാളിതുവരെ വിതരണം ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന പദ്ധതി ബാധിതരെ കണ്ടെത്തി നഷ്ടപരിഹാരം തിട്ടപ്പെടുത്തുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുന്നതിന് തിരുവനന്തപുരം ജില്ലാ കളക്ടറെ ചീഫ് സെക്രട്ടറി ചെയർമാനായ പ്രോജക്ട് ഇംപ്ലിമെന്റേഷൻ കമ്മിറ്റി ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ പ്രദേശത്തെ മത്സ്യത്തൊഴിലാളികളിൽ നിന്നും അർഹരായവരെ കണ്ടെത്തി നഷ്ടപരിഹാരം വിതരണം ചെയ്യുന്നതിനായി ആർ.ഡി.ഒ. ചെയർമാനായി ഒരു ലൈവ്ലിഹുഡ് ഇംപാക്ട് അപ്രൈസൽ കമ്മിറ്റിയും ജില്ലാ കളക്ടർ ചെയർമാനായി എൽ.ഐ.എ.സി. അപ്പീൽ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. ഈ രണ്ട് കമ്മിറ്റികളുടെയും നിർദ്ദേശമനുസരിച്ച് ഫിഷറീസ് വകുപ്പിന്റെ കീഴിൽ രൂപീകരിച്ചിട്ടുള്ള പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് വഴിയാണ് അർഹരായവരെ കണ്ടെത്തുന്നത്. മേൽപ്പറഞ്ഞ സുതാര്യമായ ശ്രമത്തിലൂടെയാണ് അർഹരായവരെ കണ്ടെത്തുന്നത്. സഹായങ്ങൾ ലഭ്യമാകുന്നുവെന്ന് അറിഞ്ഞതിനെത്തുടർന്ന് ഏതാണ്ട് പതിനെട്ടായിരത്തോളം അപേക്ഷകളാണ് വന്നിട്ടുള്ളത്. ബഹുമാനപ്പെട്ട എം.എൽ.എ.മാരുടെയും ജനപ്രതിനിധികളുടെയും സഹായം ഉണ്ടായാൽ അർഹതപ്പെട്ടവരെ തെരഞ്ഞെടുക്കാനും അനർഹരെ ഒഴിവാക്കാനും സാധിക്കും. അത്തരം പരിശോധനകൾ പൂർത്തിയാകുന്നതോടെ തുടർപ്രവർത്തനങ്ങൾ ആരംഭിക്കാനാകുമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. അതുകൊണ്ട് വിഴിഞ്ഞം പദ്ധതി സംബന്ധിച്ച് ആശങ്കയ്ക്ക് ഇടമില്ല. ഈ ഗവൺമെന്റിന്റെ ഭരണകാലത്തുതന്നെ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള ശ്രമങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, കഴിഞ്ഞ ജനുവരി മാസം ഈ പാക്കേജ് നടപ്പിലാക്കുന്നതിനെ സംബന്ധിച്ചും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതുമായി ബന്ധപ്പെട്ട പരാതികൾ സംബന്ധിച്ചും അങ്ങയുടെ സാന്നിധ്യത്തിൽ കളക്ടറും സെക്രട്ടറിയും ഉൾപ്പെടെയുള്ളവർ മീറ്റിംഗ് കൂടിയിരുന്നു. ആ മീറ്റിംഗിൽ എടുത്ത തീരുമാനങ്ങൾപോലും മുന്നോട്ടുകൊണ്ടുപോകാൻ കഴിഞ്ഞിട്ടില്ല. പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റിന്റെ എൻക്വയറി സുതാര്യമല്ല. ക്രമക്കേട് നിറഞ്ഞ രീതിയിലുള്ള എൻക്വയറിയാണ് നടത്തുന്നത്. അർഹരായ പലരെയും ഒഴിവാക്കുന്നു. അനർഹരായ പലരും കടന്നുകൂടുന്നുമുണ്ട്. ഇതുവരെ നൽകിയിട്ടുള്ള ആനുകൂല്യങ്ങൾ സംബന്ധിച്ച് ഒരു വിജിലൻസ് അന്വേഷണം നടത്താൻ ഗവൺമെന്റ് തയ്യാറാകുമോയെന്നാണ് എനിക്ക് ചോദിക്കാനുള്ളത്. ഒരു കട്ട് ഓഫ് ഡേറ്റ് വച്ച് ഈ പാക്കേജ് കൊടുത്ത് തീർക്കണം.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ ഇത് സുതാര്യമായി നടത്താനാണ് മേൽപ്പറഞ്ഞ തരത്തിലുള്ള കമ്മിറ്റി രൂപീകരിച്ചത്. ആർ.ഡി.ഒ. ചെയർമാനായി ഒരു ലൈവ്‌ലിഹുഡ് ഇംപാക്ട് അപ്രൈസൽ കമ്മിറ്റിയും ജില്ലാ കളക്ടർ ചെയർമാനായി എൽ.ഐ.എ.സി അപ്പീൽ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. ഈ രണ്ട് കമ്മിറ്റികളുടെയും നിർദ്ദേശമനുസരിച്ച് ഫിഷറീസ് വകുപ്പിന്റെ കീഴിൽ രൂപീകരിച്ചിട്ടുള്ള പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് വഴിയാണ് അർഹരായവരെ കണ്ടെത്തുന്നത്. സഹായം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് പതിനെട്ടായിരത്തോളം അപേക്ഷകൾ വന്നിട്ടുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞതുപോലെ അതിൽ അർഹരും അനർഹരുമൊക്കെ ഉണ്ടായിരിക്കും. അർഹരെ കണ്ടുപിടിക്കുന്നതിന് ഗവൺമെന്റ് രൂപീകരിച്ച കമ്മിറ്റി പ്രവർത്തനങ്ങളുമായി ബഹുമാനപ്പെട്ട എം.എൽ.എ.യും കൂടി സഹകരിക്കണം. അർഹരായവരെ തടയുന്ന പ്രശ്നം സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുകയില്ല. അർഹതപ്പെട്ടവർക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും. ഈ ധനാഭ്യർത്ഥന പാസ്സാക്കിതരണമെന്ന് അഭ്യർത്ഥിക്കുകയാണ്.

**ധനാഭ്യർത്ഥന നമ്പർ XV**

**പൊതുമരാമത്ത്**

മി. സ്പീക്കർ: സർവ്വശ്രീ അനൂപ് ജേക്കബ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, പി. ഉബൈദുള്ള, ഷാഫി പറമ്പിൽ, കെ. എം. ഷാജി, ടി. എ. അഹമ്മദ് കബീർ, എൽദോസ് പി. കുന്നപ്പിള്ളിൽ, എൻ. ഷംസുദ്ദീൻ, സി. മമ്മൂട്ടി, പി. ടി. തോമസ്, വി. പി. സജീന്ദ്രൻ, പാറക്കൽ അബ്ദുല്ല, അബ്ദുൽ ഹമീദ്. പി., ടി. വി. ഇബ്രാഹിം, എൻ. എ. നെല്ലിക്കുന്ന്, കെ. എൻ. എ. ഖാദർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ XV-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2019-20 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..................

പ്രതികൂലിക്കുന്നവർ...................

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. ആന്റണി ജോൺ
5. പ്രൊഫ. കെ. യു. അരുണൻ
6. ശ്രീമതി സി. കെ. ആശ
7. ശ്രീ. കെ. ബാബു
8. ശ്രീ. എ. കെ. ബാലൻ
9. ശ്രീമതി ഇ. എസ്. ബിജിമോൾ
10. ശ്രീ. ഇ. ചന്ദ്രശേഖരൻ
11. ശ്രീ. കെ. ദാസൻ
12. ശ്രീ. ബി. ഡി. ദേവസ്സി
13. ശ്രീ. സി. ദിവാകരൻ
14. ശ്രീ. എൽദോ എബ്രഹാം
15. ശ്രീമതി ഗീതാ ഗോപി
16. ശ്രീ. ജോർജ് എം. തോമസ്
17. ശ്രീ. ചിറ്റയം ഗോപകുമാർ
18. ശ്രീ. സി. കെ. ഹരീന്ദ്രൻ
19. ഡോ. കെ. ടി. ജലീൽ
20. ശ്രീ. ജെയിംസ് മാത്യു
21. ശ്രീ. ജി. എസ്.ജയലാൽ
22. ശ്രീ. ഇ. പി. ജയരാജൻ

23. ശ്രീ. ജോൺ ഫെർണാണ്ടസ്
24. ശ്രീ. വി. ജോയി
25. ശ്രീ. ഒ. ആർ. കേളു
26. ശ്രീ. സി. കൃഷ്ണൻ
27. ശ്രീ. കെ. കൃഷ്ണൻകുട്ടി
28. ശ്രീ. കെ. കുഞ്ഞിരാമൻ
29. ശ്രീ. കോവൂർ കുഞ്ഞുമോൻ
30. ശ്രീ. വി. കെ. സി. മമ്മത് കോയ
31. ശ്രീ. എം. എം. മണി
32. ശ്രീ. മാത്യു ടി. തോമസ്
33. ശ്രീ. കെ. ജെ. മാക്സി
34. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
35. ശ്രീ. എ. സി. മൊയ്തീൻ
36. ശ്രീ. മുഹമ്മദ് മുഹസിൻ പി.
37. ശ്രീ. എം. മുകേഷ്
38. ശ്രീ. ഡി. കെ. മുരളി
39. ശ്രീ. മുരളി പെരുനെല്ലി
40. ശ്രീ. സി. കെ. നാണു
41. ശ്രീ. യു. ആർ. പ്രദീപ്
42. ശ്രീ. എ. പ്രദീപ് കുമാർ
43. ശ്രീ. കെ. ഡി. പ്രസേനൻ
44. ശ്രീമതി യു. പ്രതിഭ
45. ശ്രീ. പുരുഷൻ കടലുണ്ടി
46. ശ്രീ. പി. ടി. എ. റഹീം

47. ശ്രീ. എം. രാജഗോപാലൻ
48. ശ്രീ. കെ. രാജൻ
49. ശ്രീ. റ്റി. വി. രാജേഷ്
50. ശ്രീ. കെ. രാജു
51. ശ്രീ. രാജു എബ്രഹാം
52. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
53. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
54. ശ്രീ. മുല്ലക്കര രത്നാകരൻ
55. പ്രൊഫ. സി. രവീന്ദ്രനാഥ്
56. ശ്രീ. സജി ചെറിയാൻ
57. ശ്രീ. എസ്. ശർമ്മ
58. ശ്രീ. എ. കെ. ശശീന്ദ്രൻ
59. ശ്രീ. സി. കെ. ശശീന്ദ്രൻ
60. ശ്രീ. വി. ശശി
61. ശ്രീ. ഐ. ബി. സതീഷ്
62. ശ്രീ. എ. എൻ. ഷംസീർ
63. ശ്രീ. ജി. സുധാകരൻ
64. ശ്രീ. വി. ആർ. സുനിൽ കുമാർ
65. ശ്രീ. വി. എസ്. സുനിൽ കുമാർ
66. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
67. ശ്രീ. കെ. സുരേഷ് കുറുപ്പ്
68. ശ്രീ. എം. സ്വരാജ്
69. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
70. ശ്രീ. പി. തിലോത്തമൻ

71. ശ്രീ. തോമസ് ചാണ്ടി
72. ഡോ. ടി. എം. തോമസ് ഐസക്
73. ശ്രീ. പി. ഉണ്ണി
74. ശ്രീമതി വീണാ ജോർജ്ജ്
75. ശ്രീ. കെ. വി. വിജയദാസ്
76. ശ്രീ. ഇ. കെ. വിജയൻ
77. ശ്രീ. പിണറായി വിജയൻ
78. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ് പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. പി. കെ. അബ്ദു റബ്ബ്
4. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
5. ശ്രീ. മഞ്ഞളാംകുഴി അലി
6. ശ്രീ. അനിൽ അക്കര
7. ശ്രീ. എ. പി. അനിൽ കുമാർ
8. ശ്രീ. അനൂപ് ജേക്കബ്
9. ശ്രീ. അൻവർ സാദത്ത്
10. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
11. ശ്രീ. പി. കെ. ബഷീർ
12. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
13. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
14. ശ്രീ. ടി. വി. ഇബ്രാഹിം
15. ശ്രീ. കെ. സി. ജോസഫ്

16. ശ്രീ. കെ. എൻ. എ. ഖാദർ
17. ശ്രീ. സി. മമ്മൂട്ടി
18. ശ്രീ. മോൻസ് ജോസഫ്
19. ഡോ. എം. കെ. മുനീർ
20. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
21. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
22. ശ്രീ. രമേശ് ചെന്നിത്തല
23. ശ്രീ. റോജി എം. ജോൺ
24. ശ്രീ. റോഷി അഗസ്റ്റിൻ
25. ശ്രീ. കെ. എസ്. ശബരീനാഥൻ
26. ശ്രീ. വി. പി. സജീന്ദ്രൻ
27. ശ്രീ. എൻ. ഷംസുദ്ദീൻ
28. ശ്രീ. ഷാഫി പറമ്പിൽ
29. ശ്രീ. സണ്ണി ജോസഫ്
30. ശ്രീ. വി. എസ്. ശിവകുമാർ
31. ശ്രീ. പി. ടി. തോമസ്
32. ശ്രീ. പി. ഉബൈദുള്ള
33. ശ്രീ. എം. ഉമ്മർ
34. ശ്രീ. എം. വിൻസെന്റ്

അനുകൂലിക്കുന്നവർ - 78

പ്രതികൂലിക്കുന്നവർ - 34

നിഷ്പക്ഷത പാലിക്കുന്നവർ - 0

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XL

### തുറമുഖങ്ങൾ

മി. സ്പീക്കർ: സർവ്വശ്രീ അനൂപ് ജേക്കബ്, എം. വിൻസെന്റ്, ടി. എ. അഹമ്മദ് കബീർ, എൻ. എ. നെല്ലിക്കുന്ന്, അബ്ദുൽ ഹമീദ്. പി., പി. ഉബൈദുള്ള, സി. മമ്മൂട്ടി, ടി. വി. ഇബ്രാഹിം, കെ. എം. ഷാജി, എൻ. ഷംസുദ്ദീൻ, കെ. എൻ. എ. ഖാദർ, പാറക്കൽ അബ്ദുല്ല, എം. ഉമ്മർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ XL-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ.............

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2019-2020 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...................

പ്രതികൂലിക്കുന്നവർ...................

പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മി. സ്പീക്കർ: ഓർഡർ.... ഓർഡർ....സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2019 ജൂൺ 20-ാം തീയതി വ്യാഴാഴ്ച രാവിലെ 9 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 3.36-ന് പിരിഞ്ഞു.)